SREENARAYANAGURU
OPEN UNIVERSITY

# പ്രാചീന – മദ്ധ്യകാല കവിതാസാഹിത്യം

## Postgraduate Programme in Malayalam Language & Literature





## Self Learning Material

COURSE CODE: M21ML05DC

## SREENARAYANAGURU OPEN UNIVERSITY

The State University for Education, Training and Research in Blended Format, Kerala

## Vision

*To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.*

## Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

## Pathway

Access and Quality define Equity.

SGOU

# പ്രാചീന-മദ്ധ്യകാല കവിതാസാഹിത്യം

Course Code: M21ML05DC

Semester-II

SGOU

## Master of Arts
## Malayalam Language and Literature
## Self Learning Material

വിദ്യകൊണ്ട് സ്വതന്ത്രരാവുക

SREENARAYANAGURU
OPEN UNIVERSITY

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

# Documentation

## M21ML05DC

## പ്രാചീന-മദ്ധ്യകാല കവിതാസാഹിത്യം

SREENARAYANAGURU
OPEN UNIVERSITY

All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University by Registrar, SGOU, Kollam.

www.sgou.ac.in

ISBN 978-81-963914-3-0

**Academic Committee**

Dr. A. M. Sreedharan

Dr. Shaji Jacob
Dr. C. J. George
Dr. R.V.M. Divakaran
Dr. T. Anithakumari
Dr. Ajith G. Krishna
Prof. Sunil P. Ilayidom
Dr. R.B. Sreekala
Dr. Santhoshkumar T.K.
Dr. P.M. Girish
Prof. ThomasThamarasseri

**Development of the Content**

Dr. Kumar J., Dr. J. Unnikrishna Pillai, Harikrishnan K.S., Reghu Kumar V., Dr. Abdusammed K.T., Aswani A.P., Deepam S.

**Review**

Content: Prof. Thomas Thamarassery
Format: Dr. I.G. Shibi
Linguistic: Reghu Kumar V, Dr. Jaya R.S., Jeothinatha Warrier S.

**Edit**

Dr. James G.

**Scrutiny**

Dr. Vincent B. Netto, Dr. Abdusammed K.T., Aswani A.P., Deepam S., Dr. Muraleedharan K.V., Dr. Thara S.S., Dr. Deepthi V.S.

**Co-ordination**

Dr. I.G. Shibi and Team SLM

**Design Control**

Azeem Babu T.A.

**Production**

August 2024 - Reprint

**Copyright**

© Sreenarayanaguru Open University 2024

# Message from Vice Chancellor

Dear

I greet all of you with deep delight and great excitement. I welcome you to the Sreenarayanaguru Open University.

Sreenarayanaguru Open University was established in September 2020 as a state initiative for fostering higher education in open and distance mode. We shaped our dreams through a pathway defined by a dictum ‘access and quality define equity’. It provides all reasons to us for the celebration of quality in the process of education. I am overwhelmed to let you know that we have resolved not to become ourselves a reason or cause a reason for the dissemination of inferior education. It sets the pace as well as the destination. The name of the University centres around the aura of Sreenarayanaguru, the great renaissance thinker of modern India.

Sreenarayanaguru Open University rests on the practical framework of the popularly known “blended format”. Learner on distance mode obviously has limitations in getting exposed to the full potential of classroom learning experience. Our pedagogical basket has three entities viz Self Learning Material, Classroom Counselling and Virtual Modes. This combination is expected to provide high voltage in learning as well as teaching experiences. Care has been taken to ensure quality endeavours across all the entities. The PG programme in Malayalam Language and Literature is benchmarked with similar programmes of other state universities in Kerala. We assure you that the university student support services will closely stay with you for the redressal of your grievances during your studentship.

The University is committed to provide you stimulating learning experience. The Self Learning Materials have been drawn up with a very clear prescription. It recognizes the autonomy of an adult learner and a journey through the treasures of the curriculum structured with provisions for interactive learning, interrogative reflections on the content and didactic discussion through illustrative scenarios. The University takes a strong position that the learner is to be engaged in a dialogue with the content and the materials are shaped to elicit reflections in the form of questions. The questions of the learner are considered to be the vital milestones in the pedagogy of the system of the University as well as the trajectory of the learner’s progression. I would like to request you to bestow your personal attention in generating questions after having an intense dialogue with the content, as it has connection with the internal assessment.

Feel free to write to us about anything that seems relevant regarding the academic programme.

Wish you the best.

Regards,

Dr. P.M. Mubarak Pasha 01.05.2023

SGOU

# Contents


| | | |
|---|---|---|
| BLOCK-01 | പാട്ടുപ്രസ്ഥാനം | 01 |
| Unit 1 | നാടോടി സാഹിത്യം | 02 |
| Unit 2 | പാട്ടുപ്രസ്ഥാനം | 16 |
| Unit 3 | പാട്ടുഭാഷയുടെ ക്രമാനുഗതമായ വികാസം | 53 |
| Unit 4 | 1. കണ്ണശ്ശന്മാർ | 65 |
| | 2. ഭാഷാഭഗവദ്ഗീത | 81 |
| BLOCK-02 | മണിപ്രവാളവും ചമ്പുകാവ്യങ്ങളും | 91 |
| Unit 1 | മണിപ്രവാളം-ഉല്പത്തി-ലക്ഷണം | 92 |
| | 1. വൈശികതന്ത്രം | 99 |
| | 2. ഉണ്ണിയച്ചീചരിതം | 107 |
| Unit 2 | മദ്ധ്യകാല ചമ്പുക്കൾ-അച്ചീചരിതങ്ങൾ | 120 |
| Unit 3 | സന്ദേശകാവ്യങ്ങൾ-ചരിത്ര സാംസ്കാരിക പ്രാധാന്യം | 143 |
| Unit 4 | മദ്ധ്യകാല ചമ്പുക്കൾ-വർണ്ണനാരീതി | 172 |
| BLOCK-03 | ഭക്തിപ്രസ്ഥാനവും ദൃശ്യകലാപ്രസ്ഥാനവും | 202 |
| Unit 1 | ഭക്തിപ്രസ്ഥാനം-ഗാഥാപ്രസ്ഥാനം | 203 |
| Unit 2 | കിളിപ്പാട്ട് പ്രസ്ഥാനം | 215 |
| Unit 3 | ആട്ടക്കഥാപ്രസ്ഥാനം | 240 |
| Unit 4 | കല്യാണസൗഗന്ധികം | 275 |
| BLOCK-04 | ഇതരസാഹിത്യ പ്രസ്ഥാനങ്ങളും സാഹിത്യക്കളരികളും | 290 |
| Unit 1 | കീർത്തനസാഹിത്യം-പാന | 291 |
| | പുത്തൻപാന | 306 |
| | അർണ്ണോസ് പാതിരി | 306 |
| Unit 2 | വഞ്ചിപ്പാട്ട്-മാലപ്പാട്ട് | 327 |
| | മുഹ്യിദ്ദീൻ മാല | 344 |
| | ഖാസി മുഹമ്മദ് | 344 |
| Unit 3 | മഹാകാവ്യപ്രസ്ഥാനം- കേരളീയ മഹാകാവ്യങ്ങൾ | 367 |
| Unit 4 | സാഹിത്യക്കളരികൾ | 380 |


SGOU

# പാട്ടുപ്രസ്ഥാനം

# BLOCK-01

SGOU

## Block Content

| | |
|---|---|
| യൂണിറ്റ്-1 | നാടോടിസാഹിത്യം |
| യൂണിറ്റ്-2 | പാട്ടുപ്രസ്ഥാനം |
| യൂണിറ്റ്-3 | പാട്ടു ഭാഷയുടെ ക്രമാനുഗതമായ വികാസം |
| യൂണിറ്റ്-4 | 1. കണ്ണശ്ശന്മാർ<br>2. ഭാഷാ ഭഗവത്ഗീത |

# Unit 1

# നാടോടി സാഹിത്യം

## Learning Outcomes

- നാടൻപാട്ടുകളെക്കുറിച്ച് അവഗാഹം നേടുന്നു
- നാടൻപാട്ടും അടിസ്ഥാന ജനവിഭാഗവും തമ്മിലുള്ള ബന്ധം മനസിലാകുന്നു
- നാടൻ താളവ്യവസ്ഥയെക്കുറിച്ച് അറിവ് നേടുന്നു
- നാടോടി ഭാഷയെക്കുറിച്ചുള്ള ധാരണ ലഭിക്കുന്നു
- ആചാരാനുഷ്ഠാനങ്ങളും പാട്ടും തമ്മിലുള്ള ബന്ധം മനസിലാക്കുന്നു
- പ്രമേയവൈവിധ്യം, പ്രാദേശികഭേദം, ജാതി-മതഭേദം, കാലഭേദം, തുടങ്ങിയവ ഗ്രഹിക്കുന്നു
- തൊഴിലും പ്രകൃതിയും നാടൻപാട്ടുകളെ സ്വാധീനിക്കുന്ന വിധം മനസിലാകുന്നു

## Background

മനുഷ്യസംസ്കൃതിയുടെ ഉപോല്പന്നം ആരംഭകാലത്ത് ആവിർഭവിച്ചവയാണ് നാടൻപാട്ടുകൾ. മനുഷ്യക്കൂട്ടായ്മയുടെ ഉപോൽപ്പന്നമെന്ന നിലയിൽ ലോകഭാഷകളിലൊക്കെ തനതു സംസ്കാരവാഹകമായി രൂപംകൊണ്ട പാട്ടുകൾ സാഹിത്യത്തിന്റെ ആദിരൂപം കൂടിയാണ്. മനുഷ്യൻ കൃത്രിമമായ വരമൊഴി രൂപപ്പെടുത്തുന്നതിന് എത്രയോ നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ വാമൊഴിയായി പ്രചരിച്ച നാടോടി സാഹിത്യത്തിന്റെ ഗാനാത്മകരൂപമാണ് നാടൻപാട്ടുകൾ. നാടോടിക്കഥകൾക്കും മുന്നേ വായ്ത്താരികളുടെ അകമ്പടിയോടെ മനുഷ്യജീവിതതാളത്തിന്റെ ലയവും ചടുലതയും കൃത്യമായി സമ്മേളിച്ചുണ്ടായവയാണവ. Primitive Song എന്ന ഗ്രന്ഥത്തിൽ സി. എം. ബൗറ അതിനെക്കുറിച്ച് സവിശേഷമായി രേഖപ്പെടുത്തിയിട്ടുണ്ട്. 'താവളങ്ങളിലെ അഗ്നികുണ്ഡങ്ങൾക്കു മുന്നിൽ അസാധാരണവും മൃഗീയവും താളാനുസൃതവുമായി നൃത്തം ചവിട്ടുന്ന രോമാവൃതരായ ആ കുരങ്ങുമനുഷ്യരെ നോക്കൂ, അവരാണ് നമ്മുടെ പിതാമഹന്മാർ. താളം തുള്ളുന്നതിനിടയ്ക്ക് മേളങ്ങൾക്കൊത്ത് വിളിയ്ക്കുകയും കൂവുകയും പിറുപിറുക്കുകയും ചെയ്യുമായിരുന്നു അവർ. കാരണം പറയാനും പാടാനുമുള്ള വിദ്യ അവർക്കന്ന് അജ്ഞാതമായിരുന്നു. നാം കാണുന്നത് കവിതയുടെ അതിപ്രാചീനമായ ഉദയഘട്ടമാണ് (Day Devis - Poetry for you)' എന്ന ഈ നിരീക്ഷണം ഏറെ ശ്രദ്ധേയമാണ്.

പിൽക്കാലത്ത് വരമൊഴിയിലൂടെ പ്രചാരം നേടിയ കവിതാസാഹിത്യത്തിന്റെ പൂർവരൂപം എല്ലാ ഭാഷകളിലും നാടൻപാട്ടുകളാണെന്നതിൽ തർക്കമില്ല. നാടൻപാട്ടുകൾക്ക് കൂട്ടായ്മയുടെ ശക്തിയും സൗന്ദര്യവുമുണ്ട്. സമൂഹമാണ് നിർമ്മാതാക്കൾ. ഏകകർത്തൃത്വം എന്ന ഒന്നില്ല. അജ്ഞാതകർത്തൃത്വമെന്ന് സാഹിത്യചരിത്രം വ്യവഹരിക്കുന്നത് അതുകൊണ്ടാണ്. 'ജനങ്ങൾക്കുവേണ്ടി, ജനങ്ങളെപ്പറ്റി, ജനങ്ങളുണ്ടാക്കിയ ജനങ്ങളുടെ പാട്ടുകൾ'- (നാൽപത് പാട്ടുകൾ - അവതാരിക - പ്രൊഫസർ. എസ്. ഗുപ്തൻ നായർ) എന്ന വിലയിരുത്തലും ഏറെ അർഥവത്താണ്.

SGOU

## Keywords

നാടൻപാട്ടുകൾ-വടക്കൻപാട്ടുകൾ-വാമൊഴി-പാലാട്ടുകോമൻ-കഥാഗാനങ്ങൾ-ജീവിതരീതി-നാടൻജീവിതതാളം

## Discussion

### 1.1.1 നാടൻപാട്ടുകൾ

സാധാരണ മനുഷ്യരുടെ ജീവിതത്തിന്റെ ചൂരും ചൂടും ഉൾക്കൊണ്ട നാടൻപാട്ടുകൾ തന്നെയാണ് മലയാളസാഹിത്യത്തിന്റെ പ്രാരംഭരൂപം. മണ്ണിന്റെ മണമുള്ള പാട്ടുകളായാണ് നമ്മുടെ നാടൻപാട്ടുകളുടെ ഉത്ഭവം. അടിസ്ഥാന ജനവിഭാഗമാണ് അതിന്റെ നിർമ്മാതാക്കൾ. അതിനാൽത്തന്നെ അടുത്തകാലം വരെ വേണ്ടത്ര ഗൗരവം നാടൻപാട്ടുകൾക്ക് ലഭിച്ചിരുന്നില്ല. വരമൊഴി സാഹിത്യത്തിനു വരേണ്യതയും വാമൊഴി സാഹിത്യത്തിന് അധഃസ്ഥിതഭാവവും കല്പിച്ച്, മാറ്റി നിർത്തിയിരുന്നതിന്റെ തെളിവുകൾ ആദ്യകാല സാഹിത്യചരിത്രങ്ങൾ പരിശോധിച്ചാൽ നമുക്ക് മനസിലാക്കാൻ കഴിയും. മലയാളഭാഷയിൽ വാമൊഴി രൂപംകൊണ്ട കാലം മുതൽ നാടൻപാട്ടുകളും പിറവിയെടുത്തു എന്നുപറയാം. പുതുകാലത്ത് അതിന് വരമൊഴി രൂപം കൈവന്നിട്ടുണ്ട്. മലയാളഭാഷയുടെ തനിമയും ലാളിത്യവും സൗന്ദര്യവും പ്രാദേശികഭേദങ്ങളും വ്യക്തമായി കാണാൻ കഴിയുന്നത് നാടൻപാട്ടുകളിലാണ്. മലയാളിയുടെ സംസ്കാരം, തൊഴിൽ, വിശ്വാസം, ആചാരം, ജാതി, മതം തുടങ്ങിയ സ്വീകാര്യവും അസ്വീകാര്യവുമായ പല ഘടകങ്ങളും നാടൻപാട്ടുകളിൽ ശക്തമായി കാണാം. അതിനാൽ അവയെ സാംസ്കാരിക കലവറ (Cultural Treasury) എന്നുവിശേഷിപ്പിക്കാം.

> ▶ നാടൻപാട്ടുകൾ സാംസ്കാരിക കലവറകളാണ്

നാടൻപാട്ടുകൾ പല പ്രകാരത്തിൽ വർഗീകരിക്കപ്പെട്ടിട്ടുണ്ട്. ഓരോരുത്തരും വ്യത്യസ്ത കാഴ്ചപ്പാടുകളിൽ നിന്നുകൊണ്ടാണ് ആ വിഭജനം നടത്തുന്നത്. ഉള്ളൂർ 'കേരള സാഹിത്യചരിത്ര'ത്തിൽ പ്രമേയാധിഷ്ഠിതമായി ആറ് വിഭാഗമായി നാടൻപാട്ടുകളെ തിരിച്ചിരിക്കുന്നു. 1. ദേവതാപൂജ 2. വീരപുരുഷാരാധന 3. വിനോദം 4. ശാസ്ത്രം 5.കുലവൃത്തി 6. സദാചാരം എന്നിവയാണവ.

> ▶ ഉള്ളൂർ ആറ് വിഭാഗമായി നാടൻപാട്ടുകളെ തിരിച്ചിരിക്കുന്നു

അപ്പൻ തമ്പുരാൻ പന്ത്രണ്ടു വിഭാഗമായിട്ടാണ് വിഭജിച്ചിരിക്കുന്നത്. 1. പുരാണം 2. സ്തോത്രം 3. സദാചാരം 4. ശാസ്ത്രം 5. വീരചരിതം 6.ദേശചരിത്രം 7. തൊഴിലില്ലായ്മ 8. വിനോദം 9. ഭൗതികം 10. വൈഷയികം 11. രാഷ്ട്രീയം 12. സാമുദായികം എന്നിവയാണവ. ഇവ കൂടാതെ മറ്റ് പല മാനദണ്ഡങ്ങളും അനുസരിച്ചുള്ള വിഭജനങ്ങളുണ്ടായിട്ടുണ്ട്. ഗാനവിഭാഗം – കഥാഗാനവിഭാഗം – വീരകഥാഗാനങ്ങൾ, വടക്കൻ – തെക്കൻ – ആത്മീയം – മതപരം – ലൗകികം തുടങ്ങിയവ ഉദാഹരണങ്ങളാണ്. ലഭ്യമായിട്ടുള്ള പാട്ടുകളെ അടിസ്ഥാനമാക്കിയാണ് ഇത്തരത്തിലുള്ള വിഭജനം നല്കിയിരിക്കുന്നത്. നാടൻപാട്ടുകളുടെ

SGOU

ഇത്തരം വിഭജനത്തെ സൂക്ഷ്മമായി നിരീക്ഷിച്ചാൽ മനസിലാവുന്ന പ്രധാന വസ്തുത അടിസ്ഥാന ജനവിഭാഗങ്ങളുടെ ജീവിതസംബന്ധിയായ എല്ലാ പ്രശ്നങ്ങളെയും അഭിസംബോധന ചെയ്യുന്ന വിഷയങ്ങൾ നാടൻപാട്ടിൽ പ്രമേയമാകുന്നു എന്നുള്ളതാണ്. പ്രകൃതിയുമായി ഇണങ്ങി ജീവിക്കുന്ന അടിസ്ഥാന ജനവിഭാഗങ്ങൾ, അവരുടെ തൊഴിൽ സന്ദർഭങ്ങളിലും വിശ്രമവേളകളിലും ആഘോഷങ്ങളിലും മാനസികോല്ലാസത്തിനായി പാട്ടുകൾ പാടിയിരുന്നു. അധ്വാനഭാരലഘൂകരണം, വിശ്രമവേളകളിലെ മാനസികോല്ലാസം, ഉത്സവാഘോഷങ്ങളിലെ ഒത്തുചേരലിന്റെ സൗന്ദര്യം തുടങ്ങിയ ഘടകങ്ങൾ നാടൻപാട്ടുകളുടെ അടിസ്ഥാന സവിശേഷതകളായി നിലകൊള്ളുന്നു.

- അപ്പൻ തമ്പുരാൻ പന്ത്രണ്ട് വിഭാഗമായി നാടൻപാട്ടുകളെ വിഭജിച്ചിരിക്കുന്നു

കേരളത്തിന്റെ പാരിസ്ഥിതികമായ സവിശേഷതകൾ മലയാളത്തിലെ നാടൻപാട്ടുകളുടെ ഉയിരും ഊർജവുമായി നിലകൊള്ളുന്നു. 44 നദികളാൽ സമ്പന്നമായ കേരളത്തിലുണ്ടായ വഞ്ചിപ്പാട്ട് എന്ന നാടൻപാട്ടുരൂപം ലോകത്ത് ഒരിടത്തും കണ്ടെത്താൻ കഴിയില്ല. ഓരോ മതവിഭാഗങ്ങളും ജാതിവിഭാഗങ്ങളും അവരുടേതായ ആചാരാനുഷ്ഠാനങ്ങൾക്കനുസരിച്ച് പാട്ടുകൾ രൂപപ്പെടുത്തിയിട്ടുണ്ട്. പാട്ടില്ലാത്ത ഒരു ജനവിഭാഗത്തെയും കേരളത്തിൽ കണ്ടെത്താൻ കഴിയില്ല.

- വഞ്ചിപ്പാട്ട്

കേരളത്തിലെ നാടൻപാട്ടുകളെ സംബന്ധിച്ച് നിരവധി പഠനങ്ങളും ഗവേഷണപ്രബന്ധങ്ങളുമുണ്ടായിട്ടുണ്ട്. പിൽക്കാലത്ത് നാടൻപാട്ടുകൾ സമാഹരിച്ച് പ്രസിദ്ധീകരിക്കാനുള്ള ശ്രമങ്ങളും നടന്നിട്ടുണ്ട്. എങ്കിലും അവയെ ഗൗരവത്തോടെ സമീപിക്കാനോ അർഹമായ പരിഗണന നൽകി, സാഹിത്യമേഖലയിലേക്ക് പ്രതിഷ്ഠിച്ചു പഠനം നടത്തുന്നതിനോ ഉള്ള ശ്രമം വളരെ അടുത്തകാലത്താണ് ആരംഭിച്ചതെന്ന് പറയാം. അക്കൂട്ടത്തിൽ ഫോക്‌ലോർ പഠനമേഖലയുമായി ബന്ധപ്പെട്ട് നടന്നു വരുന്ന അന്വേഷണങ്ങൾ വിസ്മരിക്കാനാകില്ല.

- നാടൻപാട്ടുകളെ സമാഹരിച്ച് പ്രസിദ്ധീകരിക്കാനുള്ള ശ്രമങ്ങൾ

## കഥാഗാനങ്ങൾ

നാടൻപാട്ടുകളിലെ ഒരു പ്രധാനവിഭാഗമാണ് കഥാഗാനങ്ങൾ (Ballads). ഒരു പ്രധാന കഥ ഉൾക്കൊള്ളുന്ന പാട്ടുകളാണിവ. ശ്രോതാക്കളെ ആകർഷിക്കത്തക്ക വിധത്തിലുള്ള കഥയുടെ അവതരണമാണ് അവയുടെ പ്രധാനപ്പെട്ട സവിശേഷത. വീരകഥകളോ ചരിത്രകഥകളോ ഐതിഹ്യങ്ങളോ കെട്ടുകഥകളോ ഒക്കെ അതിലുണ്ടാകാം. കഥാഗാനവിഭാഗത്തിൽ ഉൾപ്പെടുന്ന നാടൻപാട്ടുകളെ മലയാളത്തിൽ തെക്കൻപാട്ടുകളെന്നും വടക്കൻപാട്ടുകളെന്നും രണ്ടായി തിരിച്ചിട്ടുണ്ട്. ദേശഭേദത്തോടൊപ്പം ഇതിവൃത്തഭേദവും അടിസ്ഥാനമാക്കിയാണ് ഈ നിലയിൽ വിഭജിച്ചിരിക്കുന്നത്. തെക്കൻ കേരളത്തിൽ പ്രത്യേകിച്ച് തെക്കൻ തിരുവിതാംകൂറിലുണ്ടായ പാട്ടുകളാണ് തെക്കൻപാട്ടുകളിൽ ഉൾപ്പെടുന്നത്. അവ പ്രധാനമായും ചരിത്രകഥാഗാനങ്ങളാണ്. 'ഇരവിക്കുട്ടിപ്പിള്ളപ്പോര്,' 'ഉലകുടപെരുമാൾപാട്ട്,' 'അഞ്ചുതമ്പുരാൻപാട്ട്,' 'കന്നടിയാൻപോര്' തുടങ്ങിയവ അവയിൽ പ്രധാനപ്പെട്ട പാട്ടുകളാണ്. ഇവ കൂടാതെ ഐതിഹ്യങ്ങളെയും യക്ഷിക്കഥകളെയും ആധാരമാക്കിയുള്ള പാട്ടുകളുമുണ്ട്. പഞ്ചവൻകാട്, നീലികഥ, സതി, ചമ്പകവല്ലി, പുരുഷാദേവിയമ്മപ്പാട്ട് തുടങ്ങിയ ധാരാളം പാട്ടുകൾ അക്കൂട്ടത്തിലുണ്ട്. ആചാരാനുഷ്ഠാനങ്ങളും വിശ്വാസവുമായി ബന്ധപ്പെട്ടതും, ക്ഷേത്രസംബന്ധിയുമായ നിരവധി പാട്ടുകൾ ഇപ്പോഴും പ്രചാരത്തിലുണ്ട്.

- ദേശഭേദവും ഇതിവൃത്ത ഭേദവും തെക്കൻ പാട്ടുകളിൽ

തെക്കൻപാട്ടുകളിൽ പ്രധാനമായും വില്ലടിച്ചാൻ പാട്ട്(വില്ലുപാട്ട്) കലാരൂപമെന്ന നിലയിൽ പരിഗണിക്കപ്പെടുന്നു. കലാരൂപത്തിന്റെ സാഹിത്യം എന്ന നിലയിൽ തെക്കൻപാട്ടുകൾക്ക് വ്യാപകമായ പ്രചാരം ലഭിച്ചിട്ടുണ്ട്.

## വടക്കൻപാട്ടുകൾ

കേരളത്തിലെ നാടൻപാട്ടുകളിൽ പ്രബലമായ ഒരു വിഭാഗം വടക്കൻപാട്ടുകളാണ്. വടക്കേ മലബാറിൽ പണ്ടുകാലം മുതലേ ധീരരായ, ആയോധനകലകളിൽ തല്പരരായ ഒരു ജനവിഭാഗമുണ്ടായിരുന്നു. അവരിൽ ധീരപുരുഷന്മാരും വനിതകളും ഉൾപ്പെട്ടിരുന്നു. അവിടുത്തെ സാംസ്കാരിക പരിസരത്ത് ആയോധനവുമായി ബന്ധപ്പെട്ട ജീവിതം നയിച്ചിരുന്ന ഒരു ജനവിഭാഗവുണ്ടായിരുന്നു. അവരുടെ ജീവിതത്തിലെ അപദാനങ്ങളെ പ്രകീർത്തിക്കുന്ന പാട്ടുകളുമുണ്ടായി. ആ പാട്ടുകൾ ആ ദേശത്ത് മാത്രമല്ല, കേരളം മുഴുവൻ പ്രചരിച്ചു. അതിലൂടെ ആ കാലഘട്ടത്തിലെ ജനങ്ങളെക്കുറിച്ചും ആയോധന സമ്പ്രദായത്തെക്കുറിച്ചും ആയോധന കലകളിലേർപ്പെടുന്ന വ്യക്തികളെക്കുറിച്ചുമൊക്കെ ചരിത്രപ്രാധാന്യമുള്ള വസ്തുതകൾ രേഖപ്പെടുത്തിയിരിക്കുന്നു. അത്തരം പാട്ടുകളെ താളാത്മകമായി പാടിപ്രചരിപ്പിക്കുന്ന ജനവിഭാഗവും ഇവിടെയുണ്ടായിരുന്നു. ഉത്തരകേരളത്തിലെ കോലത്തിരിനാട്, വടകര, വയനാട് പ്രദേശങ്ങളിൽ ജീവിച്ചിരുന്നവരാണ് വടക്കൻപാട്ടുകളിലെ പ്രധാന കഥാപാത്രങ്ങൾ. പുത്തൂരംപാട്ടുകളെന്നും തച്ചോളിപ്പാട്ടുകളെന്നും വടക്കൻപാട്ടുകളെ വിഭജിക്കാറുണ്ട്. പുത്തൂരംപാട്ടുകളിൽ ആരോമൽ ചേകവർ, ഉണ്ണിയാർച്ച, ആരോമലുണ്ണി തുടങ്ങിയ ധീരചേകവന്മാരാണ് മുഖ്യകഥാപാത്രങ്ങൾ. തച്ചോളിപ്പാട്ടുകളിൽ തച്ചോളി ഒതേനക്കുറുപ്പ്, തച്ചോളി ചന്തു, പാലാട്ടു കോമൻ തുടങ്ങിയ പരാക്രമശാലികളാണ് പ്രകീർത്തിതരാകുന്നത്. പുത്തൂരംപാട്ടിലെ വീരനായികയാണ് ഉണ്ണിയാർച്ച.

- പുത്തൂരം പാട്ടുകളും തച്ചോളിപ്പാട്ടുകളും

വടക്കൻപാട്ടുകളിൽ ഭൂരിപക്ഷവും, പുത്തൂരം വീടും തച്ചോളി മാണിക്കോത്തു വീടും കേന്ദ്രീകരിച്ചുള്ളവയാണ്. പുത്തൂരം വീട്ടുകാർ തീയന്മാരും മാണിക്കോത്തു വീട്ടുകാർ നായന്മാരുമാണെന്ന് കരുതപ്പെടുന്നു. തച്ചോളി ഒതേനക്കുറുപ്പിനെക്കുറിച്ചുള്ള പാട്ടുകളാണധികവും. പുത്തൂരം പാട്ടുകളിൽ (പുത്തരിയങ്കം) ആരോമൽച്ചേകവരുടെ വീരാപദാനങ്ങളാണ് പ്രധാനം. നാടുവാഴികളുടെ അധികാര/മൂപ്പിളമ തർക്ക പരിഹാരത്തിനുള്ള അങ്കംവെട്ടുകളിൽ പങ്കെടുക്കുകയാണ് ഇവരുടെ പ്രധാന ജോലി. ഇക്കൂട്ടർ വീരമൃത്യുവരിക്കുന്നത് അഭിമാനമായി കരുതിപ്പോന്നു. ചതിപ്രയോഗത്തിലൂടെ ആരോമൽ മരിക്കുന്നത് കരുണരസത്താൽ ആവിഷ്ക്കരിച്ചിരിക്കുന്നത് ഏറെ ഹൃദ്യമാണ്. ഒരു കാലഘട്ടത്തിലെ ഫ്യൂഡൽ സാമൂഹികവ്യവസ്ഥിതിയുടെ ചരിത്രമാണീ പാട്ടുകൾ. ചാവേറുകളെ സൃഷ്ടിക്കുന്ന ഭരണക്രമത്തിന്റെ ദുരന്തചരിത്രമെന്നും കായികബലത്താൽ കാര്യങ്ങൾ നടത്തിയിരുന്ന അധികാരവ്യവസ്ഥിതിയുടെ ആഖ്യാനമെന്നും വടക്കൻപാട്ടുകളെ വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല.

- ഫ്യൂഡൽ സാമൂഹിക വ്യവസ്ഥിതിയുടെ ചരിത്രമാണീ പാട്ടുകൾ

വ്യത്യസ്ത ഇതിവൃത്തമുള്ള പാട്ടുകൾ വടക്കൻപാട്ടുകളുടെ കൂട്ടത്തിൽ ലഭ്യമായിട്ടുണ്ട്. നാന്നൂറോളം പാട്ടുകൾ മലബാർ ഡിസ്ട്രിക് കളക്ടറായിരുന്ന പെഴ്സി മാകിൻ ശേഖരിച്ചിട്ടുണ്ട്. കേരളത്തിലെ ആയോധനചരിത്രത്തിന്റെ ഒരു സവിശേഷകാലഘട്ടത്തിൽ ആയോധന

SGOU

കലയിലൂടെ ധീരവ്യക്തിത്വത്തിലേക്ക് ഉയർന്ന വീരപുരുഷന്മാരുടെയും വനിതകളുടെയും ധീരോജ്ജ്വലമായ ജീവിതത്തിന്റെ ഗാനാത്മകാവിഷ്കാരമാണ് വടക്കൻപാട്ടുകളിൽ അധികവും. വടക്കൻപാട്ടുകൾ ഒരേ താളവടിവിലാണ് രചിച്ചിരിക്കുന്നത് സാധാരണക്കാരായ ജനങ്ങൾ ഇവരുടെ ജീവിതാവിഷ്കാരമായ പാട്ടുകളെ നെഞ്ചോട് ചേർത്തു പാടിപ്രചരിപ്പിച്ചിരുന്നു. അതിനാൽ ഹൃദയത്തിൽ നിന്ന് പുറപ്പെട്ടു ഹൃദയത്തിൽ അലിഞ്ഞു ചേരുന്ന പാട്ടുകളാണ് വടക്കൻപാട്ടുകൾ എന്ന ഉള്ളൂരിന്റെ നിരീക്ഷണം അർഥവത്താണ്.

▶ പെഴ്സി മാകിൻ വടക്കൻ പാട്ടുകൾ ശേഖരിച്ചിട്ടുണ്ട്

## വിശദപഠനം

### പാലാട്ടു കോമൻ

വടക്കൻപാട്ടുകളിലെ പ്രധാനപ്പെട്ട ഒരു കഥാനായകനാണ് പാലാട്ടു കോമൻ (പാലാട്ടു കോമപ്പൻ). ഇതര വടക്കൻപാട്ടുകളിൽ നിന്നു വ്യത്യസ്തമായി ശൃംഗാരവും വീരവും ഒരുപോലെ കടന്നുവരുന്ന പാട്ടാണിത്. കോമപ്പന്റെ പ്രണയവും വീരകൃത്യങ്ങളും സമ്മേളിച്ചു വരുന്നതിനാൽ ഏറെ ആസ്വാദ്യകരമാണ് ഈ പാട്ട്. കൂടാതെ നായകന്റെ വിജയത്തിൽ ശുഭകരമായി പര്യവസാനിക്കുന്നു എന്ന പ്രത്യേകതയും ഈ പാട്ടിനുണ്ട്.

▶ ശൃംഗാരവും വീരവും

കപ്പുള്ളിപ്പാലാട്ടെ കുങ്കിയമ്മയുടെ മകനാണ് കോമപ്പൻ. കൂടാതെ ഒതേനന്റെ അനന്തരവനുമാണ്. തൊണ്ണൂറാംവീട്ടിലെ കുറുപ്പന്മാരും പാലാട്ടെ നായന്മാരും തമ്മിൽ വളരെക്കാലം കുടിപ്പകയിലായിരുന്നു. തൊണ്ണൂറാം വീട്ടിലെ കുറുപ്പന്മാർക്ക് ഉണ്ണിയമ്മയെന്നും ഉണിച്ചിരുതയെന്നും പേരായ രണ്ടു സഹോദരിമാരുണ്ടായിരുന്നു. ഉണ്ണിയമ്മ വാഴുന്നവരുടെ കുളത്തിൽ കുളിച്ചു കൊണ്ടിരുന്നപ്പോൾ അവിടെയെത്തിയ കോമനുമായി പ്രണയത്തിലായി. ഈ വിവരമറിഞ്ഞ കുറുപ്പന്മാർ ഉണ്ണിയമ്മയെ വെണ്ണീറ്റു പുരയിലാക്കി. ഉണ്ണിയമ്മ കോമനെ വിവരമറിയിച്ചു. കോമൻ അമ്മയുടെ നിർദ്ദേശപ്രകാരം അമ്മാവനായ തച്ചോളി ഒതേനനെ ചെന്നു കണ്ടു. അതിബുദ്ധിമതിയായ ഉണ്ണിയമ്മയുടെ സാമർഥ്യത്തെ പ്രയോജനപ്പെടുത്തി, ഒതേനനും പാലാട്ടു കോമനും ചേർന്ന്, ഉണിച്ചിരുതയുടെ ഏഷണിയെയും (ഉണിച്ചിരുതയെ ഒതേനൻ വധിച്ചു) കുറുപ്പന്മാരുടെ ശത്രുതയിൽ നിന്നുണ്ടായ തടസ്സങ്ങളെയും മറികടക്കുന്നു. ഒതേനനെക്കൊണ്ട് നാൽപ്പത്തിരണ്ട് കുടിപ്പിഴയും പറഞ്ഞു തീർത്തു കോമപ്പൻ ഉണ്ണിയമ്മയെ വിവാഹം ചെയ്തു. 16 വയസ്സിനുള്ളിൽ അമ്മയുടെ മേൽനോട്ടത്തിൽ വിദ്യാഭ്യാസവും ആയുധപരിശീലനവും പൂർത്തിയാക്കിയ കോമൻ, തന്റെ അമ്മാവന്മാരെ വധിച്ച കുറുപ്പന്മാരോടുള്ള പകരംവീട്ടൽ, ഒതേനന്റെ സഹായത്തോടെ നടത്തുന്നത് ഏറെ വീരോജ്ജ്വലമായിട്ടാണ് പാട്ടിൽ അവതരിപ്പിച്ചിരിക്കുന്നത്. കുടിപ്പകയുടെ പ്രശ്നങ്ങളും ചരിത്രവും പ്രണയത്തിലൂടെയുള്ള ശത്രുകുടുംബങ്ങളുടെ ഒരുമിക്കലും ഏറെ പ്രസക്തിയോടെ ആവിഷ്കൃതമാകുന്ന ഈ വടക്കൻപാട്ടിന് വളരെയേറെ ചരിത്രപ്രാധാന്യവുമുണ്ട്.

▶ കുടിപ്പക, പ്രണയം ചരിത്രപ്രാധാന്യം

### വരികൾ

'കപ്പുള്ളിപ്പാലാട്ടെ കൊങ്കിയമ്മ
ഒമ്പതു മക്കൾക്കുമമ്മയല്ലോ

.......................................................

എന്നു പറഞ്ഞങ്ങിരിക്കുന്നേരം
ജ്യേഷ്ഠത്തി ചെന്നു പറഞ്ഞിതല്ലോ'

### അർഥവിശദീകരണം

| | | |
|---|---|---|
| ഏറിയ | = | വർദ്ധിച്ച |
| പെരുതായി | = | വലുതായി |
| അടക്ക്യാ | = | അടയ്ക്ക |
| കഴുങ്ക് | = | കവുങ്ങ് |
| ജാതകം വരപ്പിക്കുക | = | ജാതകം എഴുതിക്കുക |
| കുളി തെറ്റി | = | ഗർഭിണിയായി |
| പെറുങ്കുട്ടി | = | പ്രസവിക്കുന്ന കുട്ടി |
| മൂടൽ | = | നവജാതശിശുവിന്റെ ദേഹത്തുണ്ടാകുന്ന സ്തരം |

### ആശയവിശദീകരണം

കപ്പുള്ളിപ്പാലാട്ടുതറവാട്ടിലെ കൊങ്കിയമ്മയ്ക്ക് ഒൻപതു മക്കളുണ്ടായിരുന്നു. എന്നാൽ തൊണ്ണൂറാം വീട്ടിലെ കുറുപ്പന്മാർ കൊങ്കിയമ്മയുടെ ഒൻപതു മക്കളെയും കുടിപ്പകയാൽ കൊന്നു കളഞ്ഞു. അങ്ങനെ മക്കൾ നഷ്ടപ്പെട്ട കൊങ്കിയമ്മയുടെ കണ്ണീരിന് പരിഹാരമായി പാലാട്ടുകോമൻ എന്ന ആൺകുട്ടി പിറന്നു. എന്നാൽ പിറന്നത് ആൺകുട്ടിയാണെന്നറിഞ്ഞാൽ കുറുപ്പന്മാൻ അതിനെയും കൊന്നുകളയുമെന്ന് ഭയന്ന കൊങ്കിയമ്മ തനിക്ക് പിറന്നത് പെൺകുട്ടിയാണെന്ന് പറയാൻ വയറ്റാട്ടിയെ ചട്ടംകെട്ടി. അതിൻപ്രകാരം തൊണ്ണൂറാം വീട്ടിലെ കുറുപ്പന്മാരോട് കൊങ്കിയമ്മയ്ക്ക് പിറന്നത് പെൺകുട്ടിയാണെന്ന് വയറ്റാട്ടി പറഞ്ഞു. ആൺകുട്ടിയാണോ എന്ന സന്ദേഹത്താൽ അരിശം കൊണ്ടു പുറപ്പെട്ടു വന്ന കുറുപ്പന്മാരുടെ മുന്നിലേയ്ക്ക് കൊങ്കിയമ്മ തന്റെ ദാസിയായ ഉണ്ണിച്ചിരുതപ്പെണ്ണിനു പിറന്ന പെൺകുട്ടിയെ കാട്ടിക്കൊടുത്തു. പെൺകുഞ്ഞിനെ കണ്ട് കുറുപ്പന്മാർ മടങ്ങിപ്പോയ ശേഷം കൊങ്കിയമ്മ തന്റെ മകനെ സംരക്ഷിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. തറവാട്ടിൽ കല്ലറ പണിതുകൊണ്ട് മകനെ അവർ അതിനുള്ളിൽ വളർത്തി. മൂന്നാം വയസ്സിൽ മുടിയിറക്കി. അഞ്ചാം വയസ്സിൽ കാതുകുത്തി. ഏഴാം വയസ്സിൽ എഴുത്തിനിരുത്തി. തുളുനാട്ടിൽ നിന്ന് ഗുരുക്കളെ വരുത്തി അക്ഷരവിദ്യയും ആയുധവിദ്യയും പഠിപ്പിച്ചു. അങ്ങനെ പതിനാറു വയസ്സു തികഞ്ഞ കോമൻ തുളുനാട്ടിലെ സകലവിദ്യയും പഠിച്ചുകൊണ്ട് കല്ലറയിൽ നിന്ന് പുറത്തിറങ്ങി. തൊണ്ണൂറാം വീട്ടിലെ കുറുപ്പന്മാരുമായുള്ള ശത്രുതയെക്കുറിച്ച് കൊങ്കിയമ്മ മകനു പറഞ്ഞു കൊടുത്തു. ഇക്കഥയെല്ലാം കേട്ട് ചിരിച്ച കോമൻ അമ്മയോട് ഭയപ്പെടണ്ടെന്ന് അറിയിച്ചു. ഒരിക്കൽ പടിപ്പുരയിൽ കാറ്റു കൊണ്ടിരിക്കെ, തൊണ്ണൂറാം വീട്ടിലെ ഉണ്ണിയമ്മയെയും ഉണിച്ചിരുതയെയും കോമൻ കാണാനിടയായി. പെണ്ണിനെക്കണ്ട് ഉള്ളിൽ മോഹമുദിച്ച കോമൻ അവരുടെ പ്രവർത്തികളെ നിരീക്ഷിച്ചു. പെണ്ണുങ്ങൾക്കു പിന്നാലെ കോമനും പുത്തൻ ചിറയിലേയ്ക്ക് കുളിയ്ക്കാൻ പോയി. പോകരു

> ▶ പാലാട്ടുകോമന്റെ ജനനവും വളർച്ചയുടെ ആദ്യഘട്ടവും

തെന്ന കൊങ്കിയമ്മയുടെ വാക്കുകളെ കോമൻ അനുസരിച്ചില്ല. സുന്ദരനായ കോമനെ ഉണിച്ചിരുത ഉണ്ണിയമ്മയ്ക്ക് കാട്ടിക്കൊടുക്കുന്നു. ഉണ്ണിയമ്മയ്ക്ക് കോമനോട് ഇഷ്ടം തോന്നുന്നു. ജ്യേഷ്ഠത്തി ഉണിച്ചിരുത കോമനെക്കണ്ട വിവരം കുറുപ്പുമാരെ അറിയിക്കുമെന്നും അവർ കുന്തം കുലുക്കി വരുമെന്നും അതിനാൽ കോമൻ അവിടുന്ന് രക്ഷപ്പെട്ട് പോണമെന്നും ഉണ്ണിയമ്മ കോമനോട് പറയുന്നു.

### വരികൾ

'ഓപ്പമാരേഴും വാഴുന്നോരും
വേഗത്തിൽത്തന്നെ പുറപ്പെടുന്നു
.......................................................
കോമനും പോയി മറഞ്ഞിതല്ലോ
ഉണ്ണ്യമ്മ താപവും കൊണ്ടിതല്ലോ'

### അർഥവിശദീകരണം

| | | |
|---|---|---|
| താളി | = | തലമുടി കഴുകാനായി ഉപയോഗിക്കുന്ന ഒരു കൂട്ട് |
| ചൊല്ലി | = | പറഞ്ഞു |
| വീശൽവല | = | മീൻവല |
| ശീല | = | വസ്ത്രം |
| ചെമര് | = | ചുമര് |
| അവനില്ല | = | കഴിവില്ല |
| മുടിയൂരി | = | മുടിയഴിച്ച് |
| ഫാലതടം | = | നെറ്റിത്തടം |
| കൊട്ടച്ചൂര് | = | കൊട്ടയുടെ മണം |
| തണവ് | = | തണുപ്പ് |
| നേരിയ | = | നേർത്ത |
| പിരീടുത്ത് | = | മദമിളകി |
| കൊപ്പര | = | കൊപ്ര |
| കുറിക്കല്ല്യാണം | = | പണപ്പയറ്റ് |
| കൊടി | = | വെറ്റിലക്കൊടി |

### ആശയവിശദീകരണം

കുറുപ്പന്മാർ കോമൻ അവിടെയുണ്ടെന്നറിഞ്ഞ് അവിടെയെത്തി. അതിപ്രശസ്തമായ സന്ദർഭമാണിത്. ഉണ്ണിയമ്മ അവരുടെ മുടിക്കെട്ടിൽ കോമനെ ഒളിപ്പിച്ചു. കുറുപ്പന്മാർ വീശൽവല കൊണ്ടു വീശി നോക്കി, എഴുത്താണി ഉളികൊണ്ടു എയ്തു നോക്കി. കുളത്തിലിറങ്ങി തപ്പി നോക്കി. എന്നിട്ടും അവർക്ക് കോമനെ കണ്ടെത്താൻ കഴിഞ്ഞില്ല. ഉണ്ണിയമ്മയോട് അവർ കോമനെക്കുറിച്ചന്വേഷിച്ചു. ചൊക്കും ചൊറിയും പിടിച്ചൊരുത്തൻ കന്നാലിക്കടവിലേയ്ക്ക് ഒളിച്ചു പോയി എന്നവർ പറഞ്ഞു. എന്നിട്ടും അവർ കോമനെ കുളക്കടവിൽ തന്നെ തിരയാൻ തുടങ്ങിയപ്പോൾ ഉണ്ണിയമ്മ തന്ത്രപൂർവം അതിനെ തടഞ്ഞു. നേരിയ ശീല മാത്രമേ താനുടുത്തിട്ടുള്ളൂ എന്നും പെണ്ണുങ്ങളുടെ കുളക്കടവാ

SGOU

ണിതെന്നും അവർ ആങ്ങളമാരെ ഓർമ്മിപ്പിച്ചു. അതു കേട്ടുടൻ കുറുപ്പന്മാർ വേഗം പിരിഞ്ഞു പോയി. അവർ പോയ തക്കത്തിന് ഉണ്ണിയമ്മ കോമനോടു പറഞ്ഞു. ഒരു കൊലയിൽ നിന്ന് ഞാൻ നിന്നെ ഇപ്പോൾ രക്ഷിച്ചു. അവർ വീണ്ടും നിന്നെ ഉപദ്രവിക്കാൻ വരും. അപ്പോൾ രക്ഷിക്കാൻ എന്നെക്കൊണ്ട് കഴിഞ്ഞെന്നു വരില്ല. അതിനാൽ ഇവിടുന്ന് പോകണമെന്നും ഉണ്ണിയമ്മ പറഞ്ഞു. എന്നാൽ കോമന് പോകാൻ മനസ്സുണ്ടായില്ല. ശേഷം കോമന്റെ പ്രണയ ചാപല്യങ്ങളും ഉണ്ണിയമ്മ നൽകുന്ന ഉപദേശവുമാണ് ഈ സന്ദർഭത്തിൽ വിവരിക്കുന്നത്. ഉണ്ണിയമ്മയെ കാണാൻ കുറുപ്പന്മാരുടെ തറവാട്ടിലേയ്ക്ക് വരുമെന്ന് പറഞ്ഞ കോമന് ഉണ്ണിയമ്മ വഴിയും വഴിയ്ക്കിടയിൽ പതുങ്ങിയിരിക്കുന്ന അപകടങ്ങളും വിശദീകരിച്ചു കൊടുക്കുന്നു. ശേഷം പരസ്പരം കാണാനുള്ള അടയാളങ്ങൾ പങ്കുവെച്ച് അവർ തമ്മിൽപ്പിരിഞ്ഞു.

- ▶ കോമന്റെയും ഉണ്ണിയമ്മയുടെയും പ്രണയം

സ്വന്തം ബുദ്ധിയും പ്രായോഗികതയും കൊണ്ട് സഹോദരന്മാരുടെ കുടിപ്പകയ്ക്ക് ഇരയാകാതെ കാമുകനായ കോമനെ തലമുടിക്കെട്ടിൽ ഒളിപ്പിച്ച് സംരക്ഷിച്ചതിലെ രസനീയത ഹൃദ്യമാണ്. അർഥഗ്രഹണത്തിന് യാതൊരു പ്രയാസവുമില്ല. മധുരമായി ആലപിക്കാൻ കഴിയുന്ന താളക്രമത്തിലാണ് പദക്രമം. അമ്മ പറഞ്ഞപ്രകാരം തച്ചോളിഒതേനനെ കോമൻ ചെന്നു കണ്ടു. ഒതേനന്റെ നിർദ്ദേശമനുസരിച്ച് ഉണ്ണിയമ്മയെ അണിയിച്ചൊരുക്കി അയ്യപ്പൻകാവിൽ വിളക്കു കാണിക്കാൻ കൊണ്ടുപോകുന്നതിനു വേണ്ടിയുള്ള ഒരുക്കങ്ങളും തുടർസംഭവങ്ങളും മനോഹരമായി ചിത്രീകരിച്ചിരിക്കുന്നു.

- ▶ കോമനെ ഉണ്ണിയമ്മ രക്ഷിച്ചു

## വരികൾ

'തൊണ്ണൂറാൻവീട്ടിലും ചെന്നവളും

.........................................................................

പടിപ്പുര തന്നിലും ചെന്നവളും
ഓപ്പമാരേഴും കടന്നുപോയി'

## അർഥവിശദീകരണം

| | | |
|---|---|---|
| തളിക | = | പാത്രം |
| ഊഴക്ക് | = | ഒരുവ് |
| ഏടോല | = | താളിയോല |
| കൊട്ടത്തേങ്ങ | = | ഉണക്കത്തേങ്ങ |

## ആശയവിശദീകരണം

ഉണ്ണിയമ്മ തിരികെ തൊണ്ണൂറാം വീട്ടിലെത്തി (തൊണ്ണൂറാംവീട് -പൂരണിതദ്ധിതം). ജ്യേഷ്ഠത്തി അവരോട് വൈകിയതിന്റെ കാരണം അന്വേഷിച്ചു. നിന്റെ നുണ കൊണ്ട് വെള്ളം കലങ്ങിയതിനാലാണ് നേരം വൈകിപ്പോയതെന്ന് ഉണ്ണിയമ്മ മറുപടി കൊടുത്തു. കോമൻ വീട്ടിലേയ്ക്ക് തിരിച്ചു ചെല്ലുമ്പോൾ കൊങ്കിയമ്മ അവനെയും കാത്ത് പടിപ്പുരയിൽത്തന്നെ നിൽപ്പുണ്ടായിരുന്നു. ശേഷം കൊങ്കിയമ്മ കോമനെക്കുറിച്ചുള്ള അവരുടെ ആകുലതകൾ പങ്കുവെയ്ക്കുന്നു. എന്നാൽ കുറുപ്പന്മാരെ ഭയപ്പെട്ടു ജീവിക്കാൻ കോമൻ തയ്യാറായിരുന്നില്ല.

SGOU

കോമൻ ഉണ്ണിയമ്മയെക്കുറിച്ച് ആലോചിക്കുകയും വിരഹത്താൽ വേദനിക്കുകയും ചെയ്യുന്നു. പെറ്റമ്മയൊരുക്കി വെച്ചിരുന്ന ചോറ് കോമന് തൊണ്ടയിൽ നിന്ന് ഇറങ്ങുന്നുണ്ടായിരുന്നില്ല. കോമൻ തന്റെ വിരഹത്തിന് പരിഹാരം കണ്ടെത്താൻ തീരുമാനിച്ചു. അണിഞ്ഞൊരുങ്ങി ചുരികയുമെടുത്ത് കോമൻ അമ്മയോട് യാത്രയും ചൊല്ലി തൊണ്ണൂറാം വീട്ടിലേയ്ക്ക് പുറപ്പെട്ടു. വീട്ടിലെ പണിക്കാരനായ തിയ്യച്ചെക്കനേയും കൂട്ടി കോമൻ തൊണ്ണൂറാം വീട് ലക്ഷ്യമാക്കി നടന്നു. തൊണ്ണൂറാം വീട്ടിൽ ചെന്ന ഉടനെ, കരിമ്പുംകെട്ടഴിച്ച് കോമൻ ആനയുടെ അരികത്തു ചെന്നു നിന്നു. ഉണ്ണിയമ്മ പറഞ്ഞു കൊടുത്ത വഴികളിലൂടെ കോമൻ ലക്ഷ്യസ്ഥാനത്തേയ്ക്ക് കടന്നു. ആനയെ ഇണക്കിയും നായകൾക്ക് കൊപ്ര കൊടുത്തും പാമ്പിനെ ഇണക്കിയും മുല്ലത്തറയ്ക്കൽ കോമൻ ചെന്നു. വാഴയ്ക്കയങ്ങു കൊടുത്തു. അതിനുശേഷം കോമൻ അവിടെ കാത്തിരുന്നു. ഒടുവിൽ ഉണ്ണിയമ്മയും കോമനും തമ്മിൽ വീണ്ടും കണ്ടുമുട്ടി. അവൾ ഓപ്പമാരറിയാതെ കോമനെ അകത്തേക്ക് കൊണ്ടുപോയി. അവളുടെ മുറിയിൽ കടന്നയുടനേ അവൾ വിളക്ക് ഊതിയണച്ചു. ഇതു കണ്ട ഓപ്പമാർ അവളോട് കാര്യമാരാഞ്ഞു. വീണ്ടും അവൾ ഓരോ കള്ളങ്ങൾ മറുപടിയായി നൽകി. ഓപ്പമാർ അവരുടെ സംശയങ്ങൾ ചോദിച്ചുകൊണ്ടേയിരുന്നു. ഉണ്ണിയമ്മ ഏഴു തളികയുമെടുത്ത് ഏഴാൾക്കും ചോറു വിളമ്പി. ഊണു കഴിഞ്ഞ ശേഷം ഓപ്പമാർ വെറ്റില മുറുക്കാനായി നോക്കുമ്പോൾ ചെല്ലത്തിൽ വെറ്റിലയില്ല. ഈ സമയം അവർക്ക് ഉണ്ണിയമ്മ കോമൻ കൊണ്ടുവന്ന കിളിവാലൻ വെറ്റില നൽകി. കിളിവാലൻ വെറ്റില കണ്ട ഓപ്പമാർക്ക് വീണ്ടും സംശയമായി. ഉണ്ണിയമ്മ പറഞ്ഞ കള്ളങ്ങൾ വിശ്വസിക്കാൻ അവർ കൂട്ടാക്കിയില്ല. എങ്കിലും സംശയം നിലനിർത്തിക്കൊണ്ടു തന്നെ അവർ പുറപ്പെടാനൊരുങ്ങി. ഉണ്ണിയമ്മ അവർക്കൊപ്പം പടിപ്പുര വരെ ചെന്ന് യാത്രയാക്കി.

- കോമൻ ഉണ്ണിയമ്മയെ കാണാൻ തൊണ്ണൂറാം വീട്ടിലെത്തി

## വരികൾ

'അപ്പോഴേ വന്നല്ലോ വാഴുന്നോരും
.......................................................
കട്ടിന്മേൽ കയറിക്കിടന്നവനും
സുഖമായിട്ടങ്ങു ഉറങ്ങുന്നുണ്ട്'

## അർഥവിശദീകരണം

| | | |
|---|---|---|
| മുഷിഞ്ഞത് | = | വൃത്തിയില്ലാത്ത |
| പൊട | = | പുടവ, വസ്ത്രം |
| ചെവിടും പാർത്ത് | = | കാതോർത്ത് |
| തലക്കൊണി | = | തലയിണ |
| മൊളയ്ക്കുക | = | തൊഴുത്തിൽക്കെട്ടുക |
| കടി പിണയുക | = | കടി കൂടുക |
| പീരീടുത്ത് | = | മദമിളകി |
| ചെമര് | = | ചുമര് |

## ആശയവിശദീകരണം

ഉണ്ണിയമ്മ വേഗം മുറിയിലേയ്ക്ക് പുറപ്പെട്ടു. ശേഷം അവർ തമ്മിലുള്ള പ്രണയരംഗങ്ങൾ വിവരിക്കുന്നു. ഉണ്ണിയമ്മയും കോമനും തമ്മിലുള്ള സംഭാഷണ ശകലങ്ങൾ ഉണിച്ചിരുത കേൾക്കാനിടയാകുന്നു. ഉണിച്ചിരുത അവളോട് മുറിയിലാരാണെന്ന് ചോദിച്ചെങ്കിലും ഉണ്ണിയമ്മ മറ്റൊരു കള്ളം മറുപടിയായി പറഞ്ഞു. കോമനും ഉണ്ണിയമ്മയും തമ്മിലുള്ള സംഭാഷണമാണ്. ഏഴു വെളുപ്പിന് തന്നെ വിളിച്ചുണർത്തണമെന്നും എന്നെ പടിപ്പുര കടത്തിത്തരണമെന്നും കോമൻ ഉണ്ണിയമ്മയോട് പറയുന്നു. ഉണ്ണിയമ്മയെ ഒരിക്കലും മറക്കുകയില്ലെന്ന് കോമൻ അവൾക്ക് വാക്കു കൊടുത്തു. ഏഴരനേരം പുലർന്നെങ്കിലും കോമൻ ഉണർന്നില്ല. ഒടുവിൽ ഒരു പിടി ചരലു കൊണ്ട് ഉണ്ണിയമ്മ കോമനെ ഉണർത്തി. അപ്പോഴേയ്ക്കും നേരം നന്നായി പുലർന്നിരുന്നു. കോമനെ അവിടുന്ന് രക്ഷിക്കാൻ ഉണ്ണിയമ്മ അടുത്ത ഉപായം കണ്ടെത്തി. കോമനെ മുഷിഞ്ഞ വസ്ത്രം ധരിപ്പിക്കുകയും, ഒപ്പം ഓപ്പമാർ അയാളെ കണ്ടാൽ പൊൻപണം വെച്ച് തൊഴാനായി നൂറ്റൊന്നു പണം നൽകുകയും ചെയ്തു. ശേഷം കീറിപ്പൊളിഞ്ഞ കുട ചൂടിച്ചു കൊണ്ട് അവൾ അയാളെ പടിപ്പുര കടത്തി. പാണന്റെ വേഷം ധരിച്ച കോമനെ കുറുപ്പന്മാർ കാണുന്നു. അവരുടെ പിടിയിൽപ്പെടാതെ കോമൻ രക്ഷപെടുന്നു.

- ഉണ്ണിയമ്മയും കോമനും തമ്മിലുള്ള പ്രണയ രംഗങ്ങൾ

## വരികൾ

'തൊണ്ണൂറാംവീട്ടിൽ ഉണിച്ചിരുത

.....................................................

മാളികമുകളിലും കൊണ്ടിരുത്തി
മാപ്പനൊതേനനും പൊയ്ക്കഴിഞ്ഞു'

## അർഥവിശദീകരണം

| | | |
|---|---|---|
| കരുമന | = | സാമർഥ്യം |
| മീഞ്ചൂര് | = | മീനിന്റെ മണം |
| ആലപ്പുര | = | കൊല്ലന്റെ പണിശാല |
| മിറ്റം | = | മുറ്റം |
| അപരാധ ദോഷം | = | പേരുദോഷം |
| പരുമ്പ് | = | പനമ്പ് |
| കൊണ്ടരണ്ട് | = | കൊണ്ടുവരുന്നുണ്ട് |
| കണ്ടം | = | കഷ്ണം |
| നാൽപുറം | = | നാലുഭാഗം |
| സന്ധിയുറങ്ങുക | = | അന്തിയുറങ്ങുക |
| മുഷിച്ചിൽ | = | നീരസം |
| ഏടോല | = | താളിയോല |
| കൊടി | = | വെറ്റിലക്കൊടി |
| താഴരി | = | നാഴിയരി |
| കണ്ണുചിതറി | = | അത്ഭുതപ്പെട്ടു |
| മാറ്റാൻ | = | ശത്രു |
| കാര്യാനത്തുടര് | = | ആനച്ചങ്ങല |

SGOU

| | | |
|---|---|---|
| അരയീന്ന് | = | അരയിൽ നിന്ന് |
| നിമുരം | = | നരെ |
| അച്ചാരം | = | മുൻകൂർ പണം |

### ആശയവിശദീകരണം

ഉണിച്ചിരുത ഉണ്ണിയമ്മയുടെ മുറിയിൽ കയറിയതും അവരിൽ വീണ്ടും ചില സംശയങ്ങൾ ഉദിച്ചു. കൊളാമ്പി നിറയോളം തുപ്പിയതും, വെറ്റില ഞരമ്പേറി ചീന്തിയതും അടയ്ക്കാമൊരിയും അവരിലെ സംശയം വർദ്ധിപ്പിച്ചു. കൂടാതെ കിടക്കയിൽ നിന്ന് അവർക്ക് ഒരു കത്തിയും കിട്ടി. നാടുവാഴിയും തൊണ്ണൂറാം വീട്ടുകാരും കപ്പുള്ളിപാലാട്ടുകാരും വള്ളോപ്പുലയനുമാണ് അന്നാട്ടിൽ നമ്പിക്കത്തി ഉപയോഗിച്ചിരുന്നത്. അത് കപ്പുള്ളിപ്പാലാട്ടെ കത്തിയാണെന്ന് കൊല്ലനു മനസിലാകുന്നുണ്ടെങ്കിലും അയാളത് വള്ളോപ്പുലയന്റെ കത്തിയാണെന്നു കള്ളം പറയുന്നു. ഓപ്പമാർ ഉണ്ണിയമ്മയെ വിളിക്കുകയും കത്തിയാരുടേതാണെന്ന് ചോദിക്കുകയും ചെയ്തു. അവരതിന് മറുപടി നൽകിയില്ല. അവർ ഉണ്ണിയമ്മയെ ഉപദ്രവിക്കാൻ തുനിഞ്ഞു. അവൾക്ക് ദാഹിച്ച തണ്ണീർ കൊടുക്കരുതെന്ന് അവർ പറഞ്ഞു. വെടി വെച്ചു കൊല്ലുമെന്നു പറഞ്ഞിട്ടും ഉണ്ണിയമ്മ കോമനെക്കുറിച്ച് പറയാൻ കൂട്ടാക്കിയില്ല. ശേഷം ഉണ്ണിയമ്മ അനുഭവിക്കേണ്ടി വന്ന കഷ്ടതകൾ വിവരിക്കുന്നു. ഒടുവിൽ ഉണ്ണിയമ്മ കോമന് ഒരു സന്ദേശം കൊടുത്തയച്ചു. ഉണ്ണിയമ്മയുടെ അവസ്ഥയെക്കുറിച്ചറിഞ്ഞ കോമൻ തുടർന്ന് ഉണ്ണിയമ്മയെ രക്ഷിക്കാനുള്ള മാർഗം കണ്ടെത്തുന്നു. അതിനായി കോമൻ തച്ചോളി ഒതേനന്റെ സഹായം തേടുന്നു. ഒതേനനും പാലാട്ടു കോമനും ചേർന്ന്, ഉണിച്ചിരുതയുടെ ഏഷണിയെയും (ഉണിച്ചിരുതയെ ഒതേനൻ വധിച്ചു) കുറുപ്പന്മാരുടെ ശത്രുതയിൽ നിന്നുണ്ടായ തടസ്സങ്ങളേയും മറികടക്കുന്നു. ഒതേനനെക്കൊണ്ട് നാൽപ്പത്തിരണ്ടുകുടിപ്പിഴയും പറഞ്ഞ് തീർത്തു കോമപ്പൻ ഉണ്ണിയമ്മയെ വിവാഹം ചെയ്യുന്നതോടെ പാട്ട് അവസാനിക്കുന്നു.

▶ ഒതേനന്റെ സഹായത്താൽ കോമൻ ഉണ്ണിയമ്മയെ വിവാഹം ചെയ്യുന്നു

## Summarised Overview

നാടൻപാട്ടുകൾ പല പ്രകാരത്തിൽ വർഗീകരിക്കപ്പെട്ടിട്ടുണ്ട്. ഓരോരുത്തരും വ്യത്യസ്ത കാഴ്ചപ്പാടുകളിൽ നിന്നുകൊണ്ടാണ് ആ വിഭജനം നടത്തുന്നത്. ലഭ്യമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ, നാടോടിപ്പാട്ടുകൾ / നാടൻപാട്ടുകൾ, പാട്ട്, മണിപ്രവാളം, ഗദ്യം എന്നിങ്ങനെ പ്രബലമായ നാല് സാഹിത്യവിഭാഗങ്ങൾ പ്രാചീനമലയാളത്തിൽ നിലനിന്നിരുന്നു. അതിൽ പാട്ട്, മണിപ്രവാളം എന്നിവ സമാന്തര സാഹിത്യപ്രസ്ഥാനങ്ങൾ ആയിരുന്നു. മണിപ്രവാളം ത്രൈവർണികരുടെയും, പാട്ട് ശൂദ്രാദി വിഭാഗങ്ങളുടെയും, നാടൻപാട്ടുകൾ അടിസ്ഥാനവർഗ ജനവിഭാഗങ്ങളുടെയും, ഗദ്യസാഹിത്യം അമ്പലവാസി തുടങ്ങിയ ജനവിഭാഗങ്ങളുടെയും സാഹിത്യരൂപങ്ങൾ ആയിരുന്നുവെന്ന് സാമാന്യമായി പറയാം. സാഹിത്യചരിത്ര നിർമ്മാതാക്കൾ പാട്ടിനെയും മണിപ്രവാളത്തെയും മാത്രമേ ഗൗരവമായി പഠനവിധേയമാക്കിയുള്ളൂ.

കേരളത്തിലെ നാടൻപാട്ടുകളിൽ പ്രബലമായ ഒരു വിഭാഗം വടക്കൻപാട്ടുകളാണ്. വടക്കേ മലബാറിൽ പണ്ടുകാലം മുതലേ ധീരരായ, ആയോധനകലകളിൽ തല്പരരായ ഒരു ജനവിഭാഗ

SGOU

മുണ്ടായിരുന്നു. അവരിൽ ധീരപുരുഷന്മാരും വനിതകളും ഉൾപ്പെട്ടിരുന്നു. അവിടുത്തെ സാംസ്കാരിക പരിസരത്ത് ആയോധനവുമായി ബന്ധപ്പെട്ട ജീവിതം നയിച്ചിരുന്ന ഒരു ജനവിഭാഗവുമുണ്ടായിരുന്നു. വടക്കൻപാട്ടുകളിൽ ഭൂരിപക്ഷവും, പുത്തൂരം വീടും തച്ചോളി മാണിക്കോത്തു വീടും കേന്ദ്രീകരിച്ചുള്ളവയാണ്. വടക്കൻപാട്ടുകളിലെ പ്രധാനപ്പെട്ട ഒരു കഥാനായകനാണ് പാലാട്ടു കോമൻ (പാലാട്ടു കോമപ്പൻ). ഇതര വടക്കൻപാട്ടുകളിൽ നിന്ന് വ്യത്യസ്തമായി ശൃംഗാരവും വീരവും ഒരുപോലെ കടന്നുവരുന്ന പാട്ടാണിത്. കോമപ്പന്റെ പ്രണയവും വീരകൃത്യങ്ങളും സമ്മേളിച്ചു വരുന്നതിനാൽ ഏറെ ആസ്വാദ്യകരമാണ് പാലാട്ടു കോമൻ എന്ന പാട്ട്.

കപ്പുള്ളിപ്പാലാട്ടെ കുങ്കിയമ്മയുടെ മകനാണ് കോമപ്പൻ. കൂടാതെ ഒതേനന്റെ അനന്തരവനുമാണ്. തൊണ്ണൂറാംവീട്ടിലെ കുറുപ്പന്മാരും പാലാട്ടെ നായന്മാരും തമ്മിൽ വളരെക്കാലം കുടിപ്പകയിലായിരുന്നു. തൊണ്ണൂറാം വീട്ടിലെ കുറുപ്പന്മാർക്ക് ഉണ്ണിയമ്മയെന്നും ഉണിച്ചിരുതയെന്നും പേരായ രണ്ടു സഹോദരിമാരുണ്ടായിരുന്നു. ഉണ്ണിയമ്മ വാഴുന്നവരുടെ കുളത്തിൽ കുളിച്ചുകൊണ്ടിരുന്നപ്പോൾ അവിടെയെത്തിയ കോമനുമായി പ്രണയത്തിലായി. ഈ വിവരമറിഞ്ഞ കുറുപ്പന്മാർ ഉണ്ണിയമ്മയെ വെണ്ണീറ്റു പുരയിലാക്കി. ഉണ്ണിയമ്മ കോമനെ വിവരമറിയിച്ചു. കോമൻ അമ്മയുടെ നിർദ്ദേശപ്രകാരം അമ്മാവനായ തച്ചോളി ഒതേനനെ ചെന്ന് കണ്ടു. അതിബുദ്ധിമതിയായ ഉണ്ണിയമ്മയുടെ സാമർഥ്യത്തെ പ്രയോജനപ്പെടുത്തി, ഒതേനനും പാലാട്ടു കോമനും ചേർന്ന്, ഉണിച്ചിരുതയുടെ ഏഷണിയെയും (ഉണിച്ചിരുതയെ ഒതേനൻ വധിച്ചു) കുറുപ്പന്മാരുടെ ശത്രുതയിൽ നിന്നുണ്ടായ തടസ്സങ്ങളെയും മറികടക്കുന്നു. ഒതേനനെക്കൊണ്ട് നാൽപ്പത്തിരണ്ട്കുടിപ്പിഴയും പറഞ്ഞ് തീർത്തു കോമപ്പൻ ഉണ്ണിയമ്മയെ വിവാഹം ചെയ്തു. ഇതാണ് പാലാട്ടുകോമൻ എന്ന നാടൻപാട്ടിന്റെ ഇതിവൃത്തം. കുടിപ്പകയുടെ പ്രശ്നങ്ങളും ചരിത്രവും പ്രണയത്തിലൂടെയുള്ള ശത്രുകുടുംബങ്ങളുടെ ഒരുമിക്കലും ഏറെ പ്രസക്തിയോടെ ആവിഷ്കൃതമാകുന്ന ഈ വടക്കൻപാട്ടിന് വളരെയേറെ ചരിത്രപ്രാധാന്യവുമുണ്ട്. അന്നത്തെ അങ്കപുറപ്പാടിനെക്കുറിച്ചും ആയുധങ്ങളെക്കുറിച്ചും അന്നത്തെ ഭക്ഷണക്രമങ്ങളെക്കുറിച്ചും പാട്ടിൽ പരാമർശമുണ്ട്.

## Assignments

1. നാടൻപാട്ടുകളുടെ സവിശേഷതകൾ വിവരിക്കുക.
2. സാധാരണ മനുഷ്യരുടെ ജീവിതത്തിന്റെ അനുഭവാഖ്യാനമാണ് നാടൻപാട്ടുകൾ. ചർച്ച ചെയ്യുക.
3. പ്രധാനപ്പെട്ട തെക്കൻപാട്ടുകളെയും വടക്കൻപാട്ടുകളെയും പരിചയപ്പെടുത്തുക.
4. കരുത്തുറ്റസ്ത്രീളെ ആദ്യമായി ആവിഷ്ക്കരിച്ചത് വടക്കൻപാട്ടുകളിലാണ്. ശരിയോ? വിലയിരുത്തുക.
5. പാലാട്ടുകോമൻ എന്ന നാടൻപാട്ടിൽ പാലാട്ടുകോമന്റെ പ്രണയജീവിതത്തെ ആവിഷ്ക്കരിച്ചിരിക്കുന്നതെങ്ങനെ?
6. ആയോധനകലയുമായി ബന്ധപ്പെട്ട മനുഷ്യരുടെ ജീവിതസംസ്കാരം വടക്കൻപാട്ടിലെ പ്രധാന ഘടകമാണ്. ചർച്ച ചെയ്യുക.
7. വൈവിധ്യമാണ് നാടൻപാട്ടുകളുടെ മുഖ്യ സവിശേഷത. വിശദമാക്കുക.
8. നാടൻജീവിതത്തിന്റെയും സംസ്കാരത്തിന്റെയും ആന്തരികചൈതന്യം കലർന്നവയാണ് വടക്കൻപാട്ടുകൾ. ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

SGOU

9. ‘പാലാട്ടുകോമ’നിലെ വർണ്ണനകളെക്കുറിച്ച് വിവരിക്കുക.
10. ‘പാലാട്ടുകോമ’ന്റെ സ്വഭാവം നിരൂപണം ചെയ്യുക.
11. ‘പ്രായോഗിക ജ്ഞാനം, ധീരത, പ്രണയസ്ഥൈര്യം, ആത്മാർത്ഥത, വിശ്വസ്ഥത തുടങ്ങിയ ഗുണങ്ങളാൽ സമ്പന്നയാണ് ഉണ്ണിയമ്മ’. സമർഥിക്കുക.
12. ‘പാലാട്ടുകോമനി’ലൂടെ വ്യക്തമാകുന്ന സാമൂഹികാവസ്ഥയെക്കുറിച്ച് വിവരിക്കുക.
13. ജനകീയഗാനമെന്ന നിലയിൽ വടക്കൻപാട്ടുകളുടെ പ്രസക്തിയെക്കുറിച്ച് പാലാട്ടുകോമനെ മുൻനിർത്തി ചർച്ച ചെയ്യുക.
14. മാതൃപുത്രബന്ധത്തിന്റെ ഊഷ്മളത പാലാട്ടുകോമനും അമ്മയും തമ്മിലുള്ള അടുപ്പത്തെ ആസ്പദമാക്കി വിവരിക്കുക.

## Suggested Readings

1. ഉള്ളൂർ എസ്. പരമേശ്വര അയ്യർ, കേരള സാഹിത്യ ചരിത്രം ( ഒന്നാം വാല്യം), കേരളസർവകലാശാല, തിരുവനന്തപുരം.
2. രാഘവൻ പയ്യനാട്, ഫോക്‌ലോർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. എ. എം. ശ്രീധരൻ, ഫോക്‌ലോർ സമീപനങ്ങളും സാധ്യതകളും, മലയാള പഠന ഗവേഷണ കേന്ദ്രം, തൃശ്ശൂർ.
4. എം. സി. അപ്പുണ്ണി നമ്പ്യാർ ( സമ്പാദനം), വടക്കൻപാട്ടുകൾ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

## References

1. കെ. ശ്രീകുമാർ ( സമാഹരണം), പുത്തൂരം തച്ചോളിപ്പാട്ടുകളടക്കം 75 പാട്ടുകൾ ആധികാരികം സമഗ്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
2. എ. ശ്രീധരമേനോൻ, കേരളചരിത്രം, ഡി. സി. ബുക്സ്, കോട്ടയം.
3. എൻ. എം. നമ്പൂതിരി, കേരള സംസ്കാരം അകവും പുറവും, കാലിക്കറ്റ് സർവകലാശാല, കോഴിക്കോട്.
4. എരുമേലി പരമേശ്വരൻ പിള്ള, മലയാള സാഹിത്യ ചരിത്രം കാലഘട്ടങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
5. കെ. എം. ജോർജ്, സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, എസ്. പി. എസ്., കോട്ടയം.

SGOU

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 2

# പാട്ടുപ്രസ്ഥാനം

## Learning Outcomes

- പാട്ടുപ്രസ്ഥാനത്തിന്റെ പരിണാമം ഗ്രഹിക്കുന്നു
- പാട്ടുപ്രസ്ഥാനത്തിലും തദ്ദേശീയ ഇതിവൃത്തം ആവിഷ്കൃതമാകുന്നതറിയുന്നു
- ലീലാതിലകത്തിലെ പാട്ടിന്റെ ലക്ഷണം തിരിച്ചറിയുന്നു
- പാട്ടുപ്രസ്ഥാനത്തെക്കുറിച്ച് മനസിലാക്കുന്നു
- 'രാമചരിതം' എന്ന കൃതിയെ സവിശേഷമായി പഠിക്കുന്നു
- 'രാമചരിത'ത്തിന്റെ ഭാഷയെക്കുറിച്ചുള്ള വിവിധ അഭിപ്രായങ്ങൾ മനസിലാക്കുന്നു
- പ്രാചീന മലയാള സാഹിത്യത്തെക്കുറിച്ച് ധാരണ നേടുന്നു

## Background

**പാട്ട്**

ലഭ്യമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ, നാടോടിപാട്ടുകൾ /നാടൻപാട്ടുകൾ, പാട്ട്, മണിപ്രവാളം, ഗദ്യം എന്നിങ്ങനെ പ്രബലമായ നാല് സാഹിത്യവിഭാഗങ്ങൾ പ്രാചീന മലയാളത്തിൽ നിലനിന്നിരുന്നു. അതിൽ പാട്ട്, മണിപ്രവാളം എന്നിവ സമാന്തര സാഹിത്യപ്രസ്ഥാനങ്ങളായിരുന്നു. സാഹിത്യചരിത്ര നിർമ്മാതാക്കൾ പാട്ടിനെയും മണിപ്രവാളത്തെയും മാത്രമേ ഗൗരവമായി പഠനവിധേയമാക്കിയുള്ളൂ.

പാട്ട്, മണിപ്രവാളം എന്നീ സാഹിത്യപ്രസ്ഥാനങ്ങൾ മലയാളസാഹിത്യത്തിൽ സമാന്തരമായി ഉണ്ടായിരുന്ന പ്രസ്ഥാനങ്ങളാണ്. ഈ രണ്ട് സാഹിത്യരൂപങ്ങളുടെയും/ പ്രസ്ഥാനങ്ങളുടെയും സാംസ്കാരിക പരിസരം ഒന്നുതന്നെയായിരുന്നു. ഈ രണ്ട് പ്രസ്ഥാനത്തിനും ലക്ഷണം നൽകുന്നത് 'ലീലാതിലക'മാണ്. മണിപ്രവാളഭാഷയെയും സാഹിത്യത്തെയും സവിശേഷ പഠന വിധേയമാക്കുന്ന ഗ്രന്ഥമെന്ന നിലയിൽ 14-ാം നൂറ്റാണ്ടിൽ വിരചിതമായ ലീലാതിലകത്തിന് ഏറെ ചരിത്ര പ്രാധാന്യമുണ്ട്. സംസ്കൃതഭാഷയിൽ എഴുതിയ 'ലീലാതിലക'ത്തിൽ സാന്ദർഭികമായിട്ടാണ് പാട്ടുസാഹിത്യത്തെക്കുറിച്ച് പ്രതിപാദിക്കുന്നത്. എട്ട് ശില്പമുള്ള 'ലീലാതിലക'ത്തിലെ ഒന്നാം ശിൽപത്തിൽ സൂത്രങ്ങൾ പത്തെണ്ണത്തിലായി മണിപ്രവാളത്തിന്റെ ലക്ഷണവും ഘടനയും അവാന്തരവിഭാഗങ്ങളും ലക്ഷ്യ-ലക്ഷണം ചെയ്തതിനുശേഷം പതിനൊന്നാമത്തെ സൂത്രത്തിലാണ് പാട്ടിന് ലക്ഷണം നൽകുന്നത്. മണിപ്രവാളത്തിനു സമാന്തരമായി പാട്ട് എന്ന സാഹിത്യരൂപം ഉണ്ട് എന്ന് അറിയിക്കുകയായിരുന്നു ഗ്രന്ഥകർത്താവിന്റെ ലക്ഷ്യം.

**പാട്ടിന്റെ ലക്ഷണം ഇപ്രകാരമാണ്:**

'ദ്രമിഡസംഘാതാക്ഷര നിബദ്ധ-
മെതുകമോന വൃത്ത വിശേഷയുക്തം പാട്ട്'

ദ്രാവിഡ അക്ഷരങ്ങൾ മാത്രം ഉപയോഗിച്ച് എഴുതുന്നതും എതുക, മോന, എന്നീ പ്രാസങ്ങൾ ഉൾപ്പെടുത്തി, വസന്തതിലകം തുടങ്ങിയ സംസ്കൃതവൃത്തങ്ങളിൽ നിന്നു ഭിന്നമായ

SGOU

ഭാഷാവൃത്തങ്ങളിൽ രചിക്കുന്നതുമായ കാവ്യമാണ് പാട്ട്. ദ്രമിഡസംഘാതാക്ഷരത്തിൽ 30 അക്ഷരങ്ങളാണ് ഉള്ളത്. 12 സ്വരങ്ങളും 18 വ്യഞ്ജനവും. ദ്രാവിഡ അക്ഷരമാലയിൽ ഇല്ലാത്ത (അതിഖരമൃദുഘോഷോഷ്മാക്കൾ) അക്ഷരങ്ങൾ ഉള്ള സംസ്കൃതപദങ്ങൾ തത്ഭവമായി ഉപയോഗിക്കുന്നു.

മേൽപറഞ്ഞ പാട്ടിന്റെ ലക്ഷണം പൂർണമായി യോജിക്കുന്ന രണ്ട് കൃതികളാണ് ഇതുവരെ കണ്ടെത്തിയിട്ടുള്ളത്. ഒന്നാമത്തെ കൃതി 'രാമചരിത'മാണ്. മറ്റൊന്ന് 'തിരുനിഴൽമാല'യും. പാട്ടിന്റെ ലക്ഷണം 'രാമചരിത'ത്തിൽ എത്രത്തോളം യോജിക്കുന്നുവെന്ന് 'രാമചരിത'ത്തിലെ ഒന്നാമത്തെ പടലത്തിലെ ഒന്നാമത്തെ പാട്ട് ഉദാഹരിച്ചുകൊണ്ട് പരിശോധിക്കാം.

'കാനനങ്കളിലരൻ കളിറുമായ് കരിണിയായ്
കാർന്നെടുംകണ്ണുമ തമ്മിൽ വിളയാടി നടന്റ -
ന്റാനനംവടിവുള്ളാന വടിവായവതരി-
ത്താതിയേ നല്ല വിനായകനെന്മൊരമല്ലന്നേ
നാനിതൊന്റുതുനിയിന്റതിനെൻ മാനതമെന്റും
നാളതാർ തന്നിൽ നിരന്തരമിരുന്തരുൾ തെളി
ന്തൂനമറ്ററി വെനക്കു വന്തുതിക്കും വണ്ണമേ
ഊഴിയേഴിലും നിറൈന്ത മറൈഞാനപൊരുളേ'

ദീർഘദ്രാവിഡ വൃത്തത്തിൽ എഴുതിയ നാലു പാദമുള്ള പാട്ടാണിത്. ദ്രമിഡ സംഘാതാക്ഷരമെന്ന നിബന്ധന കൃത്യമായി പാലിച്ചിട്ടുണ്ട്. കാനനം, ആനനം, ഞാനിതൊന്റു, ഊനമറ്റ -എന്നിവിടങ്ങളിൽ എതുക കൃത്യമായി പാലിച്ചിട്ടുണ്ട്. പാദാർദ്ധങ്ങളിൽ, കാനനം / കാർ നെടുങ്കണ്ണുമാ, ആനനം/ആതിയെ, നാനിതൊന്റു/ നാളതാർ, ഊനമറ്റ / ഊഴി- എന്നിങ്ങനെ മോനയും ഉണ്ട്. അതിഖര മൃദുഘോഷ ഊഷ്മാക്കൾ ഉള്ള സംസ്കൃത പദങ്ങളെ തത്ഭവങ്ങൾ ആക്കിയിരിക്കുന്നു (ഉദാ - ആദി - ആതി, ഉദിക്കും - ഉതിക്കും, ഹരൻ- അരൻ ജ്ഞാനം - ഞാനം). ദ്രാവിഡ അക്ഷരവ്യവസ്ഥക്കുള്ളിൽ വരുന്നവയെ തത്സമമായിത്തന്നെ ചേർത്തിട്ടുണ്ട് (ഉദാ - കാനനം, ആനനം, ഉമ, വിനായകൻ). അന്താദിപ്രാസവും ദീക്ഷിച്ചിട്ടുണ്ട്. ഞാന പൊരുളേ എന്നാണ് ഒന്നാമത്തെ പാട്ട് അവസാനിക്കുന്നത്. അടുത്ത പാട്ട് തുടങ്ങുന്നത് - ഞാനമെങ്കൽ എന്നാണ്. ഇപ്രകാരം പരിശോധിച്ചാൽ പാട്ടിന്റെ ലക്ഷണം കൃത്യമായി പാലിക്കുന്ന കൃതിയാണ് രാമചരിതമെന്ന് വ്യക്തമാകും.

## Keywords

പാട്ടു പ്രസ്ഥാനം - രാമചരിതം - യാപ്പെരുങ്കല - ലീലാതിലകം - എതുക - മോന - തത്സമം - തത്ഭവം

## Discussion

### 1.2.1 പാട്ടുപ്രസ്ഥാനം

പാട്ട്, മണിപ്രവാളം എന്നീ സാഹിത്യ പ്രസ്ഥാനങ്ങൾ മലയാള സാഹിത്യത്തിൽ സമാന്തരമായി ഉണ്ടായിരുന്ന പ്രസ്ഥാനങ്ങളാണ്. രണ്ട് സാഹിത്യ രൂപങ്ങളുടെയും/ പ്രസ്ഥാനങ്ങളുടെയും സാംസ്കാരിക പരിസരം ഒന്നുതന്നെയായിരുന്നു. ഈ രണ്ട് പ്രസ്ഥാനത്തിനും ലക്ഷണം നൽകുന്നത് 'ലീലാതിലക'മാണ്. മണിപ്രവാളഭാഷയെ

യും സാഹിത്യത്തെയും സവിശേഷ പഠനവിധേയമാക്കുന്ന ഗ്രന്ഥ മെന്ന നിലയിൽ 14-ാം നൂറ്റാണ്ടിൽ വിരചിതമായ ലീലാതിലകത്തിന് ഏറെ ചരിത്രപ്രാധാന്യമുണ്ട്. സംസ്കൃതഭാഷയിൽ എഴുതിയ 'ലീ ലാതിലക'ത്തിൽ സാന്ദർഭികമായിട്ടാണ് പാട്ടുസാഹിത്യത്തെക്കുറിച്ച് പ്രതിപാദിക്കുന്നത്. എട്ട് ശില്പമുള്ള 'ലീലാതിലക'ത്തിലെ ഒന്നാം ശിൽപത്തിൽ 10 സൂത്രങ്ങളിലായി മണിപ്രവാളത്തിന്റെ ലക്ഷണവും ഘടനയും അവാന്തരവിഭാഗങ്ങളും ലക്ഷ്യലക്ഷണം ചെയ്തതിനു ശേ ഷം പതിനൊന്നാമത്തെ സൂത്രത്തിലാണ് പാട്ടിന് ലക്ഷണം നൽകു ന്നത്. മണിപ്രവാളത്തിന് സമാന്തരമായി പാട്ട് എന്ന സാഹിത്യരൂപം ഉണ്ട് എന്ന് അറിയിക്കുകയായിരുന്നു ഗ്രന്ഥകർത്താവിന്റെ ലക്ഷ്യം. പാട്ടിന്റെ ലക്ഷണം ഇപ്രകാരമാണ്:

'ദ്രമിഡസംഘാതാക്ഷര നിബദ്ധ-
മെതുകമോന വൃത്ത വിശേഷയുക്തം പാട്ട്'

▶ പാട്ടിന്റെ ലക്ഷണം

ദ്രാവിഡ അക്ഷരങ്ങൾ മാത്രം ഉപയോഗിച്ച് എഴുതുന്നതും എതുക മോന, എന്നീ പ്രാസങ്ങൾ ഉൾപ്പെടുത്തി വസന്തതിലകം തുടങ്ങിയ സംസ്കൃതവൃത്തങ്ങളിൽ നിന്നും ഭിന്നമായ ഭാഷാവൃത്തങ്ങളിൽ രചി ക്കുന്നതുമായ കാവ്യമാണ് പാട്ട്. ദ്രമിഡസംഘാതാക്ഷരത്തിൽ 30 അക്ഷരങ്ങളാണ് ഉള്ളത്. 12 സ്വരവും 18 വ്യഞ്ജനവും. ദ്രാവിഡ അക്ഷ രമാലയിൽ ഇല്ലാത്ത (അതിഖര മൃദുഘോഷോഷ്മാക്കൾ) അക്ഷര ങ്ങൾ ഉള്ള സംസ്കൃതപദങ്ങൾ തത്ഭവമായി ഉപയോഗിക്കുന്നു. (ഉദാ- ഹരൻ - അരൻ, സുഗ്രീവൻ - ചുക്കിരീവൻ, മേഘം -മേകം)

ദ്രാവിഡാക്ഷര മാലയിൽ എഴുതാൻ പറ്റുന്ന പദങ്ങളെ തത്സമമാ യി സ്വീകരിക്കുന്നു (ഉദാ: കാനനം, വാചാ, കേകി). ദ്രമിഡസംഘാ താക്ഷരം ദീക്ഷിക്കുകയെന്നത് വളരെ പ്രധാനപ്പെട്ട ഘടകമായിരുന്നു. എതുക, മോന എന്നിവ രണ്ട് പ്രധാന ദ്രാവിഡപ്രാസങ്ങളാണ്. ഓ രോ പാദത്തിലെയും രണ്ടാമത്തെ അക്ഷരം ഒരുപോലെ വരുന്നതാണ് എതുക. മാത്രമല്ല പാദാദ്യക്ഷരമാത്രയും തുല്യമായി വരണം. ദ്വിതീ യാക്ഷരപ്രാസത്തിന് തുല്യമായ പ്രാസമാണെങ്കിലും ആദ്യ അക്ഷര ത്തിലെ മാത്രാസാമ്യം എന്നുള്ള വ്യത്യാസം എതുകയ്ക്കുണ്ട്. 'ലീലാ തിലക'കാരൻ ആദ്യവർണത്തിലെ മാത്രാതുല്യതയെ കുറിച്ച് പാട്ടിന്റെ ലക്ഷണവ്യാഖ്യാനത്തിൽ വിശദമാക്കുന്നില്ല. എതുകയെ നിർവചിക്കു ന്നതിങ്ങനെയാണ്:

▶ എതുകയുടെ വ്യാഖ്യാനം

'സർവേഷ്വപി പാദേഷു
ദ്വിതീയാക്ഷര സാമ്യം എതുക'

ഈ നിർവചനം അമൃതസാഗരന്റെ 'യാപ്പെരുങ്കലം' എന്ന തമിഴ് കൃ തിയിൽ നല്കിയ എതുകയുടെ നിർവചനത്തിന്റെ സംസ്കൃത വിവർ ത്തനം മാത്രമാണ്. യാപ്പെരുങ്കലയിലെ കാരിക ഇപ്രകാരമാണ്:

'ഇരണ്ടാമതെഴുത്തൊന്റിയെവതേയെതുകൈ'

എന്നാൽ, നാലാം ശിൽപത്തിൽ ഒന്നാമത്തെ അക്ഷരമാത്രാതു ല്യതയെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. വികാരാനുപ്രാസത്തെക്കുറിച്ച് പറയുന്ന 86-ാമത്തെ സൂത്രത്തിന്റെ വൃത്തിയിലാണത്.

SGOU

- മാത്രാതുല്യത

'കട്ടെമ്പതുക്ക് പ്പട്ടെമ്പതല്ലതു
പാട്ടെമ്പത്എതുകയിലാകാത്'

കട്ട് എന്നതിന് പട്ട് എന്നല്ലാതെ പാട്ട് എന്ന് എഴുതുക പ്രാസത്തിൽ ശരിയാവുകയില്ല.

അമൃതസാഗരന്റെ 'യാപ്പെരുങ്കല' - കാരികയ്ക്ക് ഗുണസാഗരന്റെ വ്യാഖ്യാനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉദാഹരണത്തെ 'ലീലാതിലക'കാരൻ അതേപടി ചേർത്തിരിക്കുന്നു. 'യാപ്പെരുങ്കല'യിലെ എതുകയുടെയും മോനയുടെയും ലക്ഷണത്തിന്റെ ചുവടുപിടിച്ചാണ് 'ലീലാതിലക'കാരൻ അവയ്ക്ക് നിർവചനം നൽകിയിരിക്കുന്നത് എന്ന് വ്യക്തം. ഒരു പാദത്തെ രണ്ടായി ഭാഗിക്കുമ്പോൾ ആദ്യഭാഗത്തിലെ ആദ്യ അക്ഷരവും രണ്ടാം ഭാഗത്തിലെ ആദ്യ അക്ഷരവും തുല്യമായി വരുന്നതാണ് മോന. പാദാർദ്ധാദി പ്രാസം-എന്നും മോനയെ വിശേഷിപ്പിക്കുന്നു: അ ആ, ഇ ഈ, ഉ, ഊ, എ, ഒ, ഒ, ഔ എന്നിവയ്ക്കും ഞ, ന, ച, ത, മ, പ എന്നിവയ്ക്കും പരസ്പരം മോനയാകാം. മോനയെ 'ലീലാതിലക'ത്തിൽ നിർവചിച്ചിരിക്കുന്നതും 'യാപ്പെരുങ്കല'കാരനെ അനുസരിച്ചു തന്നെ.

- മോന
- ലീലാതിലകം

'പാദാദ്യക്ഷരേണ പാദ
ദ്വിതീയ ഭാഗാദ്യക്ഷരസ്യസാമ്യം മോന'

മുതലെഴുത്തൊന്റി മുടി വതുമോനൈ- എന്ന 'യാപ്പെരുങ്കല' കാരികയുടെ പകർപ്പാണ് 'ലീലാതിലക'ത്തിൽ കാണുന്നത്.

ഇപ്രകാരം പരിശോധിച്ചാൽ, ദ്രാവിഡസങ്കേതത്തെ അനുസരിച്ചുള്ള നിർവചനമാണ് 'ലീലാതിലക'ത്തിൽ പാട്ടിന് നല്കിയിരിക്കുന്നതെന്നുകാണാം. മണിപ്രവാളത്തിൽ ശ്ലോക നിർമ്മിതിക്ക് ഉപയോഗിക്കുന്ന സംസ്കൃതവൃത്തങ്ങൾ പാട്ടിൽ ഉപയോഗിക്കുകയില്ല. അതുകൊണ്ടാണ് 'ലീലാതിലക'ത്തിൽ വൃത്തവിശേഷം എന്ന സവിശേഷപ്രയോഗം നടത്തിയത്. ആഢ്യന്മാർ സാംസ്കൃതവൃത്തങ്ങളെ മാത്രമേ വൃത്തങ്ങളായി കണക്കാക്കിയിരുന്നുള്ളൂ. ഛന്ദശാസ്ത്രത്തിന് പുറത്ത് നിൽക്കുന്ന ദ്രാവിഡ വൃത്തങ്ങളെ വിശേഷമായി മാത്രമേ മണിപ്രവാളപണ്ഡിതർ കരുതിയുള്ളൂ. മലനാട്ട് മണ്ണിന്റെ മണമുള്ള പാട്ടു വൃത്തങ്ങളെയാണ് പൊതുവിൽ വിശേഷം എന്നതുകൊണ്ട് അർഥമാക്കുന്നത്. എന്നാൽ ശ്രദ്ധിക്കേണ്ട ഒരു പ്രധാന സംഗതിയുണ്ട്. ഇന്ന് നമ്മൾ സംസ്കൃതവൃത്ത ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന മല്ലിക, കുസുമ മഞ്ജരി, ഇന്ദുവദന തുടങ്ങിയ വൃത്തങ്ങൾ 'രാമചരിത'ത്തിൽ കാണുന്നുമുണ്ട്. ഇതെങ്ങനെ സംഭവിക്കുന്നു എന്നുള്ളത് ഉപരിഗവേഷണത്തിന് സാധ്യതയുള്ളതാണ്. 'ലീലാതിലക'ത്തിലെ പാട്ടിന്റെ ലക്ഷണത്തിൽ സൂചിപ്പിച്ചിട്ടില്ലാത്ത അന്താദിപ്രാസം എന്ന ഒരു പ്രാസം കൂടി പാട്ടു കൃതികളിൽ പൊതുവേ കാണപ്പെടുന്നുണ്ട്, ഒരു പാട്ടിന്റെ അവസാനത്തിലുള്ള പദമോ പാദഭാഗമോ കൊണ്ട് അടുത്ത പാട്ട് ആരംഭിക്കുന്നതാണ് അന്താദിപ്രാസം. ലേഖനവിദ്യ വ്യാപകമല്ലാതിരുന്ന കാലത്ത് വരികളെ ഓർമ്മയിൽ സൂക്ഷിച്ചുവെക്കാൻ അന്താദിപ്രാസം സഹായിച്ചിരുന്നു.

- വരികളെ ഓർമ്മയിൽ സൂക്ഷിച്ചുവെക്കാൻ അന്താദിപ്രാസം സഹായിച്ചിരുന്നു

# രാമചരിതം
## കവി

'രാമചരിത'കർത്താവിനെക്കുറിച്ച് കൃതിയിൽ നിന്ന് ലഭിക്കുന്ന ഏക വിവരം 'ആതിതേവനിലമിഴ്ന്തമനക്കാമ്പുടയചീരാമൻ' എന്നു മാത്രമാണ്. ദേശത്തെക്കുറിച്ച് അറിവില്ല. അത് ഇന്നും തർക്കമാണ്. 'പോകിപോകചയന'ന്റെ ഭക്തനെന്ന് വ്യക്തം. ഈ ഭോഗിഭോഗശയനൻ തിരുവനന്തപുരത്തെ അനന്തപദ്മനാഭനാണോ അതോ കാസർകോഡ് കുമ്പളയ്ക്കടുത്തുള്ള പദ്മനാഭനാണോ എന്നതിലും തർക്കമാണ്. കോവുണ്ണി നെടുങ്ങാടിയാണ് 'രാമചരിത'കർത്താവിനെക്കുറിച്ച് ആദ്യം അഭിപ്രായം പറഞ്ഞത്. 'കൽപ്പിച്ചുണ്ടാക്കിയ കൃതിയാണ് രാമചരിതം' എന്ന് അദ്ദേഹം 'കേരളകൗമുദി'യിൽ രേഖപ്പെടുത്തി. അത്തരമൊരഭിപ്രായം പറയുമ്പോൾ തിരുവിതാംകൂർ രാജാവാണ് 'രാമചരിത'കാരൻ എന്ന് അദ്ദേഹം ബലമായി ശങ്കിച്ചു. കൊല്ലവർഷം 460 നും 505 നും ഇടയിൽ രാജ്യം ഭരിച്ചിരുന്ന ആദിത്യവർമ്മയാണ് 'രാമചരിത' കർത്താവെന്ന് ഗോവിന്ദപിള്ള രേഖപ്പെടുത്തുന്നു. ക്രിസ്തുവർഷം 1196 അടുത്ത് വീരരാമവർമ്മ എന്ന ഒരു രാജാവ് വേണാട് ഭരിച്ചിരുന്നുവെന്നും അദ്ദേഹം ഭടജനങ്ങളുടെ സമരാവേശം വർദ്ധിപ്പിക്കുന്നതിന് വേണ്ടി എഴുതിയ കൃതിയാണ് 'രാമചരിതം' എന്നും 'കേരള സാഹിത്യ ചരിത്ര'ത്തിൽ ഉള്ളൂർ വിവരിക്കുന്നു. 'രാമചരിതം' 164-ാം പടലത്തിലെ അവസാന പാട്ടിൽ കാണുന്ന 'ഇകലിൽ വെന്റിവിളയും' എന്ന കവിപ്രയോഗത്തെ അടിസ്ഥാനമാക്കിയാണ് ഉള്ളൂർ അപ്രകാരം പറഞ്ഞത്. ശ്രീരാമൻ എന്നത് ശിവരാമൻ എന്നതിന്റെ തത്ഭവമായി ആർ. നാരായണപ്പണിക്കർ കാണുന്നു. 'തപതീസംവരണ'കർത്താവായ ശിവരാമനാണ് ചീരാമനെന്ന് അദ്ദേഹം പറയുന്നു.

> ▶ 'രാമചരിത' കർത്താവാരെന്നതിൽ വ്യത്യസ്ത അഭിപ്രായങ്ങൾ

'രാമചരിത'ക്കാരൻ ഉത്തരകേരളീയനായ മണിയാണിനായരാണെന്ന് പി. വി. കൃഷ്ണൻനായർ അഭിപ്രായപ്പെടുന്നു. അദ്ദേഹം അതിന് ഉന്നയിക്കുന്ന തെളിവുകൾ ഇപ്രകാരമാണ്

1. 'രാമചരിത'ത്തിന്റെ താളിയോല പകർപ്പുകൾ അധികവും വടക്കേ മലബാറിൽ നിന്നാണ് കണ്ടുകിട്ടിയിട്ടുള്ളത്. ഒരു വട്ടെഴുത്ത് ഗ്രന്ഥമേ 'രാമചരിത'ത്തിന് ലഭിച്ചിട്ടുള്ളൂ അത് വടക്കേമലബാറിലെ നീലേശ്വരത്ത് നിന്നാണ്.

2. വടക്കേ മലബാറിലുള്ള ഹിന്ദുക്കൾ എഴുത്തച്ഛന്റെ കാലം വരെ 'രാമചരിതം' നിത്യപാരായണത്തിന് ഉപയോഗിച്ചിരുന്നതായി തെളിവുണ്ട്. വിശേഷദിവസങ്ങളിൽ മണിയാണി നായന്മാർ എന്നൊരു നായർ വിഭാഗം 'രാമചരിതം' വീടുകളിൽ വായിച്ചു പോന്നു. അവർ താളിയോലകളിൽ എഴുതി സൂക്ഷിച്ചിട്ടുള്ള രാമചരിത ഗ്രന്ഥങ്ങളെ മണിയാണി ഗ്രന്ഥങ്ങൾ എന്നും വിളിച്ചുവരുന്നു.

3. 'രാമചരിത'ത്തിന്റെ ആദ്യവും അവസാനവും കാണുന്ന 'പോകിപോകചയന' പ്രസ്താവം തിരുവനന്തപുരത്തുള്ള ശ്രീപത്മനാഭനെക്കുറിച്ച് ആകണമെന്നില്ല. വടക്കേ മലബാറിൽ കുമ്പളക്കടുത്ത് കോലത്തിരിയുടെ ഭരണാധിപത്യത്തിൽപ്പെട്ട ഒരു അനന്തശയന പ്രതിഷ്ഠയുണ്ട്. ആ ദേവനെക്കുറിച്ചും ആകാം.

SGOU

▶ ഉത്തര കേരളീയ ന്റെ കൃതിയാണ് രാമചരിതം എന്ന് സ്മർഥിക്കാൻ ശ്രമിക്കുന്നു

4. മലബാറിൽ എഴുതപ്പെട്ടിട്ടുള്ള 'ഉണ്ണിയച്ചിചരിത'ത്തിലെയും 'കൃഷ്ണഗാഥ'യിലെയും 'രാമായണം ചമ്പു'വിലെയും പല ഭാഗങ്ങളും 'രാമചരിത'ത്തിലെ ചില ഭാഗങ്ങൾക്ക് സമാനങ്ങൾ ആയി കാണുന്നു. എഴുത്തച്ഛൻ പോലും 'രാമചരിതം' നല്ലപോലെ പഠിച്ചിരുന്നതായി അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ തെളിയിക്കുന്നു.

ഡോ. നടുവട്ടം ഗോപാലകൃഷ്ണനും ഭാഷാശാസ്ത്ര വസ്തുതകളുടെ അടിസ്ഥാനത്തിൽ 'രാമചരിതം' ഉത്തരകേരളീയന്റെ കൃതിയാണെന്ന് തെളിയിക്കാൻ 'രാമചരിതവും പ്രാചീന ഭാഷാവിചാരവും' എന്ന ഗ്രന്ഥത്തിലൂടെ ശ്രമിക്കുന്നു. പല പണ്ഡിതന്മാരും അവരവരുടെ വാദങ്ങൾ തെളിയിക്കുന്നതിന് വേണ്ട യുക്തികളും ഭാഷാപരമായ തെളിവുകളും നിരത്തുന്നുണ്ട്. ഏവർക്കും സ്വീകാര്യമായ ഒരു അഭിപ്രായം ഇപ്പോഴും രാമചരിത കർത്താവിനെക്കുറിച്ച് ഉണ്ടായിട്ടില്ല. വസ്തുനിഷ്ഠമായ ഭാഷാപഠനങ്ങളുടെ അടിസ്ഥാനത്തിൽ ഇനിയും ഉചിതമായ പഠനങ്ങൾ നടക്കേണ്ടിയിരിക്കുന്നു. എന്നിരുന്നാലും രാമചരിതത്തിലെ ഭാഷാപ്രയോഗങ്ങളും മറ്റും തിരുവിതാംകൂറിലെ ഭാഷയോട് സവിശേഷമായ സമാനത പുലർത്തുന്നുണ്ട്.

▶ രാമചരിത കർത്താവിനെകുറിച്ച് ഏകാഭിപ്രായം ഉണ്ടായിട്ടില്ല

## കാലം

▶ 'രാമചരിത'കാലത്തെക്കുറിച്ചും ഏകീകൃതമായ ഒരഭിപ്രായം ഇല്ല

കവിയെക്കുറിച്ച് എന്നതുപോലെ തന്നെ 'രാമചരിത'കാലത്തെക്കുറിച്ചും ഏകീകൃതമായ ഒരഭിപ്രായം ഇല്ല. 'കമ്പരാമായണ'ത്തിന് ശേഷമാണ് 'രാമചരിതം' രചിക്കപ്പെട്ടതെന്ന് ഭൂരിപക്ഷം പേരും കരുതുന്നു. പോർട്ടുഗീസുകാരുടെ വരവിന് ശതാബ്ദങ്ങൾക്ക് മുമ്പ് രചിക്കപ്പെട്ടതാണ് 'രാമചരിതം' എന്നാണ് ഡോ. ഹെർമൻ ഗുണ്ടർട്ടിന്റെ അഭിപ്രായം.

കൊല്ലവർഷം 460 നും 505 നും ഇടയിൽ ഉണ്ടായ കൃതിയാണെന്ന് പി.ഗോവിന്ദപിള്ള അഭിപ്രായപ്പെടുന്നു. കരിന്തമിഴ് കാലത്തിന്റെ (കൊല്ലം ഒന്നു മുതൽ 500 വരെ) അവസാനകാലത്ത് ഉണ്ടായ കാവ്യമായിരിക്കാം എന്ന് എ. ആർ. രാജരാജവർമ്മ അനുമാനിക്കുന്നു. കൊല്ലവർഷം നാലാം നൂറ്റാണ്ട് ആണെന്ന് ഉള്ളൂർ വിലയിരുത്തുന്നു. കൊല്ലവർഷം നാലും ആറും നൂറ്റാണ്ടുകൾക്കിടയിൽ ഉണ്ടായതായിരിക്കാം എന്ന് പി. വി. കൃഷ്ണൻനായർ കരുതുന്നു. കൊല്ലവർഷം 500 ന് അടുത്താണെന്ന് ഇളംകുളം കുഞ്ഞൻപിള്ളയും വിചാരിക്കുന്നു. എ.ഡി. 12 – 13 നൂറ്റാണ്ടിൽ ഉണ്ടായ കൃതിയാണെന്ന് കെ. എം. ജോർജ്ജും രേഖപ്പെടുത്തുന്നു. ഏകദേശം കൊല്ലവർഷം ആറാം ശതകത്തിലാണ് ഇതിന്റെ ഉല്പത്തി എന്ന് ആറ്റൂർ കൃഷ്ണപിഷാരടി. ശ്രീരാമ ശബ്ദത്തെ പരൽ പേരിന്റെ അടിസ്ഥാനത്തിൽ വ്യാഖ്യാനിച്ച് 'രാമചരിത' കാലം കൊല്ലവർഷം 526 (എ ഡി 1351) ആണെന്ന് ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ അനുമാനിക്കുന്നു. 'രാമചരിത'ത്തിന്റെ സംശോധിത സംസ്കരണവും പഠനവും തയ്യാറാക്കിയ എം. എം. പുരുഷോത്തമൻ നായരുടെ നിഗമനത്തിൽ രാമചരിത കാലം AD 1350 നും 1400 നും ഇടയ്ക്കാണ്. വ്യത്യസ്ത കാലഘട്ടങ്ങളാണ് ഓരോ ഗവേഷകരും പണ്ഡിതന്മാരും രേഖപ്പെടുത്തിയിരിക്കുന്നത്. ചുരുക്കത്തിൽ എ. ഡി പന്ത്രണ്ടാം നൂറ്റാണ്ടിനും പതിനാലാം നൂറ്റാണ്ടിനും ഇടയിൽ ഉണ്ടായ കൃതിയാണ് രാമചരിതം എന്ന് പൊതുവേ അനുമാനിക്കാം.

▶ എ ഡി പന്ത്രണ്ടാം നൂറ്റാണ്ടിനും പതിനാലാം നൂറ്റാണ്ടിനും ഇടയിൽ ഉണ്ടായ കൃതി

SGOU

## രാമചരിതഭാഷ

പാട്ട് എന്ന പ്രസ്ഥാനവിശേഷത്തിൽ രൂപം കൊണ്ട 'രാമചരിത'ത്തിലെ ഭാഷയെക്കുറിച്ച് പണ്ഡിതന്മാർക്കിടയിൽ ഏകാഭിപ്രായമില്ല. ഭാഷാപണ്ഡിതന്മാർക്കിടയിലെ ഒരു പ്രശ്നമാണ് 'രാമചരിത'ത്തിലെ ഭാഷ. ഡോ. ഗുണ്ടർട്ട് മുതൽ ഡോ. കെ. എം. ജോർജ് വരെയുള്ള പണ്ഡിതന്മാർ പലരും 'രാമചരിത'ത്തിലെ ഭാഷയെക്കുറിച്ച് അവധാനപൂർവ്വം ഗവേഷണം നടത്തിയിട്ടുണ്ടെങ്കിലും വസ്തുനിഷ്ഠമായ ഒരു അഭിപ്രായത്തിലേക്ക് എത്തിച്ചേരാൻ സാധിച്ചിട്ടില്ല. പ്രാചീന മലയാളത്തിന് ഒരു ലക്ഷ്യമായി ഇന്നും 'രാമചരിതം' നിലനിൽക്കുന്നു. ഗുണ്ടർട്ടിന്റെ അഭിപ്രായം ശ്രദ്ധേയമാണ്. സംസ്കൃത അക്ഷരമാലയുടെ പ്രവേശത്തിനു മുമ്പ് രചിക്കപ്പെട്ട ഒരു കൃതിയാണ് ഇതെന്നും ഭാഷയുടെ പ്രാക്തനമായ രൂപത്തെയാണ് പ്രദർശിപ്പിക്കുന്നതെന്നും ഭാഷാപണ്ഡിതനായ ഗുണ്ടർട്ട് അഭിപ്രായപ്പെടുന്നു. കരിന്തമിഴ് കാലത്തുണ്ടായ 'രാമചരിതം' അന്നത്തെ കേരളഭാഷയുടെ സ്വഭാവം പ്രദർശിപ്പിക്കുന്നു എന്നാണ് കേരളപാണിനിയുടെ കണ്ടെത്തൽ. 'രാമചരിത'ത്തെ കേരള ഭാഷയിലെ കൃതിയായി അംഗീകരിക്കാൻ തയ്യാറാകാത്തവരാണ് ടി. എ. ഗോപിനാഥറാവുവും ശേഷയ്യരും. ഇവർ ആദ്യം തമിഴ് കാവ്യമാണ് 'രാമചരിതം' എന്ന് രേഖപ്പെടുത്തി. പിന്നീട്, 'തമിഴ്കാവിയമോ മലയാള കാവിയമോ എന്റു നിർണയിക്ക ഇയ ലാവത്' എന്നാണ് പറഞ്ഞത്.

> ▶ 'രാമചരിതം' അന്നത്തെ കേരള ഭാഷയുടെ സ്വഭാവം പ്രദർശിപ്പിക്കുന്നു എന്ന് കേരള പാണിനി

അക്കാലത്ത് തെക്കൻ കേരളത്തിൽ സാധാരണയായിരുന്ന ഭാഷയിൽ രചിക്കപ്പെട്ട കൃതിയാണ് 'രാമചരിതം' എന്നും 'ഇന്നത്തെ മലയാളികൾക്ക് അത് വായിച്ചാൽ മനസിലാകുകയില്ലെന്നും അതിലെ ഭാഷ ശുദ്ധമായ ഇലക്കണ രീതിയിൽ, ശുദ്ധമലയാളം ആകുന്നതിനുള്ള മാർഗത്തിലായി കാണുന്നുവെന്നുമാണ്' 'ഭാഷാചരിത്ര'കാരനായ പി. ഗോവിന്ദപ്പിള്ളയുടെ അഭിപ്രായം. 'പാണ്ഡ്യഭാഷാ സാരൂപ്യം ബാഹുല്യേന പാട്ടിതി കേരള ഭാഷായാംഭവതി' 'ലീലാതിലക'ത്തിന്റെ വൃത്തിയിൽ കാണുന്ന വരി മതിയാകും 'രാമചരിതം' ഒരു സാധാരണ കേരള ഭാഷാകാവ്യമാണെന്ന് തീർച്ചപ്പെടുത്തുവാൻ. അത് മിശ്രമോ കൃത്രിമമോ അല്ല. എന്ന് 'കേരള സാഹിത്യചരിത്ര'ത്തിൽ ഉള്ളൂർ രേഖപ്പെടുത്തുന്നു. ഇളംകുളം കുഞ്ഞൻപിള്ളയും ഏതാണ്ട് ഇതേ അഭിപ്രായക്കാരനാണ്. 'രാമചരിതം' ഒരു മിശ്രഭാഷാ കൃതിയാണെന്ന് വിശ്വസിക്കുന്നവരിൽ പ്രമുഖരാണ് ഡോ. കെ. എം. ജോർജും, കെ. ഗോദവർമ്മയും. തമിഴും മലയാളവും ബോധപൂർവ്വം കൂട്ടിക്കലർത്തിയ ഒരു മിശ്ര ഭാഷയിലാണ് 'രാമചരിതം' രചിച്ചതെന്ന് അവർ വാദിക്കുന്നു. രാമചരിതത്തിലെ ഭാഷ ഒരുതരം മിശ്രഭാഷയാണന്നത് നിസ്സംശയമായ ഒരു നിഗമനം ആണെന്ന് കാണാൻ കഴിയും. രാമചരിതത്തിലെ ഭാഷയിൽ തമിഴിന്റെയും മലയാളത്തിന്റെയും പദങ്ങൾ മാത്രമല്ല, വ്യാകരണ വ്യവസ്ഥകളും കലർത്തിയിരിക്കുന്നതായി കാണുന്നു. അതിനാൽ അതിനെ കൃത്രിമ മിശ്രഭാഷയായിട്ടാണ് ഗണിക്കേണ്ടത്.

> ▶ 'രാമചരിതം' ഒരു കൃത്രിമ മിശ്രഭാഷാ കൃതിയാണ്

'രാമചരിത'ത്തിലെ ഭാഷയിൽ ഒരു കൃത്രിമത്വം പ്രകടമാകുന്നുണ്ട്. ഇതര ഭാഷയിൽ നിന്ന് രൂപഭേദമെന്യേ കൈക്കൊണ്ടവയാണ് തൽസമങ്ങൾ. കൈവശമുള്ള അക്ഷരങ്ങളെ കൊണ്ട് എഴുതി കാണിക്കാൻ പാകത്തിൽ പല ശബ്ദങ്ങളും ഒരു മാറ്റത്തിന് വിധേയമാക്കിയിട്ടുണ്ട്.

> ▶ സാമാന്യ ജനങ്ങളുടെ വരമൊഴിയുടെ സാഹിത്യരൂപമാണ് 'രാമചരിത'ത്തിൽ കാണുന്നത്

'രാമചരിത'ത്തിലെ ദ്രാവിഡ ഭാഷാപദങ്ങളുടെ ധാരാളിത്തം മൂലം അതിനെ ഒരു തമിഴ് കൃതിയായി ഗണിക്കണമെന്ന് പ്രസ്താവിച്ചവരും ഉണ്ട്. രാമചരിതത്തെക്കുറിച്ച് പഠനം നടത്തിയ ഡോ. എൻ. ആർ. ഗോപിനാഥപിള്ളയുടെ അഭിപ്രായത്തിൽ 'പാമരജനവർത്തിനി' എന്ന് 'ലീലാതിലക'കാരൻ വിശേഷിപ്പിക്കുന്ന സാമാന്യജനങ്ങളുടെ അപകൃഷ്ടഭാഷയിലെ സാഹിത്യരൂപമാണ് 'രാമചരിത'ത്തിൽ കാണുന്നത്. ഇതിൽ നിന്നൊക്കെ, പതിനാലാം നൂറ്റാണ്ടു വരെ അവ്യവസ്ഥിതത്വം നിലനിന്നിരുന്ന മലയാള ഭാഷയിൽ സാധാരണക്കാരുടെ സംസാരഭാഷയിൽ നിന്ന് വളരെയൊന്നും വ്യത്യസ്തമല്ലാത്ത വരമൊഴിയെ അവലംബമാക്കി വിരചിതമായ കൃതിയാണ് 'രാമചരിതം' എന്ന് കരുതാം.

> ▶ സംസ്കൃതത്തിന്റെ സ്വാധീനം സ്പഷ്ടമായി ദർശിക്കാവുന്നതാണ്

'രാമചരിതം' ദ്രാവിഡത്തനിമയുള്ള പാട്ട് പ്രസ്ഥാനത്തിലെ കൃതിയാണെങ്കിലും സംസ്കൃതത്തിന്റെ സ്വാധീനം സ്പഷ്ടമായി ദർശിക്കാവുന്നതാണ്. കേകിനാം, വാചാ, കാനനേ തുടങ്ങിയ വിഭക്ത്യന്ത സംസ്കൃതപദങ്ങളും, 'മലർ വില്ലിയെയനങ്കനെ, മാഴനീൾ മിഴിയെ മൈതിലിയെ' തുടങ്ങിയ സംസ്കൃത വിശേഷണവിശേഷ്യപ്പൊരുത്തമുള്ള പദങ്ങളും 'രാമചരിത'ത്തിലുണ്ട്. പാട്ട് പ്രസ്ഥാനത്തിന് സമാന്തരമായി ഉണ്ടായിരുന്ന മണിപ്രവാള രീതിയിൽ എഴുതിയിട്ടുള്ള കൃതികളിൽ കാണുന്ന പദങ്ങളും 'രാമചരിത'ത്തിലുണ്ട്. ഉത്തമ മണിപ്രവാളത്തിന് ലക്ഷ്യമായി 'ലീലാതിലക'കാരൻ കൊടുത്തിരിക്കുന്ന സംസ്കൃത പദങ്ങളുടെ എണ്ണവും രാമചരിതത്തിലെ ഒന്നാം പടലത്തിലെ ഒന്നാമത്തെ പാട്ടിലെ സംസ്കൃത പദങ്ങളുടെ എണ്ണവും പരിശോധിച്ചാൽ അവ തുല്യമാണെന്ന് കാണാൻ സാധിക്കും. ഇതിൽനിന്നും ദ്രമിഡസംഘാതാക്ഷരത്തിന്റെ കാര്യത്തിൽ മാത്രമേ 'രാമചരിതം' മണിപ്രവാളത്തിൽ നിന്ന് വേറിട്ട് നിൽക്കുന്നുള്ളൂവെന്ന് മനസിലാകും. അതിനാൽ 'ദ്രമിഡസംഘാതാക്ഷര നിബദ്ധം ഭാഷാ സംസ്കൃതയോഗം പാട്ട് എന്ന് നിർവചിക്കപ്പെടാവുന്ന രീതിയിലാണ് 'രാമചരിത'ത്തിന്റെ രചന' എന്ന തിരുനല്ലൂർ കരുണാകരന്റെ നിരീക്ഷണവും ശ്രദ്ധേയമാണ്.

> ▶ പ്രധാന സവിശേഷത രാമചരിതത്തിലെ ഭാഷയുടെ അവ്യവസ്ഥിതത്വമാണ്

'രാമചരിത'ത്തിലെ ഭാഷയുടെ ഒരു പ്രധാന സവിശേഷത അതിലെ അവ്യവസ്ഥിതത്വമാണ്. അനുനാസികാതിപ്രസരം വന്ന രൂപങ്ങളും വരാത്ത രൂപങ്ങളും ഒരു പാട്ടിൽ തന്നെ കാണാം. 'ന്റ' ചേർന്നു വരുന്ന അനേകം രൂപങ്ങൾ 'രാമചരിത'ത്തിലുണ്ട്. ന്ത, ന്ന, ന്റ എന്നീ രൂപങ്ങളും ഐ കാര അകാര രൂപങ്ങളും പലഗ്രന്ഥത്തിലും പല രൂപത്തിലാണ് കാണുന്നത്. ഗ്രന്ഥങ്ങൾ പകർത്തി എഴുതുമ്പോൾ വന്ന മാറ്റവും ആകാം. പുരുഷഭേദനിരാസം വന്ന രൂപങ്ങളും വരാത്ത രൂപങ്ങളും ധാരാളം ഉണ്ട്. ഏതു പ്രത്യയം ചേർത്താലും അർഥത്തിന്റെ ഗതിയനുസരിച്ചുള്ള വിഭക്തി ആ പ്രത്യയം കുറിക്കും എന്ന 'തൊൽകാപ്പിയ' നിയമം 'രാമചരിത'കാരനും പാലിക്കുന്നുണ്ട്.

# വിശദപഠനം

## രാമചരിതം

## പടലം ഒന്ന്

### പാട്ട് 1

'കാനനങ്കളിലരൻ കളിറുമായ് കരിണിയായ്
കാർനെടുങ്കണ്ണുമ തമ്മിൽ വിളയാടി നടന്റ-

..........................................................................

ന്തൂനമറ്ററിവെനക്കു വന്തുതിക്കും വണ്ണമേ

ഊഴിയേഴിലും നിറൈന്ത മറൈഞാനപൊരുളേ!'

**അർഥവിശദീകരണം**

| | | |
|---|---|---|
| അരൻ | = | ഹരൻ, ശിവൻ |
| കളിറ് | = | കൊമ്പനാന |
| കാനനങ്കൾ | = | കാനനങ്ങൾ |
| നാളതാർ | = | താമര |
| നിറൈന്ത | = | നിറഞ്ഞ |
| മറഞാനെപ്പാരുൾ | = | വേദസാരം |
| മാനതം | = | മാനസം |
| വിനായകൻ | = | ഗണപതി |

**ആശയവിശദീകരണം**

വിഘ്നേശ്വര സ്തുതിയോടെയാണ് രാമചരിതത്തിലെ ഒന്നാം പടലം ആരംഭിക്കുന്നത്. പ്രാചീന പാട്ട്, മണിപ്രവാളം തുടങ്ങിയ സാഹിത്യവിഭാഗങ്ങളിലെ കൃതികൾ എല്ലാം ദേവതാ സ്തുതികളോടെയാണ് ആരംഭിക്കുന്നത്. 'രാമചരിത'വും അതിൽ നിന്ന് വ്യത്യസ്തമല്ല. ഗണപതിയുടെ ഉല്പത്തി ചരിത്രം വ്യക്തമാക്കി കൊണ്ടാണ് സ്തുതി തുടങ്ങുന്നത്. ശിവൻ കൊമ്പനാനയായും പാർവതി പിടിയാനയായും കാനനങ്ങളിൽ കേളി നടത്തിക്കഴിഞ്ഞിരുന്ന കാലത്ത്, അഴകുള്ള ആനയുടെ രൂപത്തിൽ അവതരിച്ച ആദിപുരുഷനേ, നല്ല വിനായകൻ എന്ന പരിശുദ്ധനേ, ഏഴ് ലോകവും നിറഞ്ഞ വേദപൊരുളേ, ഞാനിപ്പോൾ ഒരു കാര്യത്തിന് തുടങ്ങുന്നു. അതിനായി കുറ്റമറ്റ അറിവ് എനിക്ക് ഉണ്ടാകാത്തക്കവണ്ണം എന്റെ മനസ്സാകുന്ന താമരപ്പൂവിൽ നിരന്തരം ഇരുന്നരുളേണമേ.

▶ ഗണപതി സ്തുതി

**പാട്ട് – 2**

'ഞാനമെങ്കൽ വിളയിച്ചു തെളിയിച്ചിനിയ ചൊൽ-

നായികേ, പരവൈയിൽതിരൈകൾ നേരുടനുടൻ

..........................................................................

ഞാനുടക്കിനതിനേണനയനേ, നടമിടെൻ

നാവിലിച്ചയൊടു വൈത്തടിയിണൈക്കമലതാർ'

**അർഥവിശദീകരണം**

| | | |
|---|---|---|
| ഇനിയ | = | മധുരമുള്ള |
| പരവയിൽ | = | സമുദ്രത്തിൽ |
| നടവിടു | = | നൃത്ത |
| ഏണനയന | = | സുന്ദരി |

SGOU

## ആശയവിശദീകരണം

അടുത്ത പാട്ട് സരസ്വതി വന്ദനമാണ്. സരസ്വതി വന്ദനത്തോടൊപ്പം തന്റെ കാവ്യത്തെക്കുറിച്ചും കാവ്യലക്ഷ്യത്തെക്കുറിച്ചും വ്യക്തമാക്കുന്ന പാട്ടാണിത്. മധുരതരമായ ശബ്ദങ്ങളുടെ നായികയായിട്ടുള്ള 'ഏണ നയനേ', എന്നിൽ അറിവ് വിളയിച്ച് പ്രകാശിപ്പിച്ചാലും. ഊനമറ്റ 'രാമചരിത'ത്തിലെ ഒരു ഭാഗം (യുദ്ധകാണ്ഡമാണ് പ്രതിപാദ്യം) ഭൂമിയിലെ സാധാരണക്കാർക്ക് അറിയുന്നതിന് വേണ്ടി ഞാൻ പറയാൻ തുടങ്ങുന്നു. അതിലേക്കായി സമുദ്രത്തിൽ തിരമാലകൾ പോലെ തേനോലുന്ന പദങ്ങൾ എന്റെ മനസിൽ തോന്നത്തക്ക വിധത്തിൽ, എന്റെ നാവിൽ രണ്ടു കാലും വെച്ച് നൃത്തം ചെയ്താലും. (ഊനമറ്റെഴുമിരാമചരിതത്തിലൊരുതെല്ല് - മാത്രമേ പറയുന്നുള്ളൂ എന്നതിൽ നിന്ന് രാമായണത്തിലെ ഒരു ഭാഗം - യുദ്ധകാണ്ഡം- മാത്രമേ രാമചരിതകാരൻ കവിതയ്ക്ക് വിഷയമാക്കുന്നുള്ളൂ എന്ന് മനസിലാക്കാം).

- സരസ്വതി വന്ദനത്തോടൊപ്പം തന്റെ കാവ്യലക്ഷ്യത്തെക്കുറിച്ചും വ്യക്തമാക്കുന്നു

വാരിധിതന്നിൽ തിരമാലകളെന്നപോലെ
ഭാരതീപദാവലി തോന്നണം കാലേ കാലേ

നാണമെന്നിയേമുദാനാവിന്മേൽ നടനം ചെയ്-
കേണാങ്കനനേ യഥാകാനനേദിഗംബരൻ

എഴുത്തച്ഛന്റെ ആധ്യാത്മ രാമായണത്തിലെ ഈ വരികൾ ഈ പാട്ടുമായി സമാനത പുലർത്തുന്നത് ശ്രദ്ധിക്കാം

## പാട്ട് - 3

'താരിണങ്കിന തൈക്കുഴൽ മലർത്തയ്യൽ മുലൈ-
ത്താവളത്തിലിളകൊള്ളുമരവിന്തനയനാ,
........................................................................
പോരിൽ നീ മുന്നം മുടിത്തമയെടുത്തു പുകഴ്വാൻ
പോകിപോകചയനാ, കവിയെനക്കരുൾചെയ്യേ'

## അർഥവിശദീകരണം

| | | |
|---|---|---|
| ഇണങ്കിന | = | ഇണങ്ങിയ, ചേർന്ന |
| താരണങ്കിന | = | പൂക്കൾചൂടിയ |
| തൈക്കുഴൽ | = | ഇടതൂർന്നമുടി |
| മുലൈത്താവളം | = | മാറിടം |
| ഇളകൊള്ളും | = | വിശ്രമിക്കുന്ന |
| ആരണങ്കൾ | = | വേദങ്ങൾ |
| പരമയോകികൾ | = | മഹാമുനികൾ |
| അറിവാനരിയ | = | അറിയാൻ പ്രയാസമുള്ള |
| മുന്നം | = | പണ്ട് |
| മുടിത്തമ | = | വധിച്ചത് |
| പോകിപോക ചയനാ | = | പാമ്പിനുമേൽ ശയിക്കുന്നവനേ |

▶ മഹാവിഷ്ണു സ്തുതി

### ആശയവിശദീകരണം

സുന്ദരിയായ ലക്ഷ്മിദേവിയുടെ മുലത്തടങ്ങളിൽ വിശ്രമം കൊള്ളുന്ന അരവിന്ദനയനാ, വേദങ്ങളിലെങ്ങും പരമയോഗികൾ ഏറെ ബുദ്ധിമുട്ടി അന്വേഷിച്ചാലും അറിയുവാൻ പ്രയാസമേറിയ ജ്ഞാനസ്വരൂപമേ, മഴ വന്ന നേരം മാമല എടുത്തു തടയുന്ന മായനേ, (ഗോവർദ്ധനോദ്ധാരണം) അല്ലയോ അനന്തന്റെ ശരീരത്തിൽ ശയിക്കുന്നവനേ, രാജാവായി (ശ്രീരാമാവതാരത്തിൽ) രാക്ഷസാധിപനായ രാവണനെ യുദ്ധത്തിൽ നശിപ്പിച്ച കഥ പ്രത്യേകം എടുത്തു പുകഴ്ത്തുന്നതിന് വേണ്ടി കവിത്വശക്തി എനിക്ക് നൽകിയാലും.

### പാട്ട് - 4

‘അരുവൈ പാതിയുരുവായ പരനേ, ചരണതാ-
രകക്കുരുന്തുകൊടു തന്തതം നിനൈന്തുകൊൾവവ-
..............................................................................
അരചനാകി മതുചൂതനനിരാവണനെ വെ-
ൻറമയെനക്കു പുകഴ്വാൻ വഴി വരം തന്നരുളേ’

### അർഥവിശദീകരണം

| | | |
|---|---|---|
| അരുവൈ | = | സുന്ദരി, |
| അരുവൈപാതി ഉരുവായ പരൻ | = | അർദ്ധനാരീശ്വരൻ, ശിവൻ |
| തുയിര് | = | ദു:ഖം |
| വൻപിറവിയാംതുയിര് | = | ജന്മദുഃഖം |
| വിചയൻ | = | വിജയൻ |
| ചിവൻ | = | ശിവൻ |
| പരനേ | = | ശ്രേഷ്ഠനേ |
| തന്തതം | = | സന്തതം |
| അരചനാകി | = | രാജാവായി |
| പുകഴ്വാൻ | = | വർണിക്കാൻ |

▶ ഈ പാട്ട് ശിവ സ്തുതിയാണ്

### ആശയവിശദീകരണം

അർദ്ധനാരീശ്വരനായ ദേവനേ, പദമലരുകളെ മനസ്സുകൊണ്ട് നിരന്തരം ചിന്തിക്കുന്നവർക്ക് സംസാരമാകുന്ന വലിയ ദുഃഖം ഇല്ലാതാക്കി കൊടുക്കുന്ന അസുരാന്തകനേ, അർജുനൻ വിൽത്തടി കൊണ്ട് ശരീരം തകരുന്ന തരത്തിൽ അലഞ്ഞപ്പോൾ ഏറ്റവും സന്തോഷത്തോടെ അവന്റെ ആഗ്രഹങ്ങളെല്ലാം സാധിച്ചു കൊടുത്ത ശിവനേ (കിരാതാർജ്ജുനീയം കഥ) മധുസൂദനൻ (മഹാവിഷ്ണു) രാജാവായി പിറന്നു രാവണനെ വിജയിച്ചത് പുകഴ്ത്തുന്നതിന് വേണ്ടി എനിക്ക് വരം തന്നാലും.

### പാട്ട് - 5

‘വഴിയെനക്കു പിഴയാതവണ്ണമുറ്റരുൾചെയ്യെൻ
മനകുരുന്തിലിളകാണ്ടു പുനൽകാണ്ടു വടിവാ-

.............................................................................

ട്ടഴിവുപെട്ട മലർവില്ലിയെയനങ്കനെ-

യവ്വളവു തോറ്റിന പെരുപ്പമുള്ള വെപ്പിൻമകേള!'

| | | |
|---|---|---|
| അരുൾ | = | ദയവ് |
| പുനൽ | = | വെള്ളം |
| നുതൽ | = | നെറ്റി |
| അരനുതൽക്കണ്ണ് | = | ശിവന്റെ ഫാലനേത്രം |
| വെർപ്പ് | = | മല |
| അഴിവ് | = | നാശം |

## ആശയവിശദീകരണം

നീണ്ട് ഇരുണ്ട് മനോഹരമായ മേഘം തോൽക്കുന്ന വിധമുള്ള അഴകേറിയ മുടിയുള്ളവളേ, ചന്ദ്രക്കലയ്ക്ക് ദുഃഖം ഉണ്ടാവുന്ന തരത്തിൽ മനോഹരമായ നെറ്റിത്തടം ഉള്ളവളേ, ചുറ്റും നിന്ന് എല്ലാ ലോകരും വണങ്ങുന്ന പാദങ്ങളോട് കൂടിയവളേ, പുലിത്തോൽ ധരിക്കുന്ന ശിവന്റെ തൃക്കണ്ണിൽപ്പെട്ട് നശിച്ച പൂവമ്പനായ കാമദേവനെ അതുപോലെതന്നെ ജനിപ്പിച്ച മഹത്വം ഉള്ള മലമകളേ, (കാമദഹനവും ശാപമോക്ഷവും) എന്റെ മനസിൽ വസിച്ച് വഴി തെറ്റാതിരിക്കാൻ എനിക്ക് അനുഗ്രഹം തന്നാലും.

> ▶ പാർവതി സ്തുതി

## പാട്ട് - 6

'മകരകേതനനുടെ ചെനകനായർമകനായ്

വളരുമെങ്കൾ മറിമായൻ മണിമാർവിലിളകൊ

.........................................................................

പുകഴുമെന്നെയിന്നു നോക്കിയരുൾവാക്കുടയ വേൽ-

പൊരുതു ചേലിടഞ്ഞിഴന്റിന കടക്കൺ മുനയാൽ'

## അർഥവിശദീകരണം

| | | |
|---|---|---|
| മകരകേതനുടെ | = | കാമദേവന്റെ |
| ചെനകൻ | = | ജനകൻ |
| ആയർ മകനായ് | = | ഇടയബാലനായ് |
| ചെകങ്കേളഴും | = | ജഗങ്ങേളഴും |
| ചിരങ്ങൾ | = | ശിരസ്സുകൾ |
| പയോതിതനയ | = | പാലാഴി മങ്ക |
| ചേൽ | = | ഒരുതരം മത്സ്യം |
| വേൽ പൊരുതു | = | വേലിനെ തോൽപ്പിക്കുന്ന |
| ചേലിടഞ്ഞിഴന്റിന | = | സൗന്ദര്യം നിറഞ്ഞ |

## ആശയവിശദീകരണം

**ലക്ഷ്മീ ദേവി സ്തുതി**

കാമദേവന്റെ പിതാവും (ശ്രീകൃഷ്ണന്റെയും രുഗ്മിണിയുടെയും പുത്രനായ പ്രദ്യുമ്നൻ, ശിവന്റെ തൃക്കണ്ണിലെരിഞ്ഞു ഭസ്മമായ കാമ

> ▶ എല്ലാ ലോകങ്ങളിലും നിറഞ്ഞുനിൽക്കുന്ന സുന്ദരിയും പാലാഴിമാതുമായ ദേവി

ദേവന്റെ പുനർജന്മമാണ്) ഇടയകുലത്തിൽ ജനിച്ചുവളർന്ന എന്റെ മറിമായെന്റെ മനോഹരമായ മാറിൽ വിശ്രമിച്ച്, എല്ലാ ലോകങ്ങളിലും നിറഞ്ഞുനിൽക്കുന്ന സുന്ദരിയും പാലാഴിമാതുമായ ദേവീ, ഏഴ് ലോകവും നശിപ്പിക്കുന്ന രാക്ഷസരാജന്റെ ശിരസ്സുകൾ പത്തും അറുത്ത മനുവീരന്റെ ചരിത്രം പുകഴ്ത്തുന്ന എന്നെ, വേലിനോട് പൊരുതുന്ന ഭംഗിയുള്ള കണ്ണോടുകൂടി കരിമീനിനെ തോൽപ്പിക്കുന്നതുമായ കടക്കൺമുനയാൽ അനുഗ്രഹിച്ചാലും.

## പാട്ട് - 7

'ഇടൈന്ത ദാനവരൈ വേരറ മുടിക്കുമടലിൽ വൻ-
പിലകുമിന്തിരനുമങ്കി നമനും നിരുതിയും
.........................................................................
കൊടിയ പൈരവിയും ആനനങ്ങളാറുള്ളവനും
കുതുമവാണനുമെനക്കു തുണയാകയിതിനേ'

## അർഥവിശദീകരണം

| | | |
|---|---|---|
| ദാനവർ | = | അസുരന്മാർ |
| അടൽ | = | യുദ്ധം |
| വയ്യോൻ | = | സൂര്യൻ |
| ഉരകാതിപതി | = | സർപ്പ രാജാവ് |
| മയിടനാചിനി | = | മഹിഷനാശിനി |
| താനവർ | = | ദാനവർ |
| വേരറ മുടിക്കും | = | വേരോടെ നശിപ്പിക്കുന്ന |
| അടലിൽ വൻപിലകും | = | യുദ്ധസാമർഥ്യമുള്ള |
| അങ്കി | = | അഗ്നി |
| നമൻ | = | യമൻ |
| കുടിലവാരി | = | സമുദ്രം |
| വെയ്യോൻ | = | സൂര്യൻ |
| മയിടനാചിനി | = | മഹിഷാസുരമർദ്ദിനി |
| ആനനങ്ങളാരുള്ളവൻ | = | ആറുമുഖൻ, മുരുകൻ |

## ആശയവിശദീകരണം

> ▶ എല്ലാ ദേവതകളുടെയും തുണ അഭ്യർത്ഥിക്കുന്നു

ശത്രുക്കളായ അസുരന്മാരെ നിശേഷം നശിപ്പിക്കുന്ന യുദ്ധത്തിൽ കരുത്തനായ ഇന്ദ്രനും അഗ്നിയും വരുണനും വായുവും കുബേരനും ഈശാനനും ചന്ദ്രനും സൂര്യനും സർപ്പശ്രേഷ്ഠനും സുന്ദരിയായ ഭൂമിദേവിയും ബ്രഹ്മാവും ദേവന്മാരും മുക്കണ്ണന്റെ അഗ്നിക്കണ്ണിലുണ്ടായ ഭയങ്കരിയായ ഭൈരവിയും ആറുമുഖനും കാമദേവനും എനിക്ക് തുണയാകട്ടെ.

## പാട്ട് - 8

'തുണയെനക്കിതിനു മിക്കവരു, മുൾക്കനമേറ -
ച്ചുരുങ്കിനോരകുതിയെൻററിഞ്ഞു നല്ലവരെല്ലാം,
.........................................................................
മണിവർണൻ മനുചനായ്പ്പൊരുത പോർക്കൊടുമതൻ
വഴിയുരൈപ്പതിനു കോലിനതെൻ മേതകൊടു ഞാൻ'

### അർഥവിശദീകരണം

| | | |
|---|---|---|
| ചുരുങ്കി | = | ചുരുങ്ങി |
| അകുതി | = | അഗതി |
| നൊയ്യവർകൾ | = | നിസ്സാരന്മാർ, ദുർബ്ബലർ |
| കോലിനത് | = | ആരംഭിക്കുന്നു |
| അറ | = | തീരെ |
| പകയർ | = | ശത്രുക്കൾ |
| എനെത്തളിഞ്ഞ് | = | എന്നു സമാധാനിച്ച് |
| മേതകൊട് | = | ബുദ്ധികൊണ്ട് |

### ആശയവിശദീകരണം

▶ പണ്ട് മണിവർണ്ണൻ മനുഷ്യനായി അവതരിച്ച്, രാക്ഷസൻമാരോട് യുദ്ധം ചെയ്ത കഥ

എല്ലാവരുടെയും സഹായവും അനുഗ്രഹവും അപേക്ഷിക്കുകയും വിനയം പ്രകടിപ്പിക്കുകയും ചെയ്യുന്ന പാട്ട്. രാമചരിതം എഴുതുന്നതിന് മിക്കവരും എനിക്ക് സഹായമായിട്ടുണ്ട്. പാണ്ഡിത്യം ഏറെയില്ലാത്ത അഗതി എന്ന് കരുതി നല്ലവരും ഇവനെ കൊണ്ട് ഇതിനു സാധിക്കുകയില്ല എന്ന് കരുതി നിസ്സാരന്മാരും എന്നെ തുണക്കും. എന്നോട് തുല്യതയുള്ളവർ എന്നോട് എതിരാളികൾ ആവാൻ മടിക്കും. ഇടയ്ക്കിടെ പിഴ സംഭവിച്ചാലും പിണങ്ങുന്നവരാരും ഇല്ല എന്ന് കരുതി മനസ്സ് തെളിഞ്ഞ്, പണ്ട് മണിവർണ്ണൻ മനുഷ്യനായി അവതരിച്ച്, രാക്ഷസൻമാരോട് ചെയ്ത യുദ്ധത്തിന്റെ കഥ എന്റെ ബുദ്ധിയാൽ വർണിക്കുന്നതിന് ഞാൻ തുടങ്ങുന്നു.

### പാട്ട് – 9

'മേത നൽകുക കവീന്തിരരിൽ മുമ്പുടയ വാ-
ല്മീകിയും പിന്നെ വിയാതനുമെനക്കതികമായ്
.........................................................................
ത്താതികാലമുള്ളരുന്തൊഴിൽകൾ ചെയ്തവ കഴി-
ഞ്ഞാഴിമാനിനിയെ മീണ്ടവഴി കൂറുവതിനായ്'

### അർഥവിശദീകരണം

| | | |
|---|---|---|
| മേത | = | മേധ, ബുദ്ധി |
| തുയിൽ | = | ഉറക്കം |
| അണ്ണൽ | = | ഈശ്വരൻ |
| അരുന്തൊഴിൽകൾ | = | അസാധാരണപ്രവൃത്തികൾ |
| ആഴിമാനിനി | = | ലക്ഷ്മീദേവി |
| വിയാതൻ | = | വ്യാസൻ |
| വകവൈക | = | കൂട്ടമായി |
| വേരിതിഴ്ക്കിന | = | തേൻ നിറഞ്ഞ |
| ഓതയിൽ | = | സമുദ്രത്തിൽ |

### ആശയവിശദീകരണം

> ▶ സീതയെ വീണ്ടെടുത്ത വിധം പറയുന്നതിന് അനുഗ്രഹിക്കുക

രാമചരിതകാരൻ പൂർവസൂരികളായ കവികളെ സ്മരിക്കുന്നു. കവിശ്രേഷ്ഠരിൽ മുമ്പനായ വാല്മീകിയും വ്യാസനും വേദവിത്തായ അഗസ്ത്യനും ഓരോ വാക്കിലും തേൻ കിനിയുന്ന തമിഴ് കവിത രചിച്ച മുനിയും ദേവന്മാർ പുകഴ്ത്തിയപ്പോൾ, ആഴിയിൽ നിദ്ര ചെയ്യുന്ന ദേവൻ ഭൂമിയിൽ ദശരഥപുത്രനായി അവതരിച്ച് ആദ്യകാലത്ത് ചെയ്ത അരുംതൊഴിലുകൾ കഴിഞ്ഞ് (വീരപ്രവൃത്തികൾ) ആഴിമാതിനെ (സീതയെ)വീണ്ടെടുത്ത വിധം പറയുന്നതിന് എനിക്ക് ബുദ്ധിശക്തി നൽകി അനുഗ്രഹിക്കുക.

### പാട്ട് - 10

'ആഴിമാതിനെ നിചാചരവരൻ കവർന്നുകൊ-
ണ്ടാടിമാതങ്കൾ വരും മുന്നം മറന്തവഴിയേ
..........................................................................
മ്മാഴനീൾമിഴിയെ മൈതിലിയെ നേടിയൊരിരാ-
മാൽ പുനന്തമയുരൈപ്പതിനരിപ്പമെങ്ങളാൽ'

### അർഥവിശദീകരണം

| | | |
|---|---|---|
| ആടിമാസം | = | കർക്കിടകമാസം, വർഷകാലം |
| നാടുക | = | അന്വേഷിക്കുക |
| തിയ | = | ദിശ |
| വിനവിന്റളവ് | = | ചെന്ന് അന്വേഷിക്കുന്ന സന്ദർഭത്തിൽ |
| മാഴനീൾമിഴി | = | അഴകുള്ള കണ്ണോടുകൂടിയവൾ |
| പുനന്തമ | = | ധരിച്ച |
| അരിപ്പം | = | പ്രയാസം |
| ഊഴിമീതു | = | ഭൂമിയിൽ |
| ഉറവയ് | = | സഖ്യം |
| അരികൾ | = | വാനരൻമാർ |
| വിനവിന്റളവിൽ | = | അന്വേഷിച്ച സമയത്ത് |
| മാൽ | = | ദുഃഖം |

### ആശയവിശദീകരണം

> ▶ സുഗ്രീവൻ വാനരന്മാരോട് സീതയെക്കുറിച്ച് അന്വേഷിച്ചറിയുന്നതിന് നിർദ്ദേശിച്ചു

സീതയെ രാവണൻ കവർന്നുകൊണ്ട് വർഷകാലം വരുന്നതിനു മുമ്പേ മറഞ്ഞപ്പോൾ, ശ്രീരാമൻ ഭൂമിയിലൂടെ നടന്ന ആ കാലത്ത് സുഗ്രീവൻ വളരെ സ്നേഹത്തോടുകൂടി വാനരന്മാരോട്, ഓടിനടന്ന് സീതയെക്കുറിച്ച് അന്വേഷിച്ചറിയുന്നതിന് നിർദ്ദേശിച്ചു. അതനുസരിച്ച് വാനരൻമാർ നാലുദിക്കിലും പാതാളത്തിലും സ്വർഗത്തിലും അന്വേഷിക്കുമ്പോൾ ഹനുമാൻ കുറവില്ലാത്ത ബുദ്ധിയോടുകൂടി സമുദ്രം കടന്നു സുന്ദരിയായ മൈഥിലിയെ കണ്ടെത്തിയ ആ രാത്രി അനുഭവിച്ച ദുഃഖം വർണിക്കാൻ എനിക്ക് പ്രയാസമാണ്.

### പാട്ട് – 11

‘മാൽ പുനൈന്തവനറിന്തണൈന്തങ്കുലീയവും
മാലവാർകുഴലിലെഴും മണികൈക്കൊള്ളും മുന്നേ
.................................................................................
ന്മാൽ പൊരുന്തും മൊഴിയാൽ മൊഴിന്തനൻ തൊഴുതെല്ലാം
പാർമന്നൻ തന്നൊടു മൈതിലിയുടേ ചരിതമേ’

### അർഥവിശദീകരണം

| | | |
|---|---|---|
| മാലവാർകുഴൽ | = | ഇരുണ്ടു മനോഹരമായ മുടി |
| തീരം എയ്തി | = | തീരം പ്രാപിച്ചു |
| ഇനിയ | = | മധുരമുള്ള |
| പാർമന്നൻ | = | രാജാവ് |
| മേതിൽ | = | ഭൂമിയിൽ |
| ചേൽ പൊരുന്തും | = | സുന്ദരനായ |
| അരിവീരൻ | = | വാനരവീരൻ |

### ആശയവിശദീകരണം

▶ ഹനുമാൻ ദൗത്യ നിർവഹണകാര്യങ്ങൾ ശ്രീരാമനോട് വിവരിക്കുന്നു

ദുഃഖിതനായ ഹനുമാൻ സീതയിരിക്കുന്ന ഇടം അറിഞ്ഞ് അടുത്തു ചെന്ന് സീതയുടെ മുടിയിലണിഞ്ഞിരുന്ന ചൂഡാമണി സ്വീകരിക്കുന്നതിനു മുൻപേ സീതാദേവിക്ക് അംഗുലീയം നൽകി. അപ്പോൾത്തന്നെ ഭൂമിയിൽ വീണ് നമസ്കരിച്ച് യാത്രയും ചൊല്ലി. സ്വഭാവഗുണവാനായ കപിവീരൻ സമുദ്രം കടന്ന് അക്കരെ എത്തിച്ചേർന്നു. നന്മയുള്ള വാനരന്മാരാൽ ചുറ്റപ്പെട്ടു മാധുര്യമാർന്ന പൈമ്പാൽ മൊഴിയാൽ ശ്രീരാമനോട് സീതയുടെ വൃത്താന്തം എല്ലാം തൊഴുത് പറഞ്ഞു.

## പടലം രണ്ട്

### പാട്ട് – 1

‘മൈതിലിതന്നുടെ ചരിതമെല്ലാം വാനരവീരനുരൈക്കക്കേട്ടു
.......................................................................................................
വീരൻ കവി കുലത്തരചർക്കുമരചൻ ചൊന്നാൻ’

### അർഥവിശദീകരണം

| | | |
|---|---|---|
| പേപ്പടിൻറ | = | വിഷമിച്ചിരിക്കുന്ന |
| നിനന്തു | = | വിചാരിച്ചു |

### ആശയവിശദീകരണം

▶ സീതയെക്കുറിച്ച് പറയുന്നത് കേട്ട് കണ്ണീരൊഴുക്കുന്ന ശ്രീരാമാൻ

ലങ്കയിൽ നിന്ന് മടങ്ങിയെത്തിയ ഹനുമാൻ സീതയെക്കുറിച്ച് പറയുന്നത് കേട്ട് ‘നീ ചെയ്തത് നന്നായി’ എന്ന് പറഞ്ഞ് കൊണ്ട് തേൻമൊഴിയായ സീതയെക്കുറിച്ച് വിചാരിച്ച് ഭ്രാന്തനെപ്പോലെ കണ്ണീരൊഴുക്കിയ ശ്രീരാമനെ തൊഴുതുകൊണ്ട് കാപട്യമില്ലാത്തവനായ വാനരകുലരാജനായ സുഗ്രീവൻ ഇപ്രകാരം പറഞ്ഞു (ഹനുമാന്റെ പ്രവൃത്തികളെക്കുറിച്ച് ഏറ്റവും കുറഞ്ഞ വാക്കുകളിൽ, ‘ചെയ്തമനന്റ്’ എന്ന് ചുരുക്കിയതിലെ ചീരാമന്റെ പാടവം ശ്രദ്ധേയമാണ്).

**പാട്ട് – 2**

'അരചർകൾകോനേ, മേന്മേലരുംതുയർപിടിത്തീവണ്ണം

.........................................................................................

കരുതുക; കളകചോകം കൈക്കൊൾക കോപമിപ്പോൾ'

**അർഥവിശദീകരണം**

| | | |
|---|---|---|
| ചോകം | = | ശോകം |
| അരുംതുയർ | = | കഠിനദുഃഖം |

**ആശയവിശദീകരണം**

- രാമനെ കർമനിരതനാക്കാനുള്ള ശ്രമം

ശ്രീരാമനോട് പ്രിയയെക്കുറിച്ച് ചിന്തിച്ച് ദുഃഖിച്ച് കാലം കളയുന്നത് ശരിയല്ല. ഇരുപതു കരങ്ങളുള്ള രാവണനെ ചിന്തിച്ച്, ശോകം ഉപേക്ഷിച്ച് കോപം കൈക്കൊള്ളുക.

**പാട്ട്** - 3

'കൈക്കൊൾക കോപേത്താടെകതിർവില്ലുമമ്പും

.........................................................................

ഴൊക്കിലുമരിപ്പമെന്റാൽ ഒരു വരാരുലകിലുള്ളോർ'

**അർഥവിശദീകരണം**

| | | |
|---|---|---|
| കതിർ | = | തിളങ്ങുന്ന |
| അരിപ്പം | = | പ്രയാസം |

**ആശയവിശദീകരണം**

- വാനരപ്പടയെ തടുക്കുക പ്രയാസകരമാണ്

തിളങ്ങുന്ന അമ്പും വില്ലും കോപത്തോടെ എടുക്കുക. എന്നിട്ട് തെക്കുദിക്കിലേക്ക് നടക്കാൻ ഞങ്ങളോട് കല്പിച്ചാലും. പതിന്നാലു ലോകങ്ങളിലുള്ളവർ ഒത്തുചേർന്നാൽ പോലും ഈ വാനരപ്പടയെ തടുക്കുക പ്രയാസകരമാണ്. അങ്ങനെയുള്ള നമ്മളെ തടുക്കാൻ ഈ ലോകത്ത് ആരാണുള്ളത്?

**പാട്ട് – 4**

'ഒരുവരാരുലകിൽ നിന്നോടൊപ്പമുള്ളവരെ, ന്റെല്ലാം

.........................................................................................

ചരിതവും നകരിലുള്ള ചമയവും നീ ചൊല്ലെൻറാൻ'

**അർഥവിശദീകരണം**

| | | |
|---|---|---|
| ഉരൈമികും | = | പ്രശസ്തിയേറെയുള്ള |
| അനുമൻ | = | ഹനുമാൻ |

> ▶ ലങ്കയെക്കുറിച്ച് പറയാൻ ആവശ്യപ്പെട്ടു

### ആശയവിശദീകരണം

നിന്നോളം പോന്നവൻ ലോകത്തിൽ ആരാണുള്ളത്? എന്ന ഹനുമാനെപ്പറ്റിയുള്ള സുഗ്രീവന്റെ വാക്കുകൾ കേട്ട ശ്രീരാമൻ ഹനുമാനോട് ലങ്കയുടെ ചരിതവും നഗരത്തിലെ ഒരുക്കവും ചൊല്ലുക എന്ന് പറഞ്ഞു.

### പാട്ട് - 5

'ചൊല്ലിനാനവനിലങ്കചുഴന്റുള്ള കിടങ്ങിടം

.................................................................................

കൊല്ലിയെന്റിവനിറുത്തിക്കൊടുപ്പമാണ്ടിരിപ്പുതേഴും

### അർഥവിശദീകരണം

| | | |
|---|---|---|
| നൂറ്റിക്കൊല്ലി | = | നൂറുപേരെ ഒറ്റയടിക്ക് കൊല്ലാൻ കഴിയുന്ന ആയുധം |

> ▶ ഹനുമാൻ ലങ്കയിലെ യുദ്ധസന്നാഹത്തെ വിവരിക്കുന്നു

### ആശയവിശദീകരണം

ലങ്കയിലെ കിടങ്ങ് വിസ്തൃതി കൊണ്ടും ആഴം കൊണ്ടും അവസാനമില്ലാത്തതാണ്. കിടങ്ങിനു ചുറ്റും നല്ല വാൾ, കുന്തം, ശൂലം, ചാണയ്ക്കു പിടിച്ചും രാകിയും വെടിപ്പാക്കിയ നൂറ്റിക്കൊല്ലി [ശതഘ്നി] ഇവകളാൽ ഏഴ് കിടങ്ങുകളും ഭീകരമായിരിക്കുന്നു.

### പാട്ട് - 6

'ഏഴിനുമുള കടപ്പാനിയന്തിരപ്പാലം ചുറ്റും കീഴൻമവ

.................................................................................

ഊഴിയെയുലെക്കാം വീരർ ഒരു പതിനായിരം കാൺ'

### അർഥവിശദീകരണം

| | | |
|---|---|---|
| എന്തിരപ്പാലം | = | യന്ത്രപ്പാലം |
| കോഴയറ്റ | = | കുറ്റമറ്റ |
| കോപുരം | = | ഗോപുരം |

> ▶ കിഴക്കേ ഗോപുരത്തിന് കാവലായി പതിനായിരം വീരന്മാർ

### ആശയവിശദീകരണം

ഏഴു കിടങ്ങിനും അത് കടക്കാൻ പറ്റിയ യന്ത്രപ്പാലങ്ങൾ ഉണ്ട്. അവയെപ്പറ്റി ചിന്തിക്കുമ്പോൾ തന്നെ ശത്രുക്കൾ മനസാന്നിധ്യമില്ലാത്തവരാകും. അത് കൂടാതെ അന്യൂനമായ കിഴക്കേ ഗോപുരത്തിന് കാവലായി ഭൂമിയെ വിറപ്പിക്കാൻ പോന്ന പതിനായിരം വീരൻമാരുണ്ട്.

### പാട്ട് - 7

'ഒരുപതിനായിരത്തോടൊരുത്തനേ പോർചെയ്യാവ

.................................................................................

പരവയും കുലയ്ക്കാം വീരർ പച്ചിമതിചയുളേതും'

## അർഥവിശദീകരണം

| | | |
|---|---|---|
| മുരണൊടു | = | ശക്തിയോടെ |
| ചെമ്മേ | = | നേരെ |
| പരൈവെയക്കല ക്കാം വീരർ | = | സമുദ്രത്തെ ഇളക്കിമറിക്കാൻ തക്ക ശേഷിയുള്ള വീരന്മാർ |
| പച്ചിമതിചയുള്ളേതും | = | പശ്ചിമദിക്കിലുള്ള |

## ആശയവിശദീകരണം

▶ പതിനായിരം പേരോട് യുദ്ധം ചെയ്യാൻ ഒരുത്തൻ

ഒരു പതിനായിരം പേരോട് യുദ്ധം ചെയ്യാൻ ഒരുത്തൻ എന്ന കണക്കിൽ ഒറ്റയ്ക്കു നിന്നു പോരാടാൻ കഴിവുള്ള ഇരുപതിനായിരം വീരന്മാരെയാണ് തെക്കെ ഗോപുരത്തിൽ വിന്യസിച്ചിരിക്കുന്നത്. അതിനിരട്ടി വടക്കും ഉണ്ട്. മഹാസമുദ്രം കലക്കാൻ കഴിവുള്ള മുപ്പതിനായിരം പേർ പടിഞ്ഞാറുണ്ട്.

## പാട്ട്- 8

'തിചകളിലേതിൽ പാതി തിൺമ ചേർനടുവുകാപ്പാൻ

..........................................................................................

തപ മുകനിരപ്പതെന്റാൽ ചമയമാരതിനുരൈപ്പോർ?'

## അർഥവിശദീകരണം

| | | |
|---|---|---|
| തിചൈ | = | ദിശ |
| തിണ്മചേർ | = | ഉറപ്പുള്ള |
| മചകറ | = | മയക്കമില്ലാത്ത |
| മന്തിരശാല | = | മന്ത്രശാല |
| തചമുകൻ | = | ദശമുഖൻ, രാവണൻ |
| കുവേരൻ | = | കുബേരൻ |
| ചമൈത്ത | = | ചമച്ച, നിർമ്മിച്ച |
| കോ | = | രാജാവ് |
| ഇൽ | = | ഇല്ലം, വീട് |
| കോയിൽ | = | കൊട്ടാരം |

## ആശയവിശദീകരണം

▶ കുബേരനു വേണ്ടി മയൻ നിർമ്മിച്ച കൊട്ടാരം

കുബേരനു വേണ്ടി മയൻ നിർമ്മിച്ച കൊട്ടാരമാണ് രാവണൻ കൈവശമാക്കിയത്. കൊട്ടാരത്തിന്റെ മധ്യഭാഗം കാക്കാൻ നാലു ദിക്കുകളിൽ ഉള്ളതിന്റെ പകുതിയും മന്ത്രശാല കാക്കാൻ അതിലിരട്ടിയും പടയാളികളുണ്ട്.

## പാട്ട് - 9

'ഉരൈപ്പതാർ കണ്ടുമിണ്ടോരുറുതിയും നകരിതന്നിൽ

..........................................................................................

ഉരൈക്കലാമിതിർക്കുമുന്നലുഴറിയൊന്റുരപ്പൻ വീരാ!'

## അർഥവിശദീകരണം

| | | |
|---|---|---|
| ഉരൈപ്പതാർ | = | ആരാണ് പറയുക? |
| കണ്ടുമീണ്ടോർ | = | കണ്ടിട്ടു മടങ്ങിവന്നവർ |
| ഉറുതി | = | ഉറപ്പ് |
| നകരി | = | നഗരി |
| നിരൈക്ക് | = | നിരയായി |
| ഉരൈക്കലാം | = | പറയാം |

## ആശയവിശദീകരണം

▶ ലങ്കാനഗരത്തിന്റ ഉറപ്പും നഗരവാസികളുടെ പെരുപ്പവും പെരുമയും

ലങ്കാനഗരത്തിന്റെ ഉറപ്പും നഗരവാസികളുടെ പെരുപ്പവും പെരുമയും കണ്ട് മടങ്ങി വന്നു പറയാൻ ആർക്കു കഴിയും. സൈനിക നിരയുടെ ഓരോ ഭാഗത്തും അടവു പയറ്റുന്ന നിശാചരന്മാരുടെ പെരുപ്പം പിന്നെപ്പറയാം. അതിനു മുന്നേ ഞാൻ വേറൊന്ന് പറയാം എന്ന് ഹനുമാൻ.

## പാട്ട് – 10

'വീരർതൻ മണിവിളക്കേ,മെന്മൊഴിയാളെക്കാണ് മാൻ

.......................................................................................................

പോന്തമാരുതേവൻ വന്തു വഴിയതെൻറരുളിച്ചെയ്താൻ'

## അർഥവിശദീകരണം

| | | |
|---|---|---|
| മെന്മൊഴിയാൾ | = | മൃദുവായ മൊഴിയോടു കൂടിയവൾ |
| ഉതകുവോർ | = | സഹായമായിത്തീരുന്നവർ |
| അഴന്റ് | = | സങ്കടപ്പെട്ട് |
| വഴിയിതെന്റു | = | വഴിയിതെന്നു |

## ആശയവിശദീകരണം

▶ പിതാവായ വായുദേവൻ, ഹനുമാന് സീതയെ കാണിച്ചു കൊടുക്കുന്നു

വീരൻമാർക്ക് മണിവിളക്കായുള്ളവനേ, ആരാണ് എനിക്ക് വഴി കാട്ടുക എന്ന് സങ്കടപ്പെട്ട് അലഞ്ഞപ്പോൾ പൂക്കളുടെ മണം ചേർന്ന് തരുനിരകൾ തടഞ്ഞു വന്ന വായുഭഗവാനാണ് വഴികാട്ടിയത്. ഏറെ പ്രധാനപ്പെട്ട പാട്ടാണിത്. രാമചരിതകാരന്റെ മനോധർമ്മം ഈ വരികളിൽ പ്രകടമാകുന്നു. പുഷ്പങ്ങളെ തഴുകി വൃക്ഷങ്ങളെ തടഞ്ഞു വന്ന മാരുതദേവൻ മകനായ ഹനുമാന് വഴി കാണിച്ചു കൊടുത്തു എന്ന പ്രയോഗം മൂലഗ്രന്ഥത്തിൽ ഉള്ളതല്ല. വളരെ ആലോചനാമൃതമായ ഈ ആശയം ചീരാമനുശേഷം വന്ന കവികളായ നിരണത്തുരാമനും എഴുത്തച്ഛനും കടം കൊണ്ടിട്ടുണ്ട്.

'നടവാനന്നതുകാലത്തുദ്യാനാമോദത്തോടെയ് തിയ ദേഹം
തടവീടും കാറ്റിൻ വഴി ചെന്നു സദാഗതി സുതനൊരു ശാല പുകുന്താൻ'

(കണ്ണശ്ശരാമായണം)

'കുസുമചയസുരഭിയൊടു പവനനതിഗൂഢമായ്
കൂടെത്തടഞ്ഞു കൂട്ടിക്കൊണ്ടുപോയുടൻ
ഉപവനവുമുരുതര തരു പ്രവരങ്ങളും
ഉന്നതമായുള്ള ശിംശപാവൃക്ഷവും
................................................
ആശുഗനാശുകാട്ടി കൊടുത്തീടിനാൻ'
(അധ്യാത്മ രാമായണം കിളിപ്പാട്ട്)

- ഈ ആശയം ചീരാമനുശേഷം വന്ന കവികളായ നിരണത്തുരാമനും എഴുത്തച്ഛനും കടം കൊണ്ടിട്ടുണ്ട്

താരിടൈമണം എന്ന മലനാട്ടുഭാഷാതനിമയുള്ള പ്രയോഗത്തെ, ഉദ്യാനാമോദം, കുസുമചയ സുരഭി എന്നിങ്ങനെ കണ്ണശ്ശനും എഴുത്തച്ഛനും കഠിന സംസ്കൃതത്തെ ആശ്രയിച്ച് പകർത്തിയതിന്റെ സവിശേഷതയും ചിന്തനീയമാണ്.

## പാട്ട് - 11

'അരുൾ ചെയ്ത വഴിയേ പോയ് നല്ലചോകമാവനികപൂക്കു
.........................................................................................
കുമ്പിട്ടുരുവയർമണിയെ കണ്ടേനകലവേയിരുന്തവാറു'

### അർഥവിശദീകരണം

| | | |
|---|---|---|
| നല്ലചോകമാവനിക | = | അഴകുള്ള അശോകവനിക |
| അരുവൈയർ മണി | = | സുന്ദരീരത്നം |

### അർഥവിശദീകരണം

- ശിംശിപാവൃക്ഷ ചുവട്ടിൽ കുമ്പിട്ടിരിക്കുന്ന സീത

വായുഭഗവാൻ കാട്ടിത്തന്ന വഴിയേ പോയപ്പോൾ അശോകവനികയിലെത്തി. അവിടെ പല നിരയായി ചുറ്റപ്പെട്ട രാക്ഷസിമാരുടെ മധ്യത്തിൽ ഒരു പെരുമരത്തിൻ (ശിംശിപാവൃക്ഷം) ചുവട്ടിൽ ഉടൽ മുഴുവൻ പൊടിയണിഞ്ഞ് കുമ്പിട്ടിരിക്കുന്ന സുന്ദരീരത്നമായ സീതയെ ഹനുമാൻ ദൂരെ നിന്ന് തന്നെ കണ്ടു.

# പടലം മൂന്ന്

## പാട്ട് - 1

'ഇരുന്തവണ്ണ മേയിരുൾമറൈന്തിതിട തൂര
..................................................................................
വന്താനിരുണ്ട മുകിൽ പോലെഴുമിരാവണനിതത്താൻ'

### അർഥവിശദീകരണം

| | | |
|---|---|---|
| വെൺചവരി | = | വെഞ്ചാമരം |
| മടവാൾ | = | സ്ത്രീ |

- അശോകവനികയിലേക്കുള്ള രാവണന്റെ വരവ് വർണിക്കുന്നു

### ആശയവിശദീകരണം

അങ്ങനെയിരുന്നപ്പോൾ ഇരുട്ട് മറഞ്ഞു. ഇടതൂർന്ന് പരന്ന കുടയും തഴയും വെഞ്ചാമരവും മറ്റും പിടിച്ച് സ്തുതിവചനങ്ങൾ ഉതിർക്കുന്ന

SGOU

സുന്ദരിമാരുടെ അകമ്പടിയോടെ, ഇരുണ്ട മേഘം പോലെയുള്ള രാവണൻ സന്തോഷത്തോടെ വന്നു.

### പാട്ട് - 2

'ഇതത്തൊടവർവന്തണൈഞ്ഞിമൈപ്പതിനു മുന്നേ.

...................................................................................................................

ചാലത്തുതിത്തു പിന്നെന്നാലു വഴിയും തൊഴുതു ചൊ
ന്നാൻ'

### അർഥവിശദീകരണം

| | | |
|---|---|---|
| ഇമൈക്കുക | = | ഇമവെട്ടുക |
| വീണ്ണ | = | വീണ് |

### ആശയവിശദീകരണം

- ഹനുമാൻ ഇല കൾക്കിയിലേക്ക് ഒളിച്ചു

സന്തോഷത്തോടെ രാവണൻ വരുന്നതു കണ്ട ഹനുമാൻ കണ്ണടച്ച് തുറക്കുന്നതിന് മുന്നേ ഇലകൾക്കിയിലേക്ക് ഒളിച്ചു. രാവണനാകട്ടെ സീതാദേവിയുടെ തളിരുപോലെയുള്ള പാദത്തിൽ വീണ് മനസ്സിടറി സ്തുതിച്ച് എല്ലാ തരത്തിലും തൊഴുതുപറഞ്ഞു.

### പാട്ട് - 3

'ചൊന്നവ പഴിത്തൊരുചൊല്ലാലുരചെയ്താളൊ

...................................................................................................................

ഴെന്നിടർകെടുപ്പനി നിയെന്റവനണൈന്താൻ'

### അർഥവിശദീകരണം

| | | |
|---|---|---|
| ചീനമീടി | = | കോപത്തോടെ |
| പരുകി | = | കുടിച്ചു |
| ഇടർ | = | സന്താപം |

### ആശയവിശദീകരണം

- സീതാദേവിയുടെ ഉടൽ പിളർന്ന് രക്തം കുടിക്കുമെന്ന് രാവണൻ

രാവണൻ പറഞ്ഞതിനെ നിന്ദിച്ച്, ഒറ്റവാക്കിൽ നിഷേധിച്ച സീതാദേവിയോട് അത്യധികം കോപത്തോടെ, നിന്റെ ഉടൽ പിളർന്ന് രക്തം കുടിച്ച് എന്റെ ദുഃഖം ശമിപ്പിക്കും എന്ന് പറഞ്ഞു കൊണ്ട് രാവണൻ സീതയോടടുത്തു.

### പാട്ട് - 4

'അണൈന്ത കരവാൾ തിരുവുടമ്പിലമിഴും മുൻ

...................................................................................................................

വണങ്കമതമീടി നടകൊണ്ടവൻ മറൈന്താൻ'

SGOU

### അർഥവിശദീകരണം

| | | |
|---|---|---|
| അമിഴുക | = | താഴുക |
| മണംതകുമലർക്കുഴൽ | = | സുഗന്ധമുള്ള പൂക്കൾ ചൂടിയ മുടി |

### ആശയവിശദീകരണം

▶ ഗുണവതിയായ ഒരു രാക്ഷസി വന്ന് രാവണനെ തടഞ്ഞു

കോപംപൂണ്ട രാവണന്റെ വാൾ സീതാദേവിയുടെ ശരീരത്തിൽ പതിക്കും മുന്നേ ഗുണവതിയായ ഒരു രാക്ഷസി വന്ന് രാവണനെ തടഞ്ഞു. മണമേറിയ പൂക്കൾ മുടിയിലണിഞ്ഞ സുന്ദരിമാർ വണങ്ങവേ രാവണൻ വർദ്ധിച്ച കാമകോപത്തോടെ നടന്നു മറഞ്ഞു. (ഗുണമേറിയ രാക്ഷസി മണ്ഡോദരിയാണെന്ന് അദ്ധ്യാത്മരാമായണത്തിലും ആശ്ച ര്യചൂഢാമണിയിലും, ധന്യമാലിനിയെന്ന് വാല്മീകിയും പറയുന്നു).

### പാട്ട് – 5

'മറൈന്തനനരക്കൻവളർചൂലങ്കളും വാളും

..........................................................................................

മറന്തനനിരാമനീങ്ക വന്റിതുമില്ലെന്റും'

### അർഥവിശദീകരണം

| | | |
|---|---|---|
| മറന്തനനിരാമ | = | രാമൻ മറന്നുപോയി |

### ആശയവിശദീകരണം

▶ ശ്രീരാമൻ സീതയെ മറന്നിട്ടുണ്ടാകും

രാക്ഷസൻ മറഞ്ഞശേഷം ചുറ്റും നിന്ന നിശാചരികൾ ആയുധങ്ങളുമായി സീതയുടെ അടുക്കലെത്തി ഇപ്രകാരം പറഞ്ഞു: 'ശ്രീരാമൻ നിന്നെ പിരിഞ്ഞതിൽ പിന്നെ മറന്നിട്ടുണ്ടാകും. ഒരു നാളും ഇവിടെ വന്നതില്ലല്ലോ'.

### പാട്ട് – 6

'എന്റു മിനി നിങ്കളിലണൈന്തിണങ്കിവാരാ,

..........................................................................................

നെന്റുമെളിയോൻപെരികതേയിതിനുമൂലം'

### ആശയവിശദീകരണം

▶ സീതയുടെ സ്നേഹവിശ്വാസങ്ങളെ ഇല്ലാതാക്കാൻ ശ്രമം

രാക്ഷസിമാർ ഇപ്രകാരം പറഞ്ഞു: ഇനി നിങ്ങൾ തമ്മിൽ ഒന്നിച്ച് ഇണങ്ങുകയുമില്ല. ഭൂമിയിൽ രാമന് ദീർഘകാലം ജീവിതമില്ല. വിജയമേറിയ സ്വന്തം രാജ്യം വെറുതേ കളഞ്ഞിട്ട് പോന്നവനാണ്. അവൻ അതിനാൽ തന്നെ ഏറെ നിസ്സാരനാണ്. രാമനോടുള്ള സീതയുടെ സ്നേഹവിശ്വാസങ്ങളെ രാക്ഷസിമാർ ഇല്ലാതാക്കാൻ ശ്രമിക്കുന്നു.

### പാട്ട് – 7

'മൂലമില്ല മുന്നമിന്നിചാചരരെയെല്ലാം

..........................................................................................

നീലനയനേ, നിലൈ നിനക്കിത ചൊല്ലിന്റോം'

## ആശയവിശദീകരണം

▶ രാവണൻ പൂർണ മായും ഉപേക്ഷിക്കില്ല

ഈ നിശാചര ശ്രേഷ്ഠൻമാർ നിന്നെ പൂർണമായും ഉപേക്ഷിപ്പാൻ കാരണമൊന്നുമില്ല. രാമന് അതറിയാം. നിനക്കും കാലം ചെല്ലുമ്പോൾ അത് മനസിലാകും. നീലനയനേ കാര്യങ്ങളുടെ നിജസ്ഥിതി ഞങ്ങൾ ഇതാ പറഞ്ഞു തരുന്നു.

## പാട്ട് – 8

'ഇൻറു മുതലായി നിയിരാകവനിൽ നിന്നൻ

..........................................................................................

നിന്റൂ തുനിഞ്ഞാലിടർനിനക്കറനിലൈക്കും'

## അർഥവിശദീകരണം

| | | |
|---|---|---|
| ആനാൽ | = | ആയാൽ |
| വളർ | = | സുന്ദരമായ |
| ഇടർ | = | സന്താപം |
| അറനിലൈക്കും | = | അറുതിവരും |

## ആശയവിശദീകരണം

▶ രാവണനെ സ്നേഹിച്ചാൽ ദു:ഖങ്ങളെല്ലാം അവസാനിക്കും

രാഘവനിലുള്ള നിന്റെ സ്നേഹം ഇന്നു മുതൽ രാവണനിലായാൽ എന്താണ് കുഴപ്പം. രാവണന്റെ മനോഹരമായ പള്ളിയറയിൽ പ്രവേശിക്കാൻ തുനിഞ്ഞാൽ നിന്റെ ദു:ഖങ്ങളെല്ലാം അവസാനിക്കും.

## പാട്ട് – ൯

'നിലൈക്കയില്ല നിൻപെരുമൈയെങ്കിലിതിനേതും

..........................................................................................

കുലത്തിലുംനലത്തിനുമിവന്നു കുറൈവുണ്ടോ?'

## അർഥവിശദീകരണം

| | | |
|---|---|---|
| മൈന്ത | = | പുത്രൻ |
| നലം | = | മഹിമ |

## ആശയവിശദീകരണം

▶ രാവണന്റെ വംശമഹിമ പറയുന്നു

അങ്ങനെയെങ്കിൽ നിന്റെ പെരുമ നിലയ്ക്കുകയില്ല. രാവണന്റെ വംശമഹിമ ചിന്തിച്ച് ഇതിനൊട്ടും മാറ്റം വരരുത്. പുലസ്ത്യനന്ദനന്റെ (വിശ്രവസിന്റെ) പുത്രനാണ് ഇവൻ എന്ന് പറഞ്ഞാൽ കുലത്തിനും മഹിമക്കും സാമർഥ്യത്തിനും കുറവുണ്ടോ.

[ബ്രഹ്മാവിന്റെ പുത്രനും പ്രജാപതികളിലെ ഒരാളുമായ വിശ്രവസ്സാണ് രാവണന്റെ പിതാവ്]



SGOU

### പാട്ട് – 10

'ഇവന്നുകുറൈവില്ലയിനിനിമ്മിലിണങ്കായ്കിൽ

..............................................................................

ച്ചുവന്നകുരുതിക്കളി തുടർന്തു പരുകിന്റോം'

### ആശയവിശദീകരണം

▶ രാവണന് വഴ ങ്ങാതിരുന്നാൽ സീതയുടെ ചോര കുടിക്കും

രാവണന്റെ മഹിമയ്ക്ക് ഒരു കുറവുമില്ല. ഇനിയും നീ രാവണന് വഴങ്ങാതിരുന്നാൽ നിന്റെ പ്രകീർത്തിതമായ ശരീരം പിളർന്ന് ചെറിയ കഷ്ണങ്ങളാക്കി ഇങ്ങനെ ഇവിടെയിരുന്ന് നിന്നെ തിന്നു കൊണ്ട് ഞങ്ങൾ ചുവന്ന ചോര കുടിക്കും.

### പാട്ട് – 11

'തുടർന്തെൻ മെയ്യിൽ നിങ്കൾവളർചൂലങ്കൾ നടത്തി

..............................................................................

ഴടൈന്തതുവൊല്ലാ പിരിവതെന്റി തരുൾ ചെയ്താൾ'

### അർഥവിശദീകരണം

| | | |
|---|---|---|
| ഒല്ലാ പിരവതു | = | പിരിയാനാവില്ല |

### ആശയവിശദീകരണം

▶ സീതയെ രാമനിൽ നിന്നും പിരിയ്ക്കുക പ്രയാസം

തുടർന്ന് നിങ്ങളെന്റെ ശരീരത്തിൽ വലിയ ശൂലങ്ങൾ തുളച്ചുകയറ്റി ചോരനീർ വലിച്ചെടുത്ത് കുടിച്ചാലും രാമന്റെ പദകമലങ്ങളിൽ ചേർന്ന എന്റെ ഉള്ളം അവിടെ നിന്നും പിരിയ്ക്കുക പ്രയാസമാണ് എന്ന് സീത പറഞ്ഞു.

## പടലം നാല്

### പാട്ട് – 1

'പിരിയരുതാത നീയിങ്ങനെപിതാവു വെടിന്തു നാടും

..............................................................................

തിരന്തകലും നിചാചരിമാരടങ്ങിയുറങ്ങിനാരേ'

### അർഥവിശദീകരണം

| | | |
|---|---|---|
| ഉറൈന്തു | = | വാസസ്ഥലമാക്കി |
| അകൻറാൽ | = | അകന്നാൽ |
| പുഴകി | = | കൈവിട്ടു |
| ഇരുന്തു | = | ഇരുന്നു |
| ഇലങ്കപൂക്കത് | = | ലങ്കയിൽ പ്രവേശിച്ചത് |
| ഒരു തുട | = | ഒരു തവണ |
| തിരിചട | = | ത്രിജട |

## ആശയവിശദീകരണം

> ▶ ത്രിജട താൻ കണ്ട സ്വപ്നത്തെക്കുറിച്ചു പറഞ്ഞു

ശ്രീരാമനെ പിരിയാൻ കഴിയാത്ത നീ, അച്ഛനാൽ ഉപേക്ഷിക്കപ്പെട്ട്, നാടും നഷ്ടപ്പെട്ട് കാട്ടിൽ വസിക്കുന്നവനോട് അകന്നാൽ നിനക്ക് മനസ്സ് ഉരുകുമല്ലേ? വിരുന്നിനായിട്ടല്ലേ ലങ്കയിൽ വന്നത്. നിന്റെ സാമർത്ഥ്യം മതി. അതെല്ലാം നിൽക്കട്ടെ. ഒരു തവണ ഞങ്ങൾ നിന്റെ ശരീരം വെട്ടി തിന്ന് ഇഷ്ടമുള്ള തരത്തിൽ വിളയാട്ടമാടുന്നുണ്ട് എന്നു പറഞ്ഞ് ചെന്നടുക്കുന്ന സമയത്ത് ത്രിജട താൻ കണ്ട സ്വപ്നത്തെക്കുറിച്ചു പറഞ്ഞു. അത് കേട്ട് രാക്ഷസിമാർ പിന്തിരിഞ്ഞ് അടങ്ങിയുറങ്ങി.

### പാട്ട് – 2

'ഉരങ്കിനരിന്നിചാചരിമാരെന്മേട മറിന്തു താൻ

..........................................................................................

ച്ചെഴുമണിയും തരിത്തടിയേൻതിരിത്തുടൻമീണ്ടി തന്റേ'

## അർഥവിശദീകരണം

> ▶ ദു:ഖത്തിന് അന്ത്യം വന്നു എന്നു വിചാരിച്ചു വീണു വണങ്ങി

| | | |
|---|---|---|
| തരുചാകൈ | = | മരക്കൊമ്പ് |
| തുമ്പവും | = | ദുഃഖവും |
| തിരമെഴും | = | ഭംഗിയുള്ള |
| അഴി | = | മോതിരം |

## ആശയവിശദീകരണം

രാക്ഷസിമാർ ഉറങ്ങിയപ്പോൾ സീത താണുകിടന്ന ഒരു മരക്കൊമ്പ് കൈയിൽക്കരുതി ഏങ്ങി ഏങ്ങി വിതുമ്പി നിന്നത് കണ്ട് ഞാൻ അടുത്തു ചെന്നു. ഇതിന് (ദു:ഖത്തിന്) അന്ത്യം വന്നു എന്നു വിചാരിച്ചു ഞാൻ വീണുവണങ്ങി. വാനരനാണോ രാക്ഷസമായയാണോ എന്ന് നിശ്ചയമില്ലാതെ കുഴങ്ങിയ സീതയെ വന്ന കാര്യവും രാമന്റെ ദു:ഖവും കനിവോടു കൂടിയറിയിച്ച്, ആശ്വസിപ്പിച്ച് മുദ്രമോതിരവും കൊടുത്ത് എടുത്ത് തന്ന ചൂഡാരത്നവും വാങ്ങി അടിയൻ തിരിച്ചു പോന്നു.

### പാട്ട് – 3

'ഉടനിങ്കുമീണ്ടു കണ്ടമ മെല്ലമെല്ലെയുണർത്തിനേൻ

..........................................................................................

പോറ്റി പോറ്ററുതെന്റുതോറ്റം വരേണ്ടുവോന്റേ'

## അർഥവിശദീകരണം

| | | |
|---|---|---|
| മീണ്ടുകൊണ്ടമ | = | തിരിച്ചു വന്നത് |
| വല്ലരക്കർ | = | ശക്തരായ രാക്ഷസന്മാർ |
| കൂപ്പലാം | = | തൊഴാം |
| അരികുലവീരർ | = | വാനരവീരന്മാർ |

## ആശയവിശദീകരണം

തിരുവുള്ളമാകിൽ (രാമൻ സമ്മതിക്കുമെങ്കിൽ) ഉടനെ തന്നെ മട

- ലങ്കയെയും രാക്ഷസരെയും പൊടിയാക്കി കാൽക്കൽ വച്ച് നമസ്കരിക്കാം

ങ്ങിച്ചെന്ന് അവിടുത്തെ കണ്ടത് പതിയെ അറിയിച്ച് ഞാൻ തന്നെ ഒരു നിമിഷത്തിനകം ലങ്കയെയും അവിടത്തെ ശക്തരായ രാക്ഷസരെയും പൊടിയാക്കി കാൽക്കൽ വച്ച് നമസ്കരിക്കാം. അല്ലെങ്കിൽ വാനരവീരന്മാരോടൊപ്പം അവിടുന്ന് തന്നെ എഴുന്നള്ളിയാലും. അങ്ങനെയാണെങ്കിൽ നമുക്ക് എളുപ്പത്തിൽ അകത്തു കടക്കാം. ഇനിയും നമ്മൾ ഇരിക്കുന്നത് ശരിയല്ല. അവിടെ ക്രൂരരായ രാക്ഷസികളുടെ ഇടയിലിരുന്ന് ഇനിയുള്ള ജീവനും കൂടി കളയാൻ പാടില്ല എന്ന വിചാരം വരേണ്ടതാണ്.

## പാട്ട് – 4

‘ഒന്റുനീയുരചെയ്തൊന്റിതിനോടൊരുവർ

..........................................................................................................

വന്റ തുമ്പവുമകറ്റിയുഴറന്റെരുൾചെയ്താൻ’

### അർഥവിശദീകരണം

| | | |
|---|---|---|
| ഇടുകെങ്കും | = | എല്ലായിടത്തും ഇടുക |

### ആശയവിശദീകരണം

- വാനരകുലത്തിനു വേണ്ടുന്ന സഹായം നൽകുന്നു

അല്ലയോ വായുപുത്രാ, നീ പറഞ്ഞതൊക്കെ സത്യമാണ്. അതിന് ഈ ലോകത്തിൽ ആരാണ് എതിരെ പറയുന്നത് എന്നിങ്ങനെ പറഞ്ഞിട്ട്, സുഗ്രീവനെ വിളിച്ച് ഇനി എന്താണ് ചെയ്യേണ്ടതെന്ന് ശ്രീരാമൻ ചോദിച്ചു. ഉടനെ സമീപത്തു നിന്ന നീലനോട്, നീയും നിന്റെ പടയും വഴിയിൽ നിന്ന് ഇടയ്ക്കിടെ യാത്ര ചെയ്തു വരുന്ന വാനരകുലത്തിന് വേണ്ടുന്ന ഫലമൂലാദികളും വെള്ളവും കൊടുത്തു അവർക്കുണ്ടാകുന്ന ദുഃഖവും വേഗത്തിൽ അകറ്റുക എന്ന് ശ്രീരാമൻ അരുളി ചെയ്തു.

## പാട്ട് – 5

‘അരുൾ ചെയ്തു പിന്നമന്നവർകോനിലഴ്ക്കണനോടു

..........................................................................................................

ത്തമരരെല്ലാമഴന്തിഴകിൽ പൊഴിന്തനർ പൂവുകൊണ്ടേ’

### അർഥവിശദീകരണം

| | | |
|---|---|---|
| അമ്പിൽ | = | ഭക്തിയിൽ |
| അഴിന്തു | = | മനമുരുകി |

### ആശയവിശദീകരണം

- അനുപമമായ വിജയ മുഹൂർത്തം അടുത്തതായി കണ്ടു

അരുൾചെയ്തിട്ട് ശ്രീരാമൻ, ലക്ഷ്മണനോടും അളവില്ലാത്ത ഭക്തിയുള്ള സുഗ്രീവനോടും മറ്റ് വാനരവീരന്മാരോടും ഒത്തുചേർന്ന് ചിന്തിക്കുന്ന സമയത്ത് അനുപമമായ വിജയമുഹൂർത്തം അടുത്തതായി കണ്ടു. അപ്പോൾ വായുപുത്രനായ ഹനുമാൻ മലയോട് പൊരുതുന്ന തോളിൽ വന്ദനം ചെയ്തിട്ട് രാമനെ എടുത്തു. ബാലി പുത്രനായ അം



SGOU

ഗദൻ തന്റെ കുറ്റമറ്റ തോളിൽ ഇളയ രാജാവായ ലക്ഷ്മണനെ എടുത്തു നടന്നു. അപ്പോൾ സന്തുഷ്ടരായ ദേവന്മാർ പൂക്കൾ വർഷിച്ചു.

### പാട്ട് – 6

'പൊഴിയും മലർച്ചെഴും ഞെളി ചാടിയോടിവരിന്റ

........................................................................................................

മലൈ കടലോട്ടു മുട്ടിനർചെന്റിരാമപിരാനുമുമ്പാൽ'

### അർഥവിശദീകരണം

| | | |
|---|---|---|
| ചെഴും | = | കൊഴുത്ത |
| പായ്ന്തു | = | ചാടി |
| എഴുന്തു | = | പുറപ്പെട്ടു |

### ആശയവിശദീകരണം

▶ സമുദ്രതീരത്തേക്കുള്ള യാത്ര

പൂക്കളിൽ നിന്ന് തേനൊഴുകി. കുന്നുകളിൽ നിന്ന് ചാടി ഒഴുകി വരുന്ന തോടുകൾ. ഭൂമിയിൽ നിന്ന് ഉയർന്ന് പൊങ്ങി ആകാശം മുട്ടുന്ന കുന്നുകൾ. മുനിമാരുടെ അനുഗ്രഹാശിസ്സുകളോടെ ഓരോ വഴിക്ക് കടലിനോട് ചേരാൻ വെമ്പൽ പൂണ്ടൊഴുകുന്ന ആറുകൾ, തഴയെന്ന് തോന്നുന്ന തരത്തിൽ പൂത്തുതളിർത്ത് നിൽക്കുന്ന മരങ്ങൾ ചേർന്ന വലിപ്പമാർന്ന പർവതങ്ങൾ. ഇവകൾ കണ്ട് അലറിത്തിമിർത്ത വാനരവീരന്മാരെല്ലാം ശ്രീരാമന് മുൻപായി സമുദ്രതീരത്തെത്തി.

### പാട്ട് – 7

'അലൈകടലൊടു മുട്ടിന വീരൻമട്ടരമ്പനമ്പേ

........................................................................................................

മുടിത്തനൻപുനലൂത്തിരാമപിരാൻ തെളിന്തേ'

### അർഥവിശദീകരണം

| | | |
|---|---|---|
| ഉവട്ടുക | = | വെറുപ്പുണ്ടാക്കുക |
| പണിവു | = | വണക്കം |
| പുനൽ | = | ജലം |

### ആശയവിശദീകരണം

▶ കരയുന്ന രാമനെ ലക്ഷ്മണൻ ആശ്വസിപ്പിച്ചു

അലകടൽത്തീരത്തെത്തിയ രാമൻ, കാമബാണങ്ങളേറ്റ് സുന്ദരിയായ സീതയെപ്പറ്റിച്ചിന്തിച്ച്, പലതും പറഞ്ഞ് ഉള്ളിൽ ദുഃഖം നിറഞ്ഞ്, പടനടുവിലിരുന്ന് കരഞ്ഞ് മണ്ണിൽവീണു. അപ്പോൾ കീർത്തിമാനായ ലക്ഷ്മണൻ അടുത്ത് ചെന്ന് സാന്ത്വന വാക്കുകളാകുന്ന തേൻ ധാരാളമായിത്തളിച്ച്, ആശ്വസിപ്പിച്ച് ബോധം വരുത്തി. സൂര്യാസ്തമയമായെന്ന് മനസിലാക്കിയിട്ട് രാമൻ ജലതർപ്പണത്താൽ ദിനചര്യ നിർവഹിച്ചു.

## പാട്ട് – 8

'തെളിവൊടു ചെന്റു താനവരോടും വാനവരോടും

.......................................................................................................

മനവുമ.ഴിന്തുമന്തിരചാല മന്തിരിമാർ കലർന്തേ'

### അർഥവിശദീകരണം

| | | |
|---|---|---|
| അഴിഞ്ഞു | = | വല്ലായ്മപ്പെട്ടു |
| കോമാൻ | = | രാജാവ് |

### ആശയവിശദീകരണം

▶ രാമൻ എത്തിയിരിക്കുന്നു എന്ന് കേട്ട് തളർന്ന രാവണൻ

സന്തോഷത്തോടെ/ വിശ്വാസത്തോടെ ചെന്ന് അസുരന്മാരോടും ദേവന്മാരോടും മിടുക്കരായ രാജാക്കന്മാരോടും മറ്റും എതിരിട്ട്, വീമ്പ് പറഞ്ഞു വിജയം നിറഞ്ഞിരിക്കുന്ന പടയോടുകൂടി ലങ്കാനഗരിയിൽ പ്രവേശിച്ചിരിക്കുന്ന രാക്ഷസരാജൻ, അനുജനോടും വാനരവീരന്മാരോടും സുഗ്രീവനോടും കൂടി സമുദ്രത്തിന്റെ വടക്കേക്കരയിൽ രാമൻ എത്തിയിരിക്കുന്നു എന്ന് കേട്ട് തളർന്ന് മനഃധൈര്യം കെട്ട് മന്ത്രിമാരുയി മന്ത്രശാലയിൽ ഒത്തുകൂടി.

## പാട്ട് – 9

'മനവുമഴിന്തു മന്തിരികൾക്കു മന്തിരചാലൈയിൽ

.......................................................................................................

നിലൈ പിഴയാതെന്റവരോടി രാവണനേകിനാനേ'

### അർഥവിശദീകരണം

| | | |
|---|---|---|
| തോരറ്റം | = | വിചാരം |
| അറഞ്ഞു | = | വെട്ടിനുറുക്കി |

### ആശയവിശദീകരണം

▶ സീതയെ കൊടുക്കാതിരിക്കാൻ എന്താണ് വഴി

മന്ത്രിമാരുടെ മനസ്സ് ഇളകി. മലർമകളായ സീതയെ കൊടുക്കാതിരിക്കാൻ എന്താണ് വഴി. അതിന് എവിടെ തുടങ്ങണം. അവരുടെ അടുക്കൽചെന്ന് യുദ്ധം ചെയ്യണമോ. രാത്രിയിൽ മറഞ്ഞു ചെന്ന് ആക്രമിച്ച് വേഗം എല്ലാവരെയും നശിപ്പിക്കണമോ. കാട്ടിൽ പിറന്നു വളർന്ന വാനരവർഗമെല്ലാം ഇവിടെ വന്നതിൽ വല്ലായ്മയുണ്ടെന്നൊരു വിചാരം ഉണ്ടാവാമോ. നിങ്ങൾ ചിന്ത പൂണ്ടിരിക്കുന്നത് നല്ലതാണോ. നീതി മാർഗം നിലതെറ്റാതെ നിങ്ങൾ പറയണം എന്ന് രാവണൻ കല്പിച്ചു.

## പാട്ട് –10

'അവരൊടിരാവണൻ കനിനന്തിങ്ങനയുരചെയ്തനേര

.......................................................................................................

നടലിടൈയാട്ടിയോട്ടിനവൻ കനം നെറികെട്ടവാറേ'

### അർഥവിശദീകരണം

ഒത്തു = ഏകരൂപമായി
ഉരത്തനർ = പറഞ്ഞു

### ആശയവിശദീകരണം

> ▶ മന്ത്രിമാർ രാവണന് മനോധൈര്യം നൽകുന്നു

അവരോട് രാവണൻ ഇപ്രകാരം കനിഞ്ഞ് പറഞ്ഞപ്പോൾ, പണ്ട് യുദ്ധത്തിൽ ഇന്ദ്രനെ ആട്ടിയോടിച്ചവന്റെ മനോധൈര്യം നശിച്ചത് കണ്ട് മന്ത്രിമാർ ഓരോരുത്തരായി ഐക്യത്തോടെ ഇപ്രകാരം പറഞ്ഞു: "ദേവന്മാരെ ജയിച്ച് ദേവേന്ദ്രനെ പിടികൂടാൻ നിന്റെ മകൻ ഇന്ദ്രജിത്തിന് കഴിഞ്ഞു. പോരിൽ വിജയിച്ച് നല്ല പുഷ്പകവിമാനം കുബേരനോട് ബലാൽ പിടിച്ചെടുത്തവൻ ആരാണ്? ലോകത്ത് നമ്മോട് എതിർത്ത മികച്ച രാജാക്കന്മാരിൽ ആരാണ് ജീവിച്ചിരുന്നിട്ടുള്ളത്? ആശ്ചര്യമായിരിക്കുന്നു. ഇന്ന് രാമനിൽ ഭയം തോന്നിയോ?"

### പാട്ട് - 11

'നെറി കുറയിന്റതേയ മർക്കെല്ലാമികൽകിട്ടുനേരം
.................................................................................................
മൈയുമതോ വിചിത്തിരമാക നാമറിയിത്തുകൊൾവോം'

### അർഥവിശദീകരണം

ആക്കം = വലിപ്പം
മിടറു = കഴുത്ത്

### ആശയവിശദീകരണം

> ▶ രാമൻ യുദ്ധത്തിന് വന്നത് അറിവില്ലായ്മ കൊണ്ടാണ്

ദേവന്മാർക്കെല്ലാം യുദ്ധം ആരംഭിക്കുമ്പോൾ തന്നെ തീർച്ചയായും മനോധൈര്യം ഇല്ലാതാകുന്നു. നമ്മോട് ബന്ധുത്വം സ്ഥാപിക്കാൻ വേണ്ടി മയൻ മകളെ (മണ്ഡോദരി) തന്നു. കുറവ് അറിഞ്ഞിട്ടില്ലാത്ത നാഗങ്ങൾ യുദ്ധത്തിൽ തോറ്റ് ബാക്കിയായ ജീവനോടുകൂടെ പോകുന്നതിനു വേണ്ടി തൊഴുന്നുവല്ലോ. നീലകണ്ഠൻ കനിഞ്ഞ് വിശ്രമിച്ച കൈലാസം എടുത്ത് ഉയർത്തുവാൻ തക്ക കരബലം ഉള്ള നിന്നോട് രാമൻ യുദ്ധത്തിന് ഒരുങ്ങി വന്നത് അറിവില്ലായ്മ കൊണ്ട് മാത്രമാണ്. ഇതെല്ലാം ഉചിതമാണോ. വിചിത്രമായിരിക്കുന്നു. ഇതത്രേ ഞങ്ങൾക്ക് അറിയിക്കാനുള്ളത്.

## പടലം അഞ്ച്

### പാട്ട് - 1

'അറിയിപ്പാൻ ഞാനാവതിന്നരുളിച്ചെയ്യിന്റതാകിലെന്നോ
.................................................................................................
ന്നറിയിത്താമുച്ചൊല്ലിയാലും പിരിയത്തനത്തൽ പോം വഴിയേ'

### അർഥവിശദീകരണം

അറും = അവസാനിക്കും
പറയപ്പോരാ = പറയത്തക്കതല്ല
ഇയലും = ആദ്യം

SGOU

## ആശയവിശദീകരണം

▶ ഹനുമാൻ നമ്മെയെല്ലാം ചതിച്ചത് പറയാൻ പറ്റാത്തതാണ്

എന്നോടരുളിച്ചെയ്യുകയാണെങ്കിൽ ഞാൻ പറയാം. എന്നോട് യുദ്ധത്തിൽ ഏർപ്പെടുകയാണെങ്കിൽ അവരുടെ ആയുസ്സ്/ ജീവൻ അവസാനിക്കും. എന്നാൽ ഹനുമാൻ നമ്മെയെല്ലാം ചതിച്ചത് പറയാൻ പറ്റാത്തതാണ് എന്നിങ്ങനെ ആദ്യം പറയാൻ തക്ക യോഗ്യതയുള്ള പ്രഹസ്തൻ അറിയിച്ചു.

## പാട്ട് -2

'വഴി കൂടാതേ പോർക്കു നമ്മൊടുവരിന്റവാനരപ്പടെ മീ

............................................................................................................................

പിഴൈകൂടാതെയെന്റുപിനം പെരുതായതുർമുകൻ ചൊല്ലിനാൻ'

## അർഥവിശദീകരണം

| | | |
|---|---|---|
| അഴിയാതേകണ്ട് | = | പതറാതേകണ്ട് |
| പെറ്റ | = | ആർന്ന |

## ആശയവിശദീകരണം

▶ രാമനോടൊപ്പം ഹനുമാനെയും കൊല്ലും

ഒരു കാരണവുമില്ലാതെ നമ്മളോട് യുദ്ധത്തിനു വരുന്ന വാനരപ്പടയെ ധൈര്യപൂർവം തുരത്തിയോടിച്ച് രാമനോടൊപ്പം ഹനുമാനെയും കൊന്നു മുടിച്ച് എവിടെയും പിഴ വരാതെ ഞാൻ പുകഴാർന്ന ലങ്കയിൽ പ്രവേശിക്കും. ഇതിൽനിന്ന് ഞാൻ പിൻമാറുകയില്ല എന്ന് കോപം വർദ്ധിച്ച ദുർമുഖൻ പറഞ്ഞു.

## പാട്ട് - 3

'പെരുതാകിന്റുമുന്നംവന്തിപ്പിയെഴപോർ ചെയ്യും പേരും കരങ്കിൽ

............................................................................................................

ന്തിരിയേന്റാൻവച്ചിരവല്ലെകിറൻ തരിത്തരിപ്പെഴുകും'

## അർഥവിശദീകരണം

| | | |
|---|---|---|
| അവു | = | അവ |
| ഉരം | = | ശക്തി |
| ഇരിയേൻ | = | ഞാൻ |

## ആശയവിശദീകരണം

▶ ശക്തനായ രാമന്റെ ദേഹം ഉയിരിൽ നിന്ന് വേർപെടുത്തും

ഇവിടെ മുൻപ് വന്നു വൃത്തികെട്ട (പിഴപ്പോർ) യുദ്ധം ചെയ്ത പെരുങ്കുരങ്ങിന്റെ (ഹനുമാൻ) പ്രതാപം വർണിച്ചിരിക്കുന്നത് കുറച്ച് അധികമായി പോകുന്നു. വീണ്ടും എല്ലാം പറയുന്നില്ല. ശക്തനായ രാമന്റെ ദേഹം ഉയിരിൽ നിന്ന് വേർപെടുത്താതെ ഞാൻ ജീവിച്ചിരിക്കുകയില്ല എന്ന് വജ്രദംഷ്ട്രൻ പറഞ്ഞു.

### പാട്ട് - 4

'എകിറെല്ലാവും മെല്ലെ മറൈത്തെളുതായ മാനിടൻ വടിവായ്

..........................................................................................

ന്റകമേ തേറാമാറ്റിയിത്തരകേ നിലെതെപ്പൊഴുതും'

### അർഥവിശദീകരണം

| | | |
|---|---|---|
| എളുതു | = | താഴ്ന്നത് |
| വിരന്ത | = | വേഗത്തിൽ |

### ആശയവിശദീകരണം

▶ വൻപട വേഗത്തിൽ വരുന്നുണ്ട്

ദംഷ്ട്രകളെല്ലാം മറച്ചുവെച്ച് എളിയതായ മനുഷ്യരൂപം കൊണ്ട് ശത്രുത തോന്നാതെ ഭരതൻ കൽപ്പിച്ചു അയച്ചവരായിട്ട് അണയണം. ഇനിയും ശക്തിയേറിയ വൻപട വേഗത്തിൽ വരുന്നുണ്ട് എന്ന് തോന്നുമാറ് എപ്പോഴും രാമലക്ഷ്മണന്മാരുടെ അരികിൽ നിൽക്കണം.

### പാട്ട് - 5

'പൊഴുതും നോക്കിപ്പോർക്കുളരായിപ്പുറമേയെങ്കം നടന്തിടൈയിൽ

..........................................................................................

ടഴിയാനെന്റൽ നല്ലതിനെന്നതുമൊന്റിയമ്പിനാനവനേ'

### അർഥവിശദീകരണം

| | | |
|---|---|---|
| പോർക്കുളരായി | = | പോരിനു സന്നദ്ധരായി |
| ഒന്റു | = | സത്യം |

### ആശയവിശദീകരണം

▶ പ്രതാപിയായ രാമൻ നമ്മോട് തോൽക്കുകയില്ല

യുദ്ധത്തിന് തയ്യാറായി പാളയത്തിന് വെളിയിൽ അവസരം നോക്കി നടന്ന് ഇടയ്ക്ക് പഴുതു ഉണ്ടാകുമ്പോൾ നാം പലർ ചേർന്ന് രണ്ടു പകുതിയായി അണഞ്ഞ് വല്ല വിധവും കൊന്നാൽ പിഴവ് ഉണ്ടാവുകയില്ല. പ്രതാപിയായ രാമൻ നമ്മോട് തോൽക്കുകയില്ല എന്നാണെങ്കിൽ നല്ലത് ഇതൊന്നാണെന്ന് അവൻ (വജ്രദംഷ്ട്രൻ) പറഞ്ഞു.

### പാട്ട് - 6

'അവനും വമ്പാർത്തമ്പിയുംനല്ലരിവീരരും വന്താളികലിൽ

..........................................................................................

ടവർ പാടും വൻപെൻവുനികുമ്പനണൈന്തു കൂറിനാനുടനേ'

### അർഥവിശദീകരണം

| | | |
|---|---|---|
| ചുവ | = | രസം |
| കൂറിനാൻ | = | പറഞ്ഞു |

### ആശയവിശദീകരണം

▶ അവർ തോറ്റോടി വൃക്ഷക്കൊമ്പുകൾക്കിടയിൽ ഒളിക്കും

രാമനും കരുത്തനായ അനുജനും മിടുക്കരായ വാനരവീരനും വന്നാലും പോരിന് രസം ഉണ്ടാവുകയില്ല. അവർ തോറ്റോടി വൃക്ഷക്കൊമ്പുകൾക്കിടയിൽ ഒളിക്കുന്നത് എല്ലാവർക്കും കാണാം. ആ സ്ഥി

തി ഉണ്ടാകാതെ എന്നോട് എതിർത്ത് അരനാഴികൾ നിൽക്കുകയാണെങ്കിൽ അവർ ഒരുപാടു ബുദ്ധിമുട്ടും എന്ന് നികുംഭൻ (കുംഭകർണ പുത്രൻ) ഉടൻ അണഞ്ഞു പറഞ്ഞു.

### പാട്ട് – 7

'ഉടനന്നേരം വച്ചിരവല്ലനുവെന്റുള്ളൊരു പേരുടൈയോൻ

..........................................................................................

നടൽ കോലുമ്പോതേന്ററിയിത്തവനും വണങ്കിനാനളവേ'

### അർഥവിശദീകരണം

| | | |
|---|---|---|
| പടും | = | മരിക്കും |

### ആശയവിശദീകരണം

▶ പടയോടും സ്വന്തം അനുജനോടും കൂടെ മരിക്കും

ഉടൻ, അപ്പോൾ വജ്രഹനു എന്ന പേരുള്ളവൻ, കനത്ത നാവാൽ കടവാ നക്കിനനച്ച് ഇപ്രകാരം അറിയിച്ച് വണങ്ങി. നല്ല കീർത്തിമാനായ രാഘവൻ എന്നോട് യുദ്ധം ചെയ്യുമ്പോൾ പടയോടും സ്വന്തം അനുജനോടും കൂടെ മരിക്കും.

### പാട്ട് 8

'അളവേയിപ്പോഴി, പ്പട ചൊല്ലിയഴ്ത്തിതൊക്കയീക്കരവ

..........................................................................................

ടുളരോവെനോ രെന്റുമൊഒരുത്തരൊരുത്തർ ചൊല്ലിനാലുമതേ'

### അർഥവിശദീകരണം

| | | |
|---|---|---|
| മറുപ്പവരെ | = | എതിരാളികളെ |
| ഇളയാൻ | = | ഒരിക്കലും |

### ആശയവിശദീകരണം

▶ വിഭീഷണന്റെ അഭിപ്രായം

ഇപ്പോൾ അവസരമാണ് (സീതയെ തിരികെ കൊടുക്കാൻ) ഈ പടയെ വിളിച്ചുവരുത്തി ഇക്കര വന്നതിനുശേഷം രാഘവൻ ശത്രുക്കളെ കൊന്നുമുടിക്കുന്നതിന് ഒരിക്കലും മടിക്കുകയില്ല. അശക്തന്മാർക്ക് അവനോട് പോരിന് ആവതുണ്ടോ? അവനോട് യുദ്ധം ചെയ്തവരിൽ ആരെങ്കിലും ഉയിരോടുകൂടി ഉണ്ടോ? ആരെങ്കിലും ഒരുത്തൻ ചൊല്ലിയാലും.

### പാട്ട് 9

'ചൊല്ലാൽവെല്ലാമെപ്പൊഴുതും തുടതുള്ളുമാറിരിപ്പു തവൻ

..........................................................................................

ടെല്ലാവൈരംകാരണമെന്തിതിനുള്ളതൊന്റിലങ്കമന്നാ?'

### അർഥവിശദീകരണം

| | | |
|---|---|---|
| മല്ലാർന്ന | = | തടിച്ച |
| വിലങ്കുമാറു | = | തടുക്കുമാറു |

### ആശയവിശദീകരണം

▶ രാഘവനോട് വൈരം പാടില്ല

വാക്കുകൊണ്ട് എപ്പോഴും ജയിക്കാം. പേടിച്ചിരിക്കുന്നവർ രാമന്റെ വില്ലിൽ നിന്ന് മെല്ലെ പോരുന്ന ഒരു ബാണം തടയാൻ കെല്പുള്ള വരോ അല്ലയോ. കരുത്തുറ്റ തോളുള്ളവനേ, മനം കനിഞ്ഞ് എന്റെ വാക്കുകൾ കേട്ടാലും. രാഘവനോട് വൈരം പാടില്ല. ഇതിനുള്ള കാരണം എന്താണ്.

### പാട്ട് – 10

'ഒന്റും വാരാതേയെതിരറ്റൊ, ളിവീടും മാതരുറ്റവരും

.......................................................................................................

ന്തിന്റെയെന്റാൽ മൈതിലിയെക്കൊടിരാകവന്നിലങ്കമന്നാ'

### അർഥവിശദീകരണം

| | | |
|---|---|---|
| വാരാതേ | = | സംഭവിക്കാതെ |
| ഇനുതായി | = | സുഖമായി |

### ആശയവിശദീകരണം

▶ രാമന് മൈഥിലിയെ കൊടുക്കുക

അല്ലയോ ലങ്കാധിപാ, ഒരു ആപത്തും സംഭവിക്കാതെ നിസ്തുല ഭംഗിയുള്ള സ്ത്രീകളും ബന്ധുക്കളും വൻപടയും മക്കളും മരുമക്കളും എല്ലാവരുമായി കേടില്ലാത്തവണ്ണം സുഖമായി ഇരുന്നു കൊള്ളുക. അതിനായി വേഗത്തിൽ ഇന്നുതന്നെ രാഘവന് മൈഥിലിയെ കൊടുക്കുക.

### പാട്ട് – 11

'മന്നാ, മിന്നേർമെല്ലിടയാളെവഴക്കിനെന്റി രാമൻവരും

.......................................................................................................

യെന്നോടൊല്ലാചേചുമതെന്റെഴുനിന്റിരാവണൻ നടന്താൻ'

### അർഥവിശദീകരണം

| | | |
|---|---|---|
| മുന്നൽ | = | മുന്നിൽ |

### ആശയവിശദീകരണം

▶ രാവണൻ ദേഷ്യപ്പെടുന്നു

രാജാവേ, മിന്നൽക്കൊടിക്ക് തുല്യം മെലിഞ്ഞ ഇടയുള്ളവളെ (സുന്ദരിയായ സീതയെ) വഴക്കിനായി ശ്രീരാമൻ ഇക്കരെ ലങ്കയിൽ വരും മുമ്പേ നൽകുക. എന്ന് വിഭീഷണൻ അപേക്ഷിച്ചപ്പോൾ, 'നിന്നോട് ആരാണ് നല്ലത് ചോദിച്ചത്. നീ വലിയ പണ്ഡിതനായി എന്നോട് സംസാരിച്ചു പോകരുത്' എന്നു പറഞ്ഞു രാവണൻ എഴുന്നേറ്റ് നടന്നു.

## Summarised Overview

പാട്ടുപ്രസ്ഥാനത്തിലെ പ്രഥമവും പ്രധാനവുമായ കൃതിയാണ് ചീരാമൻ രചിച്ച 'രാമചരിതം'. 'ലീലാതിലക'ത്തിൽ പാട്ടിനു നല്കിയിരിക്കുന്ന ലക്ഷണം പൂർണമായി യോജിക്കുന്ന കൃതിയാണിത്. 164 പടലങ്ങളിലായി 1814 - പാട്ടുകൾ 'രാമചരിത'ത്തിലുണ്ട്. ഒരു പടലത്തിൽ പ്രായേണ 11 പാട്ടുകളാണുള്ളത്. ചുരുക്കം ചില പടലങ്ങളിൽ 10 ഉം 12 ഉം പാട്ടുകൾ കാണുന്നുണ്ട്. കവിയെക്കുറിച്ചും കാലത്തെക്കുറിച്ചും വ്യത്യസ്തമായ അഭിപ്രായങ്ങൾ ഇന്നും നിലനിൽക്കുന്ന 'രാമചരിത'ത്തിന്, 'രാമചരിത'മെന്ന പേര് നല്കിയത് ഗുണ്ടർട്ടാണ്. അദ്ദേഹത്തിന്റെ മലയാളം - ഇംഗ്ലീഷ് നിഘണ്ടുവിൽ 1500 ഓളം ഉദ്ധരണികൾ രാമചരിതത്തിൽ നിന്നാണ്. രാമചരിതത്തിന്റെ ഭാഷാപ്രാധാന്യം കണ്ടറിഞ്ഞ ആദ്യപണ്ഡിതനും ഗുണ്ടർട്ട് തന്നെ. 1917 - ൽ 'പ്രാചീന മലയാള മാതൃകകൾ' എന്ന പേരിൽ ഉള്ളൂർ പ്രസിദ്ധീകരിച്ച പ്രാചീന കൃതികളുടെ കൂട്ടത്തിൽ ആദ്യത്തെ 30 പടലങ്ങൾ ഉള്ളൂർ പ്രസിദ്ധീകരിച്ചു. 'രാമചരിത'ത്തിലെ ഓരോ ഭാഗത്തിനും പടലം എന്ന പേര് നല്കിയതും ഉള്ളൂർ തന്നെ. 1932 - ൽ തിരുവിതാംകൂർ ഗവൺമെന്റിന്റെ ശ്രീ ചിത്രോദയമഞ്ജരി ഭാഷാഗ്രന്ഥാവലിയിൽ 4-ാം നമ്പരായി സാംബശിവ ശാസ്ത്രികൾ 'രാമചരിതം' പ്രസിദ്ധീകരിച്ചു. പിന്നീട് 90 പടലങ്ങൾ വ്യാഖ്യാന സഹിതം ഇളംകുളം കുഞ്ഞൻപിള്ള പ്രസിദ്ധീകരിച്ചു. തുടർന്ന് വിശദമായ വ്യാഖ്യാനസഹിതം പി. വി. കൃഷ്ണൻ നായർ സമ്പൂർണ്ണമായി പ്രസിദ്ധീകരിച്ചു.

'കവീന്തിരരിൽ മുമ്പുടയനായ വാല്മീകി'യിൽ നിന്ന് ഇതിവൃത്തം സ്വീകരിച്ച്, 'വേരിതിഴ്ക്കിന തമിഴ് കവിപടൈത്ത മുനിയായ' കമ്പരുടെ സ്വാധീനം ഉൾക്കൊണ്ട് 'ഇരാമചരിതത്തിലൊരു തെല്ല് (യുദ്ധകാണ്ഡം മാത്രം) ഊഴിയിൽ ചെറിയവർക്കറിയുന്നതിനു വേണ്ടി' 'ആതിതേവനിലമിഴ്ന്ത മനക്കാമ്പുടയ ചീരാമനമ്പിനൊടിയമ്പിയ' 'രാമചരിത'ത്തിന്റെ ഭാഷാപരവും ചരിത്രപരവുമായ പ്രാധാന്യം വളരെ പ്രധാനപ്പെട്ടതാണ്. 'ലീലാതിലക'ത്തിലെ സന്ധി നിയമങ്ങൾ പലതും പാലിച്ചിട്ടുള്ള പ്രയോഗങ്ങൾ 'രാമചരിത'ത്തിൽ കാണുന്നുണ്ട്. 'അതി തോ: കേവലയോർവ':, 'ണസ്തസ്യ ട:', 'ലോന: പഞ്ചമേഷു', 'തേസ്യ്ച,' 'ലനയോ: കചപേഷുറ:' തുടങ്ങിയ സൂത്രങ്ങൾക്കുള്ള ഉദാഹരണങ്ങൾ രാമചരിതത്തിൽ ധാരാളമുണ്ട്. 'ലീലാതിലക'ത്തിൽ പരാമർശിക്കാത്ത സന്ധികാര്യങ്ങളും ഉണ്ട്.

പിൽക്കാലത്ത് മലയാളത്തിൽ ലുപ്തപ്രചാരമായ നിരവധി പദങ്ങൾ 'രാമചരിത'ത്തിൽ നിന്ന് കണ്ടെത്താം. തമിഴ്പദമാണോ മലയാളപദമാണോ എന്ന് ഇന്നത്തെ പഠിതാക്കൾക്ക് തിരിച്ചറിയാൻ വയ്യാത്ത തരത്തിലുള്ള പദങ്ങളും ധാരാളം ഉണ്ട്. ഒരുകാലത്ത് തെക്കേ ഇന്ത്യയിൽ വ്യാപകമായി പ്രചാരത്തിൽ ഉണ്ടായിരുന്നവയാകാം അവ. തമിഴിൽ അർഥഭേദം സംഭവിച്ചു കഴിഞ്ഞ പദങ്ങൾ, തമിഴിൽ ഇല്ലാത്ത ഭാഷാപദങ്ങൾ, തമിഴ് അർഥമുള്ള ഭാഷാപദങ്ങൾ, സംസ്കൃതത്തിന്റെയും ഭാഷയുടെയും തമിഴിന്റെയും നിയമങ്ങൾ അനുസരിക്കുന്ന സന്ധി നിയമങ്ങൾ, ഇന്ന് ഭാഷയ്ക്ക് സ്വീകാര്യമല്ലാത്ത സന്ധികൾ, കാര്യങ്ങൾ, സംസ്കൃതരീതി അനുസരിച്ചുള്ള വിശേഷണ വിശേഷ്യപൊരുത്തം ഉള്ള പ്രയോഗങ്ങൾ, തൽസമ സംസ്കൃത പദങ്ങൾ, തദ്ഭവ പദങ്ങൾ എന്നിങ്ങനെ മലയാളം ഒരു സ്വതന്ത്രഭാഷയായി പരിണമിക്കുന്ന കാലഘട്ടത്തിലെ ഭാഷയാണ് 'രാമചരിത'ത്തിലേതെന്ന് ഏറെക്കുറെ ഉറപ്പിക്കാം. ഒരു കാലഘട്ടത്തിലെ മലയാളഭാഷയുടെ സവിശേഷ പ്രതിനിധാനമായി 'രാമചരിത'ത്തിലെ ഭാഷയെ പരിഗണിക്കുന്നതിൽ യുക്തിഭംഗമില്ല.

# Assignments

1. ഭാഷാചരിത്രത്തിൽ 'രാമചരിത'ത്തിന്റെ പ്രാധാന്യം വിശദമാക്കുക.
2. 'ലീലാതിലകം' പാട്ടിന് കൽപ്പിക്കുന്ന ലക്ഷണമെന്ത്? 'രാമചരിതം' ആ ലക്ഷണങ്ങൾ പാലിക്കുന്ന കൃതിയാണോ? സ്ഥാപിക്കുക.
3. 'രാമചരിത'ത്തിലെ ഭാഷയെക്കുറിച്ചുള്ള വിവിധ അഭിപ്രായങ്ങൾ സ്വരൂപിക്കുക.
4. 'രാമചരിത'ത്തിലെ ഭാഷയുടെ സവിശേഷതകൾ വിവരിക്കുക.
5. രാമചരിതകർത്താവ്, കാലം എന്നിവയെക്കുറിച്ചുള്ള വിവിധ അഭിപ്രായങ്ങൾ പരിശോധിക്കുക.
6. രാമചരിതവും പ്രാചീന മലയാളവും. ഉപന്യാസം തയ്യാറാക്കുക.

# Suggested Readings


1. സി. കൃഷ്ണൻ നായർ, 1994, പാട്ടുകവിതകളുടെ സാമൂഹിക പ്രസക്തി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. പി. വി. കൃഷ്ണൻ നായർ, 1972, രാമചരിതം ഒരു വിമർശനാത്മക പഠനം, എസ്. വി. പ്രിന്റേഴ്സ്, എറണാകുളം.
3. എൻ. കൃഷ്ണപിള്ള, 1975, കൈരളിയുടെ കഥ, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം.
4. എൻ. ആർ. ഗോപിനാഥപിള്ള, 1972, രാമചരിതവും പ്രാചീന മലയാളവും, എൻ. ബി. എസ്., കോട്ടയം.
5. ഇളംകുളം കുഞ്ഞൻപിള്ള (വ്യാഖ്യാനം), രാമചരിതം, എൻ. ബി. എസ്., കോട്ടയം.


# References


1. കെ. എം. ജോർജ് (എഡി.), സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.
2. ഉള്ളൂർ എസ്. പരമേശ്വരയ്യർ, കേരളസാഹിത്യചരിത്രം, കേരള സർവകലാശാലാ പ്രസിദ്ധീകരണം, തിരുവനന്തപുരം.
3. എരുമേലി പരമേശ്വരൻപിള്ള, മലയാള സാഹിത്യ ചരിത്രം കാലഘട്ടങ്ങളിലൂടെ, വിദ്യാർത്ഥിമിത്രം, കോട്ടയം.
4. നട്ടുവട്ടം ഗോപാലകൃഷ്ണൻ, സാഹിത്യമാല്യം, ഓംനി ബുക്സ്, കോഴിക്കോട്.




SGOU

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# Unit 3

# പാട്ടുഭാഷയുടെ ക്രമാനുഗതമായ വികാസം

## Learning Outcomes

- ആദ്യകാല മലയാള ഭാഷാചരിത്രത്തെക്കുറിച്ച് സാമാന്യധാരണ നേടുന്നു
- ഭാഷാപരിണാമപ്രക്രിയ തിരിച്ചറിയുന്നു
- ഭാഷാവൃത്തങ്ങളുടെ സവിശേഷത മനസിലാക്കുന്നു
- 'തിരുനിഴൽമാല'യുടെ ചരിത്രപരമായ പ്രാധാന്യം വ്യക്തമാകുന്നു
- പ്രാദേശികമായ ആചാരങ്ങളും ആരാധനാരീതികളും കൃതിയിലൂടെ വെളിവാകുന്നു
- സാഹിത്യപരമായും ഭാഷാപരമായും ചരിത്രപരമായുമുള്ള 'തിരുനിഴൽമാല'യുടെ പ്രാധാന്യം അപഗ്രഥിക്കുന്നു

## Background

'ലീലാതിലക'ത്തിൽ പാട്ടിന് നൽകുന്ന ലക്ഷണം പൂർണമായി യോജിക്കുന്ന രണ്ടു കൃതിയാണ് നമുക്ക് ലഭിച്ചിട്ടുള്ളത് - 'രാമചരിത'വും 'തിരുനിഴൽമാല'യും. രാമചരിതത്തോടൊപ്പം ഏറെ പ്രാധാന്യത്തോടെ പരിഗണിക്കേണ്ടുന്ന/ചർച്ച ചെയ്യപ്പെടേണ്ടുന്ന കൃതിയാണ് 'തിരുനിഴൽമാല'. കോഴിക്കോട് സർവകലാശാലയിലെ മലയാളവിഭാഗം മേധാവിയായിരുന്ന ഡോക്ടർ എം. എം. പുരുഷോത്തമൻ നായരാണ് 1981-ൽ 'തിരുനിഴൽമാല' കണ്ടെടുത്ത് പ്രസിദ്ധീകരിച്ചത്. പാട്ടുപ്രസ്ഥാനത്തിലെ പ്രമുഖ കൃതിയായ 'തിരുനിഴൽമാല'ക്ക് ഭാഷാപരമായും സാഹിത്യപരമായും ചരിത്രപരമായും ഏറെ പ്രാധാന്യമുണ്ട്. 'രാമചരിതം' പോലെ പാട്ടിന്റെ ലക്ഷണം തികഞ്ഞ ഈ കാവ്യം 'ദ്രമിഡസംഘാതാക്ഷര നിബദ്ധവും' 'എതുക', 'മോന' വൃത്തവിശേഷയുക്തവുമാണ്. വിഷയം ദ്രാവിഡമാണ്. ഗോവിന്ദൻ എന്ന കവിയാണ് തിരുനിഴൽ മാലയുടെ കർത്താവ്. അദ്ദേഹം ആറന്മുള ദേശത്തെ അയിരൂർ ചേരിക്കാരനാണെന്ന് കൃതിയിൽ നിന്ന് തന്നെ വ്യക്തമാക്കുന്നുണ്ട്.

> 'ആറെൻമുളത്തിറം ചേരുമണ്ണൽതൻ പതപംകചത്തിൽ
> പായ വന്ന ഗോവിന്നെൻ ചൊൽ തിരുനിഴെൽമാല'

എന്നിങ്ങനെ കൃതിയുടെ അവസാനഭാഗത്തെ ഫലശ്രുതിയിൽ ചേർത്തിരിക്കുന്ന വരിയിൽ നിന്നും കവി ഗോവിന്ദൻ ആണെന്ന് വ്യക്തമാകുന്നു. പദത്തിന് ഐശ്വര്യം, ഭംഗി, വെളിച്ചമേൽക്കുന്ന വസ്തുവിന്റെ പ്രതിഫലനമുള്ള ഇരുണ്ടഭാഗം, സ്തുതി, അനുഗ്രഹം, ഉത്സവം തുടങ്ങിയ അർഥങ്ങൾ കണ്ടെത്താം. ഈ കൃതിയിൽ 'ഉത്സവം' എന്നോ 'സ്തുതി', എന്നോ, അനുഗ്രഹം എന്നോ ഉള്ള അർഥത്തിൽ എടുക്കാം. കൂടുതൽ യോജിക്കുന്നത് തിരുവാറന്മുളയപ്പനുള്ള സ്തുതി എന്ന അർഥമാണ്. ആറന്മുളയപ്പനു പറ്റിയ നാവേറും മലയർ ഒഴിപ്പിക്കുന്ന പ്രതിപാദ്യവും ഉള്ളതിനാൽ ഇരുണ്ട കാലത്തെ/കഷ്ടകാലത്തെ സൂചിപ്പിക്കുന്ന അർഥത്തിൽ നിഴൽ എന്ന പദത്തിനുള്ള അർഥസാധ്യതയും തള്ളിക്കളയാവുന്നതല്ല.

ആറന്മുള ക്ഷേത്രത്തിലെ ശ്രീകൃഷ്ണന് മലയർ അർപ്പിക്കുന്ന ബലിയാണ് 'തിരുനിഴൽമാല'യിലെ മുഖ്യപ്രതിപാദ്യം. കേരളത്തിലെ പുരാതന വൈഷ്ണവ ക്ഷേത്രങ്ങളിൽ ഒന്നായ തിരുവാറന്മുള മലനാട്ടിലെ പതിമൂന്നു പതികങ്ങളിൽ ഒന്നാണ്. പാർത്ഥസാരഥിയുടെ രൂപത്തിൽ

അർജ്ജുനൻ കൃഷ്ണനെ ഈ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു എന്നാണ് ഐതിഹ്യം. വൈഷ്ണവരുടെ നൂറ്റിയെട്ടു തിരുപ്പതികങ്ങളിൽ ഒന്നായ ഈ ദേവനു ബലി അർപ്പിക്കുന്ന മലയർ മലയിൽ താമസിക്കുന്ന അപരിഷ്കൃത വർഗമല്ല. ഗന്ധർവക്കൂട്ടത്തിന്റെ ചിത്രം തളർത്തെഴുന്ന മലയന്മാരും മലയികളും ആറന്മുളയപ്പന്റെ തിരുവുടമ്പിലെ നാവുദോഷം തീർത്ത് തിരുനിഴൽ വയ്ക്കാനായി വന്നുചേർന്നിരിക്കുന്നു. നിഴൽ എന്നതിന് അരുൾ, പ്രഭ എന്നർത്ഥം. മലനാട്ടു തിരുപ്പതികങ്ങളെപ്പറ്റി പറയുന്ന 'തിരുവാമൊഴി'യിൽ 'തിരുവാറൻവിളൈ' എന്നാണു സ്ഥലപ്പേരു കാണുന്നത്. അർജ്ജുനൻ നിലയ്ക്കൽ നാരായണപുരത്തു പ്രതിഷ്ഠിച്ച മഹാവിഷ്ണു, ആ പ്രദേശത്തു ജനവാസം കുറഞ്ഞപ്പോൾ ഒരു ബ്രഹ്മചാരിയുടെ വേഷത്തിൽ, ആറു മുളംകമ്പുകൊണ്ടുണ്ടാക്കിയ ചങ്ങാടത്തിൽ പമ്പയിലൂടെ യാത്രചെയ്ത് ഇപ്പോൾ ക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലത്ത് വന്ന് കുടികൊണ്ടുവെന്നും ആറു മുളംകമ്പുകൊണ്ടുണ്ടാക്കിയ ചങ്ങാടത്തിൽ വന്നതിനാൽ ആറന്മുള എന്ന പേരു കിട്ടിയെന്നും ഒരു ഐതിഹ്യം പ്രചരിക്കുന്നു. ഈ ഐതിഹ്യത്തെപ്പറ്റി 'തിരുനിഴൽ മാല'യിൽ പരാമർശമില്ല. ആറന്മുളയിൽ ഇന്നും തുടർന്നു വരുന്ന ഓണസ്സദ്യയെപ്പറ്റി 'തിരുവോണച്ചെലക്' എന്ന് തിരുനിഴൽമാലയിൽ പരാമർശമുണ്ട്.

ഈ കാവ്യത്തിൽ വർണിക്കുന്ന ബലിയർപ്പിക്കലിനെപ്പറ്റി ഇന്ന് യാതൊരറിവും ഇല്ല. മലയർ ദ്രാവിഡരായതിനാൽ ആര്യവംശത്തിന്റെ ആധിപത്യം ഉറച്ചപ്പോഴെന്നോ ഈ ബലി അവസാനിപ്പിച്ചിരിക്കാം. ആറന്മുളയിൽ പ്രതിഷ്ഠിച്ചിട്ടുള്ള പാർത്ഥസാരഥീരൂപം ആര്യമാണെങ്കിലും കറുത്തവനായ കൃഷ്ണൻ, കാലിവളർത്തൽ തൊഴിലായുള്ള ദ്രാവിഡനാണ്. മലനാട്ടിൽ ദ്രാവിഡ സംസ്കാരം ആധിപത്യം പുലർത്തിയിരുന്ന കാലത്തുരചിച്ചതാണു 'തിരുനിഴൽമാല'യെന്നു വിശ്വസിക്കാം. 'വെന്നിചേർകുറത്തിത്തെയ്വം വെളിപ്പെടും മലെയെന്മാർ' ബലിക്കളം നിർമ്മിച്ച് അതിൽ ഹരനെയോ ശക്തിയെയോ നരസിംഹത്തെയോ പ്രതിഷ്ഠിച്ച് ആറന്മുളത്തേവരെ ക്ഷണിച്ച് പന്തലിൽ ഇരുത്തി, കളത്തിൽ പ്രതിഷ്ഠിച്ച ദേവന്റെ ചരിത്രം കേൾപ്പിച്ചാണ് ബലിയർപ്പിക്കുന്നത്. 'തുമ്പുരുനാരതാതി തുണപ്പെരുമലയർ കൂട്ടത്തിന്' ഒരു മൂപ്പനുണ്ട്. ആറന്മുളയപ്പനെ മലയർ തുയിലുണർത്തുന്നു. ഉച്ചബലിയോടനുബന്ധിച്ച് നിഴൽക്കുത്തും വിളക്കേറും നടത്തി ആൾബലി കൊടുക്കുന്നു. മലയർ 'പാന' നടത്തുന്നു. കുറത്തിത്തെയ്വം ആടുന്നു. പാർവതിയാണു കുറത്തിത്തെയ്വമെന്നു കരുതി വരുന്നതും ദ്രാവിഡസ്വഭാവം തന്നെ. ശിവൻ (മാടൻ) ദ്രാവിഡദേവനാണല്ലോ. മലയർ കണ്ണന്റെ മെയ്യിലെ പാപം ഒഴിച്ച് ആറന്മുളയപ്പനെ മണിനിഴലേറ്റുന്നു. ആര്യ എഴുത്തു പോലും തിരുനിഴൽമാലയുടെ ചില കൈയെഴുത്തുകളിൽ കടന്നുകൂടിയിട്ടുണ്ട്. 'ഗോവിന്നെൻ ചൊൽ തിരുനിഴെൽമാല' എന്ന് കൃതിയുടെ അവസാനമുള്ള ഫലശ്രുതിയിൽ പ്രസ്താവിച്ചിരിക്കുന്നു. 'രാമചരിത' രചനയ്ക്കു ശേഷം ഏറെത്താമസിയാതെ തിരുനിഴൽമാല പ്രചരിച്ചുകാണും.

## Keywords

ആറന്മുള ക്ഷേത്രബലി - ക്ഷേത്രാചാരങ്ങൾ - ദ്രാവിഡ മലയർ - മലയരയരുടെ ബലി - ചരിത്രപ്രാധാന്യം - സാംസ്കാരിക വൈവിധ്യം - അർദ്ധനാരീശ്വര വർണന

### 3.1.1 തിരുനിഴൽമാല

തിരുവാറന്മുളയപ്പന്റെ മാഹാത്മ്യം പ്രകീർത്തിക്കുന്ന കൃതിയാണ് 'തിരുനിഴൽമാല'. ആറന്മുള ഏറെ പ്രസിദ്ധമായ വൈഷ്ണവക്ഷേത്രമാണ്. വൈഷ്ണവർക്ക് 108 തിരുപ്പതികങ്ങളുള്ളതിൽ 13 എണ്ണം കേരളത്തിലാണ്. അതിൽ ഒന്നാണ് ആറന്മുള. തിരുവാറന്മുള ക്ഷേത്രത്തിലെ ശ്രീകൃഷ്ണഭഗവാന് മലയർ നൽകുന്ന ബലിയാണ് മാലയിലെ മുഖ്യപ്രതിപാദ്യം. 539 ഈരടികളും 97 ചതുഷ്പ്പദികളും അടങ്ങിയ ഈ

# Discussion

പാട്ട് കൃതിയെ മൂന്നു ഭാഗമായി വിഭജിച്ചിരിക്കുന്നു ഒന്നാം ഭാഗത്തിൽ ദേവതാസ്തുതികളോടൊപ്പം ഭാരതഖണ്ഡം, കേരളോല്പത്തി, ചേര രാജ്യം. നാലുതളി, എൺമർ സാമന്തർ, 64ഗ്രാമങ്ങൾ. ആറന്മുള ഗ്രാമം, ക്ഷേത്രം എന്നിവ വർണിക്കുന്നു. ആറന്മുളക്ഷേത്രത്തിലെ ഊരാളൻ ആരൊക്കെയാണെന്ന് തുടർന്ന് വിശദീകരിക്കുന്നു. കേരളത്തിന്റെ പ്രകൃതിഭംഗിയും ചരിത്രപ്രത്യേകതകളും സാംസ്കാരിക പ്രാധാന്യ വും ഈ ഭാഗത്ത് ആവിഷ്കൃതമാകുന്നുണ്ട്. ചരിത്രസംഭവങ്ങളെയും ഐതിഹ്യങ്ങളെയും സമൃക്കായി ചേർത്തുകൊണ്ടുള്ള രചനാതന്ത്ര മാണ് കവി അവിടെ സ്വീകരിച്ചിരിക്കുന്നത്. മലയരുടെ 'തുവലുഴിയി ലും' 'നാകൂറു'മാണ് രണ്ടാം ഭാഗത്തിലെ പ്രതിപാദ്യം ആറന്മുളയപ്പ ന് തിരുനിഴൽ അർപ്പിക്കാനുള്ള ആഘോഷങ്ങൾ കവി വ്യക്തമായി വർണിക്കുന്നു. ദേവന്മാർ പന്തൽ നിർമ്മിക്കുന്നു. ദേവസ്ത്രീകളാണ് പന്തലിനകം അടിച്ചുവാരി വൃത്തിയാക്കുന്നത്. തിരുനിഴലിനുള്ള സം വിധാനങ്ങൾ ഒരുക്കിയപ്പോൾ ആറന്മുളയപ്പൻ പന്തലിനുള്ളിൽ എഴു ന്നള്ളി ഉപവിഷ്ടനാകുന്നു. ഋഷിമാരും ഉപദേവന്മാരും വാദ്യങ്ങളുടെ അകമ്പടിയോടെ മലയരും എത്തിച്ചേരുന്നു. മലയർ ആറന്മുള ശ്രീ കൃഷ്ണനെ സ്തുതിക്കുന്നു. ലക്ഷ്മിദേവി, സീതാദേവി, പാർവതി ദേവി എന്നിവരോട് തുവലുഴിയാനും ശചീദേവിയോട് മണിമുഴക്കാ നും അഭ്യർത്ഥിക്കുന്നു. ആദിത്യൻ, അഗ്നി, ഇന്ദ്രൻ, നിരൃതി, യമൻ, വരുണൻ, കുബേരൻ, വായു, ശിവൻ, ഗണപതി, ഷണ്മുഖൻ എന്നി വർ നാകൂർ (നാവല) നടത്തുന്നു. ദേവഗണങ്ങളോടൊപ്പം ഋഷിമാർ, മലയർ, ഊരാളികൾ, നാടികൾ, തളിയന്മാർ, ഓതിക്കന്മാർ തുടങ്ങിയ മനുഷ്യവിഭാഗങ്ങളും കഥാപാത്രങ്ങൾ ആകുന്നു. ദേവമനുഷ്യസംഗമ ത്തിന്റെ ആഹ്ലാദസന്ദർഭത്തിൽ തുവലുഴിയലും നാകൂറും നടത്തുന്നു. നാകൂർ കേട്ട് ആറന്മുളയപ്പൻ പള്ളികൊണ്ടതായി പറഞ്ഞുകൊണ്ട് രണ്ടാം ഭാഗം അവസാനിപ്പിക്കുന്നു. മലയർ ആറന്മുള അപ്പന് നൽകുന്ന ബലിയുടെ വർണനയാണ് മൂന്നാം ഭാഗം. കാവ്യത്തിന്റെ പകുതിയോ ളം ഭാഗം മൂന്നാം ഭാഗമാണ്. നാല് ദിക്കുകളിലെയും ബലിയർപ്പിക്കൽ സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു. ഉച്ചബലി, കളമൂട്ടുബലി എന്നിവ യാണ് പ്രധാനബലികൾ. ബ്രഹ്മാവ്, ശിവൻ, ഇന്ദ്രൻ ആദിയായ ദേവ ന്മാരും നാരദൻ തുടങ്ങിയ മഹർഷിമാരും ആറന്മുളയെ അനുഗ്രഹിച്ച് ദേവലോകത്തേക്ക് മടങ്ങിയതായി വിവരിച്ചുകൊണ്ട് ഫലശ്രുതിയോ ടെ കാവ്യം അവസാനിപ്പിക്കുന്നു.

- ശ്രീകൃഷ്ണഭഗ വാന് (ആറന്മുള യപ്പന്) മലയർ നൽകുന്ന ബലി

### കാലം

'തിരുനിഴൽമാല'യുടെ രചനാകാലം അവിതർക്കിതമായി പറയാൻ സാധ്യമല്ല. ക്രിസ്തുവർഷം 1200-നും 1300 -നും മധ്യേയായിരിക്കാം എന്നാണ് ഡോക്ടർ എം. എം. പുരുഷോത്തമൻ നായർ അനുമാനിക്കു ന്നത്. കൃതിയിൽ നിന്ന് ലഭിക്കുന്ന ആഭ്യന്തര തെളിവുകളുടെ അടി സ്ഥാനത്തിലാണ് അത്തരത്തിലുള്ള ഒരു നിഗമനത്തിൽ എത്തിച്ചേർ ന്നിരിക്കുന്നത്. 'തിരുനിഴൽമാല'യിൽ പ്രതിഫലിക്കുന്ന സാമൂഹിക ക്രമങ്ങളും കൃതിയുടെ ശില്പവും മധ്യകാല മണിപ്രവാളത്തിന്റെ സ്വ ഭാവത്തിലുള്ളതാണ്. പന്നിയൂർ ഗ്രാമക്കാരും ചോകിരം ഗ്രാമക്കാരും

തമ്മിലുള്ള ശത്രുതയെക്കുറിച്ച് ഈ കൃതിയിൽ പരാമർശം ഉണ്ട്. 'ഉണ്ണിച്ചിരുതേവീചരിത'ത്തിലും 'ലീലാതിലക'ത്തിലും ഈ ഗ്രാമക്കാരുടെ ശത്രുതയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. എന്നാൽ പതിമൂന്നാം ശതകത്തിന്റെ ആദ്യപാദത്തിൽ എഴുതപ്പെട്ട 'വീരരാഘവ പട്ടയ'ത്തിൽ ഇവരെ സാക്ഷികളായി ചേർത്തിരിക്കുന്നു. ഒരുപക്ഷേ ആ കാലഘട്ടത്തിൽ അവർ രമ്യതയിലായിരുന്നിരിക്കാം. അതിനു ശേഷം പതിമൂന്നാം ശതകത്തിന്റെ അന്ത്യപാദത്തിൽ ആയിരിക്കാം ഇവർ ശത്രുക്കളായി മാറിയത്. വീണ്ടും ഇവർ ശത്രുക്കൾ ആകുന്നത് പതിനാലാം ശതത്തിന്റെ ആരംഭത്തിലാണ്. ഇതിൽ നിന്നും വ്യക്തമാകുന്നത് 'ലീലാതിലകം', 'ഉണ്ണിച്ചിരുതേവീചരിതം', 'തിരുനിഴൽമാല' ഇവയൊക്കെ രചിക്കപ്പെടുന്നത് ഒരേകാലഘട്ടത്തിലാണ്. അത് ഏറെക്കുറെ പതിമൂന്നാംശതകത്തിന്റെ അവസാനത്തിലാണ്. 'തിരുനിഴൽമാല' എഴുതിയ കാലത്ത് മഹോദയപുരം ഭരിച്ചിരുന്നത് ചേരചക്രവർത്തികൾ ആണ്. കൊടുങ്ങല്ലൂരിന്റെ പ്രശസ്തിയെക്കുറിച്ചുള്ള സൂചന കൃതിയിലുണ്ട്. 'കൊടും കൊല്ലൂരെല്ലോവെന്നിക്കൊടിക്കൂറ തുള്ളുമേടം' എന്നു തുടങ്ങുന്ന ഒന്നാംഭാഗത്തിലെ വർണന കൊടുങ്ങല്ലൂരിന്റെ പ്രശസ്തി ഏറെയുണ്ടായിരുന്ന കാലത്തെ സൂചിപ്പിക്കുന്നു. മാത്രമല്ല ചേരമാന്റെ ഉപദേശകന്മാരായ നാലുതളിയും എൺമർ സാമന്തരും ഈ കൃതിയിൽ പരാമർശരാകുന്നുണ്ട്. ഈ കാലഘട്ടത്തിൽ കൊടുങ്ങല്ലൂരിന്റെ പതനം പൂർണമായിരുന്നില്ല എന്ന് വേണം അനുമാനിക്കാൻ. അതിനാൽ AD 1300-ന് അടുത്താണ് ഈ കൃതി രചിച്ചതെന്ന് ഏറെക്കുറെ അനുമാനിക്കാം.

- ▶ തിരുനിഴൽമാലയിലെ സാമൂഹികക്രമവും ശില്പവും മധ്യകാല മണിപ്രവാളത്തിന്റേതാണ്

### ഭാഷ

ദ്രാവിഡ കാവ്യപാരമ്പര്യത്തിന്റെ പിന്തുടർച്ച ഉള്ള കൃതിയാണ് 'തിരുനിഴൽമാല'. ഉടൽ കൊണ്ട് എന്ന പോലെ ഉയിരുകൊണ്ടും ഇത് തനി ദ്രാവിഡകൃതിയാണ്. പാട്ടിന്റെ ലക്ഷണം ഭാഷാപരമായും സാഹിത്യപരമായും പൂർണമായും യോജിക്കുന്ന കൃതിയാണിത്. 'രാമചരിത'ത്തിന്റെ ഭാഷയോട് പൂർണമായി അടുത്തു നിൽക്കുന്നുണ്ട്. മാത്രമല്ല ദ്രാവിഡ കവിതയാണ് താൻ എഴുതുന്നതെന്ന് കവി വ്യക്തമാക്കുകയും ചെയ്യുന്നുണ്ട്.

- ▶ ദ്രാവിഡ കാവ്യപാരമ്പര്യത്തിന്റെ തുടർച്ച

'അകത്തിയെൻ താൻ തമിഴ് കവി നെറിയുരെയ്ത്താൻ
അത്തമിഴ്ക്കവിത തന്നെയഴകെഴക്കംപനാ ടെൻ
വിത്തരിത്തവെനിതന്നിൽ വിലവേറില്ലെനച്ചമത്താൻ
തല മെഴും നലം പൊലിന്ത തമിഴ്ക്കവിതന്ന പ്പിന്ന
മലനാടു തന്നിൽ നിന്നു മറുവും കുറുമൂർപള്ളി
തങ്ങളാലായ വണ്ണം ചമത്തുടെൻ നികെൾ ത്തിനാരേ'

ഈ വരികളിലൂടെ വ്യക്തമാകുന്ന പ്രധാനവസ്തുത അഗസ്ത്യനാണ് തമിഴ് കവിതയുടെ ആരംഭ കർത്താവ്. കമ്പർ അതിനെ പുഷ്ടിപ്പെടുത്തി. മലനാട്ടിൽ കവിത ആരംഭിച്ചത് കുറുമൂർപള്ളി തങ്ങളാണെന്ന് കവി പറയുന്നു. കുറുമൂർപള്ളി തങ്ങൾ ആരാണെന്നതിനെക്കുറിച്ച് ഇപ്പോഴും ചരിത്രകാരന്മാർ വ്യക്തമായ വിവരങ്ങൾ നൽകിയിട്ടില്ല. മലനാട്ടിലെ മറ്റ് കവികളെക്കുറിച്ച് ഒന്നും സൂചനയുമില്ല. എന്തായാലും ദ്രാവിഡപാരമ്പര്യത്തിൽ ആണ് താൻ കവിത എഴുതുന്നതെന്ന് കവി



SGOU

വ്യക്തമാക്കിയിരിക്കുന്നു. മലയാളവും തമിഴും സംസ്കൃത തൽസമ തത്ഭവ പദങ്ങൾ ധാരാളം ഉപയോഗിച്ചുകൊണ്ടുള്ള കാവ്യരചനാരീതിയാണ് 'തിരുനിഴൽമാലാ'കാരൻ സ്വീകരിച്ചിരിക്കുന്നത്. നമ്മുടെ ഭാഷയിൽ ഇന്ന് പ്രചാരത്തിൽ ഇല്ലാത്തതും അർഥഗ്രഹണത്തിന് ബുദ്ധിമുട്ടുള്ളതുമായ നിരവധി പദങ്ങൾ ഈ കവിതയിലുണ്ട്. മണിപ്രവാള കൃതികളിൽ കാണുന്ന സന്ധിവ്യവസ്ഥകളും വ്യാകരണ വ്യവസ്ഥകളും ഇവിടെയുണ്ട്. വാക്യഘടനയിലും പദഘടനയിലും സമകാലികമലയാളത്തോട് ഏറെ ചേർന്ന് നിൽക്കുന്ന പ്രയോഗങ്ങൾ ഉണ്ടെങ്കിലും പദങ്ങളുടെയും വർണവികാരങ്ങളുടെയും കാര്യത്തിലും വ്യാകരണ കാര്യത്തിലും പ്രാചീനമലയാളത്തിന്റെ വ്യവസ്ഥയാണുള്ളത്. 12 സ്വരങ്ങളും 18 വ്യഞ്ജനങ്ങളും അടങ്ങുന്ന അക്ഷരവ്യവസ്ഥയാണ് 'രാമചരിത'ത്തെ പോലെ തിരുനിഴൽ മാലയിലും സ്വീകരിച്ചിരിക്കുന്നത്. പ്രാദേശിക ഭാഷയുടെ ഘടനയ്ക്കനുസരിച്ചുള്ള വർണവികാരങ്ങൾ പല സന്ദർഭങ്ങളിലും ഈ കൃതിയിൽ കാണാൻ സാധിക്കും. 'കേരളപാണീനിയ'ത്തിൽ ചർച്ച ചെയ്യുന്ന 'അനുനാസികാതിപ്രസരം' തുടങ്ങിയ ആറു നയങ്ങൾ ഈ കൃതിയിൽ ദീക്ഷിച്ചും ദീക്ഷിക്കാതെയും കാണുന്നുണ്ട്. ഒരുതരം അവ്യവസ്ഥിതത്വം ആ കാര്യത്തിൽ കാണാൻ കഴിയും. 'ലീലാതിലക'ത്തിൽ ചർച്ച ചെയ്യുന്ന സന്ധിവ്യവസ്ഥകൾ പലതും ഇതിലുമുണ്ട്. വിഭക്തികളുടെ കാര്യത്തിലും പല സവിശേഷതകളും 'തിരുനിഴൽമാല'യിൽ കണ്ടെത്താം. ആ കാലഘട്ടത്തിലെ ശാസനഭാഷകളിൽ കാണുന്ന വിഭക്തിപ്രത്യയങ്ങളുടെ അർഥസവിശേഷതകൾ ഇതിലും കാണുന്നുണ്ട്.

▶ തത്സമ തത്ഭവ പദങ്ങളുടെ ധാരാളിത്തം

## വിശദപഠനം

## തിരുനിഴൽമാല - ഭാഗം - ഒന്ന്

### അർദ്ധനാരീശ്വര സ്തുതി

'തിരുനിഴൽമാല' എന്ന കാവ്യത്തിന്റെ ആരംഭത്തിൽ ദേവതാസ്തുതി നടത്തുന്നുണ്ട്. ഗണപതിയെയും സരസ്വതിദേവിയെയും വന്ദിച്ചതിനുശേഷം അർദ്ധനാരീശ്വര സ്തുതി നടത്തുന്നു. അതിനുശേഷം ആറന്മുള നാരായണനെ സ്തുതിക്കുന്നു. തുടർന്ന് ആദികവിയെ അവതരിപ്പിക്കുന്നത് ഗോവിന്ദന്റെ കല്പനാചാതുരിയുടെ അകൃത്രിമലാവണ്യം വ്യക്തമാക്കുന്നു.

▶ ദേവതാസ്തുതി

'വാക്കുർ കഴനി തന്നിൽ വാല്മീകിയുഴവൻ വന്തു
കവിതയാം വിത്തുകോരിക്കരുത്തോടു വിതത്തിതത്തിൽ
വിവിതമായ് മുളത്തെഴുന്തു വിരിഞ്ഞുപോയന്തകാലം'

നലമാർന്ന നിലത്തിൽ വാല്മീകിയെന്ന ഉഴവൻ കവിതയുടെ വിത്ത് കരുത്തോടെ വിതച്ചു. അതുമുളച്ച് വിരിഞ്ഞ് എല്ലായിടത്തും പരന്നു, പ്രചരിച്ചു. അതിനെത്തുടർന്ന് പരാചരതനെയൻ (വ്യാസൻ), കാളിതൻ താതർ (കാളിയുടെ ദാസൻ), അഗസ്ത്യൻ, കമ്പർ - തുടങ്ങിയവർ കവിത രചിച്ചു കഴിഞ്ഞു. ഇനിയും കവിതയെഴുതാൻ ആരും ഒരുങ്ങിയിട്ടു കാര്യമില്ലെന്നറിയാം. എങ്കിലും

▶ വാല്മീകി, വ്യാസൻ, കാളിദാസൻ, അഗസ്ത്യർ, കമ്പർ - എന്നിവരെ സ്മരിക്കുന്നു

'പിറവിയാം കടലിൽ നിന്നു പിഴത്തുപോയ് നീന്തിച്ചെന്നാൽ
മറുകരെയേറിക്കൊൾവാൻ വഴിയിതെന്നിന്തുകൊണ്ടു
ചീർമികും നലം പൊലി തിരുവാറന്മുള വിളംകും
താർമകൾ മണാളെൻ മെയ്യിൽ തമിഴ് കവി പുകഴുന്നേനേ'

എന്നു തമിഴ് കവി പാടുന്നു. ഈ തമിഴകവിതയിൽ ഭാരതത്തെ 26 വരികളിൽ അവതരിപ്പിച്ചശേഷം കേരളോല്പത്തികഥയും കേരളത്തെ അന്തണർക്കുദാനം ചെയ്തതും തളികളുടെയും വള്ളുവനാട്, കൊടുങ്ങല്ലൂർ മുതലായ പ്രദേശങ്ങളുടെ കഥയും വിസ്തരിക്കുന്നു. അർദ്ധനാരീശ്വര സ്തുതി 'തിരുനിഴൽമാല'യിലെ പ്രധാനഭാഗമാണ്.

▶ കേരളോല്പത്തി, പ്രാദേശികചരിത്രം

## വരികൾ 10 മുതൽ 25 വരെ

'ചുരന്ത തെളിമലർ ചൊരിന്ത പുരികുഴെൽ
തുളംകും മതിയൊളി വിളംകും വളർചെട
...................................................................................
നിറന്ത മണിയൊളി പരന്ത കുളിർ കെളം
നിറം കൊൾ കടു വിടമിറം കും മറിച'

## അർഥവിശദീകരണം

| | | |
|---|---|---|
| ചുരന്ത | = | ചുരന്ന (അനുനാസികാതിപ്രസരം വരാത്ത രൂപം) |
| ചൊരിന്ത | = | ചൊരിഞ്ഞ |
| വളർചെട | = | ജട (തദ്ഭവം) |
| കുരുന്ത് മുരിക് | = | ഇളം വണ്ട് |
| കുരുൾ നിര | = | കുറുനിര |
| ഹരൻ തൻ | = | ഹരന്റെ |
| അനങ്കെൻ | = | അനംഗൻ |
| മതെന വില്ല് | = | കാമന്റെ വില്ല് |
| ചില്ലി | = | പുരികം |
| കുഴ | = | ചെവി |
| അരവം | = | പാമ്പ് |
| കെളം | = | ഗളം, കഴുത്ത് |
| ഇണം കും | = | ഇണങ്ങുന്ന |
| ചുകനിചൊൽ | = | ശുകത്തിന്റെ ശബ്ദം |
| ഉവന്ത് | = | സ്നേഹത്തോടെ |
| പുണർന്ത | = | പുണർന്ന |
| തുടിയെന്ന | = | തുടിയെന്ന പോലെ |
| കിരി | = | ഗിരി |
| കതം | = | ദേഷ്യം |
| കതളി | = | കദളിവാഴ |
| കടി | = | അരവ് |
| കടിയരവ് | = | കടിക്കുന്ന പാമ്പ് |

## ആശയവിശദീകരണം

അർദ്ധനാരീശ്വരനിലെ ഇടതു വലതു ഭാഗങ്ങളെ പ്രതിനിധീകരിക്കുന്ന പാർവതീശിവന്മാരുടെ ശരീരപ്രകൃതിയെയാണ് ഇവിടെ മനോഹരമായി വർണിക്കുന്നത്. കേശാദിപാദ വർണനയാണ്. തേൻ പൊഴിയുന്ന പൂക്കൾ ചൂടിയ ചുരുൾ മുടി. പ്രഭ ചൊരിയുന്ന ചന്ദ്രക്കലയണിഞ്ഞ മനോഹര ജട. കുളിർമയുള്ള വെൺമയാൽ വളർന്ന ശിരസ്. ഇളംവണ്ടുകളെപ്പോലെ നിരന്ന കുറുനിര. ശിവന്റെ വിരലാൽ തൊട്ട തൊടുകുറി. കാമനെ ദഹിപ്പിച്ച മികവുറ്റ അഗ്നിക്കണ്ണ്. കാമന്റെ വില്ലൊത്ത പുരികക്കൊടി. കാതോളം പോന്ന നീണ്ട മിഴി. ഏഴു ലോകങ്ങളെയും കടാക്ഷിക്കുന്ന മിഴി. സ്വർണാഭരണത്താൽ പ്രകാശിക്കുന്ന ചെവി. കുയിൽ നാദതുല്യമായ ശബ്ദം. അലകടലിന് തുല്യം ഗർജിക്കുന്ന ശബ്ദം. രത്നാലംകൃതമായ കുളിർഗളം. കടുനിറമുള്ള കൊടും വിഷം ഇറക്കുമ്പോൾ ഇടറുന്ന കണ്ഠം.

▶ ശിവന്റെ കേശാദി പാദ വർണ്ണന

## വരികൾ 26 മുതൽ 45 വരെ

‘കരന്ത ചെറുകിളിയിരുന്ത കരതലം
കലർന്ത ചുകനി ചൊൽ പൊലിന്ത കരതലം
.................................................................................
തുടർന്തു വര പൊരുൾ തെരിന്തകവി മഴ
ചുരന്തു തരുംവരംവിരന്തു തരികവേ’

## അർഥവിശദീകരണം

| | | |
|---|---|---|
| കുഴ | = | കാത് |
| ഉരന്ത | = | ഉരഞ്ഞ (സ്പർശിച്ച) |
| വല്ലും | = | ചുറ്റുന്ന |
| കടിയരവ് | = | കടിക്കുന്ന സർപ്പം |
| അരവ് | = | സർപ്പം |
| വളർ | = | വലിയ |
| പൊരുന്തി | = | യോജിച്ച് |
| കുരൽ | = | കണ്ഠം |
| കെളം | = | ഗളം |
| മിടറ് | = | കഴുത്ത് |
| ഇച | = | ശബ്ദം |
| കരന്ത | = | പ്രവേശിച്ച |
| പൊലിഞ്ഞ | = | വർധിച്ച |
| നറവ് | = | തേൻ |
| ഉവന്തു | = | സ്നേഹിച്ച് |
| ഉവക്കുക | = | സ്നേഹിക്കുക |
| വര | = | പർവതം |
| ഉരം | = | ഉരസ്സ് (മാറിടം) |
| തുകിൽ | = | വസ്ത്രം |

| | | |
|---|---|---|
| കതം | = | കോപം |
| കൊടുവിന | = | ദുഷ്കൃതം |
| ചിവനെ | = | ശിവനെ |
| കവിമഴ | = | കവിതാ വർഷം |

### ആശയവിശദീകരണം

അർദ്ധനാരീശ്വര വർണനയായതിനാൽ തന്നെ ശിവനേയും പാർവതിയേയും മാറിമാറി വർണിക്കേണ്ടിവരുന്നു. ഒന്ന് ചെറുകിളികളിരിക്കുന്ന കരതലമാണെങ്കിൽ മറ്റൊന്ന് കിളിക്കൊഞ്ചലാൽ ശോഭിക്കുന്ന കൈയാണ്. ഒരു മാറിടം മൃദുലമാണെങ്കിൽ മറ്റൊന്ന് ദൃഢമാണ്. അരക്കെട്ട് പട്ട് വസ്ത്രത്താൽ ഉള്ളതും മറ്റൊരു ഭാഗം പുലിത്തോലണിഞ്ഞതുമാണ്. ഒന്ന് വാഴപോലും തോല്ക്കുന്ന തുടയഴകാണെങ്കിൽ, മറ്റേത് ദൃഢമാണ്. പാർവതിയുടെ കാൽപാദം കൈതമൊട്ടുപോലെ മൃദുവാണ്. സർപ്പങ്ങൾക്ക് തുല്യമാണ് ശിവന്റെ കാൽപാദം. പാർവതിയോടൊപ്പം ചേർന്നിരിക്കുന്ന ശിവന്റെ അനുഗ്രഹം കവിതാമഴ പെയ്യിക്കുന്നതിന് എന്നിൽ ചൊരിയേണം.

- കവിതാരചനയ്ക്ക് ശക്തിതരണമേയെന്ന് അപേക്ഷിക്കുന്നു

## കാവ്യാവലോകനം

തിരുവാറന്മുളയപ്പന്റെ മാഹാത്മ്യം പ്രകീർത്തിക്കുന്ന കൃതിയാണ് 'തിരുനിഴൽമാല'. ആറന്മുള ഏറെ പ്രസിദ്ധമായ വൈഷ്ണവക്ഷേത്രമാണ്. വൈഷ്ണവർക്ക് 108 തിരുപ്പതികങ്ങളുള്ളതിൽ 13 എണ്ണം കേരളത്തിലാണ്. അതിൽ ഒന്നാണ് ആറന്മുള. തിരുവാറന്മുളക്ഷേത്രത്തിലെ ശ്രീകൃഷ്ണഭഗവാന് മലയർ നൽകുന്ന ബലിയാണ് മാലയിലെ മുഖ്യപ്രതിപാദ്യം. പ്രാചീനമണിപ്രവാളചമ്പുക്കളിൽ (ഉണ്ണിയച്ചീചരിതം, ഉണ്ണിച്ചിരുതേവീചരിതം) കാണുന്ന തരത്തിലുള്ള അർദ്ധനാരീശ്വര വർണനയാണിത്. പാട്ടും മണിപ്രവാളവും ഒരേ സാംസ്കാരിക ധാരയുടെ വ്യത്യസ്ത ഭാഷാകാവ്യരൂപങ്ങളാണ് എന്നതിന് വേറെ തെളിവിന്റെ ആവശ്യമില്ല. മണിപ്രവാളം ത്രൈവർണികരുടെയും പാട്ട് ശൂദ്ര/അമ്പലവാസി ജനവിഭാഗങ്ങളുടെയും സാഹിത്യമായിരുന്നതിനാലാണ് ഇത്തരം സമാനത ഉണ്ടാകുന്നത്. 'ദ്രമിഡസംഘാതാക്ഷര'മെന്ന വ്യവസ്ഥയൊഴിച്ചാൽ 'തിരുനിഴൽമാല'യിലെ പ്രതിപാദ്യവും പശ്ചാത്തലവും ഒക്കെ മണിപ്രവാളത്തിന്റേതാണ്. മണിപ്രവാള സംസ്കാരം പ്രകടമെന്ന് വ്യക്തം. അർഥഗ്രഹണത്തിന് പ്രയാസകരമായ പല പദങ്ങളും പ്രയോഗങ്ങളും ഈ ഭാഗത്തുണ്ട്. ഇന്നത്തെ മലയാള ഭാഷയ്ക്ക് അന്യമായതും ലുപ്തപ്രചാരമായതുമായ നിരവധി പദങ്ങൾ കാണാം. ഉദാത്തമായ കവിതാമഴ (കവിമഴ)യാണ്, താൻ ഉദ്ദേശിക്കുന്നതെന്ന ആശയം സമകാലികമായ ഇതരകൃതികളിൽ ഒന്നും കാണാത്തതാണ്.

- തിരുനിഴൽമാല മണിപ്രവാള സംസ്കാരവും പ്രകടമാക്കുന്നു

പാട്ടിനു വിഷയം ഇതിഹാസവും പുരാണവുമല്ല. പ്രാദേശികമായ ആചാരങ്ങളും ആരാധനാരീതികളും പ്രതിഭാശാലിയായ ഗോവിന്ദൻ (അന്നു കോയിന്നൻ എന്നാകണം പേര്) പാടി. ഇത്രയും കാലം ഈ പാട്ടു നിലനിന്നത് സാഹിത്യപരമായ മേന്മ കൊണ്ടാണ്. 'രാമചരിത'ത്തിൽ ആര്യവംശമഹാഗാഥയാണു ചീരാമൻ സ്വീകരിച്ചതെന്ന പ്രത്യേകത നാട്ടുകാർക്കിടയിൽ വളരെക്കാലം പ്രസ്തുത കൃ

തി പ്രചരിക്കാൻ കാരണമായെന്നു പറയുന്നു. എന്നാൽ വൈഷ്ണ ക്ഷേത്രങ്ങളിൽ നടക്കുന്ന ചടങ്ങിൽ ശിവന്റെ അനുഗ്രഹവും തേടു ന്നു എന്ന സവിശേഷതയും ഈ കാവ്യത്തിലുണ്ട്. അതുതന്നെയാണ് 'തിരുനിഴൽമാല'യിലെ അർദ്ധനാരീശ്വര വർണ്ണനയുടെ സവിശേഷത. സാഹിത്യപരമായും ഭാഷാപരമായും ചരിത്രപരമായും പ്രാധാന്യ മുള്ള പാട്ടുകൃതിയാണിത്. സാഹിത്യമേന്മയിലും 'രാമചരിത'ത്തിനു സമശീർഷമാകുന്ന ഈ പാട്ട് ഭാഷാപരമായ പ്രത്യേകതകളാൽ പാട്ടു പ്രസ്ഥാനത്തിന് വിലയേറിയ മുതൽക്കൂട്ടായി. എന്നാൽ 19-ാം ശതക ത്തിൽ 'രാമചരിത'വും 20-ാം ശതകത്തിൽ 'തിരുനിഴൽമാല'യും മാ ത്രമേ നമുക്കു കണ്ടെടുക്കാൻ കഴിഞ്ഞിട്ടുള്ളൂ.

- പാട്ടു പ്രസ്ഥാന ത്തിന് വിലയേറിയ മുതൽക്കൂട്ടാണ് തി രുനിഴൽമാല

## Summarised Overview

നമ്മുടെ പ്രാചീന സാഹിത്യത്തിലെ കനപ്പെട്ട ഈടുവയ്പ്പാണ് 'തിരുനിഴൽമാല'. പാട്ട് പ്രസ്ഥാനത്തിലെ ഇതരകൃതികളെ അപേക്ഷിച്ച് രൂപവും പ്രമേയവും തനി തദ്ദേശീയമാണ്. അപ്രകാരം ഉടലുകൊണ്ടും ഉയിരുകൊണ്ടും ദ്രാവിഡസംസ്കാരത്തെ പ്രതിനിധാനം ചെയ്യുന്ന മഹത്തായ കൃതിയാണ് 'തിരുനിഴൽമാല'. മികവുറ്റ സാഹിത്യകൃതി എന്നതുപോലെ ചരിത്ര പരമായും സാംസ്കാരികമായും ഏറെ പ്രാധാന്യമുള്ള ഈ കൃതിയെ മലനാടിന്റെ പ്രാചീന സംസ്കൃതിക്ക് ഒരു നിദർശനമായി സ്വീകരിക്കാം. പ്രമേയം, ആഖ്യാനം, ഭാഷ എന്നിവയിൽ എല്ലാം ഏറെ സവിശേഷതയും തനിമയും നിലനിർത്തി കൊണ്ടാണ് ഗോവിന്ദൻ കാവ്യരചന നിർവഹിക്കുന്നത്. മലയാളത്തിൽ ലഭ്യമായിട്ടുള്ള പാട്ടുകൃതികളിലെല്ലാം ആര്യപുരാണത്തെ വിവർത്തന രൂപത്തിൽ ആവിഷ്കരിക്കുകയാണ് ചെയ്തിട്ടുള്ളത്. അതിൽ നിന്ന് വ്യത്യസ്തമാ യി തദ്ദേശീയ ഇതിവൃത്തത്തെ സമർഥമായി ഉപയോഗപ്പെടുത്തി, രൂപപ്പെടുത്തിയതാണ് ഈ കൃതി. ദ്രാവിഡസംസ്കാരത്തിന്റെ ലയവും താളവും ഒത്തിണങ്ങിയ നിരവധി വൃത്തങ്ങളെ സ്വീ കരിച്ചുകൊണ്ടാണ് ഈ കൃതിയുടെ രചന നിർവഹിച്ചിരിക്കുന്നത്.

കാവ്യകല്പനയിലും വർണ്ണനയിലും സവിശേഷ പ്രാഗൽഭ്യം ഉള്ള കവിയാണ് ഗോവിന്ദൻ എന്ന് കവിതയിലെ ഓരോ സന്ദർഭവും തെളിയിക്കുന്നു. അനുഷ്ഠാനത്തിന്റെയും നാടോടിസം സ്കാരത്തിന്റെയും ചേരുവകൾ യഥേഷ്ടം ഇവിടെയുണ്ട്. സാധാരണ ജനങ്ങളുടെ ജീവിതവുമാ യി കാവ്യത്തിന് അടുത്ത ബന്ധമുണ്ട്. ആറന്മുള ഗ്രാമത്തിന്റെ ജനജീവിതവുമായി ബന്ധപ്പെട്ട വിശ്വാസവും ആചാരാനുഷ്ഠാനങ്ങളും ഒക്കെ ഈ കൃതിയിൽ വേണ്ടത്ര പ്രകടമാക്കിയിട്ടുണ്ട്. കേരളത്തിന്റെ പ്രകൃതി വൈവിധ്യത്തെ സൗന്ദര്യത്തെ ഇത്ര അന്യാദൃശപാടവത്തോടെ ആവി ഷ്കരിച്ചിരിക്കുന്ന മറ്റൊരു പ്രാചീന കൃതി ഇല്ല. ഗോവിന്ദൻ തന്റെ കവിതയുടെ സമ്പുഷ്ടിയ്ക്കു വേണ്ടി ഔചിത്യപൂർവ്വം പദങ്ങളെ സന്നിവേശിപ്പിക്കാനുള്ള വൈദഗ്ധ്യവും പ്രകടമാകുന്ന നിരവ ധി സന്ദർഭങ്ങൾ കവിതയിൽ ഉണ്ടെങ്കിലും ആറന്മുള ഗ്രാമത്തിന്റെ സൗന്ദര്യം ആവിഷ്കരിക്കുന്ന ഭാഗം ഏറെ ശ്രദ്ധേയമാണ്. ആറന്മുള ഗ്രാമത്തിന്റെ വർണ്ണനയിൽ കവിയുടെ ചായക്കൂട്ടിന് നിറം കൂടുന്നുണ്ട്. അതിശയോക്തിയും അത്യുക്തിയും ഒരു മടിയും ഇല്ലാതെ കവി പ്രകടിപ്പിച്ചിരിക്കു ന്നു. പമ്പാനദിയെ ആനക്കുട്ടിയായി സങ്കൽപ്പിച്ചുകൊണ്ടുള്ള ഹൃദ്യമായ വർണന മറ്റൊരു മല യാള കവിതയിലും ഇന്നോളം ദർശിച്ചിട്ടില്ല. സഹ്യന്റെ സന്താനങ്ങളായ ആനയെയും പമ്പയെയും കൂട്ടിയിണക്കുന്ന കൽപ്പനാവൈഭവത്തെ എത്ര പ്രശംസിച്ചാലും മതിയാകില്ല.

'മതമെന്നിവയെറുംതാഴ്ത്തു
വാപിളന്തിനിയ പംപാ
നതിയെന്നു മാനക്കന്ന്
നടുക്കി വന്നടുക്കുമേടം'

SGOU

രൂപകാലങ്കാരത്തിന്റെ സമർഥവും സമൃദ്ധവുമായ പ്രയോഗം ഈ സന്ദർഭത്തിൽ കാണാം. അർഥാലങ്കാരങ്ങളും ശബ്ദാലങ്കാരങ്ങളും സമഞ്ജസമായി മേളിച്ചുകൊണ്ട് നടത്തുന്ന കാവ്യ രചന ഏറെ ഹൃദ്യമാണ്. സംസ്കൃതപദങ്ങളും ഭാഷാപദങ്ങളും സഹൃദയഹൃദയാഹ്ലാദകാരി യായ വിധത്തിൽ കൂട്ടിക്കലർത്തി പ്രയോഗിക്കുന്ന പഴയ ചമ്പുകളുടെ രീതി ഈ കൃതിയിലും ഉണ്ട്. വർണനയുടെയും കാവ്യസങ്കല്പത്തിന്റെയും കാര്യത്തിൽ മണിപ്രവാളകവിതയോട് 'തി രുനിഴൽമാല'യ്ക്ക് സാധർമ്യമുണ്ട്. ഫലിത പരിഹാസങ്ങളും സാമൂഹിക വിമർശനവും മണി പ്രവാളകൃതികളിലേതു പോലെ 'തിരുനിഴൽമാല'യിലും കാണാം. വർണനയുടെ കാര്യത്തിലും മണിപ്രവാള കവിതയുടെ സ്വഭാവം പുലർത്തുന്നുണ്ട്. ആറന്മുള വർണന 'ഉണ്ണിച്ചിരുതേവി' ചരിതത്തിലെ പൊയില വർണനയ്ക്ക് തുല്യമാണ്. മൂന്നാം ഭാഗത്തിലെ മലയികളുടെ നൃത്ത വർണന വളരെ മനോഹരമാണ്. 'വാനമാം കഴെനി തന്നിൽ...' എന്ന് തുടങ്ങുന്ന വർണന ഏറെ പ്രസിദ്ധമാണ്. ആകാശമാകുന്ന വയലിൽ അന്തിയാകുന്ന ഉഴവുകാരൻ തെന്നലാകുന്ന കലപ്പ കൊണ്ട് ഉഴുത് മേഘമാകുന്ന കാടുകൾ നീക്കി നക്ഷത്രങ്ങൾ ആവുന്ന വിത്തു കോരി വിത ക്കുന്നു എന്ന വർണന അതിമനോഹരമാണ്. എന്ന് മാത്രമല്ല 'ചെറിയച്ചി' പോലുള്ള മണി പ്രവാള കൃതികളിലെ വർണനയോട് തുല്യം നിൽക്കുന്നവയുമാണ്. 'തിരുനിഴൽമാല' ഒന്നാം ഭാഗത്തിലെ ഇഷ്ടദേവതാസ്തുതിയിൽ ഉൾപ്പെടുന്ന അർദ്ധനാരീശ്വര വർണനയും 'ഉണ്ണിയച്ചീച രിത'ത്തിലെയും 'ഉണ്ണിചിരുതേവീചരിത'ത്തിലെയും അർദ്ധനാരീശ്വര വർണനയും തമ്മിൽ സാ മാന്യമായ സാദൃശ്യം കാണുന്നുണ്ട്. ഒരേ സാംസ്കാരിക ധാരയുടെ സമാന്തരകാവ്യരൂപമായി പാട്ടിനെയും മണിപ്രവാളത്തെയും പരിഗണിക്കുന്നതിന്റെ ഔചിത്യം ഇത്തരം താരതമ്യത്തിലൂ ടെ വ്യക്തമാവുന്നതുമാണ്.

ചരിത്രപരമായും സാംസ്കാരികമായും വളരെ പ്രാധാന്യം ഈ കൃതിയ്ക്കുണ്ട്. ഇതര പാട്ട് കൃതികളിൽ നിന്ന് വ്യത്യസ്തമായി സമകാലിക ചരിത്രം സവിശേഷം ചർച്ച ചെയ്യുന്നു എന്നു ള്ളത് ഈ കൃതിയുടെ മേന്മ വർദ്ധിപ്പിക്കുന്നു. പരശുരാമൻ മണിമുറം എറിഞ്ഞ് കേരളം സൃ ഷ്ടിച്ചു എന്നുള്ള പരാമർശം ഈ കൃതിയിലുണ്ട്. പരശുരാമകഥയെ കുറിച്ചുള്ള ആദ്യ സൂചന ലഭ്യമാകുന്ന പ്രാചീന കൃതിയും ഇതാണ്. കേരളത്തിന് ശൂർപ്പാകരം എന്നുകൂടി പേരുള്ളത് ഓർക്കുക. വേണാട്, ഓടനാട്, വെമ്പലനാട്, വള്ളുവനാട്, ഏറനാട് എന്നിങ്ങനെയുള്ള നാട്ടു രാജ്യപരാമർശം ചരിത്രപരമായി വളരെ പ്രാധാന്യമുള്ളതാണ്. കൊടുങ്ങല്ലൂർ, നാലുതളി, എൺമർസാമന്തർ, 64 ഗ്രാമം. പന്നിയൂർ ചോകിരം ഗ്രാമങ്ങൾ, മാമാങ്കം എന്നിങ്ങനെ കേരള ചരിത്രത്തിലേക്ക് വെളിച്ചം വീശാൻ ഉതകുന്ന നിരവധി സൂചനകൾ ഈ കൃതിയിൽ ദൃശ്യമാ ണ്. ക്ഷേത്രഭരണത്തെക്കുറിച്ചും അതിനെ നിയന്ത്രിക്കുന്ന വ്യക്തികളെക്കുറിച്ചും ഒക്കെയുള്ള വിവരണം പഴയകാല ചരിത്രത്തെ പഠന വിധേയമാക്കുന്നതിന് സഹായകമാണ്. കൂടാതെ സ്വ ദേശികളും വിദേശികളുമായ നിരവധി ജാതിയിൽ ഉൾപ്പെട്ട മനുഷ്യനെക്കുറിച്ചുള്ള പരാമർശം ഏറെ ചർച്ച ചെയ്യേണ്ടതാണ്. കോൽപാടകം, നാടകക്കൂത്ത്, നിഴൽക്കൂത്ത്, ബലി, തുകലുഴി യൽ തുടങ്ങിയ കലകളെക്കുറിച്ചുള്ള വിവരം ഈ കൃതിയിൽ നിന്ന് ലഭിക്കുന്നുണ്ട്. ഒരു കാല ഘട്ടത്തിലെ ജനജീവിതത്തെ കുറിച്ചുള്ള വ്യക്തമായ ധാരണ ഈ കൃതിയിൽ നിന്നും നമുക്ക് കിട്ടുന്നു. സാഹിത്യവിദ്യാർത്ഥികൾക്കും ആസ്വാദകർക്കും മാത്രമല്ല ചരിത്രപഠിതാക്കൾക്കും അക്ഷയ ഖനിയായി ഈ കൃതി നിലകൊള്ളുന്നു. 'രാമചരിത'ത്തോളം പ്രാചീനതയും പ്രാമാ ണികതയും 'തിരുനിഴൽമാല'യ്ക്ക് ഉണ്ടെന്നുള്ളത് അതിലെ ഓരോ ഭാഗവും തെളിയിക്കുന്നു പാട്ട്സാഹിത്യത്തിന്റെ വികാസഘട്ടത്തിലെ ഒരു സുപ്രധാന നാഴികക്കല്ലായി ഈ കൃതി നില നിൽക്കുന്നു.

## Assignments

1. പാട്ടുപ്രസ്ഥാനത്തിൽ 'തിരുനിഴൽമാല'യ്ക്കുള്ള പ്രാധാന്യമെന്ത്?
2. 'തിരുനിഴൽമാല'യുടെ ചരിത്രപരമായ പ്രാധാന്യത്തെകുറിച്ച് വിവരിക്കുക
3. 'തിരുനിഴൽമാല'യിലെ വർണ്ണനകളെക്കുറിച്ച് വിവരിക്കുക?
4. മണിപ്രവാളത്തിന്റെ സാംസ്കാരിക ധാരയിൽ രൂപപ്പെട്ട കൃതിയാണ് 'തിരുനിഴൽമാല' - വിലയിരുത്തുക.
5. 'തിരുനിഴൽമാല'യിലെ അർദ്ധനാരീശ്വര വർണ്ണനയുടെ പ്രാധാന്യമെന്ത്?
6. 'തിരുനിഴൽമാല'യിലെ ഭാഷാപരമായ സവിശേഷതകളെ കുറിച്ച് ചർച്ച ചെയ്യുക.
7. പാട്ടിന്റെ ലക്ഷണം വിവരിച്ച് 'തിരുനിഴൽമാല'യിൽ എത്രത്തോളം യോജിക്കുന്നു എന്ന് പരിശോധിക്കുക.
8. 'തിരുനിഴൽമാല'യുടെ കർത്താവിനെക്കുറിച്ചും കാലത്തെക്കുറിച്ചും വിവരിക്കുക.

## Suggested Readings


1. ഡോ. എം. എം. പുരുഷോത്തമൻ നായർ, തിരുനിഴൽമാല, സംശോധിത സംസ്കരണവും വ്യാഖ്യാനവും, സന്ധ്യ ബുക്സ്, കാലിക്കറ്റ്.
2. എം. ലീലാവതി, കവിതാ സാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
3. എരുമേലി. പരമേശ്വരൻ പിള്ള, മലയാളസാഹിത്യചരിത്രം കാലഘട്ടങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
4. ഡോ. എൻ. അജിത് കുമാർ, തിരുനിഴൽമാല ഒരു പഠനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## References


1. ഡോ. എൻ. അജിത് കുമാർ, തിരുനിഴൽമാല ഒരു പഠനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ഉള്ളൂർ എസ്. പരമേശ്വരയ്യർ, കേരള സാഹിത്യ ചരിത്രം, കേരള സർവകലാശാല പ്രസിദ്ധീകരണം, തിരുവനന്തപുരം.
3. കെ. എം. ജോർജ്, ആധുനിക സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
4. എൻ. മുകുന്ദൻ, ഗാഥ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. ഡോ. കെ. എം. ജോർജ്, (എഡി.), സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, എസ്. പി. സി. എസ്. കോട്ടയം.


SGOU

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 4

# 1. കണ്ണശ്ശന്മാർ

## Learning Outcomes

- പാട്ടുപ്രസ്ഥാനത്തിൽ കണ്ണശ്ശന്മാരുടെ പ്രാധാന്യം തിരിച്ചറിയുന്നു
- പാട്ടുഭാഷയുടെ ക്രമാനുഗതമായ പരിവർത്തനം മനസിലാക്കുന്നു
- കണ്ണശ്ശകൃതികൾക്ക് സാഹിത്യചരിത്രത്തിലുള്ള സ്ഥാനം അന്വേഷിക്കുന്നു
- ദ്രാവിഡ വൃത്തത്തിന്റെ സവിശേഷകൾ കണ്ടെത്തുന്നു
- 'കണ്ണശ്ശരാമായണം', 'ഭാഷാഭഗവദ്ഗീത' എന്നീ കൃതികളെ സവിശേഷമായി വില യിരുത്തുന്നു

## Background

### കണ്ണശ്ശന്മാർ

പാട്ടുപ്രസ്ഥാനത്തിലെ പരിവർത്തനഘട്ടത്തെ പ്രതിനിധാനം ചെയ്യുന്ന കവികളാണ് കണ്ണശ്ശന്മാർ. രാമൻ, ശങ്കരൻ, മാധവൻ എന്നിങ്ങനെ മൂന്ന് പേരാണ് ഇതിൽ ഉൾപ്പെടുന്നത്. ഇവരെ മൂന്നു പേരെയും ചേർത്ത് കണ്ണശ്ശന്മാർ എന്ന് പൊതുവേ പറഞ്ഞുവരുന്നു. എന്നാൽ വ്യത്യസ്ത ദേശങ്ങളിൽ താമസിച്ചിരുന്ന ഇവർ ഒരേ കുടുംബത്തിൽ പെട്ടവരാണെന്നവാദം 'കേരള സാഹിത്യചരിത്ര'ത്തിൽ ഉള്ളൂർ അവതരിപ്പിച്ചിട്ടുണ്ട്. 1350-നും 1450-നും മധ്യേജീവിച്ചിരുന്നവരെന്ന് ഉള്ളൂർ ഊഹിക്കുന്ന ഇവർ പരസ്പരമുള്ള ബന്ധുത്വം ഒരു കൃതിയിലും വെളിപ്പെടുത്തിയിട്ടില്ല എന്ന വസ്തുത ശ്രദ്ധേയമാണ്. അത് ഉള്ളൂരിന്റെ വാദത്തെ ഖണ്ഡിക്കുന്നു. 'കണ്ണരാമായണം' ഉത്തര കാണ്ഡത്തിന്റെ അവസാനത്തിൽ നിരണത്ത് രാമൻ തന്റെ കുടുംബ പുരാണം അവതരിപ്പിക്കുന്നുണ്ട് അതിപ്രകാരമാണ്.

'വാനുലകിനു സമമാകിയ
നിരണമഹാദേശതാൻ വന്നുളനായാ-
നൂനമിലാതമഹാ ഗുരു വരനാ-
യുഭയകവീശ്വരനായ മഹാത്മാ
മാനിതനാകിയകരുണേശൻ പര-
മാത്മാവേതാനെന്നറിവു റ്റേ,
ദീനത വാരാതേ മറ്റോരോ
ദേഹികളെപ്പോൽവാണ്ണാൻ പലനാൾ .
ആനവനിരുവർ തനൂജന്മാരുള -
രായാരവരുടെ സോദരിമാരായ്
മാനിനിമാരൊരുമൂവർ പിറന്നാർ
മറ്റതു കാലമവൻ തിരുവടിയും
താനുടനേ തന്നുടലൊടു വേറായ് -

ത്തനിയേ പരമാത്മാവേ യായാ -
നാനവനോടെതിരായ് വിദ്യാധിപ -
രായാർ പുനരവനുടെ തനയന്മാർ
തനയന്മാരവരിരുവർക്കു സഹോ -
ദരിമാരാം മൂവർക്കും മകനാ-
യനുപമയായവൾ മൂവരിലിളയവ -
ളാകിയ മാനിനി പെറ്റുള നായാൻ;
ഇനിയ മഹാദേവാജ്ഞയിനാലേ -
യിത മൊടു വാലകനാകിയ രാമൻ;
പുനരവനും നിജ പാപം കളവാൻ
പുരുഷോത്തമ കഥ ചൊൽക തുനിഞ്ഞാൻ'
(ഉത്തരകാണ്ഡം, പാട്ട് 765 - 767)

ഈ പാട്ടുകളിൽ നിന്നും വ്യക്തമാവുന്നത് രാമൻ തന്റെ കുടുംബത്തെക്കുറിച്ച് ചില സൂചനകൾ നൽകുന്നു എന്നതാണ്. അത് ഇപ്രകാരമാണ്: ദേവലോകത്തിനു തുല്യമായ നിരണ മഹാദേശത്ത് ഉഭയക വീശ്വരനായ കരുണേശൻ എന്നൊരു മഹാത്മാവുണ്ടായിരുന്നു. അദ്ദേഹത്തിന് രണ്ട് ആൺമക്കളും മൂന്ന് പെൺമക്കളുമുണ്ടായിരുന്നു. ആൺമക്കൾ അച്ഛനെ പോലെ വിദ്വാന്മാരായിരുന്നു. പെൺമക്കളിൽ ഏറ്റവും ഇളയ മകളുടെ മകനാണ് 'കണ്ണശ്ശരാമായണ'ത്തിന്റെ കർത്താവായ രാമൻ. മുകളിൽ ഉദ്ധരിച്ചിരിക്കുന്ന പാട്ടുകളിൽ ഒരിടത്തും കണ്ണശ്ശ ശബ്ദമോ പണിക്കർ എന്ന സ്ഥാനപ്പേരോ കാണുന്നില്ല. കണശ്ശൻ എന്നത് കരുണേശൻ എന്നതിന്റെ ഭാഷീകൃത രൂപമായിരിക്കാം. അല്ലെങ്കിൽ കണ്ണശ്ശൻ എന്നതിന്റെ സംസ്കൃതീകൃത രൂപമായിരിക്കാം കരുണേശൻ. മലയിൻകീഴ്കാരനായ മാധവനെക്കുറിച്ചും (മലയിൻകീഴ് തിരുമാതിൻ വല്ലഭനരുളാലേ മാധവനഹമിടർ കളവാൻ - 'ഭാഷാഭഗവദ്ഗീത') വെള്ളാങ്ങല്ലൂർകാരനായ ശങ്കരനെക്കുറിച്ചും (ഇതിവെള്ളാങ്ങല്ലൂർ ശങ്കര വിരചിതം 'ഭാരതമാലായാം സ്വർഗാരോഹണപർവം'സമാപ്തം)പരാമർശമില്ല. എന്നാൽ ഇവർ മൂവരെയും ചേർത്ത് കണ്ണശ്ശകവികൾ അല്ലെങ്കിൽ നിരണംകവികൾ എന്ന് സംബോധന ചെയ്യുന്നുണ്ട്. അപ്രകാരം ഒരു ചിന്തയ്ക്ക് അടിസ്ഥാനമായത് ഉള്ളൂരിന്റെ ചില നിഗമനങ്ങളാണ്. അദ്ദേഹം മേൽ പ്രസ്താവിച്ച പാട്ടിന്റെ അടിസ്ഥാനത്തിൽ മൂവരേയും ചേർത്ത് കുടുംബബന്ധം സൃഷ്ടിക്കുകയാണ് ചെയ്തത്. കരുണേശന്റെ രണ്ട് ആൺമക്കളാണ് ശങ്കരനും മാധവനും എന്ന് അദ്ദേഹം സ്ഥാപിച്ചു. അങ്ങനെയാകുമ്പോൾ രാമന്റെ അമ്മാവന്മാരാകുന്നു. ഈ കഥയ്ക്ക് മറ്റ് അടിസ്ഥാന തെളിവുകൾ ഒന്നുമില്ല. രാമനോ ശങ്കരനോ മാധവനോ ഒരിടത്തും ഇവർ തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഒരു സൂചനയും നൽകുന്നില്ല. മൂവർക്കും ഇഷ്ട ദേവതാസ്തുതിയിലും (മറ്റ് കവികളിൽ ഒന്നും കാണാത്ത തരത്തിൽ പരമാത്മാവിനെ സ്തുതിക്കുന്ന സമ്പ്രദായം മൂന്നു കവികളിലും കാണുന്നുണ്ട്) കൃതികളുടെ രചനാരീതിയിലും ഭാഷാപ്രയോഗത്തിലും വൃത്തത്തിലും സമാനതകളുണ്ട്. ഇവർ ജീവിച്ചിരുന്ന കാലഘട്ടവും ഏകദേശം സമാനമാണ്. ഇത്തരം വസ്തുതകൾ അല്ലാതെ മറ്റു തെളിവുകൾ ഒന്നും ഇവർ തമ്മിലുള്ള ബന്ധത്തെക്കുറിച്ച് നിലവിൽ ലഭ്യമല്ല. തൃശ്ശൂരിനടുത്തുള്ള വെള്ളാങ്ങല്ലൂരിലെ ശങ്കരനും തിരുവല്ലയ്ക്കടുത്തുള്ള നിരണം ദേശക്കാരനായ രാമനും ഭഗവത്ഗീതയിലെ സൂചന പ്രകാരം തിരുവനന്തപുരത്തിന് അടുത്തുള്ള മലയിൻകീഴിലെ മാധവനും എപ്രകാരം ഒരേ കുടുംബക്കാരായി എന്നതിന് മറ്റ് രേഖകളില്ല. ശങ്കരനോ മാധവനോ കൃതികളിൽ ഒരിടത്തും കുടുംബബന്ധം വ്യക്തമാക്കുന്നുമില്ല. എന്നാൽ ഉള്ളൂർ നിർമ്മിച്ച കുടുംബകഥപ്രചാരത്തിൽ വരികയും നമ്മൾ വിശ്വസിക്കുകയും ചെയ്തു. ഇവർ തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഉപരിഗവേഷണം നടത്തേണ്ടിയിരിക്കുന്നു.

**കാലം**

കണ്ണശ്ശകവികളുടെ കാലത്തെക്കുറിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ടെങ്കിലും ക്രിസ്തുവർഷം പതിനാലാംശതകമാണെന്ന് ഏറെക്കുറെ അനുമാനിക്കാം. എ. ഡി 1350-നും 1450-നും മധ്യേ ജീവിച്ചിരുന്ന കവികളാണ് ഇവർ എന്ന് ഉള്ളൂർ അനുമാനിക്കുന്നു. ക്രിസ്തുവർഷം പതിനാലാം ശതകത്തിന്റെ ഉത്തരാർദ്ധത്തിലും പതിനഞ്ചാം ശതകത്തിന്റെ പൂർവാർദ്ധത്തിലുമായി രാമപ്പണിക്കർ ജീവിച്ചിരുന്നതായി പുതുശ്ശേരി രാമചന്ദ്രൻ അനുമാനിക്കുന്നു.'കൃഷ്ണഗാഥാ' കാരന് കാൽനൂറ്റാണ്ട് മുമ്പു വരെ ഈ പ്രസ്ഥാനം സജീവമായിരുന്നു എന്ന് വി. ഐ. സുബ്രഹ്മണ്യം ഭാഷാശാസ്ത്ര തെളിവുകളുടെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ 'ഭാഷയും പഠനവും' എന്ന ഗ്രന്ഥത്തിൽ അഭിപ്രായപ്പെടുന്നു. കൊല്ലവർഷം ആറാംശതകമാണെന്ന് 'ഭാഷാചരിത്ര'കർത്താവായ പി. ഗോവിന്ദപിള്ള അഭിപ്രായപ്പെടുന്നു. കൊല്ലവർഷം 550-നും 650-നും മധ്യേ ആയിരിക്കാമെന്ന് ആർ. നാരായണപ്പണിക്കർ അനുമാനിക്കുന്നു. ചുരുക്കത്തിൽ 'ലീലാതിലക'ത്തിനു ശേഷവും 'കൃഷ്ണഗാഥ'യ്ക്ക് മുമ്പും രചിക്കപ്പെട്ട കൃതികളാണ് നിരണം കവിതകളെന്ന് കരുതാം.

**ഭാഷ**

നിരണംകവികളുടെ കാവ്യഭാഷയെക്കുറിച്ച് സവിശേഷ പഠനങ്ങൾ നടന്നിട്ടുണ്ട്. പാട്ട് സാഹിത്യത്തിന്റെ വളർച്ചയുടെ ഒരു സുപ്രധാന ഘട്ടത്തെ പ്രതിനിധീകരിക്കുന്ന കവികളാണ് അവർ. 'ദ്രമിഡ സംഘാതാക്ഷരനിബദ്ധ'മായിരിക്കണം പാട്ടുഭാഷ എന്ന പ്രധാന നിയമത്തെ ഈ കവികൾ ലംഘിക്കുന്നു. അതിഖരമൃദുഘോഷ ഊഷ്മാക്കളായിട്ടുള്ള സംസ്കൃത അക്ഷരമാലയിലെ പ്രധാന അക്ഷരങ്ങൾ അല്ല, യഥേഷ്ടം ഭാഷ ഉപയോഗിച്ചുകൊണ്ടുള്ള രീതിയാണ് കണ്ണശ്ശന്മാർ പൊതുവേ സ്വീകരിച്ചത്. മലയാള കാവ്യഭാഷയിൽ ആര്യഭാഷാധിനിവേശത്തിന്റെ ശക്തമായ പ്രവർത്തനം തുടങ്ങിയ ഘട്ടമാണത്. ഒരുതരത്തിൽ മലയാളഭാഷയ്ക്ക്മേൽ ആര്യാധിപത്യം പ്രകടമായത് കണ്ണശ്ശ കവിതകളിലാണ്. അത് ഭാഷയുടെ വളർച്ചയെ സൂചിപ്പിക്കുന്നു എന്നാണ് എല്ലാ പണ്ഡിതന്മാരും രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ മലയാളഭാഷയ്ക്കുമേൽ മറ്റൊരു ഭാഷ ശക്തമായ അധിനിവേശവും ആധിപത്യവും വർണതലത്തിൽ നടത്തി എന്നതിന്റെ ശക്തമായ തെളിവാണത്. തുടർന്ന് ഇങ്ങോട്ട് മലയാളഭാഷയുടെ ശക്തിയും തനിമയും സ്വതന്ത്രാസ്ഥിത്വവും നഷ്ടമായി തുടങ്ങി. ഈ ഭാഷാധിനിവേശത്തെക്കുറിച്ചുള്ള ധാരണ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

നിരണം കൃതികളിലെ ഭാഷയെക്കുറിച്ച് എൻ. കൃഷ്ണപിള്ളയുടെ അഭിപ്രായം ഇപ്രകാരമാണ്:'രാമചരിത്രത്തിലെ ഭാഷയിൽ നിന്ന് ഈ പാട്ട് സാഹിത്യകൃതികളിലെ ഭാഷക്കുണ്ടായ പരിണാമം ചരിത്രം സൃഷ്ടിച്ച ഒന്നാണ്. ഒറ്റനോട്ടത്തിൽ കടൽ പോലെയുള്ള അന്തരം തോന്നും 'രാമചരിത' ഭാഷയ്ക്കും ഈ പാട്ടുകളിലെ ഭാഷയ്ക്കും തമ്മിൽ സൂക്ഷ്മമായി നോക്കുമ്പോൾ ആ വ്യത്യാസം ഒന്ന് രണ്ട് കാര്യങ്ങളിൽ മാത്രം അന്തർഭവിക്കുന്നു എന്ന് തെളിയും. പക്ഷേ, ആ ഒന്ന് രണ്ട് കാര്യങ്ങൾ കൊണ്ട് മാത്രം പാട്ടു പ്രസ്ഥാനം ഒരു ഹനുമാൻ ചാട്ടം തന്നെ മുന്നോട്ടു ചാടിക്കളഞ്ഞു. സംസ്കൃതാക്ഷരമാലയ്ക്ക് പാട്ട് കവികൾ കൽപ്പിച്ചിരുന്ന അയിത്തം നീക്കി, അതിഖരമൃദുഘോഷോഷ്മാക്കളായ സംസ്കൃത അക്ഷരങ്ങൾ ചേർന്ന സംസ്കൃത പദങ്ങൾ തൽസമങ്ങളായി തന്നെ നിർബാധം ഉപയോഗിക്കുന്ന പതിവ് ഈ പാട്ടുകളാണ് മലയാളത്തിൽ ഉദ്ഘാടനം ചെയ്തതും പ്രചരിപ്പിച്ചതും ആ രീതിക്ക് ഒരു മാന്യപദവി സമ്പാദിച്ചു കൊടുത്തതും'.

സ്വാഭാവികമായും ഇത്തരം നിരീക്ഷണങ്ങളാണ് ഈ കൃതികളിലെ ഭാഷയെക്കുറിച്ച് നിലവിലുള്ളത്. 'രാമചരിത'ത്തിൽ കാണുന്ന പഴയ മലയാള പദങ്ങളും പ്രയോഗങ്ങളും നിരണം കൃതികളിലും ഉണ്ട്. സംസ്കൃത സമ്പർക്കം കൊണ്ട് മലയാളത്തിന് പുതുതായി ലഭിച്ച അക്ഷരങ്ങൾ കൊണ്ട് പുതിയ പദങ്ങൾ പ്രയോഗിക്കാൻ ഈ കവികൾ ശ്രമിക്കുന്നുണ്ട്. അതുപോലെ സംസ്കൃത വ്യാകരണ വ്യവസ്ഥയനുസരിച്ച്, വിഭക്ത്യന്തസംസ്കൃത പദങ്ങളും വിശേഷണ

വിശേഷ പൊരുത്തവും ഒക്കെ യഥേഷ്ടം ഈ കൃതികളിലുണ്ട്. 'ഭാഷാരീതിയെ സംബന്ധിച്ചിടത്തോളം മാത്രം എന്ന വകുപ്പിലാണ്' നിരണം കൃതികൾ ഉൾപ്പെടുന്നതെന്ന് കെ. ഗോദവർമ്മ പ്രസ്താവിക്കുന്നു. നിരണം കൃതികളിലെ ഭാഷാസാങ്കര്യം തമിഴ് – മലയാളരൂപമായ ഭാഷയുടെയും സംസ്കൃതത്തിന്റെയും കലർപ്പാണെന്ന് അവയിലെ ഏത് ഭാഗവും തെളിയിക്കുന്നുണ്ട്. ദ്രാവിഡ ഭാഷാരീതി അനുസരിച്ചുള്ള വ്യാകരണ സമ്പ്രദായങ്ങൾ ഈ കൃതികളിലുണ്ട്. കേരളപാണിനി പറയുന്ന ആറ് നയങ്ങൾ അവ്യവസ്ഥയോടെ കാണുന്നു. സ്വാഭാവികമായും അനുനാസികാതിപ്രസരം വന്നരൂപങ്ങളും വരാത്ത രൂപങ്ങളും ധാരാളമുണ്ട്. ഭാഷാസന്ധി വ്യവസ്ഥ അനുസരിച്ചുള്ള പ്രയോഗങ്ങളും സംസ്കൃത സന്ധി നിയമങ്ങൾ കൊണ്ട് വിശദീകരിക്കാവുന്ന പ്രയോഗങ്ങളും ഒരുപോലെ പ്രയോഗിച്ചിരിക്കുന്നു. പുരുഷപ്രത്യയങ്ങൾ ചേർന്ന പ്രയോഗങ്ങളാണ് കൂടുതലായി കാണുന്നത്. സംസ്കൃതാക്ഷരമാലയിലെ അക്ഷരങ്ങൾ എല്ലാം സ്വീകരിച്ച ഒരു കാലഘട്ടത്തിലെ ഭാഷയായതിനാൽ ധാരാളം പുതിയ പദങ്ങൾ ഉണ്ട്. സന്ധ്യക്ഷരങ്ങൾ സന്ധി നിയമങ്ങൾ വിഭക്ത സംസ്കൃത പ്രയോഗങ്ങൾ ക്രിയാരൂപങ്ങൾ അവ്യയങ്ങൾ പുതുസമാസങ്ങൾ പ്രയോഗ ശൈലികൾ തുടങ്ങി പല മേഖലകളിലും പുതിയ ഭാഷാവ്യവസ്ഥ സ്വീകരിച്ചവരാണ് കണ്ണശ്ശന്മാർ. അക്കാലത്തെ വ്യവഹാര ഭാഷയിലും കാവ്യഭാഷയിലും ഉണ്ടായിരുന്ന ഭാഷാരീതികളെ തന്നെയാണ് ഒരു പരിധിവരെ കണ്ണശ്ശൻമാരും സ്വീകരിച്ചത്. പുതിയ ഭാഷ സൃഷ്ടിക്കുകയല്ല, മറിച്ച് നിലവിലുണ്ടായിരുന്ന ഭാഷയെ അവരുടെ കാവ്യരചനക്ക് അനുയോജ്യമായ തരത്തിൽ നവീകരിച്ച് ഉപയോഗിക്കുകയാണ് കണ്ണശ്ശന്മാർ ചെയ്തത്.

**വൃത്തം**

നിരണം വൃത്തം എന്ന് പൊതുവേ അറിയപ്പെടുന്നത് മലയാളഭാഷയിലെ മലയാളത്തനിമയുള്ള 'തരംഗിണി' വൃത്തമാണ്. ശങ്കരനും മാധവനും രാമനും ഉപയോഗിച്ചത് ഒരേ വൃത്തമാണ്. വൃത്തൈക്യം മൂവരുടെയും സവിശേഷതയാണ്. അൽപ്പവ്യതിയാനത്തോടുകൂടി ആറ് വൃത്തങ്ങൾ വരെ ഉപയോഗിച്ചിട്ടുണ്ടെങ്കിലും തരംഗിണിയാണ് മുഖ്യം. രണ്ടുമാത്രവീതം വരുന്ന 8 ഗണവും നടുക്ക് യതിയും ഉള്ള ഈരടിവൃത്തമാണ് തരംഗിണി. എന്നാൽ കണ്ണശ്ശ കൃതികൾ/നിരണം കൃതികളിൽ ഇരട്ടിച്ച തരംഗിണിയാണ് കാണുന്നത്. ഒരു പാദത്തിൽ 32 മാത്ര ഉണ്ടാകും. ഈരടിക്കുപകരം ചതുഷ്പ്പദികളാണ് നിരണം കൃതികളിൽ കാണുന്നത്. ഒരു പാട്ടിൽ നാലുവരി ഉണ്ടാകും. 32 മാത്രയുള്ള തരംഗിണിയെ 16 മാത്ര വീതമുള്ള തരംഗിണി രൂപത്തിൽ കുഞ്ചൻ നമ്പ്യാർ തുള്ളൽ കൃതികളിൽ പ്രയോഗിച്ചിട്ടുണ്ട്. ഭാഷാവൃത്തങ്ങളിൽ വളരെ പ്രധാനപ്പെട്ട കേരളീയ ജീവിതത്തിന്റെ താളമുള്ള വൃത്തമാണ് തരംഗിണി.

## Keywords

കണ്ണശ്ശന്മാർ – പാട്ടു സാഹിത്യത്തിന്റെ പരിണാമം – ഭാഷ – വൃത്തം – കൃതികൾ – കാലഘട്ടം – കണ്ണശ്ശരാമായണം – സവിശേഷതകൾ

## Discussion

### 4.1.1 കണ്ണശ്ശരാമായണം (ബാലകാണ്ഡം) നിരണത്ത് രാമപ്പണിക്കർ

#### നിരണംകൃതികൾ

നിരണം കവികളുടേതായി 6 കൃതികളാണ് കണ്ടുകിട്ടിയിട്ടുള്ളത്. രാമന്റേതായി 'കണ്ണശ്ശരാമായണം', 'കണ്ണശ്ശഭാഗവതം', 'ശിവരാത്രി

മാഹാത്മ്യം', 'കണ്ണശ്ശഭാരതം' എന്നിവയും മാധവന്റേതായി 'ഭാഷാഭഗവത്ഗീത'യും ശങ്കരന്റേതായി 'ഭാരതമാല'യും ലഭിച്ചിട്ടുണ്ട്. ഇതിൽ രാമന്റെ കൃതികളോടൊപ്പം മാത്രമേ 'കണ്ണശ്ശ' എന്ന ശബ്ദം ചേർക്കുന്നുള്ളൂ. രാമന്റെ മാതാമഹനായ കരുണേശന്റെ/ കണ്ണശ്ശന്റെ പേര് രാമൻ തന്റെ പേരിനോടൊപ്പം ചേർക്കുകയും കൃതികൾക്ക് ആ പേര് നൽകുകയും ചെയ്തിരിക്കാം. 'ഗുരുഗീത', 'സീതാ സ്വയംവരം', 'അമ്മാന പാട്ട്', 'ബ്രഹ്മാണ്ഡപുരാണം ഗദ്യം' ഈ കൃതികളും രാമന്റേതായി കരുതുന്നവരുണ്ട്.

- രാമൻ, ശങ്കരൻ, മാധവൻ എന്നിവരുടെ കൃതികൾ

## കണ്ണശ്ശരാമായണം

മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണ രാമായണ വിവർത്തനമാണ് 'കണ്ണശ്ശരാമായണം'. കാച്ചി കുറുക്കിയ 'വാല്മീകി രാമായണം' എന്നാണ് ഡോ. പുതുശ്ശേരി രാമചന്ദ്രൻ 'കണ്ണശ്ശരാമായണ'ത്തെ വിശേഷിപ്പിക്കുന്നത്. 'വാല്മീകി രാമായണ'ത്തിലെ (വാല്മീകം (ചിതൽപ്പുറ്റ്) എന്നപദത്തിൽനിന്നാണ് വാല്മീകി എന്നപദമുണ്ടായത്. അതിനാൽ വാൽമീകി, വാത്മീകി എന്നീപദങ്ങൾ തെറ്റാണെന്നൊരഭിപ്രായമുണ്ട്) 24,000 ത്തോളം ശ്ലോകങ്ങൾ 3059 പാട്ടുകളിലായി രാമൻ സംഗ്രഹിച്ചിരിക്കുന്നു. സ്വതന്ത്രമായ കൽപ്പനകൾ ചേർത്ത് വർണ്ണനാഭംഗിയോടെ കാവ്യാത്മകമായി ആവിഷ്കരിച്ച കൃതിയാണ് 'കണ്ണശ്ശരാമായണം'. പണ്ഡിതർക്കും പ്രതിഭാശാലികൾക്കും വേണ്ടി എഴുതുകയല്ല; 'മന്ദപ്രജ്ഞന്മാർക്ക് അറിയുന്നതിന് വേണ്ടി മനുകുലതിലകനുടെ വൃത്താന്തം' അജ്ഞനായ താൻ ആവുംവിധം ചൊല്ലുന്നു എന്ന് പറഞ്ഞു കൊണ്ടാണ് കവിത ആരംഭിക്കുന്നത്. 'രാമചരിത'കാരന്റെ ഊഴിയിൽ ചെറിയവരാണ് കണ്ണശ്ശന്റെ മന്ദപ്രജ്ഞൻ. 'ആനന്ദത്തിൽ ആരംഭിച്ച് പരമാനന്ദത്തിൽ പര്യവസാനിക്കുന്ന ധ്വനിമര്യാദയിൽ രചിച്ച ഈ പ്രബോധക കാവ്യം, കാവ്യ ഗുണം കൊണ്ടും രചനാസൗഷ്ഠവം കൊണ്ടും ഭാഷയിൽ ഇന്നോളം ഉണ്ടായ 'രാമായണ'ങ്ങളിൽ കനിഷ്ഠികാധിഷ്ഠിതമായി തന്നെ ശോഭിക്കുന്നു' എന്നാണ് പുതുശ്ശേരി രാമചന്ദ്രന്റെ നിഗമനം.

- ആദ്യത്തെ സമ്പൂർണ്ണ 'രാമായണ' വിവർത്തനം

## കണ്ണശ്ശഭാഗവതം

'മഹാഭാഗവതം ദശമസ്കന്ധ'ത്തിന്റെ വിവർത്തനമാണ് 'കണ്ണശ്ശഭാഗവതം'. 91 അധ്യായങ്ങൾ ഈ കൃതിയിലുണ്ട്. 49 അധ്യായങ്ങൾ ഒന്നാം ഭാഗത്തിലും 42 അധ്യായങ്ങൾ രണ്ടാം ഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. മനോധർമ്മങ്ങൾ കുറഞ്ഞ മൂലഗ്രന്ഥത്തോട് പരമാവധി യോജിച്ചു പോകുന്ന വിവർത്തനമാണ് ഇത്.

- മഹാഭാഗവതം ദശാമസ്കന്ധത്തിന്റെ വിവർത്തനം

## ശിവരാത്രി മാഹാത്മ്യം

ശൈവമതഭക്തിക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു കൃതിയാണ് 'ശിവരാത്രി മഹാത്മ്യം'. 'സ്കന്ദപുരാണ'ത്തിൽ ഈശാനസംഹിതയിൽ പ്രതിപാദിച്ചിട്ടുള്ള ശിവരാത്രി മഹാത്മ്യം കഥയാണ് പ്രതിപാദ്യം. വിവർത്തനം എന്ന ഗണത്തിൽ ഉൾപ്പെടുത്താമെങ്കിലും സ്വതന്ത്രകൃതിയുടെ സ്വഭാവം പൂർണമായും ഉൾക്കൊള്ളുന്ന കൃതിയാണ് 'ശിവരാത്രി മഹാത്മ്യം'. 150 പാട്ടുകളാണ് ഇതിലുള്ളത്. നിരണത്തെ തൃക്കപാലീശ്വരന്റെ അനുഗ്രഹത്താൽ രചിക്കപ്പെട്ട കൃതിയാണെന്ന് ആരംഭത്തിൽ കവി രേഖപ്പെടുത്തിയിട്ടുണ്ട്

'ഇതു നിരണത്തുകപാലീശ്വരമാ
ർന്നീടിന പശുപതി തന്നരുളാലേ -
യിതമൊടവൻ തിരുവടിയുടെ ചരിത -
മിയമ്പുമതിന്നു തുനിഞ്ഞിതുമുറ്റും'

ചണ്ഡാലികയുമായി ജീവിതം നയിച്ച സുകുമാരൻ എന്ന ബ്രാഹ്മണന്റെ ജീവിതമാണ് പ്രതിപാദ്യം. ശിവഭക്തിയിലൂടെ സുകുമാരന് മോക്ഷം ലഭിക്കുന്നു. ബ്രാഹ്മണ മേധാവിത്വത്തിന്റെ ജാതിവ്യവസ്ഥിതി ശക്തമായിരുന്ന കാലഘട്ടത്തിൽ ശൈവഭക്തിയുടെ പശ്ചാത്തലത്തിൽ ജാതിവ്യവസ്ഥയുടെ അർഥശൂന്യതയെയും അനാചാരങ്ങളെയും ചോദ്യം ചെയ്യുക എന്ന ലക്ഷ്യം കൂടി ഈ പ്രതിപാദ്യം സ്വീകരിക്കുക വഴി കവിക്കുണ്ടായിരുന്നിരിക്കാം. ജാതി വ്യവസ്ഥയുടെ യുക്തിരാഹിത്യത്തെ ചോദ്യം ചെയ്യുന്ന പ്രഥമകൃതിയായി 'ശിവരാത്രി മാഹാത്മ്യ'ത്തെ പരിഗണിക്കാം.

▶ ശൈവ മതഭക്തി

### കണ്ണശ്ശഭാരതം

നിരണത്ത് രാമന്റെ അപൂർണ കൃതിയാണ് 'കണ്ണശ്ശഭാരതം'. 'കണ്ണശ്ശരാമായണ'ത്തിന് ശേഷമാണ് ഈ കൃതിയുടെ രചന. ദ്രോണപർവം വരെയുള്ള ഭാഗമാണ് ഈ കൃതിയിലുള്ളത്. ആറാമത്തെ പാട്ടിൽ ചേർത്തിരിക്കുന്ന 'നിരുപമ കൃഷ്ണ കഥാം ബന്ധിപ്പതിനിടയേ ചില കഥ ചൊല്ലി മുടിപ്പൻ' - വരിയിൽ നിന്ന് മഹാഭാരതത്തിലെ ചില കഥകൾ പറയുകയാണ് തന്റെ ലക്ഷ്യമെന്ന് വ്യക്തമാകുന്നു.

▶ നിരണത്ത് രാമന്റെ അപൂർണ കൃതി

### ഭാരതമാല

ശങ്കരന്റെ കൃതിയാണ് 'ഭാരതമാല'. മലയാളത്തിലെ ആദ്യത്തെ 'ഭാരത' വിവർത്തനമാണിത്. ഒരു ലക്ഷത്തിലധികം ശ്ലോകങ്ങളുള്ള മഹാഭാരതത്തെ വെറും 1363 പാട്ടുകളിൽ സംഗ്രഹിച്ചിരിക്കുന്നു. എഴുത്തച്ഛന്റെ മഹാഭാരതം കളിപ്പാട്ടിന് മാതൃകയായ കൃതിയാണിത്. 18 പർവമുള്ള 'മഹാഭാരത'ത്തെ 20 പർവമാക്കിയാണ് ശങ്കരൻ 'ഭാരതമാല' രചിച്ചിരിക്കുന്നത്. ഇതിനെ തുടർന്നു വന്ന എഴുത്തച്ഛൻ 21 പർവമായി മഹാഭാരതത്തെ ആവിഷ്കരിക്കുകയാണ് ചെയ്തത്. കഥാസംക്ഷേപണത്തിന്റെ അസാമാന്യ വൈഭവം ശങ്കരൻ ഈ കൃതിയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

▶ ശങ്കരന്റെ കൃതിയാണ് ഭാരതമാല

## വിശദപഠനം

## കണ്ണശ്ശരാമായണം ബാലകാണ്ഡം

### 1 മുതൽ 15 വരെയുള്ള പാട്ടുകൾ

### വരികൾ (പാട്ട് - ഒന്ന്)

'ആനന്ദാമൃതസാരം, അരൂപം, അശേഷജഗത് പരിപൂർണവുമായേ,
.....................................................................................................
ദീനം വാരാതോരു പരാപരദിവ്യാത്മാനം വന്ദിക്കുന്നേൻ'

### അർഥവിശദീകരണം

| | | |
|---|---|---|
| ആനന്ദാമൃതസാരം | = | ആനന്ദവും അമൃതവുമാകുന്ന സത്ത |
| അശേഷജഗത് പരിപൂർണം | = | എല്ലാ ലോകങ്ങളിലും നിറഞ്ഞിരിക്കുന്നത് |
| ചരാചരഭൂതനിധാന സ്വരൂപം | = | ചലിക്കുന്നതും ചലിക്കാത്തതുമായ എല്ലാത്തിന്റെയും ഇരിപ്പിടം |
| മാനം കൊണ്ടറിവാനരുതായ് | = | ചിന്തകൊണ്ടോ തത്വങ്ങൾ കൊണ്ടോ അറിയാൻ സാധിക്കാത്തത് |
| അരുമാമറ | = | സൂക്ഷ്മവും ശ്രേഷ്ഠവുമായ വേദം |
| ദീനംവാരാതോരു | = | നാശമില്ലാത്ത |

### ആശയവിശദീകരണം

'കണ്ണശ്ശരാമായണ'ത്തിന്റെ ആദ്യത്തെ പാട്ട് ഇഷ്ടദേവതാസ്തുതിയാണ്. പ്രാചീന കവികൾ കാവ്യാരംഭത്തിൽ ഇഷ്ടദേവതകളെ സ്തുതിക്കാറുണ്ട്. നിരണത്ത് രാമനും അവരുടെ രീതി പിന്തുടർന്നുകൊണ്ട് ഇഷ്ടദേവതയെ സ്തുതിക്കുന്നു. എന്നാൽ മറ്റു കവികളെല്ലാം വിഘ്നോപശാന്തിക്കായി ഗണപതിയെ സ്തുതിച്ചുകൊണ്ട് ആരംഭിക്കുമ്പോൾ കണ്ണശ്ശന്മാർ മൂവരും പരമാത്മാവിനെ വന്ദിച്ചുകൊണ്ടാണ് കാവ്യം ആരംഭിച്ചിരിക്കുന്നത്. അതിനുശേഷം മറ്റു ദേവതകളെ സ്തുതിക്കുന്നുണ്ട്. ആനന്ദാമൃതസാരവും അരൂപവും ലോകം മുഴുവൻ നിറഞ്ഞിരിക്കുന്നതും, ആദിയും അന്തവും ഇല്ലാത്തതും ചിന്തകൊണ്ട് അറിയാൻ കഴിയാത്തതും ചലിക്കുന്നതും ചലിക്കാത്തതുമായ എല്ലാ വസ്തുക്കളുടെയും ആവാസകേന്ദ്രവും ശ്രേഷ്ഠമായ വേദങ്ങളുടെ സാരവും ഒരിക്കലും നശിക്കാത്തതുമായ പരമാത്മാവിനെ ഞാൻ വന്ദിക്കുന്നു. മനുഷ്യചിന്തയ്ക്കപ്പുറമായ ചൈതന്യത്തെ സവിശേഷ വിശേഷണങ്ങളിലൂടെ കവി വന്ദിക്കുന്നു. കണ്ണശ്ശന്മാർക്ക് മുമ്പ് ഇത്തരം പരമാത്മ ചൈതന്യ വർണനം അന്യമായിരുന്നു. ഭാരതീയ ദൈവസങ്കൽപത്തിന്റെ അടിസ്ഥാനമായ ചൈതന്യത്തെ ഏറെ മനോഹരമായിട്ടാണ് രാമൻ വർണിച്ചിരിക്കുന്നത്.

> ▶ ഇഷ്ടദേവതാസ്തുതിയാണ് സന്ദർഭം

### വരികൾ (പാട്ട് - രണ്ട് )

'വന്ദിച്ചേൻ ഗണനായകനാകിയ വാനോർകോനോടു വാണിയെ മനസാ

.................................................................................................

ഞാൻ കേവലമെങ്കിലും, മൊട്ടായ പ്രകാരം ചൊൽക തുനിഞ്ഞേൻ'

### അർഥവിശദീകരണം

| | | |
|---|---|---|
| ശർവൻ | = | ശിവൻ |
| മനുകുല തിലകൻ | = | ശ്രീരാമൻ |
| ആയ പ്രകാരം | = | ആവുംവിധം |

### ആശയവിശദീകരണം

ഭൂതഗണങ്ങളുടെ നായകനും ദേവന്മാരുടെ നായകനുമായ ഗണപതിയെയും വാണീദേവിയെയും ഞാൻ മനസാൽ വന്ദിക്കുന്നു. ശിവന്റെ പാദങ്ങളാകുന്ന ചിന്താമണിയെ ചിന്തിച്ചുകൊണ്ട് ശിവന്റെ അനുഗ്രഹ

SGOU

- ഗണപതിയെയും വാണിദേവിയെയും ശിവനേയും വന്ദിക്കുന്നു
- വിനയ പ്രകടനമാണ് സന്ദർഭം

ത്താൽ മന്ദപ്രജ്ഞന്മാർക്ക് അറിയുന്നതിനുവേണ്ടി മനുകുലശ്രേഷ്ഠനായ ശ്രീരാമന്റെ കഥ അറിവില്ലാത്തവനെങ്കിലും ആവുംവിധം ഞാൻ പറയാൻ തുടങ്ങുന്നു. ഗണപതി, സരസ്വതി, പരമശിവൻ എന്നിവരെ വന്ദിച്ചിട്ട് കവി തന്റെ ലക്ഷ്യം വ്യക്തമാക്കുന്നു. ആർക്കുവേണ്ടിയാണ് കാവ്യരചനയെന്ന് വ്യക്തമാക്കുന്നു. മന്ദപ്രജ്ഞൻമാർ എന്ന് സംബോധന ചെയ്തിരിക്കുന്നത് ത്രൈവർണികേതരരായ ശൂദ്രാദി അമ്പലവാസി വർഗമായിരിക്കാം. കവിയുടെ വിനയ പ്രകടനമാണ് സന്ദർഭം.

## വരികൾ (പാട്ട് - മൂന്ന് )

'ചൊല്ലേറിയ വാല്മീകിമഹാമുനി ചൊല്ലിയ രാമായണമിനിയേതും

..............................................................................................................

പൊല്ലാമക്ഷിക തന്നാലാവതു പൊങ്ങുവതിന്നാരേ മുനിയുന്നോർ'

## അർഥവിശദീകരണം

| | | |
|---|---|---|
| വിനതാതനയൻ | = | ഗരുഡൻ |
| പൊല്ലാ മക്ഷിക | = | നിസാരനായ ഈച്ച |
| മുനിയുക | = | കോപിക്കുക |
| ചൊല്ലേറിയ | = | പ്രശസ്തമായ |
| ഏതും വല്ലാതെ | = | വേണ്ട വിധം പഠിക്കാതെ |

## ആശയവിശദീകരണം

- മഹാജനത്തോട് ക്ഷമചോദിക്കുന്നു

പ്രശസ്തനായ വാൽമീകിമഹാമുനി ചൊല്ലിയ 'രാമായണം' ഞാൻ വേണ്ടവിധം മനസിലാക്കാതെ ഇന്ന് പറയുന്നതിനെ മഹാജനം ക്ഷമിക്കണം. ആകാശത്തിൽ ഉയരെ ഉല്ലാസത്തോടെ ഒരു ഗരുഡൻ പറക്കുന്നത് കണ്ടിട്ട്, നിസ്സാരനായ ഈച്ച തന്നെക്കൊണ്ടാവുംവിധം ഉയർന്നു പറക്കാൻ ശ്രമിക്കുന്നതിനെതിരെ ആരെങ്കിലും കോപിക്കാറുണ്ടോ? എന്ന് കവി ചോദിക്കുന്നതാണ് സന്ദർഭം. താൻ എഴുതാൻ തുനിയുന്ന രാമായണ കഥയ്ക്കുനേരെ ഉണ്ടാകാനിടയുള്ള വിമർശനങ്ങളെ കവി മുൻകൂട്ടി കാണുകയും അതിനെ തന്ത്രപരമായി നേരിടുകയും ചെയ്യുകയാണിവിടെ. കവിയുടെ വിനയം വരികളിൽ പ്രകടമാണ്.

## വരികൾ (പാട്ട് - നാല് )

'മുനിവൊടഹങ്കാരാദികളെല്ലാമുറ്റവിചാരം കൊണ്ടു കളഞ്ഞേ,

..............................................................................................................

മനസിനിനച്ചതുചെയ്തുമുടിക്കാം മറയവരരുളാലിന്നിനിയെല്ലാം'

## അർഥവിശദീകരണം

| | | |
|---|---|---|
| മുനിവൊട് | = | കോപത്തോടെ |
| ഉറ്റവിചാരം | = | ശ്രേഷ്ഠ ചിന്ത, സ്നേഹവിചാരം |
| മറയവർ | = | ബ്രാഹ്മണർ |
| ചെയ്തു മുടിക്കാം | = | ചെയ്തു തീർക്കാം |

SGOU

## ആശയവിശദീകരണം

ഉൽകൃഷ്ടമായ വിചാരത്തോടെ കോപം, അഹങ്കാരം തുടങ്ങിയവ കളഞ്ഞവരും ദയ, ശമം, ദമം, സന്തോഷം തുടങ്ങിയവ കൈക്കൊണ്ട വരും, വേദങ്ങളിൽ തൽപരരുമായ അനുപമ ബ്രാഹ്മണരാണ് എന്റെ ദൈവതങ്ങൾ. അതിനാൽ അവരുടെ അനുഗ്രഹത്താൽ ഞാൻ വിചാരിച്ച കാര്യങ്ങൾ ചെയ്തു തീർക്കാം. കാവ്യരചനയ്ക്കുള്ള അനുഗ്രഹവും അനുമതിയും ബ്രാഹ്മണർ നൽകണമെന്ന് കവി ആഗ്രഹിക്കുന്നു. ബ്രാഹ്മണാധിപത്യം ശക്തമായിരുന്ന കാലഘട്ടത്തിൽ ശൂദ്രവിഭാഗത്തിൽപ്പെട്ട കവിക്ക് കാവ്യരചനയിൽ ഏർപ്പെടണമെങ്കിൽ അവരുടെ അനുമതിയും അനുഗ്രഹവും ആവശ്യമായിരുന്നു എന്ന് ഈ പാട്ട് വ്യക്തമാക്കുന്നു. ശൂദ്ര വിഭാഗത്തിൽപ്പെട്ട ആളായിരുന്നു കവി എന്ന് ഇതിൽനിന്ന് മനസിലാക്കാം.

- ബ്രാഹ്മണരുടെ അനുഗ്രഹം

## വരികൾ (പാട്ട് - അഞ്ച്)

'എല്ലാ ജാതിയുമിന്നിതു ചൊൽവാനേതും കുറവില്ലെന്നെപ്പോലെ

.................................................................................................

കല്ലാതവർ പിഴ ചൊന്നതു കൊണ്ടൊരു കാര്യവിരോധമിതിന്നിനി വാരാ'

## അർഥവിശദീകരണം

| | | |
|---|---|---|
| എല്ലാ ജാതിയും | = | എല്ലാ പ്രകാരത്തിലും,<br>എല്ലാ ജാതിയിലും |
| കല്ലാതവർ | = | നിസ്സാരർ / ദുഷ്ടർ |
| വാരാ | = | വരുകയില്ല |

## ആശയവിശദീകരണം

ഏതുതരത്തിൽ നോക്കിയാലും എന്നെപ്പോലുള്ള ഒരാൾക്ക് ഈ പ്രവൃത്തി ചെയ്യാൻ (രാമായണവിവർത്തനം) ഒട്ടും മടിക്കേണ്ടതില്ല. യോഗ്യരായവർ സജ്ജനസംസർഗം ഉള്ളവരാകയാൽ ഇതിന് ഒരു കുറ്റവും പറയുകയില്ല. നല്ല ആചാര്യർ ഇതിനെ നല്ലതെന്നേ കരുതുകയുള്ളൂ. ദുഷ്ടജനങ്ങൾ/നിസ്സാരർ എന്തെങ്കിലും കുറ്റം പറഞ്ഞതുകൊണ്ട് എന്റെ പ്രവൃത്തിക്ക് ഒരു തടസവും ഉണ്ടാവുകയില്ല. സമൂഹത്തിലെ ഉന്നതരായവരെല്ലാം തന്റെ കാവ്യനിർമ്മിതിയെ അനുകൂലിക്കുമെന്നും പ്രോത്സാഹിപ്പിക്കുമെന്നും കവി കരുതുന്നു. നിസാരരായവരുടെ വാക്കുകളെ അവഗണിക്കുകയാണ് നല്ലതെന്ന് വ്യക്തമാക്കുന്നു.

- ശത്രുക്കളുടെ വാക്കുകളെ അവഗണിക്കുന്നു

## വരികൾ (പാട്ട് - ആറ്)

'ഇനിയ മഹാമുനി ശ്രീ നാരദനോ, ടിതറിയ, ശ്രീ വാല്മീകിമഹാമുനി

.................................................................................................

തനിയേയുളൻ എന്നവനുടെ ചരിതം സംക്ഷേപിച്ചുരചെയ്താൻ മുനിവൻ'

## അർഥവിശദീകരണം

| | | |
|---|---|---|
| ഇനിയ | = | ശ്രേഷ്ഠതയുള്ള |
| ആരേയുളർ | = | ആരാണുള്ളത് |

| | | |
|---|---|---|
| എന്റേ | = | എന്ന് |
| തനിയേയുളൻ | = | സ്വയം |
| ഭൂ | = | ഈശ്വരൻ |

## ആശയവിശദീകരണം

ശ്രേഷ്ഠ മഹാമുനിയായ നാരദനോട് ഒരിക്കൽ വാല്മീകി മഹർഷി ഇപ്രകാരം ചോദിച്ചു: 'സകല ഗുണങ്ങളും തികഞ്ഞ പുരുഷൻ ആരാണുള്ളത്?' - മനുകുല തിലകനായ ശ്രീരാമനാണ് എല്ലാ മഹത്തായഗുണങ്ങളും തികഞ്ഞദിവ്യൻ എന്ന് നാരദൻ മറുപടി പറഞ്ഞു. തുടർന്ന് വാല്മീകിയ്ക്ക് ശ്രീരാമന്റെ ചരിതം സംക്ഷേപിച്ച് പറഞ്ഞു കൊടുത്തു. ലോകത്തിലെ സകലഗുണങ്ങളും തികഞ്ഞവൻ ആരെന്ന ചോദ്യത്തിന് നാരദന്റെ മറുപടിയാണ് 'രാമായണം' എന്ന് സാരം. നാരദന്റെ മറുപടി കേട്ടുടൻ 'വാല്മീകി മഹർഷി രാമായണ' രചന നടത്തി.

▶ നാരദനും വാല്മീകിയുടെ രാമായണവും

## വരികൾ (പാട്ട് - ഏഴ്)

'മുനി നാരദനുര ചെയ്തതു കേട്ടതിമുദിതനുമായ മഹാമുനിമാധ്യം -

...........................................................................................................

കനിവൊടു കണ്ടുടനവനെക്കൊൽവാൻ കരുതിയുഴറ്റൊടു ശാപം ചെയ്താൻ'

## അർഥവിശദീകരണം

| | | |
|---|---|---|
| പുക്കേ | = | പ്രവേശിച്ചപ്പോൾ |
| അപ്പൊഴുത് | = | അപ്പോൾ |
| മാധ്യം ദിനനിയമാദികൾ | = | മധ്യാഹ്ന കർമങ്ങൾ |

## ആശയവിശദീകരണം

നാരദ മഹർഷി പറഞ്ഞ ശ്രീരാമകഥ കേട്ട് ഏറെ സന്തുഷ്ടനായ വാല്മീകി മധ്യാഹ്നകർമങ്ങൾ ചെയ്യുന്നതിനായി തമസാനദീ തീരത്തേക്കുപോയി. അപ്പോൾ അവിടെ കാമ പരവശരരായ ഇണപക്ഷികളിൽ ഒന്നിനെ വേടൻ അമ്പെയ്തു കൊല്ലുന്നത് കനിവോടെകണ്ട് അദ്ദേഹം വേദനിച്ചു. ക്രൗഞ്ച മിഥുനങ്ങളിലൊന്നിനെ കൊന്ന കാട്ടാളനെ ശപിച്ചു കൊല്ലാൻ മുനി തുനിഞ്ഞു. 'മാനിഷദപ്രതിഷ്ഠാം.....' എന്നു തുടങ്ങുന്ന വാല്മീകി രാമായണശ്ലോകം ഓർക്കുക.

▶ ഇണപ്പക്ഷികളിൽ ഒന്നിനെ വേടൻ അമ്പെയ്തു കൊല്ലുന്നത് കണ്ട മുനി

## വരികൾ (പാട്ട് - എട്ട്)

'ശാപം ചെയ്ത വചസ്സൊരു പദ്യശരീരമിതെന്റരികേ നിന്റരുളിയ

...........................................................................................................

നീ പരിചീടിയ വാണിയിനാലേ നിരുപമകാവ്യം നിർമ്മിക്കെന്റേ'

## അർഥവിശദീകരണം

| | | |
|---|---|---|
| നിയമങ്ങൾ | = | ദിന കർമങ്ങൾ |
| മുടിച്ച് | = | തീർത്ത് |

| | | |
|---|---|---|
| അയൻ | = | അജൻ /ബ്രഹ്മാവ് |
| പരിചീടിന | = | കരുത്തുള്ള / മനോഹരമായ |

**ആശയവിശദീകരണം**

> ▶ നിരുപമമായ കാവ്യം(രാമായണം) രചിച്ചു

താൻ ശപിച്ച ഈ വാക്കുകൾ ഒരു പദ്യഭാഗമാണെന്ന് അടുത്തു നിന്ന താപസനോട് പറഞ്ഞിട്ട് ദിനകൃത്യങ്ങളെല്ലാം നടത്തി വാല്മീകി ആശ്രമത്തിലേക്ക് മടങ്ങി. വളരെ ശോഭയോടെ ആശ്രമത്തിലെത്തിയ വാല്മീകിയോട് മനോഹരമായ വാക്കുകൾ കൊണ്ട് നിരുപമമായ കാവ്യം (രാമായണം)നിർമ്മിക്കാൻ ബ്രഹ്മാവ് ആവശ്യപ്പെട്ടു. ബ്രഹ്മാവിന്റെ നിർദ്ദേശപ്രകാരമാണ് 'വാല്മീകി രാമായണം' എഴുതിയത്.

## വരികൾ (പാട്ട് - ഒൻപത്)

'നിർമ്മിക്കെന്റയനരുൾ ചെയ്തതിനാൽ നിഖിലവുമകമേ കണ്ട മഹാമുനി

.................................................................................................................

സന്മതികളെ; മധുരസ്വരമോടവർ സതതം ഗാനം ചെയ്തു നടന്റാർ'

**അർഥവിശദീകരണം**

| | | |
|---|---|---|
| സതതം | = | നിത്യവും, എല്ലായ്പ്പോഴും |
| അരുൾ | = | കല്പന, തിരുവാമൊഴി |
| നിഖിലം | = | മുഴുവനും, എല്ലാം പൂർണമായി |
| ഗാനം | = | പാട്ട് |
| നടന്റാർ | = | നടന്നു |

**ആശയവിശദീകരണം**

> ▶ ലവകുശലവന്മാർ രാമായണകഥ പാടി നടന്നു

രാമകാവ്യം നിർമ്മിക്കുകയെന്ന ബ്രഹ്മാവിന്റെ നിർദ്ദേശം ഉൾക്കൊണ്ട്, എഴുതാനുള്ളതെല്ലാം മനസിൽ കണ്ട മഹാമുനി പരിശുദ്ധവും മനോഹരവുമായ പദങ്ങൾ കൊണ്ട് നിരുപമമായ 'രാമായണ'കാവ്യം നിർമ്മിച്ചു. ആ കാവ്യം മുഴുവൻ സന്മതികളായ ലവകുശലവന്മാരെ പരിശീലിപ്പിച്ചു. അവർ രാമായണകഥ മധുരസ്വരത്തോടെ എല്ലായ്പ്പോഴും പാടിനടന്നു. 'രാമയണ'കഥ പാടി പ്രചരിപ്പിച്ചതാണെന്ന വസ്തുത ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നു. മാത്രമല്ല വാല്മീകിയുടെ ശിക്ഷണത്തിൽ കുശലവന്മാർ മാതാപിതാക്കളുടെ കഥ നാടെങ്ങും പാടി നടന്നുവെന്നതും പ്രധാനപ്പെട്ടതാണ്.

## വരികൾ (പാട്ട് - പത്ത്)

'ആരണമറിയും മുനിവരരരുൾ ചെയ്താദരവൊടു കുശലവർ വൃത്താന്തം,

.................................................................................................................

ച്ചാരാനുജാദിമഹാജനമൊടു ശ്രീരാമനിരുന്റ സഭാതലമതിലേ'

**അർഥവിശദീകരണം**

| | | |
|---|---|---|
| ആരണം | = | വേദം |
| ആരിഷം | = | ആർഷം |
| ഇരുന്റ | = | ഇരുന്ന |
| കുശലവർ | = | കുശനും ലവനും |

| | | |
|---|---|---|
| വൃത്താന്തം | = | ചരിത്രം, അവസരം, വർത്തമാനം, സമയം, വിഷയം |
| രാഘവൻ | = | ശ്രീരാമൻ |

### ആശയവിശദീകരണം

▶ ലവകുശന്മാർ രാമായണ കഥ പാടി നടക്കുന്ന വിവരം ശ്രീരാമൻ അറിഞ്ഞു.

വേദജ്ഞരായ മുനിമാരിൽ നിന്ന്, ലവകുശന്മാർ രാമായണകഥ പാടി നടക്കുന്ന വിവരം ശ്രീരാമൻ അറിഞ്ഞു. തുടർന്ന് അവരെ രാജധാനിയിൽ വരുത്തിച്ചു. അനുജന്മാരുൾപ്പെടെയുള്ള മഹാജനങ്ങളോടൊപ്പം രാഘവൻ ഇരിക്കുന്ന സഭാതലത്തിൽ, ആകർഷകമായ രാമായണ കഥ ആശ്ചര്യമായ വിധത്തിൽ അവർ പാടി.

### വരികൾ (പാട്ട് - പതിനൊന്ന്)

'തിലകമതായേ ഭൂലോകത്തിനുതിറമുറുമുത്തര കോസല വിഷയയേ

.......................................................................................................

മനു:നാ നിർമ്മിതമായുണ്ടായിതൊരമരാവതി സമമായേ'

### അർഥവിശദീകരണം

| | | |
|---|---|---|
| തിലകം | = | തൊടുകുറി |
| വിഷയം | = | രാജ്യം |
| നലം | = | നന്മ |
| മരുവീടും | = | വസിക്കുന്ന |
| മനുനാ | = | മനുവിനാൽ |

### ആശയവിശദീകരണം

▶ മനു നിർമ്മിച്ച അയോധ്യയെന്ന ഭവനം

ഭൂലോകത്തിന് തിലകമായ കീർത്തിയുള്ള ഉത്തര കോസലരാജ്യത്ത്, പല പല ഗുണഗണങ്ങൾ ചേർന്ന അതീവമനോഹരമായ അയോധ്യയെന്ന ഭവനം ഉണ്ടായിരുന്നു. സൂര്യവംശ രാജാക്കന്മാർക്ക് നന്മയോട് വസിക്കുന്നതിനായി അമരാവതിക്കു തുല്യമായി മനു നിർമ്മിച്ച ആലയമാണത് എന്ന് സാരം.

### വരികൾ (പാട്ട് - പന്ത്രണ്ട്)

'സമരായമരാധീശനൊടർദ്ധാസനഗതരായ മഹീപതിമാർ പല

.......................................................................................................

പമയാമിന്ദുമതീദേവിയിലേ പല ഗുണമുടയ ദശരഥനുളനായാൻ'

### അർഥവിശദീകരണം

| | | |
|---|---|---|
| സമരായ് | = | തുല്യരായ് |
| അമരാധീശൻ | = | ഇന്ദ്രൻ |
| ഉളരായ് | = | ഉണ്ടായി |
| അയൻ | = | അജൻ |

### ആശയവിശദീകരണം

ദേവേന്ദ്ര സമന്മാരും ഇന്ദ്രന്റെ അർദ്ധാസനത്തിന് അർഹരായവരും പരിശുദ്ധ ഹൃദയരുമായ പലരാജാക്കന്മാർ അവിടെ ഉണ്ടായിരുന്നു.

> ▶ രഘുവംശരാജാക്കൻമാർ- ദശരഥന്റെ ജനനം

പരിശുദ്ധാചാര തൽപരനും വീരനുമായ അജന് അനുപമയായ ഇന്ദുമതിയിൽ പല ഗുണങ്ങളുള്ള ദശരഥൻ പിറന്നു.

## വരികൾ (പാട്ട് - പതിമൂന്ന്)

'ഉളനാ,യരചനുമായവനന്തരമുരസിജഭാരമെടുത്തനുവേലം

...............................................................................................

പലനാൾ ചെന്നതു കാലം പുത്രർ ഭവിച്ചില്ലെന്നരചൻ ശോകിച്ചാൻ'

### അർഥവിശദീകരണം

| | | |
|---|---|---|
| അരചൻ | = | രാജാവ് |
| കൗസല്യാദികൾ | = | ദശരഥ പത്നിമാർ (കൗസല്യ, കൈകേയി, സുമിത്ര) |
| ശോകം | = | ദുഃഖം |
| പുത്രർ | = | പുത്രന്മാർ |

### ആശയവിശദീകരണം

> ▶ ദശരഥന്റെ ദുഃഖത്തെ സൂചിപ്പിക്കുന്നു

ദശരഥൻ രാജ്യഭാരം ഏറ്റെടുത്തതിനുശേഷം കുലം, ശീലം, ആചാരം എന്നിവ പ്രകാരം, സുന്ദരിമാരായ കൗസല്യ, കൈകേയി, സുമിത്ര എന്നിവരെ വിവാഹം ചെയ്തു. വിവാഹം കഴിഞ്ഞ് കാലം കുറെ കഴിഞ്ഞെങ്കിലും സന്താനമില്ലാത്തതിനാൽ ദശരഥന് ദു:ഖമുണ്ടായി എന്ന് സാരം.

## വരികൾ (പാട്ട് - പതിനാല്)

'ശോകമകറ്റുമുപായം, നരപതി ശുഭചരിതന്മാരായ വമാത്യരൊ-

...............................................................................................

രാകഥിതം തവ വൃത്ത മതീവപുരാണമഹാമുനിയാലിദ' മെന്നാൻ'

### അർഥവിശദീകരണം

| | | |
|---|---|---|
| ശോകം | = | ദുഃഖം |
| കഥിതം | = | കഥ |
| ഉപായം | = | മാർഗം, വഴി |

### ആശയവിശദീകരണം

> ▶ യാഗം ചെയ്യാൻ തീരുമാനിച്ചു

സന്താനദു:ഖമകറ്റാനുള്ള ഉപായം രാജാവ് ശുഭചരിതന്മാരായ മന്ത്രിമാരുമായി ആലോചിച്ചു. ഒരു യാഗം ചെയ്യാൻ അവർ തീരുമാനിച്ചു. അപ്പോൾ അപ്പോൾ വിവേകിയായ സുമന്ത്രർ രാജാവിനോട് ഒരു കാര്യം ഉണർത്തിച്ചു. മഹാമുനിയായ സനൽ കുമാരൻ ദശരഥന്റെ ദുഃഖം അകറ്റാൻ വേണ്ടി പറഞ്ഞതാണത്. ദശരഥന്റെ ദുഃഖമകറ്റാനുള്ള മാർഗം അന്വേഷിക്കുകയും കണ്ടെത്തുകയും ചെയ്യുന്നതാണ് സന്ദർഭം

## വരികൾ (പാട്ട് - പതിനഞ്ച്)

'എന്നും ഒരഴിവില്ലാതെ തപോബലമീടിയ മുനി വൈഭണ്ഡകനെക്കൊ-

...............................................................................................

നന്നതു ചെയ്ക നമുക്കതിനൊരു വഴി നരപതിയേയിതു കേട്ടരു ളെന്നാൻ'

### അർഥവിശദീകരണം

| | | |
|---|---|---|
| അഴിവില്ലാത | = | നാശമില്ലാത്ത |
| ഈടിയ | = | സമ്പാദിച്ച |
| ഉരചെയ്താൻ | = | പറഞ്ഞു |

### ആശയവിശദീകരണം

▶ പുത്രഭാഗ്യം ലഭിക്കുന്നതിന് യാഗം

'യാതൊരു നാശവും കൂടാതെ ഉൽകൃഷ്ടമായ തപോബലമുള്ള വൈഭണ്ഡക മുനിയെ (ഋശ്യശൃംഗൻ) കൊണ്ടുവന്ന് യാഗം ചെയ്തിച്ചാൽ രാജാവിന് പുത്രരുണ്ടാകും' - എന്ന് വളരെ മുൻപുതന്നെ ബാലകനായ സനൽ കുമാരൻ ഇവിടെ വന്ന് പറഞ്ഞിട്ടുണ്ട്. യാഗമാണ് അതിനൊരു വഴി. അത് കേട്ടരുളുക. പുത്രഭാഗ്യം ലഭിക്കുന്നതിന് യാഗം ചെയ്യണമെന്ന് സാരം.

## Summarised Overview

മലയാള കവിതാസാഹിത്യത്തിൽ ഒരു നവീനയുഗത്തിന് നന്ദി കുറിച്ചവരാണ് കണ്ണശ്ശന്മാർ. അച്ചീവർണനകളുടെ കൂത്തരങ്ങായിരുന്ന മണിപ്രവാള കാലഘട്ടത്തിൽ പുതിയ കാവ്യതന്ത്രവുമായി മലയാളഭാഷാ സാഹിത്യത്തിലേക്ക് കടന്നുവന്ന ഇവരിൽ പ്രധാനിയാണ് നിരണത്ത് രാമൻ. കാവ്യാസ്വാദന പോഷണത്തിനും ആത്മീയ ഉണർവിനും അവരുടെ കൃതികൾ സഹായകമായി. രസത്തിൽ ചാലിച്ചെടുത്ത ആദി കവിയുടെ 'രാമായണ'ത്തെ സമ്പൂർണ്ണമായി സ്വതന്ത്ര തർജമയിലൂടെ മലയാളികൾക്ക് ആദ്യമായി പരിചയപ്പെടുത്തിയ കവിശ്രേഷ്ഠനാണ് രാമൻ. 'നവോത്ഥാനത്തിന്റെ ശംഖനാദ'മെന്നും, 'കാച്ചി കുറുക്കിയ വാല്മീകിരാമായണം' എന്നുമാണ് പുതുശ്ശേരി രാമചന്ദ്രൻ കണ്ണശ്ശ രാമായണത്തെ വിശേഷിപ്പിച്ചിരിക്കുന്നത്. വിശിഷ്ടവും ആകർഷകവുമായ 'രാമകാവ്യം' ഒന്നുകൊണ്ടുതന്നെ രാമപ്പണിക്കർ മലയാളികളുടെ മനസിൽ കുടിയേറി. അജ്ഞന്മാർക്ക് അറിയുന്നതിന് വേണ്ടി ഒരു അജ്ഞൻ തന്നെയാണ് 'രാമകഥ' പാടുന്നതെന്ന് രാമായണത്തിന്റെ ഉപോദ്ഘാതത്തിൽ പറയുന്നുണ്ട്. രാമകഥയുടെ ശ്രവണത്തിനും പാരായണത്തിനും ത്രൈവർണികേതരർക്ക് അവസരമൊരുക്കുക എന്നതായിരുന്നു കവിയുടെ ലക്ഷ്യം. അനഭ്യസ്തരായ ജനങ്ങളെ മാനസ്സികമായും ആധ്യാത്മികമായും പിടിച്ചുയർത്താനുള്ള ഒരു ശ്രമം കൂടിയായിരുന്നു അത്. 'കമ്പരെത്തുടർന്ന് രാമചരിതകാരനും; അദ്ധ്യാത്മരാമായണത്തെ ആശ്രയിച്ച് എഴുത്തച്ഛനും ശ്രീരാമനെ ഈശ്വരനായി ചിത്രീകരിച്ച് ഭക്ത്യാവേശം ജനിപ്പിക്കാൻ ശ്രമിച്ചു എന്ന എൻ. കൃഷ്ണപിള്ള നടത്തിയ അഭിപ്രായം തികച്ചും ശരിയാണ്.

പ്രാചീന കവികൾ കാവ്യം ആരംഭിക്കുന്നത് ഇഷ്ടദേവതാസ്തുതിയോടെയാണ്. രാമപ്പണിക്കർ പ്രത്യേക ദേവതയെ സ്തുതിക്കാതെ പരമാത്മാവന്ദനത്തോടെയാണ് കാവ്യം തുടങ്ങുന്നത്. തുടർന്ന് ഗണപതി, സരസ്വതി, ശിവൻ എന്നിവരെ സ്തുതിക്കുന്നു. വാല്മീകി, നാരദമഹർഷിയോട് എല്ലാ ഗുണങ്ങളും ഒത്തിണങ്ങിയ പുരുഷൻ ആരെന്ന് ചോദിക്കുന്നു. അതിനുള്ള മറുപടിയാണ് ശ്രീരാമൻ. ബ്രഹ്മാവിന്റെ നിർദ്ദേശപ്രകാരം വാല്മീകി മഹർഷി രാമായണരചന ആരംഭിക്കുന്നു. അതിനുശേഷം ശ്രീരാമന്റെ ജനനവും തുടർന്നുള്ള സംഭവങ്ങളും വർണിക്കുന്നു.

നിരണത്ത് രാമൻ, വാല്മീകിയെ പിന്തുടർന്നുകൊണ്ടാണ് കാവ്യരചന നടത്തുന്നത്. 'ചൊല്ലേറിയ വാല്മീകി മഹാമുനി' എന്ന പ്രയോഗത്തിൽ നിന്ന് അത് വ്യക്തമാകുന്നു. എങ്കിലും വാല്മീകിയെ ആദ്യന്തം അനുസരിക്കുകയല്ല, മറിച്ച് പല സന്ദർഭങ്ങളിലും മനോധർമ്മത്തിലൂടെ മൂലകവിയെ അതിശയിക്കുന്നുണ്ട്. സംക്ഷേപണവും വിപുലനവും ഔചിത്യപൂർവ്വം പല സന്ദർഭങ്ങളിലും നടത്തിയിട്ടുണ്ട്. കണ്ണശ്ശന്റെ വർണ്ണനകളെല്ലാം ശബ്ദസൗന്ദര്യത്താലും അർഥപുഷ്ടിയാലും ചേതോഹരമായിട്ടുണ്ട്. പദസംയമനം, ഭാവഗൗരവം, പദവിന്യാസക്രമം, താളാത്മകമായ അവതരണം തുടങ്ങിയവയിലെല്ലാം കവി മികവു പുലർത്തുന്നുണ്ട്.

## Assignments

1. 'കണ്ണശ്ശരാമായണ'ത്തിന്റെ ഭാഷാപരമായ സവിശേഷതകളെക്കുറിച്ച് വിവരിക്കുക.
2. 'കണ്ണശ്ശരാമായണ'ത്തെ കാച്ചിക്കുറുക്കിയ 'വാല്മീകി രാമായണ'മെന്ന് വിശേഷിപ്പിക്കുന്നതിലെ യുക്തിയെന്ത്?
3. 'കണ്ണശ്ശരാമായണ'ത്തിന്റെ സാഹിത്യഭംഗിയെക്കുറിച്ച് വിവരിക്കുക.
4. 'കണ്ണശ്ശരാമായണ'ത്തിലെ ഇഷ്ടദേവതാസ്തുതിയുടെ പ്രാധാന്യത്തെക്കുറിച്ച് ചർച്ച ചെയ്യുക.
5. കണ്ണശ്ശകൃതികളുടെ കാലത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ അപഗ്രഥിക്കുക.
6. 'രാമചരിത'ത്തിൽ നിന്ന് കണ്ണശ്ശകൃതികളിൽ എത്തിയപ്പോൾ പാട്ടുഭാഷയ്ക്കുണ്ടായ പരിണാമത്തെക്കുറിച്ച് വിവരിക്കുക.
7. നിരണം കവികൾ ഒരേ കുടുംബക്കാരാണെന്ന അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ?
8. നിരണം കവികൾ മലയാള ഭാഷയ്ക്കും സാഹിത്യത്തിനും നല്കി സംഭാവനകൾ എന്തെല്ലാം?

## Suggested Readings


1. ചാത്തനാത്ത് അച്യുതനുണ്ണി, പദ്യരത്നങ്ങൾ, മിത്രം ബുക്ക് ഡിപ്പോ, കോട്ടയം.
2. സി. കൃഷ്ണൻ നായർ, പാട്ടുകവിതകളുടെ സാമൂഹികപ്രസക്തി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി. സി. ബുക്സ്, കോട്ടയം.
4. കെ. എം. ജോർജ്, (എഡി.), സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, എസ്. പി. സി. എസ്., കോട്ടയം.

# References


1. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി. സി ബുക്സ്, കോട്ടയം.
2. എരുമേലി. പരമേശ്വരൻ പിള്ള, മലയാളസാഹിത്യചരിത്രം കാലഘട്ടങ്ങളിലൂടെ, ഡി. സി ബുക്സ്, കോട്ടയം.
3. ഉള്ളൂർ എസ്. പരമേശ്വരയ്യർ, കേരള സാഹിത്യ ചരിത്രം, കേരള സർവകലാശാല, തിരുവനന്തപുരം.
4. പുതുശ്ശേരി രാമചന്ദ്രൻ, കണ്ണശ്ശരാമായണം പഠനവും വ്യാഖ്യാനവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. എം. ലീലാവതി, കവിതാ സാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.


SGOU

# 2. ഭാഷാഭഗവദ്ഗീത

## മാധവപ്പണിക്കർ

## Learning Outcomes

- പാട്ടുപ്രസ്ഥാനത്തെക്കുറിച്ച് ധാരണ ലഭിക്കുന്നു
- നിരണം കവികളും അവരുടെ കവിതകളേയും പരിചയപ്പെടുന്നു
- 'ഭാഷാഭഗവദ്ഗീത' എന്ന കൃതിയെ സവിശേഷമായി മനസിലാക്കുന്നു
- ഭാഷയുടെ വളർച്ചയ്ക്ക് വേണ്ടി നിരണം കവികൾ നടത്തിയ ശ്രമങ്ങളെ അറിയുന്നു

## Background

**നിരണം കവികളും പാട്ട്പ്രസ്ഥാനവും**

പാട്ട്പ്രസ്ഥാനത്തിൽ പരിവർത്തനത്തിന്റെ തീക്കാറ്റ് വിതച്ചവരാണ് നിരണം കവികൾ. പുരാണ-ഇതിഹാസങ്ങളിൽ നിന്ന് ഇതിവൃത്തം സ്വീകരിച്ചുകൊണ്ട് പുതിയൊരു കാവ്യപദ്ധതിക്ക് അവർ തുടക്കം കുറിച്ചു. 'രാമചരിത'ത്തിലൂടെ ഉദ്ഘാടനം ചെയ്യപ്പെട്ടതെന്ന് കരുതപ്പെടുന്ന പാട്ടുപ്രസ്ഥാനത്തിലാണ് നിരണം കൃതികളും ഉൾപ്പെടുന്നത്. 'ലീലാതിലക'കാരൻ പാട്ടിന് നൽകിയിരിക്കുന്ന ലക്ഷണത്തിലെ 'ദ്രമിഡസംഘാതാക്ഷര നിബദ്ധമെന്ന'- പ്രധാന ഭാഗത്തെ മറികടന്നു കൊണ്ട് കാവ്യരചന നടത്തിയവരാണ് കണ്ണശ്ശന്മാർ. അത് മലയാള കാവ്യഭാഷയിൽ പുതിയ മാറ്റത്തിന് തുടക്കം കുറിച്ചു.

സംസ്കൃത സാഹിത്യത്തിലെ പുരാണ-ഇതിഹാസ വിഭാഗത്തിലെ പ്രധാന കൃതികളായ 'രാമായണവും' 'ഭാരതവും' 'ഭാഗവതവും' മനോഹര സാഹിത്യശില്പങ്ങൾ ആക്കി അവർ ഭാഷയ്ക്ക് സമ്മാനിച്ചു. മണിപ്രവാളത്തിന്റെ പ്രഭാവലയത്തിൽപ്പെട്ടു കഴിഞ്ഞിരുന്ന മലയാള കവിതയ്ക്ക് വിഷയ ഗൗരവം കൊണ്ടും പ്രതിപാദന പ്രൗഢികൊണ്ടും ഒരു ഉണർവ് ഉണ്ടാക്കാൻ അവർക്ക് കഴിഞ്ഞു. ആശയം, പ്രതിപാദനം, ഭാഷ, മൂല്യബോധം, കാവ്യാത്മകത, പ്രബോധനപരത തുടങ്ങിയ സാഹിത്യഘടകങ്ങളെ അവർ സവിശേഷ പ്രാധാന്യത്തോടെ കാവ്യരചനയ്ക്ക് സ്വീകരിച്ചു. അതൊരു പരിവർത്തനത്തിന് തുടക്കം കുറിക്കലായിരുന്നു. നിറമൊത്ത ദ്രാവിഡ വൃത്തത്തിൽ കവിതകൾ രചിച്ച അവർ കേവലം കഥനം എന്നതിലുപരി വൈകാരിക തീവ്രത ആദ്യന്തം കവിതയിൽ നിലനിർത്താൻ പ്രത്യേകം ശ്രദ്ധിച്ചു.

പാട്ടിന്റെ താളലയങ്ങളും മണിപ്രവാളത്തിന്റെ വർണവ്യവസ്ഥകളും കലർന്ന പുതിയൊരു കാവ്യഭാഷ ഇവർ നിർമ്മിച്ചു. പാണ്ഡ്യഭാഷ സാരൂപ്യത്തിന്റെ ആര്യവീക്ഷണം പുലർത്തിയിരുന്ന മണിപ്രവാളഘടനയിൽ നിന്ന് കാവ്യഭാഷ വിമുക്തയായി. അലങ്കാരങ്ങളുടെ ധാരാളിത്തം ഇല്ലാതെ കേവലമായ ആഖ്യാനസമ്പ്രദായം കൊണ്ട് തന്നെ കാവ്യസൗന്ദര്യം സൃഷ്ടിക്കാൻ അവർ പ്രത്യേകം ശ്രദ്ധിച്ചു. ശോകം, ഹർഷം, രതി, ക്രോധം, നിർവേദം തുടങ്ങിയ വിവിധ ഭാവങ്ങൾക്ക് സന്ദർഭാനുസരണം തീവ്രതയും ഉദ്ദീപനവും നൽകിക്കൊണ്ട് രൂപത്തിനും ഭാവത്തിനും പുതിയ മാനങ്ങൾ നൽകി.

സംസ്കൃതഭാഷയിൽ നിന്നും സാഹിത്യത്തിൽ നിന്നും സ്വീകരിക്കാവുന്ന സകല സമ്പത്തും



SGOU

ഭാഷയുടെ വളർച്ചയ്ക്ക് വേണ്ടി എടുക്കണമെന്ന് അവർ കരുതി. അതിലൂടെ ഭാഷയ്ക്കും സാഹിത്യത്തിനും മാറ്റം ഉണ്ടാകാൻ കഴിയും എന്ന് ചിന്തിച്ച് അപ്രകാരം പ്രവർത്തിച്ചു. ഭാഷയുടെ സർഗാത്മകഭാവം പ്രകടമായി തുടങ്ങിയ ഘട്ടമായിരുന്നു അത്. എഴുത്തച്ഛൻ പൂർണതയിലേക്ക് എത്തിച്ച ഭക്തിപ്രസ്ഥാനത്തിന്റെ ആദ്യാങ്കുരങ്ങൾ കണ്ണശ്ശകൃതികളിലാണ് കാണാൻ കഴിയുന്നത്. കേരളീയ സാമൂഹിക ജീവിതത്തിന്റെ ധർമ്മഭ്രംശവും ജീർണ്ണതയും അവരെ ചിന്താകുലരാക്കിയതിന്റെ ഫലമാണത്. അനുവാചകരുടെ അന്തരംഗ വിമലീകരണത്തിനും ഈശ്വരസാക്ഷാത്കാരത്തിനും കണ്ണശ്ശന്മാർ പ്രാധാന്യം കൊടുത്തു. അമൂർത്തമായ പരബ്രഹ്മ സങ്കല്പത്തെ സവിശേഷ പ്രാധാന്യത്തോടെ വന്ദിച്ചു. രൂപ-കാല-ദേശഭേദങ്ങൾക്ക് അതീതമായ ഒരീശ്വരസങ്കല്പത്തെ മലയാള കാവ്യലോകത്ത് അവതരിപ്പിക്കാൻ അവർ ശ്രമിച്ചു

'പരമാദരവൊടുചൊല്ലിയ
ജ്ഞാനപ്പനുവൽ മുകുന്ദപദാംബുജമൻപൊടു
അരനാഴിക മറവാതുര ചെയ്തവർ
അത്ഭുത മുക്തി പദം പ്രാപിക്കും'

എന്ന ഭാഷാ 'ഭഗവത്ഗീത'യിലെ ഫലശ്രുതിവളരെ പ്രധാനപ്പെട്ടതാണ്. അച്ചീചരിതങ്ങളിലും ഗണികാപ്രശസ്തിയിലും മുങ്ങി ജീർണ്ണപ്രായമായ ഭാഷാകവിതയെ ഉദാത്ത ജീവിതം മൂല്യങ്ങൾ അനുസ്മരിപ്പിച്ച് ഭക്തിമാർഗത്തിലൂടെ ജീവിതത്തിന്റെ ഉത്തമമണ്ഡലങ്ങളിലേക്ക് നയിച്ചവരായിരുന്നു അവർ. 'ഭാരതമാല'യും 'കണ്ണശ്ശരാമായണ'വും 'ഭാഷാഭഗവത്ഗീത'യും ഒക്കെ അവർക്ക് അതിനുള്ള ഉപാധിയായി.

കാവ്യരചനയിൽ നിരണം കവികൾ പിൽക്കാല മലയാള കവികൾക്ക് അനുകരണീയരായി തീർന്നു. തുഞ്ചത്തെഴുത്തച്ഛന്റെ കൃതികളിൽ പലയിടത്തും കണ്ണശ്ശന്മാരുടെ സ്വാധീനം പ്രകടമാകുന്നുണ്ട്. ശങ്കരന്റെ 'ഭാരതമാല' എഴുത്തച്ഛനെ വളരെയധികം സ്വാധീനിച്ചു. 'സംക്ഷേപണകലയുടെ മഹാത്ഭുതം' എന്ന് 'കൈരളിയുടെ കഥ'യിൽ എൻ. കൃഷ്ണപിള്ള എഴുത്തച്ഛന്റെ 'മഹാഭാരതം കിളിപ്പാട്ടി'നെ വിശേഷിപ്പിക്കുന്നു. ആ 'കിളിപ്പാട്ടിന് ഡിസൈനും സ്കെച്ച് ഉണ്ടാക്കിക്കൊടുത്തത് ഭാരതമാലാകാരൻ' ആണെന്ന് എൻ. കൃഷ്ണപിള്ള അഭിപ്രായപ്പെടുന്നു. 'മഹാഭാരതം' കിളിപ്പാട്ടിലെ വളരെ പ്രശസ്തമായ പാർത്ഥസാരഥി വർണന കേൾക്കാത്ത മലയാളികൾ ഉണ്ടാവില്ല. ഭാവഗംഭീരവും ഭക്തിദ്യോതകവുമായ 'നിറന്ന പീലികൾ നിരക്കവേകുത്തി' -എന്നു തുടങ്ങുന്ന ആ വാങ്മയ ചിത്രത്തിനു തുല്യമായ ഒരു രൂപം മലയാളത്തിൽ ഇല്ല. ആ വർണന അവസാനിക്കുന്നത് ഇങ്ങനെയാണ് :

'എന്നോട് ഹൃദയം തന്നിലങ്ങിരിക്കും പോലെയാ
മണി രഥം തന്നിലകം കുളിർക്കവേ
മണിവർണൻ തന്നെ തെളിഞ്ഞു കണ്ടു ഞാൻ'

എഴുത്തച്ഛന്റെ ഈ വരികളിൽ 'ഭാരതമാല'കാരന്റെസ്വാധീനം പ്രകടമാണ്.

'ഉരുവേ കണ്ടേന തേർ മേലെൻ
ഉള്ളിലിരുന്നരുളുംപോലെ ഞാൻ'

ഈ സാദൃശ്യം നിരണം കാവ്യസംസ്കാരത്തെ എഴുത്തച്ഛൻ സ്വംശീകരിച്ചതിന്റെ തെളിവാണ്.

പാട്ടു സാഹിത്യത്തിൽ സ്വച്ഛന്ദം വിഹരിച്ച് വിസ്മയാവഹമായ വിജയം നേടിയ നിരണം കവികളുടെ സാഹിത്യകൃതികൾ ഏറെ പഠനാർഹവും ഭാഷയ്ക്ക് മുതൽക്കൂട്ടുമാണ്. വിവർത്തന കൃതികളിലൂടെ ഭാഷയ്ക്കും സാഹിത്യത്തിനും ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയും എന്ന് ആദ്യം തെളിയിച്ച മലയാള കവികളാണ് അവർ.

## Keywords

നിരണം കവികൾ-അർജുന വിഷാദയോഗം-ദ്രാവിഡ വൃത്തം-പാട്ടുപ്രസ്ഥാനം

## Discussion

### വിശദപഠനം

### 1.4.2 ഭാഷാഭഗവദ്ഗീത

#### 1 മുതൽ 10 വരെയുള്ള പാട്ടുകൾ

#### അർജുന വിഷാദയോഗം

#### പാട്ട് - 1

'അദ്ഭുതമായ് അമൃതായ് മറനാലിനു -

.............................................................................

ന്നീടിയ പരമാത്മാനം തൊഴുതേൻ'

#### അർഥവിശദീകരണം

| | | |
|---|---|---|
| മറ | = | വേദം |
| അഖിലജഗദ്പൂർണം | = | എല്ലാ ലോകവും നിറഞ്ഞിരിക്കുന്നത് |
| ഉദ്ഭവ മരണാദികൾ | = | ജനനം തുടങ്ങിയ ആറ് അവസ്ഥകൾ |
| ജായതേ | = | ഉണ്ടാകുക |
| അസ്തി | = | ഇരിക്കുക |
| വിപരിണ മതേ | = | ഒന്നായിത്തീരുക |
| വർദ്ധതേ | = | വളരുക |
| അപക്ഷീയതേ | = | ക്ഷയിക്കുക |
| നശ്യതേ | = | നശിക്കുക |
| സ്ഥാവരം | = | സ്ഥിരമായുള്ളത് |
| നിന്നീടിയ | = | നിന്ന |
| എപ്പൊഴുതും | = | എല്ലായ്പ്പോഴും |
| പരമാത്മാനം | = | പരമാത്മാവിനെ |
| തൊഴുതേൻ | = | വന്ദിച്ചു |

#### ആശയവിശദീകരണം

അത്ഭുതമായും അമൃതായും നാലു വേദങ്ങൾ കൊണ്ട് അറിയേണ്ട ജ്ഞാനസ്വരൂപമായും പ്രപഞ്ചം മുഴുവൻ നിറഞ്ഞിരിക്കുന്നതും ജനനമരണം തുടങ്ങിയ അവസ്ഥകൾ ഒന്നുമില്ലാത്തതും ഇന്ദ്രിയാദികൾ ഇല്ലാത്തതും ഒന്നിനോടും ചേരാത്തതും ചേർന്നതും മറഞ്ഞിരിക്കുന്നതും പൂവിൽ മണം പോലെ പ്രപഞ്ചത്തോട് ചേർന്നും ചേരാതെയും എല്ലായിപ്പോഴും സച്ചിത്സുഖമായി നിന്ന പരമാത്മാവിനെ ഞാൻ

- പരമാത്മാവിനെ വന്ദിച്ച് കാവ്യം ആരംഭിക്കുന്നു

SGOU

തൊഴുന്നു. സവിശേഷ രൂപം ഇല്ലാതെ പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുന്ന പ്രപഞ്ച ചൈതന്യമായി വർത്തിക്കുന്ന പരമാത്മാവ് എന്ന അമൂർത്ത രൂപത്തെ കവി വന്ദിക്കുന്നു. നിരണം കവികൾ മൂവരും ഇതേ രീതിയിൽ തന്നെയാണ് കാവ്യ രചന ആരംഭിക്കുന്നത്.

### പാട്ട് - 2

'തൊഴുതേൻ ഞാൻ ദീപം ദീപത്തിൻ

.........................................................................

യറിവായ് നിന്ന മഹാശക്തിയെയും'

### അർഥവിശദീകരണം

| | | |
|---|---|---|
| വടിവായ് | = | രൂപമായി |
| മൂലമതാം | = | മൂലമായിട്ടുള്ള |
| തൊഴുതേൻ ഞാൻ | = | ഞാൻ ഇതാ തൊഴുന്നു |

### ആശയവിശദീകരണം

- അറിവിന്റെ ശക്തിയെ വണങ്ങുന്നു

ദീപപ്രഭ ദീപത്തെയും ചുറ്റുമുള്ള നിർമ്മലങ്ങളായ സൂര്യരശ്മികൾ സൂര്യനെയും പ്രകാശിപ്പിക്കുന്നതുപോലെ സർവസ്വരൂപമായും നാശമില്ലാത്തതായും ലോകകാരണമായിരിക്കുന്നതും ആയ അദ്വൈത മഹാപദമാം അഴകിനെ ദർശന ചെയ്യാൻ അറിവായി നിന്ന മഹാശക്തിയെയും വണങ്ങുന്നു.

### പാട്ട് - 3

'ശക്തി ശിവൻ കരിയും കരിണിയുമായ്

.........................................................................

കാത്തരുളഖിലജഗൽഗുരു നാരായണനും'

### അർഥവിശദീകരണം

| | | |
|---|---|---|
| ശക്തി | = | പാർവതി |
| കരി | = | കൊമ്പനാന |
| കരിണി | = | പിടിയാന |
| അത്തൽ | = | ദുഃഖം |
| സംഗമിയന്നളവേ | = | സംഗമുണ്ടായപ്പോൾ |
| ഉളനാകിയ | = | ജാതനായി |
| ഗജമുഖനെയും | = | ആനയുടെ മുഖം പോലെയുള്ള മുഖത്തോടുകൂടിയ (ഗണപതിയേയും) |
| അഴകിയ വാഗീശ്വരി | = | രൂപവതിയായ വാഗ്ദേവത |

### ആശയവിശദീകരണം

- ഗണപതി, സരസ്വതി, മഹാവിഷ്ണു സ്തുതി

ശിവനും ശക്തിയും കൊമ്പനാനയും പിടിയുമായി സംഗമിച്ചപ്പോൾ ഉണ്ടായ മത്ത മഹാഗജമുഖനായ ഗണപതിയേയും വാഗീശ്വരിയുടെ അടിമലരിനേയും തൊഴുന്നു. ഭക്തികൊണ്ട് ഭഗവത്ഗീതാർത്ഥം മനോ

ഹരമായി ചൊല്ലുന്നതിനായി ഞാൻ തയ്യാറാകുന്നു. എനിക്ക് ദുഃഖം ഉണ്ടാകാതെ അഖില ജഗദ്ഗുരു നാരായണൻ കത്തരുളേണം.

### പാട്ട് – 4

'നാരായണനമലൻ ശ്രീകൃഷ്ണൻ

..........................................................

ഞാനുമിതൊരുപടി ചൊൽകതുനിഞ്ഞേൻ'

### അർഥവിശദീകരണം

| | | |
|---|---|---|
| അമലൻ | = | പരിശുദ്ധൻ |
| പാരാശര്യ മഹാമുനി തിലകൻ | = | വ്യാസൻ |
| ഒരു പടി | = | ഒരു വിധത്തിൽ |

### ആശയവിശദീകരണം

നാരായണനും പരിശുദ്ധനുമായ ശ്രീകൃഷ്ണൻ, രാജാവായ പാണ്ഡുപുത്രൻ വിജയന് കുരുക്ഷേത്ര യുദ്ധഭൂമിയുടെ തട്ടിൽ വച്ച് ഉപദേശിച്ച നിരുപമമായ ജ്ഞാനാർത്ഥങ്ങളെ വ്യാസഭഗവാൻ 18 അധ്യായത്തിൽ പറഞ്ഞത് നരകൃമിയായ ഞാൻ ഒരു വിധത്തിൽ പറയാൻ ശ്രമിക്കുന്നു.

▶ മാധവ കവി വിനയം പ്രകടമാക്കുന്നു

(വ്യാസൻ എഴുതിയ ഭഗവത്ഗീതയെ നിസ്സാരനായ താൻ ആവും വിധം പറയാൻ ശ്രമിക്കുന്നു മുഖവുരയോടെ കാവ്യത്തിലേക്ക് കടക്കുന്നു).

### പാട്ട് – 5

'ഒരു പടിയോഗത്താലുള്ളിൽക്ക-

......................................................

......................................................

കുറപറയായ്കന്നടിമലർ തൊഴുതേൻ'

### അർഥവിശദീകരണം

| | | |
|---|---|---|
| ഒരു പടി | = | വളരെയധികം / ഒരു വിധം |
| യോഗം | = | ആത്മവിചാരം |
| പെരുമ | = | വലുപ്പം |
| പിപീലി | = | ഉറുമ്പ് |
| കുറ | = | കുറവ് |

### ആശയവിശദീകരണം

ഉയർന്ന യോഗജ്ഞാനത്താൽ ഉള്ളിൽ കണ്ടു ഉത്തമനാകിയ വേദവ്യാസൻ അരുളി ചെയ്ത 'ഭഗവത്ഗീത' ഞാൻ ഭാഷയിൽ പൂർണമായി ചൊല്ലുന്നതിന് ചിന്തിച്ചത്, പെരുമയുള്ള ശ്രീപാൽക്കടലിനെ ഒരു ഉറുമ്പ് കുടിച്ചു തീർക്കാൻ വിചാരിച്ചത് പോലെ അർഥശൂന്യമാണ്. ഗുരുമഹാജനം ഇതിന് കുറ്റം പറയാതിരിക്കുന്നതിനുവേണ്ടി അവരുടെ പാദങ്ങൾ ഞാൻ വന്ദിക്കുന്നു.

▶ ഭഗവത് ഗീതാ വിവർത്തനം എന്ന സാഹസിക പ്രക്രിയ


SGOU

## പാട്ട് – 6

'മലരയനൊടുനേർ വേദവ്യാസൻ

............................................................

............................................................

അതിനുടെ മഹിമവിരോധം വരുമോ'

### അർത്ഥവിശദീകരണം

| | | |
|---|---|---|
| മലരയൻ | = | ബ്രഹ്മാവ് |
| നലനല | = | നല്ല നല്ല |
| കവി | = | കവിത |
| തുകിൽ | = | വസ്ത്രം |

### ആശയവിശദീകരണം

▶ ഭഗവത്ഗീതയുടെ മാഹാത്മ്യത്തിന് കുറവുണ്ടാകുക യില്ല

ബ്രഹ്മാവിന് തുല്യനായ വ്യാസമഹർഷി സംസ്കൃതത്തിൽ എഴുതിയിട്ടുള്ള ജ്ഞാനാർത്ഥങ്ങൾ ഉരയ്ക്കുന്ന 'ഭഗവത്ഗീത'യെ ഞാൻ ഭാഷയിൽ പറയുന്നു. വിലപ്പെട്ട ഒരു രത്നത്തെ സ്വർണച്ചെപ്പിൽ സൂക്ഷിച്ചാലും കീറത്തുണിയിൽ പൊതിഞ്ഞാലും രത്നത്തിന്റെ മാഹാത്മ്യത്തിന് ഒരു കുറവും വരികയില്ല.

## പാട്ട് – 7

'വരുമൊരുപുണ്യക്ഷേത്രമനത്തിനു

............................................................

............................................................

ദുര്യോധനനും കണ്ടാനെന്നേ'

### അർത്ഥവിശദീകരണം

| | | |
|---|---|---|
| പുണ്യക്ഷേത്രം | = | പുണ്യങ്ങൾക്കെല്ലാം ഇരിപ്പിടം |
| അനത്തിന് | = | എല്ലാത്തിനും |
| പരി | = | കുതിര |
| ത്വരിതമെഴും | = | വേഗത്തിൽ |

### ആശയവിശദീകരണം

▶ കുരുക്ഷേത്ര യുദ്ധം തത്സമയം വിവരിക്കുന്നു

വരുന്ന പുണ്യങ്ങൾക്കെല്ലാം ഇരിപ്പിടം ആയിട്ടുള്ള ശ്രേഷ്ഠമായ കുരുക്ഷേത്രത്തിൽ കുതിര, ആന, തേര്, കാലാൾ എന്നീ ചതുരംഗപടയോടൊപ്പം നമ്മളും പാണ്ഡവരും ചെയ്തതെന്തെന്ന് രാജാവായ ധൃതരാഷ്ട്രർ ചോദിച്ചപ്പോൾ ദയാമയനായ സഞ്ജയൻ ഇപ്രകാരം പറഞ്ഞു. വേഗത്തിൽ വരുന്ന പാണ്ഡവരുടെ സൈന്യത്തെ ദുര്യോധനൻ കണ്ടു.

## പാട്ട് - 8

'ദുര്യോധനനാചാര്യനെ നോക്കി-

..........................................................

വേണ്ടിയിയറ്റുകയെന്നാനരചൻ'

### അർഥവിശദീകരണം

| | | |
|---|---|---|
| വിരവൊടു് | = | ഉടനടി |
| ഉളർ | = | ഉണ്ട് |

### ആശയവിശദീകരണം

▶ ദുര്യോധനൻ ഭീഷ്മരോടും മറ്റും യുദ്ധത്തിനിറങ്ങാൻ അവശ്യപ്പെടുന്നു

ദുര്യോധനൻ ആചാര്യനെ നോക്കി പറഞ്ഞു: 'പാണ്ഡവസൈന്യത്തെ കണ്ടാലും. ദേവേന്ദ്രന് തുല്യരായിട്ടുള്ള രാജാക്കന്മാർ, ഭീമാർജുന തുല്യ മഹാരഥരായിട്ടുള്ളവർ എന്നിവരെ കാണുക. രാജാക്കന്മാരായിട്ടുള്ളവർ നമ്മുടെ പക്ഷത്തും പലരുണ്ട്. നായകനായിട്ടുള്ള ഭവാൻ ഭീഷ്മാദികൾ വേഗത്തിൽ എനിക്ക് വേണ്ടി പ്രാണത്യാഗം ചെയ്യുക' എന്ന് ദുര്യോധനൻ പറഞ്ഞു.

### പാട്ട് – 9

'അരചകൾ തന്മധ്യേ ശ്രീഭീഷ്മരു-

.......................................................

........................................................

യടലിടിപോലേ നാദംചെയ്താൻ'

### അർഥവിശദീകരണം

| | | |
|---|---|---|
| കരുതലർ | = | ശത്രുക്കൾ |
| ഇളകൊന്നാർത്ത് | = | ഇളകും വണ്ണം ഒരുമിച്ചാർത്ത് |
| മുറ്റു | = | തിങ്ങി |
| മറ്റ് | = | അനന്തരം |
| അടൽ | = | കൊല്ലുന്നത് |

### ആശയവിശദീകരണം

▶ കൗരവ സൈന്യം കടൽ പോലെ ആർത്തു

രാജാക്കന്മാരുടെ മധ്യത്തിൽ നിന്ന് ഭീഷ്മർ തന്റെ ശംഖെടുത്ത് വിളിച്ചു. ശത്രുക്കൾ ആർത്ത് ഇളകി. കൗരവ സൈന്യം കടൽ പോലെ ആർത്തു. മുരശ്, ഉടുക്ക്, മൃദംഗം, മിഴാവ്, തുടങ്ങിയ വാദ്യഘോഷങ്ങൾ മുഴങ്ങി. അതുകേട്ട് അഖിലേശ്വരനായ ശ്രീകൃഷ്ണൻ തന്റെ ശംഖിനെ എടുത്ത് ഇടിവെട്ട് പോലെ നാദംമുഴക്കി.

### പാട്ട് – 10

'താനതു കേട്ടേവാനവർദത്തം

...................................................

മാറ്റലരുടെ ഹൃദയം ഭേദിച്ചേ'

SGOU

### അർഥവിശദീകരണം

മാറ്റലർ = ശത്രുക്കൾ

### ആശയവിശദീകരണം

▶ പാണ്ഡവർ ശംഖെടുത്ത് ഊതി

അതുകേട്ട് അർജ്ജുനൻ 'ദേവദത്തം' എന്ന പേരുള്ള തന്റെ ശഖെടുത്ത് ഊതി. കുറവില്ലാത്ത 'അനന്തവിജയം' എന്ന ശംഖ് യുധിഷ്ഠിരൻ ഊതി. 'പൗണ്ഡ്രം' എന്ന ശംഖ് ഭീമനും 'സുഘോഷം' നകുലനും 'മണി പുഷ്പം' സഹദേവനും ഊതി. അതുകേട്ട് ആകാശവും ഭൂമിയും നടുങ്ങി. ശത്രുക്കളുടെ ഹൃദയം ഭേദിച്ചു.

## Summarised Overview

മലയിൻകീഴ് മാധവന്റെ പ്രസിദ്ധമായ കൃതിയാണ് 'ഭാഷാഭഗവത്ഗീത'. ഭാഷയിലെ ആദ്യത്തെ 'ഗീതാവിവർത്തന'മാണിത്. 700 ശ്ലോകമുള്ള 'ഭഗവത്ഗീത'യെ 328 പാട്ടുകളിലായി വളരെ മനോഹരമായി സംഗ്രഹിച്ചിരിക്കുന്നു. ഈ കൃതി ഒരു പരിഭാഷ മാത്രമല്ല. ആശയങ്ങൾ കൊണ്ടും അലങ്കാര കല്പനകൾ കൊണ്ടും കാവ്യാത്മകത കൊണ്ടും മികച്ചുനിൽക്കുന്നു. മാത്രമല്ല ഭാഷയിലെ പുതുമയും ഔചിത്യദീക്ഷയും ഈ കൃതിയെ സവിശേഷതയുള്ളതാക്കി മാറ്റുന്നു. ലോകോത്തര ദാർശനിക കൃതിയായ 'ഭഗവത്ഗീത'യെ മലയാളഭാഷയുടെ ചിട്ടവട്ടങ്ങളിൽ ഒതുക്കി സുന്ദരമായി ആവിഷ്കരിക്കാൻ പതിനഞ്ചാം നൂറ്റാണ്ടിൽ കഴിഞ്ഞു എന്നുള്ളത് കവിയുടെ വൈഭവത്തിന്റെയും ഭാഷയുടെ കരുത്തിന്റെയും നിദർശനമാണ്.

വിശ്വോത്തരദാർശനിക കൃതിയായ 'ഭഗവത്ഗീത'യെ സംസ്കൃത ഭാഷയിൽ പ്രാവീണ്യമില്ലാത്ത മലയാളികൾക്ക് ആദ്യമായി പരിചയപ്പെടുത്തിയ കവി പ്രതിഭയാണ് മലയിൻകീഴ് മാധവൻ. 'ഗീത'യിലെ തത്വവിചാരത്തിന് ഒരുതരത്തിലും കുറവ് വരാതെ കാവ്യാത്മകമായി 'ഭഗവത്ഗീത' എന്ന പേരിൽ 700 ശ്ലോകമുള്ള മൂലകൃതിയെ 328 പാട്ടുകളിൽ അദ്ദേഹം സംഗ്രഹിച്ചു. ഇത് മലയാളത്തിലെ പിൽക്കാല കവികൾക്കും മാതൃകയായി. ആറ് നൂറ്റാണ്ട് മുമ്പ് 'ഭഗവത്ഗീത' എത്ര മനോഹരമായും പ്രൗഢമായും പരിഭാഷപ്പെടുത്താൻ തക്കവിധത്തിൽ മലയാളഭാഷ വളർച്ച പ്രാപിച്ചിരുന്നു എന്നത് ശ്രദ്ധേയമായ കാര്യമാണ്. 'ഭഗവത്ഗീത'യുടെ പദാനുപദവിവർത്തനമല്ല മാധവകവി നിർവഹിച്ചത്. തികച്ചും സ്വതന്ത്രമായി മനോധർമ്മ വിലാസത്തോടുകൂടിയാണ് 'ഭാഷാഭഗവത്ഗീത' നിർമ്മിച്ചിരിക്കുന്നത്.

കുരുക്ഷേത്രയുദ്ധത്തിൽ കൗരവരോട് എതിരിടാൻ പുറപ്പെട്ട അർജ്ജുനൻ തന്നോട് യുദ്ധം ചെയ്യാൻ വന്ന ശത്രുക്കളെ കാണുന്നതിനായി കൃഷ്ണനോടൊപ്പം പുറപ്പെട്ടു. യുദ്ധഭൂമിയിൽ മുന്നണിയിൽ നിൽക്കുന്ന പിതാമഹനെയും ദ്രോണാചാര്യർ തുടങ്ങിയ ആചാര്യന്മാരെയും പിതൃസ്ഥാനിയരേയും ബന്ധുക്കളെയും സുഹൃത്തുക്കളെയും ഒക്കെ കണ്ട് കരുണാധിക്യം നിമിത്തം അവരോട് യുദ്ധം ചെയ്യാൻ അശക്തനായി നിന്നു. മാത്രമല്ല സ്വജനനിഗ്രഹം കൊണ്ടുണ്ടാകുന്ന പാപത്തെ ഭയന്ന് യുദ്ധത്തിൽ നിന്ന് പിന്മാറാനും തയ്യാറായി അങ്ങനെ ഏറെ വിഷാദവാനായി നിൽക്കുന്ന അർജ്ജുനനെ കർമനിരതനാക്കുന്നതിനുവേണ്ടി കൃഷ്ണൻ ഉപദേശങ്ങൾ കൊടുക്കുന്നു. ഉപദേശങ്ങൾ കൊടുക്കാൻ തയ്യാറായ സന്ദർഭത്തെ മനോധർമ്മ വിലാസത്തിന്റെ കാവ്യാത്മക യുക്തിയിൽ ആവിഷ്കരിച്ചിരിക്കുന്നത് ഏറെ ഹൃദ്യമാണ്.

'അഴുതളവേകണ്ണീർ മെയ്മാർവിലതീവ പൊഴിഞ്ഞുടനർജ്ജുന ഹൃദയേ
മുഴുതുമെഴും ശോകാഗ്നി ശമിക്ക മുകുന്ദാഞ്ജന മേഘം തന്നിടയേ
അഴകിയ മന്ദസ്മിത മിന്നോടു മനന്തരമേ ചൊൽ ധാരകളോടും
വഴിയേയുണ്മജ്ഞാനാമൃതമഴ വർഷിപ്പാൻ വടിവൊടു നിനവുറ്റാൻ'

മനോധർമ്മത്തിലൂടെ മനോഹരമായ ഒരു വാങ്മയചിത്രം ഈ പാട്ടിലൂടെ കവി വരച്ചിരിക്കുന്നു. കുരുക്ഷേത്രത്തിൽ എത്തി ബന്ധുമിത്രാദികളെ കണ്ടു യുദ്ധം ചെയ്യാൻ വിസമ്മതിച്ച അർജുനന്റെ ശോകാഗ്നി ശമിപ്പിക്കുന്നതിനായി ശ്രീകൃഷ്ണൻ ആകുന്ന കറുത്ത മേഘം പുഞ്ചിരിയാകുന്ന മിന്നൽ പിണരോടും വാക്കുകളാകുന്ന മഴത്തുള്ളികളോടും കൂടി ഉണ്മയുടെ ജ്ഞാനമാകുന്ന അമൃത മഴ വർഷിച്ചു. ചൂട് ശമിപ്പിക്കാൻ മഴ പെയ്യുക എന്ന പാരിസ്ഥിതിക അറിവിന്റെ പശ്ചാത്തലത്തിൽ രൂപകാലങ്കാരത്തിന്റെ സഹായത്തോടെ ഒരു മനോഹര സന്ദർഭം കവി ആവിഷ്കരിച്ചിരിക്കുന്നു. പ്രതിഭാധനനായ കവിക്ക് മാത്രമേ ഇതിനൊക്കെ സാധിക്കൂ. ഇത്തരത്തിലുള്ള കാവ്യാനുഭവം ഈ കൃതിയിലുടനീളമുണ്ട്.

## Assignments

1. 'ലീലാതിലക'കാരൻപാട്ടിന് നൽകിയിരിക്കുന്ന ലക്ഷണത്തിലെ 'ദ്രമിഡസംഘാതാക്ഷര നിബദ്ധമെന്ന' - പ്രധാന ഭാഗത്തെ മറികടന്നുകൊണ്ട് കാവ്യ രചന നടത്തിയവരാണ് കണ്ണശ്ശന്മാർ. അത് മലയാള കാവ്യഭാഷയിൽ പുതിയ മാറ്റത്തിന് തുടക്കം കുറിച്ചു. എന്തായിരുന്നു ആ മാറ്റം വിശദമാക്കുക.
2. നിരണം കവികളും പാട്ട്പ്രസ്ഥാനവും മലയാള കാവ്യചരിത്രത്തിൽ സ്ഥാനം നേടുന്നതെങ്ങനെ?
3. 'ഭാഷാഭഗവദ്ഗീത'യുടെ വിവർത്തനത്തിന്റെ സാമൂഹിക പ്രാധാന്യമെന്ത്?
4. കാവ്യരചനയിൽ നിരണം കവികൾ പിൽക്കാല മലയാള കവികൾക്ക് അനുകരണീയരായി തീർന്നു. ഉദാഹരണസഹിതം വ്യക്തമാക്കുക.
5. നിരണം കവികളുടെ കൃതികൾ ഭാഷാപരമായും സാഹിത്യപരമായും പുലർത്തുന്ന സവിശേഷതകൾ വിവരിക്കുക.

SGOU

## Suggested Readings


1. ആനന്ദക്കുട്ടൻ (വ്യാഖ്യാനം), മാധവപ്പണിക്കരുടെ ഭാഷാഭഗവദ്ഗീത, എൻ. ബി. എസ്., കോട്ടയം.
2. കെ. ഇ. നാരായണപിള്ള, കണ്ണശ്ശൻമാരും എഴുത്തച്ഛനും, പി. വി. ബുക്ക് ഡിപ്പോ, തിരുവനന്തപുരം.
3. നിരണത്ത് മാധവപ്പണിക്കർ, ഭാഷാഭഗവത്ഗീത, കേരളസർവ്വകലാശാല മാനുസ്ക്രിപ്റ്റ് ലൈബ്രറി, തിരുവനന്തപുരം.
4. നിരണത്ത് മാധവപ്പണിക്കർ, ഭാഷാഭഗവത്ഗീത (പഠനം. പുതുശ്ശേരി രാമചന്ദ്രൻ). കണ്ണശ്ശസ്മാരക ട്രസ്റ്റ്, തിരുവല്ല.


## References


1. കെ. എം. ജോർജ് (എഡി.), സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.
2. ഉള്ളൂർ എസ്. പരമേശ്വരയ്യർ, കേരളസാഹിത്യചരിത്രം, കേരള സർവകലാശാലാ പ്രസിദ്ധീകരണം, തിരുവനന്തപുരം.
3. എരുമേലി പരമേശ്വരൻപിള്ള, മലയാള സാഹിത്യ ചരിത്രം കാലഘട്ടങ്ങളിലൂടെ, വിദ്യാർത്ഥിമിത്രം, കോട്ടയം.


SGOU

### Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

# മണിപ്രവാളവും ചമ്പുകാവ്യങ്ങളും

# BLOCK-02

## Block Content


| | |
|---|---|
| യൂണിറ്റ്-1 | മണിപ്രവാളം-ഉല്പത്തി-ലക്ഷണം |
| യൂണിറ്റ്-2 | മദ്ധ്യകാല ചമ്പുക്കൾ-അച്ചീചരിതങ്ങൾ |
| യൂണിറ്റ്-3 | സന്ദേശകാവ്യങ്ങൾ-ചരിത്ര സാംസ്കാരിക പ്രാധാന്യം |
| യൂണിറ്റ്-4 | മധ്യകാല ചമ്പുക്കൾ-വർണ്ണനാരീതി |

# Unit 1

# മണിപ്രവാളം-ഉല്പത്തി-ലക്ഷണം

## Learning Outcomes

- മണിപ്രവാളകവിതയുടെ ഉല്പത്തിയും ഭാഷാചരിത്രത്തിൽ അവയ്ക്കുള്ള സ്ഥാനവും മനസിലാകുന്നു
- മണിപ്രവാളത്തിന്റെ ലക്ഷണം, നിർവചനം തുടങ്ങിയവ അടുത്തറിയുന്നു
- രംഗസാഹിത്യം അഥവാ അഭിനയസാഹിത്യവുമായുള്ള മണിപ്രവാളത്തിന്റെ ബന്ധം തിരിച്ചറിയുന്നു
- രംഗകലകൾ അഥവാ ക്ഷേത്രകലകളുമായുള്ള മണിപ്രവാളത്തിന്റെ അടുപ്പം ചർച്ച ചെയ്യുന്നു
- മണിപ്രവാളകവിതയ്ക്കുണ്ടായ പുനർവായനകൾ അപഗ്രഥിക്കാൻ പ്രാപ്തിനേടുന്നു
- 'വൈശികതന്ത്ര'ത്തിലെ ഭാഷവർണ്ണനരീതി, പ്രമേയം തുടങ്ങിയവയെ സവിശേഷമായി മനസിലാക്കുന്നു

## Background

**മണിപ്രവാളത്തിന്റെ സാംസ്കാരിക പരിസരം**

പതിനൊന്നാം ശതകത്തിന്റെ അവസാനകാലത്ത് കുലശേഖരഭരണത്തിന് ശൈഥില്യം സംഭവിച്ചതോടെ ബ്രാഹ്മണമേധാവിത്വം ഭരണരംഗത്തേക്ക് കടന്നുവന്നു. ബ്രാഹ്മണമേധാവിത്വം ശക്തമായതോടെ സംസ്കൃതം പണ്ഡിതഭാഷയാവുകയും സംസ്കാരമെന്നത് ബ്രാഹ്മണസംസ്കാരമാവുകയും ചെയ്തു. കേരളഭാഷയിൽ തമിഴിന്റെ സ്ഥാനത്ത് സംസ്കൃതം കടന്നുവരികയും 'ഭാഷാസംസ്കൃത യോഗം' സംഭവിക്കുകയും ചെയ്തു. മധ്യകാലഘട്ടത്തിലാണ് ഈ ഭാഷാമിശ്രണം വലിയ തോതിൽ നടന്നത്. സംസ്കൃതവിദ്യാഭ്യാസത്തിന്റെ പ്രചാരവും ക്ഷേത്രകലകളുടെ വളർച്ചയും മണിപ്രവാളത്തിന്റെ വളർച്ച വേഗത്തിലാക്കി. അങ്ങനെ തുടങ്ങിയ മണിപ്രവാളസാഹിത്യം എഴുത്തച്ഛന്റെ കാലം വരെ ശക്തമായി തുടർന്നുപോന്നു. മണിപ്രവാളം സാഹിത്യപദവിയിലേക്ക് ഉയരുന്നത് രംഗകലയുമായി ബന്ധപ്പെട്ടാണെന്ന് കരുതാം.

മണിപ്രവാളശ്ലോകങ്ങളും മറ്റും പാഠകം പോലുള്ള കലകളിൽ ഉപയോഗിച്ചിരുന്നു. 'മണിപ്രവാളവിഷയത്തെപ്പറ്റി ആരും നിയമം നിർമ്മിച്ചിരുന്നില്ലെങ്കിലും രാജസ്തുതി, ദേവസ്തുതി തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് നിർമ്മിച്ച കവിതകൾ ഈ പ്രസ്ഥാനത്തിൽ കാണുന്നുണ്ടെങ്കിലും ഉപരിവർഗീയരുടെ ആ സാഹിത്യത്തിൽ പ്രതിപാദ്യങ്ങളായി ഭവിച്ചത് സ്ത്രീപരമായ പുരുഷാഭിലാഷം, അഭിലാഷസിദ്ധിക്കുവേണ്ടിയുള്ള അഭ്യർത്ഥന, സ്ത്രീസൗന്ദര്യത്തിന്റെ സാംഗോപാംഗവർണ്ണനം, മലർബാണ കേളീവിരുതിന്റെ വിവരണം, ഭൂതകാലരത്യാനുഭൂതികളെക്കുറിച്ചുള്ള സ്മരണചർവണങ്ങൾ എന്നിവയായിരുന്നതിനാലാകാം, മണിപ്രവാളമെന്നാൽ മധുരകാവ്യം അഥവാ ശൃംഗാരകവിത എന്ന ധാരണ പരക്കെയുണ്ടായി' എന്ന് ഡോ.പി.കെ. നാരായണപിള്ള 'പദ്യരത്ന'ത്തിന്റെ അവതാരികയിൽ പറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാണ്. 'മലയാളത്തിൽ മണിപ്രവാളപ്രസ്ഥാനം ഉച്ചനിലയിലിരുന്ന കാലത്താണ്, അതായത് പതിമൂന്നാം ശതകം മുതൽ പതിനേഴാം ശതകം വരെയാണ് തമിഴിലും മണിപ്രവാളത്തിനു

SGOU

പ്രാധാന്യമുണ്ടായിരുന്നതെന്ന വസ്തുത രസാവഹവും ചിന്താർഹവുമാണ്. വിഭക്ത്യന്ത സംസ്കൃതപദങ്ങളും തമിഴും ചേർത്തുള്ള മണിപ്രവാളം പോലും വിരളമായിട്ടെങ്കിലും തമിഴിൽ കാണാം' എന്ന് പ്രൊഫ. എൻ. കൃഷ്ണപിള്ള 'കൈരളിയുടെ കഥ'യിൽ അഭിപ്രായപ്പെടുന്നു. 'ലീലാതിലക'പദ്യങ്ങളും 'പദ്യരത്ന'വുമാണ് മണിപ്രവാളപഠനത്തിന് ഏറ്റവും ഉപകരിക്കുന്ന തെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട്.

ഉള്ളൂർ 'കേരള സാഹിത്യ ചരിത്ര'ത്തിൽ മണിപ്രവാളകാലഘട്ടത്തെയും മണിപ്രവാളകവി തയെയും വിശദമായി പഠിക്കുന്നുണ്ട്. 'കേരള സാഹിത്യ ചരിത്രം' ഒന്നാം ഭാഗത്തിൽ 'പാട്ടും മണിപ്രവാളവും' എന്ന അധ്യായത്തിലാണ് ഇത് ചർച്ച ചെയ്യുന്നത്. മണിപ്രവാളത്തിന്റെ ഉത്ഭ വത്തെപ്പറ്റി ഉള്ളൂർ പറയുന്നത് 'നമ്പൂരിമാർക്കു ചെന്തമിഴിനോടു തീരെ ആഭിമുഖ്യമില്ലായിരു ന്നു. അവർ സംസ്കൃതഭാഷ പഠിക്കുകയും അതിൽ ചില ഗ്രന്ഥങ്ങൾ നിർമ്മിക്കുകയും ചെയ്തു. പക്ഷേ, കാലക്രമത്തിൽ പൊതുജനങ്ങളെ സ്പർശിക്കാത്ത അത്തരത്തിലുള്ള സാഹിത്യവ്യവ സായം കൊണ്ടുമാത്രം തങ്ങൾക്ക് ചരിതാർത്ഥരാകുവാൻ അവകാശമില്ലെന്ന് അവർക്കുതോ ന്നിത്തുടങ്ങി. തൽഫലമായി അവർ കൊടുന്തമിഴും സംസ്കൃതവും കൂട്ടിച്ചേർത്തു ഒരു പുതിയ ഭാഷയുണ്ടാക്കി അതിൽ ഗ്രന്ഥനിർമ്മാണം ചെയ്തു. തദ്വാരാ ത്രൈവർണികന്മാരെന്നു 'ലീലാ തിലക'കാരൻ നിർദ്ദേശിക്കുന്ന അന്തരാളന്മാരെയും നായന്മാരെയും തങ്ങളുടെ സ്ത്രീകളേ യും ബാലന്മാരേയും സാഹിത്യരസം ആസ്വദിപ്പിക്കാൻ സന്നദ്ധരായി. അങ്ങനെയാണ് കേരള ത്തിൽ മണിപ്രവാളമെന്ന കാവ്യപ്രസ്ഥാനം ആവിർഭവിച്ചത്'. മണിപ്രവാളകവിതയിൽ വരുന്ന അമ്പതോളം സ്ത്രീകളുടെ പേരും ഒരു ലിസ്റ്റ് ആയി ഉള്ളൂർ കൊടുത്തിട്ടുണ്ട്. ദേവദാസികളെ പ്പറ്റി കൊല്ലം 107-ലെ ചോക്കൂർ ശാസനത്തിലാണ് ആദ്യപരാമർശമുള്ളത്. ആദ്യകാലത്ത് ദേ വദാസികൾ പൂർണമായും അമ്പലവാസികളും ബ്രാഹ്മണൻമാരുമായി മാത്രം ബന്ധമുള്ളവരും ആയിരുന്നു. ഏതായാലും സമൂഹത്തിൽ മാന്യമായ സ്ഥാനം ദേവദാസികൾക്ക് 14-ാം ശത കംവരെ ഉണ്ടായിരുന്നതായി കരുതാം. ചിറവാ രാജകുടുംബത്തിലെ അംഗമായ ഒരു ദേവദാ സിയാണ് 'ഉത്തരാചന്ദ്രിക' എന്ന കാവ്യത്തിലെ നായിക എന്ന് ഡോ. പി. കെ. നാരായണപിള്ള 'പദ്യരത്ന'ത്തിന്റെ അവതാരികയിൽ പറയുന്നുണ്ട്. വള്ളത്തോളിന്റെ 'കൊച്ചുസീത' എന്ന കാ വ്യത്തിലെ വരി ഇങ്ങനെ:

'ഇമ്മന്നിലപ്സരസ്ത്രീകൾ നാം, വേശ്യമാർ;
ധർമ്മം നമുക്കിങ്ങു രണ്ടേ വിനിശ്ചിതം:
നന്മയ്ക്കു കോവിലിൽപ്പോയ് നൃത്തമാടലും
പുമ്മാനസങ്ങളെ നൃത്തമാടിയ്ക്കലും'

"ദേവന്റെ മുമ്പിലും പുരുഷന്മാരുടെ മുമ്പിലും നൃത്തം ചെയ്യുക, പുരുഷന്മാരുടെ മനസ്സുകളെ കാമതരളമാക്കുക എന്നീ രണ്ടുകാര്യങ്ങളാണ് നമുക്ക് വിധിക്കപ്പെട്ടത്". അങ്ങനെയാണ് ദേവദാ സികൾ പിന്നീട് വേശ്യകളായി മാറിയത്. 'ചന്ദ്രോത്സവ'ത്തിൽ ലോകത്ത് ഏറ്റവും ശ്രേഷ്ഠകൾ വേശ്യകളാണെന്നും വേശ്യാവൃത്തിയുടെ മാഹാത്മ്യം കൊട്ടിഘോഷിക്കുന്നവരാണ് മണിപ്ര വാളകവികളെന്നും സൂചനകളുണ്ട്. 'വൈശികതന്ത്ര'ത്തിൽ വേശ്യാവൃത്തിയുടെ പ്രാധാന്യവും അത് തലമുറകളായി അഭ്യസിക്കേണ്ടതിന്റെ ആവശ്യകതയും വിവരിക്കുന്നു.

ഡോ. കേശവൻ വെളുത്താട്ട് പറയുന്നത് 'മണിപ്രവാളത്തിലെ നായികമാരായ ഗണികകൾ ഉത്തമവർഗത്തിലുള്ളവരാണ്. അവർ വെറും തെരുവുവേശ്യകളല്ല. ഈ വ്യത്യാസം വളരെ പ്രധാനമാണ്. കാമസൂത്രത്തിലെ ആറാമധ്യായമായ വൈശികത്തിൽ പറയുന്ന ഗണികകളുടെ ഗുണങ്ങൾ മണിപ്രവാളത്തിലെ നായികമാർക്കു കാണാം' എന്നുമാണ്. മണിപ്രവാളകവികളെ ല്ലാം നമ്പൂതിരിമാരും ജന്മിമാരും സുഖഭോഗങ്ങളിൽ മുഴുകിയിരുന്നവരുമല്ല. മണിപ്രവാളചമ്പു ക്കൾ തരുന്ന തെളിവുകൾ അതാണ്. കേവലം നായികാവർണന മാത്രമല്ല, അന്നത്തെ നിരവധി സാമൂഹ്യ പശ്ചാത്തലങ്ങൾ ഇതിൽ വർണിച്ചിട്ടുണ്ട്. അക്കാലത്തെ കവികളുടെ ചിത്രവും ഇതിൽ

കാണാം. കവികളിൽ ഒട്ടു മിക്കവരും നായികാഗൃഹങ്ങളിൽ ചുറ്റിത്തിരിയുന്നവരും നായികമാരെ വർണിച്ചു കിട്ടുന്ന പ്രതിഫലം കൊണ്ടു ഉപജീവനം കഴിക്കുന്നവരുമാണ്.

ചുരുക്കത്തിൽ മണിപ്രവാളത്തെക്കുറിച്ചും മണിപ്രവാളകവികളെക്കുറിച്ചും മുമ്പു പറഞ്ഞുവച്ചിട്ടുള്ളതും ലഭ്യമായ അറിവുകളും പൂർണമായും യുക്തിക്ക് നിരക്കുന്നതല്ല. മണിപ്രവാളസാഹിത്യത്തിന്റെ പുനർവായന നടക്കുന്ന കാലം കൂടിയാണിത്. ഡോ. ദിലീപ്കുമാർ കെ. വി. യുടെ 'അകക്കാഴ്ചകൾ -മണിപ്രവാളപഠനങ്ങൾ' എന്ന ഗ്രന്ഥം തന്നെ ഉദാഹരണം. അതുപോലെ 'ഉണ്ണുനീലിസന്ദേശം ചരിത്രദൃഷ്ടിയിൽ' എന്ന ഇളംകുളത്തിന്റെ പുസ്തകവും മേൽപ്പറഞ്ഞ പാരമ്പര്യധാരണകളെ തിരുത്തുന്നതാണ്. കേരളസംസ്കാര പഠനത്തിന് ഉതകുന്ന നിരവധി ചരിത്രപരവും സാമൂഹികവുമായ അറിവുകൾ ഈ കൃതികളിൽ നിന്നും നമുക്ക് ലഭിക്കുന്നുണ്ട്.

**വൈശികതന്ത്രം**

പ്രാചീന മണിപ്രവാളത്തിലെ ആദ്യകൃതി 'വൈശികതന്ത്ര'വും അവസാനകൃതി 'ചന്ദ്രോത്സവ'വുമാണ്. എ. ഡി. പതിനാലാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലോ അതിന് അല്പം മുമ്പോ രചിക്കപ്പെട്ട ഒരു കൃതിയാണ് ഇതെന്നു ഉറപ്പിച്ചു പറയാം എന്ന് ഡോ. എൻ. ഗോപിനാഥൻനായർ 'വൈശികതന്ത്രം' വ്യാഖ്യാനത്തിന്റെ ആമുഖത്തിൽ പറയുന്നു. പതിനൊന്നാം നൂറ്റാണ്ടിലുണ്ടായതാണെന്ന് ഇളംകുളവും പന്ത്രണ്ടാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടതാണെന്നു ഉള്ളൂരും പറയുന്നുണ്ട്. മണിപ്രവാളകൃതികളുടെ ആദ്യസമ്പാദനവും ഗവേഷണപഠനവും നടത്തിയത് പ്രൊഫ. കെ. രാമചന്ദ്രൻനായരാണ് (Early Manipravalam A study- 1971). അദ്ദേഹം 'വൈശികതന്ത്ര'ത്തിലെ 266 പൂർണശ്ലോകങ്ങളും 7 അപൂർണ ശ്ലോകങ്ങളും കണ്ടെത്തുകയുണ്ടായി. ഇതാണ് ഡോ. എൻ. ഗോപിനാഥൻ നായർ വ്യാഖ്യാനത്തിനായി സ്വീകരിച്ചിട്ടുള്ളത്. അതിൽ 266 പൂർണശ്ലോകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## Keywords

മണിപ്രവാളം-ലക്ഷണം-നിർവ്വചനം-വിഭജനം-ലീലാതിലകം-നമ്പ്യാൻ തമിഴ്-വൈശികതന്ത്രം

## Discussion

### 2.1.1 മണിപ്രവാളം-ലക്ഷണം, നിർവചനം

പതിനാലാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട 'ലീലാതിലക'മാണ് മണിപ്രവാളത്തിന്റെയും പാട്ടിന്റെയും ലക്ഷണം കല്പിച്ചിട്ടുള്ള ആധികാരിക ഗ്രന്ഥം. സംസ്കൃതഭാഷയിലാണ് ഈ ഗ്രന്ഥം രചിച്ചിട്ടുള്ളത്. പില്ക്കാലത്ത് നിരവധി വ്യാഖ്യാനങ്ങൾ 'ലീലാതിലക'ത്തിനുണ്ടായി. എട്ടു ശില്പങ്ങളുള്ള 'ലീലാതിലക'ത്തിലെ ഒന്നാം ശില്പത്തിലെ പ്രഥമസൂത്രത്തിലാണ് മണിപ്രവാളലക്ഷണം പറയുന്നത്.

'ഭാഷാസംസ്കൃതയോഗോ മണിപ്രവാളം' എന്നാണ് 'ലീലാതിലകം'നൽകുന്ന നിർവചനം. ഭാഷയെന്നാൽ കേരളഭാഷ. 'ഭാഷാമിശ്രം പൊഴുതുകഥയാമി' എന്ന് മുഹൂർത്ത പദവി എന്ന ജ്യോതിഷഗ്രന്ഥത്തിലും കാണുന്നുണ്ട്. 'ഭാഷാമിശ്ര'മെന്നാൽ സംസ്കൃതത്തോടു മലനാട്ടുതമിഴ്

കലർന്ന മിശ്രഭാഷ. യാതൊരു നിയമവും കൂടാതെ നമ്പൂതിരിമാർ ആദ്യകാലത്ത് ഉപയോഗിച്ചിരുന്ന ഈ വെങ്കലഭാഷയിൽ നിന്നാണ് മണിപ്രവാളം ഉടലെടുത്തത് എന്ന് പ്രൊഫ. ഇളംകുളം കുഞ്ഞൻപിള്ള 'ലീലാതിലക'വ്യാഖ്യാനത്തിൽ പ്രസ്താവിക്കുന്നുണ്ട്. അഞ്ചാം ശതകം മുതൽ പാട്ട് മലയാളത്തിൽ പ്രചരിച്ചിരുന്നു എങ്കിലും മണിപ്രവാളം എട്ടാം ശതകത്തോടുകൂടി മാത്രമേ പ്രചാരത്തിൽ വന്നുള്ളൂ എന്ന് ഉള്ളൂർ കരുതുന്നു. ചെന്തമിഴിലും മണിപ്രവാളമുണ്ടായിരുന്നതായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. സംഘം കൃതികളിലൊന്നായ 'അകനാനൂറി'ന്റെ മധ്യഭാഗത്തിന് 'മണിമിടൈപവളം' എന്നാണ് പേര്. ഇത് മണിപ്രവാളത്തെ സൂചിപ്പിക്കുന്നതാണ്. 'മഹിളാളിമഹാസ്പദ'മെന്ന പേരിലാണ് ഏറെക്കാലം മണിപ്രവാളകവിതയും സാഹിത്യവും അറിയപ്പെട്ടത്. ഡോ. പി. വി. വേലായുധൻപിള്ള 'മധ്യകാലമലയാളം' എന്ന പുസ്തകത്തിൽ മണിപ്രവാളത്തിന്റെ മൂന്ന് പ്രധാന സ്വഭാവങ്ങൾ ചൂണ്ടിക്കാട്ടുന്നു.

▶ ലീലാതിലകം ലക്ഷണഗ്രന്ഥം

1. ഭാഷാമിശ്രണം,
2. രംഗകലകളുമായുള്ള ബന്ധം
3. മഹിളാളിമഹാസ്പദം

വിഭക്ത്യന്ത സംസ്കൃതപദമാണ് 'സംസ്കൃതം' കൊണ്ട് ഉദ്ദേശിക്കുന്നത്. സഹൃദയഹൃദയാകർഷകമാം വണ്ണമുള്ള സന്നാഹമാണ് 'യോഗം'. അത് നിയമേന ദോഷരഹിതവും ഗുണയുക്തവുമായിരിക്കുന്നതിനാൽ രസാലങ്കാരങ്ങൾ യുക്തം പോലെ ചേർക്കുന്നതിനാലുമാണ് ഉണ്ടാകുന്നത്. പദ്യത്തിൽ പദബന്ധവും ദീക്ഷിക്കണം. നമ്പ്യാന്മാർ കൂത്തിലും മറ്റും കഥാപ്രസംഗം ചെയ്യുന്നതിന് 'തമിഴ്' എന്നാണ് പറയുന്നത്. അതിലാകട്ടെ ഭാഷാസംസ്കൃതയോഗവുമുണ്ട്. എന്നാലത് മണിപ്രവാളമല്ല. കാരണം അതിൽ വിഭക്ത്യന്ത സംസ്കൃതപദങ്ങൾ ഉപയോഗിക്കുന്നില്ല. അതുപോലെ 'ആലത്തൂർ മണിപ്രവാളം' എന്ന വൈദ്യഗ്രന്ഥത്തിൽ രസികന്മാരെ രസിപ്പിക്കത്തക്കവണ്ണമുള്ള ഭാഷാ സംസ്കൃതയോഗമില്ല. രസാഭാവം തന്നെ കാരണം. അതുകൊണ്ട് 'ആലത്തൂർ മണിപ്രവാളവും' 'ലീലാതിലക'കാരന്റെ ലക്ഷണത്തിൽ വരുന്നില്ല. ചികിത്സാരീതികളും മറ്റും വിവരിക്കുന്നതിൽ എന്തു രസമാണുള്ളതെന്നും 'ലീലാതിലക' കാരൻ ചോദിക്കുന്നു. 'ആലത്തൂർ മണിപ്രവാള'ത്തെ വാസ്തവത്തിൽ ഭാഷാമിശ്രിതമെന്നല്ലാതെ മണിപ്രവാളമെന്നു പറയുന്നത് ശരിയല്ലെന്ന് ഇളംകുളവും അഭിപ്രായപ്പെടുന്നു. ഭാഷാസംസ്കൃതങ്ങളുടെ യോഗം ആ വൈദ്യഗ്രന്ഥത്തിലില്ല.

▶ മണിപ്രവാളം - ഭാഷാമിശ്രം, നമ്പ്യാൻ തമിഴ് ആലത്തൂർ മണിപ്രവാളം

ലീലാതിലകത്തിലെ പ്രസിദ്ധമായ കുന്തൽവാദത്തിൽ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. മണിപ്രവാളത്തിൽ കേരളഭാഷയും സംസ്കൃതഭാഷയുമല്ലാതെ മറ്റൊന്നും ചേരുകയില്ല. കേരള ഭാഷാസംസ്കൃതയോഗം മാത്രമാണ് മണിപ്രവാളം. അതിൽ മറ്റൊരു ഭാഷയ്ക്കും പ്രവേശനമില്ല (ലീലാതിലകം, പുറം 40-42). അത് കേരള ഭാഷാസംസ്കൃതയോഗത്തിൽ മാത്രം രൂഢിയായിത്തീർന്നിട്ടുള്ളതാണ്. മണിപ്രവാളത്തിലെ മണിക്ക് 'രത്നം' എന്ന് സംസ്കൃതത്തിലെ അർഥം സ്വീകരിക്കുന്നു. വെളുത്ത മുത്തും ചുവന്ന പവിഴവും ചേരുമ്പോഴുള്ള വർണശബളിതയാണ് പ്രധാന ആകർഷകത്വം. മണിക്ക് തമിഴിൽ പത്മരാഗം എന്നൊരർത്ഥമുണ്ട്. അങ്ങനെ പത്മരാഗവും പവിഴവും ചെന്നൂലിൽ കോർത്താലുള്ള വർണൈക്യമാണ് മറ്റൊന്ന്. മണി എന്നത് ഭാഷയെയും പ്രവാളമെന്നത് സം

▶ കേരളഭാഷയും സംസ്കൃതഭാഷയും

സ്കൃതത്തെയും സൂചിപ്പിക്കുന്നു. 'തമിഴ് മണി സംസ്കൃതപവിഴംകോക്കിന്റേൻ വൃത്തമാന ചെന്നുമേൽ' എന്ന് 'യോഗപഞ്ചശതം' എന്ന വൈദ്യഗ്രന്ഥത്തിൽ കാണുന്നു.

'തമിഴ് സംസ്കൃതമെന്റുള്ള സുമനസ്സുകൾ കൊണ്ടൊരു ഇണ്ടമാല തൊടുക്കിന്റേൻ പുണ്ഡരീകാക്ഷപൂജയായ്' എന്ന് 'അനന്തപുരവർണന'ത്തിലും കാണുന്നുണ്ട്. ഇവിടെ സുമനസ്സുകളെന്നാൽ പുഷ്പങ്ങളാണ്. 'ഇണ്ടമാല' എന്നാൽ ചുവന്നതും വെളുത്തതുമായ പൂക്കൾ ഇടകലർത്തി കെട്ടിയുണ്ടാക്കുന്നത്. പുണ്ഡരീകാക്ഷൻ വിഷ്ണുവാണ്. 'തമിഴ് മണി' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് കേരളഭാഷയാണ്. ചുരുക്കത്തിൽ 'ഭാഷാസംസ്കൃതയോഗം' എന്ന് മണിപ്രവാളത്തെ നിർവചിക്കുമ്പോൾ, സഹൃദയഹൃദയാഹ്ലാദകമായ ചേർച്ചയാണ് യോഗം കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് സാമാന്യമായി പറയാം. സംസ്കൃതം ഇവിടെ മാത്രമല്ല, തെലുങ്കുമായും കന്നടവുമായും ഇടകലർന്ന് മണിപ്രവാളതുല്യമായ സാഹിത്യമുണ്ടായിട്ടുണ്ട്.

- കേരളഭാഷാ സംസ്കൃതയോഗം മാത്രമാണ് മണിപ്രവാളം

## മണിപ്രവാളവിഭജനം

മണിപ്രവാളത്തെ 'ലീലാതിലക'കാരൻ ആദ്യം ഉത്തമം, മധ്യമം, അധമം എന്നിങ്ങനെ മൂന്നായി തിരിക്കുന്നു. ഈ മൂന്നിൽ ഉത്തമം, ഉത്തമകല്പം, മധ്യമം, മധ്യമകല്പം, അധമം എന്നിങ്ങനെ അഞ്ചായും ഇതിനെ ഉത്തമം ഒന്ന്, ഉത്തമ കല്പം നാല്, മധ്യമം ഒന്ന്, മധ്യമകല്പം മൂന്ന്, അധമം ഒന്ന് എന്നിങ്ങനെ ഒൻപതായും തിരിക്കുന്നു.

- വിവിധ തരം തിരിക്കലുകൾ

### 1. ഉത്തമമണിപ്രവാളം

'തദുത്തമം ഭാഷാരസപ്രാധാന്യേ' (ലീലാതിലകം ശിൽപം-1, സൂത്രം -2)

ഭാഷയ്ക്കും രസത്തിനും പ്രാധാന്യമുള്ള മണിപ്രവാളം ഉത്തമമാണ്. സംസ്കൃത ശബ്ദങ്ങൾ കുറഞ്ഞിരുന്നാൽ ഭാഷയ്ക്കു പ്രാധാന്യം ലഭിക്കും. സംസ്കൃതത്തെ അപേക്ഷിച്ച് ഭാഷയ്ക്കും വാച്യാർത്ഥത്തെ അപേക്ഷിച്ച് രസത്തിനും പ്രാധാന്യം. ഭാഷയ്ക്കും രസത്തിനും പ്രാധാന്യമേറുന്നു.

- ഭാഷയ്ക്കും രസത്തിനും പ്രാധാന്യമുള്ള മണിപ്രവാളം

'ഭാഷാപ്രാധാന്യേ രസസാമാന്യേ ഉത്തമകല്പം' (സൂത്രം -3). ഭാഷയ്ക്ക് പ്രാധാന്യവും രസത്തിനും വാച്യാർത്ഥത്തിനും തുല്യപ്രാധാന്യവും ഉണ്ടായിരുന്നാൽ ഉത്തമകല്പം. ഭാഷ സംസ്കൃതത്തേക്കാൾ ഏറിയിരിക്കും. 'രസപ്രാധാന്യേ ഭാഷാസാമ്യേ ച' (സൂത്രം - 4). ഭാഷയ്ക്കും സംസ്കൃതത്തിനും തുല്യപ്രാധാന്യം. രസം വാച്യാർത്ഥത്തേക്കാൾ പ്രാധാന്യമുള്ളത്.

- ഭാഷയ്ക്കും രസത്തിനും വാച്യാർത്ഥത്തിനും തുല്യപ്രാധാന്യം

### 2. മധ്യമമണിപ്രവാളം

'മധ്യമം:- 'സാമ്യേമധ്യം'-(സൂത്രം-5) മധ്യമ മണിപ്രവാളം. ഭാഷയും സംസ്കൃതവും സമാനം, രസവും വാച്യാർത്ഥവും സമാനം. 'ഭാഷാസാമ്യേ രസന്യൂനതയോ മധ്യമകല്പം' (സൂത്രം-6). ഭാഷയും സംസ്കൃതവും സമമായും, രസത്തേക്കാൾ വാച്യാർത്ഥം പ്രധാനമായും ഉള്ളത് മധ്യമകല്പം. 'രസസാമ്യേ ഭാഷാന്യൂനതയോ ച' (സൂത്രം-7).

SGOU

രസം വാച്യാർത്ഥത്തിനു തുല്യമായും, ഭാഷ കുറഞ്ഞും ഇരിക്കുന്നതു മധ്യമകല്പം. 'ഭാഷാപ്രാധാന്യേ രസന്യൂനത്വേ ച' (സൂത്രം-8). ഭാഷയ്ക്ക് പ്രാധാന്യമേറിയും സംസ്കൃതം കുറഞ്ഞും രസം കുറഞ്ഞും വാച്യാർത്ഥം ഏറിയും ഇരിക്കുന്നതു മധ്യമകല്പമാണ്. 'രസപ്രാധാന്യേ ഭാഷാന്യൂനത്വേ ച' (സൂത്രം-9). ഭാഷ സംസ്കൃതത്തെ അപേക്ഷിച്ച് കുറവും രസം വാച്യാർത്ഥത്തേക്കാൾ പ്രധാനമായതും. രസപ്രധാനമായും ഭാഷ കുറവായും ഇരിക്കുന്നത് മധ്യമകല്പം തന്നെ.

▶ മധ്യമമണിപ്രവാളം ഒന്ന്, മധ്യമകല്പം നാല്

### 3. അധമ മണിപ്രവാളം

'ന്യൂനത്വേ അധമ' (സൂത്രം-10). ഭാഷയും രസവും ന്യൂനമായിട്ടുള്ളത് അധമം, ഭാഷ സംസ്കൃതത്തെ അപേക്ഷിച്ച് ന്യൂനം, രസം വാച്യാർത്ഥത്തേക്കാൾ ന്യൂനം.

ഇങ്ങനെ ഒമ്പതുതരം മണിപ്രവാളങ്ങൾ ഉണ്ട്. ഉത്തമകല്പത്തെ രണ്ടായും മധ്യമകല്പത്തെ നാലായും വീണ്ടും വിഭജിച്ചു ലക്ഷണങ്ങൾ കല്പിക്കുകയാണ് 'ലീലാതിലക'കാരൻ. പ്രഥമ ഭാഷാചരിത്രകാരനായ പി. ഗോവിന്ദപ്പിള്ള പറയുന്നത്: 'ആര്യാവർത്തത്തിങ്കൽ നിന്നു കൊണ്ടുവരപ്പെട്ട ബ്രാഹ്മണരുടെ ഭാഷ സംസ്കൃതവും അയൽദേശക്കാരുടെ ഭാഷ തമിഴും ആയിരുന്നു. ഇവർ തമ്മിലുള്ള അധികസംസർഗ്ഗത്തിന് അന്യോന്യം അറിയാവുന്ന ഒരു ഭാഷ ആവശ്യമെന്ന് കണ്ടതുകൊണ്ട് മണിപ്രവാളകൃതിയായി ദ്രമിള സംസ്കൃതസമ്മിശ്രമായി മലയാഴ്മയെന്ന ഒരു ഭാഷയെ നിർമ്മിച്ചു. ഇരുകൂട്ടരുടെയും ഭാഷകൾ തമ്മിൽ കലർന്നു നമ്മുടെ ഈ മണിപ്രവാളം ഉണ്ടായി'. കോവുണ്ണി നെടുങ്ങാടിയും 'കേരളകൗമുദി'യിൽ ഇതേ ആശയം അവതരിപ്പിച്ചിട്ടുള്ളതായി കാണാം. 'ലീലാതിലക'ത്തിനു ശേഷം രചിച്ച 'ചന്ദ്രോത്സവ'ത്തിലെ ഒരു ശ്ലോകമിങ്ങനെ:

▶ ഭാഷയും രസവും ന്യൂനമായിട്ടുള്ളത് അധമം

'മധുരമധുരഭാഷാ സംസ്കൃതാന്യോന്യസമ്മേളന-
സുരഭിലായസ്മൽ കാവ്യവാണീവിഭൂത്യാ
തെളിക നവരമെന്നും മേദിനിചന്ദ്രികാതേൻ
പൊഴിയുമൊരു കലമ്പന്മാലകൊണ്ടെന്നപോലെ'

(ചന്ദ്രോത്സവം 1ൽ 23)

ഭാഷാപദങ്ങളും സംസ്കൃതപദങ്ങളും യോജിക്കുമ്പോൾ കിട്ടുന്ന വർണ്ണവൈവിധ്യമാണ് കാവ്യസൗന്ദര്യത്തിന് അടിസ്ഥാനമെന്ന് അന്നത്തെ കവികൾ പൊതുവെ ധരിച്ചിരുന്നു. ഭാഷ അപാമരപ്രസിദ്ധവും സംസ്കൃതം അതിപ്രസിദ്ധവും സുകുമാരാക്ഷര ഘടിതവുമായിരിക്കണം. അപാമരൻമാർ എന്നത് ത്രൈവർണികരാണ്.

▶ ത്രൈവർണികർക്കിടയിൽ പ്രചാരമുള്ള ഭാഷ

പില്ക്കാലത്ത് മണിപ്രവാളഭാഷയെ ദൃശ്യകലാസാഹിത്യത്തിന് ഫലപ്രദമായി ഉപയോഗിച്ചത് ആട്ടക്കഥാകൃത്തുക്കളും കുഞ്ചൻ നമ്പ്യാരുമാണ്. ആട്ടക്കഥയുടെ ഭാഷാസ്വരൂപത്തിൽ ശ്ലോകം സംസ്കൃതത്തിലും പദം മണിപ്രവാളത്തിലുമാകണമെന്ന് നിഷ്കർഷിച്ചത് കോട്ടയത്തുതമ്പുരാനാണ്. പിന്നീട് മണിപ്രവാളത്തെ സ്വാതന്ത്ര്യത്തോടെ എടുത്തുപയോഗിച്ചത് ഉണ്ണായിവാര്യരാണ്. 'നളചരിതം' ആട്ടക്കഥയെ ഒന്നാന്തരം മണിപ്രവാളകൃതിയായി എ. ആറും (കാന്താരതാരകം) കുട്ടിക്കൃഷ്ണമാരാരും (നളചരിതത്തിലൂടെ) പരിഗണിക്കുന്നു.

▶ ശ്ലോകം സംസ്കൃതത്തിലും പദം മണിപ്രവാളത്തിലും

'ഭാഷയേറിവരുന്ന നല്ല മണിപ്രവാളമതെങ്കിലോ ദൂഷണം വരുവാനുമില്ല, വിശേഷഭൂഷണമായ് വരും' എന്ന് 'സഭാപ്രവേശം' പറയൻ തുള്ളലിലും, 'മധുരിപുചരിതം മനോഭിരാമം മധുരപദാകലിതം മണിപ്രവാളം' എന്ന് 'ശ്രീകൃഷ്ണചരിതം മണിപ്രവാള'ത്തിലും നമ്പ്യാർ പ്രസ്താവിക്കുന്നുണ്ട്. 'കവിതാരചനയുടെ കാര്യത്തിൽ ഒരുതരം പൂർണതാവാദി (perfectionist) കളായിരുന്നു മണിപ്രവാളകവികൾ എന്നു കരുതണം. തങ്ങൾക്ക് പറയാനുള്ളത് സഫലമായി, ഹൃദ്യമായി, സുശക്തമായി ആവിഷ്കരിക്കുന്നതിന് വളരെയേറെ നിഷ്കർഷയുണ്ടായിരുന്നു അവർക്ക്' എന്ന് ഡോ. പി. വി. വേലായുധൻ പിള്ളയുടെ നിരീക്ഷണം ശ്രദ്ധേയമാണ്. മണിപ്രവാളത്തിന്റെയും മധ്യകാല മലയാളത്തിന്റെയും സാഹിത്യരൂപമായിരുന്നു പ്രധാനമായും സന്ദേശകാവ്യങ്ങൾ. എഴുത്തച്ഛനും കിളിപ്പാട്ടുകളിലധികവും മണിപ്രവാളഭാഷയാണ് ഉപയോഗിച്ചിരുന്നതെന്ന് കാണാം. 'മണിപ്രവാളകവിത' എന്ന പുസ്തകത്തിലെ 'കിളിപ്പാട്ടിന്റെ മണിപ്രവാളത്വം' എന്ന ലേഖനത്തിൽ പ്രൊഫ. പി. വി. കൃഷ്ണൻനായർ എഴുത്തച്ഛൻ മണിപ്രവാളകവിയാണെന്ന് അഭിപ്രായപ്പെടുന്നുണ്ട്. 'ബിംബകല്പനകൾ അവർക്ക് വളരെ പഥ്യമായിരുന്നു. പലപ്പോഴും ധ്വനനശക്തിയുള്ള ബിംബങ്ങൾ കൊണ്ട് തങ്ങളുടെ കവിതയെ അവർ അലങ്കരിച്ചിരുന്നു. അചുംബിതമെന്ന് പറയാവുന്ന അനേകം ബിംബങ്ങൾ നമുക്ക് മണിപ്രവാളകൃതിയിൽ ചൂണ്ടിക്കാട്ടാം' എന്നാണ് പി. വി. വേലായുധൻപിള്ളയുടെ അഭിപ്രായം

> ▶ എഴുത്തച്ഛനും കിളിപ്പാട്ടുകളിലധികവും മണിപ്രവാള ഭാഷയാണ് ഉപയോഗിച്ചിരുന്നത്

രംഗകലാസാഹിത്യം ഭാവാഭിനയപ്രധാനവും രസപോഷകവുമാണ്. നാട്യത്തിന്റെ ആത്മാവ് രസമാണ്. നാട്യരസത്തിലേക്കുള്ള പ്രധാന കാവ്യമാർഗം മണിപ്രവാളഭാഷയാണ്. പ്രസ്തുതഭാഷയുടെ ഭാവപ്രകാശന ശക്തിയും രസപൂർത്തിയും സഹൃദയന്മാരെ ആകർഷിക്കുന്ന സന്നാഹവും ദൃശ്യകലാസാഹിത്യത്തിലൂടെ മണിപ്രവാളകവിതയുടെ പിൻതുടർച്ചയ്ക്ക് മുഖ്യകാരണമായി എന്ന് കരുതാം. മണിപ്രവാളത്തെ ലളിതമായി നിർവചിച്ചുകൊണ്ട് ഡോ. എസ്. കെ. വസന്തൻ പറയുന്നു: 'മുൻകാലങ്ങളിൽ ഭക്തിയോ ശൃംഗാരമോ ആയിരുന്നു മണിപ്രവാള രചനയുടെ സാമാന്യസ്വരം. ആട്ടക്കഥകളും ചമ്പുക്കളും 'ചന്ദ്രോത്സവ' കൃതികളും നിരവധി 'മുക്തക'ങ്ങളും മണിപ്രവാള സാഹിത്യശാഖയെ സമ്പന്നമാക്കി' (നമ്മൾ നടന്ന വഴികൾ) അഭിനയസാഹിത്യത്തിന്റെയും രംഗകലകളുടെയും ഉത്ഭവ, വികാസ, പരിണാമചരിത്രത്തിൽ ഒട്ടേറെ സംഭാവനകൾ നൽകിയ സാഹിത്യഭാഷയാണ് മണിപ്രവാളം. 'മലയാള ഭാഷയുടെ അപാരമായ കാവ്യരചനാസാധ്യതകൾ ഹൃദ്യമായി അനാവരണം ചെയ്യുന്നത് പ്രാചീന മണിപ്രവാളചമ്പുക്കളാണ്. ഈ കൃതികൾക്കുള്ള ഭാഷാപരവും സാഹിത്യപരവും കലാപരവും ചരിത്രപരവുമായ പ്രാധാന്യം നാം തിരിച്ചറിഞ്ഞിട്ടില്ല' എന്ന് ഡോ. പുതുശ്ശേരി രാമചന്ദ്രൻ പ്രസ്താവിക്കുന്നു (അവതാരിക, ഉണ്ണിയച്ചീചരിതം). മണിപ്രവാളലക്ഷണഗ്രന്ഥമായ 'ലീലാതിലക'ത്തിന് കവിതാചരിത്രത്തിൽ സ്ഥാനം ലഭിക്കുന്നത് മണിപ്രവാളമുക്തകങ്ങളെ ഉൾപ്പെടുത്തിയതു കൊണ്ടാണെന്ന് ഡോ. എം. ലീലാവതി പറയുന്നു. മണിപ്രവാള ലഘുകാവ്യങ്ങൾ മലർബാണ കേളിവർണനകൾ തന്നെ. ഒരേ സ്വരം, ഒരേ നിറം, ഒരേ താളം -വിപ്രലംഭങ്ങൾപോലും സംഭോഗസ്മരണകൾ (മലയാള കവിതാസാഹിത്യ ചരിത്രം). 'ലീലാതിലകം' എന്ന മണിപ്രവാളലക്ഷണം പറയുന്ന കൃതിക്ക് ആ പേരു വന്നതുപോലും ഇത്തരം വിഷയങ്ങൾ അതിൽ

> ▶ ആട്ടക്കഥ, ചമ്പുക്കൾ, മുക്തകങ്ങൾ, രംഗകലകൾ-മണിപ്രവാള ഭാഷ

പ്രതിപാദിച്ചതുകൊണ്ടാകാം എന്നും ലീലാവതി പറയുന്നു.

## വിശദപഠനം:

### 1. വൈശികതന്ത്രം (ആദ്യത്തെ 5 ശ്ലോകങ്ങൾ)

#### ഇതിവൃത്തവും രചനാപശ്ചാത്തലവും

▶ അമ്മ മകൾക്ക് നൽകുന്ന ഉപദേശം

വേശ്യാവൃത്തിയുടെ പ്രാധാന്യവും അത് അഭ്യസിക്കേണ്ടതിന്റെ ആവശ്യകതയും അമ്മ മകളായ അനംഗസേനയെ (അനംഗവല്ലി എന്നും കാണുന്നുണ്ട്) വിളിച്ചിരുത്തി ഉപദേശിക്കുന്നതുമാണ് 'വൈശികതന്ത്ര'ത്തിലെ പ്രധാനപ്രമേയം, അനംഗസേനയാണ് ഇതിലെ നായിക. ഇങ്ങനെ വേശ്യാതന്ത്രത്തിന്റെ മാർഗം ഉപദേശിച്ചുകൊടുക്കുന്നത് അമ്മാവിയാണെന്നും, അതല്ല ഒരു മുത്തശ്ശിയാണെന്നും ചിലർ ധരിച്ചുവശായിട്ടുണ്ട്. എന്നാൽ അത് രണ്ടും ശരിയല്ല. അമ്മയാണ് ഉപദേശിക്കുന്നതെന്ന് കാവ്യത്തിൽ നിന്നും വ്യക്തമാണ്.

'കല്ലിനെപ്പെരിയ കായലാക്കലാം;
കായലെപ്പെരിയ കല്ലുമാക്കലാം;
വല്ലവാറു പല നാളുഴയ്ക്കിലും
വല്ലൂവാനരിയതൊന്റു വൈശികം' (വൈശികതന്ത്രം, ശ്ലോകം-7)

▶ വേശ്യാതന്ത്രത്തിന്റെ മാർഗം ഉപദേശിച്ചു കൊടുക്കുന്നു

വളരെക്കാലം ശ്രദ്ധയോടെ അധ്വാനിച്ചാലും അഭ്യസിക്കാൻ പ്രയാസമുള്ള ഒന്നാണ് വൈശികം. അതിന്റെ വലുപ്പം കുറച്ചു കാണരുതെന്ന് ആദ്യമേ തന്നെ പറയുന്നു. വളരെ ശ്രമിച്ചാൽ കല്ലിനെ കായലാക്കാനും കായലിനെ വലിയ കല്ലാക്കാനും സാധിക്കും. അതിന് ഏറെ ശ്രദ്ധയും ദീർഘനാളത്തെ അഭ്യാസവും ആവശ്യമാണ്. പ്രയാസം നിറഞ്ഞതാണെങ്കിലും കഠിനാധ്വാനം കൊണ്ട് നേടിയെടുക്കാം. തുടർച്ചയായ അഭ്യാസം കൊണ്ട് ആനയെപ്പോലും എടുക്കാനുള്ള ബലം കൈവരുമെന്നല്ലേ പറയുന്നത്.

'വൈശികതന്ത്ര'ത്തിൽ പുരുഷാർത്ഥങ്ങൾ നാല് അല്ല, മൂന്നാണ്. അതിൽ മോക്ഷം പുരുഷാർത്ഥങ്ങളുടെ കൂട്ടത്തിലില്ല. മാത്രമല്ല, കാമം കൊണ്ട് എല്ലാവർക്കും അർഥം നഷ്ടപ്പെടുമ്പോൾ, ഇവിടെ കാമം അർഥം നേടിത്തരും.

▶ വൈശികതന്ത്രത്തിൽ പുരുഷാർത്ഥങ്ങൾ മൂന്ന്

'മൂന്നല്ലോ പുരുഷാർത്ഥമിന്നവനിമേലമ്മൂന്നിലും ധർമ്മമേ
മന്യ മംഗലഗാത്രി! ധർമ്മമഴിയും കാമാർത്ഥയോഗേ നൃണാം.
കാമാർത്ഥങ്ങൾ നമുക്കു ധർമ്മമവിടെക്കാമന പോഅർഥമെ-
ന്നെല്ലാർക്കും നിയമം, നമുക്കു മകളേയക്കാമമർഥം തരും'

(വൈശികതന്ത്രം, ശ്ലോകം-12)

വൈശികം കൂത്തുതന്നെയാണെന്ന് കാവ്യത്തിന്റെ അവസാനശ്ലോകത്തിൽ പറയുന്നു.

'തുള്ളവേണ്ടും കിടന്നങ്ങു
കൊള്ളവേണ്ടുമതിൻ വില

ഭാവം നടിക്കയും വേണ്ടും
കേവലം കൂത്തു വൈശികം'

(വൈശികതന്ത്രം, ശ്ലോകം - 266)

▶ പ്രതിഫലം പ്രധാനം

ആരോടും ആത്മാർത്ഥതയുടെ കണികപോലും കാണിക്കേണ്ടതില്ല. നല്ലതുപോലെ ഭാവങ്ങൾ അഭിനയിക്കണം. അതിന്റെ പ്രതിഫലം വാങ്ങുകയും വേണം.

പൂർവമാതൃക ദാമോദരഗുപ്തന്റെ 'കുട്ടനീമതം' എന്ന കാവ്യമാണ്. രണ്ടിലും വേശ്യാതന്ത്രത്തിന്റെ മാർഗം ഉപദേശിച്ചുകൊടുക്കുന്നതായി കാണാം. 'ഒരു ഭോഗാത്മക ശൃംഗാരരസികന്റെ സൃഷ്ടി' എന്നാണ് ഡോ. എം. ലീലാവതി 'വൈശികതന്ത്ര'ത്തെ വിശേഷിപ്പിച്ചത് (മലയാളകവിതാ സാഹിത്യചരിത്രം). അലങ്കാരങ്ങളുടെ രസനീയത തുളുമ്പുന്ന നിരവധി കല്പനകൾ ഇതിലെ കവിതയെ സമ്പുഷ്ടമാക്കുന്നുവെന്ന് ഡോ. എൻ. ഗോപിനാഥൻനായർ ചൂണ്ടിക്കാട്ടുന്നു. മാവും കാവും പൂക്കളും പഴങ്ങളുമൊക്കെ കാവ്യസൗന്ദര്യത്തിനനുഗുണമായ വിധത്തിൽ ഇതിൽ സന്നിവേശിപ്പിച്ചിട്ടുണ്ട്. അതുപോലെ നെല്ലും പതിരും വിത്തും വിതയും കിളയും ഉഴവും എല്ലാംചേർന്ന കാർഷിക ജീവിതത്തിന്റെ പശ്ചാത്തലത്തിൽ വാർത്തെടുക്കുന്നതാണ് ഈ കൃതിയിലെ പ്രധാനപ്പെട്ട അലങ്കാരങ്ങളെല്ലാം. ഇതിലെ വേശ്യ എന്ന അംശം മാറ്റി നിർത്തുകയും വീട്ടിലെത്തുന്നവരോട് എങ്ങനെ പെരുമാറണമെന്ന കാര്യം പ്രധാനമായെടുക്കുകയും ചെയ്താൽ ഇതിലെ പല ഉപദേശങ്ങളും എന്നും സ്വീകാര്യമാണെന്നും അദ്ദേഹം പറയുന്നു (വൈശികതന്ത്രം, ആമുഖപഠനം, 41-43). 'പാലും തേനും മുന്തിരിച്ചാറുമാണ് കവിയുടെ ശബ്ദകോശം. അതിനുപിന്നിൽ ഭോഗലാലസതയിൽ മുഴുകിയ സമുദായത്തെയും കാണാം. സന്മാർഗികമായ ഈ അധപ്പതനത്തിനു കാരണം അന്നത്തെ സാമ്പത്തിക വ്യവസ്ഥയാണ്' എന്ന പ്രൊഫ. ഇളംകുളം കുഞ്ഞൻപിള്ളയുടെ പ്രസ്താവന ഇത്തരം കാവ്യങ്ങൾ രൂപപ്പെട്ട സാംസ്കാരിക പരിസരത്തിലേക്കാണ് വിരൽ ചൂണ്ടുന്നത് (ഭാഷയും സാഹിത്യവും നൂറ്റാണ്ടുകളിൽ). നിരവധി ലോകോക്തികളും പഴഞ്ചൊല്ലുകളും സന്ദർഭത്തിന് യോജിക്കുന്ന തരത്തിൽ കവി പ്രയോഗിക്കുന്നുണ്ട്. വർണനകളിൽ കേരളീയത നിറഞ്ഞുനിൽക്കുന്നു. മണിപ്രവാളസാഹിത്യത്തെ അപഗ്രഥിക്കുന്ന 'ലീലാതിലക'ത്തിൽ നിരവധി തവണ 'വൈശികതന്ത്ര'ത്തിൽ നിന്ന് പദ്യങ്ങൾ ഉദ്ധരിച്ചിട്ടുള്ളത് ഈ കാവ്യത്തിന് ലഭിച്ച അംഗീകാരത്തെക്കൂടി സൂചിപ്പിക്കുന്നതാണ്.

▶ ലീലാതിലകത്തിൽ വൈശികതന്ത്രത്തിലെ വരികൾ ഉദാഹരിച്ചിട്ടുണ്ട്

## വൈശികതന്ത്രം (ശ്ലോകം 5 വരെ)

1. 'എന്മുത്തിമുത്തി മുതുമുത്തിയവൾക്കു മുന്റാം
മുത്തിക്കുമുത്തിയവൾ മൂത്തവളേതുടങ്ങി
നാം പോരുമാതികളൊരുത്തരെയും വിടാതെ
ഞാനുന്നിനക്കു പദിശാമി ഗുരുക്രമേണ'

## അർഥവിശദീകരണം

| | | |
|---|---|---|
| നാം പോരുമാദികൾ | = | നമ്മുടെ ആദിപരമ്പര |
| ഒരുത്തരെയും വിടാതെ | = | വംശാവലിയിൽ ആരെയും ഒഴിവാക്കാതെ |

| | | |
|---|---|---|
| ഉപദിശാമി | = | ഞാൻ ഉപദേശിക്കാം |
| ഗുരു ക്രമേണ | = | വലുത്, ചെറുത് എന്ന ക്രമത്തിൽ (മുതിർന്നവർ ഇളയവർ എന്ന ക്രമം ) |

## ആശയവിശദീകരണം

▶ വേശ്യാവൃത്തി യുടെ പാരമ്പര്യ സൂചന

വേശ്യാവൃത്തിയുടെ പാരമ്പര്യം സൂചിപ്പിക്കുന്നതാണ് ഒന്നാമത്തെ പദ്യം. എന്റെ മുത്തശ്ശിയുടെ മുത്തശ്ശി, അവരുടെ മുതുമുത്തശ്ശി, അവരുടെയും മൂന്നു തലമുറ മുമ്പുള്ള മുത്തശ്ശി, അവരുടെ മൂത്തവളിലാരംഭിച്ച് നാം വരെയുള്ള, ഒരാളിനെപ്പോലും വിടാതെ നടത്തിപ്പോന്ന ഉപദേശം ഗുരുക്രമമനുസരിച്ച് അല്പവും കുറയാതെ നിനക്ക് ഞാൻ നൽകുന്നു.

2. 'എന്മുത്തിയാൾചെവിയിലെ മുതുമുത്തിതാനും
ചൊല്ലിക്കൊടുത്തവളുമെൻ ജനനിക്കു ചൊല്ലി
കൈകൊണ്ട യോഗമിതെനിക്കവൾ ചൊല്ലിയിന്റു
ഞാനും നിനക്കുപദിരാശി ഗുരുക്രമേണ'

## അർഥവിശദീകരണം

| | | |
|---|---|---|
| മുത്തി | = | മുത്തശ്ശി |
| മുതുമുത്തി | = | മുതുമുത്തശ്ശി |
| ജനനി | = | മാതാവ് |
| ഉപദിശാമി | = | ഞാൻ ഉപദേശിക്കാം |
| യോഗം | = | കർത്തവ്യം |

## ആശയവിശദീകരണം

▶ ഗുരുപരമ്പരയാ കിട്ടുന്ന അറിവാണത്രെ വൈശികം

അതാദ്യം എന്റെ മുത്തശ്ശിയുടെ ചെവിയിൽ മുതുമുത്തി ഉപദേശിച്ചുകൊടുത്തത്, അവരത് എന്റെ അമ്മയ്ക്ക് പറഞ്ഞുകൊടുത്തു. അങ്ങനെ വശമായ ആ യോഗം പിന്നെ എനിക്ക് ഉപദേശിച്ചുതന്നു. ഗുരുമര്യാദയിൽ അത് ഞാനും നിനക്ക് ഇന്ന് പറഞ്ഞുതരുന്നു. ഗുരുപരമ്പരയായി കിട്ടുന്ന അറിവാണ് വൈശികമത്രെ. അത് ശ്രേഷ്ഠമായി അന്നു കരുതിയിരുന്നു.

3. 'ഉചിതമറിക മുന്നം നന്റതല്ലായ്കിലെല്ലാ -
മറിയുമവർകൾ ചൊല്ലിക്കേൾക്കിലും നല്ലു പിന്നെ
നവരമിവയിരണ്ടാലൊന്റിലൂന്നായ്ക്കിലെന്റും
നവകുവലയനേത്രേ! നന്മ വാരാ വധൂനാം'

## അർഥവിശദീകരണം

| | | |
|---|---|---|
| ഉചിതം | = | യോജിച്ചത് |
| നല്ലൂ | = | നല്ലത് |
| മുന്നം | = | നേരത്തെ, ആദ്യം |
| അറിയുമവർകൾ | = | അറിവുള്ളവർ |
| നവകുവലയ നേത്രേ | = | കരിങ്കൂവളം പോലെ കണ്ണുള്ളവൾ, സുന്ദരി എന്നർത്ഥം |
| നന്മ വാരാ | = | നന്മയുണ്ടാകില്ല |

### ആശയവിശദീകരണം

> ▶ അറിവുള്ളവർ പറഞ്ഞുതരുന്നത് അനുസരിക്കണം

എന്തുകൊണ്ടും ഉചിതമായ കാര്യങ്ങൾ നേരത്തെ അറിയുന്നതാണ് നല്ലത്. അല്ലെങ്കിൽ അറിവുള്ളവർ പറഞ്ഞുതരുന്നത് അനുസരിച്ചാലും മതിയാകുന്നതാണ്. അല്ലയോ സുന്ദരി! ഈ രണ്ടിലേതെങ്കിലുമൊന്നിൽ ശ്രദ്ധിച്ചില്ലെങ്കിൽ തീർച്ചയായും പെൺകുട്ടികൾക്ക് നയമുണ്ടാവുകയില്ല.

4. 'വാമേക്ഷണേ! മഹിത വൈശികതന്ത്രമാർഗം
വല്ലായ്കിലെന്നുമുരിയുപ്പു പെറാ വധൂനാം
വല്ലീടുകിൽ കളഭഗാമിനിയൊന്നുകൊണ്ടും
കേടില്ലയാതകൃഷി കേവലമംഗനാനാം'

### അർഥവിശദീകരണം

| | | |
|---|---|---|
| വാമാക്ഷി | = | സുന്ദരി |
| വല്ലായ്കിൽ | = | നല്ലതുപോലെ ചെയ്യാതിരുന്നാൽ |
| അംഗന | = | സുന്ദരിയായ സ്ത്രീ |
| കളഭഗാമിനി | = | സുന്ദരി (ആനയെ പോലെ നടക്കുന്നവൾ) |

### ആശയവിശദീകരണം

> ▶ ഒരുതരത്തിലും കേടു സംഭവിക്കാത്ത കൃഷിയാണ് വൈശികം

അല്ലയോ സുന്ദരി, മഹത്തായ വൈശികത്തിന്റെ തന്ത്രങ്ങൾ നല്ലതുപോലെ പഠിക്കാതിരുന്നാൽ സ്ത്രീകൾക്ക് ഒരുകാലത്തും ഒരു ഉരി ഉപ്പുപോലും സമ്പാദിക്കാനാവുകയില്ല. എന്നാൽ ഈ വിദ്യ നന്നായി അഭ്യസിച്ചുകഴിഞ്ഞാലോ, സുന്ദരി! സ്ത്രീകളെ സംബന്ധിച്ച് ഇത് ഒരു തരത്തിലും കേടു സംഭവിക്കാത്ത കൃഷിയാണ്.

5. 'മുല്പാടുകേളിദമുരിത്തവിടും പെറാകാൺ
വല്ലായ്കിലിന്ദുമുഖി! വൈശികതന്ത്രമാർഗം
നൂന്മേൽ നടക്കുമതു നൂറുമടങ്ങിലേറ്റ
വേശ്യാധുരം വിഷമമെന്റു വിദഗ്ധവാചം'

### അർഥവിശദീകരണം

| | | |
|---|---|---|
| ഇന്ദുമുഖി | = | ചന്ദ്രമുഖി (സുന്ദരി) |
| വൈശികതന്ത്രം | = | വേശ്യാതന്ത്രം |
| നൂന്മേൽ | = | നൂലിൻമേൽ |
| വിഷമമെന്റു | = | പ്രയാസകരമാണ് |
| വിദഗ്ധവാചം | = | വിദഗ്ധരുടെ വാക്കുകൾ |

### ആശയവിശദീകരണം

> ▶ നൂലിന്മേൽ നടക്കുന്നതിനേക്കാൾ നൂറു മടങ്ങു പ്രയാസമുള്ള പണി

അല്ലയോ സുന്ദരി! ഇത് നീ ആദ്യം തന്നെ മനസിലാക്കണം. വൈശികതന്ത്രമാർഗം പഠിക്കാതിരുന്നാൽ ഒരുതരി തവിടുപോലും നമുക്കു നേടാനാവില്ല. വേശ്യാവൃത്തി നൂലിന്മേൽ നടക്കുന്നതിനേക്കാൾ നൂറു മടങ്ങു പ്രയാസമുള്ള പണിയാണെന്നാണ് വിദഗ്ധന്മാരുടെ അഭിപ്രായം.

## കാവ്യാവലോകനം

'വൈശികതന്ത്രം' രചയിതാവിനെക്കുറിച്ച് വ്യക്തമായ ധാരണകൾ ലഭ്യമല്ല. ഈ കൃതി ആദ്യം സഹൃദയ സമക്ഷം അവതരിപ്പിച്ചവരിൽ ആറ്റൂർ കൃഷ്ണപ്പിഷാരടിയാണ് പ്രഥമഗണനീയൻ. ഉള്ളൂർ 'കേരള സാഹിത്യ ചരിത്ര'ത്തിൽ സാമാന്യം വിസ്തരിച്ചുതന്നെ പ്രതിപാദിക്കുകയുണ്ടായി. തുടർന്ന് ഇളംകുളം കുഞ്ഞൻപിള്ളയുടെ വ്യാഖ്യാനവും ശ്രദ്ധേയമാണ്. 'വൈശികതന്ത്ര'ത്തെ 'മണിപ്രവാള കാവ്യമാലയിലെ മരതകമണി' എന്നാണ് അദ്ദേഹം വിശേഷിപ്പിച്ചത്. 'കാവ്യഭംഗിയും മലയാളഭാഷയുടെ മാധുര്യവും ചേർന്നുണ്ടായ ഒരു മണിപ്രവാളകൃതിയാണ് 'വൈശികതന്ത്രം'. അതിനെ മണിപ്രവാള പ്രസ്ഥാനത്തിൽ പിറന്ന മാണിക്യം എന്നു വിശേഷിപ്പിച്ചാൽ ഒട്ടും അധികമാവില്ല' എന്നാണ് ഡോ. എൻ. ഗോപിനാഥൻ നായരുടെ അഭിപ്രായം (വൈശികതന്ത്രം വ്യാഖ്യാനം - പുറം 47). 'വൈശികതന്ത്രം ഒരു വേശ്യോപനിഷത്ത്' എന്നാണ് പ്രൊഫ. എൻ. കൃഷ്ണപിള്ളയുടെ വിലയിരുത്തൽ (കൈരളിയുടെ കഥ). 'വൈശികതന്ത്രം' ഒരുകൂട്ടം കവികൾ ചേർന്നു നടത്തിയ സൃഷ്ടിയാണെന്ന് ഡോ. എം. ആർ. രാഘവവാര്യർ അഭിപ്രായപ്പെടുന്നുണ്ട്. കുറഞ്ഞത് മൂന്നു കവികളെങ്കിലും ഒരുമിച്ചിരുന്ന് വിഷയം ചർച്ച ചെയ്ത് എഴുതിയതാകാം. ഒരേ ഭാഷാശൈലിയും മറ്റും അവരെ ഒന്നിപ്പിച്ചതാകാം എന്നും അദ്ദേഹം രേഖപ്പെടുത്തുന്നു ('വൈശികതന്ത്രം' ആമുഖപഠനം - പുറം 26-27). രസികത്വവും രചനാശില്പവും മികച്ചുനിൽക്കുന്ന ഇത്തരം ജീർണ്ണസാഹിത്യം ഒന്നാംതരം വെണ്ണക്കല്ല് ചിത്രപ്പണി ചെയ്തു മോഹനമാക്കി പടുത്തുണ്ടാക്കിയ മലമൂത്രപ്പുരയുടെ പ്രതീതി ജനിപ്പിക്കുന്നു എന്നു സൂക്ഷ്മദൃക്കായ ഒരു ഗുരുനാഥൻ പലവർഷംമുമ്പ് അഭിപ്രായപ്പെട്ടതായി പ്രൊഫ. എൻ. കൃഷ്ണപിള്ള പറഞ്ഞിട്ടുണ്ട്.

▶ വൈശികതന്ത്രം ഒരു വേശ്യോപനിഷത്ത്

## Summarised Overview

### മണിപ്രവാളം

മണിപ്രവാളകവിതയുടെ ഉല്പത്തിയും വികാസപരിണാമങ്ങളും മനസിലാക്കുകയാണിവിടെ ലക്ഷ്യം. മണിപ്രവാളത്തിന്റെ സാംസ്കാരികപരിസരം, ഉല്പത്തി, ലക്ഷണം, നിർവചനം തുടങ്ങിയവ അടുത്തറിയുന്നതോടൊപ്പം മണിപ്രവാളസാഹിത്യത്തിന്റെ വളർച്ചയും പ്രധാന സംഭാവനകളും വിലയിരുത്തുന്നു. രംഗസാഹിത്യം അഥവാ അഭിനയസാഹിത്യവുമായുള്ള മണിപ്രവാളത്തിന്റെ ബന്ധം രംഗകലകൾ അഥവാ ക്ഷേത്രകലകളുമായുള്ള അടുപ്പം എന്നിവയും ചർച്ച ചെയ്യുന്നു. ആദ്യകാല ചമ്പുക്കൾ, ആധുനിക ചമ്പുക്കൾ എന്നിവ വിശദമായി പഠിക്കുന്നു. പ്രാചീന മണിപ്രവാളകൃതികളായ അച്ചീചരിതങ്ങൾ, ലഘുകാവ്യങ്ങൾ, വൈശികതന്ത്രം എന്നിവയിലെ ഭാഷ, വർണ്ണനാരീതി, പ്രമേയം തുടങ്ങിയവയും വിശകലനവിധേയമാക്കുന്നു. മലയാളത്തിലെ ആദ്യസന്ദേശകാവ്യമായ ഉണ്ണുനീലിസന്ദേശം പൂർവഭാഗത്തിലെ മുപ്പത് പദ്യങ്ങളും മധ്യകാല ചമ്പുക്കളിൽ പ്രധാനപ്പെട്ട ഭാഷാനൈഷധം ചമ്പു പൂർവഭാഗത്തിലെ ആദ്യ മുപ്പത് ശ്ലോകങ്ങളും വിശകലനം ചെയ്യേണ്ടതുണ്ട്. പതിനൊന്നാം നൂറ്റാണ്ടുമുതൽ പതിനേഴാം നൂറ്റാണ്ടുവരെ മലയാളസാഹിത്യം അടക്കിവാണ മണിപ്രവാളകവിത മധ്യകാല മലയാളസാഹിത്യത്തെ ഏറെ സ്വാധീനിച്ചിട്ടുള്ളതായി കാണാം. എഴുത്തച്ഛനും ആട്ടക്കഥാകാരന്മാരും കുഞ്ചൻനമ്പ്യാരും മണിപ്രവാളഭാഷയെ ഔചിത്യപൂർവം തങ്ങളുടെ കാവ്യങ്ങളിൽ സന്നിവേശിപ്പിച്ചിട്ടുണ്ട്. മണിപ്രവാളകവിതക്ക് നിരവധി പുനർവായനകൾ നടന്നു കൊണ്ടിരിക്കുന്നു. പുതിയ അകക്കാഴ്ചകൾ കണ്ടെത്തിയിരിക്കുന്നു. അവയും അറിയേണ്ടതുണ്ട്.

നമ്പ്യാന്മാരും ചാക്യാന്മാരും പാഠകം പോലെയുള്ള ക്ഷേത്രകലകൾക്ക് മണിപ്രവാളകൃതികളെ ആശ്രയിച്ചിരുന്നു. അതോടൊപ്പം ഇവ സ്ത്രീവർണനാപരങ്ങളുമാണ് രംഗകലയും സംസ്കൃതഭാഷാമിശ്രണവും തമ്മിലുള്ള ബന്ധത്തെപ്പറ്റിയുള്ള ആദ്യസൂചന ലഭിക്കുന്നത് 'ലീലാതിലക'ത്തിൽ നിന്നാണ്. നമ്പ്യാന്തമിഴ് അഥവാ മാർദ്ദംഗികന്മാരുടെ തമിഴ് ഒരർത്ഥത്തിൽ മണിപ്രവാളം തന്നെയാണ്. അഭിനയ മണിപ്രവാളം എന്ന നിലയിൽ ആദ്യം പരിഗണിക്കുന്നത് ആട്ടപ്രകാരങ്ങളെയാണ്. കൂത്ത്, കൂടിയാട്ടം, പാഠകം എന്നിവയുമായി ബന്ധപ്പെട്ട രചനകളാണ് ഇതിലാദ്യത്തേത്. 'നമ്മുടെ മധ്യകാല കവിതയായ മണിപ്രവാളത്തിന്റെ സ്വാധീനത അങ്ങുനിന്ന് ഇങ്ങോളം വ്യാപിച്ചുകിടക്കുന്നു. ഒരുപക്ഷെ, മലയാളിയുടെ ആഴവും പഴക്കവുമേറിയ കാവ്യസംസ്കാരത്തിനും താളലയബോധങ്ങൾക്കും ഭാവപരവും ഭാഷാപരവുമായ സംവേദനക്ഷമതയ്ക്കും പ്രധാനകാരണം, ചിരകാലമായി നമ്മുടെ കാവ്യാനുശീലനത്തെയും സൗന്ദര്യാസ്വാദന സമ്പ്രദായത്തെയും അടക്കിഭരിച്ചിരുന്ന മണിപ്രവാളകവിത തന്നെയാണെന്ന് പറഞ്ഞാൽ തെറ്റൊന്നുമില്ല' (ഡോ. പി. വി. വേലായുധൻ പിള്ള, മണിപ്രവാളകവിത, 126). പാട്ടുഭാഷപോലെതന്നെ മണിപ്രവാളഭാഷയും കേരളഭാഷയുടെ ഒരു രൂപാന്തരം മാത്രമാണെന്ന് 'മധ്യകാലമലയാളം' എന്ന പുസ്തകത്തിൽ പി. വി. വേലായുധൻ പിള്ള പ്രസ്താവിക്കുന്നുണ്ട്.

### വൈശികതന്ത്രം

വേശ്യാവൃത്തിയുടെ പ്രാധാന്യവും അത് അഭ്യസിക്കേണ്ടതിന്റെ ആവശ്യകതയും അമ്മ ബാലവേശ്യയെ വിളിച്ചിരുത്തി ഉപദേശിക്കുന്നതാണ് വൈശികതന്ത്രത്തിലെ പ്രധാന പ്രമേയം, അനംഗസേനയാണ് ഇതിലെ നായിക. ഇവിടെ വേശ്യാതന്ത്രത്തിന്റെ മാർഗം അമ്മ മകൾക്ക് ഉപദേശിച്ചുകൊടുക്കുന്നു. മുത്തശ്ശിയ്ക്ക് മുതുമുത്തശ്ശി പറഞ്ഞു കൊടുത്തത് ഞാൻ നിനക്ക് പറഞ്ഞു തരുന്നു എന്നാണ് അമ്മ മകളോട് പറയുന്നത്. വേശ്യാവൃത്തിയെ പുരസ്ക്കരിച്ച് എഴുതിയ മണിപ്രവാളകൃതിയാണ് 'വൈശികതന്ത്രം'. 260 ൽപ്പരം ശ്ലോകങ്ങളുണ്ട്. വേശ്യാവൃത്തിവർണനം സംസ്കൃതസാഹിത്യം ഉൾപ്പെടെയുള്ള സാഹിത്യങ്ങൾക്ക് അന്യമല്ല. മലയാളത്തിലെ മണിപ്രവാള സാഹിത്യത്തിലും അതു തഴച്ചുവളർന്നു. 'വേശ്യോപനിഷത്ത്' എന്നാണ് 'വൈശികതന്ത്ര'ത്തെ വിശേഷിപ്പിക്കുന്നത്. ഗുരുമുഖത്തിൽനിന്ന് അനംഗസേന എന്ന യുവതിക്കു കിട്ടുന്ന ഉപദേശമാണിത്. പരമ്പരാഗതമായുള്ള കുലവൃത്തിരഹസ്യങ്ങൾ ഓതിക്കൊടുക്കുന്ന ഗുരു മറ്റാരുമല്ല, സ്വന്തം അമ്മതന്നെയാണ്. വേശ്യാവൃത്തി ഒരു കലയാണെന്നും അത് അഭ്യസിച്ചില്ലെങ്കിൽ സ്ത്രീജന്മം നിഷ്ഫലമാണെന്നും, അഭ്യസിക്കാൻ വളരെ പ്രയാസമാണെന്നും ഗ്രന്ഥകർത്താവ് പറയുന്നു. എഴുതിയതാരാണെന്ന് അറിവായിട്ടില്ല. കാര്യങ്ങൾ നന്നായി പഠിച്ചില്ലെങ്കിൽ നൂലിൻമേൽ നടക്കുംപോലെ ദുഷ്കരമായ ഗണികാവൃത്തിയിൽ തോൽവി ഉറപ്പാണെന്ന് അമ്മ മകളെ ഉപദേശിക്കുന്നു. ഇതുണ്ടായ കാലത്തിന്റെ സാന്മാർഗികാധഃപതനത്തിന്റെ നെല്ലിപ്പലകവരെ ഇതിൽ തെളിഞ്ഞുകാണാം.

## Assignments

1. 'ഭാഷാസംസ്കൃതയോഗോ മണിപ്രവാളം' എന്ന നിർവചനം വിശദീകരിക്കുക.
2. മണിപ്രവാളത്തിന്റെ സാംസ്കാരികപരിസരം, രൂപപ്പെട്ട സാഹചര്യം എന്നിവ ചർച്ച ചെയ്യുക.
3. മണിപ്രവാളസാഹിത്യത്തിന്റെ പ്രധാന വിഭാഗങ്ങൾ വിലയിരുത്തുക.
4. മണിപ്രവാളത്തിന്റെ ഉത്ഭവ-വികാസ-പരിണാമം വിശകലനം ചെയ്യുക.
5. കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക പശ്ചാത്തലം മണിപ്രവാള സാഹിത്യത്തെ എത്രത്തോളം സ്വാധീനിച്ചിട്ടുണ്ടെന്ന് വിലയിരുത്തുക.



SGOU

6. മണിപ്രവാളകാവ്യങ്ങൾ മലയാളസാഹിത്യത്തിന് നൽകിയ സംഭാവന ചർച്ചചെയ്യുക.
7. 'ലീലാതിലക'ത്തിന് ഭാഷാസാഹിത്യചരിത്രത്തിലുള്ള സ്ഥാനം നിർണ്ണയിക്കുക.
8. മണിപ്രവാളം ത്രൈവർണികരുടെ ഭാഷ എന്ന കാഴ്ചപ്പാട് ചർച്ച ചെയ്യുക.
9. 'ലീലാതിലക'ത്തിലെ മണിപ്രവാളവിഭജനം, മണിപ്രവാളഭാഷ എന്നിവ വിശദമാക്കുക.
10. ദൃശ്യകലാസാഹിത്യവും മണിപ്രവാളവും-ചർച്ച ചെയ്യുക.
11. 'ലീലാതിലക'ത്തിലെ കൂന്തൽവാദത്തിന്റെ പ്രസക്തി ചിന്തിക്കുക.
12. 'മണിപ്രവാളത്തിൽ പിറന്ന മാണിക്യം' എന്ന പുതുശ്ശേരി രാമചന്ദ്രന്റെ വിശേഷണം വിലയിരുത്തുക.
13. 'വൈശികതന്ത്രം' എഴുതിയത് ഒരാളല്ല, ഒരു കൂട്ടം കവികളാണെന്ന അഭിപ്രായം പരിശോധിക്കുക.
14. 'വൈശികതന്ത്രം വേശ്യോപനിഷത്ത്' എന്ന വിലയിരുത്തൽ വിമർശനബുദ്ധ്യാ സമീപിക്കുക.
15. 'വൈശികതന്ത്ര'ത്തിന്റെ പ്രമേയം മണിപ്രവാളകാലഘട്ടത്തിന്റെ സംസ്കാരം കൂടിയാണോ?-ചർച്ച ചെയ്യുക.
16. 'വൈശികതന്ത്രം' രൂപപ്പെട്ട ചരിത്ര- സാംസ്കാരിക പശ്ചാത്തലം വിമർശനബുദ്ധ്യാ വിലയിരുത്തുക.

## Suggested Readings


1. എൻ. ഗോപിനാഥൻ നായർ, വൈശികതന്ത്രം (വാഖ്യാനം) എൻ. ബി. എസ്., കോട്ടയം.
2. എൻ. ഗോപിനാഥൻ നായർ, ഉണ്ണിയച്ചീചരിതം, എൻ. ബി. എസ്., കോട്ടയം.
3. എരുമേലി പരമേശ്വരപിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ ഡി. സി. ബുക്സ്, കോട്ടയം.
4. കേശവൻ വെളുത്താട്ട്, മഹിളാളി മഹാസ്പദം-മണിപ്രവാളത്തിന്റെ സാംസ്കാരികപരിസരം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
5. ഇളംകുളം കുഞ്ഞൻപിള്ള, ലീലാതിലകം (വ്യാഖ്യാനം), എൻ. ബി. എസ്. കോട്ടയം.


SGOU

# References


1. ഉള്ളൂർ, കേരള സാഹിത്യ ചരിത്രം, കേരള സർവ്വകലാശാല, തിരുവനന്തപുരം.
2. പി. വി. വേലായുധൻപിള്ള, മണിപ്രവാളകവിത, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. പി. വി. വേലായുധൻപിള്ള, മധ്യകാല മലയാളം, ഡി. സി. ബുക്സ്, കോട്ടയം.
4. അനിൽ വള്ളത്തോൾ, മണിപ്രവാള കാവ്യമാലിക, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. എം. ലീലാവതി, മലയാള കവിതാ സാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.


SGOU

# 2. ഉണ്ണിയച്ചീചരിതം

## Learning Outcomes

- ആദ്യകാലചമ്പുക്കൾ, ആധുനികചമ്പുക്കൾ എന്നിവ വിശദമായി പഠിക്കുന്നു
- പ്രാചീന മണിപ്രവാളകൃതികളായ അച്ചീചരിതങ്ങൾ, ലഘുകാവ്യങ്ങൾ, എന്നിവയിലെ ഭാഷ, വർണ്ണനാരീതി, പ്രമേയം തുടങ്ങിയവ വിശകലനവിധേയമാക്കുന്നു
- മലയാളത്തിലെ പ്രധാനപ്പെട്ട ചമ്പുക്കളെ പരിചയപ്പെടുന്നു
- മണിപ്രവാളകവിത മധ്യകാല മലയാളസാഹിത്യത്തെ സ്വാധീനിച്ചിട്ടുള്ളത് എപ്രകാരമാണെന്ന് മനസിലാക്കുന്നു
- ചമ്പൂപ്രസ്ഥാനം, സന്ദേശകാവ്യ പ്രസ്ഥാനം എന്നിവയെ തിരിച്ചറിയുന്നു
- 'ഉണ്ണിയച്ചീചരിത'ത്തിലെ ഭാഷ, വർണനാരീതി, പ്രമേയം എന്നിവ വിശദമായി പഠിക്കുന്നു

## Background

### പ്രാചീനചമ്പുക്കൾ

ഭാരതീയ കാവ്യമീമാംസാകാരൻ ദണ്ഡിയാണ് ചമ്പുവിന് ആദ്യമായി ലക്ഷണം കല്പിച്ചിട്ടുള്ളത്. 'ഗദ്യപദ്യമയം കാവ്യം ചമ്പുരിത്യഭിധീയതേ' (കാവ്യാദർശം). ഗദ്യവും പദ്യവും ഇടകലർന്ന കാവ്യരചനയാണ് ചമ്പുക്കൾ. കഥാഭാഗം പദ്യത്തിലും വർണനകൾ ഗദ്യത്തിലുമായിരിക്കും. ചമ്പൂഗദ്യം താളബദ്ധമായിരിക്കും. തരംഗിണി എന്ന വൃത്തമാണ് പൊതുവെ ഉപയോഗിച്ചുകാണുന്നത്. മലയാളചമ്പുക്കളിൽ ഗദ്യം, പദ്യം, ദണ്ഡകം എന്നീ ക്രമത്തിലാണ് രചനാസമ്പ്രദായം. ദണ്ഡകം ആദ്യം പ്രയോഗിച്ച സാഹിത്യരൂപമാണ് ചമ്പു. സംസ്കൃതത്തിൽ നിന്നും മലയാളം സ്വീകരിച്ച സാഹിത്യശാഖയാണിത്. സംസ്കൃതത്തിലെ ആദ്യചമ്പുകാവ്യം ഭോജരാജാവിന്റെ 'രാമായണം ചമ്പു'വും കേരളീയ സംസ്കൃത ചമ്പുക്കളിൽ ആദ്യത്തേത് ദിവാകര കവിയുടെ 'അമോഘരാഘവം' എന്ന കൃതിയുമാണ്. രംഗകലയുമായി ബന്ധപ്പെട്ട് ചാക്യാർ കൂത്തിന്റെ അവതരണത്തിനാണ് പൊതുവെ ചമ്പുക്കൾ എഴുതപ്പെട്ടതെന്ന് കരുതാം. പുരാണകഥകൾ പ്രമേയമാക്കിയവയാണ് കൂത്തിന് ഉപയോഗിച്ചിരുന്നത്. ഫലിതപരിഹാസങ്ങൾ ഉൾപ്പെടുത്തിയുള്ള കഥാവതരണമായിരുന്നു ഇതിന്റെ മുഖ്യസവിശേഷത. ഇവയുടെ സാഹിത്യപരവും കലാപരവും ചരിത്രപരവുമായ പ്രാധാന്യം ഏറെ പ്രസക്തിയുള്ളതാണ്. കാലം കൊണ്ടും ഭാഷാപരമായ സവിശേഷതകൾ കൊണ്ടും 'ഉണ്ണിയച്ചി', 'ഉണ്ണിച്ചിരുതേവി', 'ഉണ്ണിയാടി' എന്നൊരു ക്രമം കല്പിക്കാമെന്ന് ഡോ. പുതുശ്ശേരി രാമചന്ദ്രൻ പറയുന്നു. 'ലീലാതിലക'ത്തിന് മുമ്പ് ഈ മൂന്ന് ചമ്പുക്കളും എഴുതപ്പെടുകയും പ്രചാരം നേടുകയും ചെയ്തിരുന്നു. മൂന്നു കൃതികളിലുമുള്ള ചരിത്രപരാമർശങ്ങളും സാമൂഹിക പരിസ്ഥിതികളും ഭാഷാപഠനത്തെ സഹായിക്കുന്നുണ്ടെന്നും അദ്ദേഹം പറയുന്നു (അവതാരിക, ഉണ്ണിയച്ചീചരിതം).

### ഉണ്ണിയച്ചീചരിതം

'ഉണ്ണിയച്ചീചരിത'വും 'ഉണ്ണിച്ചിരുതേവീചരിത'വും 13-ാം ശതകത്തിലെഴുതപ്പെട്ടിരിക്കാമെന്നാണ് ഇളംകുളത്തിന്റെ അഭിപ്രായം. 'ഉണ്ണിയാടി', 'ഉണ്ണിച്ചിരുതേവി', 'മല്ലീനിലാവ്', 'ചെറിയച്ചി' തുടങ്ങിയ മണിപ്രവാളനായികമാർ നർത്തകിമാരും ദേവദാസികളുമായിരുന്നുവെന്നും അദ്ദേഹം പറയുന്നു. എന്നാൽ ഇവർ ദേവദാസികളായിരുന്നോ എന്ന് തീർച്ചയാക്കാൻ തെളിവുകളില്ലെന്ന് പുതുശ്ശേരി അഭിപ്രായപ്പെടുന്നു. 'മലയാളത്തിലെ കാവ്യചന്ദ്രോദയം മണിപ്രവാളകൃതികളിലൂടെയാണ് സംഭവിച്ചത്. പ്രാചീനമണിപ്രവാള ചമ്പുവായ 'ഉണ്ണിയച്ചീചരിത'ത്തിലൂടെ. 'ഉണ്ണിയച്ചീചരിത'കാരൻ തേവൻ ചിരികുമാരൻ തന്നെയായിരുന്നു ആ കാവ്യചന്ദ്രോദയത്തിന്റെ പ്രഥമശില്പി' എന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

മേൽപ്പറഞ്ഞ മൂന്ന് ചമ്പൂകാവ്യങ്ങളിലൂടെയാണ് മണിപ്രവാളം ഒരു സാഹിത്യപ്രസ്ഥാനമായി സ്ഥാനം നേടുന്നത്. കൂടാതെ സന്ദേശകാവ്യങ്ങളും ശൃംഗാരപ്രധാനമായ ലഘുകവനങ്ങളും ഒറ്റ ശ്ലോകങ്ങളും വൈശികതന്ത്രം പോലെയുള്ള മറ്റു ചില കൃതികളും കൂടിയായപ്പോൾ അതൊരു സാഹിത്യപ്രസ്ഥാനമാവുകയും 'ലീലാതിലകം' എന്നൊരു മണിപ്രവാള ലക്ഷണഗ്രന്ഥം ഉണ്ടാവുകയും ചെയ്തു. അച്ചീചരിതങ്ങൾ മൂന്നും കേരളത്തിന്റെ മൂന്ന് പ്രധാനദേശങ്ങളിലാണ് പിറവിയെടുക്കുന്നത്. വടക്കേ മലബാറിലെ കുറുംപുറനാട്ടിലെ തിരുമരുതൂരാണ് ഉണ്ണിയച്ചിയുടെ ആസ്ഥാനം. മധ്യകേരളത്തിലെ 'ചോകിരം' ഗ്രാമത്തിൽ പൊയിലത്താണ് ഉണ്ണിച്ചിരുതേവിയുടെ വാസസ്ഥലം. ദക്ഷിണകേരളത്തിലെ ഓടനാടിന്റെ തലസ്ഥാനമായ കണ്ടിയൂരിലാണ് ഉണ്ണിയാടി. ഈ നായികമാരൊക്കെ അന്നത്തെ പ്രശസ്ത നർത്തകിമാരുടെ പുത്രിമാരാണ്. സ്വർഗത്തിൽ നിന്നുപോലും കാമുകന്മാരെ ഭൂമിയിലേക്ക് ഇറക്കിക്കൊണ്ടുവരാൻ പോന്ന സൗന്ദര്യധാമങ്ങൾ. ഗന്ധർവന്മാർ, ചന്ദ്രൻ, ദേവേന്ദ്രൻ എന്നിവർപോലും ഇവരുടെ സൗന്ദര്യാതിശയത്തിൽ മയങ്ങിപ്പോയവരാണത്രെ.

തിരുവനന്തപുരം കൊട്ടാരം ലൈബ്രറിയിൽ നിന്നാണ് 'ഉണ്ണിയച്ചീചരിത'ത്തിന്റെ ഹസ്തലിഖിതം കണ്ടെടുത്തിട്ടുള്ളത്. ഭാഷാത്രൈമാസികയിലാണ് ആദ്യം ഖണ്ഡശ്ശപ്രസിദ്ധീകരിച്ചത്. പിന്നീട് ഡോ. പി. കെ. നാരായണപിള്ള തിരുവനന്തപുരം മാനുസ്ക്രിപ്റ്റ് ലൈബ്രറിയിൽ നിന്ന് ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിച്ചു. 2005-ൽ എൻ. ഗോപിനാഥൻ നായരുടെ പഠനത്തോടുകൂടി കാലിക്കറ്റ് സർവകലാശാല 'ഉണ്ണിയച്ചീചരിതം' പ്രസിദ്ധീകരിക്കുകയുണ്ടായി. അതിന്റെ അവതാരിക എഴുതിയിട്ടുള്ളത് പുതുശ്ശേരി രാമചന്ദ്രനാണ്.

## Keywords

ആദ്യകാല ചമ്പുക്കൾ-പ്രാചീന ചമ്പുക്കൾ-അച്ചീചരിതങ്ങൾ-ഉണ്ണിയച്ചീചരിതം-ലഘുകാവ്യങ്ങൾ-പദ്യരത്നം

## 2.1.2 ഉണ്ണിയച്ചീചരിതം (ഗദ്യം - 10 വരെ)

**വരികൾ**
**ഗദ്യം, പദ്യം: 1**

'സുരാദികൾ പണിയുമടിത്തളിർവലമായ്

..........................................................................

വിമലലസത്ജസിതന്തിരടിത മാർപൊരിടമതായ്'

### അർഥവിശദീകരണം

| | | |
|---|---|---|
| സുരാദികൾ | = | ദേവന്മാർ |
| അടിത്തളിർ | = | പദതളിർ |
| അരയിലെരിഞ്ഞ് | = | അഗ്നിയിലെരിഞ്ഞ് |
| അരുണിതം | = | ചുമപ്പു നിറത്തിൽ |
| വിദ്രുമം | = | പവിഴം |
| അരവം | = | പാമ്പ് |
| മലയരുഹം | = | ചന്ദനം |
| അകിൽ | = | സുഗന്ധദ്രവ്യം |
| അലം | = | പൂർണമായി |
| ഭസിതം | = | ഭസ്മം |
| സിതം | = | വെളുത്ത |

### ആശയവിശദീകരണം

- അർധനാരീശ്വര വർണ്ണന, ശിവപാർവതീസ്തുതി

കാവ്യം ആരംഭിക്കുന്നത് അർധനാരീശ്വര വർണ്ണനയോടെയാണ്. പവിഴം കൊണ്ടുള്ള അരഞ്ഞാണം ചുറ്റിയിട്ടുള്ള ഉഷസുപോലെ ഉജ്ജ്വലമായ അരയിലെ വസ്ത്രത്തോടു കൂടിയ പാർവതിയെയും അരികെ പാമ്പാകുന്ന ചുരുളോടു കൂടി അരയിൽ കെട്ടപ്പെട്ട പുലിത്തോലുമായി ശിവനേയും വർണിക്കുന്നു. ത്രിപുരദഹന കഥയും സൂചിപ്പിക്കുന്നു. മഹാമേരുവിനെ വില്ലാക്കി വാസുകിയെ ഞാണാക്കിയ പരമശിവൻ ശക്തിയുടെ പ്രതീകമായ ശരീരം ഒരു ഭാഗത്തും മൃദുവായ കൈത്തലത്തോടു കൂടിയ വിവശമായ ശരീരത്തോടു കൂടി പാർവതി മറുഭാഗത്തും. മൃദുഹാസത്താൽ പ്രതിഫലിക്കുന്ന പ്രണയത്തെയും ശിവന്റെ മുഖത്ത് സ്ഫുരിക്കുന്ന രൗദ്രഭാവത്തെയും കാട്ടുന്നു. പകുതിയിൽ ശ്രേഷ്ഠമായതും പൂവണിഞ്ഞതുമായ കുനുകുന്തളം കൊണ്ട് യമുനയുടെ കയമെന്നു തോന്നുംവിധം ഗംഗയെ വഹിക്കുന്ന ശിവന്റെ ശിരസ്സ്, ശിവന്റെ ശരീരത്തോടു ചേർന്നു പരിലസിക്കുന്ന പാർവതിയെയും ആ ശിവന്റെ കാരുണ്യത്താൽ പരിലസിക്കുന്ന തൃച്ചരളി (തിരുച്ചരളി) യെയും വർണിക്കുന്നു. ശിവന്റെ സന്ധ്യാനൃത്തവും പാർവതീ ദേവീവർണനയും നടത്തുന്നു.

### ഗദ്യം, പദ്യം: 2

'അസ്തി തത്ര പവിത്ര മടിക്കീഴാദി

.........................................................................

ച്ചാശ്രിതാമുനികൾ വന്നു ജപന്തി'

### അർഥവിശദീകരണം

| | | |
|---|---|---|
| അസ്തി | = | ഉണ്ട് |
| കുച്ചിന് | = | ചെറിയ തുണ്ട്, ഭാഗം |
| പവിത്രം | = | ശ്രേഷ്ഠം |
| വിശ്രുതം | = | കീർത്തി കേട്ട |
| ജപന്തി | = | ജപിക്കുന്നു |

### ആശയവിശദീകരണം

> ▶ തീർത്ഥവും സ്ഥല വും വർണിക്കുന്നു

അടിക്കീഴിന്റെ വർണനം. അവിടെയാകട്ടെ ആർക്കും അടിക്കീഴ് ഇത്യാദിയായ തീർത്ഥശതങ്ങളുണ്ട്. ഭൂമിയിൽ വൈശ്രവണമെന്ന് മഹി തമായിരിക്കുന്നതും മുനികൾ വന്നു ജപിക്കുന്നതുമായ ആ ചെറിയ സ്ഥലം വിശ്രുതമാണ്.

### ഗദ്യം, പദ്യം: 3

'വരമല്ലികാധവളവരിനെല്ലിളം കഴമയരി

.............................................................

മുരവെല്ലിമേവിമികു തിരുനെല്ലി യത്ര ഖലു'.

### അർഥവിശദീകരണം

| | | |
|---|---|---|
| മല്ലിക | = | മുല്ല |
| കഴമ | = | കളമ ചെന്നെല്ല് |
| അല്ലൽ | = | ദുഃഖം |
| തീരുമെല്ലടി | = | തൃപ്പാദം |
| പരിവേല്ലിതം | = | ചിതറപ്പെട്ട |
| അംബു | = | ജലം |
| വല്ലി | = | അടിമ |
| നരവല്ലി | = | അടിമകളായ മനുഷ്യർ |
| കൊടുമ | = | കാഠിന്യം |
| ഉദിതം | = | ഉണ്ടായ |
| കൊല്ലിപാടുമളി | = | ഒരു രാഗം മൂളുന്ന വണ്ട് |
| ഓതുക | = | പറയുക |
| പെരുവില്ല | = | വലിയ വില്ലുള്ളവൻ |
| പുലം | = | സ്ഥലം |
| ആമുരവെല്ലി | = | മുരനെ ജയിച്ചവൻ ( ശിവൻ ) |

### ആശയവിശദീകരണം

> ▶ തിരുനെല്ലിയെ വർണിക്കുന്നു

തിരുനെല്ലിയെ വർണിക്കുന്നു. തിരുമെല്ലടിയിൽ പ്രണമിക്കുന്നവർക്ക് വരമായ സന്തോഷം നല്കുന്ന പെരുമയോടു കൂടി രാവും പകലും വലിയ ശിലയിൽ പതിച്ച് ചിതറപ്പെട്ട ജലത്തിന്റെ ഗതിയോടു കൂടിയ ഗിരികുല്യ. ഗിരികുല്യ മുഴുവൻ മനുഷ്യരുടെയും ദു:ഖഭാരത്തെ ഇല്ലാതാക്കുന്നു. കരയ്ക്കു നില്ക്കുന്ന ശ്രേഷ്ഠമായ നെല്ലിയാൽ കീർത്തി കേട്ട തിരുനെല്ലി. അവിടെ മേവുന്ന ശ്രീവല്ലഭൻ മഹാവിഷ്ണുവിനെയും തിരുനെല്ലി തീർത്ഥത്തെയും വർണിക്കുന്നു.

### ഗദ്യം, പദ്യം: 4

'തസ്മിൻ വിസ്മയനീയേ ദേശേ കസ്മിന്ന പി

.............................................................

തീരുംരുതൂരിതി കാചന നഗരീ'

SGOU

### അർഥവിശദീകരണം

| | | |
|---|---|---|
| കസ്മിന്നപി | = | ഒരിടത്തായി |
| വിരാജിക്കുന്നു | = | ശോഭിക്കുന്നു |
| അമ്പിളി ചൂടിന്റപ്പൻ | = | ശിവൻ |
| ഭോഗവതി | = | നാഗനഗരം |
| നന്ദനം | = | ഇന്ദ്രോദ്യാനം |
| ഗുപ്തം | = | രക്ഷിക്കപ്പെട്ട |
| പങ്ങുപയാതാ | = | ഭംഗി വന്നു ചേർന്ന |
| ദധാനം | = | ധരിച്ചിരിക്കുന്ന |
| പള്ളി | = | ഗ്രാമം |
| സംപദ്ധർമം | = | സമ്പത്തും ധർമ്മവും |
| അളം | = | സ്ഥലം |
| മുറ്റിന | = | പൂർണ്ണത വന്ന |
| നിലയം | = | ഭവനം |

### ആശയവിശദീകരണം

▶ തിരുമരുതൂരിന്റെ വർണന

തിരുനെല്ലിയുടെ അതിരുകൾ വർണിക്കുന്നു. തിരുമരുതൂരിന്റെ വർണന. വിസ്മയനീയമായ ഈ ദേശത്ത് ഒരിടത്തായി കൈലാസത്തിന് അളകാപുരി എപ്രകാരമാണോ അതുപോലെ തിരുമരുതൂരിന് തിരുപ്പരപ്പ്. അമരാവതിയെപ്പോലെയും ലങ്കാപുരിയെപ്പോലെയും കൊടുങ്ങല്ലൂരിനേക്കാൾ നൂറുമടങ്ങു ശോഭയിൽ ലോകത്തുള്ള മറ്റു മഹാനഗരികളെയെല്ലാം ചെറുതാക്കി കൊണ്ട് തിരുമരുതൂർനഗരി ശോഭിക്കുന്നു. കാമാർത്ഥസുഖങ്ങളുടെ ഭാരത്താൽ ചുമക്കുന്ന തണ്ട് ഒടിഞ്ഞു പോകുന്ന സ്ഥലം. ശിവൻ മുതലായ മൂർത്തികൾ വസിക്കുകയാൽ മുക്തിരസത്തിനും പൂർത്തിവന്ന മൂലസ്ഥാനം.

### ഗദ്യം, പദ്യം: 5

'അരുമ പെരുതു വർണനേ ചതുർണാം

.................................................................

തിരുമരുതൂർ തിലകക്രിയാ പുരീണാം'

### അർഥവിശദീകരണം

| | | |
|---|---|---|
| അരുമ | = | പ്രയാസം |
| ആരണം | = | വേദം |
| കന്നി | = | കന്യക |
| നടുവതുലാവെ | = | തുലാമാസം |
| സമീനം | = | മീനമാസം |
| രചിതം | = | ഉണ്ടാക്കപ്പെട്ട |
| കുഹചന | = | ഒരിടത്ത് |
| വിസിനി | = | ബിസിനി (താമര) |
| വരാക | = | കലാപം |
| ശൈവലം | = | പായൽ |
| മധുപം | = | വണ്ട് |
| കുവലയം | = | താമര, കൂവളം എന്നും പറയുന്നു |

### ആശയവിശദീകരണം

തിരുമരുതൂരിനെക്കുറിച്ച് വർണിക്കുന്നതിൽ ചതുർമുഖനു പോലും പ്രയാസമാണ്. ഈ നഗരം മറ്റെല്ലാ നഗരങ്ങൾക്കും തിലകക്കുറി തന്നെ. പെരുമ പുകഴ്ത്താൻ നിന്നാൽ അകപ്പെട്ടു പോയതു തന്നെ, കുഴഞ്ഞു പോയതു തന്നെ. ദുരിതത്തെ ഇല്ലാതാക്കുന്നവനും ചരിതത്തോടു കൂടിയവനും ഹൃദയത്തിൽ വർധിച്ച കരുണയ്ക്ക് ഇരിപ്പിടമായവനും ചുറ്റും നിന്ന് നമിക്കുന്ന ദേവന്മാർക്ക് ദുർല്ലഭമായ അമൃത് അരുളിച്ചെയ്തവനുമായ വിഷ്ണു അവിടെ ഏറ്റവും ശോഭിക്കുന്നു. അഗ്നി വർഷിക്കുന്ന കണ്ണോടു കൂടിയവനും പുലിത്തോൽ പരിശുദ്ധവസ്ത്രമാക്കിയവനും പച്ച രത്നക്കല്ലിന്റെ ശോഭയുള്ള കഴുത്തോടു കൂടിയവനും അമരുന്ന സ്ഥലമായ അവിടം ശ്രേഷ്ഠമായ വളച്ചവാതിലുകളോടു കൂടിയ ചുറ്റു മതിലുള്ള തിരുമരുതൂരെന്ന മഹിതമായ സ്ഥലമാകുന്നു, ഗദ്യവർണ്ണനയിൽ തിരുമരുതൂരിലെ ചിറയെ വർണിക്കുന്നു. മേടം മുതലായ മലയാള മാസങ്ങളുടെ പേരുകളും ഈ വർണ്ണനയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കുടകിൽ നിന്നും ധാരാളം ഭക്തജനങ്ങൾ തിരുനെല്ലി ക്ഷേത്രത്തിലെത്തി സന്താപശാന്തി വരുത്താറുണ്ടായിരുന്നു. വളരെ മനോഹരമായ പ്രകൃതിവർണ്ണനയ്ക്കു ശേഷം ഒരിക്കൽ കുറുകിക്കിടന്ന രാഹുവിനെക്കുറിച്ചുള്ള ഭയത്താൽ പൂർണചന്ദ്രൻ ധാരാളമായി വിയർത്തൊഴുകിയതാണ് ഇവിടെ ചിറയുടെ രൂപത്തിൽ വീണുകിടന്നത് എന്ന് അറിവുള്ളവരാൽ പുകഴ്ത്തപ്പെടുന്ന ആ കൃത്രിമ സാരമായ ചിറ യാതൊന്നിൽ ചെറുകടലായി ശോഭിക്കുന്നുവോ അതാണ് തിരുമരുതൂർ ചിറ.

> ▶ തിരുമരുതൂർ നഗരം, തിരുമരുതൂർ ചിറ എന്നീ വർണന

### ഗദ്യം, പദ്യം: 6

'അത്യുക്തിയാകിലുമളീകമിതെന്റു കണ്ടോർ

..............................................................................

ചമൈക്കരുതു മേലമർവോർക്കുപോലും'

### അർഥവിശദീകരണം

| | | |
|---|---|---|
| അളീകം | = | കള്ളം |
| മാടം | = | മാളിക |
| അന്റ് | = | അന്ന് |
| മേലമർവോർ | = | ദേവന്മാർ |

### ആശയവിശദീകരണം

അതിശയോക്തിയായാലും കാണുന്നവർ കള്ളമാണെന്നു പറഞ്ഞാലും ഞാൻ ഉള്ളതു പോലെ പറയുന്നു. ആ കാണുന്ന മാളികയും ചിറയും ആ വിധത്തിൽ അന്നും ഇന്നും എന്നെന്നും ഇനിമേലും ദേവൻമാർക്കു പോലും നിർമ്മിക്കാൻ സാധിക്കാത്ത വിധത്തിൽ ശ്രേഷ്ഠമാണ്. അവിടേക്ക് എത്തിയ ഗന്ധർവ യുവാക്കളിൽ ശ്രേഷ്ഠനായ ഒരുവൻ പതിവ്രതയും കാമിനിയും സുന്ദരിയുമായ ഉണ്ണിയച്ചിയെ കാണുന്നു.

> ▶ ഗന്ധർവ യുവാവെത്തുന്നു

### ഗദ്യം, പദ്യം: 7

'കണ്ടിട്ടേനാം കലിതപുളകാനന്ദ കൗതൂഹലാത്മാ

..............................................................................

ഗന്ധർവോസൗ ഗളിത ഹൃദയോ ഗന്ധവാഹസ്യ മാർഗാത്.'

## അർഥവിശദീകരണം

| | | |
|---|---|---|
| കണ്ടിട്ടേ നാം | = | ഇവളെ കണ്ടിട്ട് |
| കലിതം | = | ഗ്രഹിക്കപ്പെട്ട |
| മർത്ത്യാ ഭൂത്വാ | = | മനുഷ്യനായി തീർന്നിട്ട് |
| ഗളിതം | = | തകർന്ന |
| ആനാൽ | = | ഇറങ്ങി |
| പട്ടാങ്ങ് | = | സത്യം |
| ഉപൈതും | = | പ്രാപിക്കുന്നതിന് |
| ഗന്ധവാഹകൻ | = | കാറ്റ് |

## ആശയവിശദീകരണം

▶ ഉണ്ണിയച്ചിയുടെ രൂപസൗകുമാര്യത്തിൽ ഗന്ധർവൻ ആകൃഷ്ടനാകുന്നു

ഒരു കാലത്ത് തിരുമരുതൂർ ശിവക്ഷേത്രം വളരെ പ്രസിദ്ധമായിരുന്നു. അതുപോലെ തിരുമരുതൂർ നഗരിയും സമ്പന്നമായിരുന്നു. ഉണ്ണിയച്ചിയുടെ സൗന്ദര്യം കേട്ടറിഞ്ഞ് ഒരു ഗന്ധർവയുവാവ് ഉണ്ണിയച്ചിയെ കാണാനെത്തുന്നു. അവളെ കണ്ടിട്ട് കലിതമായ പുളകവും ആനന്ദവും കൊണ്ട് കൗതൂഹലചിത്തനായി മനുഷ്യനായി തീർന്ന് സുന്ദരികളായ തന്റെ കാമിനിമാരെയെല്ലാം മറന്ന് തകർന്ന ഹൃദയവുമായി ആ കളമൊഴിയെ തിരഞ്ഞിറങ്ങി. ഗദ്യഭാഗത്ത് ഉണ്ണിയച്ചിയുടെ രൂപസൗകുമാര്യം ദർശിച്ച ഗന്ധർവൻ അവളിൽ ആകൃഷ്ടനാകുന്നു.

'തന്മകനായിന മന്മഥനോടൊരു
ചീറ്റമൊഴിപ്പാൻ മന്മഥവൈരിയെ
വന്നു വണങ്ങിന താമരമകളോ,
..........................................................
മൂവത്തിങ്കളണിഞ്ഞ പിരാനുടൈ
മൂവന്തിക്കുത്തിവിടൈക്കണ്ടു പ-
യറ്റിക്കൊൾവാൻ കേവലമുർവശി
കീഴ്പോന്നാളോ?

▶ ഗന്ധർവൻ ഉണ്ണിയച്ചിയുടെ രൂപസൗകുമാര്യം വർണിക്കുന്നു

ഗന്ധർവൻ ഉണ്ണിയച്ചിയുടെ രൂപസൗകുമാര്യം വർണിക്കുകയാണ്. 'സ്വന്തം മകനായ കാമദേവനോടുള്ള ശത്രുത ഇല്ലാതാക്കാൻ ശിവനെ വന്നു നമസ്കരിക്കുന്ന ലക്ഷ്മീദേവിയാണോ? ഔഷധക്കൂട്ടിട്ട് കത്തിച്ച വിളക്കു കണ്ടിട്ട് ദേവേന്ദ്രന്റെ കർണ്ണാഭരണമാണെന്ന് തെറ്റിദ്ധരിച്ച് അവനെ കാണാൻ ഭൂമിയിലേക്കിറങ്ങിവന്ന ശചീദേവിയാണോ? ശിവജടയിൽ ചേർന്നു വിലസുന്ന ചന്ദ്രനെ പ്രാപിക്കാൻ താഴേക്കു വന്ന രോഹിണിരൂപമാണോ? ചന്ദ്രക്കലയണിഞ്ഞ ശിവന്റെ സന്ധ്യാനേരത്തെ നൃത്തം കണ്ടു പഠിക്കാൻ വേണ്ടി ഭൂമിയിലേക്കുവന്ന ഉർവശിയാണോ?'' എന്നാണ് പ്രസ്തുത കല്പന.

## ഗദ്യം, പദ്യം. 8

'ആയില്ക്കേൾക്ക ഭവാനശേഷമൾ തമ്പാട്ടാങ്ങിദണ്ടൊല്ലലാ
..........................................................................
ആവാസന്നിജമാക്കിനാളതിയമാനല്ലൂരിതിഖ്യാപിതം'.

SGOU

### അർഥവിശദീകരണം

| | | |
|---|---|---|
| ചട്ടൻ | = | വേദം പഠിക്കുന്ന ബ്രാഹ്മണൻ |
| നിതംബ നഗരി | = | പർവതമധ്യത്തിലുള്ള പട്ടണം |
| കാലിൽ | = | ഒരുവൾ |
| അംഭോജ | = | താമരയിൽ ജനിച്ചവൾ |
| അഞ്ചമ്പൻ | = | കാമദേവൻ |

### ആശയവിശദീകരണം

കാമദേവന്റെ അമ്പുകളെല്ലാം പൂക്കളാണ്. പൂവല്ലാത്ത ഒരമ്പായി ബ്രഹ്മാവ് സൃഷ്ടിച്ചതാണോ ഉണ്ണിയച്ചിയെ എന്ന സംശയം ഗന്ധർവയുവാവിനു തോന്നുന്നു. അവിടെയുള്ള സ്ത്രീകളെയെല്ലാവരേക്കാളും രൂപവിലാസവതിയും ചാരുതയുള്ളവളുമായ അവൾ എന്റെ മനോബലം ഇല്ലാതാക്കി എന്ന യുവാവിന്റെ വാക്കുകൾ കേട്ട് ഒരു ചട്ടൻ വർധിച്ച കൗതുകത്തോടു കൂടി നായികയുടെ പൂർവചരിത്രം വിവരിച്ചു തുടങ്ങുന്നു. ഭവാൻ കേട്ടുകൊൾക ഞാൻ സത്യമെല്ലാം പറയാം. നിത്യാനന്ദത്തെ പ്രദാനം ചെയ്യുന്നവളും പർവത മധ്യനഗരിയിലെ നാരികൾക്കെല്ലാം ശിരോലങ്കാരമായവളുമായ ഒരുവൾ ലക്ഷ്മീദേവി താമരയിലെന്നപോലെ അഞ്ചമ്പനോടു കൂടി പ്രസിദ്ധമായ അതിയമാനല്ലൂരെന്ന ദേശത്ത് ആവാസമാക്കി.

> ▶ ചട്ടനെത്തി ഉണ്ണിയച്ചിയുടെ പൂർവചരിത്രം വിവരിക്കുന്നു

### ഗദ്യം, പദ്യം: 9

‘തസ്മിന്നള്ളരിടന്തനക്കു തിലകേ താഴാത സമ്പന്മയേ

..............................................................

വാഴ്‌വോനപ്സരസോ ഭവന്നവനുടേ വംശേ ച കാ.... സ്ത്രീയാ’.

### അർഥവിശദീകരണം

| | | |
|---|---|---|
| തസ്മിൻ | = | അതിൽ |
| അള്ളരിടം | = | ദൈവസാന്നിധ്യമുള്ള സ്ഥലം |
| അതിഭൂമി | = | ആധിക്യം |
| അതിയമാൻ | = | ഐന്ദ്രേ, ഇന്ദ്രൻ |

### ആശയവിശദീകരണം

ദൈവസാന്നിധ്യമുള്ള ആ സ്ഥലത്തിന് തിലകമായി താഴാത്ത സമ്പത്തോടു കൂടിയവനും അനേകം നാടുകളിലെ നിലങ്ങളോട് (വയലുകൾ) കൂടിയവനും നക്ഷത്രങ്ങൾക്ക് ചന്ദ്രനായവനും ധനസമൃദ്ധിയോടു കൂടിയവനുമായ ഇന്ദ്രൻ എപ്രകാരം വാഴുന്നുവോ അതുപോലെ അവന്റെ വംശത്തിൽ ഉള്ള ഒരു സ്ത്രീ ഇവിടെ വസിക്കുന്നു. ഗദ്യഭാഗത്ത് അതിയമാനല്ലൂരിലെ മന്ദിരത്തിന്റെയും മറ്റും വർണ്ണനം. നായികയുടെ ജന്മസ്ഥലം കോലത്തുനാട്ടിലുള്ള അതിയമാനല്ലൂരാണെന്ന് ഉള്ളൂരും സേലത്തുള്ള അതിയാമാനല്ലൂരിൽ നിന്ന് പുറപ്പെട്ട് പുറകിഴാ നാട്ടിലെ തിരുമരുതൂരിലേക്ക് പിന്നീട് താമസം മാറ്റിയെന്ന് ഇളംകുളവും അഭിപ്രായപ്പെടുന്നു.

> ▶ അതിയമാനല്ലൂരിലെ മന്ദിരത്തിന്റെയും മറ്റും വർണ്ണനം

**പദ്യം: 10**

'പണ്ടേയും ഗദ്യപദ്യപ്രഭൃതിഭിരവിടം വർണിതന്തത് കഥാസ്താം

.........................................................................

ഉൽപന്നാ സൗ ച പെറ്റാൾ തരുണരുയുർമപ്പെണ്ണി രണ്ടു.'

## അർഥവിശദീകരണം

| | | |
|---|---|---|
| ആസ്താം | = | ആകട്ടെ, ഭവിക്കട്ടെ |
| അച്ചി | = | അമ്മ |
| പുകഴ്ക്കച്ചി പോലെ | = | കീർത്തിക്ക് അമ്മ പോലെ |

## ആശയവിശദീകരണം

▶ ഉണ്ണിയച്ചിയെയും അവളുടെ പൂർവികരെയും വിവരിക്കുന്നു

ഉണ്ണിയച്ചിയെയും അവളുടെ പൂർവികരെയും വിവരിക്കുന്നു. നങ്ങൈ പ്പിള്ള എന്നൊരു സുന്ദരിയായ നായികയുണ്ടായിരുന്നു. അവൾക്ക് കീർത്തിക്ക് പെറ്റമ്മയെന്ന പോലെ അച്ചിയാർ എന്ന പുത്രി ജാതയായി. അപ്സരസ്സിന്റെ വംശത്തിലുള്ള നങ്ങിപ്പിള്ള എന്ന സുന്ദരിക്ക് അച്ചിയാർ എന്നു പേരായ ഒരു മകൾ ജനിച്ചു. അവൾക്ക് സുന്ദരികളായ രണ്ടു പെൺകുട്ടികളുണ്ടായി. അവരിൽ ഇളയവളാണ് ഉണ്ണിയച്ചി.

**ഗദ്യം : 10**

'മഴയിരുൾ മലർക്കുഴുമിയനിഴല്

.........................................................................

പൊലിഞ്ഞുള്ളവകളില് പ്രഥമജനിതാ.'

## അർഥവിശദീകരണം

| | | |
|---|---|---|
| കുഴുമിയ | = | നിറഞ്ഞ |
| തഴ | = | പീലിക്കുട |
| കുഴല് പുറ | = | കേശഭാരം |
| കുഴവിമതി | = | ഇളം ചന്ദ്രൻ |
| കുഴവി | = | കുട്ടി |
| അളികം | = | നെറ്റി |
| നെറ്റിയൽ | = | വിലാസം |
| മഴലം | = | ഭംഗി |
| പകഴം | = | പവിഴം |
| ഒഴുക്ക് | = | നിര |
| ഈ കലുക | = | ചേരുക |
| കതളി | = | കദളി |
| എഴിൽ | = | അഴക് |

## ആശയവിശദീകരണം

▶ അച്ചിയാരുടെ രണ്ടു പുത്രിമാരെയും വർണി ക്കുന്നു

അച്ചിയാരുടെ രണ്ടു പുത്രിമാരെയും വർണിക്കുന്നു. മേഘം പോലെ ഇരുണ്ടതും മലരണിഞ്ഞിട്ടുള്ളതും പീലിക്കുട പിടിച്ചിട്ടുള്ളതുമായ കേശഭാരം കൊണ്ട് വിലസുന്നവളും ഇളം കൂവളപ്പൂവിന്റെ കീർത്തി ചേർന്ന വിലാസമിഴിയാളും നെറ്റി കൊണ്ട് സുന്ദരിയായവളും ഓടക്കുഴലിന്റെ നാദതുല്യമായ മൊഴിയോടു കൂടിയവളും പവിഴമണിക്കൊത്ത അധരത്തോടു കൂടിയവളും ജഘനവും മാറിടവും തുടകളും എല്ലാത്തി

SGOU

ലും സൗന്ദര്യപക്ഷത്തിൽ അഴകു വർധിച്ചവളാണ് മൂത്തമകൾ. ഗദ്യം: 11-ലാണ് ഉണ്ണിയച്ചിയെ പാദാദികേശം വർണിക്കുന്നത്.

## കാവ്യാവലോകനം

തിരുനെല്ലിക്കടുത്തുള്ള തിരുമരുതൂർ ക്ഷേത്രത്തെ കേന്ദ്രമാക്കിയുള്ളതാണ് ഇതിലെ ഇതിവൃത്തം. കവി ആ ദേശവുമായി അടുപ്പമുള്ള ഒരാളായിരിക്കാം. പഴഞ്ചേരിയമ്മ നമ്മെ രക്ഷിക്കട്ടെ എന്ന ഫലശ്രുതിയോടെയാണ് കാവ്യം അവസാനിക്കുന്നത്. പഴഞ്ചേരിയമ്മ കവിയുടെ കുലദൈവമാണെന്ന് കരുതാം. കോട്ടയം രാജാക്കന്മാരുടെ പരദേവത കൂടിയാണ് പഴഞ്ചേരിയമ്മ. അതിനാൽ കവി പഴഞ്ചേരി ദേശക്കാരനാകാനാണ് സാധ്യതയെന്ന് എൻ. ഗോപിനാഥൻ നായർ ചൂണ്ടിക്കാട്ടുന്നു.

- കവി പഴഞ്ചേരി ദേശക്കാരൻ

ഗദ്യങ്ങൾ മനോഹരവും അലങ്കാരപ്രധാനവുമാണ്. ഗദ്യത്തെ അപേക്ഷിച്ചു പദ്യങ്ങൾ ഇതിൽ കുറവാണ്. അക്കാലത്തെ കേരളത്തിന്റെ ഒരു സാമാന്യചിത്രം നമുക്കിതിൽ നിന്നും ലഭിക്കുന്നുണ്ട്. തിരുമരുതൂർ, കൊല്ലം കൊടുങ്ങല്ലൂർ, വളപട്ടണം, മാടായി, മട്ടന്നൂർ തുടങ്ങിയ സ്ഥലങ്ങളും പുറകിഴാർനാട്, കുറുമ്പ്രനാട് എന്നിങ്ങനെ കോട്ടയം രാജ്യത്തിന്റെ ഭാഗങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. അതുപോലെ 11-ാം പദ്യത്തിൽ കോതരവി എന്ന രാജാവിനെപ്പറ്റിയുള്ള പരാമർശമുണ്ട്. അക്കാലത്തെ പ്രധാനപ്പെട്ട അഞ്ചു നഗരങ്ങളിൽപ്പെടുന്ന കൊല്ലത്തെയും (ഗദ്യം 18) കൊടുങ്ങല്ലൂരിനെയും (പദ്യം 15-ൽ) വിവരിക്കുന്നു. 'ആനയച്ച്' എന്ന നാണയത്തെപ്പറ്റി ഈ കാവ്യത്തിൽ സൂചനയുണ്ട്.

"ചോനകക്കുതിര ചോണാട്ടു വിറ്റാൽ നമ
ക്കാനയച്ചുടനിരണ്ടായിരം കിട്ടമി-
ന്റാന വിറ്റാലുമെണ്ണായിരം കിട്ടലാ "

അറബിക്കുതിരയെ ചോളനാട്ടിൽ വിറ്റാൽ നമുക്ക് രണ്ടായിരം ആനയച്ച് കിട്ടും. ആനയെ വിറ്റാൽ എണ്ണായിരം കിട്ടും. പദ്യം നാലിൽ തിരുനെല്ലിക്ഷേത്രവും അതിനു സമീപത്തുള്ള മറ്റു ക്ഷേത്രങ്ങളെയും പറ്റി പറയുന്നു. ഗദ്യം നാല് തിരുനെല്ലിക്കടുത്തുള്ള തിരുമതൂർ എന്ന ഗ്രാമവർണനയാണ്. അതിൽതന്നെ കൊടുങ്ങല്ലൂരിനെയും തൃക്കണാമതിലകത്തെയും പരാമർശിക്കുന്നു.

- അക്കാലത്തെ കേരളത്തിന്റെ ഒരു സാമാന്യചിത്രം ലഭിക്കുന്നു

കൊല്ലം നഗരത്തിന്റെ വർണന ഈ കൃതിയിലുണ്ട്. അമരാവതിയെപ്പോലെയാണ് കൊല്ലം നഗരം എന്നും പറയുന്നു.

'മമരാവതിയെപ്പോലെ
കൊല്ലവിഭൂതിം കൊല്ലുവിഭവാ
നൂറുമടങ്ങു കോടീങ്ങാല്ലൂരിലുമേറ
വിളങ്ങിന പണ്ടുപായാതാ; (ഗദ്യം 4) തുടങ്ങി
'പത്മേഷു ദ്വേഷിപുത്രി
ചിരാമവതു പഴഞ്ചേരി
ചേർന്നമ്മ നമ്മെ' (പദ്യം 26)

- കൊല്ലം നഗരം പഴഞ്ചേരി ഭഗവതി വർണന

എന്നിങ്ങനെ പഴഞ്ചേരി ഭദ്രകാളിയെ സ്തുതിച്ചുകൊണ്ട് കാവ്യം അവസാനിപ്പിക്കുന്നു. അവസാനഭാഗത്ത് കവിയെപ്പറ്റി സൂചന കാണുന്നു.

'തേവൻ ചിരികുമാച്ചോന്ന
ചമ്പുമുറ്റവുമാദരാൽ
രാമൻ ചിരികുമാനേട്ടി
ലെഴുതിക്കൂട്ടിനാനസൗ'' (പദ്യം 27)

ദേവൻ ശ്രീകുമാരൻ പറഞ്ഞ ചമ്പു മുഴുവനും ഏറെ ആദരവോടെ ഈ രാമൻ ശ്രീകുമാരൻ ഏട്ടിൽ എഴുതിക്കൂട്ടി എന്നർത്ഥം.

▶ മലയാളത്തിൽ ചമ്പുപ്രസ്ഥാന മാർഗ്ഗദർശിയാണ് ഉണ്ണിയച്ചീചരിതം

മലയാളത്തിൽ ചമ്പുപ്രസ്ഥാനത്തിന്റെ മാർഗ്ഗദർശി 'ഉണ്ണിയച്ചീചരിത' മാണെന്ന് എൻ.കൃഷ്ണപിള്ള കൈരളിയുടെ കഥയിൽ അഭിപ്രായപ്പെടുന്നു. 'ഉണ്ണിയച്ചിയെ കാണാൻ അവളുടെ പടിക്കൽ അടിഞ്ഞുകൂടിക്കിടക്കുന്ന പുരുഷാരത്തിന്റെ വർണനയിലൂടെ സമർത്ഥമായ സാമൂഹിക വിമർശനം നിർവ്വഹിച്ചിട്ടുണ്ട് കവി. ആഢ്യകുലജാതരായ വിടന്മാരുടെ കുത്തഴിഞ്ഞ ജീവിതം ഇവിടെ തുറന്നുകാണിക്കുന്നു' എന്ന് എരുമേലി പരമേശ്വരൻ പിള്ള 'മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ' എന്ന പുസ്തകത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

## Summarised Overview

തിരുനെല്ലിക്കടുത്തുള്ള തിരുമരുതൂർ ക്ഷേത്രത്തെ കേന്ദ്രമാക്കിയുള്ളതാണ് 'ഉണ്ണിയച്ചീചരിത'ത്തിലെ ഇതിവൃത്തം. കവി ആ ദേശവുമായി അടുപ്പമുള്ള ഒരാളായിരിക്കാം. പഴഞ്ചേരിയമ്മ നമ്മെ രക്ഷിക്കട്ടെ എന്ന ഫലശ്രുതിയോടെയാണ് കാവ്യം അവസാനിക്കുന്നത്. അപ്സരസ്സിന്റെ വംശത്തിലുള്ള നങ്ങിപ്പിള്ള എന്ന സുന്ദരിക്ക് അച്ചിയാർ എന്നു പേരായ ഒരു മകൾ ജനിച്ചു. അവൾക്ക് സുന്ദരികളായ രണ്ടു പെൺകുട്ടികളുണ്ടായി. അവരിൽ ഇളയവളാണ് ഉണ്ണിയച്ചി. അവളുടെ സൗന്ദര്യം കേട്ടറിഞ്ഞ് ഒരു ഗന്ധർവയുവാവ് ഉണ്ണിയച്ചിയെ കാണാനെത്തുന്നു. അവളുടെ ഭവനത്തിലേക്കുള്ള യാത്രയിൽ സമ്പന്നമായ അങ്ങാടികൾ കാണുന്നു. അവിടെ സ്വദേശികളും വിദേശികളുമായ വണിക്കുകളെ ഗന്ധർവൻ തിരിച്ചറിയുന്നു. തുടർന്ന് ഒരു വിഷ്ണുക്ഷേത്രവും അയ്യപ്പൻ കോവിലും കടന്ന് ഉണ്ണിയച്ചിയുടെ കോവിലിലെത്തി. അപ്പോൾ കണ്ട കാഴ്ച വിസ്മയം ജനിപ്പിക്കുന്നതാണ് ഉണ്ണിയച്ചിയെ ഒരു നോക്കു കാണാൻ വേണ്ടി പാടുകിടക്കുന്ന ജളന്മാർ, വണിക്കുകൾ, വിപ്രന്മാർ, മന്ത്രവാദികൾ, ജ്യോത്സ്യൻമാർ, ദുർവൈദ്യന്മാർ, ചട്ടന്മാർ തുടങ്ങി അന്നത്തെ സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളെയും കണ്ടു അത്ഭുതപ്പെടുന്നു. ഒടുവിൽ ഉണ്ണിയച്ചിയെ നേരിൽ കണ്ടു ഗന്ധർവൻ സായൂജ്യമടയുന്നു. അവളുടെ കേശാദിപാദവർണനകൾക്കുശേഷം പഴഞ്ചേരിയമ്മയ്ക്കും വായനക്കാർക്കും യശസ്സ് നേർന്നുകൊണ്ട് കാവ്യം അവസാനിക്കുന്നു.

## Assignments

1. അച്ചീചരിതങ്ങൾ മണിപ്രവാളഭാഷയെ എത്രത്തോളം വളർത്തിയെന്ന ചരിത്ര പരമായ വസ്തുത പരിശോധിക്കുക.
2. 'മഹിളാളി മഹാസ്പദം' എന്ന പ്രസ്താവന വിമർശനബുദ്ധ്യാ പരിശോധിക്കുക.
3. ആദ്യകാലമണിപ്രവാളകൃതികളെ വിലയിരുത്തുക.

4. മലയാളത്തിൽ ചമ്പുപ്രസ്ഥാനത്തിന്റെ മാർഗദർശി 'ഉണ്ണിയച്ചീചരിത'മാണെന്ന എൻ. കൃഷ്ണപിള്ളയുടെ അഭിപ്രായം പരിശോധിക്കുക.
5. 'ഉണ്ണിയച്ചീചരിത'ത്തിൽ നിന്ന് ലഭിക്കുന്ന ചരിത്രപരമായ വിവരങ്ങൾ എന്തെല്ലാം?
6. ചമ്പു ഗദ്യം പദ്യംപോലെ സുന്ദരമാണെന്ന് 'ഉണ്ണിയച്ചീചരിതം' തെളിയിക്കുന്നു. സോദാഹരണം വ്യക്തമാക്കുക.
7. മണിപ്രവാള ലഘുകാവ്യങ്ങളും പദ്യ രത്നവും-വിലയിരുത്തുക.
8. മണിപ്രവാളത്തിന്റെ കാവ്യചന്ദ്രോദയം പ്രാചീനചമ്പുക്കളിൽ നിന്നാണെന്ന വിലയിരുത്തൽ ചർച്ച ചെയ്യുക.

## Suggested Readings


1. ഉള്ളൂർ, കേരള സാഹിത്യ ചരിത്രം, കേരള സർവകലാശാല, തിരുവനന്തപുരം.
2. ഡോ. പി. വി. വേലായുധൻപിള്ള, മധ്യകാല മലയാളം, ഡി. സി. ബുക്സ്, കോട്ടയം.
3. ഡോ. അനിൽ വള്ളത്തോൾ, മണിപ്രവാള കാവ്യമാലിക, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## References


1. എൻ. ഗോപിനാഥൻ നായർ, ഉണ്ണിയച്ചീചരിതം, എൻ. ബി. എസ്., കോട്ടയം.
2. എരുമേലി പരമേശ്വരപിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ ഡി. സി. ബുക്സ്, കോട്ടയം.
3. കേശവൻ വെളുത്താട്ട്, മഹിളാളി മഹാസ്പദം: മണിപ്രവാളത്തിന്റെ സാംസ്കാരികപരിസരം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
4. എം. ലീലാവതി, മലയാള കവിതാ സാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.


SGOU

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 2

# മധ്യകാല ചമ്പുക്കൾ- അച്ചീചരിതങ്ങൾ

## Learning Outcomes

- പ്രാചീന മണിപ്രവാള കൃതികളെ സൂക്ഷ്മമായി മനസിലാക്കുന്നു
- അച്ചീചരിതങ്ങളുടെ പ്രത്യേകതകൾ വിലയിരുത്തുന്നു
- ഉണ്ണിയച്ചീചരിതം, ഉണ്ണിയാടിചരിതം, ഉണ്ണിച്ചിരുതേവീചരിതം എന്നിവ അപഗ്രഥിക്കുന്നു
- മണിപ്രവാള സാഹിത്യത്തിലെ ലഘുകാവ്യങ്ങൾ പഠനവിധേയമാക്കുന്നു
- ഉത്തരാചന്ദ്രിക, കൗണോത്തര, ഇളയച്ചി, ഇട്ടിയച്ചി, മല്ലീനിലാവ് എന്നീ ലഘുകാവ്യങ്ങളെ വിലയിരുത്തുന്നു
- ചെറിയച്ചീചരിതം വിശദപഠനത്തിന് വിധേയമാക്കുന്നു
- ആദ്യകാല സന്ദേശകാവ്യങ്ങളെ പറ്റി അറിവ് നേടുന്നു
- മധ്യകാല ചമ്പുക്കളെപ്പറ്റി ധാരണനേടുന്നു

## Background

'മണിപ്രവാളം എന്ന പദം പ്രാരംഭത്തിൽ ഭാഷാമിശ്രണത്തെ ദ്യോതിപ്പിക്കുന്ന ലക്ഷണമായിരുന്നുവെങ്കിലും പിന്നീട് അതിന് സാഹിത്യപരാമർശകമായ ഒരു അർഥം വന്നുചേർന്നു. അതിൽത്തന്നെ 'മഹിളാളിമഹാസ്പദാ' എന്ന മറ്റൊരു സങ്കല്പവും കലർന്നു' എന്ന് എം. ലീലാവതി സൂചിപ്പിക്കുന്നു (മലയാള കവിതാസാഹിത്യചരിത്രം, പുറം. 42). ശൃംഗാരപ്രധാനമാണ് മണിപ്രവാളം എന്നതുകൊണ്ടായിരിക്കണം ആ ലക്ഷണഗ്രന്ഥത്തിന് 'ലീലാതിലകം' എന്ന പേരു വന്നതെന്നും അവർ പറയുന്നു. അതുപോലെ പ്രാചീന മണിപ്രവാളത്തെപ്പറ്റിയുള്ള പരാമർശം 'വൈശികതന്ത്രം', അച്ചീചരിതങ്ങൾ, ചമ്പുക്കൾ മുതലായവയെക്കാൾ ഏറെ പ്രാചീനതരമെന്ന് കരുതിവരുന്ന ഒറ്റശ്ലോകങ്ങൾ കൊണ്ടേ ആരംഭിക്കാവൂ എന്നും ലീലാവതി പറയുന്നത് ശ്രദ്ധേയമാണ്.

മണിപ്രവാളസാഹിത്യശാഖയിൽ 'ചെറിയച്ചി', 'മല്ലീനിലാവ്' തുടങ്ങിയ ലഘുകാവ്യങ്ങളും 'ഉണ്ണിയച്ചീചരിതം', 'ഉണ്ണിയാടീചരിതം', 'ഉണ്ണിച്ചിരുതേവീചരിതം' എന്നീ മൂന്ന് അച്ചീചരിതങ്ങളും 'ഉണ്ണുനീലിസന്ദേശം', 'കോകസന്ദേശം' തുടങ്ങിയ സന്ദേശകാവ്യങ്ങളും 'ചന്ദ്രോത്സവം', 'വൈശികതന്ത്രം' തുടങ്ങിയ കൃതികളും പ്രധാനപ്പെട്ടവയാണ്. കൂടാതെ ചമ്പുക്കൾ-പ്രാചീന മധ്യകാല ആധുനിക ചമ്പുക്കൾ, ഇതര രാജസ്തുതികളും സ്ത്രീകീർത്തനങ്ങളും മുക്തകങ്ങളും ഇക്കൂട്ടത്തിലുണ്ട്. ചമ്പുക്കളിൽത്തന്നെ മധ്യകാലചമ്പുക്കളിലധികവും ക്ഷേത്രകേന്ദ്രിതങ്ങളും ഭക്തിരസപ്രധാനവുമാണ്. പ്രത്യേകിച്ചും നീലകണ്ഠകവികളുടെ കൃതികൾ. പതിമൂന്നാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ദേവദാസികളെ ആധാരമാക്കിയുള്ള പലവിധ കാവ്യങ്ങളും നടപ്പിലിരുന്നുവെന്ന് 'ഉണ്ണിയച്ചി'യിൽ നിന്നും 'ഉണ്ണിച്ചിരുതേവി'യിൽ നിന്നും മനസിലാക്കാം. 'സന്ദേശപ്പാട്ട്' എന്ന ഒരുതരം കവിത 13-ാം ശതകത്തിൽ പ്രചരിച്ചിരുന്നുവെന്ന് ഉണ്ണിച്ചിരുതേവീചരിതത്തിൽ കാണാം.


SGOU

'ഉണ്ണിച്ചിരുതേവീ നിന്മേലൊരു
സന്ദേശപ്പാട്ടൊണ്ടതു കേൾക്കെന്റിത്ഥം' - എന്ന് ഇളംകുളം കുഞ്ഞൻപിള്ള ഉണ്ണുനീലിസന്ദേശകാവ്യത്തിന്റെ അവതാരികയിൽ പ്രസ്താവിച്ചിട്ടുള്ളത് പ്രസക്തമാണ്. ഉണ്ണിച്ചിരുതേവിയെ പുകഴ്ത്തുന്നതിന് വാല്മീകിക്കുപോലും സാധിക്കുകയില്ല എന്ന് പറഞ്ഞുകൊണ്ടാണ് കവി വർണന തുടങ്ങുന്നത്.

'ചെന്താമരമലർ ചേവടിയെന്റാൽ
ചെന്തളിരെന്നെ വെടിഞ്ഞിടുമെല്ലോ
പുറവടി നളിനപുറവിതളെന്റാൽ
പുനരാമൈക്കു മുഖം പിഴയാതോ?'

14-ാം ശതകത്തിൽ ഓടനാട് ഭരിച്ചിരുന്ന ഇരവികേരളവർമ്മന്റെ സദസ്യനായിരുന്ന ദാമോദര ചാക്യാരാണ് 'ഉണ്ണിയാടീചരിത'ത്തിന്റെ കർത്താവ്. ഓടനാട് ഇന്നത്തെ കായംകുളമാണ്. കേരളവർമ്മയ്ക്ക് ചെറുകരകുട്ടത്തിയെന്ന നർത്തകിയിൽ ജനിച്ച മകളാണ് ഉണ്ണിയാടി.

'ചെറുകര നിലയം ചേർന്നീടുമെന്നുണ്ണിയാടീ-
മിറുകമഹ ഹ നിന്നെക്കാൺകിലാഖണ്ഡലോപി'

കേരളവർമ്മയുടെയും മഹോദയപുരത്തിന്റെയും വർണ്ണനയുള്ള കാവ്യമാണിത്. കൂടാതെ ഭൂലോകം, തൃശ്ശിവപേരൂർ, കൊടുങ്ങല്ലൂർ, ഓടനാട്, കണ്ടിയൂർ മറ്റം, ശ്രീപർവതം അങ്ങാടി തുടങ്ങിയ പ്രദേശങ്ങളും പരാമർശിക്കുന്നുണ്ട്. പ്രത്യേകിച്ചും കേരളത്തെ വർണിക്കുന്ന ഒരു ചമ്പുകാവ്യമാണ് 'ഉണ്ണിയാടീചരിതം'.

പ്രാചീന മണിപ്രവാളത്തിലുണ്ടായ മനോഹരങ്ങളായ ചില ലഘുകാവ്യങ്ങളുടെയും മുക്തകങ്ങളുടെയും സമാഹാരം 1949-ൽ ഡോ. പി. കെ. നാരായണപിള്ളയുടെ ഉപോദ്ഘാതത്തോടെ കേരള സർവകലാശാല പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസ്തുത കൃതിക്ക് 'പദ്യരത്നം' എന്ന് നാമകരണം നൽകിയത് പ്രസിദ്ധ ഗവേഷകനായ ഡോ. കൊളത്തേരി ശങ്കരമേനോനാണ്. ഈ മണിപ്രവാള ലഘുകാവ്യങ്ങളിൽ ഉത്തരാചന്ദ്രിക, കൗണോത്തര, ഇളയച്ചി, ഇട്ടിയച്ചി, മല്ലീനിലാവ് എന്നീ കാവ്യങ്ങളെ പറ്റി സൂചിപ്പിക്കുന്നു.

**ചെറിയച്ചി**

മണിപ്രവാള ലഘുകാവ്യങ്ങളിൽ ഏറ്റവും മനോഹരം 'ചെറിയച്ചി' ആണെന്ന് ഡോ. എം. ലീലാവതി അഭിപ്രായപ്പെടുന്നു. മാലിനീവൃത്തത്തിൽ 27 ശ്ലോകങ്ങളടങ്ങിയതാണ് ഈ കാവ്യം ഉദയപുരത്ത് ചെരികിൽ ഭവനത്തിലെ ഒരു നർത്തകിയുടെ മകളാണത്രെ ചെറിയച്ചി. അവളുടെ കാമുകൻ ചന്ദ്രോദയത്തിൽ വിരഹദുഃഖം കൊണ്ട് വിലപിക്കുന്ന മട്ടിലാണ് കാവ്യരചന. പദ്യങ്ങളിൽ ചിലത് ചെറിയച്ചിയെ സംബോധന ചെയ്തും മറ്റുള്ളവ ഒരു തോഴനോട് പറയുന്ന രീതിയിലുമാണ് അവതരിപ്പിച്ചിട്ടുള്ളത്. ഈ കാവ്യത്തിലെ നാലു പദ്യങ്ങൾ-(3, 18, 24, 25) 'ലീലാതിലക'ത്തിൽ ഉദ്ധരിച്ചിട്ടുള്ളതിനാൽ ഇതിന്റെ രചനാകാലം 'ലീലാതിലക'ത്തിനു മുമ്പാണെന്ന് കരുതാം. 14-ാം ശതകത്തിന്റെ മധ്യകാലമാണ് ഇതിന്റെ രചന. ഈ മണിപ്രവാള ലഘുകാവ്യത്തിലെ ഏറ്റവും മനോഹരവും ആകർഷകവുമായ കാവ്യമായ 'ചെറിയച്ചീചരിത'മാണിവിടെ വിശദപഠനത്തിന് ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു നർത്തകിയുടെ മകളായ ചെറിയച്ചിയുടെയും അവളുടെ കാമുകന്റെയും കഥയാണിതിൽ പരാമർശിക്കുന്നത്.

## Keywords

പ്രാചീന മണിപ്രവാളം-അച്ചീചരിതങ്ങൾ-ഉണ്ണിച്ചിരുതേവീചരിതം-ഉണ്ണിയാടീചരിതം-മണിപ്രവാള ലഘുകാവ്യങ്ങൾ-ഉത്തരാചന്ദ്രിക-കൗണോത്തര-ഇളയച്ചി-ഇട്ടിയച്ചി-മല്ലീനിലാവ്-സന്ദേശകാവ്യങ്ങൾ -മധ്യകാല ചമ്പുക്കൾ-ചെറിയച്ചീചരിതം

## Discussion

### 2.2.1 ഉണ്ണിച്ചിരുതേവീചരിതം

ഒരു ആര്യാവൃത്തശ്ലോകമൊഴിച്ചാൽ ശേഷമെല്ലാം ഗദ്യരൂപത്തിലാണെങ്കിലും ഇതൊരു ചമ്പുകാവ്യമായിട്ടാണ് ഉള്ളൂർ കരുതുന്നത്. 'ഗദ്യം ഖദ്യോതകല്പം ഗളിതരുചി തുടങ്ങിന്റെനക്കേ നമോസ്തു' എന്ന വാഗ്ദേവതാസ്തുതി കാവ്യത്തിന്റെ ആരംഭത്തിൽ കാണാം. കവി തന്നെ ഇതൊരു ഗദ്യകാവ്യമാണെന്ന് കല്പിച്ചിരുന്നു. നർത്തകിയും സുന്ദരിയുമായ ഉണ്ണിച്ചിരുതേവിയിൽ ഭ്രമിച്ച് ദേവേന്ദ്രൻ അവളെക്കാണാൻ പുറപ്പെടുന്നതാണ് ഇതിവൃത്തം. മണിപ്രവാളകവിയേയും കൂട്ടിയാണ് ദേവേന്ദ്രന്റെ യാത്ര. വാണിയന്മാരുടെ കോലാഹലം കൊണ്ട് നിറഞ്ഞ ആനാർചിറ അങ്ങാടിയും കടന്ന് അവളുടെ കോയിലിൽ ചെല്ലുമ്പോൾ അവിടെ വിടന്മാരായ ബ്രാഹ്മണരും മാടമ്പിമാരും നായന്മാരും പാടു കിടക്കുന്നതുകണ്ട് ദേവേന്ദ്രൻ നിരാശനായി മടങ്ങിപ്പോകുന്നു. ഈ ഭാഗം വർണിക്കുന്ന മുപ്പതാം ഗദ്യത്തോടുകൂടി കാവ്യം അപൂർണമായി അവസാനിക്കുന്നു. പൊയിലം വർണന നോക്കുക.

- ▶ ഗദ്യകാവ്യം

'പുതുമലർക്കാവിൽ വന്നെഴുമിളങ്കൊടികളും
കൊടികൾ പൂവിതളിൽ നിന്റുതിരുമപ്പൊടികളും
ചുഴലവും കമുകിനൈത്തഴുകുമക്കൊടികളും
കൊടി നനൈപ്പാൻ വരും മൃദുനടുക്കൊടികളും'

നിരവധി ചരിത്രപരമായ അറിവുകൾ ഈ കാവ്യത്തിൽ നിന്നും നമുക്ക് ലഭിക്കുന്നു. ആഴ്വാഞ്ചേരി തമ്പ്രാക്കളെപ്പറ്റി ഇതിൽ പരാമർശമുണ്ട്. ആർച്ചാക്കൂത്ത്, അമ്മാനപ്പാട്ട്, സന്ദേശപ്പാട്ട്, കുയിൽവൃത്തം, ഗാഥ എന്നിവ പരാമൃഷ്ടമാകുന്നു. വള്ളുവനാട്, ചോകിരംഗ്രാമം, പൊയിലം ദേശം, തോട്ടുവായ്പ്പള്ളിവീട്, പന്നിയൂർ- ചൊവ്വര ഗ്രാമങ്ങൾ, ദക്ഷിണാമൂർത്തി ക്ഷേത്രം തുടങ്ങിയവയെപ്പറ്റിയുള്ള വർണനകളും ശ്രദ്ധേയമാണ്. സ്ത്രീവർണനയും ദേശവർണനയും ചേർന്നതാണ് ഇതിലെ ആഖ്യാനരീതി. അതോടൊപ്പം അക്കാലത്തെ സമ്പന്നവർഗത്തിന്റെ ജീവിതത്തെ പരിഹസിക്കുവാനും അതിലൂടെ സാമൂഹിക വിമർശനത്തിനും കവി തയ്യാറാകുന്നു.

- ▶ നിരവധി ചരിത്രപരമായ അറിവുകൾ

### ഉണ്ണിയാടിചരിതം

'ഉണ്ണിയാടിചരിത'ത്തിന്റെ കാലം 14-ാം നൂറ്റാണ്ടിന്റെ അവസാനകാലമാണെന്ന് ഉള്ളൂർ അഭിപ്രായപ്പെടുന്നു. ഈ കാവ്യം കണ്ടെത്തി ഭാഷാത്രൈമാസികയിൽ ആദ്യം പ്രസിദ്ധീകരിച്ചതും ഉള്ളൂരാണ്. 14-ാം ശതകത്തിൽ ഓടനാട് ഭരിച്ചിരുന്ന ഇരവികേരളവർമ്മന്റെ സദസ്യനായിരുന്ന ദാമോദരചാക്യാരാണ് ഇതിന്റെ കർത്താവ്. ഓടനാട് ഇന്നത്തെ കായംകുളമാണ്. കേരളവർമ്മയ്ക്ക് ചെറുകരകുട്ടത്തിയെന്ന നർത്തകിയിൽ ജനിച്ച മകളാണ് ഉണ്ണിയാടി. 'അച്ഛനെപ്പറ്റി പരാമർശമുള്ള ഒരേയൊരു മണിപ്രവാളനായിക ഉണ്ണിയാടിയാണ്. മറ്റെല്ലാ മണിപ്രവാളകൃതികളിലെ നായികമാർക്കും അമ്മയുണ്ടെന്നല്ലാതെ അച്ഛനാരെന്ന് പറയുന്നില്ല. ഇത് ആ കാലഘട്ടത്തെ ഉപരിവർഗസംസ്കാരത്തെ മനസിലാക്കാൻ ഉതകുന്നു' എന്ന് ഡോ. പുതുശ്ശേരി രാമചന്ദ്രൻ ചൂണ്ടിക്കാട്ടുന്നു (ഉണ്ണിയച്ചീചരിതം - അവതാരിക).

- ▶ അച്ഛനെപ്പറ്റി പരാമർശമുള്ള ഏക മണിപ്രവാളനായിക

SGOU

ദാമോദരചാക്യാർ സംസ്കൃതത്തിൽ 'ശിവവിലാസം' എന്നൊരു കാവ്യവും രചിച്ചിട്ടുണ്ട്. പ്രാവൃട്ട് എന്ന അപ്സരസ്സിന്റെ അവതാരമാണത്രെ ഉണ്ണിയാടി. ചന്ദ്രൻ പ്രാവൃട്ട് എന്ന ഗന്ധർവസ്ത്രീയുമായി ക്രീഡിച്ചതറിഞ്ഞ് രോഹിണിയുടെ ശാപം മൂലം ഭൂമിയിൽ വന്നു പിറന്നവളാണിവൾ. ചെറുകരകുട്ടത്തിയെയും ഉണ്ണിയാടിയെയും ഉണ്ണുനീലിസന്ദേശത്തിൽ സ്മരിച്ചുകാണുന്നു. ഭൂമിയിൽ വന്നു പിറന്ന ഗന്ധർവയുവതിയിൽ ചന്ദ്രന് വീണ്ടും അനുരാഗമുണ്ടാകുന്നതും ചന്ദ്രഹൃദയം ഹരിക്കുമാറ് മോഹനരാഗമുതിർത്ത ഉണ്ണിയാടിയെ പാദാദികേശം വർണിച്ച് കൃതാർത്ഥനാകുന്നിടത്തുമാണ് കാവ്യം അവസാനിക്കുന്നത്.

'മലനാടതിലേറ്റവും മനോജ്ഞം
മലർമാതിന്നൊരു കേളീ നൃത്തരംഗം
മലയാദ്രിയിൽ നിന്റു(പോന്നു)മല്ലി-
മലരിൽച്ചെന്നുഴലിന്റെ മാരുതാഢ്യം. (ഉണ്ണിയാടിചരിതം)

- ▶ കേരളവർമ്മയ്ക്ക് ചെറുകരകുട്ടത്തിയെന്ന നർത്തകിയിൽ ജനിച്ച മകൾ

ദാമോദരചാക്യാരെ ദേവലോകത്തുനിന്ന് വന്ന ഗന്ധർവന്മാർ കണ്ടിയൂർ ക്ഷേത്രത്തിൽ വച്ചു കാണുകയും ചാക്യാർ ഉണ്ണിയാടിയുടെ ചരിതം അവർക്ക് വർണിച്ചുകൊടുക്കുകയും ചെയ്യുന്നു.

## മണിപ്രവാള ലഘുകാവ്യങ്ങൾ

### ഉത്തരാചന്ദ്രിക

ഓടനാട്ടിലെ ചിറവായില്ലത്തെ ഒരു ദേവദാസിയെ വർണിച്ച് രാമൻ എന്ന കവി രചിച്ചതാണ് 'ഉത്തരാചന്ദ്രിക'. പതിനൊന്നു ശ്ലോകങ്ങൾ മാത്രമുള്ളതാണ് ഈ ലഘുകാവ്യം. കാവ്യനാമം കവികല്പിതമാകാം. 'പത്താശാന്തേ പരക്കും പടി നായികയെ പുകഴ്ത്തലാണ്' തന്റെ ലക്ഷ്യമെന്ന് കവി തന്നെ പറയുന്നുണ്ട്. ഗണപതിയെയും സരസ്വതിയെയും വന്ദിച്ചുകൊണ്ടാണ് കാവ്യം ആരംഭിക്കുന്നത്. നായികാവർണന പ്രധാനമാണ് ഉത്തരാചന്ദ്രിക. മിക്കവാറും എല്ലാ ശ്ലോകത്തിലും നായികാനാമം ചേർക്കാൻ കവി ശ്രമിക്കുന്നതായി കാണാം. പ്രേമകലഹം പൂണ്ടിരിക്കുന്ന നായികയെ അനുനയിപ്പിക്കാൻ വിരഹദുഃഖം കൊണ്ട് ജീവൻ നഷ്ടപ്പെടാൻ പോകുന്ന നായകൻ തോഴനോട് ആവശ്യപ്പെടുന്ന രീതിയിലാണ് രചന. കായംകുളം രാജകുടുംബത്തിലെ അംഗമാണ് നായിക എന്ന് പി. കെ. നാരായണപിള്ള അഭിപ്രായപ്പെടുന്നു (പദ്യരത്നം, ഉപോദ്ഘാതം, പുറം 45).

- ▶ നായികാവർണന പ്രധാനം

### കൗണോത്തര

14-ാം ശതകത്തിന്റെ അന്ത്യത്തിലോ 15-ാം ശതകത്തിന്റെ ആരംഭത്തിലോ ആണ് 'കൗണോത്തര'യുടെ കാലമെന്ന് ഇളംകുളം കരുതുന്നു. കൗണോത്തര എന്നാൽ ആഢ്യപ്പേരാണ്. തെക്കുംകൂർ രാജവംശത്തിലെ ഒരംഗമായിരിക്കാം നായിക. രണ്ടു ഭാഗങ്ങളുള്ള കാവ്യത്തിൽ ഒന്നും രണ്ടും ഭാഗങ്ങളിൽ ആരംഭപദ്യത്തിൽ വെവ്വേറെ ഇഷ്ടദേവതാവന്ദനം കാണുന്നതിനാൽ രണ്ടും വെവ്വേറെ കവികളെഴുതിയതാകാനാണ് സാധ്യത. ഇതിലെ നായികയെ പലമട്ടിൽ വർണിക്കുന്നുമുണ്ട്. 'കൗണ' മീനച്ചിലാറും 'കൗണഭൂമി' തെക്കുംകൂറുമാണെന്നും ഇളംകുളം പറയുന്നു. ഒന്നാം ഭാഗത്തിൽ 'വെൺപലക്ഷ്മാരമണനിയോഗത്താൽ' രചിക്കപ്പെട്ട

> ▶ തെക്കുംകൂർ രാജവംശത്തിലെ ഒരംഗമായിരിക്കാം നായിക

തെന്നും കാണുന്നു. രണ്ടാം ഭാഗത്ത് 'കവിക്ഷ്മാരമണസുരലത' എന്നും 'കൗണക്ഷമാരമണവംശമണിപ്രദീപം എന്നും കൗണോത്തരയെ വിശേഷിപ്പിച്ചു കാണുന്നു. 'കവിക്ഷ്മാ' കവിയൂരും കവിക്ഷ്മാരമണൻ തെക്കുംകൂർ രാജാവുമാണ്. അതിനാൽ നായിക തെക്കുംകൂർ രാജാവിന്റെ കാമിനിയോ ആ ശാഖയിൽപ്പെട്ട ഏതെങ്കിലും ദേവദാസിയോ ആകാം.

## ഇളയച്ചി

15-ാം ശതകത്തിന്റെ ആദ്യപകുതിയിലുണ്ടായ കാവ്യമായിരിക്കാം 'ഇളയച്ചി' എന്നു കരുതുന്നു. 'ഉണ്ണുനീലിസന്ദേശ'ത്തിലും 'ഇളയച്ചി' പരാമൃഷ്ടയാകുന്നുണ്ട്. തയ്യിൽ വീട്ടിൽ ഇളയച്ചിയെ വർണിക്കുന്ന രണ്ടു കവിതകളിൽ ആദ്യത്തേതിൽ ഇരുപത്തിനാലും രണ്ടാമത്തേതിൽ ആറും പദ്യങ്ങൾ അടങ്ങിയിരിക്കുന്നു. 'ദേവനാരായണകൃപയാ വാഴ്ത്തുവാനുദ്യതോ ഞാൻ' എന്ന് ആദ്യപദ്യത്തിൽ കാണുന്നതിനാൽ ഒന്നാം ഭാഗം അമ്പലപ്പുഴ ദേവനാരായണന്റെ നിയോഗമനുസരിച്ച് നിർമ്മിച്ചതാകാം. രാജാവിന്റെ പ്രേമഭാജനമായ ഒരു നർത്തകിയായിരിക്കാം നായിക അല്ലെങ്കിൽ ദേവനാരായണന്റെ അധികാരപരിധിയിൽപ്പെട്ട എന്തെങ്കിലും സ്ഥലത്തെ ദേവദാസിയായിരിക്കാം. എല്ലാ പദ്യങ്ങളിലും നായികാനാമം മുദ്ര ചെയ്തിട്ടുണ്ട്. മറ്റു കാവ്യങ്ങളിലെപ്പോലെ നായികാപ്രശംസയാണ് ഇതിലുമുള്ളത്. താൻ പുകഴ്ത്തിയാൽ ഇളയച്ചിയുടെ പ്രശസ്തി ആകാശത്തോളം ഉയരുമെന്നാണ് കവിയുടെ വാദം.

> ▶ എല്ലാകവിതയിലും നായികാനാമം മുദ്ര ചെയ്തിട്ടുണ്ട്

## ഇട്ടിയച്ചി

പത്തു പദ്യങ്ങളുള്ള ഒരു ലഘുകാവ്യമാണ് 'ഇട്ടിയച്ചി'. 'ഇട്ടിയച്ചി കടാക്ഷദശകം' എന്നാണ് ഇളംകുളം ഈ കാവ്യത്തെ വിളിക്കുന്നത്. സഗ്ദ്ധര വൃത്തത്തിലാണ് രചന. എല്ലാ പദ്യത്തിലും 'ഇട്ടിയച്ചി' എന്ന സംബോധന കാണാം. കൽപ്പനാവൈചിത്ര്യവും ഭാവമാധുര്യവും കൊണ്ട് ഇതിലെ ഓരോ പദ്യവും മനോഹരമാണ്. കവിയെക്കുറിച്ചോ കാലത്തെക്കുറിച്ചോ കൂടുതലായൊന്നും അറിയാൻ സാധിക്കുന്നില്ല. പതിനഞ്ചാം ശതകത്തിലായിരിക്കാം രചനാകാലം. നായികയെ 'ദയിതേ' എന്ന് സംബോധന ചെയ്തു കാണുന്നു.

> ▶ കൽപ്പനാവൈചിത്ര്യവും ഭാവമാധുര്യവും

## മല്ലീനിലാവ്

കാവ്യഭംഗി നിറഞ്ഞ ഒരു ലഘുകാവ്യമാണ് 'മല്ലീനിലാവ്'. എല്ലാ പദ്യവും മല്ലീനിലാവിനെ അഭിസംബോധന ചെയ്യുന്നതാണ്. കാമോദ്ദീപകമായ സന്ധ്യയുടെ വരവിനെ ഒൻപതു പദ്യങ്ങളിലൂടെ നായികയെ അറിയിക്കുന്നതാണ് ഇതിലെ പ്രതിപാദ്യം. പ്രകൃതിയിലെ ഓരോ കാഴ്ചകളും കവിദൃഷ്ടിയിൽ കാമദേവന്റെ പരിച്ഛദങ്ങളത്രെ.

'അകിലണിമുലകൂമ്പും പങ്കജൈരിന്ദുകന്ത്യാ
മുഖരുചി, മൃദുഹാസം കൈരവം കൊണ്ടുകാട്ടി
പികമൊഴിവിരഹേ തേഹന്ത! മാഠകാത്ത സന്ധ്യാ
സുഖതരമിതി നീണാൾ വെൽക, മല്ലീനിലാവേ!''

എന്നിങ്ങനെയാണ് കാവ്യം അവസാനിക്കുന്നത്. 'ചെറിയച്ചി'യിൽ നിന്നും നാലു ശ്ലോകമുദ്ധരിക്കുന്ന 'ലീലാതിലക'കാരൻ 'മല്ലീനില

- ▶ കാവ്യഭംഗി നിറഞ്ഞ ലഘുകാവ്യം

വിനെ' സ്മരിക്കാത്തതുകൊണ്ട്, ഒരുപക്ഷെ, 'ലീലാതിലക'ത്തിനു ശേഷമാകാം ഈ കാവ്യത്തിന്റെ രചന എന്നും കരുതാം. ശൃംഗാരരസത്തിന് അനുഗുണമായ കാവ്യമാണ് 'മല്ലീനിലാവ്.' .

### മധ്യകാല ചമ്പുക്കൾ - വർണനാരീതി

മലയാളത്തിന് അവിസ്മരണീയമായ ഒരു സാഹിത്യസമ്പത്താണ് മധ്യകാല ചമ്പുപ്രസ്ഥാനം പ്രദാനം ചെയ്തതെന്ന് എൻ. കൃഷ്ണപിള്ള ചൂണ്ടിക്കാട്ടുന്നു. 1500-നുശേഷം ഒന്നൊന്നര നൂറ്റാണ്ടുകാലം ത്രൈവർണികരായ കവികളും സഹൃദയരും നെഞ്ചേറ്റി ലാളിച്ച ഒരു പ്രസ്ഥാനമായിരുന്നു ചമ്പു. ആകെ 66 കൃതികളാണ് മധ്യകാല ചമ്പുക്കളുടെ കൂട്ടത്തിൽ കണ്ടുകിട്ടിയിട്ടുള്ളത് (കൈരളിയുടെ കഥ, പുറം 90-91). മധ്യകാല ചമ്പുക്കളേറെയും പുരാണകഥകളെ ഉപജീവിച്ച് എഴുതപ്പെട്ടവയാണ്. രംഗപ്രയോഗവുമായി ബന്ധപ്പെട്ടാണ് ഇതിലധികവും രചിച്ചിട്ടുള്ളത്. മറ്റൊന്ന് ഭാഷയിലുള്ള പ്രധാന വ്യത്യാസമാണ്. സംസ്കൃതപ്രചുരമായ 'യോഗ'ത്തിനാണ് മുൻതൂക്കം. പദ്യങ്ങളിൽ ഒന്നോ രണ്ടോ വാക്ക് ഭാഷയിലും ശേഷിച്ചതൊക്കെ സംസ്കൃതത്തിലുമാണ്. തനി സംസ്കൃതശ്ലോകങ്ങൾ തന്നെ ധാരാളമുണ്ട്. സന്ദർഭാനുസാരിയായി മറ്റു കാവ്യങ്ങളിലെ ഭാഗങ്ങൾ എടുത്തുചേർക്കുകയും ചെയ്യും. സമസ്തപദരചനയായിരുന്നു ഇവർക്ക് പഥ്യം.

- ▶ അവിസ്മരണീയ സാഹിത്യസമ്പത്ത്

## വിശദപഠനം

## ചെറിയച്ചീചരിതം

### വരികൾ

1. 'ഉഡുനികരമെഴുത്തായ്, പത്രമായ്, മാന, മൊപ്പായ്
മുഴുമതി, മദനൻ തീട്ടിങ്ങു സന്ധ്യോപനീതം
അയി ബത! ചെറിയച്ചീ, കാണ്മിതസ്യാം, രജന്യാം
വിരഹിണമെന്നെത്തന്വി, കൊല്‌കെന്റപോലെ'

### അർഥവിശദീകരണം

| | | |
|---|---|---|
| ഉഡുനികരം | = | നക്ഷത്രക്കൂട്ടം |
| മുഴുമതി | = | പൂർണ്ണചന്ദ്രൻ |
| മദനൻ | = | കാമദേവൻ |
| രജനി | = | രാത്രി |
| തന്വി | = | സുന്ദരി |

### ആശയവിശദീകരണം

നക്ഷത്രസമൂഹത്തെ എഴുത്തായും മാനത്തെ പത്രമായും പൂർണചന്ദ്രനെ ഒപ്പായും സങ്കല്പിച്ചിരിക്കുന്നു. കാമദേവൻ കൊടുത്തയച്ച രാജകല്പന സന്ധ്യയാണ് കൊണ്ടുവന്നത്. സന്ധ്യയാൽ കൊണ്ടുവരപ്പെട്ട ഈ രാജകല്പന രാത്രിയിൽ നായികയെ പിരിഞ്ഞിരിക്കുന്ന നായകനെ ഏൽപ്പിക്കുന്നു. വിരഹിയായിരിക്കുന്ന നായകനെ കൊല്ലാനാണോ ഈ വക സംരംഭങ്ങളെന്ന് ആശങ്കപ്പെടുകയാണിവിടെ.

- ▶ പ്രഥമശ്ലോകം രാജകല്പന

### വരികൾ

2. 'പരിചുപട നിരത്തിപ്പശ്ചിമാശാ ചുവപ്പാം
പുതിയ തളിരതിന്മേൽ വെണ്ണിലാപ്പൂവു തൂവി
രചയതി ചെറിയച്ചീവിപ്രയോഗോചിതം മേ
ശയനമിവ ശശാങ്കഃ ശർവരീപൂർവയാമം''

### അർഥവിശദീകരണം

| | | |
|---|---|---|
| പരിചുപട | = | ഭംഗിയായി |
| ശയനം | = | കിടക്ക |
| പശ്ചിമം | = | കിഴക്ക് |
| ഉചിതം | = | യോജിച്ച വിധം |

### ആശയവിശദീകരണം

▶ ചന്ദ്രൻ ശയനം ഒരുക്കിക്കൊടുക്കുന്നു

ആ രാത്രിയുടെ പൂർവയാമത്തിൽ ചന്ദ്രൻ ഭംഗിയുള്ള വസ്ത്രം നിരത്തി പശ്ചിമദിക്കിലെ ചുവപ്പുതളിരിൽ വെണ്ണിലാപ്പൂക്കൾ തൂവി വിരഹത്തിനു യോജിച്ച ശയനം കാമുകനായി ഒരുക്കിക്കൊടുക്കുന്നതായി തോന്നും. അലങ്കാരം ഉത്പ്രേക്ഷ.

### വരികൾ

3. 'പ്രിയസഖി, ചെറിയച്ചീവിപ്രയോഗജ്വരാർത്തം
കുറവുയിരപി തീർപ്പാൻ നുനമിന്ദുച്ഛലേന
മദനനുദയശൈലപ്പള്ളിവിൽമേൽ തൊടുത്താൻ
പഥികരുധിരധാരാപാടലം പള്ളിയമ്പ് '

### അർഥവിശദീകരണം

| | | |
|---|---|---|
| ഉയിർ | = | ജീവൻ |
| ഉദയാദ്രി | = | ഉദയ പർവതം |
| രുധിരം | = | ചോര |
| പാടലം | = | ചുവപ്പു നിറം |
| പള്ളിയമ്പ് | = | കാമബാണം |

### ആശയവിശദീകരണം

▶ ചന്ദ്രൻ ചോരപൂണ്ട കാമബാണമാണെന്നു കല്പന

പ്രിയസഖി ചെറിയച്ചിയെപ്പിരിഞ്ഞ് ജ്വരബാധിതനായ തന്റെ ക്ഷീണിച്ച ജീവൻ നശിപ്പിക്കാൻ വേണ്ടി കാമദേവൻ ഉദയാദ്രിയാകുന്ന പള്ളിവില്ലിൽ ചന്ദ്രനെന്ന വ്യാജേന രുധിരധാരകൊണ്ട് ചുവന്ന പള്ളിയമ്പ് തൊടുത്തിരിക്കുന്നു. ഉദയപർവതത്തിൽ കാണുന്നത് ചന്ദ്രനല്ലെന്നും ചോരപൂണ്ട കാമബാണമാണെന്നുമാണ് കല്പന. അലങ്കാരം - അപഹ്നുതി. കൈതവാപഹ്നുതി

### വരികൾ

4. 'അസിതതിമിരപിഞ്ഛൈരന്തിയാം തീയെരിച്ച-
ത്തരളതരമെഴിന്റത്താരകാമുത്തണിഞ്ഞ്
അയി, ബത! ചെറിയച്ചീ വാസരാന്താഖ്യനാകും
ക്ഷപണകനിത കാണാവിച്ച കാട്ടിന്റവാറ്'

### അർഥവിശദീകരണം

| | | |
|---|---|---|
| ആഖ്യ | = | പേര് |
| പിച്ഛ(വിച്ഛ) | = | ജാലം, ആശ്ചര്യം |
| തിമിരം | = | ഇരുട്ട് |
| പിഞ്ഛ് ഛൈരന്തി | = | പീലിക്കെട്ടുകൊണ്ടന്തിയായ |
| താരകം | = | നക്ഷത്രം |

### ആശയവിശദീകരണം

▶ നക്ഷത്രജാല മണിഞ്ഞ സന്ധ്യ വിരഹദുഃഖം വർധിപ്പിക്കുന്നു

ഒരു ഇന്ദ്രജാലക്കാരനെപ്പോലെ ഇരുട്ടാകുന്ന പീലിക്കെട്ടുകൊണ്ട് അന്തിയാകുന്ന തീയെരിച്ച് മിന്നിത്തിളങ്ങുന്ന നക്ഷത്രമുത്തണിഞ്ഞ സന്ധ്യയെ കാട്ടിത്തരുന്നു. ചെറിയച്ചിയെ പിരിഞ്ഞ് വിരഹിയായി ഇരിക്കുന്ന നായകന്റെ ചിന്തകളാണിവിടെ. സുന്ദരപ്രകൃതിയും നക്ഷത്രമണിഞ്ഞ സന്ധ്യയുമൊക്കെ വിരഹദുഃഖം വർധിപ്പിക്കുന്നു.

### വരികൾ

5. 'രവിരമണവിയോഗേ രാത്രിയാകിന്റ ധാത്രീ
വികിരതി പനിനീരും ചന്ദ്രികാചന്ദനം ച,
പുനരപി ന വിബുദ്ധാം പത്മിനീം കണ്ടവാറേ
മമ ബത! ചെറിയച്ചീവാർത്തയിൽ പേടിയുണ്ട്.'

### അർഥവിശദീകരണം

| | | |
|---|---|---|
| രവി | = | സൂര്യൻ |
| ധാത്രി | = | വളർത്തമ്മ |
| പത്മിനി | = | താമര |
| ഹേതു | = | കാരണം |

### ആശയവിശദീകരണം

▶ ചെറിയച്ചിയുടെ വിരഹത്തെ കാമുകൻ ശങ്കിക്കുന്നു

ചെറിയച്ചിയുടെ വിരഹത്തെ കാമുകൻ ശങ്കിക്കുകയാണ്. രാത്രിയാകുന്ന വളർത്തമ്മ പനിനീരും ചന്ദ്രികയാകുന്ന ചന്ദനവും തളിച്ചിട്ടും ഉണരാതിരിക്കുന്ന താമരപ്പൊയ്കയെ കണ്ട നായകൻ ചെറിയച്ചീവാർത്ത കേൾക്കാൻ ഭയക്കുന്നു. ഇവിടെ രവിയാകുന്ന (സൂര്യൻ) രമണന്റെ, പ്രിയപ്പെട്ടവന്റെ വിയോഗമാണ് താമരയുടെ ദുഃഖഹേതു. കവിയുടെ കല്പനാചാതുരിക്ക് ഉദാഹരണമാണ് ഈ പദ്യം. നായിക പത്മിനി എന്ന വിഭാഗത്തിൽപ്പെട്ടവളാണെന്ന ധ്വനിയും ഇതിലുണ്ട്. അലങ്കാരം- രൂപകം

### വരികൾ

6. 'ഉദയതി ശശിബിംബം കാന്തമന്തിച്ചുവപ്പിൽ,
പരമപി രവിബിംബം ചെന്റിതസ്തം പ്രയാതി;
ഉഭയമിദമുരുമ്മിക്കൂടുകിൽക്കുങ്കുമാർദ്രം
കുചയുഗമുപമിക്കാം നൂനമച്ചീസുതായാഃ'

### അർഥവിശദീകരണം

| | | |
|---|---|---|
| ശശിബിംബം | = | ചന്ദ്രബിംബം |
| കുചയുഗം | = | രണ്ടു സ്തനങ്ങൾ |
| ഉദയതി | = | ഉദയം |
| ആർദ്രം | = | നനഞ്ഞത്, സ്നിഗ്ധം |

### ആശയവിശദീകരണം

▶ കുചയുഗത്തെ സൂര്യചന്ദ്രന്മാരുടെ ഉദയാസ്തമയത്തോട് ഉപമിക്കുന്നു

സൂര്യചന്ദ്രന്മാരുടെ ഉദയവും അസ്തമയവും നായികാഭാവവുമായി ചേർത്ത് വർണിച്ചിരിക്കുന്നു. ചന്ദ്രബിംബം മനോഹരമായ അന്തിച്ചുവപ്പിൽ ഉദിക്കുകയും സൂര്യബിംബം അസ്തമിക്കുകയും ചെയ്യുന്നത് ഒരുമിച്ചുകൂടുകയായാണെങ്കിൽ, കുങ്കുമച്ചാറു പുരട്ടിയ ചെറിയച്ചിയുടെ കുചയുഗത്തോട് തീർച്ചയായും ഉപമിക്കാം.

### വരികൾ

7. 'ചരതി കൊതി കുളുർത്തിപ്പത്രിണാം മുന്നിൽ മുല്ല-
പ്പൊടിയിൽ മുടിയമുഴ്ത്തിപ്പൊൻനിറം കൊണ്ട ഭൃംഗഃ
ഉദയനഗരിയൂനാം ചിത്തമുത്ക്കണ്ഠയൻ പ-
ണ്ടഹമിവ ചെറിയച്ചീ! മഞ്ഞൾമെയ് പൂച്ചണിഞ്ഞ്'

### അർഥവിശദീകരണം

| | | |
|---|---|---|
| ചരതി | = | സഞ്ചരിച്ചു |
| ഭൃംഗം | = | വണ്ട് |
| ചിത്തം | = | മനസ് |
| പത്രിണം | = | പക്ഷി, ചിത്രശലഭം |
| പൂച്ചണിഞ്ഞ് | = | കുറിക്കൂട്ടണിഞ്ഞ് |

### ആശയവിശദീകരണം

▶ വണ്ടിനെപ്പോലെ കാമുകിമാരുടെ വീടുകളിൽ കയറിയിറങ്ങുന്ന നായകൻ

പണ്ടു ഞാൻ ചെറിയച്ചിയുടെ മെയ്യിലെ കുറിക്കൂട്ടണിഞ്ഞ് ഉദയനഗരിയിലെ ചിത്തങ്ങളെ ഉൽക്കണ്ഠാകുലമാക്കിക്കൊണ്ട് സഞ്ചരിച്ചിരുന്നു. അതുപോലെ വണ്ട് മുല്ലപ്പൂമ്പൊടിയിൽ തലതാഴ്ത്തി പൊൻനിറമുള്ള ചിത്രശലഭങ്ങളുടെ ഉള്ളിൽ കൊതിയുണർത്തിക്കൊണ്ട് തന്റെ മുന്നിലൂടെ സഞ്ചരിക്കുകയാണ്. വണ്ടിനെപ്പോലെ കാമുകിമാരുടെ വീടുകളിൽ കയറിയിറങ്ങുന്നവനാണ് നായകൻ എന്ന് ധ്വനി.

### വരികൾ

8. 'പരിപതതി തുഷാരശ്രേണി വെൺമുത്തണിഞ്ഞ-
ത്തിമിരനിചയമെന്നും മാന്തളിർപ്പട്ടു ചാർത്തി
കമലമുകുളമന്തിക്കാറ്റിലാടിന്റവാറൊ-
ട്ടഴകിതു കുചലീലാനാട്യമച്ചീസുതായാഃ'

SGOU

### അർഥവിശദീകരണം

| | | |
|---|---|---|
| തുഷാരശ്രേണി | = | മഞ്ഞുതുള്ളികൾ |
| തിമിരം | = | ഇരുൾ, ഇരുട്ട് |
| കമലമുകുളം | = | താമരമൊട്ട് |
| കുചലീലാനാട്യം | = | സ്തനങ്ങളുടെ ആട്ടം |

### ആശയവിശദീകരണം

▶ ചെറിയച്ചിയുടെ സ്തന വർണന

മഞ്ഞുതുള്ളികളാകുന്ന മുത്തണിഞ്ഞ് ഇരുൾക്കൂട്ടമാകുന്ന മാന്തളിർ പട്ടുചാർത്തി താമരമൊട്ടുകൾ കാറ്റിലാടുന്നു. നായികയുടെ കുചലീലാനാട്യവും അതുപോലെ സുന്ദരമാണ്. ചെറിയച്ചിയുടെ സ്തനങ്ങളെ അന്തിക്കാറ്റിലാടുന്ന കമലമുകുളത്തോടാണ് ഉപമിച്ചിരിക്കുന്നത്.

### വരികൾ

9. 'മമ ബത! മതിസീതാമച്ചിപുത്രീവിയോഗ-
വ്യസനജലധിമധ്യേ കൊണ്ടുപോയ് വെച്ചുകൊണ്ട്
തെളുതെളെ വിലസിച്ചച്ചന്ദ്രനാം ചന്ദ്രഹാസം
കുസുമശരദശാസ്യഃ കൊല്വനെന്റഭ്യുപൈതി.'

### അർഥവിശദീകരണം

| | | |
|---|---|---|
| മതിസീതാം | = | ബുദ്ധിയാകുന്ന സീതയെ |
| വ്യസനജലധി | = | ദുഃഖസാഗരം |
| കുസുമശര | = | കുസുമശരനാകുന്ന(കാമമുള്ളവൻ) രാവണൻ |
| ദശാസ്യ | = | പത്തുതലയുള്ളവൻ, മുഖമുള്ളവൻ |
| അഭ്യുപൈതി | = | അടുത്തു വരുന്നു |

### ആശയവിശദീകരണം

▶ സീതാദേവിയോട് നായകൻ തന്റെ ബുദ്ധിയെ ഉപമിച്ചിരിക്കുന്നു

ലങ്കയിൽ രാവണന്റെ മുമ്പിലിരിക്കുന്ന സീതയെ സ്മരിക്കുകയാണ്. അച്ചീ പുത്രിയുടെ വിരഹത്തിൽ തന്റെ ബുദ്ധിയാകുന്ന സീതയെ ദുഃഖസാഗരത്തിന്റെ മധ്യത്തിൽ കാമനാകുന്ന രാവണൻ ചന്ദ്രനാകുന്ന ചന്ദ്രഹാസം ഇളക്കി, കൊല്ലാൻ ഒരുമ്പെടുന്നു. രാവണന്റെ ഭീഷണിക്കു മുമ്പിൽ ദുഃഖിതയായിരിക്കുന്ന സീതാദേവിയോടാണ് നായകൻ തന്റെ ബുദ്ധിയെ ഉപമിച്ചിരിക്കുന്നത്. അലങ്കാരം ഉദാത്തം.

### വരികൾ

10. 'പ്രിയസഖി ചെറിയച്ചീകാന്തിരാജ്യാധിപത്യേ
മനസിജനഭിഷേക്തും നൂനമാഡംബരേണ
ശശിശകലസനാഥേ ശാരദാവ്യോമനീല-
ത്തറനടുവിലിടിന്റത്താരകാമുത്തുപന്തൽ'

### അർഥവിശദീകരണം

| | | |
|---|---|---|
| മനസിജൻ | = | കാമദേവൻ |
| കാന്തി രാജ്യാധിപതി | = | സൗന്ദര്യത്തിനധിപതിയായവൾ |
| ശാരദം | = | ശരത് നിലാവ് |

| | | |
|---|---|---|
| ശശികല | = | ചന്ദ്രക്കല |
| അംബരം | = | ആകാശം |
| താരകപ്പന്തൽ | = | നക്ഷത്രപ്പന്തൽ |

### ആശയവിശദീകരണം

▶ ചെറിയച്ചിക്കായി നക്ഷത്രമുത്തുപന്തൽ

നായകൻ പറയുകയാണ്. പ്രിയപ്പെട്ടവളേ, ചെറിയച്ചീ, സൗന്ദര്യത്തിനധിപതിയായവളേ, ചെറിയച്ചിയുടെ കാന്തിയുടെ അധിപതിയായി കാമനെ അഭിഷേകിക്കാൻ തെളിഞ്ഞ ശാരദമാർന്ന ആകാശനീലത്തറനടുവിൽ നക്ഷത്രമുത്തുപന്തൽ ഒരുക്കുന്നു. അലങ്കാരം ഉത്പ്രേക്ഷ.

### വരികൾ

11. 'തൊഴുതിഹ വിടകൊൾവാൻ തൻകരം കൂപ്പിനില്ക്കി-
ന്റഹിമകരനെ നോക്കിത്താമരപ്പൊയ്ക പിന്നെ
മധുകരമറുമാറ്റം വാ തുറന്നൊൻറു മിണ്ടീ-
ലപഗതരുചിരസ്മാനച്ചിതൻനന്ദിനീവ.'

### അർഥവിശദീകരണം

| | | |
|---|---|---|
| വിട കൊൾക | = | യാത്രയാകുക |
| അഹിമകരൻ | = | സൂര്യൻ (ഈ സാഹചര്യത്തിൽ) |
| ഹിമകരൻ | = | ചന്ദ്രൻ |
| ചിരസ്മാനചിതൻ | = | കാമദേവൻ |
| മധുകരം | = | വണ്ട് |

### ആശയവിശദീകരണം

▶ സൂര്യൻ പിരിഞ്ഞു പോകുമ്പോൾ ദുഃഖിക്കുന്ന താമര

തൊഴുത് യാത്രയാകാൻ തയ്യാറായി നിൽക്കുന്ന സൂര്യനെ താമരപ്പൊയ്ക നോക്കിനിൽക്കുകയാണ്. സൂര്യന്റെ കാമുകിയായ താമര കാമുകൻ പിരിഞ്ഞു പോകുമ്പോൾ വിരഹദുഃഖം കൊണ്ട് ഒന്നും മിണ്ടാതെയാകുന്നു. യാത്രയാകുന്ന സൂര്യനോട് എന്തോ പറയുവാൻ ആഗ്രഹിച്ചെങ്കിലും വാതുറന്ന് ഒന്നും മിണ്ടിയില്ല. മറഞ്ഞുപോയ ആ ഭംഗി നോക്കിനിന്നുപോയി.

### വരികൾ

12. 'മദനവിജയകീർത്തിം മൽക്കൃതേ പാടുവാനെ-
ൻറഹിമകിരണചന്ദ്രൌ താളമാമ്മാറുകൊണ്ട്
അതിലളിതമവറ്റാലൊന്റുയർത്തൊൻറുതാഴ്ത്തീ-
ട്ടഹമിവ ചെറിയച്ചീ നൂനമേഷഃ പ്രദോഷഃ'

### അർഥവിശദീകരണം

| | | |
|---|---|---|
| മദനവിജയം | = | കാമന്റെ വിജയം |
| ഹിമകിരണൻ | = | ചന്ദ്രൻ |
| പ്രദോഷം | = | സന്ധ്യ |

SGOU

## ആശയവിശദീകരണം

▶ സൂര്യചന്ദ്രന്മാരെ ഇലത്താളമായി സങ്കല്പിച്ചിരിക്കുന്നു

സന്ധ്യ കാമന്റെ വിജയത്തെ പാടിപ്പുകഴ്ത്താൻ, ഇലത്താളവും പിടിച്ച് തയ്യാറെടുത്തു നിൽക്കുന്നതുപോലെയാണ് തനിക്കുവേണ്ടി പാടാൻ ഒരുങ്ങി നിൽക്കുന്നത്. ചെറിയച്ചിയെപ്പറ്റിയും കാമവിജയത്തെപ്പറ്റിയും സന്ധ്യ പാടി പുകഴ്ത്തുന്നു. ഇവിടെ സൂര്യചന്ദ്രന്മാരെ ഇലത്താളമായി സങ്കല്പിച്ചിരിക്കുന്നു. ഇങ്ങനെ ഒരു ഭാവന ഉണ്ണുനീലിസന്ദേശത്തിലുമുണ്ട് (ശ്ലോകം 6).

## വരികൾ

13. 'അണയുമപരസന്ധ്യാരാഗമെയ്പ്പൂച്ചുകണ്ടാൽ
ധ്രുവഭിനവകാന്താ രോഹിണീ ചീറുമെന്റ്
അപനയതി നിലാവാകിന്റ മേൽക്കൂറവാങ്ങീ -
ട്ടഹമിവ ചെറിയച്ചീകോപഭീരുഃ ശശാങ്കഃ'

## അർഥവിശദീകരണം

| | | |
|---|---|---|
| സന്ധ്യാരാഗം | = | ചുവപ്പ് |
| രോഹിണി | = | ചന്ദ്രന്റെ ഭാര്യ |
| മേൽക്കൂറ | = | ഉത്തരീയം |
| ശശാങ്കൻ | = | ചന്ദ്രൻ |
| കോപഭീരു | = | കോപിക്കുമെന്ന് ഭയന്ന് |
| മെയ്പ്പൂച്ച് | = | കുങ്കുമച്ചാറ് |

## ആശയവിശദീകരണം

▶ ചന്ദ്രന്റെ കാമുകിയായി സന്ധ്യയെ കല്പിച്ചിരിക്കുന്നു

ചന്ദ്രന്റെ കാമുകിയായി സന്ധ്യയെ കല്പിച്ചിരിക്കുന്നു. സായംസന്ധ്യയാകുന്ന കാമിനിയെ പുണർന്നപ്പോൾ ചന്ദ്രന്റെ മേനി മുഴുവൻ കുങ്കുമച്ചാറുപുരണ്ടത്രെ. നവോഢയായ ഭാര്യ രോഹിണി അതുകണ്ട് കോപിക്കുമെന്നു ഭയന്ന് നിലാവാകുന്ന ഉത്തരീയത്താൽ ചന്ദ്രൻ ചെറിയച്ചിയുടെ കോപത്താൽ ഭീരുവായ എന്നെപ്പോലെ അതു തുടച്ചുകളഞ്ഞത്രെ. (രോഹിണി ചന്ദ്രന്റെ ഭാര്യയാണ്).

## വരികൾ

14. 'ഇരുളുമിളനിലാവും കാന്തമന്തിച്ചുവപ്പും
വിരവിൽ വിലസതീദം വ്യോമ നിർവ്യാജരമ്യം
കുരുളിവ കൂവളപ്പൂമല്ലികാ ചമ്പകാനാ-
മിടവിരവിന മാലാകാരമച്ചീസുതായാഃ'

## അർഥവിശദീകരണം

| | | |
|---|---|---|
| നിർവ്യാജരമ്യം | = | പരിശുദ്ധം |
| അന്തി | = | സന്ധ്യ |
| വ്യോമം | = | ആകാശം |
| മല്ലിക | = | മുല്ലപ്പൂവ് |
| സുത | = | പുത്രി |

SGOU

## ആശയവിശദീകരണം

▶ ആകാശം രമ്യമായിരിക്കുന്നു

ആകാശം നിർവ്യാജം രമ്യമായിരിക്കുന്നു. ഇരുളും ഇളനിലാവും അന്തിച്ചുവപ്പും ആകാശത്തെ സൗന്ദര്യപൂർണമാക്കിയിരിക്കുന്നു. കൂവളവും ചെമ്പകവും മാല കോർക്കുന്നതു പോലെ ആകാശത്താരകൾ മനോഹരചിത്രം തീർക്കുന്നു. നായികയെ അഭിസംബോധന ചെയ്തു കൊണ്ടാണ് ഇത് പറയുന്നത്.

## വരികൾ

15. 'മധുപമധുരവാചാവപ്പുറത്തിന്റിതൊന്റിൽ
ചിതറിന മധുബാഷ്പം മുല്ല കേഴിൻറിതൊന്റിൽ,
ഹസതി കുസുമഹാസൈരൊന്റിലേതാദൃശം മാം
വിരഹിണമിടയിട്ടേ നൂനമച്ചീസുതായാഃ'

## അർഥവിശദീകരണം

| | | |
|---|---|---|
| മധുബാഷ്പം | = | തേൻ നിറഞ്ഞ |
| മധുപൻ | = | വണ്ട് |
| കുസുമം | = | പൂവ് |
| അച്ചീസുത | = | ചെറിയച്ചി |

## ആശയവിശദീകരണം

▶ നായകന്റെ ദുഃഖം പൂക്കളിൽ സുഗന്ധം വർധിപ്പിക്കുന്നു

ചെറിയച്ചിയോട്, നായികയോട് പറയുന്നതായിട്ടാണ് ഈ പദ്യവും. മധു നിറഞ്ഞ മുല്ലപ്പൂക്കളിൽ മധുപൻ വട്ടമിട്ട് എന്തോ മധുരമായി പറയുന്നു. അതുപോലെ നായകന്റെ വിരഹദുഃഖം പൂക്കളിൽ നിന്ന് വരുന്ന സുഗന്ധം കുറെക്കൂടി വർധിതമാക്കുന്നു. തേൻ നിറഞ്ഞ പൂക്കളിൽ വണ്ട് വട്ടമിട്ട് പറന്നു കൊണ്ട് എന്തോ പറയുന്നു. പൂവിന്റെ കാമുകനാണ് വണ്ട്. അതുപോലെ നായകന്റെ ദുഃഖം പൂക്കളിൽ സുഗന്ധം വർധിപ്പിക്കുന്നു.

## വരികൾ

16. 'അയമുഭയപുരേ ചെന്റച്ചിപുത്രീമണേ, ഞാൻ
കുചകളഭമഴിച്ചാഞ്ഞോമൽവക്ത്രം ചുചുംബ,
ഇദമനുചിതമന്തിത്തെന്റൽ ചെയ്യിന്റതിത്ഥം
വദതി പരിമളോ മേ വണ്ടിനത്തിൻവചോഭിഃ'

## അർഥവിശദീകരണം

| | | |
|---|---|---|
| പുത്രീമണേ | = | നായികയുടെ സമീപത്ത് |
| കുചം | = | സ്തനം |
| വക്ത്രം | = | മുഖം |
| ചു ചുംബ | = | ചുംബിക്കാൻ |
| പരിമളം | = | സുഗന്ധം |

### ആശയവിശദീകരണം

▶ നായികയെ ചുംബിക്കുവാൻ നായകൻ ആഗ്രഹിക്കുന്നു

നായികയുടെ സമീപം ചെന്ന് അവളുടെ മനോഹരമായ മുഖത്തിൽ ഒന്നു ചുംബിക്കുവാൻ നായകൻ ആഗ്രഹിച്ചു. എന്നാലാകട്ടെ, പൂക്കളുടെ പരിമളം കവരുന്ന വണ്ടിനെപ്പോലെ തന്ത്രപൂർവ്വം സംസാരിച്ചു പറന്നുപോകാൻ ഞാനാളല്ല. കാമുകിയായ പൂവിന്റെ സുഗന്ധം മാത്രം ആസ്വദിക്കുന്ന വണ്ടിനെപ്പോലെ വെറുതേ സംസാരിച്ചു പോകാൻ മാത്രമല്ല ഞാനിഷ്ടപ്പെടുന്നത് എന്നും കാമുകൻ പറയുന്നു.

### വരികൾ

17. 'ചലതി ജലധിവീചീകൈത്തലം കൊണ്ടു തട്ടി-
ത്തരളശശിമണിപ്പന്തുൽക്ഷിപന്തീവ സന്ധ്യാ;
വിലുളിതമിരുളെന്നും കൂന്തൽ വന്നിട്ടു താരാ-
ശ്രമജലവുമണിഞ്ഞാളച്ചിതൻ നന്ദിനീവ'

### അർഥവിശദീകരണം

| | | |
|---|---|---|
| ജലധീവീചി | = | കടൽത്തിരമാല |
| ശശിമണിപ്പന്ത് | = | ചന്ദ്രബിംബമാകുന്ന മണിപ്പന്ത് |
| കൂന്തൽ | = | മുടി |
| താരാശ്രമജലം | = | നക്ഷത്രങ്ങളാകുന്ന വിയർപ്പുതുള്ളി |

### ആശയവിശദീകരണം

▶ ചെറിയച്ചിയെ സന്ധ്യയോട് ഉപമിച്ചിരിക്കുന്നു

കടൽത്തിരകളാകുന്ന കൈത്തലം കൊണ്ട് ചന്ദ്രബിംബമാകുന്ന മണിപ്പന്ത് തട്ടി ഉയർത്തുന്നവളെപ്പോലെ സന്ധ്യ നീങ്ങുന്നു. കെട്ടഴിഞ്ഞ ഇരുളാകുന്ന കൂന്തൽ കാണാം. നക്ഷത്രങ്ങളാവുന്ന വിയർപ്പുതുള്ളിയും അണിഞ്ഞിട്ടുണ്ട്. പന്തുകൊണ്ട് അമ്മാനമാടുന്ന ചെറിയച്ചിയെപ്പോലെ ആയിരിക്കുന്നു സന്ധ്യ.

### വരികൾ

18. 'കുറളയുളർപറഞ്ഞാർ ചാലവും കോപതാമ്രം
മുഖമിതി കൃതമൗനം നൂനമച്ചീസുതായാഃ
ഝടിതി തൊഴുതുവീഴേവാം തോഴരേ! ഹന്ത! കൂഴ്ത്തേൻ
ശിവശിവ! നവസന്ധ്യാപാടലം ചന്ദ്രബിംബം'

### അർഥവിശദീകരണം

| | | |
|---|---|---|
| കുറള | = | ഏഷണി (നുണ) |
| താമ്രം | = | ചുവപ്പുനിറം (ചെമ്പുനിറം) |
| ഝടിതി | = | പെട്ടെന്ന് |
| പാടലം | = | ചുവപ്പുനിറം |
| ചാലവും | = | അധികവും |

### ആശയവിശദീകരണം

► ചെറിയച്ചിയുടെ മുഖത്തെ സന്ധ്യാ ചന്ദ്രനോടുപമിച്ചിരിക്കുന്നു

ചന്ദ്രബിംബം കണ്ടിട്ട് അതികോപം കൊണ്ട് തുടുത്ത ചെറിയച്ചിയുടെ മുഖമാണിതെന്ന് നുണയന്മാർ പറഞ്ഞേക്കാം. എന്നാലത് പുതുതായ സന്ധ്യാപാടലമായ ചന്ദ്രബിംബമാണ്. അതിനുമുന്നിൽ നമുക്ക് നമസ്കരിക്കാം. ചുവന്നുതുടുത്ത ചെറിയച്ചിയുടെ മുഖത്തെ സന്ധ്യാസമയത്തെ ചന്ദ്രബിംബത്തോടുപമിച്ചിരിക്കുന്നു.

### വരികൾ

19.'കമലവലയമെന്നും തമ്പലം നല്കിനല്കി-
ത്തഴുകി വിരഹകാലേ വല്ലഭം ചക്രവാകീ
ചെറുതിടയിഹ താനേ ചക്ഷുഷാ∫ന്വേതി പിന്നെ-
ത്തദനു ച മനസാ മാമച്ചിതൻ നന്ദിനീവ.'

### അർഥവിശദീകരണം

| | | |
|---|---|---|
| കമലവലയം | = | താമരവലയം |
| തമ്പലം | = | താംബൂലം മുറുക്കിത്തുപ്പുന്ന പാത്രം |
| വല്ലഭൻ | = | കാമുകൻ |
| ചക്ഷുസ്സ് | = | കണ്ണുകൾ |
| ചക്രവാകം | = | ഒരു പക്ഷി |

### ആശയവിശദീകരണം

► ചെറിയച്ചിയെ ചക്രവാകയോടുപമിക്കുന്നു

ചെറിയച്ചിയും നായകനും തമ്മിലുള്ള അടുപ്പം വർണിക്കുകയാണ്. സന്ധ്യക്ക് പിരിയാൻ നേരത്ത് താമരവലയമാകുന്ന താംബൂലം നൽകി വല്ലഭനെ തഴുകി കുറച്ചുനേരം കണ്ണാൽ പിന്തുടരുന്ന ചക്രവാകിയെ പോലെയാണ് ചെറിയച്ചിയും തന്നോട് പെരുമാറുന്നത്. സന്ധ്യയെ പിരിയാൻ സങ്കടം ഉണ്ടാകുന്ന ചക്രവാകത്തെ പോലെ നായകനെ പിരിയാൻ കഴിയാത്ത വേദനയോടെ ചെറിയച്ചി നോക്കി നിൽക്കുമെന്നു നായകൻ പറയുന്നു. ഇങ്ങനെ നായകൻ ഭാവന ചെയ്യുന്നതുമാകാം.

### വരികൾ

20. 'പ്രിയസഖ, ചെറിയച്ചീദേവസേനയ്ക്കു പാങ്ങാ-
യരുണദിതിജസൈന്യം വെന്റ വിഖ്യാതകീർത്തേഃ
കുസുമശരമുരാരേഃ ശംഖചക്രങ്ങളെന്റേ
കരുതുവനുദയാസ്തവ്യാപൃതൌ ചന്ദ്രസൂര്യൗ'

### അർഥവിശദീകരണം

| | | |
|---|---|---|
| പാങ്ങ് | = | സഹായം |
| അരുണദിതിജസൈന്യം | = | പകലാകുന്ന അസുരസൈന്യം |
| കുസുമശരൻ | = | പൂവമ്പൻ (കാമദേവൻ) |
| മുരാരി | = | മഹാവിഷ്ണു |

## ആശയവിശദീകരണം

▶ ചെറിയച്ചിയെ ദേവ സേനയോടുപമിക്കുന്നു

അല്ലയോ പ്രിയസഖ, ചെറിയച്ചിയാകുന്ന ദേവസൈന്യത്തിന്റെ ശത്രുവാണത്രെ പകലാകുന്ന അസുരസൈന്യം. കാമനാകുന്ന വിഷ്ണു ആ സേനയെ തുണയ്ക്കുകയും ചെയ്യുന്നു. കാമദേവന്റെ ശരങ്ങളാകുന്ന പൂക്കൾ ഈ കാമസേനയെ തുണയ്ക്കുന്നു. ഇവിടെല്ലാം നായികാനാമം ചേർത്തുപറയുന്നത് കാണാം.

## വരികൾ

21. 'പ്രിയസഖ, ചെറിയച്ചീമൈഥിലീമൂലമെങ്ങും
തരുണഹൃദയലങ്കാം ചുട്ട ചന്ദ്രോ ഹനുമാൻ
അപരജലധിമദ്ധ്യേ വ്യോമലാംഗുലലഗ്നം
പരിപതതി നിലാവാം തീ കെടുപ്പാനിദാനീം'

## അർഥവിശദീകരണം

| | | |
|---|---|---|
| മൈഥിലി | = | സീത |
| തരുണഹൃദയർ | = | യുവഹൃദയർ |
| ജലധി | = | സമുദ്രം |
| വ്യോമം | = | ആകാശം |

## ആശയവിശദീകരണം

▶ ചെറിയച്ചിയെ സീതയോടുപമിക്കുന്നു

അസ്തമയത്തെ വർണിക്കുവാൻ രാമായണത്തിൽ നിന്ന് ഉപമാനമായി ഹനുമാനെ സ്വീകരിച്ചിരിക്കുന്നു. ചെറിയച്ചിയാകുന്ന സീത ഹേതുവായി യുവാക്കന്മാരുടെ ഹൃദയമാകുന്ന ലങ്കയെ ചുട്ട ചന്ദ്രനാകുന്ന ഹനുമാൻ ആകാശമാകുന്ന വാലിൽ പറ്റിയ നിലാവാകുന്ന തീ കെടുത്താൻ പടിഞ്ഞാറേ സമുദ്രത്തിൽ ചാടിയിരിക്കുന്നു. യുവാക്കളുടെ യുവമനസിനെ ചുട്ടെരിക്കുന്ന ചന്ദ്രപ്രഭാവമായി ഹനുമാനെ വർണിക്കുന്നു. ധ്വനി മധുരമായ കല്പന- അവിവക്ഷിതവാച്യം

## വരികൾ

22.'ജയതി മദനമാഹാരാജ്യ സർവ്വാധികാരീ
മണിമുടിരുദയാദ്രേരേഷ താരാമണാളഃ
അനുനയവിഷമാംമാറാക്കുമച്ചീസുതാം മേ
വപുഷി വിഗതരോഷം വാഴ്ത്തുവോരാപ്തബന്ധു.'

## അർഥവിശദീകരണം

| | | |
|---|---|---|
| ജയതി | = | ജയിക്കട്ടെ |
| മദനമഹാരാജ്യം | = | കാമദേവന്റെ രാജ്യം |
| ലക്ഷ്മീമണാളൻ | = | ലക്ഷ്മിദേവിയുടെ ഭർത്താവ്(മഹാവിഷ്ണു) |
| ആപ്തബന്ധു | = | അടുത്ത ബന്ധു |
| വിഗതരോഷം | = | വിദ്വേഷമില്ലാതെ |

### ആശയവിശദീകരണം

> ▶ സർവ്വാധികാരിയായ കാമദേവൻ ജയിക്കട്ടെ

മദനമഹാരാജ്യത്തിലെ സർവ്വാധികാരിയായ കാമദേവൻ ജയിക്കട്ടെ. അതിന് ലക്ഷ്മിദേവിയുടെ മണാളനും അനുകൂലിക്കുന്നല്ലോ. തന്നെ സംബന്ധിച്ചിടത്തോളം അനുനയിപ്പിച്ച് ഒട്ടും വിദ്വേഷമില്ലാതെ അടുത്ത ബന്ധുവിനെപ്പോലെ നായികയെ ചേർത്തു നിർത്തണമെന്നാണ് ആഗ്രഹം.

### വരികൾ

23. 'പുലരുമിതുമലർന്നാലെൻറുമത്വാ മലർത്തും
മുകുളിതമരവിന്ദം മുഗ്ദ്ധികാ ചക്രവാകീം;
മമ ബത കൂറിനാളെന്റുള്ള ലീലാരവിന്ദം
മുകുളയതി നിശാർധം മുറ്റുമച്ചീസുതേവ'

### അർഥവിശദീകരണം

| | | |
|---|---|---|
| അരവിന്ദം | = | താമര |
| ചക്രവാകം | = | ഒരു പക്ഷി |
| മുകുളിത മരവിന്ദം | = | താമരമൊട്ട് |
| ലീലാരവിന്ദം | = | കളിത്താമര |

### ആശയവിശദീകരണം

> ▶ ചെറിയച്ചിക്ക് താല്പര്യം കുറഞ്ഞുപോയോയെന്നു ശങ്കിക്കുന്നു

കളിത്താമരയെ അച്ചീസുത അർദ്ധരാത്രിയിൽ മുകുളിതപ്രായമാക്കാൻ ശ്രമിക്കുന്നു. താമര വിടർന്നാൽ നേരം പുലരുമല്ലോ എന്നു കരുതി ചക്രവാകി താമര മൊട്ടു വിടർത്താനുദ്യമിക്കുന്നു. (ചെറിയച്ചിക്ക് തന്നോടു താല്പര്യം കുറഞ്ഞുപോയോ എന്ന് നായകൻ ചിന്തിക്കുകയാണ്).

### വരികൾ

24. 'നിജമുകുളപുടംകൊണ്ടഞ്ജലിം കല്പയിത്വാ
തൊഴുതിഹ ചെറിയച്ചീ വക്ത്രചന്ദ്രന്നു തോറ്റ്
കമലമടിമപൂകെക്കണ്ടു വിങ്ങിച്ചിരിച്ച-
ങ്ങളികുലകളനാദൈരാർത്തിതാമ്പൽപ്രസൂനാം.'

### അർഥവിശദീകരണം

| | | |
|---|---|---|
| അഞ്ജലി | = | കൈകൂപ്പി |
| വക്ത്രചന്ദ്രൻ | = | മുഖചന്ദ്രൻ |
| അളികുലങ്ങൾ | = | വണ്ടിൻ കൂട്ടങ്ങൾ |
| ആമ്പൽ പ്രസൂനം | = | ആമ്പൽപ്പൂക്കൾ |

### ആശയവിശദീകരണം

> ▶ ചെറിയച്ചിയുടെ സൗന്ദര്യം വർണിക്കുകയാണ്

ചെറിയച്ചിയുടെ സൗന്ദര്യം വർണിക്കുകയാണ്. ചെറിയച്ചിയുടെ മുഖമാകുന്ന ചന്ദ്രനുമുന്നിൽ പരാജയപ്പെട്ട് കൈകൂപ്പി നിൽക്കുന്നതു കണ്ട് ആമ്പൽപ്പൂക്കൾ വണ്ടിൻകൂട്ടങ്ങളുടെ ശബ്ദത്താൽ ആഹ്ലാദം പൂണ്ടു.

### വരികൾ

25. 'ഉദയപുരവിലാസോത്തംസമച്ചീ സുതായാ
ഭവനമവനിസാരം കാണ്മുതെന്റാസ്ഥയേവ
ഉദയഗിരിശിഖാഗ്രാൽ പാദമൊട്ടേറെ വെച്ചി-
ട്ടഴകൊടു ഗഗനം ചെൻറേറിനാനേഷ ചന്ദ്രഃ.'

### അർഥവിശദീകരണം

| | | |
|---|---|---|
| അച്ചീസുത | = | ചെറിയച്ചി |
| ഉദയഗിരി | = | ഉദയപർവതം |
| ഗഗനം | = | ആകാശം |
| ചെന്റിനാൻ | = | കയറിയിരിക്കുന്നു |

### ആശയവിശദീകരണം

▶ ചന്ദ്രൻ കൗതുകത്തോടെ ആകാശത്തിൽ കയറിയിരിക്കുന്നു

ഉദയപുരത്തിലെ അച്ചീസുതയുടെ സ്വർഗസമാനമായ ഭവനം കാണാനാണോ എന്നു തോന്നുമാറ് ചന്ദ്രൻ കൗതുകത്തോടെ പർവതത്തിന്റെ കൊടുമുടിയിൽ നിന്ന് വളരെ ദൂരം അകന്ന് ആകാശത്തിൽ ഉയരെ കയറിയിരിക്കുന്നു.

### വരികൾ

26. 'പ്രിയസഖ, ചെരികീലാഞ്ഞച്ചിതൻ നന്ദനായാ
മുറുവലൊളിവിലാസൈസ്ത്രായതാം മുല്ലയെല്ലാം
അറിവതറിയവേണം മൂടി വണ്ടിണ്ടയാൽ കൊ-
ണ്ടിരിളിടയിലൊളിച്ചിട്ടന്തിയോടുല്ലസന്തി.'

### അർഥവിശദീകരണം

| | | |
|---|---|---|
| വണ്ടിണ്ടയാൽ | = | കരിവണ്ടിനാൽ |
| അന്തി | = | സന്ധ്യ |

### ആശയവിശദീകരണം

▶ മുല്ലപ്പൂക്കൾ നായികയുടെ തൂമന്ദഹാസത്തോട് എതിരിടാൻ കഴിയാതെ വിലപിക്കുന്നു

ചെറിയച്ചിയുടെ തൂമന്ദഹാസത്തോട് സാമ്യം കൈവരാത്തതിനാൽ മുല്ലപ്പൂക്കൾ വിലപിക്കുന്നു. മുടികൾക്കിടയിൽ നിലാവു പൊഴിക്കുമ്പോലെ നായികയുടെ തൂമന്ദഹാസം ഒഴുകുന്നു. അതിനാൽ കരിവണ്ടിനാൽ മുഖം മറച്ച് അവ ഇരുട്ടിൽ മറഞ്ഞുനിൽക്കുകയാണ്.

### വരികൾ

27. 'സ്വയമിഹ മുഖലീലാമച്ചിതൻ നന്ദനായാഃ
കുചയുഗമിവ കുമ്പിച്ചംബുജം കൊണ്ടുകാട്ടി,
പുനരിഹ വിരഹേ/സ്മിൻ നമ്മെ രക്ഷിച്ച ചന്ദ്രൻ
ഗ്രഹണജമപമൃത്യും കെട്ടു നൂറ്റാണ്ടു വാഴ്ക!'

### അർഥവിശദീകരണം

| | | |
|---|---|---|
| മുഖലീലാമച്ചി | = | ചെറിയച്ചിയുടെ മുഖസൗന്ദര്യം |
| കൂമ്പിച്ചംബുജം | = | കൂമ്പിച്ച താമര |
| കുചയുഗം | = | സ്തനങ്ങൾ |
| ഗ്രഹണജമപമൃത്യും | = | ഗ്രഹണം മൂലം അപമൃത്യുവായി |

### ആശയവിശദീകരണം

- ചന്ദ്രൻ നൂറ്റാണ്ടു കളോളം ജീവിച്ചിരിക്കട്ടെ എന്നാ ശംസിക്കുന്നു

അവസാനപദ്യമാണിത്. സ്വന്തം കാന്തിയാൽ ചെറിയച്ചിയുടെ മുഖ സൗന്ദര്യത്തെയും സ്വപ്രവൃത്തിയാൽ കൂമ്പിച്ച താമരകളാൽ അവളുടെ കുചയുഗത്തെയും കാണിച്ചുതന്ന് വിരഹദുഃഖത്തിൽ നമ്മെ രക്ഷിച്ച ചന്ദ്രൻ ഗ്രഹണം മൂലം അപമൃത്യു സംഭവിക്കാതെ നൂറ്റാണ്ടുകളോളം ജീവിച്ചിരിക്കട്ടെ. എല്ലാവർക്കും ആശംസയോടെയാണ് ചെറിയച്ചി എന്ന കാവ്യം അവസാനിക്കുന്നത്.

## കാവ്യാവലോകനം

- മണിപ്രവാളസാഹിത്യ നഭോമണ്ഡലത്തിലെ ഒരു കാല്പ്പനിക വെള്ളി നക്ഷത്രം

'മണിപ്രവാളസാഹിത്യ നഭോമണ്ഡലത്തിലെ ഒരു കാൽപ്പനിക വെള്ളിനക്ഷത്രമായിട്ടാണ് 'ചെറിയച്ചി' എന്ന കാവ്യം വിശേഷിപ്പിക്കപ്പെട്ടിട്ടുള്ളത്. അത്രത്തോളം കൽപ്പനാഭാസുരമാണ് ഇതിലെ ഓരോ ശ്ലോകവും. പ്രകൃതിയിലെ ഓരോ ദൃശ്യവും നായകന്റെ വിരഹവ്യഥയെ പ്രോജ്വലിപ്പിക്കുന്നതാണ്. ഇതിഹാസകഥകളിൽ നിന്നുപോലും ചിലപ്പോൾ കവി ഉപമാനങ്ങൾ സ്വീകരിക്കുന്നതു കാണാം' എന്നുള്ള ഡോ. അനിൽ വള്ളത്തോളിന്റെ നിരീക്ഷണം ഏറെ പ്രസക്തമാണ് (മണിപ്രവാള കാവ്യമാലിക, പുറം 22). ഉദയപുരമാണ് നായികയുടെ വാസസ്ഥലം. ഉദയപുരമെന്നത് മഹോദയപുരം അഥവാ തിരുവഞ്ചിക്കുളമാണ്. അതുകൊണ്ട് തിരുവഞ്ചിക്കുളത്തുകാരനായ ഒരു നമ്പൂതിരിയായിരിക്കാം ചെറിയച്ചിയുടെ രചയിതാവ് എന്നേ ഊഹിക്കാനാവൂ എന്നും അദ്ദേഹം പറയുന്നു. ഈ കാവ്യം വളരെ ലളിതസുന്ദര പദാവലികളാലും വർണ്ണനകളാലും എന്നെന്നും നിലനില്ക്കുന്ന കാല്പനിക കാവ്യമായി കരുതുന്നു. നായികയുടെ മനോഹര വർണ്ണനയാലും കാമുകന്റെ വിരഹദുഃഖത്തിന്റെ തീവ്രതയാലും മണിപ്രവാളസാഹിത്യത്തിലെ ലഘുകാവ്യങ്ങളിൽ ഏറ്റവും ശ്രദ്ധേയമാണ് 'ചെറിയച്ചീചരിത'മെന്നു പറയാം.

## Summarised Overview

പ്രാചീന മണിപ്രവാളത്തിലെ ആദ്യകൃതി 'വൈശികതന്ത്ര'വും അവസാനകൃതി 'ചന്ദ്രോത്സവ'വുമാണ്. വേശ്യാവൃത്തിയുടെ പ്രാധാന്യവും അത് അഭ്യസിക്കേണ്ടതിന്റെ ആവശ്യകതയുമാണ് 'വൈശികതന്ത്ര'ത്തിലെ പ്രമേയം. ഒരു മുത്തശ്ശി ബാലവേശ്യക്ക് ഉപദേശം കൊടുക്കുന്ന രീതിയിലാണ് കാവ്യരചന. അനംഗസേനയാണ് നായിക. 'വൈശികതന്ത്ര'ത്തിന്റെ പൂർവമാതൃകയായി കരുതുന്നത് ദാമോദരഗുപ്തന്റെ 'കൂട്ടനീമതം' എന്ന കാവ്യമാണ്. 'വൈശികതന്ത്ര'ത്തിലെ രസനീയതയും കാവ്യഭംഗിയും ഏറെ ആകർഷകമാണ്. പ്രാചീന ചമ്പുക്കളിൽ ആദ്യത്തേത് 'ഉണ്ണിയച്ചീചരിത'മാണ്. 'ഉണ്ണിയച്ചി', 'ഉണ്ണിച്ചിരുതേവീ', 'ഉണ്ണിയാടി' എന്നിവ 'ലീലാതിലക'ത്തിന് മുമ്പ് എഴുതിയതാണ്. മലയാളത്തിലെ കാവ്യചന്ദ്രോദയത്തിന് തുടക്കമിട്ടത് ഉണ്ണിയച്ചീചരിതമാണത്രെ. ഈ മൂന്നു കാവ്യങ്ങളിലൂടെയാണ് മണിപ്രവാളം ഒരു സാഹിത്യപ്രസ്ഥാനമായി വളർന്നത്. തിരുനെല്ലി, തിരുമരുതൂർ ക്ഷേത്രം നർത്തകി ഉണ്ണിയച്ചിയെ വർണിക്കുന്നതാണ് ഉണ്ണിയച്ചീചരിതം. 'ആനയച്ച്' എന്ന ചോളനാണയം പരാമർശിക്കുന്ന കാവ്യം കൂടിയാണിത്. മലയാളത്തിൽ ചമ്പുപ്രസ്ഥാനത്തിന് മാർഗദർശി 'ഉണ്ണിയച്ചീചരിത'മാണെന്ന് എൻ. കൃഷ്ണപിള്ള അഭിപ്രായപ്പെടുന്നു. അച്ചീചരിതങ്ങളെക്കൂടാതെ മണിപ്രവാളലഘുകാവ്യങ്ങൾ, മുക്തകങ്ങൾ, ശ്ലോകങ്ങൾ എന്നിവയും പ്രാചീനമണിപ്രവാളത്തിലുൾപ്പെടുന്നവയാണ്. മണിപ്രവാള ലഘുകാവ്യങ്ങളിൽ ഏറ്റവും മനോഹരം 'ചെറിയച്ചി'യാണ്. മണിപ്രവാളനായികമാരായ ചെറിയച്ചി, കൗണോത്തര, മല്ലീനിലാവ് തുടങ്ങിയ അറുപത്തിയേഴോളം നായികമാരെ മണിപ്രവാള കാവ്യലോകത്തിൽ കാണാൻ കഴിയും. 27 പദ്യങ്ങളുള്ള ഒരു ലഘുകാവ്യമാണ് 'ചെറിയച്ചീചരിതം'. 'ലീലാതിലക'ത്തിൽ

ഇതിലെ നാലു പദ്യങ്ങൾ ഉദ്ധരിച്ചിട്ടുള്ളതിനാൽ ഇതിന്റെ രചനാകാലം 'ലീലാതിലക'ത്തിന് മുമ്പാണെന്ന് കരുതാം. നായികാ വർണനപ്രധാനമാണ് 'ചെറിയച്ചി'.

പ്രാചീന മണിപ്രവാളത്തിലുണ്ടായ മനോഹരങ്ങളായ ചില ലഘുകാവ്യങ്ങളുടെയും മുക്തകങ്ങളുടെയും സമാഹാരം 1949 – ൽ ഡോ. പി. കെ. നാരായണപിള്ള സമാഹരിച്ച്, കേരള സർവകലാശാല പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസ്തുതകൃതിക്ക് 'പദ്യരത്നം' എന്ന് നാമകരണം നൽകിയത് പ്രസിദ്ധ ഗവേഷകനായ ഡോ. കൊളത്തേരി ശങ്കരമേനോനാണ്. മണിപ്രവാള ലഘുകാവ്യങ്ങൾ മലർബാണ കേളിവർണനകൾ തന്നെയാണ്. മണിപ്രവാള നായികമാരായ ചെറിയച്ചി, കൗണോത്തര, ഉത്തരാചന്ദ്രിക, ഇളയച്ചി, ഇട്ടിയച്ചി, മല്ലിനിലാവ്, മാരലേഖ, ചന്ദ്രിക, മേദിനീവെണ്ണിലാവ്, പുരളിനായിക തുടങ്ങി 67 നായികമാരെ ഈ കൃതിയിൽ പലയിടങ്ങളിലായി വർണിച്ചു കാണുന്നു. ഇതിൽ ലഘുകാവ്യങ്ങളായ 'ഉത്തരാചന്ദ്രിക', 'കൗണോത്തര', 'ഇളയച്ചി', 'ചെറിയച്ചി', 'മല്ലിനിലാവ്' എന്നിവ 'മണിപ്രവാളപഞ്ചകം' എന്ന പേരിൽ വെറ്റിനാട് എൻ. ശ്രീധരൻനായരും 'മണിപ്രവാള ലഘുകാവ്യങ്ങൾ' എന്ന പേരിൽ ഡോ ചാത്തനാത്ത് അച്യുതനുണ്ണിയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇവ മിക്കതും നായികാപ്രശസ്തിപരങ്ങളും കീർത്തനപരങ്ങളുമാണ്. ചങ്ങനാശ്ശേരി നീലകണ്ഠപ്പിള്ളയുടെ വക താളിയോലഗ്രന്ഥമായിരുന്നു ഈ കൃതിക്ക് അവലംബമായി ഭവിച്ചത്. 'പദ്യരത്ന'പ്രസാധനത്തിനു മുമ്പുതന്നെ അതിലെ കുറെ ശ്ലോകങ്ങൾ 'പലവക ശ്ലോകങ്ങൾ' എന്ന പേരിൽ സാംബവശാസ്ത്രികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട് എന്ന് ഡോ. അനിൽ വള്ളത്തോൾ പ്രസ്താവിക്കുന്നു (മണിപ്രവാളകാവ്യമാലിക, പുറം. 21). ഒറ്റശ്ലോകങ്ങൾ തൊട്ട് മുപ്പതോളം ശ്ലോകങ്ങളുള്ള ലഘുകാവ്യങ്ങൾ വരെ ഉൾപ്പെടുന്നതാണ് 'പദ്യരത്നം'. 292 ശ്ലോകങ്ങളുള്ളതിൽ ഏറെയും ശൃംഗാരപദ്യങ്ങളാണ്.

മലയാളത്തിന് അവിസ്മരണീയമായ ഒരു സാഹിത്യസമ്പത്താണ് മധ്യകാല ചമ്പൂപ്രസ്ഥാനം പ്രദാനം ചെയ്തതെന്ന് എൻ. കൃഷ്ണപിള്ള ചൂണ്ടിക്കാട്ടുന്നു. പ്രാചീനചമ്പുക്കളും മധ്യകാല ചമ്പുക്കളും തമ്മിലുള്ള പ്രധാനവ്യത്യാസത്തെപ്പറ്റി ഉള്ളൂർ പറയുന്നതിങ്ങനെ– 'പതിനാലാം ശതകത്തിലെ ഭാഷാചമ്പുക്കൾ ഇതിവൃത്തവിഷയത്തിൽ ഇതിഹാസപുരാണങ്ങളെ ഉപജീവിച്ചിരുന്നില്ല. തന്നിമിത്തം അവയെ ചാക്യാന്മാരും പാഠകക്കാരും രംഗത്തിൽ പ്രകടനത്തിന് ഉപയോഗിച്ചിരുന്നില്ല. അക്കാര്യത്തിൽ ഇദംപ്രഥമമായി ഒരു പരിഷ്കാരം വരുത്തിയതു പുനമാകുന്നു. അതിന് തെളിവാണു രാമായണം ചമ്പു' (കേരള സാഹിത്യചരിത്രം, പുറം 200). കൂത്തിനും പാഠകത്തിനും വേണ്ടി രചിക്കപ്പെട്ടതാണ് ഭാഷാചമ്പുക്കളെന്ന് ഡോ. കൊളത്തേരി ശങ്കരമേനോനും അഭിപ്രായപ്പെടുന്നു. 'മധ്യകാലചമ്പുക്കൾ നമ്പ്യാന്മാർക്ക് അരങ്ങത്ത് ചൊല്ലി വ്യാഖ്യാനിക്കാൻ വേണ്ടി നിർമ്മിച്ചവയാണെന്ന പ്രത്യേകത അതിപ്രധാനമായ ഒന്നാകുന്നു. മേല്പ്പത്തൂരിന്റെ സംസ്കൃതപ്രബന്ധങ്ങൾ വരുന്നതുവരെ ഇതായിരുന്നു നടപ്പ്' എന്ന് എൻ. കൃഷ്ണപിള്ളയും പറയുന്നു (കൈരളിയുടെ കഥ, പുറം. 92). മധ്യകാല ചമ്പുക്കളേറെയും പുരാണകഥകളെ ഉപജീവിച്ച് എഴുതപ്പെട്ടവയാണ്.

'ഒരേ സ്വരം ഒരേ നിറം, ഒരേ താളം, വിപ്രലംഭങ്ങൾ പോലും സംഭോഗസ്മരണങ്ങൾ' എന്ന ലീലാവതിയുടെ വിലയിരുത്തൽ മധ്യകാലചമ്പുക്കളുടെ പൊതുസ്വഭാവത്തെ വ്യക്തമാക്കുന്നതാണ് (മലയാളകവിതാ സാഹിത്യചരിത്രം). 'ലീലാതിലക'ത്തിന് കവിതാചരിത്രത്തിൽ സ്ഥാനം ലഭിക്കുന്നത് മണിപ്രവാള മുക്തകങ്ങൾ ഉൾപ്പെടുത്തിയതു കൊണ്ടാണെന്നും 'ലീലാവതി' പ്രസ്താവിക്കുന്നു. രാജലേഖ, മാരലേഖ, ചേമന്തിലേഖ, കേളീലേഖ എന്നിങ്ങനെയാണ് കാവ്യങ്ങളുടെ നാമധേയങ്ങൾ. ഇട്ടിയച്ചി, ഇട്ടിപ്പെണ്ണ്, ഇട്ടിമായ, ചെറുപെണ്ണ് എന്നിങ്ങനെ പോകുന്നു നായികമാരുടെ പേരുകൾ. പ്രസ്തുത പേരുകളെല്ലാം കവികല്പനകളാകാനും സാധ്യതയുണ്ട്. 'ഇതൊക്കെ രചിച്ചതിൽ ചുരുക്കം ചിലരൊഴിച്ച് മറ്റു കവികൾ ആരെന്നറിവില്ല. പക്ഷെ, പ്രായേണ എല്ലാ കവികളുടെയും രചനാലക്ഷ്യം സമാനമായിരുന്നു എന്നൂഹിക്കാം. ചില പ്രമാണികൾ അവർക്കിഷ്ടപ്പെട്ട വിലാസിനികളെപ്പറ്റി ആശ്രിതരായ കവികളെക്കൊണ്ടെഴുതിച്ചിരുന്നു' എന്ന എൻ. കൃഷ്ണപിള്ളയുടെ നിരീക്ഷണം ശരിയാണെന്നു കാണാം (കൈരളിയുടെ കഥ, പുറം 76–77).

## Assignments

1. അച്ചീചരിതങ്ങളുടെ പ്രമേയപരമായ സവിശേഷതകൾ വിലയിരുത്തുക.
2. മണിപ്രവാള ലഘുകാവ്യങ്ങൾ എഴുതപ്പെട്ട സാംസ്കാരിക പരിസരം പരിശോധിക്കുക.
3. മണിപ്രവാളനായികമാരുടെ പൊതുസവിശേഷതകൾ എന്തെല്ലാം?
4. മണിപ്രവാളത്തിലെ അച്ചീചരിതങ്ങളിലെ പ്രധാന ലഘുകാവ്യങ്ങളുടെ പ്രത്യേകതകൾ വിശദമാക്കുക
5. മണിപ്രവാളലഘുകാവ്യങ്ങളിൽ 'ചെറിയച്ചി'യുടെ സ്ഥാനം നിർണ്ണയിക്കുക.
6. മധ്യകാലചമ്പുക്കളുടെ പ്രമേയപരവും ഭാവപരവുമായ പ്രത്യേകതകൾ ചർച്ച ചെയ്യുക.
7. മധ്യകാലചമ്പുക്കളും രംഗസാഹിത്യവുമായുള്ള ബന്ധം പരിശോധിക്കുക.
8. പ്രാചീന മണിപ്രവാളചമ്പുക്കളുടെ പ്രമേയപരവും ഭാഷാപരവുമായ സവിശേഷതകൾ വിലയിരുത്തുക.
9. മണിപ്രവാള ലഘുകാവ്യങ്ങളെപ്പറ്റി കുറിപ്പ് തയ്യാറാക്കുക.
10. പ്രാചീന ചമ്പുക്കളിൽ നിന്നും മധ്യകാല ചമ്പുക്കളിലേക്കു വരുമ്പോഴുള്ള പ്രകടമായ മാറ്റങ്ങൾ വിലയിരുത്തുക.
11. മണിപ്രവാളനായികമാരുടെ നാമവും സൗന്ദര്യവർണ്ണനകളും കവികല്പനകളാകാം എന്ന പ്രസ്താവന പരിശോധിക്കുക.
12. മധ്യകാല ചമ്പുക്കളിൽ നീലകണ്ഠകവിയുടെ കൃതികളുടെ സവിശേഷതകൾ വിശദീകരിക്കുക
13. 'ചെറിയച്ചി' എന്ന കാവ്യത്തിന്റെ രചനാഭംഗി വിലയിരുത്തുക.
14. മണിപ്രവാളലഘുകാവ്യങ്ങൾക്കും മുക്തകങ്ങൾക്കും മലയാളകവിതാചരിത്രത്തിലുള്ള സ്ഥാനം ചർച്ച ചെയ്യുക.
15. മധ്യകാലചമ്പുക്കളുടെ വർണ്ണനാരീതിയും ആഖ്യാനശൈലിയും ചർച്ച ചെയ്യുക.

SGOU

## Suggested Readings


1. ജോസഫ് മുണ്ടശ്ശേരി, മാനദണ്ഡം, കറന്റ് ബുക്സ്, തൃശ്ശൂർ.
2. ചാത്തനാത്ത് അച്യുതനുണ്ണി, പദ്യരത്നങ്ങൾ, മിത്രം ബുക്ക് ഡിപ്പോ, കോട്ടയം.
3. ഡോ. എൻ. ഗോപിനാഥൻ നായർ, ഉണ്ണിയച്ചീചരിതം (വാഖ്യാനം), എൻ. ബി. എസ്സ്., കോട്ടയം.
4. ഉള്ളൂർ എസ്. പരമേശ്വരയ്യർ, ഭാഷാചമ്പുക്കൾ, ആർ. റ്റി. പിള്ള ആന്റ് സൺസ്, ചാല.

# References


1. ഡോ. അനിൽ വള്ളത്തോൾ, മണിപ്രവാള കാവ്യമാലിക, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ഡോ. കേശവൻ വെളുത്താട്ട്, മഹിളാളി മഹാസ്പദം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
3. ഇളംകുളം കുഞ്ഞൻപിള്ള, മണിപ്രവാളത്തിന്റെ സാംസ്കാരികപരിസരം – ലീലാതിലകം (വ്യാഖ്യാനം), എൻ. ബി. എസ്., കോട്ടയം.
4. ഡോ. എം. ലീലാവതി, മലയാള കവിതാസാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
5. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി. സി. ബുക്സ്, കോട്ടയം.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

SGOU

Unit 3

# സന്ദേശകാവ്യങ്ങൾ - ചരിത്ര സാംസ്കാരിക പ്രാധാന്യം

## Learning Outcomes

- മണിപ്രവാളകാലഘട്ടത്തിലെ സന്ദേശകാവ്യങ്ങളെപ്പറ്റി ധാരണ നേടുന്നു
- സന്ദേശകാവ്യലക്ഷണങ്ങൾ ചർച്ച ചെയ്യുന്നു
- മലയാളത്തിലെ പ്രധാന സന്ദേശകാവ്യങ്ങളെക്കുറിച്ച് വിലയിരുത്തുന്നു
- 'ഉണ്ണുനീലിസന്ദേശം' വിശദപഠന വിധേയമാക്കുന്നു
- 'ഉണ്ണുനീലിസന്ദേശ'ത്തിൽ നിന്നു ലഭിക്കുന്ന ചരിത്രപരമായ അറിവുകൾ വിശകലനം ചെയ്യുന്നു

## Background

പദ്യസാഹിത്യത്തിലെ ഒരു വിഭാഗമാണ് സന്ദേശകാവ്യം. പരസ്പരം വേർപിരിഞ്ഞിരിക്കുന്ന നായികാ നായകന്മാരിൽ ഒരാൾ ദൂതൻ വഴി തന്റെ സന്ദേശം മറ്റൊരാൾക്ക് എത്തിക്കുകയാണ് സന്ദേശകാവ്യങ്ങളുടെ രീതി. വാല്മീകിരാമായണത്തിലെ കിഷ്കിന്ധാകാണ്ഡത്തിൽ ശ്രീരാമൻ ഹനുമാന്റെ പക്കൽ സീതയ്ക്കു ദൂതു നല്കുന്നതും, നള-ദമയന്തി കഥയിൽ ഹംസം ദൂതുമായി പോകുന്നതും സന്ദേശകാവ്യത്തിന്റെ ആദ്യമാതൃകകളാണ്. കാളിദാസന്റെ 'മേഘദൂതാ'ണ് സന്ദേശകാവ്യപ്രസ്ഥാനത്തിന് ഇപ്പോൾ കാണുന്ന രീതിയിലുള്ള ഘടന നല്കിയത്. പ്രണയപരവശരായ സ്ത്രീപുരുഷന്മാർ വിധിവശാൽ പിരിഞ്ഞിരിക്കേണ്ടി വരിക, വിരഹത്തിൽ ആമഗ്നനായ കാമുകൻ കാമുകിക്ക് ഒരു സന്ദേശം എത്തിക്കുവാൻ ഒരു വസ്തുവിനെയോ വ്യക്തിയെയോ കണ്ടെത്തി തന്റെ സന്ദേശം എത്തിക്കുവാൻ അഭ്യർത്ഥിക്കുക. അങ്ങനെ ഇരുവരുടേയും ഉത്കണ്ഠയ്ക്ക് ശമനം വരുത്തുക, ഇതാണ് സന്ദേശകാവ്യങ്ങളുടെ മൗലികഘടന. നായകൻ, നായിക, സന്ദേശവാഹകൻ എന്നിവരാണ് മുഖ്യകഥാപാത്രങ്ങൾ. സന്ദേശകാവ്യത്തിന് രണ്ട് ഭാഗങ്ങളുണ്ട്. പൂർവഭാഗവും ഉത്തരഭാഗവും. പൂർവഭാഗത്ത് സന്ദേശം അയയ്ക്കാനുള്ള കാരണം, സന്ദേശവാഹകനെ കണ്ടെത്തിയ സന്ദർഭം, മാർഗവിവരണം എന്നിവയും ഉത്തരഭാഗത്ത് നായികയുടെ വാസസ്ഥലം വർണന, നായികാവർണന, സന്ദേശം എന്നിവയും ഉൾപ്പെടുന്നു. മന്ദാക്രാന്ത വൃത്തമാണ് സന്ദേശകാവ്യങ്ങളിൽ സ്വീകരിക്കുന്നത്. അംഗിയായ രസം ശൃംഗാരമാണ്.

**സന്ദേശകാവ്യങ്ങൾ തമിഴിലും മറ്റു ഭാഷകളിലും**

സംഘകാല വ്യാകരണഗ്രന്ഥമായ 'തൊൽക്കാപ്പിയ'ത്തിൽ മൂന്നുതരം ദൂതുകളെപ്പറ്റി പരാമർശം കാണുന്നു. വിരഹദുഃഖമനുഭവിക്കുന്ന നായിക നായകനോ, നായകൻ നായികയ്ക്കോ അയയ്ക്കുന്ന ദൂതുകളെപ്പറ്റി അകത്തിണൈയിലും, യുദ്ധം ആരംഭിക്കുന്നതിനുമുമ്പ് ദൂതന്മാർ വഴി രാജാക്കന്മാർ സന്ദേശം കൈമാറുന്നതിനെ പുറത്തിണൈയിലും പറയുന്നു. സംഘം കൃതികളിൽപ്പെട്ട പുറനാനൂറ്, അകനാനൂറ്, നറ്റിണൈ, ഐങ്കുറുനൂറ്, കുറുന്തൊകൈ, പരിപാടൽ എന്നിവയിൽ അനവധി ദൂതുപാട്ടുകളുണ്ട്. തമിഴിൽ 'ദൂത് ഇലക്കിയങ്കൾ' എന്നത് തമിഴ് ദൂതുകളുടെ സമാഹാരമാണ്. നെഞ്ചുവിടുദൂത്, തമിഴ് വിടുത്, വണ്ടുവിടുതൽ, തെന്റൽവിടുദൂത്, കിളൈളെ വിടുദൂത്, മാൻവിടുതൂത് എന്നിങ്ങനെ നിരവധി കാവ്യങ്ങൾ ഈ വിഭാഗത്തിലുണ്ട്. സംസ്കൃതത്തിൽ 'മേഘദൂത്', തെലുങ്കിൽ 'മേഘസന്ദേശ'ത്തിനുണ്ടായ രണ്ടു വിവർത്തനങ്ങളും അഞ്ചു സ്വതന്ത്രകാവ്യങ്ങളുമുണ്ട്. കന്നടത്തിൽ 'മേഘസന്ദേശ'ത്തിന്റെ മൂന്നു വിവർത്തനങ്ങളാണ് ഉള്ളത്. സംഘകാലസാഹിത്യത്തിലും ദൂതുപാട്ടുകൾ ഉണ്ടായിട്ടുണ്ട്.

**മലയാള സന്ദേശകാവ്യങ്ങൾ**

മലയാള സന്ദേശകാവ്യങ്ങൾക്ക് ഏകദേശം ആറു നൂറ്റാണ്ടു പഴക്കമാണ് ഗവേഷകർ കല്പിച്ചിട്ടുള്ളത്. മലയാളത്തിലെ ആദ്യ സന്ദേശകാവ്യം 'ഉണ്ണുനീലിസന്ദേശ'മാണ്.

**കോകസന്ദേശം അഥവാ ചക്രവാകസന്ദേശം**

കണ്ടുകിട്ടിയിട്ടുള്ളതിൽ രണ്ടാമത്തെ സന്ദേശകാവ്യമാണ് 'കോകസന്ദേശം' അഥവാ 'ചക്രവാകസന്ദേശം'. ഇത് അപൂർണമായ കാവ്യമാണ്. കുട്ടമശ്ശേരി നാരായണപ്പിഷാരടിയാണ് ഇതാദ്യം കണ്ടെത്തി കോകസന്ദേശം എന്ന പേര് നല്കി, സഹൃദയസമക്ഷം കൊണ്ടുവന്നത്. സാഹിത്യപരിഷത്ത് ത്രൈമാസികയിൽ പ്രസിദ്ധീകരിച്ചു. 'കോകസന്ദേശ'കർത്താവ് ആരെന്നറിയാൻ മാർഗമൊന്നുമില്ല. കാവ്യനാമത്തെ സംബന്ധിച്ചും വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. ശൂരനാട്ടു കുഞ്ഞൻപിള്ള 'ചക്രവാകസന്ദേശം' എന്നാണ് ഈ കാവ്യത്തിന് പേര് നൽകിയത്. വർണനകളുടെയും ഭാവനകളുടെയും പുതുമകൊണ്ട് 'കോകസന്ദേശം' ആദ്യന്തം ഹൃദയഹാരിയായിരിക്കുന്നു. നിരവധി ചരിത്രപരമായ അറിവുകൾ കോകസന്ദേശത്തിൽ നിന്നും ലഭിക്കുന്നുണ്ട്. തിരുനാവായ മാമാങ്കം, ആഴ്‌വാഞ്ചേരി തമ്പ്രാക്കൾ, കോഴിക്കോട് സാമൂതിരി, കണ്ടൻകോത എന്ന ശ്രീകണ്ഠൻ, തൃക്കണാമതിലകം, കുരുവായൂർ (ഗുരുവായൂർ), തിരുവഞ്ചിക്കുളം, ഇടപ്പള്ളി രാജാവ് തുടങ്ങിയവ ഇതിൽ പരാമർശിക്കുന്നു. 22 ക്ഷേത്രങ്ങൾ വർണിക്കുന്നുണ്ട്. നായികയുടെ പേരുപോലും കവി ഒരിടത്തും പരാമർശിക്കുന്നില്ല. മറ്റു മണിപ്രവാളകവികളെപ്പോലെ നായികാപ്രശംസ കാവ്യലക്ഷ്യമല്ലെന്ന് കരുതാം.

**മയൂരസന്ദേശം**

കേരളവർമ്മ വലിയകോയിത്തമ്പുരാൻ എഴുതിയ സന്ദേശകാവ്യമാണ് 'മയൂരസന്ദേശം'. 1894-ൽ ഭാഷാപോഷിണിയിലാണ് ആദ്യം പ്രസിദ്ധീകരിക്കുന്നത്. 48 ദിവസം കൊണ്ട് എഴുതി ത്തീർത്തതാണ് 'മയൂരസന്ദേശം'. കേരളവർമ്മയുടെ ജീവിതത്തിലെ സുപ്രധാനമായ ഒരു സംഭവം തന്നെയാണ് കാവ്യത്തിനാധാരം. പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയുടെ 'മാനദണ്ഡം' എന്ന പുസ്തകത്തിൽ മുണ്ടശ്ശേരി പറയുന്നു-'കാളിദാസകവിതയുടെ നേരെ വിപരീതപക്ഷത്തിൽ നിൽക്കുന്ന വെറും ഭാഷാപാണ്ഡിത്യത്തിന്റെ അരങ്ങേറ്റം മാത്രമാണ് മയൂരസന്ദേശകാരന്റെ കവിത' (മാനദണ്ഡം, പുറം 49).

**ഭൃംഗസന്ദേശം**

ആധുനിക മണിപ്രവാള കാലഘട്ടത്തിലെ ആദ്യസന്ദേശകാവ്യമാണ് 'ഭൃംഗസന്ദേശം'. ഈ കാവ്യം കവനോദയത്തിലാണ് ആദ്യം പ്രസിദ്ധീകരിച്ചത്. കടത്തനാട്ട് ഉദയവർമ്മ തമ്പുരാന്റെ നിർദ്ദേശപ്രകാരമാണ് പ്രഥമ പ്രസിദ്ധീകരണം. ഇതിന്റെ കർത്താവ് അപ്പാടൻ വീട്ടിൽ രാമനെഴുത്തച്ഛൻ എന്നൊരാളാണ്. ഒരു സ്വപ്നമാണ് കഥയ്ക്കാധാരം. നായികയെ വേർപെടുന്ന നായകൻ എങ്ങനെയോ ഗോകർണത്ത് എത്തിച്ചേരുന്നു. അവിടെ വച്ച് ഒരു ഭൃംഗത്തെ കണ്ടുമുട്ടുന്നു. തിരുവനന്തപുരത്തുള്ള, വിരഹദുഃഖമനുഭവിക്കുന്ന തന്റെ നായികയുടെ അടുത്ത് സന്ദേശവുമായി ചെന്ന് അവളെ ആശ്വസിപ്പിക്കണമെന്ന് ഭൃംഗത്തിനോട് ആവശ്യപ്പെടുന്നു. കാവ്യത്തിന്റെ രണ്ടാം ഭാഗം തിരുവനന്തപുരം വർണനയോടെ അവസാനിക്കുന്നു. മേഘസന്ദേശവും ശുകസന്ദേശവും വായിച്ചു പഠിച്ചുനേടിയ പ്രചോദനമാണ് ഭൃംഗസന്ദേശമെഴുതാൻ രാമനെഴുത്തച്ഛനെ പ്രേരിപ്പിച്ചതെന്ന് കരുതുന്നതിൽ തെറ്റില്ല. മേഘസന്ദേശത്തിന്റെയും ശുകസന്ദേശത്തിന്റെയും പ്രചോദനമാണ് 'ഭൃംഗസന്ദേശം'.

മേൽപ്പറഞ്ഞവ കൂടാതെ നിരവധി സന്ദേശകാവ്യങ്ങൾ മലയാളത്തിലുണ്ടായിട്ടുണ്ട്. മലയാളത്തിലുണ്ടായ ഏക ദാർശനിക സന്ദേശകാവ്യമാണ് ചോളായിൽ കൃഷ്ണൻ എളേടത്തു രചിച്ച 'ആത്മസന്ദേശം'. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ 'ഹംസസന്ദേശ'മാണ് മറ്റൊരു പ്രധാനകാവ്യം. മദിരാശിയിൽ ഉപരിപഠനം നടത്തുന്ന നായകൻ തൃശ്ശിവപേരൂരിലുള്ള തന്റെ നായികയ്ക്ക് ഹംസം വഴി സന്ദേശമയയ്ക്കുന്നതാണ് ഇതിലെ ഇതിവൃത്തം. മദിരാശിയിൽ



SGOU

നിന്നും ഹംസം തീവണ്ടി കയറി യാത്ര ചെയ്ത് പാലക്കാട് വഴി തൃശൂരെത്തണം. അത്രയുംവരെ പൂർവഭാഗമാണ്. ഉത്തരഭാഗം തൃശൂർ വർണനയാണ്. ശീവൊള്ളി നാരായണൻ നമ്പൂതിരി എഴുതിയ സന്ദേശകാവ്യമാണ് 'ദാത്യൂഹസന്ദേശം.' ഇതിലെ വിരഹവും മാർഗവർണനയും മറ്റും ആക്ഷേപഹാസ്യരീതിയിലാണ് ആവിഷ്കരിച്ചിട്ടുള്ളത്. ബീഭത്സരസവും ഇതിൽ കടന്നുവരുന്നു. കോയിപ്പള്ളി പരമേശ്വരക്കുറുപ്പിന്റെ 'വീരസന്ദേശത്തിൽ' കരുണമാണ് മുഖ്യരസം. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ 'കപോതസന്ദേശം', മൂലൂരിന്റെ 'കോകിലസന്ദേശം', സർദാർ കെ. എം. പണിക്കരുടെ 'ഭൂപസന്ദേശം', പി. ജി. രാമയ്യർ രചിച്ച 'വിപ്രസന്ദേശം', സഹോദരൻ അയ്യപ്പൻ എഴുതിയ 'റാണിസന്ദേശം', മൂർക്കോത്തു കുമാരൻ രചിച്ച 'മർക്കടസന്ദേശം' തുടങ്ങി ഇരുപത്തിയഞ്ചോളം സന്ദേശകാവ്യങ്ങളെപ്പറ്റി 'മലയാള സന്ദേശകാവ്യങ്ങൾ- ഒരു പഠനം' എന്ന പുസ്തകത്തിൽ പ്രസ്താവിക്കുന്നുണ്ട്. മലയാളത്തിലെ ശ്രദ്ധേയമായ സന്ദേശകാവ്യങ്ങൾ ഇവയൊക്കെത്തന്നെയാണ്.

ഉണ്ണുനീലിസന്ദേശത്തിനുള്ളിൽ നിന്നും കാലം നിർണയിക്കാൻ ലഭ്യമായ തെളിവുകൾ ചരിത്ര- ജ്യോതിഷസൂചനകൾ, നാടുവാഴികളുടെ ഭരണകാലം, ചില നഗരവർണനകളും നാണയങ്ങളും തുടങ്ങിയവയാണ്. മറ്റൊന്ന് 'ലീലാതിലക'ത്തിൽ ഈ കാവ്യത്തിലെ ഉത്തരഭാഗത്തിലെ 70-ാം ശ്ലോകം ഉദ്ധരിച്ചിട്ടുള്ളതിനാൽ സന്ദേശകാലം 'ലീലാതിലക'ത്തിനു മുമ്പാണെന്ന് സ്പഷ്ടമാകുന്നു. 'ലീലാതിലക'ത്തിന്റെ കാലം ക്രി.പി. 1385-നും 1400-നുമിടയിലെന്ന് തീരുമാനിക്കപ്പെട്ടിട്ടുണ്ടെന്ന് ചമ്പക്കുളം അപ്പുക്കുട്ടൻ നായർ പറയുന്നു (മലയാള സന്ദേശകാവ്യങ്ങൾ - ഒരു പഠനം. പുറം 99-100). ജ്യോതിഷത്തെ അടിസ്ഥാനമാക്കി കാലം നിർണയിക്കുവാൻ സഹായിക്കുന്ന രണ്ടു പദ്യങ്ങളാണ് പൂർവഭാഗത്തിലെ 35-ാം ശ്ലോകവും ഉത്തരഭാഗത്തിലെ 76-ാം ശ്ലോകവും. എൻ. ഗോപാലപിള്ളയും ശൂരനാട്ടു കുഞ്ഞൻപിള്ളയും ഒരേ കാലഗണനയോട് യോജിക്കുകയാണ്. മേല്പറഞ്ഞ അഭിപ്രായങ്ങൾ ക്രോഡീകരിച്ച് 'ഉണ്ണുനീലിസന്ദേശ'ത്തിന്റെ കാലം 14-ാം ശതകത്തിന്റെ മൂന്നാം പാദമാണെന്നുള്ള നിഗമനത്തിലെത്താം എന്നും മിക്ക ഗവേഷക പണ്ഡിതന്മാരുടെയും അഭിപ്രായം ഇതിനോടു അടുത്തുനിൽക്കുന്നു എന്നും ചമ്പക്കുളം അപ്പുക്കുട്ടൻ നായർ പ്രസ്താവിക്കുന്നു (മലയാളസന്ദേശകാവ്യങ്ങൾ - ഒരു പഠനം, പുറം 100). 'കൊല്ലം 525-നും 540-നുമിടയ്ക്കുള്ള കാലമാണ് സന്ദേശകാലമായി കല്പിക്കാവുന്നത്' എന്ന് ഇളംകുളവും പറയുന്നു (ഉണ്ണുനീലിസന്ദേശം ചരിത്രദൃഷ്ടിയിൽ). മലയാളത്തിലെ ആദ്യ സന്ദേശകാവ്യമിതാണ്. നായികാനാമം കാവ്യനാമമായി സ്വീകരിച്ചിട്ടുള്ള അപൂർവസന്ദേശകാവ്യം കൂടിയാണിത്. തിരുവനന്തപുരത്തു നിന്നും കടത്തുരുത്തി വരെയുള്ള മാർഗവർണനയിൽ കേരളത്തിന്റെ ഭൂമിശാസ്ത്രം ഏകദേശം വ്യക്തമാകുന്നു. ചരിത്രപ്രാധാന്യമുള്ള ഒരു കാവ്യമെന്ന നിലയിലും 'ഉണ്ണുനീലിസന്ദേശം' വിലയിരുത്തപ്പെടുന്നു. മുണ്ടയ്ക്കൽ സന്ദേശം ഒരു ഹാസ്യകവനമാണെന്ന മാരാരുടെ നിരീക്ഷണവുമുണ്ട്. കേരള സംസ്കാര ചരിത്രപഠനത്തിനുതകുന്ന ഒരു കാവ്യം കൂടിയാണിത്.

SGOU

## Keywords

സന്ദേശകാവ്യ നിർവചനം-സന്ദേശകാവ്യലക്ഷണം-സംസ്കൃതസന്ദേശകാവ്യങ്ങൾ-മേഘസന്ദേശം-തമിഴ് സന്ദേശകാവ്യങ്ങൾ-മലയാള സന്ദേശകാവ്യങ്ങൾ-കോകസന്ദേശം-മയൂരസന്ദേശം-ഭൃംഗസന്ദേശം-ഉണ്ണുനീലിസന്ദേശം-പത്മനാഭസ്തുതി-ചരിത്രപരമായ അറിവുകൾ

## Discussion

### 2.3.1 സന്ദേശകാവ്യ പ്രസ്ഥാനം

> ▶ സംസ്കൃതത്തിൽ നിന്നും മലയാളത്തിലേക്കുവന്ന പ്രസ്ഥാനം

ചമ്പുവെന്നപോലെ സംസ്കൃതത്തിൽ നിന്നും മലയാളത്തിലേക്കുവന്ന മറ്റൊരു പ്രസ്ഥാനമാണ് സന്ദേശകാവ്യം. കാളിദാസന്റെ 'മേഘസന്ദേശമാണ് എല്ലാ സന്ദേശകാവ്യങ്ങൾക്കും ആദ്യമാതൃക. എങ്കിലും ആ മാതൃകയ്ക്ക് കാലാന്തരത്തിൽ രൂപത്തിലും ഉള്ളടക്കത്തിലും ദേശകാലാനുസാരിയായ ചില മാറ്റങ്ങൾ ഉണ്ടാകാതിരുന്നില്ല. ആ മാറ്റങ്ങൾ അനുകരണീയമോ അഭിനന്ദനാർഹമോ ആയിരുന്നെന്നു പൂർണമായി പറയുവാൻ വയ്യ' എന്ന് ഡോ. ചമ്പക്കുളം അപ്പുക്കുട്ടൻ നായർ പ്രസ്താവിക്കുന്നു (മലയാള സന്ദേശകാവ്യങ്ങൾ ഒരു പഠനം, പുറം 10). സന്ദേശകാവ്യങ്ങൾക്ക് ആദ്യം ലക്ഷണം കല്പിച്ചത് ധർമ്മഗുപ്തനാണ്. 14-ാം നൂറ്റാണ്ടിലുണ്ടായ ലക്ഷ്മീദാസന്റെ 'ശുകസന്ദേശ'ത്തിന് തയ്യാറാക്കിയ 'വരവർണിനി' എന്ന വ്യാഖ്യാനത്തിലാണ് അദ്ദേഹം ഇത് വിശദീകരിക്കുന്നത്.

> ▶ രാമായണത്തിലെ ഹനുമദ്ദൂതും നൈഷധത്തിലെ ഹംസദൂതും

സന്ദേശകാവ്യങ്ങളിലെ അംഗിയായ രസം വിപ്രലംഭശൃംഗാരമാണ്. വിപ്രലംഭം രണ്ടുവിധമുണ്ട് - പൂർവം, ഉത്തരം. അതിൽ ഉത്തരഭാഗത്തിലെ വിപ്രലംഭത്തിനാണ് സന്ദേശകാവ്യങ്ങളിൽ കൂടുതൽ സ്ഥാനമുള്ളത്. ശൃംഗാരത്തെക്കൂടാതെ ഭക്തി, കരുണം, വാത്സല്യം, ബീഭത്സം എന്നീ രസങ്ങൾ കടന്നുവരുന്ന കാവ്യങ്ങളുമുണ്ട്. അപൂർവമായിട്ടെങ്കിലും ഭക്തിരസമുള്ള ആധ്യാത്മിക അടിത്തറയുള്ള സന്ദേശകാവ്യങ്ങളുമുണ്ട്. വൃത്തം മന്ദാക്രാന്തയാണ്. 'രാമായണ'ത്തിലും 'മഹാഭാരത'ത്തിലും നായികാനായകന്മാരുടെ വിരഹാവസ്ഥ വർണിക്കുന്നുണ്ട്. സന്ദേശകാവ്യത്തിന് പ്രേരണയായിത്തീർന്നത് രാമായണത്തിലെ ഹനുമദ്ദൂതും നൈഷധകാവ്യത്തിലെ ഹംസദൂതുമാണെന്ന് ചിലർ കരുതുന്നു. 'രാമായണത്തിലെയും നൈഷധത്തിലെയും സന്ദേശവാഹകൻമാർ സ്വത്വം വിട്ട് മനുഷ്യത്വം വരിക്കുകയാണ്' എന്ന് മുണ്ടശ്ശേരി പറയുന്നു. (മാനദണ്ഡം, സന്ദേശം അതൊന്നേയുള്ളൂ- പുറം 37).

സംസ്കൃതത്തിലും മറ്റ് ഇന്ത്യൻ ഭാഷകളിലും പിന്നീടുണ്ടായ സന്ദേശകാവ്യങ്ങൾക്കെല്ലാം മാതൃക കാളിദാസന്റെ 'മേഘസന്ദേശ'മാണ്. 'ഒരു സംഭവം-വിരഹം-ഒരുഭാവം-വിപ്രലംഭം, അതിന്റെ വികാസത്തിന്റെ അനുസ്യൂതി. ഇതാണ് സന്ദേശകാവ്യം. ഇക്കാര്യത്തിൽ ഇന്നത്തെ ഭാവഗീതത്തോടാണ് സന്ദേശകാവ്യത്തിന് സാദൃശ്യം' എന്ന് ചമ്പക്കുളം അപ്പുക്കുട്ടൻ നായർ നിരീക്ഷിക്കുന്നു (മലയാളസന്ദേശ കാവ്യങ്ങൾ ഒരു പഠനം, പുറം 7). 'മേഘദൂതം' ഒരാത്മവിലാപമാണെന്ന് മാരാരെ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം പറയുന്നുണ്ട്. 'ഒരു വിരഹിയുടെ കാമസന്തപ്തമായ ഹൃദയത്തിൽ നിന്ന് നീരാവിപോലെ തള്ളിപ്പൊങ്ങിയ ഭോഗചിന്തകൾ കാലാന്തരീക്ഷത്തിൽ ഘനീഭവിച്ചതാണ് ഇവിടുത്തെ മേഘം, സന്ദേശമെന്നത് അതിനുവരുത്തിയ രൂപരേഖയും' എന്നാണ് മാരാരുടെ അഭിപ്രായം. (മേഘസന്ദേശവ്യാഖ്യാനം, ഉപോദ്ഘാതം, പുറം 5). 'യക്ഷനും മേഘവും രണ്ടല്ല. ഒന്നു തന്നെ' എന്നും മാരാർ സമർഥിക്കുന്നു.

'കാമാർത്താ ഹി പ്രണയകൃപണാ
ശ്ചേതനാചേതനേഷു' (മേഘസന്ദേശം)

SGOU

▶ സന്ദേശകാവ്യങ്ങൾക്കെല്ലാം മാതൃക കാളിദാസന്റെ മേഘസന്ദേശമാണ്

കാമാർത്തനായ, വിരഹിയായ യക്ഷനെ സംബന്ധിച്ചിടത്തോളം തന്റെ മുമ്പിൽ കാണുന്ന ചേതനങ്ങളും അചേതനങ്ങളും ഒരുപോലെയാണ്. അയാളുടെ അപ്പോഴത്തെ കാമഭാവനയിൽ യാഥാർത്ഥ്യം മനസിലാക്കാൻ കൂട്ടാക്കുന്നില്ല. ജീവിതം ഉലയുകയും അലയുകയും വിവിധരൂപങ്ങൾ കൈക്കൊള്ളുകയും വിലയിക്കുകയും ചെയ്യുന്നതിന്റെ വൈചിത്ര്യഭാവങ്ങൾ മേഘസന്ദേശത്തിൽ ദർശിക്കാമെന്ന് പ്രൊഫ. എം.പി. ശങ്കുണ്ണിനായർ ചൂണ്ടിക്കാണിക്കുന്നു (ഛത്രവും ചാമരവും).

"സന്ദേശകാവ്യശാഖ ഒരു പ്രസ്ഥാനമായി വളരാൻ ആരംഭിക്കുന്നത് പതിനാലാം ശതകം മുതലാണ്. ഇതിനാരംഭം കുറിച്ചത് പൂർണസരസ്വതിയുടെ 'ഹംസസന്ദേശ'മാണ്. അതിലെ നായകൻ ശ്രീകൃഷ്ണനും നായിക കാഞ്ചീപുരത്തുകാരി ഒരു കന്യകയുമാണ്. 'മേഘസന്ദേശ'ത്തെയാണ് ഈ കവി മാതൃകയാക്കിയിരിക്കുന്നത്' എന്ന് ഡോ. ചമ്പക്കുളം അപ്പുക്കുട്ടൻ നായർ പറയുന്നു (മലയാള സന്ദേശകാവ്യങ്ങൾ - ഒരു പഠനം, പുറം 37-38). ഇന്ത്യയിൽ മാത്രമല്ല, ഫ്യൂഡൽ സാമൂഹികഘടനയുടെ ഭാഗമായി പടിഞ്ഞാറൻ നാടുകളിലും ഇത്തരം കവിതകൾ ഉണ്ടായിട്ടുണ്ട്. 'നമ്മുടെ ഈ മണിപ്രവാളകവിതകൾക്കു മധ്യകാല യൂറോപ്പിലെ ട്രുബഡോർ (Trubadoor) കവിതകളുമായി അടുത്ത സാദൃശ്യം കാണുന്നു, രൂപശില്പത്തിലും ഭാവശില്പത്തിലും' (അതേ പുസ്തകം, പുറം 87). 'പാശ്ചാത്യമണിപ്രവാളകവികൾ' എന്ന ലേഖനത്തിൽ ഡോ. പി. വി. വേലായുധൻപിള്ളയും ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട് (മലയാളരാജ്യം-1963). ട്രുബഡോർ കവിതകളിലെ മുഖ്യപ്രമേയം പ്രേമവും സ്ത്രീവർണനകളും സ്തുതികളുമാണ്.

▶ പടിഞ്ഞാറൻ നാടുകളിലും സന്ദേശകവിതകൾ ഉണ്ടായിട്ടുണ്ട്

## കാലം, കവി, ഇതിവൃത്തം

'ഉണ്ണിയച്ചീചരിതം' മുതൽ 'ചന്ദ്രോത്സവം' വരെ നീണ്ടുകിടക്കുന്ന മണിപ്രവാളമാലയുടെ മധ്യമമണി എന്നു പറയത്തക്കവണ്ണം വിശിഷ്ടമായ ഒരു കാവ്യമാണ് ഉണ്ണുനീലിസന്ദേശമെന്ന് ഇളംകുളം അഭിപ്രായപ്പെടുന്നു (അവതാരിക, പുറം 19). പൂർവസന്ദേശം, ഉത്തരസന്ദേശം എന്നിങ്ങനെ ഈ കാവ്യം രണ്ടായി വിഭജിച്ചിരിക്കുന്നു. അതിൽ പൂർവഭാഗം മാർഗവർണനയും ഉത്തരഭാഗം സന്ദേശവുമാണ്. പൂർവഭാഗത്തിൽ 136-ഉം ഉത്തരഭാഗത്തിൽ 101 ശ്ലോകങ്ങളുമാണുള്ളത്. സൂര്യൻ അസ്തമിക്കുമ്പോൾ സന്ദേശഹരൻ തിരുവനന്തപുരത്തുനിന്നും കടുത്തുരുത്തിയിൽ എത്തിച്ചേരുന്നതായി വർണിച്ചുകൊണ്ടാണ് പൂർവഭാഗം അവസാനിക്കുന്നത്.

'അംഭോരാശൗ തദനു പകലോനെന്റെപോലെ സഖേ നീ

മംഗല്യാബ്ജേ! വടമതിരയിൽ ചെന്റകം പൂക നിന്നെ' (ശ്ലോകം 136)

'കൊല്ലവർഷം 537-ാമാണ്ട് മേടമാസം ആറാം തീയതി വ്യാഴാഴ്ച മകയിരം നക്ഷത്രത്തിൽ യാത്രയാരംഭിക്കുന്ന ആദിത്യവർമ്മ മൂന്നാം ദിവസമായ പുണർതം നാളിൽ നായികാഗൃഹത്തിൽ എത്തിച്ചേരുന്നു' എന്നാണ് ചമ്പക്കുളം അപ്പുക്കുട്ടൻ നായർ ചൂണ്ടിക്കാട്ടുന്നത് (മലയാള സന്ദേശകാവ്യങ്ങൾ ഒരു പഠനം, പുറം. 98).

▶ മണിപ്രവാളമാലയുടെ മധ്യമമണി

SGOU

### ഇതിവൃത്തവിചാരം

കടുത്തുരുത്തിയിലെ നായികാഗൃഹത്തിൽ രാത്രിയുടെ മൂന്നാം യാമത്തിൽ നായകൻ സുരതകലഹവ്യാകുലയായ നായികയെ മാറിൽ കിടത്തി ഉറങ്ങുന്ന സമയത്ത്, കാമാതുരയായ ഒരു യക്ഷി നായകനെ അപഹരിച്ചുകൊണ്ടുപോകുന്നു. കുറെക്കഴിഞ്ഞ് നായകൻ ഉണരുകയും ഭയവും വിയോഗവും കൊണ്ട് നരസിംഹമന്ത്രം ജപിച്ച് യക്ഷിയിൽ നിന്ന് മോചിതനാകുന്നു. ആകാശമാർഗത്തിൽ നിന്ന് ഇളംകാറ്റിന്റെ കൈകളിൽ താങ്ങി തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിന്റെ സമീപം ഭൂമിയിൽ എത്തുന്നു. പെട്ടെന്ന് ശ്രീപത്മനാഭസ്തുതി കേട്ടു നിൽക്കുമ്പോൾ ഒരു മൃതസഞ്ജീവനിപോലെ ആദിത്യവർമ്മരാജാവ് അവിടെ എത്തിച്ചേരുന്നു. ആദിത്യവർമ്മയെക്കണ്ട് സന്തോഷവാനായ നായകൻ കുശലാന്വേഷണം നടത്തി തന്റെ ദുഃഖാവസ്ഥ അറിയിക്കുന്നു. കൂടാതെ തന്റെ നായികാഭവനം സ്ഥിതി ചെയ്യുന്ന കടത്തുരുത്തിവരെ ദൂതനായി പോകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

▶ ആദിത്യവർമ്മനെ ദൂതനാക്കുന്നു

## വിശദപഠനം

## ഉണ്ണുനീലിസന്ദേശം (പൂർവസന്ദേശം-30 പദ്യങ്ങൾ)

### വരികൾ

1. 'തണ്ടാർമാതാണ്ടഴകുപൊഴിയുംമിക്കമുണ്ടക്കൽമേവും
വണ്ടാർകോലക്കുഴലികൾശിഖാമുണ്ണുനീലീമുദാരാം
കൊണ്ടാടിപ്പുണ്ടരുണമണിവാ കൊണ്ടുകൊണ്ടാത്തരാഗം
പണ്ടേപ്പോലേ പരമനുഭവം കോപി കാമീ ജഗാമ'

### അർഥവിശദീകരണം

| | | |
|---|---|---|
| തണ്ടാർമാത് | = | ലക്ഷ്മീദേവി |
| മേവുക | = | വസിക്കുക |
| കുഴലി | = | തലമുടി |
| ആത്തരാഗം | = | വർധിച്ച അനുരാഗം |
| അരുണമണിവാ | = | പവിഴം പോലെയുള്ള അധരം |
| ജഗാമ | = | പ്രാപിച്ചു. |

### ആശയവിശദീകരണം

ശ്രീഭഗവതി നിരന്തരമായി നിവസിച്ചുകൊണ്ടിരിക്കയാൽ അടിക്കടി ഐശ്വര്യം വർധിച്ച ശ്രേഷ്ഠമായ മുണ്ടക്കൽ എന്ന ഭവനത്തിൽ വസിക്കുന്നവളും സുന്ദരികളിൽവെച്ച് ഒന്നാമത്തവളും ഔദാര്യമുള്ളവളും ആയ ഉണ്ണുനീലിയെ പൂർണമായ അനുരാഗത്തോടുകൂടി താലോലിച്ച് ആലിംഗനം ചെയ്തുകൊണ്ടും, അവളുടെ പവിഴം പോലുള്ള അധരങ്ങളെ വീണ്ടും വീണ്ടും ആസ്വദിച്ചുകൊണ്ടും മുൻകാലങ്ങളിലെന്ന പോലെയുള്ള ശ്രേഷ്ഠമായ സുഖാനുഭവത്തെ ഒരുകാമി പ്രാപിച്ചു.

▶ മുണ്ടയ്ക്കൽ ഭവന വർണ്ണന

വൃത്തം: മന്ദാക്രാന്താ.

ലക്ഷണം: മന്ദാക്രാന്താ മഭനതതഗം നാലുമാറേഴുമായ്ഗം.

SGOU

## വരികൾ

2. 'വക്ഷോദേശേ സുരതകലഹവ്യാകുലാം താം വഹന്തം
യക്ഷീകാചിൽ പുനരമുമുറങ്ങിന്റെനേരം നിനായ
ദക്ഷാചാലച്ചതിയിൽ മദനോന്മാദിനീ ദക്ഷിണാശാം
രക്ഷോരാജന്നിളയസഹജാ ലക്ഷ്മണം രാക്ഷസീവ'

## അർഥവിശദീകരണം

| | | |
|---|---|---|
| പക്ഷേ ദേശേ | = | മാറിടത്തിൽ |
| സുരതകലഹം | = | കാമക്രീഡ |
| വഹന്തം | = | വഹിക്കുന്നവൻ |
| ചാലെച്ചതി | = | തക്ക ചതി ചെയ്തു |
| ദക്ഷിണാരാം | = | തെക്കേദിക്ക് |

## ആശയവിശദീകരണം

കാമക്രീഡകൊണ്ട് തളർന്നിരിക്കുന്ന അവളെ മാറിടത്തിൽ വഹിച്ചു കൊണ്ടുകിടക്കുന്ന നായകനെ, ഉറങ്ങുന്ന തക്കംനോക്കി പതിവായിട്ട്, സമർഥയും, കാമവികാരങ്ങൾകൊണ്ട് ഉന്മത്തയുമായ ഒരു യക്ഷി, രാവണന്റെ സഹോദരിയായ ശൂർപ്പണഖ ലക്ഷ്മണനെയെന്നപോലെ തെക്കെദിക്കിലേക്ക് എടുത്തുകൊണ്ടുപോയി. ഈ ശ്ലോകത്തിൽ നായികാനായകന്മാരുടെ വിപ്രലംഭാവസ്ഥക്കു ഹേതുവായ കാരണങ്ങൾ പറയപ്പെട്ടിരിക്കുന്നു. മാറിടത്തിൽ നായികയെ വഹിച്ചുകിടന്നുറങ്ങുന്ന നായകനെ നായികയറിയാതെ യക്ഷി എടുത്തുകൊണ്ടുപോയി എന്നു പറഞ്ഞിട്ടുള്ളതിനാൽ ഈ വിപ്രലംഭം കൃത്രിമമാണെന്ന് വ്യക്തം. വിപ്രലംഭമെന്ന കാര്യം വിനോദപ്രധാനമായ ഈ കാവ്യത്തിലെ ഇതിവൃത്ത സ്വഭാവത്തിനു ചേർന്നവണ്ണമായിട്ടുണ്ട്. ലക്ഷ്മണനെ രാക്ഷസിയെന്ന പോലെ നായകനെ യക്ഷി എടുത്തുകൊണ്ടുപോയി എന്ന വാക്യത്തിൽ ഉപമാനോപമേയത്വം ഘടിപ്പിച്ചിട്ടുള്ളതിനാൽ അലങ്കാരം ഉപമ. രാമായണം കഥയിലെ ലക്ഷ്മണന്റേയും ശൂർപ്പണഖയുടേയും വൃത്താന്തം സൂചിപ്പിച്ചിട്ടുള്ളതിനാൽ ഉദാത്തവും വരും.

> ▶ നായികാനായകന്മാരുടെ വിപ്രലംഭാവസ്ഥക്കുള്ള കാരണങ്ങൾ

## വരികൾ

3. 'സ്യാനന്ദൂരേ ബതപുരവരേ ചെന്റനേരത്തുണർന്നാ
നാനന്ദത്തോടിഹ വിരഹിതോ വേറിരുന്നുണ്ണുനീലീം
ശോകോന്മാദം മനസികനമുണ്ടാകിലും മന്ത്രശക്ത്യാ
മുക്തോദൈവാൽ പുനരവളുടെ കൈയ്യിൽ നിന്റേഷകാമീ'

## അർഥവിശദീകരണം

| | | |
|---|---|---|
| സ്യാനന്ദൂരം | = | തിരുവനന്തപുരം |
| ഇഹ | = | ഇവിടെ |
| ശോകോന്മാദം | = | ദുഃഖം കൊണ്ടുള്ള മതിഭ്രമം |
| മുക്ത | = | മോചിതനായി |

▶ തിരുവനന്തപുര സൂചന

### ആശയവിശദീകരണം

(മുൻപദ്യത്തിൽ വിവരിച്ചവിധം) യക്ഷിയാൽ കൊണ്ടുപോകപ്പെട്ടവനായിട്ട് തിരുവനന്തപുരം പട്ടണത്തിന്റെ മുകളിൽ ചെന്നപ്പോൾ ആ കാമി സന്തോഷത്തോടുകൂടി ഉണർന്നു. അപ്പോൾ ഉണ്ണുനീലിയെ വേർപിരിഞ്ഞവനാണെന്നറിഞ്ഞ് വല്ലാതെ വ്യസനിക്കുകയും, മന്ത്രത്തിന്റെ ശക്തികൊണ്ട് അവളുടെ കൈയിൽ നിന്ന് രക്ഷപ്പെടുകയും ചെയ്തു.

### വരികൾ

4. 'അല്ലിത്താർമാതണയമരുവും പത്മനാഭന്നുപാന്തേ
മെല്ലെത്താണ്ണങ്ങവനവനിയിൽപ്പയ്യവേ ചെന്റിരിന്നാൻ
അല്ലൽപ്പെട്ടാൻ നിജസഹചരീം വേറിരുന്നേറ്റമേറ്റാൻ
മുല്ലപ്പൂവിൻ പരിമളമെഴും തെൻറൽ തീയ്യെന്റ പോലെ'

### അർഥവിശദീകരണം

| | | |
|---|---|---|
| അല്ലിത്താർമാത് | = | ലക്ഷ്മീദേവി |
| അണയെ മരുവും | = | സമീപത്തു വസിക്കുന്ന |
| അവനിയിൽ | = | ഭൂമിയിൽ |
| തീയെന്റ പോലെ | = | തീയ്യെന്ന വിധം |
| അല്ലൽ | = | ദുഃഖം |

▶ പത്മനാഭ സ്വാമി ക്ഷേത്രനടയിൽ വിരഹാവസ്ഥയിലിരിക്കുന്നു

### ആശയവിശദീകരണം

ലക്ഷ്മീദേവിയോടുകൂടി തിരുവനന്തപുരം ക്ഷേത്രത്തിൽ വസിക്കുന്ന പത്മനാഭസ്വാമിയുടെ സമീപത്തായി അദ്ദേഹം പതുക്കെപ്പതുക്കെ ഇറങ്ങിച്ചെന്നിരുന്നു. അപ്പോൾ പ്രിയസഹചാരിയെ വേർപിരിഞ്ഞതുകൊണ്ട് ഏറ്റവുമധികം ദുഃഖിക്കുകയും, മുല്ലപ്പൂവിന്റെ പരിമളമുള്ള കാറ്റിനെ തീയ്യെന്നവിധം ഏൽക്കുകയും ചെയ്തു. കാമോദ്ദീപനവിഭാവങ്ങളായ ഇളംകാറ്റും സൗരഭ്യവും അപ്പോൾ അദ്ദേഹത്തിന്റെ വിരഹവേദനയെ വർധിപ്പിച്ചു എന്ന് താത്പര്യം. തെന്നലിനെ തീയോട് സാദൃശ്യപ്പെടുത്തിപ്പറഞ്ഞിരിക്കയാൽ നാലാം പാദത്തിൽ അലങ്കാരം ഉപമ, മുല്ലപ്പൂവിന്റെ സൗരഭ്യമുള്ള കാറ്റ് തണുപ്പുള്ളതായിരിക്കണം. അങ്ങിനെയുള്ള കാറ്റ് ചൂടുള്ളതാണെന്ന് പറഞ്ഞിരിക്കയാൽ വിരോധാഭാസവും വരും.

### വരികൾ

5. 'അമ്മേ! ദേശം പുനരിവിടമേതേതുനാടെന്റുമെല്ലാം
ദിങ്മോഹാർത്തം പുനരവനുടെ ചിത്തമുന്മൂലയന്ത്യാ
നന്മക്കായ് നീ നിഖിലജഗതാം പത്മനാഭാ മുരാരേ,
ചിമ്മീടാതെ തിരുനയനമെന്റുദ്ഗതാ വന്ദിവാചഃ'

### അർഥവിശദീകരണം

| | | |
|---|---|---|
| ദേശം പുന: | = | ദേശമേതാണ് |
| ദിങ് മോഹാർത്തം | = | ദിഗ്ഭ്രമം കൊണ്ട് ആകുലമായ |
| ചിത്തം | = | മനസ് |
| തിരുനയനം ചിന്നീടാതെ | = | തൃക്കണ്ണ് അടയ്ക്കാതിരിക്കണമേ |
| വന്ദിവാചഃ | = | പള്ളിയുണർത്തുന്നവരുടെ വാക്കുകൾ |
| ഉദ്ഗതാ | = | ഉയർന്നു |
| നിഖിലജഗതാം | = | ലോകം മുഴുവൻ |

SGOU

> ▶ പത്മനാഭസ്വാമിയോട് പ്രാർത്ഥിക്കുന്നു

## ആശയവിശദീകരണം

"അയ്യോ! ഈ സ്ഥലമേതാണ്! ദേശമേതാണ്?" എന്നിങ്ങനെ ദിഗ്ഭ്രമം കൊണ്ട് അയാൾ ആകുലചിത്തനായിരിക്കെ, 'അല്ലയോ പത്മനാഭ, മുരാരേ, എല്ലാ ലോകങ്ങളുടേയും ലോകം മുഴുവനുള്ളവരുടെയും നന്മക്കുവേണ്ടി അങ്ങ് തൃക്കണ്ണ് തുറക്കേണമേ'' എന്നിങ്ങനെയുള്ള പള്ളിയുണർത്തുകാരുടെ വാക്കുകൾ ഉയർന്നു. (പള്ളിയുണർത്തുകാരുടെ വാക്കുകളിൽ നിന്ന് സംശയങ്ങളെല്ലാം തീർന്നു എന്നു താത്പ്പര്യം).

## വരികൾ

6. 'കാളംപോലെ കുസുമധനുഷോ ഹന്ത! പൂങ്കോഴി കൂകീ
ചോളംപോലെ ചിതറിവിളറീ താരകാണാം നികായം
താളംപോലെ പുലരിവനിതയ്ക്കാഗതൗ ചന്ദ്രസൂര്യൗ
നാളംപോലെ നളിനകുഹരാദുൽഗതാ ഭൃംഗരാജിഃ'

## അർഥവിശദീകരണം

| | | |
|---|---|---|
| കുസുമധനുഷൻ | = | കാമദേവൻ |
| കാളം | = | കാഹളം |
| താരകം | = | നക്ഷത്രം |
| നികായം | = | കൂട്ടം |
| പുലരിവനിത | = | പ്രഭാതലക്ഷ്മി |
| ആഗതൗ | = | വന്നുചേർന്നു |
| ഭൃംഗരാജി | = | വണ്ടിൻകൂട്ടം |
| ഉൽഗതാ | = | പുറത്തുവന്നു |
| നളിനകുഹരാത് | = | താമരപ്പൂവിനുള്ളിൽ നിന്ന് |

## ആശയവിശദീകരണം

> ▶ കവിയുടെ പ്രഭാതവർണന

ശബ്ദാർത്ഥപ്രയോഗത്തിലും അലങ്കാരസന്നിവേശത്തിലും ഭാവനാസമ്പന്നതയിലും അനിതരസാധാരണമായ വൈഭവം ഈ കവിയിൽ ദർശിക്കാം. ശബ്ദാലങ്കാരങ്ങളെ അപേക്ഷിച്ച് അർഥാലങ്കാരങ്ങൾ കുറവാണ്. കവിയുടെ പ്രഭാതവർണന നോക്കുക. ദിഗ്വിജയം കഴിഞ്ഞ കാമദേവന്റെ മടക്കയാത്രയെ വർണിക്കുന്നു. പുലരിവനിതയുടെ ആഗമനവും. കാമദേവന്റെ കാളംവിളിപോലെ പൂങ്കോഴികൾ കൂകി. ചിതറിയ ചോളപ്പൊരികൾ പോലെ നക്ഷത്രങ്ങൾ അവിടവിടെ പ്രകാശിക്കുന്നു. സൂര്യചന്ദ്രൻമാർ ഇരുവശങ്ങളിലായി പൊൻമയമായ ഇലത്താളംപോലെ വണ്ടുകൾ ഒന്നൊന്നായി ഉയർന്നുതുടങ്ങി. കോഴി കൂവുന്നതുമുതൽ നേരം വെളുക്കുന്നതുവരെയുള്ള കാഴ്ച പടിപടിയായി വർണിക്കുന്നത് ഏറെ കാവ്യാത്മകത ഉണർത്തുന്നതാണ്. കാമദേവന്റെ കാഹളമെന്നവിധം പൂവൻകോഴി കൂകി; നക്ഷത്രങ്ങൾ ചോളമലർപോലെ നിറംകെട്ട് ചിന്നിച്ചിതറിക്കിടക്കുന്നു; പ്രഭാതലക്ഷ്മിക്ക് കൊട്ടിപ്പാടുവാനുള്ള കുഴിത്താളങ്ങൾ എന്നപോലെ സൂര്യചന്ദ്രന്മാർ താഴ്ന്നും ഉയർന്നും വന്നുചേർന്നിരിക്കുന്നു; താമരപ്പൂവിന്റെ ഉള്ളിൽനിന്ന് വണ്ടുകൾ പുറത്തേക്ക് വന്നു. കോഴിയുടെ കൂകലിനെ കാഹളശബ്ദത്തോടും, നക്ഷത്രങ്ങളെ ചോളമലരിനോടും, സൂര്യചന്ദ്രന്മാരെ കുഴിത്താളത്തോടും, കൂട്ടമായി പുറത്തേക്കുവന്ന വണ്ടുകളെ കുഴലിനോടും, സാദൃശ്യപ്പെടുത്തിയിരിക്കയാൽ നാലുപാദങ്ങളിലും അലങ്കാരം-ഉത്പ്രേക്ഷ. ഉപമാനം വിശേഷണകല്പനയോടുകൂടിയതായതിനാൽ പോലെ ഉണ്ടെങ്കിലും ഉപമയല്ല.

SGOU

### വരികൾ

7\. 'നീലക്കുൻറിൻ മണിമകുടവദ്ദൃശ്യതേ ഭാനുബിംബം
ചാലത്താണു കടലിലണിവെണ്ടിങ്കൾ നാലൊൻറുപോരാ
കാലത്തെയ്തും വെയിലെറുകയിൽപ്പെട്ടുപാടിൻറതും കേൾ
വേലപ്പെണ്ണിൻ മുലയിലിതമുറ്റമ്പുമെൻ തമ്പിരാനെ'

### അർഥവിശദീകരണം

| | | |
|---|---|---|
| വേലപ്പെണ്ണ് | = | ലക്ഷ്മീദേവി |
| മണിമകുടം | = | രത്നകിരീടം |
| ഭാനുബിംബം | = | സൂര്യബിംബം |
| അണിവെണ്ടികൾ | = | മനോഹരനായ ചന്ദ്രൻ |
| നാലൊൻറു പോരാ | = | നാലിലൊരുഭാഗത്തിലധികം |
| എറുകയിൽപ്പെട്ട് | = | ശരീരത്തിൽ ഏറ്റ് |

### ആശയവിശദീകരണം

പൂർവദിക്കിലൊരു രത്നകിരീടം പോലെ സൂര്യബിംബം കാണപ്പെടുന്നു. മറുഭാഗത്ത് ചന്ദ്രബിംബം കാൽഭാഗത്തിലധികം കടലിൽ താണു കഴിഞ്ഞിരിക്കുന്നു. പ്രഭാതവെയിലേറ്റു കൊണ്ട് ഞങ്ങൾ പാടുകയാണ്. ലക്ഷ്മീദേവിയുടെ മാറിടത്തിൽ സന്തോഷത്തോടുകൂടി സുഖമായി ശയിക്കുന്ന, മരുവുന്ന അല്ലയോ ഭഗവാനേ, അങ്ങു കേൾക്കേണമേ. 6-ാം ശ്ലോകവും 7-ാം ശ്ലോകത്തിന്റെ പൂർവാർധവും പ്രഭാതപ്രകൃതിയെപ്പറ്റി ഗായകന്മാർ കീർത്തിക്കുന്ന വിധങ്ങളാണ്. നീലക്കുന്നിന് വെച്ച രത്ന കിരീടം പോലെയാണ് ഉദയാചലത്തിൽ കാണപ്പെടുന്ന സൂര്യബിംബമെന്ന് സാദൃശ്യം സങ്കൽപ്പിച്ചിട്ടുള്ളതിനാൽ അലങ്കാരം ഉപമ.

> ▶ പ്രഭാതപ്രകൃതിയെ ഗായകന്മാർ പ്രകീർത്തിക്കുന്നു

### വരികൾ

8\. 'എന്റെല്ലാം കേട്ടവനൊരുനുറുങ്ങാശ്വസിക്കിന്റ നേരം
കുന്റിച്ചെങ്ങും കുയിൽനിനദവും കൂവുമക്കാവുതോറും
ഒന്റിച്ചുച്ചൈരയുഗശരനൊട്ടാർത്തു വണ്ടിൻനിനാദൈ -
രെന്റല്ലപ്പോളൊരു പടുകൊലൈക്കാരി വന്നാൻ വസന്തം'

### അർഥവിശദീകരണം

| | | |
|---|---|---|
| കുറ്റിച്ച് | = | ധാരാളമായി |
| നിനദം | = | ശബ്ദം |
| അക്കാവുതോറും | = | ഉദ്യാനങ്ങളിൽ |
| അയുഗശരൻ | = | കാമദേവൻ |
| ഉച്ചൈ | = | ഉറക്കെ |

### ആശയവിശദീകരണം

മുൻപറഞ്ഞ സ്തുതിവചനങ്ങൾ കേട്ട് ദിഗ്ഭ്രമം തീർന്ന്, ആ വിരഹി അൽപം ആശ്വാസംകൊള്ളുന്ന സമയത്ത്, കുയിലുകൾ കൂകിക്കൊണ്ടിരിക്കുന്നതും, കൂകൂരവം പ്രതിധ്വനിക്കുന്നതും ആയ ഉദ്യാനത്തിൽ, ആ വക ശബ്ദങ്ങളോടിടകലർന്ന് വണ്ടുകളുടെ ഝംകാരനാദംകൊണ്ട്

> ▶ വസന്തകാലപ്രകൃതിയും കാമദേവനും വിരഹിയെ ഹിംസ ചെയ്യുന്നു

കാമൻ ആർത്തുവിളിച്ചു. തന്നെയുമല്ല, കാമികളെ കൃപയില്ലാതെ ഹിംസ ചെയ്യുന്ന വസന്തകാലം അപ്പോൾ അവിടെ വന്നുചേരുകയും ചെയ്തു. സ്ഥലനിർണയം വന്നതോടെ നായകനുണ്ടാകുന്ന സമാധാനത്തെ വസന്താഗമം കൊണ്ട് പരിഹരിച്ച്, ശോകത്തെ അതിന്റെ പരമകാഷ്ഠയിലെത്തിച്ച്, സന്ദേശനിർമ്മാണത്തിനുള്ള ഔചിത്യം കൂടുതൽ സ്പഷ്ടമാക്കുകയാണ് ഇവിടെ ചെയ്തിട്ടുള്ളത്. വണ്ടുകളുടെ ഝംകാരനാദത്താൽ കാമദേവൻ ആർത്തുവിളിച്ചു എന്നവാക്യത്തിൽ അലങ്കാരം ഗമ്യോൽപ്രേക്ഷ. വസന്തത്തെ കൊലക്കാരിയായി കൽപ്പിച്ച്, ഉപമാനോപമേയങ്ങൾക്ക് അഭേദം പറഞ്ഞിരിക്കയാൽ രൂപകവും.

### വരികൾ

9. 'തേന്മാവിന്മേൽ പരഭൃതകുലം, ഭൃംഗമാലാ പലാശേ,
മാരംകൂരമ്പുളചുഴലവും ചമ്പകക്കാവുതോറും,
തെന്റൽക്കന്റുണ്ടിനിയബകുളേ, കിംശുകേ കിം ശുകാളീ
നാളീകത്താർ നളിനിയിലവന്നെങ്ങുനോക്കാവുതന്റ്'

### അർഥവിശദീകരണം

| | | |
|---|---|---|
| പരഭൃതം | = | കുയിൽ |
| മാരൻ | = | കാമദേവൻ |
| കിംശുകേ | = | മുരുക്കുമരം |
| ശുകം | = | തത്ത |
| നിളിനി | = | പൊയ്ക |
| ഭൃംഗം | = | വണ്ട് |

### ആശയവിശദീകരണം

> ▶ കാമോദ്ദീപന വിഭാവങ്ങൾ വിരഹിയുടെ മനസിനെ പീഡിപ്പിച്ചു

9-ഉം 10-ഉം ശ്ലോകങ്ങളിൽ വസന്തത്തിന്റെ സംഹാരശക്തിയെ വെളിപ്പെടുത്തുന്നു. തളിർത്തുനിൽക്കുന്ന തേന്മാവിന്മേൽ കുയിലുകൾ, പിലാശുമരത്തിൽ വണ്ടുകൾ, നാലുപാടുമുള്ള ചമ്പകങ്ങളിൽ കാമന്റെ കൂർത്ത അമ്പുകൾ പോലുള്ള മൊട്ടുകൾ, ഇലഞ്ഞിയിൽ ഇളംകാറ്റ്, മുരുക്കുമരത്തിൽ തത്തകൾ, പൊയ്കയിൽ താമരപ്പൂക്കൾ, ആ വിരഹിക്ക് അന്ന് എവിടേക്കു നോക്കിയാലും സ്വാസ്ഥ്യം ലഭിക്കാതായി. ഇവിടെ വർണിച്ചിട്ടുള്ള വസ്തുക്കൾ എല്ലാം തന്നെ കാമോദ്ദീപന വിഭാവങ്ങളാകയാൽ വിരഹിയുടെ മനസിനെ അവ അത്യധികം പീഡിപ്പിച്ചു കൊണ്ടിരുന്നു എന്നു സാരം.

### വരികൾ

10. 'കോകശ്രേണീവിരഹനിഹിതം തീനുറുങ്ങെന്റപോലെ
തൂകിത്തൂകിത്തുഹിനകണികാം തൂർന്നപൂങ്കാവിലൂടേ
സ്തോകോന്മീലന്നളിനതെളിതേൻ കാളകൂടാംബുകോരി
ത്തേകിത്തോകപ്പവനവനെച്ചെന്റുകൊൻറാൻ തദാനീം'

### അർഥവിശദീകരണം

| | | |
|---|---|---|
| കോകശ്രേണി | = | ചക്രവാകക്കൂട്ടം |
| തീനുറുങ്ങ് | = | തീപ്പൊരികൾ |



SGOU

| | | |
|---|---|---|
| തുഹിന കണികാം | = | മഞ്ഞിൻതുള്ളികൾ |
| കാളകൂടാംബു | = | കാളകൂടവിഷത്തെ |
| തോകപ്പവനൻ | = | ഇളംകാറ്റ് |
| തദാനീം | = | അപ്പോൾ |

### ആശയവിശദീകരണം

ചക്രവാകപ്പക്ഷികളുടെ വിരഹാഗ്നിയിലുണ്ടായ തീപ്പൊരികളെന്ന പോലെയിരിക്കുന്ന മഞ്ഞുതുള്ളികൾ ധാരാളം തൂകിക്കൊണ്ട്, ഇട തൂർന്ന ഉദ്യാനത്തിൽ കൂടി, കുറച്ചുമാത്രം വിടർന്നിരിക്കുന്ന താമരപ്പൂക്ക ളിലെ ശുദ്ധമധുവാകുന്ന കാളകൂടവിഷത്തെ കോരിയൊഴിച്ചുകൊണ്ട് വന്നുചേരുന്ന ഇളംകാറ്റ് ആ സമയത്ത് ആ കാമിയെ കൊന്ന മട്ടാക്കി. വസന്തകാലത്തെ കൊലയാളിയായി കാണുന്നു. കാമദേവനും വണ്ടിൻ ചാർത്തുമെല്ലാം അയാളുടെ സഹായികളാണ്. മഞ്ഞുതുള്ളിയുടെ സ്പ ർശം കുളിർമ്മയ്ക്കും, ഉദ്യാനസഞ്ചാരം സുഗന്ധത്തിനും, തേനിന്റെ സമ്പർക്കം മാധുര്യത്തിനും കാരണമാകയാൽ ആ ഇളംകാറ്റ് സർവ്വേന്ദ്രി യങ്ങൾക്കും ആസ്വാദ്യമായിരിക്കണം. അതുകൊണ്ടു തന്നെയാണ് വി രഹി മിക്കവാറും മരിച്ചമട്ടായത്. മഞ്ഞുതുള്ളികളെ ചക്രവാകങ്ങളുടെ വിരഹത്തീപ്പൊരികളായി ആശങ്കപ്പെടുന്നിടത്ത് വിരോധാഭാസം. കാറ്റൂ തുമ്പോൾ ഇലകളിൽനിന്ന് ഇറ്റുവീഴുന്ന മഞ്ഞിൻ തുള്ളികൾ, ചക്രവാ കപ്പക്ഷികളുടെ വിരഹത്തിൽ നിന്നുണ്ടായ തീപ്പൊരികളാണോ എന്നു ഉൽപ്രേക്ഷിച്ചിട്ടുള്ളതിനാൽ പൂർവാധത്തിൽ അലങ്കാരം ഉൽപ്രേക്ഷ. നളിനത്തിന്റെ തെളിതേനിനെ കാളകൂടാംബുവാക്കി അഭേദം കൽപ്പിച്ചി ട്ടുള്ളിടത്ത് രൂപകം. വൃത്തം മന്ദാക്രാന്ത.

> ▶ വർണ്ണനകളിൽ വിരോധാഭാസം, ഉൽപ്രേക്ഷ, രൂപകം

### വരികൾ

11. 'സ്വസ്ഥാദേശാദിഷു ചലദൃശാം, മാരണേ വൈരിപുംസാം
ചിത്തോന്മേഷാദിഷു ച വിദുഷാം പാർക്കിൽനല്ലോരു മന്ത്രം
തൃപ്പാപ്പൂർമൂപ്പഴകുപൊഴിയും വീരനാതിച്ചവർമ്മൻ
മുൽപ്പാടുണ്ടാം വിരുതു സഹസാ തസ്യ മൃത്യുഞ്ജയോഭൂൽ'

### അർഥവിശദീകരണം

| | | |
|---|---|---|
| ചലദൃശാം | = | ചഞ്ചലാക്ഷിമാരുടെ |
| വൈരിപുംസാ | = | ശത്രുക്കളുടെ |
| മാരണേ | = | നിഗ്രഹത്തിലും |
| പാർക്കിൽ | = | ഓർത്തു നോക്കുക |
| സഹസാ | = | പെട്ടെന്ന് |
| തസ്യ | = | അവന് |
| മൃത്യുഞ്ജയൻ | = | മരണത്തെ ജയിക്കുന്നവൻ (ശിവൻ) |

### ആശയവിശദീകരണം

സുന്ദരിമാരുടെ കാമകല്പ്പന തുടങ്ങിയുള്ള കർമങ്ങളിലും, ശത്രു ക്കളുടെ സംഹാരത്തിലും, വിദ്വജ്ജനങ്ങളുടെ മനസിനെ സന്തോഷി പ്പിക്കുന്നതിലും, ഒരു സിദ്ധമന്ത്രം പോലെ അനുഭവപ്പെടുന്നവനും, തൃ

പ്പാപ്പൂർ സ്വരൂപത്തിലെ മൂപ്പുകൊണ്ടു ശോഭിക്കുന്നവനും, വീരനുമായ ആദിത്യവർമ്മരാജാവിന്റെ വരവു തൽക്ഷണം ആ വിരഹിയ്ക്ക് മൃത്യുവിനെ ജയിക്കത്തക്ക ശക്തിയുള്ളതാക്കിത്തീർന്നു. ആദിത്യവർമ്മയുടെ വരവ് വിരഹിക്ക് എങ്ങനെ മരണത്തെ ജയിക്കുന്നതായി എന്ന് വിശേഷണങ്ങൾക്കൊണ്ട് സമർഥിച്ചിരിക്കുന്നു. ഏതാദൃശഗുണവിശിഷ്ടനായ രാജാവിന്റെ ആഗമനം, വിരഹാർത്തിയാൽ മൃതപ്രായനായ നായകന് മൃത്യുവെ ജയിച്ച സാക്ഷാൽ ശിവന്റെ സന്ദർശനമെന്നപോലെ അളവറ്റ ആശ്വാസം പ്രദാനം ചെയ്തുവെന്ന് താൽപ്പര്യം. ആദിത്യവർമ്മയെ സന്ദേശഹരനാക്കി കല്പ്പിച്ചതിന്റെ ഔചിത്യം ഇവിടെ കവി വ്യക്തമാക്കിയിട്ടുണ്ട്. സുന്ദരിമാരുടെ കല്പ്പനകളിലും, വൈരികളുടെ മാരണത്തിലും വിദ്വാന്മാരുടെ ചിത്തോന്മേഷാദികളിലും അങ്ങു ഫലപ്രദമായൊരു ശക്തിയാണ് എന്ന് മൂന്നുകാര്യങ്ങൾക്കും ഏകക്രിയയിലന്വയം കൽപ്പിക്കയാൽ അലങ്കാരം ദീപകം. ഉത്തരാർദ്ധത്തിൽ തൃപ്പാപ്പൂർ മൂപ്പഴകുപൊഴിയും വീരൻ എന്നവാക്യം മൃത്യുഞ്ജയത്വത്തിന്നു ഹേതുവാകയാൽ കാവ്യലിംഗം.

- ആദിത്യവർമ്മയെ സന്ദേശഹരനാക്കി കല്പ്പിക്കുന്നു

### വരികൾ

12. 'കണ്ടാൻ കണ്ടിപ്പുരികുഴലിമാർ മാരനെപ്പിന്നെ മന്നം
കൊണ്ടാടാവാച്ചിലഗുണഗണം ചേർന്നപുണ്യാംബുരാശിം
തണ്ടാർമാതും കവിവനിതയും തണ്ടിയന്റ്റു പുൽകും
ചണ്ടാർവെന്റിക്കൊടിയെ വെടിയിന്റോർക്കുകൽപ്പാന്തവഹ്നിം'

### അർഥവിശദീകരണം

| | | |
|---|---|---|
| കണ്ടിപ്പുരിക്കുഴലി | = | കറുത്ത മുടിയുള്ള സുന്ദരി |
| അംബുരാശി | = | സമുദ്രം |
| തണ്ടാർമാത് | = | ലക്ഷ്മീദേവി |
| കവിവനിത | = | സരസ്വതി |
| തണ്ടി | = | അന്വേഷിക്കുക |
| കൽപ്പാന്തവഹ്നീം | = | പ്രളയകാലത്തെ അഗ്നിയും |
| ദാവാഗ്നി | = | കാട്ടുതീ |

### ആശയവിശദീകരണം

- ആദിത്യ വർമ്മന്റെ ഗുണഗണങ്ങൾ പുകഴ്ത്തുന്നു

നായകൻ പിന്നീട് സുന്ദരികൾക്ക് കാമനും, പുകഴ്ത്താനാവാത്ത ഗുണഗണങ്ങൾക്ക് സമുദ്രവും, ലക്ഷ്മീദേവിയും സരസ്വതീദേവിയും നിത്യേന അന്വേഷിച്ച് ചെന്ന് പുൽകുന്നവനും, ശത്രുക്കളോടേറ്റ് ജയം വരിക്കുന്നവനും, ഉപേക്ഷിച്ചകലുന്നവർക്ക് ദാവാഗ്നിയും ആയിട്ടുള്ള ആദിത്യവർമ്മയെ കണ്ടു. അലങ്കാരം രൂപകം.

### വരികൾ

13. 'നീർത്താനിന്ദൂപലമിവ, തെളിഞ്ഞാമ്പൽപോലെ ചിരിച്ചാ-
നാർത്താൻ വണ്ടിൻകുലമിവ, വളർന്നാൻ പയോരാശിപോലെ,
പീത്വാ രൂപാമൃതമിളകിനാനേഷചെർപ്പോത്തുപോലെ,
കൂഴ്ത്താൻകാമീ മദനനിവപോന്നാഗതേ വീരചന്ദ്രേ'

### അർഥവിശദീകരണം

| | | |
|---|---|---|
| പോന്നാഗതേ | = | വന്നു ചേർന്നപ്പോൾ |
| ഏഷ കാമി | = | ഈ കാമിയായിട്ടുള്ളവൻ |
| ഇന്ദുപലമിവ | = | ചന്ദ്രകാന്തക്കല്ലു പോലെ |
| ആർത്താർ | = | സന്തോഷാരവം |
| പയോരാശി | = | സമുദ്രം |
| മദനൻ | = | കാമദേവൻ |
| കൂഴ്ത്താൻ | = | ചാപല്യം കാണിച്ചു |

### ആശയവിശദീകരണം

▶ ആദിത്യവർമ്മയുടെ രൂപസൗന്ദര്യം വിരഹി ആസ്വദിക്കുന്നു

വീരചന്ദ്രനായ ആദിത്യവർമ്മൻ വന്നുചേർന്നപ്പോൾ ഈ വിരഹി, ചന്ദ്രദർശനത്തിൽ ചന്ദ്രകാന്തക്കല്ലെന്നവിധം അലിയുകയും, ആമ്പൽപ്പൂവെന്നവിധം ആഹ്ലാദിച്ചു ചിരിക്കുകയും, വണ്ടുകളെപ്പോലെ ഹർഷാരവം പുറപ്പെടുവിക്കുകയും, സമുദ്രത്തെപ്പോലെ തുടിക്കുകയും, കാമനെപ്പോലെ ആനന്ദചാപല്യങ്ങൾ കാട്ടുകയും ചെയ്തു. വീരനായ ചന്ദ്രൻ വന്നെത്തിയപ്പോൾ കാമി ചന്ദ്രകാന്തക്കല്ലുപോലെ ആർദ്രനായി. തെളിഞ്ഞ് ആമ്പൽ പോലെ ചിരിച്ചു. വണ്ടിൻനിര പോലെ ആർത്തു. സമുദ്രം പോലെ വളർന്നു. രൂപാമൃതം പാനം ചെയ്ത് ചകോരത്തെ പോലെ സന്തോഷിച്ചു. കാമനെപ്പോലെ ഇളകി മറിഞ്ഞു. അതുപോലെ ആദിത്യവർമ്മയുടെ രൂപസൗന്ദര്യം വിരഹി വേണ്ടുവോളം ആസ്വദിച്ചു. അദ്ദേഹത്തിന്റെ സാമീപ്യം ഉൽക്കടമായ ആനന്ദം കാമിയിലുളവാക്കി. ചന്ദ്രൻ ഉദിക്കുമ്പോൾ ചന്ദ്രകാന്തക്കല്ലിനും മറ്റും ഉണ്ടാകുന്ന ഭാവവ്യത്യാസങ്ങൾ ഇവിടെ വ്യക്തം. ചന്ദ്രോദയത്തിൽ രൂപമാറ്റം സംഭവിക്കുന്ന വസ്തുക്കളുടെ ധർമ്മം വിരഹാവസ്ഥയിലുള്ള നായകനിലും കല്പ്പിച്ചു സാദൃശ്യപ്പെടുത്തുകയാൽ അലങ്കാരം ഉപമ. വീരനാകുന്ന ചന്ദ്രൻ എന്നിടത്ത് രൂപകം. രൂപമാറ്റങ്ങൾ ശ്ലേഷം കൊണ്ട് ബന്ധിക്കുന്നതിനാൽ ശ്ലിഷ്ടോപമ.

### വരികൾ

14. 'താന്താനേവന്നയമുപഗതോ ദൈവയോഗാദിദാനീം
കാന്താചാന്താർമുലയിണപിരിഞ്ഞുള്ള താപം നിഹന്തും
ഞാന്താനെന്റ്ങ്ങവനുടനണഞ്ഞെത്തിനാനാത്തരാഗം
ചെന്താർമാതിൻ കുലനിലയമാം വീരവേണാടർകോനെ'

### അർഥവിശദീകരണം

| | | |
|---|---|---|
| ഇദാനീം | = | ഇപ്പോൾ |
| ദൈവയോഗാൽ | = | ദൈവഹിതമനുസരിച്ച് |
| ചാന്താർ | = | ചന്ദനച്ചാന്തണിഞ്ഞ |
| അണഞ്ഞെത്തിനാൽ | = | സമീപിച്ചു |

### ആശയവിശദീകരണം

പ്രിയതമയെ വേർപിരിഞ്ഞതുകൊണ്ട് തനിക്കുണ്ടായ ദുഃഖത്തെ തീർക്കുന്നതിനായി ഈശ്വരനിയോഗമനുസരിച്ച് വന്നുചേർന്നവനാണ് ഇദ്ദേഹം എന്നുകരുതി സമസ്തൈശ്വര്യസമ്പന്നനും വീരനും ആയ ആദിത്യ

> ▶ നായകൻ വൃത്താന്തങ്ങൾ ആദിത്യവർമ്മയെ അറിയിക്കുന്നു

വർമ്മയെ വിരഹി പെട്ടെന്ന് സമീപിച്ച് 'ഇത് ഞാൻ തന്നെയാണ്' എന്നു പറഞ്ഞ് അദ്ദേഹത്തെ പരിചയപ്പെടുത്തി. പൂർവാർധം കൊണ്ട് നായകൻ തന്റെ വൃത്താന്തങ്ങൾ ആദിത്യവർമ്മയെ അറിയിക്കുന്നതിലുള്ള അനൗചിത്യത്തെ പരിഹരിക്കുന്നു. ഞാൻ, താൻ എന്നിടത്ത് അവർ തമ്മിലുള്ള പൂർവപരിചയം വ്യംഗ്യം. അലങ്കാരം രൂപകം.

## വരികൾ

15. 'ആകൽപം വാണ്ണരുളു പകയർക്കന്തകാ ഹന്ത ഭൂമി
ക്കാകൽപം നീ മുഴുവർമണിയേ വാണിയും പൂവിൽമാതും
വീകിച്ചേവന്നഴകൊടുപുണർന്നീടുമാതിച്ചവർമ്മാ
മേഘത്തോടും കൊടയിലിടയിന്റോരു കല്യാണസിന്ധോ'

## അർഥവിശദീകരണം

| | | |
|---|---|---|
| പകയർ | = | ശത്രുക്കൾ |
| അന്തകൻ | = | കാലൻ |
| മുഴുവർമണി | = | സൂര്യദേവൻ |
| വാണി | = | സരസ്വതി |
| പൂവിൽ മാത് | = | ലക്ഷ്മിദേവി |
| കൊടയിൽ | = | ദാനത്തിൽ |
| കല്യാണസിന്ധോ | = | മംഗളസമുദ്രമേ |
| ആകൽപ്പം | = | കല്പാന്ത കാലം |

## ആശയവിശദീകരണം

> ▶ ആദിത്യവർമ്മൻ ഭൂമിക്കൊരലങ്കാരമാണ്

ശത്രുക്കൾക്ക് കാലനും, ഭൂമിക്ക് അലങ്കാരമായ സൂര്യദേവനും സരസ്വതിയും ലക്ഷ്മിയും മാറിമാറി വന്ന് ആശ്ലേഷിക്കുന്നവനും, ദാനത്തിൽ മേഘത്തെക്കൂടി ജയിക്കുന്നവനും, കല്യാണസമുദ്രവും ആയ അങ്ങ് കല്പ്പാന്തകാലത്തോളം ജീവിച്ചിരിക്കുക. എല്ലാവിധത്തിലും അങ്ങ് ഭൂമിക്കൊരലങ്കാരമാണ്. ആ സ്ഥിതിക്ക് കല്പ്പാന്തകാലത്തുകൂടി അങ്ങേക്ക് നാശം സംഭവിച്ചുകൂടാ. എന്നാൽ കാര്യമങ്ങനെയല്ലല്ലോ. പ്രളയത്തോടുകൂടി എല്ലാം നശിക്കുമെന്നാണ് സങ്കല്പ്പം. അതാണ് ഈ പദ്യത്തിലെ ഹന്തയുടെ പ്രയോജനം. ആദിത്യവർമ്മയെ, ശത്രുക്കൾക്കു കാലനായും, ഗുണപൂർത്തിയുള്ളവരിൽ രത്നമായും, മംഗളസമുദ്രമായും മറ്റും കല്പ്പിച്ചിട്ടുള്ളതുകൊണ്ട് അലങ്കാരം ഉല്ലേഖം.

## വരികൾ

16. 'എണ്ണിക്കൊള്ളാം പടയിലെഴുനള്ളത്തു കൊല്ലത്തുനിന്റോ
കണ്ണിൽക്കൂടാതടയരുടൽ കൂറാളി തോവാളനിന്റോ,
വർണിച്ചേറ്റം ഭുജഗശയനംകണ്ടു കൈകൂപ്പുവാനെൻ
പുണ്യത്തിന്റേ പെരുമ! നവരം നിൻവരത്തെന്റുമന്യേ'

## അർഥവിശദീകരണം

| | | |
|---|---|---|
| അടയരുടൽ | = | ശത്രുക്കളുടെ ദേഹം |
| കൂറാളി | = | പങ്കിടുന്നവൻ |

SGOU

| | | |
|---|---|---|
| നവരം | = | നിശ്ചയമായും |
| വർണിക്കുക | = | സ്തുതിക്കുക |
| മന്യേ | = | ഞാൻ വിചാരിക്കുന്നു |
| നിൻ വരത്ത് | = | അങ്ങയുടെ വരവ് |

### ആശയവിശദീകരണം

▶ തുലുക്കൻ പടയെക്കുറിച്ചുള്ള സൂചന

എണ്ണിക്കണക്കാക്കുവാൻ പ്രയാസപ്പെടുന്ന വിധത്തിലുള്ള ശത്രുക്കളുടെ ദേഹങ്ങളെ വെട്ടിനുറുക്കുന്നവനെ, പടയാളികളോടു കൂടിയുള്ള അങ്ങയുടെ എഴുന്നള്ളത്ത് കൊല്ലത്തുനിന്നോ, തോവാളയിൽനിന്നോ ആണെന്ന് ഞാൻ കരുതുന്നു. അനന്തപത്മനാഭസ്വാമിയെക്കണ്ട് തൊഴുവാനാണ് അങ്ങ് ഇപ്പോൾ ഇവിടെ വന്നുചേർന്നിട്ടുള്ളതെന്നും ഞാൻ വിചാരിക്കുന്നു. എല്ലാം എന്റെ ഭാഗ്യവിശേഷംതന്നെ. ഈ സന്ദേശമെഴുതിയ കാലത്ത് കൊല്ലത്തും, തോവാളയിലും ശത്രുഭീതിയുണ്ടായിരുന്നതായി ഈ പദ്യം സൂചിപ്പിക്കുന്നു. 21-ാം പദ്യത്തിൽ തുലുക്കൻപടയെക്കുറിച്ചു പറഞ്ഞിട്ടുള്ളതിനും ഇതിനും തമ്മിൽ ബന്ധമുണ്ട്.

### വരികൾ

17, 'ആറല്ലോ ചൊല്ലമരസരണൗ സംസ്കൃതപ്രാകൃതാനാം
മാറില്ലല്ലോ പുനരതിൽനിനക്കിന്റു മംഗല്യകീർത്തേ
ആറല്ലോമൂന്റവനിവിഷയേ ചേർന്നഭാഷാവിശേഷം
വേറല്ലേനീ പറകിലവയിറ്റിങ്കലും വീരമൗലേ'

### അർഥവിശദീകരണം

| | | |
|---|---|---|
| മംഗല്യകീർത്തി | = | നല്ല കീർത്തിയുള്ള |
| വീരമൗലേ | = | ധീരനായ, ശ്രേഷ്ഠനായ |
| അമരസരണൗ | = | ദേവമാർഗത്തിൽ (ദേവഭാഷ) |

### ആശയവിശദീകരണം

▶ ആദിത്യവർമ്മയുടെ യോഗ്യതകളെ വിവരിക്കുന്നു

ഇതു മുതൽ അഞ്ച് ശ്ലോകങ്ങൾകൊണ്ട് ആദിത്യവർമ്മയുടെ യോഗ്യതകളെ വിവരിക്കുന്നു. സംസ്കൃതവും പ്രാകൃതവും മറ്റുമായി ദേവഭാഷകൾക്ക് ആറുവിഭാഗങ്ങളളാണല്ലോ ഉള്ളത്. അവയിൽ അങ്ങേക്കെതിരാളിയില്ല. പിന്നെ ഭൂമിയിലുള്ളത് പതിനെട്ടുഭാഷകളാണ്; അവയിലും അങ്ങുമുമ്പൻ തന്നെ.

### വരികൾ

18. 'രാജ്യാനാമങ്ങിനിയപതിനെട്ടിന്നുമിന്റായുധാനാം
വിദ്യാനാഞ്ച ത്വമപി പെരുമാൾ വീരസംഗ്രാമധീര,
നാലിന്നുമ്മറ്ററുപതിനുമിന്റക്കലാ കൗശലാനാം
ഗ്രാമാണാഞ്ചാശ്രയമനുദിനം വാഴ്ത്തുവോരാപ്തബന്ധോ'

### അർഥവിശദീകരണം

| | | |
|---|---|---|
| സംഗ്രാമധീര | = | യുദ്ധത്തിൽ ധീരനായവനേ |
| പെരുമാൾ | = | പ്രഭു |
| ആപ്തബന്ധോ | = | വിശ്വസ്തബന്ധു |

## ആശയവിശദീകരണം

> ▶ ആദിത്യവർമ്മനെ ജനങ്ങൾ ഇടവിടാതെ പുകഴ്ത്തുന്നു

അല്ലയോ വീരസംഗ്രാമധീര, ജനങ്ങൾ ഇടവിടാതെ പുകഴ്ത്തിക്കൊണ്ടിരിക്കുന്നവനേ, അങ്ങു പതിനെട്ട് രാജ്യങ്ങൾക്കും, പതിനെട്ട് ആയുധങ്ങൾക്കും, പതിനെട്ട് വിദ്യകൾക്കും പ്രയോഗമുറകൾക്കും അറുപത്തിനാലു കലകൾക്കും, അറുപത്തിനാലു ഗ്രാമങ്ങൾക്കും ആശ്രയമാകുന്നു.

## വരികൾ

19: 'ശൗണ്ഡീ, വേണു, സ്തനി, ശബരികാ, ഷങ്കിതം, രാവണങ്കൈ,
സാരംഗം, നന്തുണി, നിറമെഴുന്തണ്ണി, വീണാ, പിനാകം
മറ്റും വാദ്യോൽക്കരമനുതരിക്കിന്റെ വാദ്യാമൃതം തേ
കേൾപ്പുണ്ടോ വന്നിളയിലമരാധീശ ഗന്ധർവസംഘാ'

## അർഥവിശദീകരണം

| | | |
|---|---|---|
| ശൗണ്ഡീപിനാകം | = | സംഗീതോപകരണങ്ങൾ |
| അനുതരിക്കിന്റെ | = | ഇടകലർന്നുള്ള |
| വാദ്യാമൃതം | = | വാദ്യാഘോഷം |
| അമരാധീശൻ | = | ഇന്ദ്രൻ |
| ഇള | = | ഭൂമി |

## ആശയവിശദീകരണം

> ▶ ദേവേന്ദ്രന്റെ സംഗീതസദസിനെ അതിശയിപ്പിക്കുന്നു

ശൗണ്ഡി, വേണു, സ്തനി എന്നു തുടങ്ങിയുള്ള വാദ്യസാമഗ്രികൾ ഇടകലർന്നുള്ള വാദ്യവിശേഷങ്ങൾ കേട്ടു പഠിച്ചിട്ടാണ് ദേവലോകത്തു ചെന്ന് പ്രയോഗിക്കാറുള്ളതെന്നും ദേവേന്ദ്രന്റെ സംഗീതസദസിനെ അതിശയിപ്പിക്കുന്നതാണ് ഇവിടുത്തെ സദസ്സെന്നും വ്യക്തം. ദേവേന്ദ്രനും പാട്ടുകാരായ ഗന്ധർവന്മാരും ഇവിടെ വന്ന് അങ്ങയുടെ വാദ്യമേളങ്ങൾ കേൾക്കാറുണ്ടോ? എന്ന് യോഗമില്ലാത്തിടത്ത് അതുണ്ടെന്ന് വിവക്ഷിച്ചിരിക്കയാൽ അലങ്കാരം സംബന്ധികാതിശയോക്തി.

SGOU

## വരികൾ

20. 'വട്ടത്തിൽച്ചേർന്നടയരുടലിൽച്ചേരുമച്ചോരിവെള്ളം
മുട്ടക്കോരിക്കഴുകുമെഴുപാറും കുടിക്കുംപ്രകാരം
വെട്ടിക്കീറിപ്പടയിലുടവാൾ കൊണ്ടു വേറിട്ടുകൂറി
ട്ടൊട്ടൊട്ടേടം നൃപ പറവരിന്നും വിരുന്നുണ്മതുണ്ടോ?'

## അർഥവിശദീകരണം

| | | |
|---|---|---|
| നൃപവരൻ | = | രാജശ്രേഷ്ഠൻ |
| അടയരുടലിൽ | = | ശത്രുക്കളിൽ |
| അച്ചോരി വെള്ളം | = | ആ ചോരയെ |
| എഴുപാറും | = | മറ്റു പക്ഷികൾ |
| ഒട്ടൊട്ടേടം | = | പലദിക്കിലുമായി |
| പറവർ | = | പക്ഷികൾ |

### ആശയവിശദീകരണം

> ▶ തുലുക്കൻ പടയുടെ നാശത്തെ അനുസ്മരിച്ചിരിക്കുന്നു

അല്ലയോ രാജശ്രേഷ്ഠ, ചുറ്റിലും നിറഞ്ഞുനിൽക്കുന്ന ശത്രുക്കളുടെ ദേഹത്തിലുള്ള ചുടുചോര കഴുകനും മറ്റും ധാരാളമായി പാനം ചെയ്യുന്നവിധം യുദ്ധത്തിൽ സ്വന്തം വാളുകൊണ്ട് വെട്ടിക്കീറി പല ഭാഗത്തുമായി കൂട്ടിയിരിക്കുന്നതിനെ പക്ഷികൾ ഇപ്പോഴും വന്ന് സദ്യയാക്കാറുണ്ടോ? ശത്രുക്കളെ ഒടുക്കുകയെന്ന കർമ്മം അവിച്ഛിന്നമായി നടക്കുന്നുണ്ടല്ലോ എന്നു താല്പര്യം. മുമ്പ് സൂചിപ്പിച്ച തുലുക്കൻപടയുടെ നാശത്തെയും ഇതിൽ അനുസ്മരിച്ചിരിക്കുന്നു.

### വരികൾ

21. 'വ്യായാമംകൊണ്ടഴകിലുദിതാമോദമുച്ചൈഃശ്രവാവി -
ന്നായാസം ചെയ്തമലതുരംഗം നീ കരേറും ദശായാം
പ്രാണാപായംകരുതിന തുലിക്കൻപടക്കോപ്പിനെണ്ണം
ചൊൽവുണ്ടല്ലോ സുരപരിഷദാമപ്പൊടിച്ചാർത്തുചെന്റ്'

### അർഥവിശദീകരണം

| | | |
|---|---|---|
| അഴകിലുദിതമോദം | = | വളരെ സന്തോഷത്തോടു കൂടി |
| അമലതുരഗം | = | വെള്ളക്കുതിരമേൽ |
| കരേറും ദശായാം | = | കയറുന്ന സമയത്ത് |
| പ്രാണാപായം | = | ജീവന് അപകടം |
| സുരപരിഷദാം | = | ദേവന്മാരോട് |

### ആശയവിശദീകരണം

> ▶ ആദിത്യവർമ്മയുടെ വെള്ളക്കുതിരയെ ഉച്ചൈശ്രവസ്സിനോടു സാമ്യപ്പെടുത്തുന്നു

നിത്യാഭ്യാസവശാൽ വന്നുകൂടിയിട്ടുള്ള സന്തോഷത്തോടുകൂടിയതും ഉച്ചൈശ്രവസെന്ന ഇന്ദ്രാശ്വത്തെക്കൂടി ജയിക്കുന്നതുമായ വെളളക്കുതിരയുടെ പുറത്ത് ആദിത്യവർമ്മ കയറുന്ന സമയത്ത് പ്രാണൻ ഉടൻ നഷ്ടപ്പെടും എന്നു ബോധ്യം വന്ന തുലിക്കൻ സൈന്യത്തിന്റെ എണ്ണം ഇത്രയാണെന്ന് ആ ദിക്കിലെ പൊടിപടലം ദേവന്മാരോടുചെന്ന് പറയാറുണ്ടല്ലൊ! അങ്ങു കുതിരപ്പുറത്തുകയറിയാൽ മതി; ശത്രുക്കൾ രക്ഷയില്ലെന്നുകരുതി ഓടുകയായി എന്നു താല്പര്യം. ആദിത്യവർമ്മയുടെ വെളളക്കുതിരയെ ഉച്ചൈശ്രവസ്സിനോടു സാദൃശ്യപ്പെടുത്തിയിരിക്കയാൽ അലങ്കാരം ഉപമ.

### വരികൾ

22: 'മുറ്റത്തല്ലോ നനു സുരപതേർന്നിൽപുതുക്കൽപവൃക്ഷം
മുറ്റിക്കേൾക്കും വരസുരഭിയും വാരുണീഹോമധേനു
ചെറ്റിക്കൂറില്ലറികിലളകേശന്നുമീശേ നിരാശേ
മുറ്റും നീയേവരിലുമിരവർക്കിന്റു കല്യാണമേഘം'

### അർഥവിശദീകരണം

| | | |
|---|---|---|
| മുറ്റിക്കേൾക്കും | = | സുപ്രസിദ്ധയായ |
| വരസുരഭി | = | ഉത്തമ കാമധേനു |

| | | |
|---|---|---|
| വാരുണീ ഹോമധേനു | = | വസിഷ്ഠന്റെ ഹോമപശു |
| അളകേശൻ | = | കുബേരൻ |
| മുറ്റും | = | പൂർണമായി |
| ഇരവർക്ക് | = | അർഥികൾക്ക് |
| കല്യാണമേഘം | = | മംഗളം വർഷിക്കുന്ന മേഘം |

### ആശയവിശദീകരണം

▶ ആദിത്യവർമ്മയുടെ ദാനമഹത്വം

ആവശ്യപ്പെടുന്നവർക്ക് എന്തും കൊടുക്കാൻ കഴിവുള്ള കല്പ്പവൃക്ഷം ദേവേന്ദ്രന്റെ മുറ്റത്താകയാൽ അതുകൊണ്ടുള്ള ഉപകാരം ആർക്കും സിദ്ധിക്കുന്നില്ല, പിന്നെ അതേ ശക്തിയുള്ളതെന്ന് കരുതപ്പെടുന്ന കാമധേനുവാണെങ്കിൽ, വസിഷ്ഠന്റെ ഹോമത്തിന് പാൽ നൽകുന്ന പശുവായിപ്പോയി. ധാരാളം നിധികളുടെ ഉടമസ്ഥനാണ് കുബേരൻ, അദ്ദേഹത്തിന് ആരോടുമില്ല വാത്സല്യം. ശിവൻ നിരാശനുമാണ്. എന്നാൽ അങ്ങാകട്ടെ ആവശ്യപ്പെടുന്നവർക്ക് അഭീഷ്ടമെന്നും വർഷിക്കുന്ന കല്യാണമേഘം തന്നെയാണ്. ഈ പദ്യത്തിൽ ആദിത്യവർമ്മയുടെ ദാനമഹത്വം വ്യക്തമാക്കിയിരിക്കുന്നു. അലങ്കാരം വ്യതിരേകം.

### വരികൾ

23, 'ഇത്ഥം നാനാ കുശലമവനോടാപ്തിപൂർവം വിചാരി
ച്ചാസ്ഥാ ലോകേ വിപുലമനസാ'മെന്റു മുൽപ്പെട്ടുകാട്ടി
പ്രാർത്ഥിച്ചാൻ തൻ കരുമമവനെ പ്രാർഥനീയാനുഭാവം
സ്വാർത്ഥം പ്രത്യർത്ഥികളിലെവിടെക്കാമുകാനാം വിവേകം.'

### അർഥവിശദീകരണം

| | | |
|---|---|---|
| ഇത്ഥം | = | ഇപ്രകാരം |
| നാനാ കുശലം | = | പലവർത്തമാനം |
| അപ്തിപൂർവം | = | വിശ്വാസത്തോടുകൂടി |
| വിപുലമാനസർ | = | വിശാലമനസ്കർ |
| തൻകരുമം | = | തനിക്കു വേണ്ടിയുള്ള കൃത്യം |
| അർത്ഥികൾ | = | യാചിക്കുന്നവർ |

### ആശയവിശദീകരണം

▶ കാമി തന്റെ ആവശ്യം രാജാവിനെ അറിയിച്ചു

'ഇപ്രകാരം പല കുശലപ്രശ്നങ്ങൾ സ്നേഹവിശ്വാസങ്ങളോടുകൂടി ചെയ്തതിനുശേഷം, വിശാലഹൃദയന്മാർക്ക് ലോകസ്നേഹമുണ്ടാകും' എന്ന ഒരു ചൊല്ല് എടുത്തു കാണിച്ച്, ആർക്കും അനുകമ്പ തോന്നും വിധമുള്ള തന്റെ ആവശ്യത്തെ അദ്ദേഹം രാജാവിനെ അറിയിച്ചു. അപേക്ഷിക്കുന്നവരിൽ, കാമുകന്മാരായിട്ടുള്ളവർക്ക് വിവേകമുണ്ടാകുന്നതെങ്ങനെ? വിരഹികളായ അർഥികൾ പ്രായേണ വിവേകരഹിതരായിരിക്കുമെന്നു സാരം. അത്രയും യോഗ്യതയുള്ള ഒരു രാജാവിനെ സന്ദേശഹരനാക്കുന്നതിലുള്ള ഔചിത്യഭംഗത്തെ കവി ഇവിടെ പരിഹരിച്ചിരിക്കുന്നു. അലങ്കാരം അർഥാന്തരന്യാസം.

## വരികൾ

24 'ആർത്തത്രാണപ്രവണ കരുണാവാരിധേ കാമുകാനാം
നേത്രശ്രേണീമധുപനളിനീം വേറിരുന്നുണ്ണുനീലീം
വാർത്തപ്പെട്ടേനിഹ വിരഹിണാം ഞാൻ തുലോമിന്റു പാർമേൽ
കീർത്തിപ്പാനൊന്റരുതതു ശരച്ചന്ദ്രികാ ചാരുകീർത്തേ'

## അർഥവിശദീകരണം

| | | |
|---|---|---|
| ആർത്തത്രാണപ്രവണ | = | ദുഃഖിതരെ രക്ഷിക്കുന്നതിൽ താൽപര്യമുള്ളവൻ |
| നേത്രശ്രേണി | = | കണ്ണുകളുടെ കൂട്ടം |
| മധുപനളിനി | = | വണ്ടുകളുടെ താമരപ്പൊയ്ക |
| പാർമേൽ | = | ഭൂമിയിൽ |
| വാർത്തപ്പെടുക | = | ദു:ഖിതനാകുക |
| ശരത്ചന്ദ്രിക | = | ശരത്കാല നിലാവ് |

## ആശയവിശദീകരണം

അടുത്ത 34 വരെയുള്ള പദ്യങ്ങൾകൊണ്ട് വിരഹി ആത്മവൃത്താന്തം സന്ദേശഹരനെ അറിയിക്കുന്നു. ദുഃഖിതന്മാരെ രക്ഷിക്കുന്നതിൽ അത്യാസക്തിയുള്ളവനും, കാരുണ്യസമുദ്രവുമായ അല്ലയോ മിത്രമേ, കാമുകന്മാരുടെ നേത്രങ്ങളാകുന്ന വണ്ടുകൾക്ക് താമരപ്പൊയ്കയായ ഉണ്ണുനീലിയെ വേർപിരിഞ്ഞതുകൊണ്ട് ഞാൻ ലോകത്തിലുള്ള വിരഹികളിൽ വെച്ച്, ഏറ്റവും ദുഃഖിതനായിത്തീർന്നിരിക്കുന്നു. ആ വ്യസനത്തെപ്പറ്റി വർണിക്കാൻ സാദ്ധ്യമല്ലതന്നെ. കാമുകന്മാരുടെ നേത്രശ്രേണികളാകുന്ന മധുപങ്ങൾക്ക് നളിനിയാണ് ഉണ്ണുനീലി എന്ന് അഭേദം കൽപ്പിച്ചിട്ടുള്ളിടത്ത് അലങ്കാരം രൂപകം.

- ▶ വിരഹി ആത്മവൃത്താന്തം സന്ദേശഹരനെ അറിയിക്കുന്നു

## വരികൾ

25. 'സിന്ധുദ്വീപെന്റൊരു പുരവരം ബിംബലീപാലകാനാം
കേൾപ്പുണ്ടല്ലോ ജഗതിവിദിതം മേദിനീസ്വർഗഖണ്ഡം.
തസ്മിൻമാരന്നിനിയപടവീടുണ്ടു മുണ്ടക്കലെമ്മോ –
രില്ലം മല്ലക്കുവലയദൃശാം പാരിലാരൂഢകീർത്തി.'

## അർഥവിശദീകരണം

| | | |
|---|---|---|
| ജഗത് | = | ലോകത്തിൽ |
| മോദിനീ സ്വർഗഖണ്ഡം | = | ഭൂമിയിലെ സ്വർഗഭാഗം |
| വിദിതം | = | അറിയപ്പെട്ടത് |
| ബിംബലീപാലകർ | = | വെമ്പല രാജാക്കന്മാർ |
| തസ്മിൻ | = | അതിൽ |
| മല്ലക്കു വലയദൃശാം | = | കരിംകൂവള കണ്ണുകൾ |
| ആരൂഢ കീർത്തി | = | കീർത്തി നേടിയ |
| മാരന്നിനിയ പടവീട് | = | കാമദേവൻ യോജിച്ച വീട് |
| സിന്ധു ദ്വീപം | = | കടത്തുരുത്തി |

### ആശയവിശദീകരണം

ലോകത്തിലെ സ്വർഗഖണ്ഡം എന്നു പ്രസിദ്ധവും വെമ്പലനാട്ടുരാജാക്കന്മാരുടെ വകയുമായ കടുത്തുരുത്തി എന്ന അതിവിശേഷമായ ഒരു നഗരമുള്ളത് അങ്ങ് അറിയുമല്ലോ. പ്രസിദ്ധവും കാമന്റെ പടവീടുമായിട്ട് മുണ്ടയ്ക്കൽ എന്ന് പറയുന്നൊരില്ലം ബിംബലീപാലകന്മാരുടെ മേദിനിസ്വർഗഖണ്ഡവുമായ സിന്ധുദ്വീപ് (കടത്തുരുത്തി) എന്ന പട്ടണം കേൾപ്പുണ്ടല്ലോ. ആ നഗരത്തിൽ, സുന്ദരികളെ സംബന്ധിച്ചിടത്തോളം ലോകപ്രസിദ്ധിയുള്ളതും കാമന്റെ പടവീടുതന്നെയുമായിട്ടുള്ള മുണ്ടക്കൽ എന്നു പേരായ ഒരു ഗൃഹമുണ്ട്. ഈ സന്ദേശം ഒരു യഥാർത്ഥ സംഭവത്തെ അടിസ്ഥാനമാക്കിയുള്ളതല്ല എന്ന ശങ്കയ്ക്ക് ഈ ശ്ലോകം ശക്തികൂട്ടുന്നുണ്ട്. സുന്ദരികളെ സംബന്ധിച്ച പ്രസിദ്ധി ഇതിന് ഒരു തെളിവുമാണ്. അഥവാ സന്ദേശം യഥാർത്ഥമാണെങ്കിൽ ഉണ്ണുനീലി നിശ്ചയമായും ഒരു കുലാംഗനയായിരിക്കാനിടയില്ല. തുടർന്നുള്ള പല ഭാഗങ്ങളും ഈ സംശയത്തെ ഉറപ്പിക്കുവാൻ പര്യാപ്തമായിട്ടുള്ളവയുമാണ്.

- ▶ പ്രസിദ്ധവും കാമന്റെ പടവീടുമായിട്ടുള്ള മുണ്ടയ്ക്കൽ ഭവനം

### വരികൾ

26. 'കാമോന്മാദാൽ കനിവൊടുചമഞ്ഞുർവശീ നിർവിശങ്കം
ഭൂമൗ ഭൂമീശ്വരനിൽ മരുവീടിന്റനാൾ വിക്രമാഖ്യേ
ഉണ്ടായീപോലഴകിലവൾ പാകത്തുനിന്റത്യുദാരം
തണ്ടാർമാതിൻ കുലനിലയമാം വംശമേതൽപൃഥിവ്യാം'

### അർഥവിശദീകരണം

| | | |
|---|---|---|
| ഉർവശി കാമോന്മാദാൽ | = | കാമവികാരത്തിനടിപ്പെട്ട് |
| നിർവിശങ്കം | = | സംശയം കൂടാതെ |
| ഭൂമൗ | = | ഭൂമിയിൽ |
| ആഖ്യ | = | പേര് |
| മരുവുക | = | വസിക്കുക |
| അത്യുദാരം | = | ഉൽകൃഷ്ടം |
| പൃഥിവ്യാം | = | ഭൂമിയിൽ |

### ആശയവിശദീകരണം

വിക്രമഭൂപതിയെക്കണ്ട് കാമപരവശയായ ഉർവശി ഭൂമിയിൽ വന്ന് അദ്ദേഹത്തോടുചേർന്ന് വസിച്ചകാലത്ത് അവളിൽനിന്ന് ആവിർഭവിച്ചതാണ് ഉണ്ണുനീലിയുടെ വംശം. ഉണ്ണുനീലി വാരനാരി ആകാനാണ് സാധ്യത. കാമന്റെ പടവീടാണെന്നു മുൻസൂചനയുമുണ്ട്.

- ▶ ഉണ്ണുനീലിയുടെ വംശസൂചന

### വരികൾ

27. 'തസ്മിൻവംശേ തരുണനയനങ്ങൾക്കുപിയൂഷധാരാ
താരുണ്യാനാം ജഗതി ജനനീ താർചരന്നസ്ത്രശാലാ
താരാർമാതിന്നഭിമതസഖീ താമ്രബിംബാധരോഷ്ഠീ
താരാനാഥപ്രതിഭടമുഖീ തിണ്ണമെന്നുണ്ണുനീലി'

### അർഥവിശദീകരണം

| | | |
|---|---|---|
| തരുണനയനങ്ങൾ | = | യുവാക്കളുടെ കണ്ണുകൾ |
| പീയൂഷധാര | = | അമൃതധാര |
| ജനനീ | = | ഉല്പത്തിസ്ഥാനം |
| താർചരൻ | = | പൂവമ്പൻ |
| അഭിമത സഖി | = | ഇഷ്ടതോഴി |
| താമ്രബിംബാധരം | = | ചുവന്ന ചുണ്ടുകൾ |
| തിണ്ണം | = | നിശ്ചയം |

### ആശയവിശദീകരണം

▶ ഉണ്ണുനീലിയുടെ സൗന്ദര്യാതിശയത്തെ വിവരിക്കുന്നു

ആ വംശത്തിൽപ്പെട്ടവളാണ് ഞാൻ. തരുണനയനങ്ങൾക്കു പീയൂഷധാരയും താരുണ്യവിലാസങ്ങൾക്ക് ജഗത്തിലെ വിളനിലവും കാമന്റെ ആയുധശാലയും ലക്ഷ്മീദേവിയുടെ ഇഷ്ടതോഴിയും തുടുത്ത തൊണ്ടി പ്പഴംപോലുള്ള അധരോഷ്ഠങ്ങളോടുകൂടിയവളും ചന്ദ്രനോടെതിരിടുന്ന മുഖകാന്തിയുള്ളവളുമായ ഉണ്ണുനീലി. ഈ പദ്യത്തിൽ ഉണ്ണുനീലിയുടെ സൗന്ദര്യാതിശയത്തെ വിവരിക്കുന്നു. ഉണ്ണുനീലിയെ പിയൂഷധാരയായും, താരുണ്യത്തിന്റെ ജനനിയായും, കാമന്റെ അസ്ത്രശാലയായും മറ്റും കൽപ്പിച്ചിട്ടുള്ളതിനാൽ അലങ്കാരം ഉല്ലേഖം.

### വരികൾ

28: 'ഞാനും തന്വീതിലകമവളും കൂടി വാടാതകാന്ത്യാ
കാമക്രീഡാചപലവപുഷൗ ചേർന്നുറങ്ങും ദശായാം
കല്യാണാംഗീ കഥമപിപിരിച്ചെങ്ങനേ ഞാനറിഞ്ഞീ
ലെന്നെക്കൈക്കൊണ്ടപഗതവതീ കാപിയക്ഷീനിശായാം'.

### അർഥവിശദീകരണം

| | | |
|---|---|---|
| തന്വീതിലകം | = | സുന്ദരിമാർക്ക് തൊടുകുറിയായവൾ |
| വാടാത കാന്ത്യാ | = | കുറവു കൂടാതെ |
| കാമക്രീഡാ ചപലവപുഷൗ | = | കാമക്രീഡ കൊണ്ട് പരവശമായ ശരീരം |
| കല്യാണാംഗി | = | സുന്ദരി |
| കാപിയക്ഷി | = | ഒരു യക്ഷി |
| അപഗതവതീ | = | കൊണ്ടുപോയി |

### ആശയവിശദീകരണം

▶ നായകൻ തന്റെ വിരഹ കാരണം വെളിവാക്കുന്നു

ഞാനും സ്ത്രീരത്നമായ ഉണ്ണുനീലിയും, കാമക്രീഡകൊണ്ട് തളർന്ന ശരീരത്തോടുകൂടിയവരായിട്ട് രാത്രിയിൽ ചേർന്നുകിടന്നുറങ്ങുന്ന നേരത്ത് ഒരു യക്ഷി ഞങ്ങളെ വേർപെടുത്തി എന്നെ എടുത്തു കൊണ്ടുപോയി. ഞാനീ കഥകളെന്നും അപ്പോളറിഞ്ഞതേയില്ല. ഈ ശ്ലോകത്തിൽ വിപ്രലംഭകാരണം പറയപ്പെട്ടിരിക്കുന്നു. തളർച്ചയോടുകൂടിയുള്ള ഉറക്കം 'എങ്ങിനേഞാനറിഞ്ഞീല' എന്ന ന്യായത്തിന്നുറപ്പു നൽകുന്നു. തന്നെയുമല്ല നായകൻ മറ്റുള്ളവരുടെ അനുകമ്പയ്ക്ക് വിഷയമായിത്തീരുകയും ചെയ്തിരിക്കുന്നു.



SGOU

## വരികൾ

29 'കാതത്തിന്മേലുപരി ഗഗനേ ചെന്റനേരത്തുണർന്നേ-
നാതപ്തോ ഞാനിഹവിരഹിതോ വേറിരുന്നുണ്ണുനീലിം
പേടിച്ചേറ്റം വിരവിൽ നരസിംഹാഖ്യമന്ത്രം ജപിച്ചേ-
നോടിപ്പോനാളവൾ മുറയുമിട്ടിങ്ങുകൈവിട്ടു നമ്മെ'

## അർഥവിശദീകരണം

| | | |
|---|---|---|
| ഗഗനം | = | ആകാശം |
| ഇഹവിരഹിത: | = | വിരഹ ദുഃഖമുള്ളവൻ |
| സന്തപ്ത: | = | ദുഃഖിക്കുന്നവൻ |
| മുറയിടുക | = | നിലവിളിക്കുക |

## ആശയവിശദീകരണം

ഒരു കാതത്തിലധികം ഉയരത്തിൽ യക്ഷി എന്നെ ആകാശമാർഗേ കൊണ്ടു പോകുമ്പോൾ ഞാൻ ഉണർന്നു. ഉണ്ണുനീലിയെ വേർപിരിഞ്ഞ തറിഞ്ഞ് അത്യന്തം ദുഃഖിച്ചു. പിന്നീട് ഏറ്റവും ഭയപ്പെട്ട് നരസിംഹമന്ത്രം ജപിച്ചപ്പോൾ യക്ഷി എന്നെ ഇവിടെ വിട്ടുകളഞ്ഞു നിലവിളിച്ച് ഓടിപ്പോയി. ഇങ്ങിനെ ഒരു സന്ദേശമയക്കേണ്ടിവന്നതിനുള്ള കാരണം 'കാതത്തിന്മേലുപരി' എന്ന പദപ്രയോഗം കൊണ്ടു കവി സാധിച്ചിരിക്കുന്നു. ഒരു കാതത്തിലധികം ഉയരത്തുനിന്നുള്ള പതനം അപായകരമാണെന്നതിനുപുറമെ വൃത്താന്തങ്ങൾ ഉണ്ണുനീലിക്കു അജ്ഞാതവുമായിരിക്കുന്നു എന്നതുകൊണ്ടുകൂടിയാണ് ഇങ്ങിനെ ഒരു സന്ദേശം വേണ്ടിവന്നതെന്ന് താൽപ്പര്യം.

▶ ഉണ്ണുനീലിയെ വേർപിരിഞ്ഞതറിഞ്ഞ് അത്യന്തം ദുഃഖിക്കുന്നു

## വരികൾ

30. 'താങ്ങിത്താങ്ങിത്തദനുമൃദുനാ മാരുതേനാനുയാതോ,
മന്ദംമന്ദം പുനരഹമിഹൈകത്ര ദൈവാനുഗുണ്യാൽ
സമ്മൂഢം മാമവിടമറിയിപ്പിച്ചിതംഭോജനാഭം
പാടിപ്പാടിപ്പുലരിപുകഴും ഗായകാനാം വചാംസി'

## അർഥവിശദീകരണം

| | | |
|---|---|---|
| തദനു | = | പിന്നീട് |
| അഹംപുന: | = | ഞാൻ |
| മൃദുമാരുതൻ | = | മന്ദമാരുതൻ |
| താങ്ങിതാങ്ങി | = | എടുക്കപ്പെട്ടവനായി |
| ഇഹ ഏകത്ര | = | ഇവിടെ ഒരിടത്ത് |
| അനുയാത: | = | കൊണ്ടുവന്നവനായി |
| സമ്മൂഢം | = | ദിക്കറിയാതെ |
| അംഭോജനാഭം | = | പത്മനാഭസ്വാമിയെ |
| ഗായകാനാം | = | സ്തുതിപാഠകരുടെ |
| വചാംസി | = | വാക്കുകളാൽ |

### ആശയവിശദീകരണം

അനന്തരം ഞാൻ ഇളംകാറ്റിനാൽ പതുക്കെപ്പതുക്കെ വഹിക്കപ്പെട്ടുകൊണ്ട് ഈശ്വരാധീനത്താൽ ഇവിടെ ഒരിടത്ത് വന്നുചേർന്നു. ദിഗ്ഭ്രമം സംഭവിച്ച ഞാൻ പത്മനാഭസ്വാമിയെ സ്തുതിച്ചുകൊണ്ട് പ്രഭാതത്തിൽ പാടുന്ന സ്തുതിപാഠകന്മാരുടെ പാട്ടു കേട്ടാണ് ഈ ദിക്കേതാണെന്ന് മനസിലാക്കിയത്. 'മൃദുനാ മാരുതേനാനുയാതഃ' എന്നു പറഞ്ഞിട്ടുള്ളതിനാൽ മുകളിൽനിന്ന് കീഴ്പ്പോട്ടുള്ള വീഴ്ചകൊണ്ട് സംഭവിച്ചേക്കാവുന്ന അപായശങ്ക പരിഹരിക്കപ്പെട്ടിരിക്കുന്നു. നായകനെ ദൈവാനുകൂല്യം കൊണ്ട് മൃദുവായ കാറ്റിനാൽ മെല്ലെ മെല്ലെ താങ്ങി താങ്ങി ഒരിടത്തു കൊണ്ടെത്തിക്കപ്പെട്ടു. ദിഗ്ഭ്രമത്താൽ അമ്പരന്നുനിന്ന സമയം ശ്രീപദ്മനാഭനെ പാടിപ്പാടി പുലരി പുകഴ്ത്തുന്ന ഗായകന്മാരിലൂടെ ആ സ്ഥലത്തെപ്പറ്റി അറിയുന്നു. ഇതിൽ താങ്ങി താങ്ങി എന്ന ആവർത്തനം കൊണ്ട് പതനത്തിന്റെ മന്ദഗതി മനോഹരമായി വർണിച്ചിരിക്കുന്നു. ശ്രീപത്മനാഭനെ സ്തുതിക്കുന്ന ഗായകന്മാരാണ് ഇതിൽ പരാമർശിക്കുന്നത്. മൂന്നുതരം സ്തുതികളാണ് മണിപ്രവാളത്തിൽ കാണുന്നതെന്ന് ഉള്ളൂർ നിരീക്ഷിക്കുന്നു-ദേവതാസ്തുതിപദ്ധതി, രാജപ്രശസ്തിപദ്ധതി, ശൃംഗാരപദ്ധതി എന്നിവ. ഇവിടെ ദേവതാസ്തുതി പദ്ധതിയിലാണ് ശ്രീപദ്മനാഭസ്തുതി അടങ്ങിയിട്ടുള്ളത്. രാജസ്തുതി മധ്യകാല സാഹിത്യത്തിൽ പൊതുവെ കാണുന്നതാണ്. അതിൻെറ ഭാഗം തന്നെയാണ് 'ഉണ്ണുനീലിസന്ദേശ'ത്തിലെയും തൃപ്പാപ്പൂർ മൂപ്പായ ആദിത്യവർമ്മയെപ്പറ്റിയുള്ള സ്തുതിയും. ശൃംഗാരപദ്ധതിയിൽ നായികാവർണനയും പ്രകീർത്തനവുമാണ് പ്രധാനം. ഉണ്ണുനീലിയെ വർണിക്കുന്നത് അതിന്റെ ഭാഗമായി കരുതാം. വർണനാചാതുരിക്ക് ഉദാഹരിക്കുന്നവയാണ് ശ്ലോകം 7, 8, 9, 10, 13, 21 തുടങ്ങിയവ.

> ▶ ശ്രീപദ്മനാഭനെ പാടിപ്പാടി പുലരി പുകഴ്ത്തുന്ന ഗായകന്മാർ

## കാവ്യാവലോകനം

14-ാം നൂറ്റാണ്ടിലെ കേരളത്തിന്റെ സാമൂഹിക സാംസ്കാരിക ചരിത്രം ഏകദേശം കൃതിയിൽ നിന്നും വായിച്ചെടുക്കാം 'ഉണ്ണുനീലിസന്ദേശം' മണിപ്രവാള സാഹിത്യത്തിനു മാത്രമല്ല, മണിപ്രവാളസംസ്കാരത്തിനും പ്രതിനിധീഭവിക്കുന്നു. ഈ കാവ്യത്തിലെ പ്രസ്താവനാശ്ലോകം തളിയിൽ ശിവനായതുകൊണ്ട് കവി വടക്കുംകൂർ രാജകുടുംബത്തിലെ ഒരംഗമാകാൻ സാംഗത്യമുണ്ടെ'ന്നും പറയപ്പെടുന്നു. 'അങ്ങാടിയിൽ വിൽക്കാൻ വച്ചിരിക്കുന്ന സാധനങ്ങളുടെ ലിസ്റ്റും കച്ചവടക്കാരുടെ 'ഭാഷാബന്ധങ്ങളും' ചേടിമാരുടെ കാര്യംപറച്ചിലും നായികാഗൃഹത്തിന്റെ കൂരകണക്കുകളും മറ്റും വിപ്രലംഭശൃംഗാരപ്രധാനമായ ഒരു സന്ദേശകാവ്യത്തിൽ കുത്തിതിരുകാൻ ഒരുമ്പെട്ടതു കവിയുടെ ഔചിത്യബോധത്തിന്റെ കുറവായിത്തന്നെ ഗണിക്കാം' എന്ന് ഇളംകുളം പറയുന്നുണ്ടെങ്കിലും അത്തരം അറിവുകൾ അക്കാലത്തെ മറ്റൊരു കൃതിയിൽ നിന്നും ലഭിക്കുന്നില്ല എന്ന കാര്യം വിസ്മരിച്ചുകൂടാ (ഉണ്ണുനീലിസന്ദേശം - അവതാരിക, പുറം. 31). മേൽപ്പറഞ്ഞ കവിയുടെ ഔചിത്യക്കുറവിനെ ഡോ. പി.വി. വേലായുധൻ പിള്ളയും ചൂണ്ടിക്കാട്ടുന്നുണ്ട്. കേരളീയത നിറഞ്ഞു നിൽക്കുന്ന ഒരു കാവ്യം കൂടിയാണ് 'ഉണ്ണുനീലിസന്ദേശം'. ശബ്ദാലങ്കാരങ്ങളിലും അർഥാലങ്കാരങ്ങളിലും പ്രാസഭംഗിയിലും കവി ഏറെ ശ്രദ്ധാലുവായിരുന്നു എന്ന് കാണാം. 'എല്ലാം കൊണ്ടും ഉണ്ണുനീലിസന്ദേശം യഥാർത്ഥ കവിത്വം തികഞ്ഞ കേരളകൃതികളിൽ മുന്നണിയിൽ തന്നെ. ഭാഷാസാഹിത്യമുള്ളടത്തോളം കാലം നിലനിൽ


SGOU

ക്കുന്ന അനർഘമായ നിധിയാണെന്നുള്ളതിൽ രണ്ടു പക്ഷമുണ്ടാകാൻ തരമില്ല' എന്നുള്ള പി. ശങ്കരൻ നമ്പ്യാരുടെ വിലയിരുത്തൽ ശ്രദ്ധേയമാണ് (മലയാളസാഹിത്യ ചരിത്രസംഗ്രഹം, പുറം 44). 'പ്രാചീന മധ്യകാല കൃതികളിലെ ചരിത്രസൂചനകളെ നേരെ ചരിത്രവസ്തുതകളായി പരാവർത്തനം ചെയ്യുകയായിരുന്നു ഇളംകുളം' എന്ന് ഡോ. ദിലീപ് കുമാർ കെ. വി. പറയുന്നു (അകക്കാഴ്ചകൾ-മണിപ്രവാളപഠനങ്ങൾ, പുറം 164). "അങ്ങനെ വരുമ്പോൾ സമൂഹചരിത്രം, മുമ്പുള്ള പലരും ധരിച്ചതുപോലെ നാടുവാഴികളുടെയും മാടമ്പിമാരുടെയും ജയപരാജയങ്ങളുടെയും മാത്രം ചരിത്രമല്ല, മറിച്ച് അവരെ താങ്ങി നിർത്തിയ ബഹുജനത്തിന്റെ കൂടിയായിത്തീരുന്നു' എന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു (അതേ പുസ്തകം, പുറം 228).

▶ കേരളീയത നിറഞ്ഞു നിൽക്കുന്ന ഒരു കാവ്യം

## Summarised Overview

കേരള ചരിത്രപാഠങ്ങൾ അടയാളപ്പെടുത്തുന്ന ഒരു കൃതിയെന്ന നിലയിൽ 'ഉണ്ണുനീലിസന്ദേശ'ത്തിന് ചരിത്ര സാംസ്കാരിക പ്രാധാന്യമുണ്ട്. 14-ാം നൂറ്റാണ്ടിലെ കേരളത്തിന്റെ സാമൂഹിക സാംസ്കാരിക ചരിത്രം ഏകദേശമായി ഈ കാവ്യത്തിൽ നിന്നും വായിച്ചെടുക്കാം. 'ഇത്ര കൃത്യമായും സത്യമായും ചരിത്രവസ്തുതകൾ ഉൾക്കൊള്ളുന്ന മറ്റൊരു കാവ്യം അക്കാലത്ത് ഉണ്ടായിട്ടുണ്ടെന്ന് തോന്നുന്നില്ല' എന്ന ചമ്പക്കുളം അപ്പുക്കുട്ടൻ നായരുടെ പ്രസ്താവന ഇതാണ് വ്യക്തമാക്കുന്നത് (മലയാള സന്ദേശകാവ്യങ്ങൾ ഒരു പഠനം, പുറം 116). 'ഉണ്ണുനീലിസന്ദേശം ചരിത്രദൃഷ്ടിയിൽ' എന്ന പ്രൊഫ. ഇളംകുളത്തിന്റെ പുസ്തകം മേൽപ്പറഞ്ഞ ചരിത്രപരമായ പ്രസക്തിയിലേക്കാണ് വായനക്കാരെ ആനയിക്കുന്നത്. തിരുവനന്തപുരം പത്മനാഭസ്വാമിക്ഷേത്രം മുതൽ കടന്തേരി വരെയുള്ള മാർഗവർണന കേവലം സന്ദേശഹരനുള്ള വഴി മാത്രമല്ല, അന്നത്തെ കേരളത്തിന്റെ ഭൂമിശാസ്ത്രം കൂടി വ്യക്തമാക്കുന്നതാണ്. അതാണ് ഈ കൃതിയുടെ ചരിത്രപ്രാധാന്യവും എന്ന് അദ്ദേഹം എടുത്തുപറയുന്നുണ്ട്. മാത്രമല്ല, 'ഉണ്ണുനീലിസന്ദേശം' ഇളംകുളത്തിന്റെ വ്യാഖ്യാനത്തിൽ സന്ദേശഹരൻ പോയ വഴിയും ഇപ്പോഴത്തെ റോഡുകളും റൂട്ട് മാപ്പ് പോലെ സ്കെച്ച് ചെയ്തിട്ടുണ്ട് (പുറം 36). മാർഗവർണനയിൽ 25 ക്ഷേത്രങ്ങളും മൂന്നു നടക്കാവും അഞ്ചു നദികളും അഞ്ചു ചന്തകളും ഒരു തുറമുഖവും ഒമ്പത് രാജാക്കന്മാരും പതിമൂന്ന് സുന്ദരികളും കടന്നുവരുന്നുണ്ട്. ഇതാകട്ടെ, മണിപ്രവാളകവിത കേവലം 'മഹിളാളി മഹാസ്പദ'മല്ല എന്ന് തെളിയിക്കുന്നതാണ്. കവിക്കു നന്നേ പരിചിതമായിരുന്ന ഫ്യൂഡൽ സാമൂഹിക വ്യവസ്ഥിതിയാണ് ഇവിടെ ചിത്രീകരിക്കപ്പെട്ടിരുന്നതെന്ന് കരുതുന്നതാണ് ഉത്തമം. വേണാട്ടുരാജാവിനെ ദൂതനാക്കിക്കൊണ്ട് ഒരു സന്ദേശകാവ്യം രചിക്കാനുള്ള തന്റേടവും മാന്യതയും പ്രകടിപ്പിച്ച കവിയാണ് അദ്ദേഹമെന്നും ചമ്പക്കുളം അപ്പുക്കുട്ടൻ നായർ ചൂണ്ടിക്കാട്ടുന്നു (മലയാള സന്ദേശകാവ്യങ്ങൾ ഒരു പഠനം, പുറം 102).

'ഉണ്ണുനീലിസന്ദേശം' ഇളംകുളം വ്യാഖ്യാനത്തിന്റെ 2016-ൽ പുറത്തിറങ്ങിയ പുതിയ പതിപ്പിൽ അനുബന്ധമായി ഡോ. കെ. വി. ദിലീപ്കുമാറിന്റെ ഒരു പഠനം കൂടി ചേർത്തിട്ടുണ്ട്. അതിൽ ഈ കാവ്യത്തിന്റെ സമഗ്രതലങ്ങളും പരിശോധിക്കുന്നു. ആ പഠനത്തിന്റെ ഉപസംഹാരത്തിൽ അദ്ദേഹം പറയുന്നു: 'ഏതാനും നാട്ടുനങ്ങകളുടെ അവയവവടിവുകളുടെ ഏണും കോണുമൊപ്പിച്ച വർണനകളോ രതികേളിവൈഭവത്തിന്റെ പരസ്യപ്പലകയോ അല്ല മണിപ്രവാളമെന്നു മനസിലാകും, അതിന് പക്ഷെ, കൃതികളെ സമഗ്രമായി കാണാൻ കഴിയണം. പഠനം പരാവർത്തനത്തിനു പുറത്തേയ്ക്കു കടന്നാൽ മലനാട്ടുസംസ്കൃതി തെറുത്തു തിടം വെച്ചുവരുന്ന കാഴ്ച കാണാം. പ്രാദേശിക സംസ്കാരത്തിന്റെയും ഭാഷയുടെയും ചിനപ്പു പൊട്ടുന്നതും വൈദ്യവും ജ്യോതിഷവും തച്ചുശാസ്ത്രവും നാട്ടുവഴികളിലേക്കു തിരിയുന്നതും കാണാം.

അതായത് ഉണ്ണുനീലിസന്ദേശം ഉണ്ണുനീലിക്കുള്ള സന്ദേശം മാത്രമല്ലെന്ന് ചുരുക്കം' (ഉണ്ണുനീലി സന്ദേശം- അനുബന്ധപഠനം). ഉണ്ണുനീലിസന്ദേശത്തിന്റെ ചരിത്ര, സാംസ്കാരിക പശ്ചാത്തലം അന്വേഷിക്കുന്നവർക്ക് മേൽപ്പറഞ്ഞ നിരീക്ഷണം ഏറെ പ്രസക്തമാണ്. ഇതിലെ സ്ഥല - മാർഗ വർണ്ണനകൾ ചരിത്രവും ഭൂമിശാസ്ത്രവും ജനസംസ്കാരവുമുൾക്കൊള്ളുന്നതാണ്. മണിപ്രവാള സന്ദേശകാവ്യങ്ങളുടെ പ്രധാനലക്ഷ്യം തന്നെ സന്ദേശഹരന്റെ യാത്രാവർണ്ണനയാണ്. സ്ഥല വർണ്ണനകൾ ചരിത്രപരവും ഭൂമിശാസ്ത്രപരവും സമൂഹ ജീവിതചിത്രണാത്മകവുമായ ഒട്ടേറെ അറിവുകൾ തരുന്നതായി എം. ലീലാവതിയും ചൂണ്ടിക്കാട്ടുന്നു (മലയാള കവിതാസാഹിത്യച രിത്രം, പുറം 51). മണിപ്രവാളത്തിന്നപ്പുറത്ത് കൂടുതൽ പ്രാദേശികതയിലേക്ക് കേന്ദ്രീകരിക്കുന്ന പാട്ടുകൃതികളും നാട്ടിൻപുറങ്ങളെ പുകഴ്ത്തുന്നുണ്ട്. പാട്ടുകൃതികളിലൊന്നായ 'തിരുനിഴൽമാ ലയിൽ' ആറന്മുളഗ്രാമത്തെ വർണിക്കുന്നുണ്ട്.

കവിയെപ്പറ്റിയോ നായകനെപ്പറ്റിയോ യാതൊന്നും അറിയാൻ നിവൃത്തിയില്ല. രണ്ടും ഒരാൾ തന്നെയാകാമെന്ന് ഉള്ളൂർ കരുതുന്നു. നായികയും നായകനും മാത്രമറിയാവുന്ന ദാമ്പത്യജീ വിതരഹസ്യങ്ങൾ അടയാളവാക്യത്തിൽ ഉൾപ്പെട്ടിരിക്കുന്നതു കൊണ്ട് കവിയും നായകനും ഒരാൾ തന്നെ എന്നാണ് അദ്ദേഹത്തിന്റെ വാദം. എന്നാൽ നായിക ദേവദാസിയായതുകൊ ണ്ടു നായകൻ കേവലം സങ്കല്പകഥാപാത്രമാകാനാണ് കൂടുതൽ ന്യായമെന്ന് ഇളംകുളം ചൂണ്ടിക്കാട്ടുന്നു. 'പൂണാരം മണികണ്ഠവെൺപല മഹീപാലൈകചൂഡാമണേ' എന്നതാണ് ഉണ്ണുനീലിയുടെ പ്രശസ്തി. മണികണ്ഠന്റെ പൂണാരം എന്നു പറഞ്ഞിട്ടുള്ളതിനാൽ വടക്കും കൂർ രാജാവിന്റെ സ്നേഹഭാജനമായിരുന്നുവെന്നു മനസിലാക്കാമെന്ന് ഇളംകുളം പറയുന്നു. ഈ സന്ദേശകാവ്യത്തിന്റെ കർത്താവ് ആരെന്ന് ഇതുവരെ തീരുമാനിക്കപ്പെട്ടിട്ടില്ല എന്നാണ് ഡോ. ചമ്പക്കുളം അപ്പുക്കുട്ടൻനായർ പറയുന്നത്. കവിയെക്കുറിച്ച് കാവ്യത്തിൽ നിന്നും മന സിലാക്കുന്ന കാര്യങ്ങൾ അദ്ദേഹം പറയുന്നതിങ്ങനെ: 'ബഹുഭാഷാപണ്ഡിതനും സംഗീതാദി കലകളിൽ നിപുണനുമായിരുന്നു. ജ്യോതിഷത്തിൽ അവഗാഹമുള്ള വ്യക്തിയായിരുന്നു. കേ രളത്തിന്റെ ഭൂമിശാസ്ത്രവും രാജ്യചരിത്രവും അദ്ദേഹത്തിനു സുപരിചിതമായിരുന്നു. രാജകു ടുംബാംഗങ്ങളും ദേവദാസി കുടുംബങ്ങളുമായും അടുത്ത ബന്ധമുണ്ടായിരുന്നു. മാത്രമല്ല ഒരു വേണാട്ടുരാജാവിനെ ദൂതനാക്കിക്കൊണ്ട് ഒരു സന്ദേശകാവ്യം രചിക്കാനുള്ള തന്റേടവും മാന്യ തയും പ്രകടിപ്പിച്ച കവിയായിരുന്നു. തിരുവിതാംകൂർ, തൃപ്പാപ്പൂർ മൂപ്പനായ ആദിത്യവർമ്മയാണ് സന്ദേശഹരൻ, കാവ്യത്തിന്റെ ആദ്യഭാഗത്ത് കാണുന്ന ശ്രീപദ്മനാഭസ്വാമി ക്ഷേത്രവർണ്ണനയും രാജാവിനോടുള്ള സ്തുതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതിനാൽ നായികാപ്രകീർത്ത നവും രാജസ്തുതിയും അർഥയശോലാഭവും മറ്റുമായിരുന്നു കവിയുടെ ലക്ഷ്യമെന്ന് കരുതുന്ന തിൽ തെറ്റില്ലെ'ന്നും ചമ്പക്കുളം വിലയിരുത്തുന്നു.

'ഇതി മുണ്ടെക്കൽ സന്ദേശഃ സമാപതഃ ശുഭമസ്തുഃ!' എന്ന് പറഞ്ഞുകൊണ്ടാണ് ഉണ്ണുനീലി സന്ദേശം സമാപിക്കുന്നത്. നായികയുടെ വംശവും വീടും നാടും വ്യക്തമാക്കുന്നു. ലോകപ്രസി ദ്ധവും കാമന്റെ പടവീടുമായിട്ട് മുണ്ടയ്ക്കൽ എന്ന് പറയുന്നൊരില്ലം ബിംബലീപാലകന്മാരുടെ മേദിനിസർഗഖണ്ഡവുമായ സിന്ധുദ്വീപ് (കടത്തുരുത്തി) എന്ന പട്ടണം കേൾപ്പുണ്ടല്ലോ. തുടർ ന്നുള്ള ശ്ലോകത്തിൽ ഉണ്ണുനീലിയുടെ വംശത്തെപ്പറ്റി പറയുന്നു. 'സ്വർവേശ്യയായ ഉർവശിയുടെ വംശത്തിൽ ഉത്ഭവിച്ച് കാമന്റെ പടവീടായ മുണ്ടയ്ക്കൽ ഭവനത്തിൽ പൂവമ്പനെ പരദേവതയാ യി പൂജിക്കുന്നവളാണ് കടത്തുരുത്തിക്കാരിയായ ഉണ്ണുനിലി, ഇത് അവൾ ദേവദാസിയായിരു ന്നു എന്ന് തെളിയിക്കുന്നു' എന്ന് എൻ. കൃഷ്ണപിള്ള അഭിപ്രായപ്പെടുന്നത് അർഥവത്താകു ന്നു (കൈരളിയുടെ കഥ, പുറം 71-72). നായികയുടെ പേര് ഗ്രന്ഥനാമമായി നൽകിയിട്ടുള്ള ഒരു കാവ്യമാണ് 'ഉണ്ണുനീലിസന്ദേശം' എന്ന പ്രത്യേകതയും ഇതിനുണ്ട്. 'രസികരഞ്ജിനി'ക്കാർ ഉണ്ണുനീലിസന്ദേശം എന്നാണ് നാമകരണം ചെയ്തതെങ്കിലും കാവ്യാവസാനത്തിൽ 'മുണ്ടയ് ക്കൽ സന്ദേശം സമാപ്തം' എന്നാണ് കാണുന്നത്. ഇക്കാര്യം ശൂരനാട്ടു കുഞ്ഞൻപിള്ള അദ്ദേ ഹത്തിന്റെ വ്യാഖ്യാനത്തിൽ എടുത്തുപറഞ്ഞിട്ടുണ്ട്. അതുകൊണ്ടാകാം കുട്ടികൃഷ്ണമാരാർ 'മുണ്ടയ്ക്കൽ സന്ദേശം ഒരു മുഴുത്ത ചിരി' എന്ന തലക്കെട്ടിൽ ലേഖനമെഴുതിയത്.

# Assignments

1. ഉണ്ണുനീലിസന്ദേശത്തിന്റെ ആദ്യഭാഗത്തു കാണുന്ന പദ്മനാഭസ്തുതിയുടെ സാംഗത്യം പരിശോധിക്കുക
2. ഉണ്ണുനീലിസന്ദേശത്തിൽ നിന്നു ലഭിക്കുന്ന ചരിത്രപരമായ അറിവുകൾ എന്തെല്ലാമെന്ന് വിശദീകരിക്കുക.
3. ഉണ്ണുനീലിസന്ദേശത്തിലെ നായികയെപ്പറ്റി കാവ്യത്തിൽ നിന്നും ലഭിക്കുന്ന വിവരങ്ങളെപ്പറ്റി വിവരിക്കുക.
4. 'മണിപ്രവാളമാലയുടെ മധ്യമമണി' ആണ് ഉണ്ണിനീലിസന്ദേശം എന്ന അഭിപ്രായം പരിശോധിക്കുക.
5. സന്ദേശഹരനെ സംബന്ധിച്ച വ്യത്യസ്തമതങ്ങൾ പരിശോധിക്കുക.
6. കവിയും നായകനും ഒരാളാണെന്ന വിലയിരുത്തലിന്റെ സാംഗത്യം പരിശോധിക്കുക.
7. സന്ദേശകാവ്യലക്ഷണങ്ങൾ ഉണ്ണുനീലിസന്ദേശത്തിൽ എത്രത്തോളം പാലിക്കപ്പെടുന്നുണ്ട്. ചർച്ച ചെയ്യുക.
8. 'മുണ്ടയ്ക്കൽ സന്ദേശം ഒരു മുഴുത്ത ചിരി' എന്ന മാരാരുടെ അഭിപ്രായം വിമർശനബുദ്ധ്യാ വിലയിരുത്തുക.
9. ഉണ്ണുനീലിസന്ദേശത്തിലെ അങ്ങാടിവർണനകളുടെ പ്രസക്തി ചർച്ച ചെയ്യുക
10. സന്ദേശകാവ്യനായികമാരും ദേവദാസിപാരമ്പര്യവും -ചർച്ച ചെയ്യുക.
11. സന്ദേശകാവ്യങ്ങളുടെ ലക്ഷണങ്ങൾ ഏവ? സന്ദേശകാവ്യങ്ങളുടെ ആദ്യ മാതൃകകൾ വിലയിരുത്തുക.
12. മലയാള സന്ദേശകാവ്യങ്ങളെപ്പറ്റി ഉപന്യാസം തയ്യാറാക്കുക.
13. 'സന്ദേശം അതൊന്നേയുള്ളൂ' എന്ന മുണ്ടശ്ശേരിയുടെ പ്രസ്താവന വിമർശനബുദ്ധ്യാ സമീപിക്കുക.
14. മലയാളത്തിലെ ആദ്യ സന്ദേശകാവ്യമെന്ന നിലയിൽ ഉണ്ണുനീലിസന്ദേശത്തെ വിലയിരുത്തുക.
15. ഉണ്ണുനീലിസന്ദേശത്തിലെ കാവ്യഭംഗിയും വർണനാചാതുരിയും സോദാഹരണം വിശകലനം ചെയ്യുക.
16. ഉണ്ണുനീലിസന്ദേശത്തിലെ മാർഗവർണനയിൽ നിന്നും അറിയാൻ കഴിയുന്ന കേരളത്തിന്റെ അന്നത്തെ ഭൂമിശാസ്ത്രം വിശദമാക്കുക.
17. ഉണ്ണുനീലിസന്ദേശത്തിന്റെ കാലം, കവി, നായകൻ എന്നിവയെപ്പറ്റിയുള്ള വ്യത്യസ്തമതങ്ങൾ ക്രോഡീകരിക്കുക.
18. ഉണ്ണുനീലിസന്ദേശത്തിലെ അകക്കാഴ്ചകൾ വിലയിരുത്തുക.

## Suggested Readings


1. ജോസഫ് മുണ്ടശ്ശേരി, മാനദണ്ഡം, കറന്റ് ബുക്സ്, തൃശ്ശൂർ.
2. ഡോ. ചമ്പക്കുളം അപ്പുക്കുട്ടൻ നായർ, മലയാള സന്ദേശകാവ്യങ്ങൾ ഒരു പഠനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. കുട്ടികൃഷ്ണമാരാർ, മുണ്ടയ്ക്കൽ സന്ദേശം ഒരു മുഴുത്ത ചിരി, മാരാർ സാഹിത്യ പ്രകാശം, മലപ്പുറം.
4. ഇളംകുളം കുഞ്ഞൻപിള്ള, ഉണ്ണുനീലിസന്ദേശം ചരിത്രദൃഷ്ടിയിൽ, പ്രഭാത് ബുക്സ്, കൊല്ലം.
5. ഡോ. പി വി വേലായുധൻപിള്ള, മണിപ്രവാളകവിത, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## References


1. ഉള്ളൂർ. എസ്. പരമേശ്വരയ്യർ, ചമ്പുകാവ്യം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
2. ഡോ. ദിലീപ്കുമാർ കെ. വി., അകക്കാഴ്ചകൾ-മണിപ്രവാളപഠനങ്ങൾ, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
3. ഡോ. അനിൽ വള്ളത്തോൾ, മണിപ്രവാള കാവ്യമാലിക. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. ശൂരനാട്ടു കുഞ്ഞൻപിള്ള, ഉണ്ണുനീലിസന്ദേശം (വ്യാഖ്യാനം), കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി. സി. ബുക്സ്, കോട്ടയം.
6. ഡോ. എം. ലീലാവതി, മലയാള സാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.


SGOU

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 4

# മദ്ധ്യകാല ചമ്പുക്കൾ– വർണനാരീതി

## Learning Outcomes

- മദ്ധ്യകാല ചമ്പുക്കളുടെ സവിശേഷതകൾ വിശകലനം ചെയ്യുന്നു
- പ്രാചീനചമ്പുക്കളും മധ്യകാല ചമ്പുക്കളും തമ്മിലുള്ള പ്രധാനവ്യത്യാസത്തെപ്പറ്റി മനസ്സിലാകുന്നു
- 'ഭാഷാനൈഷധം ചമ്പു'വിലെ ഭാഷാരീതി ഗ്രഹിക്കുന്നു
- 'ഭാഷാനൈഷധം ചമ്പു'വിലെ വർണനാരീതിയും ചമത്കാരഭംഗിയും സൂക്ഷ്മമായി അപഗ്രഥിക്കുന്നു
- ചമ്പൂകാവ്യങ്ങളിൽ 'ഭാഷാനൈഷധം ചമ്പു'വിന്റെ സ്ഥാനം കണ്ടെത്തുന്നു
- മഴമംഗലത്തിന്റെ കാവ്യജീവിതത്തെ പരിചയപ്പെടുന്നു

## Background

പ്രാചീനചമ്പുക്കളും മധ്യകാല ചമ്പുക്കളും തമ്മിലുള്ള പ്രധാനവ്യത്യാസത്തെപ്പറ്റി ഉള്ളൂർ പറയുന്നതിങ്ങനെ: 'പതിനാലാം ശതകത്തിലെ ഭാഷാചമ്പുക്കൾ ഇതിവൃത്തവിഷയത്തിൽ ഇതിഹാസപുരാണങ്ങളെ ഉപജീവിച്ചിരുന്നില്ല. തന്നിമിത്തം അവയെ ചാക്യാന്മാരും പാഠകക്കാരും രംഗത്തിൽ പ്രവചനത്തിന് ഉപയോഗിച്ചിരുന്നില്ല. അക്കാര്യത്തിൽ ഇദംപ്രഥമമായി ഒരു പരിഷ്കാരം വരുത്തിയതു പുനമാകുന്നു. അതിന് തെളിവാണു രാമായണം ചമ്പു' (കേരള സാഹിത്യചരിത്രം, പുറം 200). കൂത്തിനും പാഠകത്തിനും വേണ്ടി രചിക്കപ്പെട്ടതാണ് ഭാഷാചമ്പുക്കളെന്ന് ഡോ. കൊളത്തേരി ശങ്കരമേനോനും അഭിപ്രായപ്പെടുന്നു. 'മധ്യകാലചമ്പുക്കൾ നമ്പ്യാന്മാർക്ക് അരങ്ങത്ത് ചൊല്ലി വ്യാഖ്യാനിക്കാൻ വേണ്ടി നിർമ്മിച്ചവയാണെന്ന പ്രത്യേകത അതിപ്രധാനമായ ഒന്നാകുന്നു. മേല്പത്തൂരിന്റെ സംസ്കൃതപ്രബന്ധങ്ങൾ വരുന്നതുവരെ ഇതായിരുന്നു നടപ്പ്' എന്ന് എൻ. കൃഷ്ണപിള്ള 'കൈരളിയുടെ കഥ'യിൽ അഭിപ്രായപ്പെട്ടിരിക്കുന്നത് ശ്രദ്ധേയമാണ്.

### രാമായണം ചമ്പു

മദ്ധ്യകാല ചമ്പുക്കളിൽ പ്രഥമഗണനീയം രാമായണം ചമ്പുവാണ്. പുരാണകഥ പ്രമേയമായി വരുന്നതും ഭാഷയിലെ ഏറ്റവും വലിയ ചമ്പുവുമിതാണ്. പുനം നമ്പൂതിരിയാണ് കർത്താവെന്ന് കരുതുന്നു. എതിരഭിപ്രായങ്ങളുമുണ്ട്. പതിനഞ്ചും പതിനാറും നൂറ്റാണ്ടുകൾ രാമായണം ചമ്പുവിന്റെ രചനാകാലമായും കരുതുന്നു. 'രാമായണം ചമ്പുവിന്റെ കർത്തൃത്വം ഉപരിഗവേഷണമർഹിക്കുന്ന വിഷയമാണെന്ന്' ഡോ. ടി. ജി. രാമചന്ദ്രൻപിള്ള അഭിപ്രായപ്പെടുന്നു (ആമുഖം, നീലകണ്ഠകവിയുടെ സമ്പൂർണകൃതികൾ -സമ്പാദനം, പഠനം).

### നീലകണ്ഠകവിയുടെ കൃതികൾ

ഭക്തിഭാവം ഭാഷാചമ്പുക്കളിൽ കടന്നുവരുന്നതിന്റെ പ്രത്യക്ഷലക്ഷ്യങ്ങളാണ് നീലകണ്ഠകവിയുടെ ചമ്പുകാവ്യങ്ങൾ. 'പരിവർത്തനോന്മുഖമായിരുന്ന മണിപ്രവാള സാഹിത്യത്തിനു അനുകരണീയമായ പന്ഥാവു വെട്ടിത്തുറന്ന കവീശ്വരനാണ് നീലകണ്ഠൻ. അങ്ങനെ നമുക്ക്

ലഭിച്ച വിശിഷ്ട സംഭാവനകളാണ് 'ചെല്ലൂർ നാഥോദയം', 'നാരായണീയം', 'തെങ്കൈലനാഥോദയം' എന്നീ 'ഭാഷാചമ്പുക്കൾ' എന്ന് ഡോ. ടി. ജി. രാമചന്ദ്രൻപിള്ള അഭിപ്രായപ്പെട്ടിട്ടുണ്ട് (നീലകണ്ഠകവിയുടെ സമ്പൂർണകൃതികൾ-സമ്പാദനം, പഠനം). ഇതുകൂടാതെ വൈക്കം മഹാദേവക്ഷേത്രത്തിലെ അഷ്ടമീമഹോത്സവത്തെ മുൻനിർത്തി 'അഷ്ടമിപ്രബന്ധം' എന്നൊരു സംസ്കൃതചമ്പുവും അദ്ദേഹം രചിച്ചിട്ടുണ്ട്.

**ചെല്ലൂർനാഥോദയം**

'കവനോദയം' മാസികയിലാണ് 'ചെല്ലൂർനാഥോദയം' ആദ്യം പ്രസിദ്ധീകരിച്ചത്. സൂര്യവംശരാജാവായ ശതസോമൻ തളിപ്പറമ്പു പെരിഞ്ചല്ലൂർ ക്ഷേത്രത്തിൽ ശൈവ ബിംബപ്രതിഷ്ഠ നടത്തിയ കഥയാണ് ഇതിലെ ഇതിവൃത്തം. ഇതിലൊരു ദണ്ഡകം ചേർത്തിട്ടുണ്ട്. പെരിഞ്ചല്ലൂർ ഗ്രാമവാസികളായ ബ്രാഹ്മണരുടെ മാഹാത്മ്യം വിവരിക്കുന്നതാണ് പ്രസ്തുത ദണ്ഡകം, അന്യകൃതികളിൽ നിന്ന് 23 ഓളം ശ്ലോകങ്ങൾ ഈ കാവ്യത്തിൽ എടുത്തുചേർത്തിട്ടുണ്ട്.

**നാരായണീയം**

ഡോ. കൊളത്തേരി ശങ്കരമേനോൻ തിരുവനന്തപുരം ഗ്രന്ഥപ്പുരയിൽ നിന്ന് കണ്ടെടുത്ത് പ്രസിദ്ധീകരിച്ചതാണ് 'നാരായണീയം.' 1986-ൽ ഡോ. ടി. ജി. രാമചന്ദ്രൻപിള്ള ഈ കൃതിയുടെ സംശോധിതപാഠവും പഠനവും തയ്യാറാക്കി. സന്താനഗോപാലകഥയും തൃപ്പൂണിത്തുറ പൂർണത്രയീശ്വര ക്ഷേത്രത്തിലെ വിഷ്ണുബിംബപ്രതിഷ്ഠയുമാണ് മുഖ്യ വർണനാവിഷയം.

**തെങ്കൈലനാഥോദയം**

മംഗളോദയം മാസികയിലാണ് 'തെങ്കൈലനാഥോദയം' എന്ന കാവ്യം ആദ്യം ഖണ്ഡശ്ശ പ്രസിദ്ധീകരിച്ചത്. 1968-ൽ കേരള സാഹിത്യഅക്കാദമി പുനഃപ്രസാധനം ചെയ്തു. തൃശ്ശൂർ വടക്കുംനാഥക്ഷേത്രത്തിലെ അഞ്ചുപ്രതിഷ്ഠകൾ നടക്കാനിടയായ സാഹചര്യത്തെ കുറിച്ചുള്ള ഐതിഹ്യമാണ് ഈ കാവ്യത്തിലെ മുഖ്യവിഷയം. ദക്ഷിണ കൈലാസമെന്നും ശിവന്റെ പുരമായതിനാൽ തൃശ്ശിവപേരൂർ എന്നുള്ള പേരുകളാൽ പ്രസിദ്ധമാണ് വടക്കുംനാഥക്ഷേത്രം എന്നു പറഞ്ഞുകൊണ്ടാണ് കാവ്യം അവസാനിക്കുന്നത്.

**രാജരത്നാവലീയം ചമ്പു**

പൊതുവെ ചമ്പുക്കളിലെ വിഷയം പുരാണങ്ങളാണ്. എന്നാൽ പുരാണേതര പ്രമേയമുള്ള ചമ്പുകാവ്യമാണ് 'രാജരത്നാവലീയം'. കൊച്ചി രാജാവായിരുന്ന രാമവർമ്മയുടെ ജനനം, കിരീടധാരണം, മന്ദാരമാല എന്ന സുന്ദരിയുമായുള്ള പ്രണയം തുടങ്ങിയവയാണ് ഇതിലെ വർണ്ണ്യവിഷയം. രാമവർമ്മ, മന്ദാരമാല എന്നിവരാണ് നായികാനായകന്മാർ. നായികാപ്രധാനമായ ചമ്പുകാവ്യം എന്ന സവിശേഷതയും ഈ കാവ്യത്തിനുണ്ട്. 'കാലം മാറിപ്പിറന്ന മറ്റൊരുണ്ണിയാടിചരിതമാണ് രാജരത്നാവലി' എന്നത്രെ എൻ. കൃഷ്ണപിള്ളയുടെ അഭിപ്രായം (കൈരളിയുടെ കഥ. പുറം 103).

**കൊടിയവിരഹം**

'കൊടിയവിരഹം' അഥവാ സംഗീതചന്ദ്രിക ഒരു ശൃംഗാരകാവ്യമാണ്. ഇതിലെ നായകൻ സംഗീതകേതുവും നായിക ശൃംഗാരചന്ദ്രികയുമാണ്. തൃശ്ശൂർ പൂരത്തിന് തമ്മിൽ കണ്ട് അനുരാഗബദ്ധരായ രണ്ടുപേർ ദാമ്പത്യത്തിൽ ഒരുമിക്കുകയും പിന്നീട് ചിലരുടെ ഏഷണിയാൽ നായിക നായകനെ ഉപേക്ഷിക്കുന്നതും തുടർന്നുള്ള വിരഹതാപവുമാണ് വിഷയം.

'അഭിലാഷശൃംഗാരം, സംഭോഗശൃംഗാരം ഇതുകളെല്ലാം ഭംഗിയായി ഇതിൽ വർണിച്ചിരിക്കുന്നു. ശൃംഗാരരസസമ്പാദനത്തിൽ നിസ്തുലസാമർത്ഥ്യമുള്ള കവിയാണ് മഴമംഗലം' എന്ന്

പി. ശങ്കരൻ നമ്പ്യാർ അഭിപ്രായപ്പെട്ടിരിക്കുന്നത് ശ്രദ്ധേയമാണ് (മലയാള സാഹിത്യചരിത്ര സംഗ്രഹം, പുറം 56). 'കവിയുടെ ശബ്ദാർത്ഥകല്ലോലിനി ഇടതടവില്ലാതെ ഒഴുകുകയാണിവിടെ. ചമ്പുകൃതികളിലെങ്ങും കാണാത്തവിധം സമ്മോഹനമാണ് ചിത്രീകരണം' എന്ന് എൻ. കൃഷ്ണപിള്ള ചൂണ്ടിക്കാട്ടുന്നു.

**ബാണയുദ്ധം ചമ്പു**

വീരരസപ്രധാനമായ ചമ്പുകാവ്യമാണ് 'ബാണയുദ്ധം'. ഉഷാ അനിരുദ്ധന്മാരുടെ പ്രണയവും തുടർന്നുണ്ടാകുന്ന സംഭവങ്ങളുമാണ് ഇതിലെ മുഖ്യപ്രമേയം. ചമ്പുക്കളിൽ യുദ്ധവർണ്ണനകൾക്കും ഇടമുണ്ടെന്നതിന് ഈ കാവ്യം തെളിവാണ്. മഴമംഗലത്തിന്റെ 'ദാരികവധം' ബ്രാഹ്മണിപ്പാട്ടിലും യുദ്ധവർണ്ണന കാണാൻ കഴിയും.

**ഭാഷാനൈഷധം ചമ്പു**

മധ്യകാല ചമ്പുകാരന്മാരിൽ പുനം നമ്പൂതിരി കഴിഞ്ഞാൽ ഏറ്റവും പ്രശസ്തൻ മഴമംഗലം നാരായണൻ നമ്പൂതിരിയാണ്. സംസ്കൃതത്തിലും മലയാളത്തിലും അദ്ദേഹം നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. മഴമംഗലം ഇല്ലക്കാരുടെ ഉപാസ്യദേവത 'വലയാധീശ്വരി' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഊരകത്തമ്മയാണ്. അദ്ദേഹത്തിന്റെ കൃതികളിൽ ആദ്യമേ വലയാധീശ്വരിയെ വന്ദിക്കുന്നതായി കാണാം. അതുപോലെ 'പ്രത്യക്ഷസ്വർഗസൗഖ്യം' എന്നൊരു പ്രയോഗവും അദ്ദേഹത്തിന്റെ ചമ്പുക്കളിൽ പൊതുവായി കാണപ്പെടുന്നു. മഴമംഗലം നാരായണൻ നമ്പൂതിരി രചിച്ചതാണ് 'ഭാഷാനൈഷധം ചമ്പു'. കൂടാതെ 'രാജരത്നാവലീയം', 'കൊടിയ വിരഹം', 'ബാണയുദ്ധം' എന്നീ ചമ്പൂകാവ്യങ്ങളും മഴമംഗലത്തിന്റേതായി ലഭിച്ചിട്ടുണ്ട്.

**മഴമംഗലം: കവിയും കാലവും**

കൊല്ലവർഷം 712 മുതൽ 740 വരെ കൊച്ചി രാജ്യം ഭരിച്ചിരുന്ന വീരകേരളവർമ്മ രാജാവിന്റെയും 740 മുതൽ 776 വരെ രാജ്യഭാരം ചെയ്ത രാമവർമ്മ രാജാവിന്റെയും ആശ്രിതനായിട്ടാണ് മഴമംഗലം ജീവിച്ചതത്രെ. അദ്ദേഹത്തിന്റെ 'രാജരത്നാവലീയം' ചമ്പുവിൽ രാമവർമ്മ രാജാവിന്റെ അപദാനങ്ങളെ വർണിക്കുന്നുമുണ്ട്. അതുകൊണ്ട് കൊച്ചിരാജാക്കന്മാരുടെ കാലത്തെ അടിസ്ഥാനപ്പെടുത്തിയാണ് കവിയുടെ കാലം നിർണയിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ കാലം കൊല്ലവർഷം 700 മുതൽ 770 വരെ (എ. ഡി. 1525-1595) യാണെന്ന് ഉള്ളൂർ അനുമാനിക്കുന്നു. ഭാഷയിലും സംസ്കൃതത്തിലുമായി പതിനഞ്ചോളം കൃതികൾ മഴമംഗലം രചിച്ചിട്ടുള്ളതായി ഉള്ളൂർ പറയുന്നു. ഒരു മലയാളകവി എന്നതിലുപരി സംസ്കൃതപണ്ഡിതൻ കൂടിയായിരുന്ന അദ്ദേഹത്തിന് വിവിധ വിജ്ഞാനശാഖകളിൽ അപാരപാണ്ഡിത്യമുണ്ടായിരുന്നു. 'മഹിഷമംഗലം ഭാണം' അഥവാ 'മഴമംഗലത്തുഭാണം' പോലെ ശ്രേഷ്ഠമായ ഭാണം സംസ്കൃതസാഹിത്യത്തിൽ വിരളമാണെന്നാണ് പണ്ഡിതമതം. കൂടാതെ രാസക്രീഡാകാവ്യം, ഉത്തരരാമായണം ചമ്പു, സ്മാർത്തപ്രായശ്ചിത്തവിമർശിനി, വ്യവഹാരമാല എന്നീ സംസ്കൃതകാവ്യങ്ങളും രചിച്ചിട്ടുണ്ട്. മലയാളത്തിൽ നൈഷധം ചമ്പു, രാജരത്നാവലീയം ചമ്പു, കൊടിയവിരഹം ചമ്പു, ബാണയുദ്ധം ചമ്പു എന്നിവയും രാസക്രീഡ, വിഷ്ണുമായാചരിതം, തിരുനൃത്തം, ദാരുകവധം, പാർവതീസ്തുതി എന്നീ ബ്രാഹ്മണിപ്പാട്ടുകളും നാരായണൻ നമ്പൂതിരി രചിച്ചിട്ടുണ്ട്. കൂടാതെ ചില വൈദികകർമകൃതികളും ജ്യോതിശാസ്ത്രകൃതികളും രചിച്ചതായി പറയുന്നു.

കവിയുടെ കുലദൈവമാണ് വലയാധീശ്വരി അഥവാ ഊരകത്തമ്മ. ഭാഷാനൈഷധം ചമ്പുവിന്റെ ആമുഖത്തിൽ കവി ഇഷ്ടദേവതയെ വന്ദിക്കുന്നുണ്ട്. വലയന്നൂർ ഭട്ടതിരി മധുരയിൽ പോയി മധുര കാമാക്ഷിയെ ഓലക്കുടയിൽ ആവാഹിച്ചുകൊണ്ടുവന്ന് ഊരകത്തു പ്രതിഷ്ഠിച്ചു എന്നാണ് ഒരു ഐതിഹ്യം. അദ്ദേഹത്തിന്റെ പേരിൽ നിന്നും ഊരകത്തമ്മയ്ക്ക് വലയാധീശ്വരി എന്ന് പേരുവന്നതായും പറയുന്നു. അദ്ദേഹം കുടിവച്ച സ്ഥലത്താണ് ഊരകം ക്ഷേത്രം പണികഴിപ്പി

ച്ചതെന്നു കരുതപ്പെടുന്നു. അതെന്തായാലും മഴമംഗലത്തിന്റെ കാവ്യജീവിതത്തിൽ ഊരകത്ത മ്മയ്ക്ക് ഒരു സ്ഥാനമുണ്ട്.

'ഭാഷാനൈഷധം ചമ്പുവിൽ ശ്ലോകം, പദ്യം, ദണ്ഡകം ഇവകൾ ഇടകലർന്നിരിക്കുന്നു. ഭാഷാഗദ്യങ്ങൾക്കു ചിലതിനു ഓട്ടംതുള്ളലുകളോട് അധികചേർച്ചയുണ്ട്. ഗദ്യം അധിക രസികത്വമുള്ളതും അലങ്കാരവിശേഷമുള്ളതുമാകുന്നു. വർണനാശക്തി അത്ഭുതം തന്നെ. ഭാഷാകവിതകളിൽ ഇത്ര ഭംഗിയുള്ള വർണനകൾ അധികമില്ലെന്നുതന്നെ പറയാം' എന്ന പി. ഗോവിന്ദപ്പിള്ളയുടെ നിരീക്ഷണം അർഥവത്താകുന്നു (മലയാളഭാഷാചരിത്രം, പുറം. 239-240). ഭാഷാനൈഷധം ചമ്പുവിന് പാട്ടത്തിൽ പത്മനാഭമേനോൻ 'പ്രാഞ്ജലി' എന്നൊരു വ്യാഖ്യാനം തയ്യാറാക്കിയിട്ടുണ്ട്.

## Keywords

മധ്യകാല ചമ്പുക്കൾ-ഭാഷാപ്രത്യേകതകൾ-വർണനാരീതി-ചമത്ക്കാരം-ഭാഷാനൈഷധം ചമ്പു-പശ്ചാത്തലം-മഹാഭാരതം വനപർവം-നളോപാഖ്യാനം-മഴമംഗലം നാരായണൻ നമ്പൂതിരി-ഭാഷാഗദ്യം-ചമ്പൂഗദ്യം

## Discussion

### 2.4.1 ഭാഷാനൈഷധം ചമ്പു

#### (പൂർവഭാഗം - പദ്യം 30 വരെ)

▶ പുരാണകഥകളെ ഉപജീവിച്ചത്

മധ്യകാലചമ്പുക്കൾ ഏറെയും പുരാണകഥകളെ ഉപജീവിച്ച് എഴുതപ്പെട്ടവയാണ്. രംഗപ്രയോഗവുമായി ബന്ധപ്പെട്ടാണ് ഇവയുടെ രചന. മറ്റൊരു പ്രധാനവ്യത്യാസം ഭാഷയാണ്. സംസ്കൃതപ്രചുരമായ 'യോഗ'ത്തിനാണ് മുൻതൂക്കം. പദ്യങ്ങളിൽ ഒന്നോ രണ്ടോ വാക്ക് ഭാഷയിലും ശേഷിച്ചതൊക്കെ സംസ്കൃതത്തിലുമാണ്. മാത്രമല്ല, തനി സംസ്കൃത ശ്ലോകങ്ങൾ തന്നെ ധാരാളമുണ്ട്. സമസ്തപദങ്ങൾ ഇവർക്ക് പഥ്യമായിരുന്നതായി കാണാം 'കൂത്തിനും പാഠകത്തിനും വേണ്ടി രചിക്കപ്പെട്ടതാണ് ഭാഷാചമ്പുക്കൾ' എന്ന് ചമ്പുക്കളിൽ ഗവേഷണം നടത്തിയ ഡോ. കൊളത്തേരി ശങ്കരമേനോൻ അഭിപ്രായപ്പെടുന്നു.

ഭാഷയിൽ മണിപ്രവാളവും ചമ്പുസാഹിത്യവും പ്രധാന സാഹിത്യ പ്രസ്ഥാനമായി രൂപംകൊള്ളുന്നതായി കാണാൻ കഴിയും. മണിപ്രവാള പ്രസ്ഥാനം മലയാളസാഹിത്യത്തെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. വർണനാവിഷയത്തിൽ ഭാഷാചമ്പുക്കളിൽ ഉപയോഗിക്കുന്ന ഗദ്യം വൃത്തനിബദ്ധമായിരിക്കണമെന്ന നിബന്ധനയും പാലിക്കപ്പെടുന്നു. സംസ്കൃതചമ്പുക്കൾ പൊതുവെ ആരംഭിക്കുന്നത് ആശിസ്, നമസ്ക്രിയ, വസ്തുനിർദ്ദേശം ഇവയിലേതെങ്കിലും ഒന്നുകൊണ്ടായിരിക്കും. മധ്യകാല ചമ്പുക്കളിൽ ഇതിനുപുറമെ കഥാസൂചനയും നൽകുന്നു. വൃത്തവിശേഷമായിട്ടാണ് ഗദ്യമെന്ന് പറഞ്ഞുവല്ലോ. മധ്യകാല ചമ്പുക്കളിലെ

- കേരളീയ ജീവിതത്തിന്റെ സൂചനകൾ

ഗദ്യങ്ങളിൽ തരംഗിണി വൃത്തമാണ് കൂടുതൽ ഉപയോഗിച്ചിരിക്കുന്നത്. ഇതിവൃത്തം മിക്കവാറും പുരാണകഥകളായിരിക്കും. അതുപോലെ മധ്യകാല ചമ്പുക്കളിൽ കേരളീയ ജീവിതത്തിന്റെ പ്രതിഫലനവുമുണ്ട്.

## വിശദപഠനം

## ഭാഷാനൈഷധം ചമ്പു

### ഇതിവൃത്തസംഗ്രഹം

മഹാഭാരതത്തിലെ നളോപാഖ്യാനത്തെ മുൻനിർത്തി മഴമംഗലം രചിച്ച ചമ്പുകാവ്യമാണ് 'ഭാഷാനൈഷധം'. മഹാഭാരതം വനപർവത്തിൽ 52-ാമധ്യായം മുതൽ 79 വരെ 28 അധ്യായങ്ങളിലായി 1015 ശ്ലോകങ്ങളിൽ വ്യാപിച്ചുകിടക്കുന്നതാണ് നളകഥ. 'നൈഷധം ചമ്പു' പൂർവഭാഗം, ഉത്തരഭാഗം എന്നിങ്ങനെ രണ്ടായി വിഭജിച്ചിട്ടുണ്ട്. ദമയന്തീ സ്വയംവരം വരെയുള്ള കഥ പൂർവഭാഗത്തിലും അതിനുശേഷമുള്ള കഥാഭാഗം ഉത്തരഭാഗത്തിലുമായി പ്രതിപാദിച്ചിരിക്കുന്നു. ഒന്നാം ഭാഗത്തിൽ 159 ശ്ലോകങ്ങളും 4 ഗദ്യങ്ങളും 2 ദണ്ഡകങ്ങളും അടങ്ങിയിരിക്കുന്നു. രണ്ടാം ഭാഗത്തിൽ 134 ശ്ലോകങ്ങളും 9 ഗദ്യങ്ങളും ഒരു ദണ്ഡകവുമാണുള്ളത് ഉത്തരഭാഗത്തെ അപേക്ഷിച്ച് പൂർവഭാഗത്തിനാണ് സാഹിത്യഗുണം കൂടുതലെന്നാണ് പണ്ഡിതമതം.

### ശ്ലോകം - 1

സർവ്വവിഘ്നോപശാന്തിക്കായി തന്റെ പരദേവതയായ ഊരകത്തമ്മയെ വന്ദിച്ചുകൊണ്ടാണ് കാവ്യം ആരംഭിക്കുന്നത്.

'അമ്പത്തൊന്നക്ഷരാളീ കലിതതനുലതേ!
  വേദമാകുന്ന ശാഖി-
ക്കൊമ്പത്തൻമ്പോടു പൂക്കും കുസുമതതിയിലേ
  ന്തുന്ന പൂന്തേൻകുഴമ്പേ
ചെമ്പൊൽത്താർ ബാണഡംഭപ്രശമനസിുകൃതോ
  പാത്ത സൗഭാഗ്യലക്ഷ്മീ
സമ്പത്തേ! കുമ്പിടുന്നേൻ കഴലിണ വലയാ
  ധീശ്വരീ! വിശ്വനാഥേ!'

### അർഥവിശദീകരണം

| | | |
|---|---|---|
| അമ്പത്തൊന്നക്ഷരാളി | = | മലയാളഭാഷയിലെ അമ്പത്തൊന്നക്ഷരങ്ങളെ സൂചിപ്പിക്കുന്നു |
| ശാഖിക്കൊമ്പത്ത് | = | വടവൃക്ഷത്തിന്റെ കൊമ്പിൽ |
| പൂന്തേൻകുഴമ്പേ | = | പൂവിൽ നിന്നു ഊർന്നുവന്ന തേൻ |
| ചെമ്പൊൽത്താർ | | ചുവന്ന താമരപ്പൂവ് |
| ചെമ്പൊൽത്താർ ബാണൻ | = | ചുവന്ന താമരപ്പൂവ് അമ്പായിട്ടുള്ളവൻ (കാമദേവൻ) |
| ഡംഭം | = | അഹങ്കാരം |
| പ്രശമനം | = | അടക്കൽ, നശിപ്പിക്കൽ |

SGOU

## ആശയവിശദീകരണം

▶ പരദേവതയായ ഊരകത്തമ്മയെ വന്ദിക്കുന്നു

ജ്ഞാനദേവതയായ സരസ്വതിയെ അക്ഷരസ്വരൂപിണിയായി കല്പിച്ചിരിക്കുന്നു. വേദമാകുന്ന വൃക്ഷത്തിലെ പൂക്കൾ ഉപനിഷത്തുക്കളാണ്. എല്ലാ ജ്ഞാനവും അക്ഷരവിദ്യയിലൂടെയാണ് ലഭിക്കുന്നത്. പരമമായ ജ്ഞാനം ഈശ്വരനെക്കുറിച്ചുള്ള അറിവാണ്. അതിനാൽ വാഗ്ദേവതയെ ഉപനിഷത്ത് സാരസർവസ്വമായി കല്പിച്ചിരിക്കുന്നു. സർവാഭീഷ്ടദായിനിയാണ് ഊരകത്തമ്മ. പാർവതീപരമേശ്വന്മാരെയും ഇവിടെ വ്യംഗ്യഭംഗിയിൽ വണങ്ങുകയാണ്.

▶ നിരവധി വർണനകൾ

കഥാഗതിയിൽ ഇതിഹാസത്തിൽ നിന്ന് വലിയ മാറ്റമൊന്നും ചമ്പുകാരൻ വരുത്തിയിട്ടില്ല. പൂർവഭാഗത്തിൽ ഹംസം ദമയന്തിയോട് നളന്റെ സന്ദേശം അറിയിക്കുമ്പോൾ ദമയന്തി കാമപാരവശ്യം കൊണ്ട് ഒന്നും മിണ്ടാൻ ശക്തിയില്ലാതെ നിൽക്കുകയും തോഴിയാണ് മറുപടി പറയുന്നതെന്നും കല്പിച്ചിരിക്കുന്നു. നളന്റെ ദേവദൗത്യം ഏതാനും ശ്ലോകങ്ങളിൽ സംഗ്രഹിച്ചിരിക്കുന്നു. നാടകീയത പൊതുവെ വിരളമാണ്. നളന്റെ രാജ്യഭരണം, ദമയന്തിയുടെ യൗവനോദയം, നളദമയന്തിമാരുടെ അയോഗവിപ്രലംഭാവസ്ഥ, ഹംസത്തിന്റെ ദൂതുമായുള്ള യാത്ര, സ്വയംവരത്തിനുള്ള ഒരുക്കം. സ്വയംവരത്തിന് എത്തിയിട്ടുള്ള മഹാജനം, സ്വയംവരവേദിയിൽ വരണമാലയുമായി എത്തുന്ന ദമയന്തി, നിഷധരാജധാനിയിലേക്കുള്ള വിവാഹഘോഷയാത്ര, നവവധൂവരന്മാരുടെ ശൃംഗാരലീലകൾ തുടങ്ങിയവയെല്ലാം ചമ്പുകാരൻ വർണനയ്ക്ക് വിധേയമാക്കുന്നുണ്ട്. അങ്ങനെ നിരവധി വർണനകൾ നിറഞ്ഞതാണ് ഒന്നാം ഭാഗമെന്ന് കാണാം.

### ശ്ലോകം 2

'പാലംഭോരാശിയദ്ധ്യേശശധര ധവളേ
ശേഷഭോഗേ ശയാനം
മേളം കോലും കളായദ്യുതിയൊടു പടത -
ല്ലുന്ന കാന്തിപ്രവാഹം
നാളന്നേറിത്തുളുമ്പും നിരുപമകരുണാ
ഭാരതിമൃൽകടാക്ഷം
നാളീകത്താരിൽമാതിൻ കുളിർമുലയുഗളീ
ഭാഗധേയം ഭജേഥാ:'

## അർഥവിശദീകരണം

| | | |
|---|---|---|
| പാലംഭോരാശി | = | പാലാഴി |
| ശശധരൻ | = | ചന്ദ്രൻ |
| ധവളം | = | വെളുത്ത |
| ശേഷൻ | = | അനന്തൻ |
| ഭോഗി | = | സർപ്പം |
| തിരുത്ത് | = | ആർദ്രം |
| നാളീകത്താർ | = | താമരപ്പൂവ് |

## ആശയവിശദീകരണം

> ▶ മഹാവിഷ്ണുവിനെ വർണിക്കുന്നു

ദേവതാസ്തുതിയുടെ ഭാഗമായി ഈ ശ്ലോകത്തിൽ മഹാവിഷ്ണുവിനെ മധുര മനോഹരമായി അവതരിപ്പിച്ചു വർണിക്കുന്നു. പാലാഴിയിൽ ചന്ദ്രനെപ്പോലെ വെളുത്ത ശേഷന്റെ (അനന്തന്റെ ശരീരത്തിൽ ശയിക്കുന്നവനെ) ഭംഗിയുള്ള കാശാവിൻ പൂവിന്റെ ശോഭയോടെ പൊരുതുന്ന പ്രകാശധാരയോടു കൂടിയവനേ, ദിനംതോറും നിരുപമമായിരിക്കുന്ന കരുണാഭാരം കൊണ്ട് ആർദ്രമായിരിക്കുന്ന കടാക്ഷത്തോടു കൂടിയവനെ, ലക്ഷ്മിയുടെ കുളിർമുലകളുടെ ഭാഗ്യമായിട്ടുള്ളവനേ അങ്ങയെ ഭജിക്കുന്നു.

## ശ്ലോകം 3

'വിദ്യാസാരസ്യരാശേ സഭയിലിഹ ഭവ -
ന്തം സഖേ : കണ്ടനേരം
ചിത്തേ പോന്നിങ്ങുദിച്ചു പുതിയൊരു പരമാ -
നന്ദപീയൂഷധാരാ
ഹസ്തേ കൃത്യാനുകൂലാമഴകുടയ വിദർ -
ഭക്ഷമാപാലപുത്രീ -
മത്യാനന്ദേന മേവുന്നളവു നളമഹീ -
നായകനെന്നപോലെ.'

## അർഥവിശദീകരണം

| | | |
|---|---|---|
| ക്ഷമാപാലൻ | = | രാജാവ് |
| ക്ഷമാ | = | ഭൂമി |
| ഹസ്തേ കൃത്യം | = | പാണിഗ്രഹണം ചെയ്തിട്ട് |
| അനുകൂല | = | ഹിതകാരിണി |
| മഹീനായകൻ | = | രാജാവ് |

## ആശയവിശദീകരണം

> ▶ ഒരാത്മമിത്രത്തെ സംബോധന ചെയ്യുന്നു

വിദ്യാസാരസ്യത്തിന്റെ ശേഖരമായിട്ടുള്ളവനേ അങ്ങയെ കണ്ട സമയത്ത് (ഈ സഭയിൽ) മനസിൽ പരമാനന്ദത്തിന്റെ പുതിയൊരു അമൃതധാര ഉദിച്ചു. അനുകൂലയായ (അനുരാഗവതിയായ) വിദർഭ രാജപുത്രിയെ (ദമയന്തിയെ) പാണിഗ്രഹണം ചെയ്തിട്ട് അത്യാനന്ദത്തോടെ കഴിയുന്ന നളമഹാരാജാവിനുണ്ടായ സന്തോഷം പോലെ പുതിയ ഒരാനന്ദധാര അങ്ങയെ മനസിൽ കണ്ടപ്പോൾ ഉണ്ടായി. മംഗളാചരണത്തിനു ശേഷം കവി അഥവാ പ്രബന്ധം പറയുന്ന നടൻ അപ്രതീക്ഷിതമായി സദസ്സിൽ കണ്ട തന്റെ ഒരാത്മമിത്രത്തെ സംബോധന ചെയ്തു കണ്ടതിലുള്ള സന്തോഷത്തെ വർണിക്കുകയും ആ അഭിനന്ദന വാചകത്തിൽ കാവ്യത്തിലെ കഥാവിഷയത്തെ സൂചിപ്പിക്കുകയും ചെയ്യുന്നു.

## ശ്ലോകം 4

'തണ്ടാർമാതിൻ കടാക്ഷാഞ്ചശകുവലയ ക-
ല്യാണദാമാഞ്ചിതാത്മാ
വണ്ടാർപൂവേണിമാർ തന്മനസിനഴൽ കൊടു-

കൊടുക്കുന്ന മംഗല്യധാമാ
ഉണ്ടായീ പണ്ടുദ്ബൽഗുണഗണഗരിമാ
ഭോഗവാൻ ഭൂതധാത്രീ
കണ്ഠാലങ്കാരരത്നം നിഷധപതി നളോ
നാമാരാജാമഹാത്മാ'

## അർഥ വിശദീകരണം

| | | |
|---|---|---|
| തണ്ടാർമാത് | = | പൂമാത് (ലക്ഷ്മീദേവി) |
| കടാക്ഷം | = | അപാംഗദർശനം |
| കുവലയം | = | ഉൽപ്പലം (അമ്പൽപ്പൂവ്) |
| കല്യാണ ധാമം | = | മംഗളകരമായ ധാമം |
| വണ്ടാർ പൂ വേണി | = | വണ്ടിനെ പോലെ കറുത്ത ഭംഗിയുള്ള മുടിയുള്ളവൾ (സുന്ദരി) |
| ധാമം | = | ഇരിപ്പിടം |

## ആശയവിശദീകരണം

▶ നിഷിധ രാജാധിപതിയായ നളൻ

ലക്ഷ്മീകടാക്ഷം നിരന്തരമായി ലഭിക്കുന്ന ലക്ഷ്മീപ്രസാദം കൊണ്ടു ശോഭിക്കുന്നവനായ ശ്രീമാനായും സുഭഗനായും ഗുണസമ്പൂർണനായും അഖിലരാജകുലശ്രേഷ്ഠനായും നിഷധ രാജാധിപതിയായും നളൻ എന്നു പേരായി ഒരു രാജാവ് പണ്ടുണ്ടായി എന്നു സാരം. ഉൽകൃഷ്ടഗുണങ്ങളെല്ലാം ധാരാളം തികഞ്ഞ ആളായിരുന്നു നളരാജാവ് എന്നു സാരം. അളകനന്ദാതീരത്തുള്ള അളകാപുരിയായിരുന്നു നിഷധരാജ്യത്തിലെ രാജധാനി. നിഷധാപുരിയെന്നും അതിന് പേരുണ്ട്.

## ശ്ലോകം 5

'ആർത്താനാമാശ്രിതാനാമഭിമതമഖിലം
ചേർത്തു നിത്യം പ്രജാനാ -
മാത്താടോപാനരാതിക്ഷിതിഭടനിവഹാ -
നാഹവേ വെന്നശേഷാൻ
കീർത്ത്യാ പാൽപ്രായമാക്കിപ്പുനരുലകു പതി
ന്നാലുമന്യൂനരാഗാം
ധാത്രീമേകാതപത്രാമനുദിവസമസൗ
പാലയാമാസ ധീമാൻ.'

## അർഥവിശദീകരണം

| | | |
|---|---|---|
| ആർത്തന്മാർ | = | ദുഃഖിതർ (ആശ്രിതർ) |
| അഭിമതം | = | ആഗ്രഹം |
| ആടോപം | = | ഗർവ് |
| അരാതി | = | ശത്രു |
| ഭട നിവഹങ്ങൾ | = | യോദ്ധാക്കളുടെ കൂട്ടം |
| ധാത്രി | = | ഭൂമി |
| ആഹവേ | = | യുദ്ധത്തിൽ |
| ഏകാതപത്രം | = | ഒറ്റക്കുടക്കീഴിൽ |
| പാലയാമാസ | = | രക്ഷിച്ചു |

## ആശയവിശദീകരണം

▶ നളരാജാവ് ഏക ച്ഛത്രപതിയായി വാഴുന്നു

ഒരേ വാഴ്ചയ്ക്കു മാത്രം അധീനമായി ഭൂമി നിലകൊണ്ടു. നളരാജാവ് ഭൂമി മുഴുവൻ കീഴടക്കി ഏകച്ഛത്രപതിയായി വാഴുന്നു. ആർത്തരക്ഷണവും പ്രജാപരിപാലനവും ശത്രുനിഗ്രഹവും ചെയ്തു കീർത്തിയെ എങ്ങും പരത്തി നീതിക്കൊത്തവണ്ണം മഹാരാജാവ് രാജ്യം ഭരിച്ചു എന്നു സാരം. ധർമ്മാർത്ഥങ്ങളെ രക്ഷിച്ചുറപ്പിച്ചവർക്കേ തൃതീയ പുരുഷാർത്ഥത്തിന്നർഹതയുള്ളൂ. നാലും അഞ്ചും ശ്ലോകങ്ങളിൽ നളനെ അവതരിപ്പിച്ചതു കൂടാതെ ഗദ്യം ഒന്നിലും നളന്റെ ഭരണപാടവത്തെയും സൽകീർത്തിയെയും സൗന്ദര്യത്തെയും വർണിച്ചിരിക്കുന്നു.

### ശ്ലോകം 6

'ഇത്ഥം പ്രത്യഗ്രകീർത്തിപ്രചുരിമ വിളയി
    പ്പിച്ചു ദിക്ചക്രവാളേ
ചിത്താനന്ദേന മേവുന്നളവു നളമഹീ -
    നായകോ രാജധാന്യാം
മെത്തീടും പുണ്യശാലീ വടിവുടയ വിദർ -
    ഭേഷു കശ്ചിന്മഹാത്മാ
പൃത്ഥീപാലശ്ചകാശേ ഭുജബലമിത ഭൂ
    മണ്ഡലോ ഭീമനാമാ.'

## അർഥവിശദീകരണം

| | | |
|---|---|---|
| പ്രചുരിമ | = | ആധിക്യം |
| ചിത്തം | = | മനസ് |
| ദിക് ചക്രവാളേ | = | എട്ടുദിക്കിലും |
| ചകാശേ | = | ശോഭിച്ചു |

## ആശയവിശദീകരണം

▶ ഭീമരാജാവ് വിദർഭരാജ്യത്തിങ്കൽ ശോഭിച്ചു

രാജാവിന്റെ സ്ഥിരവാസസ്ഥാനമായ നിഷധനഗരിയിൽ നളരാജാവ് ദിക്ചക്രവാളത്തിൽ കീർത്തിപ്രഭാവത്തോടെ വസിക്കുന്ന കാലത്ത്. പരാക്രമിയും കൈയ്യൂക്കുകൊണ്ട് ഭൂമണ്ഡലം ജയിച്ചവനും പുണ്യശാലിയുമായ ഭീമൻ എന്ന പേരോടുകൂടിയ ഒരു രാജാവ് വിദർഭരാജ്യത്തിങ്കൽ ശോഭിച്ചു.

### ശ്ലോകം 7

'ആകാംക്ഷാ മാശ്രിതാനാമനുദിവസമസൗ
    പൂരയൻ വൈരിവീരാ -
നാകാത്തന്നായുധാനാമുരപെറുമിരയാ -
    ക്കിച്ചമച്ചാത്തധൈര്യം
ആകമ്രാം കീർത്തിലക്ഷ്മീമവനിയിൽ മുഴുവൻ
    ചേർത്തമന്ദാനുരാഗൈ
സാകം ദാരൈരുദാരൈരരമത നഗരേ
    കുണ്ഡിനേ ചണ്ഡധാമാ'

### അർഥവിശദീകരണം

| | | |
|---|---|---|
| അസൗ | = | ഇദ്ദേഹം |
| പൂരയൻ | = | പൂരിപ്പിക്കുന്നവൻ |
| അരമത | = | രമിച്ചു |
| അമന്ദാനുരാഗം | = | വർധിച്ച സ്നേഹം |
| ദാരൈ | = | ഭാര്യയോട് |
| അനുദിനം | = | ദിനം തോറും |

### ആശയവിശദീകരണം

▶ കീർത്തിമാനായി കുണ്ഡിനപുരിയിൽ ഭീമരാജാവ് വാണു

ഉഗ്രതേജസ്സിയായ ഭീമരാജാവ് ആശ്രിതന്മാരുടെ ആഗ്രഹത്തെ ദിവസം തോറും നിറവേറ്റിയും വീരന്മാരായ ശത്രുക്കളെ സ്വന്തം ആയുധത്തിന് ഇരയാക്കിയും കീർത്തിയാകുന്ന ലക്ഷ്മീദേവിയെ ആശ്ലേഷിച്ചും അനുരാഗവതിയും ഉദാരയുമായ ഭാര്യയോടു ചേർന്ന് കുണ്ഡിനപുരിയിൽ സുഖിച്ചു വാണു.

### ശ്ലോകം 8

'സപ്താംഭോരാശിചൂഴും ധരണിയെ മുഴുവൻ
　കാത്തു സാമ്രാജ്യലക്ഷ്മീ
മത്യാനന്ദേന പൂജിച്ചനുദിവസമിരിക്കും -
　ധരാപാലമൗലേ :
ചിത്രം പുത്രാഭിധാനം നിറമുടയപദാ -
　ർത്ഥാന്തരം ഹന്ത കാണാ-
ഞ്ഞുദ്വേലാ കാപി ചിന്താഹൃദിപദമകരോ -
　ദാർത്തിമാപാദയന്തീ.'

### അർഥവിശദീകരണം

| | | |
|---|---|---|
| ധരണി | = | ഭൂമി |
| സപ്താംഭോരാശി | = | സപ്തസമുദ്രം (ഏഴു സമുദ്രം) |
| സാമ്രാജ്യലക്ഷ്മി | = | ചക്രവർത്തിത്വമാകുന്ന ഐശ്വര്യം |
| അഭിധ | = | പേര് |
| ഉദ്വേല | = | കരകവിഞ്ഞ |
| കാപി ചിന്ത | = | ഏതോ ഒരു വിചാരം |
| ആർത്തിം ആ പാദയന്തീ | = | ദുഃഖം ഉളവാക്കി കൊണ്ട് |
| ഹൃദിപദം അകരോൽ | = | ഹൃദയത്തിൽ സ്ഥാനം പിടിച്ചു |
| ധരാപാലൻ | = | ഭൂപതി (രാജാവ്) |

### ആശയവിശദീകരണം

▶ ഭീമരാജാവ് അനപത്യതാദുഃഖം മൂലം വിഷമിച്ചു

സപ്തസമുദ്രത്താൽ ചുറ്റപ്പെട്ട ഭൂമിയെ മുഴുവൻ സംരക്ഷിക്കുന്നവനും ചക്രവർത്തിത്വമാകുന്ന ഐശ്വര്യത്തെ നിരന്തരം നിറച്ചുകൊണ്ടിരിക്കുന്നവനും രാജശ്രേഷ്ഠനുമായ ഭീമമഹാരാജാവ് അനപത്യതാദുഃഖം മൂലം വിഷമിച്ചു. രാജാവിനു മക്കളില്ലാതെ പോയത് അനുകമ്പാർദ്രവും ആശ്ചര്യജനകവുമായിരുന്നു എന്നു വ്യക്തമാക്കുന്നു.

### ശ്ലോകം 9

'അപുത്രഃ പുത്രീയന്നഥ നൃപതിരാരാദ്ധ്യദമനം
തപോരാശിം തസ്യ പ്രചുരകരുണാഭാരവിഭവാൽ
മഹീയോഷാഭൂഷാം സപദി ദമയന്തീമിതിസുതാം
ദമം ഭാന്തം ലേഭേതദനുദമനം ചാപിതനയാൻ'

### അർഥവിശദീകരണം

| | | |
|---|---|---|
| അപുത്രഃ | = | പുത്രരില്ലാത്ത അവസ്ഥ |
| നൃപതി | = | രാജാവ് |
| തനയൻ | = | മകൻ |
| തപോരാശിം | = | താപസശ്രേഷ്ഠൻ |
| സപദി | = | പെട്ടെന്ന് |
| മഹീയോഷാ ഭൂഷാ | = | ഭൂലോക സുന്ദരികൾക്ക് അലങ്കാരമായ |
| അഥ | = | അനന്തരം |

### ആശയവിശദീകരണം

▶ ദമയന്തി, ദമൻ, ദാന്തൻ, ദമനൻ എന്നീ സന്താനങ്ങൾ

അനന്തരം സന്താനമില്ലാത്തവനും പുത്രനുണ്ടാകണമെന്നാഗ്രഹിച്ചവനുമായ ഭീമരാജാവ് ദമനമഹർഷിയെ പൂജിക്കുകയുണ്ടായി. മഹർഷിയുടെ വലിയ കാരുണ്യത്താൽ ലോകസുന്ദരിമാർക്ക് അലങ്കാരമായിത്തീർന്ന ദമയന്തിയെന്ന പുത്രിയും ദമൻ, ദാന്തൻ, ദമനൻ എന്നീ പുത്രന്മാരും ഭീമരാജാവിനുണ്ടായി.

### ശ്ലോകം 10

'അകസ്മാദുന്മീലൻമൃദുഹസിതമാധുര്യസുഭഗാ-
ന്യപത്യാ നാം പശ്യന്നനുദിവസമാസ്യാനി നിതരാം
അപാരേഹർഷാധ്യേ ഹരിഹയസമോ ഭൂപതിരസാ
വകൂപാരേമജ്ജന്നനയദനഘോ ഹന്ത ദിവസാൻ'

### അർഥവിശദീകരണം

| | | |
|---|---|---|
| ആകസ്മാൽ | = | യാദൃച്ഛികമായി |
| ഉന്മീലത്ത് | = | വികസിക്കുന്നത് |
| സുഭഗങ്ങൾ | = | ശോഭനങ്ങൾ |
| അപത്യങ്ങൾ | = | കുട്ടികൾ |
| നിതരാം | = | ധാരാളമായി |
| ഹരിയൻ | = | ദേവേന്ദ്രൻ |
| അനഘ | = | പാപമില്ലാത്തവൻ |
| അഘം | = | പാപം |
| അവാരം | = | ഇക്കരെ |
| ആകൂപാരം | = | സമുദ്രം |

### ആശയവിശദീകരണം

അകാരണമായി പൊട്ടിപ്പുറപ്പെടുന്ന ചെറുപുഞ്ചിരിയുടെ മാധുര്യംകൊണ്ട് മനോഹരങ്ങളായ സന്താനങ്ങളുടെ മുഖങ്ങളെ എന്നും കണ്ടിട്ട് ഇന്ദ്രതുല്യനും പാപരഹിതനുമായ ഭീമരാജാവ് ഹർഷം എന്നു പേരുള്ള

> ▶ സന്തതിഭാഗ്യം ലഭിച്ച രാജാവ് ഇന്ദ്രസമാനനായി വാണു

തും മറുകരയില്ലാത്തതുമായ സമുദ്രത്തിൽ മുഴുകി ദിവസങ്ങൾ ആനന്ദകരമായി കഴിച്ചു കൂട്ടി. സന്തതി ഭാഗ്യം ലഭിച്ച രാജാവ് ഇന്ദ്രസമാനനായി വാണു.

### ശ്ലോകം 11

'പുത്രീമത്യന്തരമ്യാമരമണിയുമണി
  ഞ്ഞന്തികേ സഞ്ചരന്തീം
പുത്രാനപ്യാത്തമോദം മടിയിലുടനുടൻ
  ചേർത്തു പേർത്തും പുണർന്നും
മെത്തും പുത്തൻമരന്ദം തടവിന മുഖപ
  ത്മങ്ങളെപ്പാർത്തുപാർത്തും
ചിത്തേ കൊള്ളാഞ്ഞു മോദപ്രചുരിമ ധരണീ
  പാലനേറ്റം വലഞ്ഞാൻ'.

### അർഥവിശദീകരണം

| | | |
|---|---|---|
| അരമണി | = | കിങ്ങിണി |
| സഞ്ചരന്തി | = | സഞ്ചരിക്കുന്നവൾ |
| ആത്തമോദം | = | സന്തോഷത്തോടു കൂടി |
| ചേർത്തു | = | പിന്നെയും പിന്നെയും |
| മരന്ദം | = | തേൻ |
| മോദപ്രചുരിമ | = | സന്തോഷാധിക്യം |

### ആശയ വിശദീകരണം

> ▶ സന്തോഷാധിക്യത്താൽ രാജാവ് വലഞ്ഞു

കിങ്ങിണി കിലുക്കി തന്റെ സമീപത്തായി ഓടിക്കളിക്കുന്ന പുത്രിയെയും പുത്രന്മാരെയും വർധിച്ച സന്തോഷത്തോടുകൂടി പല പ്രാവശ്യം ഭീമരാജൻ പുണർന്നു. പുത്തൻ തേൻ വഹിക്കുന്ന പൂക്കളാകുന്ന മുഖങ്ങളെ നോക്കി നോക്കി മനസിൽ കൊള്ളാത്ത വിധമുള്ള സന്തോഷാധിക്യത്താൽ രാജാവ് വലഞ്ഞു.

### ശ്ലോകം 12

'ചാതുര്യം പൂണ്ടു കിഞ്ചിൽച്ചപലത തിരളും
  ശൈശവാചേഷ്ടിതം കൊ-
ണ്ടാതന്വാനാനിതാന്തം ജനയിതുരമിതാ-
  നന്ദമിന്ദീവരാക്ഷീ
ജാതോല്ലാസം ജനാനാമപി നയനഫലം
  ചേർത്തു തസ്യാം നഗര്യാം
വൈദർഭീ സാവളർന്നാൾ മിഥിലയിലവനീ
  പുത്രി പണ്ടെന്നപോലെ.'

### അർഥവിശദീകരണം

| | | |
|---|---|---|
| ചാതുര്യം | = | മിടുക്ക് |
| കിഞ്ചിത് | = | കുറച്ച് |

SGOU

| | | |
|---|---|---|
| ചപലത | = | സ്ഥിരതയില്ലായ്മ |
| തിരളം | = | കലരുന്ന |
| ജനയിതു | = | അച്ഛന് |
| നിതാന്തം | = | ധാരാളം |
| ഇന്ദീവരാക്ഷി | = | താമരക്കണ്ണി |
| ജാതോല്ലാസം | = | സന്തോഷത്തോടുകൂടി |
| നയനഫലം | = | കണ്ണിനു സാഫല്യം |

### ആശയവിശദീകരണം

▶ സീതാദേവിയുമായി ദമയന്തിയെ ഉപമിച്ചിരിക്കുന്നു

ശൈശവസഹജമായ വാത്സല്യത്തോടും താമരയോടു തുല്യമായ കണ്ണുകളോടു കൂടിയവളുമായ ദമയന്തിയെ കാണുന്നത് നയനാനന്ദകരമാകുന്നു. സൗന്ദര്യാദിഗുണങ്ങൾ കൊണ്ട് അവനിപുത്രിയായ സീതാദേവിയുമായി ദമയന്തിയെ ഉപമിച്ചിരിക്കുന്നു. രണ്ടുപേരും ജനകാനന്ദവർധിനികളായിരുന്നതു കൊണ്ട് രണ്ടാൾക്കും സാദൃശ്യം സിദ്ധിക്കുന്നു. വിദർഭരാജാവിന്റെ പുത്രി അദ്ദേഹത്തിനും ചുറ്റുമുള്ള പ്രജകൾക്കും നയനാനന്ദകരമായി കാണപ്പെട്ടു.

### ശ്ലോകം 13

'ഉരപെരികിന പുത്രന്മാരിലേറ്റം തദാനീം
നരപതി ദമയന്തീം ലാളയാമാസ ബാലാം
ജഗതി തനയഭാജാം പ്രായശോ മാനവാനാം
മകളരിൽ മുകളേറും പക്ഷപാതാതിരേകം'

### അർഥവിശദീകരണം

| | | |
|---|---|---|
| ഉരപെരുകിന | = | അധികപ്രസിദ്ധിയുള്ള |
| തദാനീം | = | അപ്പോൾ |
| ലാളയാമാസ | = | ലാളിച്ചു |
| ജഗതി | = | ലോകം |
| തനയ ഭാജാം | = | മക്കളുള്ള |
| അതിരേകം | = | ആധിക്യം |
| മാനവനാം | = | മനുഷ്യർക്ക് |

### ആശയവിശദീകരണം

▶ സ്നേഹവും വാത്സല്യവും ദമയന്തിയോടു കാട്ടുന്നു

വളരെക്കാലം മക്കളുണ്ടാകാതെയിരുന്നശേഷം നാലുകുട്ടികളുണ്ടായപ്പോൾ മൂന്നു പുത്രൻമാരോടുള്ളതിനെക്കാൾ സ്നേഹവും വാത്സല്യവും മകളായ ദമയന്തിയോടു കാട്ടുന്നു. കുട്ടിയായ ദമയന്തിയെ പക്ഷപാതപരമായി വളരെയധികം ലാളിക്കുന്നു. ഭീമരാജാവിന്റെ ഒരു പ്രത്യേക സ്വഭാവത്തെ ഒരു സാധാരണന്യായം കൊണ്ട് സാധിച്ചിരിക്കുന്നതിനാൽ അലങ്കാരം അർഥാന്തരന്യാസം.

### ശ്ലോകം 14

'മിന്നും പൊന്നോല കർണ്ണേ മണിഗണലളിതം
മോതിരം കണ്ഠകാണ്ഡേ

പിന്നിൽ ചിന്നിക്കവിഞ്ഞൊന്നണിചികുരമകാ
 ണ്ഡോദയം മന്ദഹാസം
കുന്നിപ്രായം കുരുത്തൊന്നുരസി കുചയുഗം
 നൂനമപ്പെങ്കിടാവെ -
ത്തന്നേ തോന്നീടുമത്രേ സതതമൊരുദിനം
 കണ്ടവന്നിത്രിലോക്യാം'.

## അർഥവിശദീകരണം

| | | |
|---|---|---|
| കർണ്ണേ | = | കാതിൽ |
| പൊന്നോല | = | സ്വർണചിറ്റ് |
| അണിചികുരം | = | മനോഹരമായ തലമുടി |
| കുചയുഗം | = | സ്തനദ്വയം (മാറിടം) |
| കണ്ഠം | = | കഴുത്ത് |
| കാണ്ഡം | = | തണ്ട് |
| മണിഗണം | = | രത്നസഞ്ചയം ( രത്നക്കൂട്ടം) |

## ആശയവിശദീകരണം

▶ ദമയന്തീവർണന

ദമയന്തിയുടെ രൂപസൗന്ദര്യം കൊണ്ടും കൗതുകം കൊണ്ടും ഭൂസ്വർഗ പാതാളങ്ങളിലും അനന്യാദൃശ്യമായിരുന്നതു കൊണ്ട് ഒരിക്കൽ കണ്ടവർക്കെല്ലാം ആ മനോഹരദർശനം തന്നെ പിന്നെയും പിന്നെയും ഓർമ വന്നു കൊണ്ടിരുന്നു. ദമയന്തിയുടെ രൂപസൗകുമാര്യവും സ്വഭാവഗുണങ്ങളും വർണിക്കുന്നു.

## ശ്ലോകം 15

'നാനാവർണവിലേഖനേ നവരസാ
 സിക്തേ ച കാവ്യാദികേ
സംഗീതാമൃതസാഗരേ ച വചസാം
 ഭേദേഷു വാത്സ്യായനേ
ദ്യൂതേ കന്ദുകഖേലനേ ഭ്രമണക
 ക്ഷേപാദിലീലാന്തരേ
സാബാലാന ചിരദവാപവിശദ
 പ്രജ്ഞാപരം കൗശലം'

## അർഥവിശദീകരണം

| | | |
|---|---|---|
| നാനാവർണവിലേഖനേ | = | പലതരം ഛായങ്ങൾ കൊണ്ടുള്ള ചിത്രം |
| ആസിക്തം | = | പരിപൂർണം |
| വചസാം ഭേദേഷു | = | വാക്കുകളുടെ അർഥഭേദങ്ങൾ |
| ദ്യൂതേ | = | ചൂതുകളി |
| വാത്സ്യായനേ | = | കാമശാസ്ത്രത്തിലും |
| ഭ്രമണക ക്ഷേപാദിലീല | = | കടുന്തുടി, എറിയൽ തുടങ്ങിയ കളികൾ |
| വിശദപ്രജ്ഞ | = | വ്യക്തമായ ബുദ്ധി |

## ആശയവിശദീകരണം

കുലീനാംഗനകൾക്ക് അറുപത്തിനാലുകലകളിൽ സാമാന്യജ്ഞാനമുണ്ടായിരിക്കുന്നത് അന്ന് അത്യാവശ്യമായിരുന്നു. ശരീരത്തിൽ നിറം പൂശുക, കുറിക്കൂട്ടുകളുണ്ടാക്കുക, ദേശകാല സന്ദർഭാദികളെ അപേക്ഷിച്ച് ഉചിതമായ വസ്ത്രാലങ്കാരാദികളെ അറിയുക, സംഗീതമാകുന്ന അമൃതസാഗരത്തിൽ മുഴുകുക, നല്ല ഭാഷ ഉപയോഗിക്കുക, കാമാദി ശാസ്ത്രങ്ങളിൽ നിപുണയാകുക, വീണാദിയന്ത്ര വിശേഷങ്ങളിലുള്ള പാടവം എന്നിങ്ങനെ എല്ലാത്തിലും വ്യക്തമായ ബുദ്ധിയോടെ ദമയന്തി നൈപുണ്യം നേടി.

▶ ദമയന്തി എല്ലാത്തിലും നൈപുണ്യം നേടി

## ശ്ലോകം 16

'ഗാത്രേ ഗാത്രേ തുടർന്നു മധുരിമ തിരളും
    മാർദ്ദവം നേത്രരംഗേ
കൂത്താട്ടത്തിന്നു ലജ്ജായവനികയിൽ മറ-
    ഞ്ഞംഗജന്മാ വിരേജേ
മുത്തേലും കൊങ്കപങ്കേരുഹമുകുളസമം
    ഹന്തതാരുണ്യവായ്പോ
ടെത്തിക്കൈത്താർപിടിച്ചൂ ഝടിതി വടിവെഴും
    ശൈശവം പേശലാംഗ്യാഃ'

## അർഥവിശദീകരണം

| | | |
|---|---|---|
| ഗാത്രം | = | ശരീരം |
| മധുരിമ | = | മാധുര്യം |
| അംഗജൻ | = | കാമദേവൻ |
| ഝടിതി | = | പെട്ടെന്ന് |
| കൊങ്ക | = | സ്തനം |

## ആശയവിശദീകരണം

ദമയന്തിയുടെ സർവാംഗസൗന്ദര്യം വർണിക്കുന്ന കൂട്ടത്തിൽ കൗമാരത്തിനുമേൽ യൗവ്വനം വന്നുദിക്കുന്നതായി കവി വിഭാവന ചെയ്യുന്നു. മധുരിമതിരളുന്ന മാർദ്ദവം അവയവംതോറും വന്നുദിച്ചു. കണ്ണുകളാകുന്ന രംഗവേദിയിൽ ലജ്ജയാകുന്ന യവനികയുടെ മറവിൽ കൂത്താടാനെത്തിയ കാമദേവൻ നിന്നുവിളങ്ങി. മുത്തണിമുലകൾ താമരമൊട്ടിനൊപ്പമായി. സുന്ദരാംഗിയുടെ വടിവാർന്ന ശൈശവം യൗവനസമൃദ്ധിയുടെ കരം പിടിച്ചു. യൗവ്വനാരംഭത്തിന്റെ സൂചകമായി അംഗങ്ങൾ തോറും ലാവണ്യം വഴിയുകയും മൃദുത്വം വിലസുകയും ചെയ്തു. മനസിൽ ഉദിച്ച് കാമവികാരം ലജ്ജകൊണ്ട് കണ്ണുകളിൽ മിന്നിമറഞ്ഞു. നേത്രത്തെ രംഗവേദിയായും ലജ്ജയെ യവനികയായും കാമനെ നടനായും രൂപണം ചെയ്യുന്നു. നയനരംഗത്തിൽ നാണമാകുന്ന മറയ്ക്കു പിന്നിൽ കാമൻ കൂത്താടാൻ അണിഞ്ഞൊരുങ്ങിയെന്ന് ഉത്പ്രേക്ഷ. മുലമൊട്ടിന് താമരപ്പൂവിനോട് സാദൃശ്യം ഉപമ. ശൈശവത്തിനുമേലുദിച്ച യൗവനത്തെ അവ പരസ്പരം കൈകോർത്തു പിടിച്ചതായി ഉത്പ്രേക്ഷിക്കുന്നു.

▶ ദമയന്തിയുടെ സർവാംഗസൗന്ദര്യം വർണിക്കുന്നു

### ശ്ലോകം 17

'നർമ്മാലാപം ചുരുങ്ങീ ജനസദസി മണം
ചേർന്നു മന്ദാക്ഷവേഗാൽ
കമ്രം കാർകൂന്തലേന്തും പരിമളലളിതം
ചെന്നു കാലോടിടഞ്ഞു
തമ്മിൽത്തിക്കിത്തുടങ്ങീ കുളർമുലയുഗളം
നന്നുനന്നെന്നുവേണ്ടാ
നിർമ്മായം യൗവനശ്രീ സ്വയമലമകരോ -
ദംഗനാമൗലിമാലാം'.

### അർഥവിശകലനം

| | | |
|---|---|---|
| മണം ചേർന്ന | = | ഹൃദയംഗമമായ |
| മന്ദാക്ഷം | = | ലജ്ജ (കുലാംഗനയ്ക്ക് ഭൂഷണമായത്) |
| നർമ്മാലാപം | = | കളി പറച്ചിൽ |
| കമ്രം | = | മനോഹരം |
| കൂന്തൽ | = | മുടി |

### ആശയവിശദീകരണം

ബാല്യത്തിലെന്നപോലെ ആരെക്കണ്ടാലും ഓടിച്ചെന്ന് ശങ്കയില്ലാതെ അവരോട് എന്തും ചോദിക്കുകയും പറയുകയും കളിക്കുകയും ചെയ്യുന്ന രീതി ലജ്ജ കാരണം അവസാനിച്ചു. തലമുടി നിബിഡമായി വളർന്ന് കാലുവരെ എത്തി. എന്നു മാത്രമല്ല കാലുകളോടിടയുകയും ചെയ്യുന്നു. സ്തനങ്ങൾ രണ്ടിനും തുല്യമായ വലിപ്പവും വളർച്ചയും ദാർഢ്യവും ഉണ്ടായിരുന്നതു കൊണ്ട് മാറത്ത് സ്ഥലം പോരാതെ അവ തിക്കിത്തിരക്കി തുടങ്ങി. ഇപ്രകാരം യൗവനശ്രീ സ്വയമേവ അലങ്കരിച്ച് ദമയന്തിയിൽ യൗവനോദയത്തിന്റെ ഭാഗമായി സംഭവിച്ച മാറ്റങ്ങളാണിവിടെ പറയുന്നത്. മനോഹരമായ, പരിമളമേന്തുന്ന, നിബിഡമായ കേശഭാരവും സ്തനങ്ങളും ചേർന്ന് യൗവനശ്രീ സ്വയമേവ അലങ്കരിച്ചു എന്ന് സാരം

▶ ദമയന്തിയിൽ യൗവനോദയമുണ്ടായി

### ശ്ലോകം 18

'നളിനവിശിഖവീരപ്രാഭവപ്രൗഢി തേടും
കളലളിതവിലാസശ്രേണികൊണ്ടൂഢമാനം
നളിനമിഴി കവർന്നാൾ മാനസം മാനവാനാം
നളനഖിലവധൂനാം ചിത്തതാരെന്നപോലെ'.

### അർഥവിശദീകരണം

| | | |
|---|---|---|
| നളിനവിശിഖൻ | = | പങ്കജാസ്ത്രനായ കാമദേവൻ |
| പ്രഭാവം | = | പ്രഭുത്വം |
| വിലാസം | = | ശൃംഗാരമയമായ ചേഷ്ടകൾ |
| ശ്രേണി | = | നിര, കൂട്ടം |
| ഊഢമാനം | = | മാനത്തെ വഹിച്ചു കൊണ്ടും |
| മാനവാനാം | = | മനുഷ്യരുടെ |

അഖിലവധൂനാം = എല്ലാ യുവതികളുടെയും
ചിത്തതാർ = മാനസമാകുന്ന പൂവ്

## ആശയവിശദീകരണം

> ▶ ദമയന്തി സകല ജനങ്ങളുടെയും മനംകവർന്നു

കാമദേവന്റെ ശക്തിപ്രഭാവം കലർന്ന സുകുമാരങ്ങളും ശൃംഗാരമയങ്ങളുമായ വിലാസചേഷ്ടകൾ കൊണ്ട് ദമയന്തി സകല ജനങ്ങളുടെയും മനം ആദരപൂർവം കവർന്നു. സകല മനുഷ്യർക്കും ഹൃദയാകർഷകമായ വിധത്തിൽ കാമകലാനുസൃതമായതും ശൃംഗാരമയമായ ചേഷ്ടകൾ ദമയന്തിയിൽ പ്രകടമായി എന്നു ചുരുക്കം.

## ശ്ലോകം 19

'ഓരോരോ ജനമാസ്ഥയാ നളഗുണാൻ
  വാഴ്ത്തുന്നതാകർണ്ണ്യസാ
പാരിക്കും കുതുകം കലർന്നു സതതം
  കേൾപ്പാൻ കൊതിച്ചീടിനാൾ
നാരീമഞ്ജരിതൻ ഗുണങ്ങൾ നിഷധ
  ക്ഷ്മപാലനും കേട്ടുകേ-
ട്ടാരൂഢാദരമാഴവേ മുഴുകി
  നാനാനന്ദപാഥോനിധൗ'

## അർഥവിശദീകരണം

ആസ്ഥയാ = ആദരവോടെ
നളഗുണാൻ = നളന്റെ ഗുണങ്ങളെ
ആകർണ്യ = കേട്ടിട്ട്
സതതം = എല്ലായ്പ്പോഴും
മഞ്ജരി = നവാങ്കുരം
ക്ഷ്മാപാലൻ = ഭൂപാലകൻ (രാജാവ് )
ആരൂഢാദരം = അതിയായ ആദരം
പാഥോനിധി = സമുദ്രം

## ആശയവിശദീകരണം

> ▶ ദമയന്തിയുടെ ഗുണങ്ങളിൽ നളരാജാവ് ആകൃഷ്ടരായിത്തീർന്നു

നളമഹാത്മ്യങ്ങൾ പറഞ്ഞു തീരാത്തത്ര അധികമുള്ളതിനാൽ ഓരോരോ ജനങ്ങൾ വളരെ ക്ലേശിച്ച് നളഗുണങ്ങൾ വാഴ്ത്തുന്നതു കേട്ട് ആകൃഷ്ടയായ ദമയന്തി ആനന്ദസമുദ്രത്തിന്റെ ആഴത്തിലേക്കു പതിച്ചു. ഓരോരോ ജനങ്ങൾ നളഗുണങ്ങളെ വാഴ്ത്തുന്നതുകേട്ട് അവൾ വർധിച്ച കൗതുകത്തോടെ അത് കേൾപ്പാൻ സദാ ആഗ്രഹിച്ചു. അതുപോലെ നളരാജാവും ആ സ്ത്രീരത്നത്തിന്റെ ഗുണങ്ങൾ കേട്ടുകേട്ട് വർധിച്ച ആദരവോടെ ആനന്ദസാഗരത്തിൽ മുഴുകി എന്ന് സാരം. ശ്ലോകത്തിൽ നളദമയന്തിമാർ പരസ്പരം ഗുണശ്രവണത്താൽ ആകൃഷ്ടരായിത്തീർന്നതിനെപ്പറ്റി പറയുന്നു.

SGOU

### ശ്ലോകം 20

‘ശ്രോത്രദ്വാരപഥേന ചേർത്തു ഹൃദയേ
ഗാത്രങ്ങളെക്കേവലം
ചീർത്തീടുന്നനുരാഗഭാരവിവശാ
വന്യോന്യമാസ്താമു ഭൗ
നേത്രപ്രീതിയെ നീക്കി മന്മഥദശാ
സ്വാദ്യാം തദീയേ പദേ
ശ്രോത്രപ്രീതിയെ വെച്ചുവാൾച കഴിയി
ച്ചാരന്വിതൗ ദമ്പതീ’.

### അർഥവിശദീകരണം

| | | |
|---|---|---|
| ശ്രോത്രദ്വാരപഥേന | = | കാതിലൂടെ അറിഞ്ഞത് (കേട്ടറിഞ്ഞ്) |
| ഗാത്രം | = | ശരീരം |
| ഉഭൗ | = | രണ്ടുപേരും |
| അന്വിതൗ | = | പരസ്പരം അനുകരിക്കുന്നവർ |
| മന്മഥദശാഃ | = | പത്തു കാമാവസ്ഥകൾ |
| തദീയപദേ | = | ആസ്ഥാനത്ത് |
| ശ്രോത്രപ്രീതിയെ | = | കേട്ടറിഞ്ഞ ഇഷ്ടം |

### ആശയവിശദീകരണം

കർണ്ണങ്ങളാകുന്ന മാർഗത്തിലൂടെ പ്രവേശിച്ച സൗഭാഗ്യവർണന യിൽ നിന്ന് (നളൻ ദമയന്തിയെക്കുറിച്ചും ദമയന്തി നളനെക്കുറിച്ചും കേട്ടറിഞ്ഞ കാര്യങ്ങൾ) നളദമയന്തിമാർ കമിതാവിന്റെ രൂപത്തെ മന സിൽ സങ്കല്പിച്ചു. തുടർന്ന് പരസ്പരം വർധിച്ച പ്രണയാധിക്യം കൊണ്ട് രണ്ടു പേരും പരതന്ത്രരായി ഭവിച്ചു. അപ്രകാരം ഓരോരുത്ത രും മറ്റെയാളിന്റെ (നളൻ ദമയന്തിയുടെയും ദമയന്തി നളന്റെയും) രീതി പരസ്പരം അനുകരിക്കുന്നവരായിത്തീർന്ന ആ ദമ്പതികൾ രതിരഹസ്യ പ്രമാണമുള്ള പത്തുദശകളിൽ ഒന്നാമത്തേതായ നയനപ്രീതി എന്ന അവസ്ഥയുടെ സ്ഥാനത്ത് (കാഴ്ചകൊണ്ടുണ്ടാകുന്ന വികാരഭേദം) ശ്രോത്രപ്രീതി എന്ന വൃത്താന്തം കേട്ടിട്ടുണ്ടായ ആകർഷണം രണ്ടാം അവസ്ഥയെ അവരോധിച്ചു. സാധാരണയായി പ്രേമാങ്കുരത്തിന് കാര ണമാകുന്നത് ദർശനം അഥവാ നയനപ്രീതിയാണ്. ഇവിടെയാകട്ടെ ഇരുവരുടേയും സൗന്ദര്യാദിഗണങ്ങളുടെ മാഹാത്മ്യം കാരണം കാണു ന്നതിനു മുന്നേ കേൾവിയുടെ അടിസ്ഥാനത്തിൽ പ്രേമോദയം സംഭവി ക്കുന്നു. കേട്ടറിഞ്ഞ അംഗലാവണ്യത്തെ മനസിൽ സങ്കല്പിച്ച് ഇരുവ രും പരസ്പരം വർധിച്ച പ്രണയാധിക്യം കൊണ്ട് പരതന്ത്രരായി ഭവിച്ചു. (പ്രേമാവസ്ഥകൾ: - ദർശനം, ചിത്താസംഗം, സങ്കല്പം, നിദ്രാച്ഛേദം, തനുത (ചടപ്പ്), വിഷയനിവൃത്തി, ത്രപനാശം, ഉന്മാദം, മൂർച്ഛ, മരണം).

▶ പത്ത് പ്രേമാവസ്ഥ കൾ

### ശ്ലോകം 21

‘സാ കാന്തിർവ്വചസാം ച ചതുരതാ
ഗാത്രേഷു തൻമാർദ്ദവം

സാ ബിംബാധരമാധുരീ സ സുരഭിർ
ഗ്ഗന്ധോ ഘനേ കൈശികേ
ഇത്ഥം തൗ കുതുകേന സന്തതമുഭൗ
സഞ്ചിന്തയന്തൗ ഗുണാ-
നന്യോന്യസ്യ ഹൃദിസ്ഥിതാവഭവതാ-
മന്യൂനരാഗോദയൗ'

## അർഥവിശദീകരണം

| | | |
|---|---|---|
| സാ കാന്തി: | = | ആ കാന്തി |
| ബിംബാധര മാധുരീ | = | തൊണ്ടിപ്പഴത്തിനൊത്ത ചുണ്ടുകളുടെ മാധുര്യം |
| തൗ ഉഭൗ | = | ആ രണ്ടു പേരും |
| ഇത്ഥം | = | ഇപ്രകാരം |
| സഞ്ചിന്ത്യയന്തൗ | = | നല്ലപോലെ ചിന്തിക്കുന്നവർ |
| അന്യൂനരാഗോദയാ | = | അനുരാഗാരംഭത്തോടു കൂടി |
| ഹൃദിസ്ഥിതൗ | = | ഹൃദയത്തിൽ സ്ഥിതിചെയ്യുന്ന |

## ആശയവിശദീകരണം

▶ ചിത്താസംഗത്തെ വർണിക്കുന്നു

മദനദശയുടെ രണ്ടാമത്തെ അവസ്ഥയായ ചിത്താസംഗത്തെ വർണിക്കുന്നു. ദമയന്തി നളന്റെയും നളൻ ദമയന്തിയുടെയും ഹൃദയത്തിൽ ഗുണഗണങ്ങളെ സ്മരിച്ചുകൊണ്ട് സ്ഥാനം പിടിച്ചു എന്നു പറഞ്ഞിരിക്കയാൽ ഓരോരുത്തരുടേയും വിചാരം മുഴുവനും മറ്റെയാളെപ്പറ്റിയായിരുന്നുവെന്ന് ധ്വനി.

## ശ്ലോകം 22

'ആദായേവ ഹൃദന്തരാദഭിനവ
പ്രേമാഭിരാമം ജനം
സങ്കല്പൈ:പുരതോ നിധായ ഹൃദയേ
നിർദ്ധൂയചിന്താന്തരം
അഭ്യസ്താനി മുഹുർമ്മനോരഥശതാ
ന്യാപൂരയന്താ മുദാ
മന്ദം മന്ദമഥോ മമജ്ജതുരുഭാ
വാനന്ദവാരാകരേ'

## അർഥവിശദീകരണം

| | | |
|---|---|---|
| ഹൃദയേ പുരതഃ | = | ഹൃദയത്തിന്റെ പുരോഭാഗത്ത് |
| മുദാ ആ പൂരയന്തൗ | = | സന്തോഷത്തോടു കൂടി |
| ആനന്ദവാരാകരേ മമജ്ജുതുഃ | = | ആനന്ദസമുദ്രത്തിൽ മുഴുകി |
| ചിന്താന്തരം നിർധൂയ | = | അന്യചിന്തകളെ അകറ്റി |
| ഉഭൗ മുഹുഃ | = | രണ്ടു പേരും കൂടെ കൂടെ |

### ആശയവിശദീകരണം

കാമദശയിലെ തൃതീയാവസ്ഥയായ സങ്കല്പത്തെ വർണിക്കുന്നു. ഹൃദയമധ്യത്തിൽ നിന്ന് നൂതനപ്രണയത്താൽ മനോഹരമായ ആളിനെ എടുത്തിട്ടുണ്ടോ എന്നു തോന്നുമാറ് കാമിനീകാമുകരൂപങ്ങളെ സങ്കല്പം കൊണ്ട് പരസ്പരം പ്രത്യക്ഷതുല്യമാക്കി. നളനും ദമയന്തിയും ആനന്ദം അനുഭവിച്ചു. ആനന്ദത്തെ സമുദ്രമായി രൂപണം ചെയ്തിരിക്കയാൽ രൂപകവുമുണ്ട്.

- സങ്കല്പത്തെ വർണിക്കുന്നു

### ശ്ലോകം 23

'സങ്കല്പസംഗമസുഖാനുഭവസ്യ നാഹം
ഭംഗം കരോമി സമയേ സമയേ സമേത്യ
സഞ്ചിന്ത്യ നൂനമിതി തൌ സദയം വിഹായ
നിദ്രാ ജഗാമ നിപുണേവ സഖീസകാശാൽ'

### അർഥവിശദീകരണം

| | | |
|---|---|---|
| അഹം സമയേ | = | ഞാൻ സമയം തോറും |
| ഭംഗം | = | വിഘ്നം |
| സഞ്ചിന്ത്യ | = | നല്ല പോലെ ചിന്തിച്ച് |
| നിദ്രാ തൌ വിഹായ | = | ഉറക്കം വിട്ടകന്നു |
| നിപുണാ സഖി | = | സമർഥയായ തോഴി |
| ജഗാമ | = | പോയി |
| പവമാനൻ | = | വായു |

### ആശയവിശദീകരണം

കമിതാക്കൾക്കുണ്ടായ നിദ്രാഭംഗം വർണിക്കുന്ന പ്രസ്തുത പദ്യത്തിൽ നിദ്രയെ നിപുണയായ സഖിയോട് ഉപമിക്കുന്നത് സന്ദർഭോചിതമായിരിക്കുന്നു. ഉദ്യാനത്തിൽ പവമാനൻ വിതറിവിട്ട പരാഗനികരം മദനാഗ്നി കത്തിക്കാനുള്ള പയിൻപൊടിയാണെന്നും തരുനികരങ്ങളിൽത്തിളങ്ങുന്ന തളിർനിര, കാമദേവനാകുന്ന ഭൂപതി നളനെ വധിക്കാൻ ഉലച്ച വാളാണെന്നും മറ്റുമുള്ള ഉത്പ്രേക്ഷകൾ കവിയുടെ ഭാവനാവിലാസത്തിന് നിദർശനമാണ്. ചമ്പുക്കളിലെ ഫലിതപരിഹാസപ്രയോഗങ്ങൾ മലയാളത്തിൽ ഹാസ്യസാഹിത്യത്തിന്റെ വളർച്ചയ്ക്ക് ഏറെ സഹായിച്ചിട്ടുണ്ട്. ഫലിതപ്രയോഗത്തിൽ നമ്പ്യാർക്ക് മാർഗദർശകമായത് ചാക്യാന്മാരത്രേ. സഭാവാസികളെ പരിഹസിക്കാനുള്ള അവകാശം ചാക്യാർക്കുണ്ടായിരുന്നു. കഥാപ്രസംഗത്തിനിടയിൽ സഭാവാസികളെ ആകർഷിക്കാൻ നർമ്മോക്തികൾ അനിവാര്യമാണല്ലോ? സാമൂഹ്യവിമർശനം സാധിക്കുന്നതും ഫലിതപരിഹാസപ്രയോഗങ്ങളിലൂടെയാണ്. സ്വയംവരമെന്നു കേട്ടാൽ ഓടിക്കൂടുന്ന രാജാക്കന്മാരെയും സദ്യാലയത്തിൽ തിങ്ങിക്കൂടുന്ന പട്ടന്മാരെയും ദുഷ്പ്രഭുത്വത്തിനെയും മറ്റും കവി പരിഹസിക്കുന്നു.

- കമിതാക്കൾക്കുണ്ടായ നിദ്രാഭംഗം വർണിക്കുന്നു

### ശ്ലോകം 24

'നിദ്രാം വിഹായ നയനേഷ്ടസഖീം പ്രയാന്തീം
ബാഷ്പാംബു താമനുസസാര ന തത്ര ചിത്രം

ഏതത്തു ചിത്രമപഹായ നിജം നിവാസം
യന്നിർഗതാനി വലയാന്യപി ബാഹുമൂലാൽ'.

## അർഥവിശദീകരണം

| | | |
|---|---|---|
| നയനേഷ്ടസഖി | = | നയനമാകുന്ന ഇഷ്ടതോഴി |
| നയനം | = | കണ്ണ് |
| ബാഷ്പാംബു | = | കണ്ണുനീർ |
| അനുസസാര | = | അനുസരിച്ചു |
| വലയാനി അപി | = | വളകൾകൂടിയും |
| നിവാസം | = | വാസസ്ഥാനം |
| അപഹായ | = | വെടിഞ്ഞു |
| ബാഹുമൂലാത് | = | കൈത്തണ്ടയിൽ നിന്ന് |
| നിർഗ്ഗതാനി | = | നിർഗമിച്ചു |

## ആശയവിശദീകരണം

ഇതിൽ കാമാതുരതയാലുള്ള തനുത എന്ന പഞ്ചമാവസ്ഥയെ വർണിക്കുന്നു. വിട്ടു പോകുന്ന നിദ്രയെ വർണിക്കുന്നു. നിദ്ര കണ്ണിന്റെ ഇഷ്ടതോഴിയാണ്. അവർ കണ്ണിനെ വിട്ടു പോയി, ഉടനെ അശ്രുവും നിദ്രയെ പിൻതുടർന്ന് പുറത്തേക്ക് പുറപ്പെട്ടു. അനുതാപംകൊണ്ടോ അനുകരണബുദ്ധികൊണ്ടോ കണ്ണുനീർ കൂട്ടുകാരനെ പിൻതുടർന്നതിൽ ആശ്ചര്യമില്ല. കാർശ്യം നിമിത്തം കൈയ്യിലെ വളകൾ ഊരിപ്പോകാൻ തുടങ്ങിയപ്പോൾ ബാഹുമൂലത്തിൽ കയറ്റി വച്ചിരുന്നു. വീണ്ടും കാർശ്യം കൂടിയപ്പോൾ അവിടെയും ഉറയ്ക്കാതെ ഊരിപ്പോയിട്ടുണ്ടാകാം. കാപ്പുകൾ കൈകളെ വിട്ടു പോയതാണ് ആശ്ചര്യകരം. പൂർവാർധം കൊണ്ട് നിദ്രാച്ഛേദത്തോടു ചേർന്നുണ്ടായ വിലാപത്തെയും ഉത്തരാർധം കൊണ്ട് വലയങ്ങൾക്ക് നേരിട്ട സ്ഥാനഭ്രംശം വഴി കാർശ്യത്തേയും പ്രകാശിപ്പിച്ചിരിക്കുന്നു.

▶ കാമാതുരത

## ശ്ലോകം 25

'ഇത്ഥം മേവുന്ന കാലത്തൊരുദിനമവനീ
 കാന്തനാതങ്കശാന്ത്യൈ
പുത്തൻപൂങ്കാവിലുദ്യൽപരിമളലളിതേ
 ഹന്ത പോവാൻ തുനിഞ്ഞു
മെത്തീടും താപശാന്ത്യൈ തരണികിരണജാ
 ലോഷ്മളേ ഗ്രീഷ്മകാലേ
കത്തീടും വഹ്നിമദ്ധ്യേ ശിവ ശിവ സഹസാ
 ചാടുവാനെന്നപോലെ.'

## അർഥവിശദീകരണം

| | | |
|---|---|---|
| അവനീകാന്തൻ | = | രാജാവ് |
| ആതങ്കശാന്ത്യൈ | = | ദുഃഖശമനത്തിനായി |
| ഉദ്യത് പരിമള ലളിതേ | = | പൊങ്ങിപ്പരക്കുന്ന സുഗന്ധം കൊണ്ട് |
| വഹ്നി | = | തീ |
| സമാസാ | = | ആലോചന കൂടാതെ, പെട്ടെന്ന് |

## ആശയവിശദീകരണം

മാരതാപം നളനെ പലതരത്തിൽ പീഡിപ്പിച്ചു. ഒരിക്കൽ താപശാന്തിക്കായി പരിമളമിളകുന്ന ഉദ്യാനത്തിൽപ്പോയത് ഏറ്റവും ആപൽക്കരമായി എന്ന് കവി സ്മർഥിക്കുന്നതാണ് പ്രസ്തുതം. ദമയന്തിയെത്തന്നെ വിചാരിച്ച് കാമാതുരനായിക്കഴിഞ്ഞ നളൻ സുഗന്ധം വമിക്കുന്ന പൂന്തോട്ടത്തിൽപ്പോകാൻ തുനിഞ്ഞത് വലിയ ആശ്ചര്യം തന്നെ. ചൂടുശമിപ്പിക്കാനായി ചുട്ടുപഴുത്ത സൂര്യകിരണങ്ങൾ വമിക്കുന്ന വേനൽക്കാലത്ത് ആളിക്കത്തുന്ന അഗ്നിയുടെ നടുവിൽ ചാടുന്നതുപോലെ ആപൽക്കരമാണ്. മാനസോല്ലാസത്തിനുവേണ്ടിയാണ് ഉദ്യാനത്തിൽ പോകുന്നത്. ചൂടില്ലാതാക്കാൻ തീക്കുണ്ഡത്തിൽ ചാടുന്നതുപോലെ സാഹസമാണ് കാമാർത്തിയകറ്റാൻ ഉദ്യാനത്തിൽ പോകുന്നത് എന്ന് ഉപമ. ഉദ്യാനത്തിലെ സുഗന്ധവും കുളിർകാറ്റും മറ്റും വിരഹതാപം വർധിപ്പിക്കുകയേയുള്ളൂ. ഭൂമിയെ സങ്കല്പിച്ചു മാരാതുരനായ നളന്റെ ആതങ്കം വർദ്ധിക്കുന്നതാണ് ഉദ്യാനത്തിലെ വിനോദം. തീയിൽച്ചാടുന്നതിന് തുല്യമെന്ന കല്പന പരസ്പരവിരോധം. വിരോധാഭാസമലങ്കാരം.

- നളന്റെ വിരഹദുഃഖത്തെ കവി വർണിക്കുന്നു

## ശ്ലോകം 26

'കൃത്വാ വിഭാതേ വിബുധാർച്ചനാദ്യം.
ഭക്ത്വാ ച കിഞ്ചിദ്വിമനാ ഇവാസൗ
നിദ്രാപദേശേന വിസൃജ്യ ഭൃത്യാ
നുദ്യാനമാഢൗകത ഗൂഢമേകഃ'

## അർഥവിശദീകരണം

| | | |
|---|---|---|
| അസൗ | = | ഇദ്ദേഹം |
| കൃത്വാ | = | ചെയ്തിട്ട് |
| വിബുധാർച്ചന | = | ദേവപൂജ |
| ഭുക്ത്വാ | = | ഭക്ഷിച്ചിട്ട് |
| വിമനാഃ ഇവ | = | മനസ്സുഖമില്ലാത്തവനെപ്പോലെ |
| ഗൂഢം | = | രഹസ്യമായി |
| ആഢൗകത | = | എത്തിചേർന്നു |
| ഏകഃ | = | ഒറ്റയ്ക്ക് |

## ആശയവിശദീകരണം

വിഷയനിവൃത്തി എന്ന ആറാമത്തെ മദനദശയെ വർണിച്ചിരിക്കുന്നു. പ്രഭാതത്തിൽ ദേവപൂജ മുതലായവ ചെയ്തിട്ട്, മനസ്സുഖമില്ലാത്തവനെപ്പോലെ ഏകനായിട്ട് രഹസ്യമായി ഉദ്യാനത്തെ പ്രാപിച്ചു. സ്വഭാവ ഗാംഭീര്യത്താൽ ധൈര്യം അവലംബിച്ചിരുന്നുവെങ്കിലും ഒന്നിലും മനസുനിന്നിരുന്നില്ല. തന്റെ താൽക്കാലികാവസ്ഥ മൂടിവെയ്ക്കുവാൻ വേണ്ടിയാണ് നിദ്രാവ്യാജം കൊണ്ട് ഭൃത്യന്മാരെ മടക്കിയയച്ച് ഒറ്റയ്ക്ക് ആരുമറിയാതെ ഉദ്യാനത്തിൽ പ്രവേശിച്ചത്.

- വിഷയനിവൃത്തി

## ശ്ലോകം 27

'താമേവാലോലനേത്രാമനുസമയമസൗ
ചിന്തയന്നന്തരാത്മ -

ന്യാമൂലാഗ്രം പിടിച്ചീടിന രണരണികാം
ചെറ്റു നേതും പ്രശാന്തീം
വാമേ ബിഭ്രൽ പ്രകോഷ്ഠേ പരമൊരു വലയം
ദീർഘനിശ്വാസശാലീ
കാമീ ഭൂമീവലാരിർവ്യചരതുപവനേ
നിസ്സഹായോ നിഗൂഢം'

## അർഥവിശദീകരണം

| | | |
|---|---|---|
| ഭൂവലാരി | = | ഭൂമീന്ദ്രൻ |
| കാമി അസൗ | = | കാമിയായ |
| ആലോല നേത്ര | = | ചഞ്ചലാക്ഷി (സുന്ദരി) |
| അനുസമയം | = | നിമിഷം പ്രതി (ക്ഷണം തോറും) |
| രണരണികാം | = | ഉത്കണ്ഠ |
| വാമേ | = | ഇടതുഭാഗം |
| ഉപവനം | = | പൂന്തോട്ടം |
| വ്യചരത് | = | സഞ്ചരിച്ചു |

## ആശയവിശദീകരണം

▶ കാമതാപത്താലുണ്ടായ ഉത്കണ്ഠ

പ്രണയജന്യമായ ഉൽകണ്ഠ നിരന്തര ചിന്തനം കൊണ്ട് വളർന്ന് രാജാവിനെ തപിപ്പിച്ചുകൊണ്ടിരുന്നു. അടി മുതൽ മുടിവരെ അസഹ്യമായ കാമതാപത്താലുണ്ടായ ഉത്കണ്ഠയെ തെല്ലുശമിപ്പിക്കുന്നതിനു വേണ്ടി നെടുവീർപ്പുകളോടു കൂടി ആരും തുണയില്ലാതെ പൂന്തോട്ടത്തിൽ രഹസ്യമായി സഞ്ചരിച്ചു. ഇടതുകൈയിൽ ഒറ്റക്കാപ്പണിയുന്നത് വിരഹസൂചകമായ അടയാളമാണ്.

## ശ്ലോകം 28

'ആരൂഢാഭോഗമഗ്രേ മധുരിമ ചൊരിയും
മഞ്ജരീഭാരജാലം
പേറിക്കൂടാഞ്ഞു ചാഞ്ഞീടിന ശിഖരശതാ
പൂരിതാരാമദേശാൻ
ഓരോരോ ദിക്കിലോരോവക തരുനികരാൻ
ഹന്ത കാണും ദശായാം
മാരാർത്തിമ്മാനസാന്തേ തികതില പിടിപെട്ടൂ
മഹാരാജമൗലേ'

## അർഥവിശദീകരണം

| | | |
|---|---|---|
| ആരൂഢാഭോഗം | = | നിറഞ്ഞു കവിഞ്ഞവിധം |
| മഞ്ജരീഭാരം | = | പൂങ്കുല നിറഞ്ഞ |
| തരുനികരം | = | വൃക്ഷസമൂഹം |
| മാരാർത്തി | = | കാമപാരവശ്യം |
| തികതില | = | അത്യധികമായി |
| പിടിപെട്ടു | = | ബാധിച്ചു |

### ആശയവിശദീകരണം

സന്താപശാന്തിക്കു വേണ്ടി ഉദ്യാനപ്രവേശം വിരഹാവസ്ഥയിൽ കഴിയുന്ന രാജാവിന് കൂടുതൽ സന്താപം വരുത്തിക്കൂട്ടി. കനമേറിയ പൂങ്കുലകളോടു കൂടിയ പൂക്കൾ വഹിക്കുന്ന വൃക്ഷസമൂഹവും പൂക്കളുടെ സുഗന്ധവും ഉദ്യാന പശ്ചാത്തലവും നളമഹാരാജാവിന്റെ ഹൃദയാന്തർഭാഗത്ത് കാമപാരവശ്യം വർധിപ്പിച്ചു. രാജാവിന്റെ ദയനീയാവസ്ഥയിലുള്ള അനുകമ്പയെ ഇത് ദ്യോതിപ്പിക്കുന്നു.

▶ ഉദ്യാനപ്രവേശം

### ശ്ലോകം 29

'പുത്തൻ പരാഗനികരങ്ങളെ വാരി മേന്മേ-
ലൂതീടിനാരുടനുടൻ പവമാനപോതാഃ
ചിത്രം തദീയഹൃദയേ മദനാഗ്നിമേറെ
ക്കത്തിപ്പതിന്നൊരു പയിൻപൊടിയെന്നപോലെ'

### അർഥവിശദീകരണം

| | | |
|---|---|---|
| പവമാന പോത: | = | ഇളങ്കാറ്റുകൾ |
| പരാഗനികരങ്ങൾ | = | പൂമ്പൊടിക്കൂട്ടങ്ങൾ |
| ഊതീടിനാർ | = | വീശിത്തുടങ്ങി |
| തദീയ ഹൃദയേ | = | അദ്ദേഹത്തിന്റെ ഹൃദയത്തിൽ |
| മദനാഗ്നിം | = | കാമാഗ്നിയെ |

### ആശയവിശദീകരണം

പൂമ്പൊടി കലർന്ന ഉദ്യാനത്തിലെ ഇളംകാറ്റ് നളന്റെ മാരതാപത്തെ വർധിപ്പിച്ചു. കുട്ടികൾ പയിൻപൊടി തീ ആളിക്കത്തിക്കാൻ ഉപയോഗിക്കുന്നതുപോലെ ഇളംകാറ്റ് പരാഗങ്ങൾ വാരിവിതറി നളന്റെ മസിലെ കാമാഗ്നിയെ കത്തിച്ചു. ദയമന്തിയെ മനസിൽ ധ്യാനിച്ചു കഴിഞ്ഞ നളൻ മാരാതങ്കമകറ്റാൻ ഉദ്യാനത്തിലെത്തിയപ്പോൾ ഓരോ വൃക്ഷവും ഓരോതരത്തിൽ അദ്ദേഹത്തിന്റെ മാനസാർത്തി വളർത്തി. പൂമ്പൊടിയും പേറിവന്ന ഇളങ്കാറ്റിന്റെ വികൃതിയെ വർണിക്കുന്നതാണ് സന്ദർഭം. മന്ദമാരുതൻ പുതിയ പൂമ്പൊടികൾ വാരി നിരന്തരം ഊതിപ്പറത്തി. വിചിത്രം തന്നെ. നളന്റെ മനസിൽ നീറിപ്പിടിക്കുന്ന കാമാഗ്നിയെ ആളിക്കത്തിക്കാനുള്ള പയിൻപൊടിപോലെ അത് അനുഭവപ്പെട്ടു. ഉദ്യാനത്തിലെ വൃക്ഷനിരയിൽ നിന്നും പൂമ്പൊടി കാറ്റിൽപ്പറന്നതിനെ കുസൃതിക്കാറ്റ് പയിൻപൊടി ഊതിപ്പറത്തുന്നതായി ഉത്പ്രേക്ഷിക്കുന്നു. പവമാനപോത എന്ന പ്രയോഗത്തിന് ഇളംകാറ്റാകുന്ന ബാലൻ എന്ന് ശ്ലിഷ്ടരൂപകം. കുട്ടികളുടെ വികൃതിപോലെ കാറ്റ് പൂമ്പൊടി പറത്തി. പയിൻമരത്തിന്റെ കറയിൽ നിന്നെടുക്കുന്ന പൊടിയാണ് പയിൻപൊടി. തീജ്വാലയിൽ അത് വിതറിയാൽ തീപ്പൊരിയായി ജ്വലിക്കും. ഇളങ്കാറ്റിൽ പാറിപ്പറക്കുന്ന പൂമ്പൊടി നളന്റെ മദനാഗ്നി ആളിക്കത്തിക്കാൻ തൂവിയ പയിൻപൊടിയാണോയെന്ന് ശങ്കിക്കുന്നു. ഉത്പ്രേക്ഷ കാമാർത്തി അഗ്നിപോലെ താപമേകും. പൂമ്പൊടി തീപ്പൊരി പോലെ തോന്നുന്നത് വിരോധാഭാസം. അനുപ്രാസം ശബ്ദാലങ്കാരം. വൃത്തം-വസന്തതിലകം.

▶ ഉദ്യാനത്തിലെ ഇളംകാറ്റ് നളന്റെ മാരതാപത്തെ വർധിപ്പിച്ചു

SGOU

### ശ്ലോകം 30

'ആരാമസീമനി ചിരാദമുമാത്തവൈര -
മാരാന്നിരീക്ഷ്യ പരപുഷ്ടമുഖസ്തദാനീം
പോരാടുവാനിനിയയ്ക്കരുതെന്നു കല്പി -
ച്ചാരേഭിരേ മദനഭൂപതി വാഹിനീന്ദ്രാ:'

### അർഥവിശദീകരണം

| | | |
|---|---|---|
| ചിരാത് | = | വളരെക്കാലമായി |
| ആത്ത വൈരം | = | വൈരത്തോടുകൂടി (ശത്രുതയോടെ) |
| മദനഭൂപതി | = | കാമദേവൻ |
| വാഹിനീന്ദ്രൻ | = | സേനാനായകൻ |
| പോരാട്ടം | = | യുദ്ധം |
| ആരേഭിരേ | = | ആരംഭിച്ചു |

### ആശയവിശദീകരണം

ദമയന്തീവിഷയമായി മനസിലുദിച്ച കാമാർത്തി ശമിപ്പിക്കാൻ നളൻ പുഷ്പസുരഭിലമായ ഉദ്യാനത്തിൽപ്പോയിപ്പാർത്തു. പക്ഷേ കാമന്റെ പടയാളികൾ കൂട്ടത്തോടെ അവനെ ആക്രമിച്ചു കീഴടക്കാൻ ശ്രമിച്ചു. ഏറെക്കാലമായി ശത്രുതയിൽക്കഴിയുന്ന നളനെ ഉദ്യാനത്തിൽ വച്ച് അടുത്തുകണ്ടപ്പോൾ കാമനാകുന്ന രാജാവിന്റെ സേനാധിപന്മാരായ കുയിൽ തുടങ്ങിയവർ, ഇവനെ ഇനിയും വിട്ടയയ്ക്കരുതെന്ന് നിശ്ചയിച്ചുകൊണ്ട് പോരാട്ടം ആരംഭിച്ചു. ഇത്രനാളും കാമനോട് എതിർത്തുനിന്ന് നളൻ ഭൈമിയെ മനസിൽ സങ്കല്പിച്ചതു മുതൽ കാമന് കീഴടങ്ങിത്തുടങ്ങി. കാമരാജാവ് നളനെ എതിർത്തു തോൽപിക്കാൻ ശ്രമിച്ചതിന്റെ ഫലമാണ് ഈ കാമപാരവശ്യം. ഇളംകാറ്റ്, വണ്ടിൻനിര, കുയിൽനാദം, പുഷ്പസൗരഭ്യം തുടങ്ങിയവ കാമോദ്ദീപകമാണ്. കാമനെ രാജാവായും കുയിൽ തുടങ്ങിയവയെ പടയാളികളായും അദ്ദേഹം കൽപിക്കുന്നതിനാൽ രൂപകം. ഉദ്യാനത്തിൽച്ചെന്നപ്പോൾ പെരുകിയ കാമാർത്തി കാമകിങ്കരന്മാർ നടത്തിയ പോരാട്ടത്തിന്റെ ഫലമാണെന്ന് ആശങ്കിക്കുന്നതിനാൽ ഉത്പ്രേക്ഷ. പലപ്പോഴും കീഴ്പ്പെടുത്താൻ ശ്രമിച്ചിട്ടു കഴിഞ്ഞില്ല. പിടികിട്ടാപ്പുള്ളിയെ നേരിൽക്കിട്ടിയപ്പോൾ ഇനി വിട്ടയയ്ക്കരുതെന്ന വാശിയോടെയാണ് ആക്രമണം നടത്തിയത്. വൃത്തം വസന്തതിലകം. ചമ്പുകർത്താവിന്റെ ഉല്ലേഖചാതുരിക്ക് നിദർശനമാണീ പദ്യം.

▶ കാമന്റെ പടയാളികൾ നളനെ ആക്രമിച്ചു കീഴടക്കാൻ ശ്രമിച്ചു

## കാവ്യാവലോകനം

വർണന, അലങ്കാരവൈചിത്ര്യം, ഫലിതപരിഹാസപ്രയോഗം, മധുരമണിപ്രവാളം ഇവയാണ് ചമ്പുക്കളുടെ മുഖമുദ്ര എന്നുകാണാം. ഈ ഗുണങ്ങളെല്ലാം ഭാഷാനൈഷധം ചമ്പുവിനുമുണ്ട്. സാമൂഹ്യവിമർശനം, ധർമ്മപ്രചാരണം തുടങ്ങിയ ദൗത്യവും ചമ്പുക്കൾ ഏറ്റെടുത്തിട്ടുണ്ട്. ചാക്യാർ കഥാപ്രസംഗത്തിന് ഉപയോഗിച്ച് ചമ്പുക്കൾ കേരളത്തിലെ സാമൂഹിക സാംസ്ക്കാരികരംഗത്തിന്റെ പുരോഗതിക്ക് ഒട്ടേറെ സഹായിച്ചിട്ടുണ്ട്. മഹാഭാരതത്തിലെ ഒരു ഉപാഖ്യാനമാണ് നളചരിതം. ചൂതാട്ടം കൊണ്ടുണ്ടാകുന്ന വിപത്തുകൾ ഉദാഹരിക്കുകയാണ് അതിന്റെ ലക്ഷ്യം. എന്നാൽ ചമ്പുകർത്താവ് ഇതിഹാസത്തിന്റെ വഴിയിൽ നിന്നും വളരെ

> ▶ ഭാഷാനൈഷധം ചമ്പുവിലെ വർണന, അലങ്കാര വൈചിത്ര്യം

അകന്നു പോയിരിക്കുന്നു. ഇതിഹാസകഥയിൽ പ്രാധാന്യം നൽകിയ ഭാഗങ്ങൾ ചമ്പുകാരൻ നിസ്സാരമായി തള്ളുകയും ചില അപ്രധാനക ഥാസന്ദർഭങ്ങൾ ഉല്ലേഖങ്ങൾകൊണ്ട് പ്രാധാന്യത്തോടെ അവതരിപ്പി ക്കുകയും ചെയ്തിരിക്കുന്നു. വർണനയിലും ഫലിതപരിഹാസത്തിലും കവി പ്രാധാന്യം നൽകിയിരിക്കുന്നു. നളന്റെ ഭരണനൈപുണിയിലും ദമയന്തിയുടെ ഗുണഗണവർണനയിലും ഇത് ദർശിക്കാം.

രാത്രിയിലെ ഒരു വനാന്തരവർണന ഇങ്ങനെ-

'അസ്തഗിരീശ്വര മസ്തകസീമനി
ഭാസ്കരഭഗവാൻ മറയുന്നേരം'

ഗുഹകളിൽ നിന്ന് ഇരുട്ടുകളാകുന്ന ആനത്തലവന്മാർ ഇളകിപ്പുറപ്പെ ട്ടു. ക്രൂരതയേറിയ കരടിക്കുരങ്ങന്മാർ സകലദിക്കിലും പുളച്ചു തുടങ്ങി. കാട്ടാളന്മാർ വനമധ്യത്തിൽ സംഘം ചേർന്നു പാട്ടുകൾ പാടി. മുല്ല പ്പൂക്കൾ വിരിഞ്ഞു. കഴുകന്മാർ കാമിനിമാരോടണഞ്ഞു. കുറുക്കന്മാർ കൂട്ടം കൂടി ഓരിയിട്ടു തുടങ്ങി. മയിലുകൾ പീലിവിരുത്തി ആട്ടമാടി അടങ്ങി. കരടികൾ കാടുകളിൽ അലറി. രാക്ഷസന്മാർ തീക്ഷ്ണമായി ഗർജിച്ചു. നത്തുകൾ ഉഗ്രമായി പുളച്ചു തുടങ്ങി. രക്ഷസ്സുകളും പിശാചി കളും ഘോരമായി ശബ്ദിച്ചു. പന്നികൾ ഓടിച്ചാടുവാൻ തുടങ്ങി. കാട്ടി ലാണെങ്കിൽ വഴി തെളിഞ്ഞു കാണുന്നതുമില്ല. ദർപ്പമേറിയ സർപ്പങ്ങൾ അരികത്തു കാണപ്പെട്ടു. ഇങ്ങനെയുള്ള സമയത്തു തുടർന്നു യാത്ര ചെ യ്വാൻ കഴിയാതെ നിരാശയായി ദമയന്തി ഒരു സ്ഥലത്തിരിപ്പായി.

> ▶ രാത്രിയിലെ വനാന്തരവർണന

പ്രാചീന മധ്യകാല സാഹിത്യത്തിന്റെ സുപ്രധാനഭാഗം മണിപ്രവാള കവിതയാണ്. ചമ്പുക്കൾ, സന്ദേശകാവ്യങ്ങൾ എന്നീ രണ്ടു സാഹിത്യ പ്രസ്ഥാനങ്ങളടങ്ങുന്നതാണ് മണിപ്രവാളസാഹിത്യം. ചുരുക്കത്തിൽ ഭാഷയിലെ ആര്യദ്രാവിഡസങ്കരത്തിന്റെ പരിണതഫലമാണ് മണിപ്രവാ ളഭാഷ. ജന്മിസമ്പ്രദായത്തിന്റെ ആവിർഭാവത്തോടെ ദേവദാസിസമ്പ്ര ദായം ദുഷിക്കുകയും ഗണികാവൃത്തിയിലേക്ക് ദേവദാസികൾ മാറുക യും ചെയ്തു. ഇവർ നർത്തകികളായും വേശ്യകളായും അറിയപ്പെട്ടു. അവരെക്കുറിച്ച് കവിതകളെഴുതാനും വർണിക്കാനും കവികൾ മത്സരി ച്ചു. അവയിൽ ചിലത് പാഠകക്കാർ രംഗപ്രയോഗത്തിനായി സ്വീകരിച്ചു. അവ മിക്കതും നായികാപ്രധാനങ്ങളാകയാൽ 'മഹിളാളിമഹാസ്പദം' എന്നൊരു സങ്കല്പവും പ്രചാരത്തിൽ വന്നു. 'പദ്യരത്നം' പോലുള്ള മണിപ്രവാള ലഘുകവനങ്ങളുടെ സമാഹാരം അതിന് തെളിവാണ്. പാട്ടുഭാഷപോലെതന്നെ മണിപ്രവാളഭാഷയും കേരളഭാഷയുടെ ഒരു രൂപാന്തരം മാത്രമാണെന്ന സങ്കല്പവും രൂപപ്പെട്ടു. മധ്യകാലമലയാളം മണിപ്രവാളഭാഷയ്ക്കും കവിതയ്ക്കുമാണ് മുൻതൂക്കം നൽകിയിരു ന്നത്. മണിപ്രവാളത്തിന് മധുരകാവ്യം അഥവാ ശൃംഗാരകവിത എന്ന ധാരണയും പരക്കെയുണ്ടായി.

> ▶ ആര്യദ്രാവിഡസങ്കരത്തിന്റെ പരിണതഫലമാണ് മണിപ്രവാളഭാഷ

SGOU

# Summarised Overview

‘സംസ്കൃത മലയാളപദങ്ങളെ പാലും പഞ്ചസാരയും പോലെ ചേർത്തിണക്കി വൃത്തഗന്ധത്തോടുകൂടി നിർമ്മിതങ്ങളായ ഗദ്യങ്ങൾ കൊണ്ടാണ് ചമ്പുക്കളിലെ അധികം വർണ്ണനകൾ’ എന്ന് വടക്കുംകൂർ രാജരാജവർമ്മ വിലയിരുത്തുന്നത് ശ്രദ്ധേയമാണ് (സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ). ‘മലയാള സാഹിത്യചരിത്ര സംഗ്രഹ’ത്തിൽ പി. ശങ്കരൻനമ്പ്യാരുടെ ഒരു പ്രസ്താവന ഇങ്ങനെയാണ്: ‘അവരുടെ കൃതികളിൽ വിഷയമെന്നത് കേവലം ഒരു ‘അഴക്കോൽ’ മാത്രമായി കരുതിയാൽ മതി. അതിന്മേൽ സ്വന്തം മനഃകല്പിതങ്ങളായ വിചിത്രകാവ്യവസ്തുക്കളെ തൂക്കി അലങ്കരിക്കുന്നതിലാണ് അവരുടെ പാടവം ഇരിക്കുന്നത്. ‘ഭാഷാചമ്പുക്കൾ’ സരസ്വതിയുടെ കളിപ്പന്തലിലുള്ള തോരണവിധാനങ്ങൾ തന്നെയാണ്’. (മലയാളസാഹിത്യചരിത്രസംഗ്രഹം, പുറം 52-53). 1500-നുശേഷം ഒന്നൊന്നര നൂറ്റാണ്ടുകാലം ത്രൈവർണികരായ കവികളും സഹൃദയരും നെഞ്ചേറ്റി ലാളിച്ച ഒരു പ്രസ്ഥാനമായിരുന്നു ചമ്പു. ആകെ 66 കൃതികളാണ് മധ്യകാല ചമ്പുകളുടെ കൂട്ടത്തിൽ കണ്ടുകിട്ടിയിട്ടുള്ളതെന്നും മലയാളത്തിന് അവിസ്മരണീയമായ ഒരു സാഹിത്യസമ്പത്താണ് ഈ പ്രസ്ഥാനം പ്രദാനം ചെയ്തതെന്നും എൻ. കൃഷ്ണപിള്ള ചൂണ്ടിക്കാട്ടുന്നു (കൈരളിയുടെ കഥ, പുറം 90-91). മധ്യകാല ചമ്പുക്കളേറെയും പുരാണകഥകളെ ഉപജീവിച്ച് എഴുതപ്പെട്ടവയാണ്. രംഗപ്രയോഗവുമായി ബന്ധപ്പെട്ടാണ് ഇതിലധികവും രചിച്ചിട്ടുള്ളത്. മറ്റൊന്ന് ഭാഷയിലുള്ള പ്രധാന വ്യത്യാസമാണ്. സംസ്കൃതപ്രചുരമായ ‘യോഗ’ത്തിനാണ് മുൻതൂക്കം. പദ്യങ്ങളിൽ ഒന്നോ രണ്ടോ വാക്ക് ഭാഷയിലും ശേഷിച്ചതൊക്കെ സംസ്കൃതത്തിലുമാണ്. തനി സംസ്കൃതശ്ലോകങ്ങൾ തന്നെ ധാരാളമുണ്ട്. സന്ദർഭാനുസാരിയായി മറ്റു കാവ്യങ്ങളിലെ ഭാഗങ്ങൾ എടുത്തുചേർക്കുകയും ചെയ്യും. സമസ്തപദരചനയായിരുന്നു ഇവർക്ക് പഥ്യം.

നീലകണ്ഠകവിയുടെ ചമ്പുക്കളെ എൻ. കൃഷ്ണപിള്ള വിലയിരുത്തുന്നതിങ്ങനെ- ‘വിഷയത്തിന്റെ സ്വഭാവത്തിനുപറ്റിയ ഗൗരവം ആഖ്യാനത്തിനു വേണമെന്ന ഔചിത്യബുദ്ധികൊണ്ടോ, ഗ്രന്ഥകാരന്റെ സഹജമായ പ്രകൃതികൊണ്ടോ പല ചമ്പു കൃതികളിലും കാണുന്ന ഭാവചാപല്യങ്ങളും തരംതാണ ശൃംഗാര ഹാസ്യാവിഷ്കാരങ്ങളും ഈ കാവ്യങ്ങളിൽ കാണുന്നില്ല. ഓജസ്സും പ്രൗഢിയുമാണ് മുറ്റിനിൽക്കുന്ന ഗുണങ്ങൾ’ (കൈരളിയുടെ കഥ, പുറം 106-107). ചമ്പുക്കളുടെ ആഖ്യാനത്തിലെ പൊതുരീതി ഇപ്രകാരമാണ്. ചമ്പുക്കളെല്ലാം തുടങ്ങുന്നത് വന്ദനശ്ലോകത്തോടുകൂടിയാണ്. ശൃംഗാരവും ഭക്തിയുമാണ് പ്രധാനരസങ്ങൾ. രണ്ടും കൂട്ടിച്ചേർത്ത് എഴുതാനുള്ള ഈ കവികളുടെ സിദ്ധി അനിതരസാധാരണമാണ്. ശബ്ദഭംഗിയിലും ഒട്ടും പിന്നിലല്ല. കഥാസൂചന കൂടാതെ ഭാഷാചമ്പുക്കൾ പ്രായേണ ആരംഭിക്കാറില്ല. ‘വർണ്ണനാചാതുരി, ശബ്ദാർത്ഥഘടനാപാടവം, രസപോഷണ പ്രഗല്ഭത മുതലായ കവനകലാവിഭൂതികൾ പലതും അവർ തദ്വാരാ കരസ്ഥമാക്കിയിരിക്കുന്നു. വിവക്ഷിതങ്ങളായ ആശയങ്ങൾ പ്രതിപാദിക്കുന്നതിനുള്ള പദവിന്യാസവൈദഗ്ദ്ധ്യം അവരെ സ്വയം ഗ്രഹാശ്ലേഷം ചെയ്തിരുന്നു’എന്നുള്ള ഉള്ളൂരിന്റെ വിലയിരുത്തൽ വളരെ അർഥവത്താകുന്നു (ഉള്ളൂർ, ഭാഷാചമ്പുക്കൾ).

മധ്യകാലചമ്പുക്കൾ കൂടുതലും ചാക്യാന്മാരും നമ്പ്യാന്മാരും രംഗപ്രയോഗത്തിന് ഉപയോഗിച്ചിരുന്ന കൃതികളാണ്. പുരാണപ്രമേയങ്ങളും ഭക്തിയും ശൃംഗാരവും ഒക്കെ കടന്നുവരുന്നതാണ് മധ്യകാല ചമ്പുക്കൾ. പുനം നമ്പൂതിരിയുടെ ‘രാമായണം ചമ്പു’വാണ് ഇതിലെ പ്രഥമകൃതി. ഇരുപത് ഭാഗങ്ങളുള്ള ബൃഹത് കാവ്യമാണിത്. പദ്യം പോലെത്തന്നെ ഗദ്യവും മനോഹരമാണ് രാമായണം ചമ്പുവിൽ. മഴമംഗലം നാരായണൻ നമ്പൂതിരിയുടെ ‘ഭാഷാനൈഷധം ചമ്പു’വാണ് പിന്നീട് ശ്രദ്ധേയമായ കാവ്യം. ഭാഷാകവിതകളിൽ ഇത്ര ഭംഗിയുള്ള വർണ്ണനകൾ അധികമില്ലെന്നാണ് പി. ഗോവിന്ദപ്പിള്ള പറയുന്നത്. പേരിന് ഒരു പുരാണകഥ തെരഞ്ഞെടുക്കുകയും അതിൽ സ്വന്തം ഭാവനയനുസരിച്ച് ചില പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തുകയും നവനവോല്ലേഖ

SGOU

ങ്ങൾ നിബന്ധിക്കുകയും ചെയ്യുന്നത് പ്രതിഭാധനന്മാരുടെ സ്വഭാവമാണ്. 'നൈഷധം ചമ്പു'വിൽ വരുത്തിയ പരിഷ്ക്കാരങ്ങളെല്ലാം കവിയുടെ ഹാസ്യഭാവനയുടെ മുദ്രപതിഞ്ഞതാണ്. ഒരു ഋഷിയുടെ നിസംഗതയോടെ ജീവിതം കാണുകയും അപഗ്രഥിക്കുകയും ചെയ്യുന്ന ഒരു കവിക്കുമാത്രമേ ഇതിവൃത്തത്തെ നർമ്മപ്രധാനമായി രൂപകല്പന ചെയ്യാനും കഥാപാത്രങ്ങളെ യോഗ്യമായ തരത്തിൽ പെരുമാറാൻ നിയോഗിക്കാനും സാധിക്കയുള്ളൂ. ഇതിഹാസത്തിൽ കലിബാധയുടെ ദുരന്തങ്ങൾ ചിത്രീകരിക്കുന്ന ഗൗരവമേറിയ ഒരു കഥ നർമ്മമധുരമായി അവതരിപ്പിക്കുന്നതാണ് ഭാഷാനൈഷധം ചമ്പു.

സനാതന ധർമ്മപ്രചാരണമായിരുന്നു ചമ്പുകർത്താക്കളുടെ ലക്ഷ്യം. ഈ ദർശനം മാനവികധർമ്മം വിളംബരം ചെയ്യുന്നതാണ്. ഇങ്ങനെ ഓരോ സന്ദർഭവും കവി സനാതനധർമ്മങ്ങൾ ഊന്നിപ്പറയുന്നുണ്ട്. തേച്ചുമിനുക്കി കരടും മുരടും കളഞ്ഞ് മണിപ്രവാളശൈലി ചമ്പുകർത്താക്കൾക്ക് സ്വായത്തമായിരുന്നു. മധുരമണിപ്രവാളത്തിന്റെ പ്രാണേതാക്കൾ എന്ന് അവരെ വിശേഷിപ്പിക്കാറുണ്ട്. ലളിതമായ സംസ്കൃതപദങ്ങളും കോമളമായ ഭാഷാപദങ്ങളും ഇടകലർത്തി പുളകോദ്ഗമകാരിയാക്കിയതാണ് ചമ്പുക്കളിലെ ഭാഷാശൈലി. നാനാതരമാളുകൾ നിറഞ്ഞ സദസ്സിൽ കഥാപ്രസംഗത്തിനെത്തുന്ന ചാക്യാർ എല്ലാവിഭാഗത്തിന്റെയും അഭിരുചി കണക്കിലെടുത്തിരുന്നു. സാധാരണക്കാരനെ ലക്ഷ്യമാക്കി ഗദ്യം മിക്കതും പച്ചമലയാളത്തിലും പണ്ഡിതസഹൃദയന്മാർക്കുവേണ്ടി കഠിനസംസ്കൃതത്തിലും ചിലപ്പോൾ പ്രയോഗിക്കും. ചമ്പുകാരന്മാരുടെ ഭാഷാദേവിക്ക് ലളിതവേഷവും പ്രൗഢവേഷവുമിണങ്ങും. പ്രതിപാദ്യത്തിൽ രസഭാവത്തിനനുസരിച്ച് ശബ്ദാർത്ഥങ്ങളെ സമന്വയിപ്പിക്കാൻ കഴിവുള്ള പ്രബന്ധകാരന്മാരെ വശ്യവചസുകൾ എന്ന് വിശേഷിപ്പിക്കാറുണ്ട്.

## Assignments

1. മഴമംഗലത്തിന്റെ സാഹിത്യസംഭാവനകളെപ്പറ്റി വിവരിക്കുക.
2. മഴമംഗലത്തിന്റെ പ്രധാനചമ്പുകാവ്യങ്ങളെപ്പറ്റി ലഘുവിവരണം തയ്യാറാക്കുക.
3. മഴമംഗലത്തിന്റെ സംസ്കൃതചമ്പുകാവ്യങ്ങളെപ്പറ്റി വിവരണമെഴുതുക
4. രാജരത്നാവലീയം ചമ്പുവിന്റെ സവിശേഷതകൾ എന്തെല്ലാമെന്ന് വിശദീകരിക്കുക.
5. മഴമംഗലത്തിന്റെ പുരാണേതര ചമ്പുകാവ്യങ്ങളെക്കുറിച്ച് വിവരിക്കുക.
6. കൊടിയ വിരഹം ചമ്പുവിലെ പ്രധാനപ്രമേയവും മുഖ്യരസവും ചർച്ച ചെയ്യുക.
7. ഭാഷാനൈഷധം ചമ്പുവിലെ ഇതിവൃത്തസംസ്കരണവും മൂലകഥയും താരതമ്യം ചെയ്യുക.
8. ഇതര ചമ്പുകാവ്യങ്ങളിൽ നിന്ന് മഴമംഗലത്തിന്റെ ചമ്പുക്കൾ വേറിട്ടു നിൽക്കുന്നത് എങ്ങനെയെന്ന് വിശദമാക്കുക
9. ചമ്പുപ്രസ്ഥാനത്തിൽ നൈഷധം കാവ്യത്തിനുള്ള സ്ഥാനം നിർണയിക്കുക.
10. സംസ്കൃതസാഹിത്യത്തിലും ചമ്പുപ്രസ്ഥാനത്തിലും മഴമംഗലത്തിന്റെ കൃതികൾക്കുള്ള മേന്മയും സാഹിത്യഗുണവും ചർച്ച ചെയ്യുക.
11. മഴമംഗലത്തിന്റെ മലയാള ചമ്പുകാവ്യങ്ങളെപ്പറ്റി ഉപന്യസിക്കുക.
12. ഭാഷാനൈഷധം ചമ്പുവിലെ വർണനാഭംഗി കാവ്യഭാഗത്തെ മുൻനിർത്തി വിശദമാക്കുക.
13. ഭാഷാനൈഷധം ചമ്പുവിലെ നളദമയന്തിമാരുടെ ചിത്രീകരണത്തിലുള്ള ഔചിത്യം പരിശോധിക്കുക.

14. ഭാഷാനൈഷധം ചമ്പുവും നളചരിതം ആട്ടക്കഥയും തമ്മിൽ നാടകീയത, ഇതിവൃത്തസംസ്കരണം, പാത്രസൃഷ്ടി, രസാവിഷ്കരണം എന്നിവയെ മുൻനിർത്തി താരതമ്യം ചെയ്യുക.

## Suggested Readings


1. ഉള്ളൂർ. എസ്. പരമേശ്വരയ്യർ, ചമ്പു കാവ്യം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
2. ഡോ. ദിലീപ്കുമാർ കെ. വി., അകക്കാഴ്ചകൾ-മണിപ്രവാളപഠനങ്ങൾ, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
3. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി. സി. ബുക്സ്, കോട്ടയം.
4. ഡോ. പി വി വേലായുധൻപിള്ള, മണിപ്രവാളകവിത, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## References


1. പാട്ടത്തിൽ പത്മനാഭമേനോൻ, ഭാഷാനൈഷധം ചമ്പു (പ്രാഞ്ജലിവ്യാഖ്യാനം), എൻ. ബി. എസ്. കോട്ടയം.
2. ഡോ. എം. ലീലാവതി, മലയാള കവിതാ സാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ
3. ഡോ. അനിൽ വള്ളത്തോൾ, മണിപ്രവാള കാവ്യമാലിക, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


SGOU

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# ഭക്തിപ്രസ്ഥാനവും ദൃശ്യകലാപ്രസ്ഥാനവും

# BLOCK-03

## Block Content


| | |
|---|---|
| യൂണിറ്റ്-1 | ഭക്തിപ്രസ്ഥാനം-ഗാഥാപ്രസ്ഥാനം |
| യൂണിറ്റ്-2 | കിളിപ്പാട്ട് പ്രസ്ഥാനം |
| യൂണിറ്റ്-3 | ആട്ടക്കഥാപ്രസ്ഥാനം |
| യൂണിറ്റ്-4 | കല്യാണസൗഗന്ധികം |

# Unit 1 ഭക്തിപ്രസ്ഥാനം - ഗാഥാപ്രസ്ഥാനം

## Learning Outcomes

- ചെറുശ്ശേരിയുടെ കാവ്യശൈലി പരിചയപ്പെടുന്നു
- ഗാഥാപ്രസ്ഥാനത്തിന്റെ സവിശേഷതകൾ മനസിലാക്കുന്നു
- കാളിയമർദ്ദനം കഥയെ അപഗ്രഥിക്കുന്നു
- ഭക്തിപ്രസ്ഥാനത്തിന്റെ കാലഘട്ടത്തെ മനസിലാക്കുന്നു

## Background

'ഭക്തി', 'മുക്തി' എന്നീ ദ്വന്ദ്വങ്ങളിൽ അധിഷ്ഠിതമായിരുന്നു മലയാളത്തിലെ പാട്ട് കൃതികൾ മിക്കവയും. വൈദേശികാധിപത്യവും ചേരിതിരിഞ്ഞുള്ള പോർവിളികളും ശൃംഗാരപ്രധാനമായ സാഹിത്യ-സാമൂഹിക പരിസരവും മൂലം കലുഷിതമായിരുന്ന ഒരു സമൂഹത്തെ നവീകരിക്കുകയായിരുന്നു ഈ കാവ്യങ്ങൾ ചെയ്തത് എന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആര്യാധിനിവേശ സംബന്ധിയായ സംസ്കൃത കാവ്യങ്ങളും മണിപ്രവാള സാഹിത്യവും അരങ്ങുവാണിരുന്ന കാലത്താണ് ചെറുശ്ശേരി നമ്പൂതിരി ശുദ്ധമലയാളത്തിൽ കൃഷ്ണഗാഥ രചിച്ചത്. ഇത് ഒരേസമയം ഭക്തിയും ഭാഷാപരമായ ചെറുത്തുനിൽപ്പും കൂടിയായിരുന്നു.

കൃഷ്ണഗാഥയുടെ കർത്താവ്, കാലം എന്നിവയെക്കുറിച്ച് കൃത്യമായ വിവരങ്ങൾ ഒന്നും ലഭ്യമല്ല. എങ്കിലും ഉത്തര കേരളത്തിൽ വടകരയ്ക്ക് അടുത്തുള്ള ചെറുശ്ശേരി ഇല്ലത്തെ നമ്പൂതിരിയാണ് ഗാഥാകർത്താവ് എന്ന് മലയാളഭാഷാ ചരിത്രകാരനായ പി. ഗോവിന്ദപിള്ള പറയുന്നു. കോലത്തുനാട് ഒരുകാലത്ത് 12 ചേരിക്കല്ലുകളായി വിഭജിക്കപ്പെട്ടിരുന്നു എന്നും ഇവയിൽ ഏറ്റവും ചെറിയ ചേരിക്കല്ലായി ചെറുചേരി അഥവാ ചെറുശ്ശേരിയിൽപ്പെട്ട കാനത്തൂർ ഗ്രാമത്തിൽ രണ്ട് ഇല്ലങ്ങൾ ഉൾപ്പെട്ടിരുന്നു എന്നും അതിൽപ്പെട്ട ചെറുശ്ശേരി ഇല്ലം കൊല്ലവർഷം 547 ന് ശേഷം അന്യം നിൽക്കുകയോ പുനത്തിൽ ലയിക്കുകയോ ചെയ്തിരിക്കാം എന്നും പറയുന്നു. കൃഷ്ണഗാഥാകർത്താവ് ചെറുശ്ശേരി ചിറക്കൽ രാജവംശത്തിലെ (കോലത്ത് നാട്) ഉദയവർമ്മ രാജാവിന്റെ ആശ്രിതനായിരുന്നു.

'പാലാഴി മാതുതാൻ പാലിച്ചു പോരുന്ന
കോലാധിനാഥനുദയ വർമ്മൻ
ആജ്ഞയെച്ചെയ്കയാലജ്ഞനായുള്ള ഞാൻ
പ്രാജ്ഞനെന്നിങ്ങനെഭവിച്ചപ്പോൾ' എന്ന് കാവ്യാരംഭത്തിലും

'ആജ്ഞയാ കോല ഭൂപസ്യ
പ്രാജ്ഞസ്യോദയ വർമ്മണഃ
കൃതായാം കൃഷ്ണഗാഥായാം'

എന്ന് ഘട്ടാവസാനത്തിലും കാണുന്ന പരാമർശങ്ങളിലൂടെ മേൽപ്പറഞ്ഞ അഭിപ്രായം ശരിയാണെന്ന് തെളിയുന്നു. ഈ ഉദയവർമ്മൻ കൊല്ലവർഷം 621 നും 650 നും ഇടയ്ക്ക് കോലത്ത് നാട്

SGOU

ഭരിച്ചിരുന്ന രാജാവാണ്. അങ്ങനെ നോക്കുമ്പോൾ അദ്ദേഹത്തിന്റെ സദസ്സിലായിരുന്നു എന്ന് വിശ്വസിക്കപ്പെടുന്ന ചെറുശ്ശേരി കൃഷ്ണഗാഥ രചിച്ചത് ക്രിസ്തുവർഷം 15-ാം ശതകത്തിന്റെ ഉത്തരാർധത്തിലായിരിക്കാം എന്ന് അനുമാനിക്കപ്പെടുന്നു.

### ഗാഥാപ്രസ്ഥാനം

ഗാഥ എന്ന പദത്തിന് ഗാനം എന്നാണ് അർഥം. പഴയകാലത്ത് ദ്രാവിഡവൃത്തങ്ങളിൽ രചിച്ച കാവ്യങ്ങളെ ഗാഥ എന്ന് വിളിച്ചിരുന്നു. 'ഉണ്ണിച്ചിരുതേവി'ചരിതത്തിലാണ് ഈ പദം മലയാളത്തിൽ ആദ്യമായി പ്രയോഗിച്ചുകാണുന്നത്. മലയാളത്തിൽ ഗാഥാപ്രസ്ഥാനത്തിലെ നെടുംതൂണായ കൃതി കൃഷ്ണഗാഥയാണ്.

### കൃഷ്ണഗാഥ

കോലത്തുനാട്ടിലെ രാജാവായിരുന്നു ഉദയവർമ്മൻ. അദ്ദേഹം ചെറുശ്ശേരി നമ്പൂതിരിയുമായി ചതുരംഗം (Chess) കളിക്കുകയായിരുന്നു. തൊട്ടടുത്തായി തൊട്ടിലിൽ കുട്ടിയെ കിടത്തി താരാട്ടുപാടി ഉറക്കുകയാണ് രാജപത്നി. ചതുരംഗക്കളിയിൽ വിദഗ്ദ്ധയായ രാജ്ഞി കളിയിൽ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അപ്പോൾ കണ്ടത് അടിയറവ് പറയാനൊരുങ്ങുന്ന രാജാവിനെയാണ്. ഒരു നീക്കം കൂടി പിഴച്ചാൽ രാജാവിന് തോൽവി ഉറപ്പ്. കുട്ടിയെ താരാട്ടു പാടി ഉറക്കാനെന്ന മട്ടിൽ

'ഉന്തുന്തു,ന്തുന്തുന്തു,ന്തുന്തുന്തു,ന്തുന്തുന്തു

ന്തുന്തുന്തുന്തുന്തുന്തുന്താളെയുന്ത്' എന്ന് രാജ്ഞി പാടി. അർഥം മനസിലാക്കിയ രാജാവ് കാലാൾ കരു നീക്കി പരാജയത്തിൽ നിന്നും കരകയറി. സന്തുഷ്ടനായ രാജാവ് പത്നി പാടിയ ഈണത്തിൽ ഒരു കാവ്യം രചിക്കാൻ ചെറുശ്ശേരിയോട് ആവശ്യപ്പെട്ടെന്നും അപ്രകാരം രചിക്കപ്പെട്ടതാണ് 'കൃഷ്ണഗാഥ'യെന്നുമാണ് ഐതിഹ്യം. 'കൃഷ്ണഗാഥ'യ്ക്ക് 'കൃഷ്ണപ്പാട്ട്' എന്നും പേരുണ്ട്. 'ഭാഗവതം ദശമസ്കന്ധത്തെ ആസ്പദമാക്കി കൃഷ്ണന്റെ ജനനം മുതൽ സ്വർഗാരോഹണം വരെയുള്ള കഥയാണ്' 'കൃഷ്ണഗാഥ'യുടെ ഇതിവൃത്തം. കൃഷ്ണകഥയെ ആധാരമാക്കി മലയാളത്തിലുണ്ടായിട്ടുള്ള ഏറ്റവും പഴക്കമുള്ള കൃതിയാണിത്. സംഗീതാത്മകമായ മഞ്ജരിവൃത്തത്തിലാണ് കാവ്യം രചിച്ചിരിക്കുന്നത്.

ചെറുശ്ശേരി ഇല്ലത്തിലെ ഒടുവിലത്തെ അംഗമായ ശങ്കരൻ നമ്പിടിയെ പുനത്തിൽ ദത്തെടുത്തെന്നും ടിപ്പുവിന്റെ പടയോട്ടക്കാലത്തിനുശേഷം ചെറുശ്ശേരി ഇല്ലവും മറ്റും നാമാവശേഷമാകയാൽ അയാൾ പുനത്തിൽ ശങ്കരൻ നമ്പിടി എന്ന പേരിൽ പ്രസിദ്ധനായെന്നും സാഹിത്യപഞ്ചാനനൻ തുടങ്ങിയവർ അഭിപ്രായപ്പെടുന്നു. 'ചന്ദ്രോത്സവ'ത്തിൽ പുനത്തിന് പുറമേ ഒരു ശങ്കരൻ നമ്പിടിയെക്കുറിച്ചുള്ള പരമാർശമുണ്ടെന്നത് ഈ വാദത്തിന് ബലം നൽകുന്നു. പുനവും ശങ്കരകവിയും സമവയസ്കരും സുഹൃത്തുക്കളുമായിരുന്നെന്ന് മാരലേഖയെ വർണിക്കുന്ന ചില ശ്ലോകങ്ങളിൽ സൂചനയുണ്ട്. എന്നാൽ ഇതൊന്നും 'കൃഷ്ണഗാഥാ' കർത്താവാരെന്നു തെളിയിക്കാൻ സഹായകമല്ല. ചെറുശ്ശേരി ഗ്രന്ഥനാമമാണെന്നു പറയുന്നവരുമുണ്ട്. ചെറുശീൽ എന്നതിന്റെ രൂപാന്തരമാണെന്നും ചിലർ അഭിപ്രായപ്പെടുന്നു. ചെറുശ്ശേരിയുടേതെന്ന് കരുതപ്പെടുന്ന 'ഭാരതഗാഥ'ക്ക് 'ചെറുശ്ശേരി ഭാരത'മെന്ന് പേരുമുണ്ട്. അതുകൊണ്ട് ചെറുശ്ശേരിയെന്നത് കവിയുടെ പേരുതന്നെയെന്ന് ചിലർ കരുതുന്നു. എന്തായാലും 'കൃഷ്ണഗാഥാ'കാരൻ ചെറുശ്ശേരിയാണെന്നും അദ്ദേഹം ഒരു നമ്പൂതിരിയാണെന്നും വിശ്വസിക്കാം. ചെറുശ്ശേരി എന്നത് ഇല്ലപ്പേരായാലും, ചേരിപ്പേരായാലും ഇന്ന് അതിന് 'കൃഷ്ണഗാഥാ'കാരൻ എന്ന് തന്നെയാണ് വിവക്ഷ.

## Keywords

കൃഷ്ണകഥ-ഗാഥാപ്രസ്ഥാനം-കൃഷ്ണപ്പാട്ട്-നാടൻ സംസ്കാരത്തിന്റെയും ആര്യസംസ്കാരത്തിന്റെയും സമന്വയം-കാളിയന്റെ കഥ-അഹങ്കാരശമനം

## Discussion

### 3.1.1 കാളിയമർദ്ദനം

മഹാഭാഗവതത്തിലും ഇതര ഭാഗവതീയകാവ്യങ്ങളിലും വിവരിച്ചിട്ടുള്ള കഥയാണ് കാളിയമർദ്ദനം. ബലരാമനും കൂട്ടുകാരും താലവനത്തിൽ കടന്ന് പനങ്കായ്കൾ എടുക്കുമ്പോൾ അക്രമിക്കാനെത്തിയ 'ധേനുകൻ' എന്ന അസുരനെ ബലരാമൻ വധിച്ചു. എല്ലാ ഗോപാലകരുടെയും കണ്ണിനും മനസിനും ആനന്ദം നൽകി കാലികളെയും മേയിച്ച് കൂട്ടുകാരോടൊപ്പം ആർത്തുല്ലസ്സിച്ചു നടന്നു. ഒരു ദിവസം ശ്രീകൃഷ്ണഭഗവാൻ കൂട്ടരുമൊത്ത് കാലികളെ മേയിച്ചു നടന്നുനടന്ന് യമുനാതടത്തിലെത്തി. പശുക്കളെ മേയ്ച്ച് മുന്നിലെത്തിയ ബലരാമനും കൂട്ടരും വെയിലേറ്റു ക്ഷീണിച്ചു. ദാഹാർത്തരായ ഗോപാലരും ഗോക്കളും വത്സങ്ങളും കാളിന്ദിയിലിറങ്ങി ജലപാനം ചെയ്തു. ആ വെള്ളം കാളിയനെന്ന ഘോരസർപ്പത്തിന്റെ വിഷം വ്യാപിച്ചതായിരുന്നു. വിഷമയമായ വെള്ളം കുടിച്ച് ഗോക്കളും ഗോപാലരും കിടാങ്ങളും ബോധമറ്റ് നിലംപതിച്ചു. എല്ലാം ശവപ്രായങ്ങളായി കാണപ്പെട്ടു. കാളിന്ദീതീരത്ത് ബോധംകെട്ട് പാവകളെ പോലെ അവർ വീണു. അവിടേക്കെത്തിയ കൃഷ്ണൻ ആ കാഴ്ച കണ്ട് അമ്പരന്നു. കൃഷ്ണഹൃദയം കരുണാർദ്രമായി. സ്നേഹമാകുന്ന അമൃത് കൊണ്ട് തന്റെ കൂട്ടുകാരെ ഉണർത്തി. ഇതിനു കാരണക്കാരനായ കാളിയനുമായി ഏറ്റുമുട്ടാൻ കൃഷ്ണൻ തയ്യാറായി.

▶ കാളിന്ദി വിഷമയമാകുന്നു

ജീവജാലങ്ങളെയും നശിപ്പിച്ച്, അഹങ്കാരവിഷം വമിച്ച് കഴിയുന്ന കാളിയനെ ഒരു പാഠം പഠിപ്പിക്കണമെന്ന് കൃഷ്ണൻ തീരുമാനിച്ചു. മേരുപർവതത്തിന്റെ മുകളിലേക്ക് കൃഷ്ണൻ ഓടിക്കയറിയിട്ട് യമുനാതടത്തിലെ ഒരു കടമ്പു വൃക്ഷത്തിലേക്കിറങ്ങി, അച്യുതൻ, ആറ്റിലേക്കെടുത്തുചാടി. ആ ആഘാതത്താൽ, യമുനയിൽ തിരത്തള്ളലുണ്ടായി. ഭാര്യമാരോടും കുട്ടികളോടും ചേർന്ന് ഉല്ലസിക്കുകയായിരുന്ന കാളിയൻ പെട്ടെന്നുണ്ടായ ശബ്ദത്തിൽ ഞെട്ടിത്തരിച്ചു. കാളിയന്റെ പാർപ്പിടം ഉലഞ്ഞു. കാരണമറിഞ്ഞ് ക്ഷുഭിതനായ സർപ്പേന്ദ്രൻ ചന്ദ്രനെ വിഴുങ്ങാനെത്തിയ രാഹുവിനെപ്പോലെ കൃഷ്ണനു നേരേ വന്നു. ഫണങ്ങൾ വിരിച്ച്, മാധവനെ ആഞ്ഞാഞ്ഞു കൊത്തി. സ്വശരീരത്താൽ കൃഷ്ണനെ വരിഞ്ഞുമുറുക്കി. അപ്പോൾ, കൃഷ്ണൻ തന്റെ ശരീരദൈർഘ്യംകൂട്ടി സർപ്പബന്ധനത്തിൽനിന്ന് പുറത്തിറങ്ങി. ഘോരസർപ്പത്തിന്റെ വാൽപിടിച്ച് ചുഴറ്റി നൂറുവിൽപ്പാട് ദൂരേക്കെറിഞ്ഞു. കാളിയൻ അത്യന്തം കുപിതനായി കൃഷ്ണനെ കടിക്കാൻ വീണ്ടുമടുത്തു. കൃഷ്ണന്റെ മുഷ്ടിപ്രഹരമേറ്റ് കാളിയൻ മോഹാലസ്യപ്പെട്ടു. ആ സന്ദർഭത്തിൽ കൃഷ്ണൻ കാളിയന്റെ ഫണങ്ങൾക്കുമേൽ കയറി നൃത്തം തുടങ്ങി. കാളിയന്റെ മദം ശമിച്ചു. ആ നാഗേന്ദ്രൻ ശ്വാസതടസത്താൽ വിഷമിച്ചു. ചോര ഛർദ്ദിച്ച് നന്നായുഴന്നു. വേവലാതിപൂണ്ട കാളിയപത്നിമാർ കൃഷ്ണനെ ചുഴന്നുനിന്ന് സ്തുതിച്ചു. കാളിയനോട് അവിടം ഉപേക്ഷിച്ചിട്ട് രമണകം എന്ന ദ്വീപിലേക്ക് മാറിപോകാൻ ഭഗവാൻ അരുൾ ചെയ്തു. അപ്പോഴാണ് കാര്യം മനസിലാകുന്നത്. കാളിയന് അവിടം ഉപേക്ഷിച്ച് ഒരിടത്തും പാർക്കാൻ കഴിയില്ല. കാരണം അവന്റെ ശത്രുവായ ഗരുഡൻ അവനെ കൊല്ലും.

▶ കൃഷ്ണന്റെ പ്രഹരമേറ്റ് കാളിയന്റെ മദം ശമിച്ചു

പണ്ട് 'സുരഭി' എന്ന മഹർഷി കാളിന്ദിയിൽ കുളിച്ച് കണ്ണടച്ച് ജപിച്ചു നിൽക്കുകയായിരുന്നു. ഗരുഡൻ ഇതറിയാതെ ഒരു വലിയ മത്സ്യത്തെ നദിയിൽ നിന്നും പിടിക്കുകയും മുനിയുടെ ദേഹത്താകെ വെള്ളം തെറിപ്പിക്കുകയും ചെയ്തു. കോപംപൂണ്ട മുനി ഗരുഡനെ ശപിച്ചു. "ഇതിനുശേഷം നീ കാളിന്ദിയിൽ വന്നാൽ പത്തു കഷ്ണങ്ങളായി മരിക്കും'' എന്നാണു ശാപം. അതുപോലെ പാമ്പുകളും ഗരുഡനും പണ്ട് പണ്ടേ ശത്രുക്കളാണല്ലോ. ഗരുഡൻ അനേകം പാമ്പുകളെ ഭക്ഷിച്ചിരുന്നു. അങ്ങനെയിരിക്കെ, പാമ്പുകൾ ഒരു തീരുമാനമെടുത്തു. ഓരോ ദിവസവും ഓരോ പാമ്പ് വീതം ഗരുഡനു ഭക്ഷണം ആകാൻ തയ്യാറായി. വാവുബലിയായപ്പോൾ പാമ്പുകൾക്ക് കിട്ടുന്ന ഹവിർഭാഗം (സർപ്പബലി) ഗരുഡനു നൽകാം എന്നും, പാമ്പുകളെ ഭക്ഷിക്കരുത് എന്നുമായി വ്യവസ്ഥ. അതും ഗരുഡൻ സമ്മതിച്ചു. എന്നാൽ കാളിയൻ മാത്രം ഈ കരാർ ലംഘിച്ചു. ഗരുഡനു അത് സഹിച്ചില്ല. അവർ തമ്മിൽ ഏറ്റുമുട്ടി. ഗരുഡന്റെ ചിറകടികൊണ്ട് വലഞ്ഞ കാളിയൻ അവസാനം കാളിന്ദീനദിയുടെ കയത്തിൽ അഭയം നേടി. അങ്ങനെ അവന്റെ കുടുംബവും ആ കയത്തിലെത്തി. തന്റെ പാദസ്പർശമേറ്റതിനാൽ ഗരുഡൻ ഒരിക്കലും കാളിയനെയും കുടുംബത്തെയും ഉപദ്രവിക്കില്ല എന്ന് ഭഗവാൻ ഉറപ്പു നൽകി. ക്ഷതമൊന്നുമേൽക്കാതെ കരയിലെത്തിയ കൃഷ്ണനെ, അച്ഛനമ്മമാരും ഗോപീഗോപന്മാരും ആലിംഗനാദികളാൽ ആഹ്ലാദിപ്പിച്ചു. സ്വയം ആനന്ദഭരിതരാവുകയും ചെയ്തു. തുടർന്ന് ആ രാത്രി അവർ കാളിന്ദീതീരത്ത് വസിക്കുകയും പെട്ടെന്ന് കാട്ടുതീ ഉണ്ടാവുകയും ചെയ്യുന്നു. ആയർ സ്ത്രീകൾ നൽകുന്ന വെണ്ണ കഴിക്കുന്നത് പോലെ ലോകനാഥൻ അഗ്നി വിഴുങ്ങുകയും അവരെ രക്ഷിക്കുകയും ചെയ്യുന്നു. പുതിയ പ്രഭാതത്തിൽ അവർ കാലികളെ മേയ്ച്ച് തിരികെ യാത്രയാകുന്നു.

- ▶ കാളിയന് ശാപമോക്ഷം ലഭിക്കുന്നു

## പാഠഭാഗം

### വരികൾ

1. 'ബാലകന്മാരുമായി കന്നുമേച്ചിങ്ങനെ
   നാലഞ്ചുമാസം കഴിഞ്ഞകാലം
   ......................................................
   താലഫലങ്ങളെ ബാലകന്മാർക്കുമ-
   മ്മാലോകരെല്ലാർക്കുമായി കൊടുത്താർ'

### അർഥവിശദീകരണം

| | | |
|---|---|---|
| രാസഭൻ | = | കഴുത |
| ധേനുകൻ | = | ഒരു അസുരൻ |
| താലവനം | = | പനങ്കാട് |
| താലഫലം | = | പനങ്കായ് |

### ആശയവിശദീകരണം

ബാലകരായ കൃഷ്ണനും ബലരാമനും മറ്റ് ബാലകരോടൊത്ത് കാലിയെ മേയിച്ചങ്ങനെ നടക്കുന്ന കാലത്ത് അവർ ഒരു കരിമ്പനക്കാട്ടിലേക്ക്

SGOU

പ്രവേശിക്കുകയാണ്. കൃഷ്ണനും ബലരാമനും പനമ്പഴം മുഴുവൻ കുലുക്കി വീഴ്ത്തുന്നു. അതെല്ലാം കഴിച്ചു കൊണ്ടിരിക്കുന്ന സമയത്താണ് കഴുതയുടെ രൂപത്തിൽ 'ധേനുകൻ' എന്ന അസുരൻ കടന്നുവരുന്നത്. ധേനുകൻ ഗോവിന്ദരാമൻമാരോട് ഏറ്റുമുട്ടുന്നു. ബലരാമൻ ധേനുകനെ വധിക്കുന്നു. ശേഷം അവർ രണ്ടുപേരും പനങ്കായ്കൾ എല്ലാവർക്കും വീതിച്ചു കൊടുക്കുന്നു.

▶ ധേനുകൻ ഗോവിന്ദരാമൻമാരോട് ഏറ്റുമുട്ടുന്നു

## വരികൾ

2. 'കാലിതെളിക്കുന്ന ബാലകന്മാരുമായി
ആലയം തന്നിലകത്തു പുക്കു
..............................................................
പിയൂഷം കൊണ്ടു തളിച്ചു തളിച്ചു നി
ന്നായാസം പോക്കിനാൻ മെല്ലെ മെല്ലെ'

## അർഥവിശദീകരണം

| | | |
|---|---|---|
| ക്ഷ്വേളം | = | വിഷം |
| കാളഭുജംഗം | = | കൃഷ്ണസർപ്പം |
| ഇണ്ടൽ | = | ദുഃഖം |
| വാമഭാഗം | = | ഇടതുഭാഗം |
| പിയൂഷം | = | അമൃത് |

## ആശയവിശദീകരണം

അങ്ങനെ എല്ലാവർക്കും പനങ്കായ്കൾ വീതിച്ചു കൊടുത്ത് തന്റെ സഹൃദയരോടൊപ്പം തന്റെ വല്ലവിമാർക്ക് കണ്ണിനും ഉള്ളിനും ഉല്ലാസം നൽകിക്കൊണ്ട് അവർ അങ്ങനെ കഴിഞ്ഞകാലത്ത് കാളിന്ദീതീരത്ത് പശുക്കളെ മേയ്ച്ചുകൊണ്ടിരിക്കെ ചൂടുകൊണ്ട് ദാഹിച്ചുവലഞ്ഞ ഗോപന്മാരും ഗോക്കളും കാളിന്ദിയിൽ നിന്നും വെള്ളം കുടിച്ചു. സർപ്പരാജനായ കാളിയന്റെ വിഷം കൊണ്ട് അതിരൂക്ഷമായിരുന്ന കാളിന്ദിയിലെ ജലം കുടിച്ചയുടനെ ഗോപന്മാരും ഗോക്കളും മരിച്ചുവീഴുകയാണ്. കളിന്ദപർവതത്തിൽ നിന്ന് ഉത്ഭവിക്കുന്നതുകൊണ്ടാണ് യമുനാനദിക്ക് കാളിന്ദി എന്ന പേരുകൂടി ലഭിച്ചത്. കന്യകയായ കാളിന്ദിയെ വിഷം കൊണ്ട് കളങ്കപ്പെടുത്തി, അതിൽ രാജാവായി വാഴുകയാണ് കാളിയൻ. ജീവനില്ലാത്ത പാവകൾ കിടക്കും പോലെ തന്റെ സഹജർ കാളിന്ദീ തീരത്ത് കിടക്കുന്നത് കണ്ട കൃഷ്ണന് ദുഃഖം അനുഭവപ്പെട്ടെങ്കിലും അതിൽ നിന്നും മോചനം നേടിയ ശേഷം തന്റെ ഇടതുനേത്രം കൊണ്ട് അവരിൽ ദൃഷ്ടി പതിപ്പിച്ചു. ആ ദൃഷ്ടി അമൃത് തളിച്ചതിന് സമാനമായി എന്നു ചെറുശ്ശേരി വർണിക്കുന്നു. കൃഷ്ണന്റെ ഇടതുനേത്രം അമൃതരശ്മിയാകുന്ന ചന്ദ്രനാണെന്നും ആ കടാക്ഷം ഏറ്റാൽ സർപ്പജ്വരമേറ്റവരെ ജീവിപ്പിക്കാൻ പറ്റും എന്നുമാണ് വിശ്വാസം. ഒരു ആലസ്യത്തിൽ നിന്നെന്ന പോലെ ഗോപന്മാരും കാലികളും എഴുന്നേറ്റ് വരുന്ന കാഴ്ചയാണ് നാം പിന്നീട് കാണുന്നത്.

▶ കാളിന്ദിയെ വിഷം കൊണ്ട് കളങ്കപ്പെടുത്തി വാഴുന്ന കാളിയൻ

## വരികൾ

3. 'ബാലകന്മാരും കാലിക്കുലങ്ങളും
ആലസ്യം നീക്കിയെഴുന്ന നേരം
.........................................................
ഇത്തമോരോരോ യുദ്ധങ്ങൾ ചെയ്തിട്ടു
മസ്തകം കൊണ്ടങ്ങടിച്ചു ചെമ്മേ'

## അർഥവിശദീകരണം

| | | |
|---|---|---|
| പാരിച്ച | = | വർധിച്ച |
| മേചകവാരി | = | കറുത്തജലം |
| മസ്തകം | = | തലയുടെ മുകളിൽ മുൻവശത്തെ ഭാഗം |
| അല്ലിത്താർ മാത് | = | ലക്ഷ്മീദേവി |

## ആശയവിശദീകരണം

ആലസ്യത്തിൽ നിന്നെന്നപോലെ ഗോപന്മാരും ഗോക്കളും ഉണർന്നു വരുമ്പോൾ കാളിന്ദിയിലെ വിഷമാണ് ഇതിന് കാരണമെന്നും ആ കാളിയനെ ഇന്ന് തന്നെ ഇവിടെ നിന്നും തുരത്തണമെന്നും കൃഷ്ണൻ ചിന്തിക്കുന്നു. ശേഷം വർധിച്ച ഉത്സാഹത്തോടെ അടുത്തുള്ള നീലക്കടമ്പിലേക്ക് പാഞ്ഞു കയറി അവിടെ നിന്ന് കാളിന്ദിയിലേക്ക് ചാടി. മഹാമേരു പർവതം വേരറ്റ് നദിയിലേക്ക് വീഴുന്നപോലെ എന്നാണ് ആ ചാട്ടത്തെ ചെറുശ്ശേരി വർണിക്കുന്നത്. തന്റെ കുട്ടികളോടും ഭാര്യമാരോടും ഒപ്പം ആനന്ദിച്ചു കളിക്കുന്ന നേരത്താണ് കാളിയൻ ആ ശബ്ദം കേട്ട് ഞെട്ടിയത്. കോപത്തോടെ അവൻ അലറി. ആരാണ് തന്റെ വാസസ്ഥലത്തേക്ക് ചാവാനായി വന്നെത്തിയിരിക്കുന്നത് എന്ന് ചോദിച്ചു കൊണ്ട് അവന്റെ വലിയ മസ്തകം പൊക്കി നോക്കി. അവിടെ കാളിന്ദിയിൽ നീരാടുന്ന കൃഷ്ണനെ കാളിയൻ കാണുന്നു. ചന്ദ്രനെ കണ്ട രാഹുവിനെപ്പോലെയാണ് ആ കാഴ്ചയെ കവി വർണിക്കുന്നത്. സൂര്യചന്ദ്രന്മാരെ രാഹു വിഴുങ്ങിയാൽ രാഹുവിന്റെ കഴുത്തറുത്തവർ പുറത്തുചാടും. അല്പസമയത്തേക്ക് മാത്രമേ ഗ്രഹണം സംഭവിക്കുകയുള്ളൂ. വിപ്രജിത്തിന്റെയും സിംഹികയുടെയും മകനായിരുന്നു രാഹു. സാംഖികേയൻ എന്നായിരുന്നു ആദ്യം പേര്. ആ രാഹു ഒരിക്കൽ ബ്രാഹ്മണവേഷധാരിയായി ദേവന്മാരോടൊപ്പം അമൃത് കഴിക്കാൻ ഇടയായി. സൂര്യചന്ദ്രന്മാർ ഇതറിഞ്ഞ് വിഷ്ണുവിനോട് പറഞ്ഞു. വിഷ്ണു തന്റെ സുദർശനചക്രം കൊണ്ട് രാഹുവിന്റെ കഴുത്തറുത്തു. എന്നാൽ അമൃത് പാനം ചെയ്തതിനാൽ കഴുത്തിനു മുകളിലുള്ള ഭാഗം ജീവനോടെ അവശേഷിച്ചു. അന്നുമുതൽ രാഹുവിന് സൂര്യചന്ദ്രന്മാരോടു വൈരാഗ്യമായി. സന്ദർഭം കിട്ടുമ്പോൾ രാഹു അവരെ വിഴുങ്ങുന്നു. ഇങ്ങനെ വിഴുങ്ങുമ്പോഴാണ് സൂര്യഗ്രഹണവും ചന്ദ്രഗ്രഹണവും ഉണ്ടാകുന്നത് എന്നാണ് പുരാണം പറയുന്നത്. അതുപോലെ രാഹുവാകുന്ന കാളിയൻ ചന്ദ്രനാകുന്ന കൃഷ്ണന്റെ നേർക്ക് വരികയാണ്. ഇവിടെ മഹാലക്ഷ്മി തന്റെ കൈകളാൽ തലോടുന്ന കൃഷ്ണന്റെ പാദങ്ങളിൽ കാളിയൻ കൊത്താൻ തുടങ്ങുന്നു. ഒരു മാറ്റവും കൃഷ്ണനിൽ കാണാഞ്ഞു കാളിയൻ കൃഷ്ണന്റെ മർമ്മങ്ങളിൽ എല്ലാം കടിക്കുകയാണ്. എന്നിട്ടും ആ ബാലകനിൽ ഒരു മാറ്റവും കാളിയൻ കണ്ടില്ല. ദേഷ്യം കൊണ്ടവൻ സ്വന്തം മസ്തകം ഉപ

- സൂര്യഗ്രഹണവും ചന്ദ്രഗ്രഹണവും ഉണ്ടാകുന്നതിനെക്കുറിച്ചുള്ള പുരാണം

യോഗിച്ച് അടിക്കാൻ തുടങ്ങുകയാണ്. ഇത്രയും വാത്സല്യവും നിഷ്കള ങ്കതയും ഉള്ള കൃഷ്ണനെ ഇങ്ങനെ ഉപദ്രവിക്കാൻ പാപികൾക്ക് മാത്ര മേ കഴിയുകയുള്ളൂ എന്ന് ചെറുശ്ശേരി പറയുന്നു.

## വരികൾ

4. 'വറ്റാത കാന്തി കലർന്നൊരു കണ്ണനെ
തെറ്റെന്നു ചുറ്റിനാർ മുറ്റു മുറ്റെ
..........................................................
ദുർമ്മദം പോയങ്ങു നിർമ്മലനായ് വന്നാൻ
കന്മഷം നീങ്ങിനാലെന്തു ഞായം'

## അർത്ഥവിശദീകരണം

| | | |
|---|---|---|
| ചേതന | = | ജീവൻ |
| ഇണ്ടൽ | = | ദുഃഖം |
| രോഹിണി നന്ദനൻ | = | ബലരാമൻ |
| വാനവർ | = | ദേവൻമാർ |

## ആശയവിശദീകരണം

കൃഷ്ണൻ കാളിയമർദ്ദനത്തിലേർപ്പെടുന്ന നേരത്ത് കൃഷ്ണനെ കാണാതെ യശോദ ആകെ പരിഭ്രാന്തിയിലായി. ഇന്നലെ ഈ നേരം വന്ന കൃഷ്ണൻ ഇന്ന് എന്തേ വരാത്തത് തോഴി എന്ന് ചോദിച്ചുകൊ ണ്ടാണ് യശോദ തന്റെ ആശങ്കകൾ പങ്കുവയ്ക്കുന്നത്. കായ്കൾ പറി ക്കാൻ മരത്തിലേറിയപ്പോൾ അതിൽ നിന്ന് എങ്ങാനും വീണുപോയോ എന്നും അതോ കാട്ടിൽ വഴിതെറ്റി പോയോ എന്നും യശോദ സംശ യിക്കുന്നു. പുലി പിടിച്ചതാണോ എന്നുപോലും യശോദ ആശങ്കപ്പെടു ന്നു. ഒപ്പം ഒരു അമ്മയുടെ ഹൃദയവേദനകൾ അവിടെ പങ്കുവയ്ക്കുന്നു. പൂതനയുടെ തോഴിമാർ വൈരാഗ്യബുദ്ധിയിൽ കണ്ണനെ വല്ലതും ഉപദ്ര വിച്ചിരിക്കുമോ അതോ കാളിന്ദീതീരത്ത് കളിക്കുന്ന നേരത്ത് കാളിയൻ കടിച്ചോ എന്നിങ്ങനെ വ്യാകുലപ്പെടുന്ന നേരത്ത് ദുർനിമിത്തങ്ങൾ പലതിങ്ങനെ വന്നുകൂടി. അങ്ങനെ ഭയചകിതരായ അവർ കൃഷ്ണ ന്റെയും കൂട്ടരുടെയും കാൽപ്പാടുകൾ കണ്ടെത്തി. കാനനത്തിലെത്തി യപ്പോൾ അമ്പാടിപ്പൈതൽ കാളിയന്റെ മസ്തകത്തിൽ നിന്ന് നൃത്തം വയ്ക്കുന്നു. ദേവന്മാർ ആകാശത്തുനിന്ന് ഈ കാഴ്ച സസന്തോഷം കാണുന്നു. അങ്ങനെ വീരനായിരുന്ന കാളിയൻ ക്ഷീണിതനാകുകയും വായിൽ നിന്ന് ചോര ചൊരിഞ്ഞു തുടങ്ങുകയും ചെയ്തു. അങ്ങനെ കാളിയന്റെ ദുർമ്മദം ഒഴിയുകയാണ് ഇവിടെ.

- ശ്രീകൃഷ്ണൻ കാളിയന്റെ മസ്തകത്തിൽ നൃത്തം വയ്ക്കുന്നു

## വരികൾ

5. 'ആരിതെന്നിങ്ങനെ പാരാതെ ചിന്തിച്ചു
നാരായണൻതാനെന്നുള്ളിൽ നണ്ണി
..........................................................
ലീലകളോരോരോന്നേ ചാലപ്പറഞ്ഞു ത-
ന്നാലയം പൂകിനാർ കാലിയുമായ്.'

### അർഥവിശദീകരണം

| | | |
|---|---|---|
| മുഗ്ധവിലോചനൻ | = | കൃഷ്ണൻ |
| വൈനതേയൻ | = | ഗരുഡൻ |
| വാരിജം | = | താമര |
| വിശ്വം | = | ലോകം |
| വൈരി | = | ശത്രു |

### ആശയവിശദീകരണം

കാളിയന്റെ ദുർമ്മദം ഒഴിയുന്ന നേരത്ത് കാളിയ പത്നിമാരും കുട്ടികളും കൃഷ്ണനിൽ അഭയം പ്രാപിക്കുന്നു. ഗരുഡനിൽ നിന്നുമുള്ള ഉപദ്രവത്തെ ഭയന്നിട്ടാണ് കാളിയൻ കാളിന്ദിയിൽ കഴിയുന്നതെന്നും അവർ പറയുന്നു. തന്റെ പാദം കൊണ്ട് അങ്കിതമായ നിന്നെ ഇനി ഗരുഡൻ ഉപദ്രവിക്കില്ല എന്നും ഉടനെ ചെന്ന് കാണണമെന്നും കാളിയനോട് കൃഷ്ണൻ പറയുന്നു. അങ്ങനെ കാളിയൻ കാളിന്ദി ഒഴിയുന്ന നേരത്ത് കൃഷ്ണനെ അന്വേഷിച്ചെത്തിയ യശോദയും കൂട്ടരും കൃഷ്ണനെ വാരിപ്പുണരുകയും ഓമനിക്കുകയും ചെയ്യുന്നു. ഈ നേരം കൂരിരുട്ട് മൂടുകയും രാത്രി ആയതിനാൽ അവർ കാളിന്ദീ തീരത്ത് തങ്ങുകയും ചെയ്യുന്നു. അങ്ങനെ മയങ്ങുന്ന നേരത്ത് അപ്രതീക്ഷിതമായി കാട്ടുതീ ഉണ്ടാകുന്നു. ഗോപന്മാരുടെ നിലവിളികേട്ട വിശ്വങ്ങളെ ഉള്ളിൽ ധരിച്ചവനായ ശ്രീകൃഷ്ണൻ ആയർസ്ത്രീകൾ വെണ്ണ കഴിക്കുന്നത് പോലെ അഗ്നി ഭുജിക്കുകയും അവരെ രക്ഷിക്കുകയും ചെയ്യുന്നു. പുതിയ പ്രഭാതത്തിൽ കാർവർണനോടൊപ്പം എല്ലാവരും തിരികെ യാത്രയാകുന്നു.

> ▶ കാളിയന്റെ ദുർമ്മദം ഒഴിയുന്നു

## കാവ്യാവലോകനം

'ഭാഗവതം ദശമസ്കന്ധ'ത്തിൽ വിസ്തരിക്കുന്ന ശ്രീകൃഷ്ണചരിതമാണ് 'കൃഷ്ണഗാഥ'യിലെ പ്രതിപാദ്യം. ശ്രീകൃഷ്ണന്റെ ജനനം മുതൽ സ്വർഗാരോഹണം വരെയുള്ള ലീലകൾ ലളിതമധുരമായി ഇതിൽ പ്രതിപാദിക്കുന്നു. സംസ്കൃതത്തിലെ മഹാകാവ്യങ്ങളുടെ മട്ടും മാതിരിയുമേകദേശമൊപ്പിച്ചെഴുതിയതാണ് പ്രസ്തുതകൃതി. പുരാണകഥയെ ആശ്രയിച്ചിട്ടുണ്ടെങ്കിലും കവിയുടെ മനോധർമവിലാസം കാവ്യത്തിൽ സർവാംഗം പ്രകടമാണ്. ഇതിവൃത്തഗതിയിൽ സാരമായ മാറ്റം വരുത്താനും, വർണനയിൽ നൂതനാശയങ്ങൾ നിബന്ധിക്കാനും കവി ധാരാളം സ്വാതന്ത്ര്യം കാട്ടിയിട്ടുണ്ട്. താരാട്ടിന്റെ മട്ടിൽ നീട്ടിപ്പാടാവുന്ന ശീലിലാണ് ഇത് രചിച്ചിട്ടുള്ളത്. ഇതിലെ ഗാനാത്മകത്വമാണ് 'കൃഷ്ണഗാഥ'യെ ഹൃദയഹാരിയാക്കുന്നത്. കേരളത്തനിമയുടെ സൗന്ദര്യവും ശാലീനതയും ഓജസ്സും 'കൃഷ്ണഗാഥ'യുടെ ചൈതന്യമാണ്. കഠിന സംസ്കൃതപദങ്ങൾ ഉപേക്ഷിച്ചും, സാധാരണ വ്യവഹാരത്തിലുള്ള സംസ്കൃത പദങ്ങളെല്ലാം യഥാസ്ഥാനങ്ങളിൽ ഉപയോഗിച്ചും എല്ലാത്തരം സഹൃദയർക്കും രുചിക്കുന്ന ഒരു കവനശൈലിയാണ് ചെറുശ്ശേരി സ്വീകരിച്ചത്. നമ്പൂതിരിമാർ ഉപയോഗിച്ച ഭാഷാമിശ്രം മലയാളമായി പരിണമിച്ചതിന്റെ ആനുകാലികരൂപമാണ് 'കൃഷ്ണഗാഥ'യെന്ന് ശ്രീ. ഇളങ്കുളവും മറ്റും അഭിപ്രായപ്പെടുന്നു.

> ▶ ഗാനാത്മകത്വമാണ് 'കൃഷ്ണഗാഥ'യെ ഹൃദയഹാരിയാക്കുന്നത്

ആദ്യന്തം അലങ്കാരഭാസുരമായ കാവ്യമാണ് 'കൃഷ്ണഗാഥ'. ഉപമ, ഉത്പ്രേക്ഷ, രൂപകം, അർഥാന്തരന്യാസം തുടങ്ങിയ അലങ്കാരങ്ങൾ

നിർലോഭം പ്രയോഗിച്ചിട്ടുണ്ട്. ശൃംഗാരവും ഭക്തിയും കാവ്യത്തിലെങ്ങുമുണ്ടെങ്കിലും ഫലിതപരിഹാസത്തിനാണ് മുൻതൂക്കം. വൈദിക കീർത്തനങ്ങൾക്ക് പ്രചാരമുള്ള ഒരു കാലമായതുകൊണ്ടോ ശ്രീകൃഷ്ണോപാസന ശൃംഗാരമയമായാൽ ഹൃദ്യത കൂടുമെന്നു കണ്ടിട്ടോയെന്നറിയില്ല, സ്ഥാനത്തുമസ്ഥാനത്തും രസരാജൻ വിരാജിക്കുന്നുണ്ട്. ഇതിനെല്ലാം ആന്തരികസത്തയായി ഭക്തി കാവ്യത്തിലെങ്ങും തിരതല്ലുന്നു. ഭാഗവതം ദശമസ്കന്ധമാണ് 'കൃഷ്ണഗാഥ'യ്ക്ക് അവലംബം. 'കൃഷ്ണഗാഥ'യുടെ രചനാകാലം പതിനഞ്ചാം നൂറ്റാണ്ടാണെന്ന് പൊതുവെ അംഗീകരിക്കുന്നുണ്ട്. കൊല്ലവർഷം 621 മുതൽ 650 വരെ കോലത്തുനാടു ഭരിച്ച ഉദയവർമ്മയുടെ കാലത്താണ് കവി ജീവിച്ചിരുന്നതെന്ന് പണ്ഡിതന്മാർ വിശ്വസിക്കുന്നു. അക്കാലത്തെ കേരളഭാഷയുടെ സ്വഭാവമാണ് ഗ്രന്ഥത്തിൽ പ്രതിഫലിക്കുന്നത്. പുനത്തിന്റെ കാലത്തിന് മുമ്പാണെന്ന് സാമാന്യമായിപ്പറയാം.

- ആന്തരികസത്തയായി ഭക്തി കാവ്യത്തിലെങ്ങും തിരതല്ലുന്നു

## Summarised Overview

കവിയുടെ മനോധർമവിലാസം കാവ്യങ്ങളിൽ സർവാംഗം പ്രകടമാണ്. കേരളപാണിനി ഗാഥയെ കാകളിവർഗത്തിൽപ്പെടുത്തി ലക്ഷണം ചെയ്തിരിക്കുന്നു. 'കൃഷ്ണഗാഥ'യെ ഹൃദയഹാരിയാക്കി മാറ്റിയ ഒരു ഘടകം അതിലെ ഗാനാത്മകത്വമാണ്. കേരളത്തനിമയുടെ സൗന്ദര്യവും ശാലീനതയും ഓജസ്സും 'കൃഷ്ണഗാഥ'യെ ഭാവസുന്ദരമാക്കുന്നു. കഠിന സംസ്കൃതപദങ്ങൾ ഉപേക്ഷിച്ചും, സാധാരണ വ്യവഹാരത്തിലുള്ള സംസ്കൃതപദങ്ങളെല്ലാം യഥാസ്ഥാനങ്ങളിൽ പ്രയോഗിച്ചും എല്ലാത്തരം സഹൃദയർക്കും രുചിക്കുന്ന ഒരു കവനശൈലിയാണ് ചെറുശ്ശേരി സ്വീകരിച്ചത്. കൃഷ്ണഗാഥയുടെ രചനാകാലം പതിനഞ്ചാം നൂറ്റാണ്ടാണെന്ന് പൊതുവെ അംഗീകരിക്കുന്നുണ്ട്. 'ഉത്പ്രേക്ഷ കൃഷ്ണഗാഥായാം' എന്നൊരു ചൊല്ലുതന്നെയുണ്ട്. സാഹിത്യപരമായി വളരെ ഔന്നത്യം പ്രകടിപ്പിക്കുന്ന ഈ കൃതിയുടെ ഏറ്റവും വലിയ പ്രത്യേകത സമകാലികമായ മറ്റുള്ളവയിൽ നിന്ന് വ്യത്യസ്തമായി പൂർണമായും മലയാളത്തിലാണ് രചന എന്നതാണ്. അമിതമായി സംസ്കൃതപദങ്ങൾ ഉപയോഗിച്ചിട്ടില്ലാത്ത ഇതിൽ ഉള്ളവ വളരെ ലളിതവുമാണ്. 'കൃഷ്ണഗാഥ'യിൽ ദ്വിതീയാക്ഷരപ്രാസത്തിന് വളരെയധികം പ്രാധാന്യം നൽകിയിട്ടുണ്ട്. ഒട്ടേറെ വരികളിൽ ദ്വിതീയാക്ഷരപ്രാസം ദർശിക്കാവുന്ന ഈ കൃതിയിൽ തൃതീയാക്ഷരപ്രാസവും ഉപയോഗിച്ചിട്ടുണ്ട്. മലയാളത്തിൽ ഇപ്പോൾ ഉപയോഗത്തിലില്ലാത്ത പല പദങ്ങളും പ്രയോഗങ്ങളും കൃഷ്ണഗാഥയിൽ കാണാവുന്നതാണ്. അരക്കുക (ഭയപ്പെടുത്തുക), ആറ്റൽ (ഓമന), ഉവക്കുക (സ്നേഹിക്കുക), ഓർച്ച (ഓർമ്മ), കൺപൊലിയുക (ഉറങ്ങുക), കമ്മൻ (ദുഷ്ടൻ), കച്ചകം (ഇരുട്ടുമുറി), തോലിയം (തോൽവി) മുതലായവ ചില ഉദാഹരണങ്ങളാണ്. ഇപ്പോൾ പ്രചാരത്തിലുള്ള ചില പഴഞ്ചൊല്ലുകളുടെ പഴയരൂപങ്ങളും ഇതിൽ കാണാം. സംസ്കൃതത്തിൽ ഉപയോഗത്തിലുള്ള ഏകദേശം എല്ലാ അലങ്കാരങ്ങളും പരീക്ഷിച്ചിട്ടുള്ള ഇതിൽ ഉൽപ്രേക്ഷ, ഉപമ, രൂപകം എന്നിവയ്ക്കാണ് ഏറ്റവും പ്രാധാന്യം. കൃഷ്ണഗാഥയിലെ ഏതാണ്ടെല്ലാ ഭാഗങ്ങളും എഴുതിയിട്ടുള്ളത് മഞ്ജരി വൃത്തത്തിലാണ്.

യമുനാനദിയുടെ ഒരു ഭാഗമായ കാളിന്ദിയിൽ കാളിയൻ എന്ന് പേരുള്ള ഒരു സർപ്പം വിഷമയമാക്കി. ഏതൊരു ജീവിയും നദിക്കരയിലെത്തുമ്പോഴേക്കും കാളിയന്റെ വിഷവീര്യത്താൽ മരിച്ചു വീഴുമായിരുന്നു. സർവമാന ജീവജാലങ്ങളുടേയും സംരക്ഷണാർത്ഥം അവതരിച്ച ഭഗവാൻ കൃഷ്ണൻ കാളിന്ദീനദീതീരത്തു ചെന്ന് തന്റെ കൂട്ടുകാരുടെയും പശുക്കളുടെയും മനഃപ്രയാസം കണ്ട് മനസലിഞ്ഞു. മായാശക്തിയാൽ കൃഷ്ണൻ തന്റെ ശരീരത്തെ വികസിപ്പിക്കാൻ തുടങ്ങി. ഇടിമിന്നൽ പോലുള്ള ചലനത്തിനെ പിന്തുടർന്ന് സർപ്പം തളർന്നു. തന്റെ കൈ

SGOU

കൾ കൊണ്ട് സർപ്പത്തിന്റെ ഫണമമർത്തി കൃഷ്ണൻ അതിനു മുകളിലേറി നൃത്തം ചെയ്തു. ആകാശസംഗീതവും പെരുമ്പറയും മുഴങ്ങി. കൃഷ്ണന്റെ കാൽച്ചവിട്ടിൽ അമർന്നു വിഷമിച്ച കാളിയൻ ഭഗവാൻ നാരായണനെ ധ്യാനിച്ച് ബോധമറ്റു വീണു. അതുകണ്ട് കാളിയന്റെ ഭാര്യ മാർ കൃഷ്ണന്റെയടുക്കൽ വന്നു പ്രാർത്ഥിച്ചു: "ഈ സർപ്പത്തെ ശിക്ഷിക്കുക എന്നത് ന്യായം തന്നെ. പക്ഷെ ഇതൊരു ശിക്ഷയല്ലതന്നെ. ഇത് അദ്ദേഹത്തെ ശുദ്ധീകരിക്കുന്ന ഒരു അനുഗ്രഹം തന്നെയാണ്. അങ്ങയുടെ പാദമുദ്രകൾ അദ്ദേഹത്തിന്റെ ശിരസിലണിയാനിടവരുന്നത് അനുഗ്ര ഹം തന്നെ. അങ്ങയുടെ പാദരേണുക്കൾ ശിരസിൽ അണിയാനിടയായവർ ഭൗതികമോ സ്വർഗീ യമോ ആയ യാതൊരു ഫലകാംക്ഷയും വച്ചു പുലർത്തുന്നില്ല. മോക്ഷപദം പോലും അവർക്കു വേണ്ട. കാരണം, അതുതന്നെ ഏറവും വലിയ നേട്ടം. എല്ലാ ജീവികളും സാത്വികരും രാജസി കരും തമസ്വഭാവമുള്ളവരും എല്ലാം അങ്ങിൽ നിന്ന് ഉത്ഭവിക്കുന്നു. ഇപ്പോൾ അങ്ങ് സാത്വികരെ സംരക്ഷിക്കാൻ ഉടലെടുത്തിരിക്കുന്നു. അവിടത്തെ ഭൃത്യനായ അദ്ദേഹത്തോട് ക്ഷമിച്ചാലും.'' കാളിയനും ഇങ്ങനെ പ്രാർഥിച്ചു: 'ഞങ്ങൾ സർപ്പങ്ങൾ ജന്മനാ വിഷമുള്ളവരും പ്രകൃത്യാ അക്ര മവാസനയുള്ളവരുമാണ്. ഞങ്ങൾ ജീവികൾക്ക് പ്രകൃതിദത്തമായ സഹജഗുണത്തെ സ്വയം അതിവർത്തിക്കുക തുലോം അസാദ്ധ്യമത്രെ. അവിടുത്തേക്ക് മാത്രമേ ഈ മായയെ തരണം ചെ യ്യാൻ ഞങ്ങളെ സഹായിക്കാനാവൂ.' അപ്പോൾ കൃഷ്ണൻ കാളിയനോട് നദിവിട്ടു സമുദ്രത്തിൽ പോയി വസിക്കാൻ കല്പിച്ചു. മനുഷ്യർക്കും കാലികൾക്കും ശല്യമാകാത്തവിധം അങ്ങനെ കഴി യാമെന്ന് കാളിയൻ സമ്മതിച്ചു. അങ്ങനെ നദി ശുദ്ധമാവുകയും ജനങ്ങൾക്കും കന്നുകാലികൾ ക്കും സന്തോഷമാവുകയും ചെയ്തു.

## Assignments

1. 'കൃഷ്ണഗാഥ'യുടെ ഭാഷാപരവും സാഹിത്യപരവുമായ സവിശേഷതകൾ അപഗ്രഥിക്കുക.
2. കാളിയൻ വൃന്ദാവനത്തിലെ ജീവജാലങ്ങളോടു കാട്ടിയ ക്രൂരതകളെന്തെല്ലാമെന്ന് വിവ രിക്കുക.
3. കാളിയൻ യമുനാനദിയിൽ ഒളിച്ചു കഴിയാനുണ്ടായ സാഹചര്യം വിശദമാക്കുക.
4. ബോധമറ്റ് വീണ ഗോപാലകന്മാരെ കൃഷ്ണൻ എങ്ങനെയാണ് രക്ഷപ്പെടുത്തിയത് വിവ രിക്കുക.
5. കാളിയൻ ശ്രീകൃഷ്ണനോട് ഏറ്റുമുട്ടിയതെങ്ങനെയെന്ന് വിശദമാക്കുക.
6. കൃഷ്ണൻ കാളിയന്റെ അഹങ്കാരം ശമിപ്പിച്ചതെങ്ങനെ വിവരിക്കുക.
7. കാളിയൻ യമുനാനദിയിൽ നിന്നും പുറത്തു വന്നാൽ എന്താണ് സംഭവിക്കുക യെന്ന് വിശദമാക്കുക
8. കാളിയമർദ്ദനത്തിന് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.
9. കാളിയനും ഗരുഡനും ശത്രുക്കളാകാനിടയായ സാഹചര്യം അപഗ്രഥിക്കുക.
10. ചെറുശ്ശേരിയുടെ വർണ്ണനാരീതിയുടെ പ്രത്യേകതകൾ കാളിയമർദ്ദനത്തെ മുൻനിർത്തി വിലയിരുത്തുക.
11. കൃഷ്ണഗാഥയിലെ ആഖ്യാന സവിശേഷതകളെ പരിചയപ്പെടുത്തുക.
12. കൃഷ്ണഗാഥയുടെ മൗലികതയും ചെറുശ്ശേരിയുടെ രചനാപാടവവും പരിശോധിക്കുക.

## Suggested Readings


1. കെ. എം. ജോർജ് (എഡി), ആധുനിക സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
2. ഡോ. എം. ലീലാവതി, മലയാള കവിതാ സാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
3. എൻ. മുകുന്ദൻ, ഗാഥ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## References


1. ഡോ. ടി. ഭാസ്കരൻ, കൃഷ്ണഗാഥാ പഠനങ്ങൾ, എൻ. ബി. എസ്, കോട്ടയം.
2. പന്മന രാമചന്ദ്രൻ നായർ, സമ്പൂർണ്ണ മലയാള സാഹിത്യ ചരിത്രം, കറൻറ് ബുക്സ്, തൃശ്ശൂർ.
3. എരുമേലി പരമേശ്വരപിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
4. സി. കൃഷ്ണൻ നായർ, പാട്ടുകവിതകളുടെ സാമൂഹിക പ്രസക്തി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി. സി. ബുക്സ്, കോട്ടയം.


SGOU

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# Unit 2

# കിളിപ്പാട്ട് പ്രസ്ഥാനം

## Learning Outcomes

- എഴുത്തച്ഛന്റെ കാവ്യശൈലി പരിചയപ്പെടുന്നു
- എഴുത്തച്ഛന്റെ മറ്റു സാഹിത്യകൃതികളെക്കുറിച്ച് അറിവുനേടുന്നു
- കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ പ്രത്യേകതകൾ മനസിലാക്കുന്നു
- അദ്ധ്യാത്മരാമായണം കിളിപ്പാട്ടിന് സമൂഹത്തിലുണ്ടായ സ്വാധീനത കണ്ടെത്തുന്നു
- ശ്രീരാമകഥ ഗ്രഹിക്കുന്നു
- സുന്ദരകാണ്ഡത്തിന്റെ പശ്ചാത്തലം വിലയിരുത്തുന്നു

## Background

മാനവർക്ക് ആത്മീയ ഉന്നതി പ്രദാനം ചെയ്യുകയായിരുന്നു മലയാളത്തിലെ പാട്ടുകാവ്യങ്ങളുടെ ലക്ഷ്യം. രാമചരിതകാരൻ മുതൽ വഞ്ചിപ്പാട്ടുകാരൻ വരെയുള്ളവർ ഈ ലക്ഷ്യത്തിനായി പരിശ്രമിച്ചവരാണ്. അതിൽ പ്രധാനിയാണ് തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ. 'ആധുനിക മലയാളഭാഷയുടെ പിതാവ്' എന്നു വിശേഷിപ്പിക്കപ്പെടുന്ന ഭാഷാകവിയാണ് ഇദ്ദേഹം. മലപ്പുറം ജില്ലയിൽ തിരൂരിലെ തൃക്കണ്ടിയൂരിലാണ് എഴുത്തച്ഛൻ ജനിച്ചത്. എഴുത്തച്ഛന്റെ യഥാർഥ നാമത്തെക്കുറിച്ചും ജീവിച്ചിരുന്ന കാലഘട്ടത്തെക്കുറിച്ചും പല വാദങ്ങളുണ്ട്. 15-ാം നൂറ്റാണ്ടിനും 16-ാം നൂറ്റാണ്ടിനും ഇടയിലായി ജീവിച്ചിരുന്നുവെന്ന് കരുതപ്പെടുന്നു. എഴുത്തച്ഛന്റെ യഥാർഥ പേര് രാമാനുജൻ എഴുത്തച്ഛൻ എന്നാണ് വിശ്വസിച്ചു പോരുന്നത്. 'എഴുത്തച്ഛൻ' ഒരുജാതിപ്പേരാകുമെന്നും, ജന്മനാടായ തിരൂരിൽ ഒരു പള്ളിക്കൂടം സ്ഥാപിച്ച് ധാരാളം കുട്ടികൾക്ക് അറിവ് പകർന്നത് കൊണ്ടാകാം എഴുത്തച്ഛൻ എന്ന പേര് കിട്ടിയതെന്നും വാദങ്ങളുണ്ട്. അക്കാലത്തെ വൈദേശികാധിപത്യത്തിലും നാട്ടുരാജ്യങ്ങൾ തമ്മിലുള്ള കിടമത്സരങ്ങളിലും പെട്ടുപോയ സംസ്കാരത്തെ പരിഷ്കരിച്ചെടുക്കാനാണ് എഴുത്തച്ഛൻ ശ്രമിച്ചത്. 'ഭക്തിയിലൂടെ മുക്തി' എന്ന തിരിച്ചറിവാകാം രാമായണവും മഹാഭാരതവും ഹരിനാമകീർത്തനവുമെല്ലാം കാര്യവിഷയങ്ങളായി സ്വീകരിക്കാൻ എഴുത്തച്ഛനെ പ്രേരിപ്പിച്ചത്.

എഴുത്തച്ഛന്റെ കാലമായപ്പോഴേക്കും മലയാളം തമിഴിൽ നിന്നു വേർപിരിഞ്ഞ് സ്വതന്ത്രഭാഷയായി രൂപം പ്രാപിച്ചിരുന്നു. എഴുത്തച്ഛനു മുൻപും ചെറുശ്ശേരി അടക്കമുള്ളവരുടെ കൃതികൾ രൂപം കൊണ്ടിട്ടും ആധുനിക മലയാള ഭാഷയുടെ പിതാവായി കണക്കാക്കുന്നത് എഴുത്തച്ഛനെയാണ്. 30 അക്ഷരമുള്ള വട്ടെഴുത്തിനു പകരം 51 അക്ഷരമുള്ള മലയാളം ലിപി പ്രയോഗത്തിൽ വരുത്തിയത് ഇദ്ദേഹമാണ്. അക്ഷരാഭ്യാസം സിദ്ധിച്ചിട്ടില്ലാത്തവർക്കുപോലും സുഗമമായി പാടാൻ കഴിയുന്നതായിരുന്നു ഇദ്ദേഹത്തിന്റെ വരികൾ. ഭാഷയ്ക്ക് അനുസൃതമായ അക്ഷരമാല ഉപയോഗിച്ചതിലൂടെയും സാമാന്യ ജനതയ്ക്ക് സ്വീകാര്യമായ രീതിയിൽ ഇതിഹാസങ്ങളുടെ സാരാംശം വർണിച്ചതിലൂടെയും ഭാഷയുടെ സംശ്ലേഷണമാണ് എഴുത്തച്ഛന് സാധ്യമായത്. കിളിയെക്കൊണ്ട് കഥ പറയിക്കുന്ന രീതി മുൻപേതന്നെ തമിഴിൽ നിലനിന്നിരുന്നുവെങ്കിലും കിളിപ്പാട്ട് ജനകീയമായത് എഴുത്തച്ഛനിലൂടെയാണ്. അതുകൊണ്ടാണ് ആ സമ്പ്രദായത്തിന്റെ ഉപജ്ഞാതാവ് അദ്ദേഹമാണെന്ന് പറയുന്നത്. കിളിപ്പാട്ടുകളിൽ കാണുന്ന പ്രധാന വൃത്തങ്ങൾ

SGOU

കേക, കാകളി, കളകാഞ്ചി, അന്നനട എന്നിവയാണ്. കാകളിയാണ് കിളിപ്പാട്ടുവൃത്തത്തിൽ ഏറ്റവും പ്രശസ്തം. എഴുത്തച്ഛന്റെ കൃതികൾ എത്രയെന്ന് ഇനിയും നിർണയിച്ചിട്ടില്ല. എങ്കിലും അദ്ധ്യാത്മരാമായണം കിളിപ്പാട്ട്, മഹാഭാരതം കിളിപ്പാട്ട്, ഭാഗവതം, ഹരിനാമകീർത്തനം, ദേവീമാഹാത്മ്യം, ചിന്താരത്നം, ശിവപുരാണം ഇരുപത്തിനാലു വൃത്തം, കേരളനാടകം, ശതമുഖരാമായണം, പാതാള രാമായണം, ഉത്തരരാമായണം, കൈവല്യനവനീതം, ബ്രഹ്മാണ്ഡപുരാണം എന്നിങ്ങനെ 14 കൃതികൾ അദ്ദേഹത്തിന്റേതാണെന്ന് പൊതുവെ കരുതപ്പെടുന്നു.

എഴുത്തച്ഛനു മുൻപും രാമായണകഥ മലയാളത്തിൽ എഴുതപ്പെട്ടിട്ടുണ്ട്. അവയ്ക്കെല്ലാം ആധാരം വാല്മീകിരാമായണമാണ്. എന്നാൽ എഴുത്തച്ഛൻ സംസ്കൃതത്തിലെ അദ്ധ്യാത്മരാമായണത്തെയാണ് പരിഭാഷയ്ക്ക് സ്വീകരിച്ചിട്ടുള്ളത്. വാല്മീകിരാമായണത്തിൽ ശ്രീരാമൻ വിഷ്ണുവിന്റെ അവതാരമാണെന്ന് വെളിവാക്കപ്പെടുന്നില്ല. ശ്രീരാമന് വലിയ ദിവ്യത്വമൊന്നും കൽപ്പിക്കുന്നില്ലെങ്കിലും ഒരു സിദ്ധപുരുഷനായി കണക്കാക്കുന്നു. ഒരു യഥാർത്ഥ മനുഷ്യൻ എങ്ങനെയായിരിക്കണമെന്ന് കാണിച്ചു തരികയാണ് ശ്രീരാമനിലൂടെ വാല്മീകി. എന്നാൽ മഹർഷി രാമാനന്ദൻ രചിച്ചിട്ടുള്ള അദ്ധ്യാത്മരാമായണം മൂലത്തെ അനുകരിച്ച് തയ്യാറാക്കിയ കിളിപ്പാട്ടിൽ രാമൻ വിഷ്ണുവിന്റെ അവതാരമാണ്. അവിടെ മനുഷ്യത്വമല്ല ദൈവികത്വമാണ് മുന്നിട്ട് നിൽക്കുന്നത്. പാവപ്പെട്ട സാധാരണക്കാരനായ ജീവന്മാർക്ക് ശ്രീരാമഭക്തിയിലൂടെ പരമപദം ലഭിക്കാൻ വേണ്ടിയാണ് താൻ രാമായണം ചമയ്ക്കുന്നതെന്ന് എഴുത്തച്ഛൻ ആമുഖമായി സൂചിപ്പിച്ചിട്ടുണ്ട്. മറ്റ് രാമായണങ്ങളിലും മൂലത്തിലുമില്ലാത്ത നിരവധി സാരോപദേശങ്ങളും കൂട്ടിച്ചേർത്തിട്ടുമുണ്ട്.

എഴുത്തച്ഛൻ തന്റെ അധ്യാത്മരാമായണം കിളിപ്പാട്ടിന്റെ രചനയ്ക്കായി സ്വീകരിച്ചത് അധ്യാത്മരാമായണത്തിന്റെ സംസ്കൃതരൂപമാണ്. എഴുത്തച്ഛൻ എഴുതിയ രാമായണം കിളിപ്പാട്ടിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗങ്ങളിലൊന്നാണ് സുന്ദരകാണ്ഡം. രാമായണത്തിലെ അഞ്ചാമത്തെ കാണ്ഡമാണിത്. ഹനുമാൻ ലങ്കയിലേയ്ക്ക് പുറപ്പെടുന്നതും സീതാദേവിയെ കാണുന്നതും ലങ്കയ്ക്ക് തീ വെയ്ക്കുന്നതുമൊക്കെയാണ് ഈ കാണ്ഡത്തിലെ ഭാഗങ്ങൾ. മറ്റ് കാണ്ഡങ്ങളിൽ നിന്ന് വ്യത്യസ്തമായി പൂർണമായും ഹനുമാന് സമർപ്പിച്ചിട്ടുള്ളതാണ് ഈ കാണ്ഡം. അതിനാൽത്തന്നെ, ഇത് സവിശേഷപ്രാധാന്യം അർഹിയ്ക്കുന്നു. ഇതിന്റെ അവസാനഭാഗത്ത് മാത്രമാണ് ശ്രീരാമൻ പ്രത്യക്ഷപ്പെടുന്നത്. സുന്ദരകാണ്ഡം മാത്രം വായിച്ചാൽ രാമായണം മുഴുവൻ വായിച്ചതുപോലെയായി എന്നാണ് വിശ്വാസം.

## Keywords

രാമായണകഥ-കിളിപ്പാട്ട് പ്രസ്ഥാനം-ഭക്തിയുടെ പാരമ്യം-ആത്മീയോന്നതി-സാമൂഹിക നവോത്ഥാനം-ശ്രീരാമകഥ-സുന്ദരകാണ്ഡം-ഹനുമത്ഭക്തി-പ്രതിബന്ധങ്ങൾ-ഹനുമാന്റെ ലങ്കാസന്ദർശനം-സീതാദർശനം.

## Discussion

### 3.2.1 അദ്ധ്യാത്മരാമായണം കിളിപ്പാട്ട്

ശ്രീരാമന്റെ ഇച്ഛാനുസരണം ഹനുമാൻ, രാവണൻ അപഹരിച്ചു കൊണ്ടു പോയ സീതയെ അന്വേഷിച്ചു പ്രയാണമാരംഭിച്ചു. ആ സാഹസിക യാത്രയ്ക്കിടയിൽ ഹനുമാന് എത്രയോ പ്രതിബന്ധങ്ങൾ നേരിടേണ്ടി വന്നു. ആദ്യമായി ഒരു മഹാസമുദ്രം. തുടർന്ന് അദ്ദേഹം ആകാശമാർഗം പൊയ്ക്കൊണ്ടിരുന്നു. പെട്ടെന്ന് നാഗജനനിയായ സുരസയുമായി ഒരു ദ്വന്ദ്വയുദ്ധം ചെയ്യേണ്ടിവന്നു. പക്ഷേ രാമകാര്യമായി

സീതാന്വേഷണത്തിന് പോകുകയാണെന്നറിഞ്ഞപ്പോൾ അവൾ ഹനുമാനെ അനുഗ്രഹിച്ചയച്ചു. തുടർന്ന് യാത്രാമദ്ധ്യേ നേരിടേണ്ടി വന്നത് ഛായാഗ്രാഹിണി (സിംഹിക) എന്ന രാക്ഷസിയെയായിരുന്നു. ഏതൊരാളിന്റെയും നിഴൽ പിടിച്ചു വലിച്ചു താഴെയിട്ടു, സംഹരിച്ചു ഭക്ഷിക്കുമായിരുന്ന അവൾ യാത്രയ്ക്ക് ഭംഗം വരുത്താൻ ശ്രമിച്ചു. പക്ഷേ അവളെ ചവിട്ടിക്കൊന്നിട്ട് ഹനുമാൻ യാത്ര തുടർന്നു. കടലിൽ നിന്ന് അപ്രതീക്ഷിതമായ പൊന്തിവന്ന മൈനാക പർവതത്തിന്റെ ആതിഥേയ മര്യാദകൾ സവിനയം തിരസ്കരിച്ച് ഹനുമാൻ ലക്ഷ്യപൂർത്തിക്കായി യാത്ര തുടർന്നു. അത്ഭുതകരമായി സമുദ്രം താണ്ടിക്കഴിഞ്ഞശേഷം ലങ്കാലക്ഷ്മിക്ക് മോക്ഷം നൽകി ഹനുമാൻ സീതയെക്കണ്ട് ശ്രീരാമന്റെ അംഗുലീയം ദേവിക്ക് നൽകി. താൻ സീതയെത്തന്നെയാണ് കണ്ടതെന്നുള്ളതിനു ഉപോൽബലകമായി ശ്രീരാമന് സമർപ്പിക്കാൻ സീത ശിരസ്സിലണിയുന്ന ചൂഡാമണി സീതയുടെ നിർദ്ദേശപ്രകാരം വാങ്ങി തന്റെ പക്കൽ സൂക്ഷിച്ചു. ഒരടയാളവാക്യവും സീത ഹനുമാനോട് പറഞ്ഞയച്ചു. ഹനുമാനെ കാണാനിടയായ രാവണകിങ്കരന്മാർ ഹനുമാനെ പിടികൂടി. രാവണപുത്രനായ ഇന്ദ്രജിത്ത് ഹനുമാനെ ബ്രഹ്മാസ്ത്രത്തിൽ ബന്ധിച്ചു. രാവണന്റെ മുന്നിൽ ഹാജരാക്കി. രാമദൂതനാണെന്നറിഞ്ഞ രാവണൻ ഹനുമാനെ, വാലിൽ തീ കൊടുത്തി അപമാനിക്കാൻ തീരുമാനിച്ചു. വാലിൽ കൊളുത്തിയ തീയുമായി ഹനുമാൻ ലങ്കാനഗരത്തിലെ പല സ്ഥലങ്ങളും അഗ്നിക്കിരയാക്കി. പിന്നീട് സമുദ്രത്തിൽ ചാടി അഗ്നിശമനം വരുത്തിയ ശേഷം രാമസമക്ഷത്തേക്ക് ആകാശമാർഗം മടക്കയാത്ര തുടർന്നു. മടങ്ങിയെത്തിയ ഹനുമാൻ ശ്രീരാമനോട് ലങ്കാസന്ദർശനവൃത്താന്തവും സീതാദർശനവും ലങ്കയെപ്പറ്റിയുള്ള പൂർണവിവരണവും നൽകി. സീതയുടെ ചൂഡാമണിയും അടയാളവാക്യവും കൈമാറി. ഇതിൽ ശ്രീരാമൻ പ്രസന്നനായി ഹനുമാനെ ആശ്ലേഷിച്ചാശീർവദിച്ചു.

- സീതാന്വേഷണം പൂർത്തിയാക്കി, സീതാദർശനവും ലങ്കയെപ്പറ്റിയുള്ള പൂർണവിവരണവും നൽകി

## പാഠഭാഗം

### വരികൾ

1. 'സകലശുകകുലവിമലതിലകിതകളേബരേ!

   ................................................................

   ഹിമശിഖരിസുതയൊടുചിരിച്ചുഗംഗാധരനെങ്കിലോ
   കേട്ടുകൊൾകെന്നരുളിചെയ്തു.'

### അർഥവിശദീകരണം

| | | |
|---|---|---|
| സകല | = | എല്ലാ |
| വിമലം | = | നിർമ്മലം |
| തിലകിത കളേബരേ | = | ശ്രേഷ്ഠമായ ശരീരമുള്ളവൾ |
| കാകുൽസ്ഥൻ | = | ശ്രീരാമൻ |
| ഹിമശിഖരിസുത | = | ഹിമവാന്റെ പുത്രി (പാർവതി) |

### ആശയവിശദീകരണം

സുന്ദരിയായ കിളിപ്പെണ്ണേ. അമൃതിനേക്കാൾ സുഖം തരുന്ന മധുരവാക്കുകളോടു കൂടിയവളേ! നീ പറഞ്ഞ രാമകഥ തുടർന്നു പറയുക. രാമലീലകൾ എത്ര കേട്ടാലും മതിവരില്ല. അങ്ങനെയുള്ള രാമന്റെ കീർ

▶ രാമകീർത്തികൾ, രാമലീലകൾ എന്നിവ കിളിമകൾ പറഞ്ഞുതുടങ്ങി

ത്തികൾ പാടിക്കേൾക്കണമെന്നുള്ള ആഗ്രഹം കേട്ട് കിളിമകൾ രാമനെ മനസിൽ ധ്യാനിച്ച് സന്തോഷത്തോടെ പറഞ്ഞുതുടങ്ങി. പരമശിവൻ കൗതുകത്തോടെ പാർവതിയെ നോക്കി രാമകഥ പറയുവാൻ ആരംഭിച്ചു.

## വരികൾ (സമുദ്രലംഘനം)

2.'ലവണജലനിധി ശതകയോജനാവിസ്തൃതം

.......................................................................

ദക്ഷിണദിക്കുമാലോക്യ ചാടീടിനാൻ'

### അർഥവിശദീകരണം

| | | |
|---|---|---|
| അജതനയൻ | = | അജന്റെ പുത്രൻ (ദശരഥൻ) |
| പുനഃ | = | പിന്നെയെന്ത് |
| ഉദധി | = | സമുദ്രം |
| ലവണം | = | സമുദ്രം |
| ദക്ഷിണദിക്ക് | = | തെക്കുദിക്ക് |

### ആശയവിശദീകരണം

▶ ഹനുമാൻ സമുദ്രം നിഷ്പ്രയാസം ചാടിക്കടക്കാൻ ആരംഭിക്കുന്നു

ഹനുമാൻ നൂറുയോജന വിസ്താരമുള്ള സമുദ്രം നിഷ്പ്രയാസം ചാടിക്കടക്കുന്നതിന് രാമപാദങ്ങൾ മനസിലുറപ്പിച്ചുകൊണ്ട് വാനരന്മാരെ നോക്കി, "ഹേ കവിശ്രേഷ്ഠരേ ഞാൻ പിതാവായ വായുവിനെപ്പോലെ അതിവേഗത്തിൽ ലങ്കയിലെത്തി ഇന്ന് തന്നെ സീതാദേവിയെ കാണും. ആ വാർത്ത ഇന്ന് തന്നെ ശ്രീരാമനോടു വന്നു പറയുകയും ചെയ്യും. ഭക്തർക്ക് മോക്ഷം നൽകുന്ന അദ്ദേഹത്തിന്റെ ദൂതനായ എനിക്ക് സംശയം എന്തിന്? ഈ ഉപ്പുനിറഞ്ഞ സമുദ്രം കടക്കാൻ ഒരു പ്രയാസവും എനിക്ക് ഉണ്ടാകുകയില്ല" എന്നിങ്ങനെ പറഞ്ഞ് കൈകൾ പരത്തിപ്പിടിച്ച് കഴുത്തു നിവർത്തി കാലുകൾ വളച്ച്, ദൃഷ്ടി ഉയർത്തി ലങ്കയെ ലക്ഷ്യമാക്കിക്കൊണ്ട് തെക്കുദിക്കു നോക്കി കുതിച്ചുചാടി.

## വരികൾ (മാർഗവിഘ്നം)

3. 'പതഗപതിരിവ പവനസുതനഥ വിഹായസാ

.......................................................

നിർജ്ജരവൈരിപുരം ഗമിച്ചീടിനാൻ'

### അർഥവിശദീകരണം

| | | |
|---|---|---|
| പതഗപതി | = | ഗരുഡൻ |
| സുരസ | = | നാഗമാതാവ് |
| നൂനം | = | നിശ്ചയം |
| തദനു | = | പിന്നീട് |
| ക്ഷുത് | = | വിശപ്പ് |
| അലമലം | = | മതി മതി |
| പ്ലവഗപരിവൃഢൻ | = | വാനരശ്രേഷ്ഠൻ |
| സാദം | = | ക്ഷീണം |

SGOU

| | | |
|---|---|---|
| വല്ലീകുലാവൃതം | = | വള്ളികളാൽ ചുറ്റപ്പെട്ടത് |
| നിശിചരകുലാരി | = | രാക്ഷസകുലത്തിന്റെ ശത്രു (ശ്രീരാമൻ) |
| അംഘ്രിപാതേന | = | കാൽകൊണ്ടുള്ള തൊഴികൊണ്ട് |

## ആശയവിശദീകരണം

ഗരുഡവേഗത്തിൽ ആകാശമാർഗേ സഞ്ചരിക്കുന്ന ഹനുമാനെക്കണ്ട് ദേവന്മാർ നാഗമാതാവായ സുരസയെ പറഞ്ഞയച്ചു. ഹനുമാനെക്കണ്ട സുരസ ഇങ്ങനെ പറഞ്ഞു: "ഹേ വാനരശ്രേഷ്ഠ! എവിടേക്കാണ് നീ പോകുന്നത്? എന്നെക്കണ്ടില്ലേ? ഈശ്വരേച്ഛയാൽ എനിക്ക് കിട്ടിയ ഭക്ഷണമാണ് നീ. വിശപ്പു സഹിക്കവയ്യ. വരൂ വേഗം എന്റെ വായിൽ പ്രവേശിക്കൂ." തന്റെ കർത്തവ്യം വിവരിച്ച് അതിനുശേഷം വരാമെന്ന് ഹനുമാൻ അറിയിച്ചെങ്കിലും സുരസ അതിന് സമ്മതിക്കുന്നില്ല. ഒടുവിൽ ഹനുമാൻ ആഹാരമാകാൻ സമ്മതിക്കുകയും തന്റെ ദേഹം വിസ്തൃതമാക്കുകയും അതനുസരിച്ച് സുരസ തന്റെ വായയുടെ വിസ്തൃതി വർധിപ്പിക്കുകയും ചെയ്തു. ശേഷം ഹനുമാൻ ഒരു പെരുവിരൽ വലുപ്പത്തിലേക്ക് മാറി നിഷ്പ്രയാസം സുരസയുടെ വായിലൂടെ കടന്ന് പുറത്തുവരുന്നു. ഹനുമാന്റെ പ്രവൃത്തികളിൽ സന്തുഷ്ടയായ സുരസ ഹനുമാനെ അനുഗ്രഹിച്ച് പറഞ്ഞയയ്ക്കുന്നു. ശേഷം ഹിമവാന്റെ പുത്രനായ മൈനാകപർവതം സമുദ്രദേവന്റെ നിർദ്ദേശപ്രകാരം ഹനുമാന്റെ ക്ഷീണമകറ്റി യാത്ര ചെയ്യാൻ അദ്ദേഹത്തോട് പറയുന്നു. പക്ഷേ രാമകാര്യം സാധിക്കുന്നത് വരെ മറ്റൊന്നിലും മനസുവയ്ക്കാൻ പാടില്ല എന്ന് പറഞ്ഞ് മൈനാകത്തെ തലോടി യാത്ര തുടരുന്നു. യാത്രയിൽ സിംഹിക എന്ന സമുദ്രരാക്ഷസി ഹനുമാന്റെ നിഴലിനെ പിടിച്ചു നിർത്തുന്നു. ആ രാക്ഷസിയെ കാലുകൊണ്ട് തൊഴിച്ച് അവളുടെ കഥ കഴിക്കുന്നു. ശേഷം ലങ്കാപുരിയിൽ എത്തിച്ചേർന്നു. സമുദ്രത്താൽ ചുറ്റപ്പെട്ട ലങ്കാനഗരവും അതിന്റെ ഭംഗിയും അതിന്റെ കെട്ടുറപ്പും കണ്ട് ഉള്ളിൽ കടക്കാൻ വിഷമമാണെന്നുള്ള വിചാരത്താൽ പത്മനാഭനെ ധ്യാനിച്ചു നിന്നു. രാത്രിയിൽ ഇരുട്ടത്ത് ആളില്ലാത്ത ഭാഗത്ത് കൂടി നടന്നുകയറാമെന്ന് വിചാരിച്ചു. ശ്രീരാമചന്ദ്രനെ മനസിൽ ധ്യാനിച്ചുകൊണ്ട് ലങ്കാപുരത്തിനു നേരെ ഗമിച്ചു.

- സുരസയേയും സിംഹികയേയും പ്രതിരോധിക്കുന്നു

## വരികൾ (ലങ്കാലക്ഷ്മി മോക്ഷം)

4. 'പ്രകൃതി ചപലനുമധിക ചപലമചലം മഹൽ -

   ..........................................................................

   ലങ്കയിൽ നിന്നു വാങ്ങി മലർ മങ്കയും'

## അർഥവിശദീകരണം

| | | |
|---|---|---|
| പ്രകൃതി ചപലൻ | = | ജന്മനാ ചാപല്യമുള്ളവൻ (ചാപല്യസ്വഭാവമുള്ളവൻ) |
| മഹൽ പ്രാകാരം | = | വലിയ കോട്ട |
| ആകാരം | = | ആകൃതി |
| പുരൈവ | = | പണ്ടുതന്നെ |
| അരുണജൻ | = | അരുണന്റെ മകൻ (സുഗ്രീവൻ) |

| | | |
|---|---|---|
| അരുൺ | = | സൂര്യൻ |
| മുഷ്ടി | = | ചുരുട്ടിയ കൈ |
| സാചിവ്യം | = | സഖ്യം |
| അതിശുചാ | = | വളരെ ദുഃഖത്തോടെ |
| പാതുമാം | = | എന്നെ രക്ഷിക്കട്ടെ |

## ആശയവിശദീകരണം

ജന്മനാ ചപല സ്വഭാവത്തോടുകൂടിയ ഹനുമാൻ ശരീരത്തെ കടുകുമണിപോലെ ചെറുതാക്കി കോട്ടമതിലിനുമുകളിൽ കയറി ഇടതുകാലൂന്നി ഉള്ളിൽ കടക്കാൻ ഭാവിച്ചു. അപ്പോൾ ലങ്കാലക്ഷ്മി ഒരു രാക്ഷസിയുടെ രൂപത്തിൽ ഉച്ചത്തിലലറിക്കൊണ്ടടുത്തു വന്നു. ലങ്കയിലേക്ക് പ്രവേശനം നിഷേധിച്ച് ലങ്കാലക്ഷ്മി ഹനുമാനെ ഒന്നടിച്ചു. ഹനുമാൻ രോഷാകുലനായി ഇടതുമുഷ്ടികൊണ്ട് തിരിച്ചൊന്നു കൊടുത്തു. അതേറ്റ് ലങ്കാലക്ഷ്മി ചോര ഛർദ്ദിച്ചു നിലത്തുവീണു. അവർ അവിടെ നിന്നെഴുന്നേറ്റ് ഹനുമാന്റെ കൈക്കരുത്തറിഞ്ഞുവെന്നും അത് വിധി നിശ്ചയമാണെന്നും, ഇക്കാര്യം പണ്ട് ബ്രഹ്മാവ് തന്നോട് അരുളിച്ചെയ്തതാണെന്നും പറയുന്നു. '28-ാമത്തെ ചതുര്യുഗത്തിലെ ത്രേതായുഗത്തിൽ രാവണനെ നശിപ്പിക്കാനായി മഹാവിഷ്ണു ദശരഥപുത്രനായി ശ്രീരാമനായി ജനിക്കും, ലക്ഷ്മീദേവി ജനകപുത്രിയായ സീതയായും ഭൂമിയിൽ അവതരിക്കും. ശ്രീരാമന്റെ വനവാസകാലത്ത് കാണാതായ സീതയെ അന്വേഷിച്ചു നടക്കുമ്പോൾ സുഗ്രീവനുമായി സഖ്യം ചെയ്യാനിടയാകും. സുഗ്രീവാജ്ഞയനുസരിച്ച് അനേകം വാനരന്മാർ സീതയെ അന്വേഷിച്ച് നാലു ദിക്കിലേക്കും പോകും. അവരിൽ ഒരാൾ ലങ്കയിലെത്തി നിന്റെയടുത്തുവരും. ശേഷം അവന്റെ പ്രഹരമേൽക്കും. അന്നേരം ലങ്ക വിട്ട് പൊയ്ക്കൊള്ളുക.' ഈ ബ്രഹ്മോപദേശം ലങ്കാലക്ഷ്മി ഹനുമാനോട് പറഞ്ഞിട്ട് ശിംശപ വൃക്ഷച്ചുവട്ടിലാണ് സീതയെന്നറിയിക്കുന്നു. ശേഷം ലങ്ക വിട്ട് പോകുന്നു. ലങ്ക വിട്ട് ഐശ്വര്യദേവതയായ ലക്ഷ്മി പടിയിറങ്ങി എന്നും അർഥം കല്പിക്കാം

► ഐശ്വര്യദേവതയായ ലങ്കാലക്ഷ്മി ലങ്ക വിട്ട് പോകുന്നു

## വരികൾ (സീതാദർശനം)

5. 'ഉദകനിധി നടുവിൽ മരുവും ത്രികൂടാദ്രിമേ

.............................................................

ദീനതയെന്നിയേ സാധിച്ചതിന്നു ഞാൻ'

## അർഥവിശദീകരണം

| | | |
|---|---|---|
| ജനകനരപതി ദുഹിതൃവരൻ | = | ജനകമഹാരാജാവിന്റെ മകളുടെ വരൻ (ശ്രീരാമൻ) |
| ദുഹിതാവ് | = | മകൾ |
| ദക്ഷാംഗം | = | വലതുഭാഗം |
| അസുരപുരി | = | ലങ്ക |
| ആശുഗൻ | = | വായു |
| കൃശഗാത്രി | = | മെലിഞ്ഞവൾ |
| അനവരതം | = | തുടർച്ചയായി |
| ദിവസകരകുലപതി | = | ശ്രീരാമൻ |

## ആശയവിശദീകരണം

ഹനുമാൻ സമുദ്രം ചാടിക്കടന്ന് ലങ്കയിലെത്തിയപ്പോൾ സീതയ്ക്കും രാവണനും ഇടതുഭാഗം വിറച്ചു. ശ്രീരാമന് വലതുഭാഗവും. (പുരുഷന്മാർക്ക് വലതുഭാഗവും സ്ത്രീകൾക്ക് ഇടതുഭാഗവും വിറച്ചാൽ നല്ല ഗുണഫലം വരുമെന്ന് വിശ്വാസം). സൂക്ഷ്മശരീരനായി ഹനുമാൻ ആ നഗരത്തിലെല്ലാം ദേവിയെ അന്വേഷിച്ചു. ഒടുവിൽ ഉദ്യാനങ്ങളിൽ തിരഞ്ഞുതുടങ്ങി. എന്നിട്ടും കാണാതെ വിഷമിക്കുമ്പോൾ വായുഭഗവാൻ പൂക്കളുടെ സുഗന്ധം വഹിച്ചുവന്ന് ഉപവനത്തിലെ ശിംശപാവൃക്ഷച്ചുവട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി ദേവിയെ കാണിച്ചു കൊടുത്തു. അവിടെ സീതാദേവി മലിനമായ തലമുടിയോടും വസ്ത്രത്തോടും കൂടി വളരെ ക്ഷീണിതയായി, ഭയത്തോടെ ഭൂമിയിലുരുണ്ട് രാമനെ ചിന്തിച്ച് ചിന്തിച്ച് രാക്ഷസികളുടെ നടുവിൽ കഷ്ടപ്പെട്ടു കഴിച്ചുകൂട്ടുന്നത് ഹനുമാൻ കണ്ടു. ഉടനെ ഹനുമാൻ വലിയ ഒരു വൃക്ഷത്തിന്റെ ഇലകൾക്കിടയിൽ മറഞ്ഞിരുന്നു. സീതാദേവിയെ കണ്ടപ്പോൾ തന്റെ പ്രയത്നം സഫലമായെന്നും കാര്യം സാധിച്ചു എന്നുമുള്ള കൃതാർത്ഥത ഹനുമാനുണ്ടായി.

> ▶ സീതാദേവിയെ ഹനുമാൻ കാണുന്നു

## വരികൾ (രാവണന്റെ പുറപ്പാട്)

6. 'ഇതി പലവുമകതളിരിലോർത്തു കപിവര

..............................................................

ദേവീ സമീപേ തൊഴുതിരന്നീടിനാൻ'

## അർഥവിശദീകരണം

| | | |
|---|---|---|
| കിസലയ നിലീനൻ | = | തളിരിലകളുടെ ഉള്ളിൽ ഒളിച്ചവൻ |
| കീടവൽ | = | കീടത്തെപ്പോലെ |
| രാമോദന്തം | = | രാമന്റെ വാർത്ത |
| ഉരസിജം | = | മാറിടം |
| പുരോഭുവി | = | മുൻഭാഗത്ത് |

## ആശയവിശദീകരണം

ഇങ്ങനെ ഓരോന്നാലോചിച്ചു ഇരിക്കുമ്പോഴും ദേവശത്രുവായ രാവണന്റെ വരവ് രാക്ഷസസുന്ദരിമാരുടെ അകമ്പടിയോടും ശൃംഗാരമയമുള്ള വേഷവിധാനങ്ങളോടെയുമായിരുന്നു. എന്നാൽ രാവണന്റെ മനഃസ്ഥിതി രാക്ഷസീയമായിരുന്നില്ല. രാമബാണമേറ്റ് എന്നാണാവോ തനിക്ക് വൈകുണ്ഠപദം പൂകാൻ കഴിയുക എന്നാലോചിച്ചിരിക്കവെയാണ് ഹനുമാൻ ലങ്കയിലെത്തിയത്. രാമന്റെ ആജ്ഞപ്രകാരം ഒരു വാനരൻ ലങ്കയിലെത്തുമെന്നും സീതയെക്കണ്ട് ആ വൃത്താന്തം രാമനെ അറിയിക്കുമെന്നും രാവണന് സ്വപ്നദർശനമുണ്ടായി. അത് പാലിക്കുമെന്ന് വിശ്വസിച്ചു. ഇപ്പോൾ താൻ പോയി സീതയെ വേദനിപ്പിച്ചാൽ വാനരൻ രാമനെ അറിയിക്കുകയും രാമൻ യുദ്ധത്തിന് വരികയും തനിക്ക് മോക്ഷം നൽകുകയും ചെയ്യും എന്ന വിചാരത്തോടെയാണ് രാത്രിയിൽ രാവണൻ പുറപ്പെട്ടുവന്നത്. ദുഃഖിതയായി ഭർതൃധ്യാനത്തിലിരുന്ന സീതയുടെ സമീപത്ത് വന്ന് കാമപാരവശ്യത്തോടെ രാവണൻ തൊഴുതപേക്ഷിച്ചു.

> ▶ രാത്രിയിൽ രാവണൻ സീതയെ കാണാൻ പുറപ്പെട്ടുവരുന്നു

SGOU

## വരികൾ (രാവണന്റെ ഇച്ഛാഭംഗം)

7, 'അനുസരണമധുരരസവചന വിഭവങ്ങളാ

.............................................................

ലങ്കയും ഭസ്മമാക്കീടുമരക്ഷണാൽ'

## അർഥവിശദീകരണം

| | | |
|---|---|---|
| ഉപഗൂഹനം | = | ആലിംഗനം |
| സുചിരം | = | വളരെക്കാലം |
| അവനിസുരവരൻ | = | ഉത്തമബ്രാഹ്മണൻ |
| ശബരതരുണി | = | കാട്ടാളയുവതി |
| പുരുഹൂതൻ | = | ഇന്ദ്രൻ |
| ശുനീവ | = | പെൺപട്ടിയെപ്പോലെ |
| വിശിഖം | = | അമ്പ് |
| കരാളം | = | ഭയങ്കരം |
| ഒല്ലാതകാര്യം | = | അരുതാത്ത കാര്യം |
| ത്രിജട | = | വിഭീഷണന്റെ പുത്രി (രാക്ഷസി) |
| മഹിഷി | = | ധർമ്മപത്നി |

## ആശയവിശദീകരണം

ഇപ്രകാരം ഓരോന്ന് ചിന്തിച്ച് സീതയുടെ സമീപമെത്തിയ രാവണൻ ഭർത്താവായ ശ്രീരാമനെക്കൊണ്ട് സീതയ്ക്ക് ഒരു പ്രയോജനവുമില്ലെന്നും, അദ്ദേഹം ഗുണമില്ലാത്തവനും വകതിരിവില്ലാത്തവനും സ്നേഹമില്ലാത്തവനുമാണെന്നു പറയുന്നു. ആയതിനാൽ നിന്റെ പാദദാസനായ എന്നെ നീ ഭർത്താവായി സ്വീകരിക്കൂ. 'കാലനുപോലും ഭയമുളവാക്കുന്ന എന്റെ പട്ടമഹിഷിയായിരുന്നാൽ ദേവസ്ത്രീകളും അസുരസ്ത്രീകളും അപ്സരസ്സുകളും മറ്റും നിന്റെ ദാസിമാരായി നിന്നെ ശുശ്രൂഷിക്കും' എന്ന് രാവണൻ പറയുന്നു. ഈ ദുർവാക്കുകൾ കേട്ടപ്പോൾ സീതയ്ക്ക് കഠിനമായ കോപമുണ്ടായി. രാവണനെ പുല്ലുപോലെ കണക്കാക്കുന്നു എന്ന അർഥത്തിൽ ഒരു പുൽക്കൊടി നുള്ളിയിട്ട് ദേവി പറഞ്ഞു. "ഹേ രാവണ നീ നീതിമാനോ ബലവാനോ ആണെങ്കിൽ സന്യാസവേഷം ധരിച്ച് ശ്രീരാമനില്ലാത്ത സമയം നോക്കി വന്ന് എന്നെ മോഷ്ടിക്കുമോ?" നിന്റെ ഭീരുത്വവും ദുഷ്ടതയും അതിൽ നിന്ന് വ്യക്തമാണെന്നും പ്രസ്തുത പ്രവൃത്തിയുടെ ഫലം നീ അനുഭവിക്കുമെന്നും നിന്റെ നാശം ഉടനെയുണ്ടെന്നും രാമൻ നിന്നെയും നിന്റെ വംശത്തെയും നശിപ്പിക്കുമെന്നും സീത പറയുന്നു. ഇത്തരത്തിലുള്ള അധിക്ഷേപ വാക്കുകൾ കേട്ട് അടക്കാനാവാത്ത കോപത്തോടെ രാവണൻ തന്റെ വാളൂരിക്കൊണ്ട് സീതയെ വെട്ടാനടുത്തു. അതുകണ്ട് കരുണ തോന്നിയ മണ്ഡോദരി രാവണനെ ആ ദുഷ്കർമത്തിൽ നിന്നും പിന്തിരിപ്പിക്കുന്നു.

- ▶ രാമൻ നിന്നെയും നിന്റെ വംശത്തെയും നശിപ്പിക്കുമെന്ന് സീത

## വരികൾ

8. 'സഹജസുത സചിവ ബലി പതികളൊടു കൂടവേ

.............................................................

മാനസേ ദുഃഖം കലർന്നു വൈദേഹിയും'

## അർഥവിശദീകരണം

| | | |
|---|---|---|
| നളദമാല്യം | = | രാമച്ചമാല |
| വയം | = | നമ്മൾ |
| കതിപയദിനം | = | ഏതാനും ദിവസം |
| ആനന്ദരൂപിണി | = | സീത |
| ശൃണു | = | കേട്ടാലും |
| മേ | = | എന്നിൽ |
| രമണം അപി | = | നിന്റെ ഭർത്താവാണെങ്കിലും |
| തനുജൻ | = | പുത്രൻ |

## ആശയവിശദീകരണം

▶ ത്രിജടയുടെ സ്വപ്നം

പതിവ്രതയായ സീതയെ വധിക്കുന്നത് ദുഷ്കീർത്തികരമാണെന്നും വീരപുരുഷനായ രാവണന് അത് ദുഷ്പേര് വരുത്തുമെന്നും മണ്ഡോദരി പറയുന്നു. ഇതുകേട്ട് രാവണൻ സ്ത്രീവധത്തിനാരംഭിച്ച തന്റെ അവിവേകത്തെക്കുറിച്ചോർത്ത് ലജ്ജിതനായി. തുടർന്ന് സീതയെ അനുനയിപ്പിച്ച് തന്റെ അന്തപുരത്തിൽ എത്തിക്കണമെന്ന് രാക്ഷസസ്ത്രീകളോട് പറയുന്നു. രാവണൻ തിരിച്ചു പോകുകയും സീത രാക്ഷസികളുടെ വാക്ശരങ്ങളേറ്റ് ദുഃഖിതയായിരിക്കുകയും ചെയ്യുന്നു. അപ്പോൾ രാക്ഷസിയെങ്കിലും ത്രിജട രാക്ഷസസ്ത്രീകളോട് പറഞ്ഞു. "നിങ്ങൾ സാധ്വിയായ ഇവളെ നമസ്കരിക്കുവിൻ. നിങ്ങളോട് ഞാനൊരു കാര്യം പറയാം. ഇവിടെ കിടന്ന ഞാൻ അല്പമൊന്നു മയങ്ങി. അപ്പോൾ ഞാനൊരു സ്വപ്നം കണ്ടു. രാമലക്ഷ്മണന്മാർ ഐരാവതത്തിന്റെ പുറത്തുകയറി ഇവിടെ വന്ന് ലങ്ക ദഹിപ്പിച്ച്, രാവണനെ കൊന്ന് വിഭീഷണനെ രാജാവാക്കിയ ശേഷം സീതയെക്കൊണ്ട് അയോദ്ധ്യയിലേക്ക് തിരിച്ചുപോയി. ഈ സ്വപ്നം സത്യമായിത്തന്നെ ഭവിക്കും. അതിലേക്ക് ഏതാനും ദിവസം കൂടി ഇവളെ ഉപദ്രവിക്കാതെ സൂക്ഷിക്കണം." ഇപ്രകാരം ത്രിജടയുടെ വാക്കുകൾ കേട്ട് രാക്ഷസികൾ ആശ്ചര്യംകൊണ്ടും ഭയംകൊണ്ടും പരവശരായിത്തീർന്നു. അല്പസമയത്തിനുള്ളിൽ അവർ ഉറങ്ങുകയും ചെയ്തു. സീതയാകട്ടെ ആകെ ദുഃഖപരവശയായിത്തീർന്നു.

## വരികൾ (ഹനുമൽ സീതാസംവാദം)

9. 'ഉഷസി നിശിചരികളിവരുടലു മമ ഭക്ഷിക്കു

..........................................................................

ശ്രീരാമദേവനാണെ സത്യമോമലേ!'

## അർഥവിശദീകരണം

| | | |
|---|---|---|
| ആലോക്യ | = | കണ്ടിട്ട് |
| കപടയതിവേഷം | = | കള്ളസന്യാസിവേഷം |
| പ്ലവഗകുലവരൻ | = | വാനരശ്രേഷ്ഠൻ |
| കിമിതി | = | ഇതെന്ത്? |
| കലപിംഗം | = | ഊർക്കുരുകിൽ പക്ഷി |
| വലീമുഖ വേഷം | = | വാനരവേഷം |

| | | |
|---|---|---|
| പത്മാലയാദേവി | = | സീതാദേവി |
| കലിതരുചി | = | ഭംഗിയായി |
| ഉടഭൂവി | = | ആശ്രമത്തിൽ |
| ദണ്ഡം | = | ദുഃഖം |
| സപദി | = | തൽക്ഷണം |
| രമണമിഖ | = | ഭർത്താവിനെ എന്ന പോലെ |
| അവനി പതിസുതൻ | = | ശ്രീരാമൻ |
| സരഭസം | = | വേഗത്തിൽ |
| ശൃണു | = | കേട്ടാലും |
| പലലം | = | പച്ചമാംസം |
| ശാഖാമൃഗാവലി | = | വാനരക്കൂട്ടം |

## ആശയവിശദീകരണം

ഹാ ദൈവമേ! നേരം പുലരുമ്പോൾ ഈ രാക്ഷസികൾ എന്നെ ഭക്ഷിക്കും. ബന്ധുക്കളായി ഇവിടെ എനിക്കാരുമില്ല. ജീവനുപേക്ഷിക്കാമെന്നു വച്ചാൽ ഒരു വഴിയും കാണുന്നില്ല. ഭഗവാനും എന്നെ മറന്നു എന്നാണ് തോന്നുന്നത്. അദ്ദേഹത്തിന് എന്നോടൽപ്പവും കരുണയില്ല. ഇങ്ങനെ പലതും ചിന്തിച്ച് ദുഃഖിച്ച് ശിംശപാവൃക്ഷത്തിന്റെ താണു കിടന്ന ഒരു ശാഖയിൽ പിടിച്ചു നിന്ന് വിലപിക്കാൻ തുടങ്ങി. ഇതെല്ലാം കണ്ടുകൊണ്ട് വൃക്ഷാഗ്രത്തിൽ മറഞ്ഞിരുന്ന ഹനുമാൻ സീതയ്ക്കുമാത്രം കേൾക്കത്തക്കവിധത്തിൽ രാമചരിതം പറഞ്ഞുതുടങ്ങി. മധുരതരമായ രാമചരിതം കേട്ട് സീതാദേവി കേട്ടത് സത്യമോ മിഥ്യയോ എന്ന് ആത്മഗതം പൊഴിക്കുന്നു. ഇതുകേട്ട് ഹനുമാൻ പതുക്കെ വൃക്ഷാഗ്രത്തിൽ നിന്നിറങ്ങി കൃശരൂപനായി സീതയുടെ അടുക്കലേയ്ക്ക് ചെല്ലുന്നു. മായാവിയായ രാവണനാണോ ഇതെന്ന സംശയത്തിൽ സീത തല താഴ്ത്തിയിരിക്കുന്നു. അതുകണ്ട് ഹനുമാൻ താനാരാണെന്ന് വെളിപ്പെടുത്തുകയും സീതാപഹരണശേഷമാണ് താൻ രാമനെ കണ്ടതെന്നും പറയുന്നു.

- ഹനുമാൻ താനാരാണെന്ന് വെളിപ്പെടുത്തുന്നു

## വരികൾ

10. ഭവതിപതി വചനമവലംബ്യ രണ്ടാംഗമാ-
യാശ്രയാശങ്കലുമാശ്രത്തിങ്കലും
.........................................................................
ചിന്മയി മാരുതി കൈയിൽ നൽകീടിനാൾ

## അർഥവിശദീകരണം

| | | |
|---|---|---|
| ദഹനൻ | = | അഗ്നി |
| ദണ്ഡം | = | പ്രയാസം |
| പ്ലവഗ കുലപരിവൃഢർ | = | വാനരശ്രേഷ്ഠർ |
| പരിതാപം | = | സങ്കടം |
| പരിച് | = | മാതിരി |
| ആകുലം | = | ദുഃഖം |

| | | |
|---|---|---|
| അവരജൻ | = | അനുജൻ |
| സൂര്യാത്മജാലയം | = | കാലപുരി |
| സരഭസം | = | പെട്ടെന്ന് |
| താവകം | = | ദേവിയുടെ |
| രമണം ഇവ | = | ഭർത്താവിനെ എന്നപോലെ |

## ആശയവിശദീകരണം

സീതാപഹരണത്തിനു മുമ്പ് ശ്രീരാമന്റെ നിർദ്ദേശമനുസരിച്ച് യഥാർത്ഥ സീത വഹ്നിമണ്ഡലത്തിൽ മറഞ്ഞിരിക്കുകയും മായാസീത ആശ്രമത്തിൽ തങ്ങുകയും ചെയ്തു. അക്കാര്യം ഹനുമാൻ ഒരു വിശ്വാസ്യതയ്ക്കായി സീതയെ അറിയിക്കുന്നു. പിന്നീട് ജടായു, കബന്ധൻ, ശബരി എന്നിവർക്കു രാമൻ മോക്ഷം നൽകിയ വിവരം ഹനുമാൻ പറയുന്നു. സുഗ്രീവ സഖ്യം നിർവഹിച്ച കാര്യവും രാമൻ അംഗുലീയം തന്നെ ഏൽപ്പിച്ച കഥയും ഹനുമാൻ സീതയെ ധരിപ്പിക്കുന്നു. സീത അംഗുലീയം വാങ്ങി ഭർത്താവിനെയോർത്തുകൊണ്ട് ശിരസ്സിൽ ചേർക്കുന്നു. രണ്ടു മാസത്തിനകം രാവണൻ തന്നെ കൊന്നു തിന്നാനിടയുണ്ട്. അതിനു മുൻപ് രാമനിങ്ങു വരുന്നതിന് നീ വേണ്ടതു ചെയ്യുക. അതുവരെ താൻ ജീവൻ നിലനിർത്തിക്കൊള്ളാം എന്ന് സീത പറയുന്നു. കാര്യങ്ങളെല്ലാം രാമനെ ബോധ്യപ്പെടുത്തുവാൻ ഹനുമാൻ സീതയോട് ഒരടയാളവാക്യം നൽകുവാനാവശ്യപ്പെടുന്നു. തന്റെ ശിരസ്സിലണിഞ്ഞിരുന്ന ചൂഡാരത്നമെടുത്ത് ഹനുമാന്റെ കൈയിൽ കൊടുത്തു. ശേഷം അടയാളവാക്കായി ചിത്രകൂടത്തിൽ വസിച്ച കാലത്ത് പലല ശകലങ്ങൾ കൊത്തിയ കാക്കയുടെ രൂപംപൂണ്ട ജയന്തനെ സീത കല്ലെടുത്തെറിഞ്ഞതും തിരിച്ച് ആ ദുഷ്ടൻ സീതയെ ആക്രമിച്ചതും, ഇതിൽ ക്ഷോഭിച്ച രാമൻ പുൽക്കൊടിയെടുത്ത് ദിവ്യാസ്ത്രമന്ത്രം ജപിച്ചെറിഞ്ഞതും ഒടുവിൽ രാമപാദത്തിൽ അഭയം പൂണ്ട അവന്റെ ഒരു കണ്ണുമാത്രം നശിപ്പിച്ചതുമായ കഥ പറഞ്ഞുകൊടുക്കുന്നു.

> ▶ രാമനാമാങ്കിതമായ മോതിരം സീതയ്ക്ക് സമർപ്പിക്കുന്നു

## 11. വരികൾ

'ശ്രുണുതനയ! പുനരൊരടയാള വാക്യം ഭവാൻ
ശ്രുത്വാ ധരിച്ചു കർണ്ണേ പറഞ്ഞീടു നീ
.........................................................................
അനിലതനയനുമഖിലജനനിയൊടു സാദര
മാശീർവചനമാദായ പിൻവാങ്ങിനാൻ'

## അർത്ഥവിശദീകരണം

| | | |
|---|---|---|
| ചികുരഭരം | = | മുടിക്കെട്ട് |
| അമലം | = | പരിശുദ്ധം |
| സപദി | = | പെട്ടെന്ന് |
| പലലം | = | മാംസം |
| പാഷാണജാലം | = | കല്ലുകൾ |
| വപുഷി | = | ശരീരത്തിൽ |
| കാകാകൃതി | = | കാക്കയുടെ ആകൃതി |
| ശക്രാത്മജൻ | = | ഇന്ദ്രപുത്രൻ, ജയന്തൻ |

| | | |
|---|---|---|
| ശിതചരണനഖ രതുണ്ഡങ്ങളാൽ | = | മൂർച്ചയുള്ള കാൽനഖം, ചുണ്ട് എന്നിവയാൽ |
| വായ്പോടും | = | അധികമായി |
| തൃണശകലം | = | പുൽക്കൊടി |
| സഭയം | = | ഭയത്തോടുകൂടി |
| അശ്രമം | = | നിഷ്പ്രയാസം |
| അമരപതി | = | ദേവേന്ദ്രൻ |
| കമലജൻ | = | താമരയിൽ ജനിച്ചവൻ (ബ്രഹ്മാവ്) |
| ഗിരീശൻ | = | ശിവൻ |
| സായകം | = | അമ്പ് |
| ദുഷ്കൃതം | = | ഭാഗ്യദോഷം |
| ഔഘം | = | കൂട്ടം |
| ശാഖാമൃഗാവലി | = | വാനരക്കൂട്ടം |
| വൈദേഹി | = | സീത |
| പത്മപത്രാക്ഷി | = | താമരക്കണ്ണി (സീത) |
| അന്തരം | = | വ്യത്യാസം |

## ആശയവിശദീകരണം

സീതാദേവിയുടെ മുടിയിൽ ചൂടുന്ന വിശിഷ്ടമായ ഒരാഭരണം, ചൂഡാരത്നം എന്നു പറയും. വനവാസക്കാലത്ത് അത്രിപത്നിയായ അനസൂയ സീതയ്ക്ക് സമ്മാനിച്ചതാണിത്. സീതയുടെ അടയാള വാക്യം :- 'രാമൻ വനവാസക്കാലത്തു തന്റെ മടിയിൽ തലയും വച്ചുറങ്ങിക്കിടന്ന അവസരത്തിൽ ഉണങ്ങാൻ വച്ചിരുന്ന മാംസം കൊത്തിത്തിന്നാനെന്ന വ്യാജേന ശക്രാത്മജനായ ജയന്തൻ കാക്കയുടെ രൂപം ധരിച്ചു വന്നു ചേർന്നു. തന്റെ ശരീരമാസകലം കൊത്തി മുറിവേല്പിച്ച ഒച്ച കേട്ട് രാമനുണർന്നു. അവന്റെ നേർക്ക് ശരം തൊടുത്തപ്പോൾ ദയനീയനായി അവൻ രാമനെ ശരണം പ്രാപിച്ചു. രാമബാണത്തിൽ നിന്നും രക്ഷ നേടുവാൻ ജയന്തൻ നടത്തിയ ശ്രമങ്ങൾ വിഫലമായപ്പോൾ രാമനെത്തന്നെ അഭയം പ്രാപിച്ചു. ശരം വെറുതെയാവില്ലാ, ഒരു കണ്ണ് നഷ്ടപ്പെടും എന്നറിയിച്ചു. രാമൻ ജയന്തനെ പറഞ്ഞയച്ചു. അന്ന് തന്നെ രക്ഷിച്ച അദ്ദേഹം ഇന്ന് എവിടെ എന്നോർക്കുമ്പോഴാണ് ദുഃഖം സഹിക്കാത്തത്' എന്നു സീത പറയുന്നു. തന്നെ എപ്പോഴും പരിരക്ഷിച്ചിട്ടുള്ള രാമനോടും താൻ മനസറിഞ്ഞു ഒരു പിഴയും ചെയ്തിട്ടില്ല. പിന്നെ തനിക്കീ അനുഭവം വന്നത് തന്റെ പാപദോഷം കാരണമായിരിക്കുമെന്ന് സീത പറയുന്നു. ദേവി ഇവിടെയുള്ള വിവരം അറിയാത്തതു കൊണ്ടാണ് രാമൻ വരാത്തതെന്നും പറഞ്ഞു. ഹനുമാൻ സീതയെ ആശ്വസിപ്പിക്കുന്നു. ലോകത്തിൽ നീ വളരെക്കാലം ജീവിച്ചിരിക്കുക. മകനെ നിനക്കു സുസ്ഥിരശക്തിയും അനശ്വരമായ ബലവും നന്മയും വരട്ടെ. സീതയുടെ ആശീർവാദം ഹനുമാൻ ആദരവോടെ ഏറ്റുവാങ്ങുന്നു.

> ▶ അടയാളവാക്കായി ജയന്തകഥയും പറയുന്നു

## വരികൾ (ലങ്കാമർദ്ദനം)

12. 'ചെറുതകലെയൊരു വിടപിശിഖരവുമമർന്നവൻ

..............................................................

പാരം തളർന്നൊരു താതനോടാദരാൽ'

### അർഥവിശദീകരണം

| | | |
|---|---|---|
| പരപുരി | = | ശത്രുവിന്റെ പട്ടണം |
| തദനു | = | പിന്നീട് |
| നിർജ്ജരലോകം | = | സ്വർഗം |
| നികടഭുവി | = | സമീപത്തിൽ |
| നിശിതമസി | = | രാത്രിയിൽ ഇരുട്ടത്ത് |
| ചൈതന്യം | = | ദേവാലയം |
| ഹന്തും | = | കൊല്ലുന്നതിന് |
| ത്വം | = | അങ്ങ് |
| വിമുച്യ | = | മോചനം ലഭിച്ചിട്ട് |
| രണശിരസി | = | യുദ്ധത്തിൽ |
| സപദി | = | ഇപ്പോൾ |
| പാകാരിജിത്ത് | = | ഇന്ദ്രജിത്ത് |
| കെടുതി | = | ക്ഷീണം |
| വിടപി | = | വൃക്ഷം |
| കാര്യാർത്ഥം | = | രാജാവിന്റെ കാര്യത്തിനുവേണ്ടി |
| പാടവം | = | സാമർഥ്യം |
| ദൂതം | = | ദൂതനെ |
| അഴിനില | = | നാശനില |
| സ്വ സ്വാമി കാര്യം | = | തന്റെ യജമാനന്റെ കാര്യം |
| അൻപോടെ | = | നന്നായി |
| രാത്രിഞ്ചരന്മാർ | = | രാക്ഷസന്മാർ |
| നികടഭൂമി | = | സമീപത്ത് |
| മുസലം | = | ഉലക്ക |
| നക്തഞ്ചരേന്ദ്രൻ | = | രാവണൻ |
| ശിഖരികലം | = | പർവതക്കൂട്ടം |
| മുദ്ഗരം | = | ഇരുമ്പുലക്ക |

### ആശയവിശദീകരണം

ഹനുമാൻ സീതാദേവിയോട് വിടവാങ്ങിയ ശേഷം ഒരു വൃക്ഷക്കൊമ്പിൽ കയറിയിരുന്ന് ചിന്തിച്ചു. 'ഒരു രാജാവ് തന്റെ ശത്രുവിന്റെ അടുത്തേക്ക് ഒരു ദൂതനെ നിയോഗിച്ചാൽ, ആ കാര്യം ഭംഗിയായി സാധിച്ചശേഷം അതിനു തടസ്സം കൂടാതെ മറ്റൊരു കാര്യംകൂടി ചെയ്തിട്ടു വരുന്നവനാണ് ഉത്തമനായ ദൂതൻ' ആ സ്ഥിതിക്ക് രാവണനെ കാണാതെ മടങ്ങിപ്പോകുന്നതു ശരിയല്ലായെന്ന് ചിന്തിച്ച് ഹനുമാൻ സീത ഇരുന്ന വൃക്ഷമൊഴികെ മറ്റുള്ളതെല്ലാം തകർത്തു. തുടർന്ന് രാക്ഷസന്മാരും ഹനുമാനും യുദ്ധത്തിലേർപ്പെട്ടു. ഹനുമാൻ സീതാസംവാദത്തിനു ശേഷം ലങ്കാനഗരത്തിൽ താൻ വന്ന വിവരം ഒന്നറിയിച്ചുപോകണമെന്നും തീരുമാനിക്കുന്നു. സമർഥനായ ഒരു ദൂതൻ കൃത്യനിർവഹണം മാത്രമല്ല അല്ലാതെയും ചില കാര്യങ്ങൾ കൂടി ചെയ്യേണ്ടതുണ്ട്. എന്ന നിഗമനത്തിൽ രാവണനെ കണ്ടു വിവരമറിയിച്ചിട്ടു പോകാൻ തന്നെ നിശ്ചയിക്കുന്നു. ഹനുമാൻ ലങ്കാനഗരത്തിലെ ഉദ്യാനം തകർക്കുന്നു, ശിംശപാ വൃക്ഷമൊഴിച്ചുള്ള വൃക്ഷങ്ങളെല്ലാം ഉലയ്ക്കുന്നു. പൂവ്, ഇല, ഫലം എന്നിവയോടുകൂടിയ

SGOU

വള്ളിക്കുടിലുകളും വൃക്ഷങ്ങളും തകർക്കുന്നു. ആകാശത്ത് എല്ലാ ദിക്കിലും ഭീതിയുളവാക്കുന്ന ഒച്ചകൾ. സീതയോട് രാക്ഷസസ്ത്രീകൾ ഭയചകിതരായി ഹനുമാനെക്കുറിച്ചു ചോദിക്കുന്നു. ഹനുമാനെ എതിർക്കുവാൻ നൂറായിരം പേർ അമ്പ്, ഉലക്ക തുടങ്ങിയ ആയുധങ്ങളുമായി പുറപ്പെടട്ടെ എന്നു രാവണൻ കല്പിക്കുന്നു. ഹനുമാന്റെ അലർച്ച കേട്ട രാക്ഷസന്മാർ ബോധംകെട്ടു വീഴുന്നു. വീണ്ടും ഏറ്റുമുട്ടുന്നു. അയയ്ക്കപ്പെട്ട രാക്ഷസന്മാരെല്ലാവരും വധിക്കപ്പെട്ടു എന്ന വിവരം അറിഞ്ഞ സമയത്ത് രാവണൻ വളരെ കുപിതനായി. രാവണന്റെ ഭയാശങ്കകൾ കണ്ട് ഇളയ മകനായ അക്ഷകുമാരൻ ഹനുമാനോട് എതിരിടുവാൻ കടന്നുവരുന്നു. രാക്ഷസകുലത്തെ ഓരോന്നായി ഹനുമാൻ കൊന്നുതള്ളി. രാവണന്റെ പ്രിയപുത്രനായ അക്ഷകുമാരനെയും ഹനുമാൻ വധിക്കുന്നു. ഇതിൽ കുപിതനായ രാവണപുത്രൻ ഇന്ദ്രജിത്ത് ഹനുമാനുമായി യുദ്ധത്തിലേർപ്പെടുന്നു.

▶ ഹനുമാൻ ലങ്ക തകർക്കുന്നു

## വരികൾ

13. 'വിനയമൊടു തൊഴുതിളയ മകനുമുരചെയ്തിതു

.........................................................................

പ്ലവഗ കുലവരനറിക സാമാന്യനല്ലിവൻ
പ്രത്യർത്ഥി വർഗത്തിനെല്ലാമൊരന്തകൻ'

## അർഥവിശദീകരണം

| | | |
|---|---|---|
| അരിവരനെ | = | ശത്രുശ്രേഷ്ഠനെ, വലിയ ശത്രുവിനെ |
| തോരണം | = | അലങ്കരിച്ചുകെട്ടുന്ന വളച്ചുവാതിൽ |
| ശാഖാമൃഗാധിപൻ | = | വാനരവീരൻ |
| മുനിവ് | = | കോപം |
| മൂർദ്ധനി | = | നെറുകയിൽ |
| ശമനപുരി | = | കാലപുരി |
| പ്രേതാധിപാലയം | = | യമപുരി |
| മാർത്താണ്ഡജാലയം | = | സൂര്യപുത്രന്റെ (കാലന്റെ ) ആലയം |
| ധനുരാദികൾ | = | വില്ല്, അമ്പ് മുതലായവ |
| ഗരുഡനിഭൻ | = | ഗരുഡതുല്യൻ |
| ജേതും | = | ജയിക്കുന്നതിനുവേണ്ടി |
| ഘനിനാദൻ | = | മേഘനാദൻ (ഇന്ദ്രജിത്ത്) |
| അസ്ത്രശസ്ത്രൗഘം | = | അമ്പുകളുടേയും മറ്റായുധങ്ങളുടേയും കൂട്ടം |
| രൂഷിതമതി | = | കോപിഷ്ഠനായവൻ |
| അമലഹൃദി | = | പരിശുദ്ധമായ ഹൃദയത്തിൽ |
| മധുമഥനഭക്തി | = | വിഷ്ണുഭക്തി |
| പാകാരി ജിത്തു | = | ഇന്ദ്രജിത്ത് |
| ഹരിപദം | = | വിഷ്ണുപദം |

SGOU

## ആശയവിശദീകരണം

യുദ്ധത്തിൽ ഇന്ദ്രജിത്ത് ബ്രഹ്മാസ്ത്രം പ്രയോഗിക്കുകയും ബ്രഹ്മാസ്ത്രത്തെ മാനിച്ച് ഹനുമാൻ ബോധരഹിതനെപ്പോലെ നിലത്തുഴുകയും ചെയ്യുന്നു. ഇന്ദ്രജിത്ത് ഹനുമാനെ ബന്ധിച്ചുകൊണ്ടുപോയി പിതാവിന്റെ മുന്നിൽ വച്ചു. ഹനുമാന് യാതൊരു മനക്ലേശവും തോന്നിയില്ല. സംസാരബന്ധമറ്റവർക്ക് മറ്റു ബന്ധങ്ങൾ കൊണ്ട് എന്തു സങ്കടമാണുണ്ടാകുന്നത്. രാക്ഷസന്മാർ കയറുകൊണ്ട് ഹനുമാനെ കെട്ടി വരിഞ്ഞു. ബ്രഹ്മാസ്ത്രത്തിന്റെ കെട്ടയഞ്ഞപ്പോൾ ഹനുമാന് ആശ്വാസമായെങ്കിലും കാര്യഗൗരവമോർത്ത് നിശ്ചലനായി കിടന്നതേയുള്ളു. രാമപാദസ്മരണയുള്ളവനെ ആർക്കാണു ബന്ധിക്കാനാവുക. സംസാരബന്ധമുള്ളവർക്കേ അങ്ങനെയുള്ള ബന്ധനങ്ങളുണ്ടാകൂ. ഹനുമാൻ അതിൽനിന്നു മുക്തനല്ലേ?

> ▶ ഹനുമാനും അക്ഷകുമാരനും, ഇന്ദ്രജിത്തും തമ്മിലുള്ള യുദ്ധം

## വരികൾ (ഹനുമാൻ രാവണ സഭയിൽ)

14. 'നിജതനയ വചനമിതി കേട്ടു ദശാനനൻ
നിൽക്കും പ്രഹസ്തനോടാർത്തു ചെല്ലീടിനാൻ
..............................................................................
ഇതി സദസി ദശവദന സഹജവചനേന താ
നെങ്കിലതങ്ങനെ ചെയ്കെന്നു ചൊല്ലിനാൻ'

## അർത്ഥവിശദീകരണം

| | | |
|---|---|---|
| ആദിതേയാധിപാരാതി | = | ദേവന്മാരുടെ അധിപനായ ഇന്ദ്രന്റെ ശത്രു |
| വിരിഞ്ചാസ്ത്രം | = | ബ്രഹ്മാസ്ത്രം |
| പപ്രച്ഛ | = | ചോദിച്ചു |
| മുരപി | = | വീണ്ടും |
| പുരന്ദരൻ | = | ഇന്ദ്രൻ |
| ഭുജഗകുല പതിശയനൻ | = | അനന്തന്റെ പുറത്തു ശയിക്കുന്നവൻ |
| അഘം | = | പാപം |
| മൗഢ്യം | = | മൂഢഭാവം |
| ശഠൻ | = | ദുഷ്ടൻ |
| വയം | = | നമ്മൾ |
| ജലപ്രഭോ | = | ജലന്മാരുടെ പ്രഭുവായിട്ടുള്ളവനേ |
| പുരന്ദരപൂജിതൻ | = | ഇന്ദ്രനാൽ ബഹുമാനിക്കപ്പെടുന്നവൻ |
| പൂർവദേവാരാതി | = | അസുരവംശം |
| മുക്തി | = | മോക്ഷം |
| പുരമഥനൻ | = | ശിവൻ |
| ഭൂതേശസേവിതൻ | = | ശിവനാൽ സേവിക്കപ്പെടുന്നവൻ |
| മണിരഥധ്വജൻ | = | മനോഹരമായ രഥത്തിനു കൊടിയടയാളമായിട്ടുള്ളവൻ |
| ഭൂപതി | = | രാജാവ് |
| ജാനകി | = | സീത |
| ഇനതനയൻ | = | സൂര്യപുത്രൻ (സുഗ്രീവൻ) |

SGOU

| | | |
|---|---|---|
| അമരപതിസുതൻ | = | ഇന്ദ്രപുത്രൻ |
| ആധി | = | സങ്കടം |
| കമലഭവൻ | = | ബ്രഹ്മാവ് |
| സുരവരപ്രഭാവം | = | ദേവന്മാരുടെ അനുഗ്രഹം |
| അദ്യ | = | ഇപ്പോൾ |
| ബുധജനം | = | അറിവുള്ള ജനം |
| ഖഗം | = | പക്ഷി |
| അമേയൻ | = | അളക്കപ്പെടാനാവാത്തവൻ |
| നിർഗുണൻ | = | ഗുണദോഷവിചിന്തനമില്ലാത്തവൻ |
| സനാതനം | = | ശാശ്വതം |
| അവേദ്യൻ | = | അറിയപ്പെടാനാവാത്തവൻ |
| ഹരിഭക്തി | = | വിഷ്ണുഭക്തി |
| മുദാ | = | സന്തോഷത്തോടെ |
| ഭജ | = | ഭജിക്കുക |
| തിലസദൃശം | = | എള്ളിനു തുല്യം |
| കഥയമമ | = | എന്നോടു പറയുക |
| നിയതം | = | നിശ്ചയം |

## ആശയവിശദീകരണം

ഹനുമാനെ കെട്ടി വരിഞ്ഞ് രാവണന്റെ മുമ്പിലെത്തിച്ചിട്ട് യുദ്ധത്തിൽ നിരവധി പേരെ വധിച്ച ഈ കുരങ്ങന്റെ വിവരങ്ങൾ അറിഞ്ഞാലും, മന്ത്രിമാരുമായി ആലോചിച്ച് വേണ്ടത് ചെയ്താലും എന്ന് ഇന്ദ്രജിത്ത് പറഞ്ഞു. ഇതെല്ലാം കേട്ട് മന്ത്രി പ്രഹസ്തൻ ഹനുമാനോട് കാര്യങ്ങൾ ആരായുകയും ഹനുമാൻ തന്റെ വിവരങ്ങളും ലങ്കയിൽ എത്തിയ ഉദ്ദേശവും ഉദ്യാനം നശിപ്പിച്ചതിന് പിന്നിലെ ലക്ഷ്യവും യുദ്ധവുമെല്ലാം വിവരിക്കുന്നു. ശേഷം രാമപാദം പൂകുന്നതാണ് രാവണന് ഭൂഷണമെന്നും പറയുന്നു. ഇതിൽ കുപിതനായ രാവണൻ ഹനുമാനെ വെട്ടിനുറുക്കാൻ ആജ്ഞാപിക്കുന്നു. അതുകണ്ട നീതിമാനായ വിഭീഷണൻ അതു തടുത്തു. ദൂതന്മാരെ കൊല്ലുന്നത് രാജാക്കന്മാർക്ക് ഭൂഷണമല്ലെന്നും അതിനാൽ തക്കതായ ഒരടയാളമുണ്ടാക്കി ഹനുമാനെ അപമാനിച്ചയയ്ക്കണമെന്നും വിഭീഷണൻ പറഞ്ഞു. ഇത് യുക്തമെന്നു തോന്നിയ രാവണൻ എങ്കിലതങ്ങനെയാകട്ടെ എന്നു സമ്മതിച്ചു. പ്രകൃതിയിലെ ഗുണത്തെ ആശ്രയിക്കുന്നതുമൂലമുള്ള ദേഹിദേഹബന്ധമല്ല ആത്മാവെന്നു മനസിലാക്കുക. ആദിയും അന്തവുമില്ലാത്തവൻ, അരൂപൻ. ഇങ്ങനെയൊക്കെയുള്ള ആത്മാവാണ് പരബ്രഹ്മം; രാമൻ എന്നാണ് പറഞ്ഞുവരുന്നത്. ജനിമൃതികളോടുകൂടിയ ഈ ദുഃഖമയമായ ലോകം അനിത്യവും, ജഡവുമാണ്. അതറിയാനുള്ള മാർഗം ഈശ്വരമാഹാത്മ്യങ്ങൾ മനസിലാക്കുകയാണ്. അതിനാവട്ടെ, ആത്മാവിനെ ആത്മാവു കൊണ്ടറിയുകയുമാണ് വേണ്ടത്. ഭഗവദ്ഗീതയിലെ തത്വവിചാരങ്ങൾ ഇവിടെ എഴുത്തച്ഛന്റെ കവിതയ്ക്ക് ആഴം വർധിപ്പിക്കുന്നു

- ഹനുമാൻ ലങ്കയിൽ എത്തിയ ഉദ്ദേശ്യവും ലക്ഷ്യവും വിവരിക്കുന്നു

## വരികൾ (ലങ്കാദഹനം)

15. 'വദനമപി കരചരണമല്ല ശൗര്യാസ്പദം

..........................................................................

SGOU

പവനജനു ദഹനനപി ചുട്ടതില്ലേതുമേ
പാവകനിഷ്ട സഖിയാക കാരണം'

## അർഥവിശദീകരണം

| | | |
|---|---|---|
| വസനേന | = | വസ്ത്രംകൊണ്ട് |
| വേഷ്ടിച്ച് | = | ചുറ്റി |
| നിഖില ദിശി | = | എല്ലാ ദിക്കിലും |
| നികൃതി | = | ധിക്കാരം |
| ഉൽപുത്യ | = | ചാടിയിട്ട് |
| പരദാരങ്ങൾ | = | അന്യരുടെ ഭാര്യമാർ |
| ലാഗൂലം | = | വാൽ |
| അരുണജൻ | = | സുഗ്രീവൻ |
| മഹാർണവം | = | മഹാസമുദ്രം |
| വദനം | = | മുഖം |
| രതി | = | ലൗകികാസക്തി |
| കുലഹതകൻ | = | കുലദ്രോഹി |
| നിസ്തേജൻ | = | തേജസ്സു നഷ്ടപ്പെട്ടവൻ |
| തിലരസം | = | എള്ളെണ്ണ |
| ഘൃതം | = | നെയ്യ് |
| പട്ടാംബരം | = | പട്ടുവസ്ത്രം |
| സുസ്നേഹവസ്ത്രങ്ങൾ | = | എണ്ണ പുരട്ടിയ വസ്ത്രങ്ങൾ |
| അമലൻ | = | പരിശുദ്ധൻ |
| പുരന്ദരാരാതികൾ | = | ഇന്ദ്രശത്രുക്കൾ |
| രജ്ജുഖണ്ഡം | = | കയർക്കഷ്ണം |
| സ്നേഹം | = | എണ്ണ |
| ഉഡുപതി | = | നക്ഷത്രപതി (ചന്ദ്രൻ) |
| അലമലം | = | മതിമതി |
| ചരമഗിരി | = | അസ്തമനപർവതം |
| വിഷ്ണുപദം | = | ആകാശം, സ്വർഗം |
| അനലശിഖകൾ | = | തീജ്വാലകൾ |
| അനിലസുതഹൃദയം | = | ഹനുമാന്റെ ഹൃദയം |
| വിബുധപതി | = | ദേവേന്ദ്രൻ |
| അഹമഹമികാധിയാ | = | ഞാൻ മുമ്പേ ഞാൻ മുമ്പേ എന്ന വിചാരത്തോടെ |
| പാവക ജ്വാലകൾ | = | അഗ്നിജ്വാലകൾ |

## ആശയവിശദീകരണം

വാനരന്മാർക്ക് വാലിലാണ് ശൗര്യം. അതുകൊണ്ട് ഇവന്റെ വാലിൽ തുണിചുറ്റി തീകൊളുത്തി, കെട്ടിയെടുത്ത് 'രാത്രിയിൽ വന്ന കള്ളൻ' എന്നു പറഞ്ഞ് പട്ടണത്തിലൊക്കെ കൊണ്ടുനടക്കണം. അപ്പോൾ ഇവനെ കുലദ്രോഹി എന്നാരോപിച്ച് വാനരകുലത്തിൽ നിന്ന് പുറത്താക്കും. രാവണന്റെ കല്പന കേട്ടയുടൻ തന്നെ രാക്ഷസന്മാർ എണ്ണയിലും നെയ്യിലും മുക്കിയ തുണികൊണ്ട് വാൽ പൊതിയാൻ തുടങ്ങി. തുണി തീർന്നു വാൽ അവശേഷിച്ചെങ്കിലും തീ കൊളുത്താൻ തീരുമാനിച്ചു.



SGOU

പട്ടണപ്രദക്ഷിണത്തിനു തയ്യാറാക്കി പടിഞ്ഞാറേ വാതിൽക്കലെത്തിയപ്പോൾ ഹനുമാൻ മാളികകളിലേക്ക് ചാടിച്ചാടി ലങ്ക പൂർണമായും ദഹിപ്പിച്ചു. വിഭീഷണൻ രാമഭക്തനാകയാൽ അദ്ദേഹത്തിന്റെ ഭവനം മാത്രം അഗ്നിക്കിരയാക്കാതെ ഹനുമാൻ രക്ഷിച്ചു. രാക്ഷസകുലം വെന്തു നശിച്ചു. ഹനുമാൻ ലങ്കാനഗരം ദഹിപ്പിക്കുന്ന സന്തോഷവാർത്ത അറിയിക്കുവാനെന്ന വണ്ണം തീനാളങ്ങൾ രാമപാദത്തിലേക്കു കുതിച്ചു. സന്തോഷം അറിയിക്കുവാനെന്നവണ്ണം കുതിച്ചു തെളിഞ്ഞു; ഒപ്പം ഹനുമാന്റെ ഹൃദയവും. ലങ്കാദഹനം ഇന്ദ്രനു കൗതുകമുണ്ടാക്കുന്ന കാര്യമാണല്ലോ. അതറിയിക്കുവാൻ തീനാളങ്ങൾ ഞാൻ മുമ്പേ ഞാൻ മുമ്പേ എന്ന വിചാരത്തോടെ ആകാശത്തേയ്ക്കുയർന്ന് ആളിത്തെളിഞ്ഞു കത്തിയത്രേ. ശത്രുനഗരം കത്തുന്നതുകണ്ട ഹനുമൽഹൃദയവും തെളിഞ്ഞു. അനലശിഖകളും അനില സുതഹൃദയവും വിഷ്ണുപദം പ്രാപിക്കുക എന്ന ഏകധർമ്മത്തിൽ അന്വയിച്ചിരിക്കുന്നതു കൊണ്ട് ഇവിടെ അലങ്കാരം ദീപകം. തീനാളങ്ങൾ തെളിഞ്ഞുകത്തുന്നതു കണ്ടാൽ ലങ്കാദഹന വൃത്താന്തം വിബുധപതിയെ അറിയിക്കാനുള്ള തിടുക്കമല്ലേ കാട്ടുന്നത് എന്ന ബലമായ ശങ്ക ഉള്ളതുകൊണ്ടു ഉത്പ്രേക്ഷ അലങ്കാരം പറയാം. ഐശ്വര്യപൂർണമായ ലങ്ക ഭസ്മമായിത്തീർന്നു. ഇപ്രകാരം ലങ്കയെ ദഹിപ്പിച്ചതിനുശേഷം സീതയോട് വീണ്ടും യാത്ര പറഞ്ഞ് ഹനുമാൻ സമുദ്രതരണത്തിനായി കുതിച്ചുചാടി.

- ▶ ലങ്കയെ ദഹിപ്പിച്ചതിനുശേഷം സീതയോട് യാത്ര പറയുന്നു

## വരികൾ

16. പതിനിരതയാകിയ ജാനകീ ദേവിയാൽ
പ്രാർത്ഥിതനാകയാലും കരുണാവശാൽ
------------------------------------
തൊഴുതഖില ജനനിയോടു യാത്ര വഴങ്ങിച്ചു
തൂർണ്ണം മഹാർണ്ണവം കണ്ടു ചാടീടിനാൻ'

## അർഥവിശകലനം

| | | |
|---|---|---|
| ചികുരം | = | മുടിക്കെട്ട് |
| വിരചിതം | = | ഉണ്ടാക്കപ്പെട്ടത് |
| മനുജതരുണി | = | മനുഷ്യസ്ത്രീ (സീത) |
| കാമി | = | കാമവികാരം പിടിപെട്ടവൻ |
| കിം ഇതി | = | ഇനി എന്ത് |
| ശാഖികൾ | = | മരക്കൊമ്പുകൾ |
| ത്രിയാമാചരരാജ്യം | = | രാത്രിചാരികളുടെ രാജ്യം ( ലങ്ക) |
| ഗിരം | = | വാക്ക് |
| ജാതാനുകമ്പം | = | അനുകമ്പയോടെ |
| ഉപഗമ്യ | = | പ്രാപിച്ചിട്ട് |

## ആശയ വിശകലനം

ഭൗതികം, ദൈവികം, ആത്മീയം എന്നിങ്ങനെ മൂന്നു താപത്തെയും നീക്കുന്നതാണ് രാമന്റെ സമീപ്യം. ആജ്ഞാപയാശു, പെട്ടെന്നു കല്പന തന്നാലും ഞാൻ പോകുന്നു. എന്നെ ഏല്പിച്ച കാര്യം കഴിഞ്ഞു. ഇനി എങ്ങനെയാണ് ഞാൻ ഇവിടെ കഴിയുന്നത്. ഹനുമാൻ സീതയെ തോളിലേറ്റി രാമസന്നിധിയിലെത്തിക്കുവാൻ തയ്യാറാവുന്നു. പക്ഷെ, സീത

> ▶ ഹനുമാൻ യാത്ര പറയുന്നു

അതിനു സമ്മതിക്കുന്നില്ല. വീരോചിതമായി രാമൻ കടൽ കടന്നുവന്ന് രാവണനെ കൊന്നുവേണം തന്നെ മോചിപ്പിക്കുവാൻ എന്ന് വ്യക്തമാക്കുന്നു. രാക്ഷസകുലം വെന്തു നശിച്ചു. ഇപ്രകാരം ലങ്കയെ ദഹിപ്പിച്ചതിനുശേഷം സീതയോട് യാത്ര പറഞ്ഞ് തിരിച്ചുപോകുന്നു.

### വരികൾ

17. 'ത്രിഭുവനമുലയെ മുഹുരൊന്നലറീടിനാൻ
തീവ്രനാദം കേട്ട് വാനരസംഘവും
..............................................................................
പുനരഥഹരീശ്വരൻ തന്നെയും വന്ദിച്ചു
പൂർണമോദം പറഞ്ഞാനഞ്ജനാത്മജൻ'

### അർഥവിശകലനം

| | | |
|---|---|---|
| ആചുംബ്യ | = | ചുംബിച്ചിട്ടു |
| വാലാഞ്ചലം | = | വാലിന്റെ അറ്റം |
| അംഗദൻ | = | ബാലിയുടെ പുത്രൻ |
| ദധിമുഖൻ | = | ഒരു വാനരൻ |
| സുഗ്രീവസ്യ ശാസനാൽ | = | സുഗ്രീവന്റെ നിർദ്ദേശമനുസരിച്ച് |
| ഖലമഥനൻ | = | ഇന്ദ്രൻ |
| പുരാതനൻ | = | പുരാണ പുരുഷൻ |
| ദണ്ഡധരന്മാർ | = | കാവൽക്കാർ |
| അദ്രിശിരസി | = | പർവതത്തിനുമുകളിൽ |
| ആരാധിതാംഘ്രിദ്വയൻ | = | ആരാധിക്കപ്പെടുന്ന പാദങ്ങളോടു കൂടിയവൻ |
| പരിതാപം | = | സങ്കടം |
| അഞ്ജസാ | = | പെട്ടെന്ന് |
| പുകൾപ്പെറ്റ | = | കീർത്തികേട്ട |
| ജഗകുലഭൂഷണൻ | = | ശിവൻ, സതാംപതി |
| മൽപതി | = | എന്റെ രക്ഷിതാവ് |
| അർണവം | = | സമുദ്രം |
| ശിഥിലതരചികുരം | = | ഉലഞ്ഞുപാറിയ മുടി |
| സവിതൃസുതൻ | = | സൂര്യപുത്രൻ (സുഗ്രീവൻ) |
| കീശൗഘം | = | വാനരക്കൂട്ടം |
| സംക്രന്ദനാത്മജൻ | = | ഇന്ദ്രപുത്രൻ(ബാലി) |
| കപിനിവഹം | = | വാനരക്കൂട്ടം |
| ധിത പരിപീഡിതർ | = | വിശപ്പുകൊണ്ട് തളർന്നവർ |
| ദധിമുഖൻ | = | സുഗ്രീവന്റെ അമ്മാവൻ |
| വലമഥനൻ | = | ഇന്ദ്രൻ |
| വലമഥനസൂതൻ | = | ബാലി |
| വൃഥാ | = | വെറുതെ |
| പുഷ്ക്കരബാന്ധവ പുത്രൻ | = | സുഗ്രീവൻ |
| പുണ്ഡരീകം | = | വെൺതാമരപ്പൂവ് |
| പുണ്ഡരീകം | | താമര |
| ഭുജഭവകുലം | = | ക്ഷത്രിയകുലം |

## ആശയവിശദീകരണം

മൂന്നുലോകവും കുലുങ്ങത്തക്കവിധത്തിൽ ഹനുമാൻ ഒന്നലറി. കാര്യം സാധിച്ചുവരുന്ന ഹനുമാനെ വാനരന്മാർ ആദരിക്കുകയും ആശ്ലേഷിക്കുകയും ചെയ്തു. വിശപ്പും ദാഹവും കൊണ്ട് ക്ഷീണിച്ച കപികൾ ദധിമുഖനാൽ സംരക്ഷിക്കപ്പെടുന്ന മധുവനത്തിൽ നിന്നും കായ്കനികൾ പറിച്ചു ഭക്ഷിച്ചു. ദധിമുഖൻ പ്രസ്തുത വിവരം സുഗ്രീവനെ അറിയിക്കുകയും കാര്യം സാധിച്ച വിജയാഘോഷമാണതെന്ന് സുഗ്രീവൻ രാമനോട് പറയുകയും ചെയ്തു. തുടർന്ന് വാനരസംഘം രാജസമീപത്തേക്ക് ചെന്നു. അവിടെ കാരുണ്യക്കടലായ രാമൻ സുഗ്രീവലക്ഷ്ണന്മാരാൽ സേവിതനായി വാണരുളുന്നത് കണ്ട് സസന്തോഷം ഹനുമാൻ ശ്രീരാമനോട് പറഞ്ഞു.

▶ വിജയശ്രീലാളിതനായ ഹനുമാനെ വാനരന്മാർ ആദരിക്കുന്നു

## വരികൾ (സീതാ വൃത്താന്തകഥനം)

18. 'കനിവിനോടു കണ്ടേനഹം ദേവിയെത്തത്ര.

........................................................................................

കേട്ടു മഹാലോകരും തെളിയേണമേ'

## അർഥവിശദീകരണം

| | | |
|---|---|---|
| സവിതൃസുതൻ | = | സുഗ്രീവൻ |
| സവിതാവ് | = | സൂര്യൻ |
| സംക്രാന്ദനാത്മജൻ | = | ഇന്ദ്രപുത്രൻ (ബാലി) |
| അഗ്രേസരൻ | = | മുമ്പൻ |
| ദശാസ്യകുലം | = | രാവണകുലം |
| അധുനൈവ | = | ഇപ്പോൾത്തന്നെ |
| ബഹുവിധവ ചോവിഭവേന | = | പലതരത്തിലുള്ള വാഗ്വിലാസം കൊണ്ട് |
| ബിംബാധരി | = | തൊണ്ടിപ്പഴം പോലുള്ള ചുണ്ടോടുകൂടിയവൾ, സുന്ദരി (സീത) |
| ഇന്ദിരാകാന്തൻ | = | മഹാലക്ഷ്മിയുടെ ഭർത്താവ് (വിഷ്ണു) |
| ദണ്ഡധരാലയം | = | യമപുരി |
| പരമേശ്വരി | = | പാർവതി |
| സുരജനസുദുഷ്ക്കരം | = | ദേവന്മാർക്കുപോലും പ്രയാസമായ |
| ത്വയാകൃതം | = | നിന്നാൽ ചെയ്യപ്പെട്ട |
| ഉരസി | = | മാറിൽ |
| മഹാലോകരും തെളിയേണമേ | = | ജനങ്ങളുടെ മനസ്സ് പ്രകാശപൂർണമാകണമേ |

## ആശയവിശദീകരണം

പ്രഭോ! അടിയൻ സമുദ്രം നിഷ്പ്രയാസം ചാടിക്കടന്ന് ലങ്കയിലെത്തി ലോകമാതാവിനെക്കണ്ടു. തുടർന്ന് സീത നടത്തിയ അന്വേഷണങ്ങളും രാമകഥ ഹനുമാൻ ചൊല്ലിയതും ലങ്കാദഹനം നടത്തിയതുമെല്ലാം രാമനോട് ഹനുമാൻ പറയുന്നു. കൂടാതെ സീത നൽകിയ ചൂഡാമണി

രാമനെ ഏൽപ്പിച്ച് അടയാളവൃത്താന്തം പറഞ്ഞുകേൾപ്പിക്കുകയും ചെയ്യുന്നു. ഹനുമാന്റെ വാക്കുകൾ കേട്ടപ്പോൾ ഭഗവാനുണ്ടായ സന്തോഷത്തിന് അതിരില്ലാതായി. സുഗ്രീവനും സന്തോഷമായി. തുടർന്ന് ശ്രീരാമൻ ഹനുമാനെ മാറാടോണച്ച് ആശ്ലേഷിച്ചനുഗ്രഹിച്ചു. ഇത്രത്തോളം പുണ്യവും ഭാഗ്യവും ഉള്ളവർ ഈ ലോകത്തിൽ ആരും തന്നെയില്ല. ഇപ്രകാരം പരമശിവൻ അരുളിചെയ്ത രാമായണ കഥകേട്ട് പാർവതി ദേവി ഭക്തിപരവശയായി കൈകൂപ്പി. വളരെ സരസമായി കിളിമകൾ പറഞ്ഞ കഥകളെ കേട്ട് സജ്ജനങ്ങളും സന്തോഷിച്ചു.

- ശ്രീരാമൻ ഹനുമാനെ മാറാടോണച്ച് ആശ്ലേഷിച്ചനുഗ്രഹിക്കുന്നു

## കാവ്യാവലോകനം

രാമായണത്തിലെ സുന്ദരകാണ്ഡം ഇത്ര സുന്ദരമാകാനെന്താണ് കാരണം:

'സുന്ദരേ സുന്ദരോ രാമഃ, സുന്ദരേ സുന്ദരീ കഥാ
സുന്ദരേ സുന്ദരീ സീതാ, സുന്ദരേ സുന്ദരം വനം
സുന്ദരേ സുന്ദരം കാവ്യം, സുന്ദരേ സുന്ദരഃ കപിഃ
സുന്ദരേ സുന്ദരം മന്ത്രം, സുന്ദരേ കിം ന സുന്ദരം?

സുന്ദരകാണ്ഡത്തിൽ അവസാനംവരെ രാമനെ നമുക്ക് ദർശിക്കാൻ കഴിയുകയില്ല. പക്ഷെ ആദ്യാവസാനംവരെ 'രാമ' നാമം നിരവധി തവണ കാണാനും കേൾക്കാനും കഴിയും. അങ്ങനെ രാമശബ്ദം കൊണ്ട് സുന്ദരമാണ് സുന്ദരകാണ്ഡം. ധർമ്മനിഷ്ഠനായ ശ്രീരാമന്റെ അകക്കാമ്പ് അവിടുത്തെ രൂപസൗന്ദര്യത്തേക്കാൾ സുന്ദരമാണ്. സീത എന്ന സുന്ദരിയുടേതാണ് സുന്ദരകാണ്ഡം. 'സുന്ദരി' എന്നാൽ 'ബാലാ ത്രിപുര സുന്ദരി'... അഥവാ മഹാമായ. മരത്തിനു മുകളിലിരിക്കുന്ന ഹനുമാൻസ്വാമിക്ക് സീതാദേവിയെ മായാരൂപിണിയായി കാണാൻ സാധിച്ചു. പക്ഷെ മുന്നിൽ നിൽക്കുന്ന ദശാനനൻ രാവണന് സാധാരണസ്ത്രീയായിട്ടു മാത്രമേ കാണാൻ കഴിഞ്ഞുള്ളൂ. രാമഭക്തിയും പാതിവ്രത്യവും സീതയെ കൂടുതൽ സുന്ദരമാക്കി. സുന്ദരകാണ്ഡത്തിലെ പ്രകൃതിയും സുന്ദരമാണ്. വാല്മീകിമഹർഷി ലങ്കാനഗരവും അശോകവനവും ഗംഭീരമായി വർണിക്കുന്നുണ്ട്. അരുവികൾ, പർവതങ്ങൾ, പൂങ്കാവനങ്ങൾ, വൃക്ഷശാഖകൾ, മന്ദിരങ്ങൾ എല്ലാം അതിസുന്ദരം, വർണ്ണനാതീതം. ആ സുന്ദരവും അശോകവുമായ വനത്തിൽ പരബ്രഹ്മസ്വരൂപിണീയായ സീതാദേവി വസിക്കുന്നു. അതായത് 'അംബ' കദംബവനത്തിൽ വസിക്കുന്നു.

- രാമശബ്ദം കൊണ്ട് സുന്ദരമാണ് സുന്ദരകാണ്ഡം

സുന്ദരനായ കപിവരൻ ആഞ്ജനേയസ്വാമിയാണ്. സുന്ദരൻ എന്ന വാക്കിനു തന്നെ 'വാനരൻ' എന്നർഥം പറയുന്നുണ്ട്. ഒരു വാനരന് സുന്ദരനാകാൻ പറ്റുമോ എന്നാണെങ്കിൽ, മഹർഷി പറയുന്നു. ഒരുവൻ വാനരനാണെങ്കിൽപ്പോലും തന്റെ കർമങ്ങൾകൊണ്ടും, മനഃശുദ്ധി കൊണ്ടും, പക്വമായ ചിന്താഗതികൊണ്ടും, ഒരാളുടെ ദുഃഖത്തെ ശമിപ്പിക്കാനുതകുന്ന വാക്കുകൾ പറയാൻ കഴിയുന്നതുകൊണ്ടും അവൻ സുന്ദരനാകുന്നു. അതുകൊണ്ട് വായുപുത്രൻ തീർച്ചയായും 'സുന്ദരൻ' തന്നെ. ഈ കാണ്ഡത്തിലെ മുഴുവൻ ശ്ലോകങ്ങളും മന്ത്രതുല്യമാണ്. ഇത് വായിക്കുന്നവരേയും ശ്രവിക്കുന്നവരേയും എഴുതുന്നവരേയും ചിന്തിക്കുന്നവരേയും ഭഗവാൻ ശ്രീരാമചന്ദ്രൻ തീർച്ചയായും അനുഗ്രഹിക്കും എന്നു വിശ്വസിക്കുന്നു.

- ഈ കാണ്ഡത്തിലെ മുഴുവൻ ശ്ലോകങ്ങളും മന്ത്രതുല്യമാണ്

SGOU

## Summarised Overview

കവിയുടെ അഭ്യർഥന മാനിച്ച് കിളി കഥ പറയുന്ന രീതിയിൽ എഴുതപ്പെട്ടിരിക്കുന്ന കാവ്യങ്ങളാണ് കിളിപ്പാട്ടുകൾ എന്നറിയപ്പെടുന്നത്. സംസ്കൃതത്തിലെ അധ്യാത്മരാമായണം എന്ന കാവ്യത്തെ അവലംബിച്ചു എഴുത്തച്ഛൻ കിളിപ്പാട്ടുരീതിയിൽ എഴുതിയ കൃതിയാണ് അധ്യാത്മരാമായണം കിളിപ്പാട്ട്. മലയാളത്തിൽ സാംസ്കാരികവും ഭാഷാപരവുമായ നവോത്ഥാനത്തിന് ഈ കൃതി കളമൊരുക്കി. സാമൂഹികവും സാംസ്കാരികവുമായ അപചയത്തിൽ നിന്ന് കേരളജനതയെ മോചിപ്പിക്കാൻ എഴുത്തച്ഛന്റെ അധ്യാത്മരാമായണത്തിനു കഴിഞ്ഞു. കൂടാതെ പാട്ട്, മണിപ്രവാളം എന്നിങ്ങനെ രണ്ടുതരം കാവ്യസരണിയിൽ ഒഴുകിയിരുന്ന മലയാള കവിതയ്ക്ക് മാതൃകാപരമായ സത്തയും ശൈലിയും ഒരുക്കിയെടുക്കാൻ എഴുത്തച്ഛന്റെ കാവ്യങ്ങൾ സഹായിച്ചു. കിളിയെക്കൊണ്ട് കഥപറയിക്കുന്ന കവിതാരീതിയാണ് കിളിപ്പാട്ട്. എഴുത്തച്ഛനെയാണ് കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായി കണക്കാക്കുന്നത്. കിളിപ്പാട്ടുകളിൽ ഉപയോഗിച്ചിട്ടുള്ള വൃത്തങ്ങളാണ് കിളിപ്പാട്ട് വൃത്തങ്ങൾ. കേകയും കാകളിയുമാണ് പ്രധാന കിളിപ്പാട്ടുവൃത്തങ്ങൾ. അന്നനട, കളകാഞ്ചി, മണികാഞ്ചി, മിശ്രകാകളി, ഊനകാകളി എന്നിവയും കിളിപ്പാട്ട് വൃത്തങ്ങളാണ്. അധ്യാത്മരാമായണം കിളിപ്പാട്ടിന്റെ ആരംഭം

'ശ്രീരാമനാമം പാടിവന്ന പൈങ്കിളിപ്പെണ്ണേ-
ശ്രീരാമചരിതം നീ ചൊല്ലിടൂ മടിയാതെ
ശാരികപ്പൈതൽ താനും വന്ദിച്ചു വന്ദ്യന്മാരെ
ശ്രീരാമസ്മൃതിയോടെ പറഞ്ഞുതുടങ്ങിനാൾ' എന്നിങ്ങനെയാണ്.

അദ്ധ്യാത്മരാമായണത്തിലെ സുന്ദരമായ കാണ്ഡമാണ് സുന്ദരകാണ്ഡം. ശബ്ദഭംഗികൊണ്ടും, അർഥഭംഗികൊണ്ടും സുന്ദരമാണ്. സുന്ദരൻ എന്ന വാക്കിന് കാമദേവൻ എന്നും അർഥം. സുന്ദരനെ ചുട്ടുഭസ്മമാക്കിയ സുന്ദരേശന്റെ (പരമേശ്വരന്റെ) വാനരാവതാരമായ ഹനുമാനാണ് ഈ കാണ്ഡത്തിലെ മുഖ്യകഥാപാത്രം. എന്നന്നേക്കുമായി നഷ്ടപ്പെട്ടുവെന്ന് കരുതിയ സീതയെക്കുറിച്ച് ശ്രീരാമന് വിവരം ലഭിക്കുന്നത് ഈ കാണ്ഡത്തിലാണ്. അതുകൊണ്ട് നഷ്ടസൗഭാഗ്യങ്ങൾ തിരികെ ലഭിക്കുവാൻ സുന്ദരകാണ്ഡം പതിവായി വായിക്കുന്നത് ഉത്തമമാണെന്ന് വിശ്വസിക്കുന്നു. ശിവൻ പാർവതിക്ക് പറഞ്ഞുകൊടുക്കുന്ന കഥ കിളിയെക്കൊണ്ടു പറയിപ്പിക്കുന്ന രീതിയിലാണ് എഴുത്തച്ഛൻ ഈ കിളിപ്പാട്ട് രചിച്ചിരിക്കുന്നത്. ആ രീതിയനുസരിച്ച് സുന്ദരകാണ്ഡാരംഭത്തിലും കവി കിളിയെ ക്ഷണിക്കുകയും കിളി കഥ പറഞ്ഞു തുടങ്ങുകയും ചെയ്യുന്നു. രാമകഥകൾ കേൾക്കാൻ താത്പര്യം പൂണ്ട് തൊഴുതുകൊണ്ട് നിൽക്കുന്ന ശ്രീപാർവതിയോട് കാരുണ്യപൂർവം ചിരിച്ചുകൊണ്ട് ശ്രീമഹാദേവൻ രാമകഥ പറയാനാരംഭിച്ചു.

മാരുതപുത്രനും പർവതാകാരരൂപിയുമായ ഹനുമാൻ തന്റെ ശക്തിയും ബലവും കൊണ്ട് നൂറുയോജന വിസ്താരമുള്ള ലവണസമുദ്രം മറികടക്കാൻ ശ്രീരാമകാലടികളെ മനസിൽ ചിന്തിച്ചുകൊണ്ട് നിശ്ചലനായി നിന്നു. പിതാവായ വായുദേവൻ ആകാശത്ത് അതിവേഗം സഞ്ചരിക്കുന്നതുപോലെയും രാമൻ തൊടുത്തുവിട്ട ശരംപോലെയും അത്രയും തന്നെ വേഗത്തിൽ സീതാദേവിയെ തേടിപ്പോകുന്നു. ഈ മഹത്തായ കാര്യം തന്നെ ഏൽപ്പിച്ചതിൽ ഹനുമാൻ കൃതാർത്ഥനായി. ജനനമരണങ്ങൾപോലും ഇല്ലാതാക്കുന്ന അധ്യാത്മരാമായണത്തിലെ സുന്ദരമായകാണ്ഡമാണിത്. മരണസമയത്ത് രാമനാമം ചിന്തിക്കുന്നവൻ സംസാരസമുദ്രം കടക്കുന്നു. 'രാമദൂതനായ എനിക്ക് ഈ സമുദ്രം കടക്കാൻ എന്തുപ്രയാസം? മനസിൽ സീതാരാമന്മാരും ശിരസിൽ രാമാംഗുലീയവുമായി ലവണസമുദ്രലംഘനത്തിനായി പോകുന്ന ഞാൻ അൽപംപോലും ഭയപ്പെടുന്നില്ല. അതിനാൽ വാനരന്മാരേ നിങ്ങൾ എന്നെയോർത്ത് ദുഃഖിക്കേണ്ട ആവശ്യമേയില്ല'. ഇത്രയും പറഞ്ഞുകൊണ്ട് ഹനുമാൻ തന്റെ രോമങ്ങൾ നിറഞ്ഞ വാൽ മേലോട്ടുയർത്തി ചുഴറ്റി. കൈകൾ പരത്തിപ്പിടിച്ച് കഴുത്ത് നേരെയാക്കി ബലവും വീര്യവും വർധിപ്പിച്ചു. കാൽ

അൽപം വളച്ച് ദൃഢമായി ഉറപ്പിച്ചു. സൂക്ഷ്മനയനനായി ആകാശത്തിലേക്ക് നോക്കി ലങ്കയെന്ന ലക്ഷ്യം ഹൃദയത്തിൽ ഉറപ്പിച്ചുകൊണ്ട് ദക്ഷിണദിക്കിലേക്ക് ചാടി. സമുദ്രം നിഷ്പ്രയാസം ചാടിക്കടന്ന് ലങ്കയിലെത്തി ലോകമാതാവിനെക്കണ്ടതും തുടർന്ന് സീതാന്വേഷണങ്ങളും രാമകഥയും ലങ്കാദഹനം നടത്തിയതുമെല്ലാം രാമനോട് ഹനുമാൻ പറയുന്നു. കൂടാതെ സീത നൽകിയ ചൂഡാമണി രാമനെ ഏൽപ്പിച്ച് അടയാളവൃത്താന്തം പറഞ്ഞുകേൾപ്പിക്കുകയും ചെയ്യുന്നു. തുടർന്ന് ശ്രീരാമൻ ഹനുമാനെ മാറാടോണച്ച് ആശ്ലേഷിച്ചനുഗ്രഹിച്ചു. ഇത്രത്തോളം പുണ്യവും ഭാഗ്യവും ഉള്ളവർ ഈ ലോകത്തിൽ ആരും തന്നെയില്ല. ഇപ്രകാരം പരമശിവൻ അരുളിച്ചെയ്ത രാമായണ കഥകേട്ട് പാർവതിദേവി ഭക്തിപരവശയായി കൈകൂപ്പി. വളരെ സരസമായി കിളിമകൾ പറഞ്ഞ കഥകളെ കേട്ട് സജ്ജനങ്ങളും സന്തോഷിച്ചു.

## Assignments

1. സമുദ്രലംഘന സമയത്ത് ഹനുമാന്റെ ശക്തി പരീക്ഷിക്കാൻ ദേവന്മാർ എന്തൊക്കെ മാർഗങ്ങളാണ് ചെയ്തതെന്ന് വിവരിക്കുക.
2. ലങ്കയിലേക്കുള്ള യാത്രയ്ക്കിടയിൽ ഹനുമാന്റെ തളർച്ച മാറ്റാനും സത്ക്കരിക്കാനും സമുദ്രം ചെയ്ത സഹായങ്ങളെന്തെല്ലാം വിവരിക്കുക.
3. ലങ്കയിലേക്കുള്ള വഴി മുടക്കാൻ ശ്രമിച്ച സുരസയെ ഹനുമാൻ നേരിട്ടതെങ്ങനെ? വിശദീകരിക്കുക.
4. സമുദ്രയാത്രാമധ്യേ ഹനുമാനെ തടഞ്ഞ സിംഹികയെ ഹനുമാൻ നേരിട്ടതെങ്ങനെ? വിവരിക്കുക.
5. സമുദ്രലംഘന സമയത്ത് ഹനുമാനെ മൈനാകം സഹായിച്ചതെങ്ങനെയെന്ന് വിശദമാക്കുക.
6. സീതയെ അന്വേഷിച്ചു നടക്കുന്ന ഹനുമാന് വായുഭഗവാൻ സീതയെ കാട്ടിക്കൊടുത്തതെങ്ങനെ? വിശദമാക്കുക.
7. ഇന്ദ്രജിത്ത് ഹനുമാനെ ബോധരഹിതനാക്കിയത് ഏത് രീതിയിലാണ്? ഹനുമാൻ രക്ഷപ്പെട്ടതെങ്ങനെ? വിവരിക്കുക.
8. മണ്ഡോദരി രാവണനെ സീതാവധത്തിൽ നിന്നും പിൻതിരിപ്പിച്ചതെങ്ങനെയെന്ന് ചൂണ്ടിക്കാണിക്കുക.
9. ത്രിജടയുടെ സ്വപ്നമെന്തായിരുന്നു? വിവരിക്കുക.
10. ഹനുമാൻ ലങ്കാദഹനം നടത്തിയത് എപ്രകാരമായിരുന്നു? ചർച്ച ചെയ്യുക.
11. അധ്യാത്മരാമായണം കിളിപ്പാട്ടിൽ സുന്ദരകാണ്ഡത്തിലെ കഥാപാത്രസൃഷ്ടിയുടെ സവിശേഷതകൾ വിലയിരുത്തുക
12. സമുദ്രലംഘന സമയത്ത് ഹനുമാന് എന്തൊക്കെ പ്രതിസന്ധികളാണ് തരണം ചെയ്യേണ്ടി വന്നത് എന്ന് വിവരിക്കുക.

13. സീതാസന്ദർശനവും ലങ്കയിലെ വൃത്താന്തങ്ങളും ഹനുമാൻ രാമനെ ബോധ്യപ്പെടുത്തിയ തെങ്ങനെയെന്ന് അപഗ്രഥിക്കുക.
14. രാവണസന്നിധിയിൽ ഹനുമാനെ ചോദ്യം ചെയ്ത ലങ്കാലക്ഷ്മിക്ക് ശാപമോക്ഷം ലഭിച്ചതെ ങ്ങനെയെന്ന് വിവരിക്കുക.
15. അധ്യാത്മ രാമായണം കിളിപ്പാട്ടിൽ സുന്ദരകാണ്ഡത്തിനുള്ള പ്രാധാന്യം വിലയിരുത്തുക.

## Suggested Readings


1. ദേശമംഗലം രാമകൃഷ്ണൻ, കാവ്യഭാഷയിലെ പ്രശ്നങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം.
2. കെ. എൻ. എഴുത്തച്ഛൻ, എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം ഒരു പഠനം, കറന്റ് ബുക്സ്, കോട്ടയം.
3. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.
4. ഉള്ളൂർ. എസ്. പരമേശ്വരയ്യർ, കേരള സാഹിത്യ ചരിത്രം, കേരളസർവകലാശാല, തിരുവനന്തപുരം.
5. ഡോ. എം. ലീലാവതി, മലയാള കവിതാ സാഹിത്യ ചരിത്രം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.


## References


1. പന്മന രാമചന്ദ്രൻ നായർ, സമ്പൂർണ്ണ മലയാള സാഹിത്യ ചരിത്രം. കോട്ടയം കറൻറ് ബുക്സ്, തൃശ്ശൂർ.
2. സി. കൃഷ്ണൻ നായർ, പാട്ടുകവിതകളുടെ സാമൂഹിക പ്രസക്തി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. കെ. എം. ജോർജ്, ആധുനിക സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.


SGOU

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# Unit 3 ആട്ടക്കഥാപ്രസ്ഥാനം

## Learning Outcomes

- ഉണ്ണായിവാര്യരുടെ കാവ്യശൈലി പരിചയപ്പെടുന്നു
- ആട്ടക്കഥാപ്രസ്ഥാനത്തിന്റെ പ്രത്യേകതകൾ ഗ്രഹിക്കുന്നു
- ആട്ടക്കഥയ്ക്ക് സമൂഹത്തിലുണ്ടായ സ്വാധീനത മനസ്സിലാക്കുന്നു
- ആട്ടക്കഥകളിൽ നളചരിതത്തിന്റെ സ്ഥാനം വെളിപ്പെടുത്തുന്നു

## Background

### ആട്ടക്കഥ

കഥകളിയുടെ സാഹിത്യരൂപമാണ് ആട്ടക്കഥ. ജയദേവരുടെ ഗീതഗോവിന്ദത്തിന്റെ മാതൃക പിന്തുടരുന്ന സംസ്കൃതനാടകങ്ങളിൽ നിന്നും വ്യത്യസ്തമായി ഹൃദ്യമായ പദാവലികളും ശ്രുതിമധുരമായ സംഗീതവും ആട്ടക്കഥകളിൽ പ്രകടമാണ്. പദങ്ങളായും ശ്ലോകങ്ങളായുമാണ് ആട്ടക്കഥ രചിക്കുന്നത്. ആട്ടക്കഥകളിലെ പദങ്ങളാണ് കഥകളിയിൽ പാടി അഭിനയിക്കപ്പെടുന്നത്. ശ്ലോകങ്ങൾ രംഗസൂചനയും കഥാസൂചനയും നൽകുന്നതിനുള്ള ഉപാധിയായാണു ഉപയോഗിക്കുന്നതു. കൂടാതെ അരങ്ങിൽ അവതരിപ്പിക്കാൻ ബുദ്ധിമുട്ടുള്ള കാര്യങ്ങളും ശ്ലോകങ്ങളിലൂടെ അവതരിപ്പിക്കുന്നു. മലയാളസാഹിത്യത്തിലെ ഒരു പ്രധാന ശാഖയാണ് ആട്ടക്കഥ. ഏകദേശം 500 ആട്ടക്കഥകൾ സാഹിത്യത്തിലുണ്ട്. കൊട്ടാരക്കരത്തമ്പുരാന്റെ രാമനാട്ടത്തിലെ എട്ടുദിവസത്തെ കഥകളാണ് ആദ്യ ആട്ടക്കഥ. കോട്ടയത്തുതമ്പുരാന്റെ ബകവധം, കല്യാണസൗഗന്ധികം, കിർമ്മീരവധം, നിവാതകവചകാലകേയവധം, ഉണ്ണായിവാര്യരുടെ 'നളചരിതം', ഇരയിമ്മൻ തമ്പിയുടെ 'ഉത്തരാസ്വയംവരം', കീചകവധം, കിളിമാനൂർ രാജരാജവർമ്മ കോയിത്തമ്പുരാന്റെ രാവണവിജയം അശ്വതിതിരുനാൾ രാമവർമ്മത്തമ്പുരാന്റെ രുക്മിണീസ്വയംവരം, പൂതനാമോക്ഷം, പൗണ്ഡ്രകവധം, അംബരീഷചരിതം എന്നിവ പ്രധാനപ്പെട്ട ആട്ടക്കഥകളാണ്.

### കഥകളി

ആരാധനാപരവും അല്ലാത്തതുമായ അനവധി കലകൾ കേരളത്തിലുണ്ട്. അക്കൂട്ടത്തിൽ മലയാള മണ്ണിന്റെ ചൂരും ചുണയും ചേർന്ന കലയാണ് കഥകളി. കൊട്ടാരക്കര തമ്പുരാനാണ് കഥകളിയുടെ ഉപജ്ഞാതാവെന്ന് കരുതുന്നു. കോഴിക്കോട് മാനവേദൻ രാജാവിന്റെ കൃഷ്ണനാട്ടത്തിന്റെ അനുകരണമാണ് കഥകളിയെന്ന് ഒരഭിപ്രായമുണ്ട്. ശ്രീകൃഷ്ണന്റെ ജനനം മുതൽ സ്വർഗാരോഹണം വരെയുള്ള കഥാഭാഗം ഏട്ടു ദിവസം കൊണ്ട് ആടിത്തീർക്കാൻ പാകത്തിൽ രചിച്ചതാണ് കൃഷ്ണനാട്ടം, ഭക്തിപ്രധാനവും ദേവതാരാധനാപരവുമായ കൃഷ്ണനാട്ടം ഇന്നും രൂപഭേദങ്ങളൊന്നും കൂടാതെ ഗുരുവായൂരും മറ്റും അരങ്ങേറിപ്പോരുന്നു. സംസ്കൃതത്തിൽ രചിച്ച കൃഷ്ണഗീതി കേരളത്തിലെ പല ക്ഷേത്രങ്ങളിലും ആടിയതായി ചരിത്രരേഖയുണ്ട് എന്നാൽ ഇതിനെ അനുകരിച്ച് രാമനാട്ടമുണ്ടായി എന്നതിന് തെളിവ് ഒരു ഐതിഹ്യം മാത്രമാണ്. കൃഷ്ണനാട്ടം ജയദേവരുടെ ഗീതഗോവിന്ദത്തോടും അതിന്റെ ദൃശ്യരൂപമായ അഷ്ടപദിയോടും കൂറു പുലർത്തുമ്പോൾ രാമനാട്ടത്തിന് കേരളത്തിലെ നാടൻകലകളോടാണ് രക്തബന്ധം.

**ഐതിഹ്യം**

കോഴിക്കോട്ടെ മാനവേദൻ രാജാവ് എട്ടു ദിവസത്തെ കഥയായി കൃഷ്ണനാട്ടം നിർമ്മിച്ചതറിഞ്ഞ് കൊട്ടാരക്കരത്തമ്പുരാൻ കൃഷ്ണനാട്ടം കളിക്കുവാൻ കലാകാരന്മാരെ അയച്ചു തരണമെന്നാവശ്യപ്പെട്ടെന്നും, മാനവേദൻ തെക്കുള്ളവർക്ക് കൃഷ്ണനാട്ടം കണ്ടു രസിക്കാനുള്ള കഴിവില്ലെന്ന് പറഞ്ഞു അത് നിരസിച്ചെന്നും, ഇതിൽ വാശി തോന്നിയാണു കൊട്ടാരക്കരത്തമ്പുരാൻ രാമനാട്ടം നിർമ്മിച്ചത് എന്നും ഒരു ഐതീഹ്യമുണ്ട്. 17-ാം നൂറ്റാണ്ടിലാണ് കഥകളി ഉത്ഭവിച്ചത്. കഥകളിയുടെ സാഹിത്യരൂപമാണ് ആട്ടക്കഥ. രാമനാട്ടകർത്താവായ കൊട്ടാരക്കരത്തമ്പുരാനാണ് ആട്ടക്കഥാസാഹിത്യത്തിന്റെ ഉപജ്ഞാതാവായി കണക്കാക്കുന്നത്. ജയദേവരുടെ ഗീതഗോവിന്ദത്തിന്റെ ചുവടുപിടിച്ചാണ് ആട്ടക്കഥയുണ്ടായതെന്ന് ഒരഭിപ്രായവുമുണ്ട്.

കോട്ടയത്തുതമ്പുരാനു ശേഷം അതുല്യമായ പ്രതിഭാപ്രസരത്തോടും അസാധാരണമായ സ്വാതന്ത്ര്യബോധത്തോടും കഥകളിരംഗത്ത് പ്രത്യക്ഷപ്പെട്ട ഒരുജ്ജ്വലജ്യോതിസായിരുന്നു ഉണ്ണായി വാര്യർ. നളചരിതമെന്ന ഒരേയൊരാട്ടക്കഥയുടെ രചനകൊണ്ട് അദ്ദേഹം സാഹിത്യലോകത്തും കലാരംഗത്തും ശാശ്വതമായ യശസ് സമാർജിച്ചു. ഉണ്ണായിവാര്യരുടെ ജീവിതകാലം. യഥാർഥനാമം, സാഹിത്യകൃതികൾ എന്നിവയെപ്പറ്റി കൃത്യമായ അറിവ് ഇതുവരെ ഉണ്ടായിട്ടില്ല. സ്വീകാര്യമായ ആദർശങ്ങളെ മുൻനിർത്തി ആട്ടക്കഥയുടെ രചനയ്ക്കു മുതിർന്ന ആദ്യത്തെ കവിയായിരുന്നു വാര്യർ. കവിയുടെ ജീവിതവീക്ഷണവും തത്വശാസ്ത്രവും നളചരിതത്തിൽ ഉടനീളം ദർശിക്കാം. നളദമയന്തിമാരുടെ കേവലമായ കഥ ആഖ്യാനം ചെയ്യുക എന്നതായിരുന്നില്ല കവിയുടെ ലക്ഷ്യം. അഭിജാതനായ ഒരു രാജാവ്, മദനനായ ഒരു ഭർത്താവ് എന്നിങ്ങനെ പല നിലകളിൽ നളൻ അനുഷ്ഠിക്കേണ്ട ധർമ്മങ്ങൾ, കർമപദ്ധതിയിൽ അദ്ദേഹത്തിനുണ്ടായ നേട്ടങ്ങൾ, ഇടയ്ക്കു സംഭവിച്ച പാളിച്ചകൾ എന്നിങ്ങനെ സുപ്രധാനങ്ങളായ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ ലോകത്തിന് ആ കഥാപാത്രം നൽകിയ സംഭാവന വിലയിരുത്തുകയായിരുന്നു അദ്ദേഹം. ധർമ്മബോധത്തോടുകൂടിയ ജീവിതം മനുഷ്യനെ മഹത്വത്തിലേക്കുയർത്തുമെന്നും നിസ്സാരമായ ധർമ്മലോപം പോലും ഭാവിജീവിതത്തെ സാരമായി ബാധിക്കുമെന്നും അത് ജീവിതാധപതനത്തിനു വഴി തെളിക്കുമെന്നും ദൃഷ്ടാന്തീകരിച്ച ഒരിതിഹാസകഥയാണ് നളചരിതം. ധർമ്മോപദേശപരമായ ആ കഥയുടെ മഹത്വം വെളിപ്പെടുത്തുന്നതിനു വേണ്ടിയാണ് വാര്യർ നളചരിതം എന്ന കാവ്യം രചിച്ചത്.

SGOU

## Keywords

മഹാഭാരതം-നളോപാഖ്യാനം കഥ-നളദമയന്തിയുടെ കഥ-ഉണ്ണായിവാര്യരുടെ നളചരിതം രചന-പുരാണ ഇതിഹാസങ്ങളിൽ മനുഷ്യരുടെ ജീവിതത്തെ സന്നിവേശിപ്പിക്കൽ-കഥകളിയുടെ സാങ്കേതികത-അതിന്റെ വിജയം

## Discussion

### 3.3.1 നളചരിതം

#### രംഗം 1 – നിഷധ രാജകൊട്ടാരം

നളമഹാരാജാവിന്റെ കൊട്ടാരത്തിലേയ്ക്ക് വന്ന നാരദമഹർഷിയെ രാജാവ് വന്ദിച്ച് യഥോചിതം സ്വീകരിച്ചിരുത്തി കുശലാന്വേഷണങ്ങൾ നടത്തുന്നു. ദേവന്മാർ പോലും സ്വന്തമാക്കാൻ ആഗ്രഹിക്കുന്ന കുണ്ഡിനപുരിയിലെ ദമയന്തി നിനക്ക് അനുരൂപയാണെന്നും, അവളെ

▶ നാരദന്റെ സന്ദർശനം

നേടാനായി യത്നിക്കണമെന്നും പറഞ്ഞു നാരദൻ അവിടെ നിന്നും പോകുന്നു. നാരദവാക്കു കേട്ട നളൻ പിന്നീട് ദമയന്തിയുടെ രൂപഗുണങ്ങളെക്കുറിച്ച് തന്നെ ആലോചിച്ചിരിക്കുന്നു. മറ്റ് കാര്യങ്ങളിലൊന്നും ശ്രദ്ധിക്കാൻ പറ്റാതായ നളൻ, രാജ്യഭാരം മന്ത്രിയെ ഏല്പിച്ച് ഉദ്യാനത്തിലേക്കു യാത്രയാകുന്നു.

### രംഗം 2 – നിഷധ രാജകൊട്ടാരത്തിലെ ഉദ്യാനം

▶ ഹംസം ദൂതു പോകാമെന്നു സമ്മതിക്കുന്നു

വിജനമായ ഉദ്യാനത്തിൽ വസിക്കുന്ന നളൻ അവിടെ ഒരു സ്വർണവർണമുള്ള അരയന്നത്തെ കണ്ടു. കൗതുകത്തോടെ അതിനെ പിടിക്കുന്നു. ഹംസം ദയനീയമായി വിലപിച്ചപ്പോൾ നളൻ അതിനെ വിട്ടയയ്ക്കുന്നു. ആ ഹംസം ഉപകാരസ്മരണയോടെ തിരിച്ച് നളന്റെ അടുത്തെത്തി, താൻ ദമയന്തിയുടെ മനസറിഞ്ഞു വരാമെന്ന് പറഞ്ഞ് കുണ്ഡിനപുരിയിലേക്ക് പോകുന്നു.

### രംഗം 3 – കുണ്ഡിനപുരിയിലെ ഉദ്യാനം

▶ ദമയന്തിയോട് നളന്റെ പ്രണയം ഹംസം പറയുന്നു

കുണ്ഡിനത്തിലെ ഉദ്യാനത്തിൽ ദമയന്തിയും തോഴിമാരും കാഴ്ചകൾ കണ്ടു നടക്കുന്നു. കാമപരവശയായ ദമയന്തി ഉദ്യാനവാസം ദുഷ്കരമായതിനാൽ തോഴിമാരോടുകൂടി തിരിച്ച് കൊട്ടാരത്തിലേയ്ക്ക് പോകാനൊരുങ്ങുമ്പോൾ, പറന്നു വരുന്ന സ്വർണഹംസത്തെ കാണുന്നു. ദമയന്തിയെ മെല്ലെ തോഴിമാരിൽ നിന്ന് അകറ്റി, ഹംസം തന്റെ വാക്ചാതുരിയാൽ അവളുടെ മനസിലുള്ള നളനോടുള്ള പ്രേമം വാക്കുകൊണ്ട് പറയിച്ച് അത് ഉറപ്പിക്കുകയും ചെയ്യുന്നു. ഈ വിവരം തിരിച്ച് നളനോട് പറയാൻ ദമയന്തിയും ആവശ്യപ്പെടുന്നു.

### രംഗം 4 – നളരാജധാനിയിലെ ഉദ്യാനം

▶ നളൻ ദമയന്തിയുടെ സ്വയംവരത്തിന് പുറപ്പെടുന്നു

ഹംസം നിഷധരാജ്യത്തിലേക്കു തിരിച്ചു വന്നു ശോകമൂകനായി ഇരിയ്ക്കുന്ന നളനെ കാര്യങ്ങളെല്ലാം പറഞ്ഞു സമാധാനിപ്പിക്കുന്നു. ഇനി സ്മരിക്കുമ്പോൾ വരാമെന്ന് പറഞ്ഞ് ഹംസം ആകാശത്തിൽ മറയുന്നു. തുടർന്ന് നളൻ ദമയന്തിയുടെ സ്വയംവരത്തിനായുള്ള ക്ഷണം സ്വീകരിച്ച് കുണ്ഡിനത്തിലേയ്ക്ക് പുറപ്പെടുന്നു.

### രംഗം 5 – ദേവലോക മാർഗം

▶ നാരദ പർവതസംഭാഷണം

ഇന്ദ്രൻ ആസ്ഥാനമണ്ഡപത്തിൽ പോയി. അവിടെ അഗ്നിയമവരുണന്മാരും ചെന്നുചേരുന്നു. ഇവിടെ ദേവലോകമാണ് പശ്ചാത്തലം. ഇന്ദ്രനെ കാണാൻ പോകുന്ന നാരദമഹർഷിയോട് കുശലം പറഞ്ഞ് പർവതനും കൂടെക്കൂടുന്നു.

### രംഗം 6 – ദേവലോകം

▶ തിരസ്കരണി മന്ത്രം ഉപദേശിക്കുന്നു

കുണ്ഡിനപുരിയിലേയ്ക്ക് പോകുന്ന ഇന്ദ്രാദികൾ വഴിമധ്യത്തിൽ നളനെ കണ്ടുമുട്ടുന്നു. നളൻ അവരെ വന്ദിക്കുന്നു. ദേവന്മാർ നാലുപേരിലൊരുത്തനെ വരിക്കണം എന്ന് ദമയന്തിയോട് ചെന്നു പറയാൻ ദേവന്മാർ ദമയന്തീകാമുകനായ നളനോട് തന്നെ അഭ്യർഥിക്കുന്നു. അതിനായി തിരസ്കരണി മന്ത്രം ഉപദേശിച്ച് കൊടുക്കുന്നു.

# പുറപ്പാട്

### ശ്ലോകം - 1

'ആസീൽപുരാപരമപാവനകീർത്തിഭൂമാ
നാകോപമേ നിഷധനീവൃതി നീതിശാലീ
രാജാ രതീശ സുഭഗോ ജഗദേകവീരഃ
ശ്രീവീരസേനതനയോ നളനാമധേയഃ'

### അർഥവിശദീകരണം

| | | |
|---|---|---|
| നാകോപമേ | = | സ്വർഗതുല്യമായ |
| ആസീത് | = | ഭവിച്ചു |
| പുരാ | = | പണ്ട് |
| അവനി | = | ഭൂമി |
| വിമതൗഘം | = | ശത്രുസമൂഹം |
| രതീശൻ | = | കാമദേവൻ |
| വീരസേന തനയൻ | = | വീരസേനപുത്രൻ (നളൻ) |

### ആശയവിശദീകരണം

പണ്ട് സ്വർഗതുല്യമായ നിഷധരാജ്യത്ത് ഏറ്റവും പാവനമായ കീർത്തിപ്പൊലിമയോടുകൂടിയവനും നീതിശാലിയും കാമോപമനും ജഗദേകവീരനും വീരസേനപുത്രനുമായി നളൻ എന്നുപേരുള്ള ഒരു രാജാവുണ്ടായിരുന്നു. നിഷധരാജ്യത്തിൽ വീരസേനന്റെ പുത്രനായിട്ട് പുണ്യകീർത്തിയും സുന്ദരനും വീരനുമായ രാജാവുണ്ടായി. നൈഷധവീരനായ നരപതി അളവറ്റ കൗതുകത്തോടും അളവറ്റ സന്തോഷത്തോടും കൂടി കൊട്ടാരത്തിൽ സുഖമായി വസിച്ചു. കരബലമാകുന്ന അഗ്നിക്കു ശത്രുസമൂഹത്തെ വിറകാക്കി ദഹിപ്പിച്ചു. അളവറ്റ ഗുണങ്ങളുടെ പരിമളം കൊണ്ട് ലോകം നിറച്ചു. ലോകത്തെ ആകർഷിക്കുന്ന ശരീരമുള്ളവനും വിദഗ്ധനായ സചിവനോടുകൂടിയവനും അറിവിന്റെ സമുദ്രവും അത്ഭുതം തോന്നുപ്പിക്കുമാറ് ലോകത്തെ പാലിക്കുന്നവനുമാണ് നളമഹാരാജാവ്. കലിദോഷത്തെ ശമിപ്പിക്കുന്ന ഔഷധമാണ് നളകഥ. ഇന്ദ്രനുതുല്യം വീര്യമുള്ളവനും വിഷ്ണുവിനെയും, ശിവനെയും പൂജിക്കുന്നവനുമായ നളനെക്കുറിച്ച് വർണിക്കാൻ മാത്രമല്ല, മനസുകൊണ്ടറിയാൻകൂടി വിഷമമാണ്.

- കലിദോഷത്തെ ശമിപ്പിക്കുന്ന ഔഷധമാണ് നളകഥ

# രംഗം ഒന്ന്

### നിഷധരാജകൊട്ടാരം

### ശ്ലോകം - 2

'നളനവരനേവം ഭൂതലം കാത്തു വാഴു-
ന്നളവിലവനിലേറ്റം പ്രീതികൈക്കൊണ്ടൊരുന്നാൾ
മിളിതരസമെഴുന്നള്ളീടിനാൻ തത്സമീപേ
നളിനഭവതനൂജൻ നാരദൻ മാമുനീന്ദ്രൻ'

### അർഥവിശദീകരണം

| | | |
|---|---|---|
| നളിനഭവതനുജൻ | = | ബ്രഹ്മാവിന്റെ പുത്രൻ (നാരദൻ) |
| അഹം വന്ദേ | = | ഞാൻ വന്ദിക്കുന്നു |
| മിളിത രസം | = | സന്തോഷത്തോടെ |

### ആശയവിശദീകരണം

▶ നളൻ ദമയന്തിയിൽ അനുരക്തനാകുന്നു

ഈ രംഗത്തിൽ നാരദമുനി നളമഹാരാജാവിനെ സന്ദർശിച്ച് ദമയന്തിയെ പറ്റി പറയുന്നു. ദമയന്തിയുടെ ഗുണഗണങ്ങൾ കേട്ടതിനെ തുടർന്ന് ദമയന്തിയിൽ അനുരക്തനായ നളൻ പ്രേമപരവശനായി ഉദ്യാനത്തിലിരിക്കുന്നു.

### പദം

‘അരവിന്ദഭവയോനേ,
വരവിന്നെങ്ങുനിന്നിപ്പോൾ?
...................................................
എന്നതരുൾചെയ്യേണം
ഉന്നതതപോനിധേ!’

### അർഥവിശദീകരണം

| | | |
|---|---|---|
| അഘം | = | പാപം |
| പൂതം | = | പരിശുദ്ധം |
| ഹരിമന്ദിരം | = | വൈകുണ്ഠം |
| നിലിമ്പപുരി | = | ദേവപുരി (അമരാവതി ) |

### ആശയവിശദീകരണം

▶ നളൻ നാരദനെ ആദരപൂർവം സ്വീകരിക്കുന്നു

അല്ലയോ നാരദമഹർഷേ, അങ്ങയെ ഞാൻ വന്ദിക്കുന്നു. പാപങ്ങളകന്ന് എന്റെ ഗൃഹം ഇപ്പോൾ പരിശുദ്ധമായി. ബ്രഹ്മാവിന്റെ പുത്രാ, അങ്ങ് ഇപ്പോൾ വരുന്നത് വൈകുണ്ഠത്തിൽനിന്നോ ദേവലോകത്തുനിന്നോ? അങ്ങയുടെ രൂപം കണ്ടതുകൊണ്ട് പൂർണചന്ദ്രനുദിക്കുമ്പോൾ ആമ്പൽ എന്നതുപോലെ എന്റെ മനസ് സന്തുഷ്ടമാകുന്നു. അങ്ങയുടെ നിർദ്ദേശമനുസരിച്ച് ഞാൻ എന്താണു ചെയ്യേണ്ടത് എന്ന് അങ്ങു പറയുക. നാരദൻ പ്രവേശിക്കുന്നു. നളൻ നാരദനെ ആദരപൂർവം സ്വീകരിച്ചിരുത്തി വന്ദിക്കുന്നു.

### പദം

‘ഭീഷിതരിപുനികര, നൈഷധ! നീ കേൾക്കവീര!
..........................................................................................
യത്നമേതദർത്ഥം നൃപസത്തമ, നിനക്കുയോഗ്യം.’

### അർഥവിശദീകരണം

| | | |
|---|---|---|
| രിപുനികര | = | ശത്രു സമൂഹം |
| ഊഴി | = | ഭൂമി |
| വൃന്ദാരകന്മാർ | = | ദേവന്മാർ |

SGOU

### ആശയവിശദീകരണം

ശത്രുസമൂഹങ്ങളെ ഭയപ്പെടുത്തുന്നവനായ അല്ലയോ നൈഷധാ, ഭൂമീപതിയായ നീ നിന്റെ ജന്മം പാഴിലാക്കരുത്. കുണ്ഡിനപുരിയിൽ ദമയന്തി എന്നു പേരായ ഒരു സുന്ദരിയുണ്ട്. അവളെ ദേവന്മാർ പോലും കൊതിക്കുന്നു. എങ്കിലും ഭൂമിയിലുണ്ടാകുന്ന രത്നങ്ങൾക്ക് അവകാശി നീയാണ്. യജ്ഞഭാഗത്തിനുള്ള അർഹതയേ ദേവന്മാർക്കുള്ളു. യാഗത്തിലെ ഹവിസ്സിനു മാത്രമേ ദേവന്മാർക്കു അർഹതയുള്ളൂ. ഭൂമിയിലെ രത്നം പോലെ ശ്രേഷ്ഠയായ ദമയന്തിയെ നേടാൻ രാജാവിനു കഴിയും എന്നു പറയുന്നു. അതുകൊണ്ട് അവളെ നേടാനായി യത്നിക്കുക എന്നതാണ് നിനക്കു യോജിച്ച കാര്യം. നാരദമഹർഷിയെ വന്ദിച്ച് അദ്ദേഹം തന്റെ ഗൃഹത്തിൽ വന്നതു തന്റെ പുണ്യമാണെന്നു നളൻ പറയുന്നു. ദേവന്മാർ പോലും ആഗ്രഹിക്കുന്ന ദമയന്തിയെ തനിക്കു ലഭിക്കുമോ എന്ന ഉത്കണ്ഠ പ്രകടിപ്പിക്കുന്നു. ആഗ്രഹം സാക്ഷാത്കരിക്കും എന്നനുഗ്രഹിച്ച് നാരദൻ യാത്രയാകുന്നു.

> ▶ ശ്രേഷ്ഠയായ ദമയന്തിയെ നേടാനായി യത്നിക്കുക

### ശ്ലോകം 3

‘ഏവം ശ്രുത്വാ ഭാരതീം നാരദീയാം
പൂർവ്വം തസ്യാം പാന്ഥലോകാച്ഛ്രുതായാം
സക്തം ചിത്തം തസ്യ വൈദർഭപുത്ര്യാം
ജാതം സാതങ്കാതിരേകാതിദൂനം’

### പദം

‘കുണ്ഡിനനായകനന്ദിനിക്കൊത്തൊരു
.....................................................................
വിജനേവസതിയോ മേ ഗതിയിനി രണ്ടിലൊന്നേ.’

### അർഥവിശദീകരണം

| | | |
|---|---|---|
| ഏവം | = | ഇപ്രകാരം |
| നാരദീയം | = | നാരദനെ സംബന്ധിച്ച് |
| ഭാരതിയെ | = | വാക്കിനെ |
| പാന്ഥലോകാത് | = | വഴിയാത്രക്കാരിൽ നിന്നും |
| ശ്രുതായാം | = | കേട്ടിട്ട് |
| വൈദർഭ പുത്രി | = | ദമയന്തി |
| ജാതം | = | ജനിച്ചു |
| വിധുമുഖി | = | ഇന്ദുമുഖി (സുന്ദരി) |
| വധുരത | = | പരവശത |
| കൃത്യചതുരത | = | പ്രവൃത്തി സാമർഥ്യം |
| മുദിരതതി | = | കാർമേഘക്കൂട്ടം |
| കബരി | = | തലമുടി |

### ആശയവിശദീകരണം

ഇപ്രകാരം നാരദവാക്കുകൾ കേട്ട് മുൻപുതന്നെ പാന്ഥന്മാരിൽ നിന്നും കേൾക്കപ്പെട്ടിരുന്നവളായ ആ വിദർഭരാജപുത്രിയിൽ മോഹം പൂണ്ട നളന്റെ മനസ് ഏറെ ഉത്കണ്ഠ നിറഞ്ഞതും ദുഃഖഭരിതവുമാ

യിത്തീർന്നു. നളൻ മുമ്പു തന്നെ ദമയന്തിയെപ്പറ്റി ദേശസഞ്ചാരികൾ പറഞ്ഞു കേട്ടിട്ട് അവളിൽ അനുരക്തനായിത്തീർന്നിരുന്നു. ഇപ്പോൾ നാരദന്റെ വാക്കുകൾ കേട്ടിട്ട് ആ അനുരാഗം വർധിച്ച് ഉത്കണ്ഠ കൊണ്ട് അസ്വസ്ഥനായി തീർന്നു. ദമയന്തിക്കു തുല്യയായ മറ്റൊരു പെണ്ണ് ഭൂമിയിലില്ലെന്നു പണ്ടേ കേട്ടിട്ടുണ്ട്. നാരദന്റെ പ്രേരണകൂടിയോർത്താൽ അങ്ങനെയൊരാൾ സ്വർഗത്തിലോ അന്യലോകങ്ങളിലോ പോലുമില്ല എന്നു വന്നിരിക്കുന്നു. മറ്റു സ്ത്രീകളിൽ സാധാരണമല്ലാത്ത അവളുടെ ഗുണഗണങ്ങൾ ഓരോരുത്തർ പറഞ്ഞു കേട്ടിട്ടുണ്ട്. ഓരോ ദിവസവും അവളോടു പ്രണയം കൂടുന്നു. അത് അനുചിതമല്ല എന്നു നാരദന്റെ വാക്കു കേട്ടപ്പോൾ തോന്നുന്നു. ആ സുന്ദരിക്ക് എന്നോടും അനുരാഗം തോന്നുവാൻ എന്താണു വഴി? പെണ്ണിന് ആണിനോടു തോന്നേണ്ട പ്രേമമാകുന്ന താമരയ്ക്ക് കാമദേവൻ വേണമല്ലൊ വിത്തിടേണ്ടത്! അവളുടെ രൂപമാധുര്യം കേട്ട് വിരഹദുഃഖമനുഭവിക്കുന്ന എന്റെ കൃത്യനിഷ്ഠത പോയി. കാർമേഘംപോലെ തലമുടിയുള്ള അവളോടൊത്തുള്ള വാസമോ അല്ലെങ്കിൽ ഏകാന്തവാസമോ അല്ലാതെ മറ്റൊരു ഗതിയെനിക്കില്ല. നളൻ ദമയന്തിയെക്കുറിച്ചുള്ള ചിന്തകളിൽ മുഴുകുന്നു. ആ ചിന്തകളിൽ നിന്നു മോചനം നേടാൻ സംഗീതമുൾപ്പെടെ മറ്റു പലതിനെയും ആശ്രയിക്കുന്നു. കൊട്ടാരത്തിലിരിക്കുമ്പോൾ ദമയന്തിയെക്കുറിച്ചുള്ള വിചാരങ്ങളിൽനിന്നു മുക്തി നേടാൻ കഴിയായ്കയാൽ നളൻ രാജ്യഭാരം മന്ത്രിയെ ഏല്പിച്ച് ഉദ്യാനത്തിലേക്കു യാത്രയാകുന്നു.

- ▶ നളൻ ദമയന്തിയെക്കുറിച്ചുള്ള ചിന്തകളിൽ മുഴുകി അസ്വസ്ഥനാക്കുന്നു

## രംഗം രണ്ട്

### ( നിഷിധരാജകൊട്ടാരത്തിലെ ഉദ്യാനം )

### ശ്ലോകം 4

'കഥനേന മുനേരനേന രാജാ
കദനേസൗ മദനേഷുജേ നിമജ്ജൻ
സചിവേ വിനിയോജ്യ രാജ്യഭാരം
വിജനേ പുഷ്പവനേ തതാന വാസം.'

### അർഥവിശദീകരണം

| | | |
|---|---|---|
| കഥനേന | = | വാക്കുകൊണ്ട് |
| മദനേഷുജേ | = | കാമബാണങ്ങളിൽ നിന്നുണ്ടായ |
| കദനേ | = | ദുഃഖത്തിൽ |
| നിമജ്ജൻ | = | മുഴുകിയവനായിട്ട് |
| തതാന | = | ചെയ്തു |

### ആശയവിശദീകരണം

പ്രേമപരവശനായ നളൻ രാജ്യഭാരങ്ങളെല്ലാം മന്ത്രിയെ ഏൽപ്പിച്ച് ഒരു വിജനമായ ഉദ്യാനത്തിൽ ചെന്നിരിക്കുന്നു. ദമയന്തിയോടുള്ള പ്രണയത്താൽ ദു:ഖിതനായി രാജാവ് കൊട്ടാരത്തിലെ ഉദ്യാനത്തിലെത്തി അസ്വസ്ഥനായി ഇരിക്കുന്നു. അവിടെ ഹംസത്തെ കണ്ട് മുട്ടുന്നു. ഹംസത്തിനോട് ദൂതിനുപോകാൻ ആവശ്യപ്പെടുന്നു. നാരദന്റെ ഈ

SGOU

> ▶ പ്രണയ പരവശ നായ നളരാജാവ്

വർത്തമാനം കൊണ്ട് കാമബാണങ്ങളേറ്റുണ്ടായ ദുഃഖത്തിൽ മുങ്ങിയ രാജാവ് രാജ്യഭാരമെല്ലാം മന്ത്രിക്ക് കൊടുത്തിട്ട് വിജനമായ ഉദ്യാനത്തിൽ താമസം തുടങ്ങി.

### പദ്യം

‘നിർജ്ജനമെന്നതേയുള്ളൂ ഗുണമോ
നിശ്ചയമുദ്യാനത്തിൽ.
.....................................................................
ഒന്നുണ്ടിവിടെ സ്വർണവർണം തടവുമിവൻ
എന്നേ സരസാ! കണ്ടാൽ നന്നേ നിതരാമിവൻ.’

### അർഥവിശദീകരണം

| | | |
|---|---|---|
| നിർജ്ജനം | = | ജനരഹിതം |
| മദനൻ | = | കാമദേവൻ |
| ക്ഷണം | = | പെട്ടെന്ന് |
| ഝഷകേതനൻ | = | മത്സ്യം കൊടിയടയാളമുള്ളവൻ (കാമദേവൻ) |
| അധുനാ | = | ഇപ്പോൾ |
| വിരഹേണ | = | വിരഹദുഃഖം കൊണ്ട് |
| ദാക്ഷ്യം | = | സാമർഥ്യം |
| വീക്ഷേ | = | കാണുന്നു |
| ഹരിണാക്ഷി | = | മാൻകണ്ണി (സുന്ദരി) |

### ആശയവിശദീകരണം

> ▶ ഉദ്യാനത്തിലെ സുന്ദരവസ്തുക്കളെല്ലാം വിരഹദുഃഖം വർധിപ്പിക്കുന്നു

ജനരഹിതമാണെന്നുന്ന ഗുണം മാത്രമേ ഉദ്യാനത്തിനുള്ളൂ. അനുരാഗപരവശനായ നളന് അഭിലഷണീയമായ ഏകാന്തത ഉദ്യാനത്തിലുണ്ട്. മറ്റാരുമില്ല എന്നല്ലാതെ ഉദ്യാനത്തിലെത്തിയിട്ടും മറ്റു വിശേഷമൊന്നുമില്ല. ഉദ്യാനത്തിലെ മറ്റു വസ്തുക്കളെല്ലാം വിരഹദുഃഖം വർധിപ്പിക്കുന്നു. പരമേശ്വരനും കാമദേവനും ഒരുപോലെ എന്നോടു വലിയ ശത്രുതയായിരിക്കുന്നു. സമർഥനായ കാമദേവന്റെ പടവീടാണിവിടം. തടാകതീരത്തെ വൃക്ഷങ്ങൾ കാമന്റെ പടകുടികളാണ്. പൂക്കളാകുന്ന ആയുധങ്ങളുടെ തിളക്കവും കുയിലുകളുടെ കാഹളവും ഇളംകാറ്റാകുന്ന സേനാവ്യൂഹവും കൊണ്ട് വിരഹികൾക്ക് പേടിയുണ്ടാക്കുന്ന സ്ഥലംതന്നെയാണിത്. ഇതാ, പല നിറങ്ങളിൽ ശോഭിക്കുന്ന അരയന്നങ്ങൾ സന്തോഷത്തോടെ രമിക്കുന്നു. അവയിൽ സ്വർണവർണമുള്ള ഒരു അരയന്നവുമുണ്ട്. അത്ഭുതം തന്നെ! കണ്ടാൽ സുന്ദരനായ ഇവനെ കൈയിൽ കിട്ടിയാൽ നന്നായിരിക്കും. നളൻ ഹംസത്തെ പിടിക്കാനൊരുങ്ങി രംഗം വിടുന്നു.

### ശ്ലോകം – 5

‘അന്യേഷു വൃക്ഷലതികാദിഷു വീക്ഷിതേഷു
ഖിന്നേ ദൃശൗ നിഷധഭൂമിപതേസ്തദാനീം

ഹംസേ സുവർണസുഷമേ ദധതുഃ പ്രമോദം
യാവത് സ താവദശയിഷ്ട രതീശ്രമേണ.'

## അർഥവിശദീകരണം

| | | |
|---|---|---|
| അന്യേഷു | = | മറ്റുള്ള |
| ഖിന്നേ | = | ദുഃഖിച്ച് |
| ദൃശൗ | = | കണ്ണുകൾ |
| തദാനീം | = | അപ്പോൾ |
| രതീശ്രമേണ | = | രതിശ്രമം കൊണ്ട് |

## ആശയവിശദീകരണം

തത്സമയം മരങ്ങളും വള്ളിച്ചെടികളും മറ്റുമായ സാധനങ്ങൾ കണ്ട് ഖേദിച്ചിരുന്ന നളന്റെ കണ്ണുകൾ സ്വർണമയമായ ഹംസത്തിൽ എപ്പോഴാണോ സന്തോഷം പൂണ്ടത്, അപ്പോൾ ആ ഹംസം രതിശ്രമം കൊണ്ട് ഉറങ്ങുകയായിരുന്നു. ഹംസത്തിന്റെ പ്രവേശം. പറക്കൽ തുടങ്ങി പക്ഷികൾക്കു യോജിച്ച ചലനങ്ങൾ (ചമ്പതാളത്തിന്റെ പല കാലങ്ങളിൽ പറക്കൽ). വൃക്ഷലതാദികൾ നോക്കി മുഷിഞ്ഞിരിക്കുന്ന നളന്റെ കണ്ണുകൾ രസത്തോടു കൂടി സ്വർണഹംസത്തിൽ പതിച്ചു. ക്രീഡിച്ചു ക്ഷീണിച്ച് ഒരിടത്തിരുന്നു വിശ്രമിക്കെ ഹംസം ഉറങ്ങിപ്പോകുന്നു. നളൻ പതുക്കെ പ്രവേശിച്ച് ഹംസത്തെ പിടിക്കുന്നു.

▶ നളൻ പതുക്കെ ഉറങ്ങുന്ന ഹംസത്തെ പിടിക്കുന്നു

## ശ്ലോകം – 6

'അനക്കം കൂടാതേ നരവരനണഞ്ഞാശു കുതൂകാ -
ദനർഘസ്വർണാഭം ശയിതമരയന്നപ്പരിവൃഢം
ഇണക്കാമെന്നോർത്തങ്ങിതമൊടു പിടിച്ചോരളവിലേ
കനക്കും ശോകം പൂണ്ടവനഥ രുരോദാതി കരുണം.'

## പദം

'ശിവശിവ! എന്തുചെയ്‌വൂ ഞാൻ! എന്നെ-
ച്ചതിച്ചു കൊല്ലുന്നിതു രാജേന്ദ്രൻ.
..................................................................
ചിറകുമണികനകം ഇതുകൊ–
ണ്ടാകാ നീ ധനികൻ - അയ്യോ!
ഗുണവുമനവധിദോഷമായിതു.'

## അർഥവിശദീകരണം

| | | |
|---|---|---|
| അനർഘസ്വർണാഭം | = | വിലമതിക്കാനാവാത്ത സ്വർണനിറമുള്ള |
| ഇതമൊടു | = | തരം നോക്കി |
| അതികരണം | = | ദയ തോന്നും പടി |
| രുരോദ | = | കരഞ്ഞു |
| ജനകൻ | = | അച്ഛൻ |
| തനയൻ | = | മകൻ |

| | | |
|---|---|---|
| അപിച | = | കൂടാതെ |
| സുതാ | = | പ്രസവിച്ചവൾ |
| അതിവിധുരാ | = | വിരഹ ദുഃഖമുള്ളവൾ |

▶ നളൻ പിടിച്ചപ്പോൾ സംഭീതനായ ഹംസം വിലപിക്കുന്നു

## ആശയവിശദീകരണം

വേഗത്തിൽ അനക്കം കൂടാതെ ചെന്ന് നളൻ സ്വർണവർണമായതും ഉറങ്ങുന്നതുമായ ആ ഹംസത്തെ ഇണക്കാമെന്ന് വിചാരിച്ച് സൗകര്യപൂർവം പിടിച്ചപ്പോൾ അവൻ കടുത്ത ദുഃഖം കൊണ്ട് അതിദയനീയമായി കരഞ്ഞു.

▶ ഹംസം കുടുംബത്തിന്റെ നിസ്സഹായത വിശദമാക്കുന്നു

ശിവ ശിവ! ഞാനെന്താണു ചെയ്യുക! ഈ രാജാവ് എന്നെ ചതിച്ചു കൊല്ലുന്നു. എന്റെ കുടുംബത്തിന് ഇനി മറ്റൊരാശ്രയമില്ല. അച്ഛൻ മരിച്ചുപോയി. പുത്രനായി ഞാനൊരാൾ മാത്രം. അമ്മയുടെ അവസ്ഥ ഇങ്ങനെയായി. കൂടാതെ എന്റെ പത്നി പ്രസവിച്ചിട്ട് അധികകാലമായില്ല. വിരഹിണിയായ അവൾ ജീവൻ വെടിയും. എന്റെ കുലംതന്നെ അവസാനിച്ചുപോകും. (നളനോട്) ചെറിയ പിഴ പോലും ചെയ്യാത്ത എന്നെ ക്കൊന്നാൽ അങ്ങേയ്ക്കു പാപമുണ്ടാകും. മനസിനു സന്തോഷം നല്കുന്ന എന്റെ ചിറക് കനകവർണമാണ്. ഇതുകൊണ്ടു നീ ധനികനാവുക! (ഇതുകൊണ്ടാകാ നീ ധനികൻ-ഇതുകൊണ്ടു നീ ധനികനാവുകയില്ല-എന്നും എടുത്തു പാടാറുണ്ട്) അയ്യോ! ഗുണംതന്നെ ഇവിടെ ദോഷമായിത്തീർന്നല്ലോ. ഹംസം ചതിവിൽ കൊല്ലപ്പെട്ടാൽ അവനെ ആശ്രയിച്ചു നിൽക്കുന്ന കുടുംബം നശിക്കും. ഹംസത്തിന്റെ വംശപരമ്പര നശിക്കുന്നതിന്റെ പാപം രാജാവിനേൽക്കും. ധർമ്മക്ഷയം ഫലം.

## പദം:

'അറിക ഹംസമേ! അരുതു പരിദേവിതം
വിരസഭാവമില്ലാ നിന്നിൽ മേ

.........................................................

ഖേദമരുതു തേ,
പറന്നിച്ഛയ്ക്കൊത്തവഴി ഗച്ഛ നീ.'

## അർഥവിശദീകരണം

| | | |
|---|---|---|
| പരിദേവിതം | = | വിലാപം |
| മോഹഭരം ഉദിതം | = | വർധിച്ച ആഗ്രഹമുണ്ടായി |
| വിഹിതം | = | ചെയ്യപ്പെട്ടത് |
| ഗച്ഛ | = | പോയാലും |

## ആശയവിശദീകരണം

▶ നളൻ ഹംസത്തെ വിട്ടയയ്ക്കുന്നു

ഹംസമേ, നീ വിലപിക്കേണ്ടതില്ല. നിന്നോടെനിക്ക് ഒട്ടും വിരോധമില്ല. സുന്ദരനും കണ്ടാൽ ആരും മോഹിച്ചുപോകുന്നവനുമായ നിന്നിൽ സ്നേഹമാണുള്ളത്. ഞാൻ ദ്രോഹം ചെയ്യുകയില്ല. സങ്കടപ്പെടേണ്ട. നിന്റെ ഇഷ്ടംപോലെ നീ പറന്നു പൊയ്ക്കൊള്ളുക.

### ശ്ലോകം – 7

'ഇതി സ നൃപതിനാ ഖഗോ വിസൃഷ്ടോ
നിജജനസന്നിധിമേത്യ ജാതമോദം
അഥ വിഗതഭയോ ദയാപയോധിം
നികടഗതോ നിഷധേശ്വരം ന്യഗാദീത് '

### പദം

'ഓർത്തുകണ്ടോളം ഉത്തമനാം നീ
ഉപമാ നഹി തവ മൂന്നുലകിലും.
..........................................................
ത്വാമനുരാഗിണിയാം; അതെനിക്കു ഭരം,
അമരാധിപതിമപഹായ രാഗിണം.'

### അർഥവിശദീകരണം

| | | |
|---|---|---|
| നൃപതിനാ | = | രാജാവിനാൽ |
| വിസൃഷ്ടേ | = | വിടപ്പെട്ടവനായ |
| ഖഗം | = | പക്ഷി |
| ജാതമോദം | = | സന്തോഷത്തോടെ |
| നികിട ഗത: | = | സമീപത്തിൽ വന്നവനായിട്ട് |
| ദയാപയോധിം | = | ദയാവാരിധിയായ |
| ന്യഗാദീൽ | = | പറഞ്ഞു |
| ഊർജ്ജിതാശയൻ | = | ഉദാരശീലൻ |
| ഭ്രൂലതികാ | = | പുരികക്കൊടി |
| സുലളിതാ | = | സൽഗുണ |
| ചൂതശരാഭ | = | കാമസുന്ദരി |

### ആശയവിശദീകരണം

ഇത്തരത്തിൽ രാജാവിനാൽ വിട്ടയക്കപ്പെട്ട ആ പക്ഷിശ്രേഷ്ഠൻ സന്തോഷത്തോടേ സ്വജനങ്ങളുടെ സമീപം പോയ ശേഷം ഭയം വെടിഞ്ഞ് നളന്റെ അടുത്ത് വന്ന് ദയാവാരിധിയായ അദ്ദേഹത്തോട് പറഞ്ഞു. ഉത്കൃഷ്ടമായ മനസുള്ള അല്ലയോ രാജാവേ, അങ്ങേയ്ക്കു ഞാൻ ഉപകാരം ചെയ്യാം. മനസിലാക്കിയിടത്തോളം ഉത്തമനായ നിനക്കു തുല്യനായി മൂന്നു ലോകത്തിലും ആരുമില്ല. പുരികക്കൊടികൊണ്ട് ഭൂമിയാകെ പരിപാലിക്കുന്നവനേ, നവസൗന്ദര്യമുള്ള നിന്റെ ശരീരം എല്ലാവർക്കും കൗതുകമുണ്ടാക്കുന്നു. കാമദേവനെപ്പോലെ സുന്ദരനായ നിനക്കു ഗുണംകൊണ്ടും സൗന്ദര്യംകൊണ്ടും ചേരുന്ന ഒരു സുന്ദരിയെ പത്നിയായി ലഭിച്ചില്ലല്ലൊ. അഹങ്കാരികളായ ശത്രുക്കൾക്കു പ്രളയാഗ്നിയും വിദർഭരാജാവുമായ ഭീമനു ഭൂമിയിൽ മറ്റാരും തുല്യരല്ലാത്ത ഒരു മകളുണ്ട്. അവളോടു നിന്നെ ചേർക്കാനുള്ള സാമർഥ്യം എനിക്കുണ്ട്. നീ അതിന് എനിക്ക് അനുമതി തരണം. കാമവതിയും രൂപഗുണമുള്ളവളും സൽസ്വഭാവമുള്ളവളും ലക്ഷ്മീദേവിയെക്കാൾ കുറവില്ലാത്തവളും ദേവസുന്ദരിമാരുടെ അഹങ്കാരം ഇല്ലാതാക്കുന്നവളുമായ ദമയന്തിയെ നിന്റെ കാമിനിയാക്കുന്നതിന്റെ ചുമതല എനിക്കാണ്. തന്നിൽ അനുരാഗിയായ ഇന്ദ്രനെപ്പോലും വെടിഞ്ഞ് അവൾ നിന്റെ അനുരാഗിണിയാവും.

- ദമയന്തിയെ നളന്റെ കാമിനിയാക്കുന്നതിന്റെ ചുമതല ഹംസം ഏറ്റെടുക്കുന്നു

SGOU

**പദം**

'പ്രിയമാനസാ, നീ പോയ്‌വരേണം
പ്രിയയോടെന്റെ വാർത്തകൾ ചൊൽവാൻ.
..............................................................................
ഇതിനു പ്രതിക്രിയയോ വിധി തന്നെ തവ ചെയ്യും
ചതിയല്ലാ നീയല്ലാതൊരു ഗതിയില്ലിന്നെനിക്കാരും.'

## അർഥവിശദീകരണം

| | | |
|---|---|---|
| പ്രിയമാനസൻ | = | മാനസസരസ്സിൽ പ്രിയമുള്ളവൻ (ഹംസം) |
| ബലവദംഗജാർത്തി | = | പ്രബലമായ കാമപീഡ |
| ഉരുതര വേദന | = | വലിയ ദുഃഖം |
| ഖലു സന്ദേഹം | = | ഒട്ടും സംശയമില്ല |

## ആശയവിശദീകരണം

മനസിൽ (മാനസസരസ്സിൽ) പ്രിയമുള്ളവനേ, പ്രിയയായ ദമയന്തിയോട് എന്റെ വൃത്താന്തം അറിയിക്കാൻ നീ പോയിവരണം. എനിക്കു പ്രിയമാകുമെന്നോർത്തു നീ പറഞ്ഞതാണോ ഇത്? പ്രവൃത്തിയിലും ഇങ്ങനെതന്നെയാവുമോ? സുന്ദരിയായ അവളുടെ വൃത്താന്തം പലരും പറഞ്ഞതു കേട്ട് എന്റെ മനസിൽ വലിയ കാമദുഃഖമുണ്ടായി. സഹായിക്കാനാരുമില്ല എന്ന വലിയ വേദനയോടെ കഴിയുമ്പോഴാണ് വിധിവശാൽ നിന്നെ പരിചയപ്പെട്ടത്. വാക്സാമർഥ്യംകൊണ്ട് ആ സുന്ദരീരത്നത്തെ നീ എനിക്കു വശപ്പെട്ടവളാക്കുക. അതിന്റെ പ്രതിഫലം നിനക്ക് സാക്ഷാൽ വിധിതന്നെ നൽകും. കള്ളമല്ല. നീയല്ലാതെ ആരും എനിക്ക് തുണയില്ല.

- ഹംസം കുണ്ഡിനത്തിലേക്ക് യാത്രയാകുന്നു

## രംഗം മൂന്ന് : കുണ്ഡിനോദ്യാനം

(നളന്റെ സമ്മതപ്രകാരം ഹംസം കുണ്ഡിനത്തിൽ ചെന്ന് ദമയന്തിയെ കാണുന്നു)

**ശ്ലോകം : 8**

'ഇതി നളഗിരായാതേ ഹംസേ വിദർഭപുരീം ഗതേ
തദുപവനദേശാന്തേ ശാന്തേ നിഷീദതി കുത്രചിത്
ശ്രുതനളഗുണാ ഭൈമീ കാമാതിഗൂഹനനിസ്സഹാ
വനമുപഗതാ നീതാ ജാതാദരാഭിരഥാളിഭി:

**പദം**

'പൂമകനും മൊഴിമാതും ഭൂമിദേവിതാനും
കാർമുകിലൊളിവർണനും പൂമാതും ജയിക്ക.'
..............................................................................
'അനസൂയലോപാമുദ്രയും അരുന്ധതിമുൻപാകും
മുനിഗൃഹിണിമാരെല്ലാരും അനുഗൃഹ്ണന്തു നമ്മെ.'

## അർഥവിശദീകരണം

| | | |
|---|---|---|
| നളഗിരാ | = | നളന്റെ വാക്കുകൾ കൊണ്ട് |
| ഗതേ | = | പ്രാപ്തനായി |
| ഉപഗത | = | പ്രാപിച്ചവൾ |
| കുത്രചിത് | = | ഒരിടത്ത് |
| നിഷീദതി | = | ഇരിക്കുമ്പോൾ |
| ജാതാദരാഭി | = | ആദരവോടു കൂടി |
| നീതാ | = | തോഴിമാരാൽ |
| ഉപഗതാ | = | വന്നു ചേർന്നു |
| പൂമകൻ | = | ബ്രഹ്മാവ് |
| മൊഴിമാത് | = | സരസ്വതി |
| മാമലമകൾ | = | പാർവതി |
| സോമൻ | = | ചന്ദ്രൻ |
| വൃന്ദാരക ദമ്പതികൾ | = | ദേവദമ്പതിമാർ |

## ആശയവിശദീകരണം

ഇങ്ങനെ നളന്റെ വാക്കുകളനുസരിച്ച് പറന്നു പോയ ഹംസം വിദർഭ രാജപുരിയിൽ ചെന്ന് അവിടുത്തെ ഉദ്യാനത്തിൽ ശാന്തമായ ഒരിടത്ത് ഇരിക്കുന്നു. നളന്റെ ഗുണഗണങ്ങൾ കേട്ട് കാമപരവശയായിത്തീർന്ന ഭൈമി അത് മറയ്ക്കാൻ കഴിയാതെ തന്നോടു സ്നേഹമുള്ള തോഴരോടൊപ്പം ഉദ്യാനത്തിലൊരിടത്തു വന്നുചേർന്നു. ദേവദമ്പതിമാരുടെ പ്രാർഥനയാണ് പ്രസ്തുതം. ഇഷ്ടപുരുഷനെ ഭർത്താവായി ലഭിക്കുന്നതിനും സൗഭാഗ്യകരമായ ദാമ്പത്യം കൈവരിക്കുന്നതിനും ആഗ്രഹിക്കുന്ന കുലകന്യകമാരുടെ/ദേവദമ്പതിമാരുടെ പ്രാർഥന. ശിവപാർവതിമാർ, സരസ്വതി-ബ്രഹ്മാവ് ലക്ഷ്മീ-വിഷ്ണു, രോഹിണി-ചന്ദ്രൻ, രതി-കാമദേവൻ എന്നിവർ.

> ▶ ദേവദമ്പതിമാരുടെ പ്രാർഥനയാണ് പ്രസ്തുതം

## ശ്ലോകം: 9

'ആകാരൈരവഗതമാളിഭിഃസ്വവാചാ
നാകാർഷീത് പ്രകടമിയം നളാഭിലാഷം
ആവിഷ്ടാ പ്രമദവനന്ത്വഭാഷതാളീ-
രാദീപ്തസ്മരപരിതാപവേപിതാംഗീ'

## പദം

'സഖിമാരേ, നമുക്കു ജനകപാർശ്വേ
ചെന്നാലല്ലീ കൗതുകം?
'സകലഭൂതലഗതകഥകൾ ചിലർ പറയും
സമയം കഴിപ്പതിനു സദുപായമിതു നല്ല.'

## അർഥവിശദീകരണം

| | | |
|---|---|---|
| ആകാരൈ | = | ആകാരങ്ങളാൽ |
| ആളിഭി: | = | തോഴിമാരാൽ |
| അവഗതം | = | മനസിലാക്കപ്പെട്ട |

| | | |
|---|---|---|
| തു | = | എന്നാൽ, |
| ആവിഷ്ടാ | = | പ്രവേശിച്ചിട്ട് |
| അഭാഷത | = | പറഞ്ഞു |

### ആശയവിശദീകരണം

▶ കാമപരിതാപം കൊണ്ട് ദമയന്തി പരവശയായി

ഭൈമി അംഗചേഷ്ട കൊണ്ടും ഭാവപ്രകടനങ്ങൾ കൊണ്ടും നളനോടുള്ള അനുരാഗം വെളിപ്പെടുത്തുന്നത് തോഴിമാർ മനസിലാക്കി. എന്നാൽ അവൾ വാക്കുകളാൽ ഒന്നും സൂചിപ്പിച്ചില്ല. ഉദ്യാനത്തിൽ വെച്ച് അവളുടെ അംഗങ്ങൾ കാമപരിതാപം കൊണ്ട് വിറച്ചു തുടങ്ങി. തോഴിമാരേ, നമുക്ക് അച്ഛന്റെ സമീപത്തേക്കു പോകുന്നതല്ലേ കുടുതൽ സന്തോഷം? ഭൂമിയിൽ നടന്ന കഥകളൊക്കെ അവിടെ ചിലർ പറയും. സമയം കഴിക്കാൻ അതു നല്ലൊരു മാർഗമാണ്. ഉദ്യാനം കാമോദ്ദീപകമാകയാൽ ഭൈമിക്ക് മാരതാപം അനിയന്ത്രിതമായി. വാക്കിലും പ്രകടമായിത്തുടങ്ങി. എന്ന് സാരം.

### പദം

‘പോക പൂങ്കാവിലെന്നു പുതുമധുവചനേ!
വലിയ നിർബ്ബന്ധം തവ വാഴുന്നേരം ഭവനേ
..............................................................
സുഖമായ് നമുക്കിന്നിവിടെ നൂനം
തോഴി, ഭൈമി, കാൺക നീ.’

### അർഥവിശദീകരണം

| | | |
|---|---|---|
| പുതുമധുവചനേ | = | മധുരമൊഴിയുള്ളവൾ (സുന്ദരി) |
| പൂർണ്ണേന്ദുവദനേ | = | പൂർണചന്ദ്രമുഖി |
| കാതരനയനേ | = | ചഞ്ചലനേത്രമുള്ളവൾ (വികാരവതി) |

### ആശയവിശദീകരണം

▶ ഉദ്യാനസൗഭാഗ്യങ്ങൾ ദമയന്തിയിൽ അസ്വാസ്ഥ്യമുളവാക്കുന്നു

തോഴികളുടെ മറുപടിയാണ് ഈ പദം പുതുമധുവചനേ, പൂർണചന്ദ്രമുഖി, കാതരനയനേ കൊട്ടാരത്തിലിരുന്നപ്പോൾ പൂന്തോട്ടത്തിലേക്കു പോകാം എന്നു നിനക്കു വലിയ നിർബന്ധമായിരുന്നല്ലൊ! പുതു തേൻ മൊഴിയാൾ ഒരിക്കൽ പൂങ്കാവിൽ പോകാമെന്ന് വാശിപിടിക്കും. അന്തഃപുരത്തിൽ കഴിയുമ്പോൾ അവൾ ഇങ്ങനെ ഓരോ നിർബന്ധങ്ങൾ പറയും. വന്നയുടൻ പോവാനാണെങ്കിൽ സുന്ദരി പിന്നെ എന്തിന് ഇങ്ങോട്ടുവന്നു. കാമചാപല്യം കാട്ടുന്നവളേ നിനക്കെന്താണ് ഇങ്ങനെ നിർബന്ധബുദ്ധി. സഖി ഭൈമി ഈ ഉദ്യാനഭംഗികൾ കണ്ടാലും. തിരികെപ്പോകാനാണോ ഇവിടേക്കു വന്നത്? സുന്ദരീ, തീർച്ചയായും ഇവിടമാണു സുഖകരം. നീ നോക്കൂ, സുഖപ്രദമാണെന്ന് അറിയൂ, എന്നാൽ ഉദ്യാനസൗഭാഗ്യങ്ങൾ ദമയന്തിയെ രമിപ്പിക്കുന്നില്ല. മറിച്ച് അസ്വാസ്ഥ്യമുളവാക്കുന്നു.

### പദം

‘ചലദളിഝങ്കാരം ചെവികളിലംഗാരം
കോകിലകൂജിതങ്ങൾ കൊടിയ കർണ്ണശൂലങ്ങൾ

കുസുമസൗരഭം നാസാകുഹരസരസ്സൈരിഭം
അതിദുഃഖകാരണമിന്നാരാമസഞ്ചരണം.'

### അർഥവിശദീകരണം

| | | |
|---|---|---|
| ചലദളി | = | ചലിക്കുന്ന വണ്ട് |
| ഝങ്കാരം | = | മുരൾച്ച |
| അങ്ഗാരം | = | തീക്കനൽ |
| കോകിലം | = | കുയിൽ |
| കൂജിതം | = | കൂവൽ |
| കർണ്ണശൂലം | = | ചാട്ടുളി |
| നാസാകുഹരം | = | നാസാദ്വാരം |
| സൈരിഭം | = | കാട്ടുപോത്ത് |

### ആശയവിശദീകരണം

പറന്നുനടക്കുന്ന വണ്ടുകളുടെ മുരൾച്ച ചെവികൾക്ക് തീക്കനൽ പോലെ ദുഃസ്സഹമാണ്. കുയിലുകളുടെ കൂജനം കാതുകൾക്ക് ഉടക്കുളി പോലെ വേദനയുണ്ടാക്കുന്നു. പൂക്കളുടെ സുഗന്ധം നാസാദ്വാരമാകുന്ന സരസ്സിൽ കാട്ടുപോത്തിനെപ്പോലെ ഇളക്കിമറിക്കുന്നു. ഈ ഉദ്യാനത്തിൽ കഴിയുന്നത് ഏറ്റവും ദുഃഖകാരണം തന്നെ. ചലദളിഝങ്കാരമാകുന്ന അംഗാരം, കോകിലകൂജിതമാകുന്ന കർണ്ണശൂലം, നാസാകുഹരമാകുന്ന സരസ്സ്, കുസുമസൗരഭമാകുന്ന സൈരിഭം എന്ന് രൂപകം. ആരാമസഞ്ചരണം അതിദുഃഖകരമാകുന്നു. എന്നതിന്റെ കാരണമാണ് മൂന്നു വരികളിൽ പറയുന്നത്. അലങ്കാരം-കാവ്യലിംഗം. പറക്കുന്ന വണ്ടുകളുടെ മുരൾച്ച ചെവികളിൽ തീക്കനലും കുയിലുകളുടെ കൂവൽ ചെവികൾക്ക് ശൂലങ്ങളും പൂക്കളുടെ ഗന്ധം നാസാദ്വാരങ്ങളാകുന്ന സരസ്സിനെ ഇളക്കി മറിക്കുന്ന പോത്തുമാകുന്നു. ഈ പൂന്തോട്ടത്തിലൂടെയുള്ള നടത്തം സങ്കടകരമാണ്.

▶ ദമയന്തിക്ക് ആരാമസഞ്ചരണം അതിദുഃഖകരമാകുന്നു

### പദ്യം

'മിന്നൽക്കൊടിയിറങ്ങി മന്നിലേ വരികയോ?
വിധുമണ്ഡലമിറങ്ങി ക്ഷിതിയിലേ പോരികയോ?
സ്വർണവർണമാമന്നം പറന്നിങ്ങു വരികയോ?
കണ്ണുകൾക്കിതു നല്ല പീയൂഷധാരികയോ?'

### അർഥവിശദീകരണം

| | | |
|---|---|---|
| വിധുമണ്ഡലം | = | ചന്ദ്രമണ്ഡലം |
| ക്ഷിതി | = | ഭൂമി |
| പീയൂഷധാരിക | = | അമൃതധാര |

### ആശയവിശദീകരണം

ഉദ്യാനത്തിൽ ശാന്തമായ ഒരു ഭാഗത്തിരുന്ന ഹംസം ദൗത്യം നിറവേറ്റാൻ അംഗനമാരുടെ അടുത്തേക്ക് പറന്നു ചെല്ലുന്നത് ഭൈമി കാണുന്നു. മിന്നൽക്കൊടി ആകാശത്തു നിന്നും ഇറങ്ങി താഴേക്ക് വരികയാ

ണോ? ചന്ദ്രമണ്ഡലം താണിറങ്ങി ഭൂമിയിലേക്കു വരുകയാണോ? സ്വർണ വർണമുള്ള ഒരു അരയന്നം പറന്ന് അടുക്കുകയാണോ? കണ്ണുകൾക്ക് ആനന്ദം നൽകുന്ന ഒരു അമൃതധാരയാണോ എന്നെല്ലാം ഭൈമി സന്ദേഹിക്കുന്നു. ഹംസത്തെ ദൂരെക്കാഴ്ചയിൽ മിന്നൽക്കൊടിയായും അല്പമടുത്തപ്പോൾ വിധുമണ്ഡലമായും ഏറ്റവും അടുത്തപ്പോൾ അരയന്നമായും കണ്ണുകൾക്ക് അമൃതധാരയെന്നും സന്ദേഹിക്കുന്നു. (ആകാശത്തു നോക്കി) മിന്നൽക്കൊടി മന്നിലേക്കിറങ്ങി വരികയാണോ? ചന്ദ്രമണ്ഡലം ഭൂമിയിലേക്കു പോരികയാണോ? സ്വർണനിറമുള്ള ഒരു അരയന്നം പറന്നു വന്നതാണോ? കണ്ണുകൾക്ക് ഈ കാഴ്ച അമൃതപ്രവാഹമാകുന്നുവോ?) എന്നിങ്ങനെ സംശയിക്കുന്നു. അലങ്കാരം: സസന്ദേഹം

- മിന്നൽക്കൊടി ഭൂമിയിലേക്കു വരുമ്പോലെ ഹംസം വന്നിറങ്ങുന്നു

## പദ്യം

'കണ്ടാലെത്രയും കൗതുകമുണ്ടിതിനെ,പണ്ടു
കണ്ടില്ല ഞാനേവംവിധം കേട്ടുമില്ലാ.
...........................................................................
'ക്രൂരനല്ല സാധുവത്രേ ചാരുരൂപൻ; നിങ്ങൾ
ദൂരെ നില്പിൻ; എന്നരികിൽ ആരും വേണ്ടാ.'

## അർഥവിശദീകരണം

| | | |
|---|---|---|
| ഏവം വിധം | = | ഇപ്രകാരം |
| മഞ്ജുനാദം | = | മനോഹരമായ നാദം |
| സാധുശീലൻ | = | ശാന്തശീലൻ |
| നിർണ്ണയം | = | നിശ്ചയം |
| എനിക്കിണങ്ങും | = | എനിക്ക് യോജിച്ചത് |
| കേളിചെയ്‌വാൻ | = | കളിക്കാൻ |
| ചാരുരൂപൻ | = | മനോഹരാംഗൻ |

## ആശയവിശദീകരണം

കണ്ടാൽ വളരെ കൗതുകം തോന്നിക്കുന്ന ഇത്തരമൊന്ന് ഞാൻ കണ്ടിട്ടോ കേട്ടിട്ടോ ഇല്ല. സ്വർണവർണവും മനോഹരമായ നാദവുമുള്ള ഇത് എന്നോടിണങ്ങുമെന്നു തോന്നുന്നു. തോഴിമാരേ, ഞാൻ കൈകൾകൊണ്ട് ഇതിനെ തൊട്ടല്ലോ! സുന്ദരരൂപനായ ഇവൻ ക്രൂരനല്ല; പാവമാണ്. നിങ്ങൾ ദൂരെ നില്ക്കുക. എന്റെ അരികിൽ മറ്റാരും വേണ്ട. തൊടാൻ കഴിഞ്ഞതിൽ ആഹ്ലാദവും അഭിമാനവും തോന്നുന്നു. ഹംസം പിടിയിലാകുമെന്ന് ആശ ഉദിക്കുന്നു. ഈ ഹംസത്തെക്കണ്ടിട്ട് ഏറെ ആഹ്ലാദം തോന്നുന്നു. ഇങ്ങനെ അരയന്നത്തെ പണ്ടു കണ്ടിട്ടില്ല. കേട്ടിട്ടുപോലുമില്ല. സ്വർണനിറമുള്ളതും മനോഹരനാദമുള്ളതുമായ ഈ അരയന്നം എനിക്ക് ഇണങ്ങുമെന്ന് തോന്നുന്നു. തോഴിമാരെ ഞാൻ കൈകൾ കൊണ്ട് ഇതിനെ തൊട്ടു, കൈയിൽ കിട്ടിയിരുന്നെങ്കിൽ കളിക്കാൻ നന്നായിരുന്നു. ഇവൻ ക്രൂരനല്ല, സാധുശീലനാണ്. നല്ല ചന്തമുള്ള രൂപം. നിങ്ങൾ ദൂരെ മാറിനിൽക്കിൻ. എന്റെ അടുത്ത് ആരും വേണ്ടാ. ഹംസത്തിന്റെ രൂപം, ശബ്ദം, സ്വഭാവം ഇതിലെല്ലാം ഭൈമി ആകൃഷ്ടയാകുന്നു. അതിനെ സ്വന്തമാക്കാനുള്ള ശ്രമം ബാലചാപല്യമാണ്. രൂപഭംഗിയും ചാരുശീല

- ഹംസത്തിൽ ഭൈമി ആകൃഷ്ടയാകുന്നു

വുമുള്ള ഹംസത്തെ തോഴിമാർക്ക് വിടാതെ തന്റേതാക്കണമെന്ന് മോഹിക്കുന്നു.

### ശ്ലോകം : 10

‘ഇനിയൊരടി നടന്നാൽ കിട്ടുമേ കൈയ്ക്കലെന്നും
പ്രതിപദമപി തോന്നുമ്മാറും മന്ദം നടന്നും
അഥ ബത ദമയന്തീമാളിമാരോടുവേറാ-
മതുപൊഴുതരയന്നപ്രൗഢനൂചേ സഹാസം.’

### പദം

‘അംഗനമാർമൗലേ, ബാലേ,
ആശയെന്തയി! തേ.
‘യൗവനം വന്നുദിച്ചിട്ടും ചെറുതായില്ല ചെറുപ്പം;
..........................................................................
‘നളനഗരേ വാഴുന്നു ഞാൻ നളിനജന്മവചസാ
നളിനമിഴിമാർക്കെല്ലാം നടപഠിപ്പാൻ
മദലുളിതം മൃദുലളിതം
ഗുണമിളിതം, ഇതുകളിയല്ലേ.’

## അർഥവിശദീകരണം

| | | |
|---|---|---|
| ഇനിയൊരടി നടന്നാൽ | = | ഇനി ഒരു ചുവടുകൂടി മുന്നോട്ടു വച്ചാൽ |
| പ്രതിപദമപി | = | ഓരോ ചുവടിലും |
| അഥ | = | അനന്തരം |
| അരയന്ന പ്രൗഢൻ | = | അരയന്ന ശ്രേഷ്ഠൻ |
| സഹാസം ഊചേ: | = | ചിരിച്ചു കൊണ്ടു പറഞ്ഞു |

## ആശയവിശദീകരണം

ദമയന്തി അത്ഭുതത്തോടെ മെല്ലെ ഹംസത്തിന്റെ അടുത്തേക്കു നീങ്ങുന്നു. ഒന്നു തൊടാനെങ്കിലും കഴിഞ്ഞതിൽ ആഹ്ളാദം. വീണ്ടും പിടിക്കാൻ ശ്രമം. ഹംസം അകലുന്നു. സൂത്രശാലിയായ ഹംസം അങ്ങനെ ദമയന്തിയെ തോഴിമാരിൽ നിന്നും അകറ്റുന്നു. സുന്ദരീരത്നമേ! എന്താണു നിന്റെ മോഹം? ആകാശചാരിയായ എന്നെ നീ എങ്ങനെ പിടിക്കാനാണ്? യൗവനത്തിലെത്തിയിട്ടും കുട്ടിക്കളി മാറിയില്ലല്ലൊ! അലങ്കാരം വിശേഷോക്തി. ലക്ഷണം: വിശേഷോക്തി, ജനിയ്ക്കായ്കിൽ കാര്യം ഹേദുവായിരിക്കവേ. ഈ അവിവേകം കണ്ടാൽ അറിവുള്ളവർ പരിഹസിക്കും. മറ്റു ചിലർ പഴിക്കും. നിനക്കു വഴി പിഴയ്ക്കുകയും ചെയ്യും. നീ എന്നെ പിടിച്ചു ബന്ധിക്കണ്ട. ഞാൻ നിനക്കു ബന്ധുവാണ്. നിന്റെ തോഴിമാരേക്കാൾ നിനക്ക് എന്നെ വിശ്വസിക്കാം. നീ കൊതിക്കുംപോലെ ലോകപതിയും കാമദേവനുമായ ഒരാൾ നിന്റെ ഭർത്താവായി വന്നുചേരും. ബ്രഹ്മാവിന്റെ വാക്കനുസരിച്ച് നളന്റെ നഗരത്തിലാണു ഞാൻ വാഴുന്നത്. അവിടെയുള്ള സുന്ദരിമാരെ മദംകൊണ്ടു തളർന്നതും മനോഹരവും ഗുണങ്ങൾ ചേർന്നതുമായ നടത്തം പഠിപ്പിക്കാനാണ് ഞാൻ അവിടെ വസിക്കുന്നത്. ഇതു കളിയല്ല. ഹംസത്തെ പിടിക്കാൻ പലത

SGOU

വണ ശ്രമിച്ചെങ്കിലും പറ്റാത്തതിൽ നൈരാശ്യവും കാണെക്കാണെ വളർന്ന താത്പര്യവും പൂണ്ടു നില്ക്കുന്ന ദമയന്തിയോട് ഹംസം പറയുന്ന പദമാണിത്. നളിന ജന്മവചസാ നളിന മിഴിമാർക്കെല്ലാം മദലുളിതവും മൃദുലളിതവും ഗുണമിളിതവുമായ നട പഠിക്കാൻ ഞാൻ നളനഗരേ വാഴുന്നു. നടയുടെ വിശേഷണമാണ് പിന്നീട്. സുന്ദരിമാരെ വിലാസഗമനം പഠിപ്പിക്കാൻ ബ്രഹ്മാവിന്റെ നിയോഗപ്രകാരം നിഷധയിൽ താൻ പാർക്കുകയാണെന്ന് ഹംസം ധരിപ്പിച്ചു. അലങ്കാരം – അനുപ്രാസം

> ▶ ദമയന്തി ഹംസത്തെ പിടിക്കാൻ ശ്രമിക്കുന്നു

### പദം

'കണ്ടേൻ നികടേ നിന്നെ
 കളിവാക്കു തവ കേട്ടേനേ.'
'കഞ്ജഭവനനുടെ വാഹനമേ,

.......................................................................

തുണയാകിലോ, ഗുരുകൃപാകുലാശയ,
ദീനയാമെനിക്കു മാനനീയഗുണ.'

### അർഥവിശദീകരണം

| | | |
|---|---|---|
| നിന്നെ നികടേ കണ്ടേൻ | = | നിന്നെ അടുത്തു ഞാൻ കണ്ടു |
| നിന്റെ കളിവാക്കു കേട്ടേൻ | = | ഞാൻ കേട്ടു |
| കഞ്ജഭവൻ | = | താമരയിൽ ജനിച്ചവൻ, ബ്രഹ്മാവ് |
| കമ്രരൂപം | = | ഭംഗിയുള്ള രൂപം |
| അതിരമ്യം | = | ഏറ്റവും മനോഹരമായ |
| ചാടുവചനം | = | കളിവാക്ക് |
| പ്രേഷകൻ | = | പറഞ്ഞയച്ചവൻ(നിയോഗിച്ചയച്ചവൻ) |
| കമലജൻ | = | താമരയിൽ പിറന്നവൻ ബ്രഹ്മാവ് |
| തവ നൈഷധപുരം | = | നീപാർക്കുന്ന നിഷധാനഗരി |
| പരമപദം | = | മുഖ്യമായ വാസസ്ഥാനം |
| മധുരാകൃതേ | = | മനോഹരമായ ആകൃതി ഉള്ളവനേ |
| ഗുണവാരിധേ | = | ഗുണങ്ങൾക്ക് സമുദ്രമായവനെ |
| ഖഗസാർവഭൗമ | = | പക്ഷികളിൽ വച്ച് ശ്രേഷ്ഠൻ |
| തേ ചരിതം | = | നിന്റെ ജീവിതം |
| നൗമി | = | ഞാൻ സ്തുതിക്കുന്നു |
| ഖഗം | = | ആകാശചാരി എന്നർത്ഥം |
| നളിനാസനവരവാഹന | = | നളിനാസനന്റെ (ബ്രഹ്മാവിന്റെ) |
| നളഗുണഗണ മോതുക | = | നളന്റെ എണ്ണമറ്റ ഗുണങ്ങൾ പറഞ്ഞു കേൾപ്പിച്ചാലും |

### ആശയവിശദീകരണം

ബ്രഹ്മദേവന്റെ വാഹനമേ മനോഹരമായ നിന്റെ സുവർണരൂപം ഞാൻ അടുത്തുകണ്ടു. നിന്റെ മധുരമായ കളിവാക്കുകൾ ഞാൻ കേട്ടു. ഹംസത്തിന്റെ ഗുണങ്ങൾ അംഗീകരിച്ചുകൊണ്ടും വാക്കുകളിൽ വിശ്വാസമർപ്പിച്ചു കൊണ്ടും ഭൈമി മറുപടി പറയുന്നു. ബ്രഹ്മാവിന്റെ വാഹനമേ, സുന്ദരമായ വാക്കു പറയുന്നവനും മനോഹരരൂപനുമായ നിന്നെ

അടുത്തു കണ്ടു. നിന്റെ കളിവാക്കും കേട്ടു. നിന്നെ പറഞ്ഞയച്ചതു ബ്രഹ്മാവുതന്നെയോ? നൈഷധന്റെ നഗരമാണോ നിന്റെ വാസസ്ഥലം? ബ്രഹ്മാവ് നിയോഗിച്ചയച്ചതുമൂലം ഹംസത്തിന്റെ കർത്തവ്യത്തിന് ഗൗരവമേറുന്നു. അവൻ പാർക്കുന്ന നൈഷധപുരി ശ്രേഷ്ഠം തന്നെ. ഭൂമിയുടെ സങ്കല്പത്തിൽ അത് മുക്തിപദം തന്നെ. ഹംസം ഭാഗ്യശാലിയാണ്. മധുരരൂപനും ഗുണസമുദ്രവുമായ അല്ലയോ പക്ഷികളുടെ ചക്രവർത്തീ! നീ ജയിക്കുക. നിന്റെ ചരിതത്തെ ഞാൻ നമിക്കുന്നു. ബ്രഹ്മവാഹനമേ, നീ എന്നോടു നളമഹാരാജാവിന്റെ ഗുണഗണങ്ങൾ പറയുക. നിന്റെ വാക്കുകൾ എന്റെ ദുഃഖം കളയും. എന്റെ ചെവികളെ അല്പമെങ്കിലും പുണ്യമുള്ളതാക്കിയാലും. നളനോടുള്ള സഹവാസം മൂലം കൂടുതൽ കഥകൾ ഹംസത്തിൽ നിന്നും അറിയാൻ കൗതുകം പ്രകടിപ്പിക്കുന്നു. ഭൈമി അവനെ ആദരിച്ച് അഭിനന്ദിക്കുന്നു. നളകഥ കേൾക്കുന്നത് കാതുകൾക്ക് പുണ്യസ്പർശമുണ്ടാക്കും. നളനിലുള്ള അഭിനിവേശമാണ് ഭൈമിക്ക് ദൂതനായ ഹംസത്തോട് ആഭിമുഖ്യം വർദ്ധിപ്പിക്കുന്നത്. അവളുടെ ഉള്ളിൽത്തിങ്ങിനിന്ന അനുരാഗവായ്പ്പ് വാക്കുകളിൽ മുഴങ്ങിക്കേൾക്കാം.

▶ ഭൈമി ഹംസത്തെ ആദരിച്ച് അഭിനന്ദിക്കുന്നു

### ശ്ലോകം - 11

'പുത്തൻതേൻമൊഴിമാർകുലത്തിനരിയോ
രുത്തംസമാം ഭൈമി തൻ
ചിത്തം താനഥ പത്തിനഞ്ചവനറി
ഞ്ഞിത്ഥം കൃശാംഗ്യാ ഗിരാ
അത്യന്തം ബത! മുഗ്ദ്ധയോടനുസരി
ച്ചെല്ലാമറിഞ്ഞീടുവാ-
നുദ്യോഗിച്ചു വിദഗ്ദ്ധനാം ഖഗവരൻ
വൈദർഭിയോടുക്തവാൻ'

### പദം

'പ്രീതിപൂണ്ടരുളുകയേ ചിന്തിതമെല്ലാം
ഭീമനൃപതിതനയേ.
..................................................................
ഹസ്തഗതം തവ വിദ്ധി മനീഷിത-
മുക്തമിദം മമ സത്യമിദാനീം.'

### അർഥവിശദീകരണം

| | | |
|---|---|---|
| പുത്തൻ തേൻമൊഴിമാർ | = | നറുതേൻ മൊഴിമാർ, സുന്ദരിമാരുടെ സമൂഹത്തിന് |
| അരിയ | = | ശ്രേഷ്ഠമായ |
| ഉത്തംസം | = | ശിരോഭൂഷണമായ |
| ഭൈമിതൻ ചിത്തം | = | ദമയന്തിയുടെ മനോഗതം |
| ഇത്ഥം | = | ഇപ്രകാരമുള്ള |
| കൃശാംഗ്യാഗീരാ | = | സുന്ദരിയുടെ വാക്ക് |
| ഗീരിനാൽ | = | വാക്കിൽ നിന്നും |

| | | |
|---|---|---|
| പത്തിനഞ്ച് അറിഞ്ഞ് | = | പകുതിയും മനസിലാക്കിയിട്ട് |
| ബത | = | വിസ്മയം |
| മുഗ്ദ്ധ | = | പ്രൗഢയല്ലാത്തവൾ |
| പ്രൗഢ | = | അന്തർഗതത്തെ വിട്ടുപറയാത്തവൾ |
| വിദഗ്ദ്ധനാം ഖഗവരൻ | = | ബുദ്ധിയും വാക്ചാതുരിയുമുള്ള ഹംസം |
| വൈദർഭിയോട് | = | ഭൈമിയോട് |
| ഉക്തവാൻ | = | പറയുന്നവനായി, ഇങ്ങനെ പറഞ്ഞു |

## ആശയവിശദീകരണം

അല്ലയോ ഭീമരാജാവിന്റെ പുത്രീ, നിന്റെ വിചാരങ്ങളെല്ലാം സന്തോഷത്തോടെ എന്നോടു പറയുക. സംശയിക്കേണ്ട. തോഴിമാരിലൊരാളെന്നുറപ്പിച്ച് ലജ്ജ കുറച്ച് മനഃക്ലേശമില്ലാതെ എന്നോടു പറയാം. സുന്ദരീ, നിനക്ക് ഏതു പുരുഷനോടാണ് ഉള്ളിൽ കൗതുകമുള്ളത്. അവന്റെ ഭാഗ്യം ആദരിക്കപ്പെടേണ്ടതുതന്നെ. നീ പറയാൻ മടിക്കരുത്. നാണം കൊണ്ട് മറയ്ക്കുകയുമരുത്. നിനക്കു തുണയായി ഞാനുണ്ട്. നിനക്കു ഞാൻ മാനഹാനി വരുത്തുമോ? നീ മോഹിച്ചതു നിനക്കു ലഭിച്ചു എന്നുതന്നെ വിചാരിച്ചുകൊള്ളുക. ഞാൻ ഈ പറഞ്ഞത് സത്യമാണ്. തോഴിമാരോടു പോലും പറയാതെ ഗൂഢമായി വച്ചിരിക്കുന്നതുമായ പുരുഷൻ ഭർത്താവായിവരും. ആഗ്രഹിക്കുന്ന പുരുഷനെ സ്വന്തമാക്കാൻ താൻ സഹായിക്കാമെന്ന് ഹംസം ദമയന്തിക്ക് ഉറപ്പു കൊടുക്കുന്നതാണ് പ്രസ്തുത വാക്കുകൾ. സുന്ദരീരത്നമായ ദമയന്തിയുടെ വാക്കിൽ നിന്നു തന്നെ അവളുടെ മനോഗതം പകുതിയും മനസിലാക്കിയ ഹംസം അവളുടെ ഹിതത്തിനൊത്തു പെരുമാറി. ഹൃദയരഹസ്യം പൂർണമായി ഗ്രഹിക്കാൻ ശ്രമിച്ചു. ലജ്ജാദിശീലം കൊണ്ട് ഹൃദയരഹസ്യം തുറന്നുപറയാൻ മടിക്കുന്ന യൗവനയുക്തയാണ് മുഗ്ദ്ധ. വൃത്തം ശാർദ്ദൂലവിക്രീഡിതം.

> ▶ ഹംസം ദമയന്തിയുടെ ഹിതത്തിനൊത്തു പെരുമാറുന്നു

## പദ്യം

'അരയന്നമന്നവാ, നിന്നോടെന്തിഹ ഞാൻ പറവൂ!
'കുലകന്യകമാരാൽ ഹൃദി
ഗുഹനീയം വസ്തു പറയാമോ?
.......................................................................
ഓർത്തവനുടൽ കൂർത്തുമൂർത്തംഗജാസ്ത്രമേറ്റു
നേർത്തുടൻ നെടുതായി വീർത്തു ഞാനാർത്തയായേൻ..'

## അർഥവിശദീകരണം

| | | |
|---|---|---|
| അരയന്നമന്നവ | = | അരയന്നങ്ങളുടെ രാജാവേ |
| ഇഹ | = | ഇക്കാര്യത്തിൽ |
| ഗുഹനീയം | = | മറച്ചുവയ്ക്കപ്പെടേണ്ടതായ |
| പേർത്തു പേർത്തു | = | വീണ്ടും വീണ്ടും |
| ഞാൻ കേട്ടേൻ | = | ഞാൻ കേട്ടു |
| അവനുടൽ | = | അവന്റെ രൂപഭംഗി |

SGOU

| | | |
|---|---|---|
| പാർത്ഥിവോത്തമൻ | = | രാജശ്രേഷ്ഠൻ |
| അംഗജാസ്ത്രമേറ്റു | = | കാമശരങ്ങൾ ഏറ്റു പരവശയായി |
| നേർത്തു | = | വളരെ മെലിഞ്ഞു |

## ആശയവിശദീകരണം

> ▶ നളമഹാരാജാവിനെക്കുറിച്ച് കേട്ട് കാമശരമേറ്റ് ദമയന്തി ദുഃഖിച്ചിരിക്കുന്നു

അല്ലയോ അരയന്നമന്നവ, നിന്നോട് എന്താണു ഞാൻ പറയേണ്ടത്? ഉള്ളിൽ ഒളിപ്പിച്ച കാര്യം പറയുന്നത് കുലവധുക്കൾക്കു ചേർന്നതാണോ? കുലകന്യകയ്ക്ക് ഹൃദയരഹസ്യം പ്രകാശിപ്പിക്കാൻ വിഷമമുണ്ടെന്നും പറഞ്ഞറിയിക്കാൻ കഴിയാത്തതാണെന്നും തുറന്നു പറയാൻ കുലകന്യകക്ക് ബുദ്ധിമുട്ടുണ്ട്. കന്യകാസഹജമായ അഭിലാഷങ്ങളും, അനുരാഗ കഥകളും ആർക്കുമുണ്ടാകും. കമിതാവിന്റെ ഇംഗിതമറിയുന്നതിന് മുമ്പ് അതു വെളിപ്പെടുത്തുന്നതും ഉചിതമല്ല. ജനങ്ങൾ പ്രശംസിക്കുന്ന നളമഹാരാജാവിന്റെ കീർത്തികൾ ഞാൻ ആവർത്തിച്ചു കേട്ടിരുന്നു. അങ്ങനെ അവന്റെ രൂപമോർത്ത് കാമശരമേറ്റ് ശരീരം മെലിഞ്ഞ് നെടുവീർപ്പിട്ട് ഞാൻ ദുഃഖിച്ചിരിക്കുകയായിരുന്നു.

## പദ്യം

'ഉള്ളതു ചൊന്നതിതെന്നാലന്യൂനം നവ-
പല്ലവതുല്യാംഗീ, തവകല്യാണം
നല്ലതു നല്ലതിനോടേ ചേരേണം; തവ
വല്ലഭനപരൻ തുല്യൻ നഹി നൂനം.
മേഘവാഹനനെക്കാൾ ബലവാൻ,
മോഹനാംഗനവനതിഗുണവാൻ
കമനി! രത്നകനകങ്ങളുടെ
ഘടനയേ ഘടന നിങ്ങളുടെ
വിഷ്ണു രമയ്ക്കു നിശയ്ക്കു ശശാങ്ക-
നുമയ്ക്കു ഹരൻ, നളനോർക്കിൽ നിനക്കും.'

## അർത്ഥവിശദീകരണം

| | | |
|---|---|---|
| നവ പല്ലവതുല്യാംഗി | = | ഇളംതളിരിന് തുല്യമായ അംഗമുള്ളവളെ |
| ഇത് ചൊന്നത് | = | ഇപ്പറഞ്ഞത് |
| തവ അന്യൂനം | = | നിനക്ക് കുറവറ്റ |
| കല്യാണം | = | മംഗളം |
| വല്ലഭൻ അപരൻ | = | ഭർത്താവായി മറ്റൊരാൾ |
| നഹിനൂനം | = | ഇല്ലതന്നെ |
| മേഘവാഹനൻ | = | ദേവേന്ദ്രൻ |
| മോഹനാംഗൻ | = | സുന്ദരൻ |
| കമനി | = | കാമമുള്ളവൾ (കാമുകി) |

## ആശയവിശദീകരണം

സുന്ദരി, ഈ പറഞ്ഞതു സത്യമാണെങ്കിൽ നിനക്കു മംഗളം ഭവിക്കും. നല്ലതു നല്ലതിനോടുതന്നെ ചേരണം. സുന്ദരിയായ ഭൈമി ഉത്തമഗുണമുള്ള നളനോട് ചേരണമെന്ന് പ്രസ്തുതാർത്ഥം. അലങ്കാരം അപ്രസ്തുത പ്രശംസ. നിനക്കു യോജിച്ചവനായി മറ്റൊരു ഭർത്താവില്ല. ഇന്ദ്രനെക്കാളും ബലവാനും സുന്ദരനും ഗുണവാനുമാണവൻ. രത്നവും സ്വർണവും ചേരുന്ന ഘടനയാണ് നിങ്ങളുടേത്. ലക്ഷ്മിക്കു വിഷ്ണുവും രാത്രിക്കു ചന്ദ്രനും പാർവതിക്കുശിവനും നളൻ നിനക്കും യോജിച്ചവരാകുന്നു. ദമയന്തീനളന്മാരുടെ ചേർച്ച രത്നകനകങ്ങളുടെ ഘടനയാണ്. വിഷ്ണു ഭഗവാൻ രമാദേവിക്ക് രാത്രിക്ക് ചന്ദ്രൻ, പാർവതിയ്ക്ക് മഹേശൻ, നളൻ നിനക്കും യോഗ്യൻ എന്ന ധർമത്തിൽ അന്വയിക്കണം. പരസ്പരം ചേർച്ചകൊണ്ട് ലോകരുടെ ആരാധനയ്ക്കുപാത്രമായ ദമ്പതിമാരുടെ നിരയിൽ നളദമയന്തിമാരും ചേരും. അനേകം ഏകധർമത്തിൽ അന്വയിക്കുന്നത് ദീപകം. രത്നകനകങ്ങളുടെ ഘടന നളദമയന്തിമാർക്കുണ്ടെന്ന് സമർഥിക്കുന്നു. ഹംസത്തിന്റെ വിവക്ഷ അവരുടെ അനുരൂപതയാണ്. സമം എന്ന അലങ്കാരവും പറയാം. ലക്ഷണം സമം ചേരത്തിൻ ചേർച്ച ജനകോയിതജന്യവും

> ▶ ലോകരുടെ ആരാധനക്കുപാത്രമായ ദമ്പതിമാരുടെ നിരയിൽ നളദമയന്തിമാരും ചേരുന്നു

### പദ്യം

‘നാളിൽനാളിൽ വരുമാധിമൂലമിദം,
ആളിമാരൊടുമിതനുദിതപൂർവം,
കാലമേ ചെന്നു നീ മരാള, പറക നര-
പാലനോടെല്ലാം പ്രതിപാലിതാവസരം.’

## അർഥവിശദീകരണം

| | | |
|---|---|---|
| നാളിൽ നാളിൽ വരും | = | നാൾതോറും വരുന്ന |
| ആധിമൂലം | = | പരിതാപത്തിന് കാരണം |
| ഇദം | = | ഇതാണ് |
| അനുദിതപൂർവം | = | മുമ്പ് പറഞ്ഞിട്ടില്ലാത്തതാണ് |
| മരാളമേ | = | അരയന്നമേ |

## ആശയവിശദീകരണം

നാൾതോറും വളരുന്ന എന്റെ ദുഃഖത്തിനു കാരണമിതാണ്. നളനെ മനസിൽ സങ്കല്പിച്ചുണ്ടായ കാമാർത്തിയാണ്. ഇക്കാര്യം തോഴിമാരോടുപോലും ഞാൻ നേരത്തെ പറഞ്ഞിട്ടില്ല. ഹംസത്തിലുള്ള വിശ്വാസം മൂലം രഹസ്യം ആദ്യം വെളിപ്പെടുത്തുകയാണ്. അനുകൂലസമയം വരുമെന്നും സൂചനയുണ്ട്. കാമപാരവശ്യം അസഹ്യമെങ്കിലും ഫലപ്രാപ്തിക്ക് അനുയോജ്യമായ സമയം വരെ കാത്തിരിക്കണമെന്ന് കുലകന്യകയുടെ മുറയിൽ അവൾ മറുപടി പറഞ്ഞു. ഹംസമേ, വേഗംതന്നെ ചെന്ന് നളമഹാരാജാവിനോട് അവസരം നോക്കി നീ ഇക്കാര്യങ്ങൾ പറയുക.

> ▶ ദമയന്തി രഹസ്യം വെളിപ്പെടുത്തുന്നു

### പദ്യം

‘ചെന്നിതു പറവൻ നൃപനോടഭിലാഷം എന്നാൽ
നിന്നിലുമുണ്ടാമവനും പരിതോഷം

.........................................................................

ഇത്ഥമനർത്ഥമുദിത്വരമാം, അതി-
നുത്തരമോതുക സത്വരമിപ്പോൾ'

### അർഥവിശദീകരണം

| | | |
|---|---|---|
| നൃപൻ | = | രാജാവ് |
| പറവൻ | = | പറയാം |
| പരിതോഷം | = | അളവറ്റ സന്തോഷം |
| മന്നവന് | = | രാജാവിന് |

### ആശയവിശദീകരണം

ഭൈമി ദൗത്യം തുടരാൻ ഹംസത്തിന് അനുമതി നൽകിയെങ്കിലും അവൻ അതിന്റെ പിന്നിൽ പല അപകടങ്ങളുമുണ്ടെന്നു ചിന്തിച്ചു പ്രണയം ദൃഢമാണെന്ന് ഉറപ്പുവരുത്തുന്നു. നിന്റെ ആഗ്രഹം ഞാൻ രാജാവിനോടു പറയാം. അപ്പോൾ നിന്നിൽ അവനും സന്തോഷമുണ്ടാകും. കേട്ടുകേൾവി മൂലമുണ്ടായ അനുരാഗം ദൃഢമാണെന്നറിയുമ്പോൾ അമിതമായ ആനന്ദമുണ്ടാകും. ഇനി നിനക്കു മറ്റൊരുവനോടു താല്പര്യമുണ്ടാകുമോ? അങ്ങനെയെങ്കിൽ രാജാവിന് എന്നോടു കോപമുണ്ടാകും. നിന്റെ അച്ഛൻ നിന്നെ മറ്റൊരാൾക്കു വിവാഹം ചെയ്തു കൊടുക്കും. നീയും അവനിൽ സന്തുഷ്ടനാകും. ഇന്ന് ഈ പറഞ്ഞതൊക്കെ വെറുതെയാവും. എന്നെ ചപലനെന്നും വിളിച്ചേക്കാം. ഇത്തരം അനർഥങ്ങളുണ്ടായേക്കാം. അതിനുത്തരം നീ ഇപ്പോൾത്തന്നെ പറയുക. ഹംസം ദമയന്തിയുടെ പ്രേമഗൗരവം പരീക്ഷിക്കാനും അവളെ നളന്റെ വശത്താക്കാനും വാക്ചാതുരി മാത്രമല്ല ബുദ്ധികൗശലവും പ്രയോഗിക്കുന്നു. അവളുടെ അനുരാഗഗതിയെ ഒന്ന് ഇളക്കി വച്ചുറപ്പിച്ചുയെന്ന് ഹംസം നളനോടു പറയുന്നത് ഈ സാമർഥ്യത്തെയാണ്.

- ഹംസം ദമയന്തിയുടെ പ്രേമഗൗരവം പരീക്ഷിക്കുന്നു

### പദം

## രംഗം മൂന്ന് :

### കുണ്ഡിനോദ്യാനം

'ഹന്ത! ഹംസമേ, ചിന്തയെന്തു തേ?
എന്നുടെ ഹൃദയമന്യനിലാമോ?
അർണ്ണവം തന്നിലല്ലോ നിമ്നഗ ചേർന്നു ഞായം,
അന്യഥാ വരുത്തുവാൻ കുന്നു മുതിർന്നീടുമോ?'

### അർഥവിശദീകരണം

| | | |
|---|---|---|
| ഹന്ത ഹംസമേ | = | ആശ്ചര്യം |
| ഹംസമേ തേ ചിന്തയെന്ത് | = | നിന്റെ ചിന്തയെന്താണ് |
| എന്നുടെ ഹൃദയം | = | എന്റെ ഹൃദയം |
| അന്യനിലാമോ | = | മറ്റൊരു പുരുഷനിൽ പതിയുമോ |
| നിമ്നഗ | = | നദി (താഴേക്ക് ഒഴുകുന്നത്) |
| അർണ്ണവം | = | സമുദ്രം |
| അന്യഥാ വരുത്തുവാൻ | = | മറിച്ച് സംഭവിക്കാൻ |

SGOU

## ആശയവിശദീകരണം

കഷ്ടം! ഹംസമേ, എന്റെ മനസ്സു മറ്റൊരാളിലാകുമോ? കുലകന്യകയായ താൻ ദൃഢചിത്തയാണെന്നും സാധാരണ സ്ത്രീയെപ്പോലെ ചഞ്ചലശീലയല്ലെന്നും ഹന്ത ചിന്തയെന്ത് എന്ന ചോദ്യം കൊണ്ട് വ്യഞ്ജിപ്പിക്കുന്നു. എന്നുടെ ഹൃദയം അന്യനിലാമോ? നളനിൽ ഉറച്ച ഹൃദയം അന്യനിൽ പതിയുകയില്ലെന്ന് വർണ്യം. അതിനെ പ്രതിബിംബ രൂപത്തിൽ പ്രതിപാദിക്കുന്നതാണ് അർണവം തന്നിലല്ലോ നിമ്നഗ ചേർന്നു എന്ന് പ്രസ്തുത പ്രസ്താവം. അന്യഥാ വരുത്താൻ കുന്ന് മുതിർന്നീടുമോ? നദിയുടെ ഒഴുക്ക് തടയാൻ കുന്നിന് സാധിക്കയില്ല. അച്ഛൻ അതിന് തടസ്സം നിൽക്കില്ല എന്ന പ്രസ്തുതാർത്ഥപ്രതീതിയിൽ അപ്രസ്തുതപ്രശംസയുണ്ട്. പുഴ സമുദ്രത്തോടാണല്ലൊ ചേരേണ്ടത്. പുഴയുടെ പിതാവായ പർവതവും മറ്റൊരു തരത്തിൽ വരാനായി അതിനു തടസ്സം നില്ക്കില്ല. നളന്റെ ഗുണഗണങ്ങൾ പറഞ്ഞ് ദമയന്തിയുടെ മനസ്സ് നളനിൽ അനുരക്തമാണെന്നുറപ്പിച്ച് ഹംസം നളസമീപത്തേക്കു യാത്രയാകുന്നു.

> ▶ ദമയന്തിയുടെ മനസ് നളനിൽ അനുരക്തമാണെന്നുറപ്പിക്കുന്നു

## രംഗം നാല് :

### നിഷധോദ്യാനം (നള രാജധാനിയിലെ ഉദ്യാനം)

### ശ്ലോകം – 12

'ഇതി വാചികാനി മധുവാണി തന്നുടെ
വദനോദിതാനി ഹൃദയേ വഹന്നസൗ
ത്വരിതം പറന്നു നിഷധേന്ദ്രസന്നിധൗ
സകലം ജഗാദ മൃഗലോചനാമതം.'

### പദം

'നരപതേ, ഭവദഭിലഷിതമെന്നാൽ
..................................................................
നിയതം നീ തളരൊല്ലാ പിളരൊല്ലാ മനമിനി.'

### അർഥവിശദീകരണം

| | | |
|---|---|---|
| ഇതി വാചികാനി | = | ഇപ്രകാരമുള്ള വാക്യങ്ങളെ |
| സന്നിധൗ | = | സന്നിധിയിൽ |
| അസൗ | = | ഈ |
| മധുവാണി | = | സുന്ദരി |
| ത്വരിതം | = | വേഗം |
| മൃഗലോചനാമതം | = | മാൻ കണ്ണിയുടെ അഭിപ്രായം |
| സകലം ജഗാദ | = | എല്ലാം പറഞ്ഞു |
| നിയതം | = | എല്ലായ്പ്പോഴും |
| കാമിതം | = | ആഗ്രഹം |

## ആശയവിശദീകരണം

ഹംസം തിരിച്ച് നളനെ ചെന്ന് കണ്ട് വിവരങ്ങൾ പറയുന്നു. ദമയന്തിയുടെ വാക്കുകളെ ഹൃദയത്തിൽ വഹിക്കുന്നവനായ ഹംസം വേഗം പറന്നെത്തി ദമയന്തിയുടെ ആശകളെല്ലാം നളനോട് അറിയിച്ചു.

> ▶ ദമയന്തിയുടെ ആശകളെല്ലാം നളനെ അറിയിച്ചു

രാജാവേ, നിന്റെ ആഗ്രഹം ഞാൻ ഏതാണ്ട് പൂർണമായിത്തന്നെ സാധിച്ചിരിക്കുന്നു. വല്ലാത്ത കാമതാപത്തിൽപ്പെട്ട് നീ തളരരുത്. ഇനി ഹൃദയം പിളരരുത്.

### പദം

'ഖഗപതേ, തവ കരഗതമേ മമ കാമിതം ജീവിതവും.

.................................................................................

ആചാരൈരറികയല്ലാ ആശ നിങ്കലെന്നതും

വാചാപി പറയിച്ചൊന്നിളക്കിവച്ചുറപ്പിച്ചേൻ'

### അർഥവിശദീകരണം

| | | |
|---|---|---|
| ഖഗപതേ | = | പക്ഷിശ്രേഷ്ഠാ |
| തവ | = | നിന്റെ |
| വാചാ | = | വാക്ക് |
| പേശലാംഗി | = | സുന്ദരി |
| ആശയം | = | മനസ്സ് |
| വാചാപി | = | വാക്കു കൊണ്ടും |
| ആചാരൈ | = | ചേഷ്ടകൊണ്ട് |

### ആശയവിശദീകരണം

ഹംസശ്രേഷ്ഠാ, എന്റെ ആഗ്രഹം മാത്രമല്ല, ജീവിതംതന്നെ നിന്റെ കയ്യിലാണല്ലോ. പറയുക, നീ ചെന്ന് ദമയന്തിയെ കണ്ടതും ആഗ്രഹങ്ങൾ അറിയിച്ചതും എങ്ങനെ? വേഗം പറന്നു ഞാൻ കുണ്ഡിനപുരിയിൽ ചെന്നു. അവിടെ ഉദ്യാനത്തിൽ കാത്തിരുന്നു. അപ്പോൾ അകിലും ചെങ്കുങ്കുമച്ചാറും ധരിച്ച് തോഴിമാരോടുകൂടി ദമയന്തി അവിടെയെത്തി. രാജാവേ, നീ അവശ്യപ്പെട്ടതുപോലെ കൗശലത്തിൽ ഞാൻ അവളുടെ അഭിമതം അറിഞ്ഞു. സന്ദർഭം കൊണ്ട് അറിയുകയായിരുന്നില്ല; വാക്കുകൊണ്ട് പറയിച്ച് അത് ഇളക്കി ഉറപ്പിക്കുയും ചെയ്തു. അവൾക്കു നിന്നിലാണ് ആഗ്രഹം. നിന്റെ മനസ് ദമയന്തിയുടെ മനസ്സുമായി ഞാൻ ഉറപ്പിച്ചിട്ടുണ്ട്. ഇന്ദ്രൻ വന്നാലും അതിന് ഇളക്കം വരികയില്ല. നീ ചിന്തിക്കുമ്പോൾ ഞാൻ നിന്റെ സമീപത്തു വരാം എന്നു പറഞ്ഞ് ഹംസം ആകാശത്തിൽ പോയി മറഞ്ഞു. ഹംസം പോയി മറയുന്നു. നളൻ ദമയന്തിയുടെ വിവാഹത്തിനായുള്ള ക്ഷണം സ്വീകരിച്ച് പുറപ്പെടുന്നു.

- നളൻ ദമയന്തിയുടെ സ്വയംവരത്തിന് പുറപ്പെടുന്നു

### ശ്ലോകം - 13

'സന്ധിപ്പിച്ചേൻ തവ ഖലു മനം ഭൈമിതൻ മാനസത്തോ-

ടിന്ദ്രൻതാനേ വരികിലിളകാ; കാ കഥാന്യേഷു രാജൻ?

ചിന്തിക്കുമ്പോൾ വരുവനിഹ നിന്നന്തികേ നിർണ്ണയം ഞാ'-

നെന്നും ചൊല്ലി ഖഗപതിപറന്നംബരേ പോയ്മറഞ്ഞാൻ'

### അർഥവിശദീകരണം

| | | |
|---|---|---|
| സന്ധിപ്പിച്ചേൻ | = | ഞാൻ കൂട്ടിച്ചേർത്തു |
| തവമനം | = | നിന്റെ മനസ് |

| | | |
|---|---|---|
| കാ കഥാ | = | എന്തുകഥയാണ് |
| കാ കഥാന്യേഷു | = | മറ്റുള്ളവരുടെ കഥ ചോദിക്കാനുണ്ടോ |
| അംബരം | = | ആകാശം |
| ഖഗപതി | = | പക്ഷിശ്രേഷ്ഠൻ |

### ആശയവിശദീകരണം

▶ ഹംസം പറന്ന് ആകാശത്തിൽ മറഞ്ഞു

ഞാൻ നിന്റെ മനസിനേയും ദമയന്തിയുടെ മനസിനേയും ദൃഢമായി സന്ധിപ്പിച്ചു കഴിഞ്ഞു. ഇനി ദേവേന്ദ്രൻ വന്നാലും നിങ്ങളുടെ മനസ്സ് ഇളകില്ല. അതിനാൽ രാജാവേ മറ്റുള്ളവരുടെ കാര്യം പറയേണ്ടതുണ്ടോ? നീ വിചാരിക്കുമ്പോൾ ഞാൻ നിന്റെ സമീപത്ത് വരാം. എന്നും പറഞ്ഞ് പക്ഷിശ്രേഷ്ഠനായ ഹംസം പറന്ന് ആകാശത്തിൽ മറഞ്ഞു. അലങ്കാരം അർത്ഥാപത്തി.

### ശ്ലോകം. 14

'അഥ തദാ ശതമന്യുരഖിന്നധീ-
രഖിലദൈവതയൗവതസേവിതഃ
സ: പുലോമജയാപ്യനുലോമയാ
നിജഗൃഹേ ജഗൃഹേ സസുഖാസികാം.'

### അർഥവിശദീകരണം

| | | |
|---|---|---|
| അഥ | = | അനന്തരം |
| ശതമന്യു | = | ദേവേന്ദ്രൻ |
| അനുലോമയാ | = | അനുകൂലയായ |
| നിജഗൃഹേ | = | സ്വന്തം ഗൃഹം |

### ആശയവിശദീകരണം

▶ ഇന്ദ്രനാൽ അപ്സര സ്ത്രീകൾ സംരക്ഷിക്കപ്പെട്ടു

ഈ കാലത്ത് ഇന്ദ്രൻ ഇന്ദ്രാണിയോടും അപ്സരസ്ത്രീകളോടും കൂടി സ്വഗൃഹത്തിൽ സുഖിച്ചു കൊണ്ടിരിക്കുകയായിരുന്നു, ചന്ദ്രരശ്മികളിൽ നിന്ന് എപ്രകാരമാണോ സിംഹത്താൽ ഗുഹ സംരക്ഷിക്കപ്പെട്ടത്. അതുപോലെ ഇന്ദ്രനാൽ അപ്സരസ്ത്രീകൾ സംരക്ഷിക്കപ്പെട്ടു.

### ശ്ലോകം: 15

'ഇഭാരിണാ ഗുഹാ, യഥാ
നഭോ യഥാ സുധാംശുനാ
അഭാജി സാ സഭാ തദാ
വിലാസിനാ വലാരിണാ'

### അർഥവിശദീകരണം

| | | |
|---|---|---|
| തദാ | = | അപ്പോൾ |
| വലാരിണാ | = | വലന്റെ ശത്രു |
| നഭഃ | = | ആകാശം |
| സുധാംശുനാ | = | അമൃതകിരണൻ (ചന്ദ്രൻ) |

### അർഥവിശദീകരണം

| | | |
|---|---|---|
| ഹുതാശനൻ | = | അഗ്നി |
| പ്രജാന്തകൻ | = | കാലൻ |
| സുരേശ്വരേണ | = | ദേവേന്ദ്രനോടുകൂടി |

### ശ്ലോകം: 16

'ഹുതാശനൻ പ്രജാന്തകൻ
ജലേശനെന്നു മൂവരും
സുരേശ്വരേണ ഭാസുരേ
പുരാജിരേ വിരേജിരേ'

- നാരദനും പർവതനും ഇന്ദ്രനെ കാണാൻ ചെല്ലുന്നു

### ആശയവിശദീകരണം

ഇന്ദ്രൻ ആസ്ഥാനമണ്ഡപത്തിൽ പോയി. അവിടെ അഗ്നി വരുണന്മാരുടെ കൂടെ ചെന്നുചേർന്നു. ഈ അവസരത്തിൽ നാരദൻ പർവതനോടു കൂടി ഇന്ദ്രനെ കാണാൻ ചെല്ലുന്നു.

## രംഗം : അഞ്ച്

### (ദേവലോക മാർഗം)

### ശ്ലോകം - 17

'നളേ ∫ നുഷക്താമപബുദ്ധ്യ പുത്രീം
സ്വയംവരോദ്യോഗിനി ഭീമഭൂപേ
സുപർവലോകാഭിമുഖം പ്രയാന്തം
സ പർവതോ നാരദമാബഭാഷേ'

### പദം

'പർവതൻ: നാരദ! ഭവാനെന്തു ഭാവമിപ്പോൾ?
......................................................................................................
......................................................................................................
നാരദൻ: ദമയന്തീകാമുകന്മാർ രാജാക്കന്മാർ.'

### അർഥവിശദീകരണം

| | | |
|---|---|---|
| ഭീമ ഭൂപേ | = | ഭീമരാജാവ് |
| നാകായ | = | സ്വർഗത്തിലേക്ക് |
| പ്രയാന്തം | = | പോകുന്ന |
| ആബഭാഷേ | = | സംസാരിച്ചു |
| അനുഷ്ക്താം | = | മനസ് വച്ചവളെന്ന് |
| അപബുദ്ധ്യാ | | അറിഞ്ഞിട്ട് |

- നാരദനും പർവതനും തമ്മിലുള്ള സംഭാഷണം

### ആശയവിശദീകരണം

തന്റെ പുത്രി നളനിൽ അനുരക്തയാണെന്നറിഞ്ഞ് ഭീമരാജാവ് അവളുടെ സ്വയംവരത്തിനായുള്ള ഒരുക്കങ്ങൾ കൂട്ടി. അപ്പോൾ ദേവലോകത്തേക്കു പോകുന്ന പർവതൻ നാരദനോട് ഇങ്ങനെ പറഞ്ഞു.



SGOU

**സാരം:**

പർവതൻ: നാരദാ എന്താണ് അങ്ങയുടെ ഭാവം?

നാരദൻ: പർവതാ ഞാൻ സ്വർഗത്തിലേക്കു പോകുന്നു.

പർവതൻ: സ്വർഗത്തിൽ എന്താണു കാര്യം?

നാരദൻ: ഇന്ദ്രനെ കണ്ടു ചില വാർത്ത പറയണം.

പർവതൻ: എന്താണ് അതെന്ന് എന്നോടു പറയാമോ?

നാരദൻ: ഹേ, അങ്ങും എന്റെ കൂടെ പോന്നുകൊള്ളുക.

പർവതൻ: ഞാൻ വരുന്നതുകൊണ്ടു പ്രയോജനമുണ്ടാകുമോ?

നാരദൻ: ഒന്നുമില്ലെങ്കിലും നല്ല ഭടന്മാർ ചെയ്യുന്ന യുദ്ധത്തെക്കുറിച്ചെങ്കിലും അന്വേഷിക്കാമല്ലോ.

പർവതൻ: എന്താ ഭൂമിയിലെ രാജാക്കന്മാർ തമ്മിൽ യുദ്ധമൊന്നുമില്ലേ?

നാരദൻ: ദമയന്തീകാമുകന്മാരായിരിക്കുന്നു രാജാക്കന്മാർ. അവർക്കു യുദ്ധതാല്പര്യമൊന്നുമില്ലെന്നു ചുരുക്കം.

## രംഗം : ആറ്

### (ദേവലോകം) ഇന്ദ്രലോകം

### ശ്ലോകം 18

'പ്രാപ്തൗ പശ്യൻ നാരദം പർവതംച
പ്രീത്യാ ചെയ്താനിന്ദ്രനാതിത്ഥ്യമാഭ്യാം;
ശ്രോത്രാനന്ദം വായ്ക്കുമാറേവമൂചേ
ഗോത്രാരാതിർന്നാരദം സോപി ചൈനം.'

### പദം

'പൂരിതപരസുഖ, നാരദമുനിവര,
നീരജഭവനന്ദന,
.......................................................
പ്രതിക്രിയയായ് പകരം എന്തുചെയ്വൂ ഞാൻ ?
അനുഗ്രഹം തരുവൻ പരം മഹേന്ദ്ര...

### അർഥവിശദീകരണം

| | | |
|---|---|---|
| പ്രാപ്തൗ പശ്യൻ | = | പ്രാപ്തരായി കണ്ടിട്ട് |
| ഗോത്രാരാതി | = | ഇന്ദ്രൻ |
| ഊചേ | = | പറഞ്ഞു |
| അഴൽ | = | ദുഃഖം |
| നീരജഭവൻ | = | ബ്രഹ്മാവ് |
| പശ്യൻ | = | കണ്ടിട്ട് |
| സഃ | | ഇരുവർക്കും |
| അഭ്യാം | = | അവൻ |

## ആശയവിശദീകരണം

നാരദനും പർവതനും വന്നെത്തിയതു കണ്ട് ഇന്ദ്രൻ പ്രീതിയോടെ ഇരുവർക്കും ആതിഥ്യമരുളി. കർണങ്ങൾക്ക് ആനന്ദം വരുമാറ് ഇന്ദ്രൻ സ്വാഗതവചനവും പറഞ്ഞു. മറ്റുള്ളവർക്കു സുഖം നല്കുന്നവനും ബ്രഹ്മപുത്രനുമായ നാരദമുനേ, തീവ്രതപസ്സുകൊണ്ട് ദുരിതങ്ങൾ നശിപ്പിച്ചുകഴിഞ്ഞ അങ്ങേക്ക് സ്വാഗതം. അല്ലയോ സർവലോകങ്ങൾക്കും നാഥനായുള്ളവനേ, ഇന്ദ്രാ, സദ്ബുദ്ധി ഉള്ളവനേ, ശത്രുക്കളെ പേടിപ്പിച്ചിട്ടുള്ളവനെ, ശോഭിക്കുന്ന ഗുണങ്ങൾക്ക് ഇരിപ്പിടമായുള്ളവനേ, നിനക്ക് സകലക്ഷേമവും അല്ലേ? എല്ലാം ആലോചിച്ച് നോക്കിയാൽ സൗഖ്യം തന്നെ എന്ന് കരുതാം. അങ്ങയെ കണ്ടതിനു ഫലമുണ്ട്. ഇന്ന് എനിക്ക് എന്റെ മനസിൽ ഒരു വലിയ സംശയമുണ്ട്. അല്ലയോ താപസശ്രേഷ്ഠാ ആ സംശയം അങ്ങ് വാക്കുകൾ കൊണ്ട് ഇല്ലാതാക്കിയാലും. എന്റെ മനസിലിരിക്കുന്ന ഒരു ആഗ്രഹം ആലോചിച്ച് നോക്കുമ്പോൾ നിനക്ക് എളുപ്പം സഫലമാക്കാൻ കഴിയുമെന്ന് തോന്നുന്നു. ഇടതടവില്ലാത്ത ഒരു യുദ്ധം കാണാത്തതിൽ എന്റെ മനസിൽ ദുഃഖം കനപ്പെട്ടിരിക്കുന്നു. അത് നീ വലിയരൊളവിൽ സാധിച്ച് തരുമെങ്കിൽ അതിനു പ്രത്യുപകാരമായി ഞാൻ എന്താണ് ചെയ്യേണ്ടത്? ദേവേന്ദ്രാ, ഞാൻ അനുഗ്രഹം ധാരാളം തരുന്നതായിരിക്കും.

- നാരദനും ദേവേന്ദ്രനും തമ്മിലുള്ള സംഭാഷണം

## പദം

'അനുജന്റെ സുദർശനം ദനുജരെ അമർക്കയാൽ
മുനിവര്യ! രണം ദുർലഭം;
.......................................................................
ഗമിക്കുന്നേനവനീതലേ; തൽ സ്വയംവരേ
മിളിതമാം നൃപതികുലേ കലഹമുണ്ടാം.'

## അർഥവിശദീകരണം

| | | |
|---|---|---|
| അനുജൻ | = | മഹാവിഷ്ണു |
| ജന്യം | = | യുദ്ധം |
| വികല്പം | = | സംശയം |
| കോപ്പുതരം | = | പലതരം സാധനങ്ങൾ |
| സുരസ്ത്രീ | = | ദേവസ്ത്രീ |
| ദനുജർ | = | രാക്ഷസർ |
| മിഥഃ | = | പരസ്പരം |
| ത്രിദിവം | = | സ്വർഗം |

## ആശയവിശദീകരണം

മഹാവിഷ്ണുവിന്റെ സുദർശന ചക്രം അസുരന്മാരെ നശിപ്പിക്കുന്നതിനാൽ യുദ്ധം ദുർലഭമായിരിക്കുന്നു. മനുഷ്യർ പരസ്പരം കലഹിക്കുന്നവർ എങ്കിലും അവരാരും മരണാനന്തരം വീരസ്വർഗം പ്രാപിക്കാനായി വരുന്നുമില്ല. അത്ഭുതം തന്നെ. എന്തായാം അതിനു കാരണം? (അനുജൻ=ഇന്ദ്രന്റെ മാതാപിതാക്കളാണ് അദിതിയും കശ്യപനും. അവ

രുടേ സന്താനമായിട്ടാണ് വാമനാവതാരം. അതിനാൽ ഇന്ദ്രന്റെ അനുജൻ ആണ് മഹാവിഷ്ണു) വിദർഭരാജാവിന് അനവധി സൽഗുണങ്ങളുള്ള ഒരു കന്യകയുണ്ട്. അവൾക്കുതുല്യം മറ്റൊരു നാരിയില്ല. അവളുടെ സ്വയംവരമായെന്നു കേൾക്കുന്നു. അവിടെ രാജാക്കന്മാരുടെ വരവ് പ്രതീക്ഷിക്കുന്നു. രാജാക്കന്മാരാണെങ്കിൽ അവളെ ലഭിക്കാനുള്ള മാർഗങ്ങൾ രാവും പകലും ഇരുന്നാലോചിക്കുന്നു. ദമയന്തിയുടെ മനസ്സ് ആർക്കു ലഭിച്ചുവെന്നു കേൾക്കാൻ ആഗ്രഹമുണ്ട്. അവൻ ഭാഗ്യവാനാണ്. അതു കേട്ടാൽ സന്തോഷപ്രദമാണ്. അവൻ വർണ്ണനാതീതമായ ഗുണങ്ങളുള്ളവനായിരിക്കും. ദമയന്തിക്ക് ഉറപ്പുള്ള ഒരനുരാഗം ഒരുത്തനിലുണ്ട്. കൂടുതലൊന്നും ഇപ്പോൾ ഞാൻ പറയുന്നില്ല. അവനുതന്നെ അവളെ ലഭിക്കണം. ഗുണംകൊണ്ട് ദേവസ്ത്രീകളെയും ജയിക്കുന്നവളാണവൾ. ഇപ്പോൾ ഇത്രയും പറഞ്ഞാൽ മതി. ഞങ്ങൾ ഭൂമിയിലേക്കു പോകുകയാണ്. സ്വയംവരത്തിനെത്തുന്ന രാജാക്കന്മാർക്കിടയിൽ കലഹമുണ്ടായേക്കാം. അതിനെ നിയന്ത്രിക്കേണ്ടത് ഇന്ദ്രന്റെ കടമയാണെന്നു ധ്വനി.

▶ ദമയന്തിയുടെ സ്വയംവര വാർത്ത ലോകരറിയുന്നു

### ശ്ലോകം – 19

'സപർവതേ ഗതവതി നാരദേ ഭുവം
സുപർവരാഡപി നിരഗാത് ത്രിവിഷ്ടപാത്
തമന്വയുഃ ശിഖിയമപാശപാണയഃ
ക്രമാദമീ യയുരഥ കുണ്ഡിനാന്തികം'

### അർഥവിശദീകരണം

| | | |
|---|---|---|
| ഗതവതി | = | ഗമിച്ചപ്പോൾ |
| സപർവതേ | = | പർവതനോടു കൂടിയിരിക്കുന്ന |
| നിരഗാത് | = | പുറപ്പെട്ടു |
| ശിഖിയമപാശ പാണയ: | = | അഗ്നിയമവരുണന്മാർ |
| ക്രമാത് | = | മുറയ്ക്ക് |
| യയുഃ | = | പ്രാപിച്ചു |

### ആശയവിശദീകരണം

▶ ദമയന്തിയുടെ സ്വയംവരത്തിന് ദേവന്മാർ കുണ്ഡിനപുരിയിലെത്തി

ദമയന്തിയുടെ സ്വയംവര വാർത്തയറിഞ്ഞ് പർവതനോടു കൂടി നാരദനും ഇന്ദ്രനും സ്വർഗത്തിൽ നിന്നും പുറപ്പെട്ടു. ഇന്ദ്രനെ അഗ്നിയമവരുണന്മാരും അനുഗമിച്ചു. അനന്തരം ഇവർ നാലു പേരും മുറയ്ക്ക് കുണ്ഡിനപുരിയുടെ സമീപമെത്തി.

## കാവ്യാവലോകനം

ഗതാനുഗതികത്വത്തിന്റെ സങ്കുചിതമായ വഴികളിൽ നിന്നു വ്യത്യസ്തമായി നിത്യനൂതനമായ കലാസൃഷ്ടികൾക്കു രൂപം നൽകാൻ അതുല്യപ്രതിഭാശാലികൾക്കേ കഴിയൂ. മലയാള കവിതാസാഹിത്യചരിത്രത്തിൽ പൊതുവേയും ആട്ടക്കഥാ സാഹിത്യത്തിൽ വിശേഷിച്ചും സമാനതകളില്ലാത്ത ഈടുവെയ്പുകളിലൊന്നാണ് ഊർജിതാശയനായ ഉണ്ണായി വാര്യരുടെ നളചരിതം ആട്ടക്കഥ. ആട്ടക്കഥാസാഹിത്യത്തിൽ മാത്രമല്ല കളിയരങ്ങിലേയും കൗസ്തുഭരത്നമായി നളചരിതം നിലകൊള്ളുന്നു. അന്നുവരെ നിലവിലിരുന്ന രംഗശീലങ്ങളെയും രംഗസാഹിത്യസംസ്കാരത്തെയും നവീകരിക്കുന്നതായിരുന്നു വാര്യരുടെ രചന. ഒരു തിര

പ്പുറപ്പാട്, ശൃംഗാരപ്പദം, പോരിനുവിളി, യുദ്ധം, വധം, മംഗളം എന്നിങ്ങനെയായിരുന്നു മിക്ക ആട്ടക്കഥകളുടെയും പൊതുസംവിധാനം. നളചരിതത്തിന് മുൻപ് കൊട്ടാരക്കരത്തമ്പുരാന്റെയും കഥകളാണ് പ്രചാരത്തിലിരുന്നത്. ഇവയെല്ലാം രംഗപ്പൊലിമയിൽ കേന്ദ്രീകരിച്ചായിരുന്നു; യുദ്ധത്തിനും വധത്തിനും പ്രാധാന്യം കല്പിച്ചവ; വേഷവൈവിധ്യത്തോടുകൂടി കലാശങ്ങൾക്കും മേളക്കൊഴുപ്പിനും വക നൽകുന്ന വീരരസപ്രധാനമായ കഥകൾ. കൊട്ടാരക്കരയുടെ രാമനാട്ടം രാമഭക്തി പ്രധാനവും ഭക്തിപ്രധാനവുമായിരുന്നു. കോട്ടയം കഥകൾക്കാകട്ടെ അഭിനയത്തികവുണ്ടായിരുന്നെങ്കിലും അത് ചിട്ടപ്രധാനവും സാങ്കേതികതകൾ നിറഞ്ഞവയുമായിരുന്നു. ഈ രണ്ടു മാർഗങ്ങളും വിട്ട് സ്വതന്ത്രമായ ഒരു രംഗസാഹിത്യവും അരങ്ങുമാതൃകയും നിർമ്മിച്ചെടുക്കുകയായിരുന്നു, അഗാധമായ ജീവിതാവബോധവും രംഗകലാമർമജ്ഞതയും ഒത്തുചേർന്ന ഉണ്ണായിവാര്യർ എന്ന മഹാപ്രതിഭ.

> ▶ കൊട്ടാരക്കരയുടെ രാമനാട്ടം രാമഭക്തി പ്രധാനമായിരുന്നു

നളചരിതം ആട്ടക്കഥയെ അനന്യമാക്കുന്ന ഏറ്റവും പ്രധാന ഘടകങ്ങളിലൊന്ന് ഇതിന്റെ നാടകീയതയാണ്. നാടകീയത ഒരു കൃതിയെ അനുഗ്രഹിക്കുന്നത്, സംഘർഷഭരിതമായ ജീവിതസന്ദർഭങ്ങളെ അനുഭവതീവ്രതയോടെ, ഔചിത്യത്തോടെ ആവിഷ്ക്കരിക്കുമ്പോളാണ്. നളചരിതം ആട്ടക്കഥയുടെ ഇതിവൃത്തഘടനയ്ക്ക് തന്നെ നാടകത്തിന്റെ ആന്തരികശില്പത്തോടാണടുപ്പം. മുഖസന്ധി, പ്രതിമുഖ സന്ധി, ഗർഭസന്ധി, വിമർശസന്ധി എന്നിവയിലൂടെ കടന്ന് നിർവഹണത്തിലവസാനിക്കുന്ന നളചരിതം നാലുദിവസങ്ങളിലെ ഇതിവൃത്തശില്പലക്ഷണമൊത്ത ഒരു നാടകത്തിന്റെ അനുഭവമാണ് അനുവാചകന് നൽകുന്നത്. ഇതിവൃത്തത്തിലെ സംഭവവൈചിത്ര്യം, വികാരവൈവിധ്യം എന്നിവയും സാംഗോപാംഗം ദൃഷ്ടാക്കളിൽ ഉദ്യോഗമുണ്ടാക്കാൻ പോന്ന ആഖ്യാനരീതിയും നളചരിതത്തിന്റെ മൗലികതകളാണ്. കഥാഘടന, രംഗവിഭജനം, രംഗാവിഷ്ക്കാരം എന്നിവയിലൂടെ ആട്ടക്കഥാസാഹിത്യത്തിൽ കേരളത്തിന്റെ തനതായ ഒരു നാടകരീതി രൂപപ്പെടുത്തിയതുകൊണ്ടുതന്നെയാകണം ഇത് കേരളത്തിന്റെ ശാകുന്തളമാണെന്ന് മുണ്ടശ്ശേരി അഭിപ്രായപ്പെട്ടത്.

> ▶ കേരളത്തിന്റെ ശാകുന്തളമാണെന്ന് മുണ്ടശ്ശേരി

'ഉണ്ണായിവാര്യരുടെ കൈയ്യിൽ കിട്ടേണ്ട താമസം കഥകളി ഒന്നാന്തരമൊരു നാടകമാവുക തന്നെ ചെയ്തു. നളചരിതം കഥകളിയെ കേരളത്തിന്റെ ശകുന്തളമെന്നു വിളിച്ചാൽപ്പോലും അധികപ്പറ്റാവുകയില്ല.....അതൊരു കഥകളിയാണെന്ന വസ്തുത അങ്ങു മറക്കുക. ആ നാലുദിവസത്തെ കഥ നാലങ്കമായെടുത്ത് വാര്യർ നിർദ്ദേശിച്ചിട്ടുള്ളതുപോലെ അഭിനയിച്ചു നോക്കുക..... അങ്ങനെ അഭിനയിച്ചാൽ കുറ്റം തീർന്നൊരു നാടകത്തിന്റെ അനുഭവമുണ്ടാകും. ഒരൊന്നാന്തരം നാടകത്തിലെ പാത്രങ്ങൾക്ക് എത്രമാത്രം ലോകധർമിത്വവും വ്യക്തിത്വവും ആവശ്യമാണോ അതെല്ലാം ദമയന്തീനളാദികൾക്കുണ്ട്. എന്തിനധികം പ്രാകൃതമായൊരു ദൃശ്യകല സുപരിഷ്കൃതമായ നാടകീയമായിതീരുമ്പോൾ ഏതേതു വളർച്ചകൾ വേണമെന്നുണ്ടോ? അവ സമസ്തവും ഒത്തിണങ്ങിയിട്ടുള്ളൊരു കൃതിയാണ് നളചരിതം കഥകളി' (വായനശാലയിൽ, മുണ്ടശ്ശേരി പി. 154, 155). കഥാപാത്രസൃഷ്ടിയിലാണ് ഉണ്ണായിവാര്യരുടെ മൗലികത ദർശിക്കാനാവുക. ആട്ടക്കഥകളിലെ കഥാപാത്രങ്ങളിലധികവും പുരാണകഥാപാത്രങ്ങളാണല്ലോ. ഇത് ദേവന്മാരായാലും

> ▶ നളചരിതത്തെപ്പറ്റി മുണ്ടശ്ശേരിയുടെയും ലീലാവതിയുടെയും അഭിപ്രായങ്ങൾ

SGOU

അസുരന്മാരായാലും അവരുടെ പ്രവൃത്തികളും സഞ്ചാരവിധങ്ങളും അലൗകികത്വവും അഭൗമവുമാണ്. വാര്യരാകട്ടെ തന്റെ കഥാപാത്രങ്ങൾക്ക് മാനുഷികമായ പെരുമാറ്റ രീതികൾകൊണ്ട് അനുഭവ ചാരുത നൽകുന്നു. മനോഘടകങ്ങൾ ലോകസാധാരണമാകുന്നു. ചിത്തവൃത്തികളിലുള്ള ഈ താദാത്മ്യമാണ് നളകഥയെ നരകഥയാക്കിമാറ്റുന്നത് (ഡോ. എം. ലീലാവതി എഴുതുന്നു).

ഉണ്ണായിവാര്യരുടെ ജീവിതവീക്ഷണത്തിന്റെയും തത്വചിന്തയുടെയും മനഃശാസ്ത്രജ്ഞാനത്തിന്റെയും പ്രകാശനമാണ് നളചരിതം ആട്ടക്കഥ. മഹാഭാരതത്തിൽ ദ്യൂതദോഷങ്ങൾക്കു ദൃഷ്ടാന്തമായി ബൃഹദശ്വൻ പാണ്ഡവരോടു പറയുന്നതാണ് നളോപാഖ്യാനം. വനവാസികളായ പാണ്ഡവന്മാരുടെ ദുഃഖം ശമിപ്പിക്കാൻ പറഞ്ഞ ആഖ്യാന പ്രധാനമായ ഈ കഥയെ മനുഷ്യജീവിതമെന്ന മഹാപ്രമേയമാക്കി പരിവർത്തിപ്പിക്കുകയാണ് വാര്യർ ചെയ്തത്. ധർമബോധത്തോടുകൂടി നയിക്കുന്ന ജീവിതം മനുഷ്യനെ മഹത്വത്തിലേക്കു നയിക്കും. അതിനിടയിലുള്ള ധർമലോപങ്ങൾ വലിയ ദുരന്തങ്ങളിലേക്കു വഴിതെളിക്കുകയും ചെയ്യും. ജീവിതത്തിനിടയിൽ അറിഞ്ഞോ അറിയാതെയോ ചില ധർമലോപങ്ങൾ ചെയ്യാൻ മനുഷ്യൻ വിധിക്കപ്പെട്ടിരിക്കുന്നു. അതിന്റെ അനിവാര്യമായ ഫലങ്ങൾ അനുഭവിക്കാതെ വഴിയില്ല. ഇത്തരത്തിൽ മനുഷ്യൻ 'അപഹരണീയമായ വിധിയന്ത്രത്തരിപ്പുകളിൽ അകപ്പെടാൻ വിധിക്കപ്പെട്ടിരിക്കുന്നു' എന്ന ദർശനത്തിന്റെ സാക്ഷ്യമാണ് നളചരിതം ആട്ടക്കഥ.

- ധർമലോപങ്ങൾ വലിയ ദുരന്തങ്ങളിലേക്കു വഴിതെളിക്കും

## Summarised Overview

നളചരിതത്തിന്റെ മൂലകഥ, മഹാഭാരതം വനപർവത്തിൽ ദ്യൂതത്തിൽ തോറ്റു കാട്ടിൽ താമസിക്കുന്ന പാണ്ഡവന്മാരെ പല മഹർഷിമാരും വന്ന് പല ഉപാഖ്യാനങ്ങളും ആഖ്യാനം ചെയ്ത് ആശ്വസിപ്പിക്കുന്ന കൂട്ടത്തിൽ ബൃഹദശ്വൻ എന്ന മുനി പറയുന്നതാണ്. 'നളോപാഖ്യാനം വനപർവത്തിൽ 52 മുതൽ 79 വരെയുള്ള 28 അദ്ധ്യായങ്ങളെ ക്രോഡീകരിക്കുന്ന ഒരു പർവമായിട്ടാണു കാണുന്നത്. പുരാണകഥാശരീരത്തിൽ ആട്ടക്കഥാകർത്താവ് യാതൊരു ഭേദവും ചെയ്തിട്ടില്ല. വാസ്തവകഥയെ സംവാദരൂപേണ നിർമിച്ച് രംഗത്തു പ്രയോഗിപ്പിച്ച് രസജ്ഞന്മാരെ വിനോദിപ്പിക്കുന്നതിലാണ് കവിയുടെ സംരംഭം. ഒന്നാം ദിവസത്തെ കഥ എഴുതുന്നതിൽ കവി നൈഷധ കാവ്യത്തെയാണ് അധികം അവലംബിച്ചിരിക്കുന്നത്. ശ്രീഹർഷനെ അനുകരിച്ചിട്ടുണ്ട്. ദൂതുപറയുന്ന നളനെക്കൊണ്ട് ഊരും പേരും വിളിച്ചുപറയിക്കാത്തതു കേവലം ഔചിത്യം വിചാരിച്ചിട്ടാണ്. "സ്നേഹം കൊണ്ടുവരുമൊന്നല്ലോ നാം" എന്നിത്യാദി ശ്ലിഷ്ടവാക്കുകൾ നളനെ വ്യാമോഹിപ്പിച്ചിട്ട് അവന്റെ വേഷം കെട്ടി ഇന്ദ്രാദികൾ മണ്ഡപത്തിൽ ചെന്നിരിക്കട്ടെ എന്നു കല്പിച്ചത് ഒരു കവി മനോധർമ്മമെന്നേയുള്ളു.

നളചരിതത്തിലുപയോഗിച്ചിരിക്കുന്ന ഭാഷ സംസ്കൃതബഹുലമായ മണിപ്രവാളമാകുന്നു. മണിപ്രവാളകൃതിയുടെ മാർഗദർശി എഴുത്തച്ഛനാണല്ലോ. അദ്ദേഹം അന്ന് അതിശൈശവാവസ്ഥയിലായിരുന്ന മലയാളഭാഷയെ സംസ്കൃതത്തിന്റെ കരാവലംബത്തോടെ പ്രൗഢവിഷയങ്ങൾ പ്രതിപാദിക്കുന്നതിനു വിനിയോഗിച്ചു. നമ്പ്യാർ എത്തും പിടിയുമില്ലാത്ത വേദാന്തതത്വങ്ങളിൽ പ്രവേശിക്കാതെ മലയാളത്തിനു സാർവജനീനങ്ങളായ ലൗകികസംഗതികൾ വർണിക്കുന്നതിൽ എത്രത്തോളം ശക്തിയുണ്ടെന്നു വെളിപ്പെടുത്തി. അദ്ദേഹം ആവശ്യം പോലെ സംസ്കൃതത്തിൽ

നിന്നു ശബ്ദപ്രകൃതികൾ കടം വാങ്ങിയതേയുള്ളൂ. ഉണ്ണായിയുടെ പോക്ക് ഈ രണ്ടു വഴിയിലുമല്ല. അദ്ദേഹത്തിന്റെ മാർഗമൊന്നു വേറെയാണ്. ഉണ്ണായിക്ക് മലയാളവും സംസ്കൃതവും ഒന്നുപോലെ സ്വാധീനമാണ്. അപ്പോഴപ്പോൾ നാവിലുദിച്ച ഭാഷയിൽ അദ്ദേഹം എഴുതും എന്നല്ലാതെ കടം വാങ്ങീട്ട് ആവശ്യമുണ്ടോ എന്നുള്ള വിചാരമേ അദ്ദേഹത്തിനില്ല. 'തേടിയ വള്ളി കാലിൽ ചുറ്റി' എന്നുള്ള മലയാളത്തിലെ പഴമൊഴിയെ അദ്ദേഹം 'മിളിതം പദയുഗളേ നിഗളിതയാ മാർഗിതയാ ലതയാ' എന്ന പ്രൗഢസംസ്കൃതത്തിൽ തർജമചെയ്താണ് ഉപയോഗിക്കുന്നത്. സംസ്കൃതത്തിലെ പ്രയോഗവിശേഷങ്ങളെല്ലാം ഉണ്ണായിവാര്യർ മലയാളത്തിലും ചേർത്തിട്ടുണ്ട്.

നളചരിതത്തിൽ പാത്രസ്വഭാവ ചിത്രണം അത്യധികം ആകർഷകവും മനുഷ്യവിജ്ഞാനവും അവഗാഢവുമാണ്. മറ്റ് ആട്ടക്കഥകളിൽ പാത്രങ്ങളില്ല... മൂശകളെയുള്ളൂ. അതായത് വ്യക്തികളില്ല ടൈപ്പുകളേയുള്ളു. ഏതു ചുവന്ന താടിയും ഒരേ ടൈപ്പ്, ഏതു കരിക്കും ഒരേ ഭാഷ, ഏതു കത്തിയുടെ അലർച്ചയ്ക്കും ഒരേ ശബ്ദം അവയെ അന്യോന്യം വെച്ചുമാറിയാലും ആരും തിരിച്ചറിയുകയില്ല. നളചരിതത്തിലെ ഒരൊറ്റ കഥാപാത്രത്തെയും ഇങ്ങനെ വച്ചുമാറാൻ പറ്റില്ല. ഓരോന്നും ഓരോ വ്യക്തിയാണ്. നളനും പുഷ്കരനും കാട്ടാളൻമാർക്കും തനതായ വ്യക്തിത്വമുണ്ട് അവരെല്ലാമുൾപ്പെട്ട കഥയ്ക്കും അപ്രകാരമൊരു അപ്രതിമത്വം വന്നു ചേർന്നതിൽ അത്ഭുതമുണ്ടോ? അർഥപുഷ്ടിയും ശബ്ദപുഷ്ടിയും നളചരിതത്തിലെപ്പോലെ മറ്റൊരു മണിപ്രവാളകൃതിയിലും ഒന്നുപോലെ ചേർന്നു യോജിച്ചിട്ടുണ്ടോ എന്നു സന്ദേഹമാണ്. പരിചോടു വിരവിൽ, അങ്ങനെ ഓർത്താൽ, അങ്ങു, ഇഹ, ഉടനെ, ആശു മുതലായ പദപൂരണങ്ങൾ അദ്ദേഹം വളരെ അപൂർവമായേ ഉപയോഗിച്ചിട്ടുള്ളൂ. പ്രാസത്തിനു വേണ്ടി ഈവക പദങ്ങൾകൊണ്ടു വിടവടയ്ക്കുന്ന സമ്പ്രദായമേ ഉണ്ണായിവാര്യർ മനസിലാക്കിയിരുന്നില്ല. അതുകൊണ്ട് സാധാരണ മലയാള കവിതകളിൽ കാണുന്ന ബന്ധശൈഥില്യം നളചരിതത്തെ ബാധിച്ചിട്ടില്ല. വാര്യർക്ക് അർഥത്തിൽ വളരെ നിഷ്കർഷയുണ്ട്; എന്നാൽ ശബ്ദത്തിലും ഒട്ടും കുറവല്ല. താളത്തിന്റെ മുറയ്ക്ക് പ്രാസം കണക്കിനു വീണുകൊണ്ടിരിക്കണം.

നളചരിതം ഒന്നാം ദിവസത്തെ രംഗം ആറു വരെയുള്ള കഥയാണ് ഈ യൂണിറ്റിൽ വിശദപഠനത്തിനുള്ളത്. ലോകവീരനായ നളൻ നിഷധവാണരുളുന്ന കാലത്ത് നാരദമുനി ഒരിക്കൽ കൊട്ടാരത്തിൽ എഴുന്നള്ളി. നൈഷധനിൽ പ്രീതി തോന്നിയ ദേവർഷി വിദർഭനന്ദിനിയുടെ ഗുണങ്ങൾ വർണിച്ചു. അവളെ സ്വന്തമാക്കാൻ യത്നിക്കണമെന്നും ഉപദേശിച്ചു. നാരദന്റെ വാക്കും, സാർത്ഥവാഹകരുടെ അഭിപ്രായങ്ങളും കേട്ട് നളനിൽ ഭൈമീചിന്ത വർദ്ധിച്ചു. രാജ്യകാര്യങ്ങൾ മന്ത്രിമാരെ ഏൽപ്പിച്ച് ഉദ്യാനത്തിൽ വിശ്രമിച്ച രാജാവ് ഒരു സുവർണഹംസത്തെ കണ്ടു. അതിൽ കൗതുകം തോന്നുകയാൽ പെട്ടെന്ന് അതിനെപ്പിടിച്ചു. ഹംസം പ്രാണഭയം കൊണ്ട് കരഞ്ഞു. ദീനദയാലുവായ രാജാവ് അവനെ വിട്ടയച്ചു. ഹംസമാകട്ടെ രാജാവിന് ഒരു ഉപകാരം ചെയ്യാമെന്നറിയിച്ചു. സുന്ദരീരത്നമായ ദമയന്തിയെ സ്വന്തമാക്കാൻ സഹായിക്കണമെന്നായിരുന്നു വാഗ്ദാനം. അവളുടെ ഗുണഗണവർണനയിൽ ആകൃഷ്ടനായ രാജാവ് ദൗത്യവുമായി ഹംസത്തെ വിദർഭയിലേക്ക് വിടുന്നു. നളന്റെ സൽകീർത്തി കേട്ട് കാമപരവശയായ ഭൈമി, ഉദ്യാനത്തിൽ വിനോദിക്കുമ്പോൾ സ്വർണവർണമുള്ള ഹംസത്തിനെക്കണ്ട് അവനെ സ്വന്തമാക്കണമെന്ന് തോന്നി. ഹംസം ഭൈമിയെ തോഴിമാരിൽ നിന്നും അകറ്റാനും ശ്രമിച്ചു. സുന്ദരിയായ ഭൈമിയുടെ ഹൃദയഗതി പകുതിയുമറിഞ്ഞ ഹംസം അവളുടെ അനുരാഗം നളനിൽ ഉറപ്പിക്കാൻ ചില കൗശലങ്ങൾ പ്രയോഗിക്കുന്നു. നളനെ വിചാരിച്ച് കാമപരവശയായ താൻ മറ്റൊരു പുരുഷനെ വരിക്കില്ലെന്ന് അവൾ ഹംസത്തിന് ഉറപ്പുകൊടുത്തു. ദമയന്തീനളന്മാരുടെ അനുരാഗത്തിന് ദൗത്യം വഹിക്കുന്നതിൽ ഹംസത്തിനുള്ള പങ്കാണ് ഇവിടെ ചേർത്തിരിക്കുന്നത്. ദമയന്തീസ്വയംവര കഥയറിഞ്ഞ് ഇന്ദ്രാദിദേവന്മാരും അഗ്നിയമവരുണന്മാരും കുണ്ഡിനപുരിയിലെത്തി ചേരുന്നതുവരെയാണ് പാഠ്യഭാഗം.

## Assignments

1. 'അതി ദുഃഖകാരണമിന്ന് ആരാമസഞ്ചാരണം' എന്ന് നളന് തോന്നാനിടയായ കാരണങ്ങളെന്തെല്ലാമെന്ന് വിശദീകരിക്കുക.
2. 'രത്നമെല്ലാം നിനക്കുള്ളൂ യജ്ഞമേ ദേവകൾക്കുള്ളൂ' - നാരദൻ ഇങ്ങനെ പറയാനുള്ള സാഹചര്യമെന്താണെന്ന് വിലയിരുത്തുക.
3. ഉദ്യാനത്തിലെ സുന്ദരവസ്തുക്കൾ നളനെ വിഷമിപ്പിച്ചതെങ്ങനെയെന്ന് വിശദീകരിക്കുക.
4. നാരദന്റെ ദമയന്തീവർണന നളനിലുണ്ടാക്കിയ ചിന്താവ്യഥകൾ എന്തെല്ലാമെന്ന് വിശദീകരിക്കുക.
5. ഹംസത്തിന്റെ ദൗത്യപാടവത്തെക്കുറിച്ച് വിവരിക്കുക?
6. ദമയന്തിയുടെ പ്രണയത്തിലെ ദൃഢചിത്തത പാഠഭാഗത്തെ മുൻനിർത്തി വിശദീകരിക്കുക.
7. 'മലയാളശാകുന്തളം' എന്ന് നളചരിതത്തെ വിശേഷിപ്പിക്കുന്നതിന്റെ സാംഗത്യമെന്തെന്ന് വിലയിരിക്കുക.
8. ഹംസവും ദമയന്തിയും തമ്മിലുള്ള സംഭാഷണത്തെപ്പറ്റി വിവരിക്കുക.

## Suggested Readings


1. അയ്മനം കൃഷ്ണക്കൈമൾ, ആട്ടക്കഥാ സാഹിത്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. പന്മന രാമചന്ദ്രൻ നായർ, നളചരിതം ആട്ടക്കഥ (കൈരളീവ്യാഖ്യാനം), കറന്റ് ബുക്സ്, കോട്ടയം.
3. പന്മന രാമചന്ദ്രൻ നായർ, സമ്പൂർണ്ണ മലയാളസാഹിത്യചരിത്രം, കറന്റ് ബുക്സ്, കോട്ടയം.


## References


1. ഡോ. കെ. എം. ജോർജ് (എഡി), സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.
2. ഉണ്ണായിവാര്യർ, നളചരിതം, എ. ആറിന്റെ വ്യാഖ്യാന സഹിതം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.
3. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി. സി. ബുക്സ്, കോട്ടയം.
4. ഡോ. എം. ലീലാവതി, മലയാളകവിതാ സാഹിത്യചരിത്രം, കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# Unit 4 കല്യാണസൗഗന്ധികം

## Learning Outcomes

- കുഞ്ചൻ നമ്പ്യാരുടെ കാവ്യശൈലി പരിചയപ്പെടുന്നു
- കുഞ്ചൻ നമ്പ്യാരുടെ മറ്റു സാഹിത്യകൃതികളെക്കുറിച്ച് അറിവുനേടുന്നു
- തുള്ളൽ പ്രസ്ഥാനത്തിന്റെ പ്രത്യേകതകൾ കണ്ടെത്തുന്നു
- നമ്പ്യാരുടെ തുള്ളലിന് സമൂഹത്തിലുണ്ടായ സ്വാധീനത മനസിലാക്കുന്നു
- കല്യാണ സൗഗന്ധികം തുള്ളൽകൃതിയുടെ സവിശേഷതകൾ വിലയിരുത്തുന്നു

## Background

പതിനെട്ടാം നൂറ്റാണ്ടിലെ പ്രമുഖ മലയാളഭാഷാകവിയാണ് കുഞ്ചൻ നമ്പ്യാർ. പ്രതിഭാസമ്പന്നനായ കവി എന്നതിനു പുറമേ തുള്ളൽ എന്ന നൃത്തകലാരൂപത്തിന്റെ ഉപജ്ഞാതാവെന്ന നിലയിലും പ്രസിദ്ധനാണ്. നമ്പ്യാരുടെ കൃതികൾ മിക്കവയും തുള്ളൽ അവതരണങ്ങളിൽ ഉപയോഗിക്കാൻ വേണ്ടി എഴുതപ്പെട്ടവയാണ്. നർമത്തിൽ പൊതിഞ്ഞ സാമൂഹ്യവിമർശനമാണ് അദ്ദേഹത്തിന്റെ കൃതികളുടെ മുഖമുദ്ര. മലയാളത്തിലെ ഹാസ്യകവികളിൽ അഗ്രഗണ്യനാണ് നമ്പ്യാർ. നമ്പ്യാരുടെ ജീവിതത്തെക്കുറിച്ച് കൃത്യമായ വിവരങ്ങൾ നൽകുന്ന രേഖകളൊന്നുമില്ല. ലഭ്യമായ അറിവു വച്ച്, ഇന്നത്തെ പാലക്കാട് ജില്ലയിലെ ലക്കിടി തീവണ്ടിയാപ്പീസിനടുത്തുള്ള കിള്ളിക്കുറിശ്ശിമംഗലത്ത് കലക്കത്ത് ഭവനത്തിലായിരുന്നു നമ്പ്യാരുടെ ജനനം എന്ന് കരുതപ്പെടുന്നു. ബാല്യകാല വിദ്യാഭ്യാസത്തിനുശേഷം അദ്ദേഹം പിതാവിനോടൊപ്പം പിതൃദേശമായ കിടങ്ങൂരിലെത്തി. തുടർന്ന് അമ്പലപ്പുഴയിലും കുടമാളൂരും താമസമാക്കിയ നമ്പ്യാർ ചെമ്പകശ്ശേരി രാജാവായ ദേവനാരായണന്റെ സ്നേഹവാത്സല്യങ്ങൾക്കു പാത്രമായി. ചെമ്പകശ്ശേരിരാജാവിന്റെ ആശ്രിതനായി ഏറെക്കാലം അമ്പലപ്പുഴയിലാണ് അദ്ദേഹം ജീവിച്ചത്. ഇക്കാലത്താണ് തുള്ളൽകൃതികളിൽ മിക്കവയും എഴുതിയതെന്ന് കരുതപ്പെടുന്നു.

അമ്പലപ്പുഴ ക്ഷേത്രത്തിൽ ചാക്യാർകൂത്ത് എന്ന ക്ഷേത്രകലയിൽ മിഴാവ് കൊട്ടുകയായിരുന്ന നമ്പ്യാർ ഒരിക്കൽ ഉറങ്ങിയപ്പോൾ പരിഹാസപ്രിയനായ ചാക്യാർ അരങ്ങത്തുവച്ചുതന്നെ കലശലായി പരിഹസിച്ചു ശകാരിച്ചതാണ് തുള്ളലിന്റെ തുടക്കത്തിന് കാരണമായതെന്ന് ഒരു കഥയുണ്ട്. പകരംവീട്ടാൻ അടുത്ത ദിവസം തന്നെ നമ്പ്യാർ ആവിഷ്കരിച്ച് അവതരിപ്പിച്ച പുതിയ കലാരൂപമായിരുന്നത്രെ തുള്ളൽ. തുള്ളലിന് കൂത്തുമായി വളരെ സാമ്യമുണ്ടെന്നതൊഴിച്ചാൽ ഈ ഐതിഹ്യത്തിൽ എത്രമാത്രം സത്യമുണ്ടെന്ന് പറയുക ബുദ്ധിമുട്ടാണ്. ഏതായാലും തുള്ളലിനെ ഒരൊന്നാംകിട കലാരൂപമായി വികസിപ്പിച്ചെടുക്കാനും അതിന് പരക്കെ അംഗീകാരം നേടിയെടുക്കാനും നമ്പ്യാർക്ക് കഴിഞ്ഞു. തുള്ളലുകളുടെ ഭാഷയായി നമ്പ്യാർ തെരഞ്ഞെടുത്തത് സംസാരഭാഷയോട് ഏറ്റവും അടുത്ത സാധാരണക്കാരന്റെ ഭാഷയാണ്. അത് അവയ്ക്ക് കൂടുതൽ സ്വീകാര്യത നേടിക്കൊടുത്തു. സാധാരണക്കാർക്ക് രുചിക്കുന്ന കവിത അവരുടെ ഭാഷയിൽ തന്നെയായിരിക്കണം എന്ന് നമ്പ്യാർ പറഞ്ഞിട്ടുണ്ട്.

ഓട്ടൻ, ശീതങ്കൻ, പറയൻ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളിലായി 64 തുള്ളലുകൾ നമ്പ്യാർ

എഴുതിയതായി പറയപ്പെടുന്നു. നമ്പ്യാരുടെ ഏറെ പ്രസിദ്ധമായ ഫലിതബോധത്തിനു പുറമേ അദ്ദേഹത്തിന്റെ വിപുലമായ അനുഭവസമ്പത്തും എല്ലാ വിജ്ഞാനശാഖകളിലുമുള്ള അവഗാഹ വും ഈ കൃതികൾ പ്രകടിപ്പിക്കുന്നു. സാമൂഹ്യവിമർശനം, നിശിതമായ ഫലിതപരിഹാസങ്ങൾ, കേരളീയത, സാധാരണക്കാരന്റെ ഭാഷ, ലോകോക്തികൾ എന്നിവയെല്ലാം നമ്പ്യാരുടെ കൃതിക ളുടെ ലക്ഷണങ്ങളായി നിരൂപകർ എടുത്തു പറയുന്നു. അദ്ദേഹത്തിന്റെ രചനകളുടെ ഈ പ്രത്യേ കതകൾ കവിക്ക് വലിയ ജനപ്രീതി നേടിക്കൊടുത്തു. ജനകീയ കവി എന്ന് നമ്പ്യാർ വിശേഷിക്ക പ്പെടാറുണ്ട്. പതിനെട്ടാം ശതകത്തിൽ കേരളത്തിൽ നിലവിലിരുന്ന സാമൂഹിക സ്ഥിതിയിലേക്ക് നമ്പ്യാരുടെ കൃതികൾ വെളിച്ചം വീശുന്നു. ഭൂസ്ഥിതി, സസ്യപ്രകൃതി, ജലവിനിയോഗം, പാരമ്പ ര്യജന്തുവിജ്ഞാനം, നാടൻതത്വചിന്ത, നാട്ടുവിദ്യാഭ്യാസരീതി, നാടൻവിനോദങ്ങൾ, ഉത്സവങ്ങൾ, അങ്ങാടി വാണിഭം, നാടൻ മത്സ്യബന്ധനം, ചികിത്സാരീതികൾ, കൃഷിയറിവുകൾ, കടലറിവു കൾ, കാട്ടറിവുകൾ, നാടൻ ഭക്ഷണരീതികൾ, നാട്ടുസംഗീതം, മുത്തശ്ശിച്ചൊല്ലുകൾ തുടങ്ങിയ മണ്ഡലങ്ങൾ നമ്പ്യാർ കവിത വിശദമാക്കുന്നു. തുള്ളൽക്കവിതകളിൽ മിക്കവയുടേയും പ്രമേയം പുരാണേതിഹാസങ്ങളാണെങ്കിലും നമ്പ്യാർ കൊടുക്കുന്ന പശ്ചാത്തലം കേരളീയമാണ്. കഥാ പാത്രങ്ങൾക്ക് അദ്ദേഹം മലയാളിത്തം കല്പിച്ചുകൊടുക്കുന്നു. ഭീമൻ, ദുര്യോധനൻ, ദേവേന്ദ്രൻ, ദമയന്തി, ദ്രൗപദി, സീത, പാർവതി തുടങ്ങിയ കഥാപാത്രങ്ങൾ കേരളത്തിലെ സ്ഥിതിഗതികൾക്ക നുരൂപമായ വേഷപ്പകർച്ചയോടുകൂടി മാത്രമേ തുള്ളലുകളിൽ പ്രത്യക്ഷപ്പെടുന്നുള്ളൂ. ഭൂ-സ്വർഗ- പാതാളങ്ങൾ നമ്പ്യാരുടെ ഭാവനയിൽ അമ്പലപ്പുഴയോ, തിരുവനന്തപുരമോ ആയി മാറുന്നു.

**തുള്ളലിലെ ഭാഷ**

നല്ല സംസ്കൃതപണ്ഡിതനായിരുന്ന നമ്പ്യാർ തുള്ളൽക്കഥകളിലേക്ക് വളരെ ലളിതമായ ഭാഷാ രീതി കൈക്കൊണ്ടു. ഇതു ബോധപൂർവ്വം സ്വീകരിച്ച ഒരു വ്യതിയാനമായി കാണണം. സംസ് കൃത പ്രചുരമായ മണിപ്രവാളരീതിയിൽ നിന്ന് ഭാഷ ക്രമേണ വിമുക്തമായി വരുന്ന കാലമായിരു ന്നു അത്. സാധാരണക്കാരുടെ ഇടയിൽ സാഹിത്യകൃതികൾ പ്രചരിക്കുകയും അവ കൊണ്ടുള്ള പ്രയോജനം ഉന്നതതലങ്ങളിൽ മാത്രം കെട്ടിനിൽക്കാതെ താഴ്‌വരകളിലേക്കും വാർന്നൊഴുകിയാ ലേ ജനസമുദായത്തിന്നാകമാനം പ്രയോജനകരമായിത്തീരുകയുള്ളൂവെന്ന് അദ്ദേഹം വിശ്വസി ച്ചു. പടയണിയും, പറയൻതുള്ളലും കണ്ടു ശീലിച്ചവർക്ക് അവയോടേതാണ്ടു സാജാത്യം വഹി ക്കുന്ന ഭാഷാശൈലിയും, പ്രതിപാദനരീതിയുമേ രുചിക്കുകയുള്ളൂ. ഭാഷയുടെ പൊതുവേയുള്ള പുരോഗതിക്കും, സംസ്കൃതത്തിന്റെ അമിതമായ പ്രാമാണ്യത്തിനും ഒരു പരിധി വരെ അറുതി വരുത്തുവാൻ നമ്പ്യാരുടെ തുള്ളൽ പ്രസ്ഥാനത്തിലൂടെ കഴിഞ്ഞു. ഇതിലെ ഭാഷ ലളിതമാണെങ്കി ലും ഊർജ്ജസ്വലവും, ചമൽക്കാരപൂർണവുമാണ്. സന്ദർഭത്തിന്നനുസരിച്ച് ഭാഷാരീതിയിലും വ്യ ത്യാസം അദ്ദേഹം വരുത്തി. അതുപോലെ തന്നെ ദീർഘമായ വർണനകളും, വിശദീകരണങ്ങളും കാണാം. ഉപകഥകളും, ഉപാഖ്യാനങ്ങളും കാണാവുന്നതാണ്. ഹാസ്യരസമാണ് ഇതിലെ ജീവൻ എന്നു എടുത്തു പറയാം. ഇതിലെല്ലാമുപരി ഇതിൽ എടുത്തുപറയേണ്ടത് സാമൂഹ്യനിരൂപണമാ ണ്. സമൂഹത്തിന്റെ ജീർണതകളെയും, പുഴുക്കുത്തുകളെയും തുള്ളലിലൂടെ അതിനിശിതമായി കുഞ്ചൻനമ്പ്യാർ വിമർശിച്ചു. പരിഹാസം വഴി സാമൂഹ്യപരിഷ്ക്കരണം നടത്തി. അതിലെ മനോ ധർമം കേൾക്കുന്നവർക്കു കുറിക്കുകൊണ്ടു, അഥവാ അതിനു നിമിത്തമായവർക്കുക കൂടി മന സിലാക്കി സ്വയം പരിശോധനയ്ക്കു വിധേയമാക്കുവാൻ പര്യാപ്തമായിരുന്നു. തുള്ളൽക്കഥക ളിൽ കാണുന്ന സാമൂഹ്യവിചിന്തനം നമ്പ്യാരുടെ പ്രായോഗിക ജ്ഞാനത്തിന്റേയും, നിരീക്ഷണ കുശലതയുടേയും ആഴവും പരപ്പും കൊണ്ട് നമ്മെ അമ്പരപ്പിക്കുന്നതാണ്.

തുള്ളലുകൾ പ്രധാനമായും മൂന്നു തരത്തിലുണ്ട്: ഓട്ടൻതുള്ളൽ, ശീതങ്കൻതുള്ളൽ, പറയൻ തുള്ളൽ. ഇതിൽ കല്യാണസൗഗന്ധികം ശീതങ്കൻ തുള്ളലാണ്.

ഉച്ച കഴിഞ്ഞാണ് ശീതങ്കൻ തുള്ളൽ നടത്തുന്നത്. മുഖത്തു തേപ്പും മിനുക്കും പാടില്ല. കണ്ണെ ഴുതും, വെളുത്ത പൊട്ടുതൊടും, തലയിൽ കറുത്ത ഉറുമാലാണ് കെട്ടുന്നത്. അതിനു മുമ്പായി

വെളുത്ത വസ്ത്രംകൊണ്ടു തലയിൽ 'കൊണ്ട'കെട്ടും. കൊണ്ടയ്ക്കുമേൽ കറുത്ത ഉറുമാലും അതിനുപരി കുരുത്തോലമാലയുമാണ് അണിയുന്നത്. മാറിലും കുരുത്തോല കൊണ്ടുള്ള മാല ചാർത്തുന്നു. ചിലമ്പും കച്ചയും രണ്ടു കാലിലും കെട്ടുന്നു. കടകം കുരുത്തോല കൊണ്ടാണു ണ്ടാക്കുന്നത്.

## Keywords

മഹാഭാരതം കഥ-ഭീമന്റെ കല്യാണസൗഗന്ധികാന്വേഷണ യാത്ര-തുള്ളൽ പ്രസ്ഥാനം-പുരാണ കഥയുടെയും നിലവിലെ സാമൂഹിക അന്തരീക്ഷത്തിന്റെയും സമന്വയം-കദളീവന വർണന -ഭീമ ഹനുമൽ സംവാദം-ഭീമന്റെ പരാക്രമം-ഹനുമാന്റെ പരിഹാസം-ഭീമന്റെ അഹങ്കാരം ശമിക്കൽ

## Discussion

### 3.4.1 കല്യാണസൗഗന്ധികം

പാണ്ഡവരുടെ വനവാസക്കാലത്ത് ഗന്ധമാദനപർവതസീമയിൽ നിന്നും പാഞ്ചാലിക്ക് ഒരു ദിവസം അതുവരെ കണ്ടിട്ടില്ലാത്ത സൗഗന്ധി കപുഷ്പങ്ങൾ കാറ്റിൽ പറന്നുവന്നു കിട്ടി. സൗഗന്ധികപുഷ്പങ്ങളുടെ സുഗന്ധവും ഭംഗിയും സൗന്ദര്യവും കണ്ട് ഈ പുഷ്പങ്ങൾ തനിക്ക് കിട്ടണമെന്ന് പാഞ്ചാലി ഭർത്താവായ ഭീമനോട് ആവശ്യപ്പെട്ടു. തന്റെ പ്രേയസിയുടെ ഇംഗിതം സാധിപ്പിക്കാനായി ഭീമൻ ഗദാധാരിയായി ഉടനെ പുറപ്പെട്ടു. വലിയ ജേതാവിനെപ്പോലെ ശൗര്യത്തോടും ഗർവ്വോ ടും കൂടി ഭീമസേനൻ സൗഗന്ധികപുഷ്പം തേടി യാത്ര തുടങ്ങി. പല ജാതിവൃക്ഷങ്ങളും വല്ലീതൃണങ്ങളും നിറഞ്ഞ വനത്തിലൂടെ സഞ്ചരിച്ച് മാരുതി മഹാഘോരമായ വനപ്രദേശത്തിൽ പ്രവേശിച്ചു. കാനനഭംഗി യിൽ ആഹ്ലാദം പൂണ്ട പാണ്ഡവൻ എട്ടുദിക്കുകളും പൊട്ടുംവിധം അട്ട ഹസിക്കുകയും പൊട്ടിച്ചിരിക്കുകയും ചെയ്തു. മാനംമുട്ടി നിൽക്കുന്ന മാമരങ്ങളെ ഗദാപ്രയോഗംകൊണ്ട് വീഴ്ത്തി. തലയെടുത്തുനിന്ന മഹാ വൃക്ഷങ്ങൾ പൊട്ടിത്തകർന്നു പതിക്കുന്ന കോലാഹലം എല്ലായിടവും മാറ്റൊലി കൊണ്ടു. മരക്കൂട്ടങ്ങൾ പൊട്ടിത്തകരുന്നതും കെട്ടി പിണഞ്ഞ് പതിക്കുന്നതുമായ ശബ്ദംകേട്ട് ഭയപ്പെട്ട മൃഗങ്ങൾ പല ദിക്കിലേക്കും പാഞ്ഞു തുടങ്ങി. ഒരു വന്മരം പെട്ടെന്ന് പൊട്ടിത്തകർന്ന് മറ്റൊരു വൃ ക്ഷത്തിൽ പതിച്ചു. അത് മറ്റൊന്ന് തകർത്ത് മറ്റൊന്നിനുമേൽ വീണു. തുടർന്ന് ആ നിരയിലുള്ള മരങ്ങളെല്ലാം ആഘാതംകൊണ്ട് തകർന്നുവീ ണു. വൃക്ഷങ്ങളിൽ ചുറ്റിപ്പിണഞ്ഞ വള്ളികൾ ചുവടറ്റ് അതിൽനിന്നും വേർപെട്ട് ചുറ്റുപാടും ചിതറിവീണു. വള്ളിക്കുടിലിലും മടയിലും ചേറ്റി ലും മറ്റും കിടന്ന ഈറ്റപ്പുലികളും സിംഹങ്ങളും, പന്നിത്തടിയനും ഭീമ സേനൻ ഗദ ചുഴറ്റിയപ്പോൾ ഉയർന്ന കാറ്റ് തട്ടി പാറ്റകൾപോലെ പല ദിശയിലേക്ക് പാഞ്ഞുപോയി.

- ഭീമസേനൻ സൗഗന്ധിക പുഷ്പം തേടി യാത്ര തുടങ്ങി

അത്യുന്നതവും അതിവിസ്തൃതവും അത്ഭുതകരവുമായ പർവതം വഴിയിൽ മുന്നിൽക്കണ്ടു. നക്ഷത്രമണ്ഡലം തൊട്ടുനിൽക്കുന്ന ഉന്നത ഗിരിശൃംഗങ്ങൾ പത്തുനൂറായിരം വരും. കത്തുന്ന തീക്കനൽ പോലെ

മിന്നിത്തിളങ്ങുന്ന രാശിയുടെ പ്രകാശം കണ്ണഞ്ചിക്കുന്നതാണ്. കുത്തിയൊഴുകുന്ന കാട്ടുപൂഞ്ചോലകളിൽ തത്തിക്കളിക്കുന്ന മത്സ്യങ്ങളും നക്രങ്ങളും മറ്റൊരുഭാഗത്ത്. പാതാളക്കുഴി പോലുള്ള ഗുഹകളിൽ കളിച്ചു പുളച്ചു വസിക്കുന്ന വേതാളങ്ങളും കാളിയും ഭൂതപ്പിശാചുകളും ഒരിടത്ത് മനസിന് ആനന്ദം നൽകുന്നു. വായുവേഗത്തിൽപ്പായുന്ന കലമാനും പേടമാനും രണ്ടും നാലുമല്ല, ലക്ഷോപലക്ഷമുണ്ട്. ആനക്കൂട്ടം, സിംഹസമൂഹം, വള്ളിപ്പുലി, കരിമ്പുലി, പുള്ളിപ്പുലി തുടങ്ങിയവ നിരയായിപ്പോകുന്നത് കൗതുകകരമായിരുന്നു. വള്ളിക്കുടിലിൽ തുള്ളിക്കളിക്കുന്ന പുള്ളിമാനുകൾക്ക് കൊള്ളത്തക്കവിധം ബാണം പ്രയോഗിക്കുന്ന കാട്ടാളക്കൂട്ടം ഒരിടത്തുണ്ട്. നായാടികളെ ഭയന്ന് മണ്ടുന്ന മൃഗങ്ങളെ തക്കത്തിൽ ചാടിപ്പിടിച്ചു വായിലാക്കി പായുന്ന കടുവയും പുലിയും മറ്റൊരു ഭാഗത്തുണ്ട്. വലയിൽ ചെന്നുചാടുന്ന പേടമാൻ ഒരു വക. പേടിച്ചു പോയി ഒളിക്കുന്ന ചെമ്പുലിക്കൂട്ടത്തോട് എതിർക്കുന്ന കാട്ടാളരും എട്ടടി മാനിനെ കുന്തത്തിൽ കുത്തിയെടുത്ത് കളിപ്പിച്ചു രസിക്കുന്ന കാട്ടാളരാജനും ഭീമന് വിസ്മയമുണ്ടാക്കി. അങ്ങനെ ഭീമസേനൻ ഗദയുമെടുത്ത് വടക്കുദിക്കിലെ വൈശ്രവണന്റെ സൗഗന്ധിക പൊയ്ക നോക്കി പുറപ്പെട്ടു. വഴിമധ്യേ കാനനത്തിൽ കണ്ട കാഴ്ചകൾ ഭീമനെ വിസ്മയഭരിതനാക്കി. അങ്ങനെ ഹനുമാൻ വാണരുളുന്ന കദളീവനത്തിലേക്കു പ്രവേശിക്കുന്നു. അവിടുത്തെ കാഴ്ചകളാണ് പാഠ്യഭാഗം.

► കാനനത്തിൽ കണ്ട കാഴ്ചകൾ ഭീമനെ വിസ്മയഭരിതനാക്കി

## വിശദപഠനം

## കദളീവന വർണ്ണന

### വരികൾ

1. 'പച്ചക്കദളികുലകൾക്കിടയ്ക്കിടെ
മെച്ചത്തിൽ നന്നായ്പ്പഴുത്ത പഴങ്ങളും
..................................................
രക്ഷിച്ചു പോരുന്നതാരീ വനമെന്നു
സൂക്ഷിച്ചുനോക്കി തുടങ്ങീ വൃകോദരൻ'

### അർഥവിശദീകരണം

| | | |
|---|---|---|
| മാലോകർ | = | മനുഷ്യർ |
| മഹിതലം | = | ഭൂമി |
| വൃകോദരൻ | = | ഭീമസേനൻ ( ചെന്നായയുടെ ഉദരം പോലുള്ള ഉദരമുള്ളവൻ) |
| ജംഭാരി | = | ദേവേന്ദ്രൻ |
| ബാലാനിലൻ | = | ഇളംകാറ്റ് |
| കാലാത്മജാനുജൻ | = | കാലന്റെ മകനായ ധർമ്മപുത്രന്റെ അനുജൻ (ഭീമൻ) |

### ആശയവിശദീകരണം

പച്ചക്കദളി കുലകൾക്കിടയ്ക്കിടെ നന്നായി പഴുത്ത പഴങ്ങൾ കാണുമ്പോൾ പവിഴവും മരതകവും ചേർത്തു കെട്ടിയ മാലകൾ കൊണ്ട് അലങ്കരിച്ചിരിക്കുകയാണോ എന്ന് ഭീമന് സംശയം തോന്നുന്നു. അത്രമേൽ പ്രകൃതിരമണീയമായിരുന്നു ആ കദളീവനം. ആ വനത്തിലേക്ക്

ചെറുതായി കാറ്റടിക്കുമ്പോഴുണ്ടാകുന്ന ഇലകളുടെയും കുലകളുടെയും അനക്കത്തെ നൃത്തമായിട്ടാണ് കവി ചിത്രീകരിച്ചിരിക്കുന്നത്. ലീലാവിലാസത്താൽ നിൽക്കുന്ന വാഴകൾ ഇളംകാറ്റടിക്കുമ്പോൾ നൃത്തം ചെയ്യുമ്പോലെ തോന്നുന്നു. പഴുത്ത പഴങ്ങൾ താഴെ വീണു കിടക്കുന്നത് കാണുമ്പോൾ വാഴയ്ക്കുചുറ്റും പുത്തൻപട്ട് കൊണ്ട് അലങ്കരിച്ചിരിക്കുകയാണ് എന്നാണ് ഭീമന് അനുഭവപ്പെടുന്നത്. ഇത്രമേൽ ഭംഗിയുള്ള ഇത്രമേൽ പഴങ്ങളുള്ള ആ കദളിവനത്തിൽ പക്ഷികളോ മറ്റു മൃഗങ്ങളോ ഒന്നും ആക്രമണം നടത്തുന്നില്ല എന്നുള്ളത് ശ്രദ്ധേയമാണ്. വവ്വാലോ കാക്കയോ പച്ചക്കിളികളും പ്രാവും പരുന്തും പറന്നു നടക്കുന്ന പക്ഷികളോ ആരും വന്ന് ഈ പഴുത്ത പഴങ്ങളെ ഭക്ഷിക്കുന്നില്ല. എന്താണ് ഇതിന് കാരണം എന്ന് ചിന്തിക്കുകയാണ് വൃകോദരൻ. അതിന് കാരണം എന്തെന്നാൽ ശ്രീരാമദൂതനായ ഹനുമാന്റെ അധീനതയിലുള്ള വനമാണ് പ്രസ്തുത കദളീവനം. അദ്ദേഹത്തെ ഭയന്നാണ് ആരും അവിടെ കടക്കാത്തത്.

- ഹനുമാന്റെ അധീനതയിലുള്ള വനം

## കദളീ വനവർണന

## വരികൾ

2. 'അതുകണ്ടു ഹനുമാനുമതുലം പ്രീതികൈക്കൊണ്ടു

..............................................................................................

ശയിച്ചു മൂന്നു ലോകങ്ങൾ ജയിച്ചുള്ള മഹാവീരൻ'

## അർഥവിശദീകരണം

| | | |
|---|---|---|
| മാരുതി | = | ഹനുമാൻ |
| മനുജൻ | = | മനുഷ്യൻ |
| ക്ഷിതി | = | ഭൂമി |
| മരുത്ത് | = | കാറ്റ് |
| ആശു | = | പെട്ടെന്ന് |
| കിഞ്ചിൽ | = | അല്പം |
| മതിമുഖി | = | ചന്ദ്രനെപ്പോലെ മുഖമുള്ളവൾ (സുന്ദരി) |
| ബലീമുഖൻ | = | വാനരൻ |
| സഹജൻ | = | സഹോദരൻ |

## ആശയവിശദീകരണം

ഗർവോടും അഹങ്കാരത്തോടും കൂടി മാരുതി വേഗത്തിൽ പോകുന്ന ഭീമനെ പരീക്ഷിക്കണമെന്ന് സഹോദരനായ ഹനുമാൻ വിചാരിക്കുന്നു. മതിമുഖിയായ ഭാര്യയുടെ ആഗ്രഹം സാധിച്ചു കൊടുക്കാൻ അതിവേഗത്തിൽ പോകുന്ന ഭീമന്റെ അഹംഭാവമൊന്നു ശമിപ്പിക്കണമെന്ന് ഹനുമാൻ കരുതുന്നു. വായുദേവന്റെ പുത്രനായ ഭീമൻ കരുത്തനായ തന്റെ സഹജനാണെന്ന കരുതലോടെ അവന്റെ കരുത്ത്, കരബലം അറിയണമെന്നും അതിനു ശേഷം മാർഗം പറഞ്ഞുകൊടുക്കാം എന്നും കരുതുന്ന ആഞ്ജനേയൻ വൃദ്ധനായ വാനരന്റെ വേഷത്തിൽ എത്തുന്നു. കൈകാലുകൾ കുഴഞ്ഞ് മെലിഞ്ഞ രോമമെല്ലാം കൊഴിഞ്ഞ്, ചുളിഞ്ഞ മേനിയും കാഴ്ചകുറഞ്ഞ കണ്ണുകളുമായി, കണ്ണുകൾ മെല്ലെ ചിമ്മി ത്രൈലോക്യവീരനായ, മൂന്നു ലോകവും ജയിച്ചുള്ള ആഞ്ജനേയനപ്പോൾ ആ വഴിയിൽ കിടക്കുകയാണ്.

- ആഞ്ജനേയൻ വൃദ്ധനായ വാനരന്റെ വേഷത്തിലെത്തുന്നു

## ഭീമഹനുമൽ സംവാദം

### വരികൾ

3. 'തുമ്പിക്കരംകൊണ്ടു മുമ്പിൽ പലപല
വമ്പിച്ച വന്മരക്കൊമ്പു പിടിച്ചൊടി –
.......................................................................
ആരെന്നറിഞ്ഞു പറഞ്ഞു നീ വാനരാ!
പാരം മുഴക്കുന്നു ധിക്കാരസാഹസം;'

### അർഥവിശദീകരണം

| | | |
|---|---|---|
| സത്ഭാവം | = | നല്ല ഭാവം |
| അരക്കൻ | = | രാക്ഷസൻ |
| ഭഞ്ജനം ചെയ്യുക | = | നശിപ്പിക്കുക |
| കണ്ഠീരവങ്ങൾ | = | സിംഹങ്ങൾ |
| കുണ്ഠേതരം | = | ഉത്സാഹത്തോടെ |
| പദ്ധതി | = | വഴി |
| മർക്കടൻ | = | കുരങ്ങൻ |
| ദുർഘടം | = | ക്ലേശകരം |
| ദുർഭാഷണം | = | മോശം സംസാരം |
| പരമാർത്ഥം | = | സത്യം |
| ശാഠ്യം | = | നിർബന്ധം |
| പൂരുവംശം | = | പൂരുവിന്റെ വംശം (ചന്ദ്രവംശം) |
| പഞ്ചബാണാർത്തി | = | കാമാർത്തി |
| അഞ്ജനാപുത്രൻ | = | ഹനുമാൻ |
| അരക്കൻ | = | അസുരൻ |

### ആശയവിശദീകരണം

കല്യാണസൗഗന്ധികം തേടി കദളീവനത്തിൽ പ്രവേശിക്കുന്ന ഭീമന്റെ മാർഗമധ്യേ സഹോദരനായ ഹനുമാൻ വൃദ്ധവാനരവേഷത്തിൽ കിടന്നു. വഴിമുടക്കി കിടക്കുന്ന കുരങ്ങനെ നോക്കി ഭീമൻ 'എന്റെ മാർഗേ കിടക്കുന്ന വാനര നീ അങ്ങ് മാറി കിടക്കൂ, നാട്ടിലെ പ്രമുഖന്മാരെ കണ്ടാലറിയാത്ത കാട്ടിൽ കിടക്കുന്ന വകതിരിവില്ലാത്ത വെറുമൊരു കുരങ്ങനാണു നീയെന്നും, പെട്ടെന്നു മാറി പോയില്ലെങ്കിൽ നിനക്ക് ആപത്തു വരുമെന്നും' പറയുന്നു. കൈയിനും മെയ്യിനും ശക്തിയില്ലാത്ത ഞാൻ എങ്ങനെ മാറാനാണ് ഈ പരമാർഥം അറിയാത്ത പുരുഷാ നീ അല്പം മാറി നടന്നാലും എന്നു വൃദ്ധവാനരനും. ശേഷം ഭീമൻ തന്റെ വ്യക്തിത്വം വെളിവാക്കുകയും ചെയ്യുന്നു. പൂരുവംശത്തിൽ പിറന്ന വൃകോദരനാണു ഞാൻ, നേരായ മാർഗം വെടിഞ്ഞു നടക്കാത്തവരാണ്, ആരോടും തോൽക്കാത്തവരാണ്, മാറി നിൽക്കൂ എന്നു പറയുന്നവരുടെ മാറിൽ ഗദ പ്രഹരിക്കുന്നവരാണ്. നിന്റെ ഈ ധിക്കാരം അർജുനജ്യേഷ്ഠനായ എനിക്ക് സഹിക്കാൻ കഴിയുന്നില്ല. ധർമത്തെക്കുറിച്ച് ഒന്നും അറിയാത്ത നിന്നോട് എന്തു ധർമമാണു പറയുക.

► ഭീമന്റെ വ്യക്തിത്വം വെളിവാക്കുന്നു

## വരികൾ

4. 'പൂരുവംശത്തിൽ പിറന്നു വളർന്നൊരു

..............................................................

കണ്ട നേരം തന്നെ നിന്റെ പരമാർത്ഥ-

മുണ്ടായ് നമുക്കെന്നറിക വൃകോദര'

## അർഥവിശദീകരണം

| | | |
|---|---|---|
| ഗദാഗ്രം | = | ഗദയുടെ അറ്റം |
| മർക്കട പ്രാകൃത | = | സംസ്കാര ശൂന്യനായ കുരങ്ങൻ |
| ധർമപ്രകാരം | = | ധർമത്തിന്റെ രീതികൾ |
| നയജ്ഞൻ | = | നയങ്ങൾ അറിയുന്നവൻ |
| പഞ്ചബാണാർത്തി | = | കാമപാരവശ്യം |
| ചാഞ്ചല്യം | = | ഇളക്കം |
| കൺമുനത്തല്ല് | = | കടാക്ഷമാകുന്ന പ്രഹരം |
| ചിതം | = | ഉചിതം |
| കളത്രം | = | ഭാര്യ |
| കൂറ്റുകാർ | = | ബന്ധുക്കൾ |
| ഭള്ള് | = | അഹങ്കാരം |

## ആശയവിശദീകരണം

ധർമപുത്രരുടെ അനുജനായ ഞാൻ ധർമം വെടിഞ്ഞ് ഒരു കർമങ്ങളും ചെയ്യില്ല എന്നും പറയുന്നു. ഇത് കേട്ട വൃദ്ധവാനരൻ ചിരിച്ചു കൊണ്ടു പാഞ്ചാലി എന്നൊരു പെണ്ണിനെ അഞ്ചുപേര് വരിച്ചത് ധർമമാണോ എന്നു ചോദിക്കുന്നു, പാഞ്ചാലിയെന്നൊരു പെണ്ണിനെ കണ്ടപ്പോൾ കാമാർത്തി പിടിപ്പെട്ട് നിങ്ങൾ അഞ്ചു പേരും കൂടി അവളെ വിവാഹം കഴിച്ചത് ശരിയാണോ? നാലഞ്ചു ഭർത്താവ് ഒരുത്തിക്ക് എന്നുള്ള രീതി നാലു ജാതിക്കും വിധിച്ചതല്ല. വാലുള്ള വാനരവംശത്തിനും ഇത് നിരക്കാത്ത കാര്യമാണ്. കണ്മുന കൊണ്ട് ഒരു ചാഞ്ചല്യവും ഇല്ലാതെ നിങ്ങൾ അഞ്ചുപേരെയും അവൾ വഞ്ചിക്കുകയാണ്. ചേട്ടത്തിയാണോ അനുജത്തിയാണോ എന്ന് ഭാര്യയെക്കുറിച്ച് പാണ്ഡവർക്ക് ഇപ്പോഴും സംശയമാണ് എന്നിങ്ങനെ പാഞ്ചാലിയേയും ഭീമനേയും അധിക്ഷേപിക്കുന്നു. വലിയ രാജകുടുംബമെങ്കിലും കാറ്റും മഴയും മഞ്ഞുമേറ്റ് കാട്ടിൽ കിടക്കുന്ന കൂട്ടമല്ലേ നിങ്ങൾ. വീട്ടിൽ കിടക്കാൻ യോഗമില്ലാത്ത, വിധിയില്ലാത്ത നിങ്ങളെ സുയോധനൻ നാട്ടിൽ നിന്നും പായിച്ചു വിട്ടില്ലേ. സുയോധനൻ കള്ളച്ചൂതുകളിച്ച് നിങ്ങളെ പുറത്താക്കിയപ്പോൾ ഭയന്ന് ഭാര്യയുമൊത്ത് കാട്ടിൽ കഴിയുകയാണല്ലോ. പിന്നെ ഭാര്യ എന്തു പറഞ്ഞാലും അതെല്ലാം ശണ്ഠ വേണ്ട എന്നു കരുതി നിങ്ങൾ ചെയ്തു കൊടുത്ത് ജീവിക്കുന്നു.

> ▶ നാലഞ്ചു ഭർത്താവ് ഒരുത്തിക്ക് എന്നുള്ള രീതി നാലു ജാതിക്കും വിധിച്ചതല്ല

SGOU

### 5. വരികൾ

'ദുർഭാഷണം കേട്ടു കോപിച്ചു ഭീമനും:
"സത് ഭാവമെല്ലാം മതി മതി വാനര!
കാഞ്ഞിരക്കായ്കളും തിന്നു മരങ്ങളിൽ
പാഞ്ഞു നടക്കും മരഞ്ചാടിമൂഢനെ
..................................................................
പറഞ്ഞു ഭീമനും" നീയിപ്പറഞ്ഞ വാക്കുകളെല്ലാം
കുറഞ്ഞോരു കരുത്തുള്ളോർ പറഞ്ഞെങ്കിലറിയിക്കാം
മുതുക്കൻമാർ പലവട്ടമധിക്ഷേപങ്ങൾചെയ്താലും
വധിപ്പാനും ചിതംപോരാ വധിച്ചാലും ചിതംപോരാ;'

### അർഥവിശകലനം

| | | |
|---|---|---|
| അരക്കൻ | = | രാക്ഷസൻ |
| ധൂമകേതു | = | വാൽനക്ഷത്രം |
| സാലം | = | പന |
| ജൃംഭച്ച | = | തടിച്ച |
| സിദ്ധൻ | = | ദിവ്യൻ |
| കാന്താരം | = | വനം |
| ദലനം ചെയ്തു | = | ഛേദിച്ചു |
| ദശഗ്രീവൻ | = | രാവണൻ |
| ഗൃദ്ധ്രൻ | = | കഴുകൻ |
| വക്ഷസ്സ് | = | മാറിടം |
| കാലനൂർ | = | കാലപുരി |
| പ്ലവംഗൻ | = | കുരങ്ങൻ |
| പാദപം | = | വൃക്ഷം |
| ചടപ്പാം | = | ക്ഷീണിച്ച |

വൃദ്ധവാനരന്റെ ദുർഭാഷണങ്ങൾ കേട്ട് കോപാകുലനായ ഭീമസേനൻ തന്റെ പരാക്രമങ്ങളോരോന്നും വിളിച്ചു പറയുന്നു. ഹിഡിംബന്റെ വക്ഷസ്സു തകർത്തതും ബകാസുരനെ കാലപുരിക്കയച്ചതും ജരാസന്ധനെ രണ്ടായി പിളർന്നതും കിർമ്മീരന്റെ മർമം തകർത്തതും എല്ലാം ചെയ്ത് താപസന്മാരുടെ ധർമസംരക്ഷണം നടത്തിയ എന്നോടാണോ ഈ മൂത്ത കുരങ്ങൻ ഇത്തരത്തിൽ ദുർഭാഷണങ്ങൾ നടത്തുന്നത്. ദുർമുഖാ, ദുർമ്മതേ, ബലിമുഖാ, പീറക്കുരങ്ങാ എന്നോട് ദുഷിച്ചു പറയുന്നോ എന്നു പറഞ്ഞ് രോഷത്തോടെ അടുക്കുന്നു. വീണ്ടും വാനരൻ ചോദിക്കുന്നു, രാക്ഷസന്മാരെ കൊല ചെയ്ത നിന്റെ മിടുക്ക് എന്തുകൊണ്ട് ഭാര്യയെ രക്ഷിക്കാൻ സഹായിച്ചില്ല. പാഞ്ചാലിയെ അടിച്ചു തലമുടി പിടിച്ച് പുടവ വലിച്ചിഴച്ചപ്പോൾ നിൻെറ പൊണ്ണത്തരം കാശിക്ക് പോയോ ഒരു കാശിനു പോലും വിലയില്ലാത്ത നിങ്ങളുടെ മുന്നിലിട്ട് അന്യപുരുഷൻ സ്വന്തം പെണ്ണിന്റെ വസ്ത്രം വലിച്ചഴിച്ചപ്പോൾ ഈ ശൗര്യമെവിടെ പോയി എന്നും ചോദിക്കുന്നു. അവിടൊന്നും കാട്ടാത്ത ശൗര്യം ഇവിടെ കാട്ടിൽ കിടക്കുന്ന ഈ പീറക്കുരങ്ങനോടു കാട്ടാൻ നിനക്ക് നാണമില്ലേ... നടക്കാൻ കഴിയാത്ത എന്റെ വാലുമാറ്റിയിട്ടിട്ടു നീ പൊയ്ക്കൊള്ളൂ.

- ഭീമസേനൻ തന്റെ പരാക്രമങ്ങളോരോന്നും വിളിച്ചു പറയുന്നു

### വരികൾ

6. 'കരുത്തൻ മറ്റൊരുത്തൻ വന്നുരത്തെങ്കിൽ
കരത്തെക്കൊണ്ടടിച്ചു
കൈപിടിച്ചു കാട്ടിലേക്കാക്കി ഗമിക്കും ഞാൻ
അതുമെല്ലാമിരിക്കട്ടെ ഫലമില്ലാ മരിക്കാറായ്
ഗതികെട്ടുകിടക്കുന്നമരഞ്ചാടിക്കിഴവനെ
മരുത്തിന്റെ മകൻ വന്നു മരിപ്പിച്ചെന്നതു കേട്ടാൽ
ചിരിക്കും സജ്ജനമെന്നു ധരിക്ക മർക്കടത്താനേ!
.................................................................
എന്നതു കേട്ടു പറഞ്ഞു വൃകോദര-
'നെന്നുടെ സ്വാമി ഗുരുനാഥനഗ്രജൻ
ശ്രീരാമദാസൻ പവനാത്മജനത്രേ
ശ്രീഹനുമാൻ മഹാ വീര്യപരാക്രമൻ;'

### അർഥവിശദീകരണം

| | | |
|---|---|---|
| അരാതി | = | ശത്രു |
| പുച്ഛാഗ്രം | = | വാലിന്റെ അറ്റം |
| വക്കാണം | = | വഴക്ക് |
| കാലനൂർ | = | കാലപുരി |
| വൃദ്ധപ്ലവംഗൻ | = | മൂത്ത കുരങ്ങൻ |
| പാദപം | = | വൃക്ഷം |
| നൂറ്റവർ | = | കൗരവർ |
| കൂട പ്രയോഗം | = | ചതിപ്രയോഗം |

### ആശയവിശദീകരണം

മരുത്തിന്റെ മകൻ വന്നു മരിക്കാറായ വാനരനെ കൊന്നു എന്നു പറയുന്നത് അപമാനമാണ് അതിനാൽ പല ആക്ഷേപങ്ങൾ നീ പറഞ്ഞാലും വൃദ്ധവാനരനായ തന്നെ ഞാൻ ഉപദ്രവിക്കില്ല എന്നു വാനരന്റെ വാക്കുകൾക്ക് ഭീമൻ മറുപടി പറയുന്നു. നിനക്ക് വാല് മാറ്റുകയാണ് നന്ന് എന്നു തോന്നുന്നുവെങ്കിൽ മാറ്റണമെന്ന് വൃദ്ധനായ വാനരൻ ഭീമനോട് ആവശ്യപ്പെടുന്നു. ഞാൻ തൊട്ടാൽ നിങ്ങളുടെ വാലു മുറിഞ്ഞുപോകുമെന്നും അത്രയേറെ ശക്തി എന്റെ ഗദയ്ക്കും എനിക്കുമുണ്ടെന്നും ഭീമൻ വീമ്പിളക്കി വാനരനെ പുച്ഛിക്കുന്നു. കടുത്ത പർവതങ്ങൾ തല്ലിപ്പൊടിച്ച് ഭസ്മമാക്കുന്ന ഈ ഗദാദണ്ഡം തടഞ്ഞ ഒരു ശത്രുക്കൾ പോലുമില്ല. എന്നാൽ ഗദ കൊണ്ട് മാറ്റാൻ ശ്രമിച്ചിട്ടും വാൽമാറ്റാൻ ഭീമന് കഴിയുന്നില്ല. എന്നു മാത്രമല്ല വാലിലെ രണ്ട് രോമം പോലും ഇളകുന്നില്ല. ഒരു കൂനൻ മദിച്ചാൽ, തള്ളിയാൽ വലിയ ഗോപുരം മറിഞ്ഞു വീഴുമോ? നോക്കൂ മർക്കടാ നിന്റെ മായാപ്രയോഗവും ചതിപ്രയോഗവും എന്നോടു വേണ്ട, നിനക്ക് എന്തു മന്ത്രശക്തിയാണുള്ളത് എന്നും വൃദ്ധനായ വാനരനോട് ഭീമൻ ചോദിക്കുന്നു. വെറും കുരങ്ങനാണ് എന്നു പരിഹസിക്ക വേണ്ട മർക്കടരിലും മിടുക്കന്മാരുണ്ട്. രാക്ഷസേശ്വരനായ ലങ്കേശനെ തന്റെ വാലിൽ ചുഴറ്റി നാലു സമുദ്രങ്ങൾ ചാടി കടന്ന ബാലിയും ലങ്ക മുഴുവൻ ചുട്ടു ചാമ്പലാക്കി രാവണപുത്രന്റെ കണ്ഠം മുറിച്ച്

- ബാലിയുടെയും ഹനുമാന്റെയും മിടുക്കിന്റെ കഥ പറയുന്നു

SGOU

വൈദേഹിയെ (സീത) രക്ഷപ്പെടുത്താൻ ശ്രീരാമനെ സഹായിച്ച ഹനുമാനും മർക്കട വംശത്തിലുള്ളതാണ്.

### വരികൾ

7. 'പക്ഷീന്ദ്രനുണ്ടു ഗരുഡനെന്നോർത്തിട്ടു
മക്ഷികക്കൂട്ടം മദിക്കും കണക്കിനെ
ശ്രീരാമദാസന്റെ വംശേ ജനിക്കയാൽ
പാരം നിനക്കുമഹംഭാവമിങ്ങനെ '
..............................................................
ജയ ജയ! ജയ ജനക സുതാപതിദൂതമഹാഗുണരാശേ!
ജയജയ! ജയ ജാനകിമാനസസരസിജസവിതൃമഹാത്മൻ ജയ
ജയ! ജലരാശിവിലംഘന! ജയ ജയ ജഗതീബന്ധോ
ജയ ജയ ഹനുമന്നിതിനുതിയൊടെ വീണുവണങ്ങിപദാന്തേ'

### അർഥവിശദീകരണം

| | | |
|---|---|---|
| ഉൽക്കടം | = | വർധിച്ച |
| മുഷ്കരം | = | ശക്തം |
| അംബുധി | = | സമുദ്രം |
| പൃഥുരകരദണ്ഡം | = | തടിച്ചകൈത്തണ്ട് |
| മക്ഷിക | = | ഈച്ച |
| ഔദ്ധത്യം | = | ഗർവ് |
| ശശികല | = | വളഞ്ഞ ചന്ദ്രക്കല |
| പരിഘം | = | ഇരുമ്പുലക്ക |
| ജംഘ | = | കണങ്കാൽ |
| നുതി | = | സ്തുതി |
| നിസ്സൃത | = | നിസ്സാരമായ |

### ആശയവിശദീകരണം

ഞങ്ങളുടെ വംശത്തിൽ മാനമുള്ള ആളുകൾ ധാരാളമുണ്ടെന്നും വൃദ്ധവാനരൻ പറയുന്നു. തിരിച്ച് ഭീമൻ പരിഹസിക്കുന്നു. വാനരശ്രേഷ്ഠനും മഹാവീരനുമായ ഹനുമാനെവിടെ നിൽക്കുന്നു നിങ്ങളെവിടെ കിടക്കുന്നു. പക്ഷിശ്രേഷ്ഠനായ ഗരുഡനെയോർത്ത് വെറും ഈച്ചക്കൂട്ടങ്ങൾ അഹങ്കരിക്കുന്നതു പോലെ പീറക്കുരങ്ങൻ അഹങ്കരിക്കുന്നുവോ. ആ ശ്രീരാമദാസന്റെ വംശേ ജനിച്ചതു കൊണ്ടാണോ നീയും ഇങ്ങനെ അഹങ്കരിക്കുന്നത്. അലങ്കാരം പ്രതിവസ്തുപമ. ഇതെല്ലാം കേട്ട് ചിരിച്ചുകൊണ്ട് ഹനുമാൻ സ്വയം പരിചയപ്പെടുത്തുകയും തന്റെ സ്വരൂപം വ്യക്തമാക്കുകയും ചെയ്യുന്നു. ശ്രീരാമദൂതനായ ആഞ്ജനേയനാണ് ഞാൻ എന്നു പറയുന്നതുകൂടി ഭീമൻ തന്റെ സഹോദരനായ ഹനുമാനെ പശ്ചാത്താപത്തോടെ സാഷ്ടാംഗം പ്രണമിക്കുന്നു. ആശ്ചര്യത്തോടും സന്തോഷത്തോടും ഭക്തിയോടും കൂടെ ഭീമൻ ഹനുമാനെ നമസ്കരിച്ചു. തുടർന്ന് സമുദ്രലംഘനരൂപം കാണിച്ചുതരുവാൻ ഹനുമാനോട് ആവശ്യപ്പെട്ടു. ഹനുമാൻ ആവും വിധം ചുരുക്കി സമുദ്രലംഘനരൂപം

- ഭീമസേനൻ ഹനുമാനെ സാഷ്ടാംഗം പ്രണമിക്കുന്നു

കാണിച്ചുകൊടുത്തു. മാത്രമല്ല വരാൻ പോകുന്ന മഹാഭാരതയുദ്ധത്തിൽ അർജുനന്റെ കൊടിയിൽ ഇരുന്ന് ഭയങ്കരമായ അട്ടഹാസംകൊണ്ട് ശത്രുക്കളെ നശിപ്പിക്കാം എന്നും ഹനുമാൻ വാക്കുകൊടുത്തു പിരിയുന്നു.

## കാവ്യാവലോകനം

മഹാഭാരതത്തിലെ ഒരു സന്ദർഭമാണ് ഈ തുള്ളൽകൃതിയുടെ പശ്ചാത്തലം, പാണ്ഡവരുടെ വനവാസക്കാലത്ത് ഗന്ധമാദനപർവത സീമയിൽ താമസിക്കുന്ന ഒരു ദിവസം പാഞ്ചാലിക്ക് അതുവരെ കണ്ടിട്ടില്ലാത്ത സൗഗന്ധികപുഷ്പങ്ങൾ കാറ്റിൽ പറന്ന് വന്ന് കിട്ടി. സൗഗന്ധികപുഷ്പങ്ങളുടെ ഭംഗിയും സൗന്ദര്യവും കണ്ട് ഇനിയും ഇത്തരം പുഷ്പങ്ങൾ കിട്ടണമെന്ന് പാഞ്ചാലി ഭർത്താവായ ഭീമനോട് ആവശ്യപ്പെട്ടു. തന്റെ പ്രേയസിയുടെ ഇംഗിതം സാധിപ്പിക്കാനായി ഭീമൻ ഗദാധാരിയായി ഉടനെ പുറപ്പെട്ടു. രംഗം ഒമ്പതിൽ അനേകദൂരം സഞ്ചരിച്ച് ഉന്നതങ്ങളായ പർവതങ്ങളും മഹാവനങ്ങളും കടന്ന് ഭീമൻ കദളീവനത്തിലെത്തി. കാടടിച്ച് പൊളിച്ചുള്ള ഭീമന്റെ വരവ് കാരണം കദളീവനത്തിൽ ശ്രീരാമസ്വാമിയെ ധ്യാനിച്ചിരിക്കുന്ന ഹനുമാന് തപോഭംഗം ഉണ്ടായി. മനക്കണ്ണുകൊണ്ട് തന്റെ തപോഭംഗത്തിനുള്ള കാരണം ഹനുമാൻ മനസിലാക്കി. തന്റെ അനുജനായ ഭീമന്റെ ആഗമനോദ്ദേശം മനസിലാക്കിയ ഹനുമാൻ ഭീമനെ ഒന്ന് പരീക്ഷിച്ച് സൗഗന്ധികപുഷ്പങ്ങൾ എവിടെ കിട്ടും എന്നെല്ലാം പറഞ്ഞ് കൊടുക്കാം എന്ന് തീരുമാനിച്ചു. പരീക്ഷിക്കുന്നതിനായി ഹനുമാൻ ഒരു വൃദ്ധവാനരന്റെ വേഷം ധരിച്ച് ഭീമന്റെ വഴിയിൽ കിടന്നു. വഴി തടസ്സം ഉണ്ടാക്കുന്ന വാനരവൃദ്ധനോട് എഴുന്നേറ്റ് പോകാൻ ഭീമൻ പറഞ്ഞു. എങ്കിലും വയസായതിനാൽ ചലനശേഷി നഷ്ടപ്പെട്ടെന്നും തന്നെ ചാടി കടന്ന് പൊയ്ക്കോള്ളാനും ഹനുമാൻ ഭീമനോട് പറഞ്ഞു. പക്ഷെ വാനരജാതിയിൽ തനിക്കൊരു ജ്യേഷ്ഠനുള്ളതിനാൽ കവച്ച് വെച്ച് പോകാൻ ഭീമൻ ഇഷ്ടപ്പെട്ടില്ല. വഴിക്ക് വിലങ്ങനെ കിടക്കുന്ന വൃദ്ധവാനരന്റെ വാൽ നീക്കി കടന്ന് പോകാൻ ഭീമൻ ശ്രമിച്ചെങ്കിലും വാനരപുച്ഛം ഒന്ന് അനക്കാൻ കൂടി ഭീമന് പറ്റിയില്ല. എന്തോ ദിവ്യത്വം ഈ വൃദ്ധവാനരനുണ്ടെന്ന് ധരിച്ച ഭീമൻ അങ്ങ് ആരാണെന്ന് താഴ്മയോടെ അന്വേഷിച്ചു. ആ സമയം ഹനുമാൻ സ്വയം പരിചയപ്പെടുത്തി. കുശലാന്വേഷണങ്ങൾക്ക് ശേഷം സൗഗന്ധികപുഷ്പങ്ങൾ ലഭിക്കാനുള്ള മാർഗം ഹനുമാൻ ഭീമനു പറഞ്ഞുകൊടുത്തു. ഭീമനെ യാത്രയാക്കി വീണ്ടും തപസ്സിൽ മുഴുകി.

▶ ഹനുമാൻ ഭീമസേനന്റെ ഗർവ്വു ശമിപ്പിക്കുന്നു

പാഞ്ചാലിയുടെ ആഗ്രഹം സഫലമാക്കാൻ സൗഗന്ധികപുഷ്പം തേടി പുറപ്പെടുന്ന ഭീമസേനൻ തരുക്കൂട്ടങ്ങൾ തകർത്തും മൃഗങ്ങളെ വിരട്ടിയോടിച്ചും പർവതകൂടങ്ങൾ തച്ചുടച്ചും കദളീവനത്തിലെത്തുന്നു. കദളീവനത്തിന്റെ കാവൽക്കാരനായിക്കഴിഞ്ഞ ഹനുമാൻ തന്റെ സഹോദരന്റെ വരവു മനസിലാക്കി ഭീമന്റെ ഗർവ്വു ശമിപ്പിക്കാനുമായി ഒരു വൃദ്ധവാനരന്റെ രൂപത്തിൽ വഴി തടഞ്ഞു കിടന്നു. വാർദ്ധക്യം കൊണ്ട് അവശതയനുഭവിക്കുന്ന വൃദ്ധവാനരനോട് മനുഷ്യസഹജമായ ദീനാനുകമ്പ കാണിക്കാതെ ധിക്കാരിയായ നാട്ടുപ്രമാണിയെ പോലെ ഭീമൻ തട്ടിക്കയറുന്നു. നാട്ടിൽ പ്രഭുക്കളെ കണ്ടാലറിയാത്ത കാട്ടിൽക്കിടക്കുന്ന മൂളിക്കുരങ്ങ് വഴിതടഞ്ഞതിൽ അയാൾ അരിശം പൂണ്ടു. ഒട്ടും വകതിരിവില്ലാത്ത കൂട്ടം, പ്രാകൃതമായ വർഗം എന്നെല്ലാം വാനരനെ അധിക്ഷേപിച്ചു. വഴിമാറിയില്ലെങ്കിൽ തൊഴിച്ചു തള്ളുമെന്നൊക്കെ പറയാനുള്ള

SGOU

ധിക്കാരം ഭീമനുണ്ട്. നാട്ടുപ്രമാണിമാർ അടിയാങ്ങളെ ഭീഷണിപ്പെടുത്തുകയും നിന്ദിക്കുകയും കുടിയിറക്കുകയും ചെയ്യുന്ന ഭാഷയാണ് ഭീമൻ പ്രയോഗിച്ചത്. ഹനുമാനാകട്ടെ തന്റെ ദീനാവസ്ഥയിൽ അനുകമ്പ തോന്നുമെന്നും മാനവധർമം ഓർത്തു ദുശ്ശാഠ്യം ഉപേക്ഷിക്കണമെന്നും അപേക്ഷ സ്വരത്തിൽ പറയുന്നു. വൃദ്ധവാനരൻ എളിമയും ദീനതയും പ്രകടിപ്പിക്കും തോറും പാണ്ഡവൻ തട്ടിക്കയറാൻ തുടങ്ങി. എളിയവരെ പീഡിപ്പിച്ചു രസിക്കുന്നത് ദുഷ്പ്രഭുത്വത്തിന്റെ സ്വഭാവമാണല്ലോ. താൻ പൂരുവംശത്തിൽ പിറന്ന വീരനാണെന്നും ആരോടും തോൽക്കുകയില്ലെന്നും എതിരാളികളെ വകവരുത്തുമെന്നും വമ്പുപറയുന്ന ഭീമനെ ഹനുമാൻ കണക്കിന് ശകാരിച്ചു. അഞ്ചുപേർ ചേർന്ന് ഒരു പെണ്ണിനെ പാണിഗ്രഹണം ചെയ്യുന്ന രീതി ഒരു ജാതിയിലും നടപ്പില്ല. ധർമത്തിന്റെ പേരിൽ വാചാലരായവർ ധർമ്മം വിട്ടു പെരുമാറുന്നത് വിചിത്രം തന്നെ. വാക്കും പ്രവൃത്തിയും തമ്മിൽ പൊരുത്തമില്ലാത്ത പ്രഭുക്കളെ പരിഹസിക്കുന്നതാണ് ഹനുമാന്റെ വാക്കുകൾ ആരോടും തോൽക്കുകയില്ലെന്ന് പറയുന്ന പാണ്ഡവർ ദുര്യോധനന്റെ മുന്നിൽ തോറ്റു തുല്ലിട്ടു വനവാസത്തിനു പോയി. തന്നേക്കാൾ കേമന്മാരുടെ മുന്നിൽ താണു കൊടുക്കുകയും അഗതികളുടെ മുന്നിൽ വമ്പു നടിക്കുകയും ചെയ്യുന്ന മനുഷ്യന്റെ പൊള്ളത്തരം നമ്പ്യാർ ഇവിടെ പരിഹാസ്യവിഷയമായി സ്വീകരിക്കുന്നു. പെണ്ണിന്റെ വാക്കുകേട്ട് വരും വരായ്കകൾ തിരിച്ചറിയാതെ ചാടി പുറപ്പെടുന്ന ശുംഭന്മാരുടെ പ്രതിനിധിയായി ഭീമനെ ചിത്രീകരിക്കുന്നു. സഹോദരന്മാരുടെ സംഗമം കൊണ്ട് ഹൃദയംഗമമായി ചിത്രീകരിക്കുന്ന ഇതിഹാസകഥയെ ദുഷ്പ്രഭുക്കന്മാർ നീചജാതിയുടെ മേൽ മെക്കിട്ടുകേറുന്ന വർഗവിവേചനമായി നമ്പ്യാർ ചിത്രീകരിക്കുന്നു.

> ▶ മനുഷ്യന്റെ പൊള്ളത്തരം നമ്പ്യാർ പരിഹാസ്യവിഷയമാക്കിയിരിക്കുന്നു

## Summarised Overview

കേരളം കണ്ട മഹാനായ ഹാസ്യസാഹിത്യകാരനായിരുന്നു കുഞ്ചൻ നമ്പ്യാർ. സാമൂഹ്യാവസ്ഥയിലെ പൊരുത്തക്കേടുകളും നീതിനിഷേധവും ആചാരാപചയങ്ങളും കണ്ട് അദ്ദേഹം ഉപഹസിക്കുകയും വിമർശിക്കുകയും ചെയ്തു. ഇതിവൃത്തഘടനയിലും പാത്രസ്വഭാവത്തിലും ആവിഷ്ക്കരണശൈലിയിലും ഭാഷാപ്രയോഗത്തിലും എല്ലാം ആ നർമഭാവന പ്രവർത്തിച്ചിരുന്നു. മഹാഭാരതകഥ മാരുതി സഹോദരന്മാരുടെ കറകളഞ്ഞ സാഹോദര്യത്തിന്റെ ആവിഷ്കാരമായി പ്രതിപാദിക്കുന്നു. നമ്പ്യാരാകട്ടെ ധിക്കാരികളായ ദുഷ്പ്രഭുക്കൾ അധഃസ്ഥിതരോടു കാണിക്കുന്ന നിന്ദയായും വർഗവിദ്വേഷത്തിന്റെ വേദിയായും ഈ സംഭവം ചിത്രീകരിക്കുന്നു. പാണ്ഡവർ വനവാസം ചെയ്തുകൊണ്ടിരുന്ന കാലം. ഒരിക്കൽ, പാഞ്ചാലി, കാറ്റിൽ പറന്നെത്തിയ സൗഗന്ധിക പുഷ്പം കാണാനിടയായി. ആ പുഷ്പത്തിന്റെ ദിവ്യപരിമളവും സുവർണകാന്തിയും പാഞ്ചാലിയുടെ ഹൃദയം കവർന്നു. അമൂല്യമായ കൽഹാരമലരുകൾ കുറെ സ്വന്തമായി ലഭിക്കണമെന്നും പാഞ്ചാലി മോഹിച്ചു. ആഗ്രഹം ഭീമസേനനെ അറിയിക്കുകയും ചെയ്തു. പാഞ്ചാലിയുടെ ഏതു കാമിതവും സാധിച്ചുനൽകുന്നതിൽ സന്തുഷ്ടനായ ഭീമൻ ഗദയുമെടുത്തുകൊണ്ട് വൈശ്രവണന്റെ ഉദ്യാനം ലക്ഷ്യമാക്കി ഉത്തരദിക്കിലേക്കു പുറപ്പെട്ടു. കല്ലും മരങ്ങളും തല്ലിത്തകർത്തു ഉല്ലാസത്തോടെ വനാന്തരങ്ങൾ പിന്നിട്ട വായുപുത്രൻ ഗന്ധമാദനപർവതത്തിലെത്തിച്ചേർന്നു. വള്ളിക്കുടിലുകളിൽ ലീലാവിനോദങ്ങളിലേർപ്പെട്ട ഗന്ധർവകന്യകമാരെ ഒരുഭാഗത്തും അപ്സരസ്ത്രീകളെ മറ്റൊരുഭാഗത്തും അദ്ദേഹം കണ്ടു. പാട്ടുപാടുകയും വീണാവാദനത്തിലേർപ്പെടുകയും ചെയ്യുന്ന വിദ്യാധരസ്ത്രീകളെയും കിന്നരസുന്ദരികളെയും വഴിക്കരികിൽ പിന്നിട്ട ഭീമൻ കദളീവനത്തിൽ പ്രവേശിച്ചു. രാമഭക്തനും വാനരശ്രേഷ്ഠനുമായ

ഹനുമാന്റെ നിവാസഭൂമിയാണ് കദളീവനം. ആ പുണ്യദേശം കുലവാഴകൾ നിറഞ്ഞ് അത്യന്തം മനോഹരമായി കാണപ്പെട്ടു. പഴുത്തു താഴെവീണ വാഴപ്പഴങ്ങൾകൊണ്ടു അവിടമാകെ മൂടിയിരുന്നു. എന്നാൽ പക്ഷികളും മൃഗങ്ങളും ഭയം കൊണ്ട് അവ തൊടാൻ പോലും മടിക്കുന്നതായി ഭീമനു തോന്നി. ആരുടേതായിരിക്കും ഈ മഹാവനമെന്നും ചിന്തിച്ച് മുന്നേറിക്കൊണ്ടിരുന്ന ഭീമനെ ഹനുമാൻ ശ്രദ്ധയോടെ വീക്ഷിച്ചുകൊണ്ടിരുന്നു. വായുനന്ദനനായ ഭീമൻ തന്റെ അനുജനാണെന്നും അറിവുണ്ടായിരുന്ന ഹനുമാൻ ഭീമനെ കണ്ട് സന്തുഷ്ടചിത്തനായി. സൗഗന്ധിക പൂക്കൾ തേടി പുറപ്പെട്ട ഭീമന്റെ കരുത്തു പരീക്ഷിച്ചറിയാൻ ഹനുമാൻ നിശ്ചയിച്ചു. പടുകിഴവനായ ഒരു കുരങ്ങായി രൂപം പ്രാപിച്ചു. അദ്ദേഹം ഭീമന്റെ സഞ്ചാരമാർഗം തടഞ്ഞുകൊണ്ട് കിടപ്പായി. വൃദ്ധവാനരനോടും വഴിയിൽ നിന്നു മാറിക്കിടക്കാൻ ഭീമൻ കൽപിച്ചു. എന്നാൽ അതൊന്നും ചെവിക്കൊള്ളാതെ മറ്റു ചില ചോദ്യങ്ങളെറിഞ്ഞു ഭീമനെ ചൊടിപ്പിക്കുന്നതിനാണ് വാനരശ്രേഷ്ഠൻ ശ്രമിച്ചത്. കൈകാൽ കുഴഞ്ഞു ഏഴുന്നേറ്റു മാറാനാകാതെ കിടക്കുന്ന തന്റെ വാലു ഗദാഗ്രംകൊണ്ട് അൽപം പൊക്കി മാറ്റിയിട്ട് കടന്നുപോകാൻ വാനരൻ ഭീമനോട് പറയുന്നു അതു ശരിയാണെന്നുതോന്നി വാനരന്റ വാൽ പൊക്കിമാറ്റാൻ ഭീമൻ ശ്രമിച്ചെങ്കിലും പരാജയപ്പെടേണ്ടിവന്നു. മുതുവാനരരൂപം ധരിച്ച ഹനുമാന്റെ വാല് ഇളക്കാൻ പോലും ഭീമന് കഴിഞ്ഞില്ല.

ഭീമൻ വിസ്മയപൂർവം വൃദ്ധവാനരനെ വീക്ഷിച്ചു. പെട്ടെന്നു വൃദ്ധവാനരന്റെ സ്ഥാനത്തു ഹിമാലയതുല്യമായ ഹനുമാന്റെ രൂപം കാണാറായി. ആകാശം നിറഞ്ഞു വളർന്നു നിന്ന ഹനുമാനെ കണ്ടു ഭീമനു ഭയം തോന്നി. ഹനുമാന്റെ പാദങ്ങളിൽ വീണു നമസ്കരിച്ചു. ഭീമൻ മാപ്പിരന്നു. ഹനുമാൻ, ഭീമനെ പിടിച്ചെഴുന്നേൽപ്പിച്ച് വാത്സല്യപൂർവം പുണർന്നു. ശ്രീരാമനെ സേവിച്ചുകൊണ്ടു പുറപ്പെട്ടാൽ കാര്യസിദ്ധിക്ക് എളുപ്പമാകുമെന്ന് പറഞ്ഞുകൊണ്ട് ഹനുമാൻ രാമകഥ ഭീമനെ ധരിപ്പിച്ചു. രാമകഥ ശ്രവിച്ചശേഷം ഹനുമാന്റെ ആശീർവാദവും വാങ്ങി ഭീമൻ കുബേരന്റെ സൗഗന്ധികപ്പൊയ്കയിലേക്കു പുറപ്പെട്ടു. ഹൃദ്യവും നയനാനന്ദകരവുമായ കാഴ്ചകൾ കണ്ടു സരസ്സിലിറങ്ങിയ ഭീമൻ കൽഹാരപുഷ്പങ്ങൾപറിച്ചെടുത്തു. പൂക്കൾ പറിച്ചെടുക്കുന്നതുകണ്ട് എതിർത്ത രാക്ഷസക്കൂട്ടങ്ങളെ ഭീമൻ ഗദകൊണ്ട് പ്രഹരിച്ചു തോൽപ്പിച്ചോടിച്ചു. സൗഗന്ധികങ്ങളുമായി മടങ്ങിയ ഭീമൻ വീണ്ടും കദളീവനത്തിലെത്തി ഹനുമാനെ സന്ദർശിച്ചശേഷമാണ് പാഞ്ചാലിയുടെ സവിധത്തിൽ എത്തിച്ചേർന്നത്.

## Assignments

1. ഭീമൻ കദളിവനത്തിൽ പ്രവേശിച്ചപ്പോൾ കണ്ട കാഴ്ചകളെന്തെല്ലാമെന്ന് വിവരിക്കുക.
2. കല്യാണസൗഗന്ധികം തുള്ളലിലെ കഥാപാത്രങ്ങളുടെ സ്വഭാവസവിശേഷതകൾ വിവരിക്കുക.
3. ഭീമൻ കല്യാണസൗഗന്ധികം അന്വേഷിച്ചു പോകുമ്പോൾ ഘോരവനത്തിൽ കണ്ട കാഴ്ചകളെന്തെല്ലാമെന്ന് വിശദീകരിക്കുക.
4. ഭീമനെ പരീക്ഷിക്കുവാനായി ഹനുമാൻ പറഞ്ഞ ആക്ഷേപങ്ങൾ വിവരിക്കുക.
5. ഭീമൻ ഹനുമാനോട് തന്റെ പരാക്രമങ്ങളെക്കുറിച്ച് എന്തൊക്കെ വീരവാദങ്ങളാണ് പറയുന്നതെന്തെന്ന് വിശദീകരിക്കുക.
6. 'പാഞ്ചാലിയെന്നൊരു പെണ്ണിനെ കണ്ടിട്ടു പഞ്ചബാണാർത്തി പിടിപെട്ടഹോ നിങ്ങൾ' - ഈ വരികളുടെ സാംഗത്യമെന്തെന്ന് വിശദീകരിക്കുക.

7. 'കൂനൻ മദിക്കുകിൽ ഗോപുരം കുത്തുമോ?' ഈ വാക്കുകളിലെ ഔചിത്യമെന്തെന്ന് വിശദീകരിക്കുക.
8. 'പക്ഷിന്ദ്രനുണ്ടു ഗരുഡനെന്നോർത്തിട്ടു മക്ഷികക്കൂട്ടം മദിക്കും കണക്കിനെ' ഭീമസേനൻ ഇങ്ങനെ പരിഹസിക്കാനിടയായ സാഹചര്യമെന്താണെന്ന് വിലയിരുത്തുക.
9. വാനരന്മാർക്കിടയിലും മാനികളും ശ്രേഷ്ഠരായിട്ടുള്ളവരുമുണ്ടെന്നതിന് വൃദ്ധവാനരൻ നിരത്തുന്ന ഉദാഹരണങ്ങൾ ഏതെല്ലാമെന്ന് വിശദീകരിക്കുക.
10. നമ്പ്യാരുടെ ഫലിത പരിഹാസങ്ങളുടെയും രചനാരീതിയുടെയും സവിശേഷതകൾ പാഠഭാഗത്തെ മുൻനിർത്തി വിലയിരുത്തുക?

## Suggested Readings


1. ഏവൂർ പരമേശ്വരൻ, നമ്പ്യാരും തുള്ളൽ സാഹിത്യവും - സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ. (എഡി:) ഡോ: കെ. എം. ജോർജ്ജ്, ഡി. സി. ബുക്സ്, കോട്ടയം.
2. ഡോ. വി. എസ്. ശർമ്മ, കുഞ്ചൻ നമ്പ്യാരും അദ്ദേഹത്തിന്റെ തുള്ളൽ കൃതികളും തുള്ളൽ ഒരു പഠനം.
3. ഡോ. കെ. എൻ. ഗണേശ്, കുഞ്ചൻ നമ്പ്യാർ - വാക്കും സമൂഹവും, എൻ.ബി.എസ്, കോട്ടയം.


## References


1. പന്മന രാമചന്ദ്രൻ നായർ, സമ്പൂർണ്ണ മലയാള സാഹിത്യ ചരിത്രം, കറന്റ് ബുക്സ്, കോട്ടയം
2. ഡോ. കെ. എം. ജോർജ്, (എഡി.) സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം
3. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി. സി. ബുക്സ്, കോട്ടയം.
4. ഡോ. എം. ലീലാവതി, മലയാള കവിതാസാഹിത്യചരിത്രം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# ഇതരസാഹിത്യ പ്രസ്ഥാനങ്ങളും സാഹിത്യക്കളരികളും

## BLOCK-04

### Block Content


| | |
|---|---|
| യൂണിറ്റ്-1 | കീർത്തനസാഹിത്യം-പാന |
| യൂണിറ്റ്-2 | വഞ്ചിപ്പാട്ട്-മാലപ്പാട്ട് |
| യൂണിറ്റ്-3 | മഹാകാവ്യപ്രസ്ഥാനം -കേരളീയ മഹാകാവ്യങ്ങൾ |
| യൂണിറ്റ്-4 | സാഹിത്യക്കളരികൾ |

# Unit 1 കീർത്തനസാഹിത്യം-പാന

## Learning Outcomes

- ഭക്തിപ്രസ്ഥാനത്തിന്റെ സാംസ്കാരിക ചരിത്രത്തെക്കുറിച്ച് ധാരണ ലഭിക്കുന്നു
- ഭക്തിപ്രസ്ഥാനത്തിന്റെ സവിശേഷതകൾ മനസിലാക്കുന്നു
- 'ജ്ഞാനപ്പാന' എന്ന കൃതിയുടെ ഭാവപരവും രൂപപരവുമായ പ്രത്യേകതകൾ കണ്ടെത്തുന്നു
- 'ജ്ഞാനപ്പാന'യിൽ പൂന്താനം അവതരിപ്പിച്ച തത്വചിന്തകളുടെ സാരം ഗ്രഹിക്കുന്നു
- പൂന്താനം എന്ന കവിയെയും കാലഘട്ടത്തെയും കുറിച്ച് അറിവ് നേടുന്നു

## Background

**പൂന്താനം : ജീവിതവും കൃതികളും**

പൂന്താനത്തിന്റെ വ്യക്തിജീവിതത്തെക്കുറിച്ച് വേണ്ടത്ര വിവരങ്ങൾ ലഭ്യമല്ല. ലഭ്യമായവയിൽ പലതും ഐതിഹ്യങ്ങളിൽ അധിഷ്ഠിതമാണ്; ചിലത് കൃതികൾ നൽകുന്ന സൂചനകളും. കൊല്ലവർഷം എട്ടാം ശതകമാണ് പൂന്താനത്തിന്റെ കാലം എന്നതിനോട് മിക്ക ചരിത്രകാരന്മാരും യോജിക്കുന്നു. മേല്പത്തൂരിന്റെ സമകാലികനായിരുന്ന പൂന്താനത്തിന്റെ ജീവിതകാലം 1548 നും 1640 നും മദ്ധ്യേയാണെന്നത് നിർവിവാദമാണ്. വള്ളുവനാട് താലൂക്കിലെ നെൻമിനി എന്ന അംശത്തിൽ പൂന്താനത്ത് ഇല്ലത്തിലാണ് പൂന്താനം ജനിച്ചത്. ഭാഷാ കർണാമൃതത്തിലും കീർത്തനങ്ങളിലും ആവർത്തിച്ച് കാണുന്ന 'വാമപുരാധീശ' സ്മരണയാണ് ഇതിന് തെളിവ്. അങ്ങാടിപ്പുറത്ത് തിരുമാന്ധാംകുന്ന് ക്ഷേത്രത്തിന് വടക്കുള്ള ഇടത്തുപുറം ക്ഷേത്രത്തിലെ ആരാധനാമൂർത്തിയാണ് വാമപുരാധീശ്വരൻ. ഈ ക്ഷേത്രത്തിൽ നിന്നും നാലു നാഴിക ദൂരത്തിലാണ് പൂന്താനം ഇല്ലം സ്ഥിതിചെയ്യുന്നത്.

**ഐതിഹ്യങ്ങളിൽ തെളിയുന്ന ജീവിത സൂചനകൾ**

ബാല്യം മുതൽക്കുതന്നെ ഗുരുവായൂരപ്പന്റെ ഭക്തനായിരുന്നു പൂന്താനം. വേളി കഴിഞ്ഞ് വളരെക്കാലം കഴിഞ്ഞിട്ടും സന്താനഭാഗ്യമുണ്ടാകാതിരുന്ന പൂന്താനം 'സന്താനഗോപാലം പാന' രചിച്ച് ഗുരുവായൂരപ്പനെ ആരാധിച്ചതിന്റെ ഫലമായി പൂന്താനത്തിന് ഒരു ഉണ്ണിയെ ലഭിച്ചു. ആ ഉണ്ണിയുടെ ചോറൂണ് ദിവസം മുഷിഞ്ഞ വസ്ത്രങ്ങൾക്കടിയിൽപ്പെട്ട് ശ്വാസംമുട്ടി കുട്ടി മരിച്ചു. ഇതിന്റെ ദുഃഖത്തിൽ മനംനൊന്ത പൂന്താനം ഉണ്ണിയുടെ മൃതശരീരം മടിയിൽ കിടത്തി പാടിയ കൃതിയാണ് 'ജ്ഞാനപ്പാന'. ഇതിനു ശേഷം ഇല്ലത്തേക്ക് മടങ്ങിയിട്ടില്ല എന്നാണ് ഒരു ഐതിഹ്യം. 'സന്താനഗോപാലം പാന'യിലെ വൈകുണ്ഠ വർണന പല തവണ മാറ്റിയെഴുതിയിട്ടും തൃപ്തിവരാതെ വിഷാദവാനായി ശ്രീകൃഷ്ണനെ ധ്യാനിച്ചുറങ്ങിയ രാത്രിയിൽ സ്വപ്നരൂപേണ ഭഗവാൻ വൈകുണ്ഠദർശനം നൽകിയെന്നും അതിനുശേഷമാണ് ആ കൃതി പൂർത്തിയാക്കിയതെന്നും മാറ്റൊരു ഐതിഹ്യം. വാർദ്ധക്യകാലത്ത് ഗുരുവായൂരിൽ നിരന്തരം പോകാൻ കഴിയാത്തതിൽ മനം നൊന്ത് ഭഗവാനെ കേശാദിപാദം ധ്യാനിച്ചുവെന്നും ഭഗവാൻ പൂന്താനത്തിന്റെ ഇല്ലമുറ്റത്ത് പ്രത്യക്ഷപെട്ട് 'ഇനി ഇവിടെയിരുന്ന് ഭജിച്ചാൽ മതി' എന്നരുളിച്ചെയ്തുവെന്നും ഈ

SGOU

സ്ഥലത്ത് പൂന്താനം ക്ഷേത്രം പണിഞ്ഞുവെന്നും ഐതിഹ്യമുണ്ട്. ഒരിക്കൽ പൂന്താനം ഭജനക്കായി ഗുരുവായൂരിലേയ്ക്ക് പോകുമ്പോൾ വഴിയിൽ കൊള്ളക്കാർ ആക്രമിച്ചു. ഗുരുവായൂരപ്പനെ പ്രാർത്ഥിച്ചപ്പോൾ ശ്രീകൃഷ്ണൻ സാമൂതിരിയുടെ മന്ത്രിയായ മങ്ങാട്ടച്ചന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട് പൂന്താനത്തെ രക്ഷിച്ചു. സന്തുഷ്ടനായ പൂന്താനം തന്റെ മോതിരം മങ്ങാട്ടച്ചന് സമ്മാനിച്ചു. അന്നു രാത്രി ഗുരുവായൂരിലെ മേൽശാന്തിക്ക് ഒരു സ്വപ്ന ദർശനമുണ്ടായി. ഗുരുവായൂരിലെ ക്ഷേത്രബിംബത്തിൽ ഒരു മോതിരമുണ്ടെന്നും അത് പൂന്താനത്തിന് തിരികെ നല്കണമെന്നുമായിരുന്നു ഭഗവാൻ സ്വപ്നത്തിൽ അരുളിചെയ്തത്.

പൂന്താനത്തിന്റെ ഭക്തിമാഹാത്മ്യത്തെ വെളിപ്പെടുത്തുന്ന മറ്റു ചില ഐതിഹ്യങ്ങൾ മേല്പത്തൂർ നാരായണഭട്ടതിരിയുമായും ബന്ധപ്പെട്ടിരിക്കുന്നു. ഒരിക്കൽ പൂന്താനം 'പത്മനാഭോ മരപ്രഭു' എന്നു ചൊല്ലിയപ്പോൾ പത്മനാഭൻ അമരപ്രഭുവാണ് മരപ്രഭുവല്ല എന്നിങ്ങനെ മേല്പത്തൂർ പരിഹസിച്ചുവത്രേ. അപ്പോൾ ഭക്തവത്സലനായ ഗുരുവായൂരപ്പൻ താൻ അമരപ്രഭുവും മരപ്രഭുവും സർവപ്രഭുവാണെന്ന് ശ്രീകോവിലിൽ നിന്ന് അരുളി ചെയ്തുവത്രേ. മറ്റൊരു ഘട്ടത്തിൽ തന്റെ ഭാഷാകൃതി (സന്താനഗോപാലം പാനയാണെന്നും ശ്രീകൃഷ്ണകർണ്ണാമൃതമാണെന്നും രണ്ടഭിപ്രായങ്ങളുണ്ട്) പിഴ തീർത്തു തരാൻ മേല്പത്തൂരിനോട് ആവശ്യപ്പെട്ടുവെങ്കിലും വിഭക്തിയില്ലാത്തവരുടെ കൃതികൾ പിഴ തീർത്തു തരാനാവില്ലെന്ന് പറഞ്ഞപ്പോൾ ഭട്ടതിരിയുടെ വിഭക്തിയേക്കാൾ പൂന്താനത്തിന്റെ ഭക്തിയാണ് തനിക്കിഷ്ടമെന്ന് ഭഗവാൻ ശ്രീകോവിലിൽ നിന്നു കല്പിച്ചു എന്ന് ഒരു ഐതിഹ്യമുണ്ട്. പൂന്താനത്തിന്റെ അപേക്ഷ നിരസിച്ച ദിവസം രാത്രി മേല്പത്തൂരിന്റെ വാതരോഗം വർദ്ധിച്ചുവെന്നും ഭഗവാൻ പ്രത്യക്ഷപ്പെട്ട് മേല്പത്തൂരിന്റെ വിഭക്തിയേക്കാൾ പൂന്താനത്തിന്റെ ഭക്തിയാണ് തനിക്കിഷ്ടമെന്നു പറഞ്ഞുവെന്നും ഈ ഐതിഹ്യത്തിനൊരു പാഠഭേദവുമുണ്ട്. രണ്ടായാലും മേല്പത്തൂരിന്റെ പാണ്ഡിത്യഗർവ്വ് ശമിച്ചുവെന്നും പൂന്താനത്തിന്റെ കൃതികളുടെ പിഴ തീർത്തുവെന്നതുമാണ് ചുരുക്കം.

പൂന്താനം ഉടലോടെ സ്വർഗസ്ഥനായതുമായി ബന്ധപ്പെട്ടും ഐതിഹ്യങ്ങളുണ്ട്. ശ്രീകൃഷ്ണൻ നേരിട്ടെത്തി തന്നെ സ്വർഗത്തിലേക്കു കൊണ്ടുപോകുമെന്ന് സ്വപ്നദർശനം ലഭിച്ച പൂന്താനം ഉറക്കമുണർന്ന് ഭഗവാനെ സ്വീകരിക്കുന്നതിനുള്ള ഒരുക്കങ്ങൾ നടത്തുന്നു. ഇത് പൂന്താനത്തിന്റെ മതിഭ്രമമായിട്ടേ കാഴ്ചക്കാർ കരുതിയുള്ളൂ. ഒടുവിൽ അതിഥിയെ എതിരേറ്റു കൊണ്ടുവരുന്നതായും പീഠത്തിലിരുത്തി കാൽ കഴുകിക്കുന്നതായും നടിച്ച് ഭഗവാന്റെ വിമാനത്തിൽ കയറിയിരുന്ന് ആരെങ്കിലും തന്നോടൊപ്പം വരുന്നുവോ എന്നു ചോദിച്ചു. ഒരു ദാസി മാത്രം 'അടിയനും' എന്നു പറഞ്ഞപ്പോൾ 'വിരോധമില്ല' എന്ന് പൂന്താനവും പ്രതികരിച്ചു. അതോടെ പൂന്താനം ജീവന്മുക്തനായി. ദാസിയും ചേതനയറ്റു നിലംപതിച്ചു. ഇതോടെയാണ് പൂന്താനം ഉടലോടെ സ്വർഗത്തിൽ പോയതായി വിശ്വസിക്കപ്പെടുന്നത്. ഇല്ലത്തിന്റെ പൂമുഖത്തിന്റെ വടക്കുഭാഗത്ത് പൂന്താനം സ്വർഗാരോഹണം ചെയ്ത സ്ഥലം അടയാളപ്പെടുത്തിയിട്ടുണ്ട്. ഇല്ലത്തിനു പടിഞ്ഞാറുഭാഗത്ത് വിസ്താരമേറിയ ഒരു കുന്നുണ്ട്. ഈ ശങ്കരൻ കുന്നിലാണത്രേ പൂന്താനം സ്വർഗാരോഹണം ചെയ്തത് എന്നൊരു പക്ഷവുമുണ്ട്.

**പൂന്താനം കൃതികൾ**

സംസ്കൃതം, മലയാളം, തമിഴ് എന്നീ ഭാഷകളിലായി ഇരുപത്തിയാറോളം കൃതികൾ പൂന്താനത്തന്റേതായി കരുതപ്പെടുന്നു. ഉള്ളൂരിന്റെ 'കേരള സാഹിത്യ ചരിത്ര'ത്തിൽ പൂന്താനത്തിന്റേതായി ഇരുപത്തിരണ്ടു രചനകളുണ്ടെന്ന് സൂചിപ്പിക്കുന്നു. 'ഭാഷാകർണാമൃതം', 'കുമാരഹരണം പാന', 'ജ്ഞാനപ്പാന', 'പാർത്ഥസാരഥിസ്തവം', 'ഘനസംഘം', 'നാരായണീയ കീർത്തനങ്ങൾ', 'ഗോവിന്ദ കീർത്തനങ്ങൾ', 'ആനന്ദനൃത്തം', 'ദ്വാദശാക്ഷരനാമകീർത്തനം', 'ശ്രീകൃഷ്ണകീർത്തനങ്ങൾ', 'അഷ്ടാക്ഷര കീർത്തനം', 'ബ്രഹ്മപര ഗോവിന്ദകീർത്തനം', 'ഗോപാലകൃഷ്ണ കീർത്തനം', 'ഗൗരി കീർത്തനം', 'വാമപുരേശകീർത്തനം', 'പത്മനാഭ കീർത്തനം', 'വിവേകോദയ കീർത്തനം', 'ജയ കൃഷ്ണകീർത്തനം', 'ശ്രീരാമ കീർത്തനം', 'മുകുന്ദ കീർത്തനം', 'ദശാവതാര

സ്ത്രോത്രം' തുടങ്ങിയവ പൂന്താനത്തിന്റെ രചനകളാണെന്ന് കരുതപ്പെടുന്നു. എന്നാൽ നിസ്തർക്കമായി പൂന്താനത്തിന്റേതെന്ന് അംഗീകരിക്കപ്പെട്ടിട്ടുള്ള കൃതികൾ സന്താനഗോപാലം, ജ്ഞാനപ്പാന, ഭാഷാകർണാമൃതം എന്നിവയാണ്.

## Keywords

ഭക്തിപ്രസ്ഥാനം-പാന-പൂന്താനം-ആത്മീയത-തത്വചിന്ത-ജീവിതസാരം

## Discussion

### 4.1.1 ജ്ഞാനപ്പാന-പൂന്താനം

#### പൂന്താനവും ഭക്തിപ്രസ്ഥാനവും

▶ ഭക്തിപ്രസ്ഥാനത്തിന്റെ പ്രഭാവകാലം

ഇന്ത്യയിലെമ്പാടും നവചൈതന്യം പരത്തിയ ഭക്തിപ്രസ്ഥാനത്തിന്റെ പ്രഭാവകാലമാണ് 15 മുതൽ 17 വരെയുള്ള നൂറ്റാണ്ടുകൾ. ഇന്ത്യയിലെ സാംസ്കാരികജീവിതത്തിൽ മാത്രമല്ല, പ്രാദേശികമായ എല്ലാ ഭാഷാസാഹിത്യങ്ങളിലും ഭക്തിപ്രസ്ഥാനം ശക്തമായ സ്വാധീനം ചെലുത്തി. 'രാമചരിതമാനസ'കർത്താവായ തുളസീദാസൻ മുതൽ സൂർദാസ്, കബീർദാസ്, ബംഗാളിഭാഷയിലെ വിദ്യാപതി ചൈതന്യൻ, ഗുജറാത്തിലെ മീരാഭായി, സൗരാഷ്ട്രയിലെ നാഴ്സിമേത്ത, മഹാരാഷ്ട്രയിലെ ശൂദ്രനായ തുക്കാറാം, ദക്ഷിണേന്ത്യയിൽ രാമാനുജൻ, മാധ്വൻ, വല്ലഭൻ എന്നിങ്ങനെ വൈഷ്ണവഭക്തിക്ക് ചൈതന്യം പകർന്ന് ഭക്തിപ്രസ്ഥാനത്തിനു കരുത്തുനല്കിയവർ നിരവധിയാണ്. ഈ ഭക്തിപ്രസ്ഥാനത്തിന്റെ പിറവിക്കു ചരിത്രപരമായ കാരണങ്ങളുമുണ്ട്.

മധ്യകാലത്തെ ഭാരതത്തിന്റെ സാമൂഹിക സാംസ്കാരിക ജീവിതം ആചാരാനുഷ്ഠാനങ്ങളിലും ശുഷ്കമായ തത്വവിചാരങ്ങളിലും കുടുങ്ങിക്കിടന്നു. ആദ്യകാലത്ത് എല്ലാ വിഭാഗക്കാരെയും കോർത്തിണക്കാൻ പര്യാപ്തമായിരുന്ന വർണസമ്പ്രദായം ജാതിവ്യവസ്ഥയായി അധഃപതിച്ചതോടെ ഭാരതത്തിന്റെ പുരോഗതിയും വികാസവും തടസ്സപ്പെടുകയുണ്ടായി. ഈ ഘട്ടത്തിൽ ഭാരതത്തിലേക്കു കടന്നുവന്ന ഇസ്ലാമിക സംസ്കാരവും ഭാരതീയ സംസ്കാരവും തമ്മിൽ സമന്വയിക്കുന്നതിനായി സ്വീകരിച്ച മാർഗമായിരുന്നു ഭക്തിപ്രസ്ഥാനം. ജ്ഞാനമാർഗമോ കർമമാർഗമോ ഒന്നും സ്വീകരിക്കാതെ ഭക്തി ഒന്നു കൊണ്ടുമാത്രം ഈശ്വരസാക്ഷാത്കാരം നേടാമെന്ന് ഭക്തിപ്രസ്ഥാനം ഉദ്ഘോഷിച്ചു. ഈ ഭക്തിമാർഗം ഏതു ജാതിയിലും മതത്തിലുംപെട്ടവരായാലും സ്വീകരിക്കാവുന്നതാണെന്നായിരുന്നു ഭക്തിപ്രസ്ഥാനത്തിന്റെ നിലപാട്. ചുരുക്കത്തിൽ ഇന്ത്യയിലെ ഭക്തിപ്രസ്ഥാനത്തിന് രണ്ടു ലക്ഷ്യങ്ങളുണ്ടായിരുന്നു. ഒന്ന്, മതത്തിന്റെ ഔപചാരിക ഘടനകൾക്കും ആരാധനയുടെ ബാഹ്യസ്വഭാവത്തിനുമെതിരെ പ്രതിഷേധിക്കുക. രണ്ട്, ഹിന്ദുക്കളെയും മുസ്ലിങ്ങളെയും തമ്മിൽ അടുപ്പിക്കുകയും സാരാംശത്തിൽ രണ്ടു മതങ്ങളും ഭിന്നങ്ങളല്ലെന്ന് സ്ഥാപിക്കുകയും ചെയ്യുക. ചുരുക്കത്തിൽ വരട്ടുതത്വവാദങ്ങളെ ഉപേക്ഷിക്കുക, അനാവശ്യമായ ആചാരങ്ങളെ

▶ ഭക്തി പ്രസ്ഥാന ത്തിന്റെ രാഷ്ട്രീയം

നിഷേധിക്കുക, ഈശ്വരനെയും മനുഷ്യനേയും സ്നേഹിക്കുക, സാമൂഹ്യകാര്യങ്ങളിൽ മനുഷ്യർ തമ്മിൽ സമത്വം പാലിക്കുക, ജാതിയുടെ നിരർഥകത ബോധ്യപ്പെടുത്തുക തുടങ്ങിയ മാർഗങ്ങളിലൂടെ സമൂഹത്തിൽ മാതൃകാപരമായ ജീവിതസിദ്ധാന്തങ്ങൾക്ക് അടിത്തറപാകാൻ ഭക്തിപ്രസ്ഥാനത്തിനു കഴിഞ്ഞു.

ഇന്ത്യയിൽ ഉയർന്നുവന്ന ഭക്തിപ്രസ്ഥാനത്തോടൊപ്പം കേരളത്തിലും ഭക്തിപ്രസ്ഥാനം നാമ്പെടുത്തു. ബ്രാഹ്മണാധിപത്യം ശക്തമായിരുന്ന പ്രദേശമായിരുന്നു അന്ന് കേരളം. ഇതിന്റെ ഭാഗമായി നായന്മാരടക്കമുള്ള മറ്റ് സമുദായങ്ങളെ ശൂദ്രന്മാരായി കണക്കാക്കുകയും തങ്ങൾ മാത്രമാണ് സർവതന്ത്രസ്വതന്ത്രർ എന്ന് ബ്രാഹ്മണർ കരുതുകയും ചെയ്തു. ഇങ്ങനെ ജാതിചിന്തയും അയിത്തവും കൊണ്ട് ഹിന്ദുമതം ആഭ്യന്തരമായി ജീർണിച്ച ഒരു ഘട്ടത്തിലാണ് ഇസ്ലാമതം കേരളത്തിൽ ഒരു സാമൂഹിക ശക്തിയായിത്തീരുന്നത്. അയിത്തവും ജാതിഭ്രഷ്ടുമൊന്നും ബാധകമാകാതിരുന്ന ഇസ്ലാം മതത്തിലേക്ക് ജനങ്ങൾ ആകർഷിക്കപ്പെട്ടത് ഹിന്ദുമതത്തിന് ഒരു വെല്ലുവിളിയായിത്തീർന്നു. ഈ വെല്ലുവിളിയെ നേരിടാനുള്ള ചരിത്രപരമായ ഉപാധിയെന്ന നിലയിലാണ് കേരളത്തിൽ ഭക്തിപ്രസ്ഥാനം രൂപംകൊള്ളുന്നത്. ഭക്തിപ്രസ്ഥാനം ചെറുതല്ലാത്ത പരിവർത്തനങ്ങൾ കേരളത്തിൽ വരുത്തി. ഇടുങ്ങിയ ജാതിവ്യവസ്ഥയ്ക്കുള്ളിൽ മരവിച്ചുപോയ കേരളീയ സമൂഹത്തിന് മനുഷ്യത്വത്തിന്റെ പ്രകാശം നൽകി. സംസ്കൃതപാണ്ഡിത്യവും വേദാന്തജ്ഞാനവും മാത്രമാണ് ഈശ്വരസാക്ഷാത്കാരത്തിനുള്ള മാർഗമെന്ന ധാരണ തിരുത്തി. ശൂദ്രനും അക്ഷരം പഠിക്കാമെന്നും ക്ഷേത്രത്തിൽ പ്രവേശിക്കാമെന്നുമുള്ള നിലവന്നു. ബ്രാഹ്മണാധിപത്യത്തെയും ജാതിവ്യവസ്ഥയെയും രൂക്ഷമായി വിമർശിച്ച ഭക്തിപ്രസ്ഥാനം മനുഷ്യസ്നേഹത്തിനു പ്രാധാന്യം നൽകി. എല്ലാ മനുഷ്യർക്കും ഈശ്വരഭക്തിയിലൂടെ ശാശ്വതമായ ആനന്ദം നേടാമെന്ന് ഭക്തിപ്രസ്ഥാനം ഉദ്ഘോഷിച്ചു. ഈ പശ്ചാത്തലത്തിലാണ് മലയാളത്തിലെ ഭക്തിപ്രസ്ഥാനത്തിന്റെ പ്രയോക്താക്കളായ എഴുത്തച്ഛന്റെയും പൂന്താനത്തിന്റെയും കവിതകളെ വിലയിരുത്തേണ്ടത്.

▶ എഴുത്തച്ഛനും പൂന്താനവും

പ്രാദേശിക ഭാഷകളെ ശക്തിപ്പെടുത്തുന്നതിനും പ്രാദേശികഭാഷാശൈലികളെ ഉദ്ഗ്രഥിക്കുന്നതിനും ഭക്തിപ്രസ്ഥാനത്തിന് കഴിഞ്ഞു. ഭക്തകവികൾ സംസ്കൃതപണ്ഡിതന്മാരായിരുന്നുവെങ്കിൽപ്പോലും അവർ പ്രാദേശികഭാഷകളിലാണ് രചനകൾ നടത്തിയെന്നത് ശ്രദ്ധേയമാണ്. ഈ ഭാഷാകവികളോടുള്ള പുച്ഛമാണ് മേല്പത്തൂരിന്റെയും മറ്റും ഐതിഹ്യകഥകളിൽ കാണുന്നതും. ഭക്തകവികളുടെ രചനകൾക്കവലംബം പുരാണകൃതികൾ തന്നെയായിരിക്കുന്നതുകൊണ്ട് അത് ബ്രാഹ്മണകവികൾ വിവാദവിഷയമാക്കിതിരിക്കുകയും പകരം പാണ്ഡിത്യവും രചനാവൈദഗ്ദ്ധ്യവും പരിഹാസവിഷയമാക്കുകയും ചെയ്തു എന്നതാവാം സത്യം.

▶ പ്രാദേശിക ഭാഷകളും ഭക്തി പ്രസ്ഥാനവും

'രാമായണഭാരതാ'ദികളേക്കാൾ ഭക്തിപ്രസ്ഥാനത്തെ സ്വാധീനിച്ച കൃതി 'ഭാഗവതമാണ്'. 'ഭാഗവതം ദശമസ്കന്ധ'ത്തിലെ ശ്രീകൃഷ്ണൻ ഭക്തകവികൾ ഏറെ അവലംബിക്കുന്ന ബിംബമാണ്. ശൈശവാഭിമുഖ്യമുള്ള കവികൾക്ക് ഉണ്ണിയായും, യൗവനഹൃദയങ്ങൾക്ക് കാമുകനായും പക്വഹൃദയങ്ങൾക്ക് ഗീതോപദേശം നൽകുന്ന ബിംബമായും കൃഷ്ണ

SGOU

സ്വരൂപം പ്രത്യക്ഷമാകുന്നു. ഇന്ത്യയിലെ മറ്റു പ്രാദേശിക ഭാഷാസാഹിത്യത്തിലെന്നപോലെ മലയാളത്തിലും ഭക്തിപ്രസ്ഥാനത്തിലെ കവികൾ കൃതികൾ രചിച്ചത് ആലാപനത്തിന് വേണ്ടിയാണ്. അതുകൊണ്ട് ഭാഷയിലും ശൈലിയിലും ശീലുകളിലും ജനഹൃദയങ്ങളിലേക്കിറങ്ങിചെല്ലാൻ കഴിയുന്ന നാടോടി സാഹിത്യത്തിന്റെ രൂപഭാവങ്ങൾ സ്വീകരിക്കുന്നതു കാണാം.

▶ ഭാഷയും ശൈലിയും ശീലുകളും

പൂന്താനത്തിനു മുൻപുള്ള മലയാളസാഹിത്യം പാട്ട്, മണിപ്രവാളം എന്നീ രണ്ടു സരണികളായി നിലനിന്നു. ഇതിൽ ആഭിജാതവർഗസാഹിത്യമായിരുന്നു മണിപ്രവാളം. കാവ്യഭാഷകൊണ്ടും കാവ്യവിഷയം കൊണ്ടും മണിപ്രവാളത്തിന്റെ വിഷയം അച്ചീചരിതങ്ങളും അവരുടെ അംഗപ്രത്യംഗ വർണ്ണനകളുമായിരുന്നു. മണിപ്രവാളത്തിന്റെ കാവ്യഭാഷ സാധാരണക്കാർക്ക് ദുർഗ്രാഹ്യമായ 'വിഭക്ത്യന്തസംസ്കൃത പദങ്ങൾ' നിറഞ്ഞതായിരുന്നു. പാട്ടുസാഹിത്യം തമിഴിനോട് ഏറെ അടുപ്പം പുലർത്തിയെങ്കിലും പാട്ടുകവികൾ മിക്കവരും അബ്രാഹ്മണകവികളായിരുന്നു. കണ്ണശ്ശനും എഴുത്തച്ഛനുമെല്ലാം മണിപ്രവാളസംസ്കാരത്തോടു ചെറുത്തു നിന്നപ്പോൾ അതിനു കരുത്തായി പൂന്താനത്തിന്റെ കവിതയും നിലകൊണ്ടു.

▶ പാട്ടും മണിപ്രവാളവും

15-ാം നൂറ്റാണ്ടോടെ നാടുവാഴിത്തവും ജാതിവ്യവസ്ഥയും വ്യവസ്ഥാപിതമായെങ്കിലും ഹോമാദിപൂജകൾ നടത്തിയും പുരാണപാരായണവുമായി ക്ഷേത്രങ്ങളിൽ നിന്ന് ക്ഷേത്രങ്ങളിലേക്ക് അലഞ്ഞു നടന്ന ഒരു വിഭാഗമുണ്ടായിരുന്നു. അധീശവർഗത്തിന്റെയും ആഢ്യബ്രാഹ്മണരുടെയും അവജ്ഞ നേരിട്ട ഈ ഇടത്തട്ടുവർഗത്തിലെ ബ്രാഹ്മണകവികളാണ് മണിപ്രവാളത്തിന്റെ ഘടനയെ തകർത്തത്. ഇവർ പാട്ടു പ്രസ്ഥാനവുമായി, കീർത്തനസാഹിത്യവുമായി അടുക്കുകയും ബൗദ്ധിക ജീവിതത്തിന്റെ അല്ലലുകൾക്കും അലച്ചിലുകൾക്കും പരിഹാരമായി ഒരു രക്ഷകനെ കണ്ടെത്താൻ ശ്രമിക്കുകയും ചെയ്തു. രാമനും കൃഷ്ണനും എഴുത്തച്ഛന്റെ രക്ഷകസ്ഥാനത്തുള്ള പിതൃബിംബമായതുപോലെ വൈയക്തിക ജീവിതത്തിൽ നിഷേധിക്കപ്പെട്ട സ്നേഹബന്ധവും പിതൃഭാവവും പൂരിപ്പിക്കുന്നതിനുള്ള ഒരു ബിംബമായിത്തീരുന്നു പൂന്താനത്തിന്റെ കൃഷ്ണൻ.

▶ പാട്ടു പ്രസ്ഥാനവും കീർത്തന സാഹിത്യവും

## പ്രധാന കൃതികൾ

### സന്താനഗോപാലം പാന

ഭാഗവതം ദശമസ്കന്ധത്തിലെ സന്താന ഗോപാലം കഥയാണ് സന്താനഗോപാലം പാനയുടെ ഇതിവൃത്തത്തിനാധാരം. 'മതിചെന്നുകുമാരഹരണമാംകഥതന്നിൽ മുഴുകിച്ചമകയാൽ' എന്നീ വരികളെ മുൻനിർത്തി ഈ വാക്യത്തിന്റെ പേര് 'കുമാരഹരണം പാന' എന്നാണെന്ന് ഉള്ളൂർ രേഖപ്പെടുത്തിയിട്ടുണ്ട്. സന്താന നഷ്ടത്താൽ ദുഖിതനായ ബ്രാഹ്മണൻ ദ്വാരകയിൽ ചെന്ന് ശ്രീകൃഷ്ണനോട് പരാതി പറയുന്നു. അശ്വമേധത്തിനായുള്ള ദീക്ഷ പാലിച്ചിരുന്ന ശ്രീകൃഷ്ണനും യാദവ പതികളും പരാതി പരിഗണിക്കുന്നില്ല. തുടർന്ന് ബ്രാഹ്മണൻ ശ്രീകൃഷ്ണനെ ഭർത്സിക്കുന്നു. ഇതോടെ ഇനിയൊരുണ്ണി ഉണ്ടായാൽ രക്ഷിച്ചു കൊള്ളാമെന്ന് അർജ്ജുനൻ വാഗ്ദാനം ചെയ്യുന്നു. അടുത്ത ഭാഗത്ത് ബ്രാഹ്മണ പത്നി ഗർഭിണിയാകുന്നതും സൂതികാഗൃഹത്തിന് ചുറ്റും അർജ്ജുനൻ ശരകൂടം

കെട്ടി കാവൽ നിൽക്കുന്നതിന്റെയും ദൃശ്യങ്ങളാണ്. എന്നാൽ അർജ്ജുനന് തന്റെ വാഗ്ദാനം പാലിക്കാൻ കഴിയാതെ വരുന്നു. മൂന്നാം ഭാഗത്ത് ബ്രാഹ്മണപുത്രന്മാരെ തേടി അർജ്ജുനൻ ഭൂമിയിലും സ്വർഗത്തിലും പാതാളത്തിലും കാലപുരിയിലുമെല്ലാമലയുന്നു. എന്നാൽ കുട്ടികളെ കണ്ടെത്താൻ കഴിയാതെ, തന്റെ പ്രതിജ്ഞ നിറവേറ്റാനാവാതെ അർജ്ജുനൻ അഗ്നിയിൽ ചാടി ആത്മാഹുതിക്കൊരുങ്ങുന്നു. തുടർന്ന് ശ്രീകൃഷ്ണൻ അർജ്ജുനനെ സമാശ്വസിപ്പിച്ചുകൊണ്ട് വൈകുണ്ഠത്തിലേക്ക് കൂട്ടിക്കൊണ്ട് പോകുന്നു. നാലാം ഭാഗം അർജ്ജുനന്റെ വൈകുണ്ഠദർശനവും കുമാരഹരണവുമാണ്. വൈകുണ്ഡത്തിന്റെയും അവിടെ അനന്തശായിയായ സാക്ഷാൽ മഹാവിഷ്ണുവിന്റെയും മഹാലക്ഷ്മിയുടെയും സന്നിധിയിൽ ക്രീഡാലോലരായി കഴിയുന്ന കുട്ടികളുടെയും വർണനകളിൽ ഭക്തനായ പൂന്താനത്തിന്റെ ആത്മഭാവം ദർശിക്കാനാവുന്നു. ഈ കഥ കേൾക്കുന്നവർക്ക് പുത്രസമ്പത്തും അർഥമിത്രാദികളത്രസുഖവും മുക്തിയും ഉണ്ടാകുമെന്നാണ് കാവ്യത്തിന്റെ ഫലശ്രുതി.

▶ സന്താന ഗോപാലം കഥയാണ് ഇതിവൃത്തം

## ഭാഷാകർണ്ണാമൃതം -ശ്രീകൃഷ്ണ കർണ്ണാമൃതം

ശ്രീകൃഷ്ണ ലീലകൾ സ്തോത്രരൂപത്തിൽ വാഴ്ത്തിപ്പാടുകയും തത്വചിന്താപരമായ വിഷയങ്ങൾ ഭക്തർക്കുപദേശിച്ചുകൊടുക്കുകയും ചെയ്യുന്ന സ്തോത്രകൃതിയാണ് ഭാഷാകർണ്ണാമൃതം. ലീലാശുകന്റെ ശ്രീകൃഷ്ണ കർണ്ണാമൃതത്തിന്റെ പൂർണമായ ഭാഷാന്തരീകരണമല്ല ഈ കൃതി. ഭാഗവതം ദശമസ്കന്ധത്തിലെ കഥയാണ് സംഗ്രഹരൂപത്തിൽ കർണ്ണാമൃതത്തിൽ പ്രതിപാദിച്ചിട്ടുള്ളത്. 169 ശ്ലോകങ്ങളിലായി കൃഷ്ണലീലകളുടെ വർണനകളും കൃഷ്ണസ്തുതികളും തത്വ ചിന്താശകലങ്ങളും കർണ്ണാമൃതവും ഹൃദയാകർഷകവുമായി ആവിഷ്ക്കരിച്ചിരിക്കുന്നു. ലളിത മധുരങ്ങളായ മലയാള പദങ്ങൾ കോർത്തിണക്കിയതാണ് കർണ്ണാമൃതത്തിന്റെ ശൈലി. ഈ ലാളിത്യം മുൻനിർത്തിയാണ് പൂന്താനത്തെ ഭാഷാസാഹിത്യത്തിലെ കെടാവിളക്കായി ഡോ. കെ. രാഘവൻ പിള്ള വിശേഷിപ്പിക്കുന്നത്.

▶ ശ്രീകൃഷ്ണലീലകൾ

## ജ്ഞാനപ്പാന -ഇതിവൃത്തസമീക്ഷ

ഈശ്വരജ്ഞാനത്തെക്കുറിച്ചുള്ള പാനയാണ് ജ്ഞാനപ്പാന. കാവ്യം ഗുരുവന്ദനത്തോടെയാണ് പൂന്താനം ആരംഭിക്കുന്നത്. തന്റെ നരജന്മം സഫലമാകുന്നതിനായി എല്ലായ്പ്പോഴും നാവിന്മേൽ ഹരിനാമങ്ങളുണ്ടാകുവാൻ ഗുരുനാഥന്റെ തുണയുണ്ടാകണമെന്നാണ് കവിയുടെ പ്രാർഥന. തുടർന്ന് കവി തന്റെ ഭക്തിയുടെയും തത്വചിന്തയുടെയും ആഖ്യാനത്തിലേക്ക് കടക്കുന്നു.

▶ ഈശ്വരജ്ഞാനത്തെക്കുറിച്ചുള്ള പാന

ഇന്നലെ വരെ എന്തുസംഭവിച്ചുവെന്നോ നാളെയെന്താണ് സംഭവിക്കുന്നതെന്നോ മനുഷ്യന് വ്യക്തമല്ല. ഇന്നുകൾപോലും മനുഷ്യനിയന്ത്രണത്തിലല്ല. ഇന്ന് കണ്ട മനുഷ്യർ നാളെ കാണാതിരിക്കുന്നതും, നിസ്വനായ മനുഷ്യനെ നിമിഷം കൊണ്ട് പ്രഭുവാക്കി മാറ്റുന്നതും പ്രഭുക്കന്മാരായി കഴിഞ്ഞവരെ ഭിക്ഷാംദേഹികളായി മാറ്റുന്നതുമെല്ലാം ഈശ്വരലീലകൾ തന്നെ. ഏതു നിമിഷവും മരണം സംഭവിക്കാമെന്നതാണ് ശാശ്വതമായ സത്യം.

▶ മരണമെന്ന ശാശ്വത സത്യം

SGOU

▶ നശ്വരമായ ജീവിതം

മനുഷ്യന്റെ ഐശ്വര്യങ്ങൾ നശ്വരമാണ്. ഈ സത്യം ചിലരൊക്കെ മനസിലാക്കുന്നുണ്ട്. ഐശ്വര്യങ്ങൾ നശിച്ചു പോകുന്നത് കണ്ടിട്ടും മനസിലാക്കാത്തവരുമുണ്ട്. എന്നാൽ ജ്ഞാനികളായ മനുഷ്യരാവട്ടെ ഈ സത്യം മുൻകൂട്ടി മനസിലാക്കുകയും ചെയ്യുന്നു.

▶ പ്രതിജനഭിന്നവിചിത്രമായ മനുഷ്യമനസ്സ്

മനുഷ്യമനസ്സ് പ്രതിജനഭിന്നവിചിത്രമാണ്. വ്യത്യസ്തമായ മനസുള്ളതുകൊണ്ടു തന്നെയാണ് വ്യത്യസ്തങ്ങളായ ശാസ്ത്രങ്ങൾ ഉണ്ടായിട്ടുള്ളത്. കർമാധികാരികൾക്കായി കർമശാസ്ത്രങ്ങളും ജ്ഞാനത്തിന് അധികാരികളായിട്ടുള്ളവർക്കായി ജ്ഞാനശാസ്ത്രങ്ങളും രചിക്കപ്പെട്ടിരിക്കുന്നു. സംസാരബന്ധത്തിൽപ്പെട്ടുഴലുന്ന നമുക്കറിയാനായി, അറിവുള്ള മഹാത്മാക്കൾ പറഞ്ഞിട്ടുള്ള പരമാർഥങ്ങൾ അറിയുന്നതിനായി, അതുവഴി മോക്ഷം ലഭിക്കുന്നതിനായി എല്ലാവരും ശ്രദ്ധയോടെ കേൾക്കുവാൻ കവി ഉപദേശിക്കുന്നു.

▶ കർമബന്ധം

മനുഷ്യനെ ഈ ലോകത്തിൽ ബന്ധിതനാക്കുന്നത് കർമമാണ്. ഈ അശേഷപ്രപഞ്ചത്തെയും സൃഷ്ടിച്ച ഈശ്വരൻ ജ്യോതിസ്വരൂപനാണ്. അദ്വൈതബോധമുള്ളവർക്ക് ഈശ്വരൻ ഏകസത്തായി അനുഭവപ്പെടും. ചപലന്മാരെ സംബന്ധിച്ച് ഈശ്വരൻ അജ്ഞേയനുമാണ്. ഏകജീവ സ്വരൂപമായ ഈശ്വരൻ സൃഷ്ടിച്ച ഈ പ്രപഞ്ചത്തിൽ മനുഷ്യൻ കർമബന്ധനായി ജീവിക്കുകയാണ്.

▶ പുണ്യം, പാപം, മിശ്രം

സത്വരജസ്തമോഗുണസ്വരൂപനായ ഈശ്വരൻ ഏക സ്വരൂപനാണ്. അതുപോലെ കർമങ്ങളെ പുണ്യം, പാപം, മിശ്രം എന്നിങ്ങനെ വേർതിരിക്കാറുണ്ടെങ്കിലും ഏതു കർമവും മനുഷ്യനെ കർമബന്ധിതനാക്കുകയാണ്. സൽകർമങ്ങൾ സ്വർണച്ചങ്ങലയും ദുഷ്കർമങ്ങൾ ഇരുമ്പുചങ്ങലയും മിശ്ര കർമങ്ങൾ സ്വർണത്തിന്റെയും ഇരുമ്പിന്റെയും മിശ്രമായ ചങ്ങലയുമാണെന്ന് പറയാം. ചുരുക്കത്തിൽ ഏതു കർമമായാലും മനുഷ്യർ കർമബദ്ധർ തന്നെ. ബ്രഹ്മാദികൾ മുതൽ ഈച്ചയുറുമ്പുകൾ വരെ ഈ കർമബന്ധത്തിൽ നിന്നു മുക്തമല്ല.

▶ സൃഷ്ടികർമം

പ്രളയകാലം വരെ ബ്രഹ്മാവ് സൃഷ്ടികർമത്തിൽ വ്യാപൃതനാണ്. ദിക്പാലകന്മാരും ഇന്ദ്രാദികളായ ദേവന്മാരുമെല്ലാം കർമത്തിൽ മുഴുകി കഴിയുന്നു. മനുഷ്യനെന്ന അല്പകർമിയും പല ജന്തുക്കളുടെ ഗർഭത്തിൽ ജനിച്ച്, ജീവിച്ച്, മരിച്ച്, വീണ്ടും ജനിച്ച് സംസാരബന്ധങ്ങളിൽ പെട്ട് ഉഴലുകയാണ്. കർമങ്ങളുടെ ഫലമായി മനുഷ്യർ പല പല ജന്മങ്ങൾ കൈക്കൊള്ളുന്നു. അജം ചത്ത് ഗജമായി പിറക്കുന്നതും ദ്വിജൻ (ബ്രാഹ്മണൻ) ചത്ത് ദ്വിജമായി (പക്ഷി) പിറക്കുന്നതും, നൃപൻ കൃമിയായി പിറക്കുന്നതും ഈച്ച പൂച്ചയായി പിറക്കുന്നതുമെല്ലാം ഈശ്വരവിലാസങ്ങൾ തന്നെ.

▶ കർമവും ഫലവും

കർമങ്ങൾ കൊണ്ടു നേടിയ പുണ്യവുമായി അന്യലോകങ്ങളിൽചെന്നു സുഖിക്കുന്നത് സ്വന്തം ഗൃഹത്തിൽ നിന്നു കൊണ്ടുപോയ ധനം കൊണ്ട് മറ്റെവിടെയെങ്കിലും ചെന്ന് ആസ്വദിക്കുന്നതുപോലെയാണ്. പണം തീരുമ്പോൾ വീട്ടിലേയ്ക്ക് തിരിച്ചെത്തുന്നതുപോലെ പുണ്യമൊടുങ്ങുമ്പോൾ ഈ ഭൂമിയിലേയ്ക്ക് തന്നെ തിരിച്ചുപോരണം. ഈ ഭൂമിയിലെ ജീവിതത്തിലൂടെ മാത്രമേ കർമനാശം വരുത്താനും സാധിക്കൂ. ഈ ഭൂമിയിലെ കർമക്ഷേത്രമാണ് ഭാരതം. കർമബീജം വീണ്ടും മുളയ്ക്കാനും കർമനാശം വരുത്താനും ഈ കർമഭൂമിയ്ക്കേ കഴിയൂ.

## വരികൾ

### കലിയുഗ വർണനം

### (സവിശേഷപഠനത്തിനുള്ള കാവ്യഭാഗം )

'യുഗം നാലിലും നല്ലൂ കലിയുഗം
സുഖമേതന്നെ മുക്തി വരുത്തുവാൻ
കൃഷ്ണകൃഷ്ണമുകുന്ദജനാർദ്ദന
കൃഷ്ണഗോവിന്ദരാമായെന്നിങ്ങനെ
തിരുനാമസങ്കീർത്തനമെന്നിയെ-
മറ്റേതുമില്ല യത്നമറിഞ്ഞാലും
അതുചിന്തിച്ചു മറ്റുള്ള ലോകങ്ങൾ
പതിമൂന്നിലുമുള്ള ജനങ്ങളും
മറ്റു ദ്വീപുകളാറിലുമുള്ളോരും
മറ്റു ഖണ്ഡങ്ങളെട്ടിലുമുള്ളോരും
മറ്റു മൂന്നു യുഗങ്ങളിലുള്ളോരും
മുക്തി തങ്ങൾക്കു സാധ്യമല്ലായ്കയാൽ
കലികാലത്തെ ഭാരതഖണ്ഡത്തെ
കലിതാദരം കൈവണങ്ങീടുന്നു
അതിൽവന്നൊരു പുല്ലായിട്ടെങ്കിലും
ഇതുകാലം ജനിച്ചുകൊണ്ടീടുവാൻ
യോഗ്യതവരുത്തീടുവാൻ തക്കൊരു
ഭാഗ്യം പോരാതെപോയല്ലേ ദൈവമേ
ഭാരത ഖണ്ഡത്തിങ്കൽ പിറന്നോരു
മാനുഷർക്കും കലിക്കും നമസ്കാരം!
എന്നെല്ലാം പുകഴ്ത്തീടുന്നു മറ്റുള്ളോർ
എന്നതെന്തിനു നാം പറഞ്ഞീടുന്നു?

### അർഥവിശദീകരണം

| | | |
|---|---|---|
| യുഗം | = | കാലഘട്ടം |
| കലിയുഗം | = | ചതുർ യുഗങ്ങളിൽ ഒന്ന് |
| നല്ലൂ | = | നല്ലത് |
| മുക്തി | = | മോക്ഷം |
| യത്നം | = | ഉത്സാഹം, ഇച്ഛാനുസാരമുള്ള പ്രവർത്തനം, ഉദ്യമം, അധ്വാനം |

### ആശയവിശദീകരണം

കലിയുഗത്തിൽ മോക്ഷം ലഭിക്കുന്നതിനുള്ള ഏക മാർഗം ഭഗവനാമസങ്കീർത്തനമാണ്. മറ്റു പതിമൂന്നുലോകങ്ങളിലും ആറു ദ്വീപുകളിലും എട്ടു ഖണ്ഡങ്ങളിലും മൂന്നുയുഗങ്ങളിലും ഉള്ളവരെല്ലാം തങ്ങൾക്ക്

മോക്ഷം സാധ്യമല്ലാത്തതുകൊണ്ട് ഭാരതഖണ്ഡത്തെ ആദരവോടെ വണങ്ങുന്നു. ഭാരതഖണ്ഡത്തിൽ വന്ന് ഒരു പുല്ലായി ജനിക്കാൻ പോലുള്ള ഭാഗ്യമില്ലാത്തതിനാൽ അവർ ദൈവത്തോട് ഖേദിക്കുന്നു എന്ന് മാത്രമല്ല കലിയുഗത്തിൽ ഭാരതഖണ്ഡത്തിൽ പിറന്ന മനുഷ്യരേയും കലിയേയും ഇവർ നമസ്ക്കരിക്കുകകൂടി ചെയ്യുന്നു. കലിയുഗത്തിൽ മോക്ഷസാധകമായ തിരുസങ്കീർത്തനത്തിനുള്ള പ്രസക്തിയും മാഹാത്മ്യവും അതിശയോക്തിപരമായി സൂചിപ്പിക്കുകയാണിവിടെ.

▶ കലിയുഗവും മോക്ഷവും

ഭാരതഖണ്ഡത്തിൽ ഇതു കലിയുഗമാണ്. മനുഷ്യരെല്ലാം ഈ യാഥാർഥ്യം മനസിൽ കരുതി ഹരിനാമകീർത്തനങ്ങളിൽ മുഴുകിക്കഴിയുകയാണ് വേണ്ടത്. എന്നാൽ ഹരിനാമസ്മരണപോലുമില്ലാതെ, നരകഭയമില്ലാതെ മനുഷ്യജന്മം ഭൗതിക സുഖങ്ങളിലും കർമങ്ങളിലും ബന്ധിക്കപ്പെട്ട് പാഴായി ജീവിച്ചു തീർക്കുക (ചുട്ടുതിന്നുക)യാണ് ചെയ്യുന്നത്. വളരെയേറെ പണിപ്പെട്ടും പരിണാമത്തിന്റെ പടവുകൾ കടന്നുമാണ് മനുഷ്യജന്മം ലഭിക്കുന്നത്. എത്രയോ ജന്മങ്ങൾ ജലത്തിലും മലത്തിലും മണ്ണിലും കഴിയുന്നു. മരങ്ങളായും മൃഗങ്ങളായും പുഴുക്കളായുമൊക്കെയുള്ള ജന്മാന്തരങ്ങൾക്കൊടുവിലാണ് അമ്മയുടെ ഗർഭപാത്രത്തിൽ മനുഷ്യനായി രൂപം കൊള്ളുന്നത്. പത്തുമാസം മാതൃഗർഭത്തിൽ കഴിയുന്നു. പിന്നീടുള്ള പന്തീരാണ്ടു കാലമാകട്ടെ അജ്ഞതയുടെയും അവിവേകത്തിന്റെയും ഒപ്പം ആശ്രയത്വത്തിന്റെ ബാല്യമാണ്. പിന്നീടുള്ള കാലമാവട്ടെ സ്വയമാരെന്നറിയാതെ സ്വാഭിമാനത്തോടെ മനുഷ്യർ ജീവിക്കുന്നു. മരണം എപ്പോഴാണ് കടന്നുവരിക എന്നൊരിക്കലും അവനറിയുന്നില്ല. നീർപ്പോളപോലെയുള്ള ഈ ദേഹത്തിലെ വീർപ്പ് (പ്രാണൻ) മനുഷ്യൻ നിനച്ചിരിക്കാതെ നേർത്തു പോകുന്നു. ആ അന്തിമ വേളയിൽ മാത്രം കീർത്തിക്കാനുള്ളതല്ല ഈശ്വരനാമങ്ങൾ.

▶ ഭൗതിക സുഖങ്ങളിലും കർമങ്ങളിലും ബന്ധിച്ച് ജീവിതം പാഴായിത്തീരുന്നു

ഈ കലിയുഗത്തിൽ മനുഷ്യർ ഈശ്വരനാമങ്ങളിൽ മുഴുകുന്നില്ല എന്ന് മാത്രമല്ല, തൃഷ്ണകളിൽ മുഴുകി അധാർമികമായ ജീവിതം നയിക്കുന്നതായി പൂന്താനം വ്യസനിക്കുന്നു. സ്ഥാനമാനങ്ങൾക്കായി യാതൊരു നാണവുമില്ലാതെ മനുഷ്യർ കലഹിക്കുന്നു. മനസിൽ കാമക്രോധങ്ങളും മദമാത്സര്യങ്ങളും മാത്രം നിറച്ചു ജീവിക്കുന്നവർ, സുന്ദരിമാരുടെ ഭവനങ്ങളിൽ പാടുകിടക്കുന്നു. സ്ത്രീജിതരായ മനുഷ്യർ, കോവിലകങ്ങളിലെ സേവയുടെ പേരിൽ പ്രഭുത്വം നടിച്ച് ഞെളിഞ്ഞു നടക്കുന്നവർ, അച്ഛനമ്മമാർക്കും ഭാര്യയ്ക്കും ജീവിതവൃത്തിക്കു വക നൽകാതെ, അഗ്നിസാക്ഷിയായ ഭാര്യയെ സ്വപ്നത്തിൽ പോലും കാണാതെ നടക്കുന്നവർ, സത്തുക്കളായ മനുഷ്യർ ഇവരെ ഉപദേശിക്കാൻ മുതിർന്നാലോ ശത്രുവിനെപ്പോലെ ക്രുദ്ധരായിത്തീരുന്ന ഇവർ ബഹുമാന്യരെ മാനിക്കുന്നില്ല; എന്നു മാത്രമല്ല, അവരെ നിന്ദിച്ചു പറയുകയും ചെയ്യുന്നു എന്നത് കലിയുഗത്തിലെ മനുഷ്യസ്വഭാവവൈചിത്ര്യമായി പൂന്താനം അവതരിപ്പിക്കുന്നു.

▶ ഈശ്വരനാമങ്ങളിൽ മുഴുകുന്നില്ല

കലിയുഗത്തിലെ മറ്റൊരു മാനുഷികദൗർബല്യം ജന്മത്തെ കരുതിയുള്ള അഹംബോധമാണെന്ന് പൂന്താനം പറയുന്നു. ബ്രാഹ്മണ്യത്തിന്റെ പരമ പദവിയിലാണ് തങ്ങൾ എന്നു കരുതി ബ്രഹ്മാവ് പോലും തന്നോളം പോരുകയില്ല എന്നിങ്ങനെ നടക്കുന്നവരും തങ്ങൾ ഉള്ളതുകൊണ്ടാണ് ഈ പ്രപഞ്ചമിങ്ങനെ നിലനില്ക്കുന്നതെന്നു കരുതുന്നവരും കലി

SGOU

യുഗത്തിലെ മനുഷ്യഹന്തയുടെ നേർരൂപങ്ങളാണ്. മനുഷ്യന്റെ മറ്റൊരു കലിയുഗ ദൗർബല്യം അർഥ (ധനം)ത്തോടുള്ള ആർത്തിയാണ്. ഏതു മാർഗത്തിലൂടെയും ധനം സമ്പാദിക്കുക എന്നതായിരിക്കുന്നു മനുഷ്യന്റെ ലക്ഷ്യം. അത് അഗ്നിഹോത്രമാണെങ്കിൽ കൂടിയും. അഗ്നിഹോത്രി എന്ന പദവിപോലും ഒരു ധനാഗമമാർഗമാക്കുന്നു എന്ന് ചുരുക്കം. സ്വർണരത്നാഭരണങ്ങളുടെ കച്ചവടം, ആനക്കച്ചവടം, കുതിരക്കച്ചവടം, കപ്പൽ വാണിഭം തുടങ്ങി കലിയുഗ മനുഷ്യന്റെ ധനാർത്തിക്കു സമാനതകളില്ല. പത്തുകിട്ടിയാൽ നൂറ് ആഗ്രഹിക്കുക, നൂറു കിട്ടിയാൽ ആയിരം, ആയിരം കിട്ടിയാൽ പതിനായിരം അങ്ങനെ ആശാപാശത്തിലൂടെയുള്ള സഞ്ചാരം അതിശയകരം തന്നെ. ദരിദ്രരായ സജ്ജനങ്ങൾ യാചിച്ചാൽ കൂടി ഈ ധനത്തിൽ നിന്ന് ഒരംശം പോലും കൊടുക്കാൻ അവർ തയ്യാറാകുന്നുമില്ല. ധനാർത്തിമുഴുത്ത് ഒരു പശ്ചാത്താപവുമില്ലാതെ വിശ്വാസവഞ്ചന നടത്തുന്നവർ, സത്യത്തെ ത്യജിക്കുന്നവർ ഇങ്ങനെ കലിയുഗത്തിലെ മനുഷ്യ സ്വഭാവം വിചിത്രം തന്നെ.

▶ മാനുഷികദൗർബല്യം ജന്മത്തെ കരുതിയുള്ള അഹംബോധമാണെന്ന്

ഈ ഭൂമിയിൽ സത്യമായിട്ടുള്ളത് ബ്രഹ്മം മാത്രമാണെന്ന് സജ്ജനങ്ങൾക്കറിയാവുന്നതാണ്. എന്നാൽ ചില വിദ്വാന്മാർ വിദ്യകൊണ്ടറിയേണ്ട ഈ സത്യം അറിയുന്നില്ല. കുങ്കുമത്തിന്റെ സൗരഭ്യവും വൈശിഷ്ട്യവും അറിയാതെ അത് ചുമക്കുന്ന കഴുതയെപ്പോലെ ഈ വിദ്യയുടെ ആത്മജ്ഞാനതത്ത്വം അറിയുന്നില്ല.

▶ സത്യമായിട്ടുള്ളത് ബ്രഹ്മം മാത്രം

'കൃഷ്ണ കൃഷ്ണ നിരൂപിച്ചു കാണുമ്പോൾ
തൃഷ്ണ കൊണ്ടേ ഭ്രമിക്കുന്നതൊക്കയും'

എന്നിങ്ങനെ കലിയുഗത്തിലെ മനുഷ്യജീവിത ദൗർബല്യങ്ങളും അതിനു ഏകകാരണമായ തൃഷ്ണയുടെയും ദുരന്തങ്ങൾ പൂന്താനം പ്രാർഥനാപൂർവം വരച്ചുകാട്ടുന്നു. മനുഷ്യജീവിതം ഒടുങ്ങാത്ത മോഹങ്ങളുടേതാണ്. മനുഷ്യായുസ്സ് ഓരോ ദിനമെണ്ണിക്കുറയുമ്പോഴും മോഹങ്ങൾ കൂടിക്കൂടിവരുന്നു. ഒരോ ഓണവും വിഷുവും കഴിയുമ്പോഴും അടുത്തതിനായി കാത്തിരിക്കുന്നവർ, ശ്രാദ്ധമായാലും സദ്യയുണ്ട് കാലം കഴിക്കുന്നവർ, മക്കളുണ്ടായി അവരുടെ വേളി കഴിഞ്ഞ് ചെറു മക്കളുമുണ്ടായശേഷമേ മരിക്കാവൂ എന്നാഗ്രഹിക്കുന്നവർ, കൈവശം വന്നു ചേർന്ന ഭൂമി ഇനി ഒരിക്കലും മറ്റൊരാൾക്ക് കൊടുക്കരുത് എന്നാഗ്രഹിക്കുന്നവർ-ഇങ്ങനെ തന്റെ മാത്രം ഭൗതിക സുഖങ്ങൾ, തന്റെ മാത്രം ഐശ്വര്യം, തന്റെ മാത്രം ദീർഘായുസ്സ് എന്നിങ്ങനെ തൃഷ്ണാപൂരിതമാണ് കലികാലത്തെ മനുഷ്യജീവിതം.

▶ തൃഷ്ണാപൂരിത ജീവിതം

'ഇത്ഥമോരോന്ന് ചിന്തിച്ചിരിക്കവേ
ചത്തുപോകുന്നു പാവം ശിവ! ശിവ'

എന്നു പൂന്താനം ഓർമിപ്പിക്കുന്നു. തൃഷ്ണാകലുഷമായി ഇത്രയും നാൾ പാഴായ ജന്മം സഫലമാക്കുവാൻ കവി ആഹ്വാനം ചെയ്യുന്നു. കലിയുഗത്തിൽ ജനിച്ചവർക്ക് അതിനുള്ള ഏക മുക്തിമാർഗമാത്രേ നാമസങ്കീർത്തനം. ദുഷ്കർമങ്ങളുടെ ഫലം നരകമാണെന്ന യാഥാർഥ്യം ബോധ്യപ്പെട്ട് നാമസങ്കീർത്തനങ്ങളിൽ മുഴുകി എല്ലാവരും വൈകുണ്ഠം പൂകണം എന്നത്രേ ഭക്താഗ്രണിയായ കവി ആഗ്രഹിക്കുന്നത്.

▶ തൃഷ്ണയും ജീവിതവും ബ്രഹ്മവും

മനുഷ്യന്റെ പിറവി ഒരുമിച്ചല്ല! മരിക്കുമ്പോഴും അങ്ങനെ തന്നെ. അതുകൊണ്ട് ഈ ജീവിതത്തിൽ മത്സരങ്ങൾക്ക് യാതൊരർഥവുമില്ല. മോക്ഷസാധകമായ പുരുഷാർഥമുള്ളപ്പോൾ അർഥം മാത്രം ആഗ്രഹിക്കുന്നത് മധ്യാഹ്നപ്രകാശമുള്ളപ്പോൾ ഖദ്യോതത്തെ (മിന്നാമിനുങ്ങിനെ) മാനിക്കുന്നതുപോലെ വ്യർഥമാണ്. ഭാര്യ, പുത്രന്മാർ, മിത്രങ്ങൾ, സമ്പത്ത് എന്നിവയെ ഓർത്താണല്ലോ മനുഷ്യന്റെ ആധിയും അലച്ചിലുമെല്ലാം. ഉണ്ണികൃഷ്ണൻ മനസിൽ കളിക്കുമ്പോൾ ഉണ്ണികളായി മറ്റാരെയാണ് വേണ്ടത്? ഭഗവാന്റെ മായാവിലാസങ്ങൾക്ക് മുൻപിൽ ജായാ (ഭാര്യ) വിലാസങ്ങൾ കേവലം ഗോഷ്ഠി മാത്രം. അതുകൊണ്ട് വിശ്വനാഥനായ ഈശ്വരനെ പിതാവായും ജഗദംബയെ മാതാവായും കരുതി നാമസങ്കീർത്തനങ്ങളിൽ മുഴുകുക.

▶ നാമസങ്കീർത്തനങ്ങളിൽ മുഴുകുക

'ഭക്തി തന്നിൽ മുഴുകിചമഞ്ഞുടൻ
മത്തനെപ്പോലെ നൃത്തം കുതിക്കണം
പാരിലിങ്ങനെ സഞ്ചരിച്ചീടുമ്പോൾ
പ്രാരാബ്ധങ്ങളശേഷ മൊഴിഞ്ഞീടും'

എന്നതാണ് ജീവിതത്തെ സംബന്ധിച്ചുള്ള പൂന്താനത്തിന്റെ നിലപാട്. ഒരർത്ഥത്തിൽ അദ്ദേഹത്തിന്റെ കാവ്യദർശനം ഇതിലുണ്ട്. കർമ്മമൊടുങ്ങിയാൽ ദേഹം നിലംപൊത്തും, ജീവൻ സായൂജ്യം പ്രാപിക്കും. അതിന് നാമസങ്കീർത്തനം തന്നെയാണ് മാർഗം. ഇതിന് ബ്രാഹ്മണ ചണ്ഡാല ഭേദമില്ല. ഇതുൾക്കൊണ്ട് എല്ലാവരും മോക്ഷമാർഗത്തിലേക്ക് തിരിയുക. ഇത് മനസുള്ളവർ ചെയ്താൽ മതിയെന്നും, താൻ പറഞ്ഞതിൽ പിഴയോ പിഴകേടോ ഉണ്ടെങ്കിൽ അതു ഭഗവാൻ നിശ്ചിയിക്കട്ടെ എന്ന പ്രാർഥനയോടെ പൂന്താനം കാവ്യം ഉപസംഹരിക്കുന്നു.

▶ മോക്ഷമാർഗം

## ജ്ഞാനപ്പാന-കാവ്യവിചാരസമീക്ഷ

### പാന

കേരളത്തിലെ ഭദ്രകാളിക്ഷേത്രങ്ങളിൽ ദൃഷ്ടിദോഷപരിഹാരത്തിനായി കൊട്ടും പാട്ടും സേവയും നടത്തുക പതിവുണ്ടായിരുന്നു. ഈ കൊട്ടിപ്പാടിസേവയ്ക്ക് 'പാന' എന്നു പേരുള്ളതായി ഉള്ളൂർ സൂചിപ്പിക്കുന്നുണ്ട്. ഈയവസരത്തിൽ പാടിയിരുന്ന പാനപ്പാട്ടുകൾ ദ്രുതകാകളി, തരംഗിണി തുടങ്ങിയ ഭാഷാവൃത്തങ്ങളിലുള്ളതായിരുന്നു. പല സ്ത്രോത്രങ്ങളും രചിക്കപ്പെട്ടിട്ടുള്ളത് ദ്രുതകാകളി വൃത്തത്തിലാണെന്നതും ഈ വൃത്തത്തെ 'പൊന്നുമാരാർ' എന്നു കോവുണ്ണി നെടുങ്ങാടി 'കേരളകൗമുദിയിൽ' വിശേഷിപ്പിച്ചിട്ടുള്ളതും ശ്രദ്ധേയമാണ്. ദേവതാരാധനക്കായി ഈ താളത്തിൽ രചിക്കപ്പെട്ട കീർത്തനങ്ങൾക്ക്/സ്ത്രോത്രങ്ങൾക്ക് ക്രമേണ പാന എന്ന പേര് പ്രചാരത്തിലാവുകയായിരുന്നു. മലയാളത്തിൽ ധാരാളം പാനപ്പാട്ടുകൾ പ്രചാരത്തിലുണ്ടെങ്കിലും പൂന്താനത്തിന്റെ 'സന്താനഗോപാല'ത്തിനും 'ജ്ഞാനപ്പാന'ക്കുമുള്ള പ്രാധാന്യം മറ്റൊരു കൃതിക്കുമില്ല. അതുകൊണ്ടുതന്നെ കിളിപ്പാട്ടിൽ എഴുത്തച്ഛനും, ഗാഥാരീതിയിൽ ചെറുശ്ശേരിയും തുള്ളൽപ്പാട്ടിൽ കുഞ്ചൻനമ്പ്യാരുമെന്നപോലെ പാനപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായി പൂന്താനത്തെ കണക്കാക്കാവുന്നതാണ്.

▶ പാനയും വൃത്തവും

## ജ്ഞാനത്തിന്റെ പാന

ജ്ഞാനപ്പാന എന്ന കാവ്യ ശീർഷകം സൂചിപ്പിക്കുന്നതുപ്പോലെ ഇത് ജ്ഞാനത്തെക്കുറിച്ചുള്ള പാനയാണ്. ജ്ഞാനം എന്നതുകൊണ്ട് ഈശ്വര ജ്ഞാനം എന്നു തന്നെയാണ് കവി അർഥമാക്കുന്നതും. ഈ പ്രപഞ്ചത്തിന്റെ നാഥൻ ഈശ്വരനാണ്. മനുഷ്യജീവിതത്തിന്റെ ലക്ഷ്യം മോക്ഷമാണ്. ഈ മുക്തിയിലേയ്ക്കുള്ള മാർഗമത്രേ ജ്ഞാനം. ജ്ഞാനാർജ്ജനത്തിലൂടെ ഈശ്വരസന്നിധിയിലെത്തുന്നതിനു പകരം മനുഷ്യൻ സംസാര ബന്ധങ്ങളിൽ മുഴുകി ദുഃഖിതനായി ഈ ഭൂമിയിൽ അലയുന്നു. ഐഹികദുഃഖങ്ങൾക്കെല്ലാം കാരണം മനുഷ്യന്റെ കർമമാണ്. എന്നാൽ ഈ കർമത്തിൽ നിന്ന് മുക്തനാവാൻ മനുഷ്യന് കഴിയുകയുമില്ല. മനുഷ്യനെ ഈ ഭൗതികജീവിതത്തിൽ തളച്ചിടുന്നത് കർമബന്ധങ്ങളാണ് എന്നു ജ്ഞാനികളായ മനുഷ്യർ മുൻപേ കണ്ടറിയുന്നു. ഈ കർമപാശമറുത്ത് ഈശ്വരസാക്ഷാത്കാരം നേടാൻ നാമസങ്കീർത്തനത്തിലൂടെയേ കഴിയൂ എന്ന ജ്ഞാനമാണ് 'ജ്ഞാനപ്പാന' പകർന്നു നൽകുന്നത്.

▶ ജ്ഞാനവും പാനയും

ഭൗതികസുഖങ്ങളുടെ അസ്ഥിരതയും, മദമാത്സര്യങ്ങളുടെ ക്ഷണികതയും തിരിച്ചറിഞ്ഞ് ഈശ്വരനാമങ്ങളിൽ മുഴുകി ജീവിക്കണം. ഇക്കാണാകുന്ന ചരാചരങ്ങളെ ലജ്ജ കൈവെടിഞ്ഞ് നമസ്കരിക്കുകയും സജ്ജനങ്ങളെ ആദരിക്കുകയും വേണം. അങ്ങനെ ഭക്തിയിൽ മുഴുകി മത്തനെപ്പോലെ നൃത്തം ചെയ്യുമ്പോൾ എല്ലാ ദുഖങ്ങളും ഒഴിഞ്ഞു പോകും എന്ന ജ്ഞാനമാണ് 'ജ്ഞാനപ്പാന' എന്ന ലഘുകാവ്യം നൽകുന്നത്. അതുകൊണ്ടു തന്നെ ജീവിത തത്വങ്ങളെ, ആദ്ധ്യാത്മികജ്ഞാനത്തെ വേദാന്തദർശനത്തെ ലളിതമായി ആവിഷ്കരിക്കുന്ന കൃതി എന്ന നിലയിൽ ഈ കാവ്യം 'ജ്ഞാനപ്പാന' എന്ന ശീർഷകത്തിന്റെ അന്തഃസാരം ഉള്ളടക്കുന്നു.

▶ വേദാന്തദർശനത്തെ ലളിതമായി അവതരിപ്പിക്കുന്നു

'ജ്ഞാനപ്പാന' എന്നാണ് കൃതിയുടെ പേരെങ്കിലും ഇത് ഭക്തിപ്പാനയുമാണ് എന്ന് പ്രൊഫ. എസ്. ഗുപ്തൻനായർ എഴുതിയിട്ടുണ്ട്. പൂന്താനം ഭക്തകവിയായിരുന്നു എന്നതു സത്യം തന്നെ. എന്നാൽ ആ കവിതകളെ ഭക്തിയുടെ ചട്ടക്കൂട്ടിൽ ഒതുക്കിനിർത്തുന്നത് കാവ്യനീതിയല്ല. ഐഹികതയെ വെടിഞ്ഞ് ഈശ്വരോന്മുഖമായി മാത്രം നിലകൊള്ളുന്ന നിഷ്കാമഭക്തിയായിരുന്നില്ല പൂന്താനത്തിന്റേത്. അതേസമയം മതാധിഷ്ഠിതമായ അനുഷ്ഠാനസ്വരൂപങ്ങളോടു കൂടിയ ഭക്തിയുമായിരുന്നില്ല. കാരണം പൂന്താനം ഒരിക്കലും കർമ്മധിഷ്ഠിതമായ ജീവിതത്തെ തള്ളിപ്പറഞ്ഞിരുന്നില്ല എന്ന് മാത്രമല്ല, കർമനാശത്തിന് ഈ ഭൂമിയല്ലാതെ മറ്റൊരു സ്ഥലവുമില്ല എന്ന് പറയുന്നുമുണ്ട്. ഐഹികജീവിതത്തെയും ഭൗതികയെയും അദ്ദേഹം നിഷേധിച്ചില്ല. മറിച്ച്, മലിനമായ ജീവിത വഴികളിൽ നിന്ന് തിരിച്ചു പിടിക്കാനും ശുദ്ധീകരിക്കാനുള്ള പ്രായോഗികമായ തത്വചിന്തകൾ അവതരിപ്പിക്കുകയായിരുന്നു. അതിനുള്ള വഴിയായി ഈശ്വരചിന്തയെയും ഭക്തിയെയും ഉപയോഗപ്പെടുത്തുകയായിരുന്നു. പൂന്താനത്തിന്റെ കവിതകളുടെ ശക്തി ഇത്തരത്തിൽ കാലവും സമൂഹവും ആവശ്യപ്പെട്ട ഭക്തിയായിരുന്നു എന്നതിൽ തർക്കമില്ല. പൂന്താനത്തിന്റെ ഭക്തിപ്പാനകളുടെ പ്രചാരം തന്നെയാണ് അദ്ദേഹത്തെ കീർത്തനപ്രസ്ഥാനത്തിന്റെ കീർത്തി പതാകയായും സങ്കീർത്തന പ്രസ്ഥാനത്തിന്റെ നായകനായും മാറ്റിത്തീർത്തത്. പൂന്താനത്തിന്റെ

▶ ഭക്തിപ്പാന

കവിത്വത്തിലെ ആദിമസിദ്ധിയും അന്തിമസിദ്ധിയും ഭക്തിയാണെന്നും 'ജ്ഞാനപ്പാന' ശുദ്ധമായ ഭക്തിഗീതമാണെന്നും പ്രൊഫ. എൻ. കൃഷ്ണപിള്ളയും നിരീക്ഷിക്കുന്നു. പൂന്താനത്തിന്റെ ഭക്തിയും ജ്ഞാനവും തമ്മിൽ ഭേദമുണ്ടായിരുന്നില്ല. ഭക്തിയുടെ പാരമ്യത്തിലെത്തിച്ചേരുന്ന പടവായിരുന്നു ജ്ഞാനം. ധർമാധർമ ചിന്തയില്ലാതെ ഭോഗലാലസമായ ഒരു സമൂഹത്തെ ഉണർത്താൻ ഭക്തിയെ ഒരായുധമായി പൂന്താനം ഉപയോഗിച്ചു. അതുകൊണ്ട് തന്നെ ജ്ഞാനപ്പാന ഭക്തിപ്പാനയുമാണ് എന്ന നിരീക്ഷണം പ്രസക്തമാണ്.

## Summarised Overview

ജാതിമത ഭേദമില്ലാതെ മനുഷ്യജീവിതമൂല്യവും സമത്വത്തിന്റെ തത്വചിന്തയും ഉയർത്തിപ്പിടിച്ച പൂന്താനത്തിന്റെ കവിത സമൂഹജീവിതത്തിന്റെ നേർക്കുപിടിച്ച കണ്ണാടിയായിരുന്നു. തനിക്കു ചുറ്റും കണ്ട സാമൂഹികജീവിതാവസ്ഥയിൽ മനമുരുകി വേദനിച്ച കവിയാണ് പൂന്താനം. സമൂഹത്തിന്റെ ജീവിത വൈകൃതങ്ങളെ പൂന്താനം അനാവരണം ചെയ്തു. സമൂഹത്തിൽ ഉന്നതരെന്നു ഭാവിച്ച ഒരാളെയും ഈ കവിത വിമർശിക്കാതിരുന്നില്ല. അന്ന് അധികാരം കയ്യാളിയ നാടുവാഴികൾ, ജന്മികൾ, ഇടപ്രഭുക്കന്മാർ, അവരുടെ സിൽബന്തികൾ തുടങ്ങിയ അധാർമ്മിക ജീവിതം നയിച്ച ഒരു വർഗത്തെയും തന്റെ വിമർശദൃഷ്ടിയിൽ നിന്ന് പൂന്താനം ഒഴിവാക്കിയില്ല. അഹങ്കാരം കൊണ്ടും മത്സരം കൊണ്ടും മത്തു പിടിച്ചവർ, ഗണികന്മാരുടെ പടിവാതിലിൽ പാട് കിടന്നവർ, കോവിലകങ്ങളിൽ സേവകരായി ഞെളിഞ്ഞുനടന്നവർ, ഈശ്വരപ്രാർഥനയും യാഗാദികളും വരുമാനമാർഗമായി മാറ്റിയവർ, കുടുംബംപോറ്റാതെ കാലയാപനം ചെയ്യുന്നവർ, ഭാര്യമാരെ സ്വപ്നത്തിൽപ്പോലും കാണാതെ വെപ്പാട്ടികളുമായി സദാ ജീവിക്കുന്നവർ, ഞാൻ കാരണമാണ് ഈ പ്രപഞ്ചം നിലനിൽക്കുന്നതെന്നു ധരിക്കുന്നവർ, ബ്രാഹ്മണ്യത്തിൽ അഹന്ത പൂണ്ട് ബ്രഹ്മാവും തനിക്കൊപ്പമാവില്ല എന്നു കരുതുന്നവർ തുടങ്ങി പൂന്താനത്തിന്റെ കാവ്യശരങ്ങൾക്ക് ഇരയാകാത്ത ഒരു വിഭാഗവും അന്നുണ്ടായിരുന്നില്ല. ചില വിദ്വാന്മാർ വിദ്യകൊണ്ട് അറിയേണ്ടതറിയാത്തവരാണെന്നും, അവർ കുങ്കുമത്തിന്റെ ഗന്ധമറിയാതെ അതു ചുമക്കുന്ന കഴുതകളെപ്പോലെയാണെന്നും രൂക്ഷമായ ഭാഷയിൽ കവി പറഞ്ഞു. അഗാധമായ വേദാന്തതത്വങ്ങൾ സരളമായി പ്രതിപാദിച്ചുവെന്നത് മാത്രമല്ല, സമകാലിക സമൂഹത്തിന്റെ ചിത്രീകരണവും സാമൂഹിക തിന്മകളുടെ വിമർശനവും ജ്ഞാനപ്പാനയിലെ മഹത്വത്തിന് കാരണമാണ്. ജാതിമത്സരങ്ങളും, ആഭിജാത്യപ്രൗഢിയും, അധികാരപ്രമത്തതയും, ഭോഗാലസതയും അധാർമികമായ ജീവിത സഞ്ചാരങ്ങളും കൊണ്ട് അന്ധകാരജടിലമായ ഒരു സമൂഹത്തെ പച്ചയായി ആവിഷ്ക്കരിച്ചുകൊണ്ട്, അത്തരം ജീവിത വൈകൃത്യങ്ങളെ വിമർശിച്ചുകൊണ്ട്, ഹീനമായ ജീവിതചര്യകളിൽ വേദനിച്ചുകൊണ്ട് പൂന്താനം കവിത ഒരു ധാർമിക പുനരുദ്ധാനത്തിന് ആഹ്വാനം ചെയ്യുകയായിരുന്നു. അതിനുവേണ്ടി ഗഹനമായ ജീവിതതത്വങ്ങളെ വേദാന്ത ചിന്തകളെ അലംകൃതമല്ലാത്തൊരു കാവ്യഭാഷയിൽ, ഏതു സാധാരണക്കാരനും സംവദിക്കാവുന്നൊരു കാവ്യശൈലിയിൽ പൂന്താനം രചന നിർവഹിച്ചു. അതാകട്ടെ കേരളീയ സമൂഹം ആത്മാവിലേറ്റുവാങ്ങുകയും ചെയ്തു.

'ഇത്ഥമോരോന്നു ചിന്തിച്ചിരിക്കവേ
ചത്തു പോകുന്നു പാവം ശിവ!ശിവ!'

എന്ന ജീവിത യാഥാർഥ്യം പ്രാർഥനാപൂർവം അനുവാചക ഹൃദയത്തിലേക്ക് പ്രവഹിപ്പിച്ച പൂന്താനത്തിന്റെ കവിത മലയാള കവിതയുടെ മറ്റൊരു ജനകീയ മുഖമാണ്.

കറകളഞ്ഞ തനിമലയാളത്തിന്റെ മർമം കണ്ടറിഞ്ഞ മഹാകവികൾ കൃഷ്ണഗാഥാകാരൻ, കുഞ്ചൻ നമ്പ്യാർ, പൂന്താനം എന്നീ മൂന്നേ മൂന്നുപേർ മാത്രമാണെന്ന ഉള്ളൂരിന്റെ പ്രസ്താവന തികച്ചും അർഥവത്താണ്. ദൈനംദിനജീവിതത്തിൽ സാധാരണ സംഭാഷണഭാഷ തന്നെ സുന്ദരമായ കാവ്യശൈലിയായി പൂന്താനം കൃതികളിൽ പ്രത്യക്ഷമാവുന്നു. പ്രതിപാദ്യ വിഷയം ആസ്വാദക ഹൃദയത്തിൽ ആഴത്തിൽ പതിയത്തക്കവിധം ഋജുവും ലളിതവുമാണ് പൂന്താനത്തിന്റെ കാവ്യഭാഷ. ഗഹനമായ തത്വചിന്ത അവതരിപ്പിക്കുമ്പോൾപ്പോലും പൂന്താനത്തിന്റെ കാവ്യഭാഷ ലാളിത്യം കൈവെടിയുന്നില്ല. കൃത്രിമമായ അലങ്കാര പ്രയോഗങ്ങളോ ചമൽക്കാരത്തിനുവേണ്ടിയുള്ള ചമൽക്കാരങ്ങളോ അവിടെയില്ല. പകരം ഔചിത്യത്തോടെ ഉപയോഗിക്കുന്ന നാടൻ ശൈലികൾ, സന്ദർഭാനുസാരിയായ ഗ്രാമ്യശൈലികൾ എന്നിവ ഇതിവൃത്തത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. അതുകൊണ്ടാണ് മണിപ്രവാളത്തോടല്ല, പച്ചമലയാളത്തോടാണ് പൂന്താനത്തിന്റെ ഭാഷ കടപ്പെട്ടിരിക്കുന്നത് എന്നു പറയുന്നത്.

'ജ്ഞാനപ്പാന'യിൽ ഇടയ്ക്കിടെ ചില അർഥാലങ്കാരങ്ങളും പ്രാസാനുപ്രാസങ്ങളും പ്രത്യക്ഷപ്പെടുന്നുണ്ട്. എന്നാൽ ഇവിടെയെങ്ങും കൃത്രിമത്വം അനുഭവപ്പെടുന്നില്ല എന്നു മാത്രമല്ല അവ നിത്യപരിചയമുള്ള വസ്തുക്കളും വസ്തുതകളും ഉപയോഗിച്ചുള്ളതാകയാൽ ഇവ സ്വാഭാവികമായും അനുഭവമൂല്യമുള്ളതായി തോന്നുകയും ചെയ്യുന്നു. അറിവുകൊണ്ട് ആത്മജ്ഞാനം നേടാത്തവരെ കുങ്കുമം ചുമക്കുന്ന കഴുതകളായി ചിത്രീകരിക്കുന്നതും, ആനന്ദസ്വരൂപമായ മോക്ഷം ആഗ്രഹിക്കാതെ ധനാശമുഴുത്ത് ജീവിക്കുന്നതിനെ മദ്ധ്യാഹ്നസൂര്യൻ ജ്വലിക്കുമ്പോൾ മിന്നാമിനുങ്ങിനെ തേടുന്നതിനോടുപമിക്കുന്നതും മറ്റും ഉദാഹരണങ്ങൾ. കാവ്യ ശരീരത്തിനിണങ്ങുന്ന ലഘുഭൂഷണങ്ങളാണ് പൂന്താനത്തിന്റെ കവിതയിലെ അലങ്കാരങ്ങൾ.

## Assignments

1. പൂന്താനത്തിന്റെ കാവ്യജീവിതത്തെക്കുറിച്ച് വിവരിക്കുക.
2. പൂന്താനവും ഭക്തി പ്രസ്ഥാനവും - ഉപന്യാസം തയ്യാറാക്കുക.
3. ജീവിതത്തിന്റെ നശ്വരതയും 'ജ്ഞാനപ്പാന'യും - ഉപന്യാസം തയ്യാറാക്കുക.
4. ഭക്തി പ്രസ്ഥാനത്തെക്കുറിച്ച് വിവരിക്കുക.
5. 'ജ്ഞാനപ്പാന'യുടെ ഭാഷാപരമായ സവിശേഷതകൾ വിശദീകരിക്കുക.

## Suggested Readings


1. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി. സി ബുക്സ്, കോട്ടയം.
2. ചെറുകുന്നം പുരുഷോത്തമൻ, പൂന്താനവും ഭക്തി പ്രസ്ഥാനവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. പ്രൊഫ. ഗോപിക്കുട്ടൻ, പൂന്താനം: ജ്ഞാനപ്പാന പഠനവും വ്യാഖ്യാനവും, ഡി. സി. ബുക്സ്, കോട്ടയം.
4. സി. കൃഷ്ണൻ നായർ, പാട്ടു കവിതകളുടെ സാമൂഹിക പ്രസക്തി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

## References


1. പൂന്താനം നമ്പൂതിരി, ജ്ഞാനപ്പാന, സമ്പൂർണ്ണ വ്യാഖ്യാനം, ഫേമസ് ബുക്സ്, തിരുവനന്തപുരം.
2. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി. സി. ബുക്സ്, കോട്ടയം.
3. എരുമേലി പരമേശ്വരൻ പിള്ള, മലയാളസാഹിത്യചരിത്രം കാലഘട്ടങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
4. ഉള്ളൂർ എസ്. പരമേശ്വരയ്യർ, കേരള സാഹിത്യ ചരിത്രം, കേരള സർവകലാശാല പ്രസിദ്ധീകരണം, തിരുവനന്തപുരം.
5. എം. ലീലാവതി, കവിതാ സാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
6. ഡോ. കെ. എം. ജോർജ്, സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, എസ്. പി. സി. എസ്., കോട്ടയം.


SGOU

# പുത്തൻപാന

**അർണ്ണോസ് പാതിരി**

## Learning Outcomes

- അർണ്ണോസ് പാതിരിയുടെ സാഹിത്യജീവിതം മനസിലാക്കുന്നു
- ലളിതമായ പദാവലികൾ കൊണ്ട് രൂപപ്പെടുത്തുന്ന അർണ്ണോസ് പാതിരിയുടെ കാവ്യ ശൈലി തിരിച്ചറിയുന്നു
- 'പുത്തൻപാന'യെ സാമാന്യമായി പരിചയപ്പെടുന്നു
- 'പുത്തൻപാന'യിലെ പന്ത്രണ്ടാം അധ്യായത്തെ സമഗ്രമായി പരിചയപ്പെടുന്നു

## Background

**അർണ്ണോസ് പാതിരിയും കേരളവും**

പടിഞ്ഞാറൻ ജർമ്മനിയിലെ ഓസ്റ്റർ കപ്പ്ളെയിൽ എന്ന സ്ഥലത്ത് 1681 ൽ ജനിച്ച എർണസ്തൂസ് ഹേങ് സ്ലേഡനാണ് മലയാളികൾക്കിടയിൽ അർണ്ണോസ് പാതിരി എന്നറിയപ്പെട്ടത്. ഇന്ത്യയിൽ നിന്നും അർണ്ണോസ് എഴുതിയ കത്തുകളിൽ നിന്നാണ് അദ്ദേഹത്തിന്റെ ജീവചരിത്ര സൂചനകൾ ലഭിക്കുന്നത്. സ്വന്തം അമ്മയെക്കുറിച്ചല്ലാതെ യേശുവിന്റെ അമ്മയെക്കുറിച്ചാണ് അർണ്ണോസ് ഏറെ എഴുതിയിരുന്നത് എന്നതുകൊണ്ട് അമ്മയില്ലാത്ത ബാല്യമായിരുന്നു അദ്ദേഹത്തിന്റേതെന്ന് ജീവചരിത്രകാരന്മാർ നിരീക്ഷിക്കുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം കരോലിൻ സർവകലാശാലയിൽ നിന്ന് തത്വശാസ്ത്രത്തിൽ ബിരുദവും ലത്തീൻ, പോർച്ചുഗീസ് ഭാഷകളിൽ പ്രാവീണ്യവും നേടി. തുടർന്ന് ആഗോളതലത്തിൽ ക്രിസ്തുമതം പ്രചരിപ്പിക്കുകയെന്ന ലക്ഷ്യത്തോടുകൂടി 1540 ൽ സ്ഥാപിതമായ ജസ്യൂട്ട് സഭയിൽ അർണ്ണോസ് അംഗമായി. അതുകൊണ്ടുതന്നെ ഓഗസ് ബുർഗിൽ വൈദികപഠനം നടത്തിവരവേ ഇന്ത്യയിലേക്കു വരാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. ജസ്യൂട്ട് സഭ കോഴിക്കോട്ട് ആരംഭിക്കുന്ന കേന്ദ്രത്തിന്റെ ചുമതലക്കാരനായ ഫാദർ വില്യം വെബർ, വില്യം മേയർ എന്നിവർക്കൊപ്പം ഇന്ത്യയിലേക്ക് യാത്ര തിരിച്ച രണ്ടു വൈദിക വിദ്യാർത്ഥികളിലൊരാൾ എർണസ്തൂസായിരുന്നു. ഗാമയുടെ വരവിന് ശേഷം യൂറോപ്യന്മാർ പൊതുവെ കടൽമാർഗമാണ് ഇന്ത്യയിലേയ്ക്ക് വന്നിരുന്നതെങ്കിലും വെബറും സംഘവും കരമാർഗമാണ് തെരഞ്ഞെടുത്തത്. അത് യേശുവും കുടുംബവും ജീവിച്ച സ്ഥലങ്ങളിലൂടെ കടന്നുപോകണമെന്ന ആഗ്രഹം കൊണ്ടായിരുന്നുവെന്ന് കരുതപ്പെടുന്നു.

1699 ൽ ജർമ്മനിയിൽ നിന്ന് യാത്ര തിരിച്ച സംഘം ഒരു മാസം കൊണ്ട് ഇറ്റലിയിലെത്തി. അവിടെ നിന്ന് സിറിയ, ദമസ്തസ് വഴി നസ്രത്തിലെത്തി. തുടർന്ന് ഗലീലിയ കടപ്പുറം, ജെറുസലേം, ബത്‌ലഹേം എന്നിവിടങ്ങളിലെല്ലാം സന്ദർശിച്ചതായി ഇവരുടെ കത്തുകൾ സൂചിപ്പിക്കുന്നുണ്ട്. മാസങ്ങൾ നീണ്ട യാത്രയ്ക്കിടയിൽ ഫത്തേ വെമ്പറും ഫാദർ മേയറും രോഗബാധിതരായി മരണപ്പെട്ടു. ഗോവയിലെ ജസ്യൂട്ട് കേന്ദ്രത്തിലെത്തുമ്പോൾ എർണസ്തൂസും സുഹൃത്തായ ഷില്ലിംഗറും മാത്രം അവശേഷിച്ചു. അവിടെ നിന്ന് മലബാറിലെത്താൻ നിയോഗമുണ്ടായത് എർണസ്തൂസിനുമാത്രമായിരുന്നു; അതും യാത്ര പുറപ്പെട്ട് 500 ദിവസങ്ങൾക്കു ശേഷം.

കൂനൻകുരിശുസത്യത്തെത്തുടർന്ന് തകർച്ചയിലായ മലബാർ സഭയെ ശക്തിപ്പെടുത്താൻ

SGOU

കൂടുതൽ വൈദികരെ വേണമെന്നുള്ള ജസ്യൂട്ട് മിഷണറിമാരുടെ ആവശ്യത്തെതുടർന്നായിരുന്നു എർണസ്തൂസ് കേരളത്തിലെത്തിയത്. 1701-ൽ സാംപാളൂരിലെ വൈദികനായ ശേഷം രണ്ടു വർഷം കൊടുങ്ങല്ലൂർ മെത്രാന്റെ സെക്രട്ടറിയായും പിന്നീട് ചില പള്ളികളിൽ വികാരിയായും സേവനമനുഷ്ഠിച്ചതായി കണക്കാക്കപ്പെടുന്നു. ഇവിടെയെത്തി ആദ്യവർഷത്തിൽ മലയാളം അനായാസമായി സംസാരിക്കാൻ പഠിച്ചു. സംസ്കൃതത്തിന്റെ ബാലപാഠങ്ങളും സെമിനാരിയിൽ നിന്നു തന്നെ വശമാക്കി. ഉദയംപേരൂർ സുന്നഹദോസിനു ശേഷം കേരളക്രൈസ്തവർ രണ്ടു പ്രബലചേരികളായി തിരിഞ്ഞു കലഹിച്ചുകൊണ്ടിരുന്നു. അധികാര മത്സരങ്ങളും വിദ്വേഷവും നിറഞ്ഞു നിന്നു. ക്രൈസ്തവരുടെ സാമൂഹിക സാഹചര്യങ്ങളിൽ നിരാശ പൂണ്ടാണ് അദ്ദേഹം ആദ്ധ്യാത്മികസാഹിത്യരംഗത്ത് കൂടുതൽ ശ്രദ്ധപതിപ്പിച്ചത് എന്നുവേണം കരുതാൻ. അതോടൊപ്പം കൂനൻകുരിശുസത്യത്തോടെ ഉദയംപേരൂർ സുനഹദോസു വഴി വന്ന നിബന്ധനകളെല്ലാം കേരള ക്രൈസ്തവർ ഉപേക്ഷിച്ചിരുന്നു. അവർ പഴയതുപോലെ ഹൈന്ദവജീവിത രീതികളിലേയ്ക്ക് മാറാനും അവർ ഹൈന്ദവ പുരാണങ്ങളും ഇതിഹാസങ്ങളുമൊക്ക കേട്ടു പരിചയിക്കാനും തുടങ്ങി. ഈ പശ്ചാത്തലത്തിൽ ക്രൈസ്തവ സമൂഹത്തിന്റെ സാംസ്കാരിക നേതൃത്വം ഏറ്റെടുക്കേണ്ട ചരിത്രപരമായ ഉത്തരവാദിത്വം നിറവേറ്റുകയായിരുന്നു അർണ്ണോസു പാതിരി എന്ന് കരുതുന്നു. മലയാളത്തിൽ മാത്രമല്ല സംസ്കൃതഭാഷയിലും സാഹിത്യത്തിലും അദ്ദേഹം അറിവു നേടി. രാമായണവും മഹാഭാരതവും സിദ്ധരൂപവും അദ്ദേഹം ഗുരു സഹായത്തോടെ അഭ്യസിച്ചതായി കാണുന്നു. ഒപ്പം എഴുത്തച്ഛന്റെയും ചെറുശ്ശേരിയുടെയും പൂന്താനത്തിന്റെയും കാവ്യസംസ്കാരം അദ്ദേഹം സ്വാംശീകരിച്ചതായും കാണുന്നു.

**അർണോസ്സ് പാതിരിയുടെ സാഹിത്യ സംഭാവനകൾ**

അർണ്ണോസു പാതിരിയുടേതെന്നു നിർവാദം പറയാവുന്ന കൃതികൾ 'പുത്തൻപാന', 'ചതുരന്ത്യം', 'ഉമ്മാപർവ്വം', 'ഉമ്മാടെ വ്യാകുലപ്രബന്ധം', 'ഉമ്മാടെ ദുഃഖം'. 'ജനോവാപർവ്വം' എന്നിവയാണ്. ഇവയെ മുൻനിർത്തി ബൈബിൾ ഇതിവൃത്തമാക്കിക്കൊണ്ട് മലയാളത്തിൽ ആദ്യമുണ്ടായ സാഹിത്യരചനകൾ അർണ്ണോസ്സുപാതിരിയുടേതാണെന്നു പറയാം. അദ്ദേഹത്തിന്റെ മറ്റൊരു സംഭാവന മലയാളം 'പോർച്ചുഗീസ് നിഘണ്ടു'വാണ്.

**ചതുരന്ത്യം**

മരണം, മരണാന്തര ജീവിതം എന്നിങ്ങനെ മനുഷ്യജീവിതത്തിന്റെ അന്ത്യത്തെക്കുറിച്ചുള്ള ക്രൈസ്തവ ദർശനം അവതരിപ്പിക്കുന്ന പ്രൗഢമായ കാവ്യമാണ് 'ചതുരന്ത്യം'. മരണപർവ്വം, വിധിപർവ്വം, നരകപർവ്വം, മോക്ഷപർവ്വം എന്നിങ്ങനെ നാലു പർവങ്ങളാണ് 'ചതുരന്ത്യ'ത്തിലുള്ളത്.

നിത്യായ നമഃ എന്ന പ്രാർഥനയോടെയാരംഭിക്കുന്ന 'ചതുരന്ത്യ'ത്തിലെ പ്രഥമപർവത്തിന് 'മരണപർവ്വം' അഥവാ 'മരണത്തിന്റെ സുവിശേഷം' എന്നിങ്ങനെ തലക്കെട്ട് കൊടുത്തിരിക്കുന്നു. ആസന്നമരണനായ ഒരാളുടെ ഹൃദയത്തിലൂടെ കടന്നുപോകുന്ന മരണഭയം, പാപബോധം, പശ്ചാത്താപം, ജ്ഞാനോദയം, പ്രത്യക്ഷശാന്തി എന്നിവയെ ആഖ്യാനം ചെയ്തുകൊണ്ട് മരണത്തിന് അസ്വസ്ഥത കലർന്നതും അതേസമയം സമാധാനപൂർണവുമായ അവസ്ഥകളുണ്ടെന്ന് കവി സൂചിപ്പിക്കുന്നു.

സകലജ്ഞനായ നമഃ എന്ന വന്ദനത്തിനുശേഷം രണ്ടാം സർഗം 'വിധിപർവ്വം' അഥവാ 'വിധിയുടെ വിശേഷം' ആരംഭിക്കുന്നു. നന്മതിന്മകളുടെ ഫലത്തെക്കുറിച്ചുള്ള വിവരണമാണിത്. മൂന്നും നാലും പർവങ്ങൾ മോക്ഷനരകപർവങ്ങളാണ്. ഇതിൽ മോക്ഷപർവ്വം 519 ഈരടികളിലായി ക്രമീകരിച്ചിരിക്കുന്നു. മനുഷ്യന്റെ ദുഃഖങ്ങൾക്കുള്ള കാരണങ്ങൾ ഉദാഹരിച്ചുകൊണ്ട് മോക്ഷലോകത്തേയ്ക്കുള്ള യാത്രയുടെ വർണനയാണ് ഇതിന്റെ ഉള്ളടക്കം. നരകപർവതത്തിലെ 631 ഈരടികൾ നരകത്തിലെ ദുരന്തങ്ങളുടെ സാക്ഷ്യപ്പെടുത്തലാണ്. ഇതിനായി കവി ക്ഷണിക്കു

ന്നത് സ്വന്തം ഗുരുവിനെ ഒറ്റുകൊടുത്ത സാക്ഷാൽ യൂദായെ തന്നെയാണെന്നതും ശ്രദ്ധേയം. ദൈവം നിത്യനും പൂർണനും പരിശുദ്ധനും ശക്തനുമാണ്. ക്രിസ്തുവിന്റെ പുനരാഗമനവും മരിച്ചവരുടെ പുനരുദ്ധാനവും, ന്യായവിധിയും മോക്ഷവും നരകവും യാഥാർത്ഥ്യമാണെന്നു ബോധ്യപ്പെടുത്താനാണ് 'ചതുരന്ത്യ'ത്തിലൂടെ കവി ശ്രമിക്കുന്നത്.

**ഉമ്മാപർവം അഥവാ ദേവമാതൃസംക്ഷേപചരിത്രം**

മാതാവിന്റെ ജനനം മുതൽ സ്വർഗാരോഹണം വരെ വിവരിക്കുന്ന കൃതിയാണ് 'ഉമ്മാപർവ്വ'. 'ഉമ്മാടെ ദുഃഖം' എന്ന കൃതിയിൽ മകനുസംഭവിക്കുന്ന ദുരന്തത്തിൽ തകർന്നു പോകുന്ന മാതാവിന്റെ അഗാധമായ ദുഖമാണ് കാണുന്നതെങ്കിൽ 'ഉമ്മാപർവ്വ'ത്തിലെ ഉമ്മ ദുഃഖങ്ങളിലും കർത്തവ്യത്തെ മറക്കാത്തവളാണ്. അവൾ യേശുവിന്റെ പ്രബോധനങ്ങൾ ലോകമെങ്ങും അറിയിക്കുവാൻ ശിഷ്യരോട് ആഹ്വാനം ചെയ്യുന്നു. കേകാവൃത്തത്തിലുള്ള ഈരടികളാണ് 'ഉമ്മാപർവ'ത്തിലുള്ളത്. യൂറോപ്പിൽ ജനിച്ച് വളർന്ന ഒരാൾ കേരളത്തിലെത്തി ഇവിടുത്തെ ഭാഷ പഠിച്ച്, ഇതുപോലെ ഒരു കൃതി രചിച്ചത് അത്ഭുതകരമായിരിക്കുന്നുവെന്നാണ് ഇതിനെക്കുറിച്ച് മഹാകവി ഉള്ളൂർ രേഖപ്പെടുത്തിയിട്ടുള്ളത്.

**ഉമ്മാടെ വ്യാകുല പ്രബന്ധം**

പുത്രദുഃഖത്താൽ കരളുരുകിക്കരയുന്ന ഒരു മാതാവിന്റെ ഹൃദയഭാവത്തെ അനാവരണം ചെയ്യുന്ന വിലാപകാവ്യമാണ് 'വ്യാകുല പ്രബന്ധം'. മാതൃദുഃഖത്തിന്റെ ആഴങ്ങൾ അവതരിപ്പിക്കുന്ന ഈ കൃതി മലയാളത്തിലെ തന്നെ ആദ്യത്തെ വിലാപകാവ്യമായി പരിഗണിക്കുന്നു. എന്നാൽ ഭാവാവിഷ്കരണത്തിലുള്ള കവിയുടെ വൈദഗ്ധ്യം പൂർണമായി പ്രകടമാക്കുന്നത് പുത്തൻ പാനയിലും ഉമ്മാടെ ദുഃഖത്തിലുമാണെന്നത് വിസ്മരിച്ചു കൂടാ. യഹൂദജനത ചിരകാലമായി കാത്തിരുന്ന ഒരു രക്ഷകൻ സമാഗതമായപ്പോൾ അതിനെ സ്വാഗതം ചെയ്യുന്നതിനു പകരം തള്ളിപ്പറഞ്ഞതിലുള്ള നന്ദിയില്ലായ്മയെ പഴിച്ചുകൊണ്ടാണ് മാതാവിന്റെ വ്യാകുലപ്രബന്ധം ആരംഭിക്കുന്നതെങ്കിലും ഒടുവിൽ തന്റെ പുത്രന്റെ അവതാരോദ്ദേശ്യം പാപികളുടെ മോചനമാണെന്നും അതിന് പീഡാസഹനവും കുരിശുമരണവും പിതാവിനാൽ വിധിക്കപ്പെട്ടതാണെന്നും ആ മാതാവ് തിരിച്ചറിയുന്നു. അതോടെ ദുഃഖശമനമുണ്ടാകുകയും സ്വപുത്രന്റെ പീഡാനുഭവത്തിന്റെ ഗുണം അറിയാൻ ഏവരേയും ക്ഷണിക്കുന്നതായി ചിത്രീകരിച്ചുകൊണ്ട് കാവ്യം സമാപിക്കുകയും ചെയ്യുന്നു.

**ജനോവാ പർവം**

മഞ്ജരീവൃത്തത്തിൽ 1515 ഈരടികളുള്ള സാമാന്യം ദീർഘമായ ഒരു കാവ്യമാണ് 'ജനോവാ പർവം'. എട്ടാം ശതകത്തിൽ പാരീസ് ആസ്ഥാനമാക്കി യൂറോപ്പ് ഭരിച്ചിരുന്ന കാറൽമാൻ (ചാർളി മെയ്ൻ ) ചക്രവർത്തിയുടെ പതിവ്രതാരത്നമായ പത്നി ജനോവയാണ് കാവ്യത്തിലെ നായിക. ജനോവയുടെ ഈശ്വര വിശ്വാസവും ദൈവ ഭക്തിയും മൂലം ഭർത്താവിന്റെ അവിശ്വാസവും വധോദ്യമവുമടക്കമുള്ള എല്ലാ പരീക്ഷണങ്ങളെയും അതിജീവിച്ച് ഒടുവിൽ സത്യം വിജയിക്കുന്നതായിട്ടാണ് കാവ്യത്തിന്റെ ചിത്രീകരണം. മറ്റൊരു തരത്തിൽ, ക്രൈസ്തവ ജീവിതത്തിന്റെ സ്വർഗീയവിശുദ്ധി പ്രായോഗിക തലത്തിൽ ആവിഷ്ക്കരിച്ച കൃതി കൂടിയാണിത്.

**മലയാളം പോർച്ചുഗീസ് നിഘണ്ടു**

മലയാള ഭാഷയ്ക്ക് അർണ്ണോസുപാതിരിയുടെ മറ്റൊരു മികച്ച സംഭാവന മലയാളം പോർച്ചുഗീസ് നിഘണ്ടുവാണ്. ശൈലീസംബന്ധമായ കാര്യങ്ങൾ, നാട്ടാചാരങ്ങളോട് ബന്ധപ്പെട്ട പദങ്ങൾ, പഴഞ്ചൊല്ലുകൾ എന്നിവയെ സംബന്ധിച്ച് ഭാഷാപഠിതാക്കൾക്കും ഗവേഷകർക്കും ഏറെ പ്രയോജനകരമായിട്ടുള്ളതാണ് ഈ ദ്വിഭാഷാനിഘണ്ടു.

## Keywords

അർണ്ണോസ് പാതിരി-പുത്തൻപാന-ഉമ്മാപർവ്വം-ജനോവാപർവ്വം-ദൈവപുത്രൻ-ഉമ്മാടെ ദുഃഖം-ദേവമാതാവ്

## Discussion

### 4.1.2 പുത്തൻപാന

അർണ്ണോസ്സുപാതിരിയുടെ ആദ്യരചനയായി മിക്ക സാഹിത്യചരിത്രകാരന്മാരും കരുതുന്ന കൃതിയാണ് 'പുത്തൻപാന' അഥവാ രക്ഷാകരവേദകീർത്തനം. ഇതിന് 'മിശിഹാടെപാന', 'കൂതാശപ്പാന' എന്നിങ്ങനെ വ്യത്യസ്തമായ പേരുകളുമുണ്ട്. ക്രൈസ്തവരുടെ ഇടയിൽ പ്രാർഥനകൾക്കായി ധാരാളം പാനകൾ നിലവിലിരുന്നുവെന്നും അതിൽ നിന്നും വ്യത്യസ്തമായത് എന്നു സൂചിപ്പിക്കുവാനാണ് ഈ പാനയ്ക്ക് 'പുത്തൻ പാന' എന്നു പേരുവന്നത് എന്നൊരു വാദഗതിയുണ്ട്. ഹൈന്ദവർക്കിടയിൽ നിത്യപാരായണത്തിന് 'ജ്ഞാനപ്പാന' നന്നേ പ്രചാരമുണ്ടായിരുന്നതുപോലെ ക്രിസ്ത്യാനികളുടെ നിത്യപാരായണത്തിനും ഒരു കൃതി രചിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി പാനവൃത്തത്തിൽ രചിച്ച കൃതിയാണിതെന്ന് കരുതുന്നതാണ് യുക്തം. 'പുത്തൻപാന'യുടെ ഉള്ളടക്കം, കാവ്യഭംഗി തുടങ്ങിയ മൂല്യനിർണയത്തിന് മുൻപ് ചില മുൻധാരണങ്ങൾ ആവശ്യമുണ്ട്. അതിലേറ്റവും പ്രധാനമായത് ഒരു വിദേശി നാട്ടിലെത്തി മലയാളം പഠിച്ച് സാഹിത്യപരിചയം നേടി രചിച്ച കാവ്യമാണിതെന്നതാണ്. മറ്റൊന്ന്, സാഹിത്യവുമായി പറയത്തക്ക ബന്ധമൊന്നുമില്ലായിരുന്ന, എഴുത്തും വായനയും പോലും ഭൂരിപക്ഷത്തിനും വശമില്ലാതിരുന്ന ഒരു സമൂഹത്തിന്റെ ആദ്ധ്യാത്മിക ഉന്നമനത്തിനു വേണ്ടി രചിച്ച കൃതിയാണ് 'പുത്തൻപാന' എന്നതാണ്. അതുകൊണ്ട് കൃതിയുടെ രൂപഭാവാദികളിലുള്ള കവിയുടെ ലക്ഷ്യവും സമീപനവും തികച്ചും പ്രസക്തവുമാണ്.

- ▶ രക്ഷാകരവേദകീർത്തനം എന്നും പേര്

ആശിസ്സ്, നമസ്ക്രീയ തുടങ്ങി കാവ്യാരംഭത്തേക്കുറിച്ചുള്ള പാരമ്പര്യ രീതികൾ അർണ്ണോസുപാതിരി 'പുത്തൻപാന'യുടെ ആരംഭത്തിലും പാലിക്കുന്നു. തുടർന്ന് കാവ്യരചനയുടെ കാര്യങ്ങളെക്കുറിച്ച് ഇങ്ങനെ പറയുന്നു.

> 'റമ്പാന്മാരുടെ സഞ്ചയശോഭനൻ
> മേൽ പട്ടത്തിന്നലങ്കാരവർദ്ധനൻ
> കുറവറ്റ ഗുണാന്വിതശീലകൻ
> മാറന്തോനീ സെന്തോടു കൽപിച്ചനാൾ'

1722 ൽ ഒല്ലൂർ പള്ളിയുടെ വെഞ്ചരിപ്പു കർമ്മം നിർവഹിച്ചത് അന്നത്തെ കൊടുങ്ങല്ലൂർ മെത്രാനായിരുന്ന ആന്റണി പിമെന്തോൾ ആയിരുന്നു. മുഖ്യകാർമികനായ മെത്രാനോടൊപ്പം സഹായിയായി നിന്നത് അർണ്ണോസ് ആയിരുന്നുവെന്നതിന് അന്നത്തേ ശിലാഫലകം തന്നെ തെളിവാണ്. അർണ്ണോസിന്റെ മലയാളഭാഷാവൈഭവവും സാഹിത്യതാല്പര്യവും കണ്ടറിഞ്ഞ പിമെന്തോൾ മെത്രാൻ ബൈബിൾ മലയാളത്തിലാക്കണ

▶ ബൈബിൾ മല യാളത്തിലാക്ക ണം

മെന്ന നിർദ്ദേശം മുന്നോട്ടു വെച്ചു. ആ നിർദ്ദേശം സ്വീകരിച്ചുകൊണ്ട് എഴുതിയ രചനയാണ് 'പുത്തൻപാന' എന്ന് അർണ്ണോസുപാതിരിതന്നെ സാക്ഷ്യപ്പെടുത്തുന്നതാണ് മേൽപ്രസ്താവിച്ച വരികൾ.

▶ യേശുക്രിസ്തുവി ന്റെ ജീവിതചരി ത്രം

യേശുക്രിസ്തുവിന്റെ ജീവിതചരിത്രം തന്നെയാണ് 'പുത്തൻപാന'യുടെ ഇതിവൃത്തം. കഥാഖ്യാനം 13 പദങ്ങളായിട്ടാണ് (ചില പാഠങ്ങളിൽ 14)സംവിധാനം ചെയ്തിരിക്കുന്നത്. ആദ്യത്തേ രണ്ടു പാദങ്ങൾ പഴയനിയമത്തിനായി നീക്കിവെച്ചിരിക്കുന്നു. ദൈവപുത്രൻ ജനിച്ചതും മരിച്ചതും എന്തിനുവേണ്ടിയാണെന്നു വ്യക്തമാക്കാനാണ് ഈ ഭാഗത്തിലൂടെ കവി ശ്രമിക്കുന്നത്. തുടർന്ന് ലോകത്തിന്റെ സൃഷ്ടിയും ആദിപാപം, പറുദീസാനഷ്ടം, മനുഷ്യകുലത്തെ വീണ്ടെടുക്കാൻ ദാവീദിന്റെ കുലത്തിലൂടെ ദൈവപുത്രൻ അവതരിക്കുമെന്ന വാഗ്ദാനം എന്നിവ വിവരിക്കുന്നു.

'ആദം ചെയ്ത പിഴയാലെ വന്നതും
വേദനാശവും രക്ഷയുണ്ടായതും
ശിക്ഷയാവണ്ണം ചൊല്ലുന്ന സത്വരം
സൂക്ഷ്മമായ കഥ കേൾക്കണമേവരും'

എന്നിങ്ങനെ അനുവാചകനെ കഥയിലേയ്ക്ക് ക്ഷണിച്ചുകൊണ്ട് കഥ നന്നായി പറയുവാൻ ദൈവം തുണയ്ക്കണമെന്ന് പ്രാർത്ഥിക്കുന്നു. പഴയ നിയമത്തിലെ കഥ ആമുഖമായി സൂചിപ്പിച്ചുകൊണ്ട് യേശുവിന്റെ ജനനം മുതൽ സ്വർഗാരോഹണം വരെയുള്ള പുതിയ നിയമത്തിലെ കഥ അവതരിപ്പിക്കുന്നു. യേശുക്രിസ്തുവിന്റെ ജീവിത കഥ വർണിക്കുക എന്നതിനപ്പുറം കവി ലക്ഷ്യമാക്കുന്നത് യേശുവിന്റെ വീണ്ടെടുപ്പിന്റെ സന്ദേശം അവതരിപ്പിക്കുവാനാണ്. അവസാനത്തെ പെസഹാ അനുഭവത്തോടനുബന്ധിച്ച് ശിഷ്യന്മാരോട് നടത്തുന്ന സംഭാഷണത്തിലും, ക്രൂശാരോഹണത്തിനു മുൻപ് മാതാവിനോടും നടത്തുന്ന വിടവാങ്ങൽ സംഭാഷണങ്ങളിലും കയഫാവിന്റെയും പീലാത്തോസിന്റെയും വിചാരണകളിലും തന്റെ വീണ്ടെടുപ്പിന്റെ സന്ദേശം യേശുവിനെക്കൊണ്ട് വിശദമായിത്തന്നെ പറയിക്കുന്നുമുണ്ട്.

▶ വീണ്ടെടുപ്പിന്റെ സന്ദേശം

പുത്തൻപാനയിലെ 13 പാദങ്ങളിലെയും ഇതിവൃത്തത്തെ ഇപ്രകാരം സംഗ്രഹിക്കാം. ഒന്നാംപാദത്തിൽ പ്രപഞ്ചസൃഷ്ടി, മാലാഖമാരുടെ പതനം, പിശാച് മനുഷ്യനെ ചതിക്കാൻ നടത്തുന്ന ഗൂഢാലോചനകൾ എന്നിവ വിവരിക്കുന്നു. രണ്ടാംപാദത്തിൽ ആദാമും ഹവ്വയും നടത്തുന്ന ദൈവ നിയമലംഘനവും, പറുദീസയിൽ നിന്ന് പുറത്താക്കപ്പെടുന്ന അവരുടെ അനുതാപവും പ്രാർഥനയുമാണ്. മൂന്നാം പാദം വിശുദ്ധ മറിയത്തിന്റെ ജനനം, തെരഞ്ഞെടുപ്പ് പ്രതിഷ്ഠ ഔസേപ്പുമായുള്ള വിവാഹനിശ്ചയവുമാണുള്ളത്. നാലാം പാദം ഗബ്രിയേൽ മാലാഖ പ്രത്യക്ഷനാകുന്നത്, ദൈവത്തിന്റെ സന്ദേശം, മറിയത്തിന്റെ ഗർഭധാരണം, ഔസേപ്പിന്റെ ശങ്ക, ശങ്കാപരിഹാരം എന്നിവയാണ്. അഞ്ചാം പാദത്തിൽ ക്രിസ്തുവിന്റെ ജനനം, വിദ്വാന്മാരുടെയും ആട്ടിടയന്മാരുടെയും സന്ദർശനം, യേശുവിന്റെ വളർച്ച, വിദ്വാന്മാരുമായുള്ള തർക്കം എന്നിവയാണ്. ആറാം പാദത്തിൽ പരസ്യശുശ്രൂഷകൾ ആരംഭിക്കുന്നു. മാമോദീസ, തപസ്സ്, പിശാചിന്റെ പരീക്ഷ, കാനായിലെ കല്യാണം തുടങ്ങിയ

അത്ഭുതങ്ങളുടെ വിവരണമാണ്. ഏഴാം പാദത്തിലാണ് പ്രസിദ്ധമായ ഗിരിപ്രഭാഷണം, 5000 പേർക്ക് ഭക്ഷണം നൽകൽ, മറ്റ് അത്ഭുത പ്രവർത്തികളും ഉൾക്കൊള്ളിച്ചിരിക്കുന്നത്. എട്ടാം പാദത്തിൽ മഗ്ദലനമറിയം നടത്തുന്ന തൈലാഭിഷേകം പാപക്ഷമ, കടലിലൂടെയുള്ള നടത്തം, പർവതത്തിൽ വെച്ച് മോശയും ഏലിയുമായുള്ള സമ്മേളനം പ്രതിപാദിക്കുന്നു. ഒൻപതാം പാദത്തിൽ ലാസറെ ഉയർപ്പിക്കുന്നു, യെരുശലേം ദേവാലയം ശുദ്ധീകരിക്കുന്നു. പത്താം പാദം പെസഹാചരണമാണ്, ശിഷ്യന്മാരുടെ പാദശുശ്രൂഷ, ക്രിസ്തുവിനെ ഒറ്റുകൊടുക്കൽ, വിസ്താരം എന്നിവയാണുൾക്കൊള്ളിച്ചിരിക്കുന്നത്. പതിനൊന്നാം പാദം യൂദയുടെ മരണം, ക്രിസ്തുവിന്റെ പീഡാനുഭവം, ക്രൂശാരോഹണം, മരണം, കബറടക്കം എന്നിവയും പന്ത്രണ്ടാം പാദത്തിൽ ഉയിർത്തെഴുന്നേല്പ്, ശിഷ്യന്മാർക്കു മുൻപിൽ പ്രത്യക്ഷപ്പെടൽ എന്നിവയും പ്രതിപാദിക്കുന്നു. പതിമൂന്നാം പാദം മാതാവുമായുള്ള സംഭാഷണം, സ്വർഗാരോഹണം, പരിശുദ്ധമാതാവിനെ അയയ്ക്കൽ, തുടർന്ന് പത്രോസിന്റെ വിജയകരമായ പ്രേഷിതപ്രവർത്തനത്തെ സൂചിപ്പിച്ചുകൊണ്ട് കാവ്യം അവസാനിക്കുന്നു.

> ▶ 13 പാദങ്ങളിലെയും ഇതിവൃത്തം

ആഖ്യാനപ്രധാനമായ കാവ്യമാണ് 'പുത്തൻപാന'. ക്രിസ്തുവിന്റെ ജീവിതത്തിലെ ഓരോ സംഭവങ്ങളും നാടകീയതയോടെ വർണിക്കാനല്ല കഴിയുന്നത്ര സൂക്ഷ്മതയോടെ വിവരിക്കാനാണ് കവി ശ്രമിക്കുന്നത്. ഒരർത്ഥത്തിൽ അത് കവിയുടെ ലക്ഷ്യവുമായിരുന്നില്ല. അർണോസ്സ് പാതിരിയുടെ ഭാഷ സംസ്കൃതപദജടിലവും ക്ലിഷ്ടവുമാണെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലും പുത്തൻപാനയിലെ ഭാഷ ശുദ്ധമലയാളമാണ്. എന്നുമാത്രമല്ല അത് അന്നത്തെ സാമാന്യ വ്യവഹാരഭാഷയോട് അടുത്തു നിൽക്കുന്നതുമായിരുന്നു. റൂഹാദിക്കു ദിശ, മാമോദീസ തുടങ്ങിയ വൈദേശികപദങ്ങളും ജറുസലേം, ഗ്ലില തുടങ്ങിയ വിദേശസ്ഥലനാമങ്ങളും ഉപയോഗിക്കപ്പെടുന്നുണ്ടെങ്കിലും അവ വായനക്കാരിൽ ക്ലിഷ്ടതയുണ്ടാക്കുന്നില്ല. ലളിതമായ അലങ്കാരങ്ങളും ബിംബകല്പനകളുമാണ് 'പുത്തൻപാന'യിലുള്ളത്. കാവ്യചമത്ക്കാരത്തെക്കാൾ ആശയപ്രകാശനത്തിനായിരുന്നു കവി ശ്രദ്ധ പതിപ്പിച്ചിരുന്നത്.

> ▶ ഭാഷ ശുദ്ധമലയാളം

സാമാന്യ ജനത്തിന് സുഗ്രഹമായ ഒരു കാവ്യഭാഷ ഗാനാത്മകതയ്ക്ക് പ്രാധാന്യം നൽകി അവതരിപ്പിച്ചതിന്റെ ഉദാഹരണം കൂടിയാണ് പുത്തൻപാന. കാവ്യശൈലിയിൽ ചെറുശ്ശേരിയുടെയും എഴുത്തച്ഛന്റെയും സ്വാധീനം അർണ്ണോസ്സിന്റെ കൃതികളിൽ കാണാം. ഈ കാവ്യസംസ്കാരം അർണ്ണോസ്സിനെ നയിക്കുന്നുണ്ടെങ്കിലും ചില പരകീയപദങ്ങളും ക്രൈസ്തവർക്കിടയിൽ മാത്രം പ്രചാരമുള്ള പദാവലികളും താളഘടനയ്ക്കുള്ളിൽ പാദങ്ങളിലൊതുങ്ങി നില്ക്കാതെ കാവ്യസൗന്ദര്യം നഷ്ടപ്പെടുത്തുന്നുണ്ട് എന്ന വസ്തുത നിഷേധിക്കാനാവില്ല.

> ▶ ചെറുശ്ശേരിയുടെയും എഴുത്തച്ഛന്റെയും സ്വാധീനം

'പുത്തൻപാന'യ്ക്ക് 'ജ്ഞാനപ്പാന'യോടുള്ള കടപ്പാട് പല വിമർശകരും എടുത്തു പറഞ്ഞിട്ടുണ്ട്. 'പുത്തൻപാന'യും 'ജ്ഞാനപ്പാന'യും ഭക്തി കാവ്യങ്ങളാണെന്നതും ശരി തന്നെ. എന്നാൽ 'ജ്ഞാനപ്പാന' ഗഹനമായ ജീവിതതത്വചിന്തയെ ലളിതവും ഗാനാത്മകവുമായി അവതരിപ്പിക്കുന്ന കൃതിയാണെങ്കിൽ 'പുത്തൻപാന' ഗഹനമായ ജീവിതദർശനത്തിന്റെ ആവിഷ്കാരമല്ല, മറിച്ച് ക്രിസ്തുവിന്റെ ജീവിതത്തിലെ സം

ഭവങ്ങളുടെ ആഖ്യാനത്തിലൂടെ ഭക്തി സംവർദ്ധനം നടത്തുകയാണ്. ജ്ഞാനപ്പാനയെപ്പോലെതന്നെ 'പുത്തൻപാന'യും പാനവൃത്തം എന്നറിയപ്പെടുന്ന 'സർപ്പിണി'യിലാണ് നിബന്ധിച്ചരിക്കുന്നത്.

▶ ജ്ഞാനപ്പാനയോടുള്ള കടപ്പാട്

എന്നാൽ 'ജ്ഞാനപ്പാന'യിലെ ഈരടികൾ പാനയുടെ താളഘടനയിൽ വായിച്ചു പോകാവുന്നതുപോലെ ഭദ്രമല്ല 'പുത്തൻപാന'യിലെ താളഘടന. പൊതുവെ മതപ്രചാരകരായ മിഷണറികവികൾ കവിതയുടെ രൂപതലത്തിലുള്ള നിഷ്ഠയെക്കാൾ ഉള്ളടക്കത്തിന്റെ പൂർണതയ്ക്ക് പ്രാധാന്യം കൊടുത്തതിനാലാവാമിത്. കൂടാതെ യഥാർത്ഥ ഗ്രന്ഥപാഠത്തിന്റെ അഭാവം, പകർത്തിയെഴുത്തുകാരുടെ പാണ്ഡിത്യമോ അജ്ഞാനമോ കൊണ്ടുള്ള ഇടപെടലുകൾ എന്നിവയും രൂപശില്പത്തിന്റെ ശൈഥില്യത്തിന് കാരണമായിട്ടുണ്ടാകാം. അതെന്തായാലും എഴുത്തച്ഛന്റെ കാലത്തിന് ഒരു നൂറ്റാണ്ടിന് ശേഷം ക്രിസ്തുപുരാണത്തെ ഉപജീവിച്ചുണ്ടായ കാവ്യം, ബൈബിൾ പുതിയ നിയമത്തിന്റെ അന്തസത്തയെ പകർത്തിയ ആദ്യകാവ്യം എന്നീനിലയിൽ 'പുത്തൻപാന'യുടെ സ്ഥാനം അനിഷേധ്യമാണ്. ഒരു വിദേശ മിഷണറി കേരളത്തിലെത്തി മലയാളഭാഷാസാഹിത്യം പഠിച്ച് മലയാളത്തിൽ ആദ്യഖണ്ഡകാവ്യം (ജനോവപർവ്വം), ആദ്യ വിലാപകാവ്യം (ഉമ്മാടെ ദുഃഖം, ഉമ്മാടെ വ്യാകുല പ്രബന്ധം) എഴുതിയെന്നത് മലയാളത്തിൽ അർണോസ്സ് പാതിരിയുടെ സാഹിത്യ സംഭാവനകളെ അമൂല്യമാക്കുന്നു.

▶ സ്ഥാനം അനിഷേധ്യം

## ഉമ്മാടെ ദുഃഖം (ദൈവമാതാവിന്റെ വ്യാകുലപ്രലാപം)

പരിശുദ്ധമറിയത്തിന്റെ അഞ്ചാമത് വ്യാകുലമായി കണക്കാക്കപ്പെടുന്നത് യോഹന്നാന്റെ സുവിശേഷം 19-ാം അദ്ധ്യായത്തിലെ 17 മുതൽ 30 വരെയുള്ള വാക്യങ്ങളാണ്. അതായത് യേശുവിന്റെ കുരിശാരോഹണവും മരണവുമാണ് അമ്മയുടെ അഞ്ചാമത് വ്യാകുലം. 'പുത്തൻപാന'യുടെ പന്ത്രണ്ടാം പാദമായി അച്ചടിച്ചു പോരുന്ന ഉമ്മാടെ ദുഃഖം അർണ്ണോസ്സുപാതിരിയുടെ ഒരു സ്വതന്ത്രരചനയായും കണക്കാക്കപ്പെടുന്നു. ക്രൂശാരോഹണത്തെ തുടർന്ന് കുരിശിൽ നിന്നിറക്കിയ മൃതദ്ദേഹം മടിയിൽ കിടത്തിക്കൊണ്ട് മാതാവായ മറിയത്തിന്റെ ദീനവിലാപമാണീ കവിതയുടെ ഉള്ളടക്കം. മകന്റെ ദുരന്താന്ത്യത്തിന് സാക്ഷിയാകേണ്ടി വരുന്ന മാതാവിന്റെ മാനസികാവസ്ഥകൾ പകർത്താനുള്ള അർണ്ണോസുപാതിരിയുടെ കാവ്യവൈദഗ്ദ്ധ്യം ഇവിടെ ദൃശ്യമാണ്. തന്റെ കാവ്യരചനയിൽ ദേവമാതാവിന്റെ സഹായത്തിനു പ്രാർത്ഥിച്ചു കൊണ്ടാണ് കാവ്യാരംഭം.

▶ മറിയത്തിന്റെ ദീനവിലാപം

## വരികൾ

'അമ്മ കന്യാമണിതന്റെ നിർമ്മലദുഃഖങ്ങളിപ്പോൾ
നന്മയാലെ മനസ്സുറ്റു കേട്ടുകൊണ്ടാലും
ദുഃഖമൊക്കെപ്പറവാനോ, വാക്കുപോരാ മാനുഷർക്ക്
ഉൾക്കനെ ചിന്തിച്ചുകൊൾവാൻ ബുദ്ധിയും പോരാ,
എന്മനോവാക്കിൻവശമ്പോൽ പറഞ്ഞാലൊക്കയുമില്ല
അമ്മകന്നി തുണയെങ്കിൽ പറയാമല്പം
സർവ്വമാനുഷർക്കുവന്ന സർവ്വദോഷത്തരത്തിനായ്

സർവ്വനാഥൻ മിശിഹായും മരിച്ചശേഷം
സർവ്വനന്മക്കടലോന്റെ, സർവ്വപങ്കപ്പാടുകണ്ട
സർവ്വദുഃഖം നിറഞ്ഞുമ്മാ പുത്രനെ നോക്കി
കുന്തമമ്പു വെടി ചങ്കിൽക്കൊണ്ടപോലെ മനംവാടി
തൻ തിരുക്കാൽ കരങ്ങളും തളർന്നു പാരം
ചിന്തമെന്തു കണ്ണിൽനിന്നു ചിന്തിവീഴും കണ്ണുനീരാൽ
എന്തുചൊല്ലാവതു ദുഃഖം പറഞ്ഞാലൊക്കാ
അന്തമറ്റ സർവനാഥൻ തൻതിരുക്കല്പനയോർത്തു
ചിന്തയൊട്ടങ്ങുറപ്പിച്ചു തുടങ്ങി ദുഃഖം
എൻ മകനേ! നിർമ്മലനേ! നന്മയെങ്ങും നിറഞ്ഞോനെ
ജന്മദോഷത്തിന്റെ ഭാരമൊഴിച്ചോ പുത്ര!
പണ്ടുമുന്നോർ കടംകൊണ്ടു, കൂട്ടിയതു വീട്ടുവാനായ്
ആണ്ടവൻ നീ മകനായി പിറന്നോ പുത്ര!'

## അർഥവിശദീകരണം

| | | |
|---|---|---|
| പങ്കപ്പാട് | = | ദുരിതം |
| പാരം | = | വളരെ |
| മുന്നോർ | = | പൂർവികർ |
| ആണ്ടവൻ | = | ദൈവം |

## ആശയവിശദീകരണം

'അമ്മകന്യാമണി തന്റെ നിർമലദുഃഖങ്ങളിപ്പോൾ
നന്മയാലെ മനസ്സുറ്റു കേട്ടു കൊണ്ടാലും'

▶ ദേവമാതാവ് തുണയാകണം

എന്നിങ്ങനെയാണ് കാവ്യാരംഭം. കന്യകാരത്നമായ മറിയത്തിന്റെ ദുഃഖങ്ങൾ ആവിഷ്ക്കരിക്കുന്നതിന് മനുഷ്യന്റെ ഭാവനയ്ക്കോ വാക്കുകൾക്കോ ശക്തി മതിയാവുകയില്ല. തന്റെ വാക്കും മനസും കൊണ്ടുപറഞ്ഞാലും അത് സമ്പൂർണമാവുകയില്ല. അതുകൊണ്ട് ഈ യത്നത്തിന് ദേവമാതാവു തന്നെ തുണയാകണമെന്നാണ് കവിയുടെ പ്രാർഥന.

▶ വാക്കുകൾ വിവരിക്കുക പ്രയാസം

ചങ്കിൽ വെടിയേറ്റാലെന്നപോലെ മനസ്സും കൈകാലുകളും തളർന്ന് കനലുവെന്ത ചിന്തകളുമായി, ആ മാതാവിന്റെ കണ്ണീരിൽ കുതിർന്ന വാക്കുകൾ വിവരിക്കുക പ്രയാസമാണ്. എങ്കിലും ചിത്തമുറപ്പിച്ച് തമ്പുരാന്റെ കല്പനയാലെന്നവണ്ണം കവി വർണിക്കുന്നു.

'എന്മകനേ! നിർമ്മലനേ! നന്മയെങ്ങും നിറഞ്ഞോനേ
ജന്മദോഷത്തിന്റെ ഭാരമൊഴിച്ചോ പുത്ര!
പണ്ടു മൂന്നോർ കടം കൊണ്ടുകൂട്ടിയതു വീട്ടുവാനായ്
ആണ്ടവൻ നീ മകനായി പിറന്നോ പുത്രാ'

എന്നിങ്ങനെ ദേവമാതാവിന്റെ വ്യാകുലപ്രലാപം ആരംഭിക്കുന്നു. മനുഷ്യകുലത്തിന്റെ ജന്മദോഷങ്ങളുടെ ഭാരം തീർക്കുന്നതിനായി, മനുഷ്യരുടെ രക്ഷകനായി പിറന്ന നീ കുരിശുമരണം കൊണ്ട് പൂർവികരുടെ

കടം വീട്ടിയല്ലോ എന്നു പുത്രനെ വിളിച്ചു കേഴുകയാണ് ദേവമാതാവ്. നന്മ നിറഞ്ഞ തന്റെ പുത്രൻ കുരിശുമരണം കൊണ്ട് ജന്മദോഷത്തിന്റെ ഭാരമൊഴിക്കുകയായിരുന്നു എന്നു മാതാവോർക്കുന്നു. ജന്മദോഷമെന്നത് ആദിപാപ (orginal sin) മാണ്. ആദിപിതാക്കളായ ആദവും ഹവ്വയും പാപം ചെയ്തതു മൂലം എല്ലാ മനുഷ്യരും പാപത്തിൽ പിറക്കുന്നു. ആദമിന്റെ പ്രവൃത്തിയാലുള്ള പാപമാണ് മനുഷ്യകുലത്തെ പറുദീസാനഷ്ടത്തിലേയ്ക്ക് നയിച്ചത്. നഷ്ടമായ സ്വർഗപ്രാപ്തിയിലേക്കു നയിക്കുന്നവനാണ് പുത്രൻ. സകലജനത്തിനും പാപമോചനം നൽകി രക്ഷ നൽകുന്നതിനാണ് യേശു കുരിശുമരണം ഏറ്റെടുക്കുന്നത്. മേല്പറഞ്ഞ ജന്മദോഷത്തെത്തന്നെയാണ് പണ്ടു മൂന്നോർ കടം കൊണ്ടു കൂട്ടിയതായി കവി വീണ്ടും സൂചിപ്പിക്കുന്നത്. ആദിപിതാക്കൾ പാപം ചെയ്തത് കൊണ്ട് മനുഷ്യകുലത്തിന് വന്ന കടമാണത്. ആ കടം വീട്ടുവാനത്രേ ആണ്ടവൻ (ദൈവം) അവതരിച്ചത്.

സൂചന: ബൈബിൾ ഉല്പത്തി 2;16-17 വാക്യങ്ങൾ

'മനുഷ്യനോട് കർത്താവായ ദൈവം ഇങ്ങനെ കല്പിച്ചു: മനുഷ്യാ (ആദം)തോട്ടത്തിലെ എല്ലാവൃക്ഷങ്ങളുടെയും ഫലം നിനക്ക് ഇഷ്ടം പോലെ തിന്നാം. എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം നീ തിന്നുകൂടാ. അതു തിന്നുന്ന നാൾ തീർച്ചയായും നീ മരിക്കും.' ഈ വൃക്ഷം 'ജീവന്റെ വൃക്ഷം,' 'നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷം' എന്നിങ്ങനെ അറിയപ്പെടുന്നു.

▶ സകലജനത്തിനും പാപമോചനം

## വരികൾ

'ആദമാദി നരവർഗം ഭീതികൂടാതെ പിഴച്ചു
ഹേതുവിനുത്തരം നീ ചെയ്തിതോ പുത്ര!
നന്നുനന്നു നരരക്ഷ നന്ദിയത്രേ ചെയ്തതും നീ
ഇന്നിവ ഞാൻ കാണുമാറു വിധിച്ചോ പുത്ര!
മുന്നമേ ഞാൻ മരിച്ചിട്ടു പിന്നെ ചെയ്തിവയെങ്കിൽ
വന്നിതയ്യേ, മുന്നമേ നീ മരിച്ചോ പുത്ര!
വാർത്തമുമ്പേയറിയിച്ചു യാത്ര നീയെന്നോടു ചൊല്ലി
ഗാത്രദത്തം മാനുഷർക്കു കൊടുത്തോ പുത്ര!
മാനുഷർക്ക് നിൻപിതാവു മനോഗുണം നൽകുവാനായ്
മനോസാദ്ധ്യമപേക്ഷിച്ചു കേണിതോ പുത്ര!
ചിന്തയുറ്റങ്ങുപേക്ഷിച്ചു ചിന്തവെന്ത സംഭ്രമത്താൽ
ചിന്തി ചോരവിയർത്തു നീ കുളിച്ചോ പുത്ര!
വിണ്ണിലോട്ടുനോക്കി നിന്റെ കണ്ണിലും നീ ചോരചിന്തി
മണ്ണുകൂടെ ചോരയാലെ നനച്ചോ പുത്ര!
ഭൂമിദോഷാൽ വലഞ്ഞാറെ സ്വാമി നിന്റെ ചോരയാലെ
ഭൂമിതന്റെ ശാപവും നീയൊഴിച്ചോ പുത്ര!
ഇങ്ങനെ മാനുഷർക്ക് നീ മംഗലം വരുത്തുവാനായ്
തിങ്ങിന സന്താപമോടു ശ്രമിച്ചോ പുത്ര!
വേല നീയിങ്ങനെ ചെയ്തു കൂലി സമ്മാനിപ്പതിനായ്

കാലമേ പാപികൾ നിന്നെ വളഞ്ഞോ പുത്ര!
ഒത്തപോലെ ഒറ്റി കള്ളൻ മുത്തി നിന്നെ കാട്ടിയപ്പോൾ
ഉത്തമനാം നിന്നെ നീചർ പിടിച്ചോ പുത്ര!

## അർഥവിശദീകരണം

| | | |
|---|---|---|
| ഗാത്രം | = | ശരീരം |
| മംഗലം | = | ക്ഷേമം |

## ആശയവിശദീകരണം

കുരിശുമരണം വരിച്ചതുവഴി നീ നരവംശത്തെ രക്ഷിച്ചതു നന്നായി, എന്നാൽ തനിക്കിതുകാണേണ്ടിവന്നല്ലോ. തന്റെ മരണശേഷം മതിയായിരുന്നു പുത്രന്റെ മരണം എന്ന് കന്യാമറിയം പറയുന്നതായി ബൈബിളിൽ സൂചനകളില്ല.

▶ വിഷാദത്തിന്റെ ഉച്ചസ്ഥായി

ലോകത്തോടു മുഴുവൻ നിന്റെ വാർത്തയറിച്ച മാതാവിനോട് യാത്രയും ചൊല്ലി മനുഷ്യവംശത്തിനായി സ്വന്തം ശരീരം നൽകിയ മകനെ വിഷാദത്തിന്റെ ഉച്ചസ്ഥായിയിൽ മറിയം ഓർക്കുന്നു.

**സൂചന**

ഇവിടുത്തെ വാർത്ത സുവിശേഷമാകുന്നു യേശുവിന്റെ വാക്കുകൾ: 'ദരിദ്രന്മാരോട് സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു'.

ലൂക്കോസ്, 4:18-19

യേശുവിന്റെ ജീവിതത്തിലെ ഓരോ സംഭവങ്ങളും എടുത്തു പറഞ്ഞുകൊണ്ടാണ് ദേവമാതാവ് വിലപിക്കുന്നത്. മനുഷ്യകുലത്തിനു മോചനം നൽകുവാൻ ദൈവഹിതം വെളിപ്പെട്ടുകിട്ടുന്നതിനായി ധ്യാനനിരതനായ വിയർപ്പുകണങ്ങൾ രക്തത്തുള്ളികളായി ഭൂമിയിൽ പതിച്ചു. സ്വന്തം ചോരകൊണ്ട് ഭൂമിയുടെ ശാപം നീക്കി മംഗലം വരുത്തിയതിന് പാപികൾ നൽകിയ കൂലിയും സമ്മാനവുമാണല്ലോ തന്റെ മകന് ലഭിച്ച കുരിശുമരണം. എത്രയോനാളുകളായി യേശു പരിപാലിച്ച യൂദാസ് തന്നെ മുത്തിക്കൊണ്ട് തന്റെ മകനെ ഒറ്റിയതായി മാതാവ് പറയുന്നു കാശിനോടുള്ള ആശ കൊണ്ടാണ് അവനിതു ചെയ്തതെങ്കിൽ അവനതു നല്കാമായിരുന്നല്ലോ! ഹന്നാന്റെ മുന്നിൽ വെച്ച് അടിച്ച് ന്യായവിധി നടത്തി ഹെറോടോസിന്റെ മുന്നിൽവെച്ച് പരിഹാസപൂർവം മുൾകിരീടം ധരിപ്പിച്ചതുമെല്ലാം എങ്ങനെ തന്റെ മകന് സഹിക്കാൻ കഴിയുന്നു എന്നോർത്താണ് ആ ദേവമാതാവ് വിലപിക്കുന്നത്.

▶ മകനെ മറിയം ഓർക്കുന്നു

**സൂചന**: മത്തായി :26:39

SGOU

> ▶ അവിടുത്തേ ഹിതം നിറവേറട്ടെ

പിതാവിന്റെ മനോസാധ്യം വെളിപ്പെട്ടുകിട്ടുന്നതിനായി യേശു ഗത്ശമന എന്ന തോട്ടത്തിൽ ഏകാന്തതയിൽ പോയി പ്രാർത്ഥിച്ചു 'പിതാവേ കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നു നീക്കേണമേ. എങ്കിലും എന്റെ ഹിതമല്ല അവിടുത്തേ ഹിതം നിറവേറട്ടേ', 'അവിടെ അത്യധികം ഭാരത്തോടെ പ്രാർത്ഥിക്കയാൽ വിയർപ്പ് വലിയ രക്തത്തുള്ളികളായി നിലത്തു വീണു'

ലൂക്കോസ്: 2:44

> ▶ ഒറ്റു കൊടുത്ത യൂദാ

യേശുവിന്റെ പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരാളായിരുന്ന യൂദാ ഉസ്തരിയത്തോ ചുംബനത്താൽ യേശുവിനെ ഒറ്റു കൊടുത്തു. പടയാളികൾക്ക്: 'ഞാൻ ആരേ ചുംബിക്കുന്നുവോ, അവൻതന്നെയാകുന്നു; അവനെ നിങ്ങൾ പിടിച്ചു കൊൾക'

മത്തായി 26:48:49

> ▶ സമ്പാദ്യം കൂട്ടാൻ ഒറ്റ്

'യേശുവിന്റെയും ശിഷ്യന്മാരുടെയും ദൈനംദിന ചിലവിനുള്ള കാശ് സൂക്ഷിച്ചിരുന്ന ആളായിരുന്നു യൂദാ. ആ പണസഞ്ചിയിൽ സമ്പാദ്യം കൂട്ടുന്നതിനായിരുന്നു യൂദാസ് യേശുവിനെ ഒറ്റുകൊടുത്തത്'

യോഹ: 12:16

> ▶ ഹന്നാസ് പ്രധാനി

'മഹാപുരോഹിതനായ ഹന്നാസ് (Annas) ആണ് യേശുവിന്റെ കുരിശുമരണം ആസൂത്രണം ചെയ്തവരിൽ പ്രധാനി. ഹന്നാസിന്റെ മരുമകനും മഹാപുരോഹിതനുമായ കയ്യാഫാസിന്റെ അടുത്ത് പടയാളികൾ വിചാരണയ്ക്കായി യേശുവിനെ കൊണ്ടുവന്നു. അവിടെവച്ച് ഹന്നാസിന്റെ സേവകരിലൊരാൾ യേശുവിന്റെ കവിളത്ത് അടിച്ചു'

യോഹ: 18:19-22

## വരികൾ

'എത്രനാളായ് നീയവനെ, വളർത്തുപാലിച്ചു നീചൻ
ശത്രുകയ്യിൽ വിറ്റു നിന്നെ കൊടുത്തോ പുത്ര!
നീചനിത്ര കാശിനാശയറിഞ്ഞെങ്കിലിരന്നിട്ടും
കാശു നൽകായിരുന്നയ്യോ ചതിച്ചോ പുത്ര!
ചോരനെപ്പോലെ പിടിച്ചു, ക്രൂരമോടെ കരംകെട്ടി
ധീരതയോടവർ നിന്നെയടിച്ചോ പുത്ര!
പിന്നെ ഹന്നാൻ തന്റെ മുൻപിൽ വെച്ചു നിന്റെ കവിളിന്മേൽ
മന്നിലേയ്ക്കു നീചപാപിയടിച്ചോ പുത്ര!
പിന്നെ ന്യായം വിധിപ്പാനായ് ചെന്നു കയ്യേപ്പാടെ മുമ്പിൽ
നിന്ദചെയ്തു നിന്നെ നീചൻ വിധിച്ചോ പുത്ര!
സർവരേയും വിധിക്കുന്ന സർവസൃഷ്ടി സ്ഥിതി നാഥാ
സർവനീചനവൻ നിന്നെ വിധിച്ചോ പുത്ര!
കാരണം കൂടാതെ നിന്നെ കൊലചെയ്യാൻ വൈരിവൃന്ദം
കാരിയക്കാരുടെ പക്കൽ കൊടുത്തോ പുത്രാ!
പിന്നെ ഹെറോദേസുപക്കൽ, നിന്നെയവർ കൊണ്ടുചെന്നു

നിന്ദചെയ്തു പരിഹസിച്ചയച്ചോ പുത്രാ!
പിന്നെയധികാരി പക്കൽ നിന്നെയവൻ കൊണ്ടുചെന്നു
നിന്നെയാക്ഷേപിച്ചു കുറ്റം പറഞ്ഞോ പുത്രാ!
എങ്കിലും നീയൊരുത്തർക്കും സങ്കടം ചെയ്തില്ല നൂനം
നിങ്കലിത്ര വൈരമിവർക്കെന്തിതു പുത്രാ!
പ്രാണനുള്ളോനെന്നു ചിത്തേ സ്മരിക്കാതെ വൈരമോടെ
തൂണുതന്മേൽ കെട്ടി നിന്നെയടിച്ചോ പുത്രാ!
ആളുമാറിയടിച്ചയ്യോ ധൂളി നിന്റെ ദേഹമെല്ലാം
ചീളുപെട്ടു മുറിഞ്ഞു നീ വലഞ്ഞോ പുത്രാ!
ഉള്ളിലുള്ള വൈരമോടെ, യൂദർ തന്റെ തലയിന്മേൽ
മുള്ളുകൊണ്ടു മുടിവെച്ചു തറച്ചോ പുത്രാ!
തലയെല്ലാം മുറിഞ്ഞയ്യോ ഒലിക്കുന്ന ചോരകണ്ടാൽ
അലസിയെന്നുള്ളിലെന്തു പറവൂ പുത്രാ!
തലതൊട്ടങ്ങടിയോളം തൊലിയില്ല മുറിവയ്യോ!
പുലിപോലെ നിന്റെ ദേഹം മുറിച്ചോ പുത്ര!
നിൻ തിരുമേനിയിൽ ചോര, കുടിപ്പാനാവൈരികൾക്കു
എന്തുകൊണ്ടു ദാഹമിത്ര വളർന്നൂ പുത്ര!
നിൻ തിരുമുഖത്തു തുപ്പി നിന്ദചെയ്തു തൊഴുതയ്യോ!
ജന്തുവോടിങ്ങനെ കഷ്ടം ചെയ്യുമോ പുത്രാ!
നിന്ദവാക്കു പരിഹാസം പല പല ദുഷികളും
നിന്നെയാക്ഷേപിച്ചു ഭാക്ഷിച്ചെന്തിതു പുത്ര?
ബലഹീനനായ നിന്നെ വലിയൊരു കുരിശതു
ബലം ചെയ്തിട്ടെടുപ്പിച്ച് നടത്തി പുത്ര!
തല്ലി, നുള്ളി, യടിച്ചുന്തി, തൊഴിച്ചു വീഴിച്ചിഴച്ചു
അല്ലലേറ്റം വരുത്തി നീ വലഞ്ഞോ പുത്ര!
ചത്തുപോയമൃഗം ശ്വാക്കളെത്തിയങ്ങു പടിക്കുമ്പോൽ
കുത്തിനിന്റെ പുണ്ണിലും പുണ്ണാക്കിയോ പുത്ര!
ദുഷ്ടരെന്നാകിലും കണ്ടാൽ മനംപൊട്ടും മാനുഷർക്കു
ഒട്ടുമേയില്ലനുഗ്രഹമിവർക്കു പുത്ര!
ഈയതിക്രമങ്ങൾ ചെയ്വാൻ നീയവരോടെന്തുചെയ്തു
നീയനന്ത ദയയല്ലോ ചെയ്തതു പുത്ര!
ഈ മഹാപാപികൾചെയ്ത ഈ മഹാനിഷ്ഠൂരകൃത്യം
നീ മഹാകാരുണ്യമോടു ക്ഷമിച്ചോ പുത്ര!
ഭൂമിമാനുഷർക്കുവന്ന ഭീമഹാദോഷം പൊറുപ്പാൻ
ഭൂമിയേക്കാൾ ക്ഷമിച്ചു നീ സഹിച്ചോ പുത്ര!
ക്രൂരമായ ശിക്ഷചെയ്തു പരിഹസിച്ചവർ നിന്നെ
ജരൂസലം നഗർനീളെ നടത്തി പുത്ര!
വലഞ്ഞുവീണെഴുന്നേറ്റു കുലമരം ചുമന്നയ്യോ
കുലമലമുകളിൽ നീയണിഞ്ഞോ പുത്ര!'

### അർഥവിശദീകരണം

| | | |
|---|---|---|
| നീചൻ | = | ദുഷ്ടൻ |
| ചോരൻ | = | കള്ളൻ |
| നൂനം | = | തീർച്ചയായും |

### ആശയവിശദീകരണം

▶ ഒരാൾക്കും സങ്കടം വരുത്താത്ത മകൻ

തന്റെ മകൻ ഒരാൾക്കുമൊരു സങ്കടവും വരുത്തിയിട്ടില്ലെന്നു തീർച്ചയാണ്. പിന്നെയവർക്ക് യേശുവിനോടിത്ര ശത്രുതയ്ക്കുള്ള കാരണമെന്താണെന്ന് മാതാവ് ചോദിക്കുന്നു. പ്രാണനുള്ളതാണെന്നുപോലും കരുതാതെ ആ ദുഷ്ടന്മാർ യേശുവിനെ തൂണിൽ കെട്ടിയിട്ടടിച്ചിരിക്കുന്നു. ബലഹീനനായ തന്റെ മകനെ കുരിശുചുമപ്പിച്ചുകൊണ്ടാണ് കാൽവരിയിലേയ്ക്ക് കൊണ്ടുപോയത്. തുടർന്ന് ഗോൽ ഗോഥാമയയിൽ ക്രൂശുമരണം നിറവേറ്റിയപ്പോൾ പലവിധ പീഡനങ്ങളും ഏല്പിക്കുകയും തിരുവാക്കുകൾ പറയുകയും ചെയ്യുന്നുണ്ട്.

'ഈ മഹാപാപികൾ ചെയ്ത ഈ മഹാ നിഷ്ഠൂര കൃത്യം
നീ മഹാ കാരുണ്യമോടെ ക്ഷമിച്ചോ പുത്രാ'

▶ അവതാര ലക്ഷ്യം

എന്നിങ്ങനെയാണ് ദേവമാതാവിന്റെ വാക്കുകൾ. ദൈവികമായ ശക്തികൊണ്ട് വേണമെങ്കിൽ യേശുവിന് പീഡനങ്ങളിൽ നിന്നു രക്ഷപ്പെടാമായിരുന്നു. മനുഷ്യരാശിയെ പാപത്തിന്റെയും സാത്താന്റെയും അടിമത്തത്തിൽ നിന്നു മോചിപ്പിക്കുകയെന്ന അവതാര ലക്ഷ്യം സാധിക്കാൻ യേശു ഇതൊക്കെ സഹിക്കേണ്ടിയിരുന്നു. അത് ദൈവത്തിന്റെ മഹത്തായ കാരുണ്യം തന്നെ.

▶ ഭൂമിയെക്കാൾ ക്ഷമ കാണിച്ചവൻ

ഭൂമിയിലെ മനുഷ്യരുടെ മഹാദോഷം പൊറുപ്പിക്കുന്നതിനായി ഭൂമിയേക്കാൾ ക്ഷമ കാണിച്ചവനാണ് യേശു. തന്റെ മകനെ കൊലമരവും ചുമപ്പിച്ചുകൊണ്ട് പരിഹാസപൂർവ്വം ദുഷ്ടന്മാർ ജെറുസലേം നഗരം മുഴുവൻ നടത്തി. അവന്റെ കുപ്പായമവർ പറിച്ചെടുത്തു. ആദിപിതാവിന്റെ തലമേൽ (സംസ്കരിച്ച ഇടം) തന്നെ അവർ കുരിശുറപ്പിച്ചു. ആണികൊണ്ട് അവർ യേശുവിന്റെ ദേഹം തുളച്ചു. തൊട്ടു മുൻപത്തെ ഞായറാഴ്ച ഓശാന ആചരിച്ച് വാഴ്ത്തിയ അതേ ജനം തന്നെ 'ഇവനെ ക്രൂശിക്കുക' എന്നലറിവിളിച്ചു നടന്നു. തന്റെ തിരുമുഖഭംഗിക്കണ്ടാൽ മഹാപാപികൾക്കുപോലും ഇതു ചെയ്യാനാവുമോ എന്നോർത്ത് മാതാവ് വിലപിക്കുന്നു.

#### സൂചനകൾ

▶ വസ്ത്രത്തിന്റെ സ്ഥിതി

ഇസ്രയേലിന്റെ തലസ്ഥാനമായ ജെറുസലേം നഗരത്തിന്റെ ഒരു ഭാഗത്തായിരുന്നു യേശുവിനെ കുരിശിലേറ്റിയ കാൽവരി. അവിടെയാണ് തലയോടുകളുടെ സ്ഥലം എന്നർത്ഥം വരുന്ന ഗോൽ ഗോഥ. ഗാഗുൽത്താമല എന്നും ഇതിനുപേർ. അന്നത്തെ മുറയനുസരിച്ച് വധിക്കപ്പെടുന്നയാളുടെ വസ്ത്രം ശിക്ഷ നടപ്പാക്കുന്ന പടയാളികൾക്ക് അവകാശപ്പെട്ടതാണ്. യേശുവിനെ കുരിശിൽ തറച്ചത് നാലു പടയാളികൾ ചേർന്നാണ്. വസ്ത്രം നാലായി പങ്കിടേണ്ടതായിരുന്നു. എന്നാൽ അത് തയ്യലില്ലാത്തതും അടിമുടി നെയ്തതുമായതുകൊണ്ട് അവരിലൊരാൾ നറുക്കെടുപ്പിലൂടെ സ്വന്തമാക്കി.

യോഹ: 19:23:24

### വരികൾ

'ചോരയാൽ നിൻ ശരീരത്തിൽ പറ്റിയ കുപ്പായമപ്പോൾ
ക്രൂരമോടെ വലിച്ചവർ പറിച്ചോ പുത്ര!
ആണിയിൻമേൽ തൂങ്ങി നിന്റെ ഞരമ്പെല്ലാം വലിയുന്ന
പ്രാണവേദനസകലം സഹിച്ചോ പുത്ര!
ആണികൊണ്ടു നിന്റെ ദേഹം തുളച്ചതിൻ കഷ്ടമയ്യോ
നാണക്കേടു പറഞ്ഞതിനളവോ പുത്ര!
വൈരികൾക്കു മാനസത്തിലെന്മകനെക്കുറിച്ചയ്യോ
ഒരു ദയ ഒരിക്കലുമില്ലയോ പുത്ര!
അരിയ കേസരികളെ നിങ്ങൾപോയ ഞായറിലെൻ
തിരുമകൻ മുന്നിൽവന്നാചരിച്ചു പുത്ര!
അരികത്തു നിന്നു നിങ്ങൾ സ്തുതിച്ചോശാനയും ചൊല്ലി
പരിചിൽ കൊണ്ടാടിയാരാധിച്ചുമേ, പുത്ര!
ഓമനയേറുന്ന നിന്റെ തിരുമുഖ ഭംഗി കണ്ടാൽ
ഈ മഹാപാപികൾക്കിതു തോന്നുമോ പുത്രാ!
ഉണ്ണി നിന്റെ തിരുമുഖം തിരുമേനി ഭംഗികണ്ടാൽ
കണ്ണിനാനന്ദവും ഭാഗ്യസുഖമേ പുത്രാ!
കണ്ണിനാനന്ദകരനാ; മുണ്ണി നിന്റെ തിരുമേനി
മണ്ണുവെട്ടിക്കിളക്കുംപോൽ മുറിച്ചോ പുത്രാ!
കണ്ണുപോയ കൂട്ടമയ്യോ, ദണ്ഡമെറ്റം ചെയ്തുചെയ്തു
പുണ്ണുപോലെ നിന്റെ ദേഹം ചമച്ചോ പുത്ര!
അടിയൊടുമുടിദേഹം കടുകിടയിടയില്ല
കഠിനമായ് മുറിച്ചയ്യോ വലഞ്ഞോ പുത്രാ!
നിന്റെ ചങ്കിൽ ചവളത്താൽ കൊണ്ടകുത്തുടൻ വേലസു-
യെന്റെ നെഞ്ചിൽ കൊണ്ടു ചങ്കുപിളർന്നോ പുത്ര!
മാനുഷന്റെ മരണത്തെക്കൊണ്ടു നിന്റെ മരണത്താൽ
മാനുഷർക്ക് മാനഹാനിയൊഴിച്ചോ പുത്ര!
സൂര്യനുംപോയ് മറഞ്ഞയ്യോ! ഇരുട്ടായി ഉച്ചനേരം
വീര്യവാനെ നീ മരിച്ച ഭീതിയോ പുത്ര!
ഭൂമിയിൽ നിന്നേറിയൊരു ശവങ്ങളും പുറപ്പെട്ടു
പ്രാണനുള്ളോർക്കില്ല ദുഃഖമെന്തിതു പുത്ര!
കല്ലുകളും മരങ്ങളും പൊട്ടി നാദം മുഴങ്ങീട്ടു
അല്ലലോടു ദുഃഖമെന്തു പറവൂ പുത്രാ!
കല്ലിനേക്കാളുറപ്പേറും യൂദർ തന്റെമനസ്സയ്യോ
തെല്ലുകൂടെയലിവില്ലാതെന്തിതു പുത്രാ!
സർവ്വലോകനാഥനായ നിന്മരണം കണ്ടനേരം
സർവ്വദുഃഖം മഹാദുഃഖം സർവ്വതും ദുഃഖം
സർവ്വദുഃഖക്കടലിന്റെ നടുവിൽ ഞാൻ വീണ്ടുതാണു
സർവ്വസന്താപങ്ങളെന്തു പറവൂ പുത്ര!

നിന്മരണത്തോടുകൂടെയെന്നെയും നീ മരിപ്പിക്കിൽ
ഇമ്മഹാദുഃഖങ്ങളൊട്ടു തണുക്കും പുത്ര!
നിന്മനസ്സിന്നിഷ്ടമെല്ലാം സമ്മതിപ്പാനുറച്ചു ഞാൻ
എന്മനസ്സിൽ തണുപ്പില്ല നിർമ്മല പുത്ര!
വൈരികൾക്കു മാനസത്തിൽ വൈരമില്ലാതില്ലയേതും
വൈരഹീന പ്രിയമല്ലോ നിനക്കു പുത്ര!
നിൻചരണചോരയാദം തൻശിരസ്സിലൊഴുകിച്ചു
വൻചതിയാൽ വന്നദോഷമൊഴിച്ചോ പുത്ര!
മരത്താലെ വന്നദോഷം മരത്താലെയൊഴിപ്പാനായ്
മരത്തിന്മേൽ തൂങ്ങി നീയും മരിച്ചോ പുത്ര!
നാരികയ്യാൽ ഫലം തിന്നു നരന്മാർക്കു വന്നദോഷം
നാരിയാം മേ ഫലമായ് നീയൊഴിച്ചോ പുത്ര!'

## അർഥവിശദീകരണം

| | | |
|---|---|---|
| ദണ്ഡം | = | വടി |
| പുണ്ണ് | = | വ്രണം |
| അല്ലൽ | = | ദുരിതം |

## ആശയവിശദീകരണം

ഐതിഹ്യങ്ങൾ

'ആദമെന്ന പിതാവിന്റെ തലമേൽ .....' ആദിപിതാവായ ആദമിനെ സംസ്കരിച്ച സ്ഥലമായിരുന്നു കാൽവരി. യേശുവിന്റെ കുരിശുറപ്പിക്കാൻ വേണ്ടി കല്ലിനുപകരം ഉപയോഗിച്ച തലയോട് ആദാമിന്റേതായിരുന്നു വെന്നും യേശുവിന്റെ രക്തം തലയോട്ടിയിൽ ഒഴുകിവീണപ്പോൾ ആദം മൂലം ഉളവായ പാപം ക്ഷമിക്കപ്പെട്ടു എന്നും ആദമിന്റെ ആത്മാവ് സ്വർഗത്തിൽ പ്രവേശിച്ചു എന്നും ക്രൈസ്തവർക്കിടയിലുള്ള ഐതിഹ്യം.

► വാഴ്ത്തലും വീഴ്ത്തലും

'സ്തുതി ചോശാനയും ചൊല്ലി.....' യേശു കഴുതക്കുട്ടിയുടെ പുറത്ത് ജെറുസലേം ദേവാലയത്തിലേക്ക് യാത്ര ചെയ്ത ദിവസം ജനങ്ങൾ വസ്ത്രങ്ങൾ വഴിയിൽ വിരിച്ചും മരച്ചില്ലകൾ നിരത്തിയും ഈന്തപ്പനയുടെ കുരുത്തോലകൾ വീശിയും 'ഓശാന' (ഇപ്പോൾ രക്ഷിക്ക) കർത്താവിന്റെ നാമത്തിൽ വരുന്ന യിസ്രായേൽ രാജാവ് വാഴ്ത്തപ്പെട്ടവൻ എന്നാർത്തു വിളിച്ച് രാജകീയമായ വരവേൽപ് നൽകി. അഞ്ചുദിവസം കഴിഞ്ഞപ്പോൾ അതേ ജനം 'അവനെ ക്രൂശിക്കുക' എന്ന് ആർത്തു വിളിച്ചു.

► ഭൂമിയാകെ മഹാനാദം

ഓശാന ഞായറിനു ശേഷം ക്രൂശുമരണത്തിലേയ്ക്ക് നയിക്കാൻ തക്കവിധം തന്റെ മകൻ ഒരു തെറ്റും ചെയ്തില്ലല്ലോ എന്നോർത്ത് ദേവമാതാവ് പരിതപിക്കുന്നു. യേശുവിന്റെ നെഞ്ചിലേറ്റ കുന്തത്തിന്റെ ഓരോ കുത്തുകളിലും പിളർന്ന് പോകുന്നത് മാതാവിന്റെ ഹൃദയമാണ്. മനുഷ്യവംശത്തിനുണ്ടായ ആത്മീയമരണത്തെ യേശു തന്റെ മരണം കൊണ്ട് ജയിച്ചിരിക്കുന്നു. എങ്കിലും ആ ദുരന്തത്തിൽ പ്രകൃതി പോലും ദുഃഖത്തിലാണ്ടു പോകുന്നു. സൂര്യൻ മറഞ്ഞു, കല്ലുകളും മരങ്ങളും തകർന്നു പതിക്കുന്ന മഹാനാദം ഭൂമിയാകെ പരന്നു.

> ▶ ദോഷമെല്ലാം പരിഹരിച്ചു

യേശുവിന്റെ പാദങ്ങളിൽ നിന്നു വീണ രക്തം മനുഷ്യന്റെ പാപങ്ങളെ കഴിക്കളഞ്ഞിരിക്കുന്നു. വിലക്കപ്പെട്ട മരത്തിന്റെ കനി ഭക്ഷിച്ചതുകൊണ്ടുണ്ടായ ദോഷം, മരം കൊണ്ടുണ്ടാക്കിയ കുരിശിൽ മരിച്ച് യേശുദേവൻ പരിഹരിച്ചിരിക്കുന്നു. ഹവ്വയെന്ന നാരികൊടുത്ത പഴം (ഫലം) ആദം തിന്നതു മൂലമുണ്ടായ ദോഷം, നാരിയുടെ ഫലമായ (പുത്രൻ) യേശു ഒഴിവാക്കിയിരിക്കുന്നു.

## വരികൾ

'ചങ്കിലും ഞങ്ങളെയങ്ങു ചേർത്തുകൊൾവാൻ പ്രിയം നിന്റെ
ചങ്കുകൂടെ മാനുഷർക്കു തുറന്നോ പുത്ര!
ഉള്ളിലേതും ചതിവില്ലാതുള്ളകൂറെന്നറിയിപ്പാൻ
ഉള്ളുകൂടെ തുറന്നു നീ കാട്ടിയോ പുത്ര!
അദിദോഷം കൊണ്ടടച്ച സ്വർഗവാതിൽ തുറന്നു നീ
ആദിനാഥാ! മോക്ഷവഴി തെളിച്ചോ പുത്ര!
മുമ്പുകൊണ്ട കടമെല്ലാം വീട്ടിമേലിൽ വീട്ടുവാനായ്
അൻപിനോടു ധനം നേടി വച്ചിതോ പുത്ര?

പള്ളിതന്റെയുള്ളകത്തു വെച്ചനിന്റെ ധനമെല്ലാം
കള്ളരില്ലാതുറപ്പുള്ള സ്ഥലത്തു പുത്ര!
പള്ളിയകത്തുള്ളവർക്ക് വലയുമ്പോൾ കൊടുപ്പാനായ്
പള്ളിയറക്കാരനെയും വിധിച്ചോ പുത്ര!
ഇങ്ങനെ മാനുഷർക്കു നീ മംഗലലാഭം വരുത്തി
തിങ്ങിന താപം ക്ഷമിച്ചു മരിച്ചോ പുത്ര!
അമ്മകന്നി നിന്റെ ദുഃഖം പാടിവന്ദിച്ചപേക്ഷിച്ചു
എന്മനോതാപം കളഞ്ഞു തെളികതായേ!
നിന്മകന്റെ ചോരയാലെയെൻമനോദോഷം കഴുകി
വെൺമനൽകീടണമെന്നിൽ നിർമ്മല തായേ!
നിന്മകന്റെ മരണത്താലെന്റെയാത്മമരണത്തെ
നിർമ്മലാംഗി നീക്കി നീ കൈതൂക്കുക തായേ!
നിന്മകങ്കലണച്ചെന്നെ നിർമ്മലമോക്ഷം നിറച്ച്
അമ്മ നീ മല്പിതാവീശോ ഭവിക്ക തസ്മാൽ'

പന്ത്രണ്ടാം പാദം സമാപ്തം

## അർഥവിശദീകരണം

| | | |
|---|---|---|
| കൂറ് | = | നന്ദി |
| പള്ളിയറ | = | രാജാവിന്റെ (ദൈവത്തിന്റെ) മുറി |
| താപം | = | ചൂട്, ദുഃഖം |
| ചങ്ക് | = | നെഞ്ച് |

## ആശയവിശദീകരണം

പടയാളികൾ കുത്തിത്തുറന്ന നെഞ്ചിലൂടെ യേശുദേവൻ മനുഷ്യവംശത്തിനാകെ സ്നേഹം പകർന്നു നല്കി. താൻ നേടിയ ആദ്ധ്യാത്മിക ധനം മുഴുവൻ പള്ളിയ്ക്കകത്ത് (സഭയ്ക്കകത്ത്) സൂക്ഷിച്ച്, അത് ദുഃഖിതർക്കും ഏഴകൾക്കും പങ്കുവെയ്ക്കുന്നതിനായി പള്ളിക്കാരനേയും (മാർപാപ്പ) ചുമതലപ്പെടുത്തി. മനുഷ്യവംശത്തിന് നഷ്ടമായ സ്വർഗവാതിൽ തുറന്ന് മോക്ഷവഴി നൽകി മംഗളം വരുത്തി. മനുഷ്യന്റെ എല്ലാ തെറ്റുകളും പൊറുത്ത് കാരുണ്യവാനായിട്ടാണല്ലോ വിടവാങ്ങിയതെന്നനുസ്മരിച്ചുകൊണ്ടാണ് ദേവമാതാവ് തന്റെ വ്യാകുലസ്വരൂപം ഉപസംഹരിക്കുന്നത്.

▶ ഉപസംഹാരം

തുടർന്നുള്ള നാല് ഈരടികളിൽ കവി നേരിട്ട് സംസാരിക്കുന്നു. തന്റെ മനോദോഷങ്ങളകറ്റി നിർമ്മലമായ മോക്ഷം നല്കാൻ മാതാവായ മറിയവും പിതാവായ യേശുവും സഹായിക്കണമെന്ന പ്രാർഥനയോടെ 'ഉമ്മാടെ ദുഃഖം' സമാപിക്കുന്നു.

▶ പ്രാർഥന

### സൂചനകൾ

യേശുവിന്റെ മരണവേളയിൽ പ്രകൃതിയുടെ പ്രതികരണങ്ങൾ, ആറാം മണിക്കൂർ മുതൽ ഒൻപതാം മണിക്കൂർ വരെ നാട്ടിലെങ്ങും ഇരുട്ടു പരന്നു. ദേവാലയത്തിൽ തിരശ്ശീല മുകൾ മുതൽ താഴെ വരെ രണ്ടായി കീറിപ്പോയി. ഭൂമി കുലുങ്ങി. പാറകൾ പിളർന്നു. ശവകുടീരങ്ങൾ തുറക്കപ്പെട്ടു. നിദ്ര പ്രാപിച്ചിരുന്ന അനേകം വിശുദ്ധന്മാരുടെ ശരീരങ്ങൾ ഉയിർപ്പിക്കപ്പെട്ടു

▶ മരണവേളയിലെ പ്രകൃതി

മത്തായി: 27:45-52

യേശു സ്ഥാപിച്ച സഭയ്ക്കുള്ളിൽ യേശു മനുഷ്യവംശത്തിന് നേടിത്തന്ന ആദ്ധ്യാത്മികധനമെല്ലാം സൂക്ഷിച്ചിരിക്കുന്നു പത്രോസാകുന്ന പാറയിലാണ് യേശു തന്റെ സഭ പണിതുയർത്തിയിരിക്കുന്നത്. 'നീ പത്രോസ് ആകുന്നു. ഈ പാറയിൽ എന്റെ സഭ ഞാൻ കെട്ടിപ്പടുക്കും. മരണത്തിന്റെ ശക്തികൾ അതിനെതിരെ വിജയിക്കുകയില്ല'

▶ മനുഷ്യവംശത്തിനാകെ സ്നേഹം പകർന്നു

മത്തായി:16:18

SGOU

# Summarised Overview

പുത്തൻപാനയിലെ 12-ാം പാദമായി അറിയപ്പെടുന്ന 'ഉമ്മാടെ ദുഃഖം' ഒരു സ്വതന്ത്രകൃതിയാണ് എന്നഭിപ്രായപ്പെടുന്ന പണ്ഡിതന്മാർ ഏറെയുണ്ട്. അർണ്ണോസിന്റെ പിൻഗാമിയായിരുന്ന പൗളിനോസ് പാതിരി, സി. കെ. മറ്റം, ഡോ. കുര്യാസ് എന്നിവർ ഇതൊരു സ്വതന്ത്രകൃതിയാണെന്ന പക്ഷത്തു നിൽക്കുന്നു. ഇതു സംബന്ധിച്ചുള്ള ഗവേഷണപ്രബന്ധത്തിൽ ഡോ. പോൾ മണവാളനും സ്വതന്ത്രകൃതിയാണെന്നുറപ്പിക്കുന്നു. എന്നാൽ ഉള്ളൂർ തന്റെ സാഹിത്യചരിത്രത്തിൽ 'ഉമ്മാടെ ദുഃഖം' 'പുത്തൻപാന'യുടെ ഭാഗമാണെന്നു രേഖപ്പെടുത്തുന്നു. ടി. എം. ചുമ്മാർ, ഡോ. പി. ജെ. തോമസ്, പ്രൊഫ. മാത്യു ഉലകംതറ, ഡോ. കെ. രാഘവൻപിള്ള എന്നിവരും 'ഉമ്മാടെ ദുഃഖ'ത്തെ 'പുത്തൻപാന'യുടെ ഭാഗമായി വിലയിരുത്തുന്നവരാണ്.

അർണ്ണോസിന്റെ കാവ്യരചന സാഹിത്യകൗതുകം മാത്രമല്ല, മറിച്ച് അദ്ദേഹത്തിന്റെ ദൈവസങ്കല്പത്തിന്റെയും ദൈവപ്രചാരവേലയുടെയും ഭാഗമായിരുന്നു. അന്നുവരെ കാവ്യലോകം ദർശിച്ചിട്ടില്ലാത്ത കന്യാമറിയത്തിന്റെ ഒരു പുതിയ മുഖം അവതരിപ്പിക്കുകയായിരുന്നു 'ഉമ്മാടെ ദുഃഖം' എന്ന കവിതയിലൂടെ അർണ്ണോസ്. ദൈവമാതാവിന്റെ കാഴ്ചപ്പാടിലൂടെ യേശുക്രിസ്തുവിന്റെ പീഡാനുഭവങ്ങളുടെ വിവരണമാണ് കവിതയുടെ ഉള്ളടക്കം. ഈ മാതൃവിലാപം ഹൃദയസ്പർശിയാകുന്നതിന് ദൈവമാതാവായ കന്യാമറിയത്തെ മനുഷ്യവൽക്കരിക്കുക എന്ന രചനാതന്ത്രമാണ് കവി സ്വീകരിച്ചത്. ദിവ്യവും അലൗകികവുമായ പ്രഭാപരിവേഷങ്ങളിൽ നിന്നുമാറി, പുത്രന്റെ ദുരന്തം കണ്ടു തപിക്കുന്ന മാതൃഹൃദയത്തിന്റെ കരുണാർദ്രമായ വചനങ്ങളിലൂടെ കവിത പുരോഗമിക്കുന്നു. അതിനുവേണ്ടി വേദപുസ്തകത്തിന് പുറത്തു കടന്ന് സ്വകീയമായ ഒരു മാതൃസങ്കല്പം സൃഷ്ടിച്ചെടുക്കുകയാണ് അർണോസ്സ്. അങ്ങനെ ആ ദൈവമാതാവിനെ ഒരു മനുഷ്യാത്മാവായി, ഒരു സാധാരണ ഉമ്മയായി കവിതയിൽ അവതരിപ്പിക്കുന്നു. 'ഉമ്മാടെ ദുഃഖം' എന്ന ശീർഷകം പോലും ഇതിനു തെളിവായി നിരൂപകർ സൂചിപ്പിക്കുന്നു. 'ഉമ്മ എന്ന പ്രയോഗം സംസ്കൃതവും ഉദാത്തവുമായ മാതൃപദവീസങ്കല്പങ്ങളിൽ നിന്നും ദൂരെയാണ്. കേരളത്തിലെ സാമൂഹിക സാംസ്കാരിക പശ്ചാത്തലത്തിൽ 'ഉമ്മാ' എന്ന പ്രയോഗം സാഹിത്യപരവും വൈദികവും അഭൗമികവും ഒക്കെയായ മാതൃസങ്കല്പങ്ങളിൽ നിന്നും മാനുഷികവും തനിമ തുളുമ്പുന്നതുമായ മാതൃവികാരത്തിന്റെ ഭൂതലങ്ങളിലേയ്ക്ക് കന്യാമറിയത്തെ കുടിയിരുത്തുകയാണ്, തലക്കെട്ടിൽത്തന്നെ'.

മലയാളത്തിലെ ആദ്യത്തേതും ഉത്തമവുമായ വിലാപകാവ്യമായി ഉമ്മാടെ ദുഃഖത്തെ നിരൂപകർ വിലയിരുത്തുന്നു. 'ഇഷ്ടപ്പെട്ട വ്യക്തിയുടെ മരണമോ, ഒരു നാടിന്റെയോ രാഷ്ട്രത്തിന്റെയോ പൊതുനഷ്ടമോ, ഒരു സാങ്കല്പികവ്യക്തിയുടെ അകാലമൃത്യുവോ പുരാണങ്ങളിലെയോ ഇതിഹാസങ്ങളിലെയോ, ചരിത്രത്തിലെയോ വീരചരമങ്ങളോ വിലാപകാവ്യത്തിന് വിഷയമാകാം.' ഇതെന്തായാലും അണമുറിയാത്ത വികാരപ്രവാഹം വിലാപകാവ്യങ്ങളുടെ അന്തർധാരയാണ്. വിലാപകാവ്യങ്ങളുടെ അടിസ്ഥാനരസം കരുണയാണ്. ആദ്യന്തം തുടരുന്ന ഓരോ ഭാവത്തിന്റെയും ഏകാഗ്രമായ ആവിഷ്കാരം വിലാപകാവ്യങ്ങളെ ഭാവഗീതത്തോടടുപ്പിക്കുന്നു. ഈ ഏകാഗ്രമായ വികാരപ്രവാഹവും ഭാവഗീതത്തിന്റെ ആന്തരഭാവവും ഉമ്മാടെ ദുഃഖത്തെ അനുഗ്രഹിക്കുന്നു. വിചാരമല്ല, മറിച്ച് കവിയുടെ വികാരാധിക്യം തന്നെയാണ് ഉമ്മാടെ ദുഃഖത്തിൽ പ്രകടമാകുന്നത്. എഴുത്തച്ഛന്റെ ഗാന്ധാരീവിലാപം ഓർക്കുക.

വിചാരലേശം കൂടാതെ വൈകാരികമായി പ്രതികരിക്കുന്ന ദൈവമാതാവ് ബൈബിളിലില്ല. 'കന്യക'യായ താൻ ഗർഭം ധരിച്ചെന്ന് ഗബ്രിയേൽ മാലാഖ അറിയിക്കുന്ന ഘട്ടത്തിൽ ദൈവവിഹിതത്തിന് വഴങ്ങിയ മറിയം വൈകാരികമായി പ്രതികരിക്കുന്നതിന്റെ സൂചനകൾ ബൈബിളിലില്ല. എന്നു മാത്രമല്ല സമാനമായ ഘട്ടങ്ങളിലെല്ലാം മിതഭാഷിയും ശാന്തയും ആത്മീയാനുഭൂതികളിൽ ആമഗ്നയായിരിക്കുന്നവളുമായിട്ടാണ് മറിയം പ്രത്യക്ഷപ്പെടുന്നത്. എന്നാൽ ഉമ്മാടെ ദുഃഖത്തിൽ മറിയത്തിന് മറ്റൊരു രൂപവും ഭാവവുമാണ് കവി നൽകിയത്. അതുകൊണ്ട് 'ഉമ്മാടെ ദുഃഖ'ത്തിലെ മറിയം ദൈവമാതാവിന്റെ ആത്മീയശൈലി വിട്ട് മനുഷ്യമാതൃത്വത്തിന്റെ നൈസർഗിക പ്രകാശനമെന്ന നിലയിൽ വികാരത്തിന്റെ ഭാഷയിൽ സംസാരിക്കുന്ന ഈ മനുഷ്യമാതൃവ്യക്തിത്വം അർണോസ്സ് പാതിരിയുടെ മൗലികമായ സംഭാവനയാണ്. വ്രണിതമായ തന്റെ ഓമനപുത്രന്റെ മൃതദേഹം കല്ലറയിലേയ്ക്ക് എടുക്കുന്നതിന് മുൻപായി മടിയിൽ കിടത്തി പൊട്ടിക്കരയാൻ അമ്മയ്ക്കു ലഭിച്ച അനർഘനിമിഷങ്ങളെ അതിന്റെ വൈകാരിക തീവ്രതയ്ക്ക് തെല്ലും കുറവില്ലാതെ വിലാപകാവ്യരൂപത്തിലാക്കുന്നതിൽ പാതിരി വിജയിക്കുകയും ചെയ്തിരിക്കുന്നു.

ലളിതമായ പദാവലികൾ കൊണ്ട് രൂപപ്പെടുത്തുന്നതാണ് അർണ്ണോസിന്റെ കാവ്യശൈലി. വാക്കുകൾ ഒന്നിനു പിന്നാലെ ഒന്നായി അയത്നലളിതമായി ഒഴുകിയെത്തുന്നു. ജനങ്ങളുടെ സാമാന്യവ്യവഹാരത്തിലുള്ള പദങ്ങൾ, ജനസാമാന്യത്തിന്റെ ദൈനംദിന ജീവിതത്തിൽ നിന്നും തെരഞ്ഞെടുത്ത ബിംബങ്ങളും രൂപകങ്ങളും പരിശോധിക്കുമ്പോൾ ഒരു വിദേശമിഷണറിയുടെ

പേനത്തുമ്പിൽ നിന്നാണ് ഇതൊഴുകിയെത്തിയതെന്ന് വിശ്വസിക്കാൻ കഴിയാതെ വന്നേക്കാം.

‘മരത്താലെവന്ന ദോഷം മരത്താലെയൊഴിപ്പാനായ്
മരത്തിന്മേൽ തൂങ്ങിനീയും മരിച്ചോ പുത്രാ!
നാരികയ്യാൽ ഫലം തിന്നു നരന്മാർക്കുവന്ന ദോഷം
നാരിയാം മേ ഫലമായ് നീയൊഴിച്ചോ പുത്രാ!’

എന്നീ വരികളിൽ കാണുന്ന യമകം, ശ്ലേഷം, ആദിപ്രാസം തുടങ്ങിയ അലങ്കാരങ്ങളുടെ പ്രയോഗങ്ങൾ,

‘ചത്തുപോയ മൃഗം ശ്വാക്കളെത്തിയങ്ങു പറിക്കുമ്പോൾ
കുത്തി നിന്റെ പുണ്ണിലും പുണ്ണാക്കിയോ പുത്രാ!’

എന്നീ സാമാന്യജീവിതാനുഭങ്ങളുമായി ബന്ധപ്പെട്ട അലങ്കാരകല്പനകളും ‘ഉമ്മാടെ ദുഃഖം’ എന്ന കവിത വാസനസമ്പന്നമായ ഒരു ഭാഷാ കവിയുടേതാണെന്ന കരുതാൻ പ്രേരണ നൽകുന്നു. കവിതയുടെ സ്ഥായിഭാവം ശോകമാണ്. മനുഷ്യവംശത്തോട് അന്തമായ കരുണ കാട്ടിയ ദൈവപുത്രന്റെ ദുരന്തമായ മരണത്തോടുള്ള വിലാപമാണല്ലോ ഈ കവിത. എന്നാൽ കവിയെന്ന നിലയിൽ മാത്രമല്ല മതപ്രചാരകനെന്ന നിലയിൽ അനുവാചകരിൽ ഭക്തിപ്രകർഷം ഉയർത്താനുള്ള ബാധ്യതയും അർണ്ണോസ്സിനുണ്ട്. വായനക്കാരിൽ ആത്മീയവിശുദ്ധിയുണ്ടാക്കാനുള്ള ഭക്തിരസം പ്രദാനം ചെയ്യുന്ന ഉപാധിയെന്ന നിലയിൽ പ്രാർഥനയോടെ കാവ്യം ഉപസംഹരിക്കുന്നിടത്ത് ഈ ലക്ഷ്യം സാധിക്കുന്നുണ്ട്.

‘നിന്മകന്റെ ചോരയാലെയെന്മനോദോഷം കഴുകി
വെൺമ നൽകിടേണമെന്നിൽ നിർമ്മലതായേ
നിന്മകന്റെ മരണത്താലെന്റെയാത്മ മരണത്തെ
നിർമ്മലാംഗീ നീക്കി നീ കൈതൂക്കുക തായേ’

എന്ന പ്രാർഥനയിൽ സാഹിത്യം ആത്മശുദ്ധിക്കുള്ള ഉപകരണം കൂടിയായിത്തീരണമെന്ന് കാവ്യം ധ്വനിപ്പിക്കുന്നുണ്ട്.

## Assignments

1. അർണ്ണോസ് പാതിരിയുടെ ജീവിതം ഭാഷാസ്നേഹികളെ സംബന്ധിച്ചിടത്തോളം അത്ഭുതമായി മാറുന്നതെങ്ങനെയെന്ന് വിശദീകരിക്കുക.
2. അർണ്ണോസ് പാതിരിയുടെ സാഹിത്യജീവിതത്തെ പരിചയപ്പെടുത്തുക.
3. പുത്രദുഃഖത്താൽ കരളുരുകിക്കരയുന്ന ഒരു മാതാവിന്റെ ഹൃദയഭാവത്തെ അനാവരണം ചെയ്യുന്ന വിലാപകാവ്യമാണ് ‘വ്യാകുല പ്രബന്ധം’. വിലയിരുത്തുക.
4. പുത്തൻപാനയുടെ ഇതിവൃത്തത്തെ വിവരിക്കുക.
5. ‘പുത്തൻപാന’ ഉൾക്കൊള്ളുന്ന കാവ്യഭാഷയുടെ പ്രത്യേകതകൾ എന്തെല്ലാമെന്ന് വിശദീകരിക്കുക.
6. ‘പുത്തൻപാന’യും ‘ജ്ഞാനപ്പാന’യും തമ്മിലുള്ള സാജാത്യ വൈജാത്യങ്ങൾ ക്രോഡീകരിക്കുക.

## Suggested Readings

1. എൻ. കെ. ജോസ്, അർണ്ണോസ് പാതിരി, പ്രകാശം പബ്ലിക്കേഷൻസ്, കോട്ടയം.
2. വി. മുസഫർ അഹമ്മദ്, അർണ്ണോസ് പാതിരി, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

## References


1. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി. സി. ബുക്സ്, കോട്ടയം.
2. ഡോ. എം. ലീലാവതി, മലയാള കവിതാ സാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
3. എരുമേലി പരമേശ്വരൻ പിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, തൃശ്ശൂർ.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

SGOU

Unit 2

# വഞ്ചിപ്പാട്ട് - മാലപ്പാട്ട്

## Learning Outcomes

- ▶ വഞ്ചിപ്പാട്ടിന്റെ പ്രത്യേകതകൾ വിലയിരുത്തുന്നു
- ▶ 'കുചേലവൃത്തം വഞ്ചിപ്പാട്ടി'ന്റെ സവിശേഷതകളെ അപഗ്രഥിക്കുന്നു
- ▶ കൃഷ്ണ-കുചേല സൗഹൃദത്തിന്റെ ഊഷ്മളത ചർച്ച ചെയ്യുന്നു
- ▶ കുചേലന്റെ കൃഷ്ണഭക്തിയും ആത്മസമർപ്പണവും മനസിലാക്കുന്നു
- ▶ രാമപുരത്ത് വാര്യർ 'കുചേലവൃത്തം വഞ്ചിപ്പാട്ടെ'ഴുതാനുണ്ടായ സാഹചര്യം വിലയിരുത്തുന്നു

## Background

**കവിയും കാലവും**

ഒരു കാവ്യം കൊണ്ട് സാഹിത്യത്തിൽ ചിരപ്രതിഷ്ഠ നേടുകയെന്ന അപൂർവമായ നേട്ടത്തിനുടമകളായ ചുരുക്കം പേരിലൊരാളാണ് രാമപുരത്ത് വാര്യർ. 'കുചേലവൃത്തം വഞ്ചിപ്പാട്ടി'ന്റെ കർത്താവ് എന്നതിൽ കവിഞ്ഞ വ്യക്തിവിവരങ്ങളൊന്നും വേണ്ടത്ര ലഭ്യമല്ല. മീനച്ചിൽ താലൂക്കിൽ രാമപുരം ദേശത്തെ പണ്ഡിതനും ദരിദ്രനുമായ ഒരു വാര്യരായിരുന്നു എന്ന് കരുതപ്പെടുന്നു. കാർത്തിക തിരുനാൾ മഹാരാജാവ് കൊല്ലവർഷം 945 ൽ വടക്കോട്ട് എഴുന്നള്ളി വൈക്കത്തു താമസിച്ചുവെന്നും, വാര്യർ തന്റെ ശിഷ്യന്മാരുടെ നിർബന്ധമനുസരിച്ച് അവിടെച്ചെന്ന് പത്തുശ്ലോകങ്ങൾ രാജാവിന് കാഴ്ചവെച്ചുവെന്നും പ്രീതനായ രാജാവ് തിരികെ തിരുവനന്തപുരത്തേക്കു പോകുമ്പോൾ ബോട്ടിൽ വാര്യരേയും കൂട്ടിയെന്നും യാത്രയ്ക്കിടയിൽ രാജാവിന്റെ നിർദേശമനുസരിച്ച് യാത്രാവേളയിൽത്തന്നെ നിർമിച്ചതാണ് 'കുചേലവൃത്ത'മെന്നും 'ഭാഷാചരിത്ര'കാരനായ പി. ഗോവിന്ദപ്പിള്ള രേഖപ്പെടുത്തുന്നു. എന്നുമാത്രമല്ല ശ്രീകൃഷ്ണദർശനാന്തരം കുചേലനുസംഭവിച്ചതുപോലെ രാജാവ് ഗോപ്യമായി സന്ദേശമയച്ച് കവിയുടെ വാര്യം പുത്തനായി നിർമിക്കുകയും വാരസ്യാർക്കും കുട്ടികൾക്കും ആഭരണങ്ങളും ഒപ്പം വാര്യത്തിന്റെ നടയിൽ അൻപതു പറ നിലം കരമൊഴിവായി വിട്ടു കൊടുക്കുകയും ചെയ്തു എന്ന് കൂടി അദ്ദേഹം കൂട്ടിച്ചേർക്കുന്നു. എന്നാൽ 'കുചേലവൃത്തം' എന്ന കൃതി നൽകുന്ന സൂചനകൾ ഇതുമായി പൊരുത്തപ്പെടുന്നില്ല. കാരണം വാര്യർ തന്റെ കൃതിയിൽ പ്രകീർത്തിക്കുന്നത് മാർത്താണ്ഡവർമ്മയെയാണ്. കാർത്തിക തിരുനാളിന്റെ പേര് രാമവർമ്മ എന്നായിരുന്നു.

'സ്വാമിദ്രോഹികടെ വംശവിച്ഛേദം വരുത്തിയതും, അമിത്രമന്നവനമാരെദ്രവിപ്പിച്ചതും, പത്മനാഭസ്വാമിക്ഷേത്രത്തിൽ ഒറ്റക്കൽ മണ്ഡപം നിർമ്മിച്ചതു'മെല്ലാം മാർത്താണ്ഡവർമ്മയെ സംബന്ധിച്ച സൂചനകളാണല്ലോ. മാർത്താണ്ഡവർമ്മയുടെ കാലം 1706-1758 ലാണ്. വഞ്ചിപ്പാട്ടിൽ തിരുവിതാംകൂറിൽ നടന്ന ഭദ്രദീപപ്രതിഷ്ഠയെയും പരാമർശിക്കുന്നു. ആദ്യത്തെ ഭദ്രദീപം നടന്നത് 1744 ലാണ്. മാത്രമല്ല, മാർത്താണ്ഡവർമ്മയെ പുകഴ്ത്തിക്കൊണ്ടുള്ള 'നവമവതാരമൊന്നു കൂടി വേണ്ടി വന്നു നൂനം നരകാരിക്കൻ പതിറ്റാണ്ടിന്നിപ്പുറത്ത്' എന്ന വരികളിൽ അമ്പതാണ്ടിനു മുൻപ് വിഷ്ണു വീണ്ടും അവതരിച്ചു എന്ന് പറയുന്നു. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് മാർത്താണ്ഡവർമ്മയുടെ ചരമത്തിന് (1758) രണ്ടു വർഷം മുൻപ് 1756 ആയിരിക്കണം കുചേലവൃത്തത്തിന്റെ രചനാകാലമെന്നു കരുതാം. മാർത്താണ്ഡവർമ്മ നീപതീന്ദ്രൻ വെറുതെ യോജി

SGOU

ക്കുന്നു.... ഈ വണ്ണം വേണം എന്ന് കുചേലവൃത്തത്തിൽ പേരെടുത്ത് പറഞ്ഞു സ്തുതിക്കുന്നുമുണ്ട്.

**വഞ്ചിപ്പാട്ട്**

ജലാശയങ്ങളും അതിലൂടെയുള്ള ജലഗതാഗതവും പ്രാചീനകാലത്തുതന്നെ കേരളത്തിൽ നിലവിലിരുന്നതായി കാണാം. തോണിതുഴയുന്നതിന്റെ ആയാസലഘൂകരണത്തിനായി പണ്ടേ തന്നെ വഞ്ചിപ്പാട്ടുകൾ നിലവിലിരുന്നു. പരശുരാമനാൽ ഏർപ്പെടുത്തപ്പെട്ട വാലന്മാർ അഥവാ അരയന്മാർക്ക് തോണിതുഴയുന്നതാണ് വേലയായി കല്പിച്ചിരുന്നതെന്ന് ഐതിഹ്യത്തെ ഉദ്ധരിച്ച് ഭാഷാചരിത്രകാരനായ പി. ഗോവിന്ദപ്പിള്ള നിരീക്ഷിക്കുന്നു. കൂടാതെ ആദ്യകാലം മുതൽ രാജാക്കന്മാർ, ബ്രാഹ്മണർ തുടങ്ങിയവർക്ക് വഞ്ചിയൂന്നുന്നതിനായി അവരുടെ ഊഴിയരിൽ തീണ്ടില്ലാത്തവരെ നിയമിച്ചിരുന്നുവെന്നും കൊല്ലവർഷം 500ന് ശേഷം അമ്പലപ്പുഴ മൂലക്കാഴ്ച്ച ഉത്ഭവിച്ചതിനെത്തുടർന്ന് ശൂദ്രന്മാരിൽത്തന്നെ വിദ്വാൻമാരായിട്ടുള്ളവർ വള്ളപ്പാട്ടുകൾ ധാരാളമായി ഉണ്ടാക്കിയിരുന്നതായും 'ഭാഷാചരിത്രം' രേഖപ്പെടുത്തുന്നു.

വഞ്ചിപ്പാട്ടുകളെ തണ്ടു പിടിച്ചുപോകുന്ന വഞ്ചികളിൽ പാടുന്ന പാട്ടുകളെന്നും തുഴകൊണ്ടു തുഴഞ്ഞു പോകുന്ന വള്ളങ്ങളിൽ പാടുന്ന പാട്ടുകളെന്നും രണ്ടായി തിരിച്ചുകാണുന്നു. ആദ്യത്തെയിനത്തിൽപ്പെട്ട വഞ്ചിപ്പാട്ടുകളുടെ കർത്താക്കളെക്കുറിച്ച് സാഹിത്യചരിത്രത്തിൽ സൂചനകളൊന്നുമില്ല. എങ്കിലും അവ രസവിഷയത്തിൽ അത്ര ശുഷ്കങ്ങളായിരുന്നില്ലെന്ന് സാഹിത്യപഞ്ചാനൻ പി. കെ. നാരായണപിള്ള ചില വാമൊഴിപാട്ടുകളെ ഉദ്ധരിച്ചുകൊണ്ട് നിരീക്ഷിക്കുന്നു. തുഴക്കാരുടെ പാട്ടുകൾ പ്രധാനമായി രണ്ടു തരത്തിലുണ്ട്.

'ആലുണ്ടിലയുണ്ടിലഞ്ഞിയുണ്ടേ നല്ലോ-
രാലുവാത്തേവരെ തമ്പുരാനെ തൊഴാം'

എന്ന മട്ടിലുള്ളവയ്ക്ക് 'വച്ചുപാട്ട്' എന്നു പറയുന്നു. ഈ മട്ടിൽ സാഹിത്യകൃതികൾ വിരളമാണ്.

'ശ്രീരാമ ഗോവിന്ദ നാരായണാനനന്ദ
ശ്രീ വാസുദേവ മുകുന്ദ ഹരേ'

എന്ന് തുടങ്ങുന്ന 'ശീലാവതീചരിതം' തുടങ്ങിയ കൃതികൾ വച്ചുപാട്ടായി ചൊല്ലാവുന്നതാണ്.

രണ്ടാമത്തെയിനം നതോന്നതയിലുള്ള വഞ്ചിപ്പാട്ടുകളാണ്. ഈ രീതിയിലാണ് വഞ്ചിപ്പാട്ടുകൾക്ക് പൊതുവെ പ്രചാരമുള്ളതും. വഞ്ചിപ്പാട്ടെന്ന നിലയിൽ ഒരു സാഹിത്യകൃതി ആദ്യമായി രചിച്ചത് കുഞ്ചൻ നമ്പ്യാരാണെന്നാണ് പി. കെ. യുടെ നിരീക്ഷണം. നമ്പ്യാരുടെ 'കിരാത'മാണ് അദ്ദേഹത്തിന്റേതായി ഇന്നു പ്രചാരത്തിലുള്ള വഞ്ചിപ്പാട്ട്. ഇതിന്റെ ഛായ രാമപുരത്തു വാര്യരുടെ കുചേലവൃത്തത്തിലും കാണുന്നു. നമ്പ്യാരുടെ 'കിരാതം' വാസുദേവപുരത്തു തേവരെ സ്മരിച്ചു കൊണ്ടാണാരംഭിക്കുന്നത്. നമ്പ്യാർ സ്തുതിക്കുന്ന ദേവനാരായണ സ്വാമി ചെമ്പകശ്ശേരി രാജാവായ ദേവനാരായണനനാണ്. നമ്പ്യാർ ദേവനാരായണന്റെ ആശ്രിതനായിരുന്നു എന്നു പ്രസിദ്ധം. ചെമ്പകശ്ശേരി രാജാവിന്റെ കാലത്തുതന്നെ അദ്ദേഹത്തെ വാഴ്ത്തിക്കൊണ്ടുള്ള ധാരാളം വഞ്ചിപ്പാട്ടുകൾ ഉണ്ടായിരുന്നു. ഇക്കാലത്താണ് മാർത്താണ്ഡവർമ്മ കൊല്ലം, കായംകുളം, തെക്കുംകൂർ, വടക്കുംകൂർ, ചെമ്പകശ്ശേരി മുതലായ രാജ്യങ്ങളെ ആക്രമിച്ചു കീഴ്പ്പെടുത്തിയത്. മാർത്താണ്ഡവർമ്മയുടെ ആക്രമണത്തിൽ ചെമ്പകശ്ശേരി രാജാവ് പലായനം ചെയ്തെങ്കിലും രാജാവിന്റെ കീർത്തി വഞ്ചിപ്പാട്ടുകളിലൂടെ കർണ്ണാകർണ്ണികയാ പ്രചരിച്ചിരുന്നു. തന്റെ ശത്രുരാജാവിന്റെ കീർത്തിപ്രകീർത്തനങ്ങളിൽ അസഹിഷ്ണുത തോന്നിയതുകൊണ്ടാവണം മേല്പറഞ്ഞ വഞ്ചിപ്പാട്ടുകളെ പിന്നിലാക്കത്തക്കവിധം ഒരു പുതിയ വഞ്ചിപ്പാട്ടുണ്ടാക്കണമെന്ന് മാർത്താണ്ഡവർമ്മ വാര്യരോട് നിർദ്ദേശിച്ചതെന്ന് പി. കെ. കരുതുന്നു.

നമ്പ്യാരുടെ ദേവനാരായണ പ്രശംസയ്ക്ക് പകരമായി വാര്യരുടെ മാർത്താണ്ഡവർമ്മയുടെ അപദാനവർണന, കുടമാളൂർ മഠത്തിന്റെ വർണനയ്ക്കു പകരമായി തിരുവനന്തപുരം നഗരത്തിന്റെ വർണന. നമ്പ്യാരുടെ വേട്ടയ്ക്കൊരു മകൻ ഉപാസനയ്ക്കു സമാന്തരമായി വാര്യരുടെ പത്മനാഭസ്വാമി ഭജനം തുടങ്ങിയ ഇതിനു തെളിവായി എടുത്തു കാണിക്കുന്നു. അതെന്തായാലും വഞ്ചിപ്പാട്ടു പ്രസ്ഥാനത്തിന്റെ അഗ്രിമസ്ഥാനം കുചേലവൃത്തത്തിനും തത്കർത്താവിനുമാണെന്ന കാര്യത്തിൽ തർക്കമില്ല. മാത്രമല്ല കുചേലവൃത്തത്തിന്ന് വഞ്ചി തുഴയുമ്പോൾ എഴുതിയ പാട്ട്, നതോന്നതയുടെ മട്ടിലെഴുതിയ പാട്ട് എന്നതുകൊണ്ടു മാത്രമല്ല അത് വഞ്ചിപ്പാട്ടായത്. മറിച്ച് രാജഭക്തനും ആശ്രിതനുമായ കവിക്ക് വഞ്ചിരാജ്യത്തോടും വഞ്ചിരാജാവിനോടുമുള്ള ഭക്ത്യാദരങ്ങളുടെ പ്രകീർത്തനം കൊണ്ടു കൂടിയാണ്.

**കുചേലവൃത്തം - പാഠപരാവർത്തനം**

നിത്യവും അന്നദാനം നടന്നുവരുന്ന വൈക്കം ക്ഷേത്രത്തിലെ പെരുംതൃക്കോവിലപ്പനെ (വൈക്കത്തപ്പൻ) സ്തുതിച്ചു കൊണ്ടാണ് രാമപുരത്തു വാര്യർ തന്റെ കാവ്യം ആരംഭിക്കുന്നത്. വൈക്കത്തപ്പന്റെ കാരുണ്യവും തിരുവിതാംകൂർ മഹാരാജാവിന്റെ ദാനധർമാദികളും കൊണ്ടാണ് കലിയുഗദോഷങ്ങൾ നമ്മെ (തിരുവിതാംകൂറിനെ)ബാധിക്കാതിരുന്നത്. ത്രിമൂർത്തികളുടെ ഏകസ്വരൂപമാണല്ലോ മാർത്താണ്ഡദേവൻ (സൂര്യൻ). മാർത്താണ്ഡദേവന്റെ പേരോടുകൂടിയ മാർത്താണ്ഡ മഹാരാജാവ് മഹാവിഷ്ണുവിന്റെ അവതാരമായിത്തന്നെ വാര്യർ സങ്കല്പിക്കുന്നു. പണ്ഡിതന്മാരായ കവികളുടെയും ഗദ്യകാരന്മാരുടെയും കൃതികളാസ്വാദിച്ച് സഹൃദയനായ രാജാവ് തന്നോടാവശ്യപ്പെട്ടതനുസരിച്ച്, വാണീഗുണം കൊണ്ട് അനുഗൃഹീതനായ രാജാവിന് തന്റെ പാട്ട് ഇമ്പമായിത്തീരാൻ പ്രാർത്ഥിച്ചുകൊണ്ട് വാര്യർ കാവ്യരചനയ്ക്ക് മുതിരുകയാണ്.

തിരുവനന്തപുരത്തേക്കുള്ള ദീർഘയാത്ര അത്രയെളുപ്പമല്ല. എങ്കിലും അനന്തശായിയായ ഭഗവാനെ കാണുന്നതിന് കൃഷ്ണാനുഗ്രഹത്തെ പ്രാർത്ഥിച്ചുകൊണ്ട് മാർത്താണ്ഡവർമ്മയുടെ അപദാനങ്ങളെ വാഴ്ത്താൻ തുടങ്ങുകയാണ് കവി. കലിയുഗത്തിൽ ദുഷ്ടന്മാരുടെ ചെയ്തികൾ മൂലം നശിച്ചുപോയ അനന്തപുരത്തെ രക്ഷിക്കാൻ പിറവിയെടുത്ത വിഷ്ണുവിന്റെ അവതാരം തന്നെയത്രേ മാർത്താണ്ഡവർമ്മ. തുടർന്ന് എട്ടുവീടരെ നിഗ്രഹിക്കൽ, യുദ്ധങ്ങളും രാജ്യവിസ്തൃതി വർധിപ്പിക്കൽ, ഭദ്രപ്രതിഷ്ഠ, അന്നവസ്ത്രാദിദാനങ്ങൾ തുടങ്ങി മാർത്താണ്ഡവർമ്മയുടെ അപദാനങ്ങൾ വാഴ്ത്തിക്കൊണ്ട് 'മാലോകരെ മന്നരയാലിവണ്ണം വേണ്ടൂ' എന്നിങ്ങനെ രാജാധികാരത്തിന്റെ മാതൃകയായി എടുത്തുകാട്ടുകയും ചെയ്യുന്നു. തുടർന്ന് അനന്തപുരിയുടെ ശില്പവിശേഷങ്ങളെക്കുറിച്ചാണ് കവിയുടെ വർണന. ഒറ്റക്കല്ലു കൊണ്ടുള്ള മുഖമണ്ഡപം, ബലിക്കല്ല്, വെൺശില പാകിയതറ, പൊന്നിന്റെ കൊടിമരം, അതിന്റെ അഗ്രത്തിൽ കാണുന്ന ഗരുഡ വിഗ്രഹം, ശീവേലിപന്തൽ, നൂറു കണക്കിന് മാളികകൾ, നാലുവശത്തും കാണുന്ന ഗോപുരങ്ങൾ എന്നിവയെല്ലാം പാപികളുടെ കണ്ണുകൾക്കു മാത്രമേ കല്ലുമരവുമായി തോന്നുകയുള്ളൂ. പൂങ്കാവുകളും കിടങ്ങുകളും ചൂഴ്ന്നു നിൽക്കുന്ന അനന്തപുരിക്കടുത്ത് തന്നെയാണ് ഇന്ദ്രന്റെ അമരാവതിയെന്നതു പോലെ ശോഭിക്കുന്ന വഞ്ചി രാജധാനിയും.

ഭൂലോകത്തിലെ വൈകുണ്ഠമായിത്തീർന്നിരിക്കുന്ന അനന്തപുരിയിലെ മഹാവിഷ്ണുവിൻെറ അവതാര കർമങ്ങൾക്ക് അളവില്ല. അതിൽ അനവധി കർമങ്ങൾക്കുടമയായ കൃഷ്ണന്റെ ഒരു കർമത്തെ, കുചേലകഥയെ ആഖ്യാനം ചെയ്യാനാണ് ശ്രമിക്കുന്നത് എന്നാണ് കവിയുടെ ഭാവം. അതിലൂടെ തിരുമനസിനോട് കവിയുടെ പരമാർത്ഥ സ്ഥിതി (അത് ഭക്തിയെന്ന നിലയിലും ദരിദ്രസ്ഥിതിയെന്ന നിലയിലും വ്യാഖ്യാനിക്കാവുന്നതാണ്) അറിയിക്കാൻ കഴിയുമെന്ന വിവക്ഷയാണ് 'എങ്കിലെല്ലാവരും കേട്ടു കൊള്ളൂ തിരുമനസിനും എങ്കലുള്ള പരമാർത്ഥം പാട്ടു കൊണ്ടുണ്ടാം' എന്നീ വരികളിലുള്ളത്. അതോടൊപ്പം കൃഷ്ണന്റെ അവതാര മഹിമ കൂടി കവി പരാമർശിക്കുന്നു. എല്ലാ അവതാരങ്ങളും ശ്രേഷ്ഠമാണെങ്കിലും (രാമപുരത്ത് പ്രതിഷ്ഠിതനായ) ശ്രീകൃഷ്ണൻ പരബ്രഹ്മം തന്നെ. ഉത്തമഭക്തിയോടെ ഭജിക്കുന്നവർക്ക് രക്ഷാമൂർത്തിയത്രേ കൃഷ്ണൻ. പലരെ

യും 'ചെണ്ട കൊട്ടിക്കുകയും' പലപ്പോഴും കൈതവം പറയുകയും ചെയ്യുമെങ്കിലും ഇതിന്റെയെല്ലാമടിസ്ഥാനം സ്നേഹംതന്നെ. തുടർന്ന് വത്സസ്തേയം, ഗോവർദ്ധനോദ്ധാരണം തുടങ്ങിയ സന്ദർഭത്തിലെ കൃഷ്ണന്റെ മായാമാഹാത്മ്യം വർണിക്കുന്നു. അതോടൊപ്പം കംസനിഗ്രഹം, ഖാണ്ഡവവനദഹനം തുടങ്ങിയ പുരാണ സന്ദർഭങ്ങൾ കൂടി സൂചിപ്പിച്ച്,

'എളിയ പുറത്തേ നില്പൂ കൃഷ്ണനെല്ലാവരെക്കൊണ്ടും
ഞെളിയുന്ന ജനങ്ങളെ ഞെരിപ്പാൻ കൂടും'

എന്ന കൃഷ്ണതത്ത്വം തന്നെ അവതരിപ്പിക്കുന്നു. ഭക്തന്റെ കൂടെയത്രേ ഭഗവാൻ. ദുഷ്ടന്മാരെ മാത്രമേ ഭഗവാൻ ശിക്ഷിക്കുകയുള്ളൂ. അതുകൊണ്ട് ഭക്തനും പാമരനും എളിയവനുമായ തനിക്ക് ഈ ഗാനം ചെയ്യുന്നതിൽ ഭഗവാന്റെ അനുഗ്രഹമുണ്ടാകുമെന്ന ആത്മവിശ്വാസം വാര്യർക്കുണ്ട്.

## Keywords

വഞ്ചിപ്പാട്ട്-കുചേലവൃത്തം വഞ്ചിപ്പാട്ട്-കൃഷ്ണകഥ-ദ്വാരക വർണന-ഗുരുകുല ജീവിതം-കുചേല കഥ.

## Discussion

### 4.2.1 വഞ്ചിപ്പാട്ട്

▶ വള്ളംകളികൾക്കു പാടുന്ന പാട്ടുകളാണ് വള്ളപ്പാട്ട് അഥവാ വഞ്ചിപ്പാട്ട്

കേരളം ജലാശയങ്ങളുടെ നാടാണ്. അതുകൊണ്ടുതന്നെ വളരെ മുമ്പു മുതൽ വള്ളംകളി ഇവിടുത്തെ വിനോദമായിരുന്നു. ആറന്മുള വള്ളംകളി പ്രസിദ്ധമാണല്ലോ. ചുണ്ടൻവള്ളങ്ങളും ഓടിവള്ളങ്ങളും വെല്ലുവള്ളങ്ങളും എല്ലാം പങ്കെടുക്കുന്ന ജലോത്സവങ്ങൾ ഇന്നും മത്സരങ്ങളായി മാറിയിട്ടുണ്ട്. നെഹ്രുട്രോഫി തുടങ്ങിയ മത്സരവള്ളംകളി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തിവരുന്നുണ്ട്. ഈ വള്ളം കളികൾക്കു പാടുന്നതിനുവേണ്ടി ഉണ്ടാക്കിയ പാട്ടുകൾക്കും വള്ളപ്പാട്ട് അഥവാ വഞ്ചിപ്പാട്ട് എന്നു പറയുന്നു. ഇത്തരം ധാരാളം പാട്ടുകൾ ഉണ്ടായിട്ടുണ്ടെങ്കിലും രാമപുരത്തുവാര്യരുടെ 'കുചേലവൃത്തം വഞ്ചിപ്പാട്ടോ'ളം ഉൽകൃഷ്ടമായ മറ്റൊരു കാവ്യം ഇതപര്യന്തം നമുക്കു കിട്ടിയിട്ടില്ല. ഒരിക്കൽ തിരുവിതാംകൂറിലെ മാർത്താണ്ഡവർമ മഹാരാജാവ്, വൈക്കം ക്ഷേത്രത്തിൽ ദർശനത്തിനെത്തി അദ്ദേഹത്തിന് വാര്യർ ഏതാനും ശ്ലോകങ്ങൾ അടിയറവച്ചു ദർശനം കഴിഞ്ഞ് മടങ്ങിയപ്പോൾ രാജാവ് രാമപുരത്തുവാര്യരെയും കൂട്ടി. അലങ്കരിച്ച ജലവാഹനത്തിലുള്ള ഈ യാത്രയ്ക്കിടെ താൻ എഴുതിയ ഏതാനും വരികൾ വാര്യർ രാജാവിനെ ചൊല്ലിക്കേൾപ്പിച്ചു. കുചേലവൃത്തത്തിലെ വരികളായിരുന്നു വാര്യർ പാടിയത്. തുഴക്കാരുടെ താളത്തിനൊത്ത് വഞ്ചിയിലിരുന്ന് പാടിയതുകൊണ്ട് വഞ്ചിപ്പാട്ട് എന്നു പേരു വന്നതാണെന്നാണ് ഗവേഷകരുടെ അഭിപ്രായം. പ്രധാന വഞ്ചിപ്പാട്ടു കവികളാണ് വാലടിശ്ശേരി ശങ്കരനാരായണൻ ആശാരി, ചമ്പക്കുളം പുത്തൻപുരയിൽ ജോസഫ്, ചിറയിൻകീഴ് ഗോവിന്ദൻ പിള്ള, നെടുംപ്രയാർ ഗോപാലപിള്ള വൈദ്യൻ, മലയിൽ ദാമോദരൻ നായർ ഇടപ്പാവൂർ, രാമപുരത്തുവാര്യർ എന്നിവർ.

ഓരോ നാട്ടിലെ വഞ്ചിപ്പാട്ടിനും ഓരോ ഈണം കാണും. അത് ഓരോ കരയിലും തലമുറ തലമുറയായി പകർന്നു വന്ന വഞ്ചിപ്പാട്ടിന്റെ ഈണമാണ്. കാറ്റിൽ പോലും അതുണ്ട്. നെഞ്ചിൽ തൊട്ട്, ഉള്ളുകൊണ്ടാണ് പള്ളിയോടത്തിലെ ഓരോരുത്തരും വഞ്ചിപ്പാട്ട് പാടുന്നത്. ആറന്മുളക്കാരുടെ വള്ളപ്പാട്ടിനും പ്രത്യേക ശൈലിയാണ്. മറ്റാരുടെയും ശൈലി പിന്തുടരാൻ സമ്മതിക്കാതെ അവർ ഉള്ളേറ്റി വരുന്ന ഒന്ന്. വള്ളം തുഴയുന്നതിന്റെ താളത്തിൽ പാടുന്ന വഞ്ചിപ്പാട്ട്. അതിന്റെ താളം പോലും വ്യത്യസ്തമാണ്. വഞ്ചിപ്പാട്ടിനൊപ്പം കൈ കൊണ്ടാണ് താളം കൊട്ടുന്നത്. ഒപ്പം തുഴയുന്നവർ തങ്ങളുടെ തുഴകൊണ്ട് പാട്ടിന് താളം പിടിക്കുന്നു. ഓരോ കരയിൽ നിന്നും പള്ളിയോടങ്ങൾ കരയിലേക്കടുക്കുമ്പോൾ ആദ്യം എത്തുന്നത് വള്ളപ്പാട്ടിന്റെ ഈണവും താളവുമാണ്. പിന്നീടാണ് വള്ളവും വള്ളത്തിലുള്ളവരും ആറന്മുള പാർത്ഥസാരഥിയുടെ മുന്നിലേക്ക് എത്തുന്നത്.

> ▶ ആറന്മുളയിലെ വഞ്ചിപ്പാട്ടും വള്ളപ്പാട്ടും

'വഞ്ചിപ്പാട്ട് സോപാനം' എന്ന പേരിൽ എല്ലാ വർഷവും ആറന്മുള വള്ളസദ്യയോട് അനുബന്ധിച്ച് മത്സരവും ക്ഷേത്രാങ്കണത്തിൽ സംഘടിപ്പിക്കുന്നുണ്ട്. ആവേശം ചോരാതെ സ്റ്റേജിലും വഞ്ചിപ്പാട്ട് മത്സരത്തിന്റെ ഈണവും താളവും മുറുകും. ആറന്മുളയിലെ വഞ്ചിപ്പാട്ടിന്റെ ശൈലി രാമപുരത്ത് വാര്യർ ഒക്കെ പിന്തുടർന്നുവന്ന നതോന്നതയുടെ താളത്തിലുള്ള വഞ്ചിപ്പാട്ടാണ്. അത് നതവും ഉന്നതവുമാണ്. അതായത് താഴ്ന്നതും ഉയർന്നതും. ഓളത്തിന്റെ താളത്തിനനുസരിച്ചാണ് ആറന്മുളയിലെ വഞ്ചിപ്പാട്ട് പാടുന്നത്. കാലക്രമേണ അതിനകത്ത് മറ്റ് ശൈലികൾ കടന്നു കൂടുന്നുണ്ട്. എന്നാൽ, ആ കടന്നുകയറ്റം ഇല്ലാതെ തനതായി സംരക്ഷിക്കാനാണ് വഞ്ചിപ്പാട്ട് മത്സരം സംഘടിപ്പിക്കുന്നത്. ഓരോരുത്തരും വഞ്ചിപ്പാട്ട് പാടുമ്പോൾ അവർക്കതിൽ അവരുടെ ഓർമ്മയുടെ, മുൻതലമുറകൾ പാടിപ്പോയ ഈണത്തിന്റെ, സംസ്കാരത്തിന്റെ ചൂടുണ്ട്.

> ▶ നതോന്നതയുടെ താളത്തിലാണ് വഞ്ചിപ്പാട്ട്

## വിശദപഠനം

## 1. കുചേലവൃത്തം വഞ്ചിപ്പാട്ട്

### രാമപുരത്ത് വാര്യർ

ശ്രീകൃഷ്ണ ഭഗവാൻ അവതാരകാര്യങ്ങൾ സാധിച്ചുകൊണ്ട് പുത്രപൗത്രമിത്രാദികളും മാമുനിമാരുമായി രാജധാനിയിൽ സസുഖം വാഴുന്ന കാലത്ത്, തന്നോടൊപ്പം ഗുരുകുലവാസം ചെയ്തിരുന്ന സതീർത്ഥ്യനായ കുചേലൻ ഭക്തികൊണ്ട് ദാരിദ്ര്യദുഖത്തെ അതിജീവിച്ച് ഇല്ലത്തു കഴിഞ്ഞു വന്നു. കുചേലപത്നിയാകട്ടെ അദ്ദേഹത്തോളം ലൗകിക വിരക്തി നേടിയിരുന്നതുമില്ല. ഭർത്തൃപരിചരണം സാധ്യമാകണമെങ്കിൽപ്പോലും ഭക്ഷണമില്ലാതെ കഴിയില്ല എന്നോർമിപ്പിച്ചുകൊണ്ട് പത്നി ഇപ്രകാരം പറഞ്ഞു. 'ദാരിദ്ര്യദുഃഖത്തോളം വലിയ മറ്റൊരു ദുഃഖം ഭൂമിയിലില്ല, നമ്മുടെ ഇല്ലം തന്നെ നിലംപൊത്താറായിരിക്കുന്നു. പരമഭക്തിയിൽ മുഴുകിയിരിക്കുന്ന അങ്ങ് ഇതൊന്നും അറിയുന്നില്ല. സതീർഥ്യനും ലക്ഷ്മീപതിയുമായ ശ്രീകൃഷ്ണനെ ചെന്നു കണ്ടാൽ ദുർവാരമായ (ഒഴിവാക്കാൻ പ്രയാസമുള്ള) നമ്മുടെ ദാരിദ്ര്യം ഒഴിഞ്ഞു പോകുന്നതാണ്. മാത്രമല്ല, ഗുരുഗൃഹത്തിൽ നിന്ന് പിരിഞ്ഞതിൽപ്പിന്നെ

SGOU

> ▶ ദാരിദ്ര്യദുഃഖത്തോളം വലിയ മറ്റൊരു ദുഃഖം ഭൂമിയിലില്ല

നിങ്ങൾ അദ്ദേഹത്തെ കണ്ടിട്ടുമില്ലല്ലോ. വെറുതെ ആർക്കും ഗുണം വരികയില്ല. അതുകൊണ്ട് കാലേ തന്നെ അങ്ങ് കൃഷ്ണ സവിധത്തിലേക്ക് പുറപ്പെടൂ.' പത്നിയുടെ നിർദ്ദേശത്തിനുള്ള കുചേലന്റെ മറുപടി മുതലുള്ള വരികൾ (100 വരി) പാഠ്യപദ്ധതിയിൽ സവിശേഷ പഠനത്തിന് നിർദ്ദേശിച്ചിരിക്കുന്നു.

### 1. വരികൾ 250 മുതൽ 262 വരെ

'പറഞ്ഞതങ്ങനെതന്നെ പാതിരാവായല്ലോ പത്നി
കുറഞ്ഞൊന്നുറങ്ങട്ടേ ഞാനുലകീരേഴും
നിറഞ്ഞ കൃഷ്ണനെക്കാണ്മാൻ പുലർകാലേ പുറപ്പെടാം
അറിഞ്ഞു വല്ലതും കൂടെത്തന്നയയ്ക്കേണം
ത്രിഭുവന മടക്കിവാണിരുന്നരുളുന്ന മഹാ-
പ്രഭുവിനെക്കാണ്മാൻ കൈക്കലേതും കൂടാതെ
സ്വഭവനത്തിങ്കൽ നിന്നു ഗമിക്കരുതാരും കൈക്ക-
ലിഭവുമാമിലയുമാം കുസുമവുമാം
അവലുമാം മലരുമാം ഫലവുമാം യഥാശക്തി
മലർക്കന്യാമണവാളനൊക്കെയുമാകും.
മലംകള മനസിലിന്നെന്തുവേണ്ടെന്നറിയാഞ്ഞു
മലയ്ക്കേണ്ട ചൊന്നതിലൊന്നുണ്ടാക്കിയാലും.'

### അർഥവിശകലനം

| | | |
|---|---|---|
| നിർവാണദൻ | = | മോക്ഷത്തെ പ്രദാനം ചെയ്യുന്നവൻ (ഈശ്വരൻ) |
| ഇഭം | = | ആന |
| കുസുമം | = | പൂവ് |
| മലർക്കന്യാമണവാളൻ | = | ശ്രീകൃഷ്ണൻ |
| മലം കള മനസ്സ് | = | കളങ്കമില്ലാത്ത മനസ്സ് |
| മലയ്ക്കുക | = | പരിഭ്രമിക്കുക |
| പൃഥുകം | = | അവൽ |
| ഉത്തുവന്ന | = | പ്രഭാതത്തിൽ തർപ്പണം കഴിഞ്ഞുവന്ന |
| കൂലംകഷകൂതൂഹലം | = | അതിരറ്റ സന്തോഷത്തോടു കൂടി |
| അനുകൂല | = | അനുകൂലമായി പ്രവർത്തിക്കുന്നവൾ, വിധേയമാകുന്നവൾ |

### ആശയവിശദീകരണം

കുചേലന്റെ കുടുംബം ദാരിദ്ര്യാർത്തിയിൽ പെട്ടുഴലുമ്പോൾ ഭാര്യ നമ്മുടെ ദാരിദ്ര്യം ഒഴിഞ്ഞു പോകുന്നതിനു കൃഷ്ണസവിധത്തിലേക്കു പോയി അദ്ദേഹത്തെ കാണാൻ നിർദ്ദേശിക്കുന്നു. മാത്രമല്ല ഗുരുഗൃഹത്തിൽ നിന്ന് പിരിഞ്ഞതിൽപ്പിന്നെ നിങ്ങൾ അദ്ദേഹത്തെ കണ്ടിട്ടുമില്ലല്ലോ. വെറുതെ ആർക്കും ഗുണം വരികയില്ല. അതുകൊണ്ട് കാലേ തന്നെ അങ്ങ് കൃഷ്ണസവിധത്തിലേക്ക് പുറപ്പെടൂ. പത്നിയുടെ നിർദ്ദേശത്തിനുള്ള കുചേലന്റെ മറുപടിയാണീ വരികൾ. നീ പറഞ്ഞത്

▶ കൃഷ്ണനെ കാണാൻ തീരുമാനിക്കുന്നു

അപ്രകാരം തന്നെയാവട്ടെ. അടുത്ത പ്രഭാതത്തിൽത്തന്നെ ഈരേഴുലകം നിറഞ്ഞ ഭഗവാനെ കാണാൻ ഞാൻ പുറപ്പെടുന്നുണ്ട്. മൂന്നുലകം അടക്കി വാഴുന്ന തമ്പുരാൻ മഹാപ്രഭു തന്നെ. എങ്കിലും അദ്ദേഹത്തെ കാണാൻ സ്വഭവനത്തിൽ നിന്ന് പോകുമ്പോൾ വെറുംകൈയോടെ പോകുന്നത് ഉചിതമല്ല. അത് ഇഭമോ (ആന) ഇലയോ അവലോ മലരോ നമ്മുടെ ശക്തിക്കനുസരിച്ചെന്തായാലും, ലക്ഷ്മീപതിയായ ഭഗവാന് അത് മതിയാകുന്നതാണ്. എന്തുവേണമെന്നോർത്ത് നീ ദുഃഖിക്കാതെ പറഞ്ഞതിലേതെങ്കിലുമൊന്നുണ്ടാക്കുക.

### 2. വരികൾ 263 മുതൽ 282 വരെ

'ഇപ്രകാരം ഭർത്താവിന്റെ വാക്കുകേട്ടിട്ടനന്തരം
വിപ്രഭാമിനി യാചിച്ചു കൊണ്ടുവന്ന ധാന്യം
ക്ഷിപ്രമിരുട്ടത്തിടിക്കകൊണ്ടു കല്ലും നെല്ലു മേറു-
മപ്പൃഥുകം പൊതിഞ്ഞൊരു തുണിയിൽക്കെട്ടി
കാലത്തെഴുന്നേറ്റു കുളിച്ചൂത്തുവന്ന പതിയുടെ
കാലടി വന്ദിച്ചു പൊതി കൈയിൽക്കൊടുത്തു.
കൂലംകഷകുതൂഹലം കുടയുമെടുത്തിട്ടനു
കൂലയായ പത്നിയോടു യാത്രയും ചൊല്ലി.
ബാലാദിത്യവെട്ടം തുടങ്ങിയനേരം കൃഷ്ണനാമ-
ജാലങ്ങളെ ജപിപ്പൂതും ചെയ്തു കുചേലൻ
ചാലേ വലത്തോട്ടൊഴിഞ്ഞ ചകോരാദിപക്ഷികടെ
കോലാഹലം കേട്ടുകൊണ്ടു വിനർഗമിച്ചു
നാഴികതോറും വളരും ഭക്തിനൽകുമാനന്ദമാ-
മാഴിയിങ്കലുടനുടൻ മുഴുകുകയും
താഴുകയുമൊഴുകയും ചെയ്തുകാലമല്പംപോലും
പാഴാക്കാതേ പോയി വിപ്രൻ വിവിധങ്ങളാം
ഗ്രാമനഗരാദികളെക്കടന്നിട്ടു സജ്ജനാനാം
ഗ്രാമണി ഗമിക്കുന്നേരമഗണ്യമായ
രാമാനുജന്റെ ഹൃദയമറിവാൻ മേലയെന്നിട്ടു
രോമാഞ്ചമണിഞ്ഞീവണ്ണം വിചിന്ത ചെയ്തു'

### അർഥവിശകലനം

| | | |
|---|---|---|
| ബാലാദിത്യവെട്ടം | = | ബാലസൂര്യന്റെ പ്രകാശം |
| ജാലം | = | കൂട്ടം |
| ജപിപ്പൂതും ചെയ്തു | = | ജപിച്ചുകൊണ്ട് |
| ചകോരം | = | ഉപ്പൻ |
| കോലാഹലം | = | ബഹളം |
| വിനിർഗമിച്ചു | = | പോയി |
| മുഴുകുക | = | മഗ്നനാകുക |
| പാഴാക്കാതെ | = | വ്യഥാകളയാതെ |
| വിപ്രൻ | = | ബ്രാഹ്മണൻ |

SGOU

| | | |
|---|---|---|
| സഞ്ജനാനാം ഗ്രാമണി | = | സജനങ്ങളിൽ വച്ചു ശ്രേഷ്ഠനായവൻ (കുചേലൻ) |
| വിപ്രഭാമിനി | = | ബ്രാഹ്മണപത്നി |
| ആഴി | = | സമുദ്രം |
| ത്രീഭുവനം | = | മുപ്പാര് |
| ക്ഷിപ്രം | = | വേഗത്തിൽ |
| കോലാഹലം | = | കളകള ശബ്ദം |

### ആശയവിശദീകരണം

കുചേല നിർദേശമനുസരിച്ച് ആ ബ്രാമണപത്നി അന്യഗേഹങ്ങളിൽ നിന്ന് യാചിച്ച് കൊണ്ടുവന്ന ധാന്യം ആ രാത്രിയിൽ തന്നെ ഇടിച്ച് അവലുണ്ടാക്കി. പ്രഭാതവന്ദനം കഴിഞ്ഞു വന്ന കുചേലൻ ഭാര്യയുടെ പക്കൽനിന്ന് കല്ലുംനെല്ലുമെല്ലാമടങ്ങിയ അവൽപ്പൊതി വാങ്ങി യാത്രാനുവാദം ചോദിച്ച്, തന്റെ കാലക്കുടയുമെടുത്ത് കൃഷ്ണസവിധത്തിലേയ്ക്ക് യാത്രയായി. കൃഷ്ണനാമങ്ങളുമായി യാത്രതുടങ്ങിയ കുചേലന് വലതുവശം കേട്ട ചകോരപ്പക്ഷിയുടെ കോലാഹലങ്ങൾ ശുഭശകുനമായി. യാത്രാവേളയിൽ ഉപ്പനെ കാണുന്നതും ശബ്ദം കേൾക്കുന്നതും ശുഭസൂചകമെന്നു വിശ്വസിക്കുന്നു. കൃഷ്ണഭക്തി നൽകുന്ന ആനന്ദസമുദ്രത്തിൽ മുഴുകിയ കുചേലൻ ഒരു നാഴികപോലും പാഴാക്കാതെ ഗ്രാമനഗരങ്ങളെ പിന്നിട്ടു യാത്ര തുടർന്നു. ശ്രീകൃഷ്ണദർശനത്തേയോർത്ത് രോമാഞ്ചമണിഞ്ഞ കുചേലന്റെ മനസ്സ് ചിന്താഭരിതമായി.

- കൃഷ്ണസവിധത്തിലേയ്ക്ക് യാത്രയായി

### 3. വരികൾ 283 മുതൽ 302 വരെ

'നാളെനാളേയെന്നായിട്ടു ഭഗവാനെക്കാണ്മാനിത്ര-
നാളുംപുറപ്പെടാഞ്ഞ ഞാനിന്നുചെല്ലുമ്പോൾ
നാളീകനയനനെന്തു തോന്നുന്നോഇന്നു നമ്മോട്!
നാളീകം കരിമ്പനമേലെയ്തപോലെയോ?
ദേശികദക്ഷിണ കഴിഞ്ഞതിൽപ്പിന്നെക്കാണാഞ്ഞ ഞാൻ
ദേവദേവ നാലർത്ഥിക്കപ്പെടുമെങ്കിലും
ദാശാർഹനെൻ ദാരിദ്ര്യമൊഴിച്ചയപ്പാൻ ബന്ധം വേണ്ട,
ദാസ്യസഖ്യാദികളോ നിത്യന്മാർക്കുണ്ടാമോ?
താണു പണ്ടുണ്ടായ സാപ്തപദീനം തന്നേ പറഞ്ഞു
കാണുമ്പോളഖിലേശനോടിരപ്പനിവൻ.
ദ്രോണർ ദ്രുപദാനാലെന്നപോലെ നിന്ദിക്കപ്പെടുക-
വേണമെന്നില്ലാദ്യനല്ലേ? പ്രഭുവല്ലല്ലോ.
മാനിയാമർജ്ജുനനോളം വലിപ്പമില്ലുണ്ടെങ്കിലും
കൂനിയായ കുബ്ജയേക്കാളിളപ്പം കൊണ്ടും
മാനനീയത്വം വലിപ്പം കൊണ്ടുമെനിക്കേറും നൂനം
ദീനബാന്ധവൻ ബ്രാഹ്മണ്യദേവനല്ലയോ?
അന്തണരിലേകനെന്നാൽ കനിഞ്ഞു കൃഷ്ണനെത്രയും
ജന്തുവായ ജളനെയും പ്രസാദിപ്പിക്കും.
എന്തായാലും ചെന്താമരക്കണ്ണനെന്നെക്കാണുന്നേരം
സന്തോഷിക്കും സൽക്കരിച്ചയയ്ക്കയും ചെയ്യും.'

## അർഥവിശകലനം

| | | |
|---|---|---|
| രാമാനുജൻ | = | കൃഷ്ണൻ |
| നാളീകം | = | അസ്ത്രം (താമരപ്പൂവ്) |
| ദക്ഷിണ | = | ഗുരുവിന് നൽക്കുന്ന പ്രതിഫലം |
| ദേവദേവൻ | = | കൃഷ്ണൻ |
| സപ്തപദീനം | = | സപ്തപദിയെ സംബന്ധിച്ച |
| ചെങ്ങാത്തം | = | അടുപ്പം (സൗഹൃദം) |
| ആദിത്യൻ | = | ആദ്യം മുതലുള്ളവൻ (സൂര്യൻ) |
| മാനി | = | അഭിമാനി |
| വലിപ്പം | = | ഗൗരവം |
| ഇളപ്പം | = | ലാഘവം |
| ദേവൻ | = | ബ്രാഹ്മണ്യത്തിനു നാഥൻ |
| ഭൂവിണ്ണോർ | = | ബ്രാഹ്മണർ |
| അഗ്രേ | = | മുമ്പിൽ |
| സൗവർണ്ണ | = | സ്വർണം കൊണ്ടുണ്ടാക്കിയ, ഉർവി (ഭൂമി) |

## ആശയവിശദീകരണം

'പല നാളുകളായി കൃഷ്ണദർശനത്തിന് പുറപ്പെടാതിരുന്ന ഞാൻ ഇന്ന് ചെല്ലുമ്പോൾ ഭഗവാന് എന്താവും തോന്നുക. കരിമ്പനമേൽ താമരയിതൾ എയ്താലെന്നതുപോലെ ഈ സമാഗമം നിഷ്ചലമാകുമോ?' താമര കൊണ്ടാൽ കരിമ്പന മേലിൽ ഒന്നും സംഭവിക്കില്ല എന്നു മാത്രമല്ല, ക്ഷതം താമരപ്പൂവിനുതന്നെ ഉണ്ടാകുകയും ചെയ്യും. അതുപോലെ കൃഷ്ണനോടുതന്നെ ആഗ്രഹം പറഞ്ഞാൽ സഫലമാകയില്ല എന്നചിന്ത, 'നാളീകനയനനെന്തു തോന്നുമെന്നറിയുന്നീല' എന്ന സംശയവും കുചേലനുണ്ടാകുന്നു. കൃഷ്ണൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഗുരുദക്ഷിണയ്ക്കുശേഷം നാളിതുവരെ അദ്ദേഹത്തെ കാണാനായില്ല. എന്റെ ദാരിദ്ര്യം തീർക്കുന്നതിനായി പ്രത്യേകബന്ധങ്ങളൊന്നും അദ്ദേഹത്തിനു വേണ്ടതില്ല. നിത്യന്മാരായ ഈശ്വരന്മാർ ദാസ്യം, സഖ്യം തുടങ്ങിയ ലൗകിക ബന്ധങ്ങളെ ആശ്രയിക്കുകയില്ല. അതുകൊണ്ട് പണ്ടുണ്ടായിരുന്ന സൗഹൃദം ഓർമിപ്പിച്ചുകൊണ്ട് ഭഗവാനോട് അർഥിക്കുമ്പോൾ ദ്രോണൻ ദ്രുപദനാല്ലെന്നതുപോലെ താൻ നിന്ദിക്കപ്പെടണമെന്നില്ല. കാരണം കൃഷ്ണൻ പഴയ സഖ്യം ഓർമിപ്പിക്കാൻ പോയ ദ്രോണരോട് പറയുന്ന വാക്കുകളിങ്ങനെയാണ്. 'മന്ദബുദ്ധേ, ഉന്നതരായ രാജാക്കന്മാർ ഈ നിലക്കാരോട് ഒരിക്കലും സഖ്യം ചേരുകയില്ല. കാര്യത്തിനായി പണ്ട് നിന്നോട് ബന്ധമുണ്ടായിരുവെന്നത് ശരിതന്നെ, പഴക്കം കൊണ്ട് സൗഹൃദം പഴകിക്കെട്ടുപോകുന്നതാണ്. ദരിദ്രന് സമ്പന്നനോടും ജളന്മാർക്ക് പണ്ഡിതന്മാരോടും ഭീരുക്കൾക്ക് ശൂരന്മാരോടും സഖിത്വമുണ്ടാകുകയില്ല. മുൻബന്ധങ്ങൾ ഒരു ബന്ധമല്ല. പ്രഭുവല്ല ഈശ്വരൻ തന്നെയാണ്'. കൃഷ്ണനോടുള്ള സൗഹൃദത്തിൽ അർജുനോളം വലുപ്പം തനിക്കില്ല. ഉള്ളത് കൂനിയും കൃഷ്ണഭക്തയുമായ കുബ്ജയേക്കാൾ ഇളപ്പം മാത്രമാണ്. എങ്കിലും ബ്രാഹ്മണമാരോട് കനിവുള്ള ദീനബാന്ധവനായ കൃഷ്ണൻ തന്നിൽ പ്രസാദിക്കുക തന്നെ ചെയ്യും. ചെന്താമരക്കണ്ണൻ തന്നെക്കാണുമ്പോൾ സന്തോഷിക്കുക മാത്രമല്ല സൽക്കരിച്ചയക്കുകയും ചെയ്യും.

- കൃഷ്ണദർശനത്തിന് പുറപ്പെടുന്ന കുചേലന്റെ ചിന്തകൾ

### 4. വരികൾ 302 മുതൽ 324 വരെ

'ഈവണ്ണമാക്ഷേപസമാധാനങ്ങളെച്ചെയ്തു ചിത്തം
കാർവർണ്ണങ്കലുറപ്പിച്ചു ചെഞ്ചെമ്മേ ചെല്ലും
ഭൂവിണ്ണോരിലഗ്രഗണ്യനായ കുചേലനാലഗ്രേ
സൗവർണയാം ദ്വാരവതി ദർശിക്കപ്പെട്ടു.
ഇപ്പാരിലിന്നില്ലീവണ്ണമൊരു മഹാരാജധാനി
മുപ്പാരിലുമില്ല, മന്യേ മുകുന്ദപദം
അൽപ്പവുമില്ലാതങ്ങുർവിയിങ്കൽപോയി വാസുദേവൻ
ചിൽപ്പൂരുഷനോടുകൂടിപ്പരമപദം
പശ്ചിമപയോധിയുടെ നടുവിന്നാഭരണമാം
കഞ്ചന പൊന്നുന്തുരത്തുമതിന്റെ മീതേ
ദുശ്ച്യവനനഗരിയെ നാണിപ്പിച്ച രത്നപുരി
നിശ്ചലയായിട്ടുനിന്ന നിലയുമോർപ്പൂ-
ഭോഗവതിയായ പുരി പൊക്കംകൊണ്ടു നഭസ്സിന്റെ
ഭാഗത്തേയുമതിക്രമിച്ചനേക കാലം
ഭാഗവതീപുരിയുടെ തലയിലിരുന്നുപോലും,
ഭോഗിശായിയോടുകൂടിപ്പോകയും ചെയ്തു.
ചുറ്റുമംബരം ചുംബിക്കും പൊന്നും പുറംകോട്ടയ്ക്കക-
ത്തൊറ്റരത്നക്കൽത്തളം ചെയ്തിരിക്കമൂലം
മുറ്റുമെല്ലാം മിനുങ്ങീട്ടു തെറ്റുതെളുതെളെ മിന്നും
മുറ്റമെവിടെയുമാർക്കും കണ്ണാടി കാണാം
മുകളിലാകാശം മുട്ടുമകമതിലുകടേയും
മുകപ്പുകടേയുമെണ്ണം ഗണിച്ചുകൂടാ'.

### അർഥവിശകലനം

| | | |
|---|---|---|
| അഗ്രേ | = | മുമ്പിൽ |
| ഭൂവിണ്ണോർ | = | ഭൂമിയിലെ ദേവൻ (ബ്രാഹ്മണൻ) |
| മാനി | = | അഭിമാനി |
| വലിപ്പം | = | ഗൗരവം |
| ഇളപ്പം | = | ലാഘവം |
| ബ്രഹ്മണ്യം | = | ബ്രഹ്മമാർഗം |
| സൗവർണം | = | സ്വർണം കൊണ്ടുണ്ടാക്കിയ |
| ഉർവി | = | ഭൂമി |
| സൗവർണയാം | = | സുവർണമായ |
| മുപ്പാരും | = | മൂന്നുലോകവും |
| ദേവദേവൻ | = | കൃഷ്ണൻ |
| പയോധി | = | സമുദ്രം |
| ഗിരി | = | ഇന്ദ്രപുരി (അമരാവതി) |
| നഭസ്സ് | = | ആകാശം |
| ഭോഗവതീപുരി | = | പാതാളത്തിലെ സർപ്പനഗരം |

| | | |
|---|---|---|
| ഭോഗിശായി | = | വിഷ്ണു |
| ഭോഗി | = | സർപ്പം |

### ആശയവിശദീകരണം

ഇപ്രകാരം മനസിൽ ആക്ഷേപങ്ങളുയർത്തുകയും സ്വയം സമാധാനം കണ്ടെത്തുകയും ചെയ്തുകൊണ്ട് യാത്രതുടർന്ന കുചേലൻ ദ്വാരകനഗരി ദർശിച്ചു തുടങ്ങി. മൂന്നുലോകങ്ങളിലും സമാനതകളില്ലാത്ത മഹാരാജധാനിയായി ദ്വാരക കുചേലനനുഭവപ്പെട്ടു. പശ്ചിമസമുദ്രത്തിനു നടുവിലുള്ള പൊന്നിൻ തുരുത്തിനു മീതേ നിലകൊള്ളുന്ന ഇന്ദ്രപുരിയേയും നാണിപ്പിക്കുന്ന അലൗകിക പ്രഭാവമായി ദ്വാരകമീതേ നിലകൊള്ളുന്ന ദ്വാരക കുചേലന് ദൃശ്യമായി. അംബരചുംബികളായ കോട്ടകൾ, കോട്ടയ്ക്കകത്ത് കണ്ണാടിപോലെ മിന്നുന്ന രത്നക്കല്ത്തളങ്ങൾ, എണ്ണമറ്റ മതിലുകളും, മകുടങ്ങളും. നാലുദിക്കിലും അലങ്കാരഗോപുരങ്ങൾ, ഗോപുരങ്ങളോടു ചേർന്ന് പാർശ്വങ്ങളിലായി ലക്ഷ്മീകടാക്ഷത്താൽ ധന-ധാന്യാദികൾ കൊണ്ടു സമൃദ്ധമായ അങ്ങാടികൾ. അങ്ങനെ കുചേലന് അത്ഭുതവും ആദരവും തോന്നുന്ന വിസ്മയദൃശ്യമായി ദ്വാരക മാറിയിരിക്കുന്നു. പൂർണാവതാരമായ ശ്രീകൃഷ്ണനോടൊപ്പം വൈകുണ്ഠവും പൂർണമായി ഭൂമിയിലേക്കു പോന്നു എന്നും പറയപ്പെടുന്നു.

> ▶ കുചേലന്റെ ദ്വാരക വർണന

### 4. വരികൾ 325 മുതൽ 350 വരെ

'മുകുന്ദന്റെ പദമെന്റെ മനോമയമായിരിക്കും
മുകുരത്തിൽ കണ്ടപോലെ പറഞ്ഞുകൂടൂ.
സാലംതോറും നന്നാലു ഗോപുരങ്ങളുണ്ടത്രയല്ല
സാലങ്കാരപുരദ്വാരങ്ങളുടെ നേരെ,
നാലുദിക്കിലോട്ടുമോരോ മഹാമാർഗങ്ങളുണ്ടതിൽ
നാലിന്റെയും പാർശ്വങ്ങളിലാപണങ്ങളും
അങ്ങാടികളിലൊക്കെയുമാപണങ്ങളിലൊക്കെയും
മങ്ങീടാതെ മഹാലക്ഷ്മിയുടെ കടാക്ഷം
തങ്ങീടുകകൊണ്ടു ധനധാന്യാദികൾക്കിടംപോരാ,
പൊങ്ങീടുന്ന നാനാമണി ഹേമാദികൾക്കും
ഇന്ദിര രണ്ടെണ്ണായിരത്തെട്ടായിട്ടിരുന്നരുളും
മന്ദിരങ്ങളുമത്രയുമുണ്ടെന്നു വെപ്പൂ.
നന്ദഗോപപുത്രപുത്രപൗത്രാദി ഗൃഹഗണനം
ദന്ദശൂകേശനുമെളുതല്ല നിർണ്ണയം
പ്രദ്യോതനകോടിപ്രകാശന്മാരായി വിളങ്ങീടും
പ്രദ്യുമ്നാനിരുദ്ധാദിസത്മങ്ങളും സദാ
മദ്യമത്തനായ മാധവാഗ്രജന്റെ മന്ദിരവും
വിദ്യാവൃദ്ധനാമുദ്ധവരുടെ ഗൃഹവും
സാത്യകീകൃതവർമ്മാദി മഹാരഥന്മാരുടെയും
സാത്വതസംഘത്തിന്റെയും കുടികോടികൾ
സാദ്ധ്യസംഖ്യാദികളെല്ലാം സഹസ്രാനുസഹസ്രവും

സാധ്വസത്തേ ഗമിച്ചിട്ടു മടങ്ങിവാങ്ങും
ചിന്മയന്റെ പുരിക്കുള്ളിൽ ഗൃഹമില്ലാത്തിടമില്ല
പൊന്മയമല്ലാതെയില്ല ഗൃഹത്തിലെങ്ങും.
നിർമലമായ പൂങ്കാവും പൊയ്കയും വേണ്ടുന്നതെല്ലാം
നർമാലയം തോറും വെവ്വേറെയുണ്ടെല്ലാർക്കും.'

## അർഥവിശകലനം

| | | |
|---|---|---|
| സാലം | = | മതിൽ |
| സാലങ്കാരപുരദ്വാരം | = | അലങ്കരിച്ച ഗോപുരവാതിൽ |
| മഹാമാർഗം | = | രാജവീഥി |
| പാർശ്വം | = | വശം |
| പൊങ്ങീടുന്ന | = | വർദ്ധിക്കുന്ന |
| ഹേമം | = | സ്വർണം |
| ദന്ദശൂകേശൻ | = | സർപ്പങ്ങളുടെ ഈശൻ (അനന്തൻ) |
| ദന്ദശൂകം | = | സർപ്പം |
| പ്രദ്യോതനൻ | = | ആദിത്യൻ |
| പ്രദ്യുമ്നൻ | = | കൃഷ്ണപുത്രൻ |
| അനിരുദ്ധൻ | = | പ്രദ്യുമ്നന്റെ പുത്രൻ |
| സത്മം | = | ഭവനം |
| വിദ്യാവൃദ്ധൻ | = | പണ്ഡിതൻ |
| ഉദ്ധവൻ | = | കൃഷ്ണന്റെ മന്ത്രി |
| സാത്വതസംഘം | = | യാദവസംഘം |
| കുടി | = | വീട് |
| സാധ്വസം | = | ഭയം |
| നർമാലയം | = | ക്രീഡാ ഗൃഹം |
| ജ്യേഷ്ഠനെ മുമ്പിട്ടു ചെല്ലും | = | ജ്യേഷ്ഠനെക്കാൾ ഉൽക്കഷമുള്ള |

## ആശയവിശദീകരണം

അങ്ങനെ കുചേലന് അത്ഭുതവും ആദരവും തോന്നുന്ന വിസ്മയദൃശ്യമായി ദ്വാരക മാറി. 'മുകുന്ദന്റെ പദമെന്റെ മനോമയമായിരിക്കും മുകുരത്തിൽ കണ്ടപ്പോലെ പറഞ്ഞു കൂടാ' എന്ന കവിവാക്യത്തിൽ നിന്നു അതു വ്യക്തം. മഹാലക്ഷ്മിയുടെ പ്രതിരൂപങ്ങളായ പതിനായിരത്തെട്ടു പത്നിമാർക്കുള്ള മന്ദിരങ്ങൾ, നന്ദഗോപപുത്രനായ ശ്രീകൃഷ്ണന്റെ പുത്രപൗത്രാദികളുടെ ഗൃഹങ്ങൾ, മദ്യമത്തനായ ബലരാമന്റെ ഗൃഹം, സ്വാതികനായ ഉദ്ധവരുടെ ഗൃഹം തുടങ്ങി ചിന്മയനായ കൃഷ്ണന്റെ ദ്വാരകയിൽ ഗൃഹമില്ലാത്തിടങ്ങളില്ല. എല്ലാ ഗൃഹങ്ങൾക്കും നിർമ്മലമായ പൂങ്കാവുകളും പൊയ്കകളും നർമകേളികൾക്കുള്ള ഇടങ്ങളും. ദ്വാരകയിലുള്ള ഗൃഹങ്ങളുടെ എണ്ണം കണക്കാക്കാൻ സംഖ്യകൾ മതിയാകയില്ലെന്നും താൽപര്യം. കുചേലന് ദ്വാരക പട്ടണം കണ്ടപ്പോൾത്തന്നെ വിശപ്പും ദാഹവും അകന്നുവെന്ന് മാത്രമല്ല, ഭക്തികൊണ്ടല്ലാതെ ശമിക്കുക ദുഃസാധ്യമായ സംസാരദുഃഖവും അകന്നതായി അനുഭവപ്പെട്ടു.

- ദ്വാരകപട്ടണം കണ്ടപ്പോൾത്തന്നെ കുചേലന്റെ വിശപ്പും ദാഹവും അകന്നു

ദ്വാരക ദർശനത്തിൽ രോമാഞ്ചം പൂണ്ട് വിയർത്ത് കുളിച്ച് നടന്നു വരുന്ന കുചേലനെ ഭഗവാൻ പ്രീതിയോടെ സ്വീകരിച്ചു. മഹാദുരന്ത

ങ്ങളിൽപ്പോലും ധീരനായി നിലകൊണ്ടിട്ടുള്ള ശ്രീകൃഷ്ണൻ പ്രിയ സതീർഥ്യനെ കണ്ടു കരഞ്ഞു. തുടർന്ന് അദ്ദേഹത്തെ ആനയിച്ച് തല്പത്തിലിരുത്തി കുശലോക്തികൾ തുടങ്ങി. 'നന്മ നമുക്കതേയുള്ളൂ ഗുരുകടാക്ഷം കൂടാതെ ജനസാഫല്യം വരുമോ ജനിച്ചാലാർക്കും' എന്നിങ്ങനെ ഗുരുകുലദിനങ്ങൾ അവർ അനുസ്മരിച്ചു. തുടർന്ന് കുചേലൻ കൊണ്ടുവന്ന അവൽപ്പൊതി കൈക്കലാക്കി അതിൽ നിന്ന് ഒരു പിടിവാരി കൃഷ്ണൻ തിന്നുന്നു. രണ്ടാമത്തെ പിടിവരാനൊരുങ്ങുമ്പോൾ ലക്ഷ്മീദേവി ഭഗവാനെ തടയുന്നു. മഹാലക്ഷ്മി ഐശ്വര്യത്തിന്റെ ദേവതയാണ്. കൃഷ്ണൻ തിന്നുന്ന അവൽ കുചേലന് ലഭിക്കുന്ന അനുഗ്രഹമാണ്. ഈ അനുഗ്രഹം ദരിദ്രനെ സംബന്ധിച്ച് സമ്പത്തിന്റെ രൂപത്തിലാണ് പ്രകടമാവുക. അപ്പോൾ കുചേലപത്നിയുടെ ദാസിയാകേണ്ടിവരുമോ താൻ എന്ന വാക്കുകളിൽ ലക്ഷ്മീദേവിയുടെ ആശങ്കയും നർമവുമുണ്ട്. അതിലുപരി പ്രിയതമയേപ്പോലും അപ്രധാനീകരിക്കുന്ന സതീർത്ഥ്യസ്നേഹത്തിന്റെ ശക്തിയും ഇവിടെ സൂചിപ്പിക്കപ്പെടുന്നു.

- സതീർഥ്യ സ്നേഹത്തിന്റെ ശക്തിയും വാത്സല്യവും

ശ്രീകൃഷ്ണൻ ഭക്തന്മാരെയും ശക്തന്മാരേയും ജയിക്കുന്നവനാകകൊണ്ട്, രണ്ടു നിലയ്ക്കും അജിതൻ തന്നെ എന്നു കുചേലൻ ആശംസിച്ചു. കൃഷ്ണപാദത്തിൽ ലയിക്കുന്നതുവരെ നിലനിൽക്കണമെന്നപേക്ഷിച്ചു കുചേലൻ ദ്വാരകയിൽ നിന്നു തിരികെപ്പോകുന്നു. തനിക്കു ലഭിച്ച സത്കാരത്തിന്റെ മഹിമയിൽ ആശ്ചര്യവാനായ കുചേലൻ തന്റെ യാത്രോദ്ദേശ്യം കൃഷ്ണനെ അറിയിച്ചില്ലെന്നോർത്തു വഴിക്കണ്ണുംനട്ടുകാത്തിരിക്കുന്ന പത്നിയോട് എന്തുപറയും, പതിവ്രതയെ പട്ടിണിക്കിട്ട് ജന്മം വ്യർഥമാക്കിയ പാപിക്ക് എങ്ങനെ മോക്ഷം ലഭിക്കാനാണ് എന്നിങ്ങനെ കുചേലചിത്തം ആശങ്കാകുലമായി. എന്നാൽ കുചേലൻ കൃഷ്ണാനുഗ്രഹത്താൽ കൃഷ്ണനേക്കാൾ സുന്ദരരൂപനായും, ദരിദ്രമായ ഇല്ലം രണ്ടാം ദ്വാരകയായും മാറുകയായിരുന്നു. തന്റെ ഇല്ലം കാണാതെ വഴിതെറ്റിയെന്നു കരുതിയ കുചേലനെ കൊട്ടാരസദൃശ്യമായ ഗൃഹത്തിൽ നിന്ന് ലക്ഷ്മീസ്വരൂപയായ കുചേലപത്നി ഇറങ്ങി വന്നു സ്വീകരിച്ചു. ഒപ്പം വെൺചാമരങ്ങളും താലവൃന്തങ്ങളുമായി അനവധി തോഴിമാരും ഒപ്പം ചേർന്നു. തനിക്കു കൈവന്ന കൃഷ്ണാനുഗ്രഹപൂരത്തിൽ അത്ഭുതസ്തബ്ധനായ കുചേലനെ 'പങ്കജാക്ഷകൃപകൊണ്ടു മുട്ടീ കുചേലൻ' എന്നു വാര്യർ വർണിക്കുന്നു. ഇക്കഥ ചൊല്ലുന്നവർക്കും ശ്രവിക്കുന്നവർക്കും ധനധാന്യസന്തതികളുണ്ടാകും. സർവ്വോപരി ഈ ജന്മത്തു തന്നെ വിഷ്ണുപദം പ്രാപിക്കുകയും ചെയ്യും എന്ന ഫലശ്രുതിയോടെ കാവ്യം സമാപിക്കുന്നു.

- ദരിദ്രമായ ഇല്ലം രണ്ടാം ദ്വാരകയായി

### കുചേലവൃത്തം വഞ്ചിപ്പാട്ട്-കാവ്യവിചാരം

ഭാഗവതം ദശമസ്കന്ധത്തിൽ 86 ശ്ലോകങ്ങളിലൂടെ വിവരിക്കുന്ന കുചേലകഥയാണ് 349 ഈരടികളിൽ 'കുചേലവൃത്തം വഞ്ചിപ്പാട്ടാ'യി രാമപുരത്തുവാര്യർ നിബന്ധിച്ചിരിക്കുന്നത്. ഇതിൽ ഏതാണ്ട് മൂന്നിലൊരു ഭാഗം വഞ്ചി രാജാവിന്റെയും തിരുവനന്തപുരത്തിന്റെയും വർണനകളും ശ്രീകൃഷ്ണന്റെ അവതാരലീലകളും ഉള്ളടങ്ങുന്ന ആമുഖമാണ്. ഭാഗവതത്തിലെ ചില കാവ്യസന്ദർഭങ്ങളും കഥാസൂചനകളും ഔചിത്യത്തോടെ വിട്ടുകളയുകയും ചിലവ കൂട്ടിച്ചേർക്കുകയും ചെയ്യുന്നുണ്ട് വാര്യർ. ധനദാനാദികളിൽ കുചേലന് വിരക്തിയുണ്ടാകുന്നു എന്ന ഭാവസൂചന വാര്യർ സ്വീകരിച്ചിട്ടില്ല. കുചേലചിന്തകളും ദ്വാരകാവർണനയും ഭാഗവ

തത്തെ അപേക്ഷിച്ച് 'കുചേലവൃത്ത'ത്തിൽ പ്രാധാന്യത്തോടെ ഇടംപിടിക്കുന്നു. അതേസമയം ഭാഗവതത്തിലില്ലാത്ത മൂന്നു സന്ദർഭങ്ങൾ കുചേല ഗൃഹം രണ്ടാം ദ്വാരകയായി മാറിയത് കണ്ട് ആശ്ചര്യത്തോടു നിൽക്കുന്ന കുചേലനോട് പത്നി പറയുന്ന ഭാഗം, കുചേലപത്നിയുടെ വിവരണം കേട്ട കുചേലന്റെ പ്രതികരണം ചിത്രീകരിക്കുമ്പോഴുള്ള കവിയുടെ കൃഷ്ണസ്തുതി, മുൻപ് അന്നവസ്ത്രാദികൾ ഇരന്നു വാങ്ങിയ കുചേലപത്നി പിന്നീട് അന്നവസ്ത്രാദികളും ആഭരണങ്ങളും ദാനം ചെയ്യുന്നതായുള്ള വർണ്ണന മുതലായവ കുചേലവൃത്തത്തിൽ ഏറെ പ്രാധാന്യത്തോടെ ചിത്രീകരിക്കുന്നുണ്ട്. എന്നാൽ കുചേലകഥയ്ക്കോ കഥാപാത്രത്തിനോ മൗലികമായ മാറ്റമൊന്നും വരുത്താതെ, സ്വാനുഭവങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞ ദർശനം കഥയോടും കഥാപാത്രത്തോടും ചേർത്തവതരിപ്പിക്കുകയായിരുന്നു വാര്യർ. 'കൃഷ്ണ കഥ കേട്ടിട്ട് ആരെങ്കിലും ഭോഗമാർഗത്തിൽ നിന്ന് പിന്തിരിഞ്ഞിട്ടുണ്ടോ' എന്ന പരീക്ഷിത്തു രാജാവിന്റെ ചോദ്യത്തിന് ശുകബ്രഹ്മർഷി പറയുന്ന മറുപടിയായിട്ടാണ് ഭാഗവതത്തിൽ കുചേല കഥ ആഖ്യാനം ചെയ്യപ്പെട്ടിട്ടുള്ളത്. ഭാഗവതത്തിലെ കുചേലൻ പരമഭാഗവതനും ലൗകിക വിരക്തനുമാണ്. കുചേലവൃത്തത്തിലെ കുചേലൻ ഭക്തനും വിരക്തനുമെങ്കിലും ലൗകികജീവിതത്തെയും ലൗകികമായ സുഖദുഖങ്ങളെയും പാടെ അവഗണിക്കുന്നുമില്ല.

- ഭാഗവതത്തിലെ കുചേലൻ പരമ ഭാഗവതനും ലൗകിക വിരക്തനുമാണ്

## Summarised Overview

പരമഭാഗവതനും ഭക്താഗ്രണിയുമായ കുചേലന്റെ ഭക്തിയും ആത്മസമർപ്പണവുമാണ് 'കുചേലവൃത്തം വഞ്ചിപ്പാട്ടി'ന്റെ മർമം. പുരാണവലംബിതകൃതികൾ വാര്യർക്കു മുൻപും ധാരാളമുണ്ടായിട്ടുണ്ടെങ്കിലും അവിടെയെങ്ങും കവിയും കഥാപാത്രവും തമ്മിലുള്ള താദാത്മ്യം വേണ്ടത്ര ദൃശ്യമല്ല. കുചേലവൃത്തം അത്തരമൊരു സൗഭാഗ്യം കൊണ്ട് അനുഗൃഹീതമായ കൃതിയാണ്. കുചേലൻ ഭക്തനും ദരിദ്രനുമായിരുന്നതുപോലെ തന്നെയായിരുന്നു, കവിയായ രാമപുരത്തുവാര്യരും. ദാരിദ്ര്യത്തിന്റെ ആഴവും പരപ്പും ആധിപോലെയറിഞ്ഞ വാര്യരാണ് പ്രഭുവായ കൃഷ്ണനെക്കാണാൻ പുറപ്പെടുന്ന നിസ്വനായ കുചേലനെ അവതരിപ്പിക്കുന്നത്. സതീർഥ്യനെങ്കിലും പ്രഭുവായ ഒരാളെ കാണാൻ പോകുമ്പോഴുള്ള മാനസികാവസ്ഥ, അയാൾ നൽകിയ സൽക്കാരം സ്വീകരിച്ച് തിരിച്ചു പോരുമ്പോൾ തന്റെ ദാരിദ്രാവസ്ഥ പറയാൻ വിട്ടുപോയതിലുള്ള കുറ്റബോധം, ഭാര്യയോടു എന്തു സമാധാനം പറയുമെന്ന ആശങ്ക തുടങ്ങിയ മനോഭാവങ്ങളെല്ലാം ആത്മാനുഭവത്തിന്റെ തീവ്രതയോടെ കുചേലവൃത്തത്തിൽ ആവിഷ്ക്കരിക്കപ്പെട്ടതിന്റെ കാരണം മറ്റൊന്നുമല്ല. 'മുൻകൃതികളെക്കാൾ 'കുചേലവൃത്ത'ത്തിനുള്ള മെച്ചം കവിയെ സംബന്ധിച്ചിടത്തോളം അത് ആത്യന്തം സ്വാനുഭൂതിയും ആത്മാർഥതയും ഉരുകിച്ചേർന്ന ഒരു കൃതിയായിരുന്നുവെന്നതാണ്. ഹൃദയത്തെ സപർശിച്ചിട്ടുള്ള വിഷയത്തെപ്പറ്റി ആവേശഭരിതനായി ഉദ്ബോധിപ്പിക്കുന്ന ഒരു പ്രഭാഷകനെപ്പോലെയാണ് വാര്യർ തന്റെ കഥാകഥനം ഉപക്രമിക്കുന്നത്. കവിഹൃദയത്തിന്റെ പരമാർത്ഥം അഥവാ സത്യസ്ഥിതി ആവിഷ്കരിക്കാനായിരുന്നു വാര്യരുടെ ഉദ്ദേശ്യം, അതു തന്നെയായിരുന്നു ആ കവിയുടെ വിജയ ഹേതുവും. ആത്മപ്രകാശനം എന്ന പ്രയോഗം അർഥപൂർണമാക്കുന്ന കൃതിയാണിത്. കുചേലവൃത്തം എന്ന പ്രസ്താവനയ്ക്ക് ശക്തി പകരുന്നത്'.

മലയാളകവിത ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങളെ നേരിടാൻ വേണ്ട കരുത്ത് നേടിയത് 'കുചേലവൃത്തം വഞ്ചിപ്പാട്ടി'ലൂടെയാണ് എന്നത് ഈ കാവ്യത്തിന് സാഹിത്യചരിത്രത്തിലുള്ള സ്ഥാനം വ്യക്തമാക്കുന്നതാണ്. ജീവിതയാഥാർത്ഥ്യങ്ങളെ അവതരിപ്പിക്കുന്നതിൽ ഒരു

SGOU

റിയലിസ്റ്റിക് സമീപനമാണ് വാര്യർ സ്വീകരിച്ചത്. സമൃദ്ധമായ രാജകൊട്ടാരങ്ങളും രാജകീയ പ്രൗഢിയോടെ നിലകൊള്ളുന്ന ഏഴുനില മാളികകളും, അതിന്റെ ആഡംബരപൂർണമായ മണിമുറ്റങ്ങളും ലക്ഷ്മീ സൗഭാഗ്യം തികഞ്ഞ നഗരപാർശ്വങ്ങളും വാണിജ്യ കേന്ദ്രങ്ങളും അവതരിപ്പിക്കുമ്പോൾത്തന്നെ അതിനു സമാന്തരമായി നനഞ്ഞൊലിച്ചു നശിക്കുന്ന കുടിലുകളും ഒട്ടിയവയറും പട്ടിണിയുമായി കഴിയുന്ന കുട്ടികളും, അവരുടെ ദൈന്യങ്ങളിൽ നൊന്തു കഴിയുന്ന മാതാപിതാക്കളുടെ നിസ്സഹായതയും ജീവിതയാഥാർത്ഥ്യമെന്ന നിലയിൽ വാര്യർ എടുത്തുകാണിച്ചു. ഭഗവത് നാമങ്ങളും ഭക്തിയുമായി ജീവിക്കുന്ന കുചേലന്റെ ഭക്തിപ്രകർഷത്തെ വാഴ്ത്തുമ്പോഴും ദാരിദ്ര്യം എന്ന ഭൗതിക ജീവിതയാഥാർത്ഥ്യത്തെ കവി വിസ്മരിച്ചില്ല. അഹം ബ്രഹ്മം എന്ന ആത്മവാദം പോലെ തന്നെ പ്രധാനമാണ് 'അന്നേതിബ്രഹ്മ' (അന്നമാണ് ബ്രഹ്മം)എന്ന ദർശനവുമെന്ന് കുചേലവൃത്തം സ്മർഥിക്കുന്നു.

'ഇല്ല ദാരിദ്രാർത്തിയോളം വലുതായിട്ടുള്ളൊരാർത്തി' എന്നത് വാര്യരുടെ കാവ്യദർശനവും ജീവിതദർശന വുമായിരുന്നു. ഇതുതന്നെയാണ് 'കുചേലവൃത്ത'ത്തിന്റെ സാമൂഹിക പ്രസക്തിയും. കാവ്യാരംഭത്തിൽ കവി സ്തുതിക്കുന്നത് അന്നദാനപ്രഭുവായ പെരുംതൃക്കോവിലപ്പനെയാണ്. മാർത്താണ്ഡവർമ്മ മഹാരാജാവിനെ പ്രകീർത്തിക്കുന്നതും അദ്ദേഹത്തിന്റെ അന്നവസ്ത്രാദിദാനമഹത്ത്വത്തിന്റെ പേരിലാണ്. മറ്റൊരു സന്ദർഭത്തിൽ പത്നി കുചേലനോളം വിരക്തയല്ലെന്നും ഭർത്താവിനെ ശുശ്രൂഷിക്കാനാണെങ്കിലും ഭക്ഷിച്ചാലേ ശക്തിയുണ്ടാവൂ എന്ന് കവി ഓർമിപ്പിക്കുന്നു. സർവ്വോപരി കാവ്യത്തിന്റെ ഫലശ്രുതിയും 'ധനധാന്യ സന്തതിയുണ്ടാകും' എന്നാണ്. ജീവിതത്തിൽ സമ്പത്തിന്റെ പ്രാധാന്യംതന്നെയാണ് 'കുചേലവൃത്ത'ത്തിന്റെ ഉൾപ്പൊരുൾ. സമ്പത്തും ഐശ്വര്യവും ഭക്തിയ്ക്ക് വിഘാതമല്ല, അത് മോക്ഷത്തിന് തടസ്സവുമല്ല. ആ നിലയിൽ റിയലിസത്തിനും പുരോഗമന നിലപാടുകൾക്കും മാർഗദീപമായി നിന്ന കൃതിയെന്ന നിലയിൽ 'കുചേലവൃത്തം' സാഹിത്യചരിത്രത്തിലിടം നേടുന്നു. ഇത്തരത്തിൽ ക്രിയാവിചിത്രമായ ജീവിതത്തിന്റെ പൂർണതയോ, പ്രതിസന്ധിയുടെ കുരുക്കിൽ അകപ്പെടുന്ന മർത്യാവസ്ഥയുടെ ഗഹനഭാവമോ ആവിഷ്കരിക്കേണ്ടതില്ലാത്തതിനാൽ സർഗപ്രതിഭയുടെ അസാധാരണമായ വിനിയോഗം ആവശ്യമില്ലാത്തതാണ് 'കുചേലവൃത്ത'ത്തിലെ ഇതിവൃത്തം. ഭാഗവതപ്രതിപാദിതമായ അനേകം കൃഷ്ണകഥകളിൽ ഋജുസ്വഭാവമുള്ള ഒന്നിന്റെ ഉപാഖ്യാനമാണ് രാമപുരത്തു വാര്യർ നിർവഹിച്ചത്. അതും വെറും 698 വരികളിൽ.

'കുചേലവൃത്ത'ത്തിന്റെ ജനകീയ പ്രശസ്തിക്കു പിന്നിൽ അതിന്റെ രചനാപശ്ചാത്തലത്തെക്കുറിച്ചുള്ള കഥകളും ഐതിഹ്യങ്ങളുമാണെന്നു ഒരു നിരീക്ഷണമുണ്ട്. മാർത്താണ്ഡവർമ്മയെക്കുറിച്ചുള്ള അപദാനവർണനകൾ കൊണ്ട് വാര്യർ രാജപ്രീതിക്ക് പാത്രമാവുകയും, കുചേലൻ കൃഷ്ണനാലെന്നപോലെ വാര്യർ രാജാവിനാൽ സമ്മാനിതനാവുകയും ചെയ്തു എന്നത് യാഥാർത്ഥ്യം തന്നെ. എന്നാൽ ഈ കൃതി പണ്ഡിതപാമരഭേദമെന്യേ ആസ്വദിക്കപ്പെട്ടതിന്റെ അടിസ്ഥാനം 'കുചേലവൃത്ത'ത്തിന്റെ ഭാഷാലാളിത്യമാണ്. ദ്വാരകയിലേയ്ക്ക് പോകുന്ന കുചേലന്റെ ചിത്രം, കുചേലചിന്തകൾ, ചിന്തകളിൽ സ്വയം ഉയർത്തുന്ന ആക്ഷേപസമാധാനങ്ങൾ, കൃഷ്ണന്റെ സ്നേഹാർദ്രത എന്നിവയെല്ലാം ആസ്വാദക ഹൃദയത്തിൽ പതിയുന്ന ചിത്രങ്ങൾ തന്നെ. ഭാഷയുടെ ലളിതപദാവലികൾ, ലളിതമായ അലങ്കാരകല്പനകൾ, ഭാവമധുരവും അസങ്കീർണ്ണവുമായ ബിംബകല്പനകൾ, സർവ്വോപരി ജീവിതസ്പർശിയും കളങ്കരഹിതവുമായ, ആഖ്യാനചാരുതയും കൊണ്ട് പ്രഭുത്വവും അഗതിത്വവും ജീവിതത്തിലെ രണ്ട് വിരുദ്ധധ്രുവങ്ങളാണ്. പ്രഭുത്വം കൊണ്ടുണ്ടാകുന്ന അഹംബോധം, അഗതിനിസ്സാരനും നിന്ദ്യനും ഒഴിവാക്കപ്പെടേണ്ടവനുമാണെന്ന ചിന്തയുണ്ടാക്കും. അഗതിക്കാവട്ടെ പ്രഭുത്വം തനിക്ക് ഒരിക്കലും പ്രവേശിക്കാനാവാത്ത ഇടമാണ്. വിധേയപ്പെട്ടുനിൽക്കേണ്ടതിന്റെയും നിന്ദിക്കപ്പെടുന്നതിന്റെയും മാനസിക സംഘർഷം അഗതിയും അനുഭവിക്കുന്നു. കുചേലവൃത്തം രണ്ടു ധ്രുവങ്ങളെ സമന്വയിപ്പിക്കുകയാണ്. നിരുപാധികമായ സ്നേഹം കൊണ്ട് പ്രഭുത്വവും അഗതിത്വവും ചേർക്കപ്പെടുകയാണ്. അഗതിയെ ആശ്ലേഷിച്ച് അളവില്ലാത്ത ധനം ദാനം ചെയ്യുക വഴി പ്രഭുത്വത്തിന് അർഥമുണ്ടാ

ക്കുന്ന അല്ലലിൽ നിന്ന് കരകേറുന്ന അഗതി തന്റെ ഐശ്വര്യം മറ്റുള്ളവരിലേയ്ക്കും പ്രസരിപ്പിക്കുക വഴി ജീവിതം ധർമപൂർണമാകുന്നു. മാനവികതയുടെ ഒരു ദർശനം 'കുചേലവൃത്തം' നമുക്ക് നൽകുന്നു. ഒപ്പം ലോകത്തിലേക്കും വെച്ച് ഏറ്റവും ഉൽകൃഷ്ടമായ സ്നേഹത്തിന്റെ സ്വരൂപം സൗഹൃദമാണെന്ന സത്യം സതീർത്ഥ്യസമാഗത്തിലൂടെ ഈ കാവ്യം സ്മർഥിക്കുകയും ചെയ്യുന്നു.

## Assignments

1. വഞ്ചിപ്പാട്ടിന്റെ പ്രത്യേകതകൾ വിലയിരുത്തുക.
2. സതീർത്ഥ്യസ്നേഹത്തിന്റെ ഉത്തമദൃഷ്ടാന്തമാണ് കുചേലവൃത്തം വഞ്ചിപ്പാട്ട്. ചർച്ച ചെയ്യുക.
3. 'ദാരിദ്ര്യദുഃഖത്തോളം വലിയ മറ്റൊരു ദുഃഖം ഭൂമിയിലില്ല' എന്നു പറയുന്നതിലെ ഔചിത്യം കുചേലവൃത്തം ആസ്പദമാക്കി വിലയിരുത്തുക.
4. ശ്രീകൃഷ്ണനെ കാണാൻ പോകുന്ന കുചേലന്റെ വാങ്മയചിത്രം കവി തയ്യാറാക്കിയിരിക്കുന്നതെങ്ങനെ? വിവരിക്കുക.
5. കുചേലന്റെ ദ്വാരകായാത്രയുടെ ഒരുക്കങ്ങൾ എന്തൊക്കെയായിരുന്നു?
6. കൃഷ്ണദർശനത്തിന് പുറപ്പെടുന്ന കുചേലന്റെ ചിന്തകൾ എന്തെല്ലാമായിരുന്നു? വിവരിക്കുക.
7. ദ്രോണരെയും ദ്രുപദരെയും കുറിച്ചുള്ള സൂചിതകഥ വിശദീകരിക്കുക.
8. കുചേലന്റെ ദ്വാരകവർണന - കവി വാക്കുകളിൽ വിശദമാക്കുക.
9. കുചേലവൃത്തത്തെ മലയാളത്തിലെ കാല്പനിക പ്രസ്ഥാനത്തിന്റെ മുന്നോടിയായി കരുതാം എന്ന പി.കെ. പരമേശ്വരൻ നായരുടെ അഭിപ്രായം വിലയിരുത്തുക.

## Suggested Readings


1. സി. കൃഷ്ണൻ നായർ, പാട്ടുകവിതകളുടെ സാമൂഹിക പ്രസക്തി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. എം. ലീലാവതി, കവിതാ സാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
3. ഡോ. കെ. എം. ജോർജ്, സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, എസ്. പി. സി. എസ്., കോട്ടയം.
4. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി. സി. ബുക്സ്, കോട്ടയം.

# References

1. ഡോ. കെ. ജി. രാമചന്ദ്രപ്പണിക്കർ, കുചേലവൃത്തം വഞ്ചിപ്പാട്ട് പഠനവും വ്യാഖ്യാനവും, വിദ്യാർത്ഥി മിത്രം, കോട്ടയം.
2. ഡോ. കെ. വി. തോമസ്, കുചേലവൃത്തം വഞ്ചിപ്പാട്ട് ആമുഖം വ്യാഖ്യാനം, പൂർണാ പബ്ലിക്കേഷൻസ്, കോഴിക്കോട്.
3. എരുമേലി പരമേശ്വരൻ പിള്ള, മലയാളസാഹിത്യചരിത്രം കാലഘട്ടങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
4. ഉള്ളൂർ എസ്. പരമേശ്വരയ്യർ, കേരള സാഹിത്യ ചരിത്രം, കേരള സർവകലാശാല പ്രസിദ്ധീകരണം, തിരുവനന്തപുരം.

SGOU

# മുഹ്‌യിദ്ദീൻ മാല

**ഖാസി മുഹമ്മദ്**

## Learning Outcomes

- അറബി മലയാളം എന്ന ഭാഷാരീതിയെ പരിചയപ്പെടുന്നു
- വിവിധ മാപ്പിളപ്പാട്ടുകളെക്കുറിച്ച് ധാരണ നേടുന്നു
- 'മുഹ്‌യിദ്ദീൻ മാല'യുടെ ആശയം, ഭാഷാപ്രത്യേകതകൾ എന്നിവ മനസിലാക്കുന്നു
- 'മുഹ്‌യിദ്ദീൻ മാല'യുടെ ചരിത്രപ്രാധാന്യം തിരിച്ചറിയുന്നു

## Background

### അറബി മലയാളം

മലയാളഭാഷ അറബി ലിപി ഉപയോഗിച്ച് എഴുതുന്ന രീതിയാണ് അറബി മലയാളം. അറബി ലിപി ഉപയോഗിച്ച് മലയാളഭാഷയെ പ്രത്യേക ലിപിയിൽ ഉൾക്കൊള്ളുന്നതോടൊപ്പം സ്വന്തമായ ചില വ്യാകരണ - ഭാഷാസ്വഭാവങ്ങൾ കൂടി അറബി മലയാളം ഉൾവഹിക്കുന്നുണ്ട്. പേർഷ്യൻ, ഉർദു, സംസ്കൃതം, കന്നട, തമിഴ് തുടങ്ങിയ ഭാഷകളിലെ പദങ്ങളും ഇതിൽ കാണാം. ഒരു സഹസ്രാബ്ദകാലം മുഴുവൻ കേരളമുസ്ലീങ്ങൾ ഭക്തിയും പ്രേമവും ഭീതിയും അമർഷവും ശോകവുമെല്ലാമായി തങ്ങളുടെ ആത്മാവിഷ്ക്കാരം സാധ്യമാക്കിയത് അറബി മലയാളത്തിലൂടെയാണ്. 'വ്യക്തിത്വമുള്ളതും പൊതുഭാഷാധാരയിൽ മുങ്ങിപ്പൊങ്ങാൻ ഇഷ്ടപ്പെടാത്തതുമായ ഒരു മതന്യൂനപക്ഷത്തിന്റെ ആത്മാവിഷ്കാരത്തിനുതകുന്ന ഒരു ഭാഷയെന്ന നിലക്കാണ് അറബി മലയാളം ചരിത്രഗതിയിൽ രൂപപ്പെട്ടിട്ടുള്ളതെന്ന്' ഡോ. കെ. എൻ. എഴുത്തച്ഛൻ നിരീക്ഷിച്ചിട്ടുണ്ട്. കയ്യെഴുത്ത്, അച്ചടി പതിപ്പുകളായി ആയിരക്കണക്കിന് കൃതികൾ അറബി മലയാളത്തിൽ ഉണ്ടായിരുന്നു. ദർശനവും ശാസ്ത്രവും വ്യാകരണവും വൈദ്യവുമെല്ലാം പ്രതിപാദ്യവിഷയമായി ആനുകാലികങ്ങളും നിലവിലിരുന്നു. ഈ ലിപി പഠിക്കാത്തവരും അറബി മലയാളം ഗ്രന്ഥം വായിക്കാനറിയാത്തവരും മലബാറിലെ മാപ്പിളമാരിൽ കാര്യമായി ഉണ്ടായിരുന്നില്ല.

അറബി മലയാളം രൂപമെടുത്ത കാലത്തെ സംബന്ധിച്ച് വിവിധ അഭിപ്രായങ്ങൾ നിലവിലുണ്ട്. ഉള്ളൂർ കേരള സാഹിത്യ ചരിത്ര'ത്തിൽ അറുന്നൂറു വർഷത്തെ പഴക്കമാണ് അറബി മലയാളത്തിനുള്ളതായി പറയുന്നത്. ചില വസ്തുതകൾ വെച്ചു നോക്കുമ്പോൾ ഒമ്പതാം നൂറ്റാണ്ടു മുതൽ അറബി മലയാളം ആവിർഭവിച്ചതായി കാണാനാകുമെന്ന് ഒ. അബു 'അറബി മലയാള സാഹിത്യ ചരിത്ര'ത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ക്രിസ്തു വർഷം ഒമ്പതാം നൂറ്റാണ്ടുമുതൽ മുസ്ലീങ്ങൾ ഇവിടെയുണ്ടായിരുന്നതിന് ചരിത്രം സാക്ഷിയുണ്ടെന്നും അത്രയെങ്കിലും പഴക്കം അറബി മലയാളത്തിന് കൽപ്പിക്കാവുന്നതാണെന്നും 'വൈദ്യർ സമ്പൂർണ കൃതികളി' ൽ കെ. അബൂബക്കർ അഭിപ്രായപ്പെടുന്നു. മലബാറിൽ ഒരുകാലത്ത് വ്യാപക പ്രചാരമുണ്ടായിരുന്ന അറബി മലയാളത്തിന്റെ ഉപയോഗം ഇന്ന് മതപഠനശാലയിലെ ചെറിയ ക്ലാസ്സുകളിൽ മാത്രമായി ഒതുങ്ങി.

### മാപ്പിളപ്പാട്ട്

കേരളത്തിലെ മുസ്ലീങ്ങൾക്കിടയിൽ രൂപം കൊള്ളുകയും പ്രചാരത്തിലിരിക്കുകയും ചെയ്യുന്ന സംഗീതശാഖയാണ് മാപ്പിളപ്പാട്ട് എന്നറിയപ്പെടുന്നത്. പൊതുവെ മലബാറിലെ മുസ്ലീങ്ങളെയാ

ണ് മാപ്പിളമാർ എന്നു വിളിക്കാറുള്ളത്. ജനനം മുതൽ മരണം വരെയുള്ള പ്രധാന ഘട്ടങ്ങളിലെല്ലാം പാട്ടിനോട് ഇഴചേർന്നുള്ള ജീവിതമാണ് മാപ്പിളമാരുടേത്. മാപ്പിളപ്പാട്ടുകൾക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ടെങ്കിലും മാപ്പിളപ്പാട്ട് എന്ന പേര് ഇരുപതാം നൂറ്റാണ്ടിലാണ് പ്രയോഗത്തിൽ വന്നത്. 1932-ൽ വക്കം അബ്ദുൽ ഖാദർ മൗലവി 'അൽഅമീൻ' പത്രത്തിലെഴുതിയ ഒരു ലേഖനത്തിലാണ് ആദ്യമായി മാപ്പിളപ്പാട്ട് എന്ന പദം പ്രയോഗിച്ചതെന്നാണ് ചരിത്രകാരനും ഗവേഷകനുമായ കെ. കെ. മുഹമ്മദ് അബ്ദുൽ കരീം രേഖപ്പെടുത്തിയിട്ടുള്ളത്. 'സബീനപ്പാട്ടുകൾ' എന്ന പേരിലാണ് മാപ്പിളപ്പാട്ടുകൾ മുമ്പ് അറിയപ്പെട്ടിരുന്നത്.

മാപ്പിളപ്പാട്ടിന്റെ ഈണത്തിന്റെ താളക്രമത്തിനെ 'ഇശൽ' എന്നാണ് വിളിക്കുന്നത്. തൊങ്കൽ, പുകയിനാൽ, കൊമ്പ്, കപ്പപ്പാട്ട്, ഒപ്പനചായൽ, ഒപ്പനമുറുക്കം, വിരുത്തം തുടങ്ങി ഒട്ടേറെ ഇശലുകളുണ്ട്. കമ്പി (ആദ്യാക്ഷരപ്രാസം), കഴുത്ത് (ദ്വിതീയാക്ഷരപ്രാസം), വാൽകമ്പി (അന്ത്യാക്ഷരപ്രാസം), വാലുമ്മൽക്കമ്പി (അന്താദിപ്രാസം) എന്നിങ്ങനെയുള്ള പ്രാസവ്യവസ്ഥയും മാപ്പിളപ്പാട്ടിൽ കാണാം. ദ്രാവിഡ രീതിയുടെ അടിത്തറയിൽ നിന്നാണ് ഇശലുകളും പ്രാസവ്യവസ്ഥയും രൂപപ്പെടുത്തിയിരിക്കുന്നത്. മാലപ്പാട്ടുകൾ, പടപ്പാട്ടുകൾ, കത്തുപാട്ടുകൾ, ഒപ്പനപ്പാട്ടുകൾ, കിസ്സപ്പാട്ടുകൾ, കെസ്സുപ്പാട്ടുകൾ, കല്യാണപ്പാട്ടുകൾ, സർക്കീട്ടുപാട്ടുകൾ തുടങ്ങി ഒട്ടേറെ പാട്ടുകൾ മാപ്പിളപ്പാട്ടു സാഹിത്യശാഖയിൽ രചിക്കപ്പെട്ടിട്ടുണ്ട്. ശൂരനാട്ട് കുഞ്ഞൻപിള്ള 'മാപ്പിളപ്പാട്ടുകൾക്ക് മോയിൻകുട്ടി വൈദ്യരുടെ സംഭാവനകൾ' എന്ന ലേഖനത്തിൽ 'മലയാളസാഹിത്യത്തിൽ വേണ്ടപോലെ എന്നല്ല, ഒട്ടും തന്നെ അറിയാതെ കിടക്കുന്ന മഹാമണ്ഡലമാണ് മാപ്പിളപ്പാട്ടുകൾ എന്ന് ഖേദപൂർവം പറയേണ്ടിയിരിക്കുന്നു. ആ അമൂല്യസമ്പത്തുകളിലേക്ക് ഭാഷാസാഹിത്യ വിദ്യാർഥികളുടെ ശ്രദ്ധയെ ക്ഷണിക്കാൻ വേണ്ടിയാണ് ഈ ലേഖനം' എന്ന് പറയുമ്പോൾ മാപ്പിളപ്പാട്ടുകളുടെ സാഹിത്യമൂല്യം തന്നെയാണ് വെളിവാകുന്നത്.

### മാലപ്പാട്ട്

മഹത്തുക്കളായ സൂഫിവര്യൻമാരുടെ ജീവിതാപദാനങ്ങൾ ഭക്ത്യാദരപൂർവം വാഴ്ത്തുന്ന കീർത്തന കാവ്യവിഭാഗത്തിൽപ്പെടുന്ന പാട്ടുകളാണു മാലപ്പാട്ടുകൾ. നേർച്ചപ്പാട്ടുകളെന്നാണ് മുമ്പ് മാലപ്പാട്ടുകൾ അറിയപ്പെട്ടിരുന്നത്. മഹാന്മാരുടെ സദ്പ്രവൃത്തികളും അത്ഭുതപ്രകടനങ്ങളും മതപ്രബോധന രംഗത്തെ അവരുടെ ഇടപെടലുകളും പാട്ടുകളിലെ പ്രതിപാദ്യവിഷയമാണ്. പാട്ടിന്റെ അവസാന ഭാഗത്ത് പ്രസ്തുത മഹാത്മാവിനെ മുൻനിർത്തിയുള്ള പ്രാർഥനയുമുണ്ടാകും. ഇസ്ലാം മതത്തിലെ പരിഷ്കരണവാദികളും അവരുടെ സംഘടനകളും ഇത്തരം ഇതിവൃത്തങ്ങളോട് ശക്തമായ വിയോജിപ്പ് പ്രകടിപ്പിക്കുന്നവരാണ്. അറബി മലയാള സാഹിത്യത്തിലെ കണ്ടെടുക്കപ്പെട്ട ആദ്യത്തെ മാപ്പിളപ്പാട്ട് തന്നെ മാലപ്പാട്ടായ 'മുഹ്‌യിദ്ദീൻ മാല'യാണ്. ഖാസി മുഹമ്മദാണ് മുഹിയിദ്ദീൻ മാല രചിച്ചത്. ഇതിനെ പിൻപറ്റി നൂറുകണക്കിന് മാലപ്പാട്ടുകൾ അറബി മലയാളത്തിലും മലയാളത്തിലും പിന്നീടുണ്ടായി. 'മുഹ്‌യിദ്ദീൻ മാല'ക്കൊപ്പം 'രിഫാഈ മാല', 'നഫീസത്ത് മാല' എന്നിവയ്ക്കും കേരളത്തിൽ നല്ല പ്രചാരമുണ്ടായിരുന്നു. മറ്റു മാപ്പിളപ്പാട്ടുകളിൽ നിന്നും ഭിന്നമായി ലളിതമായ ഭാഷാരീതിയാണ് മാലപ്പാട്ടുകൾക്കുള്ളത്. 'ബദർ മാല', 'ഫാത്തിമ മാല', 'മഹ്മൂദ് മാല', 'മമ്പുറം മാല' തുടങ്ങി നിരവധി പ്രധാനപ്പെട്ട മാലപ്പാട്ടുകളുണ്ട്. വൈക്കം മുഹമ്മദ് ബഷീറിനെ കേന്ദ്രമാക്കി എം. എൻ. കാരശ്ശേരി എഴുതിയ 'ബഷീർ മാല', എം. പി. അനസിന്റെ 'അയ്യങ്കാളി മാല' തുടങ്ങി കേരളീയാനുഭവങ്ങളും മാലപ്പാട്ടിന് വിഷയമായിട്ടുണ്ട്.

### ഖാസി മുഹമ്മദ്

കോഴിക്കോട് ഖാസിമാരിൽ ഏറ്റവും പ്രശസ്തനാണ് പതിനാറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഖാസി മുഹമ്മദ് എന്ന ഖാസി മുഹമ്മദ് ഇബ്നു അബ്ദുൽ അസീസ്. മത-സാഹിത്യ-സാമൂഹിക രംഗങ്ങളിൽ ഖാദി മുഹമ്മദ് നിറസാന്നിധ്യമായിരുന്നു. പോർച്ചുഗീസുകാർക്കെതിരെ അദ്ദേഹം ശക്തമായി നിലകൊണ്ടു. ചരിത്രം, ഗണിതം, വ്യാകരണം ആത്മീയം, തത്വചിന്ത, കർമ്മ ശാ

സ്ത്രം, ജ്യോതിശാസ്ത്രം, സാഹിത്യ ശാസ്ത്രം, പ്രകീർത്തന കാവ്യങ്ങൾ എന്നീ വിഭാഗങ്ങളിലായി അഞ്ഞൂറോളം കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. 'അൽ ഫത്ഹുൽ മുബീൻ', 'അൽ ഖുതുബതുൽ ജിഹാദിയ്യ' എന്നീ കൃതികൾ പോർച്ചുഗീസുകാർക്കെതിരെ പോരാടാൻ ആഹ്വാനം ചെയ്യുന്നവയാണ്. ഇതിൽ ഏറ്റവും പ്രശസ്തമായതും ഇപ്പോഴും ചർച്ച ചെയ്യപ്പെടുന്നതുമായ കൃതിയാണ് 'മുഹിയിദ്ദീൻ മാല'.

## Keywords

അറബിമലയാളം-മാപ്പിളപ്പാട്ട്-രൂപപരവും ഭാവപരവുമായ സവിശേഷതകൾ-മുഹ്‌യിദ്ദീൻ മാല-മാലപ്പാട്ട്-ഖാസിപ്പാട്ട്-പ്രമേയവും ചരിത്രവും

## Discussion

### 4.2.2 മുഹ്‌യിദ്ദീൻ മാല

#### വരികൾ

'അല്ലാ തിരു പേരും തുദിയും സ്വലാവാത്തും
അതിനാൽ തുടങ്ങുവാൻ അരുൾ ചെയ്ത ബേതാമ്പർ
ആലം ഉടയവൻ ഏകൽ അരുളാലെ
ആയെ മുഹമ്മദവർ കിള ആണോവർ
എല്ലാ കിളയിലും ബങ്കിള ആയോവർ
എല്ലാ തിശയിലും കേളി മികച്ചോവർ
സുൽത്വാനുൽ ഔലീയാ എന്ന് പേരുള്ളോവർ
സയ്യിദവർ തായും ബാവയും ആണോവർ
ബാവാ മുതുവിന്ന് ഖുതുബായി വന്നോവർ
ബാനം അതേളിലും കേളി നിറഞ്ഞോവർ
ഇരുന്ന ഇരിപ്പിന്നേൾ ആകാശം കണ്ടോവർ
ഏറും മലക്കൂത്തിൽ രാജാളി എന്നോവർ
ബലത്ത് ശീഅത്തെന്നും കടൽ ഉള്ളോവർ
ഇടത്ത് ഹഖീഖത്തെന്നും കടൽ ഉള്ളോവർ
ആകാശത്തുമ്മേലും ഭൂമിക്ക് താഴെയും
അവരെ കൊടി നീളം അത്തിരെയുള്ളോവർ'

#### അർഥവിശദീകരണം

| | | |
|---|---|---|
| സ്വലവാത്ത് | = | പ്രാർഥന |
| ആലം | = | ലോകം |

| | | |
|---|---|---|
| സുൽത്താനുൽ ഔലിയാ | = | വിശുദ്ധരുടെ നേതാവ് |
| ഷരീഅത്ത് | = | നിയമം |
| ഹക്കീകത്ത് | = | വസ്തുത |

## ആശയവിശദീകരണം

ദൈവത്തിന്റെ തിരുനാമത്തിൽ സ്തുതിച്ചും നബിയുടെ പേരിൽ സ്വലവാത്ത് ചൊല്ലിയുമാണ് നല്ല കാര്യങ്ങൾ തുടങ്ങേണ്ടത്. ദൈവ തീരുമാനപ്രകാരം മുഹമ്മദ് നബിയുടെ കുടുംബപരമ്പരയിൽ ജനിച്ച മഹാനാണ് മുഹിയിദ്ദീൻ ശൈഖ്. അദ്ദേഹത്തിന്റെ പ്രശസ്തി എല്ലാ ദിശയിലും എത്തിയിട്ടുണ്ട്. വിശുദ്ധരുടെ നേതാവാണ് അദ്ദേഹം. സൂഫിവര്യൻമാരിൽ ഓരോ കാലത്തുമുള്ള ആചാര്യന്മാരുടെ നേതാവാണ് മുഹിയിദ്ദീൻ ശൈഖ്. ഇരുന്ന ഇരുപ്പിൽ ഏഴ് ആകാശങ്ങളും കണ്ട അദ്ദേഹം അദൃശ്യലോകത്തിൽ ഉയരെ പറക്കുന്ന കിളിയാണ്. മതാനുഷ്ഠാന നിയമങ്ങളായ ശരീഅത്തും ആത്മീയ സാക്ഷാത്കാരമായ ഹഖീക്കത്തും ഇരുഭാഗങ്ങളിലുമുള്ള അദ്ദേഹത്തിന്റെ കൊടി, ആകാശത്തിനു മേലെയും ഭൂമിക്കു താഴെയുമായി വിസ്തരിച്ച് കിടക്കുന്ന അത്രയും വലുതാണ്. ആകാശത്തിലും ഭൂമിയിലും അദ്ദേഹത്തിന് അംഗീകാരമുണ്ടെന്ന് അർഥം.

▶ ദൈവത്തെ സ്തുതിച്ച് തുടക്കം

## വരികൾ

‘ശൈഖബ്ദുൽ ഖാദിരി കൈലാനിയെന്നോവർ
ശൈഖന്മാർക്കെല്ലാർക്കും ഖുതുബായി വന്നോവർ
അല്ലാഹു സ്നേഹിച്ചേ മുഹ്യുദ്ധീനെന്നോവർ
അറ്റം ഇല്ലാതോളം മേൽമാ ഉടയോവർ
മേൽമയിൽ ത്വഫ്ഫം പയുന്നു ഞാനിപ്പൾ
മേൽമാ പറകിൽ പലെ വണ്ണം ഉള്ളോവർ
പാലിലെ വെണ്ണ പോൽ ബൈത്താക്കി ചൊല്ലുന്നൻ
ഭാഗിയം ഉള്ളോവർ ഇതിനെ പഠിച്ചോവർ
കണ്ടൻ അറിവാളൻ കാട്ടിത്തരും പോലെ
ഖാളി മുഹമ്മദെന്ന് പേരുള്ളോവർ
കോഴിക്കോട്ടത്തൂറ തന്നിൽ പിറന്നോവർ
കോർവ ഇതൊക്കെയും നോക്കിയെടുത്തോവർ
അവർ ചൊന്നെ ബൈത്തിന്നും ബഹ്ജ കിതാബിന്നും
അങ്ങിനെ തക്മില തന്നിന്നും കണ്ടോവർ
കേപ്പാൻ വിശേളം നമക്കവർ പോരീശ
കേപ്പീനെ ലോകരെ മുഹ്യുദ്ധീൻ എന്നോവർ
മൂലം ഉടയവൻ ഏകൽ അരുളാലെ
മുഹ്യുദ്ധീൻ എന്ന പേർ ദീൻ താൻ വിളിച്ചോവർ’

SGOU

## അർഥവിശദീകരണം

| | | |
|---|---|---|
| ശൈഖബ്ദുൽ ഖാദിരി കൈലാനി | = | മുഹിയിദ്ദീൻ ശൈഖ് |
| കൈലാൻ /ജീലാൻ | = | മുഹിയിദ്ദീൻ ശൈഖിന്റെ ജന്മസ്ഥലം |
| മേൽമാ | = | ഗുണം |
| ത്വഫ്ഫം | = | സ്വല്പം |
| ബൈത്ത് | = | പദ്യം |
| ബഹ്ജ കിത്താബ് | = | മുഹിയിദ്ദീൻ ശൈഖിനെക്കുറിച്ചെഴുതിയ മറ്റൊരു ഗ്രന്ഥം |
| തക്മില | = | പരിപൂർണത |
| പോരിശ | = | കഥകൾ |

## ആശയവിശദീകരണം

ശൈഖ് അബ്ദുൽ ഖാദർ കൈലാനി (പേർഷ്യനിൽ നിന്നുള്ള തൽഭവമായതിനാൽ ജീലാനി എന്നും കൈലാനി എന്നും അദ്ദേഹത്തെ പറയാറുണ്ട്) ശൈഖുമാരുടെ നേതാവാണ്. അല്ലാഹു സ്നേഹിച്ച മുഹിയുദ്ധീന്റെ ഗുണഗണങ്ങൾക്ക് അവസാനമില്ല. അതിൽനിന്ന് കുറച്ച് ഞാനിവിടെ പറയുകയാണ്. ഗുണങ്ങൾ പറയാൻ തുടങ്ങിയാൽ അത് പലരീതിയിൽ പടർന്നു കിടക്കുകയാണ്. പാലിൽ നിന്നും വെണ്ണ വേർതിരിച്ചെടുക്കുന്നതുപോലെ അതിൽ ചിലത് പദ്യരൂപത്തിൽ ആവിഷ്കരിക്കുകയാണ്. ഈ പാട്ടിന്റെ ആന്തരചൈതന്യം അറിഞ്ഞു പഠിക്കുന്നവർ ഭാഗ്യം ലഭിച്ചവരാണ്. പ്രാചീന പദ്യകൃതികളിലേതിന് സമാനമായി രചയിതാവിനെ ഇവിടെയും സ്വയം പരിചയപ്പെടുത്തുന്നുണ്ട്. കോഴിക്കോട് ജനിച്ച ഖാസി മുഹമ്മദാണ് രചയിതാവ്. മുഹിയിദ്ദീൻ ശൈഖിനെ കുറിച്ച് എഴുതപ്പെട്ട ബഹ്ജാ കിത്താബും ബൈത്തുകളും പരിപൂർണത നൽകിയ അവരുടെ അപദാനങ്ങൾ കേൾക്കാം. ദൈവം മുഹിയുദ്ദീൻ എന്ന് വിളിച്ചവരാണവർ. മതത്തെ പുനർജീവിപ്പിച്ചവരെന്ന അർഥത്തിലാണ് ഇവിടെ പ്രയോഗം.

- പാലിൽ നിന്നും വെണ്ണപോലെ

## വരികൾ

'ആ വണ്ണം അള്ളാ പടച്ചവൻ താൻ തന്നെ
യാ ഗൗസൽ അഅ്ളം എന്നള്ളാ വിളിച്ചോവർ
എല്ലാ മശാഇഖന്മാരുടെ തോളുമ്മൽ
ഏകൽ അരുളാലെ എന്റേ കാൽ എന്നോവർ
അന്നേരം മലക്കുകൾ മെയ്യെന്ന് ചൊന്നോവർ
അവരെ തലക്കുമ്മേൽ ഖൽക് പൊതിഞ്ഞോവർ
ഖാഫ് മലഇന്നും ബഹ്റ് മുഹീത്വിന്നും
യഅ്ജൂജ് നാട്ടിന്നും തലനെ താത്തിച്ചോവർ
അപ്പോളെ 'ഭൂമീലെ ശൈഖന്മാരെല്ലാരും
അവർക്ക് തലത്താഴ്ത്തി ചാച്ചി കൊടുത്തോവർ
അതിയിൽ ഒരു ശൈഖ് അതല്ലെന്ന് ചൊന്നാരെ
അവരെ വലിപ്പട്ടം നീക്കിച്ച് വെച്ചോവർ

അതിനാൽ ചതിയിൽ പെടുവാന്ന് കേട്ടാരെ
എളുപതമാനീനെ ഉസ്താദ് കണ്ടോവർ
ഞാനെല്ലാ സിർറിന്നും സിർറെന്ന് ചൊന്നോവർ
ഞാൻ അള്ളാ തന്നുടെ അംറെന്ന് ചൊന്നോവർ
കൽപ്പനയെന്നൊരു സൈഫ് ഞാനെന്നോവർ
കോപം ഉടയോന്റെ നാറ് ഞാനെന്നോവർ
മറുകരയില്ലാ കടല് ഞാനെന്നോവർ
മനിഷൻ അറിയാത്ത വസ്തു ഞാനെന്നോവർ'

## അർഥവിശദീകരണം

| | | |
|---|---|---|
| ഗൗസൽ അഅ്ളം | = | അഭയം നൽകുന്നയാൾ |
| മശായിഖ് | = | ഗുരു |
| ഖൽക് | = | സൃഷ്ടി |
| ബഹ്റ് മുഹീത് | = | മഹാസമുദ്രം |
| യഅ്ജൂജ് | = | അന്ത്യനാളിൽ വരുന്ന അക്രമകാരികളായ ഒരുകൂട്ടം ആളുകൾ |
| സിർ | = | രഹസ്യം |
| അംറ് | = | കൽപ്പന |
| സൈഫ് | = | വാൾ |
| നാറ് | = | തീ |

## ആശയവിശദീകരണം

എല്ലാവർക്കും അഭയസ്ഥാനം നൽകുന്നയാൾ എന്നർത്ഥത്തിൽ യാ ഗൗസുൽ അഅ്ളം എന്ന് അല്ലാഹു തന്നെ അദ്ദേഹത്തെ വിളിച്ചു. എല്ലാ ഗുരുക്കന്മാരുടെയും മുകളിലാണ് അദ്ദേഹത്തിന്റെ സ്ഥാനം. അങ്ങനെ യാണ് അദ്ദേഹത്തെ സൃഷ്ടിച്ചത്. ഈ പ്രഖ്യാപനം മാലാഖമാർ അംഗീ കരിക്കുകയും ശൈഖിനെ എല്ലാവരും കൂടി പൊതിയുകയും ചെയ്തു. ഭൂമിയിലെ ഗുരുക്കളെല്ലാവരും അദ്ദേഹത്തിന് മുൻപിൽ ശിരസ്സ് നമിച്ചു. കാഫ് മലയുടെയും മഹാസമുദ്രത്തിന്റെയും അക്രമകാരികളായ യഅ് ജൂജിന്റെയും തല താഴ്ത്തിച്ചവരാണ് അദ്ദേഹം. ഈ മാഹാത്മ്യത്തെ അംഗീകരിക്കാത്ത ഒരു ഷൈഖിന്റെ പണ്ഡിതനേതൃസ്ഥാനം ഒഴിവാ ക്കുകയും ചെയ്തു. മേന്മകൾ കാരണം ചതിയിൽപെട്ടു പോകരുതെന്ന് ശൈഖിനെ അദ്ദേഹത്തിന്റെ ഉസ്താദ് ഉപദേശിച്ചപ്പോൾ ചതിയിൽപ്പെ ടുകയില്ലെന്നതിന് എഴുപത് രേഖകൾ അദ്ദേഹം ഉസ്താദിനെ കാണി ച്ചു. രഹസ്യങ്ങളുടെ കലവറയാണ് അദ്ദേഹം. അല്ലാഹുവിന്റെ കൽപ്പന യെ ശിരസാവഹിച്ചവരാണ് മുഹിയിദ്ദീൻ ശൈഖ്. കൽപ്പനയെന്ന വാളും കോപിക്കുന്ന അല്ലാഹുവിന്റെ തീയും താനാണെന്ന് പറഞ്ഞ അദ്ദേഹം മറുകര കാണാത്ത കടലാണ്, മനുഷ്യന് അറിയാനാകാത്ത വസ്തുവു മാണ്.

▶ എല്ലാവരും ശിര സ്സ് നമിക്കുന്നു

## വരികൾ

‘ജിന്നിന്നും ഇൻസിന്നും മറ്റ് മലക്കിന്നും
ഞാനിവയെല്ലാർക്കും മെയ്യെ ശൈവൈന്നോവർ
എല്ലാ വലീകളും മേലെ ഖുതുബാണോരും
എന്നുടെ വീട്ടിലെ പുള്ളർ അതെന്നോവർ
ബാശീ ഞാനെണ്ണിയെ ഉള്ളവരും ഞാനും
ബാനവും ഭൂമീലും ഏറും അതെന്നോവർ
എന്നെ ഒരുത്തരെ കൂട്ടിപ്പറയണ്ട
എന്നെ പടപ്പിന്നറിയരുതെന്നോവർ
എന്നുടെ ഏകൽ ഉടയവൻ തന്റേകൽ
ആകെന്ന് ഞാൻ ചൊൽകിൽ ആകും അതെന്നോവർ
ഏകൽ കൂടാതെ ഞാൻ ചെയ്തില്ല ഒന്നുമെ
എന്നാണെ നിന്നെ പറയെന്നും കേട്ടോവർ
ചൊല്ലില്ല ഞാനൊന്നും എന്നോട് ചൊല്ലാതെ
ചൊല്ല് നീ എന്റെ അമാനിൽ അതെന്നോവർ
ആരാനും ചോദിച്ചാൽ അവരോട് ചൊല്ലുവാൻ
അനുവാദം വന്നാൽ പറവൻ ഞാനെന്നോവർ
എൻകയ്യാൽ ഒന്നുമെ തിന്നേൻ അതെന്നാരെ
ഏകലാൽ ഖിള്ർ ഏകി ബാരി കൊടുത്തോവർ
ഭൂമി ഒരുണ്ട പോൽ എൻ കയ്യിലെന്നോവർ
ഭൂമി അതൊക്കെയും ഒരു ചുവടെന്നോവർ
കഅ്ബാനെ ചുറ്റുവാർ ഖുതുബാണോരെല്ലാരും
കഅ്ബം ത്വവാഫന്ന് താൻ ചെയ്യും ചൊന്നോവർ
എല്ലായിലും മേലെ അർശിങ്കൽ ചെന്നോവർ
എന്റെ കണ്ണെപ്പോഴും ലൗഹിൽ അതെന്നോവർ’

## അർഥവിശദീകരണം

| | | |
|---|---|---|
| ജിന്ന് | = | അദൃശ്യരായ ആത്മീയജീവികൾ |
| മലക്ക് | = | മാലാഖ |
| ഇൻസ് | = | മനുഷ്യൻ |
| ഒലികൾ | = | ഔലിയാക്കൾ (പണ്ഡിതർ) |
| ഏകൾ | = | വെളിപാടുകൾ |
| അമാൻ | = | വിശ്വസ്തത |
| ഖിളർ | = | ഖിളർ നബി |
| കഅ്ബ | = | മക്കയിലെ ആരാധനാലയം |
| തവാഫ് | = | വലം വെയ്ക്കൽ |

## ആശയവിശദീകരണം

മനുഷ്യർക്കു പുറമേ മാലാഖമാർക്കും ജിന്നുകൾക്കും പണ്ഡിതനേതൃത്വമാണ് മുഹിയിദ്ദീൻ ശൈഖ്. എല്ലാ പണ്ഡിതരും തന്റെ വീട്ടിലെ കുട്ടികളാണ് എന്നിടത്ത് അദ്ദേഹത്തിന്റെ നേതൃത്വത്തിന്റെ പ്രാധാന്യം തന്നെയാണ് വെളിപ്പെടുന്നത്. ഭൂമിയിലും ആകാശത്തും പ്രവർത്തിക്കുന്നവരാണ്. ആരുമായും അദ്ദേഹത്തെ സാമ്യപ്പെടുത്താൻ ആകില്ല. സൃഷ്ടികൾക്ക് എന്നെ അറിയില്ലെങ്കിലും സ്രഷ്ടാവിന് (ദൈവത്തിന്) അറിയാം. ദൈവത്തിന്റെ അറിയിപ്പുകൾ വെളിപാടുകളായി കിട്ടാതെ ഒന്നും ചെയ്യാറില്ല എന്നാണ് അദ്ദേഹത്തെക്കുറിച്ച് പറയാറുള്ളത്. തന്റെ വിശ്വസ്തതയാണ് അത്. വല്ല കാര്യത്തെക്കുറിച്ചും അദ്ദേഹത്തോട് ആരെങ്കിലും ചോദിച്ചുകഴിഞ്ഞാൽ അനുവാദം വന്നാൽ അതേക്കുറിച്ച് പറയാം എന്ന് പറയാറുണ്ടായിരുന്നു. ഭക്ഷണവുമായി ബന്ധപ്പെട്ട് ദൈവവുമായി ഉണ്ടാക്കിയ കരാറിനെത്തുടർന്ന് ഖിളർ നബി ഇടപെട്ട് ചോറ് വാരിക്കൊടുക്കാൻ ശൈഖ് ഹരീമിയോട് നിർദ്ദേശിക്കാൻവരെയുള്ള ബന്ധമുണ്ട്. ഉരുണ്ട ഭൂമി അദ്ദേഹത്തിന് കയ്യിൽ ഒതുക്കാവുന്നതേയുള്ളൂ. ചെറിയൊരു ചുവടു മാത്രമാണ് അത് ചാടിക്കടക്കാൻ വേണ്ടത്. കഅ്ബയെ മറ്റു പണ്ഡിതർ വലം വെക്കുമ്പോൾ കഅ്ബ അദ്ദേഹത്തെ വലം ചെയ്യുകയാണ്. അദ്ദേഹമിരിക്കുന്ന സ്ഥലത്ത് കഅ്ബയുടെ സാന്നിധ്യമു ണ്ടാകുമെന്ന് അർഥം. സംഭവിക്കാൻ പോകുന്ന കാര്യങ്ങളെ മുൻകൂട്ടി പ്രവചിക്കാനുള്ള ശേഷി അദ്ദേഹത്തിനുണ്ട്.

▶ എല്ലാവരുടെയും നേതൃത്വം

## വരികൾ

'എല്ലാ വലീകളും ഓരോ നബീ വാരീ
ഞാനെന്റെ സീബാവാ കാൽവാരീ എന്നോവർ
എന്റെ മുരീദുകൾ തൗബായിൽ എണ്ണിയെ
എന്നും മരിക്കരുതെന്ന് കൊതിച്ചോവർ
അതിനെ ഖബൂലാക്കിയാൻ അന്ന് ചൊല്ലിയാർ
അവരുടെ ഉസ്താദ് ഹമ്മാദദെന്നോവർ
എന്റെ മുരീദുകൾ എൻകൂടെ കൂടാതെ
എന്റെ കാൽ എന്നും പൊരിക്കെ അതെന്നോവർ
കൺകൂടാ വട്ടത്തിൽ നിന്റെ മുരീദുകൾ
സ്വർഗത്തിൽ പോമെന്ന് അള്ളാ കൊടുത്തോവർ
നരകത്തിൽ നിന്റെ മുരീദാരും ഇല്ലെന്ന്
നരകത്തെ കാക്കും മലക്ക് പറഞ്ഞോവർ
എന്റെ കൊടിന്റെ കീൾ എല്ലാ വലീകളും
എന്റെ മുരീദിന്ന് ഞാൻ ശാഫിഹ് എന്നോവർ
ഹല്ലാജെ കൊല്ലുന്നാൾ അന്ന് ഞാനുണ്ടെങ്കിൽ
അവർ കൈ പിടിച്ചേനും എന്ന് പറഞ്ഞോവർ
എന്നെ പിടിച്ചവർ ഏതും പേടിക്കണ്ട
എന്നെ പിടിച്ചോർക്ക് ഞാൻ കാവലെന്നോവർ
എല്ലാ മുരീദുകൾ താൻ താന്റെ ശൈഖെപ്പോൽ
എന്റെ മുരീദുകൾ എന്നെ പോലെന്നോവർ

SGOU

എന്റെ മുരീദുകൾ നല്ലവരല്ലെങ്കിൽ
എപ്പോഴും നല്ലവൻ ഞാനെന്ന് ചൊന്നോവർ
യാദാൽ ഒരിക്കലും അള്ളാട് തേടുകിൽ
എന്നെകൊണ്ടള്ളാട് തേടുവീനെന്നോവർ
ബല്ലെ നിലത്തിന്നും എന്നെ വിളിപ്പോർക്ക്
ബായ് കൂടാ ഉത്തിരം ചെയ്യും ഞാനെന്നോർ
ഭൂമിതനത്തിൽ ഞാൻ ദീനെ നടത്തുവാൻ
ബേതാമ്പർ തമ്മുടെ ആള് ഞാനെന്നോവർ
ആരുണ്ടതെന്റെ മഖാമിനെ എത്തീട്ട്
ആരാനുമുണ്ടെങ്കിൽ ചുല്ലുവീൻ എന്നോവർ'

### അർഥവിശദീകരണം

| | | |
|---|---|---|
| മുരീത് | = | ശിഷ്യൻ |
| തൗബ | = | ഖേദിച്ച് മടങ്ങുക |
| ഖബൂൽ | = | സ്വീകരിക്കൽ |
| ശാഫിഹ് | = | ശുപാർശ ചെയ്യുന്നയാൾ |
| ഹല്ലാജ് | = | സൂഫി പണ്ഡിതൻ |

### ആശയവിശദീകരണം

ഓരോ പണ്ഡിതരും ഓരോ നബിമാരുടെ തുടർച്ചയാണ്. ഞാൻ മുഹമ്മദ് നബിയുടെ തുടർച്ചയാണ്. തന്റെ ശിഷ്യന്മാർ പാപം പൊറുക്കപ്പെടാതെ മരിക്കരുത് എന്ന് ശൈഖ് കൊതിച്ചു. എല്ലാവരും സ്വർഗത്തിൽ പോകുമെന്ന് അല്ലാഹു അവരെപ്പറ്റി പറഞ്ഞുവെന്ന് അദ്ദേഹത്തിന്റെ ഉസ്താദിൽ നിന്നും അറിഞ്ഞു. തന്റെ ശിഷ്യന്മാർ തനിക്കൊപ്പം ചേരാതെ അല്ലാഹുവിന്റെ മുമ്പിൽ നിന്നും കാൽ മാറ്റുകയില്ല. ശിഷ്യരെ സ്വർഗത്തിൽ കടത്താറുള്ള അനുവാദം അദ്ദേഹത്തിന് നൽകപ്പെട്ടു. നരകത്തിൽ ശിഷ്യന്മാർ ആരുമില്ലെന്ന് നരകത്തിന് കാവൽ നിൽക്കുന്ന മാലാഖയും പറഞ്ഞിരുന്നു. മുഹിയിദ്ദീൻ ശൈഖിന്റെ കൊടിക്കീഴിലാണ് എല്ലാ പണ്ഡിതരും. തന്റെ ശിഷ്യന്മാർക്ക് ശുപാർശ പറയുന്ന ആൾ അദ്ദേഹം തന്നെയാണ്. ഹല്ലാജ് എന്ന സൂഫി പണ്ഡിതനെ ആൾക്കൂട്ടം കൊല്ലുന്ന സമയത്ത് താൻ ഉണ്ടായിരുന്നെങ്കിൽ അതിനു സമ്മതിക്കാതെ സംരക്ഷിക്കുമായിരുന്നു എന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹത്തെ ആശ്രയിച്ചവർ പേടിക്കേണ്ടതില്ല, അവർക്കെല്ലാം കാവലായി മുഹിയിദ്ദീൻ ശൈഖ് കൂടെയുണ്ടാകും. തന്റെ ശിഷ്യർ തന്നെപ്പോലെ തന്നെയാണെന്ന് അദ്ദേഹത്തിന് ഉറപ്പുണ്ടായിരുന്നു. ശിഷ്യരിൽ നല്ലവരല്ലാത്തവരുണ്ടെങ്കിൽ അവരെ നന്നാക്കിയെടുക്കും. അല്ലാഹുവിനെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ മധ്യവർത്തിയായി അദ്ദേഹത്തെ ഉൾപ്പെടുത്തുവാൻ നിർദേശിച്ചിരുന്നു. ഏതു സ്ഥലത്തു നിന്നും അദ്ദേഹത്തോട് സഹായമഭ്യർത്ഥിച്ചാലും വേഗത്തിൽ പ്രതികരണമുണ്ടാകും. മതപ്രബോധനത്തിൽ ദൈവത്തിന്റെ പ്രതിനിധിയായി അദ്ദേഹത്തെ കണക്കാക്കി. എന്റെ ആത്മീയസ്ഥാനത്ത് എത്തിയ ആരെങ്കിലുമുണ്ടോ? ഉണ്ടെങ്കിൽ പറയൂ.

▶ ശിഷ്യരും ശൈഖും

## വരികൾ

‘എളുപത് വാതിൽ തുറന്നാൻ എനക്കള്ളാ
ആരും അറിയാത്ത ഇൽമാൽ അതെന്നോവർ
ഓരോരെ ബാതിലിൻ വീതി അതോരോന്ന്
ആകാശം ഭൂമിയും പോലെ അതെന്നോവർ
അള്ളാ എനിക്കവൻ താൻ ചെയ്ത പോരീശാ
ആർക്കും ഖിയാമത്തോളം ചെയ്യാതതെന്നോവർ
എല്ലാർക്കും എത്തിയെ നിലപാടതെപ്പേരും
എന്റെ ബഖിയ്യത്തിൽ മിച്ചം അതെന്നോവർ
എല്ലാരും ഓതിയെ ഇൽമുകളൊക്കെയും
എന്നുടെ ഇൽമാൽ അതൊട്ടെന്ന് ചൊന്നോവർ
എല്ലാ പൊളുതും ഉദിച്ചാൽ ഗുറൂബാകും
എൻ പൊളുതെപ്പോളും ഉണ്ടെന്ന് ചൊന്നോവർ
കുപ്പി അകത്തുള്ള വസ്തുവിനെപ്പോലെ
കാൺമാൻ ഞാൻ നിങ്ങളെ ഖൽബകം എന്നോവർ
എന്റെ വചനത്തെ പൊയ്യെന്ന് ചൊല്ലുകിൽ
അപ്പോളെ കൊല്ലുന്ന നഞ്ച് ഞാനെന്നോവർ
അവരുടെ ദീനേയും ശേഷം ദുൻയാവേയും
ആഖിറം തന്നെയും പോക്കും അതെന്നോവർ
നൽനിനവ് എന്നെ ഒരുത്തർ നിനച്ചെങ്കിൽ
നായൻ അദാബിനെ നെയ്താക്കും എന്നോവർ
ഏകൽ ഉടയവൻ ഏകൽ അരുളാലെ
ഇത്തരം എത്തിര ബണ്ണം പറഞ്ഞോവർ
നാല് കിതാബേയും മറ്റുള്ള സുഹുഫേയും
നായൻ അരുളാലെ ഓതി ഉണർന്നോവർ
ബേതാംബർ ഏകലാൽ ഖിർഖ ഉടുത്തോവർ
ബെളുത്തിട്ട് നോക്കുമ്പോൾ അതിനെ മേൽ കണ്ടോവർ
ബേദം വിളങ്കി പറവാൻ മടിച്ചാരെ
ബേദാംബർ അവർ വായിൽ തുപ്പിക്കൊടുത്തോവർ
നാവാൽ മൊളിയുന്ന ഇൽമ് കുറിപ്പാനായ്
നാനൂറ് ഹുഖാമയ് അവർ ചുറ്റുമുള്ളോവർ
നായൻ അരുളാലെ ഇൽമ് പറയുമ്പോൾ
നാവിന് നേരെ ഒളിവിറങ്ങുന്നോവർ
അവർ കൈ പിടിച്ചതിൽ തൊപ്പം പേർ അപ്പോളെ
ആകാശവും മറ്റും പലതെല്ലാം കണ്ടോവർ
അവരൊന്ന് നന്നായി ഒരു നോക്ക് നോക്കുകിൽ
അതിനാൽ വലിയ നിലനെ കൊടുത്തോവർ’


SGOU

### അർഥവിശദീകരണം

| | | |
|---|---|---|
| എളുപത് | = | എഴുപത് |
| ഇൽമ് | = | അറിവ് |
| ഖിയാമത്ത് | = | അന്ത്യനാൾ |
| ബക്കിയത്ത് | = | അവശേഷിച്ചത് |
| ഗുറൂബ് | = | അസ്തമനം |
| ഖൽബ് | = | ഹൃദയം |
| ദീൻ | = | മതം |
| ആഖിറം | = | പരലോകം |
| അദാബ് | = | ശിക്ഷ |
| കിതാബ് | = | വേദഗ്രന്ഥം |
| സുഹുഫ് | = | ലഘുഗ്രന്ഥം |

### ആശയവിശദീകരണം

ആർക്കും അറിയാത്ത അറിവിന്റെ എഴുപത് വാതിലുകൾ അല്ലാഹു അദ്ദേഹത്തിന് തുറന്ന് നൽകി. ഓരോ വാതിലിന്റെയും വിശാലത ആകാശത്തിനും ഭൂമിക്കും ഇടയിലുള്ള വിശാലതയാണ്. അല്ലാഹു മുഹിയിദ്ധീൻ ശൈഖിന് നൽകിയ ആദരവ് ലോകാന്ത്യം വരെ ആർക്കും നൽകുകയില്ല. എല്ലാവർക്കും കിട്ടിയ കാര്യങ്ങൾ എനിക്ക് കിട്ടിയതിൽ നിന്നും ബാക്കി വന്നതാണ്. എല്ലാവരും പഠിച്ച അറിവുകളും അങ്ങനെത്തന്നെ. എല്ലാ ഉദയങ്ങളും അസ്തമിക്കും. പക്ഷേ അദ്ദേഹത്തിന്റെ ഉദയം അങ്ങനെ തന്നെ നിലനിൽക്കും. കുപ്പിക്കകത്തെ വസ്തുവിനെ പോലെയാണ് അദ്ദേഹത്തിന്റെ ഹൃദയം. അദ്ദേഹത്തിന്റെ വാക്കുകൾ കളവാണെന്ന് തള്ളിക്കളയൽ അപ്പോൾ തന്നെ നിങ്ങളെ കൊല്ലുന്ന വിഷവസ്തുവാകും. അവരുടെ മതവും ഇഹപര ലോകങ്ങൾ തന്നെയും നശിക്കും. ആവശ്യമില്ലാത്തത് പറയുന്നവർക്ക് ഇതുതന്നെയാണ് ശിക്ഷ. നല്ലത് പറയുന്നവരെ അല്ലാഹു ശിക്ഷയിൽനിന്ന് രക്ഷപ്പെടുത്തും. നാല് വേദപുസ്തകങ്ങളും മറ്റു ലഘു ഗ്രന്ഥങ്ങളും പഠിച്ച് അറിവ് നേടിയ ആളാണ് അദ്ദേഹം. നാവിൽ നിന്ന് വരുന്ന അറിവുകൾ കുറിക്കാനായി നിരവധിപേർ ചുറ്റുമുണ്ടാകും. അല്ലാഹുവിന്റെ കൽപ്പനപ്രകാരം വിജ്ഞാനം നൽകുന്ന സമയത്ത് അദ്ദേഹത്തിന്റെ നാവിനുനേരെ പ്രകാശമിറങ്ങും. അദ്ദേഹം കൈപിടിച്ചവരിൽ ചിലർക്ക് അപ്പോൾതന്നെ ആകാശത്തിലുള്ള പല രഹസ്യങ്ങളും മറ്റും കാണാൻ ഭാഗ്യം സിദ്ധിച്ചു. ഒരു നോട്ടം കൊണ്ട് അദ്ദേഹം അനുഗ്രഹിച്ചവരെല്ലാം വലിയ സ്ഥാനങ്ങളിലെത്തി.

▶ അസ്തമനമില്ലാത്ത ഉദയം

### വരികൾ

'നാൽപ്പത് വട്ടം ജനാബത്തുണ്ടായാരെ
നാൽപ്പത് വട്ടം ഒരുരാ കുളിച്ചോവർ
നലവേറും ഇശാ തൊളുതൊരുളുവാലെ
നാൽപതിറ്റാണ്ടോളം സുബ്ഹ് തൊളുതോവർ
ഒരു കാമൽ നിന്നിട്ട് ഒരു ഖത്തം തീർത്തോവർ
ഒരു ചൊൽമുതലായി മുവ്വാണ്ട് കാത്തോവർ

എന്നാരെ ഖിള്റ്താം അവർക്കിട്ടെചെന്നിട്ട്
ഏകൻ അരുളാലെ അവർകൂടെ നിന്നോവർ
ഇരുപത്തയ്യാണ്ടോളം ചുറ്റി നടന്നോവർ
ഇരിയെന്ന ഏകൽ കേട്ടാരെ ഇരുന്നോവർ
നാൽപ്പതിറ്റാണ്ടോളം വഅള് പറഞ്ഞോവർ
നന്നായി തൊണ്ണൂറ് കാലം ഇരുന്നോവർ
താരീഖ് നാനൂറ്റി എഴുപത് ചൊന്നെ നാൾ
കൈലാനി എന്നനാട് തന്നിൽ പിറന്നോവർ
ഊണും ഉറക്കും അതൊന്നുമെ കൂടാതെ
ഒരാണ്ടു കാലം പൊറുത്ത് നടന്നോവർ
ഇബ്‌ലീസവരെ ചതിപ്പാനായ് ചെന്നാരെ
ഇബ്‌ലീസെ ചാച്ചിക്കിടത്തി അയച്ചോവർ
അമ്പിയാക്കന്മാരും ഔലിയാക്കന്മാരും
അവരുടെ റൂഹും അവിടെ വരുന്നോവർ
അങ്ങനെ തന്നെ മലാഇകത്തന്മാരും
അവരുടെ മജ്‌ലിസിൽ ഹാളിറാകുന്നോവർ
ആവണ്ണം നമ്മുടെ ഖോജാ റസൂലുള്ളാ
അവരുടെ റൂഹും അവിടെ വരുന്നോവർ
അവരുടെ മജ്‌ലിസിൽ തുകിൽ ഇറങ്ങുന്നോവർ
അവരുടെ വഅ്ളാലെ പലരും ചായുന്നോവർ
യേറിയെ കൂറും ഖിള്റെ കാണുന്നോവർ
അവരുടെ അറിവും നിലയും നിറഞ്ഞോവർ
ഏറും അവർക്കിട്ടെ ഇൻസിലും ജിന്നുകൾ
ഈമാനും തൗബയും വാങ്ങുവാൻ ചെന്നോവർ
ആകാശത്തുമേൽ അവർ ചെന്ന താനത്ത്
ആരു ഒരു ശൈഖും ചെന്നില്ല എന്നോവർ
കൺ കൊണ്ട് കാമാൻ അരുതാതെ ലോകരെ
കാമാൻ അവർ ചുറ്റും എപ്പോളും ഉള്ളോവർ'

## അർഥവിശദീകരണം

| | | |
|---|---|---|
| ജനാബത്ത് | = | കുളി നിർബന്ധമായ അവസ്ഥ |
| ഇശാ | = | രാത്രി നമസ്ക്കാരം |
| സുബ്ഹി | = | പ്രഭാത നമസ്ക്കാരം |
| വുളു | = | അംഗശുദ്ധി വരുത്തൽ |
| ഖത്തം | = | ഖുർആൻ മുഴുവനായി പാരായണം ചെയ്യൽ |
| വഅള് | = | മതപ്രഭാഷണം |
| ഇബ്‌ലീസ് | = | ചെകുത്താൻ |
| റൂഹ് | = | ആത്മാവ് |
| മജ്‌ലിസ് | = | സദസ്സ് |
| ഹാളിർ | = | ഹാജർ |

## ആശയവിശദീകരണം

അദ്ദേഹത്തിന്റെ ജീവിതത്തിലെ സൂക്ഷ്മതയും കൃത്യതയുമാണ് ഇതിൽ പ്രതിപാദിക്കുന്നത്. ഒരു രാത്രി നാല്പതുവട്ടം കുളി നിർബ ന്ധമായപ്പോൾ (സ്വപ്ന സ്ഖലനത്താലോ മറ്റോ) നാല്പത് വട്ടവും കുളിച്ചയാളാണ് അദ്ദേഹം. രാത്രിയിലെ ഇശാ നമസ്കാരത്തിനായി അംഗശുദ്ധി വരുത്തി രാവിലെയുള്ള സുബഹി നാലുപതിറ്റാണ്ട് അദ്ദേ ഹത്തിന് നമസ്കരിക്കാനായി. ഉറങ്ങിയാൽ നേരത്തെ എടുത്ത അംഗശു ദ്ധി മുറിയുകയും പിന്നീട് എടുക്കുകയും വേണം. ഇവിടെ ഉറങ്ങിയില്ല എന്ന് സൂചന. ഒരു കാലിൽ നിന്ന് ഖുർആൻ മുഴുവനായി അദ്ദേഹം ഓതിത്തീർത്തു. തന്റെ ഗുരു കാത്തുനിൽക്കാൻ പറഞ്ഞിടത്ത് മൂന്ന് വർ ഷമാണ് അദ്ദേഹം അവിടെ നിന്നത്. ഇരുപത്തിയഞ്ച് വർഷത്തോളം അദ്ദേഹം തീർത്ഥയാത്രകൾ നടത്തി. പിന്നെ ഒരു സ്ഥലത്ത് താമസിക്കാ നുള്ള കൽപ്പന കിട്ടിയതോടെ അവിടെ ഇരിപ്പുറപ്പിച്ചു. നാലുപതിറ്റാണ്ട് മതപ്രഭാഷണം നടത്തി. തൊണ്ണൂറ് വർഷം നന്നായി ജീവിച്ചു. ഹിജ്റ വർഷം നാനൂറ്റി എഴുപതിൽ കൈലാൻ (ജീലാൻ) എന്ന സ്ഥലത്താണ് ഇദ്ദേഹം ജനിച്ചത്. ഊണും ഉറക്കവുമില്ലാതെ ഒരു വർഷം ആരാധന മാത്രം നടത്തി അദ്ദേഹം ജീവിച്ചു. ചതിക്കാനായി വന്ന ചെകുത്താനെ കീഴ്പ്പെടുത്തിയ വ്യക്തിയാണദ്ദേഹം. പണ്ഡിതരുടെയും മഹത് വ്യക്തി കളുടെയും ആത്മാവ് അദ്ദേഹത്തെ തേടി വന്നു. മാലാഖമാരും അദ്ദേഹ ത്തിന്റെ സദസ്സിൽ ഹാജരായിരുന്നു. മഹാനായ നബിയുടെ ആത്മാവും അദ്ദേഹത്തിന്റെ അടുത്ത് വന്നെത്താറുണ്ട്. സദസ്സിൽ ബഹുമാനസൂചക മായി നൽകപ്പെടുന്ന വസ്ത്രം അവതരിക്കുകയും (ആത്മീയ തലമാണ് സൂചിതം) പലരും അവസാനമായി അദ്ദേഹത്തിന്റെ ഉപദേശം കേട്ട് മര ണത്തെ പുൽകാറുമുണ്ട്. ഖിളർ നബിയെ പലപ്പോഴും നേരിൽ കാണു കയും അറിവും സ്ഥാനവും അദ്ദേഹം കരസ്ഥമാക്കുകയും ചെയ്യാറുണ്ട്. ശൈഖിന്റെ പക്കൽനിന്ന് സത്യവിശ്വാസം സ്വീകരിക്കാൻ മനുഷ്യരും ജിന്നുകളും അദ്ദേഹത്തെ സമീപിക്കാറുണ്ട്. ആകാശത്തിൽ അദ്ദേഹമെ ത്തിയ സ്ഥലത്ത് ഒരു ശൈഖിന് പോലും എത്താനായില്ല. ആത്മീയമായ ഉയർച്ചയാണ് സൂചിപ്പിക്കുന്നത്. മറ്റുള്ളവർക്ക് കണ്ണുകൊണ്ട് കാണാൻ കഴിയാത്തവർ അദ്ദേഹത്തിന്റെ സദസ്സിൽ പങ്കെടുക്കാറുണ്ടായിരുന്നു.

▶ സൂക്ഷ്മതയും കൃത്യതയും

## വരികൾ

'ഖാഫ് മല ഇന്നും അപ്പുറം ഉള്ളോവർ
കാണാം അവർ മേൽമ കാണായി ബന്നോവർ
പലപലെ സ്വഫ്ഫായി അവർ തലക്കുമ്മേലെ
പാങ്ങോടെ അവിടെ ചെന്നവരെ അയച്ചോവർ
ആകാശം ഭൂമിയും ഒന്നുമെ തട്ടാതെ
അവിടുത്തെ ഖുബ്ബാമെൽ പോയി ഇരുന്നോവർ
തേനീച്ച വെച്ചപോൽ ഉറുമ്പ് ചാലിട്ട പോൽ
തിശഅവർ എപ്പോളും ആ വണ്ണം ഉള്ളോവർ
മുതലായെ റമളാനിൽ മുപ്പത് നാളിലും
മുലകുടിക്കും കാലം മുലനെ തൊടാത്തോവർ

പള്ളിയിൽ ഓതും നാൾ മലക്കുകൾ ചൊല്ലുവാർ
പുള്ളരേ താനം കൊടുപ്പീൻ അതെന്നോവർ
ഇതിനോ പടച്ചെന്ന് തൂങ്ങുമ്പോൾ കേട്ടോവർ
എവിടേക്കെന്നെങ്ങാനും പോകുമ്പോൾ കേട്ടോവർ
ഏറും അറഫാനാൾ പശുവെ പായിച്ചാരെ
ഇതിനോ പടച്ചെന്ന് പശുവ് പറഞ്ഞോവർ
ഏതും ഇല്ലാത്ത നാൾ നിന്നെ ഒന്നാക്കിയൻ
ഇപ്പോൾ നീ എന്നെ നിന എന്നും കേട്ടോവർ
ഇരവും പകലും എളുപത് വട്ടം നീ
എന്നുടെ കാവലിൽ എന്നേകൽ കേട്ടോവർ
പലരെ ഇടയിന്ന് നിന്നെ തിരെഞ്ഞെൻ ഞാൻ
പാങ്ങോടെ ഈ ചൊല്ലും ഇങ്ങനെ കേട്ടോവർ
എനക്ക് തനക്കായി നിന്നെ പടച്ചൻ ഞാൻ
ഇങ്ങിനെ തന്നെയും സദ്‌താ കേട്ടോവർ
കളവ് പറയല്ല എന്നുമ്മ ചൊന്നാരെ
കള്ളന്റെ കയ്യില് പൊന്ന് കൊടുത്തോവർ
അവരെ തടിയെല്ലാം പലതാനത്തായാരെ
അങ്ങിനെ എത്തിരാ സങ്കിടം തീർത്തോവർ
കഷ്ടമേറും രാവിൽ നടന്നങ്ങ് പോകുമ്പോൾ
കൈവിരൽ ചൂട്ടാക്കി കാട്ടി നടന്നോവർ
കണ്ണിൽ കാണാത്തതും ഖൽബകത്തുള്ളതും
കൺകൊണ്ട് കണ്ടെപോൽ കണ്ട് പറഞ്ഞോവർ'

## അർഥവിശദീകരണം

| | | |
|---|---|---|
| സ്വഫ്ഫ് | = | നിര |
| പാങ്ങ് | = | ശക്തി |
| ഖുബ്ബ | = | മിനാരം, ഗോപുരം |
| റമളാൻ | = | വ്രതമെടുക്കുന്ന മാസം |
| ചൂട്ട് | = | വെളിച്ചം തെളിക്കാനായി തെങ്ങോല ചേർത്തുണ്ടാക്കുന്നത് |

## ആശയവിശദീകരണം

മുഹിയിദ്ധീൻ ശൈഖിന്റെ മേന്മകൾ കാണാനായി കാഫ് മലയ്ക്ക് അപ്പുറത്തു നിന്നും ആളുകളെത്തിയിരുന്നു. തലയ്ക്കു മീതെ പലപല നിരകളായി അവരെ നിർത്തി. ആകാശത്തിലും ഭൂമിയിലും അല്ലാതെ അല്ലാഹു നൽകിയ ഗോപുരത്തിൽ അദ്ദേഹം പോയിരുന്നു. തേനീച്ചകൾ കൂട്ടമിടുന്നതു പോലെയും ഉറുമ്പുകൾ ചാലിട്ട പോലെയുമായിരുന്നു അദ്ദേഹത്തിനു ചുറ്റും ജനങ്ങളുണ്ടായിരുന്നത്. പിഞ്ചുകുഞ്ഞായിരുന്ന വേളയിൽ വ്രതമാസമായ റമളാനിൽ മുലപ്പാൽ പോലും അദ്ദേഹം കുടിച്ചിരുന്നില്ല. പള്ളിയിൽ ഖുർആൻ ഓതുന്ന സമയത്ത് മാലാഖമാർ വന്നെത്തി അദ്ദേഹത്തിന് സ്ഥലം ലഭ്യമാക്കാൻ മറ്റുള്ളവരോട് പറയു

മായിരുന്നു. പല ദൈവവചനങ്ങളും അദ്ദേഹവുമായി സംവദിച്ചു. കുട്ടിക്കാലത്ത് ഒരു അറഫ ദിവസം പശുവിനെ ഓടിക്കുകയും ഇതിനാണോ താങ്കൾ പടക്കപ്പെട്ടത് എന്ന് പശു ചോദിക്കുകയും ചെയ്തു. 'താങ്കൾ ഒന്നുമല്ലാത്ത കാലത്ത് താങ്കളെ നാം ഇഷ്ടപ്പെട്ടു, ഇപ്പോൾ എന്നെ ഓർക്കുക, എന്നും പലരുടേയും ഇടയിൽനിന്ന് നിങ്ങളെ ഞാൻ തെരഞ്ഞെടുത്തു' എന്നും ഒരു ശബ്ദം പറയുന്നത് ശൈഖ് കേട്ടു. 'എനിക്ക് വേണ്ടി ഞാൻ നിന്നെ പടച്ചു' എന്ന ശബ്ദവും തുടർന്നുണ്ടായി. കളവു പറയരുത് എന്ന് ഉമ്മയോട് ഉടമ്പടി വെച്ചിരുന്നതിനാൽ തന്റെ പക്കലുള്ള നാൽപ്പത് സ്വർണനാണയങ്ങൾ കള്ളന്റെ കയ്യിൽ അദ്ദേഹത്തിന് ഏൽപ്പിക്കേണ്ടിവന്നു. ഒരേ സമയം പല സ്ഥലത്തും പ്രവർത്തിച്ച് ഒരുപാട് പേരുടെ സങ്കടം തീർത്തു. കൂരിരുട്ട് നിറഞ്ഞ രാത്രിയിൽ നടന്നുപോകുമ്പോൾ അദ്ദേഹത്തിന്റെ കൈവിരൽ ചൂട്ട് പോലെ വെളിച്ചം വിതറി. സാധാരണ മനുഷ്യർക്ക് കാണാൻ കഴിയാത്തതും മറ്റുള്ളവർ മനസിൽ ഒളിപ്പിച്ചതും കൺമുമ്പിൽ കണ്ടതുപോലെ കൃത്യമായി പറയാൻ അദ്ദേഹത്തിനായിരുന്നു.

▶ പിഞ്ചുകുഞ്ഞായപ്പോൾ തൊട്ടുള്ള സൂക്ഷ്മത

## വരികൾ

'ഉറങ്ങുന്ന നേരത്തും ഖബറകം തന്നിന്നും
ഉടയോവൻ ഏകൽ ഉണരെ പറഞ്ഞോവർ
ഖബറകത്തിന്ന് സലാമിനെ കേട്ടോവർ
ഖബ്റകത്തുള്ളവരോട് മൊളിന്തോവർ
ഖബറകത്തുസ്താദെ കുറവാക്കിക്കണ്ടാരെ
ഖബ്റുങ്ങൽ നിന്നത് നീക്കിച്ച് വെച്ചോവർ
ഖാഫിലക്കാരരെ കള്ളർ പിടിച്ചാരെ
കാണാനിലത്തിന്ന് ഖബ്ഖാബാൽ കൊന്നോവർ
മുട്ടിപ്പാനായ് മുതിർന്ന ശൈഖാരെ
മറപ്പിച്ചു പിന്നെ തിരിച്ചു കൊടുത്തോവർ
കൂടയിൻ കെട്ടി അവർ മുമ്പിൽ വെച്ചാരെ
കൂട അഴിക്കും മുൻ അതിനെ തിരിച്ചോവർ
കുറവുള്ള പൈതലെ നന്നാക്കയും ചെയ്ത്
കുറവില്ലാ പൈതലെ കുറവാക്കി വിട്ടോവർ
ചത്തചകത്തീനെ ജീവൻ ഇടീച്ചോവർ
ചാകും കിലശത്തെ നന്നാക്കി വിട്ടോവർ
കോഴിടെ മുള്ളോട് കൂകെന്ന് ചൊന്നാരെ
കൂശാതെ കൂകിപ്പറപ്പിച്ച് വിട്ടോവർ
എന്നോട് തേടുവീൻ വേണ്ടുന്നതെപേരും
എന്നാരെ തേടിയതെല്ലാം കൊടുത്തോവർ
മേലെ നടന്നോരെ താത്തിച്ച് വച്ചോവർ
മേലാൽ വരുന്ന വിശേളം പറഞ്ഞോവർ
നിലനെ കൊടുപ്പാനും നിലനെ കളവാനും
നായൻ അവർക്കനുവാദം കൊടുത്തോവർ
ബേണ്ടീട്ട് വല്ലൊരു വസ്തൂനെ നോക്കുകിൽ

SGOU

ബേണ്ടിയ ബണ്ണം അതിനെ ആക്കുന്നോവർ
അപ്പൾ കുലം പുക്കെ പുതിയ ഇസ്‌ലാമിനെ
അബ്ദാലന്മാരാക്കി കൽപ്പിച്ച് വെച്ചോവർ
പറക്കും വലിയ്യെ പടിക്കൽ തളച്ചോവർ
പറന്നിട്ടു ചെന്നോരെ തൗബ ചെയ്യിച്ചോവർ'

## അർഥവിശദീകരണം

| | | |
|---|---|---|
| ഖബർ | = | കുഴിമാടം |
| കാഫിലക്കാർ | = | യാത്രാസംഘം |
| ഖബ്ഖാബ് | = | മെതിയടി |
| തേടുക | = | പ്രാർത്ഥിക്കുക |
| അബ്ദാലന്മാർ | = | സൂഫികളിലെ ഒരു വിഭാഗം |

## ആശയവിശദീകരണം

ഉറങ്ങുന്ന നേരത്തും കുഴിമാടത്തിൽ വെച്ചും അല്ലാഹുവിന്റെ കൽപ്പന അദ്ദേഹം ജനങ്ങളിലേക്കെത്തിച്ചിട്ടുണ്ട്. കുഴിമാടത്തിൽ അടക്കം ചെയ്ത മൃതദേഹങ്ങളോട് സംസാരിക്കാനും അവർ പറയുന്നത് കേൾക്കാനും അദ്ദേഹത്തിനായിരുന്നു. ശൈഖിന്റെ കുഴിമാടത്തിനരികെ അദ്ദേഹത്തിന്റെ ഉസ്താദ് വന്നപ്പോൾ വലതുകൈക്കുള്ള സ്വാധീനക്കുറവ് കാണുകയും പ്രാർഥനയാൽ അത് ഭേദമാക്കുകയും ചെയ്തു. ഒരു യാത്രാസംഘത്തെ കൊള്ളക്കാർ പിടിച്ചപ്പോൾ കണ്ണുകൊണ്ട് കാണാൻ കഴിയാത്ത സ്ഥലത്തുനിന്ന് അദ്ദേഹം മെതിയടി എറിഞ്ഞ് കൊള്ളത്തലവന്മാരെ വധിച്ചു. അദ്ദേഹത്തെ ഉത്തരം മുട്ടിക്കാനായി ശ്രമിച്ച പണ്ഡിതരുടെ അറിവിനെ മായ്ച്ചും പിന്നീട് തിരിച്ച് നൽകിയും അവരെ പാഠം പഠിപ്പിച്ചു. കെട്ടിവരിഞ്ഞ് ഭദ്രമാക്കി തന്റെ മുമ്പിൽ വെച്ച കൂടയിൽ എന്താണുള്ളതെന്ന് അത് തുറക്കുന്നതിന് മുമ്പ് തന്നെ അദ്ദേഹം വെളിപ്പെടുത്തി. പല നിലയിൽ കുറവുകളുള്ള കുഞ്ഞുങ്ങളുടെ കുറവുകൾ നികത്തുകയും അഹങ്കരിച്ചവരെ കുറവുകളുള്ളവരാക്കി മാറ്റുകയും ചെയ്തു. മൃതദേഹത്തിന് ജീവൻ വെപ്പിക്കുകയും കുഷ്ഠം പോലുള്ള മാറാരോഗങ്ങൾ സുഖപ്പെടുത്തുകയും ചെയ്തു. എല്ലുകൾ മാത്രം അവശേഷിച്ച കോഴിയോട് എഴുന്നേൽക്കാൻ പറഞ്ഞപ്പോൾ അത് എഴുന്നേൽക്കുകയും കൂകിപ്പറപ്പിക്കുകയും ചെയ്തു. എല്ലാവരും അദ്ദേഹത്തോട് സഹായം അഭ്യർത്ഥിക്കാൻ പറയുകയും ആവശ്യക്കാർക്ക് വേണ്ടതെല്ലാം നൽകുകയും ചെയ്തു. അന്തരീക്ഷത്തിൽ കൂടി സഞ്ചരിച്ച ഒരാളെ താഴെ ഇറക്കി. ഭാവിയിൽ വരാൻ പോകുന്ന കാര്യങ്ങൾ മുൻകൂട്ടി പറഞ്ഞിരുന്ന അദ്ദേഹത്തിന് ഓരോരുത്തരുടെയും ആത്മീയസ്ഥാനം മെച്ചപ്പെടുത്താനും ഇല്ലാതാക്കാനുമുള്ള ശേഷിയുണ്ടായിരുന്നു. കാര്യമായി ഒരു വസ്തുവിനെ വല്ലവരും അന്വേഷിക്കുകയാണെങ്കിൽ അവർക്ക് അനുയോജ്യമായ വിധം ആ വസ്തുവിനെ അദ്ദേഹം മാറ്റിത്തീർത്തിരുന്നു. മതത്തിലേക്ക് പുതുതായി കടന്നുവന്നവരെ സൂഫികളിലെ ഉയർന്ന വിഭാഗമായ അബ്ദാലന്മാരെപ്പോലെ പരിഗണിച്ചു. പറന്നു നടന്ന ഒരു പണ്ഡിതനെ വീടിന്റെ ഇടനാഴിയിൽ തളക്കുകയും ചിലവിൽ പശ്ചാത്താപം ജനിപ്പിക്കുകയും ചെയ്തു.

▶ വരേണ്യബോധത്തെ ഇല്ലാതാക്കി

## വരികൾ

‘അറിവും നിലയും അതേതും ഇല്ലാത്തോർക്ക്
അറിവും നിലയും നിറയെ കൊടുത്തോവർ
നിലയും അറിവും അതൊക്കെയും ഉള്ളോരെ
നിലയും അറിവും പറിച്ചു കളഞ്ഞോവർ
നിലയേറെ കാട്ടി നടന്നൊരു ശൈഖിനെ
നിലത്തിന്റെ താഴെ നടത്തിച്ചു വെച്ചോവർ
ഉണർച്ചയിൽ ഉണ്ടാകാൻ പോകുന്ന ദോഷത്തെ
ഉറക്കിൽ കിനാവാക്കി കാട്ടി കളഞ്ഞോവർ
പാമ്പിന്റെ കോലത്തിൽ ജിന്നുകൾ ചെന്നാരെ
ഭയമേതും കൂടാതെ പറിച്ചെറിഞ്ഞിട്ടോവർ
ജിന്നൊരു പൈതലെ കൊണ്ടുപോയ് വിട്ടാരെ
ജിന്നെ വിളിപ്പിച്ച് അതിനെ കൊടുത്തോവർ
പലരും പല ബന്നം തിമ്മാൻ കൊതിച്ചാരെ
പാങ്ങോടെ അങ്ങിനെ തന്നെ തീറ്റിച്ചോവർ
പെയ്യും മഴയോടും ഒഴുകുന്ന ഹാറോടും
പോരും അതെന്നാരെ പോരിച്ചു വെച്ചോവർ
കനിയില്ലാ കാലം കനിയെ കൊടുത്തോവർ
കരിഞ്ഞ മരത്തിന്മേൽ കായായ് നിറച്ചോവർ
അവരെ ഒരുത്തൻ പോയി മസ്ഗറെ കണ്ടാരെ
അപ്പോളെ നാടെല്ലാം തിയ്യായ് നിറച്ചോവർ
അവരെ കുറവാക്കി കണ്ടവർക്കെല്ലാർക്കും
അപ്പോളെ ഓരോ ബലാലെ കൊടുത്തോവർ
അവരെ വെറുപ്പിച്ച വസ്തുവിൻ അപ്പോളെ
അവർ ഒരു നോക്കാൽ അതിനെ അമർത്തോവർ
അവരെ ദുആയും ബറക്കത്തും കൊണ്ടോവർ
ആഖിറവും ദുനിയാവും നിറഞ്ഞോവർ
അവരുടെ മൊളിയിൽ പുതുമ പലതുണ്ട്
ഇത്തിര തന്നെന്ന് ഓർത്തിട്ട് കൊള്ളാതോർ
തലയെല്ലാം കോത്തൻ ഞാൻ കൊത്തുള്ള പൊൻപോലെ
തടിയെല്ലാം പൊൻ പോലെ പിരിഞ്ഞൻ അറിവീരെ’

## അർഥവിശദീകരണം

| | | |
|---|---|---|
| തിമ്മാൻ | = | തിന്നാൻ |
| ഹാറ് | = | നദി |
| മസ്ഗറെ | = | പരിഹാസം |
| ദുആ | = | പ്രാർഥന |
| ബർക്കത്ത് | = | ഐശ്വര്യം |
| ആഖിറം | = | പരലോകം |
| ദുനിയാവ് | = | ഇഹലോകം |
| മൊളി | = | മൊഴി |

## ആശയവിശദീകരണം

അറിവും സ്ഥാനവുമില്ലാതെ ദുഃഖിച്ച് നിന്നവർക്ക് അതുരണ്ടും അദ്ദേഹം നിറയെ കൊടുത്തു. മര്യാദകേട് കാണിച്ചവരുടെ സ്ഥാനവും അറിവും ഒഴിവാക്കുകയും ചെയ്തു. അതിൽ ഒരു പണ്ഡിതനും ഉൾപ്പെടും. ഉണർന്നതിനുശേഷം ചെയ്യാൻ വിധിക്കപ്പെട്ട പാപത്തെ ഉറക്കത്തിലെ സ്വപ്നരൂപത്തിലേക്കാക്കിക്കൊടുത്തു. കൂറ്റൻപാമ്പിന്റെ രൂപം പ്രാപിച്ച് ജിന്നുകൾ ഭയപ്പെടുത്താൻ ശ്രമിച്ചപ്പോൾ ഒട്ടും ശങ്കയില്ലാതെ അതിനെ വലിച്ചെറിഞ്ഞു. ജിന്ന് ഒരു കുഞ്ഞുകുട്ടിയെ തട്ടിക്കൊണ്ടുപോയപ്പോൾ ജിന്നിനെ വിളിപ്പിച്ച് അതിനെ തിരികെ കൊടുപ്പിച്ചു. ഭക്ഷണം കഴിക്കാനായി ആശിച്ചു നടന്നവർക്ക് വേണ്ടത്ര ഭക്ഷണം നൽകി. പെയ്യുന്ന മഴയെയും ഒഴുകുന്ന നദിയെയും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ നിയന്ത്രിച്ചുനിർത്തി. മധുരഫലങ്ങളില്ലാത്ത കാലത്തും നിറയെ ഫലങ്ങൾ നൽകി. ഉണങ്ങിയ മരത്തിൽ പോലും ധാരാളം കായ്കളുണ്ടായി. ഒരാൾ അദ്ദേഹത്തോട് മര്യാദകേട് കാണിച്ചപ്പോൾ നാടാകെ തീകൊണ്ട് നിറച്ചു. അദ്ദേഹത്തെ വിലകുറച്ച് കണ്ടവരെയും വെറുപ്പിച്ച വസ്തുക്കളെയും ഒരു നോട്ടം കൊണ്ട് നശിപ്പിച്ചു. അദ്ദേഹത്തിന്റെ പ്രാർഥനയും ഐശ്വര്യവും കൊണ്ട് പലരുടെയും ഇഹപര ലോകങ്ങൾ സമൃദ്ധിയുടേതായി. അദ്ദേഹത്തിന്റെ പറച്ചിലിൽ നിറയെ പുതുമകളായിരുന്നു. അത് ഈ മാലയിൽ പറഞ്ഞതുമാത്രമേയുള്ളൂ എന്ന് കരുതരുത്.

- അഹങ്കാരം ശമിപ്പിച്ചു

## വരികൾ

'ഇതിയിൽ വലിയെ വിശേളം പലതുണ്ട്  
അറിവില്ല ലോകരെ പൊയ്യെന്ന് ചൊല്ലാതെ  
അധികം അറിവാൻ കൊതിയുള്ള ലോകരെ  
അറിവാക്കന്മാരോട് ചോദിച്ച് കൊൾവീരെ  
അവരുടെ പോരിശാ കേപ്പാൻ കൊതിച്ചോരെ  
അവരെ പുകൾന്നൊരെ പോരിശ കേപ്പീരെ  
അമീറമ്മാരുടെ എണ്ണവും വണ്ണവും  
അറിഞ്ഞാൽ അറിയാമെ സുൽത്വാന്മാർ പോരിശാ  
ആവണ്ണം നോക്കുവീൻ ശൈഖന്മാർ പോരിശാ  
അപ്പോൾ അറിയാമെ മുഹ്‌യുദ്ധീൻ പോരിശാ  
കൊല്ലം എഴുനൂറ്റി അമ്പത്തി രണ്ടിൽ ഞാൻ  
കോർത്താൻ ഇമ്മാലയെ നൂറ്റമ്പത്തഞ്ചുമ്മൽ  
മുത്തും മാണിക്കവും ഒന്നായ് കോർത്തപോലെ  
മുഹ്‌യുദ്ധീൻമാലയെ കോർത്താൻ ഞാൻ ലോകരെ  
മൊളിയൊന്നും പിളയാതെ കളയാതെ ചൊന്നോർക്ക്  
മണിമാടം സ്വർഗത്തിൽ നായൻ കൊടുക്കുമേ  
ദുഷ്കം കൂടാതെ ഇതിനെ എഴുതുകിൽ  
ദോഷം ഉണ്ടാമെന്ന് നന്നായറിവീരെ  
അല്ലാടെ റഹ്മത്ത് ഇങ്ങിനെ ചൊന്നോർക്കും  
ഇതിനെ പാടുന്നോർക്കും മേലെ കേക്കുന്നോർക്കും  
ഇത്തിരെ പോരിശാ ഉള്ളൊരു ശൈഖിനെ

ഇട്ടേച്ചെവിടേക്ക് പോകുന്നു ലോകരെ
എല്ലാരെ കോഴിയും കൂകി അടങ്ങുമേ
മുഹ്യുദ്ധീൻ കോഴി ഖിയാമോളം കൂകുമേ
ആഖിറം തന്നെ കൊതിയുള്ള ലോകരെ
അവരെ മുരീദായി കൊള്ളുവീൻ അപ്പോളെ
ഞാങ്ങളെല്ലാരും അവരെ മുരീദാകാൻ
ഞാങ്ങൾക്കുതവിതാ ഞാങ്ങളെ നായനെ
എല്ലാ മശാഇഖന്മാരെ ദുആനെ നീ
ഏകണം ഞങ്ങൾക്ക് അവരെ ദുആ കൂടെ
അവർക്കൊരു ഫാതിഹ എപ്പോഴും ഓതുകിൽ
അവരെ ദുആയും ബറക്കത്തും എത്തുമേ
ഖോജാ ശഫാഅത്തിൽ മുഹ്യുദ്ധീൻ തൻകൂടെ
കൂട്ട് സുവർകത്തിൽ ആലം ഉടയോനെ
നീ ഞങ്ങൾക്കെല്ലാർക്കും സ്വർഗതലത്തിന്ന്
നിന്നുടെ തൃക്കാഴ്ച കാട്ട് പെരിയോനെ
പിശയേറെ ചെയ്തു നടന്നൊരടിയാന്റെ
പിശയും പൊറുത്ത് നീ റഹ്മത്തിൽ കൂട്ടള്ളാഹ്
നല്ലെ സ്വലാവാത്തും നല്ലെ സലാമയും
നിന്റെ മുഹമ്മദിൻ ഏകണം നീ അള്ളാഹ്'

## അർഥവിശദീകരണം

| | | |
|---|---|---|
| പൊയ്യ് | = | കളവ് |
| അമീർ | = | രാജകുമാരൻ |
| റഹ്മത്ത് | = | കാരുണ്യം |
| ഫാത്തിഹ | = | ഖുർആനിലെ ആദ്യ അദ്ധ്യായം |
| ഖോജാ | = | മുഹമ്മദ് നബി |
| ശഫാഅത്ത് | = | ശുപാർശ |
| സുവർകം | = | സ്വർഗം |
| ആലം ഉടയവൻ | = | ദൈവം |
| പിശ | = | തെറ്റ് |

## ആശയവിശദീകരണം

ശൈഖിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ കോർത്തിണക്കിയാണ് മാല നിർമ്മിച്ചത്. മാലയിൽ അവിശ്വസനീയമാണെന്ന് തോന്നുന്നത് പൊള്ളയാണെന്ന് പറയരുതേ. അദ്ദേഹത്തിന്റെ അപദാനങ്ങൾ കള്ളമാണെന്ന് എഴുതിത്തള്ളാതെ അറിവുള്ളവരോട് ചോദിച്ചു മനസിലാക്കാൻ ശ്രമിക്കുക. മുഹ്യിദ്ദീൻ ശൈഖിന്റെ കഥകൾ കേൾക്കാൻ ആഗ്രഹിക്കുന്നവർ മതിയാവോളം പുകൾപെറ്റ കഥകൾ കേൾക്കട്ടെ. ഭരണാധിപന്മാരുടെ രൂപവും എണ്ണവും നോക്കിയാൽ ചക്രവർത്തിയുടെ പദവി മനസിലാകുമല്ലോ. ആ രീതിയിൽ സൂഫികളുടെ പ്രൗഢി മനസിലാക്കാൻ മുഹ്യിദ്ധീൻ ശൈഖിനെ നോക്കിയാൽ മതി. മാലയിൽ

മുത്തും പവിഴവും കോർക്കുന്നതുപോലെ മുഹ്യിദ്ധീൻ മാല ഞാൻ കോർത്തത് വർഷം എഴുന്നൂറ്റി എൺപത്തിരണ്ടിലാണ്. ഇതിലെ മൊഴിമുത്തുകൾ ഒന്നും കളയാതെ ഗ്രഹിക്കുന്നവർക്ക് അല്ലാഹു സ്വർഗം നൽകും. ഇത് എഴുതുമ്പോൾ സൂക്ഷിച്ച് എഴുതിയില്ലെങ്കിൽ ആശയം മാറിപ്പോകുന്ന ദോഷം സംഭവിക്കും. ഈ മാല പാടുന്നവർക്കും അത് കേൾക്കുന്നവർക്കും അല്ലാഹുവിന്റെ കാരുണ്യം ലഭിക്കട്ടെ. ഇത്രയും കഴിവുകളുള്ള ഒരു ശൈഖിനെ ഉപേക്ഷിച്ച് എങ്ങോട്ടാണ് ജനങ്ങളേ പോകുന്നത്? എല്ലാവരുടെ കോഴിയും കൂകി ഒടുങ്ങുമ്പോഴും മുഹ്യിദ്ദീൻ ശൈഖിന്റെ കോഴി അന്ത്യനാൾ വരെ കൂകും. പേരും പ്രശസ്തിയും സ്ഥായിയാണെന്നർത്ഥം. പരലോകത്തിൽ രക്ഷ വേണം എന്ന് ആഗ്രഹിക്കുന്നവർ അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിക്കട്ടെ. അതിനുള്ള സഹായവും എല്ലാ ഗുരുക്കൻമാരുടെയും പ്രാർത്ഥനയും ഞങ്ങൾക്കുണ്ടാകാൻ ദൈവം തുണക്കണം. അവരുടെ പേരിൽ എപ്പോഴും ഖുർആൻ ഓതണം. മുഹമ്മദ് നബിയുടെ ശുപാർശയിൽ മുഹ്യിദ്ദീൻ ശൈഖിനൊപ്പം സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതിൽ ഞങ്ങളെയും ഉൾപ്പെടുത്തണമേയെന്നും സ്വർഗത്തിന്റെ മനോഹര കാഴ്ച ഞങ്ങൾക്കും കാണിച്ചു തരണമേയെന്നും ദൈവത്തോട് പ്രാർത്ഥിക്കുന്നു. ജീവിതത്തിൽ ഒരുപാട് തെറ്റുകൾ ചെയ്തിട്ടുണ്ടെന്നും അവയെല്ലാം പൊറുത്തു തരാനും ദൈവത്തോട് അപേക്ഷിക്കുന്നു. ദൈവത്തിന്റെ രക്ഷയും കാരുണ്യവും നബിയുടെ കൂടെ എപ്പോഴും ഉണ്ടാകണമെന്ന പ്രാർത്ഥനയോടെ മാല അവസാനിക്കുന്നു.

▶ ദൈവത്തിനോടുള്ള പ്രാർത്ഥന

## Summarised Overview

ഇറാനിൽ ജനിക്കുകയും ഇറാഖിൽ ജീവിക്കുകയും ചെയ്ത മഹാനായ സൂഫിയാണ് മുഹ്യിദ്ദീൻ ശൈഖ് എന്നറിയപ്പെട്ട അബ്ദുൽ ഖാദർ ജീലാനി. സൂഫികളിൽ ഏറ്റവും പ്രാമാണികമായ സ്ഥാനമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ അപദാനങ്ങൾ വാഴ്ത്തി നാലു പതിറ്റാണ്ടു മുമ്പ് കോഴിക്കോടുള്ള ഖാസി മുഹമ്മദ് എന്ന പണ്ഡിതനാണ് 'മുഹ്യിദ്ദീൻ മാല' രചിച്ചത്. മാപ്പിളപ്പാട്ട് ശാഖയിൽ കണ്ടെടുക്കപ്പെട്ട ആദ്യത്തെ പാട്ടാണിത്. അറബിമലയാളം ലിപിയിലാണ് പാട്ട് എഴുതിയിരിക്കുന്നത്. 'അള്ളാതിരുപേരും സ്തുതിയും സലാവാത്തും അതിനാൽ തുടങ്ങുവാൻ അരുൾചെയ്ത വേദാമ്പർ' എന്ന സ്തുതി കീർത്തനത്തിലൂടെ കാവ്യം ആരംഭിക്കുകയും 'നല്ലെ സലാവാത്തും നല്ലെ സലാമെയും നിന്റെ മുഹമ്മദിനേകണം നീ അള്ളാ' എന്ന പ്രവാചക കീർത്തനത്തോടെ അവസാനിക്കുകയും ചെയ്യുന്നു. അദ്ധ്യാത്മിക ചിന്തയും തത്വചിന്തയും ഒരുപോലെ ലയിച്ചുചേർന്ന മാപ്പിള കാവ്യമാണെന്നതാണ് മാലയെ ഇതര കൃതികളിൽ നിന്നു വേറിട്ടു നിർത്തുന്നത്.

പ്രപഞ്ചം മുഴുവൻ മുഹ്യിദ്ദീൻ ശൈഖിന്റെ കീർത്തി പരന്നു. ആർക്കും എവിടെനിന്നും അദ്ദേഹത്തോട് സഹായം അഭ്യർത്ഥിക്കാം. അങ്ങനെയുള്ള എല്ലാവരെയും അദ്ദേഹം പരിഗണിച്ചു. 'മുഹ്യിദ്ദീൻ മാല'യെ ഭക്ത്യാദരവോടെയാണ് മാപ്പിള സമൂഹം കണ്ടിരുന്നത്. അവരുടെ ജീവിതത്തിലെ ഭക്തിനിർഭരമായ വേളകളിലെല്ലാം ഇതിന്റെ അലാപനമുണ്ടായിരുന്നു. പ്രസവം, രോഗം, മരണാനന്തര ചടങ്ങുകൾ തുടങ്ങിയ പ്രതിസന്ധി വേളകളിൽ ഈ കൃതി മാപ്പിള സമൂഹത്തിന് മാനസിക ആശ്വാസം നൽകി. ആഭിജാത്യ ചിന്തയുടെ പൊള്ളത്തരങ്ങളും വിവേചനത്തിനെതിരെയുള്ള ഉദ്ബോധനങ്ങളും കൃതിയിലുണ്ട്. സൂക്ഷ്മതയോടെയും കൃത്യതയോടെയുമുള്ള ശൈഖിന്റെ ജീവിതത്തെ പ്രകാശമാനമായി കാവ്യം ആവിഷ്കരിക്കുന്നു.

രചനാകാലത്തിലെ വാമൊഴിയാണ് കാവ്യരചനയിൽ പലപ്പോഴും ആശ്രയിച്ചു കാണുന്നത്. 'ചെയ്ത' എന്നതിന് പകരം 'ചെയ്തെ' എന്ന 'എ' കാര പ്രയോഗം മാപ്പിള-മലയാള രൂപമാണ്. അടിസ്ഥാന വർഗത്തെയാണ് കാവ്യം ലക്ഷ്യം വെയ്ക്കുന്നത് എന്നതിനാലാകാമിത്. നിരവധി ഗുണപാഠങ്ങൾ ലളിതമായ ഭാഷയിൽ മാലയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പലവരികളും നേരെ ചൊവ്വെ കാര്യം പറയുന്നവയാകുമ്പോഴും വരികളിൽ നിറഞ്ഞുനിൽക്കുന്ന താളാത്മകത, സംഗീതം, ശബ്ദസൗകുമാര്യം എന്നിവ ശ്രദ്ധേയ ഘടകങ്ങളാണ്. നാല് നൂറ്റാണ്ടു മുമ്പ് വിരചിതമായ കൃതിയുടെ ഭാഷാപരമായ ലാവണ്യം എടുത്തുപറയേണ്ടതുണ്ട്. 'ചൊന്നവാറെ', 'വന്നവാറെ' തുടങ്ങിയ പ്രാചീനമലയാളഭാഷാപ്രയോഗങ്ങളുടെ തദ്ഭവമായ 'ചെന്നാരെ'', 'വന്നാരെ' എന്നിങ്ങനെ മാലയിൽ കാണുന്ന പ്രയോഗങ്ങൾക്ക് പ്രാചീനമലയാളത്തിലെ 'അന്നാറെ', 'എന്നാറെ' തുടങ്ങിയ പദങ്ങളോട് സാമ്യമുണ്ട്. വൃത്തത്തിന്റെ കാര്യത്തിൽ കാകളിയോടുള്ള സാദൃശ്യവും കാണാം.

തമിഴ് സാഹിതീയാംശങ്ങൾ മുഹ്‌യിദ്ദീൻ മാലയിൽ യഥേഷ്ടമുണ്ട്. തമിഴകത്തെ ശൈവന്മാർക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന ഭക്തികാവ്യങ്ങളുടെ ധാര പിന്തുടർന്നുകൊണ്ടാണ് അറബി മലയാളത്തിലെ ഈ മാല രചിക്കപ്പെട്ടതെന്ന് വിലയിരുത്തപ്പെടുന്നതായി ഡോ. ഉമർ തറമേൽ അഭിപ്രായപ്പെടുന്നു. 'തമിഴിലെ ചെയ്യുൾ വികാരങ്ങളായ വലിത്തലും മെലിത്തലും നീട്ടലും കുറുക്കലും വിരിത്തലും തൊകുത്തലും മുഹ്‌യിദ്ദീൻ മാലയിലെ പദസംവിധാനത്തിൽ പ്രകടമാണ്. തമിഴ് വൈയാകരണന്മാർ തമിഴ് കവിതകളിൽ വടചൊൽ/സംസ്കൃത പദങ്ങൾ സ്വീകരിക്കുമ്പോൾ അവയ്ക്ക് 'ആരിയ ചിതൈവ്' വരുത്തണമെന്ന് നിർബന്ധിക്കുന്നു. മാപ്പിളപ്പാട്ടുകാരാവട്ടെ, വടചൊല്ലിനു മാത്രമല്ല അറബി പദങ്ങൾക്കും ആരിയ ചിതൈവ് വരുത്തുന്നതിൽ ശ്രദ്ധാലുക്കളാണ്. മുഹ്‌യിദ്ദീൻ മാലയിൽ കാണപ്പെടുന്ന ഈ പാരസ്പര്യം യാദൃച്ഛികതയല്ല. അറബി മലയാള സാഹിത്യത്തിലേക്കുള്ള മാപ്പിള സാംസ്കാരികതയുടെ പരിണാമ ദശയെയാണ് സൂചിപ്പിക്കുന്നത്' എന്ന ബാലകൃഷ്ണൻ വള്ളിക്കുന്നിന്റെ നിരീക്ഷണം ശ്രദ്ധേയമാണ്. പല പേർഷ്യൻ, സംസ്കൃത വാക്കുകളും വിവിധ സന്ദർഭങ്ങളിൽ ഉപയോഗിച്ചിട്ടുള്ളത് ശ്രദ്ധേയമാണ്.

## Assignments

1. മാപ്പിളപ്പാട്ടുകളുടെ വൈവിധ്യത്തെക്കുറിച്ച് വിശദീകരിക്കുക.
2. മുഹ്‌യിദ്ദീൻ മാലയുടെ ചരിത്രപ്രാധാന്യം വിശദീകരിക്കുക.
3. അടിസ്ഥാന വർഗത്തെ മുന്നിൽകണ്ടാണ് ഖാസി മുഹമ്മദ് മുഹ്‌യിദ്ദീൻ മാല ഒരുക്കിയത്. വിശദമാക്കുക.
4. സമൂഹത്തിൽ നിലനിന്ന ആഭിജാത്യ പ്രകടനത്തിന് താക്കീതായി മുഹ്‌യിദ്ദീൻ മാല മാറുന്നതെങ്ങനെയെന്ന് വിശദീകരിക്കുക
5. മനുഷ്യർക്കു പുറമേ മാലാഖമാർക്കും ജിന്നുകൾക്കും ആശ്രയമാകാൻ മുഹ്‌യിദ്ദീൻ ശൈഖിന് കഴിയുന്നതെന്തുകൊണ്ട്? വിലയിരുത്തുക
6. മുഹ്‌യിദ്ദീൻ മാല മുൻനിർത്തുന്ന ഭാഷാ പ്രത്യേകതകൾ വിശദമാക്കുക.

## Suggested Readings


1. വി. എം. കുട്ടി, മാപ്പിളപ്പാട്ട് ചരിത്രവും വർത്തമാനവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. കെ. അബൂബക്കർ (എഡി.), മലയാളത്തിലെ ഇശൽവഴി, ഐ. പി. എച്ച്., കോഴിക്കോട്.
3. ഉമർ തറമേൽ, ഇശലുകളുടെ ഉദ്യാനം, റെയിൻബോ ബുക്ക് പബ്ലിഷേഴ്സ്, തിരുവനന്തപുരം.
4. ഡോ. കെ. എം. ജോർജ് (എഡി.), ആധുനിക മലയാള സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.


## References


1. ഡോ. എം. ലീലാവതി, മലയാള കവിതാ സാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
2. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി. സി. ബുക്സ്, കോട്ടയം.
3. ഖാസി മുഹമ്മദ്, മുഹിയിദ്ദീൻ മാല, യു. കെ. എ. ബുക്ക് സ്റ്റാൾ, കൊല്ലം.
4. കഴക്കൂട്ടം എ. വി. ശംസുദ്ദീൻ മുസ്‌ലിയാർ, മുഹ്‌യിദ്ദീൻ മാല വ്യാഖ്യാനം, ക്യാപ്പിറ്റൽ ഇന്റർനാഷണൽ ബുക്സ്, കോഴിക്കോട്.
5. ടി. കെ. ഹംസ, മാപ്പിളപ്പാട്ടിന്റെ മാധുര്യം, ഒലിവ്, കോഴിക്കോട്.


SGOU

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

# Unit 3

# മഹാകാവ്യപ്രസ്ഥാനം–കേരളീയ മഹാകാവ്യങ്ങൾ

## Learning Outcomes

- മഹാകാവ്യ പ്രസ്ഥാനത്തിന്റെ സവിശേഷതകൾ മനസിലാക്കുന്നു
- മലയാളത്തിലെ പ്രധാന മഹാകാവ്യങ്ങളെ പരിചയപ്പെടുന്നു
- 'രുഗ്മാംഗദചരിതം' മഹാകാവ്യത്തിന്റെ ഭാവപരവും രൂപപരവുമായ സവിശേഷതകൾ കണ്ടെത്തുന്നു
- പന്തളം കേരളവർമ്മയുടെ കാവ്യജീവിതത്തെക്കുറിച്ച് അറിവ് നേടുന്നു

## Background

**മഹാകാവ്യ പ്രസ്ഥാനം**

സാഹിത്യം സുകുമാരകലകളിൽ ഉത്കൃഷ്ടമായ പദവിയെ അലങ്കരിക്കുന്നു. സാഹിത്യകലയെ അതിന്റെ സ്വരൂപത്തിന്റെ അടിസ്ഥാനത്തിൽ ഗദ്യം, പദ്യം, മിശ്രം എന്നിങ്ങനെ കാവ്യമീമാംസകൾ വിഭജിച്ചിട്ടുണ്ട്. പദ്യം വൃത്താത്മക സാഹിത്യമാണ്. വൃത്തം, ഛന്ദസ്സ് എന്നിവ അടിസ്ഥാനപരമായി താളം തന്നെ. ഗദ്യത്തിന് വൃത്ത നിബന്ധനയില്ല. ഗദ്യ പദ്യങ്ങൾ ഇടകലർന്നതാണ് മിശ്രം. കാവ്യങ്ങൾ വികാര പ്രധാനവും ഗദ്യം വിചാരപ്രധാനവുമാണെന്ന് പൊതുവെ കരുതപ്പെടുന്നു. ഇതര സാഹിത്യരൂപങ്ങളെ അപേക്ഷിച്ച് ഹൃദയഹാരിയും ജനകീയവുമായതുകൊണ്ട് സാഹിത്യ ചരിത്രത്തിൽ ഏറെ മുന്നേറി വളർന്നത് കാവ്യസാഹിത്യമാണ്. പദ്യ സാഹിത്യത്തിന് അതിന്റെ രൂപപരവും സാങ്കേതികവുമായ സവിശേഷതയനുസരിച്ച് ഗീതകം, മുക്തകം, ഖണ്ഡകാവ്യം, മഹാകാവ്യം എന്നിങ്ങനെ വ്യത്യസ്തമായ ഉപവിഭാഗങ്ങളുണ്ട്. ഇതിൽ ജീവിതത്തെ സമഗ്രമായി ആവിഷ്ക്കരിക്കുന്നതിനുള്ള സാധ്യത മഹാകാവ്യങ്ങൾക്കാണുള്ളത്. മഹാകാവ്യമെന്നത് ജീവിതത്തിന്റെ ബൃഹദാഖ്യാന കാവ്യങ്ങളാണെന്നു പറയാം.

മഹാകാവ്യത്തിന്റെ ലക്ഷണസ്വരൂപങ്ങളെക്കുറിച്ച് ഭാരതീയ കാവ്യശാസ്ത്രകാരന്മാർ ഏറെ നിരീക്ഷിച്ചിട്ടുണ്ട്. കാവ്യശാസ്ത്ര ഗ്രന്ഥങ്ങളിൽ ഏറെ പൗരാണികമായ ഭാമഹന്റെ കാവ്യാലങ്കാരത്തിൽ 'സർഗബന്ധോ മഹാകാവ്യം മഹതാം ച മഹച്ച യത്?' എന്ന് തുടങ്ങുന്ന മഹാകാവ്യ ലക്ഷണം കല്പിക്കുന്നുണ്ട്. ഭാമഹനു ശേഷം ആചാര്യ ദണ്ഡി തന്റെ കാവ്യാദർശത്തിൽ കുറേക്കൂടി സമഗ്രവും വിപുലവുമായ മഹാകാവ്യലക്ഷണസ്വരൂപം അവതരിപ്പിക്കുന്നു. തുടർന്ന് വിശ്വനാഥ കവിരാജൻ, രുദ്രടൻ തുടങ്ങിയ ആലങ്കാരികന്മാരും മഹാകാവ്യരചനയ്ക്ക് മാർഗ നിർദ്ദേശം നൽകിയിട്ടുണ്ട്. എങ്കിലും ഏറ്റവും പ്രാമാണികമായ നിരീക്ഷണങ്ങൾ ആചാര്യ ദണ്ഡിയുടെതാണെന്നു കരുതണം; കാരണം പിൽക്കാല മഹാകാവ്യകർത്താക്കന്മാർക്ക് ഏറെ മാർഗ ചോദകവും സ്വീകാര്യവുമായത് ദണ്ഡിയുടെ നിരീക്ഷണങ്ങളായിരുന്നു.

**മലയാളത്തിലെ ആദ്യകാല മഹാകാവ്യങ്ങൾ**

**കൃഷ്ണഗാഥ**:-മലയാളത്തിലെ ആദിമഹാകാവ്യമായി പരിഗണിക്കപ്പെടുന്നത് ചെറുശ്ശേരിയുടെ കൃഷ്ണഗാഥയാണ്. 'മൂപ്പുകൊണ്ടും നൽപ്പുകൊണ്ടും മലയാള മഹാകാവ്യങ്ങളുടെ കൂട്ടത്തിൽ പ്രഥമഗണനീയമായ കൃതി കൃഷ്ണഗാഥയാണെന്ന സാഹിത്യപഞ്ചാനനന്റെ നിരീക്ഷ



SGOU

ണം ഇന്നും ചോദ്യം ചെയ്യപ്പെട്ടിട്ടില്ല. ശ്രീകൃഷ്ണചരിതത്തെ അധികരിച്ച് മലയാളത്തിലുണ്ടായ ആദ്യത്തെ മഹാകാവ്യം കൂടിയാണിത്. ഭാഗവതം ദശമസ്കന്ധത്തിലെ ശ്രീകൃഷ്ണന്റെ ജനനം മുതൽ സ്വർഗാരോഹണം വരെയുള്ള കഥയാണ് കൃഷ്ണഗാഥയുടെ ഇതിവൃത്തത്തിൽ അവലം ബമാക്കിയിരിക്കുന്നത്. എന്നാൽ കാവ്യോദ്ദേശങ്ങൾ രണ്ടിലും ഭിന്നമാണ്. ഭക്തിയിലധിഷ്ഠിത മായ അദ്വൈതദർശനമാണ് ഭാഗവതം മുന്നോട്ടുവയ്ക്കുന്നതെങ്കിൽ കാവ്യചമത്കാരങ്ങളിലാണ് ഗാഥാകാരന്റെ ശ്രദ്ധ.

മഹാകാവ്യങ്ങൾക്കു വിധിച്ചിട്ടുള്ള സർഗബന്ധം തുടങ്ങിയ ശാസ്ത്രീയലക്ഷണങ്ങൾ കാണാ നില്ലെന്ന വസ്തുത മുൻനിർത്തി കൃഷ്ണഗാഥയെ ആദിമഹാകാവ്യമായി പരിഗണിക്കുന്നതി നോട് വിയോജിക്കുന്നവരുണ്ട്. എന്നിരുന്നാലും മഹാകാവ്യങ്ങൾക്ക് വിധിച്ചിട്ടുള്ള ഋതുവർണ നം, അവതാരപുരുഷനായ ശ്രീകൃഷ്ണന്റെ നായകത്വം, പൂർവ്വോത്തരഭാഗങ്ങളായി വിഭജിച്ചു കൊണ്ടുള്ള 47 ഉപാഖ്യാനങ്ങൾ എന്നിവ മഹാകാവ്യത്തിന്റെ സവിശേഷതകൾ തന്നെയാണ്. മാത്രമല്ല കവിസങ്കേതങ്ങൾ, അലങ്കാരങ്ങൾ, വർണനകൾ തുടങ്ങിയവയിലെല്ലാം സംസ്കൃതകാ വ്യസംസ്കാരം ചെറുശ്ശേരി പിന്തുടരുന്നുമുണ്ട്. അതേ സമയം മനോധർമ്മവിലാസത്തിൽ ഒരു സ്വതന്ത്രകൃതിയുടെ പദവി കൃഷ്ണഗാഥയ്ക്കു കൈവരുകയും ചെയ്തിട്ടുണ്ട്. ക്ലാസിക് പ്രസ്ഥാ നത്തിന്റെ രൂപഭംഗിയും റൊമാന്റിക് പ്രസ്ഥാനത്തിന്റെ ഭാവഭംഗിയും മേളിക്കുന്ന അപൂർവകാവ്യ ശില്പമായി കൃഷ്ണഗാഥ വിലയിരുത്തപ്പെടുന്നു.

**ശ്രീകൃഷ്ണചരിതം മണിപ്രവാളം:-** കുഞ്ചൻ നമ്പ്യാരുടെ ആദ്യകാലകൃതികളിലൊന്നായി ട്ടാണ് ശ്രീകൃഷ്ണ ചരിതം മണിപ്രവാളത്തെ കണക്കാക്കുന്നത്. സംസ്കൃതത്തിന്റെ ശൈലി യിൽ മലയാള മഹാകാവ്യങ്ങളുടെ ആരംഭംകുറിച്ച കൃതിയും ഇതാണ്. പന്ത്രണ്ടു സർഗങ്ങളിൽ 912 ശ്ലോകങ്ങളിലായി ശ്രീകൃഷ്ണന്റെ ജനനം മുതൽ സന്താനഗോപാലം വരെയുള്ള കഥകൾ ഇതിലുണ്ട്. കാവ്യാരംഭത്തിൽ 'മതികമലവികാസഹേതുഭൂതം' എന്ന വരിയിൽ നിന്ന് അനുവാ ചകരിൽ ബുദ്ധിവികാസം ഉളവാക്കുകയാണ് കാവ്യപ്രയോജനമായി കവി കാണുന്നത് എന്ന് വ്യക്തമാവുന്നു. മഹാകാവ്യ ലക്ഷണങ്ങളിൽ കാണുന്നതുപോലെ ദ്വാരക, പാലാഴി, ഗോവർദ്ധ നം, വർഷകാലം തുടങ്ങിയ വർണനകൾ ഈ കാവ്യത്തിലുണ്ട്. കൂടാതെ ഇരുപത്തിരണ്ടോളം വിഭിന്നങ്ങളായ വൃത്തങ്ങൾ, പ്രഥമാക്ഷരപ്രാസം, ദ്വിതീയാക്ഷരപ്രാസം തുടങ്ങിയ ശബ്ദാലങ്കാ രങ്ങളും ഉപമ, രൂപകം, അപ്രസ്തുത പ്രശംസ തുടങ്ങിയ സാമ്യമൂലകാലങ്കാരങ്ങളും തുടങ്ങി മഹാകാവ്യങ്ങൾക്ക് ഉത്തമനിദർശനമാണ് ഈ മണിപ്രവാളമഹാകാവ്യം.

**നളചരിതം മണിപ്രവാളം :-** മാടായിമന്ദൻ ഗുരുക്കൾ (1830-1863) രചിച്ചതാണ് നളചരിതം മണി പ്രവാളം. മഹാഭാരതം നളോപാഖ്യാനമാണ് ഇതിന്റെ ഇതിവൃത്തത്തിനാധാരം. മൂലകഥയിൽ നിന്ന് മൗലികമായി യാതൊരു വ്യതിയാനവുമില്ലാത്ത ഈ കൃതി ഭാഷയിലെ രണ്ടാമത്തെ മണി പ്രവാള മഹാകാവ്യമായി കണക്കാക്കപ്പെടുന്നു. കേരളീയ പാരമ്പര്യമനുസരിച്ച് ഗണപതി, സര സ്വതി, ശിവൻ, വിഷ്ണു എന്നിവരെ സ്തുതിച്ചുകൊണ്ട് തന്റെ കാവ്യത്തിന്റെ പേരും സ്വഭാവവും നിർദ്ദേശിച്ച് കഥാനായകനായ നളന്റെ കഥ പറഞ്ഞു തുടങ്ങുന്ന ഈ മഹാകാവ്യത്തിൽ 1519 ശ്ലോകങ്ങളുണ്ട്.

**ഹരിശ്ചന്ദ്രചരിതം മണിപ്രവാളം:-** നരിക്കുനി ഉണ്ണീരിക്കുട്ടി വൈദ്യരാണ് ഹരിശ്ചന്ദ്രചരിതം മഹാകാവ്യത്തിന്റെ കർത്താവ്. സത്യവ്രതനായ ഹരിശ്ചന്ദ്ര മഹാരാജാവിന്റെ സത്യനിഷ്ഠയെ പരിശോധിക്കാനുള്ള ശ്രമങ്ങളും സത്യപരീക്ഷകളെ അതിജീവിച്ച് ദേവന്മാരിൽ നിന്ന് അനുഗ്ര ഹം വാങ്ങുന്ന കഥയുമാണ് ഈ കാവ്യത്തിന്റെ ഇതിവൃത്തം. പ്രാചീന കാവ്യരീതിയനുസരിച്ച് ഇഷ്ടദേവ സ്തുതിയിൽ തുടങ്ങി ഐഹികമായി ശ്രേയസ്സുകൾ ഈ കാവ്യത്തിന്റെ പാരായണം കൊണ്ടുണ്ടാകുമെന്ന ഫലശ്രുതിയോടെ അവസാനിക്കുന്ന ഈ കാവ്യത്തിൽ പത്തു സർഗങ്ങ ളും 1002 ശ്ലോകങ്ങളുമുണ്ട്. 'കേരള വിദ്വജ്ജന സംഘ ശിരോമണിയായ ശ്രീമൽ തിരുവിതാം കൂർ വലിയ കോയിത്തമ്പുരാന്' സമർപ്പിച്ചിട്ടുള്ള ഈ കൃതിക്ക് മാനവിക്രമൻ ഏട്ടൻതമ്പുരാൻ,

SGOU

ചാത്തുക്കുട്ടിമന്നാടിയാർ തുടങ്ങിയ പണ്ഡിതന്മാരുടെ അഭിപ്രായക്കുറിപ്പും പ്രോത്സാഹനവും ലഭിച്ചിട്ടുണ്ട്.

**ശാകുന്തളം മണിപ്രവാളം**:- ശാകുന്തളം മണിപ്രവാളത്തിന്റെ കർത്താവ് ചേളായിൽ കൃഷ്ണൻ എളേടമാണ്. കാളിദാസന്റെ അഭിജ്ഞാനശാകുന്തളം നാടകമാണ് ഈ മഹാകാവ്യത്തിന്റെ ഇതിവൃത്തം. ശകുന്തളോത്പത്തിയോടെ കഥ ആരംഭിച്ച് ഭരതഭരണം പ്രതിപാദിച്ചുകൊണ്ട് കാവ്യം അവസാനിക്കുന്നു. ശാകുന്തളം നാടകത്തിന്റെ കഥ പരത്തിപ്പറയുകയല്ലാതെ മൗലികമായ കാവ്യകല്പനകളുടെ അഭാവമാണ് ഈ കൃതിയെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. ഭാരതീയ നാടകത്തെ വിശ്വോത്തരമാക്കിത്തീർത്ത അഭിജ്ഞാന ശാകുന്തളത്തിന്റെ ഓജസില്ലാത്ത അനുകരണമാണ് ഈ കൃതി.

**പന്തളം കേരളവർമ്മ**

പന്തളം രാജകുടുംബത്തിൽ 1879 ജനുവരി 23ന് ജനിച്ചു. പാരമ്പര്യനിഷ്ഠമായ പശ്ചാത്തലത്തിൽ ബാല്യവും വിദ്യാഭ്യാസവും. ചെറുപ്പത്തിലെ കാവ്യരചന ആരംഭിച്ചുവെങ്കിലും അത് സംസ്കൃതത്തിലായിരുന്നു. യൗവ്വനാരംഭത്തോടെയാണ് അദ്ദേഹം മലയാളത്തിൽ കാവ്യരചന തുടങ്ങുന്നത്. കൊടുങ്ങല്ലൂർ കളരിയുടെയും കേരളവർമ്മ പ്രസ്ഥാനത്തിന്റെയും ശക്തമായ സ്വാധീനം പന്തളം കേരളവർമ്മയുടെ കാവ്യജീവിതത്തിലുണ്ടായിരുന്നു. ആ നിയോക്ലാസിക് പാരമ്പര്യം കവിതയിലുടനീളം പുലർത്തുകയും ചെയ്തു.

പൂർവസൂരികളായ മറ്റു പല നിയോക്ലാസിക് കവികളെയും പോലെ സമസ്യാപൂരണവും ഒറ്റശ്ലോകരചനയുമൊക്കെയായിട്ടായിരുന്നു കേരളവർമ്മയുടെയും തുടക്കം. എന്നാൽ അദ്ദേഹത്തിന്റെ സാഹിത്യജീവിതത്തിലെ നാഴികക്കല്ലായിത്തീർന്നത് കവനകൗമുദിയുടെ ആരംഭമായിരുന്നു. കവിതയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് സ്വന്തം ഉടമസ്ഥതയിലും പത്രാധിപത്യത്തിലും ആരംഭിച്ച പ്രസിദ്ധീകരണമായിരുന്നു കവനകൗമുദി. കവനകൗമുദിയിലെ സാഹിത്യവിഭവങ്ങളും വൃത്താന്തങ്ങളും മാത്രമല്ല, മുഖപ്രസംഗം, ഗ്രന്ഥനിരൂപണം, അറിയിപ്പുകൾ, പരസ്യങ്ങൾ എല്ലാം തന്നെ പദ്യത്തിലായിരുന്നു. അക്കാലത്തെ മലയാളകവികളെല്ലാവരും ചില പിന്മുറക്കാരും കവനകൗമുദിയിലെഴുതിയവരുമാണ്. 1904 നവംബർ 16ന് ആദ്യ ലക്കം പ്രസിദ്ധീകരിച്ച കവനകൗമുദി പത്രപ്രവർത്തനചരിത്രത്തിലെ മഹനീയമായ അധ്യായമാണ്.

ഇംഗ്ലീഷ് വിദ്യാഭ്യാസമോ പത്രപ്രവർത്തനത്തെക്കുറിച്ച് ഗാഢമായ ധാരണകളോ ഇല്ലാതിരുന്ന ഒരു കാലത്താണ് കേരളവർമ്മ പത്രപ്രവർത്തകൻ എന്ന നിലയിൽ ഖ്യാതി നേടിയത്. അദ്ദേഹത്തിന്റെ മുഖപ്രസംഗങ്ങൾ സാമൂഹിക രാഷ്ട്രീയ സാംസ്കാരിക വിമർശനങ്ങളായിരുന്നു. ദാരിദ്ര്യഹേതുക്കൾ, തിരുവിതാംകൂറിലെ ഊട്ടുപുരകൾ, പ്രാഥമികവിദ്യാഭ്യാസ പരിഷ്കാരം, രാജനീതി, മന്ത്രിധർമ്മം, രാജസേവ.. ഇങ്ങനെ പോകുന്നു മുഖപ്രസംഗങ്ങളിലെ വിഷയങ്ങൾ. ബ്രിട്ടീഷ് ഗവർണറുടെ സന്ദർശനം പ്രമാണിച്ച് നഗരം മോടി കൂട്ടിയതിനെക്കുറിച്ച്,

‘ധരയുടെ വരവെത്ര കേമമാക്കി -
പ്പുരമതിലെത്രപണം തൃണീകരിച്ച്
പുരമതിലുകളൊക്കവെള്ളയിട്ടു
സ്ഥിരമതുകൊണ്ട് മഹത്വമാർന്നിടുന്നോ?
പത്രധർമ്മത്തെക്കുറിച്ച്....
‘ഇഷ്ടമുള്ളവരെ വാഴ്ത്തിവെയ്ക്കുകയും
ശിഷ്ടരായവരെ നിന്ദ ചെയ്കയും
സ്പഷ്ടമിത്തൊഴിലുതന്നെ പത്രികോ-
ദ്ദിഷ്ടമെന്നവനുമെന്നു തോന്നീടും’

എന്നീ മാതൃകകൾ പന്തളം കേരളവർമ്മ പത്രപ്രവർത്തകനെന്നനിലയിൽ പുലർത്തിയ ഉത്പതിഷ്ണുത്വത്തിന് തെളിവാണ്.

കവനകൗമുദിയിലെ രചനകൾ കൊണ്ടുതന്നെ 'പദം കൊണ്ടു പന്താടിയ പന്തളം' എന്ന ഖ്യാതി അദ്ദേഹത്തിന് നേടിക്കൊടുത്തു. ഈ അഭ്യാസബലത്തിന്റെ പശ്ചാത്തലത്തിലാണ് 1908ൽ അദ്ദേഹം 'രുഗ്മാംഗദചരിതം' മഹാകാവ്യം എഴുതിയത്. തുടർന്ന് വിജയോദയം എന്ന കാവ്യമെഴുതി. ഇവകൂടാതെ ഭീമപ്രഭാവം, ഊർമിള, പുരുഷസ്വഭാഗ്യം, സൗഭദ്രനിര്യാണം, ചേലപ്പറമ്പ് തുടങ്ങിയ ലഘുകാവ്യങ്ങളും ഖണ്ഡകാവ്യങ്ങളും രചിച്ചു. തിരുവിതാംകൂർ സംസ്ഥാപകനായ മാർത്താണ്ഡവർമ്മയെക്കുറിച്ചുള്ള 'മാർത്താണ്ഡദേവോദയം', ശ്രീമൂലം തിരുനാളിനെക്കുറിച്ചുള്ള 'വഞ്ചിശതകം' എന്നിവയും എടുത്തുപറയേണ്ടവയാണ്. ഭാഗീരഥി, ലക്ഷ്മീ, നാണിക്കുട്ടി, ഒരു പുരാവൃത്തം, ഒരുമുക്തി, ബർബരീകൻ, ദുരഭിമാനിക്ക് പിണഞ്ഞ ദുർഘടം എന്നിവ ഖണ്ഡകാവ്യസ്വഭാവമുള്ള കല്പിതേതിവൃത്തകാവ്യങ്ങളാണ്.

പന്തളം കേരളവർമ്മയുടെ ബാലകവിതകൾ, പാഠപുസ്തകങ്ങളിലൂടെയും വായ്മൊഴിയായും കേരളത്തിലങ്ങോളമിങ്ങോളം പ്രചരിച്ചവയാണ്. ഇവ നാടൻപാട്ടുകൾപോലെ ജനഹൃദയങ്ങളിലിടം നേടിയിരിക്കുന്നു. സംസ്കൃതപദപ്രചുരമായ കവിതകളെഴുതിയ കവി തന്നെയാണ് ലളിതസുന്ദരമായ ഈ ശീലുകൾ രചിച്ചതെന്നത് കൗതുകമാണ്.

'പൈങ്കിളിയെ പൈങ്കിളിയെ കളിയായാടീടാൻ വരുമോ നീ...'

'മണിയെക്കണ്ടോ മണിയെക്കണ്ടോ നാഴികമണിയെക്കണ്ടോ.....'.

'അമ്പിളിയമ്മാവാ തിരിഞ്ഞിരുന്നൻപിനോടൊന്നു നോക്ക്...'.

എന്നീ ശീലുകൾ ജനങ്ങൾ നെഞ്ചേറ്റിയവ തന്നെയാണ്. ഇതിൽ 'ദൈവമേ കൈതൊഴാം കേൾക്കുമാറാകണം' എന്ന പ്രാർഥനാ ഗാനം നമ്മുടെ വിദ്യാലയങ്ങൾ ഏറ്റുപാടിയിട്ടുമുണ്ട്.

മഹാകാവ്യങ്ങൾ, ഖണ്ഡകാവ്യങ്ങൾ, ലഘുകാവ്യങ്ങൾ, ബാലകവിതകൾ, കൂട്ടുക്കവിതകൾ, മുക്തകങ്ങൾ, സമസ്യാപൂരണങ്ങൾ, കവിതക്കത്തുകൾ, ഓട്ടൻതുള്ളലുകൾ, നാടകപരിഭാഷകൾ തുടങ്ങി പന്തളം കേരളവർമ്മയുടെ സാഹിത്യ സംഭാവനകൾ വിപുലമാണ്. 1919ൽ കൊച്ചീരാജാവ് 'കവിതിലകൻ' എന്ന ബഹുമതി പന്തളം കേരളവർമ്മയ്ക്ക് നൽകി. അതേ വർഷം പന്തളം കേരളവർമ്മ അന്തരിക്കുമ്പോൾ അദ്ദേഹത്തിന് നാല്പതുവയസ്സു മാത്രമേ ഉണ്ടായിരുന്നുള്ളൂ. കുറഞ്ഞകാലം കൊണ്ട് വിപുലമായ സാഹിത്യരചനകൾകൊണ്ട് ധന്യമായിരുന്നു ആ ജീവിതം.

## Keywords

മഹാകാവ്യ പ്രസ്ഥാനം-രുഗ്മാംഗദചരിതം മഹാകാവ്യം-ഇതിവൃത്തം-ഭാഷ-ഘടന

## Discussion

### 3.3.1 രുഗ്മാംഗദചരിതം മഹാകാവ്യം

**പന്തളം കേരളവർമ്മ**

**'രുഗ്മാംഗദചരിതം'**

മഹാകാവ്യലക്ഷണങ്ങൾ സമ്പൂർണ്ണമായി ഒത്തിണങ്ങിയ മലയാളത്തിലെ രണ്ടാമത്തെ മഹാകാവ്യമാണ് പന്തളം കേരളവർമ്മയുടെ

'രുഗ്മാംഗദചരിതം'. 1908-ൽ രചന പൂർത്തീകരിച്ചെങ്കിലും 1912-ലാണ് ഈ കൃതി പ്രസിദ്ധീകൃതമായത്. മലയാളത്തിലെ മാഘം എന്നു വിശേഷിക്കപ്പെട്ടിട്ടുള്ള ഈ കൃതിയിൽ 19 സർഗങ്ങളിലായി 1488 പദ്യങ്ങളുണ്ട്. രുഗ്മാംഗദ മഹാരാജാവിന്റെ ജീവിത കഥയെ ആധാരമാക്കി വളരെക്കുറച്ച് കൃതികൾ മാത്രമേ ഉണ്ടായിട്ടുള്ളൂ. നമ്പ്യാരുടേതെന്നു കരുതപ്പെടുന്ന 'ഏകാദശിമാഹാത്മ്യം കിളിപ്പാട്ട്', ഇട്ടിരാരിശ്ശ മേനോന്റെ 'രുഗ്മാംഗദചരിതം ആട്ടക്കഥ', അജ്ഞാത കർതൃകമായ 'വടക്കൻ രുഗ്മാംഗദചരിതം ആട്ടക്കഥ' എന്നിവയാണത്. പന്തളം കേരളവർമ്മ 'രുഗ്മാംഗദചരിതം' മഹാകാവ്യ രചനയ്ക്ക് ആധാരമായി സ്വീകരിച്ചിരിക്കുന്നത് ബൃഹന്നാരദീയ പുരാണത്തിലെ രുഗ്മാംഗദോപാഖ്യാനമാണ്. പുരാണത്തിന്റെ ഉത്തര ഭാഗത്തെ മൂന്നു മുതൽ മുപ്പത്തിയെട്ടുവരെയുള്ള അധ്യായങ്ങളിലെ വിശദമായ ആഖ്യാനം വ്യതിയാനങ്ങളില്ലാതെ മഹാകാവ്യത്തിലും അനുസരിക്കുന്നതു കാണാം.

- മലയാളത്തിലെ മാഘം എന്നു വിശേഷിക്കപ്പെട്ടു

## ഇതിവൃത്തസ്വരൂപം

അയോദ്ധ്യയിലെ രാജാവായ രുഗ്മാംഗദന് അപ്സരസ്സുകൾ ഏകാദശിവ്രതമാഹാത്മ്യം ഉപദേശിച്ചു കൊടുക്കുന്നു. അത് അനുഷ്ഠിക്കുന്നതിൽ രാജാവിന്റെ നിഷ്ഠയും ഭാര്യ സന്ധ്യാവലിയുടെ പാതിവ്രത്യവും പുത്രനായ ധർമ്മാംഗദന്റെ പിതൃഭക്തിയുമാണ് കാവ്യപ്രമേയം. ഒന്നാം സർഗത്തിൽ അയോദ്ധ്യാപുരിയെയും അവിടത്തെ ഉദ്യാനത്തെയും വർണിക്കുന്നു. സന്ധ്യാവലി പരിണയത്തോടെ ഒന്നാം സർഗം സമാപിക്കുന്നു. രണ്ടാം സർഗത്തിൽ രുഗ്മാംഗദന്റെ ഭരണ നൈപുണ്യം, സന്ധ്യാവലിയുടെ ഗർഭകാന്തി, ധർമ്മാംഗദന്റെ വിദ്യാഭ്യാസത്തിനു ശേഷം രുഗ്മാംഗദനോടൊപ്പം നടത്തുന്ന വിശ്വവിജയിയാഗം എന്നിവയാണ് വിവരിക്കുന്നത്. ദിഗിജയം കഴിഞ്ഞ് ചക്രവർത്തി പദവിയോടുകൂടി സ്വരാജ്യത്തിലെത്തി പട്ടമഹിഷിയോടൊപ്പം സസുഖം വാഴുന്നതാണ് മൂന്നാമങ്കം. ഉദ്യാനകേളി, ജലക്രീഡ, അയോദ്ധ്യയിലെ തരുണീതരുണന്മാരുടെ വസന്തോത്സവവും മദനോത്സവവും കൊണ്ടാടുന്നതിന്റെ വർണനയും ഈ സർഗത്തിലാണുള്ളത്. വസന്തകാലത്തൊരുദിവസം ഉദ്യാനത്തിലെത്തുന്ന രാജാവ് ഉദ്യാനത്തിന്റെ പ്രൗഢിയെ വർണിക്കുമ്പോൾ രാജപത്നി ഉദ്യാനഭംഗിയെ ഇകഴ്ത്തുകയാണ്. ഇതിനു കാരണം സ്വർഗസ്ത്രീകളുടെ രാത്രികാലത്തുള്ള പൂവിറുക്കലാണെന്ന് ഭൃത്യന്മാരിൽ നിന്നു മനസിലാക്കിയ രാജാവ് മഹിഷിയെ അന്തഃപുരത്തിലാക്കി രാത്രിയിൽ അമരാംഗന്മാരെ പ്രതീക്ഷിച്ച് പൂവനത്തിന്റെ മറ പറ്റി നിൽക്കുന്നു. അഞ്ചാം സർഗം ദേവാംഗനമാരുടെ കുസുമാപഹയമാണ്. പൂക്കൾ പറിച്ചു കൊണ്ട് പോകുന്ന ഉർവശി തുടങ്ങിയവരുടെ വിമാനത്തെ രാജാവ് തടയുന്നതാണ് ആറാമങ്കം. ചലനമറ്റ വിമാനത്തെ ഇളക്കുന്നതിനായി ഏകാദശിവ്രതം അനുഷ്ഠിച്ച ഒരാളിന്റെ സ്പർശം വേണമെന്ന ദേവാങ്കന്മാരുടെ നിർദ്ദേശമനുസരിച്ച് ഭടന്മാർ വൃദ്ധയായ ചണ്ഡാലികയെ കൂട്ടിക്കൊണ്ടു വരുന്നു. ദേവസ്ത്രീകൾ രാജാവിനായി ഏകാദശിമാഹാത്മ്യം ഉപദേശിക്കുകയും, വൃദ്ധയുടെ സ്പർശത്താൽ ഉയർത്തപ്പെട്ട വിമാനത്തിൽ സ്വർഗത്തിലേക്കു മടങ്ങുകയും ചെയ്യുന്നു. വസിഷ്ഠമഹർഷിയും രാജാവും തമ്മിലുള്ള ഏകാദശിമാഹാത്മ്യവർണനയാണ് ഏഴാം സർഗം.

- ഏകാദശിമാഹാത്മ്യവർണന

പ്രജകളെല്ലാം ഏകാദശിവ്രതം നോറ്റു തുടങ്ങിയതു നിമിത്തം കാലപുരിയിലേയ്ക്ക് ഒരാളും ചെല്ലാത്തതിൽ യമൻ വ്യസനിക്കുന്നു. നാര

ദനിർദ്ദേശമനുസരിച്ച് യമൻ ബ്രഹ്മസവിധത്തിൽ ഉപശാന്തിയ്ക്കായി എത്തുന്നതുമാണ് എട്ടാംസർഗം. യമന്റെ വ്യസനത്തിൽ നിവൃത്തിയുണ്ടാക്കാമെന്ന് ആശ്വസിപ്പിച്ച് തിരിച്ചയച്ച ബ്രഹ്മാവ് രുഗ്മാംഗദന്റെ വ്രതനിഷ്ഠയ്ക്ക് ഭംഗം വരുത്തുന്നതിനായി ഒരു മോഹിനിയെ നിർമിച്ച് മന്ഥര പർവതത്തിലേക്കയക്കുന്നതാണ് ഒൻപതാം സർഗം. ഏകാദശി വ്രതം അനുഷ്ഠിച്ചിരുന്ന രുഗ്മാംഗദനിൽ മൃഗയാരസകൗതുകമുദിച്ച് രാജ്യഭരണം മകനെ ഏൽപ്പിച്ച് നായാട്ടിനു പുറപ്പെടുന്നതാണ് പത്താം സർഗത്തിലെ പ്രതിപാദ്യം. നായാട്ട് കഴിഞ്ഞ് രാജാവ് എത്തിച്ചേരുന്ന മന്ഥര പർവതത്തിന്റെ വർണനയാണ് പതിനൊന്നാം സർഗം. പന്ത്രണ്ടാം സർഗത്തിൽ രാജാവിന് മുന്നിൽ പ്രത്യക്ഷയാകുന്ന മോഹിനിയുടെ ലാവണ്യവർണനയാണ്. തുടർന്നുള്ള സർഗത്തിൽ മോഹിനിയിൽ അനുരക്തനാവുന്ന രാജാവിന്റെ പ്രണയ വൈവശ്യം, ആവശ്യപ്പെടുന്ന ഇഷ്ടവര വാഗ്ദാനം എന്നിവയ്ക്കു ശേഷം രാജാവ് മോഹിനിയോടുകൂടി മന്ഥര പർവതത്തിൽ സുഖമായി താമസിക്കുന്നതായി ചിത്രീകരിക്കുന്നു. തന്റെ ഉദ്ദേശ്യം ഫലിച്ചു തുടങ്ങുന്നുവെന്നു കണ്ട മോഹിനി തന്റെ ഉദ്ദേശപൂർത്തിക്കായി രാജാവിനെ കൊട്ടാരത്തിലേയ്ക്ക് തിരികെപ്പോകാൻ പ്രേരിപ്പിക്കുന്നു. മോഹിനി സമേതനായി കൊട്ടാരത്തിലെത്തിയ രുഗ്മാംഗദനെ സന്ധ്യാവലി ആദരപൂർവം സൽക്കരിക്കുന്നു. രാജാവിനെ കായക്ലേശം ചെയ്യാൻ അനുവദിക്കരുതെന്ന് ഉപദേശിക്കുന്ന മോഹിനിയോട് സന്ധ്യാവലി രാജാവിന്റെ വ്രതനിഷ്ഠയെ തകർക്കരുതെന്ന് പ്രതിവചിക്കുകയാണ് ഇതിനുവേണ്ടി വസുദത്തൻ എന്ന ബ്രാഹ്മണന്റെ കഥ പറഞ്ഞു കേൾപ്പിക്കുന്നു.

▶ മോഹിനിയുമൊത്തുള്ള വാസം

പതിനഞ്ചും പതിനാറും സർഗങ്ങൾ വസുദത്തോപാഖ്യാനമാണ്. പതിനേഴാം സർഗം ഉദയവർണനയും രുഗ്മാംഗദന്റെ വ്രതനിഷ്ഠയുടെ കാഠിന്യവുമാണ്. വ്രതം മുടക്കണമെന്ന മോഹിനിയുടെ ആവശ്യം, അംഗീകരിക്കാതെ വരുമ്പോൾ രാജദത്തമായ സത്യത്തിനുള്ള യാചന, ഇവരുടെ ഉക്തിപ്രത്യുക്തികൾ എന്നിവയും ഈ സർഗത്തിന്റെ സവിശേഷതയാണ്. പതിനെട്ടാം സർഗത്തിൽ രാജാവ് വ്രതം മുടക്കുകയില്ലെന്ന് കണ്ട് മോഹിനി രണ്ടാമത്തെ വരം ചോദിക്കുന്നു. സന്ധ്യാവലിയുടെ മുൻപിൽ വെച്ച് രുഗ്മാംഗദൻ ധർമ്മാംഗദനെ മടിയിൽ കിടത്തി വാളുകൊണ്ട് ആ കുട്ടിയുടെ കഴുത്തറുക്കണമെന്നതായിരുന്നു രണ്ടാമത്തെ വരം. ഇത് കേട്ട് വിവശനായ രാജാവിനെ ഭാര്യയും മകനും ആശ്വസിപ്പിച്ചുകൊണ്ട് എന്തുവന്നാലും ധർമം കൈവെടിയരുതെന്ന് ഉപദേശിക്കുന്നതാണ് പതിനെട്ടാം സർഗത്തിന്റെ ഉള്ളടക്കം. മകനെ മടിയിൽ കിടത്തി കയ്യിനേയും കരവാളിനെയും സംബോധന ചെയ്തു കരയുന്ന രുഗ്മാംഗദൻ തന്റെ കുട്ടിയെ വെട്ടുമ്പോൾ സാക്ഷാൽ മഹാവിഷ്ണു പ്രത്യക്ഷപ്പെട്ട് രാജാവിന്റെ കൈക്കു പിടിക്കുന്നു. രാജാവ് ഭഗവാനെ സ്തുതിക്കുന്നു. മഹാവിഷ്ണു മോഹിനിയെ തിരിച്ചയച്ച് രുഗ്മാംഗദനെ കളത്രസമേതം സ്വർഗത്തിലേക്കു കൊണ്ടുപോകുന്നതായി ചിത്രീകരിക്കുന്നു. പത്തൊൻപതാം സർഗത്തോടെ രുഗ്മാംഗദചരിതം മഹാകാവ്യം പൂർണമാകുന്നു.

▶ എന്തുവന്നാലും ധർമം കൈവെടിയരുതെന്ന് ഉപദേശിക്കുന്നു

SGOU

## വിശദപഠനം
## 'രുഗ്മാംഗദചരിതം' - ഒന്നാംസർഗം

### വരികൾ

'അനന്തസൽക്കീർത്തി പുലർത്തി നിത്യ-
മനന്തമേൽ മേദ്ധ്യയയോദ്ധ്യ മുന്നം
..........................................................................
........................................................................
....................................................................
പൊമ്പേടമാൻകണ്ണികൾ കണ്ണിനാൽത്താ
നമ്പു രസത്തോടുമുയർത്തി വീണ്ടും'.

### അർഥവിശദീകരണം

| | | |
|---|---|---|
| പുരുഭൂതി | = | അധികമായ ഐശ്വര്യം |
| സമാനർ | = | തുല്യർ |
| തത്ര | = | അവിടെ |
| പരാഭവം | = | മടക്കം, തോൽവി, അപമാനം, നാശം |
| നീകാശം | = | സദൃശം, ഛായ |
| വിവസ്വാൻ | = | ദേവൻ, ആദിത്യൻ |
| ധ്വജം | = | കൊടി, കൊടിമരത്തിന്റെ മുകളിലുള്ള അടയാളം, കൊടിക്കൂറ |
| സ്ഫുരൽ | = | ശോഭിക്കുന്ന, പ്രകാശിക്കുന്ന |
| ആവിഃ | = | പ്രകാശഭാവം |
| പ്രമോദം | = | സന്തോഷം |

### ആശയവിശദീകരണം

അനന്തശായിയായ മഹാവിഷ്ണുവിന് ഏറ്റവും പ്രിയങ്കരമായിരുന്ന അയോദ്ധ്യാരാജധാനി അനന്തമായ സൽക്കീർത്തിപൊഴിച്ച് നിലകൊണ്ടു. ശിവചൈതന്യം നിറയുന്ന ഗംഗാതീരത്തുള്ള ആ പട്ടണം ഇപ്പോഴും പുഷ്പഗന്ധം കൊണ്ട് നിറഞ്ഞിരുന്നു. ദേവന്മാർക്ക് അപമാനത്തിന് ഇടംകൊടുക്കാത്തവിധം കാമദേവനുതുല്യരായ മനുഷ്യർ ഈ പട്ടണത്തിൽ വസിച്ചു പോന്നു. ഈ വിധം ഭൂമിയിലെ പൂങ്കാവനമായ വിദ്യാധരാഢ്യയായ അയോദ്ധ്യാപുരി അളകാപുരിക്കും മേലെ പ്രകാശിച്ചു. ചന്ദ്രാതിശായിയായ അയോദ്ധ്യാപുരിയുടെ പ്രാകാരങ്ങൾ പർവതം പോലെ കാണപ്പെട്ടു. ലക്ഷ്മീദേവിയുടെ വിലാസരംഗമായ ഈ കൊട്ടാരമാകുന്ന ലീലാഗൃഹത്തിലാണ് മഹാവിഷ്ണു മനുഷ്യരൂപത്തിൽ (രുഗ്മാംഗദൻ)അവതരിച്ചത്.

▶ അയോദ്ധ്യാരാജധാനിയുടെ വർണ്ണന

ശ്രേഷ്ഠരായ രാജാക്കന്മാരാൽ അലങ്കരിക്കപ്പെട്ട ആ മാളിക അയോദ്ധ്യാപുരിക്ക് തന്നെ വെണ്മ പകർന്നു. കുമ്മായമിട്ട് ഉന്നതമോടിയാർന്നതും മായികമായ ചിത്രപ്പണികളോടുംകൂടിയ വെണ്മാടങ്ങൾ അഴകുകൊണ്ടും ഔന്നത്യം കൊണ്ടും ചന്ദ്രനോട് കിടനിന്നു. സുവർണ ഭൂമിയിൽ ഉയർന്നു നിൽക്കുന്ന കൊടുമുടിപോലെ തോന്നിക്കുന്ന പുരഗോപുരങ്ങൾ വർണ്യഭാവത്തോടെ നിലകൊള്ളുന്നു. ആ ഗോപുരാഗ്രത്തിൽ

സുവർണ സ്തൂപിക കണക്കേ സൂര്യൻ പ്രകാശിക്കുന്നു. അതേ സമയം ഒരാൾക്കും കടക്കാൻ അസാധ്യമാകുംവിധം അയോദ്ധ്യാപുരിക്കു ചുറ്റും ശിലാനിർമിതമായ കിടങ്ങുണ്ട്. ഇതുകണ്ടാൽ അയോദ്ധ്യാപുരി ആകാശഗംഗ ചൂഴ്ന്നു നിൽക്കുന്ന അമരപുരിയാണോ എന്നു തോന്നും. അവിടുത്തെ ഉന്നതമായ ധ്വജത്തിന്റെ പതാക പാറുന്നതു കണ്ടാൽ അത് ആദരവോടെ സ്വാഗതം ചെയ്യുന്നതായും തോന്നും. സദ്വസ്തുക്കൾ സമസ്തവും നിറഞ്ഞ, സമർഥരായ യോദ്ധാക്കളുള്ള, പ്രമത്തരായ ആനകളാലും കുതിരകളാലും നിറഞ്ഞ അയോദ്ധ്യാപുരി തികച്ചും ഭംഗിയുള്ളതു തന്നെ.

- ▶ അയോദ്ധ്യാപുരിയുടെ ഓരോ ഭാഗങ്ങളും വർണിക്കുന്നു

അയോദ്ധ്യാപുരിയുടെ പത്തനങ്ങൾ വജ്രവും സ്ഫടികവും പതിച്ചതായിരുന്നു. ഇന്ദ്രനീലം പതിച്ച പുരവീഥികൾ പ്രകാശമാനങ്ങളായി. അനർഘങ്ങളായ രത്നങ്ങൾ പതിച്ച ആ പുരങ്ങൾ കാഴ്ച്ചയിൽ മനസിനികൾക്ക് മോഹം വളർത്തി. ആയിരക്കണക്കിന് നഗരവീഥികൾ, അനർഘവും അമൂല്യവുമായ ഭോഗ്യവസ്തുക്കൾ നിറഞ്ഞ കച്ചവടത്തെരുവുകൾ. അവിടെ കുബേരനേയും വെല്ലുന്ന ധനികരായ വാണിക് പ്രഭുക്കൾ അളവില്ലാതെ ധനം ശേഖരിച്ചു. തുടർന്നുള്ള ഏതാനും ശ്ലോകങ്ങളിൽ അയോദ്ധ്യാപുരിയിലെ പുരസ്ത്രീകൾ കൂടി വർണ്യവിഷയമാകുന്നു. ഉയർന്ന അന്തഃപുര മാളികകളിൽ ജനാലക്കരികെ നിന്ന് പുരസ്ത്രീകൾ പൊട്ടുതൊട്ടതിനുശേഷം കൈ തുടച്ച മഷിപ്പാടുകളാണത്രെ ചന്ദ്രനിലെ കളങ്കം. മാളികമുകളിലെ കൊട്ടാര കന്യകമാരുടെ മുഖങ്ങൾ കിടങ്ങുകളിലെ ജലോപരിതലത്തിൽ പ്രതിഫലിക്കുന്നത് വിടർന്നു നിൽക്കുന്ന താമരകളെ ഓർമ്മിപ്പിക്കുന്നു. അയോദ്ധ്യയിലെ അന്തഃപുര സ്ത്രീകളെ കണ്ടാൽ ഇന്ദ്രപുരിയിലെ അപ്സരസ്സുകളാണെന്നേ തോന്നൂ. അന്തഃപ്പുരത്തിന്റെ പ്രൗഢിക്കൊപ്പം ആടിപ്പാടിക്കൊണ്ട് അവിടെയുള്ള യോഗിമാരെ കുഴക്കുന്നു. പരമേശ്വരന്റെ നേത്രാഗ്നിയിൽ മുന്നേ കരിഞ്ഞുപോയ കാമദേവനെയും ഉയിർത്തെഴുന്നേല്പിക്കും വിധമാണ് ഇവരുടെ വിലാസങ്ങൾ.

- ▶ അയോദ്ധ്യാപുരിയിലെ കച്ചവടത്തെരുവും ജനങ്ങളും

## വരികൾ

വിദ്യാധരസ്ത്രീകളുമഗ്ഗുണങ്ങൾ
ഹൃദ്യാദരാൽ വാഴ്ത്തിടുമെന്നവണ്ണം

........................................................................

പോരാ, മനോജ്ഞപ്രകൃതിപ്രസാദം
പോരായ്മകൈവിട്ടവിടെക്കളിച്ചു.

## അർഥവിശദീകരണം

| | | |
|---|---|---|
| തത്ര | = | അവിടെ, അതിങ്കൽ |
| വാടി | = | വേലിക്കകമായുള്ള സ്ഥലം, വളപ്പിനകം |
| ഭൃംഗാരി | = | ചീവീട് |

## ആശയവിശദീകരണം

വിദ്യാധര സ്ത്രീകൾ വാഴ്ത്തുന്ന വിധത്തിൽ നദിയിലെ താമരപ്പൊയ്കകൾ അയോദ്ധ്യയിലെ ഉദ്യാനത്തെ പ്രഭാപൂർണമാക്കി വിടർന്ന പൂവുകളെ നോക്കി,



SGOU

‘എന്താകിലും നമ്മോടു നരിമാർ തൻ
കാന്താനനം പറ്റുകയില്ലയെന്നായ്
ചിന്താ രസം പൂണ്ടു ഹസിക്കുകയാണോ
ചെന്താമരത്താരിനെഴും വികാസം’

എന്നിങ്ങനെ സന്ദേഹിക്കുന്നു. ഏതു ഹൃദയത്തെയും പ്രീതിപ്പെടുത്തുന്ന നാനാജാതി സുമങ്ങൾ, ഉദ്യാനത്തിൽ നിറഞ്ഞിരിക്കുന്നു. ഉന്മത്തകളായ മുല്ലവള്ളികൾ തേന്മാവിൽ പടർന്ന് പുഷ്പിണികളായിരിക്കുന്നതു കണ്ടാൽ ഫലങ്ങളുടെ മാതൃഭാവത്തെ വഹിക്കുന്നതായി തോന്നുന്നു. വാടിയതും അല്പം പോലും പൊഴിയാത്തതുമായ പൂക്കൾ കൊണ്ടു നിറഞ്ഞ ആ പുഷ്പവാടിയുടെ പുതുമോടി കണ്ടാൽ ഏതൊരുവനും പാടിപ്പുകഴ്ത്താതിരിക്കുകയില്ല. പിച്ചകപ്പൂക്കളുടെ സുഗന്ധം ഹൃദയത്തിലണയുമ്പോൾ കാമദേവൻ കളിയാടുന്ന പൊയ്കയുടെ തീരത്തുള്ള വിടർന്ന താമരകൾ കാമദേവന് ചൂടാനുള്ള ഛത്രംപോലെ ശോഭിക്കുന്നു. നീലത്താമരകൾക്കിടയിൽ കളിക്കുന്ന അരയന്നങ്ങളുടെ ദൃശ്യം അംഗനമാരുടെ വാർമുടിയിലെ പീലിനിരകളെ ഓർമ്മിപ്പിക്കുന്നു. മാൻപേടകൾക്കു ദുഃഖമുണ്ടാക്കുന്ന മാൻമിഴിമാരുടെ (സുന്ദരിമാരുടെ) അഭിമാനത്തിന് ഇടിവുണ്ടാക്കി മാരൻ ജേതാവാകുന്നത് ഈ ഉദ്യാനത്തിലെ താമരപ്പൂക്കൾ കൊണ്ടാണ്. വണ്ടുകളുടെ മൂളൽ താളപശ്ചാത്തലമാക്കി കുയിലുകൾ ശൃംഗാരരസത്തോടെ പാടുന്നതു കേട്ടാൽ ഈ ഉദ്യാനം കാമദേവന്റെ കീർത്തി പുകഴ്ത്തുന്ന നൃത്തരംഗമാണെന്നു തോന്നും. സുന്ദരിമാർക്ക് ഏറ്റവും പ്രിയങ്കരമായ ഈ ഉദ്യാനത്തിൽ മനോജ്ഞമായ പ്രകൃതി പ്രസാദം നിറഞ്ഞിരിക്കുന്നു എന്നാണ് കവിയുടെ വിവക്ഷ.

▶ അയോദ്ധ്യാപുരിയിലെ ഉദ്യാനത്തിന്റെ വർണന

## വരികൾ

ആരാജമാനദ്യുതിപൂർണയാകു-
മാ, രാജധാനിക്കഴകാംവിധത്തിൽ
പാരാതെ രുഗ്മാംഗദനെന്നു പാരിൽ
.............................................................
കാമത്താൽ കമലാക്ഷനിൽ സ്വഹൃദയം
സർവാത്മനാ ചേർത്തുടൻ
ക്ഷേമത്തിൽ ക്ഷമകാത്തു പാർത്തു സുരലോ-
കത്തെശ്ശചീജാനിപോൽ.

## അർഥവിശദീകരണം

| | | |
|---|---|---|
| പർണ്ണം | = | ഇല |
| നിജം | = | തന്നെ സംബന്ധിച്ചത് |
| സാദ്ധ്വി | = | പതിവ്രത, സാധുശീല |
| ക്ഷിതീശൻ | = | രാജാവ് |
| ദ്യുതി | = | ശോഭ |
| ഇന്ദു | = | ചന്ദ്രൻ |
| ബദ്ധാദരം | = | ആദരവോടുകൂടും വണ്ണം |
| വൈരി | = | ശത്രു |

| | | |
|---|---|---|
| നിരാകുല | = | ആകുലം കൂടാത്ത |
| ന്യൂനം | = | കുറവ് |
| സുരലോകം | = | സ്വർഗ്ഗം, ദേവസ്ത്രീ |
| ശചിജാനി | = | ശചിജായ (ഭാര്യയായിട്ടുള്ളവൻ) |

## ആശയവിശദീകരണം

▶ രുഗ്മാംഗദമഹാരാജാവിന്റെ വർണന

എല്ലാവിധ രാജകീയപ്രതാപൈശ്വര്യങ്ങളോടും കൂടിയ ആ രാജധാനിയിൽ രുഗ്മാംഗദൻ എന്ന രാജാവ് ഭൂജാതനായി. സൂര്യവംശമാകുന്ന സമുദ്രത്തിന് ചന്ദ്രനായ, കാശ്യപകുലത്തിന് ശിരോലങ്കാരമായ ഈ രാജാവ് സത്വാദിമഹാഗുണങ്ങൾക്കെല്ലാം ഇരിപ്പിടമായി ഭവിച്ചു. സ്വർണത്തിനേക്കാൾ പത്തരമാറ്റു വർണമുള്ള ആ രാജകുമാരൻ കല്പവൃക്ഷത്തിലെ നവ്യ വർണങ്ങളെപ്പോലെ പൂർണ പ്രഭയോടെ താരുണ്യത്തിലേക്കു കടന്നു.

▶ രുഗ്മാംഗദനെ ആഗ്രഹിക്കാത്ത സ്ത്രീകളാരുമുണ്ടായിരുന്നില്ല

സർവജ്ഞനായി, ഐശ്വര്യപൂർണനായി, കാമഗർവങ്ങളടക്കിയ രാജശ്രേഷ്ഠനായി രുഗ്മാംഗദ മഹാരാജാവ് ശിവസമാനമായ പ്രതാപത്തോടെ ജീവിച്ചു. ഈ രാജമൗലിയുടെ മാറിലണയാൻ ആഗ്രഹിക്കാത്ത സ്ത്രീകളാരുമുണ്ടായിരുന്നില്ല. ഈ രാജാവിനെ കാണുന്ന മാത്രയിൽ സുന്ദരിമാർ കാമപരവശരായിത്തീരുമായിരുന്നു. ദേവസ്ത്രീകൾ പോലും ദേവദാരുവിന്റെ തണലിലിരുന്ന് ഈ രാജാവിന്റെ ഗുണഗണങ്ങൾ അനുരാഗപൂർവം പാടിയിരുന്നു. ഭൂമിയിലെ സ്ത്രീകൾ മാത്രമല്ല, ദേവസ്ത്രീകൾപോലും ഈ രാജാവിന്റെ സാന്നിദ്ധ്യത്തിൽ പതിവ്രതാത്വം മറന്നുപോകുമായിരുന്നു.

▶ അതിഗുണവാനായ രാജാവ്

ദാരിദ്ര്യത്തെ ഇല്ലാതാക്കുന്നതിനായി ദ്രവ്യങ്ങൾ ദാനം ചെയ്യുന്നതിൽ, വർഷം ചൊരിയുന്ന മേഘത്തെപ്പോലെയായിരുന്നു രുഗ്മാംഗദൻ. ജനങ്ങളുടെ സങ്കടം ശമിപ്പിക്കുന്നതിനായി സമുദ്രം ജലമെന്നതുപോലെ ധാരാളിത്തത്തോടെ രാജാവ് വിത്തങ്ങൾ നൽകി. സർവവും ദാനം നൽകിയിട്ടും രുഗ്മാംഗദൻ അത്യന്തം വിനീതനുമായിരുന്നു. ഹേമകൂടപർവതം മാത്രം താനാർക്കും ദാനം നൽകിയില്ല. ആ വഴിക്ക് എന്തെകിലും അകീർത്തതയെതനിക്കു വരാനുള്ളൂ എന്നായിരുന്നു രാജാവിന്റെ ചിന്ത. ഈ ക്ഷത്രിയ രാജാവിന്റെ കീർത്തിയോടു കിടനിൽക്കാനാണത്രേ ചന്ദ്രൻ വെളുത്ത പക്ഷത്തെ സ്വീകരിച്ചതെന്നു കവി. രുഗ്മാംഗദ രാജാവിന്റെ കീർത്തി ഭൂമണ്ഡലം നിറഞ്ഞു കവിഞ്ഞു ആകാശഗംഗയോളമുയർന്നു. രാജാവിന്റെ കീർത്തി ജഗത്തിലാകെ വെണ്മ പരത്തി. ജനങ്ങൾ താപം കൊണ്ടു മാത്രമാണത്രെ രാപ്പകലുകളെ തിരിച്ചറിഞ്ഞത്. രാജാവിന്റെ യശസ്സിന്റെ പ്രശോഭയിൽ ചന്ദ്രന്റെ ശോഭയ്ക്കുപോലും താഴ്ചയുണ്ടായി. തുടർന്ന് കവി രാജാവിന്റെ വീരഗുണത്തെ വാഴ്ത്തുന്നു. രുഗ്മാംഗദനോട് യുദ്ധം ചെയ്യുന്നവർ അക്ഷണത്തിൽത്തന്നെ സ്വർഗലോകം പൂകുമായിരുന്നു. യുദ്ധത്തിനായി കുതിരപ്പുറത്തെത്തുമ്പോൾത്തന്നെ ശത്രുക്കൾ യോജിപ്പിലെത്തുമായിരുന്നു. അല്ലെങ്കിൽ അവർക്ക് വനപ്രദേശമായിരുന്നു അവലംബം. പരാക്രമശാലിയായ രുഗ്മാംഗദൻ അമാനുഷമായ ആകാരഭംഗിയുള്ള സന്ധ്യാവലിയെ, ശിവൻ ഉമയെ എന്നതുപോലെ വേളി കഴിച്ചു. ആ തന്വീരത്നത്തോടൊപ്പം അയോദ്ധ്യാപുരിയിലെ രാജാവ് സാനന്ദം ജീവിച്ചു. ഇന്ദ്രൻ സുരലോകത്തെയെന്നപോലെ രുഗ്മാംഗദൻ തന്റെ ഭൂമിയെ പരിപാലിക്കുകയും ചെയ്തു.

ആചാര്യദണ്ഡി കാവ്യാദർശത്തിൽ നിർദ്ദേശിക്കുന്ന മഹാകാവ്യലക്ഷണങ്ങൾ ഒത്തിണങ്ങിയ മലയാളത്തിലെ രണ്ടാമത്തെ മഹാകാവ്യമാണ് 'രുഗ്മാംഗദചരിതം.' 19 സർഗങ്ങളിലായി 1488 പദ്യങ്ങളുള്ള വിസ്തൃതമായ ഈ കാവ്യം മലയാളത്തിലെ 'മാഘം' എന്നറിയപ്പെടുന്നു. രുഗ്മാംഗദമഹാരാജാവിന്റെ വ്രതനിഷ്ഠയും ഭാര്യയായ സന്ധ്യാവലിയുടെ പാതിവ്രത്യമഹാത്മ്യവും പുത്രനായ ധർമ്മാംഗദന്റെ പിതൃഭക്തിയുമാണ് കാവ്യപ്രമേയം. 'ബൃഹന്നാരദീയപുരാണ'ത്തിലെ 'രുഗ്മാംഗദോപാഖ്യാന'ത്തെ കാര്യമായ വ്യതിയാനങ്ങളില്ലാതെ ഈ കാവ്യത്തിൽ കവി ഇതിവൃത്തമാക്കിയിരിക്കുന്നു. മഹാകാവ്യ ലക്ഷണങ്ങൾ ഏറിയകൂറും പാലിച്ചുകൊണ്ടാണ് പന്തളം കേരളവർമ്മയുടെ മഹാകാവ്യനിർമിതി. 'രുഗ്മാംഗദചരിത'ത്തിന്റെ ഇതിവൃത്തം പ്രഖ്യാതമാണ്. ഇത് സർഗങ്ങളാൽ വിഭജിതവും വ്യത്യസ്തസർഗങ്ങൾ ഭിന്നവൃത്തങ്ങളിൽ നിബന്ധിച്ചിട്ടുള്ളതുമാണ്. മഹാകാവ്യത്തിലെ പ്രധാനഘടകം നായകനാണല്ലോ. 'രുഗ്മാംഗദചരിതം' നായകപ്രധാനമായ മഹാകാവ്യമാണ്. മഹാകാവ്യങ്ങളിലെ നായകാഭ്യുദയമെന്ന ധർമവും ഇതിൽ പാലിക്കപ്പെടുന്നു. രുഗ്മാംഗദൻ ആദർശശാലിയും വിശിഷ്ടവ്യക്തിത്വമുള്ളവനും ഉദാത്തനുമാണ്. കാവ്യാന്തത്തിൽ എല്ലാ പരീക്ഷണങ്ങളും അതിജീവിച്ച് ഭാര്യാപുത്രസമേതനായി സ്വർഗത്തിലേക്കു മഹാവിഷ്ണു കൊണ്ടുപോകുന്നതോടെ നായകാഭ്യുദയമെന്ന ധർമവും നിർവഹിക്കപ്പെടുന്നു.

> ▶ മഹാകാവ്യ ലക്ഷണങ്ങൾ പാലിച്ചുകൊണ്ടാണ് പന്തളം കേരളവർമ്മയുടെ മഹാകാവ്യനിർമ്മിതി

## Summarised Overview

പന്തളം കേരളവർമ്മയുടെ 'രുഗ്മാംഗദചരിതം' 1908-ൽ രചന പൂർത്തീകരിച്ചെങ്കിലും 1912-ലാണ് പ്രസിദ്ധീകൃതമായത്. പന്തളം കേരളവർമ്മ 'രുഗ്മാംഗദചരിതം' മഹാകാവ്യ രചനയ്ക്ക് ആധാരമായി സ്വീകരിച്ചിരിക്കുന്നത് 'ബൃഹന്നാരദീയപുരാണ'ത്തിലെ 'രുഗ്മാംഗദോപാഖ്യാന'മാണ്. പുരാണത്തിന്റെ ഉത്തര ഭാഗത്തെ മൂന്നു മുതൽ മുപ്പത്തിയെട്ടുവരെയുള്ള അധ്യായങ്ങളിലെ വിശദമായ ആഖ്യാനം വ്യതിയാനങ്ങളില്ലാതെ മഹാകാവ്യത്തിലും അനുസരിക്കുന്നതു കാണാം.

വസ്തു വർണനയും പരിസ്ഥിതി വർണനയും മഹാകാവ്യങ്ങളിലെ അനിവാര്യതയായി ഭാരതീയാചാര്യന്മാർ നിർദ്ദേശിക്കുന്നു. അതുപോലെ വിഭിന്ന ജീവിതാവസ്ഥകളുടെ വർണനവും മഹാകാവ്യങ്ങളിൽ പ്രധാനമാണ്. പ്രണയം, വിവാഹം, രഥോത്സവം, വിയോഗം, സംയോഗം തുടങ്ങി നായകാഭ്യുദയം വരെയുള്ള ജീവിതസന്ദർഭങ്ങൾ, ഗ്രാമം, നഗരം, നദി, സമുദ്രം, ഉദ്യാനം തുടങ്ങി പ്രകൃതി ചിത്രങ്ങൾ വേണമെന്ന നിർദ്ദേശവും 'രുഗ്മാംഗദചരിതം' അനുസരിക്കുന്നു. രുഗ്മാംഗദചരിതത്തിന്റെ ഒന്നാം സർഗം തന്നെ അയോദ്ധ്യാപുരിയുടെ വർണനയാണ്. തുടർന്ന് ഉദ്യാനവർണന, അന്തഃപുരസ്ത്രീകളുടെ വർണന അതിനുശേഷം രാജാവിന്റെ കാന്തി, കീർത്തി, വീര്യം എന്നിവയെക്കുറിച്ചുള്ള വർണനകളും കാണുന്നു. ദേശകാലാവസ്ഥകളെയോ സമഗ്രജീവിതത്തെയോ പ്രതിഫലിപ്പിച്ചു കാണിക്കുകയെന്ന ഉദ്ദേശത്തോടെയാവണം കാവ്യാലങ്കാരികന്മാരുടെ ഈ നിർദ്ദേശങ്ങൾ. എന്നാൽ നമ്മുടെ മഹാകവികൾ ഈ ലക്ഷണങ്ങളുടെ മാതൃകയിൽ വിരസമായ വർണനകളും ജഡമായ കാവ്യകല്പനകളും ചമൽക്കാരഭംഗിയില്ലാത്ത അലങ്കാരങ്ങളും കൊണ്ട് ചില വാർപ്പു മാതൃകകൾ നിർമ്മിക്കുകയാണ് ചെയ്തത്. വേണ്ടിടത്തും വേണ്ടാത്തിടത്തും ഔചിത്യദീക്ഷയില്ലാതെ വർണനകൾ കൊണ്ട് നമ്മുടെ മഹാകാവ്യങ്ങൾ വിലക്ഷണമായ നിയോക്ലാസിക് മാതൃകകളായിത്തീർന്നു.

SGOU

രുഗ്മാംഗദചരിതത്തിലെ മുഖ്യരസം ഭക്തിയും കരുണവുമാണ്. എന്നാൽ ശൃംഗാരരസാവിഷ്ക്കാരത്തിന് കിട്ടുന്ന സന്ദർഭം കവി പാഴാക്കുന്നുമില്ല. അതാകട്ടെ ഔചിത്യത്തിന്റെ സീമകൾ ലംഘിച്ചു പോവുകയും ചെയ്യുന്നു. ഇതിനും വേണ്ടത്ര തെളിവുകൾ കൃതിയിലുണ്ട്.

ഭാഷാലാളിത്യം പുലർത്തുന്ന പദ്യങ്ങൾ ഇടയ്ക്കിടെ കാണാമെങ്കിലും സംസ്കൃതപ്രചുരമായ ഒരു ഭാഷാശൈലിയാണ് 'രുഗ്മാംഗദചരിത'ത്തിൽ കാണുന്നത്. അനാവശ്യമായ സ്ഥൂലതയും ഭാഷാപരമായ കാഠിന്യവും 'രുഗ്മാംഗദചരിതം' മഹാകാവ്യത്തെ സാധാരണക്കാരിൽനിന്ന് അകറ്റുന്ന ഘടകങ്ങളാണ്. സംസ്കൃത പദങ്ങൾ കൊണ്ട് മേദുരമായ ഇതിന്റെ കാവ്യഗാത്രം നിയോക്ലാസ്സിക് കാവ്യങ്ങളുടെ ദൗർലഭ്യത്തെ പ്രകടമാക്കുന്നുണ്ട്. അലങ്കാരബഹുലമായ കാവ്യമാണിതെങ്കിലും ഏറിയകൂറും ശബ്ദാലങ്കാരങ്ങളാണു കാണുക. ഇതിന്റെ ആറാം സർഗം യമകസർഗമാണ്. പതിനൊന്നാം സർഗം ചിത്രസർഗമാണ്. പദങ്ങൾ കൊണ്ട് പത്മബന്ധവും രഥബന്ധവും ചത്രബന്ധവും ചമയ്ക്കുന്ന അക്ഷരലീലകളാണിവിടെ കാണുക.

# Assignments

1. മലയാളത്തിലെ മഹാകാവ്യപ്രസ്ഥാനത്തിന്റെ ചരിത്രം സംഗ്രഹിക്കുക.
2. മുക്തകങ്ങളെക്കുറിച്ച് വിശദീകരിക്കുക.
3. രുഗ്മാംഗദ ചരിതത്തിന്റെ സവിശേഷതകൾ വിവരിക്കുക.
4. രുഗ്മാംഗദ ചരിതത്തിന്റെ സർഗങ്ങൾ വിഭജിച്ച് പ്രമേയം വിവരിക്കുക.
5. പന്തളം കേരളവർമ്മയുടെ കാവ്യജീവിതത്തെക്കുറിച്ച് വിവരിക്കുക.

# Suggested Readings


1. ടി. ജി. മാധവൻ കുട്ടി, മഹാകാവ്യപ്രസ്ഥാനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ടി. പി. ബാലകൃഷ്ണൻ നായർ, മഹാകാവ്യപ്രസ്ഥാനം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
3. കെ. എസ്. രവികുമാർ, പന്തളം കേരളവർമ്മയുടെ പ്രധാനകൃതികൾ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.


# References


1. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി. സി. ബുക്സ്, കോട്ടയം.
2. എരുമേലി പരമേശ്വരൻ പിള്ള, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
3. ഉള്ളൂർ എസ്. പരമേശ്വരയ്യർ, കേരള സാഹിത്യ ചരിത്രം, കേരള സർവകലാശാല, തിരുവനന്തപുരം.
4. എം. ലീലാവതി, മലയാളകവിതാ സാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 4

# സാഹിത്യക്കളരികൾ

## Learning Outcomes

- സാഹിത്യക്കളരികളെ പരിചയപ്പെടുന്നു
- കേരളവർമ്മ പ്രസ്ഥാനത്തിന്റെ സവിശേഷതകൾ മനസിലാക്കുന്നു
- കൊടുങ്ങല്ലൂർക്കളരിയുടെ സവിശേഷതകൾ കണ്ടെത്തുന്നു
- പച്ചമലയാള പ്രസ്ഥാനത്തെക്കുറിച്ച് ധാരണ നേടുന്നു

## Background

മധ്യോത്തരദേശങ്ങളിൽ പടർന്നു പന്തലിച്ച കൊടുങ്ങല്ലൂർ പാരമ്പര്യത്തിനും വെണ്മണി പ്രസ്ഥാനത്തിനും സമാന്തരമായി തെക്കൻ കേരളത്തിൽ പ്രചരിച്ച കാവ്യരീതിയ്ക്കും രചനാ പാരമ്പര്യത്തിനും പൊതുവെ കേരളവർമ്മ പ്രസ്ഥാനം എന്നു പേരുപറയാറുണ്ട്. മണിപ്രവാള ശൈലി പിന്തുടർന്ന കേരളവർമ്മ പ്രസ്ഥാനത്തിന് എതിരായി മണിപ്രവാള പാരമ്പര്യത്തെ ശക്തമായി എതിർത്ത് വെണ്മണിക്കവികൾ രംഗത്തുവന്നു. കൊടുങ്ങല്ലൂർക്കളരിയുടെയും വെണ്മണിപാരമ്പര്യത്തിന്റെയും മൗലികമായ രചനാവഴിയായി പച്ചമലയാളപ്രസ്ഥാനം സജീവമായിരുന്നു. ദ്വിതീയാക്ഷരപ്രാസവാദം കാവ്യരചനയെ സംബന്ധിച്ച യാഥാസ്ഥികത്വവും ഉത്പതിഷ്ണുത്വവും തമ്മിലുള്ള സംവാദമായി മാറി. അക്കാലത്തെ സാഹിത്യസാർവഭൗമനായ കേരളവർമ്മ വലിയകോയിത്തമ്പുരാൻ പ്രാസപക്ഷപാതികൾക്ക് നേതൃത്വം നൽകിയതിനാൽ ഈ പ്രസ്ഥാനത്തിന് കേരളവർമ്മ പ്രസ്ഥാനം എന്നുകൂടി പേരുണ്ടായി.

മലയാള കാവ്യചരിത്രത്തിൽ ഗുണകരമായ മാറ്റങ്ങൾക്ക് വഴി തെളിച്ചവരാണ് കൊടുങ്ങല്ലൂർക്കളരി എന്നറിയപ്പെട്ടിരുന്ന കാവ്യസംഘം. പുരാണ സന്ദർഭങ്ങളേക്കാൾ സാധാരണക്കാരുടെ ജീവിതാനുഭവങ്ങളാണ് ഇവരിൽ പ്രധാനമായത്. കൊടുങ്ങല്ലൂർ കോവിലകം കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്നതിനാലാണ് ഈ പേരു വന്നത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യം മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം വരെയുള്ള കാലമാണ് ഇവർ സജീവമായിരുന്നത്. കാവ്യ രചനാശൈലിയിൽ സംസ്കൃതത്തിനുണ്ടായിരുന്ന അപ്രമാദിത്വം അവസാനിപ്പിച്ച് മലയാളത്തെ പ്രതിഷ്ഠിച്ചത് കൊടുങ്ങല്ലൂർക്കളരിയാണ്. സംസ്കൃതപദങ്ങൾ അടക്കമുള്ള അന്യഭാഷാ പദങ്ങൾ കലരാത്ത കാവ്യപ്രസ്ഥാനം പച്ചമലയാള പ്രസ്ഥാനം എന്നും അറിയപ്പെട്ടു. തനി മലയാളത്തിൽ ഒരു കൃതി രചിച്ച് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനാണ് മലയാള കവിതയുടെ കാവ്യഭാഷയിലും കാവ്യരൂപത്തിലും വലിയ പരിവർത്തനമുണ്ടാക്കിയ പച്ചമലയാള പ്രസ്ഥാനത്തിന് നാന്ദി കുറിച്ചത്.

വെണ്മണി പ്രസ്ഥാനത്തിന്റെ പാരമ്പര്യത്തിൽ വികാസം പ്രാപിച്ച ഒരു സവിശേഷ കാവ്യരചനാരീതിയാണ് കൂട്ടുകവിതകൾ. കാവ്യവിനോദത്തിന്റേയോ, കാവ്യകമ്പത്തിന്റേയോ ഭാഗമായി ഏതെങ്കിലും ഒരു കഥയെ പല കവികൾ ചേർന്ന് നിശ്ചിത സമയത്ത് പൂർത്തിയാക്കുന്നു. കുണ്ടൂർ നാരായണമേനോൻ, കുട്ടമത്ത് രാമക്കുറുപ്പ്, വള്ളത്തോൾ, ഉള്ളൂർ, കുറ്റിപ്പു

റത്ത് കേശവൻ നായർ തുടങ്ങിയവർ ഈ കാവ്യരചനയിൽ ഏർപ്പെട്ടിരുന്നവരാണ്. ഒടുവിൽ കുഞ്ഞികൃഷ്ണ മേനോൻ ഇത്തരം രചനകളിൽ സജീവമായി പങ്കെടുത്ത ഒരാളാണ്. ഉപ കേശ പഞ്ചാഗ്നി, ചണ്ഡാലി മോക്ഷം തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രസക്ത കൂട്ടുകവിതക ളാണ്.

സംസ്കൃത കാവ്യപാരമ്പര്യത്തിന്റെ ചുവടുപിടിച്ച് ഭാഷയിൽ രൂപപ്പെട്ട മറ്റൊരു കാവ്യധാ രയാണ് മുക്തകങ്ങളുടേത്. പൂർണമായ ഒറ്റശ്ലോകം എന്ന് ഇതിനെ പറയാം. കാവ്യത്തിന്റെ സൗന്ദര്യമാണ് മുക്തകത്തിന്റെ ആത്മാവ്. ഒട്ടേറെ പ്രശസ്തമായ മുക്തകങ്ങൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. ചേലപ്പറമ്പു നമ്പൂതിരിയുടെ 'പാടത്തിൻകര നീളെ.......' എന്ന മുക്തകം ഏറെ പ്രസക്തവുമാണ്. ഇതും വെൺമണി കവികളുടെ ഒരു കാവ്യവിനോദമായിരുന്നു. മുക്തകം ശ്ലോകമേകസ്വാൽചമത്ക്കാരക്ഷമഃസതാം എന്ന ലക്ഷണം (അഗ്നിപുരാണം)

കവിരാമായണ വിവാദം ഒരർഥത്തിൽ കവിത കൊണ്ടുള്ള കലാപമായിരുന്നു എന്നു പറയാം. അധഃകൃതരായവരും സാഹിത്യത്തിൽ പ്രതിഷ്ഠിക്കപ്പെടേണ്ടവർ തന്നെയാണ് എന്ന പ്രഖ്യാപനമായിരുന്നു ഈ കാവ്യവിവാദത്തിന്റെ കേന്ദ്ര ആശയം. കവിഭാരതം എന്ന കൊടു ങ്ങലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ കൃതിയിൽ അവർണരായ കവികൾ പരാമർശിക്കപ്പെട്ടത് വളരെകുറഞ്ഞ നിലയിലായിരുന്നു. ഇതിനു ബദലായി മൂലൂർ കവികളെ രാമായണ കഥാപാ ത്രങ്ങളായി രചിച്ചതാണ് കവിരാമായണം. കുമാരനാശാൻ, പണ്ഡിറ്റ് കെ. പി. കറുപ്പൻ, സി. വി. കുഞ്ഞിരാമൻ, കണ്ടത്തിൽ വറുഗീസ് മാപ്പിള തുടങ്ങിയവർ രാമായണ കഥാപാത്രങ്ങളാ യി പ്രത്യക്ഷപ്പെട്ടു. തികച്ചും പ്രാതിനിധ്യത്തിനു വേണ്ടി സാഹിത്യത്തിൽ നടന്ന ഒരു സമരം തന്നെയായിരുന്നു കവിരാമായണ വിവാദം.

സമൂഹത്തിൽ പ്രത്യക്ഷപ്പെട്ട മാറ്റങ്ങൾ കാവ്യപാരമ്പര്യത്തിൽ ചില ഭാവുകത്വപരിണാമ ങ്ങൾക്കും കാരണമായി. കവിത ഗൗരവപൂർണമായ ഒരു സർഗപ്രവർത്തിയാണെന്ന ധാരണ ഉടലെടുത്തു. പാശ്ചാത്യ കാല്പനികതയുടെ ചുവടുപിടിച്ച് മലയാളത്തിലും ഒരു പുതിയ കാ വ്യരൂപം പ്രത്യക്ഷപ്പെട്ടു. അത് ഖണ്ഡകാവ്യരചനയുടേതാണ്. ഈ ഭാവുകത്വ പരിണാമമാണ് മലയവിലാസമുൾപ്പടെയുള്ള കാവ്യങ്ങളെ സൃഷ്ടിച്ചത്.

## Keywords

സാഹിത്യക്കളരി-കൊടുങ്ങല്ലൂർക്കളരി-പച്ചമലയാള പ്രസ്ഥാനം-കേരളവർമ്മ പ്രസ്ഥാനം-ദ്വിതീ യാക്ഷരപ്രാസം-പ്രാസവാദം-കൂട്ടു കവിതകൾ-മുക്തകങ്ങൾ-കവിരാമായണം-മലയവിലാസം

## Discussion

### 4.4.1 സാഹിത്യക്കളരി

#### കേരളവർമ്മ പ്രസ്ഥാനം

മധ്യോത്തരദേശങ്ങളിൽ പടർന്നു പന്തലിച്ച കൊടുങ്ങല്ലൂർ പാരമ്പ ര്യത്തിനും വെണ്മണിപ്രസ്ഥാനത്തിനും സമാന്തരമായി തെക്കൻ കേര ളത്തിൽ പ്രചരിച്ച മറ്റൊരു കാവ്യരീതിയ്ക്കും രചനാപാരമ്പര്യത്തിനും

നേതൃത്വം കൊടുത്ത പണ്ഡിതവരേണ്യനായ മഹാകവിയാണ് കേരള വർമ്മ വലിയകോയിത്തമ്പുരാൻ. വടക്കൻപാട്ടുകളുടേയും തെക്കൻ പാട്ടുകളുടേയും കവികൾ, കണ്ണശ്ശന്മാർ, ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ, ഉണ്ണായിവാര്യർ തുടങ്ങിയവരുടെ കാവ്യപാരമ്പര്യത്തെ സാഹിത്യത്തിലെ മുഖ്യധാരയായും മണിപ്രവാള സാഹിത്യത്തെ അതിൽനിന്നുള്ള മാർഗഭ്രംശമായും കണക്കാക്കാറുണ്ട്. ഈ മുഖ്യധാരയെ ക്ലാസിക് പാരമ്പര്യമെന്നും അതിന്റെ അപഭ്രംശമായ മണിപ്രവാള സാഹിത്യത്തെ നിയോക്ലാസിക് പാരമ്പര്യമെന്നും പൊതുവെ പറയാം. ക്ലാസിസത്തിന്റെ ആന്തര ചൈതന്യം സ്വാംശീകരിക്കുന്നതിലല്ല, മറിച്ച് അതിന്റെ രൂപപരമായ ചട്ടക്കൂടിനെ അനുകരിക്കുന്നതിനാണ് നിയോക്ലാസിക് കവികൾ ശ്രമിച്ചത്. ഈ വിധം മലയാളത്തിലെ നിയോക്ലാസിക് പാരമ്പര്യത്തിന്റെ വക്താവായി നിലയുറപ്പിച്ച കവിയാണ് കേരളവർമ്മ വലിയകോയിത്തമ്പുരാൻ. ഭാഷയിൽ മാത്രമല്ല, സംസ്കൃതത്തിലും ഇംഗ്ലീഷിലും അഗാധമായ പാണ്ഡിത്യം കേരളവർമ്മയ്ക്കുണ്ടായിരുന്നു. എന്നാൽ ഇംഗ്ലീഷ് സാഹിത്യത്തിന്റെ ലോകബോധവും ദർശനങ്ങളും കേരളവർമ്മയെ സ്വാധീനിച്ചതായി അദ്ദേഹത്തിന്റെ കൃതികൾ തെളിവ് നൽകുന്നില്ല. അതേസമയം സംസ്കൃതസാഹിത്യത്തിന്റെ സ്വാധീനം ശക്തമായിരിക്കെത്തന്നെ സംസ്കൃതാലങ്കാരികന്മാർ കാവ്യാത്മാവായി കരുതിയിരുന്ന രസത്തിന്റെ പക്ഷത്തല്ല തമ്പുരാൻ നിലയുറപ്പിച്ചത്; ബാഹ്യമായ അലങ്കാരമോടികളിലായിരുന്നു. പാഠപുസ്തകക്കമ്മറ്റിയിലെ സേവനം കൊണ്ടും സംസ്കൃത, മലയാളഭാഷാകൃതികളുടെ രചനകൊണ്ടും കവികൾക്ക് നൽകിയ പ്രോത്സാഹനം കൊണ്ടും മലയാളസാഹിത്യത്തിൽ കേരളവർമ്മയുടെ സ്ഥാനം അനിഷേധ്യമാണ്. അദ്ദേഹത്തിന്റെ സാഹിത്യദർശനത്തിൽ പ്രചോദിതരായി നിരവധി കവികൾ കാവ്യരചനയിലേർപ്പെട്ടു. പൊതുവെ പുലർത്തിയ നിയോക്ലാസിക് കാവ്യദർശനത്തെയാണ് കേരളവർമ്മ പ്രസ്ഥാനം, കേരളവർമ്മ പാരമ്പര്യം എന്നിങ്ങനെ വിളിക്കപ്പെടുന്നത്.

- ▶ നിയോക്ലാസിക് പാരമ്പര്യത്തിന്റെ വക്താവ്

ശ്രീവിശാഖവിജയം മഹാകാവ്യമുൾപ്പെടെ മുപ്പതോളം സംസ്കൃതകൃതികൾ, മയൂരസന്ദേശം, ദൈവയോഗം തുടങ്ങിയ സ്വതന്ത്രകൃതികൾ, അമരുകശതകം, അന്യാപദേശശതകം, അഭിജ്ഞാന ശാകുന്തളം തുടങ്ങിയ വിവർത്തനങ്ങൾ, ആറ് ആട്ടക്കഥകൾ, പതിനാലോളം ഭാഷാകൃതികൾ ഇത്രയുമാണ് കേരളവർമ്മയുടെ സാഹിത്യ സംഭാവനകൾ, അതിലേറെ പ്രസിദ്ധമായത് അഭിജ്ഞാനശാകുന്തളവും മയൂരസന്ദേശവുമാകുന്നു. കേരളവർമ്മപ്രസ്ഥാനത്തിന്റെ രചനാവഴികൾക്ക് മകുടോദാഹരണങ്ങളാണ് ഈ കൃതികളെന്ന് പറയാം. കാളിദാസന്റെ ശാകുന്തളത്തിന് മലയാളത്തിലുണ്ടായ ആദ്യവിവർത്തനം എന്ന പ്രാധാന്യം കേരളവർമ്മയുടെ ശാകുന്തളം പരിഭാഷയ്ക്കുണ്ടെങ്കിലും വിവർത്തനത്തിന്റെ മുഖ്യലക്ഷ്യം സാധിക്കാതെ പോയി.

- ▶ കേരളവർമ്മയുടെ സാഹിത്യ സംഭാവനകൾ

കിം ശീതളൈഃ ക്ലമവിനോദിഭിരാർദ്രവാതാൻ
സഞ്ചാരയാമി നളിനിദളതാലവൃന്ദൈ:

(അഭിജ്ഞാനശാകുന്തളം മൂലം 3. 18)

അംഭോബിന്ദുതുഷാരമന്ദമാരുതാ
ദേഹക്ലമചേഛദിയാ -

SGOU

മംഭോജഛദതാലവൃന്തമതുകൊ-

ണ്ടൻപോടുവീശട്ടെയോ?

(വിവർത്തനം : കേരളവർമ്മ)

കാളിദാസന്റെ ലളിതമധുരമായ സംസ്കൃതത്തെ തമ്പുരാൻ പ്രൗഢമണിപ്രവാളത്തിൽ തർജ്ജമ ചെയ്തു കൂടുതൽ സങ്കീർണമാക്കിയിരിക്കുന്നു എന്നിവിടെ വ്യക്തം. കടുമണിപ്രവാളശൈലിയും പ്രാസനിഷ്കർഷയും ശബ്ദാഡംബരഭ്രമവും മൂലം മൂലകൃതിക്കില്ലാത്ത ദുർഗ്രഹതയാണ് വിവർത്തനത്തിൽ കാണുന്നത്. ഈ കേരളവർമ്മശൈലിതന്നെ മയൂരസന്ദേശവിവർത്തനത്തിലും കാണുന്നു. മേഘസന്ദേശത്തിന്റെ മാതൃക പിടിച്ച് എഴുതിയ കാവ്യമാണല്ലോ മയൂരസന്ദേശം. കവിയ്ക്ക് യഥാർഥ ജീവിതത്തിൽ അനുഭവിക്കേണ്ടി വന്ന വിരഹവ്യഥയാണ് ഇതിന്റെ ഉള്ളടക്കം. ഹൃദയദ്രവീകരണശക്തിയും ഭാവോജ്ജ്വലതയുമുണ്ടാകേണ്ട ഈ കൃതിയും തികച്ചും അനാകർഷകമായിപ്പോയിയെന്നാണ് നിരൂപകപക്ഷം. ശ്രവണസൗഖ്യം നൽകുന്ന പദസമുച്ചയങ്ങളും ഹൃദ്യമായ ശബ്ദസംഘടനയും പ്രാസഭംഗികളും കൊണ്ട് കവി തൃപ്തനാകുന്നുവെന്ന് 'കൈരളിയുടെ കഥ'യിൽ എൻ. കൃഷ്ണപിള്ള എഴുതുന്നു. ഒരർഥത്തിൽ ഇതു തന്നെയാണ് കേരളവർമ്മ പ്രസ്ഥാനത്തിന്റെ മുഖമുദ്രയും.

- ▶ പ്രൗഢമണിപ്രവാളത്തിലെ തർജ്ജമ

പ്രാസവാദത്തിലും കേരളവർമ്മ പ്രസ്ഥാനത്തിന്റെ നിലപാട് ഈ ശബ്ദഭ്രമത്തോടും ബാഹ്യാഡംബരത്തോടുമുള്ള ആഭിമുഖ്യം ഉറപ്പിക്കുന്നവ തന്നെ. നിയോക്ലാസിക് സമ്പ്രദായത്തിലടിയുറച്ച ഈ കാവ്യസമ്പ്രദായത്തെ അന്നത്തെ നിരൂപകരും മുക്തകണ്ഠം പ്രശംസിച്ചതായി കാണുന്നു. അന്നത്തെ ആളുകൾക്ക് ഉത്തമസാഹിത്യത്തെക്കുറിച്ചുള്ള വികലധാരണയും കേരളവർമ്മ വലിയകോയിത്തമ്പുരാന് അന്നുണ്ടായിരുന്ന സാമൂഹികവും സാമുദായികവുമായ പദവിയുമാകാം ഇതിന്റെ പിന്നിലെന്നു കരുതണം.

- ▶ നിയോക്ലാസിക് സമ്പ്രദായത്തിലടിയുറച്ച കാവ്യസമ്പ്രദായം

കേരളവർമ്മ പ്രസ്ഥാനത്തിലെ ഒരംഗമായിരുന്നു അഴകത്ത് പത്മനാഭക്കുറുപ്പ്. രാമചന്ദ്രവിലാസം മഹാകാവ്യമടക്കം പതിനൊന്നോളം കൃതികൾ അഴകത്തിന്റേതായിട്ടുണ്ട്. കേരളവർമ്മ പാരമ്പര്യത്തിന്റെ മുദ്രയായി പറയാവുന്ന രാമചന്ദ്രവിലാസം മഹാകാവ്യം, 'യമകസർഗം, ചിത്രസർഗം' മുതലായ കിടങ്ങുകളും മുൾക്കാടുകളും കൊണ്ട് ദുസ്തരമാക്കപ്പെട്ട ഒരു കോട്ടയാണ്' എന്ന് എം. ലീലാവതി അഭിപ്രായപ്പെട്ടിട്ടുണ്ട്. കേരളവർമ്മയുടെ ഘട്ടത്തിൽ രാമചന്ദ്രവിലാസത്തെത്തുടർന്ന് ധാരാളം മഹാകാവ്യങ്ങളുണ്ടായി. കുറച്ചുകാലത്തേയ്ക്ക് അതൊരു കമ്പമായിരുന്നു. കേരളവർമ്മ സംഘത്തിലെ മറ്റൊരംഗം പന്തളം കേരളവർമ്മയാണ്. അദ്ദേഹത്തിന്റെ രുഗ്മാംഗദചരിതം മഹാകാവ്യം ഭാഷാമഹാകാവ്യപ്രസ്ഥാനത്തിലെ മറ്റൊരു നിയോക്ലാസിക് ശില്പമാണ്. ഈ നിയോക്ലാസിക് പാരമ്പര്യം കേരളവർമ്മയുടെ ജീവിതകാലത്ത് ഒതുങ്ങുന്നില്ല. മഹാകവി ഉള്ളൂരിലൂടെ, ചില ചമ്പുകാരന്മാരിലൂടെ, ആട്ടക്കഥാകാരിലൂടെ ഇരുപതാം നൂറ്റാണ്ടിന്റെ മധ്യം വരെ നീണ്ടുപോകുന്നുണ്ട്. എന്നു മാത്രമല്ല ഇന്നും നിയോക്ലാസിക് കാവ്യശീലങ്ങൾ സാഹിത്യത്തിൽ നിന്ന് വിട്ടുപോയിട്ടുണ്ടോ എന്ന ചോദ്യവും പ്രസക്തിയർഹിക്കുന്നുണ്ട്.

- ▶ നിയോക്ലാസിക് പാരമ്പര്യം ഇരുപതാം നൂറ്റാണ്ടിന്റെ മധ്യം വരെ

## കൊടുങ്ങല്ലൂർക്കളരി

മലയാളസാഹിത്യത്തിൽ കുഞ്ചൻ നമ്പ്യാരുടെ കാലഘട്ടത്തോടു കൂടി മഹത്തായ ഒരധ്യായം അവസാനിക്കുകയായിരുന്നു. അതിന് ശേഷമുള്ള നൂറുകൊല്ലം സാഹിത്യത്തെ സംബന്ധിച്ച് പൊതുവെ ഇരുളടഞ്ഞതായിരുന്നു എന്നു പറയാം. ഈരയിമ്മൻതമ്പി, വിദ്വാൻ കിളിമാനൂർ രാജരാജവർമ്മ കോയിത്തമ്പുരാൻ തുടങ്ങി ചുരുക്കം പേരുകളേ എടുത്തുപറയേണ്ടതായുള്ളൂ. രാഷ്ട്രീയമായും കേരളം അനാഥവും ശിഥിലവുമായ കാലമാണിത്. 1783, 1788 കാലത്തെ ടിപ്പുവിന്റെ ആക്രമണം, പഴശ്ശി, വേലുത്തമ്പി തുടങ്ങിയവരുടെ വീരോചിത മരണങ്ങൾ എന്നിവ ജനങ്ങളിൽ ഭീതി പടർത്തുകയും അതുവഴി നാടുവാഴികൾ സാഹിത്യപോഷകരായോ, ജനങ്ങൾ കാവ്യരചനാതല്പരരായോ തീർന്നില്ലെന്ന് എൻ. കൃഷ്ണപിള്ള നിരീക്ഷിക്കുന്നു. എന്നാൽ 19-ാം ശതകത്തിന്റെ മധ്യഘട്ടത്തോടെ സ്ഥിതിഗതികൾ മാറി. നാട്ടുപാഠശാലകളും ഇംഗ്ലീഷ് സ്കൂളുകളും സ്ഥാപിക്കപ്പെട്ടു തുടങ്ങി. അതുവഴി ആംഗലഭാഷയും സാഹിത്യവുമായി അടുപ്പം പുലർത്താനുള്ള സൗകര്യം കൈവന്നു. എന്നാൽ അന്ന് ജീവിച്ചിരുന്ന പൂന്തോട്ടം, നടുവത്തച്ഛൻ, വെണ്മണിമാർ, വലിയകോയിത്തമ്പുരാൻ എന്നിവരിൽ തമ്പുരാനൊഴിച്ച് മറ്റാർക്കും ആംഗലഭാഷാസാഹിത്യങ്ങളിൽ അവഗാഹമുണ്ടായിരുന്നില്ല. എന്നാൽ ആംഗലഭാഷാസാഹിത്യങ്ങളുടെ സ്വാധീനമല്ല, മറിച്ച് മണിപ്രവാളപാരമ്പര്യമാണ് കേരളവർമ്മ പിന്തുടരുന്നത്. അതേസമയം മണിപ്രവാള പാരമ്പര്യത്തെ ശക്തമായി എതിർത്തവരാണ് മേൽസൂചിപ്പിച്ച വെണ്മണിക്കവികൾ. കേരളഭാഷയെ അതിന്റെ തനിമയിൽ അവതരിപ്പിക്കാൻ ശ്രമിച്ച വെണ്മണിക്കവികളാണ് മലയാളകവിതയിലെ പൂർവകാല്പനികർ (Pre -romantic) എന്ന് സാഹിത്യചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു.

- ▶ കേരളഭാഷയെ തനിമയിൽ അവതരിപ്പിച്ചു

അക്കാലത്ത് നിലവിലിരുന്ന മൂന്നു കാവ്യപാരമ്പര്യങ്ങളിൽ ഏറ്റവും ശക്തമായ ധാരയായിരുന്നു വെണ്മണി-കൊടുങ്ങല്ലൂർ പാരമ്പര്യം. വെണ്മണി അച്ഛൻ, വെണ്മണി മഹൻ, നടുവത്തച്ഛൻ, ശീവൊള്ളി നാരായണൻ നമ്പൂതിരി, ഒറവങ്കര, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, ചമ്പത്തിൽ ചാത്തുക്കുട്ടിമന്നാടിയാർ തുടങ്ങിയവരെയാണ് വെണ്മണി പ്രസ്ഥാനത്തിൽപ്പെട്ടവരായി കണക്കാക്കുന്നത്. സംസ്കൃത വിഭക്ത്യന്തങ്ങളോ പ്രസിദ്ധിവികലങ്ങളോ ആയ പദങ്ങളെ കഴിവുള്ളിടത്തോളം വർജ്ജിക്കുക, ശ്ലേഷം, പ്രസാദം, മാധുര്യം, സൗകുമാര്യം, അർഥവ്യക്തി ഇത്യാദി കാവ്യഗുണങ്ങളിൽ പ്രത്യേകം ശ്രദ്ധപതിപ്പിക്കുക, ശയ്യ, ദ്രാക്ഷാപാകം, വൈദർഭീരീതി ഈ വക കാര്യങ്ങളിൽ നിഷ്കർഷിക്കുക, കർണ്ണസുഖം വരുത്തി ശ്രോതാക്കളെ ആകർഷിക്കുന്നതിനുള്ള ഉപായങ്ങളിൽ പ്രതിപത്തി പ്രദർശിപ്പിക്കുക, ഏതു ശ്ലോകത്തിലും അങ്ങോളമിങ്ങോളം ഫലിതം കണ്ടെത്തുക തുടങ്ങിയവ വെണ്മണികളുടെ കാവ്യസവിശേഷതകളായി ഉള്ളൂർ വിലയിരുത്തുന്നു. കവിതയെക്കുറിച്ചുള്ള പൂർവസങ്കല്പങ്ങളെ ഇവർ കാറ്റിൽപ്പറത്തി. മുൻഗാമികളിൽ നിന്ന് വ്യത്യസ്തമായി എന്തും കാവ്യവിഷയമാക്കാമെന്ന നിലവന്നു. തൃശ്ശൂർപൂരത്തിനുകണ്ട കാഴ്ചകൾ മുതൽ തൊണ്ണൂറ്റിനാല

▶ വെണ്മണികളുടെ കാവ്യ സവിശേഷതകൾ

രവയസ്സുകഴിഞ്ഞ മുത്തി മകളോട് ഉപദേശിച്ച കാര്യങ്ങൾ വരെ കവിതയ്ക്ക് വിഷയമായി. സംഭാഷണ ശൈലിതന്നെ കവിതയിൽ വരുത്തി. ഗ്രാമ്യം, അശ്ലീലം എന്നൊക്കെ കരുതി മാറ്റിയ ശബ്ദങ്ങളും കാവ്യമണ്ഡലത്തിൽ പ്രവേശിച്ചു. വാസനാബലം കൊണ്ട് അനുഗൃഹീതരായ ഈ കവികൾക്ക് അഭ്യാസബലം സമ്പുഷ്ടമാകത്തക്കവിധം രൂപം കൊണ്ട സാഹിത്യക്കളരിയാണ് കൊടുങ്ങല്ലൂർ കവിതക്കളരി.

▶ സംസ്കൃതകവിതയിലും അഭ്യസനം

കൊടുങ്ങല്ലൂർ കവിതക്കളരിയിൽ ഭാഷാകവിതയിൽ മാത്രമല്ല, സംസ്കൃതകവിതയിലും അഭ്യസനം നടന്നു. 1880 – ലാണ് ഈ കളരിയുടെ ആരംഭം. സംസ്കൃതത്തിൽ കുംഭകോണം കൃഷ്ണശാസ്ത്രികളും മലയാളത്തിൽ വെണ്മണി അച്ഛൻ നമ്പൂതിരിപ്പാടും അദ്ദേഹത്തിന്റെ അഭാവത്തിൽ മഹൻ നമ്പൂതിരിപ്പാടുമായിരുന്നു കളരിയിൽ പ്രധാന നിർണ്ണേതാക്കൾ. വെണ്മണി മഹൻ, കാത്തുള്ളിൽ അച്യുതൻ, കൊച്ചുണ്ണിത്തമ്പുരാൻ, വിദ്വാൻ കുഞ്ഞിരാമവർമ്മ തമ്പുരാൻ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ഒറവങ്കര നീലകണ്ഠൻ നമ്പൂതിരി എന്നിവരെ കൂടാതെ കുണ്ടൂർ നാരായണമേനോൻ, നടുവത്ത് അച്ഛൻ നമ്പൂതിരി, നടുവത്ത് മഹൻ നമ്പൂതിരി തുടങ്ങിയവരും കൊടുങ്ങല്ലൂർക്കളരിയെന്ന പ്രായോഗിക വിദ്യാലയത്തിലെ അംഗങ്ങളായിരുന്നു.

▶ മത്സരസ്വഭാവത്തോടെ പരീക്ഷകൾ

കളരിയിൽ കവികൾ സമ്മേളിക്കുമ്പോൾ അന്ന് രചിക്കേണ്ട കവിതയുടെ വിഷയം തീർച്ചപ്പെടുത്തും. നിശ്ചിത സമയത്തിനുള്ളിൽ രചിക്കേണ്ട ശ്ലോകങ്ങളുടെ എണ്ണവും ഉറപ്പിക്കും. ഋതുവർണനം, ഉദയാസ്തമയ വർണനം, സമസ്യാപൂരണം, സംസ്കൃത ശ്ലോകങ്ങളുടെ വിവർത്തനം, നാടകരചന, ഖണ്ഡകാവ്യരചന എന്നിവയെല്ലാം മത്സരസ്വഭാവത്തോടെ കളരിയിൽ പരിശീലിക്കപ്പെട്ടിരുന്നു. പരീക്ഷകളിൽ ഒന്നാമനായി ജയിച്ചിരുന്നത് കൊച്ചുണ്ണിത്തമ്പുരാനാണെന്നും പിന്നാലെ കുഞ്ഞിക്കുട്ടൻതമ്പുരാനും കുഞ്ഞിരാമവർമ്മത്തമ്പുരാനുമാണെന്നും ഏറ്റവുമൊടുവിൽ എഴുതിത്തീർത്തിരുന്നത് വെണ്മണി മഹനാണെന്നും സാഹിത്യ ചരിത്രം രേഖപ്പെടുത്തുന്നു. എങ്കിലും സ്വാരസ്യത്തിൽ മറ്റുള്ളവരെ കവച്ചുവെയ്ക്കുവാൻ കഴിഞ്ഞതും വെണ്മണിക്കുതന്നെയെന്ന് ഉള്ളൂർ സൂചിപ്പിച്ചിട്ടുണ്ട്. പരീക്ഷകളിൽ വിജയികളായ കവികളെപ്പറ്റിയും രസകരമായ ശ്ലോകങ്ങൾ വെണ്മണി മഹന്റേതായിട്ടുണ്ട്.

'ജാതിത്തത്തിന്നു രാജൻ; ദ്രുതകവിതയതിൽ-
ക്കുഞ്ഞുഭൂജാനി; ഭാഷാ
രീതിക്കോയ്ക്കും പഴക്കത്തിനു നടുവമിട-
യ്ക്കച്യുതൻമെച്ചമോടെ
ജാതപ്രാസം തകർക്കും ശുചിമണി രചനാ
ഭംഗിയിൽപ്പൊങ്ങി നില്ക്കും
ചേതാമോദം പരക്കെത്തരുവതിനൊരുവൻ
കൊച്ചു കൊച്ചുണ്ണി ഭൂപൻ'

▶ കൃതികൾ സദസ്സിൽ അവതരിപ്പിക്കണം

കൊടുങ്ങല്ലൂർ കളരിയിൽ നിർമ്മിക്കുന്ന കൃതികൾ ആ സദസ്സിൽ അവതരിപ്പിക്കണമെന്ന് നിർബന്ധമുണ്ടായിരുന്നു. ഈ അഭ്യാസബലം തന്നെയാണ് വെണ്മണിക്കവിതകളുടെ ലാളിത്യത്തിനും ഹൃദ്യതയ്ക്കും കാരണമായതെന്നതിൽ തർക്കമില്ല. ശാരീരികാസ്വാസ്ഥ്യം മൂലം വെണ്മണി അച്ഛൻ കൊടുങ്ങല്ലൂർക്ക് പോകാതായതോടെ കളരിയുടെ പ്രവർത്തനവും മന്ദീഭവിച്ചു.

SGOU

## ദ്വിതീയാക്ഷരപ്രാസവാദവും മഹാകാവ്യങ്ങളും

മലയാളകവിതാസാഹിത്യമണ്ഡലത്തിലുണ്ടായ ദ്വിതീയാക്ഷരപ്രാസവാദം ഒരു ശബ്ദാലങ്കാരവിവാദം മാത്രമായിരുന്നില്ല. കാവ്യരചനയെ സംബന്ധിച്ച യാഥാസ്ഥികത്വവും ഉത്പതിഷ്ണുത്വവും തമ്മിലുള്ള സംവാദമായിരുന്നു. ദ്രാവിഡകാവ്യപാരമ്പര്യത്തിലുള്ള 'എതുക' അഥവാ ദ്വിതീയാക്ഷരപ്രാസം ക്രമേണ ഭാഷാകാവ്യങ്ങളിലേയ്ക്കും വ്യാപിക്കുകയുണ്ടായി. അതോടെ പ്രാസദീക്ഷയില്ലാത്ത കാവ്യരചന കവിയുടെ പ്രതിഭാപരമായ അശക്തിയായി ഗണിക്കപ്പെട്ടു. എതുക, മോനകളുടെ അടിസ്ഥാനതത്വം ഗണപ്പൊരുത്തമാകയാൽ അവിടെ അക്ഷരങ്ങൾ സവർഗീയമായിരുന്നാൽ മതി. എന്നാൽ സവർഗീയമായാൽപ്പോരെന്നും സ്വരവ്യഞ്ജനൈകരൂപ്യം കൂടിയുണ്ടാകണമെന്നും കേരളവർമ്മ വലിയകോയിത്തമ്പുരാൻ നിർദ്ദേശിച്ചു.

▶ ശബ്ദാലങ്കാരവിവാദം മാത്രമല്ല

'വാസന്തീമധുവാർന്ന വാക്കിനു സജാ-
തീയ ദ്വിതീയാക്ഷര-
പ്രാസം ചേർപ്പതു കൈരളി മഹിള തൻ
മംഗല്യമാണോർക്കണം'

എന്നു വരെ എഴുതി. സ്വരവ്യഞ്ജനൈക്യമാർന്ന സജാതീയ ദ്വിതീയാക്ഷരപ്രാസം നിർബന്ധമായി ഉപയോഗിക്കണമെന്ന് പ്രാസപക്ഷപാതികൾ കരുതി. അക്കാലത്തെ സാഹിത്യസാർവഭൗമനായ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ പ്രാസപക്ഷപാതികൾക്ക് നേതൃത്വം നൽകിയതുകൊണ്ട് ഈ പ്രസ്ഥാനത്തിന് കേരളവർമ്മ പ്രസ്ഥാനം എന്നു കൂടി പേരുണ്ടായി. കേരളവർമ്മ നേതൃത്വം കൊടുക്കുക മാത്രമല്ല, മയൂരസന്ദേശം, അന്യാപദേശ ശതകം പരിഭാഷ എന്നിവ പ്രാസദീക്ഷയോടു കൂടി രചിക്കുകയും ചെയ്തു.

▶ കേരളവർമ്മ പ്രസ്ഥാനം എന്നു കൂടി പേര്

പ്രാസദീക്ഷകൊണ്ടുള്ള കാവ്യപ്രയോജനങ്ങളിൽ പ്രധാനം പഠിച്ചോർമ്മിക്കാനുള്ള സൗകര്യമാണ്. അതുകൊണ്ടു തന്നെ ഭാഷയുടെ ശൈശവ ദശകളിൽ പ്രാസദീക്ഷ സ്വാഭാവികവുമാണ്. എന്നാൽ പ്രാസദീക്ഷയ്ക്കു വേണ്ടി അർഥഹാനിയും അനൗചിത്യവുമുണ്ടാകാൻ ഇടയുള്ളതുകൊണ്ട് പ്രാസനിർബന്ധത്തെ എതിർത്തുകൊണ്ട് എ. ആർ. രാജരാജവർമ്മ രംഗത്തു വന്നു. മാത്രമല്ല, എ. ആറിന്റെ അലങ്കാരശാസ്ത്രഗ്രന്ഥമായ ഭാഷാഭൂഷണത്തിലും പ്രാസനിർബന്ധത്തെ ശക്തമായി എതിർത്തു. ദ്വിതീയാക്ഷരപ്രാസം കവിതയുടെ പാദസരമായി കരുതിയപ്പോൾ മറുപക്ഷം അതിനെ കാൽവിലങ്ങായിട്ടാണ് വിശേഷിപ്പിച്ചത്. പത്രമാസികകളിലൂടെയും മറ്റും ഉയർന്നു വന്ന ഈ വാദപ്രതിവാദങ്ങളാണ് പ്രാസവാദം എന്നു പിന്നീട് പ്രസിദ്ധമായത്. കേരളവർമ്മ വലിയകോയിത്തമ്പുരാനും എ. ആർ. രാജരാജവർമ്മയും (മാതുലഭാഗിനേയന്മാർ) ഇതിന്റെ സൂത്രധാരന്മാരായി നിന്നുവെങ്കിലും രംഗത്തു പ്രത്യക്ഷപ്പെട്ടത് ഉള്ളൂരും കെ. സി. കേശവപിള്ളയുമായിരുന്നു.

▶ എതിർത്ത് എ. ആർ.

ഇതോടെ കേരളത്തിലെ കവികളും സഹൃദയന്മാരും ഇരുചേരികളിലായി നിന്ന് അഭിപ്രായം രേഖപ്പെടുത്തി. ഉള്ളൂർ, വള്ളത്തോൾ, നടുവത്തച്ഛൻ തുടങ്ങിയവർ പ്രാസവാദികളുടെ പക്ഷത്തും കെ. സി. കേശവപിള്ള, വി. സി. ബാലകൃഷ്ണപ്പണിക്കർ തുടങ്ങിയവർ മറുപക്ഷത്തുമുണ്ടായിരുന്നു. അക്കാലത്തെ മഹാകാവ്യ കർത്താക്കളിൽപ്പല



SGOU

രും കേരളവർമ്മ പ്രസ്ഥാനത്തിൽപ്പെട്ടവരായിരുന്നു. പ്രാസനിർബന്ധം പാലിച്ചുകൊണ്ട് എഴുതിയ മഹാകാവ്യങ്ങളാണ് അഴകത്തു പത്മനാഭക്കുറുപ്പിന്റെ രാമചന്ദ്രവിലാസം (1907), പന്തളം കേരളവർമ്മയുടെ രുഗ്മാംഗചരിതം (1912), ഉള്ളൂരിന്റെ ഉമാകേരളം (1914), വള്ളത്തോളിന്റെ ചിത്രയോഗം (1914), കട്ടക്കയത്തിൽ ചെറിയാൻ മാപ്പിളയുടെ ശ്രീയേശുവിജയം മഹാകാവ്യം (1926) എന്നിവ. ഇതേ സമയം രാജരാജവർമ്മയുടെ കാവ്യപാതയിലൂടെ കെ.സി. കേശവപിള്ള ദ്വിതീയാക്ഷരപ്രാസ ദീക്ഷയില്ലാതെ കേശവീയം മഹാകാവ്യം (1914) രചിക്കുകയും ചെയ്തു.

▶ കവികളും സഹൃദയന്മാരും ഇരുചേരികളിൽ

പ്രാസവാദം കേവലം അലങ്കാര ചർച്ചയായി അവസാനിച്ചില്ല എന്നതാണ് അതിന്റെ സാഹിത്യ ചരിത്രപരമായ പ്രാധാന്യം. കവിതയുടെ രൂപഭാവങ്ങളെക്കുറിച്ചുള്ള മൗലികമായ ചില ഉൾക്കാഴ്ചകൾ ഈ സംവാദത്തിൽ ഉന്നയിക്കപ്പെട്ടു. കാവ്യം രൂപഭദ്രമാവുന്നതിന്റെയും ഭാവഭദ്രമാവുന്നതിന്റെയും സവിശേഷതകൾ ചർച്ചാവിഷയമായി. രൂപഭാവങ്ങളുടെ ഇണക്കത്തിൽ കാവ്യത്തിനുണ്ടാകുന്ന മഹത്വത്തെക്കുറിച്ച് കവികൾക്കും ആസ്വാദകർക്കും ഒന്നുപോലെ ബോധ്യപ്പെടാൻ പ്രാസവാദം ഹേതുവായി. അതേ സമയം മലയാളത്തിൽ നിരവധി മഹാകാവ്യങ്ങളുണ്ടാകാനും ഇതുമൂലം കഴിഞ്ഞു. 1910 നും 20 നും ഇടയ്ക്കാണ് മലയാളത്തിലെ പ്രമുഖ മഹാകാവ്യങ്ങളെല്ലാമുണ്ടായത് എന്നത് ഇവിടെ പ്രത്യേകം സ്മരണീയമാണ്.

▶ രൂപഭാവങ്ങളെക്കുറിച്ചുള്ള മൗലികമായ ചില ഉൾക്കാഴ്ചകൾ

## പച്ചമലയാളപ്രസ്ഥാനം

കൊടുങ്ങല്ലൂർക്കളരിയുടെയും വെണ്മണിപാരമ്പര്യത്തിന്റെയും മൗലികമായ ഒരു രചനാവഴിയായിരുന്നു പച്ചമലയാളപ്രസ്ഥാനം. ഈ പ്രസ്ഥാനം കാവ്യഭാഷയിന്മേൽ ഒരു നിഷ്ഠയും നിഷ്കർഷയും പുലർത്തി. അക്കാലത്ത് മലയാളകവിതയിൽ സംസ്കൃതപദങ്ങളുടെ ആധിക്യംകൊണ്ട് ഭാഷയുടെ വ്യക്തിത്വം തന്നെ നഷ്ടപ്പെടുന്നു എന്ന് വിമർശനമുണ്ടായി. കവിതാരചനയിൽ ദേവവാണിയായ സംസ്കൃതത്തെ ഒഴിവാക്കാനാവുന്നതല്ല എന്നായിരുന്നു പൊതുധാരണ. സംസ്കൃതപദങ്ങളുടെ സഹായം കൂടാതെ ഒന്നോ രണ്ടോ ശ്ലോകങ്ങളല്ലാതെ ഒരു കാവ്യം മുഴുവൻ രചിക്കുവാൻ കഴിയുകയില്ലെന്ന് സി. പി. അച്യുതമേനോൻ വാദിച്ചു. എന്നാൽ തനിമലയാളത്തിൽ കവിതയെഴുതുവാൻ തനിക്കു കഴിയുമെന്ന് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ നിലപാടെടുത്തു. തന്റെ വാദം സമർഥിക്കുന്നതിനായി തമ്പുരാൻ എഴുതി കൊല്ലവർഷം 1066-ൽ വിദ്യാവിനോദിനി മാസികയിൽ പ്രസിദ്ധീകരിച്ച 52 ശ്ലോകങ്ങളുള്ള 'നല്ല ഭാഷ' എന്ന കവിതയാണ് പച്ചമലയാളപ്രസ്ഥാനത്തിന്റെ ഉദ്ഘാടനം നിർവഹിച്ച കൃതി. 'പച്ചമലയാളപ്രസ്ഥാനമെന്ന നവീനകാവ്യപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് കുഞ്ഞിക്കുട്ടൻ തമ്പുരാൻ തന്നെയാണെന്ന്' മഹാകവി ഉള്ളൂർ സാഹിത്യചരിത്രത്തിലും രേഖപ്പെടുത്തിയിരിക്കുന്നു.

▶ ഉപജ്ഞാതാവ് കുഞ്ഞിക്കുട്ടൻ തമ്പുരാൻ

'നല്ല ഭാഷ'യിലെ 52 ശ്ലോകങ്ങൾ വ്യത്യസ്ത വൃത്തങ്ങളിലായി സംവിധാനം ചെയ്തിരിക്കുന്നു. കൊച്ചിയിൽ പെരുവനത്തുള്ള ഒരു നമ്പൂതിരി സാമൂതിരിയുടെ നാട്ടിലെ ഒരു ക്ഷേത്രത്തിൽ ശാന്തിക്കാരനായിരുന്നു. അദ്ദേഹം എല്ലാക്കൊല്ലവും പെരുവനം പൂരത്തിന് പോകാറുമുണ്ട്. ഒരിക്കൽ പെരുവനത്തുള്ള ഒരു ക്ഷേത്രത്തിൽ കുഴിച്ചു സൂക്ഷിച്ചിരുന്ന സമ്പാദ്യം കളവുപോയതറിഞ്ഞ് നമ്പൂതിരി സാമൂതിരിയോട് ആവലാതി

പറഞ്ഞു. ബുദ്ധിമാനായ രാജാവ് ഒരു ചെപ്പ് പുഴുക്ക് (ഒരു സുഗന്ധ ദ്രവ്യം) നമ്പൂതിരിയെ ഏൽപ്പിച്ച് അയാളുടെ രണ്ടാം ഭാര്യയ്ക്ക് കൊടുക്കാൻ നിർദ്ദേശിച്ചു. അതേ പുഴുക്ക് തന്നെ മറ്റൊരു ചെപ്പിൽ കൊച്ചിരാജാവിന് നൽകാൻ ഏർപ്പാടുചെയ്തു. അടുത്ത പെരുവനം പൂരത്തിന് പുഴുക്കും പൂശി കൊച്ചിത്തമ്പുരാൻ നമ്പൂതിരിയോടൊപ്പം എത്തിച്ചേർന്നു. അതേ പുഴുക്കും പൂശിക്കൊണ്ടുവന്ന രണ്ടാം വേളിയുടെ ജാരനെ അവിടെവെച്ചു തന്നെ പിടികൂടുകയും തൊണ്ടിമുതൽ കണ്ടെടുക്കുകയും ചെയ്യുന്നതാണ് 'നല്ല ഭാഷ'യിലെ ഇതിവൃത്തം. കോഴിക്കോട് സാമൂതിരിയും കൊച്ചിരാജാവും തമ്മിൽ ബദ്ധശത്രുക്കളായിരുന്നു വെങ്കിലും നമ്പൂതിരിയുടെ മുതൽ വീണ്ടെടുക്കുന്നതിൽ രണ്ടുപേരും ജാഗരൂകരായിരുന്നു. ഇതിന്റെ പ്രമേയത്തേക്കാൾ പ്രാധാന്യം ലഭിച്ചത് ഭാഷാരീതിക്കായിരുന്നു.

▶ 'നല്ല ഭാഷ'

'ആരോടെല്ലാം പറഞ്ഞു പണമിവിടെയിരിപ്പുള്ള താരോടുമില്ലേ;
നേരോ നേരാണ്; ചൊവ്വാലിതു ചെറിയൊരകത്താളൊടുർവായിരിക്കാം
പോരും;നേരാണിതെന്നാൽ പറവതുവെറുതെ;പോയതോ പോയിടട്ടെ
പൂരത്തിൻ നാൾ വരൂ നോക്കൊരുമയോടൊരു വേളയ്ക്ക് വേലയ്ക്ക് പോകാം'

എന്ന ശ്ലോകം തമ്പുരാന്റെ പച്ചമലയാളശൈലിയ്ക്ക് തികഞ്ഞ ഉദാഹരണമാണ്.

കുഞ്ഞിക്കുട്ടൻത്തമ്പുരാൻ തുടങ്ങിവെച്ച പച്ചമലയാളകാവ്യ സമ്പ്രദായത്തിന്റെ ശക്തനായ പരിപോഷകൻ കുണ്ടൂർ നാരായണമേനോനായിരുന്നു. അദ്ദേഹത്തിന്റെ കൃതികളിൽ പ്രഖ്യാതം നാലുഭാഷാകാവ്യങ്ങളായിരുന്നു. കോമപ്പൻ, കണ്ണൻ, പാക്കനാർ, കൊച്ചീ ചെറിയ ശക്തൻ തമ്പുരാൻ എന്നീ നാല് പച്ചമലയാള ഖണ്ഡകൃതികളാണ് ഇതിലുള്ളത്. പുരാണകഥകളെ സ്വീകരിക്കാതെ വടക്കൻപാട്ടുകളിലെ നായകന്മാരെയും അവരുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങളെയും ചുറ്റിപ്പറ്റിയാണ് ഇതിന്റെ ഇതിവൃത്തം. 'നല്ല ഭാഷ'യ്ക്കൊപ്പിച്ച് ഒരു പുതിയ കാവ്യസരണിയിലേയ്ക്ക് പ്രവേശിക്കുകയാണ് താൻ എന്ന് ഗ്രന്ഥകാരൻ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അതിദീർഘമായ കവിത ഇനി വേണ്ടെന്നും പുരാണേതിഹാസങ്ങളിൽ നിന്ന് ചരിത്രത്തിലേയ്ക്കും ഐതിഹ്യങ്ങളിലേയ്ക്കും ഇതിവൃത്തത്തിനു വേണ്ടിയുള്ള പ്രയാണമാവാമെന്നും കവി സൂചിപ്പിക്കുന്നുണ്ട്.

▶ പച്ചമലയാളശൈലി - കുഞ്ഞിക്കുട്ടൻ ത്തമ്പുരാൻ, കുണ്ടൂർ നാരായണമേനോൻ

നാൾതോറുമിങ്ങനെ പറഞ്ഞതു തന്നെ വീണ്ടു-
മോതുന്നൊരിപ്പണിയിനിക്കഴിയില്ലെനിക്ക്
നീ താനുറങ്ങുവതിനു മുമ്പിലോരറ്റമെത്തീ -
ടാതുള്ളതൊന്നുമിനി ഞാനുരചെയ്കയില്ല'

എന്ന മുഖവുരയിൽത്തന്നെ ഈ സൂചനയുണ്ട്.

കോമപ്പനും കണ്ണനും വടക്കൻപാട്ടിലെ ധീരയോദ്ധാക്കളാണ്. കൈപുള്ളിപ്പാലാട്ടെ ധീരനായ കോമപ്പൻ തന്റെ തറവാട്ടിലെ പുരുഷന്മാരെയെല്ലാം വധിച്ച തൊണ്ണൂറാം വീട്ടിലെ കുറുപ്പന്മാരുടെ സഹോദരി ഉണ്ണിയമ്മയെ വിവാഹം ചെയ്യുകയാണ് കോമപ്പനിലെ ഇതിവൃത്തം.

▶ കോമപ്പൻ

ഉണ്ണിയമ്മയോടുള്ള കോമപ്പന്റെ പ്രേമം വ്യക്തമാക്കുന്ന ശ്ലോകം കാണുക.

'പുല്ലാണെനിക്കു പടയാളികൾ, നിൻ കടക്കൺ
തെല്ലാണു തേന്മൊഴി, തടുത്തിടുവാൻ ഞെരുക്കം
തെല്ലാകയാൽ തെളിവിയന്നു തുണയ്ക്കണം നീ
അല്ലായ്കിലാങ്ങളകൾതൻ പണി പെങ്ങൾ ചെയ്യും'
ഇതിൽ ഒരൊറ്റ സംസ്കൃത പദം പോലുമില്ല.

▶ കണ്ണൻ

'കണ്ണൻ'എന്ന കാവ്യത്തിലും ധീരനായകനായ കണ്ണൻ മണ്ണാർക്കാട്ട് രാജാവിൽ നിന്ന് തന്റെ തറവാട്ട് സ്വത്തെല്ലാം തിരിച്ചു പിടിക്കുന്നു. ഇതിനിടെ ശത്രുകുടുംബത്തിൽപ്പെട്ട ഒരു പെൺകുട്ടിയുമായി കണ്ണൻ പ്രണയത്തിലാവുന്നു. പോരാട്ടത്തിൽ ജയിച്ചുവന്ന കണ്ണൻ അവളെ സ്വന്തമാക്കുന്നു. കണ്ണനിലെ ഒരു പച്ചമലയാളശ്ലോകം നോക്കുക.

'തോരാതുലഞ്ഞടി തൊടും പടി നീണ്ട കൂന്തൽ
പാരാതെ കൈവിരലുകൊണ്ടവൾ വേർപ്പെടുത്തേ
നീരാർന്ന മിന്നലിടചേർന്ന മഴയ്ക്കൊരുങ്ങും
കാറാണിതെന്നു കരുതും കരൾ തന്നിലാരും'

▶ പാക്കനാരുടെ അത്ഭുത ജീവിത കഥകൾ

പാക്കനാരുടെ അത്ഭുത ജീവിതകഥകളാണ് പാക്കനാരുടെ ഉള്ളടക്കം. മുറമുണ്ടാക്കാൻ മുളയെടുക്കുമ്പോൾ പൊൻ നാണയങ്ങൾ കാണുന്നു. അത് ആളെക്കൊല്ലുമെന്ന് പറഞ്ഞ് പാക്കനാർ തിരികെ പോകുന്നു. വിഷംതീണ്ടി മരിച്ചയാളെ സംസ്കരിക്കാൻ തുടങ്ങുമ്പോൾ പാക്കനാർ വിഷമിറക്കി ജീവിപ്പിക്കുന്നു. ഒട്ടാക്കെ ചിന്താപ്രധാനമായ ഈ കൃതിയിലും ജീവിതതത്വപ്രതിപാദനത്തിനായി പച്ചമലയാള നിർബന്ധം സുന്ദരമായി പ്രായോഗികമാക്കുകയാണ്.

'നൽകുന്നതാണ് മുതൽ നേടുവതല്ല, ചത്തു-
പോകുന്ന നേരമതു കൂടെ വരുന്നതുണ്ടോ
ചാകുന്നതെന്നതുമറിഞ്ഞവരാരു പൂന്തേൻ
തൂകുന്ന നല്ല മൊഴിമാരണിയുന്ന മുത്തേ'

▶ നിരവധി പച്ചമലയാള കൃതികൾ

കടൽക്കൊള്ളക്കാരെ പിടിച്ചു ശിക്ഷിച്ച ശക്തൻ തമ്പുരാന്റെ കഥയാണ് 'കൊച്ചീ ചെറിയ ശക്തൻ തമ്പുരാനി'ലെ ഇതിവൃത്തം. സംസ്കൃതത്തിന്റെ സഹായം കൂടാതെ തനി മലയാളത്തിന് എത്ര ദൂരം ഉയരാമെന്നും അതിലെ പദങ്ങൾക്ക് എത്രമാത്രം ഊക്കും ഉശിരും അഴകും അന്തസ്സുമുണ്ടെന്നും ഇവ നമുക്ക് കരുതലാമലകം പോലെ കാണിച്ചു തരുന്നുവെന്ന് മഹാകവി ഉള്ളൂർ എഴുതിയിരിക്കുന്നു. ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോന്റെ 'മദിരാശിക്കടൽക്കര'പച്ചമലയാളപ്രസ്ഥാനത്തിൽപ്പെട്ട കൃതിയാണ്.

'വെടിപ്പൊരു മുടുപ്പുമാ വലിയ തൊപ്പിയും നാൾക്കുനാൾ
വടിക്കുമൊരു താടിയും തിരുകിവെച്ച മേൽമീശയും
കടിച്ചൊരു ചുരുട്ടുമായി വടികൾ വീശിവന്നെത്തിനാർ
ചൊടപ്പെട്ടു ചെറുപ്പമാം ധരകൾ നൂറുനൂറ്റമ്പതായ്'

സംസ്കൃതപണ്ഡിതനും കവിതാരചനയിൽ സംസ്കൃതപദാ ഭിരതി സവിശേഷതയാക്കിയ ഉള്ളൂരിനും നേർച്ച, തങ്കമ്മ എന്നീ രണ്ടു പച്ചമല യാള കൃതികളുണ്ട്.

'മഞ്ഞായിടുന്ന മലതൻ മകളേ കഴുത്തിൽ
നഞ്ഞാണ്ട തേവരെ മയക്കിയ കെട്ടിലമ്മേ
ഇഞ്ഞാൻ നിനക്കടിമ :നിന്മലർ -
മേനിതന്റെ നെഞ്ഞാമരങ്ങിൽ വിളയാടി വിളങ്ങിടേണം'

പി.ജി. രാമയ്യരുടെ 'കാരണവരുടെ ആവലാതിയും' 'അനന്തരവന്റെ ആവലാതിയും' പച്ച മലയാളപ്രസ്ഥാനത്തിൽപ്പെട്ട കൃതികളായി കണ ക്കാക്കുന്നു.

## കൂട്ടുകവിതകൾ

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ഉടലെടുക്കുകയും ആ നൂറ്റാണ്ടിന്റെ മധ്യഘട്ടം വരെ മലയാള കവിതയുടെ വികാസപരി ണാമങ്ങളിൽ സ്വാധീനം ചെലുത്തുകയും അതിന്റെ മുഖഛായ തന്നെ മാറ്റിമറിക്കുകയും ചെയ്ത കാവ്യധാരയാണ് വെണ്മണി പ്രസ്ഥാനം. മി ക്ക ഭാരതീയ ഭാഷകളിലും ആംഗല ഭാഷാസ്വാധീനം തീരെയില്ലാത്ത, ആംഗലവിദ്യാഭ്യാസവുമായി പ്രത്യക്ഷബന്ധമില്ലാത്ത ഒരു നവോത്ഥാ നത്തിന്റെ കൈവഴിയായിരുന്നു വെണ്മണി പ്രസ്ഥാനം. സംസ്കൃത പദ ബഹുലമായ കേരളവർമ്മപാരമ്പര്യത്തിൽ നിന്ന് വ്യത്യസ്തമായ കവിതയെ ഭാവത്തിലും രൂപത്തിലും കേരളീയമാക്കാനാണ് വെണ്മണി പ്രസ്ഥാനം ശ്രമിച്ചത്. അതിനായി കവികളുടെ സ്വതന്ത്ര ഭാവനയ്ക്കും, അനുഭവ സീമയിൽപ്പെട്ട വിഷയങ്ങൾക്കും കവിതയിൽ മുൻതൂക്കം നൽകി. ഹാസ്യശൃംഗാരരസങ്ങൾക്ക് പ്രാധാന്യം നൽകി. പദലാളിത്യ വും ശില്പ സൗകുമാര്യവും കാവ്യരചനയുടെ മുഖ്യദർശനങ്ങളായി. പുതുമയുള്ള ചില കാവ്യരൂപങ്ങൾ വെണ്മണിപ്രസ്ഥാനം മലയാള കവി തയ്ക്ക് നൽകി. 'സ്ത്രീകളെ അഭിസംബോധന ചെയ്തുകൊണ്ടുള്ള വർണ്ണനാത്മക കാവ്യങ്ങൾ, കഥാകാവ്യങ്ങൾ, കവിതയിലുള്ള യാത്രാ വിവരണങ്ങൾ, കവിതക്കത്തുകൾ തുടങ്ങിയവ ഈ പ്രസ്ഥാനത്തിലൂടെ പ്രചാരം നേടി. ഇതു കൂടാതെ ദ്രുതകവന സമ്പ്രദായം, പച്ചമലയാള കാവ്യരീതി, പരീക്ഷകളിലൂടെയുള്ള ശ്ലോകനിർമ്മിതി, മുക്തകങ്ങൾ, അക്ഷരശ്ലോകങ്ങൾ എന്നിവയും വെണ്മണി പാരമ്പര്യത്തിൽ പുഷ്ടി പ്രാപിച്ചു. ഈ പാരമ്പര്യത്തിൽ വികസിച്ച മറ്റൊരു കാവ്യരചനാരീതി യാണ് കൂട്ടുകവിതാസമ്പ്രദായം.

▶ വെണ്മണിപാരമ്പ ര്യത്തിന്റെ പുഷ്ടി

കൂട്ടുകവിതാരചന കവിക്കമ്പത്തിന്റെയോ കാവ്യവിനോദത്തിന്റെയോ ഭാഗമായിരുന്നു. ഏതെങ്കിലുമൊരു കഥ കവിതയുടെ ഇതിവൃത്തമായി തെരഞ്ഞെടുത്തുകൊണ്ട് ഒന്നിലധികം കവികൾ ഒത്തുചേർന്ന് കാവ്യ രചന പൂർത്തിയാക്കുന്നു. കാവ്യവിഷയം തെരഞ്ഞെടുക്കുന്നതും കവി കൾ ഒത്തുചേർന്നുതന്നെ. അതിനുശേഷം ഓരോരുത്തരും എഴുതേണ്ട ശ്ലോകങ്ങൾ, കാവ്യഭാഗങ്ങൾ, സർഗങ്ങൾ എന്നിവ തീരുമാനിക്കുന്നു. നിശ്ചിത സമയത്തിനുള്ളിൽ എഴുതി സമർപ്പിക്കുകയും വേണം. ഈ കൂട്ടുകവിതാ രചനയ്ക്ക് നേതൃത്വം നൽകിയത് കവനകൗമുദിയായിരു ന്നു. കുണ്ടൂർ നാരായണമേനോൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ,

▶ കൂട്ടുകവിതാരചന

കുട്ടമത്ത് രാമക്കുറുപ്പ്, വള്ളത്തോൾ, ഉള്ളൂർ, കുറ്റിപ്പുറത്ത് കേശവൻ നായർ തുടങ്ങിയവർ കൂട്ടുകവിതാ രചനയിൽ ഏർപ്പെട്ടിരുന്നവരാണ്.

കൂട്ടുകവിതാനിർമ്മാണത്തിൽ സജീവമായി പങ്കെടുത്ത കവികളിലൊരാൾ ഒടുവിൽ കുഞ്ഞികൃഷ്ണമേനോനാണ്. ഒടുവിലിന്റെ സ്വതന്ത്ര പദ്യകൃതികൾ കൂടാതെയുള്ള 'ഉപകോശ പഞ്ചാഗ്നി', 'ചണ്ഡാലിമോക്ഷം' തുടങ്ങിയ കൃതികൾ മറ്റുകവികളുമായി ചേർന്നെഴുതിയ കൂട്ടുകവിതകളാണ്. ഇതിൽ 'ചണ്ഡാലിമോക്ഷം' എന്ന കൃതിയിൽ ഒടുവിൽ എഴുതിയ നാലാം സർഗം സരസ്വതീപ്രസാദം അതിന്റെ പരിപൂർണാവസ്ഥയിൽ പ്രകാശിക്കുന്നതും അമൃതമയവുമാണെന്ന് മഹാകവി ഉള്ളൂർ എഴുതിയിട്ടുണ്ട്. 'ചണ്ഡാലിമോക്ഷ'ത്തിൽ നിന്ന് ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

ചണ്ഡാലിയുടെ രൂപവർണന......

'കറുകറനെയിരുണ്ടിരുട്ടു ഭൂതം
വെറുമൊരു നൂതനമായ പൈതൽപോലെ
തുറുകവിൾ, പത്തിമൂക്ക്, നല്ല വൈക്കോൽ -
ത്തുറുവയറിത്തരമാണു വേഷഘോഷം'

ചണ്ഡാലിയുടെ പൂർവജന്മത്തിലും ഇഹജന്മത്തിലെയും അവസ്ഥാന്തരങ്ങൾ വർണിക്കുന്ന മറ്റൊരു ശ്ലോകമിങ്ങനെ:

'വിടുവിടരെ വഴിക്കു വെച്ചുകണ്ടാൽ
ച്ചടുലതപൂണ്ടു കളിച്ച ചാരുനേത്രം
കടുതരദുരിതകടാരി കേറ്റി-
പ്പടുകുഴിയായ് പരമേഷ്ഠി തീർത്തു പണ്ടേ-'

▶ ചണ്ഡാലിമോക്ഷം

വെണ്മണിപ്രസ്ഥാനവഴിയിൽ കവനം ചെയ്ത കുണ്ടൂർ നാരായണമേനോൻ പച്ചമലയാള കാവ്യരചനയിലും ദ്രുതകവനത്തിലും മികവ് തെളിയിച്ച പ്രതിഭയായിരുന്നു. പച്ച മലയാള കാവ്യങ്ങളും വഞ്ചിപ്പാട്ടുകളും കൈകൊട്ടിപ്പാട്ടുകളുമടക്കം പതിനഞ്ചോളം സ്വതന്ത്ര കൃതികൾ, എട്ടോളം തർജ്ജമകൾ എന്നിവ കൂടാതെ കൂട്ടുകവിതകളും കുണ്ടൂരിന്റേതായിട്ടുണ്ട്. 'പ്രമദ്വരാചരിതം', 'ഉപകോശ', 'കുശനാഭ' 'കന്യാദാനം', 'ദ്രോപതിഹരണം', 'രത്നാവലി' എന്നിവ പല കവികളോടുമൊപ്പം ചേർന്ന് കുണ്ടൂരെഴുതിയ കൂട്ടുകവിതകളാണ്. കുട്ടമത്തുകവികൾ, കേരളവർമ്മ പാരമ്പര്യം പിൻപറ്റിയവരായിരുന്നു. എങ്കിലും കുട്ടമത്ത് കുഞ്ഞികൃഷ്ണക്കുറുപ്പ് കൂട്ടുകവിതാരചനയിൽ പങ്കാളിയായിരുന്നു. 'കടാങ്കോട്ടുമാക്കം' എന്ന കൂട്ടുകാവ്യത്തിൽ കുഞ്ഞുകൃഷ്ണക്കുറുപ്പ് രചിച്ച ഭാഗം രസനിഷ്യന്ദിയാണ് എന്ന് മലയാളകവിതാസാഹിത്യ ചരിത്രത്തിൽ ഡോ. എം. ലീലാവതി നിരീക്ഷിച്ചിട്ടുണ്ട്.

▶ കുണ്ടൂരും കുട്ടമത്തുകവികളും

കൂട്ടുകവിതാരചനയുടെ പ്രാരംഭോദ്യമമായി പരിഗണിക്കാവുന്ന കൃതി അമ്പാടി കുഞ്ഞുകൃഷ്ണപ്പൊതുവാളിന്റെ (1812-1881) കവിപകാവലിയാണ്. അക്കാലത്തെ ചില കവികളെ പഴങ്ങളോടുപമിക്കുന്ന പ്രസിദ്ധമായ ഒരു കൂട്ടുകവിതാശ്ലോകമുണ്ട്.

'ഉച്ചത്തിൽപറയുന്ന ഞാൻ സരസനാം പട്ടത്തു കുഞ്ഞുണ്ണിയെ -
ന്നൊച്ചപ്പെട്ടു വസിച്ചീടും കവിവരൻ കേടറ്റ നേത്രപ്പഴം
അച്ഛൻ വെണ്മണി ചിങ്ങനാണ്; പുതുവാളമ്പാടി പൂവമ്പഴം
അച്ഛൻ കണ്ടനറച്ചിടുന്നിരു മുടിക്കുന്നന്റെ മാണിപ്പഴം'

ഈ ശ്ലോകത്തിൽ പട്ടത്തു നമ്പിയാരെക്കുറിച്ചുള്ള ഭാഗം ആറാട്ടുപുഴയ്ക്കടുത്തുള്ള അച്ഛൻകണ്ടത്തു നമ്പിയാരും, വെണ്മണി അച്ഛനെക്കുറിച്ചുള്ള ഭാഗം പുതുവാളും, അച്ഛൻ കണ്ടത്തു നമ്പിയാരെക്കുറിച്ചുള്ള ഭാഗം വെണ്മണി അച്ഛനും ഒരു സദസ്സിൽ വെച്ചുണ്ടാക്കിച്ചൊല്ലിയതാണെന്ന് ഉള്ളൂർ. ഈ 'കവിപകാവലി'യെത്തുടർന്നാണ് 'കവിപുഷ്പമാല'യുടെയും 'കവിഭാരത'ത്തിന്റെയും മറ്റും ആവിർഭാവം.

▶ കവിപകാവലി

കൂട്ടുകവിതാരചനയിൽ എടുത്തുപറയേണ്ട മറ്റൊരു സംരംഭം സി.പി. അച്യുതമേനോന്റെ നേതൃത്വത്തിൽ നടന്ന 'ഉത്തരരാമചരിത വിവർത്തന'മാണ്. സി. പി. അച്യുതമേനോൻ ചമ്പത്തിൽ ചാത്തുക്കുട്ടി മന്നാടിയാരെക്കൊണ്ട് ഉത്തരരാമചരിതം വിവർത്തനം ചെയ്ത് 'വിനോദചിന്താമണി'സംഘക്കാരെക്കൊണ്ട് അഭിനയിപ്പിക്കാൻ തീരുമാനിച്ചിരുന്നതാണ്. എന്നാൽ കൊച്ചി വീരകേരളവർമ്മ കൊച്ചുണ്ണിത്തമ്പുരാൻ അതു വിലക്കുകയും ചാത്തുക്കുട്ടി മന്നാടിയാരെ അതിൽ നിന്ന് പിന്തിരിപ്പിച്ച് രസികണ്ടിനി എന്നൊരു പുതിയ കമ്പനി രൂപീകരിച്ച് ഇവരെക്കൊണ്ട് അഭിനയിപ്പിക്കുവാൻ ശാഠ്യം പിടിക്കുകയും ചെയ്തു. രാജാവിന്റെ കല്പന ലംഘിക്കാൻ മന്നാടിയാർക്കും കഴിഞ്ഞില്ല. സി. പി. യാകട്ടെ മറ്റു വല്ലവരും അഭിനയിക്കുന്നതിന് മുൻപായി വിനോദചിന്തമണിക്കാരെക്കൊണ്ട് അഭിനയിപ്പിക്കുമെന്ന് പ്രതിജ്ഞ ചെയ്തു. സി. പിയും എടമന കൃഷ്ണനെമ്പ്രാതിരിയും ചേർന്ന് ഒന്നാം അങ്കം, രണ്ടാം അങ്കം കൊച്ചുണ്ണിത്തമ്പുരാൻ, കുഞ്ഞിക്കുട്ടൻതമ്പുരാൻ, വെണ്മണി മഹൻ മുതൽപ്പേർ, മൂന്നാം അങ്കം കുഞ്ഞിക്കുട്ടൻ തമ്പുരാൻ, നാലാമങ്കം നടുവത്തച്ഛൻ, ഒറവങ്കര രാജൻ, കുഞ്ഞിക്കുട്ടൻതമ്പുരാൻ, അഞ്ചാമങ്കം മാത്തുള്ളി നടുവം മഹൻ കൂനേഴം തുടങ്ങി ഏഴങ്കങ്ങളും കൂട്ടുകവിതാരചനയുടെ സമ്പ്രദായത്തിലാണ് പരിഭാഷപ്പെടുത്തിയത്.

▶ ഉത്തരരാമചരിത വിവർത്തനം

കവിതയെ വിനോദോപാധിയായി മാത്രം കണ്ട ഒരു മനോഭാവത്തിൽ നിന്നാണ് കൂട്ടുകവിതാ രചനാസമ്പ്രദായം പ്രചരിച്ചത്. കാവ്യഭാവനയുടെയും സർഗാത്മകതയുടെയും മൂല്യസങ്കല്പങ്ങൾ കൂട്ടുകവിതാരചനയ്ക്ക് പുറത്തായതുകൊണ്ടാകണം കൂട്ടുകവിതാരചനാ സമ്പ്രദായവും ഒരു കവിതക്കമ്പമായി മാത്രം വിലയിരുത്തപ്പെടുകയും കാവ്യചരിത്രത്തിൽ തുടർച്ചയില്ലാതെ പോകുകയും ചെയ്തത്.

▶ കവിത വിനോദോപാധി

## മുക്തകങ്ങൾ

സംസ്കൃതത്തിന്റെ ചുവടുപിടിച്ച് ഭാഷയിൽ ഉണ്ടായ കാവ്യരൂപമാണ് മുക്തകങ്ങൾ അഥവാ ഒറ്റ ശ്ലോകങ്ങൾ. മുത്തിന്റെ രൂപപ്പൊലിമയും സ്വയം പൂർണതയും ആകർഷകത്വവുമാണ് മുക്തകങ്ങളുടെ സവിശേഷത.

▶ ആകർഷകത്വം

'മുക്തകം ശ്ലോക ഏവൈകഃ ചമൽക്കാരക്ഷമഃ സതാം' എന്ന് പൗരാണികർ മുക്തകത്തെ നിർവചിച്ചിട്ടുണ്ട്. പൂർണമായ ഒരാശയത്തെ ചമൽക്കാരത്തോടെ ആവിഷ്കരിക്കുന്ന ചതുഷ്പദികളാണ് മുക്തകങ്ങൾ. മു

ക്തകം എന്ന പദത്തിന് മറ്റൊന്നിനോട് ചേർന്ന് നില്ക്കാത്തത്, ഒറ്റപ്പെട്ട് നിൽക്കുന്നത് എന്നൊക്കെ അർഥം. സ്വയം സമ്പൂർണ്ണാർഥ നിവേദനക്ഷമമായ പദ്യമാണ് മുക്തകം എന്ന് എൻ. വി. കൃഷ്ണവാര്യർ മുക്തകത്തെ നിർവചിക്കുന്നു. 'രസോല്പത്തിക്ക് അനുപേക്ഷണനീയമായ വിഭാവാദി സംഘടന ഒരൊറ്റ പദ്യത്തിൽ ഉണ്ടാകണ'മെന്ന് അഭിനവഗുപ്തൻ നിർദ്ദേശിക്കുന്നു. ഒരു പ്രബന്ധത്തിലെന്നപോലെ സ്ഫുടോജ്ജ്വലമായും സാക്ഷാത്കാരതുല്യമായും നായിക നായകൻ മുതലായ കഥാപാത്രങ്ങളെയും, ഏതെങ്കിലുമൊരു വികാരനിർഭരമായ ജീവിതസന്ദർഭത്തെയും ഏതാനും ചിലവാക്കുകൾ കൊണ്ട് സഹൃദയ ഹൃദയത്തിൽ ഉയിർക്കൊള്ളിക്കുവാനുള്ള കഴിവാണ് മുക്തകത്തിന്റെ ജീവൻ. അർഥപരമായ സ്വയം പൂർണതയും ഭാവപരമായ ഏകാഗ്രതയുമാണ് മുക്തകങ്ങളുടെ ആത്മാവ് എന്ന് ഇതിൽ നിന്ന് സിദ്ധിക്കുന്നു.

▶ മുക്തകത്തിന്റെ അർഥം

സംസ്കൃതത്തിലും പ്രാകൃതത്തിലും മുക്തകരചനയ്ക്ക് വലിയ പ്രാധാന്യമുണ്ടായിരുന്നു. ഭർത്തൃഹരിയുടെ 'സുഭാഷിതത്രി ശതി'യ്ക്കാണ് സംസ്കൃതത്തിലെ മുക്തകങ്ങളിൽ പ്രഥമസ്ഥാനം. 'അമരുകശതകം' എന്ന ശൃംഗാരകാവ്യത്തിന്റെ കർത്താവായ, കാശ്മീരിൽ ജീവിച്ച അമരുകകവിയുടെ മുക്തകങ്ങൾ പ്രബന്ധം പോലെ മഹത്തരമാണെന്ന് ആനന്ദവർദ്ധനാചാര്യർ എഴുതിയിട്ടുണ്ട്. മലയാളത്തിൽ ആദ്യമായി ഒറ്റ ശ്ലോകരചനയിലേർപ്പെട്ടത് തോലൻ (അതുലൻ) ആണെന്നു കരുതേണ്ടിയിരിക്കുന്നു. പരിഹാസവും ഫലിതവും കൂട്ടിക്കലർത്തിയവയാണ് അതുലന്റെ ശ്ലോകങ്ങൾ. ഒറ്റ ശ്ലോകങ്ങളുടെ ആദ്യശേഖരം കാണുന്നതാകട്ടെ ലീലാതിലകത്തിലും.

▶ അതുലനിൽ തുടക്കം

മലയാളത്തിൽ മുക്തകങ്ങൾ ഒരു കാവ്യപ്രസ്ഥാനമായി വളർന്നു വികസിച്ചത് വെണ്മണിപ്രസ്ഥാനകാലത്താണ്. ഇവരുടെ മുക്തകങ്ങളധികവും ശൃംഗാരരസപ്രധാനമാണ്. പ്രഭുത്വത്തിന്റെയും സുഖലോലുപതയുടെയും സൗഭാഗ്യങ്ങളിൽ കഴിഞ്ഞ വെണ്മണികളെ സംബന്ധിച്ചിടത്തോളം ജീവിതത്തെ അതിന്റെ സർവ സൗഭാഗ്യങ്ങളോടും ആസ്വദിക്കാനും സുഖിക്കാനുമുള്ളതായിരുന്നു. മാംസനിബദ്ധമായ അനുരാഗസാഫല്യത്തെക്കുറിച്ചല്ലാതെ അവർക്ക് മറ്റൊന്നും ചിന്തിക്കാൻ കഴിയുമായിരുന്നില്ല. സാധാരണ മനുഷ്യന്റെ അല്ലലുകളും അലച്ചിലുകളും ഇവർക്കന്യമായിരുന്നു. എന്നാൽ പ്രകൃതി പ്രതിഭാസങ്ങളും ഋതുഭേദങ്ങളും ഇവർ മുക്തകങ്ങൾക്ക് വിഷയമാക്കി. ചേലപ്പറമ്പ് നമ്പൂതിരി, പൂന്തോട്ടം നമ്പൂതിരിമാർ (പൂന്തോട്ടത്തെ അച്ഛനും മകനും), ഒറവങ്കര നീലകണ്ഠൻ നമ്പൂതിരി എന്നിവരാണ് മുക്തക പ്രസ്ഥാനത്തിലെ പ്രമുഖർ.

▶ വെണ്മണിക്കാലത്തെ കാവ്യ പ്രസ്ഥാനം

വെണ്മണിക്കവികളുടെ പൊതുസ്വഭാവം പോലെ എന്തും മുക്തകങ്ങൾക്ക് കാവ്യവിഷയമാക്കിയിരുന്നു വെണ്മണിമാർ. വേലിയിൽ പടർന്നു കിടക്കുന്ന കയ്പവല്ലരിയെക്കുറിച്ച് ചേലപ്പറമ്പ് നമ്പൂതിരിയുടെ ഒരു മുക്തകകവിതയിങ്ങനെയാണ്....

'പാടത്തിൻകര നീളെ നീലനിറമായ് വേലിക്കൊരാഘോഷമാ-
യാടിത്തൂങ്ങിയലഞ്ഞുലഞ്ഞു സുകൃതം കൈ കൊണ്ടിരിക്കും വിധൗ
പാരാതെ വരികെന്റെകയ്യിലധുനാ പീയൂഷഡംഭത്തെയും
ഭേദിച്ചമ്പൊടു കയ്പവല്ലിതരസാ പെറ്റുള്ള പൈതങ്ങളെ'

രാജാവിന്റെ കൃഷ്ണഭക്തിയും ഐശ്വര്യപൂരവുമാണ് ഒറവങ്കരയുടെ ഒറ്റശ്ലോകത്തിന്റെ ധ്വനി. പക്ഷേ കവി അത് നേരിട്ടു പറയുന്നില്ല; സൂചനകൾ നൽകുന്നതേയുള്ളൂ.

> എന്നും കാവ്യവിഷയം

'മർത്ത്യാകാരേണഗോപിവസനനിരകവർന്നോരു ദൈത്യാരിയെത്തൻ
യിത്ഥേബന്ധിച്ച വഞ്ചിശ്വര, തവ നൃപനീതിക്കുതെറ്റില്ല, പക്ഷേ
പൊൽത്താർമാതാവിതാ തൻ കണവനെവിടുവനാശ്രയിക്കുന്നു ദാസീ-
വൃത്യാ നിത്യം ഭവാനെക്കനിവിവളിലുദിക്കൊല്ല കാരുണ്യരാശേ'

> സന്ദേശം മുക്തകത്തിൽ

ബ്രിട്ടീഷ്കാരോരിടഞ്ഞ് വയനാട്ടിലെ കാട്ടിൽ കഴിയുന്ന കോട്ടയം കേരളവർമ്മത്തമ്പുരാൻ പഴശ്ശിരാജ നാട്ടിലുള്ള പ്രിയതമ കൈതേരിമാക്കത്തിനു പറയാനായി കൊടുക്കുന്ന സന്ദേശം മനോഹരമായ ഒരു മുക്തകത്തിന്റെ രൂപത്തിലാണ്.

'ജാതീ ജാതാനുകമ്പ ഭവ, ശരണമയേമല്ലികേഃ കൂപ്പുകൈ തേ
കൈതേ, കൈതേരിമാക്കം കബരിയിലണിവാൻ കയ്യുയർത്തുംദശായാം
ഏതാനേതാൻ മദീയാനലർശരപരിതാപോദയാനാശു നീതാൻ
നീതാൻ നീതാനുണർത്തീടുക ചടുലകയൽക്കണ്ണിതൻ കർണ്ണമൂലേ'

> പ്രസിദ്ധരും അപ്രസിദ്ധരുമായ കവികൾ

വെണ്മണിപാരമ്പര്യത്തിൽപ്പെട്ട കവികൾ മാത്രമല്ല, കേരളവർമ്മ വലിയകോയിത്തമ്പുരാൻ തുടങ്ങി പ്രസിദ്ധരും അപ്രസിദ്ധരുമായ ധാരാളം കവികൾ ഒറ്റശ്ലോകരചനയിലേർപ്പെട്ടിട്ടുണ്ട്. ആധുനികകവിത്രയത്തിൽപ്പെട്ട ആശാൻ, വള്ളത്തോൾ തുടർന്ന് വരുന്ന ചങ്ങമ്പുഴ, ജി. ശങ്കരക്കുറുപ്പ്, കുറ്റിപ്പുറത്ത് കേശവൻനായർ തുടങ്ങിയവരുടെ ധ്വനിസാന്ദ്രമനോഹരമായ മുക്തകങ്ങളുണ്ട്. കൃഷ്ണഭക്തനായ കവി വി. കെ. ഗോവിന്ദൻനായരുടെ മുക്തകങ്ങൾ, മഹാകവി വള്ളത്തോളിന്റെ 'വിലാസലതിക', നാലപ്പാട്ട് നാരായണമേനോന്റെ 'ലോകം', സർദാർ കെ. എം. പണിക്കരുടെ 'ചാടൂക്തി മുക്താവലി' എന്നിവ മുക്തകപ്രസ്ഥാനത്തിലെ എണ്ണപ്പെട്ട കൃതികളാണ്.

> വിപുലമായ ഇതിവൃത്തങ്ങൾ

മുക്തകങ്ങളുടെ ഇതിവൃത്തങ്ങൾ വന്ദനശ്ലോകങ്ങൾ, മംഗളാശംസകൾ, പ്രശംസാശ്ലോകങ്ങൾ, തർജ്ജമകൾ, എഴുത്തുകുത്തുകൾ, സന്ദേശവാക്യങ്ങൾ, ഛായാശ്ലോകങ്ങൾ, പുരസ്കാര പദ്യങ്ങൾ എന്നിങ്ങനെ വിപുലമാണ്. പിൽക്കാലത്ത് മലയാള സാഹിത്യത്തിൽ പ്രതിഷ്ഠനേടിയ ഗീതകം, ഭാവഗാനങ്ങൾ എന്നീ ശാഖകൾക്ക് പ്രചോദനമേകാൻ മുക്തകങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട് എന്ന് കരുതാം. മുക്തകസാഹിത്യപ്രസ്ഥാനം ഇന്ന് ഏതാണ്ട് നഷ്ടമായിരിക്കുന്നു. ഈ കാവ്യരൂപത്തിന്റെ പ്രകാശപൂർണമായ രംഗവേദികൾ ഇന്നത്തെ അക്ഷരശ്ലോകസദസ്സുകളാണ്.

### കവിരാമായണം

വെണ്മണി പ്രസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിഷേതകളിലൊന്ന് കാവ്യവിഷയസ്വീകാരത്തിലുള്ള സ്വാതന്ത്ര്യമായിരുന്നു. ചുറ്റുപാടുള്ള ജീവിതവും പുരാണകഥാപ്രതിപാദനവും ചില ഭാവനാസഞ്ചാരങ്ങളുമെല്ലാം ആ കാവ്യപാരമ്പര്യത്തിലുണ്ടായിരുന്നു. എന്നാൽ ജീവിതാനുഭവങ്ങളുടെ ഉപരിതലങ്ങളെ മാത്രമേ ആ കവിത സ്പർശി

SGOU

ച്ചുള്ളൂ. സമുദായത്തിലെ ഉന്നത ശ്രേണിയിൽപ്പെട്ട കവികളായതുകൊണ്ട് അധ്വാനിക്കുന്ന വിഭാഗത്തിന്റെ നീറുന്ന പ്രശ്നങ്ങളൊന്നും അവരെ അലട്ടിയില്ല എന്നതാണ് ഇവരെക്കുറിച്ചുള്ള ഒരു പ്രധാന വിമർശനം. ജീവിതത്തെക്കുറിച്ച് ലാഘവബുദ്ധിയോടുള്ള ഒരു സമീപനരീതി ഇക്കവികൾക്കുണ്ടായിരുന്നു. ഈ ലാഘവബോധം അവരെ സംബന്ധിച്ച് എല്ലാ ജീവിത വ്യാപാരങ്ങളിലും സങ്കല്പങ്ങളിലും വ്യാപിച്ചിരുന്നു. രതി, ശോകം, വാത്സല്യം, ഭക്തി തുടങ്ങി ഏതു രസാവിഷ്ക്കാരത്തിലും ഈ ലാഘവബുദ്ധി പ്രതിഫലിച്ചു. അതിന്റെ ഭാഗമാണ് ഇക്കവിതകളിൽ കാണുന്ന സ്വയംപരിഹാസവും അന്യപരിഹാസവും. എന്തിനെയും പരിഹസിക്കാൻ അവർക്കൊരു മടിയുമുണ്ടായിരുന്നില്ല. എയ്യുന്ന എല്ലാ അമ്പുകളിലും അവർ ഫലിതത്തിന്റെ സ്നേഹം പുരട്ടും. ഹാസ്യത്തിന് സിംഹാസനം നൽകുകയും മറ്റെല്ലാം ഭാവങ്ങളും അതിന്റെ ആജ്ഞാനുവർത്തിക്കുകളായിരിക്കണമെന്നു ശഠിക്കുകയും ചെയ്യുന്ന വെണ്മണി പ്രസ്ഥാനം മലയാളകവിതയെ എല്ലാവർക്കുമിരുന്നുല്ലസിക്കാവുന്ന ഉദ്യാനമാക്കിമാറ്റിയെന്നു ഡോ. എം. ലീലാവതി എഴുതുന്നു. ഈ ഫലിത പരിഹാസാദികളാണ് കവികൾ അന്യോന്യം പഴങ്ങൾ, പൂക്കൾ, മൃഗങ്ങൾ, ഇതിഹാസകഥാപാത്രങ്ങൾ എന്നിവയോടു താദാത്മ്യപ്പെടുത്തി വർണിക്കുന്ന ഒരു പ്രസ്ഥാനത്തിന്റെ ഉദ്ഘാടനത്തിനു കാരണമായിത്തീർന്നത്.

- ജീവിതത്തെക്കുറിച്ച് ലാഘവബോധം

അക്ഷരശ്ലോകവും സമസ്യാപൂരണവും പോലെ മറ്റൊരു കാവ്യ വിനോദമായിരുന്നു കവികളെ പൂക്കളും മൃഗങ്ങളും പക്ഷികളുമൊക്കെയായി കല്പിച്ചുള്ള കവിതകൾ. ഈ ഇനത്തിൽപ്പെട്ട ആദ്യകവിത 'കവിപകാവലി'യാണ്; പലർകൂടി രചിച്ച കവിതയിലെ ഒരു ശ്ലോകം:

- പൂക്കളും മൃഗങ്ങളും പക്ഷികളും

> 'ഉച്ചത്തിൽ പറയുന്നു ഞാൻ സാരസനാം പട്ടത്തു കുഞ്ഞുണ്ണിയെ-
> ന്നൊച്ചപ്പെട്ടു വസിച്ചിടും കവിവരൻ കേടറ്റ നേന്ത്രപ്പഴം
> അച്ഛൻ വെണ്മണി ചിങ്ങനാണു; പുതുവാളമ്പാടി പൂവമ്പഴം
> അച്ഛൻ കണ്ടനറച്ചിടുന്നിരുമുടിക്കെന്നന്റെ മാണിപ്പഴം'

കവികളെ നേന്ത്രപ്പഴമായും അതിൽത്തന്നെ ചിങ്ങൻപഴമായും പൂവമ്പഴമായും മാണിപ്പഴമായും ചിത്രീകരിക്കുന്ന ഈ ശ്ലോകത്തെത്തുടർന്നാണ് കാത്തുള്ളിൽ അച്യുതമേനോൻ 'കവിപുഷ്പമാല'യും കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ 'കവിഭാരത'വും എഴുതിയിട്ടുള്ളത്. അച്യുതമേനോൻ പ്രകൃത്യാ ശാന്തനും വിനീതനുമായിരുന്നതു കൊണ്ടും വെണ്മണി മഹൻ കലശലായി എതിർത്തതുകൊണ്ടും 'കവിപുഷ്പമാല' പ്രസിദ്ധീകരിക്കുകയുണ്ടായില്ല എന്ന് ഉള്ളൂർ രേഖപ്പെടുത്തിയിട്ടുണ്ട്. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ 'കവിഭാരത'ത്തിൽ പാണ്ഡവപക്ഷമെന്നും കൗരവപക്ഷമെന്നും രണ്ടു ഖണ്ഡങ്ങളുണ്ട്. കൊച്ചുണ്ണിത്തമ്പുരാൻ അർജ്ജുനൻ, വലിയകോയിത്തമ്പുരാൻ ഭീമസേനൻ, ഒറവങ്കര നീലകണ്ഠൻ നമ്പൂതിരി സാത്യകി, വെണ്മണിമഹൻ ദ്രോണർ, നടുവത്തച്ഛൻ കൃപർ, കൈകുളങ്ങര രാമവാര്യർ കർണ്ണൻ, കറുത്തപാറ ദാമോദരൻ നമ്പൂതിരി ശല്യർ എന്നിങ്ങനെയാണുള്ളത്. കവിഭാരതത്തിൽ തനിക്കു കൗരവപക്ഷത്തിൽ കൃതവർമ്മാവിന്റെ സ്ഥാനമേയുള്ളൂ എന്നു കുഞ്ഞിക്കുട്ടൻ തമ്പുരാൻ കൂട്ടിച്ചേർക്കുന്നു. ഏതാനും കവികളുടെ പേരുകൾ മാത്രം ചേർത്തതിൽ;

- കവിഭാരതം

SGOU

'ഓർക്കുമ്പോളിനിയോർമ്മ പോരഃകവിത
ക്കാരുണ്ടനേകം തരം
പാർക്കുമ്പോൾ കാരുവീരാർക്കുക; നിറു-
ത്തുന്നേൻ പൊറുത്തുനിന്നു ഞാൻ'

▶ വിശദീകരണവും വിമർശനവും

എന്നിങ്ങനെ കവി സമാധാനം പറഞ്ഞൊഴിയുന്നുമുണ്ട്. എന്നാൽ 'കവിഭാരത'ത്തിൽ ഈഴവകവികളെ യഥായോഗ്യം ആദരിച്ചില്ല എന്ന വിമർശനവുമുണ്ടായി. ഇതിൽ രോഷാകുലനായി മൂലൂർ. എസ്. പത്മനാഭപ്പണിക്കർ എഴുതിയതാണ് 'കവിരാമായണം'.

▶ പുരോഗമനപര, മാനവിക ദർശനം

ശ്രീനാരായണഗുരുവിന്റെ ആദർശങ്ങളാൽ പ്രചോദിതനായ കവിയും സാമൂഹ്യപരിഷ്കർത്താവുമായിരുന്ന മൂലൂർ ജാതീയമായി അവഗണിക്കപ്പെടുകയും അടിച്ചമർത്തപ്പെടുകയും ചെയ്ത അധഃസ്ഥിത ജനതയുടെ മോചനത്തിനുവേണ്ടി മൂലൂർ യത്നിച്ചു. അയിത്തവും ജാതീയചിന്തയും മൂലൂരിനെ അലട്ടിയിരുന്നതുകൊണ്ടാവണം ബുദ്ധന്റെ തിരുവായ്മൊഴികളും ബുദ്ധമതത്തിന്റെ അടിസ്ഥാനതത്വങ്ങളുമടങ്ങിയ 'ധർമ്മപദം' എന്ന കൃതി മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത്. അതുപോലെതന്നെ അക്കാലത്ത് അധഃകൃതരുടെ ഉന്നമനത്തിനുവേണ്ടി യത്നിച്ച, അധഃകൃതരുടെ ദൈവദൂതൻ എന്നറിയപ്പെട്ട കറുമ്പൻ ദൈവത്താന്റെ അഭ്യർത്ഥന പ്രകാരം 'പുലവൃത്തങ്ങൾ' എന്നൊരു കാവ്യസമാഹാരം കൂടി മൂലൂർ രചിച്ചിട്ടുണ്ട്. അധഃകൃതരുടെ ജീവിതാവസ്ഥകളോടുള്ള അനുഭാവവും അവരുടെ ഉന്നമനത്തിനുള്ള ആഗ്രഹവും പ്രകാശിപ്പിക്കുന്നതാണീ കൃതി. ഈ വിധം പുരോഗമനപരവും മാനവികവുമായ ഒരു ദർശനമായിരിക്കണം 'കവിരാമായണ'ത്തിന്റെ രചനയ്ക്കും പിന്നിലുള്ളത്.

▶ കവിരാമായണമെന്ന ബദൽ

'കവിരാമായണം' ഒരർഥത്തിൽ കവിത കൊണ്ടുള്ളൊരു കലാപമായിരുന്നു. അധഃകൃതരായ കവികൾക്കും സാഹിത്യത്തിൽ ഗോപുരവാതിൽ കടക്കാനനുവാദമുണ്ടെന്ന ശാഠ്യത്തിന്റെ പ്രഖ്യാപനം കൂടിയാണീ കൃതി. 'കവിഭാരത'ത്തിൽ കവികളെ ഭാരതത്തിലെ കഥാപാത്രങ്ങളായി സങ്കല്പിച്ചതിനു ബദലായി മൂലൂർ കവികളെ 'രാമായണ'ത്തിലെ കഥാപാത്രങ്ങളായി ചിത്രീകരിച്ചു. കവിഭാരതത്തിൽ ഉപേക്ഷിച്ച കവികളെയെല്ലാം കവിരാമായണത്തിൽ മൂലൂർ ഉൾപ്പെടുത്തി. 109 കവികളെയാണ് മൂലൂർ തന്റെ കവിരാമായണത്തിൽ ഉൾപ്പെടുത്തിയത്. കുമാരനാശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നീ കവിത്രയങ്ങൾക്കൊപ്പം പണ്ഡിറ്റ് കെ. പി. കറുപ്പൻ തുടങ്ങിയവരും കവിരാമായണത്തിൽ ഇടംപിടിച്ചു. ഒപ്പം സി. വി. കുഞ്ഞിരാമൻ, കണ്ടത്തിൽ വറുഗീസ് മാപ്പിള എന്നിവരും കവിരാമായണ കഥാപാത്രങ്ങളായി.

▶ പ്രാതിനിധ്യത്തിലെ ജനാധിപത്യം

അവർണരായ കവികളെ മാത്രം ഉൾപ്പെടുത്തുകയല്ല മൂലൂർ ചെയ്തത്. അതിലൊരു ജനാധിപത്യമര്യാദകൂടി മൂലൂർ പുലർത്തി. 109 കവികൾക്കൊപ്പം 18 സവർണ കവികളെക്കൂടി 'കവിരാമായണ'ത്തിൽ ഉൾപ്പെടുത്തി എന്നുമാത്രമല്ല കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ നാലാംസ്ഥാനം നൽകിയ കേരളവർമ്മ വലിയകോയിത്തമ്പുരാന് കവിരാമായണത്തിൽ ഒന്നാം സ്ഥാനം ലഭിച്ചു.

'ശ്രീമത്വം ചേർന്നിരിക്കും കവിസഭ വിധികർത്താവതായ് വെയ്ക്കകൊണ്ടും
പ്രേമത്താൽ കൂപ്പുവോരിൽ കുതുകമോരളവില്ലാതെ ചേർക്കുന്ന കൊണ്ടും
ശ്രീമെത്തും ദേവഭാഷാ ഭഗവതിയെ മുഖേ വെച്ചു ലാളിക്ക കൊണ്ടും
ശ്രീമാൻ വഞ്ചിരാജഞ്ജിപതിതിലകൻ പദ്മജൻ പത്മനേത്രൻ'

എന്ന ശ്ലോകം കേരളവർമ്മയ്ക്കുള്ള ആദരവാണ്.

കൊടുങ്ങല്ലൂർ കൊച്ചുണ്ണി തമ്പുരാനെ ശ്രീരാമചന്ദ്രനായി അവതരിപ്പിക്കുന്ന ശ്ലോകം നോക്കുക.

'ഉച്ചൈരൗജ്ജ്വല്യമേന്തും മതി സകലകലാ വല്ലഭത്വം സുശീലം
നിശ്ചാപല്യം ധരിത്രീ രമണതവകവിതാശസ്ത്രവർഷപ്രകർഷം
മെച്ചം പൂണ്ടേവമെല്ലാം തടവിവടിവെഴും കീർത്തിയെ ചേർത്തുമേവും
കൊച്ചുണ്ണി തമ്പുരാനും ബുധമണി, നിഖിലക്ഷേമകൻ രാമചന്ദ്രൻ'

'കവിരാമായണ'ത്തിലെ ലക്ഷ്മണനായി എ.ആറിനെ ഇപ്രകാരം അവതരിപ്പിക്കുന്നു.

'ഉൾക്കൊലും ഗുരു ഭക്തികൊണ്ടുമുയരും വാഗ്ധാടിയാൽ ശേഷനോ-
ടൈക്യം ചേരുകകൊണ്ടുമിക്ഷമ വഹിക്കും മട്ടും കൊണ്ടും പരം
തർക്കവ്യാകരണദിയിങ്കലതുമല്ലിംഗ്ലീഷിലുംപാടവം
കൈക്കൊള്ളും കവിരാജരാജനൃപനാണബ്ബേ ജക്ഷണേ ലക്ഷ്മണൻ'

'കവിരാമായണ'ത്തിനുള്ള മറുപടികൾ ഇടയ്ക്കിടെ കുഞ്ഞിക്കുട്ടൻ തമ്പുരാനും, ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോനും മറ്റും ഉന്നയിച്ചിട്ടുണ്ട്. എന്നാൽ മൂലൂർ 'കവിരാമായണം' ആദ്യം വിട്ടുപോയ ചില പേരുകൾ കൂട്ടിച്ചേർത്തു പരിഷ്കരിക്കുകയുണ്ടായി. 'കവിരാമായണ' വിവാദം സാഹിത്യരംഗത്ത് ചിരിയും ചിന്തയുമുണ്ടാക്കാൻ സഹായിച്ചിട്ടുണ്ടെന്നത് യാഥാർഥ്യം തന്നെ. എന്നാൽ പലപ്പോഴും വ്യക്തിവിദ്വേഷം വമിപ്പിക്കാനുള്ള കോളാമ്പിയായും ഉപയോഗിക്കപ്പെട്ടിട്ടുണ്ടെന്ന് സാഹിത്യ ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

- കൊടുങ്ങല്ലൂർ കൊച്ചുണ്ണി തമ്പുരാൻ, ശ്രീരാമനും, ഏ.ആർ. ലക്ഷ്മണനും

## മലയവിലാസം

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ കേരളത്തെ സംബന്ധിച്ചിടത്തോളം ഉണർവിന്റെ കാലമായിരുന്നു. പുതിയ വിദ്യാഭ്യാസത്തിന്റെ ചൈതന്യമുൾക്കൊണ്ട ഒരു തലമുറ സാംസ്കാരികരംഗത്ത് കടന്നു വരുന്നു. അതോടൊപ്പം പത്രപ്രവർത്തനം ഒരു നിർണ്ണായക ശക്തിയിത്തീർന്നു. നൂറ്റാണ്ടുകളായി നമ്മുടെ സാമൂഹികഘടനയെ താങ്ങി നിർത്തിയിരുന്ന ജാതി, കൂട്ടുകുടുംബം എന്നീ സ്ഥാപനങ്ങൾ പരിണാമവിധേയമാകുന്നു. പാരമ്പരാഗതമായ ജാതി കുടുംബസങ്കല്പങ്ങൾ തകർന്നതോടെ വ്യക്തി എന്നത് ഒരു പ്രധാന മൂല്യമായിത്തീരുകയും മനുഷ്യർ തങ്ങളുടെ വ്യക്തി പ്രതിഷ്ഠാപനവ്യഗ്രത വ്യത്യസ്തമേഖലകളിൽ പ്രതിഫലിപ്പിക്കുകയും ചെയ്യുന്ന കാലം കൂടിയാണിത്.

- പാരമ്പര്യവ്യവസ്തകളുടെ പരിണാമം

ഈ പരിണാമഘട്ടത്തിൽ കേരളത്തിൽ വ്യത്യസ്തമായ മൂന്നുതരം കാവ്യാഭിരുചികൾ നിലനിന്നിരുന്നതായി കാണാം. അതിൽ ആദ്യത്തേത് കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ നേതൃത്വത്തിലുള്ള

SGOU

നിയോക്ലാസിക് ഭാവുകത്വമായിരുന്നു. ഇവർ കാവ്യത്തിലെ അന്തർഭാവത്തിന്റെ ഗരിമയിലല്ല കവിതയുടെ സാങ്കേതികരൂപത്തിലാണ് ഏറെ ശ്രദ്ധിച്ചത്. രണ്ടാമത്തേത് കൊടുങ്ങലൂർ കോവിലകം കേന്ദ്രമായി രൂപംകൊണ്ട കാവ്യാഭിരുചിയാണ്. സമകാലജീവിതാനുഭവങ്ങളും അവർ കവിതയിൽ ആവിഷ്ക്കരിക്കാൻ ശ്രമിച്ചു. സംസ്കൃതത്തിന്റെ നുകത്തിൽ നിന്ന് കാവ്യഭാഷയെ മോചിപ്പിക്കുവാനും ബോധപൂർവമായ ശ്രമം നടന്നു. എന്നിരിക്കിലും ഗൗരവമുള്ള കൃതികൾ സംഭാവനചെയ്യാൻ കൊടുങ്ങല്ലൂർ കളരിക്കു കഴിഞ്ഞില്ല. കവിത അവർക്ക് ഒരു വിനോദോപാധി മാത്രമായിരുന്നു. മൂന്നാമത്തെതും പ്രധാനപ്പെട്ടതുമായ കാവ്യപാരമ്പര്യം എ.ആറിന്റേതായിരുന്നു. ക്ലാസിക്കൽ കാവ്യാഭിരുചിയുടെ വക്താവായ എ.ആർ. കവിതയുടെ ഗരിഷ്ഠമായ അന്തർഭാവത്തിനു വേണ്ടി നിലകൊണ്ടു. ഈ മൂന്നു കാവ്യപാരമ്പര്യങ്ങളുടെ സ്വാധീനവും സംഘർഷവും പുതിയൊരു കാവ്യാഭിരുചിയ്ക്ക് കാരണമായി. കവിത ഗൗരവപൂർണമായ സർഗവൃത്തിയാണെന്ന നിലപാട് കാല്പനിക ഭാവുകത്വത്തിന് വഴിതെളിയിച്ചു. ഭാവുകത്വപരമായ ഈ മാറ്റവും, വ്യക്തിവാദപരമായ കാഴ്ച്ചപ്പാടുകൾക്കനുകൂലമായ സാമൂഹികാവസ്ഥയും പാശ്ചാത്യകാല്പനികതയുടെ സ്വാധീനതയും ഒന്നിച്ചു ചേർന്നപ്പോഴാണ് മലയാളത്തിൽ കാല്പനികതയുടെ ആദ്യരശ്മികൾ പ്രത്യക്ഷപ്പെട്ടു തുടങ്ങിയത് എന്നു കാണാം. പ്രകൃതിയോടുള്ള സമീപനത്തിലാണ് കാല്പനികതയുടെ ഛായ നിഴലിച്ചു തുടങ്ങിയത്. ഈ അർഥത്തിലാണ് പ്രകൃതിവർണനാപരമായ എ.ആറിന്റെ 'മലയവിലാസം'മലയാളത്തിൽ ആധുനികതയുടെ ആരംഭം കുറിച്ച കൃതിയായി നിരീക്ഷിക്കുന്നത്.

▶ കാല്പനികതയുടെ ആദ്യരശ്മികൾ

മലയാളത്തിൽ ഖണ്ഡകാവ്യത്തിന്റെ രീതിയ്ക്ക് തുടക്കം കുറിച്ചതും ആത്മനിഷ്ഠപ്രധാനവും കാല്പനികപ്രവണതകൾക്ക് പ്രാരംഭം കുറിച്ചതുമായ കൃതിയാണ് എ. ആർ. രാജരാജവർമ്മയുടെ 'മലയവിലാസം'. പ്രിറൊമാന്റിംഗ് കാവ്യം എന്നാണ് 'മലയവിലാസ'ത്തെ വിശേഷിപ്പിക്കുന്നത്. മദിരാശിയിൽ നിന്ന് തിരുവനന്തപുരത്തേയ്ക്ക് വരുന്ന വഴി, തിരുനെൽവേലി മുതൽ തീവണ്ടിയിൽ യാത്രചെയ്യുന്ന കവി സന്ധ്യാസമയത്ത് ആരുവാമൊഴിപ്പാതയിൽ നിന്നും സഹ്യപർവതത്തെ നോക്കിയപ്പോൾ ആഹ്ലാദകരമായ ആ പ്രകൃതി ദൃശ്യങ്ങൾ മനസിലുള്ളവാക്കിയ വൈകാരികപ്രതികരണങ്ങൾ രണ്ടു ദിവസമായി കുറിച്ചിട്ടതാണ് ഈ കവിതയുടെ ഉള്ളടക്കം. 'മലയവിലാസ'ത്തിൽ 24 ശ്ലോകങ്ങളുള്ളതിൽ ആദ്യത്തെ ഇരുപതെണ്ണം വംശസ്ഥയിലും 21ഉം 24ഉം ശ്ലോകങ്ങൾ വസന്തതിലകത്തിലും 22-ാം ശ്ലോകം ഇന്ദ്രവജ്രയിലും 23-ാമത്തേത് കുസുമമഞ്ജരിയിലുമാണ് നിബന്ധിച്ചിരിക്കുന്നത്. പർവതവർണനകൾ മലയാള കവിതയിൽ സമൃദ്ധമായുണ്ട്, പക്ഷേ അത്തരം വർണനകളിൽ നിന്ന് വ്യത്യസ്തമാണ് 'മലയവിലാസ'ത്തിലെ മലയപർവതം. 'മലയവിലാസ'ത്തിനു രണ്ടു ദശകത്തിനു ശേഷം രചിക്കപ്പെട്ട 'ഉമാകേരള'ത്തിലെ സഹ്യൻ വെറും പർവതമായിരിക്കെ 'മലയവിലാസ'ത്തിലെ സഹ്യൻ രാജരാജവർമ്മയുടെ ഭാവനാസൃഷ്ടിയാകുന്നു. വസ്തുവും അതിന്റെ പ്രതിബിംബവും തമ്മിലുള്ള ഈ വ്യത്യാസം ആധുനിക മലയാള കവിതയും പ്രാക്തനമലയാളകവിതയും തമ്മിലുള്ള ഭേദമാണെന്ന് നിരൂപകരഭിപ്രായപ്പെടുന്നു.

▶ പ്രകൃതിവർണന



SGOU

സമീപനത്തിലെ വ്യത്യാസം

ആദ്യ ശ്ലോകത്തിൽ തന്നെ കവി നേരിട്ട് വിഷയത്തിൽ പ്രവേശിക്കുന്ന സമീപനം മലയാളത്തിൽ നവീനമായൊരു സമ്പ്രദായമായിരുന്നു. സന്ധ്യാസമയത്ത് ആകാശം മുട്ടെ ഉയർന്ന് നിൽക്കുന്ന സഹ്യപർവതത്തിന്റെ ദൃശ്യത്തോടെ കവിമനസിന്റെ വികാരപ്രവാഹമാരംഭിക്കുകയും ചെയ്യുന്നു.

'ഇരുണ്ടു നീണ്ടെന്തിതു ഹന്ത നോക്കുവിൻ
കരണ്ടിടുന്നു കരപത്രമെന്നപോൽ
ഇടയ്ക്കിടെ പൊങ്ങിന ദന്തപംക്തിയാ
ലുടക്കിവാനാമൊരു ചെമ്പുപാളിയെ'

ദൂരക്കാഴ്ചയിൽ സഹ്യപർവതത്തെ കാണുന്നു. ഇടയ്ക്കിടെ പൊന്തി നിൽക്കുന്ന ദന്തനിര കൊണ്ടുടക്കി ആകാശമാകുന്ന ചെമ്പുപാളിയെ ഈർച്ച വാൾ എന്നപ്പോലെ കരളുകയാണോ എന്ന് സന്ദേഹിക്കുകയാണ് കവി. തുടർന്നുള്ള ശ്ലോകങ്ങളിൽ, ജലാധിപനായ വരുണൻ തന്റെ സുരക്ഷിതത്വത്തിനുവേണ്ടി നിർമ്മിച്ച കോട്ടയാണിതെന്നും കോട്ടമുകളിൽ സന്ധ്യ സൂര്യബിംബം കൊണ്ട് ഒരു താഴികക്കുടം നിർമ്മിച്ചിരിക്കുകയാണോ? എന്നും കവി കല്പിക്കുന്നു. അതുമല്ലെങ്കിൽ വിചാരിക്കുമ്പോഴൊക്കെ തന്റെ നാട്ടിൽ മഴ കിട്ടുന്നതിന് വേണ്ടി പരശുരാമൻ ശേഖരിച്ചു വെച്ച മേഘജാലങ്ങളാവാമിതെന്ന് കവി ഭാവന ചെയ്യുന്നു.

സന്ധ്യാബിംബം കൊണ്ട് നിർമ്മിച്ച കോട്ട

തുടർന്നുള്ള കാവ്യഭാഗം കവി മാരുതനെ കണ്ടുമുട്ടുന്നതും മാരുതനോടുള്ള സംഭാഷണവുമാണ്. കുലച്ചുനിൽക്കുന്ന ഏലക്കൊടികളുമായി മേളിച്ച മാരുതന്റെ സാന്നിധ്യം കവിയുടെ ദിഗ്ഭ്രമത്തെ മാറ്റുന്നു. ഇത് മലയാചലം തന്നെ എന്നുറപ്പിക്കുകയും ചെയ്യുന്നു. തുടർന്ന് മലയാളനാട്ടിൽ നീ ഗുഹയ്ക്കുള്ളിൽ സൂക്ഷിച്ചിരിക്കുന്ന കാർമേഘങ്ങളെ അയക്കാറുണ്ടോ? തിരുവിതാംകൂർ രാജാവിന് സുഖം തന്നെയല്ലേ? തുടങ്ങിയ കുശലാന്വേഷണം നടത്തുന്നു. അതേ സമയം കാറ്റിനോട് ഒരു കുറ്റാരോപണവും നടത്തുന്നുണ്ട് കവി.

മാരുതനെ കണ്ടുമുട്ടുന്നു

'ഉഴന്ന പാന്ഥപ്പരിഷയ്ക്ക്നർത്ഥദൻ
സദാലസൻ പാമ്പിനു സദ്യ നൽകുവോൻ
സുഗുപ്തമേലം കവരുന്ന തസ്കരൻ
കവീശ്വരർക്കെങ്ങനെ ചെല്ലമായി നീ'

കാറ്റ് വഴിയാത്രക്കാരെ ഉപദ്രവിക്കുന്നു. വലിയകാറ്റ് വഴിയാത്രക്കാരെയും ഇളംകാറ്റ് വിരഹികളെയും കഷ്ടപ്പെടുത്തുമെന്നു വിവക്ഷ. പാമ്പ് വായുഭക്ഷകനാണെന്ന് പ്രസിദ്ധി. വായിൽ ഭക്ഷണമെത്തിച്ചു കൊടുക്കുക വഴി കാറ്റ് പാമ്പിനെ അലസനാക്കുന്നുവെന്നതും ഏലയ്ക്കക്കുള്ളിലെ സുഗന്ധം ആരുമറിയാതെ കൊണ്ടുപോകുന്ന ചോരനുമാണ് കാറ്റ്. ചന്ദന മരങ്ങളെ പുണരുന്ന ഏലവള്ളികളെ ഏഷണികൾ പറഞ്ഞു വേർപ്പെടുത്തുന്ന കാറ്റ് കാമുകന്മാർക്കും ബന്ധുവല്ല. എങ്കിലും നീ മലയപർവതത്തിൽ രമിച്ചു കഴിയാൻ കവി കാറ്റിനെ ആശംസിക്കുന്നു.

ഏലയ്ക്കയുടെ സുഗന്ധം വഹിക്കുന്ന കാറ്റ്

കവിയും സഹ്യനുമായുള്ള സംവാദം

തുടർന്നുള്ള ശ്ലോകങ്ങളിൽ കവി സഹ്യനുമായി നേരിട്ടു സംവദിക്കുന്നു. സഹ്യൻ ഉന്നതശീർഷനാണ് അതിന്റെ ശിരസ്സുകൾ മേഘത്തിന്റെ സഞ്ചാരമാർഗവും കടന്നു നിൽക്കുന്നു. എത്രയോ നദികളേയും കുന്നുകളെയും കവച്ചുകടക്കുന്ന തീവണ്ടി പോലും നിന്റെ മുകളിലേക്ക് കയ

SGOU

റാൻ കഴിയാതെ പിന്തിരിയുന്നു. സഹ്യന്റെ തെക്കോട്ടുള്ള ശിഖരങ്ങൾ ഉയരം കുറഞ്ഞു വരുന്നത് കന്യാകുമാരിയിലെ പർവതരാഞ്ജിയെ നമസ്കരിക്കുന്നതിനുവേണ്ടിയാണോ എന്ന് കവി ചോദിക്കുന്നു.

'കുനിച്ചിടുന്നെന്തിനു നീ കഥിക്കെടോ
ഗിരീന്ദ്ര! തെക്കോട്ടു തുടർന്നിടും മുടി
കുമാരിഗേഹത്തിലമർന്നു വാഴുമ
കുമാരിയേ കുമ്പിടുവാൻ കുനിഞ്ഞിതോ'

ഇടയ്ക്ക് കവി സഹ്യനെ കുറ്റപ്പെടുത്തുന്നുണ്ട്; കവിതന്നെ സമാധാനം പറയുന്നുമുണ്ട്. ആരുവാമൊഴിഭാഗത്ത് പർവതഭാഗം ശിരസ്സു കുനിച്ചതുകൊണ്ടാണല്ലോ, പരദേശി ബ്രാഹ്മണർ ഇവിടെ കടന്നുകയറി അധികാരം സ്ഥാപിച്ചത് എന്ന് പറഞ്ഞയുടൻ തന്നെ 'ഭൂദേവന്മാർക്കെതിരെ (ബ്രാഹ്മണർ) അപവാദം പറഞ്ഞാൽ ഈശ്വരൻ സഹിക്കുകയില്ല'എന്ന് കവി ക്ഷമാപണം നടത്തുന്നു. പർവതം ശിരസ്സ് നമിച്ചതിനു പിന്നിൽ ഒരു ന്യായം കൂടി കവി കണ്ടെത്തുന്നു. സഹ്യന്റെ സുഹൃത്തായ വിന്ധ്യന് സംഭവിച്ച കഷ്ടപ്പാട് ഓർത്തതുകൊണ്ടാവാം സമുദ്രം കുടിച്ച മുനിയുടെ -അഗസ്ത്യന്റെ ശിഷ്യരെ നീ ഇണക്കി കളയാമെന്നു കരുതിയത് '.

- ▶ ഭൂദേവന്മാർക്കെതിരെ അപവാദം പറയരുത്

കൃഷ്ണൻ ഗോവർദ്ധന പർവതത്തെ സ്വന്തം കൈകളിലുയർത്തി ഗോക്കളെയും ഗോപന്മാരെയും ഏഴു ദിവസം സംരക്ഷിക്കുകയുണ്ടായി. പരശുരാമനാകട്ടെ മലയ പർവതത്തെ സ്ഥാപിച്ചതിലൂടെ നമ്മുക്ക് നിത്യവും നിരന്തരവുമായ സംരക്ഷണം നൽകിയിരുന്നു എന്ന അവതാരമാഹാത്മ്യത്തോടെയും കാവ്യം ഉപസംഹരിക്കുന്നു.

- ▶ ഗോവർദ്ധനോദ്ധാരണം

## Summarised Overview

മലയാളസാഹിത്യത്തെ അതതുകാലങ്ങളിൽ സജീവമാക്കുന്നതിൽ സാഹിത്യക്കളരികൾ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ഭാഷയുടെ ശാലീനതയും മലയാളത്തിന്റെ ഹൃദ്യതയും വ്യക്തമാക്കാൻ പച്ചമലയാള പരീക്ഷണങ്ങളിലൂടെ കഴിഞ്ഞെങ്കിലും പ്രസ്ഥാനമെന്നനിലയിൽ വേണ്ടത്ര ആദരവും പിന്തുടർച്ചയും അതിന് ലഭിച്ചില്ല. ദ്വിതീയാക്ഷര പ്രാസവാദം കേവലം അലങ്കാരചർച്ചയായി അവസാനിച്ചില്ല എന്നതാണ് അതിന്റെ സാഹിത്യചരിത്രപരമായ പ്രാധാന്യം. കവിതയുടെ രൂപഭാവങ്ങളെക്കുറിച്ചുള്ള മൗലികമായ ചില ഉൾക്കാഴ്ചകൾ ഈ സംവാദത്തിൽ ഉന്നയിക്കപ്പെട്ടു. കാവ്യം രൂപഭദ്രമാകുന്നതിന്റെയും ഭാവഭദ്രമാകുന്നതിന്റെയും സവിശേഷതകൾ ചർച്ചാവിഷയമായി.

മാധുര്യവും ലാളിത്യവുമായിരുന്നു പച്ചമലയാളകാവ്യങ്ങളുടെ സവിശേഷതകൾ. ഭാഷയുടെ ശാലീനതയും മലയാളത്തിന്റെ ഹൃദ്യതയും വ്യക്തമാക്കാൻ പച്ചമലയാള പരീക്ഷണങ്ങളിലൂടെ കഴിഞ്ഞു. എന്നാൽ ഈ പ്രസ്ഥാനത്തിന് വേണ്ടത്ര ആദരവും പിന്തുടർച്ചയും ലഭിച്ചില്ല. ആഢ്യമായ മണിപ്രവാളഭാഷയോടും ശൈലിയോടുമുള്ള ആദരവും താല്പര്യവുമാകാം കാവ്യാസ്വാദകരെ പച്ചമലയാള കവിതയിൽ നിന്നകറ്റിയത്. എന്നാൽ പച്ചമലയാളപ്രസ്ഥാനത്തിന് നേതൃത്വം നൽകിയ സംസ്കൃതപണ്ഡിതന്മാരും സംസ്കൃത ഭാഷയിൽ കവിതയെഴുതി നൈപുണ്യം തെളിയിച്ചവരായിരുന്നു എന്നതാണ് കൗതുകകരമായ യാഥാർഥ്യം.

വെണ്മണി പാരമ്പര്യത്തിൽ പുഷ്ടി പ്രാപിച്ച കാവ്യ രചനാരീതിയാണ് കൂട്ടുകവിതകൾ. ഒന്നിലധികം കവികൾ ഒത്തുചേർന്നാണ് കാവ്യരചന നടത്തിയിരുന്നത്. കവിതയെ വിനോദോപാധിയായി മാത്രം കണ്ട ഒരു മനോഭാവത്തിന്റെ ഉൽപ്പന്നമായിരുന്നു അത്. വെണ്മണിക്കാലത്ത് സംസ്കൃതത്തിന്റെ ചുവടുപിടിച്ച് ഭാഷയിലുണ്ടായ കാവ്യരൂപമാണ് മുക്തകങ്ങൾ അഥവാ ഒറ്റ ശ്ലോകങ്ങൾ. വെണ്മണികളുടെ മുക്തകങ്ങൾ അധികവും ശൃംഗാര രസപ്രധാനങ്ങളായിരുന്നു. സാധാരണ മനുഷ്യന്റെ പ്രയാസങ്ങൾ അതിൽ കാര്യമായി ഇടംപിടിച്ചില്ല. അതേസമയം പ്രകൃതിപ്രതിഭാസങ്ങളെ പ്രമേയത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. വെണ്മണി പാരമ്പര്യത്തിൽപ്പെട്ട കവികൾക്കു പുറമേ പ്രസിദ്ധരും അപ്രസിദ്ധരുമായ ധാരാളം കവികൾ മുക്തകങ്ങൾ രചിച്ചിരുന്നു. ഗീതകം, ഭാവഗാനങ്ങൾ എന്നീ ശാഖകൾക്ക് പ്രചോദനമേകിയ മുക്തകങ്ങൾക്ക് ഇന്ന് കാര്യമായ പ്രചാരമില്ല.

കവികളെ പൂക്കളും പഴങ്ങളും മൃഗങ്ങളും പക്ഷികളും ഇതിഹാസ കഥാപാത്രങ്ങളും ഒക്കെയായി കൽപ്പിച്ച വെണ്മണി സ്വഭാവത്തിന്റെ ഫലമാണ് 'കവിപകാവലി' യിൽ തുടങ്ങി 'കവിഭാരത'ത്തിലും 'കവിരാമായണ'ത്തിലും എത്തിയ കാവ്യഭാവന. 'കവിഭാരത'ത്തോടുള്ള വിമർശനമായാണ് 'കവിരാമായണം' എഴുതപ്പെടുന്നത്. പുരോഗമനപരവും മാനവികവുമായ ഒരു ദർശനമാണ് അതിന്റെ പിറകിലുള്ളത്. കവിത കൊണ്ടുള്ള ഒരു കലാപമായിരുന്നു അത്. മലയാളത്തിൽ കാല്പനികതയുടെ ആദ്യ രശ്മികൾ പ്രത്യക്ഷപ്പെട്ട കൃതിയാണ് 'മലയവിലാസം'. യാത്രയ്ക്കിടെ കാണുന്ന സഹ്യപർവതത്തെ നോക്കി ആഹ്ലാദകരമായ മനസ്സുമായി കുറിച്ചിട്ട പ്രകൃതിവർണന മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായ ഒന്നായിരുന്നു. ആദ്യ ശ്ലോകത്തിൽ തന്നെ നേരിട്ട് വിഷയത്തിലേക്ക് പ്രവേശിക്കുന്ന രീതി മലയാളത്തിന് പുതിയതായിരുന്നു. സഹ്യനുമായും തന്നോടുതന്നെയും നടത്തുന്ന ഭാഷണങ്ങളിലൂടെ കവിത മുന്നേറിയപ്പോൾ കാൽപ്പനികതാ സ്വഭാവത്തിലുള്ള വർണന കൂടിയാണ് മലയാളത്തിനു ലഭിച്ചത്. മലയാളത്തിലെ ആദ്യഖണ്ഡകാവ്യം എന്നപേരും അതിനുലഭിച്ചു.

## Assignments

1. കേരളവർമ്മ പ്രസ്ഥാനത്തെക്കുറിച്ച് വിശദീകരിക്കുക.
2. പച്ചമലയാള പ്രസ്ഥാനത്തിന്റെ സവിശേഷതകൾ വിവരിക്കുക.
3. വെണ്മണിക്കവികളെ പരിചയപ്പെടുത്തുക.
4. 'നല്ലഭാഷ' എന്ന കൃതിയുടെ പ്രത്യേകതകൾ വിവരിക്കുക.
5. കൊടുങ്ങല്ലൂർക്കളരിയെക്കുറിച്ച് സംഗ്രഹിച്ച് ഉപന്യാസം തയാറാക്കുക.
6. ദ്വിതീയാക്ഷര പ്രാസവും മഹാകാവ്യങ്ങളും -സംഗ്രഹിച്ച് ഉപന്യാസം തയാറാക്കുക.

## Suggested Readings


1. ഡോ. കെ. എം. ജോർജ് (എഡി.), ആധുനിക മലയാള സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം.
2. പ്രൊഫ. പന്മന രാമചന്ദ്രൻ നായർ (എഡി.), സമ്പൂർണ്ണ മലയാള സാഹിത്യചരിത്രം, കറന്റ് ബുക്സ്, തൃശ്ശൂർ.
3. കെ. എസ്. പ്രകാശ്, നമ്മുടെ കവിത, ചിന്താ പബ്ലിഷേഴ്സ്, തിരുവനന്തപുരം.

# References


1. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി. സി. ബുക്സ്, കോട്ടയം.
2. എം. ലീലാവതി, മലയാളകവിതാ സാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
3. പി. ശങ്കരൻ നമ്പ്യാർ, മലയാള സാഹിത്യചരിത്ര സംഗ്രഹം, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല, തിരൂർ.


## Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

SGOU

**സർവകലാശാലാഗീതം**

---------------------

വിദ്യയാൽ സ്വതന്ത്രരാകണം
വിശ്വപൗരരായി മാറണം
ഗ്രഹപ്രസാദമായ് വിളങ്ങണം
ഗുരുപ്രകാശമേ നയിക്കണേ

കൂരിരുട്ടിൽ നിന്നു ഞങ്ങളെ
സൂര്യവീഥിയിൽ തെളിക്കണം
സ്നേഹദീപ്തിയായ്വിളങ്ങണം
നീതിവൈജയന്തി പാറണം

ശാസ്ത്രവ്യാപ്തിയെന്നുമേകണം
ജാതിഭേദമാകെ മാറണം
ബോധരശ്മിയിൽ തിളങ്ങുവാൻ
ജ്ഞാനകേന്ദ്രമേ ജ്വലിക്കണേ

**കുരീപ്പുഴ ശ്രീകുമാർ**

# SREENARAYANAGURU OPEN UNIVERSITY

SGOU

## Regional Centres

### Kozhikode
Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin: 673002
Ph: 04952920228
email: rckdirector@sgou.ac.in

### Thalassery
Govt. Brennen College
Dharmadam, Thalassery,
Kannur, Pin: 670106
Ph: 04902990494
email: rctdirector@sgou.ac.in

### Tripunithura
Govt. College
Tripunithura, Ernakulam,
Kerala, Pin: 682301
Ph: 04842927436
email: rcedirector@sgou.ac.in

### Pattambi
Sree Neelakanta Govt. Sanskrit College
Pattambi, Palakkad,
Kerala, Pin: 679303
Ph: 04662912009
email: rcpdirector@sgou.ac.in

# പ്രാചീന – മദ്ധ്യകാലകവിതാ സാഹിത്യം

COURSE CODE: M21ML05DC

SGOU

Sreenarayanaguru Open University
Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841

ISBN 978-81-963914-3-0